# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

2022 ആഗസ്റ്റ് 23, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

381/2023

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...75

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 125-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ..478

**III ചരമോപചാരം**

ജി. പ്രതാപവർമ്മ തമ്പാൻ, ആർ. സുന്ദരേശൻ നായർ എന്നിവരുടെ നിര്യാണം ..478

**IV ചെയർമാൻമാരുടെ പാനൽ** ..479

**V അടിയന്തരപ്രമേയം**

വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ച ..480

- ശ്രീ. എം. വിൻസെന്റ്
(അവതരണാനുമതി നിഷേധിച്ചു)

**VI ശ്രദ്ധ ക്ഷണിക്കൽ**

1. മത്സ്യത്തൊഴിലാളി പുനരധിവാസവും മണ്ണെണ്ണയുടെ ലഭ്യതക്കുറവും ..512

- ശ്രീ. പി. പി. ചിത്തരഞ്ജൻ

**VII വ്യക്തിപരമായ വിശദീകരണം** ..515

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

**ശ്രദ്ധ ക്ഷണിക്കൽ (തുടർച്ച)**

2. വേമ്പനാട് കായൽ അതോറിറ്റി രൂപീകരണം ..516

- ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

*പേജ്*


**VIII സബ്മിഷൻ**

1. കാര്യവട്ടം കോളേജ് പ്രിൻസിപ്പാളിനെ പൂട്ടിയിട്ടത് സംബന്ധിച്ച് ..519

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. ഓൺലൈൻ റമ്മി നിയന്ത്രിക്കുന്നതിന് നടപടി ..520

- ശ്രീ. എ. പി. അനിൽ കുമാർ

3. കുറ്റ്യാടി പുഴയോര സംരക്ഷണം ..523

- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

4. വയനാട്-കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണം ..524

- ശ്രീ. സജീവ് ജോസഫ്

5. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണവും മലബാർ ദേവസ്വം ബിൽ നിയമമാക്കലും ..526

- ശ്രീ. ടി. പി. രാമകൃഷ്ണൻ

6. സർക്കാർ സ്കൂളുകളിലെ ഇ-വേസ്റ്റ് നീക്കം ചെയ്യൽ ..527

- ശ്രീ. എം. നൗഷാദ്

7. ആറ്റിങ്ങലിലെ ദേശീയപാത വികസനം ..528

- ശ്രീമതി ഒ. എസ്. അംബിക

8. മലപ്പുറത്ത് പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ ..529

- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

9. വണ്ടിപ്പെരിയാർ-ഏലപ്പാറ റോഡിന്റെ പുനരുദ്ധാരണം ..532

- ശ്രീ. വാഴൂർ സോമൻ

10. കോഴിക്കോട് ജനറൽ ആശുപത്രിയുടെ പ്രവർത്തനം ..535

- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

**IX മേശപ്പുറത്തുവച്ച കടലാസുകൾ** ..538

**X റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് ..555

*പേജ്*

**XI റിപ്പോർട്ട് പരിഗണന** ..557

**XII ക്രമപ്രശ്നം** ..557

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ ഒഴിവാക്കിയത് സംബന്ധിച്ച് ..557
-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

**XIII നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും: .558

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ..560

(ii) 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ..580

(iii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ..616

(iv) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ..631

(v) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ ..654

**ക്രമപ്രശ്നം**

(1) നിരാകരണപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കൽ ..558

-ശ്രീ. എൻ. ഷംസുദ്ദീൻ

(2) ബില്ലിലെ അപാകത ..561

-ശ്രീ. എൻ. ഷംസുദ്ദീൻ

(3) ബിൽ ഭരണഘടനാ വിരുദ്ധം

-പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ..580

-ശ്രീ. എൻ. ഷംസുദ്ദീൻ

-ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(4) ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത ..617

-ശ്രീ. എ. പി. അനിൽ കുമാർ

| | പേജ് |
|---|---|
| **റൂളിംഗ്** | ..618 |
| **നിയമനിർമ്മാണകാര്യം (തുടർച്ച)** | ..618 |
| (2) 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും | ..667 |
| **പ്രമേയം** | ..667 |
| ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച് | |
| **ക്രമപ്രശ്നം** | ..667 |
| ബില്ലിലെ അപാകത | ..669 |
| -ശ്രീ. എൻ. ഷംസുദ്ദീൻ | |
| **റൂളിംഗ്** | ..669 |
| **നിയമനിർമ്മാണകാര്യം (തുടർച്ച)** | ..670 |
| **അനുബന്ധം I & II** | ..677& 685 |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

*2022 ആഗസ്റ്റ് 23, ചൊവ്വ*

വാല്യം 189] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2022 ആഗസ്റ്റ് മാസം 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ......ചോദ്യം നമ്പർ *1

### കേസ്സുകളിലെ സാക്ഷികൾ കൂറുമാറുന്നത് തടയാൻ നടപടി

1(*1) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീമതി ഉമ തോമസ്:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രധാന കേസ്സുകളിലെ പ്രതികൾ സാക്ഷികളെ സ്വാധീനിച്ചുകൊണ്ട് കേസ്സുകൾ അട്ടിമറിക്കുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അട്ടപ്പാടി മധു വധക്കേസിൽ മിക്ക സാക്ഷികളും കൂറുമാറിയതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മധുവിനെ മർദ്ദിക്കുന്നത് കണ്ടുവെന്ന് മജിസ്ട്രേറ്റിന് മുമ്പിൽ മൊഴി നൽകിയവർപോലും സാക്ഷി വിസ്താരത്തിനിടെ നേരത്തെ നൽകിയ മൊഴി നിഷേധിക്കുന്ന സംഭവങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസിൽ കൂടുതൽ സാക്ഷികൾ കൂറുമാറുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കോടതിയിലെ വിചാരണ വേളയിൽ കേസിലെ ചില സാക്ഷികൾ കൂറുമാറിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അട്ടപ്പാടിയിൽ മധു വധക്കേസ് മണ്ണാർക്കാട്, പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരമുള്ള പ്രത്യേക കോടതിയുടെ പരിഗണനയിലാണ്. ഇക്കാരണത്താൽ കേസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകാൻ കഴിയില്ല. വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡിവൈ.എസ്.പി. പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ ബഹുമാനപ്പെട്ട കോടതി മുമ്പാകെ ലഭ്യമായ രേഖകൾ സഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച ബഹുമാനപ്പെട്ട കോടതി 20-8-2022-ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 193 വകുപ്പുപ്രകാരം ബഹുമാനപ്പെട്ട കോടതിയാണ് നടപടി സ്വീകരിക്കേണ്ടത്. ഇതുസംബന്ധിച്ച് പോലീസ് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതേതുടർന്ന് ബഹുമാനപ്പെട്ട കോടതി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പോലീസ് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും നൽകിവരുന്നുണ്ട്. പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം, കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് മണ്ണാർക്കാട്, പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതുമാണ്. ഈ കേസിലെ പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, മധു വധക്കേസ്സിലെ പ്രതികളുടെ ജാമ്യം റദ്ദാക്കികൊണ്ടുള്ള ഉത്തരവിൽ പ്രതിഭാഗം അഭിഭാഷകൻ ജഡ്ജിയെ ഭീഷണിപ്പെടുത്തിയതായി പരാമർശിക്കുന്നുണ്ട്. കൂടാതെ പ്രതികളോട് അടുത്തബന്ധമുള്ള പ്രദേശവാസി വന്നുകാണുകയും അട്ടപ്പാടിയിൽ ആദിവാസി കൊലപാതകങ്ങൾ നടക്കുന്നത് വലിയ സംഭവമല്ലാത്തതിനാൽ ഇതുമായി മുന്നോട്ടുപോകരുതെന്ന് ഭീഷണിപ്പെടുത്തിയതായും മധുവിന്റെ അമ്മയായ ശ്രീമതി മല്ലി പോലീസിന് നൽകിയ പരാതിയിൽ പരാമർശിക്കുന്നുണ്ട്. പ്രതികൾ ശക്തരാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ രണ്ട് സംഭവങ്ങൾ. ഇത്തരം പരാതികൾ ലഭ്യമാകുമ്പോൾ അടിയന്തരമായി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയായ കാര്യമാണ്. പ്രതിഭാഗം അഭിഭാഷകൻ സാധാരണനിലയിൽനിന്നും വ്യത്യസ്തമായ രീതിയിൽ ഭീഷണി സ്വരത്തിൽ സംസാരിച്ചുവെന്ന് ബഹുമാനപ്പെട്ട കോടതി പരാമർശിച്ചിട്ടുണ്ട്. അതോടൊപ്പം, മധുവിന്റെ അമ്മയായ ശ്രീമതി മല്ലിയെ ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട പ്രശ്നവും ഉയർന്നുവന്നിരുന്നു. ഇതുസംബന്ധിച്ച് 30-7-2022-ന് മണ്ണാർക്കാട് മജിസ്ട്രേറ്റ് കോടതിയിൽ മധുവിന്റെ അമ്മ സമർപ്പിച്ച പരാതിയിന്മേൽ അഗളി പോലീസ് സ്റ്റേഷനിൽ IPC 452, 506, 34 എന്നീ വകുപ്പുകൾപ്രകാരം ക്രൈംനമ്പർ 180/2022 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കേസിന്റെ അന്വേഷണ വേളയിൽ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമത്തിലെ വകുപ്പ് കൂട്ടിച്ചേർത്ത് അഗളി ഡെപ്യൂട്ടി സൂപ്രണ്ട് അന്വേഷണം നടത്തിവരികയാണ്. കേസിലെ രണ്ടാം പ്രതിയായ ഷാജി പി. അലക്സിനെ 10-8-2022-ന് അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ഒന്നാം പ്രതിയായ അബ്ബാസ് പാലക്കാട് ജില്ലാ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അട്ടപ്പാടിയിലെ മധു വധക്കേസ്സിൽ സർക്കാർ ആദ്യം നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാരും രാജിവച്ചത് അലവൻസോ മറ്റ് സൗകര്യങ്ങളോ ലഭ്യമാകാത്തതിനാലാണ്. നിലവിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രാജേഷ് എം. മേനോൻ നാലാമത്തെ പ്രോസിക്യൂട്ടറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹത്തിനും ഇത്തരത്തിലുള്ള യാതൊരു സൗകര്യവും ലഭ്യമാകുന്നില്ലെന്ന് മധുവിന്റെ അമ്മ ശ്രീമതി മല്ലി വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് പരാതി നൽകിയതായി പത്രങ്ങളിൽ വാർത്ത കണ്ടു. ഒട്ടനവധി കേസ്സുകളുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ അഭിഭാഷകർക്ക്

നൽകിയിട്ടുണ്ടെന്ന് അങ്ങ് സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മധു വധക്കേസ്സിലെ അഭിഭാഷകർക്ക് അലവൻസും മറ്റ് സൗകര്യങ്ങളും സമയബന്ധിതമായി നൽകാത്തത് എന്തുകൊണ്ടാണെന്ന് അങ്ങേയ്ക്ക് വിശദീകരിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് പരാതി നൽകിയത് സംബന്ധിച്ച് എനിക്കറിയില്ല. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് നിശ്ചയിച്ചിട്ടുള്ള എല്ലാ അലവൻസുകളും കൃത്യമായി നൽകുന്ന രീതിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അക്കാര്യത്തിൽ യാതൊരു തരത്തിലുള്ള അനിശ്ചിതത്വമോ കാലതാമസമോ ഉണ്ടാകില്ല. നടപടിക്രമം അനുസരിച്ചുള്ള കാര്യങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട്. അലവൻസ് ലഭിക്കാത്തതിന്റെ ഭാഗമായാണ് നേരത്തെയുള്ള പ്രോസിക്യൂട്ടർമാർ പിൻവാങ്ങിയതെന്ന തരത്തിലുള്ള പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലൊരു പ്രശ്നമുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ഉമ തോമസ്: സർ, മധു എന്നൊരു വ്യക്തി ഈ നാട്ടിൽ ജീവിച്ചിരിപ്പുണ്ടായിരുന്നോ എന്നും അദ്ദേഹം മരണപ്പെട്ടിട്ടുണ്ടോ എന്നും സംശയിക്കുമാറാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. പ്രതികളുടെ ജാമ്യം റദ്ദാക്കിയ ജഡ്ജിക്കെതിരെയുണ്ടായ ഭീഷണി സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ? ഇതേ രീതിയിലുള്ള കൂറുമാറ്റമാണ് നടി ആക്രമിക്കപ്പെട്ട കേസ്സിലും ഉണ്ടായിരിക്കുന്നത്. ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, മധു വധക്കേസ്സിന്റെ കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് ബഹുമാനപ്പെട്ട കോടതി മുമ്പാകെ പ്രത്യേക ഹർജിയുമായി പ്രോസിക്യൂഷൻ പോകുന്നതിനിടയാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഒരു തരത്തിലുള്ള അലംഭാവവും ഉണ്ടായിട്ടില്ലെന്നത് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്. മധു വധക്കേസ് നാടിന്റെ ഗൗരവമായ പ്രശ്നമാണെന്ന നിലയ്ക്കുള്ള നടപടികളാണ് ഈ കേസ് ഉയർന്നുവന്ന ഘട്ടം മുതൽ സർക്കാർ സ്വീകരിച്ചുവരുന്നത്. അന്ന് അതുമായി ബന്ധപ്പെട്ട് കൃത്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറായത് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ബഹുമാന്യയായ അംഗത്തിന് ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. നാടിന് ഏറ്റവും അപമാനകരമായ സ്ഥിതിവിശേഷമാണ് മധുവിന്റെ കൊലപാതകത്തിലൂടെ ഉണ്ടായിട്ടുള്ളത്. അക്കാര്യത്തിൽ നിയമപരമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ആഗസ്റ്റ് മാസം 9-ാം തീയതി 'വേൾഡ് ട്രൈബൽ ഡേ' ആയിരുന്നു. രാജ്യാന്തരതലത്തിലും ദേശീയതലത്തിലും ഏറ്റവും പ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യപ്പെട്ടത് മധു വധക്കേസ്സിനെത്തുടർന്നുള്ള സാക്ഷികളുടെ കൂറുമാറലും ഭീഷണിയുമായിരുന്നു. ദേശീയതലത്തിൽ പലയിടങ്ങളിലും മതത്തിന്റെ അടിസ്ഥാനത്തിൽ mob lynching നടക്കാറുണ്ട്. പക്ഷേ ഇവിടെ ഒരു പിടി അരിയുമായി ബന്ധപ്പെട്ടാണ് മധുവെന്ന ചെറുപ്പക്കാരനെ mob lynching നടത്തിയത്. എന്റെ പ്രധാനപ്പെട്ട ചോദ്യം, സാക്ഷികളെ സംരക്ഷിക്കുന്നതിനുവേണ്ടി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ'-ന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കൂടാതെ ഇത്തരം mob lynching-ന് എതിരായ നിയമനിർമ്മാണം സംബന്ധിച്ച് പരിശോധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അഗളി ഡിവൈ.എസ്.പി.-യുടെ മേൽനോട്ടത്തിലാണ് 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾ പോലീസ് അതിന്റെ ഭാഗമായുള്ള സംരക്ഷണം സാക്ഷികൾക്ക് നൽകിവരികയാണ്. ഇക്കാര്യത്തിൽ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. വിറ്റ്നസ് പ്രൊട്ടക്ഷൻ സ്കീം പ്രകാരമുള്ള പാലക്കാട് ജില്ലാ ജഡ്ജി, ജില്ലാ പോലീസ് മേധാവി, പബ്ലിക് പ്രോസിക്യൂട്ടർ എന്നിവർ അംഗങ്ങളായ സമിതി 16-7-2022-ൽ യോഗം ചേരുകയും സാക്ഷികൾക്ക് ഭയരഹിതമായി കോടതിയിൽ മൊഴി നൽകുന്നതിനും നിഷ്പക്ഷവും നീതിയുക്തവുമായ വിചാരണ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളിലേയ്ക്ക് കടക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. സാക്ഷികളുടെ ഇ-മെയിൽ, ഫോൺ കോൾ രേഖകൾ തുടങ്ങിയവ നിരീക്ഷണവിധേയമാക്കുക, വീടിനും തൊഴിലിടങ്ങൾക്കും സമീപം പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുക, സാക്ഷികൾ കോടതിയിലേയ്ക്ക് വരുമ്പോഴും മടങ്ങിപ്പോകുമ്പോഴും പോലീസ് അകമ്പടി ലഭ്യമാക്കുക, യാത്രാ സൗകര്യമൊരുക്കുക, സാക്ഷികളെ സ്വാധീനിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല പ്രതികൾ പുറത്തുനിന്നുകൊണ്ട് ആളുകളെ സ്വാധീനിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിയുടെ മുന്നിൽ ഉന്നയിക്കുകയും കോടതിക്ക് ബോധ്യപ്പെട്ടതിനാലാണ് അവരെ ജയിലിലടയ്ക്കുന്ന തീരുമാനത്തിലേയ്ക്കെത്തുകയും ചെയ്തത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, വിശപ്പിന്റെ പേരിൽ കേരളത്തിൽ നടന്ന ആദ്യത്തെ കൊലപാതകമാണ് അട്ടപ്പാടിയിലെ മധുവിന്റേത്. വനത്തിനുള്ളിൽവച്ച് നടന്ന സംഭവത്തിൽ മധു പീഡിപ്പിക്കപ്പെടുന്നതിന്റെ ദൃശ്യങ്ങൾ വീഡിയോയിലുണ്ട്. മധുവിന്റെ വാരിയെല്ലുകൾ തകർന്നതായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിലുമുണ്ട്.

തുടർച്ചയായി സാക്ഷികൾ കൂറുമാറുന്നതുമൂലം കേസ് ദുർബ്ബലപ്പെട്ടു കൊണ്ടിരിക്കുകയാണ്. പോലീസിന് ഈ കേസിലുള്ള പങ്ക് വ്യക്തമാണ്. ഈ സംഭവത്തിൽ പോലീസുകാരുടെ പങ്ക് മറച്ചുവയ്ക്കുന്നതിനും പോലീസിനെയും യഥാർത്ഥ കുറ്റവാളികളെയും സഹായിക്കുന്നതിനുമായി കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളസാക്ഷികളാണോ ഇപ്പോൾ കൂറുമാറുന്നത് എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതൊരു പ്രത്യേകമായ ആരോപണമാണ്. ഇതുവരെ ആ പ്രതികൾ പ്രതികളല്ലെന്ന് ആരും പറയാൻ തയ്യാറായിട്ടില്ല. ആദ്യമായാണ് ബഹുമാന്യയായ ഒരംഗം ഈ പ്രതികളെന്തോ.........

ശ്രീമതി കെ. കെ. രമ: സർ, ..... ...... (മൈക്ക് ഓഫ്).....

ശ്രീ. പിണറായി വിജയൻ: സർ, കുറ്റവാളികളെ സംരക്ഷിക്കാനുള്ള നടപടി എന്നാണല്ലോ പറഞ്ഞത്. നിങ്ങളത് മറ്റൊരു രീതിയിൽ പറഞ്ഞിട്ട് കാര്യമില്ല. ഒന്നുകിൽ തെറ്റിദ്ധരിച്ച് പറയുന്നതാണ്, അല്ലെങ്കിൽ ബോധപൂർവ്വം പറയുന്നതാണ്. ഇതുവരെയും ആരും അങ്ങനെയൊരു പ്രശ്നമുന്നയിച്ചിട്ടില്ല. അവർ യഥാർത്ഥ പ്രതികളാണെന്ന് നാടാകെ അംഗീകരിച്ച കാര്യമാണ്. അവരല്ല, വേറെയാരോ ആണ് യഥാർത്ഥ പ്രതികളെന്ന മട്ടിൽ കാര്യങ്ങൾ അവതരിപ്പിച്ചത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇവർ യഥാർത്ഥ പ്രതികളാണ്, അവർക്കെതിരെ ശക്തമായ നിയമ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. അവർ തെറ്റായ രീതിയിൽ സാക്ഷികളെയടക്കം സ്വാധീനിക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെയും നടപടി സ്വീകരിച്ചിരിക്കുകയാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ, കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കാനായി ഏതെല്ലാം രീതിയിൽ നടപടി സ്വീകരിക്കാൻ കഴിയുമോ അവയെല്ലാം സർക്കാർ സ്വീകരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ മധുവിന്റെ കൊലപാതകം കേരളത്തിന് മുഴുവൻ അപമാനകരമായ കാര്യമാണ്. ഒരു കേസ് വന്നാൽ അതിന്റെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ച് പ്രതികളെ കണ്ടെത്തി കുറ്റപത്രം സമർപ്പിക്കുന്നതോടുകൂടി തീരുന്നതല്ല പോലീസിന്റെ ജോലി. യഥാർത്ഥ പ്രതികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കുന്ന, പ്രോസിക്യൂഷൻ നടപടിക്കുവരെ നേതൃത്വം കൊടുക്കേണ്ടതും സഹായകരമായി നിൽക്കേണ്ടതും പോലീസ് സംവിധാനവും ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസേഴ്സുമാണ്. പക്ഷേ ദൗർഭാഗ്യവശാൽ ഇവിടെ കുറ്റപത്രം സമർപ്പിച്ചതിനുശേഷം അതിന്മേലുള്ള നടപടികളൊന്നും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ല. വ്യാപകമായി സാക്ഷികൾ കൂറുമാറിയത് മാത്രമല്ല പ്രശ്നം. മധുവിന്റെ അമ്മയെവരെ

ഭീഷണിപ്പെടുത്തുകയും പണം കൊടുത്തും ഭീഷണിപ്പെടുത്തിയും സാക്ഷികളെ സ്വാധീനിക്കുകയും തുടർന്ന് ഈ കേസ് അട്ടിമറിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്തു. മാത്രമല്ല, പോലീസിന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ച കാരണം, അതായത് ആനുകൂല്യങ്ങൾ കൊടുക്കാത്തതിനാലും ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാത്തതിനാലും രണ്ട് പ്രോസിക്യൂട്ടർമാർ സ്ഥാനമൊഴിയുകയുണ്ടായി. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാൻ പാടുണ്ടോ? വാളയാറിൽ മരണപ്പെട്ട രണ്ട് പെൺകുട്ടികളുടെ മുഖങ്ങൾ നമ്മുടെ മനസ്സിൽ നിൽക്കുകയാണ്. ആ കേസിലെ ജഡ്ജ്മെന്റ് നമ്മുടെ മുന്നിലുണ്ട്. വാളയാർ കേസിലുണ്ടായ ഗതികേട് മധുവിന്റെ കേസിലുണ്ടാകരുതെന്നാണ് എല്ലാവരുടെയും ആഗ്രഹം. അതിനാവശ്യമായ നടപടികൾ പോലീസിന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒന്നുകിൽ തെറ്റിദ്ധരിച്ചിരിക്കുകയാണ്, അല്ലെങ്കിൽ ബോധപൂർവ്വം ചില കാര്യങ്ങൾ പറയുകയാണ്. ഈ പ്രശ്നമുണ്ടായ ഘട്ടത്തിൽ അന്നത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച സബ്മിഷന് ഞാൻ മറുപടി പറഞ്ഞിരുന്നു. അതിന്റെ ഒരു ഭാഗം ഞാൻ വായിക്കാം. "നിസ്സഹായനായ ഒരു ആദിവാസി യുവാവിനെ മരണത്തിലേയ്ക്ക് നയിച്ച, കേരള സമൂഹത്തിന് അപമാനമായ ഈ മനുഷ്യത്വഹീന പ്രവൃത്തി ചെയ്ത എല്ലാ കുറ്റവാളികൾക്കും പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. അതോടൊപ്പം ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ എല്ലാ മുൻകരുതലും സർക്കാർ സ്വീകരിക്കും." ആ ഘട്ടത്തിൽത്തന്നെ മരണകാരണം കൃത്യമായി വെളിവാക്കിയിരുന്നു. ക്രൂരമായ മർദ്ദനത്തിന്റെ ഭാഗമായാണ് മരണം സംഭവിച്ചതെന്ന് അന്വേഷണത്തിൽ വെളിവായതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമം, വന നിയമം, ഐ.ടി. നിയമം തുടങ്ങിയവയിലെ വകുപ്പുകൾ കൂടി ചേർത്താണ് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 87/18 പ്രകാരം കൊലപാതകത്തിന് കേസെടുത്തത്. സംഭവം നടന്ന് മണിക്കൂറുകൾക്കകം കോയമ്പത്തൂർ, പാലക്കാട്, ചാവക്കാട്, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽനിന്നും 16 പേരെ പ്രതിചേർത്ത് അറസ്റ്റ് ചെയ്ത് കോടതിമുമ്പാകെ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തു. അഗളി ഡിവൈ.എസ്.പി. ആയിരുന്ന ഈ കേസ് അന്വേഷിച്ചിരുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ രീതിയിൽ ചില സംഭവങ്ങൾ ഉണ്ടായി എന്നത് ശരിയാണ്. പ്രതികൾ ആ പ്രദേശത്തുള്ള വ്യക്തികളാണ്. അവർ ചില ദുഃസ്വാധീനങ്ങളിലൂടെ സാക്ഷികളെ കൂറുമാറ്റുന്നതിന് ശ്രമിക്കുകയുണ്ടായി. അത്

മനസ്സിലാക്കിയപ്പോഴാണ് വിറ്റ്നസ് പ്രൊട്ടക്ഷൻ സ്കീം പ്രകാരമുള്ള സമിതി യോഗം ചേരുകയും കർശ്ശന നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തത്. പ്രതികൾ ജാമ്യം നേടി പുറത്തുവന്ന് നാട്ടിൽ സ്വൈരവിഹാരം നടത്തുന്നത്, ചെയ്ത കുറ്റം മറച്ചുവയ്ക്കുന്നതിനും അവർ കുറ്റവാളിയല്ലെന്ന് മൊഴി കൊടുപ്പിക്കുന്നതിനുമുള്ള സമ്മർദ്ദം ചെലുത്തുമെന്നുള്ളതുകൊണ്ടാണ് അവരുടെ ജാമ്യം റദ്ദാക്കി ജയിലിലയയ്ക്കുന്നതിന് കോടതിയിൽ പെറ്റീഷൻ നൽകിയത്. പ്രോസിക്യൂഷൻ ജാഗ്രതയോടെ തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്നതാണ് ഇതെല്ലാം കാണിക്കുന്നത്. അലവൻസുമായി ബന്ധപ്പെട്ട് ഒരുതരത്തിലുള്ള പരാതിയും ഉണ്ടായതിന്റെ ഭാഗമായിട്ടല്ല പ്രോസിക്യൂട്ടർമാർ ഒഴിഞ്ഞുപോയത്. ഇതുസംബന്ധിച്ച് നേരത്തെ ബഹുമാന്യനായ എ. പി. അനിൽ കുമാർ ഉന്നയിച്ചു. അത്തരത്തിലുള്ള എന്തെങ്കിലും പ്രശ്നം ഇപ്പോഴത്തെ പ്രോസിക്യൂട്ടർക്കുണ്ടെങ്കിൽ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കാരണം, ഇക്കാര്യത്തിൽ സർക്കാരിന് ലഭിക്കുന്ന വിവരങ്ങളുടെ ഭാഗമായി പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളിലേയ്ക്ക് കടക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മധു വധക്കേസിൽ നിരന്തരമായി സാക്ഷികൾ കൂറുമാറുന്നത് ചർച്ചയായപ്പോഴാണ് ഇത്തരത്തിലുള്ള നടപടികളുണ്ടായത്. ഈ കേസ് അന്വേഷിച്ച ഉദ്യോഗസ്ഥർ അലസതയും ഉദാസീനതയും കാണിച്ചിരുന്നുവെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേസ് തെളിയിക്കാനാവശ്യമായ എവിഡൻസായിട്ടാണ് കോടതിയിൽ സാക്ഷികളെ ഹാജരാക്കുന്നത്. എന്നാൽ ആ സാക്ഷികളെ ലിസ്റ്റ് ചെയ്യുന്നതിലുണ്ടായ അലസതയും ശ്രദ്ധക്കുറവും കാരണമാണ് മധു വധക്കേസ്സിലെ സാക്ഷികൾ കൂറുമാറാനിടയായത്. ആയതിനാൽ കേസന്വേഷണം നടത്തിയ ഉദ്യോഗസ്ഥർക്ക് സംഭവിച്ച വീഴ്ച കൃത്യമായി അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ അത്തരമൊരു പ്രശ്നമുദിക്കുന്നില്ല. കേസന്വേഷണം ആരംഭിച്ചപ്പോൾ മുതൽ പോലീസ് കൃത്യമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവർ കണ്ടെത്തിയ സാക്ഷികൾ കൃത്യമായി മൊഴികൾ നൽകിയിട്ടുണ്ട്. ബഹുമാന്യനായ അംഗം അവിടത്തെ എം.എൽ.എ. ആയതിനാൽ ഇക്കാര്യങ്ങൾ ആരെക്കാളും കൂടുതൽ അറിയാവുന്നതാണ്. പ്രതികൾ ആ പ്രദേശത്തുതന്നെയുള്ളവരാണെന്നത് നാം മനസ്സിലാക്കേണ്ട കാര്യമാണ്. ജാമ്യം ലഭിച്ചതോടുകൂടി അവരെ രക്ഷിക്കുന്ന തരത്തിലുള്ള ഇടപെടൽ നടത്തുന്നതിന് സാധിച്ചു. ദുഃസ്വാധീനത്തിന്റെ ഫലമായി സാക്ഷികൾ മൊഴിമാറ്റുന്ന നിലവന്നപ്പോൾ പോലീസോ പ്രോസിക്യൂഷനോ അനങ്ങാതിരുന്നില്ല. ജാഗ്രതയോടെ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായാണ് ജാമ്യം റദ്ദാക്കൽ നടപടിവരെയുണ്ടായത്.

## സിൽവർ ലൈൻ പദ്ധതി

2(*2) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനത്തിന്റെ സർവ്വേയ്ക്കായി കല്ലിടുന്നതിന് പകരം ജിയോടാഗ് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിരുന്നോ;

(ബി) ജിയോടാഗ് ഉപയോഗിച്ച് സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) സാമൂഹികാഘാതപഠനം പൂർത്തീകരിക്കാൻ കഴിയാത്ത ഏജൻസികൾക്ക് അവ പൂർത്തിയാക്കാൻ കാലാവധി നീട്ടിനൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതിനായി സമരങ്ങളിൽ പങ്കെടുത്തവരുടെ പേരിലെടുത്ത കേസ്സുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) സാമൂഹികാഘാത പഠനത്തിനായി കല്ലിടുന്നതിനോടൊപ്പം ജിയോടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായ സ്ഥലങ്ങളിൽ അടയാളം രേഖപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ഇക്കാര്യം പരിശോധനയിലാണ്.

(ഡി) പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവ പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: സർ, കെ-റെയിൽ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമാകുന്നത്.

കെ.എസ്.ആർ.ടി.സി.-യെപോലും നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സർക്കാരാണിത്. 200-ഉം 300-ഉം ശതമാനംവരെ നികുതി ചുമത്തി കൊള്ളലാഭമെടുക്കുന്ന ബിവറേജസ് കോർപ്പറേഷനും നഷ്ടത്തിലാണ്. കൊച്ചി മെട്രോ റെയിലിന്റെ കാര്യം നമുക്കെല്ലാവർക്കുമറിയാം. യാത്രക്കാരിൽനിന്നുള്ള വരുമാനംകൊണ്ടുമാത്രം കെ-റെയിൽ ഒരിക്കലും ലാഭകരമാവില്ല. ഈ പദ്ധതിയുടെ സാമ്പത്തിക പ്രായോഗികതയിൽ സംശയമുണ്ടെന്ന് കേന്ദ്രസർക്കാരടക്കം അറിയിച്ച സാഹചര്യത്തിൽ ജനങ്ങളുടെമേൽ വലിയ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നത് എങ്ങനെയാണ്?

ശ്രീ. പിണറായി വിജയൻ: സർ, ആഗോളവൽക്കരണ, നവഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായുള്ള വാദഗതികളാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. ഒരു പൊതുമേഖലയും ശരിയാകാത്തതിനാൽ അവയൊന്നും വേണ്ട, എല്ലാം സ്വകാര്യമേഖലയെ ഏൽപ്പിച്ചാൽ മതിയെന്ന നിലപാടിനോട് സർക്കാരിനും എൽ.ഡി.എഫ്.-നും യോജിപ്പില്ല. ഇന്ന് രാജ്യത്താകെ നടപ്പിലാക്കപ്പെടുന്ന ഉദാരവൽക്കരണ നയത്തിൽനിന്ന് വ്യത്യസ്തമായ ബദൽ നയം ഉയർത്തിക്കൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നതെന്നാണ് ബഹുമാന്യനായ അംഗം ഉന്നയിച്ച ചോദ്യത്തിന്റെ ആദ്യഭാഗത്തിന് മറുപടിയായി പറയാനുള്ളത്. സംസ്ഥാനത്തിന്റെ ഭാവിക്ക് കെ-റെയിൽ അനുയോജ്യമായതിനാലാണ് അത്തരമൊരു നിർദ്ദേശം മുന്നോട്ടുവച്ചത്. ഇത് നമ്മുടെ നാടിന്റെ ഭാവി വികസനം ഉറപ്പുവരുത്തുന്ന ഒരു പദ്ധതിയായിരിക്കും. ഈ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് അനുമതി നൽകുമെന്ന സൂചനകളാണ് ആദ്യം ലഭിച്ചിരുന്നത്. പക്ഷേ ചില പ്രത്യേക ഇടപെടലുകൾ കാരണം അവർ കുറച്ച് ശങ്കിച്ചുനിൽക്കുന്നുണ്ട്. പക്ഷേ ഏത് ഘട്ടത്തിലായാലും അനുമതി നൽകിയേ മതിയാകൂ; ഇപ്പോൾ നൽകിയില്ലെങ്കിലും ഭാവിയിൽ നൽകേണ്ടതായി വരുമെന്നതുകൊണ്ട് സംസ്ഥാന സർക്കാർ ഈ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. പക്ഷേ അനുമതി നൽകേണ്ടവർ അതിന് തയ്യാറാകാത്ത സമീപനം സ്വീകരിക്കുമ്പോൾ 'ഞങ്ങളിതാ ഇപ്പോൾ നടത്തുന്നു' എന്നുപറയാൻ സംസ്ഥാന ഗവൺമെന്റിന് കഴിയില്ല. അതാണ് മനസ്സിലാക്കേണ്ടത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേന്ദ്രസർക്കാർ പുതിയ ഹൈസ്പീഡ് ട്രെയിനുകൾ ഇറക്കാനുള്ള ആലോചനയിലാണെന്നാണ് കേൾക്കുന്നത്; കേരളത്തിലെ റെയിൽവെ സിഗ്നൽ സിസ്റ്റം പരിഷ്കരിച്ചും വളവുകൾ നിവർത്തിയും ചില സ്ഥലങ്ങളിലെ ലൈനുകൾ മാറ്റിയും ഇത് സാധ്യമാക്കാമെന്നാണ് റെയിൽവേയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ പറയുന്നത്. വളരെ ചെലവുകുറഞ്ഞ ഈ മാർഗ്ഗം സ്വീകരിക്കുന്നതല്ലേ വലിയ സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന കെ-റെയിൽ പദ്ധതിയെക്കാളും നല്ലത്?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ റെയിൽവേ ലൈൻ ഈ പറയുന്ന രീതിയിൽ പരിഷ്കരിച്ച് അതിവേഗ ട്രെയിൻ ഓടിക്കാൻ കഴിയില്ലെന്ന് റെയിൽവേയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ വ്യക്തമാക്കിയിട്ടുണ്ടെന്ന കാര്യം ബഹുമാന്യനായ അംഗം മനസ്സിലാക്കിയിട്ടുണ്ടാകും. ആ പറയുന്നതരത്തിൽ പ്രാവർത്തികമാക്കാൻ വർഷങ്ങളെടുക്കും. നമുക്കിവിടെ അതിവേഗ റെയിൽ വേണം. അതിന് കെ-റെയിലെന്നോ സിൽവർ ലൈനെന്നോ അല്ലെങ്കിൽ മറ്റെന്തെങ്കിലും പേരിലോ വരുന്നതിന് ഞങ്ങൾക്ക് തടസ്സമില്ല; ഞങ്ങൾ ഒരു പേര് നിർദ്ദേശിച്ചുവെന്ന് മാത്രമേയുള്ളൂ. അർദ്ധ അതിവേഗ റെയിൽ നമ്മുടെ നാടിന് അനിവാര്യമാണ്. അക്കാര്യത്തിലുള്ള കേന്ദ്രഗവൺമെന്റിന്റെ നിലപാട് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഈ പദ്ധതി ഞങ്ങൾ അങ്ങോട്ട് ആവശ്യപ്പെട്ടതാണ്. അതല്ല, ഞങ്ങളിത് ചെയ്യാൻ തയ്യാറാണെന്ന് കേന്ദ്രഗവൺമെന്റ് പറയുന്നുണ്ടെങ്കിൽ അപ്പോഴല്ലേ നമ്മൾ പറയേണ്ടത്. നമുക്ക് വേണ്ടത് അതിവേഗതയിൽ ഓടുന്ന ട്രെയിനാണ്. അതിന് പുതിയ ട്രാക്കുണ്ടായാലേ സാധിക്കുവെന്നാണ് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളത്. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഇത്തരമൊരു നിലപാടെടുക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാമൂഹികാഘാത പഠനത്തിനായി കല്ലിടുന്നതിനോടൊപ്പം ജിയോടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതെങ്കിൽ കല്ലിടൽ ഒഴിവാക്കിക്കൊണ്ട് ജിയോടാഗിംഗ് അടക്കമുള്ള കാര്യങ്ങൾ നടത്തുമെന്നാണ് അദ്ദേഹം കോടതിയിൽ പറഞ്ഞത്. സിൽവർലൈൻ പദ്ധതിമൂലം ഫലഭൂയിഷ്ഠമായ ഉപരിതല മണ്ണ് നഷ്ടപ്പെടും, കാർഷികോല്പാദനത്തിൽ കുറവുണ്ടാകും, ധാരാളം സ്ഥലം തരിശ് ഭൂമിയായി മാറ്റപ്പെടും, ജലദൗർലഭ്യമുണ്ടാകും, അന്തരീക്ഷ-വായു മലിനീകരണം ക്രമാതീതമായി വർദ്ധിക്കും, അതിഭയങ്കര ശബ്ദമലിനീകരണം സൃഷ്ടിക്കും, സസ്യ-ജന്തു ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ തകരാറിലാകും, വൃക്ഷങ്ങൾ നശിക്കുന്നതുമൂലം കാലാവസ്ഥാ വ്യതിയാനമുണ്ടാകും, നിർമ്മാണ ഘട്ടത്തിൽ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും സാധ്യതയുണ്ടാകും തുടങ്ങി ഗുരുതരമായ ആഘാതം സംസ്ഥാനത്തിന്റെ പരിസ്ഥിതിക്കുണ്ടാക്കുമെന്നാണ് സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റിന്റെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. പ്രസ്തുത പാത കടന്നുപോകുന്ന പ്രദേശങ്ങളിൽ 164 സ്ഥലങ്ങൾ പ്രളയ സാധ്യതയുള്ളതും അതിലെ 25 പ്രദേശങ്ങൾ തീർത്തും അപകടകരവുമാണ്. രണ്ട് മഹാപ്രളയങ്ങളുണ്ടായതും തുടർച്ചയായി അതിതീവ്ര മഴയുണ്ടാകുന്നതുമായ സംസ്ഥാനത്തിന് ഇങ്ങനെയൊരു പദ്ധതി ഒട്ടും അനുയോജ്യമല്ലെന്ന് പരക്കെ അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ,

പദ്ധതിയിൽനിന്നും പിന്മാറി പകരം യാത്രക്കാരെ വേഗത്തിലെത്തിക്കാൻ എല്ലാ ജില്ലകളെയും ബന്ധിപ്പിക്കുന്ന ചെറിയ ഫ്ലൈറ്റ് സർവ്വീസ് അല്ലെങ്കിൽ ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം, നിയമസഭാ സാമാജികനാകുന്നതിനുമുമ്പ് നല്ലൊരു വ്യവസായിയായിരുന്നു. കാര്യങ്ങൾ നല്ല രീതിയിൽ നടത്താൻ ശേഷിയുള്ളയാളാണ് അദ്ദേഹമെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. അങ്ങനെയുള്ള ഒരാൾക്ക് ഇത്ര അബദ്ധമായൊരു കാര്യം എങ്ങനെ പറയാൻ കഴിയുന്നുവെന്നതാണ് ഞാൻ ആശ്ചര്യത്തോടെ കേട്ടുകൊണ്ടിരുന്നത്. നമ്മുടെ നാടിന്റെ വികസനത്തിന് എല്ലാതരത്തിലും ഉപകരിക്കുന്ന ഒന്നാണ് സിൽവർലൈൻ പദ്ധതി. തീവണ്ടിക്ക് കുറച്ച് ശബ്ദമുണ്ടാകുമെന്ന് എല്ലാവർക്കുമറിയാം, പക്ഷേ പഴയ കാലത്തുള്ള ശബ്ദമാണോ ഇപ്പോഴുള്ളത്; അതിലെല്ലാം മാറ്റം വന്നില്ലേ? ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തരത്തിലുള്ള ഒരു പ്രത്യാഘാതവും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, കേരളത്തിന് ലഭിക്കുന്ന ഗുണം വളരെ വലുതുമാണ്. അതുകൊണ്ടാണ് ഈ പദ്ധതിയുമായി മുന്നോട്ടുപോകണമെന്ന് സർക്കാർ വിചാരിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, കേന്ദ്രസർക്കാരിന്റെ അനുമതിപോലും ലഭിക്കുന്നതിനുമുൻപ് ഒരു പദ്ധതിയുടെ പേരിൽ പാവപ്പെട്ടവർ കെട്ടിയുണ്ടാക്കിയ കുടിലുകളിൽ ഉദ്യോഗസ്ഥർ കല്ല് നാട്ടിവച്ചതിൽ പ്രതിഷേധിച്ചവരെ പോലീസും സി.പി.ഐ. (എം) XXXXXX* ചേർന്ന് ക്രൂരമായി തല്ലിച്ചതച്ചു. ....(ബഹളം)....

മി. സ്പീക്കർ: ആ പരാമർശം രേഖയിലുണ്ടാകില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ തിരുത്തുകയാണ്, പാർട്ടി കേഡർ ചേർന്ന് കയ്യേറ്റം ചെയ്തിട്ട് കള്ളക്കേസ് കൊടുക്കുകയാണ്. പിഞ്ചുകുഞ്ഞുങ്ങളെയും വീട്ടമ്മമാരെയും ക്രൂരമായി തല്ലിച്ചതച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പറയുന്നത് പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തതെന്നാണ്. സ്വന്തം വീടും പറമ്പും നഷ്ടപ്പെട്ടവർ എവിടത്തെ പൊതുമുതലാണ് നശിപ്പിച്ചത്?

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ഇവർക്ക് അനുഭവിക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡനത്തിന് എന്ത് നഷ്ടപരിഹാരമാണ് സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നത് എന്നാണ് എന്റെ ചോദ്യം.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചില ഘട്ടങ്ങളിൽ അങ്ങയുടെ മുന്നിലിറങ്ങി വിളിക്കുന്ന മുദ്രാവാക്യങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യാൻ കഴിയാത്തതാണ് എന്നുള്ളതുകൊണ്ടാണ് അവിടെനിന്നുകൊണ്ട് ആ രീതിയിൽ സംസാരിക്കാൻ തയ്യാറായത് എന്നാണ് തോന്നുന്നത്. ഇത് നമ്മുടെ സഭയ്ക്ക് ചേർന്നൊരു നടപടിക്രമമല്ലെന്ന് അദ്ദേഹം ഭാവിയിലെങ്കിലും മനസ്സിലാക്കുന്നത് നല്ലതാണ്. ഈ പദ്ധതിക്ക് അതിവേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ തുടർനടപടി സ്വീകരിച്ചത്. അതിന്റെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്താൻ നേരത്തെതന്നെ കേന്ദ്രത്തിൽനിന്നും അനുമതിയും ലഭിച്ചിരുന്നു. അതിനുള്ള നടപടികളാണ് സ്വീകരിച്ചത്. നിർഭാഗ്യവശാൽ ചിലയാളുകളുടെ സമ്മർദ്ദത്തിന്റെ ഭാഗമായും ചിലർ തെറ്റിദ്ധരിച്ചും ഇതിനെ എതിർക്കാൻ തയ്യാറായി എന്നത് വസ്തുതയാണ്. അവർക്കെതിരെ യാതൊരു കേസ്സുമെടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ക്രമസമാധാന പ്രശ്നമുണ്ടാക്കുകയും പൊതു വസ്തുവകകൾ നശിപ്പിക്കുകയും ചെയ്തവർക്കെതിരെ എടുത്ത കേസ്സുകളാണ് പിൻവലിക്കില്ലെന്ന് പറഞ്ഞത്. സാധാരണഗതിയിൽ എല്ലാക്കാലത്തും സർക്കാർ സ്വീകരിക്കുന്നൊരു നടപടിയാണത്. ആ നടപടിക്രമത്തിൽ ഇപ്പോഴും നിൽക്കുന്നുവെന്ന് മാത്രമേയുള്ളൂ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ പദ്ധതിയുടെ അനുമതിക്കായി 2-6-2022-ന് കേന്ദ്രത്തിലേയ്ക്കയച്ച കത്തിന് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്ന് അങ്ങ് പറയുകയുണ്ടായി. സിൽവർലൈൻ പദ്ധതിയുടെ ചെലവ് സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച RITES (റെയിൽ ഇന്ത്യ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് സർവ്വീസ് ലിമിറ്റഡ്) ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്നാണ് അറിയുന്നത്. ഇന്ത്യയൊട്ടാകെ യൂണിയൻ ഗേജിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലാകമാനം 1.676 മീറ്ററുള്ള ബ്രോഡ്ഗേജ്, സ്റ്റാൻഡേർഡ് ഗേജിലേയ്ക്ക് വരുമ്പോൾ 1.4 മീറ്ററായി മാറുന്നതിലൂടെ ഇതിന്റെ സ്പീഡും സേഫ്റ്റിയും കുറയില്ലേ? അങ്ങ് മറുപടിയിൽ പറഞ്ഞത് കൂടുതൽ വേഗത്തിലെത്താൻ കഴിയാവുന്ന സംവിധാനമൊരുക്കുക എന്നാണ്.

മി. സ്പീക്കർ: ഈ വിഷയം നമ്മൾ അടിയന്തരപ്രമേയമായി ചർച്ച ചെയ്തതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ആ ഒരു തരത്തിലേയ്ക്ക് നിലപാടിന് മാറ്റം വരുത്തുന്നതിന് അങ്ങേയ്ക്ക് ശ്രമിച്ചുകൂടേ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങൾ നമ്മൾ തർക്കിച്ച് തീർക്കേണ്ടതല്ല. ഇതിൽ ഒരുപാട് സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെട്ടിട്ടുണ്ട്. ഏത് ഗേജ് വേണമെന്നൊക്കെ തീരുമാനിച്ചതിന്റെ ഫലമായാണ് സ്റ്റാൻഡേർഡ് ഗേജിലേയ്ക്ക് പോകുന്ന അവസ്ഥയുണ്ടായത്. അത് ലോകം അംഗീകരിച്ച കാര്യമാണ്. അതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിക്കേണ്ടതില്ലെന്നു തന്നെയാണ് കാണുന്നത്. പക്ഷേ, എല്ലാ കാര്യങ്ങളും അനുമതിയോടുകൂടി മാത്രമേ പ്രാവർത്തികമാകൂ എന്നുള്ളത് ഓർക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സിൽവർ ലൈനുമായി ബന്ധപ്പെട്ട ഗവൺമെന്റ് നിലപാട് വിശദീകരിച്ചത് അങ്ങേയറ്റം സ്വാഗതാർഹമാണ്. ഇതിനുമുമ്പ് യു.ഡി.എഫ്. ഭരണകാലത്ത് ഒരു പദ്ധതി വിഭാവന ചെയ്തിരുന്നു. അതിന്റെ അടങ്കൽ തുക, സ്പീഡ്, അതുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾക്കായി ചെലവഴിച്ച തുക തുടങ്ങിയവ സംബന്ധിച്ച് വിശദീകരണം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതൊരു പ്രസക്തമായ ചോദ്യമാണെങ്കിലും അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇപ്പോൾ എന്റെ കൈയിലില്ല, അതുകൊണ്ട് വിശദീകരിക്കാൻ സാധിക്കില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കെ-റെയിലിന് കേന്ദ്രഗവൺമെന്റിന്റെ ക്ലിയറൻസ് ലഭിച്ചിട്ടില്ലെന്നും അത് ലഭിച്ചാൽ മാത്രമേ മുന്നോട്ടു പോകുന്നതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയൂവെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞത്. അത് നടക്കുമോ ഇല്ലയോ എന്നതിനെക്കുറിച്ച് 50-50 അനുമാനത്തിൽ വന്നുനിൽക്കുകയാണ്. കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട് കുറേയധികം ആളുകളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്.

മി. സ്പീക്കർ: അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പരിസ്ഥിതി ആഘാത പഠനത്തെക്കുറിച്ച് പരിശോധിക്കാൻ എന്റെ നിയോജകമണ്ഡലത്തിൽ പോയപ്പോൾ പകർച്ചവ്യാധി നിരോധന നിയമമനുസരിച്ചാണ് എനിക്കെതിരെ കേസ്സെടുത്തത്. എനിക്ക് ഒരു പകർച്ചവ്യാധിയും വന്നിട്ടില്ല. ഞാനവിടെ ചെന്നതുകൊണ്ട് ഒരു പകർച്ചവ്യാധിയും വ്യാപിപ്പിച്ചിട്ടുമില്ല. കേരളത്തിലൊട്ടാകെ എടുത്തിട്ടുള്ള, താഴെത്തട്ടിൽനിന്നും എഴുതിവരുന്ന ഇത്തരം കള്ളക്കേസ്സുകൾ പിൻവലിക്കുന്നതിന് അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തിന് വ്യാധിയൊന്നും ഇല്ലാതിരിക്കട്ടെ, അത് നല്ല കാര്യമാണ്. പക്ഷേ വ്യാധിയുണ്ടോ ഇല്ലയോ എന്ന് സ്വയം തീരുമാനിക്കാൻ പാടില്ല. അത് വിദഗ്ദ്ധർ പരിശോധിച്ച് തീരുമാനിക്കുന്നതാണ് നല്ലത്. കേസ്സുകളുടെ കാര്യത്തിൽ സ്വീകരിക്കുന്ന സമീപനം സംബന്ധിച്ച് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്.

**ഐ.ടി. മേഖലയിലെ വികസനം**

3(*3) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയതിന്റെ ഫലമായി രാജ്യത്തെ രണ്ടാംനിര നഗരങ്ങളിൽ ഏറ്റവുമധികം ഐ.ടി. അധിഷ്ഠിത തൊഴിൽ ലഭ്യമാക്കിയ നഗരങ്ങളിലൊന്നായി തലസ്ഥാനത്തിന് പുരോഗതി കൈവരിക്കാനായിട്ടുണ്ടോ;

(ബി) ഐ.ടി. ഉല്പന്നങ്ങളും സേവനങ്ങളും ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ ഐ.ടി. മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) ദേശീയപാത വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്. ഐ.ടി. മേഖലയിലെ വികസനത്തിനായി കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങളെ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും പുതിയ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനുമാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഉല്പാദന മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്കനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതിനും ഉതകുംവിധമുള്ള നയരേഖ കഴിഞ്ഞ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായ നേട്ടങ്ങളാക്കി മാറ്റുവാനും കഴിഞ്ഞിട്ടുണ്ട്. ദേശീയ, അന്തർദേശീയ തലത്തിലുണ്ടാകുന്ന സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുവാനും

സർക്കാർ ശ്രമിക്കുകയാണ്. പ്രമുഖ ഐ.ടി. കമ്പനികൾ ഉൾപ്പെടെയുള്ള ഉപസംരംഭകരെ തലസ്ഥാന നഗരിയിലേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ രാജ്യത്തെ രണ്ടാംനിര നഗരങ്ങളിൽ ഏറ്റവും കൂടുതൽ ഐ.ടി. അധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞ അഞ്ച് വർഷം ഈ സർക്കാർ സ്വീകരിച്ച നടപടികൾ സഹായകരമായിട്ടുണ്ട്. നിലവിൽ നടന്നുവരുന്നതും സമീപ ഭാവിയിലേയ്ക്ക് വിഭാവന ചെയ്തിരിക്കുന്നതുമായ ഐ.ടി. അടിസ്ഥാന വികസനം തലസ്ഥാനത്തെ, രാജ്യത്തെ രണ്ടാംനിര നഗരങ്ങളായ കോയമ്പത്തൂർ, പൂനെ, വിശാഖപട്ടണം എന്നിവയുടെ ശ്രേണിയിലേയ്ക്ക് ഉയർത്തുകയും ആഗോള കമ്പനികളും ഉപസംരംഭകരും അവരുടെ ശ്രദ്ധ ഇവിടേയ്ക്ക് തിരിച്ചിരിക്കുന്നതുമായാണ് കാണാൻ കഴിയുന്നത്. തലസ്ഥാന നഗരിയിൽ സർക്കാർ ഐ.ടി. പാർക്കായ ടെക്നോപാർക്ക് നാല് ക്യാമ്പസുകളിലായി പ്രവർത്തിച്ചുവരുന്നു. ടെക്നോപാർക്കിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾക്ക് പ്രമുഖ കമ്പനികളും സംരംഭകരും ഉൾപ്പെടുന്ന വികസിതമായ ഐ.ടി. ഇക്കോ സിസ്റ്റമാണുള്ളത്. ദീർഘമായ ഉത്തരമായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു.*

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഐ.ടി. മേഖലയിൽ കഴിഞ്ഞ അഞ്ചോ ആറോ വർഷക്കാലമായി വലിയ മുന്നേറ്റമുണ്ടായിട്ടുണ്ടെന്നത് വാസ്തവമാണ്. വിവര സാങ്കേതിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ദേശീയ പാത 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സൃഷ്ടിക്കുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ഏത് തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടത്താനുദ്ദേശിക്കുന്നതെന്ന് പറയാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് നേരത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും എൻ.എച്ച്. 66-ന് സമാന്തരമായി അനുയോജ്യമായ ഭൂമി കണ്ടെത്തി ഐ.ടി. ഇടനാഴികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കണ്ണൂരും കൊല്ലത്തും ഐ.ടി. പാർക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. കണ്ണൂർ എൻ.എച്ച്. 66-ന് സമാന്തരമായി 15 മുതൽ 25 ഏക്കർ വരെ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഐ.ടി. പാർക്ക് തുടങ്ങാനുള്ള മറ്റൊരു നിർദ്ദേശവും ബഡ്ജറ്റ് പ്രസംഗത്തിൽ ഉയർത്തിയിട്ടുള്ളതാണ്. അതെല്ലാം പ്രാവർത്തികമാക്കാനുള്ള നടപടിക്രമങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പുതിയ ഐ.ടി. പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞു. അത് ഏത് ഘട്ടത്തിലാണെന്ന് പറയാൻ സാധിക്കുമോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതുമായി ബന്ധപ്പെട്ട് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനെല്ലാം കൂടി 1000 കോടി രൂപ വകയിരുത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഒട്ടേറെ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന മേഖലയായി കേരളത്തിലെ ഐ.ടി. മേഖല വളർന്നുവരികയാണ്. കഴിഞ്ഞ ആറ് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കഴിഞ്ഞ ആറ് വർഷത്തെ കണക്കെടുത്താൽ തിരുവനന്തപുരം ടെക്നോപാർക്കിൽ 20.97 ലക്ഷം ചതുരശ്ര അടി, കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ചതുരശ്ര അടി, കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്ര അടി എന്നിങ്ങനെ ആകെ 46.47 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേസാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. തൊഴിലവസരത്തെപ്പറ്റി ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി; ആകെ 45869 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, സംസ്ഥാനത്ത് 2026-ഓടുകൂടി ആരംഭിക്കാൻ ലക്ഷ്യമിടുന്ന സ്റ്റാർട്ടപ്പുകൾ മുഖേനയുള്ള തൊഴിലവസരങ്ങളെ സംബന്ധിച്ചും 2016 മുതൽ ആരംഭിച്ച സ്റ്റാർട്ടപ്പുകൾ മുഖേനയുള്ള തൊഴിലവസരങ്ങളിൽ പുരോഗതിയുണ്ടോ എന്നും വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സ്റ്റാർട്ടപ്പുകളുടെ കാര്യത്തിൽ കേരളത്തിന് വലിയ പുരോഗതിയാണ് നേടാൻ കഴിഞ്ഞിട്ടുള്ളത്. 2026 ആകുമ്പോഴേക്കും സംസ്ഥാനത്ത് 15000 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിലൂടെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2016 മുതൽ നാളിതുവരെ മൂവായിരത്തോളം സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കഴിഞ്ഞതിലൂടെ 35000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ വളർച്ചയിലൂടെയും പുതിയ സ്റ്റാർട്ടപ്പുകളുടെ രൂപീകരണത്തോടെയും ഗണ്യമായ രീതിയിൽ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ നേരത്തെ ഐ.ടി. മേഖലയിൽ മാത്രമായിരുന്നുവെങ്കിൽ ഇപ്പോൾ വിവിധ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റത്തിൽ ഏഷ്യയിലെ ഒന്നാമതായി കേരളം മാറിയെന്നുള്ളത് ഐ.ടി. രംഗത്തെ അഭിമാനകരമായ മുന്നേറ്റമാണ്. ഈ മുന്നേറ്റത്തിലൂടെ സാമ്പത്തിക മേഖലയിൽ സംസ്ഥാനത്തുണ്ടാകുന്ന മാറ്റമെന്താണെന്ന് പറയാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ മൂന്ന് വർഷമായി ഐ.ടി. രംഗത്ത് രാജ്യത്ത് ഒന്നാമതായി നിലകൊള്ളുന്നത് കേരളമാണ്. ഓരോ സ്റ്റാർട്ടപ്പിന്റെയും കാര്യത്തിൽ വലിയ തോതിലുള്ള പുരോഗതി ഉണ്ടാവുകയാണ്. സ്റ്റാർട്ടപ്പുകളുമായി ബന്ധപ്പെട്ട് രാജ്യത്തിനുള്ളിൽ മാത്രമല്ല; രാജ്യാന്തരതലത്തിലുള്ള നിക്ഷേപകരും കേരളത്തിലേയ്ക്ക് വരുന്നുവെന്നതും വസ്തുതയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കുണ്ടറ ഐ.ടി. പാർക്ക് മനോഹരമായ സ്ഥലത്ത് സ്ഥിതിചെയ്യുന്നുവെന്ന് മാത്രമല്ല, വലിയ സാദ്ധ്യതകളുള്ള ഒരു ഐ.ടി. പാർക്ക് കൂടിയാണ്. ടെക്നോപാർക്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് അത് പ്രവർത്തിക്കുന്നത്. ഈ പാർക്ക് അഭിമുഖീകരിക്കുന്ന പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടേയ്ക്ക് ജീവനക്കാർക്ക് എത്തിച്ചേരാൻ വാഹനസൗകര്യമില്ല. അത് പരിഹരിക്കാനായി രാവിലെയും വൈകുന്നേരവും കെ.എസ്.ആർ.ടി.സി. സർവ്വീസ് ഏർപ്പെടുത്തണം. അര കിലോമീറ്റർ ഉള്ളിലേയ്ക്ക് സർവ്വീസ് നീട്ടുന്ന പ്രശ്നമേയുള്ളൂ. ഗതാഗതവകുപ്പുമായി ആലോചിച്ച് അങ്ങ് അതിനൊരു പരിഹാരമുണ്ടാക്കണം. കൂടാതെ അതിന്റെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി അങ്ങയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ പരസ്പരം ചർച്ച ചെയ്ത് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കാം. ഇവിടെ സൂചിപ്പിച്ചതുപോലെ അതിനായി ഒരു യോഗം വിളിച്ചുചേർക്കേണ്ടത് ആവശ്യമാണെങ്കിൽ അത് നടത്താവുന്നതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇൻഫോപാർക്ക് ഫേസ് II-ൽ നിന്നും സിൽവർ ലൈൻ പദ്ധതിക്കായി 45 ഏക്കർ ഭൂമി ഏറ്റെടുത്തതായാണ് അറിയാൻ സാധിച്ചത്. ഇപ്രകാരം ഏറ്റെടുത്ത ഭൂമിക്ക് പകരം ഫേസ് II-ന്റെ വികസനത്തിനായി വേറെ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണഗതിയിൽ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകും. ആ തുക ഉപയോഗിച്ച് ഇൻഫോപാർക്കിനായി കൂടുതൽ ഭൂമി ഏറ്റെടുക്കുന്നതിന് സാധിക്കുന്നതാണ്. അതുകൊണ്ടുമാത്രം പദ്ധതിക്ക് എന്തെങ്കിലും കുറവ് വരുമെന്ന് കാണേണ്ടതില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഏറ്റവും കൂടുതൽ സാധ്യതയുണ്ടായിട്ടും ഒരു നല്ല ഐ.ടി. പാർക്കിന്റെ അഭാവമുള്ള ഒരു ജില്ലയാണ് പാലക്കാട്. പ്രത്യേകിച്ച് കഞ്ചിക്കോട് വ്യവസായ മേഖലയിലും അതിർത്തിക്കപ്പുറത്തും എല്ലാ മൾട്ടി നാഷണൽ കമ്പനികൾക്കും സ്പേസുള്ള ഒരുപാട് കാമ്പസുകളുണ്ട്. ഒരിക്കലും നടക്കില്ലെന്ന് നമുക്ക് ബോധ്യമുള്ള പാലക്കാട് കോച്ച് ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങൾ ഉൾപ്പെടെ റെയിൽവേയുടെ കൈവശമിരിക്കുകയാണ്. അതുകൊണ്ട് അങ്കമാലി ഗിഫ്റ്റ് സിറ്റി മാതൃകയിൽ ഐ.ടി. അധിഷ്ഠിത വ്യവസായത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ആ മേഖലയിൽ ഒരു പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുമോ? കോയമ്പത്തൂരിലെ എല്ലാ കമ്പനികളിലേയ്ക്കും ഹ്യൂമൻ റിസോഴ്സസിനെ സപ്ലൈ ചെയ്യുന്നത് പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകളിൽ നിന്നാണ്. പതിനായിരക്കണക്കിന് ആളുകളാണ് അവിടെപോയി ജോലി ചെയ്യുന്നത്. ഐ.ടി. കോറിഡോർ കൂടി ആരംഭിക്കുമ്പോൾ ജോലി സാദ്ധ്യത കൂടുന്നതിനാൽ പാലക്കാട് ഒരു ഐ.ടി. പാർക്ക് ആരംഭിക്കാൻ അടിയന്തര തീരുമാനമുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാർഷിക ജില്ലയാണ് പാലക്കാടെങ്കിലും വ്യാവസായികമായും വളരെ മുന്നിട്ട് നിൽക്കുകയാണ്. അവിടെ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന്റെ സാദ്ധ്യത സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കൊച്ചിയിലെ സ്മാർട്ട് സിറ്റിയുടെ നിർമ്മാണം അനിശ്ചിതമായി നീണ്ടുപോകുകയാണ്. ഇതിന്റെ പങ്കാളിയായ ദുബായ് കമ്പനി വേണ്ടത്ര താത്പര്യമെടുക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പരിശോധിക്കുന്നുണ്ട്. ആ കമ്പനിയുടെ പ്രധാനികളടക്കം പങ്കെടുക്കുന്ന യോഗവും നടക്കാറുണ്ട്. അതുമായി ബന്ധപ്പെട്ട് പുരോഗതി ഉണ്ടാകുമെന്നതന്നെയാണ് റിപ്പോർട്ടുള്ളത്. അവർ വേഗംതന്നെ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

## കുട്ടികൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങൾ തടയുന്നതിനുള്ള ബോധവത്കരണം

4 (*4) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ സ്കൂൾ-കോളേജ് തലങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓൺലൈൻ ചൂഷണങ്ങളെ ശക്തമായി നേരിടാൻ കുട്ടികളെയും അദ്ധ്യാപകരെയും രക്ഷിതാക്കളെയും സജ്ജമാക്കാൻ സ്കൂൾ, കോളേജ് തലങ്ങളിൽ പരിശീലനം നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിലെ സമ്പൂർണ്ണ അടച്ചിടൽ ഓൺലൈൻ ക്ലാസ്സുകളിലേയ്ക്ക് നയിക്കുകയും അതുവഴി ഡിജിറ്റൽ ഉപകരണങ്ങളും ഇന്റർനെറ്റും കൂടുതലായി ഉപയോഗിക്കേണ്ട സാഹചര്യം സംജാതമാകുകയും ചെയ്തു. മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗം ചില കുട്ടികളെയെങ്കിലും ഓൺലൈൻ ചതിക്കുഴികളിലേയ്ക്ക് നയിച്ചു. ഇത്തരം ദുരുപയോഗം തടയുകയെന്ന ലക്ഷ്യത്തോടെ കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കും ഓൺലൈൻ ദുരുപയോഗത്തിനുമെതിരെ സമർപ്പിത പോരാട്ടം നടത്തുന്ന സാങ്കേതിക, നിയമ, മാനസികാരോഗ്യ വിദഗ്ദ്ധരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തി ഡീ-സേഫ് (Digital Safety) എന്ന സഹായ ഗ്രന്ഥം സർക്കാർ ഉത്തരവിൻ പ്രകാരം

UNICEF-ന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് തയ്യാറാക്കുകയും കേരളത്തിലുള്ള ഏകദേശം ഇരുപതിനായിരത്തോളം രക്ഷിതാക്കൾക്ക് സേഫ് ഇന്റർനെറ്റിന്റെ ഉപയോഗത്തെപ്പറ്റിയും ഓൺലൈൻ ദുരുപയോഗമോ അതിക്രമമോ ഉണ്ടായാൽ സ്വീകരിക്കേണ്ടുന്ന നിയമപരവും/മനഃശാസ്ത്രപരവും/സാങ്കേതികവുമായ വശങ്ങളെപ്പറ്റിയും ബോധവത്കരണം നൽകുകയും ചെയ്തിട്ടുണ്ട്. 50000 പേർക്കുകൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഡി-സേഫ് സംബന്ധിച്ച ബോധവത്കരണം നൽകാനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഓൺലൈൻ ദുരുപയോഗവുമായി ബന്ധപ്പെട്ട് കേരളാ പോലീസിന്റെ 'ചിരി' ഹെൽപ്പ് ലൈനിൽ (9497900200) വരുന്ന ഫോൺ കോളുകൾ ഉടനടിതന്നെ ജില്ലകളിലെ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചുകൊടുത്ത് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ശിശു-സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തരം ഇന്റർനെറ്റ് അഡിക്ഷൻ, ഗെയിം അഡിക്ഷൻ, ഓൺലൈൻ ദുരുപയോഗം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മുഖേന ബോധവത്കരണ ക്ലാസുകൾ നൽകിവരുന്നു. കൂടാതെ ജില്ലാ Children & Police (CAP) കോ-ഓർഡിനേഷൻ സെന്ററുകൾ മുഖേന ബോധവത്കരണ ക്യാമ്പയിനുകൾ നടത്തിവരുന്നു. വീട്ടിലെ സാഹചര്യം നിമിത്തം പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവരുന്ന കുട്ടികളെയും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ പരാജയപ്പെടുന്ന കുട്ടികളെയും കണ്ടെത്തി അവരിൽ ആത്മവിശ്വാസം ജനിപ്പിച്ച് ക്ലാസുകൾ നൽകിക്കൊണ്ട് പരീക്ഷകളിൽ വിജയിപ്പിച്ചെടുക്കുന്നതിനായുള്ള കേരള പോലീസിന്റെ അഭിമാനകരമായ പദ്ധതിയാണ് 'പ്രോജക്ട് ഹോപ്പ്'. പരീക്ഷകളിൽ പരാജയപ്പെടുമെന്ന ഭീതിമൂലം ആത്മഹത്യാ പ്രവണത പ്രകടമാക്കുന്ന കുട്ടികൾക്ക് ജീവിതത്തിലേയ്ക്ക് തിരികെ വരാനുള്ള പ്രതീക്ഷയാണ് 'പ്രോജക്ട് ഹോപ്പ്'. ദീർഘമായ മറുപടിയായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു.*

ശ്രീ. പി. എസ്. സുപാൽ: സർ, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ എന്നിവ ഡൗൺലോഡ്/അപ്‌ലോഡ് ചെയ്യുന്ന ആളുകളെ ഇന്ന് ഇന്റർപോൾ 'Operation Paedophile'-ന്റെ ഭാഗമായി ലോകത്താകമാനം പരിശോധിക്കുകയും വിവരങ്ങൾ കൈമാറുകയും ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇത്തരം കുറ്റവാളികളെ കണ്ടെത്തി കർശന നടപടി കൈക്കൊള്ളുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ജാഗ്രതയോടെയുള്ള ഇടപെടലാണ് സൈബർ ഡോം അടക്കമുള്ള സംവിധാനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. പോലീസിനകത്തുതന്നെ ഇതിനായി പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ട്. അതേസമയം, ഇത്തരം ചതിക്കുഴികളിൽ വീഴുന്ന കാര്യത്തിൽ പൊതുവായ ബോധവത്കരണവും ആവശ്യമായിട്ടുണ്ട്. രക്ഷിതാക്കളും അദ്ധ്യാപകരുമെല്ലാം അതിന്റെ ഭാഗമായി നല്ല ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, ബാലാവകാശ കമ്മീഷൻ മുമ്പാകെ കുട്ടികൾക്കെതിരായുള്ള സൈബർ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ ശരിയായ നിലയിൽ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെയും ഉപദേശകരെയും ബാലാവകാശ കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബാലാവകാശ കമ്മീഷൻ സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും മേഖലകളിൽ ചില പ്രത്യേക രീതിയിലുള്ള വിദഗ്ദ്ധരുടെ സഹായം ആവശ്യമുണ്ടെങ്കിൽ അവർക്കത് തേടാൻ കഴിയും. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. പോലീസിൽതന്നെ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധരുണ്ടെങ്കിലും ചില ഘട്ടത്തിൽ അതിവിദഗ്ദ്ധരുടെ സഹായം തേടേണ്ടതായി വരുന്നുണ്ട്. അത്തരം വിദഗ്ദ്ധരുടെ സഹായം തേടുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല; നമുക്കത് സ്വീകരിക്കാവുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, കുട്ടികൾ ദൈനംദിന പ്രവർത്തനങ്ങളിലോ വ്യക്തിപരമായ കാര്യങ്ങളിലോ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ ഡിജിറ്റൽ ഗെയിമുകൾക്ക് അടിമപ്പെടുന്ന അവസ്ഥയായ ഗെയിമിംഗ് ഡിസ്ഓർഡർമൂലം സാമൂഹികമായ ഉൾവലിയൽ, പഠനവൈകല്യം, അകാരണമായ ദേഷ്യം തുടങ്ങി കുട്ടികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങൾ കണ്ടുപിടിച്ച് പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കുട്ടികൾക്ക് ടെലിഫോണിലുള്ള അമിതാവേശത്തെയും കളികളെയും സംബന്ധിച്ച് നമ്മളെല്ലാവരും സാധാരണ പരാതി പറയാറുണ്ട്. പക്ഷേ, കുട്ടികൾ പലപ്പോഴും മാതൃകയാക്കുന്നത് അമ്മമാരെയും വീട്ടിലെ മറ്റുള്ളവരെയുമാണെന്നത് നാം മറന്നുപോവുകയാണ്. കാരണം വീട്ടുകാരും പലപ്പോഴും ഈ രീതിയിൽ ഫോൺ ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇത് വലിയൊരു പ്രശ്നമാണ്. കുട്ടിയുടെ നിലവച്ചുകൊണ്ട് എത്രത്തോളം പോകാമെന്നുള്ളത് അവരെ ബോധ്യപ്പെടുത്തണം. അതിനുള്ള ബോധവത്കരണം വളരെ പ്രധാനമാണ്. അതിന് പ്രധാന പങ്ക്

വഹിക്കേണ്ടത് വീട്ടിനകത്തുതന്നെയാണ്. ചെറിയ കുഞ്ഞുങ്ങളാണ് ഇതിന് വലിയതോതിൽ ഇരയാകുന്നത്. കുട്ടിയാണെന്ന് മനസ്സിലാക്കിക്കൊണ്ട് സമചിത്തതയോടെയുള്ള ഇടപെടൽ വീടുകളിലുണ്ടാകണം. അതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്.

ശ്രീ. വി. ശശി: സർ, സൈബർ അതിക്രമങ്ങൾക്കിരയാകുന്ന കുട്ടികളെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ചൈൽഡ്‌ലൈൻ പോലുള്ള വിശ്വസനീയ സ്ഥാപനങ്ങൾ കേരളത്തിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇവയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. എന്നാൽ സംസ്ഥാനത്ത് ചൈൽഡ്‌ലൈനുമായി ബന്ധപ്പെട്ട് നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നത് വസ്തുതയാണ്. ഇതുമായി ബന്ധപ്പെട്ട് ശിശുവികസന വകുപ്പ് ഒരു മൊബൈൽ ആപ്പ് അംഗീകരിച്ചിട്ടുണ്ട്. 'കുഞ്ഞാപ്പ്' എന്നാണ് അതിന് പേരിട്ടിട്ടുള്ളത്. എല്ലാവിധത്തിലുള്ള സൈബർ ആക്രമണങ്ങളും മറ്റ് തരത്തിലുള്ള ആക്രമണങ്ങളും തടയുന്നതിനുള്ള നടപടികളാണ് ഇതിലൂടെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. നല്ല രീതിയിലുള്ള ഇടപെടൽ അതിന്റെ ഭാഗമായി നടക്കുന്നുണ്ട്. അങ്ങ് ഉന്നയിച്ചതുപോലെ ചൈൽഡ്‌ലൈനിന്റെ പ്രവർത്തനവും നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, സാമുദായിക സ്പർദ്ധയുണ്ടാക്കുന്ന രീതിയിൽ സാമൂഹ്യ മാധ്യമങ്ങൾ ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തുന്നതിനും അത്തരം ശ്രമങ്ങൾ യഥാസമയം തടയുന്നതിനും കഴിയുംവിധം കേരള പോലീസിന്റെ സൈബർ വിഭാഗത്തെയും അന്വേഷണ സംവിധാനങ്ങളെയും ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എനിക്ക് ചോദ്യം വ്യക്തമായില്ല.

മി. സ്പീക്കർ: ഉപചോദ്യം പ്രധാന ചോദ്യവുമായി ബന്ധപ്പെട്ടതല്ല. സാമൂഹ്യ മാധ്യമങ്ങളിലൂടെ സാമുദായിക സ്പർദ്ധയുണ്ടാക്കുന്നത് തടയാനുള്ള നടപടികളാണ് അദ്ദേഹം ചോദിച്ചത്.

ശ്രീ. പിണറായി വിജയൻ: സർ, അത് നമ്മുടെ നാട്ടിലുള്ള ഒരു പ്രധാന പ്രശ്നമാണ്. സാമൂഹ്യ മാധ്യമങ്ങൾ നല്ല രീതിയിലും തെറ്റായ രീതിയിലും ഉപയോഗിക്കുന്നവരുണ്ട്. നമ്മുടെ നാട്ടിലുള്ള ചില ഛിദ്രശക്തികൾ സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് അവരുടേതായ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് എല്ലാവർക്കുമറിയാം. അക്കാര്യത്തിൽ സമൂഹം ജാഗ്രത പാലിച്ചുപോകേണ്ടതുണ്ട്. അത്തരം കാര്യങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാനും പോലീസ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, ഐ.ടി. നമ്മുടെ പാഠ്യപദ്ധതിയിലെ ഒരു വിഷയമാണ്. കുട്ടികൾ ഇന്ന് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു പ്രശ്നമായതിനാൽ സോഷ്യൽ മീഡിയയെ ഒരു പഠനമെന്ന നിലയിൽ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സോഷ്യൽ മീഡിയയെ പഠനമായി ഉൾപ്പെടുത്താനുള്ള നിർദ്ദേശം ഇപ്പോൾ വന്നിട്ടില്ല. പക്ഷേ പൊതുവെ ഇക്കാര്യത്തിൽ ജാഗ്രത പാലിച്ചുപോകേണ്ടതായിട്ടുണ്ട്. അതിൽ ഏതെല്ലാം തരത്തിലുള്ള ബോധവത്കരണം വേണമെന്നുള്ളത് സംബന്ധിച്ച് കൂടുതൽ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, ഓൺലൈൻ ഗെയിം കളിച്ച് ചില കുട്ടികളും മുതിർന്നവരും സാമ്പത്തിക ബാധ്യതമൂലം ആത്മഹത്യ ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തെറ്റായ രീതിയിലുള്ള ഓൺലൈൻ ഉപയോഗം ചില കുട്ടികളെ ആത്മഹത്യാ പ്രവണതയിലേയ്ക്ക് നയിച്ചുവെന്നത് നേരത്തെതന്നെ സമൂഹം ചർച്ച ചെയ്യുകയും പോലീസ് അക്കാര്യത്തിൽ ഫലപ്രദമായി ഇടപെട്ടുമാണ്. അത് വലിയതോതിലുള്ള സാമൂഹിക വിപത്തായി കണ്ടുകൊണ്ട് അതിനെതിരെ ബോധവത്കരണം നടത്താൻ ശ്രമിച്ചിട്ടുള്ളതുമാണ്. ഏതായാലും അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നിലയല്ല സ്വീകരിക്കുന്നത്. അത് തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## ക്രമസമാധാനപാലനം കാര്യക്ഷമമാക്കൽ

5(*5) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനപാലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസ് സേനയുടെ ആധുനീകരണത്തിനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യത്തിൽ അവരുടെ വിവര ശേഖരണത്തിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളെ തൊഴിലിന് ഏർപ്പാടാക്കുന്ന ഏജൻസികളും വ്യക്തികളും തൊഴിലുടമകളും അവരുടെ ഐഡന്റിറ്റി ഉറപ്പാക്കി അവർ തൊഴിലെടുക്കുന്ന ജില്ലകളിൽ അവരുടെ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) പോലീസ് സേനയുടെ ആധുനികവത്കരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിനായി താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യോത്തരസമയം അവസാനിച്ചതുകൊണ്ട് മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. പിണറായി വിജയൻ: സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് നടപടി**

6 (*6) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങളുണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടുതന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെത്തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സാഹചര്യമുണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽനിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട ജില്ല/സ്ഥാപനങ്ങളിലെത്തിച്ചിട്ടുണ്ട്. ഇതുകൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്.

(ബി) സർക്കാർ ആശുപത്രികൾക്കുവേണ്ട മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റുവരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. നടപ്പ് സാമ്പത്തിക വർഷം (2022-23) സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 4-12-2021-ന് ക്ഷണിച്ചിരുന്നു.

(സി) മരുന്നുക്ഷാമം പരിഹരിക്കുന്നതിനായി ആശുപത്രി മേധാവികൾ മറ്റ് ഫണ്ടുകൾ കണ്ടെത്തി മരുന്ന് വാങ്ങണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം എപ്രകാരം നടപ്പിലാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എം.എസ്.സി.എൽ.-ലൂടെ ലഭ്യമല്ലാത്ത അവശ്യമരുന്നുകൾ മുൻ കാലങ്ങളിലെപ്പോലെ വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ഡി) പനിയും മറ്റ് രോഗങ്ങളും വ്യാപകമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മരുന്നുക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

അവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും വിവിധ സ്കീമുകൾ മുഖേനയും ലഭ്യമാക്കിവരുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തെ ദർഘാസ് പ്രകാരം നൽകിയ ആദ്യഘട്ട വിതരണോത്തരവുകളനുസരിച്ചുള്ള മരുന്നുകളുടെ വിതരണം ആഗസ്റ്റ് മാസം 30-ഓടെ പൂർണ്ണ തോതിലെത്തിക്കുന്നതിന് കോർപ്പറേഷന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഓണത്തിന് സൗജന്യ ഭക്ഷ്യക്കിറ്റ്

7 (*7) ശ്രീ. എം. നൗഷാദ്:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഭക്ഷ്യധാന്യങ്ങളുൾപ്പെടെയുള്ളവയുടെ വിലക്കയറ്റം ഏഴര ശതമാനത്തിനുമേൽ ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ വിലക്കയറ്റത്തിന്റെ ആഘാതം സാധാരണക്കാരിലേയ്ക്കെത്താതിരിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

സപ്ലൈകോ വില്പനശാലകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതുവിപണി വിലയിൽനിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 5,600 കോടി രൂപ ചെലവാക്കി എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 13 തവണകളിലായി 11.5 കോടി സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് കഴിഞ്ഞ 2 വർഷത്തിനിടെ വിതരണം ചെയ്തത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയേക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെ മേയ് മാസത്തിലെ റിപ്പോർട്ടുപ്രകാരം രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ചുനിർത്തിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഉപഭോക്തൃ വിലസൂചിക ഏപ്രിൽ മാസത്തിലെ 5.1-ൽനിന്നും മേയ്

മാസത്തിലെത്തുമ്പോൾ 4.82 ആയി കുറഞ്ഞിരിക്കുകയാണ്. ദേശീയ ശരാശരി 7.04 ആയിരിക്കെയാണ് കേരളത്തിന്റെ മികച്ച പ്രകടനം ശ്രദ്ധേയമാകുന്നത്. രാജ്യത്തെ മൊത്തവിലസൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം മൂന്ന് ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 15.88 ശതമാനം എത്തിനിൽക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ വിലക്കയറ്റ സൂചിക 5.1 ശതമാനം മാത്രമാണ്. ദേശീയതലത്തിൽ വിലക്കയറ്റം കുതിച്ചുയരുമ്പോഴും കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താനായത് സർക്കാർ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുകൊണ്ടാണ്.

(ബി) ഉത്സവകാലത്തുണ്ടാകുന്ന അമിത വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഓണത്തിന് സൗജന്യ ഭക്ഷ്യക്കിറ്റ് നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. 1-8-2022-ലെ സ.ഉ. (സാധാ) നമ്പർ 273/2022/ഭ.പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 400 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുക സപ്ലൈകോയ്ക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഭക്ഷ്യധാന്യക്കമ്മി നേരിടുന്ന സംസ്ഥാനത്ത് ടൈഡ് ഓവർ ഗോതമ്പ് വിഹിതം പുനഃസ്ഥാപിച്ച് ഭക്ഷ്യവില നിയന്ത്രണം സാദ്ധ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് മറുപടി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യഭദ്രതാ നിയമപ്രകാരം 26835.124 മെട്രിക് ടൺ അരിയും 6459.074 മെട്രിക് ടൺ ഗോതമ്പും ഉൾപ്പെടെ 33294.198 മെട്രിക് ടൺ ഭക്ഷ്യധാന്യം ടൈഡ് ഓവർ വിഹിതമായി അനുവദിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് 2022 ജൂൺ മുതൽ ഗോതമ്പ് വിഹിതം കുറവുചെയ്യുകയും അരി വിഹിതം 33294.198 മെട്രിക് ടണ്ണായി ഉയർത്തുകയും ചെയ്തു. ഗോതമ്പ് കുറവുവരുത്തിയെങ്കിലും പകരം അരി കൂടുതലായി അനുവദിച്ചിട്ടുള്ളതിനാൽ മൊത്തം അലോട്ട്മെന്റിൽ കുറവ് വന്നിട്ടില്ല. കൂടാതെ, ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള നോർമൽ വിഹിതത്തിലെ എ.എ.വൈ./പ്രയോറിറ്റി വിഭാഗത്തിലെ ഗോതമ്പ് കുറവുവരുത്തിയിട്ടില്ല. 15629.217 മെട്രിക് ടൺ ഗോതമ്പ് എ.എ.വൈ./പ്രയോറിറ്റി വിഭാഗത്തിനായി ലഭ്യമാകുന്നുണ്ട്. 2023 മാർച്ചുവരെ ടൈഡ് ഓവർ ഗോതമ്പ് നിർത്തലാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ പ്രസ്തുത നടപടി പുനഃപരിശോധിക്കണമെന്നും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനുള്ള ഗോതമ്പ് വിഹിതം കുറയ്ക്കരുതെന്നും ആവശ്യപ്പെട്ട് കേന്ദ്ര പൊതുവിതരണ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് നിവേദനം സമർപ്പിച്ചിരുന്നു.

മാനദണ്ഡങ്ങൾക്കനുസൃതമായി ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് ക്രമീകരിക്കുന്നത് ഉറപ്പുവരുത്തുന്നതിനും ഫോർട്ടിഫൈഡ് അരിയുടെ വിതരണം ക്രമീകരിക്കുന്നതിനും ഭക്ഷ്യധാന്യവിതരണ പ്രക്രിയയിലെ സമ്മർദ്ദം ലഘൂകരിക്കുന്നതിനുമായാണ് ഇത്തരത്തിൽ ഗോതമ്പിന്റെ അളവ് ക്രമീകരിച്ചിട്ടുള്ളതെന്നാണ് കേന്ദ്ര സർക്കാരിൽനിന്നും അറിയിച്ചിട്ടുള്ളത്. ഗോതമ്പ് കുറച്ചെങ്കിലും പകരം അരിയുടെ വിഹിതം വർദ്ധിപ്പിച്ചതിനാൽ മുൻഗണനേതര വിഭാഗത്തിനുള്ള പ്രതിമാസ വിതരണ തോത് വർദ്ധിപ്പിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ട്. ടൈഡ് ഓവർ ഗോതമ്പിന്റെ അലോട്ട്മെന്റ് വെട്ടിക്കുറച്ച കേന്ദ്രസർക്കാരിന്റെ നടപടി സംസ്ഥാനത്ത് ഗോതമ്പിന്റെ വിലവർദ്ധനവിന് കാരണമാവുകയും 57% വരുന്ന മുൻഗണനേതര വിഭാഗങ്ങൾക്ക് പൊതുവിതരണ സംവിധാനത്തിൽനിന്നും ഗോതമ്പ് ലഭിക്കാത്ത സാഹചര്യവും സൃഷ്ടിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങൾ വ്യാപകമായ കേരളത്തിൽ ഗോതമ്പിന്റെ ഉപഭോഗം കൂടിവരുന്ന സാഹചര്യത്തിൽ, കേന്ദ്രസർക്കാരിന്റെ നടപടിയെ ഗൗരവമായി കാണേണ്ടതുണ്ട്.

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

8 (*8) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്ത്രീധനവുമായി ബന്ധപ്പെട്ടും പൊതുയിടങ്ങളിലും സൈബർ ഇടങ്ങളിലും സ്ത്രീകൾക്കുനേരെയുണ്ടാകുന്ന ആക്രമണങ്ങൾ തടയുന്നതിനായി രൂപീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ; ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽവന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായകമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതിയിലൂടെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച

പരാതികൾ ഫലപ്രദമായി തീർപ്പുകൽപ്പിക്കുന്നതിനും സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമവിഷയങ്ങളിലും എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള 134 വനിതാ പോലീസുദ്യോഗസ്ഥർക്ക് മൂന്ന് ഘട്ടങ്ങളിലായി പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ ഇരുചക്ര വാഹനങ്ങളുടെ ഡ്രൈവിംഗ് പരിശീലനംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി 35 മോട്ടോർ ബൈക്കുകളും 20 സൈക്കിളുകളും അനുവദിച്ചിട്ടുണ്ട്.

(ബി) അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനും അവർക്ക് നിയമസഹായമടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിക്കാൻ തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നിയമസഹായവും മറ്റും ലഭ്യമാക്കുന്നതിനായി കേസ് രജിസ്റ്റർ ചെയ്യുന്ന അതത് പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുദ്യോഗസ്ഥരെ വിക്ടിം ലെയ്സൺ ഓഫീസർമാരായി നിയമിച്ചുവരുന്നു.

(സി) സ്ത്രീകൾ നേരിടുന്ന വിവേചനവും അതിക്രമവും തടയാൻ ജനമൈത്രി പോലീസ് സംവിധാനം കാര്യക്ഷമമാക്കിക്കൊണ്ടും കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും വിവേചനവും ആത്മ ധൈര്യത്തോടെയും ഫലപ്രദമായും ചെറുക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ കാര്യാലയങ്ങൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വനിതകൾക്കും കുട്ടികൾക്കുമായി "വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി" ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടം, അങ്കണവാടി ആശാവർക്കർമാർ എന്നിവരെ സംയോജിപ്പിച്ചുകൊണ്ട് ലിംഗവിവേചനത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്.

ജനമൈത്രി പോലീസുമായി ചേർന്ന് സ്ത്രീധന-ഗാർഹിക പീഡന സംബന്ധമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതിനുമായി പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വനിത-ശിശുവികസന വകുപ്പ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ജനമൈത്രി പോലീസ്, അങ്കണവാടി വർക്കർ (ഐ.സി.ഡി.എസ്. സൂപ്പർവൈസർ നോമിനേറ്റ് ചെയ്യുന്നു), പാരലീഗൽ വോളന്റീയർ എന്നിവരെയുൾപ്പെടുത്തി ടാസ്ക് ആക്ഷൻ ഫോഴ്സ് എന്ന പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗുണ്ട, മയക്കുമരുന്ന് സംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി**

9 (*9) ശ്രീ. കെ. ആൻസലൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഗുണ്ട, മയക്കുമരുന്ന് സംഘങ്ങളെ അമർച്ച ചെയ്യാൻ സംസ്ഥാന, ജില്ലാതലങ്ങളിൽ ഓർഗനൈസ്ഡ് ക്രൈം സ്ക്വാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഗുണ്ടാനിയമം നടപ്പിലാക്കുന്നത് കാര്യക്ഷമമാക്കിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലും ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി./എ.സി.പി.-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസുദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങളാണ്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ടസമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. കൂടാതെ ഓരോ പോലീസ് സ്റ്റേഷനിലും ആന്റി ഓർഗനൈസ്ഡ് ക്രൈം സെൽ (AOCC) ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസുദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ, എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കാനും കൃത്യമായ പട്രോളിംഗ് നടത്താനും ആവശ്യമായ മേൽനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി 'ഓപ്പറേഷൻ കാവൽ' എന്നപേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയ ബന്ധിതമായി അവർക്കെതിരെ കാപ്പ നിയമം (ഗുണ്ടാ നിയമം) ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ

പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റുചെയ്ത് ഗുണ്ടാ നിയമപ്രകാരവും ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ഗുണ്ടാനിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരെയും ജില്ലാ പോലീസ് മേധാവിമാരെയും ഉൾപ്പെടുത്തി അവലോകനയോഗം കൂടുകയും യോഗത്തിൽ കാപ്പ നിയമ (ഗുണ്ടാനിയമം) പ്രകാരമുള്ള കരുതൽ തടങ്കൽ, സഞ്ചലന നിയന്ത്രണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്.

(ബി) വർഗ്ഗീയ, തീവ്രവാദ സംഘടനകളുടെ ആയുധ പരിശീലനവും സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചാരണവും തടയാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വർഗ്ഗീയ, തീവ്രവാദ സംഘടനകളുടെ ആയുധ പരിശീലനവുമായി ബന്ധപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായവർക്കെതിരെ നിയമം അനുശാസിക്കുന്നവിധം ഇന്ത്യൻ ശിക്ഷാ നിയമം, കേരള പോലീസ് ആക്ട്, Arms Act തുടങ്ങിയവയിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചാരണം നടത്തുന്ന സംഭവങ്ങളിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും ഐ.ടി. ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമേ ഇപ്രകാരമുള്ള പ്രചാരണം തടയാനായി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച്, സൈബർ ഡോം, ജില്ലാ പോലീസ് മേധാവിമാരുടെ കീഴിലുള്ള സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എന്നിവയുടെ സഹായത്തോടെ നിരന്തരം നിരീക്ഷണങ്ങൾ നടത്തിയും ആയവ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വിദ്വേഷ പ്രചാരണം നടത്തുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട് 20-5-2021 മുതൽ 16-8-2022 വരെ 479 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഡാർക്ക് വെബിലൂടെ ലഹരിക്കടത്ത് വ്യാപകമാണെന്ന് കരുതപ്പെടുന്ന സാഹചര്യത്തിൽ അത് ഫലപ്രദമായി തടയുന്നതിന് കേരള പോലീസ് സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി ഹാക്ക് പി സമ്മിറ്റ് എന്ന ഹാക്കത്തോണിലൂടെ കേരള പോലീസ് Granpel 1.0 എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗിക വ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്താനും അവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്താനും സാധിക്കും. കൂടുതൽ സവിശേഷതകളുൾപ്പെടുത്തിയുള്ള Granpel 2.0 സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

## കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ പദ്ധതി

10 (*10) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥയിലുണ്ടായിട്ടുള്ള വലിയ വ്യതിയാനം സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനും സുസ്ഥിരതയ്ക്കും വെല്ലുവിളി ഉയർത്തുന്നതായി വിശകലനം ചെയ്തിട്ടുണ്ടോ; ഇതുസംബന്ധിച്ച പഠന റിപ്പോർട്ടുകൾ ലഭ്യമാണോ?

വിശകലനം ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് 2014-ൽ സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പരിപ്രേക്ഷ്യം SAPCC കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച് പുറത്തിറക്കിയിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആയത് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനുകീഴിലുള്ള കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രത്തിൽ (ICCS) കാലാവസ്ഥയെക്കുറിച്ചുള്ള വാർഷിക പ്രസ്താവന പ്രസിദ്ധീകരിക്കുന്നുണ്ട്. 2021-ലെ കാലാവസ്ഥ പ്രസ്താവന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.* കാലാവസ്ഥ വ്യതിയാനംമൂലം സംസ്ഥാനത്തിലെ പെരിയാർ, പമ്പ, ചാലിയാർ, ഭാരതപ്പുഴ എന്നീ നദീതടങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ചുള്ള പഠനവും കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

(ബി) കാലാവസ്ഥ വ്യതിയാനം നേരിട്ട് ബാധിക്കുന്ന മേഖലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

1. കാർഷിക മേഖല

2. മൃഗസംരക്ഷണം

3. വനം-വന്യജീവി, ജൈവവൈവിദ്ധ്യം

4. ആരോഗ്യം

5. ജലവിഭവം

6. ഫിഷറീസ്, തീരദേശം

7. വിനോദസഞ്ചാരം മുതലായവയാണ് കാലാവസ്ഥ വ്യതിയാനം നേരിട്ട് ബാധിക്കുന്ന മേഖലകളായി വിലയിരുത്തിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി ലോക്കൽ ആക്ഷൻ പ്ലാൻ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

യു.എൻ.ഇ.പി., യു.എൻ. ഗ്രിഡ്, ചിമ ഫൗണ്ടേഷൻ, ഇറ്റലി എന്നിവരുടെ സഹായത്തോടെ 10 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 25 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 50 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 100 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 200 വർഷ പ്രളയ ആവർത്തന സാദ്ധ്യത, 500 വർഷ പ്രളയ ആവർത്തന സാദ്ധ്യത പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും പ്രളയ സാദ്ധ്യതാ പ്രദേശം, അതത് പ്രളയ സാദ്ധ്യതാ പ്രദേശത്തുണ്ടാകാവുന്ന പ്രളയജല ഉയരം എന്നിവ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി, 2019 പ്രകാരം പ്രളയ സാദ്ധ്യതാ പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ കേരളം തന്നെ മുൻകയ്യെടുത്ത് തയ്യാറാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും ദുരന്ത സാദ്ധ്യത പരിഗണിച്ചുള്ള തയ്യാറെടുപ്പുകൾക്കായി ഈ ഭൂപടങ്ങൾ ഉപയോഗിക്കാൻ കഴിയും. ഭൂപടത്തിൽ ഓരോ പ്രളയ ആവർത്തന സാദ്ധ്യതാ പ്രദേശത്തുമുള്ള സ്കൂളുകൾ, ആശുപത്രികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ പ്രാദേശിക സൂചകങ്ങളായി ഉപയോഗിക്കാൻ കഴിയും.

(ഡി) കാലാവസ്ഥ വ്യതിയാന സംബന്ധിയായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

2010 മുതൽ സംസ്ഥാന പരിസ്ഥിതി വകുപ്പിനുകീഴിൽ പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് നിലവിലുണ്ട്. കാലാവസ്ഥാ വ്യതിയാനം സംബന്ധമായ വിഷയങ്ങളിൽ സംസ്ഥാനതല നോഡൽ ഏജൻസിയായി ഡയറക്ടറേറ്റ് പ്രവർത്തിച്ചുവരുന്നു.

**ഓണത്തിനുള്ള ഭക്ഷ്യക്കിറ്റ് വിതരണം**

11 (*11) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ?

1-8-2022-ലെ സ.ഉ. (സാധാ) നമ്പർ 273/2022/ഭ.പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 2022 ഓണത്തോടനുബന്ധിച്ച് സൗജന്യ ഭക്ഷ്യക്കിറ്റ് തയ്യാറാക്കി വിതരണത്തിനായി റേഷൻ കടകളിലെത്തിച്ചുനൽകുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് തുണിസഞ്ചിയുൾപ്പെടെ 14 ഇനം അവശ്യസാധനങ്ങളുൾപ്പെടുത്തിയ ഭക്ഷ്യക്കിറ്റുകൾ തയ്യാറാക്കി, റേഷൻ കടകളിലെത്തിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തുടനീളമുള്ള 1501 വില്പനശാലകളോടനുബന്ധിച്ച് പാക്കിംഗ് സെന്ററുകൾ സജ്ജീകരിച്ചാണ് കിറ്റുകൾ പാക്ക് ചെയ്തുവരുന്നത്. സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ പ്രത്യേകമായി ഹാളുകൾ ഏറ്റെടുത്താണ് കിറ്റുകൾ തയ്യാറാക്കി വരുന്നത്. കിറ്റുകൾ പായ്ക്ക് ചെയ്ത് യഥാസമയം റേഷൻ കടകളിലെത്തിക്കാനായി ദിവസവേതന തൊഴിലാളികളെയും അധികമായി നിയോഗിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പ് പറയുന്ന ഷെഡ്യൂൾ പ്രകാരം റേഷൻ കടകളിൽ കിറ്റുകൾ വിതരണം ചെയ്യാനുള്ള എല്ലാ സജ്ജീകരണവും സപ്ലൈകോ നടത്തിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും പ്രയോജനം ലഭിക്കുന്ന തരത്തിലാണോ ഭക്ഷ്യക്കിറ്റിലെ ഇനങ്ങൾ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും പ്രയോജനകരമായ രീതിയിലാണ് സൗജന്യ ഭക്ഷ്യക്കിറ്റിലെ ഇനങ്ങൾ (ഏലക്ക, കശുവണ്ടി, തേയില, നെയ് മുതലായവ) തീരുമാനിച്ചിട്ടുള്ളത്. ഇവ സംസ്ഥാന പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളായ കാപെക്സ്, കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, റെയ്ഡ്കോ എന്നിവിടങ്ങളിൽനിന്നുമാണ് സംഭരിക്കുന്നത്. പൊതുമേഖലാ സ്ഥാപനമായ മിൽമയിൽനിന്നുമാണ് നെയ് സംഭരിക്കുന്നത്. സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന ഏലയ്ക്ക, തേയില എന്നിവയ്ക്ക് മുൻഗണന നൽകിയാണ് സൗജന്യ കിറ്റിനായി സംഭരിച്ചുവരുന്നത്. കൂടാതെ കിറ്റിലുൾപ്പെട്ട ശർക്കരവരട്ടി/ഉപ്പേരി എന്നിവയുടെ പർച്ചേസ് ഓർഡർ പരമാവധി കുടുംബശ്രീ യൂണിറ്റുകൾക്കാണ് നൽകിയിട്ടുള്ളത്.

(സി) അഗതിമന്ദിരങ്ങളും അനാഥാലയങ്ങളുമുൾപ്പെടെ സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളിലേയ്ക്ക് ഭക്ഷ്യക്കിറ്റുകൾ എത്തിച്ചു കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പൊതുവിതരണ വകുപ്പ് ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് അംഗീകാരമുള്ള ക്ഷേമസ്ഥാപനങ്ങളിലേയ്ക്ക് കിറ്റുകൾ വാതിൽപ്പടിയായി എത്തിച്ചു നൽകാനാണുദ്ദേശിക്കുന്നത്.

(ഡി) കിറ്റുകളുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്?

2022 ഓണത്തിനുമുമ്പ് സൗജന്യകിറ്റ് വിതരണം പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

(ഇ) ഭക്ഷ്യക്കിറ്റ് വിതരണത്തിനായി പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

1-8-2022-ലെ സ.ഉ. (സാധാ) നമ്പർ 273/2022/ഭ.പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 400 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും പ്രസ്തുത തുക സപ്ലൈകോയ്ക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് നടപടി**

12 (*12) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ 87 നഗരസഭകളിലും 6 കോർപ്പറേഷനുകളിലും കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട് കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനിലൊഴികെയുള്ള നഗരസഭകളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് കോർപ്പറേഷനിൽ ഇത്തരത്തിൽ ചില ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തിരുവനന്തപുരം നഗരസഭയിലും ചില കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ അനുവദിച്ച് നൽകിയിട്ടുള്ള കെട്ടിട നമ്പറുകൾ റദ്ദ് ചെയ്യുന്നതിനും ഇതിനുത്തരവാദികളായ ജീവനക്കാർക്കെതിരെ നിയമപരമായ നടപടികളും സ്വീകരിച്ചുവരുന്നു.

കോഴിക്കോട് നഗരസഭയിൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ എൻട്രി ചെയ്ത് അംഗീകാരം നൽകി സൂക്ഷിക്കുന്ന ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ഓൺലൈൻ സോഫ്റ്റ്‌വെയറായ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ജീവനക്കാർക്കനുവദിച്ച ലോഗിൻ വിവരങ്ങൾ ദുരുപയോഗം ചെയ്ത് കെട്ടിടങ്ങൾക്ക് നിയമാനുസൃതമല്ലാതെ സോഫ്റ്റ്‌വെയറിൽ മാത്രമായി കെട്ടിട നമ്പർ അനുവദിക്കുകയും ആയതിൽ ചില കെട്ടിടങ്ങളുടെ നികുതി അടവാക്കുകയും ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതിനാൽ ആയതിന്മേൽ നഗരകാര്യ ഡയറക്ടറോട് അന്വേഷണ റിപ്പോർട്ട് തേടിയിട്ടുള്ളതാണ്. നിലവിൽ 10 കെട്ടിടങ്ങളിലായി 22 കെട്ടിട നമ്പരുകൾ ഇത്തരത്തിൽ ക്രമക്കേടിലൂടെ നമ്പർ അനുവദിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളതാണ്.

(ബി) അനധികൃത കെട്ടിടങ്ങൾക്കും പണിപൂർത്തിയാകാത്ത കെട്ടിടങ്ങൾക്കും കെട്ടിട നമ്പരുകൾ അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. കോഴിക്കോട്, തിരുവനന്തപുരം, കോർപ്പറേഷനുകളിൽ അനധികൃതമായി കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചുനൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) സ്ഥലപരിശോധന നടത്താതെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയ സംഭവങ്ങളുണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

നിലവിൽ അത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനവും കോൾ സെന്റർ സംവിധാനവും ഏർപ്പെടുത്തി ഓരോ സേവനങ്ങൾക്കും കൊടുക്കേണ്ട ഫീസ് വിവരങ്ങളും സേവനങ്ങൾ ലഭ്യമാകുന്ന സമയപരിധിയും സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്ക് കാണത്തക്കവിധം ഓഫീസ് പരിസരത്ത് പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിന് ടോക്കൺ സംവിധാനം, സിംഗിൾ വിൻഡോ സിസ്റ്റം, പ്രത്യേക കൗണ്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പ് ജീവനക്കാർക്ക് പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസുകളും നിർബന്ധമാക്കൽ, ഓഫീസുകളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തൽ, ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കൽ എന്നിവ നടപ്പാക്കുന്നത് നഗരസഭ തലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ,

കെട്ടിടനിർമ്മാണ അനുമതി സംബന്ധിച്ച പരാതികളൊഴിവാക്കുന്നതിന് ഐ.ബി.പി.എം.എസ്. സംവിധാനം നഗരസഭകളിലേർപ്പെടുത്തിയിട്ടുണ്ട്. പൊതുജന സേവനങ്ങളും ഫയൽ നീക്കവും ഓൺലൈൻ മുഖേനയാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഐ.എൽ.ജി.എം.എസ്. (Integrated Local Self Government Management System) നടപ്പിലാക്കിയിട്ടുണ്ട്. നഗരകാര്യ തദ്ദേശസ്ഥാപനങ്ങളിൽ ഐ.എൽ.ജി.എം.എസ്. പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കെ-ഫോൺ പദ്ധതി**

13 (*13) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാർവ്വത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായ കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ?

സംസ്ഥാനത്ത് സാർവ്വത്രികമായി ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിയായ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി അതിവേഗ ഇന്റർനെറ്റ് സൗകര്യത്തിനായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ 83 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഇതിനോടകം സംസ്ഥാനത്തൊട്ടാകെ, 24357 സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ,കെ-ഫോൺ പദ്ധതിയുടെ ധനസമ്പാദനം സംബന്ധിച്ചും വിവിധ ഉപഭോക്താക്കൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുമായി സെക്രട്ടറിതല സമിതി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോർപ്പറേറ്റ് താല്പര്യ സംരക്ഷകരുടെ എതിർപ്പിനെ മറികടന്ന് രാജ്യത്ത് ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ലൈസൻസ് നേടിയെടുത്ത ഏക സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്. കെ-ഫോൺ സേവനം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി രൂപീകരിച്ച 'കെ-ഫോൺ ലിമിറ്റഡ്' എന്ന കമ്പനിക്ക് കേന്ദ്ര ടെലി കമ്മ്യൂണിക്കേഷൻസ് വകുപ്പിൽനിന്നും 7-7-2022-ന് ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡർ (ഐ.പി.) ലൈസൻസും 14-7-2022-ന് ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.) ലൈസൻസും ലഭ്യമായിട്ടുണ്ട്.

(സി) ഇരുപത് ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങൾക്കും സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്ഥാപനങ്ങൾക്കും സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതിക്ക് മുടക്കിയ തുകയെത്രയെന്ന് അറിയിക്കാമോ?

കെ-ഫോൺ പദ്ധതിക്കായി വിവിധ ഇനങ്ങളിൽ 'കെ-ഫോൺ ലിമിറ്റഡ്' നാളിതുവരെ 476.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ട്രോമ കെയർ പദ്ധതി**

14 (*14) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ട്രോമാകെയർ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ച, സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന "Comprehensive trauma care plan cashless scheme for road accident victims" എന്ന പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് നിലവിൽ ചികിത്സ നൽകിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ആശുപത്രികളിൽ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ട്രോമാകെയറുമായി ബന്ധപ്പെട്ട് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിവരുന്നു. അത്യാഹിത വിഭാഗം കൈകാര്യം ചെയ്യുന്ന ഡോക്ടേഴ്സിനാവശ്യമായ പരിശീലനം നൽകിവരികയും ചെയ്യുന്നു.

എറണാകുളം ജനറൽ ആശുപത്രിയിലും കണ്ണൂർ ജില്ലാ ആശുപത്രിയിലും ലെവൽ 2 ട്രോമാകെയർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. നാറ്റ്പാക് തെരഞ്ഞെടുത്ത ദേശീയപാതയിലെ അപകടമേഖലകൾക്ക് സമീപത്തായി 52 ട്രോമാ സ്റ്റെബിലൈസേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഇടുക്കി, തൃശ്ശൂർ മെഡിക്കൽ

കോളേജുകളിൽ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. വയനാട് മെഡിക്കൽ കോളേജിൽ ആരോഗ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകളിൽ കാഷ്വാലിറ്റിയിലെത്തുന്ന ട്രോമാ കേസുകൾക്ക് ചികിത്സ നൽകിവരുന്നുണ്ട്. കൊല്ലം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വ്യത്യസ്ത ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളെ ഏകോപിപ്പിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കിരണം, താലോലം, ദരിദ്രവിഭാഗങ്ങൾക്കുള്ള ആരോഗ്യ ധനസഹായം (SMAP), കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ പദ്ധതി, സാമൂഹികനീതി വകുപ്പിന്റെ ശ്രുതി തരംഗം, സാന്ത്വനം, ആവാസ് (Health Insurance for ISM workers) എന്നീ വ്യത്യസ്ത ആരോഗ്യ സുരക്ഷാ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കീഴിൽ ഏകീകൃത പദ്ധതി നടപ്പിലാക്കുന്നതിന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 18 വയസ്സുവരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യകിരണം പദ്ധതി എസ്.എച്ച്.എ. മുഖാന്തരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കുന്നതിനായി വാർഷിക ബഡ്ജറ്റിൽ പ്ലാൻ 2022-23-ൽ 2,200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) എസ്.എച്ച്.എ. വഴി നടപ്പിലാക്കിവരുന്ന സൗജന്യ ചികിത്സാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

എസ്.എച്ച്.എ. വഴി നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. 41.8 ലക്ഷം കുടുംബങ്ങളാണ് AB-PMJAY പദ്ധതിപ്രകാരം അംഗത്വം നേടിയിട്ടുള്ളത്. ഇതിൽ 19.64 ലക്ഷം കുടുംബങ്ങളുടെ ചികിത്സാ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 2021-2022 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ 1002.5 കോടി ചെലവഴിച്ചിട്ടുണ്ട്. 138.89 കോടി രൂപ കേന്ദ്രവിഹിതമായി ചെലവഴിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഒരു എൻടൈൽമെന്റ് സ്കീമാണ്. എൻടൈൽ ആയ 737 ആശുപത്രികളിൽ, പദ്ധതിയിൽ അംഗമായിട്ടുള്ള കുടുംബങ്ങൾക്ക് ആശുപത്രിയുടെ

കിയോസ്കിൽനിന്ന് ഏതുസമയത്തും അംഗത്വം നേടാവുന്നതാണ്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകളിൽനിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്.

1. 2018-2019-ലെ സാധുവായ ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് കാർഡുകൾ
2. ആധാർ കാർഡ്
3. റേഷൻ കാർഡ്
4. 2011 സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം അർഹരായവർ.

പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണമായും സൗജന്യമാണ്.

കാസ്പ് പദ്ധതി പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനലായിട്ടുള്ള സർക്കാർ - സ്വകാര്യ ആശുപത്രികളിൽനിന്നും കാസ്പ് പദ്ധതിയിൽ അംഗത്വമുള്ള കുടുംബങ്ങൾക്ക് ഓരോ വർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിൽസ ലഭ്യമാക്കിവരുന്നു. കാസ്പ് പദ്ധതിയിലുൾപ്പെടാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിന് താഴെയാണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ഒറ്റത്തവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ ചികിൽസ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക്- 3 ലക്ഷം രൂപവരെ) പദ്ധതിയിലുൾപ്പെട്ട ആശുപത്രികൾവഴി നൽകിവരുന്നു. പദ്ധതിയിലുൾപ്പെട്ട ആശുപത്രികളുടെ വിവരം https://sha.kerala.gov.in/list-of-empanelled-hospitals/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ**

15 (*15) ശ്രീ. എം. വിജിൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനങ്ങൾ കാര്യക്ഷമമായും അഴിമതിരഹിതമായും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ?

ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച അതിനൂതന സോഫ്റ്റ്‌വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ്‌വെയർ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഫയൽ മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, അക്കൗണ്ടിംഗ് എന്നീ മൂന്ന് മൊഡ്യൂളുകളാണ് ഐ.എൽ.ജി.എം.എസ്.-ൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പഞ്ചായത്തുകളിൽ ഉപയോഗിച്ചുവരുന്ന എല്ലാ സോഫ്റ്റ്‌വെയറുകളും ഐ.എൽ.ജി.എം.എസ്. എന്ന ഒറ്റ പ്ലാറ്റ്ഫോമിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്ത് എല്ലാ സേവനങ്ങളും പൂർണ്ണമായും ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നഗരകാര്യ വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നഗരസഭകളിൽ നൽകിവരുന്ന എല്ലാ സേവനങ്ങളും സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭിക്കാനുള്ള അർബൻ ഇ.ആർ.പി. എന്നപേരിൽ ഒരു വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ചു വരികയാണ്. കൂടാതെ, നഗരസഭ പരിധിയിലുള്ള ലോ റിസ്ക് വിഭാഗത്തിൽപ്പെടുന്ന എല്ലാ കെട്ടിടനിർമ്മാണങ്ങൾക്കും അനുമതി നൽകുന്നതിനായി ഐ.ബി.പി.എം.എസ്. (ഇന്റഗ്രേറ്റഡ് ബിൽഡിംഗ് മാനേജ്മെന്റ് സിസ്റ്റം) എന്ന സോഫ്റ്റ്‌വെയറും വികസിപ്പിച്ചിട്ടുണ്ട്. നികുതി ഓൺലൈനായി അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. നഗരസഭകളിൽ നൽകിവരുന്ന 213 സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭിക്കുന്നതിനായി സിറ്റിസൺ സർവ്വീസ് പോർട്ടൽ എന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നഗരസഭകളിൽ ഐ.എൽ.ജി.എം.എസ്.-ന്റെ പരിഷ്കരിച്ച പതിപ്പായ ഐ.എൽ.ജി.എം.എസ്. 2.0 നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഈ വർഷംതന്നെ മൊബൈൽ ആപ്ലിക്കേഷനിലൂടെ നൽകാൻ പദ്ധതിയുണ്ടോ?

ഉണ്ട്.സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്.-ന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് സോഫ്റ്റ്‌വെയറിൽ

രജിസ്റ്റർ ചെയ്തശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 263 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഓൺലൈനായിത്തന്നെ തുക ഒടുക്കുന്നതിനുള്ള സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ആയത് മൊബൈൽ ഫോൺ മുഖേനയും ചെയ്യാവുന്നതാണ്.

നഗരകാര്യ വകുപ്പിൽ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ നൽകാനുള്ള പ്രവർത്തനങ്ങൾ ഐ.കെ.എം. മുഖേന പുരോഗമിച്ചുവരുന്നു. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഐ.കെ.എം.-ന്റെ സഹകരണത്തോടെ സാദ്ധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും കടലാസ് രഹിതമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങളെന്തെല്ലാമാണ്; ഒറ്റപ്പെട്ടതെങ്കിലും കണ്ടെത്തിയ ചില ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ്-ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റത്തിലെ പോരായ്മ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച അതിനൂതന സോഫ്റ്റ്‌വെയറായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ്‌വെയർ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പിൽ കടലാസ് രഹിത ഓഫീസാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയറിലെ സംശയ ദൂരീകരണത്തിനും സോഫ്റ്റ്‌വെയറിലെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് ഗ്ലോബൽ മാസ്റ്റർ ടീം അംഗങ്ങളെയുൾപ്പെടുത്തി പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഐ.എൽ.ജി.എം.എസ്. കാൾ സെന്റർ-കം-സപ്പോർട്ട് സെൽ രൂപീകരിച്ചിട്ടുണ്ട്. കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ ഐ.കെ.എം.-ന്റെ ശ്രദ്ധയിൽപ്പെടുത്തി ആയത് പരിഹരിച്ച് 100% പൂർണ്ണതയോടെ സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

16 (*16) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തികവർഷം 16.45 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതിക്കുകീഴിൽ തൊഴിൽ നൽകുകവഴി 10.59 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയെന്ന നേട്ടത്തിലെത്താൻ കഴിഞ്ഞ സാമ്പത്തികവർഷം സാധിക്കുകയുണ്ടായി. ഈ വർഷം 15-8-2022 വരെ 12.53 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും 2.84 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തൽ കുറച്ചതിനുപുറമേ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ അശാസ്ത്രീയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് പദ്ധതിയെ ദുർബ്ബലപ്പെടുത്തുമെന്നതിനാൽ പ്രസ്തുത നടപടി തിരുത്താൻ ആവശ്യപ്പെടുമോ?

ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം ഇരുപതിൽക്കൂടുതൽ പ്രവൃത്തികളേറ്റെടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ പുതിയ വ്യവസ്ഥ സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തെ പ്രതിലോമകരമായി ബാധിക്കുന്നുണ്ട്. ടി നടപടികൾ പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് കത്ത് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ 10 കോടിയിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിടത്ത് ഈ വർഷം സംസ്ഥാനം ആവശ്യപ്പെട്ടതിന്റെ 57 ശതമാനം മാത്രം അനുവദിച്ചത് പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായ വനിതകളെയും ദുർബ്ബല ജനവിഭാഗങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ ആവശ്യകത കണക്കാക്കി 2022-23 വർഷം 10.47 കോടി തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും 6 കോടി തൊഴിൽ ദിനങ്ങൾക്കുമാത്രമേ കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുള്ളൂ. എന്നാൽ ഒരു ആവശ്യാധിഷ്ഠിത പദ്ധതി എന്നനിലയ്ക്ക് അനുവദിക്കപ്പെടുന്ന തൊഴിൽദിനങ്ങളുടെ 80% കൈവരിച്ചുകഴിഞ്ഞാൽ ലേബർ ബഡ്ജറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സംസ്ഥാനം സമർപ്പിക്കുകയും അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതുമായ രീതിയാണ് അനുവർത്തിച്ചുവരുന്നത്. ആയതിനാൽ കേന്ദ്രസർക്കാർ നിലവിൽ അംഗീകരിച്ചിരിക്കുന്ന ലേബർ ബഡ്ജറ്റ് ആവശ്യാനുസൃതം പരിഷ്കരിക്കുമെന്നും അതുകൊണ്ടുതന്നെ നിലവിൽ അനുവദിച്ച തൊഴിൽദിനങ്ങളുടെ കുറവ് പദ്ധതിയുടെ ഗുണഭോക്താക്കളെ പ്രതികൂലമായി ബാധിക്കാനിടവരില്ലെന്നും പ്രതീഷിക്കുന്നു.

**എൻഡോസൾഫാൻ ബാധിതർക്ക് സഹായം**

17 (*17) ശ്രീ. എൻ. ഷംസുദ്ദീൻ;
ശ്രീ. എൻ. എ. നെല്ലിക്കുന്ന്;
ശ്രീ. എ. കെ. എം. അഷ്റഫ്;
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് തെങ്കരയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടത്തിൽ എൻഡോസൾഫാൻ വ്യാപകമായി ഉപയോഗിച്ച പ്രദേശങ്ങളിലെ ആളുകൾക്ക് ജനിതക വൈകല്യങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ ആരോഗ്യ പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ&ബി) പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജിലെ മെഡിക്കൽ ടീം 25-5-2015-ൽ പ്രസ്തുത സ്ഥലത്ത് സ്പെഷ്യൽ ക്യാമ്പ് നടത്തുകയും പരിശോധന റിപ്പോർട്ട് 11-8-2015-ൽ പാലക്കാട്

ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ആളുകളിൽ ചിലർക്ക് വിവിധ രോഗങ്ങളുള്ളതായി കണ്ടെത്തിയിരുന്നു. എന്നാൽ, ഈ രോഗങ്ങൾ എൻഡോസൾഫാൻമൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല.

(സി) ഈ പ്രദേശങ്ങളിലെ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സയും മറ്റ് സഹായങ്ങളും ഉറപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ സംഘം പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള രോഗികൾക്ക് അവരുടെ രോഗങ്ങൾക്കനുസരിച്ചുള്ള ചികിൽസയും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരും മറ്റ് ജീവനക്കാരുംവഴി നൽകിവരുന്നുണ്ട്. എന്നാൽ ഈ രോഗബാധ എൻഡോസൾഫാൻമൂലമാണോയെന്ന് സ്ഥിരീകരിക്കാത്തതിനാൽ മറ്റാനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാക്കിയിട്ടില്ല.

**പോഷക ബാല്യം പദ്ധതി**

18 (*18) ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശപ്പുരഹിത ബാല്യമെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പോഷകബാല്യം പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ?

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും സുസ്ഥിരവികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി സംസ്ഥാന സർക്കാർ മുട്ടയും പാലും പദ്ധതി പ്രഖ്യാപിക്കുകയും അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും രണ്ട് ദിവസം പാലും അങ്കണവാടി മെനുവിലുൾപ്പെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതിക്കായി 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 61 കോടി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. അങ്കണവാടിയിലെത്തുന്ന 3 വയസ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് മുട്ട വിതരണം ചെയ്യുന്നതിന് 30-5-2022-ലെ സ.ഉ. (സാധാ) നമ്പർ 288/2022/വ.ശി.വി.വ. പ്രകാരം 30,00,00,000 (മുപ്പത് കോടി രൂപ മാത്രം)

രൂപയും പാൽ വിതരണം ചെയ്യുന്നതിന് 30-5-2022-ലെ സ.ഉ. (സാധാ)നമ്പർ 289/2022/വ.ശി.വി.വ. പ്രകാരം 31,50,00,000 (മുപ്പത്തിയൊന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയും 2022-23 സാമ്പത്തികവർഷത്തിൽ 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6150.00 ലക്ഷം രൂപയിൽനിന്നും വിനിയോഗിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ട്രാൻസ്പോർട്ടേഷനുൾപ്പെടെ ഒരു ലിറ്റർ പാലിന് 50 രൂപയും ഒരു മുട്ടയ്ക്ക് 6 രൂപയുമാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. ഒരു കുട്ടിക്ക് ഒരു ദിവസം ഒരു ഗ്ലാസ് വീതം (125 ml) ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീ രണ്ട് ദിവസങ്ങളിൽ പാലും ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ ഒന്നുവീതം മുട്ടയും നൽകിവരുന്നു. അങ്കണവാടിയിലെ മൂന്ന് വയസ് മുതൽ ആറ് വയസ്സുവരെയുള്ള ഏകദേശം 4 ലക്ഷം പ്രീ-സ്കൂൾ കുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. " പോഷക ബാല്യം - കുട്ടിക്കുരുന്നുകൾക്ക് ഇരട്ടി കരുത്ത്" എന്ന ഈ പദ്ധതി വനിത ശിശുവികസന വകുപ്പിലെ 33115 അങ്കണവാടികളിലൂടെയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, 'മിൽമ' എന്നിവരുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കെതിരെവന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച യഥാർത്ഥ വസ്തുത വെളിപ്പെടുത്താമോ?

ശ്രദ്ധയിൽപ്പെട്ടിരുന്നു. വസ്തുത ചുവടെ ചേർക്കുന്നു.

ശിശുവികസനം മുൻനിർത്തിയുള്ള രാജ്യത്തെ ബൃഹത്തും സമാനതകളില്ലാത്തതുമായ പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി. കുഞ്ഞുങ്ങളുടെ ബൗദ്ധികവും വൈകാരികവും സാമൂഹികവും ആരോഗ്യ പരവുമായ വികാസത്തിന് ഊന്നൽ നൽകി ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിലുള്ള അങ്കണവാടി കേന്ദ്രങ്ങൾവഴി നൽകിവരുന്ന ആറ് സേവനങ്ങളിൽ ഒരു പ്രധാന സേവനമാണ് അനുപൂരക പോഷകാഹാര പദ്ധതി. ഈ പദ്ധതി പ്രകാരം, 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാരം നൽകിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിവരുന്നത്. എന്നാൽ പോഷകബാല്യം പദ്ധതി, കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മുട്ടയും പാലും പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡ് അനുമതിയോടെ വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന നൂതന സംസ്ഥാന പദ്ധതിയാണ്. വനിത ശിശുവികസന

വകുപ്പിനുകീഴിൽ അങ്കണവാടികളിലെ 3-നും 6-നുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും 2 ദിവസം മുട്ടയും നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി 2022-23 സംസ്ഥാന ബഡ്ജറ്റിൽ 61.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പൂർണ്ണമായും സംസ്ഥാന ഫണ്ടുമാത്രം വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്. കേന്ദ്രസർക്കാർ അനുപൂരക പോഷകാഹാര പദ്ധതിക്കായി 2021-22 സാമ്പത്തികവർഷം അനുവദിച്ച കേന്ദ്ര വിഹിതം ഉപയോഗിച്ചാണ് പോഷകബാല്യം പദ്ധതി നടപ്പിലാക്കുന്നതെന്ന് നവമാധ്യമങ്ങൾ വഴി തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. എന്നാൽ " പോഷകബാല്യം - കുട്ടിക്കുരുന്നുകൾക്ക് ഇരട്ടി കരുത്ത്" എന്ന സംസ്ഥാന പദ്ധതി 2022-23 സാമ്പത്തികവർഷം മുതലാണ് നടപ്പിലാക്കുന്നത്. 2022-23 സാമ്പത്തികവർഷം അനുപൂരക പോഷകാഹാര പദ്ധതിക്കാവശ്യമായ കേന്ദ്രവിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. കൂടാതെ കേന്ദ്ര പദ്ധതികളെല്ലാം സിംഗിൾ നോഡൽ ഏജൻസി (എസ്.എൻ.എ.) അക്കൗണ്ടുവഴിയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ കേന്ദ്ര പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. ടി അക്കൗണ്ടുകൾവഴി മാത്രമേ കേന്ദ്ര പദ്ധതികളുടെ ഫണ്ട് കൈമാറ്റം സാദ്ധ്യമാകൂ. എന്നാൽ പോഷകബാല്യം പദ്ധതി നടപ്പിലാക്കുന്നത് 2235-02-102-22-00-34-03 (PV) എന്ന ശീർഷകം വഴിയാണ്. ഇതിലൂടെ ജില്ലാ ഓഫീസർമാർക്ക് ഫണ്ട് അലോട്ട്മെന്റ് നൽകുകയും ജില്ലാ ഓഫീസർമാർ, സി.ഡി.പി.ഒ.-മാർക്ക് അലോട്ട്മെന്റായി ഫണ്ട് കൈമാറുകയും ചെയ്യുന്നു. നിലവിൽ 17,46,14,000 രൂപ ജില്ലാ ഓഫീസർമാർക്ക് ആദ്യ അഞ്ചുമാസത്തേയ്ക്കുള്ള തുക അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. ടി കാരണത്താൽത്തന്നെ പോഷകബാല്യം പദ്ധതി പൂർണ്ണമായും സംസ്ഥാന പദ്ധതിയാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് ആഴ്ചയിൽ എല്ലാ ദിവസവും പാലും മുട്ടയും നൽകുന്നതിന് സാദ്ധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

1-8-2022-ന് പോഷക ബാല്യം പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടന വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്കണവാടിയിലെ മുഴുവൻ കുട്ടികൾക്കും ആഴ്ചയിലെ എല്ലാ പ്രവൃത്തി ദിവസവും പാലും മുട്ടയും നൽകുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ മുട്ട വിതരണത്തിന് അധികമായി 18,00,00,000 (പതിനെട്ട് കോടി) രൂപയും പാൽ വിതരണത്തിന് അധികമായി 18,50,00,000 (പതിനെട്ട് കോടി അമ്പത് ലക്ഷം) രൂപയും ചേർത്ത് ആകെ 36,50,00,000(മുപ്പത്തിയാറ് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപ അധികമായി ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിന് നടപടി

19 (*19) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടത്തിവന്നിരുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടത്തിവന്നിരുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷന് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കുന്നതിന് WP(C) No. 13204/2021 പെറ്റീഷനിൽ 19-7-2021-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സർക്കാരിൽനിന്നുള്ള നിർദ്ദേശപ്രകാരം എ.ബി.സി. പ്രോഗ്രാമിന്റെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷന് തുക കൈമാറുന്നത് ഗ്രാമപഞ്ചായത്തുകൾ തൽക്കാലം നിർത്തിവച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽനിന്നും കുടുംബശ്രീ ഉൾപ്പെടെയുള്ള ഏജൻസികളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനുപകരം പുതുതായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഒഴിവാക്കിയിട്ടില്ല.

(സി) അക്രമകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ജലബഡ്ജറ്റും ജലസുരക്ഷാ പ്ലാനുകളും തയ്യാറാക്കുന്ന പദ്ധതി**

20 (*20) ശ്രീമതി ദെലീമ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബഡ്ജറ്റും ജലസുരക്ഷാ പ്ലാനുകളും തയ്യാറാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ജലസംരക്ഷണത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ ജനകീയമായി ജലബഡ്ജറ്റും ജലസുരക്ഷാ പ്ലാനും തയ്യാറാക്കാവുന്നതാണെന്ന് 19-4-2022-ലെ സ.ഉ. (കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ. എന്ന സർക്കാർ ഉത്തരവ് ഖണ്ഡിക 8.1 (ബി) ക്രമ നമ്പർ 2, 3 എന്നിവപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ജലസ്രോതസ്സുകൾ വീണ്ടെടുക്കലും വീണ്ടെടുക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണവും ഉപയോഗവും ഉറപ്പുവരുത്തുന്നതിനും നീർച്ചാലുകളുടെ പരിപാലനവും നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനവും ജലസുരക്ഷാ പ്ലാനിലുൾപ്പെടുത്തി സമഗ്രമായ രീതിയിൽ പദ്ധതികൾ നടപ്പിൽവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലാശയങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും ശാസ്ത്രീയ ഖര-ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യമെത്തുന്നത് ഒഴിവാക്കി ആയതിലൂടെ ജലശുചിത്വ സുസ്ഥിരത ഉറപ്പാക്കുന്നതിനും "തെളിനീരൊഴുകും നവകേരളം" എന്ന ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന പൊതുകുളങ്ങൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസുകളുടെ സംരക്ഷണം പൊതു ജനപങ്കാളിത്തത്തോടെയും അനുബന്ധ ഏജൻസികളുടെ സഹകരണത്തോടെയും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും കൂടാതെ ഹരിത കർമ്മസേന മുഖേനയുള്ള വാതിൽപ്പടി പാഴ്വസ്തു ശേഖരണം കാര്യക്ഷമമാക്കിയും ജലസ്രോതസ്സുകളിൽ മാലിന്യമെത്തുന്നത് തടഞ്ഞുകൊണ്ടും ജലാശയങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ്

ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. മലിനീകരണം കണ്ടെത്തുന്ന ജലസ്രോതസ്സുകളിൽ ഗുരുതരമലിനീകരണം നേരിടുന്ന ഭാഗങ്ങളിൽനിന്നുള്ള ജലസാമ്പിളുകൾ പ്രാഥമിക ജലഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി അത്തരമിടങ്ങളിലെ മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തി അവ അടയ്ക്കുന്നതിനും അത്തരമിടങ്ങളിൽ ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ പരിപാലനത്തിനും മഴക്കാലത്ത് ലഭിക്കുന്ന അധികജലം സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ജലശുദ്ധി, ജലഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനും പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാലാകാലങ്ങളായും 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരവും ജലസ്രോതസ്സുകളുടെ അടിത്തട്ടിലും കരകളിലും എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ടിട്ടുണ്ട്. ഇത് കണക്കിലെടുത്ത് കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നദികളുടെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടന്നുവരുകയും ചെയ്യുന്നുണ്ട്. ഇത് നടപ്പിലാക്കുന്നതുവഴി ഭൂഗർഭ ജലസംഭരണം വർദ്ധിപ്പിക്കാൻ സാധിക്കും. നദികളിലേയ്ക്കെത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ (തോടുകളിൽ) പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെറുതടയണകൾ/വെന്റഡ് ക്രോസ്സ് ബാറുകൾ നിർമ്മിച്ച് ജലസംഭരണം നടത്തുന്നത് നീരൊഴുക്ക് സ്ഥായിയാക്കുന്നതിനൊപ്പം ഭൂജലപോഷണവും സാധ്യമാക്കുന്നു.

പുഴകളിലെ ജലഗുണനിലവാരം സംബന്ധിച്ചുള്ള മോണിറ്ററിംഗ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിവരുന്നു. കൂടാതെ കേരള സംസ്ഥാന ശാസ്ത്രസങ്കേതിക പരിസ്ഥിതി കൗൺസിലിനുകീഴിലുള്ള സ്ഥാപനമായ "സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ്, കോഴിക്കോട്" എന്ന സ്ഥാപനവും പുഴകളിലെ ജലഗുണനിലവാര പരിശോധന നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ജലഗുണനിലവാര

പരിശോധന നടത്തിവരുന്നുണ്ട്. ജലനിധിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന "മഴവെള്ള സംഭരണം - ഭൂജല പരിപോഷണ പദ്ധതി"യുടെ ഭാഗമായി വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനും തുറന്ന കിണറുകളിലേയ്ക്ക് മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്ത് ഭൂജലവിതാനം ഉയർത്തുന്നതിനും സഹായമായ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പരിപാടികളുടെ ഭാഗമായി സംസ്ഥാനത്ത് ഇതിനോടകം 74 ഗ്രാമപഞ്ചായത്തുകളിലെ 9546 വ്യക്തിഗത കുടുംബങ്ങളിലും 840 സർക്കാർ വിദ്യാലയങ്ങളിലുമായി 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാവുന്ന മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളിലെ 2283 വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്ത് നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും തുടർന്നുള്ള വർഷങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാനത്ത് ഇതുവരെ 254 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും 144 സ്കൂളുകളിൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചാണ് ഇവയിൽ ഭൂരിഭാഗവും നിർമ്മിച്ചിട്ടുള്ളത്. പല സ്ഥലത്തും മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ജലവിഭവ പ്ലാനിംഗും മോണിറ്ററിംഗും നടത്തുന്നതിനായി പദ്ധതി രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 10 ജില്ലകളിലായി 136 ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള സ്രോതസ്സുകളുടെ ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit), ബാക്ടീരിയോളജിക്കൽ ടെസ്റ്റ് (H2S vials) എന്നീ ഗുണനിലവാര പരിശോധന നടപ്പിലാക്കിവരുന്നു. 18-8-2022-നകം 190500 സാമ്പിളുകൾ പരിശോധിച്ച് പരിശോധനാ ഫലം കേന്ദ്രസർക്കാരിന്റെ WQMIS (വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം) വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തു. ഈ ടെസ്റ്റ് ജൽജീവൻ മിഷന്റെ ഗൈഡ്‌ലൈൻ പ്രകാരം സംസ്ഥാനത്ത് കുടുംബശ്രീ വോളന്റിയേഴ്സിന് പരിശീലനം കൊടുത്ത് രജിസ്റ്റർ ചെയ്യിപ്പിച്ച് നടപ്പിലാക്കിവരുന്നു.

ഭൂജല വകുപ്പിന്റെ നിരീക്ഷണത്തിലുള്ള 150-ഓളം കിണറുകളിൽ ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡർ (DWLR) സ്ഥാപിച്ച് എല്ലാ മാസവും കൃത്യമായി മോണിറ്ററിംഗ് നടത്തിവരുന്നു. ഇതോടൊപ്പം തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ബേസിനിലും പാലക്കാട് ജില്ലയിലെ ചിറ്റൂർ ബേസിനിലും ഡിജിറ്റൽ സപ്പോർട്ട് സിസ്റ്റം (DSS)-ന്റെ സഹായത്തോടെ ജലവിഭവ പ്ലാനിംഗിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി ജിയോ ടാഗ് ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിന് സഹായകരമായ രീതിയിൽ ഹരിത ദൃഷ്ടി എന്നൊരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ജലനിധിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന "മഴവെള്ള സംഭരണം - ഭൂജല പരിപോഷണം" പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനും തുറന്ന കിണറുകളിലേയ്ക്ക് മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്ത് ഭൂജലവിതാനം ഉയർത്തുന്നതിനും സഹായകമായ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

**സംസ്ഥാനത്ത് കൂടുതൽ നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്നതിന് നടപടി**

21 (*21) <u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ താഴെ ചേർത്തിട്ടുള്ള 7 നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു.

1. സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം
2. സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം
3. സർക്കാർ നഴ്സിംഗ് കോളേജ്, ആലപ്പുഴ
4. സർക്കാർ നഴ്സിംഗ് കോളേജ്, എറണാകുളം
5. സർക്കാർ നഴ്സിംഗ് കോളേജ്, തൃശ്ശൂർ
6. സർക്കാർ നഴ്സിംഗ് കോളേജ്, കോഴിക്കോട്
7. സർക്കാർ നഴ്സിംഗ് കോളേജ്, കണ്ണൂർ

(ബി) സംസ്ഥാനത്തും വിദേശത്തും വർദ്ധിച്ചുവരുന്ന നഴ്സിംഗ് ജോലിസാധ്യത കണക്കിലെടുത്ത് കുട്ടികൾക്ക് സംസ്ഥാനത്തുതന്നെ പഠന സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സെൽഫ് ഫിനാൻസിംഗ് മേഖലകളിൽ കൂടുതൽ നഴ്സിംഗ് കോളേജുകൾ അനുവദിച്ച് സംസ്ഥാനത്തിന് വെളിയിലേയ്ക്ക് പഠനാവശ്യത്തിനായി കുട്ടികൾ പോകുന്നത് തടയുന്നതിന് പ്രത്യേക കർമ്മ പദ്ധതിക്ക് രൂപം നൽകുമോ?

(ബി&സി)സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എല്ലാ സജ്ജീകരണങ്ങളോടുംകൂടി 7 നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവകൂടാതെ സർക്കാർ മേഖലയിൽ കൂടുതൽ നഴ്സിംഗ് പഠന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി കൊല്ലം, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനും പ്രസ്തുത കോളേജുകളിൽ 2022-23 അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

നഴ്സിംഗിൽ ആവശ്യമായ പഠനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സെൽഫ് ഫിനാൻസിംഗ് മേഖലകളിലായി വിവിധ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കോളേജുകളിലായി വിവിധ നഴ്സിംഗ് കോഴ്സുകൾക്ക് 8231 സീറ്റുകൾ നിലവിലുണ്ട്. കുട്ടികൾക്ക് സംസ്ഥാനത്തുതന്നെ പഠന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലയിൽ കൂടുതൽ സീറ്റുകൾ അനുവദിക്കുന്നതിനും പുതിയ കോളേജുകൾ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മരുന്ന് സംഭരണത്തിനുള്ള നടപടി**

22 (*22) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങളുണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടുതന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെത്തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യമുണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽനിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട ജില്ല/സ്ഥാപനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇതുകൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്.

(ബി) മരുന്നുക്ഷാമം സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മരുന്നുകളുടെ ലഭ്യതക്കുറവ് ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല. ചില മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും കമ്മിറ്റി രൂപീകരിച്ച് മരുന്നുകളുടെ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫറും ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫറും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും മറ്റ് സമാന കോർപ്പറേഷനിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ വിവിധ സ്കീമുകൾവഴി മരുന്ന് ലഭ്യമാക്കിവരുന്നുണ്ട്.

(സി) മരുന്ന് സംഭരണത്തിന്റെ ചുമതലയുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെൻഡർ നടപടികൾ മൂന്ന് മാസത്തോളം വൈകിയതിനെത്തുടർന്നാണ് മരുന്ന് സംഭരണത്തിൽ പ്രശ്നങ്ങളുണ്ടായതെന്നത് വസ്തുതയാണോ?

2022-23 സാമ്പത്തികവർഷത്തെ മരുന്ന് സംഭരണത്തിനായുള്ള ദർഘാസ് 4-12-2021-ന് ക്ഷണിച്ച് 2022 മേയ് മാസത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണാനുമതി നൽകിയിരുന്നു. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തികവർഷം കഴിഞ്ഞ് ആഗസ്റ്റുവരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്.

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏത് തീയതിയിലാണ് മരുന്ന് ലഭ്യമാക്കാനുള്ള ടെൻഡറുകൾ വിളിച്ചതെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

2022-23 സാമ്പത്തികവർഷത്തെ മരുന്ന് സംഭരണത്തിന് ഇ-ടെൻഡർ മുഖേന, 4-12-2021-നാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദർഘാസ് ക്ഷണിച്ചത്.

**ആദിവാസി മേഖലകളിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി**

23 (*23) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി മുഖേന റേഷൻ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 30-ന്റെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബ്ബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിലെത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ടി പദ്ധതിക്കർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി

മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി റേഷൻ വിതരണം നടത്തിവരുന്നു. 2017-ൽ തൃശ്ശൂരിൽ ആരംഭിച്ച പ്രസ്തുത പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലെയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിക്കുള്ള അനുമതി നൽകിവരുന്നു. നിലവിൽ ലേബർ സെറ്റിൽമെന്റുകളിൽ ടി പദ്ധതി നടപ്പാക്കിയിട്ടില്ല.

(ബി) ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഭക്ഷ്യകമ്മീഷൻവഴി കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന ഭക്ഷ്യകമ്മീഷൻ നിരവധി ഗോത്രവർഗ്ഗ മേഖലകളിൽ സന്ദർശനം നടത്തി കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിനും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകിവരുന്നുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭക്ഷ്യ ഭദ്രതാ പരിപാടികൾ ഗോത്ര മേഖലയിൽ പൂർണ്ണമായ ഫലപ്രാപ്തിയിൽ നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഗോത്രവർഗ്ഗ ജനതയെ തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനും ഭക്ഷ്യഭദ്രതാ ആനുകൂല്യങ്ങൾ കൃത്യമായ ഗുണമേന്മയിലും അളവിലും അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലുടനീളമുള്ള ഗോത്രവർഗ്ഗ മേഖലകളിൽ വനിതാ ഭക്ഷ്യഭദ്രതാ കൂട്ടായ്മയായ 'ഭാസുര' രൂപീകരിച്ച് ആയതിന്റെ കൺവീനർമാർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഭക്ഷ്യഭദ്രത നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ/ പരാതികൾ കമ്മീഷൻ അംഗത്തെയോ കമ്മീഷൻ ഓഫീസിലോ അറിയിക്കാൻ കൺവീനർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, കമ്മീഷൻ ഓഫീസിൽനിന്നും ഭാസുര കൺവീനർമാരെ ബന്ധപ്പെടുകയും പരാതികൾ സ്വീകരിച്ച്, ബന്ധപ്പെട്ട വകുപ്പുകൾവഴി പരിഹാരം തേടുകയും ചെയ്യുന്നുണ്ട്. ഗോത്രവർഗ്ഗ മേഖലയിലെ റേഷൻ കടകളിലും അങ്കണവാടികളിലും ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഗോത്രവർഗ്ഗ ജനതയുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഭക്ഷ്യഭദ്രതാ

ആനുകൂല്യങ്ങൾ ഫലപ്രദമായി ലഭിക്കുന്നുവെന്നത് ഉറപ്പാക്കാൻ പട്ടികവർഗ്ഗ വകുപ്പ് നിയമിച്ചിട്ടുള്ള ട്രൈബൽ പ്രൊമോട്ടർമാർക്ക് സാധിക്കുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഭക്ഷ്യഭദ്രതാ നിയമത്തെക്കുറിച്ച് ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്.

(സി) ഗോത്രവർഗ്ഗ മേഖലകളിലുൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗോത്രവർഗ്ഗ മേഖലകളിലുൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായൊരു പരിശോധന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്കുപുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യകമ്മീഷൻ എന്നിവരും റേഷൻ കടകളിലും ഗോഡൗണുകളിലും മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്നപക്ഷം KTPDS (Control) Order, 2021 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കൂടുതൽ കാര്യക്ഷമവും മികവുറ്റതുമാക്കുന്നതിനായി എഫ്.പി.എസ്. മൊബൈൽ എന്ന സംവിധാനം നിലവിലുണ്ട്. ഉത്സവസീസണുകളിൽ പൊതുവിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പും തടയുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തിവരുന്നു.

(ഡി) വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി കാര്യക്ഷമതയോടുകൂടി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തിവരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തി, ആദിവാസി മേഖലയിലെ റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നുണ്ട്.

(ഇ) ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റുകൾ സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ എത്തിച്ചുകൊടുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 1-8-2022-ലെ 273/2022/എഫ്&സി.എസ്. നമ്പർ ഉത്തരവ് പ്രകാരം 2022 ഓണത്തോടനുബന്ധിച്ച് തുണി സഞ്ചിയുൾപ്പെടെ 14 ഇനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യക്കിറ്റുകൾ സപ്ലൈകോ മുഖേന തയ്യാറാക്കി നിലവിൽ സഞ്ചരിക്കുന്ന റേഷൻ കടയുടെ സേവനം ലഭിച്ചുവരുന്ന ആദിവാസി ഊരുകളിലെ എല്ലാ റേഷൻ കാർഡുടമകൾക്കും സമീപത്തെ റേഷൻ കടകളിൽനിന്നും പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന വാതിൽപ്പടിയായി ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആരോഗ്യ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ**

24 (*24) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളെ നേരിട്ട് ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ കേരളത്തിൽ നടപ്പിലാക്കിയ വിപുലമായ ആരോഗ്യ പരിപാലന സംവിധാനങ്ങളിലൂടെ കോവിഡ് മാത്രമല്ല നിപ, ഡെങ്കിപ്പനി, എലിപ്പനി, സിക്ക, മങ്കിപോക്സ് തുടങ്ങിയ മാരകമായതും അല്ലാത്തതുമായ പല പകർച്ചവ്യാധികളെയും പ്രകൃതി ദുരന്തങ്ങൾമൂലമുണ്ടാകുന്ന പ്രതിസന്ധികളെയും യഥാവിധി തരണം ചെയ്യാൻ കേരളത്തിന്റെ ആരോഗ്യരംഗം സുശക്തമായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ഒരു ഘട്ടത്തിലും കേരളത്തിന്റെ ആരോഗ്യ സംവിധാനം സമ്മർദ്ദത്തിലായിട്ടില്ലെന്നത് വളരെ ശ്രദ്ധേയമാണ്. കോവിഡ് മഹാമാരിയുടെ സമയത്തും സംസ്ഥാനത്ത് കോവിഡിനൊപ്പംതന്നെ മറ്റ് പകർച്ചവ്യാധികളുടെ നിരീക്ഷണവും നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുകയുണ്ടായി. സിക്ക, നിപ തുടങ്ങിയ പകർച്ചാശേഷിയുള്ള രോഗങ്ങൾ കോവിഡിന്റെ കാലഘട്ടത്തിൽ സമയബന്ധിതമായി കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും സാധിച്ചു. ഇതുകൂടാതെ കോവിഡ്

ടെസ്റ്റിനായി ആർ.ടി.പി.സി.ആർ. സംവിധാനം കൂടുതൽ ലാബുകളിലേയ്ക്കെത്തിക്കാൻ സാധിച്ചു. ഇത്തരം ആർ.ടി.പി.സി.ആർ. സംവിധാനമുപയോഗിച്ച് എലിപ്പനി രോഗനിർണ്ണയത്തിനുള്ള ആർ.ടി.പി.സി.ആർ. ടെസ്റ്റുകളും നടത്താൻ സാധിക്കുന്നു. പകർച്ചവ്യാധികളെ നേരിടുന്നതിന് സുശക്തമായ കൺട്രോൾ റൂമുകൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ശാക്തീകരിക്കുന്നതിനും സാധിച്ചു. എല്ലാ പ്രധാന ആശുപത്രികളിലും ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു. കോവിഡ് മഹാമാരിയുടെ പ്രതിസന്ധി മറികടക്കാൻ ആരോഗ്യരംഗത്തെ ശാക്തീകരിക്കുന്നതിനും കോവിഡാനന്തര ആരോഗ്യരംഗം പടുത്തുയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്ത് യാത്രാ നിയന്ത്രണങ്ങളേർപ്പെടുത്തിയപ്പോൾ സാധാരണ ചികിത്സയും മരുന്നും രോഗികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി വലിയ ദൗത്യമാണ് ആരോഗ്യ വകുപ്പ് ഏറ്റെടുത്തത്. ക്യാൻസർ ചികിത്സാ രംഗത്ത് ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റീജിയണൽ ക്യാൻസർ സെന്ററുകളിലെ ചികിത്സ വികേന്ദ്രീകൃതമായി ആരോഗ്യ വകുപ്പിനുകീഴിലുള്ള 24 ആരോഗ്യ സ്ഥാപനങ്ങളിൽ നൽകാൻ സാധിച്ചതിലൂടെ ആയിരക്കണക്കിന് ക്യാൻസർ രോഗികൾക്ക് സ്വന്തം ജില്ലകളിൽത്തന്നെ ചികിത്സ ലഭിച്ചുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്ന്. അതുപോലെ നിർദ്ധനരായ രോഗികൾക്ക് ജീവിതശൈലീ രോഗങ്ങളുടെ മരുന്ന് ആശാപ്രവർത്തകർ വീടുകളിലെത്തിച്ചുകൊടുത്തതിലൂടെ പതിനേഴ് ലക്ഷത്തോളം രോഗികൾക്കാണ് ഈ മഹാമാരി കാലത്ത് ഉപകരിച്ചത്. ഇതിലൂടെ ജനങ്ങളുടെ രക്തസമ്മർദ്ദവും പ്രമേഹവും നിയന്ത്രിച്ചുനിർത്തുന്നതിനും സംഭവിക്കാമായിരുന്ന ഒരു വലിയ വിപത്ത് ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സബ്സെന്റർ തലംവരെ വിതരണം ചെയ്യാൻ സാധിച്ചതും ആരോഗ്യ വകുപ്പ് കൈവരിച്ച ഒരു നേട്ടമാണ്. ടെലി കൺസൾട്ടേഷനിലൂടെ ഇ-സഞ്ജീവനി ജീവിതശൈലി രോഗചികിത്സക്കായി പ്രത്യേക ഒ.പി. ആരംഭിച്ചതും മഹാമാരിക്കാലത്ത് രോഗികളെ ഏറെ സഹായിച്ചിട്ടുണ്ട്.

കോവിഡിന്റെ സമയത്ത് എൻ.സി.ഡി. രോഗികൾക്ക് അവരുടെ വീടുകളിൽത്തന്നെ ഒരു മാസത്തെ മരുന്നുകൾ വിതരണം ചെയ്തിരുന്നു. തടസ്സമില്ലാത്ത സേവനം ഉറപ്പാക്കുന്നതിന് എല്ലാ ഡയാലിസിസ് കേന്ദ്രങ്ങൾക്കും സാദ്ധ്യമായ പരമാവധി ഷിഫ്റ്റുകളിൽ പ്രവർത്തിക്കുകയും ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് പ്രത്യേക ഡയാലിസിസ് സൗകര്യം നൽകുകയും വയോജനങ്ങൾക്കാവശ്യമായ പരിചരണം നൽകുന്നതിനായി ആരോഗ്യ പ്രവർത്തകർ സ്ഥിരമായി അവരുടെ വീടുകളിൽ സന്ദർശിക്കുകയും ചെയ്തിരുന്നു.

കോവിഡിന്റെ കാലഘട്ടത്തിൽ ഡോക്ടർമാർ, ഹൗസ് സർജന്മാർ, നഴ്സിംഗ് ഓഫീസർമാർ, ആയുഷ് ഉദ്യോഗസ്ഥർ, മുൻനിര ആരോഗ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർക്കാവശ്യമായ വിവിധ പരിശീലനങ്ങൾ ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത പരിശീലനങ്ങൾ നിപ, മങ്കിപോക്സ് തുടങ്ങിയ മറ്റ് പകർച്ചവ്യാധികളുടെ പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങളിലും ദുരന്തനിവാരണ പ്രവർത്തനങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യം, നിരീക്ഷണ ക്വാറന്റൈൻ, ദുരന്തനിവാരണം എന്നിവയുൾപ്പെടെ അണുബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള വിവിധ പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നടപ്പിലാക്കിയത് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് ഉപകാരപ്രദമായിട്ടുണ്ട്. കോവിഡിനെ പ്രതിരോധിക്കുമ്പോഴും ഡങ്കിപ്പനി, ചിക്കൻഗുനിയ, മലമ്പനി, സിക്ക മുതലായ പ്രാണിജന്യരോഗങ്ങളെയും നിരീക്ഷിക്കാനും നിയന്ത്രിക്കാനും സാധിച്ചിരുന്നു. ഇവമൂലമുള്ള മരണങ്ങളും ഒരുപരിധിവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മലമ്പനിമൂലം ഒരു മരണംപോലും ഈ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധേയമാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 2022-ഓടെ മലമ്പനി നിവാരണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. കൂടാതെ കൊല്ലം, കോട്ടയം ജില്ലകളിൽ 2022-ഓടെ മന്ത് രോഗം നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

എലിപ്പനി രോഗത്തെക്കുറിച്ച് പൊതുജനങ്ങളിലും ആരോഗ്യവകുപ്പ് ജീവനക്കാരിലും അവബോധം വർദ്ധിപ്പിക്കുക, ഏകാരോഗ്യം (One Health) എന്ന സമീപനത്തിലധിഷ്ഠിതമായി 2022 ഏപ്രിൽ 13-ന് എല്ലാ ജില്ലകളിലും 'മൃത്യുഞ്ജയം' എന്ന പദ്ധതിയുടെ കീഴിൽ വിവിധ പരിപാടികൾ 2022-23 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എലിപ്പനി രോഗവും അതുമൂലമുള്ള മരണവും നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

- പി.എച്ച്.സി. മുതലുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഡോക്സി കോർണറുകൾ സ്ഥാപിക്കുകയും രോഗലക്ഷണങ്ങളുള്ളവർക്ക് ഡോക്സി സൈക്ലീൻ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.
- രോഗബാധയ്ക്ക് സാധ്യതയുള്ള ആളുകളെ കണ്ടുപിടിക്കുകയും അവർ രോഗാണുക്കളുമായി സമ്പർക്കത്തിൽ വരാനുള്ള സാഹചര്യമുണ്ടാകുമ്പോൾ ഡോക്സി സൈക്ലീൻ പ്രതിരോധ ഗുളിക ആഴ്ചയിലൊരിക്കൽ നൽകുകയും ചെയ്തുവരുന്നുണ്ട്.

കുഷ്ഠരോഗ നിർമ്മാർജ്ജനരംഗത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ നിർണ്ണായക നേട്ടങ്ങൾ കൈവരിക്കുന്നതിനും സംസ്ഥാനത്തിന് കഴിഞ്ഞു. സമ്പൂർണ്ണ കുഷ്ഠരോഗ നിർമ്മാർജ്ജന സർവ്വേ Active Case Detection and Regular Surveillance for Leprosy (ACD & RS) (അശ്വമേധം 4.0) എന്നപേരിൽ ഒരു പദ്ധതി 2020-21-ൽ നടപ്പിലാക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിലൂടെ 208 രോഗികളെ പുതുതായി കണ്ടുപിടിച്ച് ചികിത്സ ആരംഭിക്കാൻ സാധിച്ചു. സംസ്ഥാനത്ത് 97% സർവ്വേ പൂർത്തീകരിക്കാൻ സാധിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ കുഷ്ഠരോഗ നിർണ്ണയത്തിന് നേരിട്ട പരിമിതികളെ മറികടക്കുന്നതിനാവിഷ്കരിച്ച പദ്ധതിയാണ് Eradication of Leprosy through Self Reporting (ELSA). കുഷ്ഠരോഗത്തെക്കുറിച്ചുള്ള വസ്തുതകൾ സമൂഹത്തിലെത്തിക്കുക, കുഷ്ഠരോഗത്തോടുള്ള സാമൂഹ്യ അജ്ഞത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ ജനുവരി 30-ന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും എല്ലാ സ്ഥാപനങ്ങളിലും ദേശീയ കുഷ്ഠരോഗ ദിനാചരണം നടത്തിവരുന്നു.

കോവിഡ് കാലയളവിലും സുസ്ഥിരവികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി 2030-നകം ഹെപ്പറ്റൈറ്റിസ് രോഗം നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2021 ജനുവരി 27-ന് എൻ.വി.എച്ച്.സി.പി. പദ്ധതി കേരളത്തിൽ ഔദ്യോഗികമായി ആരംഭിച്ചു. സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും സംസ്ഥാനതല വൈറൽ ഹെപ്പറ്റൈറ്റിസ് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുയും ചെയ്തു. നിലവിൽ 27 ചികിത്സാ കേന്ദ്രങ്ങളും വൈറൽ ലോഡ് പരിശോധിക്കാൻ ആധുനിക സജ്ജീകരണമുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ഉൾപ്പെടെ 4 ലാബുകളും പൊതുമേഖലയിൽ സജ്ജമാണ്. 2030-ഓടെ സംസ്ഥാനത്തുനിന്നും 'ഹെപ്പറ്റൈറ്റിസ് സി' നിവാരണം ചെയ്യുക എന്നലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും എം.ഐ.എസ്. പോർട്ടലിൽ ഡാറ്റാ എൻട്രി ആരംഭിക്കുകയും ചെയ്തു.

പേവിഷബാധ തടയുന്നതിനുള്ള ഐ.ഡി.ആർ.വി. വാക്സിൻ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുൾപ്പെടെ 573 സർക്കാർ സ്ഥാപനങ്ങളിലും ആന്റി റാബിസ് വാക്സിൻ മെഡിക്കൽ കോളേജ്/ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളുൾപ്പെടെ 43 സർക്കാർ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. റാബിസ് നിവാരണ പ്രവർത്തനങ്ങൾ "ഏകാരോഗ്യം" പദ്ധതിയുടെ പരിധിയിലുൾപ്പെടുത്തി 4 പമ്പാനദീതട ജില്ലകളിൽ പ്രവർത്തന

ങ്ങളാരംഭിച്ചിട്ടുണ്ട്. പേവിഷബാധയ്ക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ്, കുടുംബശ്രീ എന്നിവരെയുൾപ്പെടുത്തി പേവിഷബാധ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്കും സ്റ്റാഫ് നഴ്സുമാർക്കും പരിശീലനം നൽകി. കൂടാതെ രോഗപ്രതിരോധത്തിനുവേണ്ടി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ഐ.ഇ.സി. പ്രവർത്തനങ്ങളും നടന്നുവരുന്നു.

ആലപ്പുഴ, വയനാട്, തൃശ്ശൂർ ജില്ലകളിലുണ്ടായ നോറോ വൈറസ്മൂലമുള്ള രോഗബാധ യഥാസമയം കണ്ടെത്തുന്നതിനും നിയന്ത്രിച്ച് നിർത്തുവാനും സാധിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്. ഐ.ഡി.സി.എഫ്. പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ ജില്ലകളെയും സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനതല ട്രെയിനിംഗ് നടത്തുകയുണ്ടായി. കോവിഡ് നിയന്ത്രണം കഴിഞ്ഞ് സ്കൂളുകൾ തുറക്കുന്നതിനുമുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി ജില്ലാതലത്തിൽ പരിശോധനയും ക്ലോറിനേഷനും ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ, മറ്റനുബന്ധ പ്രതിരോധ പ്രവർത്തനങ്ങളായ ഭക്ഷണമുണ്ടാക്കി വിൽക്കുന്ന സ്ഥാപനങ്ങളിലെ പരിശോധന, ജലത്തിന്റെ ഗുണനിലവാര പരിശോധന, സ്റ്റൂൾ സാമ്പിൾ കളക്ഷൻ, അതിഥി തൊഴിലാളികളുടെ താമസസ്ഥലം പരിശോധന, പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നടപടി എന്നിവ സ്വീകരിച്ചു. നിരന്തരമായ ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് കോവിഡുകാലത്തും ജലജന്യരോഗങ്ങൾ കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി ക്ഷയരോഗം, കുഷ്ഠരോഗം, മലമ്പനി, മന്ത്, കാലാഅസാർ, എച്ച്.ഐ.വി./എയ്ഡ്സ് എന്നീ 6 പ്രധാന പകർച്ചവ്യാധികൾ 2025-ഓടെ നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായിത്തന്നെ നടത്താൻ സാധിച്ചു. കോവിഡ് രോഗബാധ തുടരുന്ന സാഹചര്യത്തിൽ മറ്റ് പകർച്ചവ്യാധികളുടെയും പകർച്ചേതര വ്യാധികളുടെയും നിരീക്ഷണവും നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതമായിത്തന്നെ തുടർന്നുവരുന്നുണ്ട്. കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും 10 വീതം ബെഡ്ഡുകളോടുകൂടിയ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കോവിഡ് മഹാമാരിയുടെ പ്രതിസന്ധിക്കുശേഷം മികച്ചരീതിയിൽ കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തി ക്കൊണ്ട് മുന്നോട്ടുപോകുന്നു. കോവിഡ് പ്രതിസന്ധിക്കുമുമ്പുണ്ടായിരുന്ന സ്ഥിതിയിൽ മികച്ച രീതിയിലുള്ള ചികിത്സയും രോഗീപരിചരണവും നടന്നുവരുന്നു. ഐ.സി.യു.-വും ഓക്സിജൻ സപ്ലൈ സിസ്റ്റവും നവീകരിക്കുകയും ചെയ്തു.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ചികിത്സകൾ വളരെ കാര്യക്ഷമമായി നടത്തിയതിനാൽ ഇതുമൂലം മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിക്കുകയുണ്ടായി. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജുകളിൽ ഐ.സി.യു.-കളുടെയും ഓക്സിജൻ ബെഡ്ഡുകളുടെയും വെന്റിലേറ്ററുകളുടെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട് . സംസ്ഥാനത്ത് സ്റ്റേറ്റ് പീഡ് സെല്ലിന്റെ കീഴിൽ സർവെയ്‌ലൻസ് ശക്തിപ്പെടുത്തി. കോവിഡ് വാക്സിനേഷൻ ക്ലിനിക് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനമാരംഭിച്ചു. മെഡിക്കൽകോളേജുകൾവഴി പീഡിയാട്രീഷ്യൻമാർക്ക് കോവിഡ് ചികിത്സയിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ് സംഘടനയുമായും അതുസംബന്ധിച്ച ചർച്ചകളും പരിശീലനത്തിനുള്ള സൗകര്യങ്ങളുമൊരുക്കിയിട്ടുണ്ട് .

പൾമണറി മെഡിസിൻ, ജനറൽ മെഡിസിൻ വിഭാഗങ്ങൾക്കാണ് പ്രധാന ചുമതലയെങ്കിലും രോഗിയുടെ ആവശ്യാനുസരണം എല്ലാ സ്പെഷ്യാലിറ്റി വിഭാഗങ്ങളെയും ഇതിലുൾപ്പെടുത്തിയാണ് ഓരോ രോഗിയുടെയും പോസ്റ്റ് കോവിഡ് ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നത്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് പ്രവർത്തിക്കുന്നു. ഈ ലാബിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് റിസർച്ച് (ഭാരത സർക്കാർ)-ന്റെ ധനസഹായത്തോടെയുള്ള മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റും (എം.ആർ.യു.), വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലാബും (വി.ആർ.ഡി.എൽ.) പ്രവർത്തിക്കുന്നു. കൂടാതെ, ഫിസിയോളജി റിസർച്ച് ലാബും ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിന്റെ ലാബും പ്രവർത്തന സജ്ജമാണ് . മെഡിക്കൽ കോളേജുകളിൽ ലാബുകളുടെ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയോടനുബന്ധിച്ച് പരിശോധനയ്ക്കായി മെഡിക്കൽ കോളേജുകളിൽ വൈറോളജി ലാബുകൾ ആരംഭിക്കുകയും ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത് മറ്റ് രോഗങ്ങളുടെ നിർണ്ണയത്തിനും ചികിത്സയ്ക്കും നിലവിൽ ഉപയോഗിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പി.എച്ച്.സി.-കളിലെയും സി.എച്ച്.സി.-കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പൊതുജനാരോഗ്യ കേന്ദ്രങ്ങൾ വൃത്തിയുള്ളതാക്കുന്നതിനും പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനുമായി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതി ന്റെ ഭാഗമായി നവകേരള കർമ്മപരിപാടിയുടെ നേതൃത്വത്തിൽ ആർദ്രം പദ്ധതിപ്രകാരം മൂന്നുഘട്ടങ്ങളിലായി പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ആർദ്രം രണ്ടാംഘട്ടത്തിൽ 504 സ്ഥാപനങ്ങളെയും ആർദ്രം മൂന്നാംഘട്ടത്തിൽ 212 സ്ഥാപനങ്ങളെയും എഫ്.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം ഒന്നാംഘട്ടത്തിൽ 830 അധിക തസ്തികകളും രണ്ടാംഘട്ടത്തിൽ 1000 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 152 ബ്ലോക്കുതല സി.എച്ച്.സി.-കളെ ബ്ലോക്കുതല എഫ്.എച്ച്.സി.-കളായും ഉയർത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. ആർദ്രം പദ്ധതി നടപ്പാക്കുകവഴി കൂടുതൽ അടിസ്ഥാന സൗകര്യം, ചികിത്സാ സൗകര്യം എന്നിവ ഏർപ്പെടുത്തുകയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുകവഴി ആശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുവാൻ സാധിച്ചു. മെച്ചപ്പെട്ട ലബോറട്ടറി സേവനത്തിലൂടെ പ്രാഥമികതലത്തിൽ രോഗനിർണ്ണയം നടത്തുവാനും ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കാനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനമേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെയാക്കുകയും നഴ്സസ് പ്രീ ചെക്കപ്പ് കൗൺസിലിംഗ് ശ്വാസ്/ ആശ്വാസ് ക്ലിനിക്, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, ഇ-ഹെൽത്ത് സംവിധാനം, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, വയോജനങ്ങൾക്ക് പ്രത്യേക ക്യൂ സിസ്റ്റം, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ് സിസ്റ്റം, വ്യായാമം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ,

ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റ് കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു.

## സാമ്പത്തിക കുറ്റാന്വേഷണത്തിനായി പ്രത്യേക വിഭാഗം

25 (*25) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക കുറ്റാന്വേഷണത്തിന്റെ ഭാഗമായി പ്രത്യേക വിഭാഗം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്താമോ?

സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി പോലീസ് വകുപ്പിൽ 233 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 17-3-2022-ലെ സ.ഉ. (കൈ) നമ്പർ 51/2022/ആഭ്യന്തരം പ്രകാരം സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചിട്ടുണ്ട്. വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്‌വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകളുൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അന്വേഷണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയവും കാര്യക്ഷമവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുമാണ് സാമ്പത്തിക കുറ്റകൃത്യവിഭാഗം രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) ഈ വിഭാഗങ്ങളുടെ പ്രവർത്തനരീതി വിശദമാക്കാമോ; ഏതൊക്കെ തരം കുറ്റകൃത്യങ്ങളാണ് ഇതിന്റെ അന്വേഷണ പരിധിയിൽ വരുന്നത്?

ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ നാല് റേഞ്ചുകളും റേഞ്ചുകളുടെ ചുമതല നാല് പോലീസ് സൂപ്രണ്ടുമാർക്കും 14 ജില്ലകൾ 10 യൂണിറ്റുകളുടെ കീഴിലാക്കി ഓരോ യൂണിറ്റിന്റെയും ചുമതല ഡിവൈ.എസ്.പി.-മാർക്കും നൽകി ജില്ലാ ഓഫീസായി രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്.

(സി) സംഘടിത കുറ്റകൃത്യങ്ങൾ തടയാൻ ഓർഗനൈസ്ഡ് ക്രൈം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ 16-12-2021-ലെ സർക്കുലർ പ്രകാരം എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി./ എ.സി.പി.-യുടെ നേതൃത്വത്തിൽ 2 സബ് ഇൻസ്പെക്ടർമാരും കുറഞ്ഞത് 10 പോലീസുദ്യോഗസ്ഥരും പ്രസ്തുത SAGOC-യിൽ അംഗങ്ങളാണ്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ടസമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. പ്രസ്തുത സർക്കുലർ പ്രകാരം ഓരോ പോലീസ് സ്റ്റേഷനിലും Anti-Organised Crimes Cell (AOCC) ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥരുൾക്കൊള്ളുന്ന പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൂടാതെ, എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ സ്റ്റേഷൻ പരിധിയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിന് സദാ ജാഗരൂകരായിരിക്കാനും കൃത്യമായ പട്രോളിംഗ് നടത്താനും ആവശ്യമായ മേൽനടപടികൾ സ്വീകരിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി 'ഓപ്പറേഷൻ കാവൽ' എന്നപേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലെയും ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി

സമയബന്ധിതമായി അവർക്കെതിരെ കാപ്പ നിയമമുൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കുന്നത് ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിന് നടപ്പിലാക്കിയ ഓപ്പറേഷൻ കാവൽ എന്ന പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

**അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി മൈക്രോപ്ലാൻ**

26 (*26) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ തലത്തിൽ പ്രത്യേക മൈക്രോപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനുള്ള മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘടകങ്ങൾ വിശദമാക്കാമോ; ഭക്ഷണം, ചികിത്സ, വാസസ്ഥലം എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ?

(എ&ബി) 8-7-2022-ലെ സ.ഉ. (കൈ) നമ്പർ 146/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി പദ്ധതികളാവിഷ്കരിച്ച് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നാല് വർഷത്തിനുള്ളിൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിനായി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഒരു സബ്പ്ലാനായി അംഗീകരിച്ചിട്ടുണ്ട്. അതിദരിദ്രരെന്ന് കണ്ടെത്തിയ മുഴുവൻപേരെയും ഈ അവസ്ഥയിൽനിന്നും പുറത്തെത്തിക്കുന്നതിനാണ് ഈ ഉപപദ്ധതിയിൽ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ ഔപചാരിക ദാരിദ്ര്യ നിർമ്മാർജ്ജന ഏജൻസിയായ കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലും മേൽനോട്ടത്തിലുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്.

അതിദാരിദ്ര്യ നിർണ്ണയപ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോ പ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കുമ്പോൾ അതിലെ ഉള്ളടക്കത്തെ മൂന്ന് ഭാഗങ്ങളാക്കി തിരിക്കാം.

1. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ (Immediate Care Plan)

2. ഹ്രസ്വകാലത്തേയ്ക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (Intermediate Plan)

3. ദീർഘകാല പദ്ധതികൾ (Long Term Comprehensive Plan)

മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി തദ്ദേശസ്ഥാപന തലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്. അതത് വർക്കിംഗ് ഗ്രൂപ്പുകൾ സാധാരണ പദ്ധതികളുടേതുപോലെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നതാണ്. തദ്ദേശസ്ഥാപന ഭരണസമിതി ഓരോ രണ്ടുവർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോ പ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണം. യഥാക്രമം അഞ്ച് ലക്ഷം രൂപ, പത്ത് ലക്ഷം രൂപ, പതിനഞ്ച് ലക്ഷം രൂപവരെ പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും വകയിരുത്തി അവശ്യസേവനങ്ങൾ നൽകുന്നതിനായി പ്രോജക്ട് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ പരിശീലക പരിശീലനം ജൂലൈ 19, 20 തീയതികളിലായി പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാതല റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലക പരിശീലനം 10-8-2022-നും ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം 06-8-2022-നും പൂർത്തീകരിച്ചിട്ടുണ്ട്.ബ്ലോക്ക് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത്, ബ്ലോക്കിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം സംഘടിപ്പിക്കുകയും ആയത് നടന്നുവരികയും ചെയ്യുന്നു. ബ്ലോക്ക് ക്ലസ്റ്റർ പരിശീലനം ആഗസ്റ്റ് 23-ന് പൂർത്തീകരിക്കുന്നതാണ്. തദ്ദേശസ്ഥാപനതല പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ആയതിൽ തദ്ദേശസ്ഥാപന ജനപ്രതിനിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ, സി.ഡി.എസ്., പ്ലാനിംഗ് കമ്മിറ്റി, വാർഡുതല ചാർജ്ജ് ഓഫീസർമാർ, വാർഡ് സമിതിയംഗം എന്നിവർക്കുള്ള പരിശീലനം 25-8-2022-ഓടെ പൂർത്തീകരിക്കുവാൻവേണ്ട നടപടികൾ ഇതിനോടകം കൈക്കൊണ്ടിട്ടുണ്ട്.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

27 (*27) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. മുകേഷ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) മരുന്ന് വിലവർദ്ധനയുടെ ഫലമായും മറ്റ് ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും പണമില്ലാത്തതിന്റെ പേരിൽ ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്താൻ ആവിഷ്കരിച്ചിട്ടുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിപുലീകൃത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ് .ബി.വൈ., ചിസ് , ചിസ് പ്ലസ് എന്നീ പദ്ധതികൾ ABPMJAY എന്ന കേന്ദ്രപദ്ധതിയുമായി സംയോജിപ്പിച്ച് "അഷ്വറൻസ്" ആശയത്തിൽ പ്രവർത്തിക്കുന്നതാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). കാസ്പ് മുഖാന്തരം കേരളത്തിലെ നിർദ്ധനരായ 41.8 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യചികിത്സ നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആയതിലുൾപ്പെടാത്തതും 3 ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ളതുമായ കുടുംബങ്ങൾക്ക് എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ ഒറ്റത്തവണത്തേയ്ക്ക് 2 ലക്ഷം രൂപയുടെ സൗജന്യചികിത്സ (വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപയുടെവരെ സൗജന്യ ചികിത്സ) സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) മുഖാന്തരം കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതി എന്നപേരിൽ നടപ്പിലാക്കിവരുന്നുണ്ട് .

(ബി) എത്ര കുടുംബങ്ങൾ സൗജന്യ ചികിത്സാ പദ്ധതിയുടെ പരിധിയിലുൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

AB-PMJAY-KASP പ്രകാരം എൻറോൾ ചെയ്ത കുടുംബങ്ങളുടെ എണ്ണം: 41,78,329.

(സി) കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയിൽ ചെലവഴിച്ച തുക എത്രയെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്രവീതമായിരുന്നുവെന്നും അറിയിക്കാമോ?

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള AB-PMJAY-KASP പദ്ധതിയുടെ ക്ലെയിം ചെയ്ത തുക- 14,69,22,20,798 രൂപ. 2021-2022 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ 1002.5 കോടി രൂപ ചെലവിട്ടു. പുറമെ 138.89 കോടി രൂപ കേന്ദ്രവിഹിതമായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ആശുപത്രികളെ രോഗീസൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരവുമായുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതിനായി ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരോ ജില്ലയിൽനിന്നും ഒരു ജില്ലാതല ആശുപത്രിയെയും ഓരോ താലൂക്കിൽനിന്നും ഒരു താലൂക്കുതല ആശുപത്രിയെയും ഈ പദ്ധതിയിലുൾപ്പെടുത്തുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റ് കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കുന്നുണ്ട്.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 170, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 340, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 170, ഫാർമസിസ്റ്റ്- 150 എന്നീ തസ്തികകളും രണ്ടാംഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 400, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 200 എന്നീ തസ്തികകളും സൃഷ്ടിക്കപ്പെട്ടു.

കാസ്പ് പദ്ധതിയുടെ ഭാഗമായി ആശുപത്രികളുടെ പ്രധാന കവാടത്തിനോടുചേർന്ന് ഒരേനിറത്തിലും സമാനസ്വഭാവത്തിലുമുള്ള വിവരങ്ങളുൾപ്പെടുത്തിയ കാസ്പ് കിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആശുപത്രി കിയോസ്കുകളിൽനിന്ന് ലഭിക്കുന്ന സേവനങ്ങൾ.

1. (a) കാസ്പ് പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന ബി.ഐ.എസ്. (BIS) സിസ്റ്റത്തിൽ തെരഞ്ഞ് ഗുണഭോക്താക്കളെ തിരിച്ചറിയുകയും കാസ്പ് കാർഡ് ലഭ്യമാക്കുകയും ചെയ്യുന്നു.

(b) ഒരു രോഗി വന്നാൽ ആ രോഗിയുടെ കാസ്പ് രജിസ്ട്രേഷൻ മുതൽ ഡിസ്ചാർജ്ജാകുന്നതുവരെയുള്ള എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നു.

(c) കാസ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കിയോസ്ക്കുകളിൽനിന്നും ലഭ്യമാണ്. കൂടാതെ കാസ്പുമായി ബന്ധപ്പെട്ട ദൈനംദിന അറിയിപ്പുകളും കിയോസ്കുകൾവഴി ലഭ്യമാകും.

2. KASP/KBF പദ്ധതി ഗുണഭോക്താക്കൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികളുണ്ടെങ്കിൽ അറിയിക്കുന്നതിനായി കിയോസ്കിനോടുചേർന്ന് സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടിയിലോ www.cgrms.pmjay.gov.in എന്ന പോർട്ടലിലോ പരാതികൾ സമർപ്പിക്കാവുന്നതാണ്. ഈ വിവരം എല്ലാ ആശുപത്രികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ ദിശ 1056/104 ടോൾഫ്രീ നമ്പരും ആശുപത്രി കിയോസ്കിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നുവിതരണം**

28 (*28) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേയ്ക്കാവശ്യമായ മരുന്നുകളുടെ പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സമർപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കാവശ്യമായ മരുന്നുകളുടെ പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് DDMS സോഫ്റ്റ്‌വെയർ മുഖാന്തരം ഓൺലൈനായി 23-11-2021-നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലേയ്ക്കാവശ്യമായി വരുന്ന മരുന്നുകളുടെ പട്ടിക 22-11-2021-നും സമർപ്പിച്ചിട്ടുണ്ട്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സാധാരണയായി മാർച്ച് മാസത്തിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഏപ്രിലിൽ മരുന്നുവിതരണം ആരംഭിക്കാറുള്ളതാണോയെന്ന് വ്യക്തമാക്കാമോ?

സാധാരണയായി അടുത്ത സാമ്പത്തികവർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തികവർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് മാസംവരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്.

(സി) ജൂലൈ മാസത്തിലാണോ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷത്തെ മരുന്ന് സംഭരണത്തിനായുള്ള ദർഘാസുകൾ 2021 ഡിസംബർ മാസത്തിലാണ് ആരംഭിച്ചത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണാനുമതി നൽകിയത് 2022 മേയ് മാസത്തിലാണ്.

**അളവുതൂക്കങ്ങളിലെ കൃത്രിമം തടയാനുള്ള നടപടി**

29 (*29) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അളവുതൂക്കങ്ങളിൽ കൃത്രിമംകാട്ടി ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കൃത്രിമം കാട്ടുന്ന കേസുകളിൽ നടപടി കൈക്കൊള്ളുന്നുണ്ട്.

(ബി) വർഷംതോറും ത്രാസുകൾ ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസിലെത്തിച്ച് പരിശോധിപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ?

പാലിക്കപ്പെടുന്നുണ്ട്.

(സി) ഗ്യാസ് സിലിണ്ടറുകൾക്ക് നിശ്ചിത തൂക്കമില്ലെന്നതുസംബന്ധിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. പരാതികൾ പരിശോധിക്കുകയും നടപടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

(ഡി) അളവുതൂക്ക വെട്ടിപ്പ് കണ്ടെത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധനകൾ നടത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ?

അളവുതൂക്ക വെട്ടിപ്പ് കണ്ടെത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്.

**അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി**

30 (*30) ശ്രീ. എം. എസ്. അരുൺ കുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്കായി ഹ്രസ്വകാല, ദീർഘകാല പദ്ധതികളാവിഷ്കരിച്ച് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

8-7-2022-ലെ സ.ഉ. (കൈ) നമ്പർ 146/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്കായി ഹ്രസ്വകാല, ദീർഘകാല പദ്ധതികളാവിഷ്കരിച്ച് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം നാല് വർഷത്തിനുള്ളിൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഒരു സബ് പ്ലാനായി അംഗീകരിച്ചിട്ടുണ്ട്. അതിദരിദ്രരെന്ന് കണ്ടെത്തിയ മുഴുവൻ പേരെയും ഈ അവസ്ഥയിൽനിന്നും പുറത്തെത്തിക്കുന്നതിനാണ് ഈ ഉപപദ്ധതിയിൽ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ ഔപചാരിക ദാരിദ്ര്യനിർമ്മാർജ്ജന ഏജൻസിയായ കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലും മേൽനോട്ടത്തിലുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കുമ്പോൾ അതിലെ ഉള്ളടക്കത്തെ മൂന്ന് ഭാഗങ്ങളാക്കി തിരിക്കുന്നു.

1. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ (Immediate Care Plan)

2. ഹ്രസ്വകാലത്തേയ്ക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ (Intermediate Plan)

3. ദീർഘകാല പദ്ധതികൾ (Long Term Comprehensive Plan)

മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്. അതിദരിദ്രർക്കായുള്ള പദ്ധതികളുടെ തദ്ദേശസ്വയംഭരണ സ്ഥാപനതല നിർവ്വഹണോദ്യോഗസ്ഥർ അതത് വിഷയ മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരായിരിക്കും. തദ്ദേശസ്ഥാപന ഭരണസമിതി ഓരോ രണ്ടുവർഷം കൂടുമ്പോഴും അതിദരിദ്രർക്കായുള്ള മൈക്രോപ്ലാനുകളുടെ നിർവ്വഹണം വിലയിരുത്താൻ ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിയോഗിക്കണം. സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എന്നനിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കണ്ടെത്തിയിട്ടുള്ള അതിദരിദ്രർക്കുവേണ്ടി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും മോണിറ്റർ ചെയ്യുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പിന്തുണ കുടുംബശ്രീ നൽകുന്നു.

(ബി) അതിദരിദ്രർക്കായി കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ?

അതിദരിദ്രർക്കായി കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. ആയത് തയ്യാറാക്കുന്നതിനുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. മൈക്രോപ്ലാനിന്റെ ബ്ലോക്കുതല, ജില്ലാതല ക്രോഡീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) രാജ്യത്താദ്യമായി അതിദാരിദ്ര്യം തുടച്ചുനീക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ആദ്യഘട്ടമായി ഇത്തരത്തിൽപ്പെട്ടവരെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റിലുൾപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ടോ; ഇത്തരം കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യത്താദ്യമായി അതിദാരിദ്ര്യം തുടച്ചുനീക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ആദ്യഘട്ടമായി ഇത്തരത്തിൽപ്പെട്ടവരെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റിലുൾപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടുണ്ട്.

ഇത്തരം കുടുംബങ്ങളുടെ വിവരങ്ങൾ ജില്ലതിരിച്ച് കണക്കാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു:

| ജില്ല | ആകെ |
|---|---|
| മലപ്പുറം | 8553 |
| തിരുവനന്തപുരം | 7278 |
| കോഴിക്കോട് | 6773 |
| പാലക്കാട് | 6443 |
| എറണാകുളം | 5650 |
| തൃശ്ശൂർ | 5013 |
| കൊല്ലം | 4461 |
| കണ്ണൂർ | 4208 |
| ആലപ്പുഴ | 3613 |
| വയനാട് | 2931 |
| കാസർഗോഡ് | 2768 |
| ഇടുക്കി | 2665 |
| പത്തനംതിട്ട | 2579 |
| കോട്ടയം | 1071 |
| ആകെ | 64006 |

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉക്രൈനിൽനിന്നും മടങ്ങേണ്ടിവന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനം

1 (1) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉക്രൈൻ-റഷ്യ യുദ്ധത്തിന്റെ ഭാഗമായി സംസ്ഥാനത്തെ നിരവധി മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് സഹായം ചെയ്തുകൊടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് മറ്റ് രാജ്യങ്ങളിൽ പഠിക്കാൻ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് സഹായങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഉക്രൈനിൽനിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം പഠനം മുടങ്ങി മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്രസർക്കാരും ദേശീയ മെഡിക്കൽ കമ്മീഷനുമാണ്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ 28-7-2022-ലെ സർക്കുലർ പ്രകാരം കോവിഡ്-19, ഉക്രൈൻ-റഷ്യ യുദ്ധം മുതലായവയുടെ ഭാഗമായി വിദേശത്തുനിന്നും മടങ്ങേണ്ടിവന്ന അവസാനവർഷ വിദ്യാർത്ഥികളിൽ 30-6-2022-നുമുമ്പ് പഠനം പൂർത്തിയാക്കി അതത് സ്ഥാപനങ്ങളിൽനിന്ന് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളവർക്ക് എഫ്.എം.ജി.ഇ. പരീക്ഷ എഴുതാവുന്നതും ജയിക്കുന്നവർക്ക് നഷ്ടപ്പെട്ട ക്ലിനിക്കൽ ട്രെയിനിംഗ് കിട്ടുന്നതിലേയ്ക്കായി രണ്ടുവർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കാവുന്നതുമാണ്.

## കേരള തീരദേശ പരിപാലന അതോറിറ്റി

2 (2) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസഡ്.) II മേഖലയിൽ 08-11-2021 വരെ നിർമ്മാണം പൂർത്തിയാക്കിയ 250 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള എത്ര വാസഗൃഹങ്ങൾക്ക് തൃശ്ശൂർ ജില്ലാതല കമ്മിറ്റി അനുമതി നൽകിയിട്ടുണ്ടെന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

തൃശ്ശൂർ ജില്ലാതല കമ്മിറ്റിയിൽ സി.ആർ.ഇസഡ്. II-ലുൾപ്പെട്ടതും 8-11-2021 വരെ നിർമ്മാണം പൂർത്തിയാക്കിയതുമായ 60 അപേക്ഷകൾ ലഭിച്ചു. ആയതിൽ 59 അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഒരു അപേക്ഷയിന്മേൽ ജില്ലാതല കമ്മിറ്റിയിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും സെക്രട്ടറിമാർ തീരദേശ പരിപാലന അതോറിറ്റിയുടെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസിലും അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

## ഇ-ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി

3 (3) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സംവിധാനത്തിൽ 2022 ജനുവരി മാസം നടത്തിയ അപ്ഡേഷനുശേഷം സിറ്റിസൺ പോർട്ടലിലുംമറ്റും മുമ്പ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾകൂടി ലഭിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇ-ഓഫീസ് സംവിധാനം മെച്ചപ്പെടുന്നതിനുപകരം, മുമ്പ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾപോലും ലഭിക്കാത്ത സ്ഥിതിയുണ്ടായതെന്തു കൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പോർട്ടലിന്റെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഇ-ഓഫീസ് സോഫ്റ്റ്വെയറിലെ നവീകരണത്തിന്റെ ഭാഗമായി സിറ്റിസൺ പോർട്ടലും പരിഷ്കരിക്കേണ്ടതായിവന്നു. നവീകരണ സമയത്ത് സിറ്റിസൺ പോർട്ടലിന്റെ പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെടുകയും മുമ്പ് ലഭിച്ചുകൊണ്ടിരുന്ന സേവനങ്ങൾ ലഭിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് സ്വീകരിച്ചതിനാൽ പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി

4 (4) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടി എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) സിവിൽ സർവ്വീസ് കൂടുതൽ ജനകീയവും കാര്യക്ഷമവും വേഗതയുള്ളതുമാക്കി മാറ്റുന്നതിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കഴിഞ്ഞ ആറ് വർഷത്തിനിടെ 27000-ലധികം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി. സിവിൽ സർവ്വീസിലെ മധ്യതല സംവിധാനം ശക്തമാക്കുന്നതിനും യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക്

ആകർഷിക്കുന്നതിനുമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ഇതിന്റെ ആദ്യബാച്ചിന്റെ പരിശീലനം പുരോഗമിക്കുകയാണ്. കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.

എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജനക്ഷേമ തൽപ്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. ജീവനക്കാരുടെ അറിവും കഴിവുകളും വർദ്ധിപ്പിച്ച് സേവന നിലവാരം ഉയർത്തുന്നതിനും ഇതിലൂടെ കഴിയുന്നുണ്ട്. ശാസ്ത്രസാങ്കേതിക രംഗത്തെ നൂതന സാധ്യതകളുപയോഗപ്പെടുത്തി സിവിൽ സർവ്വീസ് നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ വകുപ്പുകളുടെയുംമറ്റും പ്രവർത്തനം ഡിജിറ്റൽവൽക്കരിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വിവിധ വകുപ്പുകൾ നൽകുന്ന സേവനം " ഇ-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും "എം-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനമെടുക്കുന്ന തിലുണ്ടായിരുന്ന കാലവിളംബമില്ലാതാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതിയില്ലാതാക്കാനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നുണ്ട്.

ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം വിവിധ വകുപ്പുകളിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽക്കൂടി പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജീവനക്കാരുടെ ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഒരു ലക്ഷം തൊഴിൽ പദ്ധതി**

5 (5) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2022-23 സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 30-3-2022-ന് മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കൂടാതെ 30-3-2022-ലെ സ.ഉ. (സാധാ) നമ്പർ 289/2022/വ്യവ പ്രകാരം സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശസ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇന്റേണിന്റെ നേതൃത്വത്തിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസുകൾ/ മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തത്തിലായിരിക്കും നടക്കുക. ഒരു തദ്ദേശസ്ഥാപനത്തിൽ മാസത്തിൽ നിശ്ചിത എണ്ണം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റേണുകൾക്ക് ഭൗതിക ലക്ഷ്യവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ ശില്പശാല നടത്തിയിരുന്നു. പൊതുബോധവൽക്കരണ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം 2022 മേയ് മാസം 6-ന് പള്ളിച്ചൽ പഞ്ചായത്തിൽവച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു. തദ്ദേശ സ്ഥാപനങ്ങളിലെ പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന

സംരംഭകർക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവയുൾപ്പെടുത്തി പ്രത്യേക ചെറു വീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1159 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85160 പേർ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 2022 ആഗസ്റ്റ് മാസത്തിൽ പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിവരുന്നുണ്ട്. ബാങ്കുകൾ പങ്കെടുക്കുന്ന ഈ മേളയിൽ വായ്പ ലഭ്യമാക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ ലക്ഷ്യമിടുന്നു. സംരംഭം തുടങ്ങാൻ താല്പര്യമുള്ളവർ നൽകുന്ന ലോൺ അപേക്ഷകൾ ബാങ്കിന് നേരിൽ നൽകുന്ന രീതിയിലുള്ള മേളയാണ് എല്ലാ തദ്ദേശസ്ഥാപനത്തിലും ആസൂത്രണം ചെയ്തിട്ടുള്ളത്. താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് സംരംഭങ്ങൾക്കാവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഈ മേളയുടെ ഭാഗമായി ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്യുന്ന ഈ കാര്യങ്ങൾക്ക് വിവിധ വകുപ്പുകളുടെ സംയോജനം അനിവാര്യമായതിനാൽ പദ്ധതിയുടെ മേൽനോട്ടത്തിനും നിർവ്വഹണത്തിനും സംസ്ഥാന-ജില്ലാ-പഞ്ചായത്ത് തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

വിദേശത്തുള്ള മലയാളികളെ സംരംഭകത്വത്തിന്റെ വിവിധ മേഖലകളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവരെ കേരളത്തിൽ സംരംഭങ്ങളാരംഭിക്കാൻ പ്രാപ്തരാക്കുകയും അതുവഴി കേരളത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് പ്രവാസികൾക്കായി നോർക്കയുമായി ചേർന്ന് ശില്പശാലകൾ നടത്തുന്നതാണ്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി വായ്പകൾ ലഭ്യമാക്കുന്നതിനായുള്ള പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വായ്പയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള പോർട്ടലും വികസിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഉദ്ഘാടനം 2022 ജൂലൈ 22-ന് നിർവ്വഹിച്ചു. വായ്പയെടുക്കുന്നവർക്കുള്ള പലിശ സബ്സിഡി ലഭ്യമാക്കുന്നതിനായി പുതിയ പദ്ധതിയും വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭക സാധ്യതയുള്ളതായി വ്യവസായ വകുപ്പ് കണ്ടെത്തിയിട്ടുള്ള ഉൽപ്പന്നങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതത് തദ്ദേശസ്ഥാപനങ്ങൾ ഈ ഉൽപ്പന്നങ്ങളുടെ സാധ്യത പരിശോധിച്ച്, താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരുൽപ്പന്നം (One Local body One Product - OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ-അന്തർദ്ദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC)-മായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്തെ ഭൗമസൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്കനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിലെത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിംഗ് പോർട്ടൽ ആരംഭിക്കും.

2022 ആഗസ്റ്റ് 17 വരെയുള്ള കണക്കുപ്രകാരം ജില്ലാ തലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും നിക്ഷേപവും അതുവഴിയുണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ജില്ല | ലക്ഷ്യം | തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം | നേട്ടം (%) | നിക്ഷേപം കോടി രൂപയിൽ | തൊഴിലവസരങ്ങൾ |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 4653 | 31.22 | 294.87 | 9962 |
| കൊല്ലം | 11775 | 4374 | 37.15 | 214.00 | 9545 |
| പത്തനംതിട്ട | 5408 | 1847 | 34.15 | 79.86 | 3882 |
| ആലപ്പുഴ | 9666 | 3624 | 37.49 | 183.75 | 7415 |
| കോട്ടയം | 8834 | 3081 | 34.88 | 174.99 | 6217 |
| ഇടുക്കി | 5007 | 1180 | 23.57 | 60.77 | 2414 |
| എറണാകുളം | 14610 | 4760 | 32.58 | 334.13 | 11101 |

| | | | | | |
|---|---|---|---|---|---|
| തൃശ്ശൂർ | 13533 | 4489 | 33.17 | 239.99 | 9660 |
| പാലക്കാട് | 12721 | 4705 | 36.99 | 235.08 | 10099 |
| മലപ്പുറം | 18601 | 5672 | 30.49 | 382.20 | 13177 |
| കോഴിക്കോട് | 13925 | 4117 | 29.57 | 274.40 | 9363 |
| വയനാട് | 3687 | 1263 | 34.26 | 87.40 | 2944 |
| കണ്ണൂർ | 11366 | 3299 | 29.03 | 216.86 | 7211 |
| കാസർഗോഡ് | 5965 | 1330 | 22.30 | 69.61 | 2728 |
| ആകെ | 150000 | 48394 | 32.26 | 2847.91 | 105718 |

(ബി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പിലാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2022-23 സംരംഭക വർഷമായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ഈ പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ, കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശങ്ങളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മേയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്. പൊതുബോധവൽക്കരണ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം 2022 മേയ് മാസം 6-ന് പള്ളിച്ചൽ പഞ്ചായത്തിൽവച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു. തദ്ദേശസ്ഥാപനങ്ങളിലെ പൊതുബോധവൽക്കരണ പരിപാടിയിൽ പങ്കെടുക്കുന്ന സംരംഭകർക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ജില്ലാ പ്രൊഫൈലുകൾ, ആവശ്യമായ ലൈസൻസുകൾ, ലഭ്യമായ സഹായ പദ്ധതികൾ എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് പ്രത്യേക കൈപുസ്തകങ്ങൾ ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ വിവരങ്ങൾ സംരംഭകർക്ക് അനായാസമായി ലഭ്യമാക്കാൻ ഇവയുൾപ്പെടുത്തി പ്രത്യേക ചെറുവീഡിയോകളും നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1159 പൊതുബോധവൽക്കരണ പരിപാടികൾ നടത്തുകയും അവയിലായി ആകെ 85160 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാകുന്നതാണ്.

ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് 2022 ആഗസ്റ്റ് മാസം പൂർത്തിയാകുന്ന രീതിയിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനായി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കുള്ള ശിൽപ്പശാല 2022 ജൂലൈ 12-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ സംരംഭക വർഷം പദ്ധതിയുടെ നിയമസഭാ അടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ എല്ലാ നിയമസഭാ സാമാജികരും അവരവരുടെ മണ്ഡലത്തിൽ നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള പുരോഗതി വിലയിരുത്തൽ നടന്നുവരുന്നു. ഇപ്രകാരം വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവരുടെ സംയോജനത്തോടുകൂടി 2022-23 സാമ്പത്തികവർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് വളരെ ചിട്ടയോടുകൂടി ചെയ്തുവരുന്നു.

(സി) ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിനായി അടുത്ത അഞ്ചുവർഷം ബാങ്ക് വായ്പവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായങ്ങൾ തുടങ്ങുന്നതിനായി ബാങ്ക് വായ്പ ലഭ്യമാക്കിക്കൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക ലക്ഷ്യം നിലവിലില്ല. എന്നാൽ സംരംഭക വർഷത്തിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ഓരോ സാമ്പത്തിക വർഷവും കൂടുതൽ വായ്പ നൽകുന്ന ബാങ്കിന് മികച്ച ബാങ്കിനുള്ള അവാർഡ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

**മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ കാര്യക്ഷമമാക്കാൻ നടപടി**

6 (6) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെല്ലിലേയ്ക്കയയ്ക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എല്ലാ പരാതികളിലും സമയബന്ധിതമായി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരാതികളിന്മേൽ തീർപ്പുകല്പിച്ചുകൊണ്ടുള്ള തീരുമാനം അപേക്ഷകരെ അറിയിക്കാറുണ്ടോ; പലപ്പോഴും അപേക്ഷകർക്ക് വിവരം ലഭിക്കുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനത്തിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കുമ്പോൾ പരാതി നൽകിയ വ്യക്തിക്ക് വ്യക്തമായ മറുപടി നൽകണമെന്ന നിർദ്ദേശം നിലവിലുണ്ട്. വിലാസം ലഭ്യമായിട്ടുള്ള എല്ലാ പരാതികൾക്കും തീർപ്പാക്കുന്ന അവസരത്തിൽ നിർബന്ധമായും മറുപടി നൽകുന്ന തരത്തിലാണ് സോഫ്റ്റ്‌വെയറിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ സി.എം.ഒ. പോർട്ടൽ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. 2016 ജൂൺ മാസം മുതൽ പ്രവർത്തിച്ചുവരുന്ന സി.എം.ഒ. പോർട്ടലിലൂടെ 450693 പരാതികൾ ഇതുവരെ കൈകാര്യം ചെയ്തിട്ടുണ്ട്. ലഭിച്ച പരാതികളിൽ 96% പരാതികളിലും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനാവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്.

## സംസ്ഥാനത്തിനോടുള്ള കേന്ദ്രസർക്കാരിന്റെ വിവേചനം

7 (7) ശ്രീ. എം. എം. മണി:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന വികസനത്തിനാവശ്യമായ പിന്തുണ നൽകേണ്ടതിനുപകരം സംസ്ഥാനത്തിനർഹമായ വിഹിതം നിഷേധിക്കുകയും സംസ്ഥാനം ഏറ്റെടുക്കുന്ന വൻകിട പദ്ധതികൾ തടയാൻ ശ്രമിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന കേന്ദ്രസർക്കാരിന്റെ വിവേചനം തിരുത്തണമെന്ന് പ്രധാനമന്ത്രിയോട് നേരിട്ട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സിൽവർ ലൈൻ ഉൾപ്പെടെയുള്ള സംസ്ഥാന പദ്ധതികൾക്ക് തടയിടാൻ ചില കേന്ദ്ര സഹമന്ത്രിമാർ നടത്തുന്ന ഇടപെടൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നകാര്യം പരിശോധിക്കുമോ?

(എ&ബി) ജനങ്ങളുടെ ഉന്നമനത്തിനും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള വികസന പദ്ധതികൾ നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്തിനർഹമായ വിഹിതം നേടിയെടുത്ത് ഏറ്റെടുക്കുന്ന സിൽവർ ലൈൻ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ കൃത്യമായും ആസൂത്രിതമായും നടപ്പിലാക്കാൻ നിരന്തരം ശ്രമം നടത്തിവരുന്നു. ഇത്തരം വൻകിട പദ്ധതികൾ യഥാസമയം അനുവദിച്ച് കിട്ടാനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് നേരിട്ടും കത്തുകളിലൂടെയുമായി സംസ്ഥാനത്തിന്റെ ബന്ധപ്പെട്ട അധികാരികൾ നിരന്തരം ഇടപെടലുകൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ എം.പി.-മാരിൽ മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താല്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിനനുഗുണമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെടുമോ?

സംസ്ഥാനത്തിന്റെ വികസന താല്പര്യത്തിന് വിരുദ്ധമായ നിലപാട് സംസ്ഥാനത്തെ എം.പി.-മാർ പാർലമെന്റിൽ സ്വീകരിച്ചാൽ, സംസ്ഥാനത്തിന് ലഭ്യമാകേണ്ട വികസനം ജനങ്ങൾക്ക് നഷ്ടമാകുമെന്ന യാഥാർത്ഥ്യം മനസ്സിലാകുന്ന രീതിയിലാണ് സർക്കാർ പ്രവർത്തിച്ചുവരുന്നത്. വർഷത്തിൽ മൂന്നുതവണ മുഖ്യമന്ത്രി സംസ്ഥാനത്തിലെ എല്ലാ എം.പി.-മാരുമായും സമ്മേളനം വിളിച്ചുചേർക്കാറുണ്ട്. 2-7-2022-ന് നടന്ന എം.പി.-മാരുടെ സമ്മേളനത്തിൽ, സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും പ്രസ്തുത സമ്മേളനത്തിൽ ചർച്ച ചെയ്യാൻ കഴിയാതിരുന്നതും അജണ്ടയിലുൾപ്പെട്ടതുമായ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലും എം.പി.-മാരുടെ ഇടപെടലുണ്ടാകേണ്ടതാണെന്നും മുഖ്യമന്ത്രി എം.പി.-മാരോട് ആവശ്യപ്പെടുകയുണ്ടായി.

## വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം

8 (8) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളുടെ സമയബന്ധിതമായ നടത്തിപ്പിന് വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും ഏകോപനമില്ലായ്മയും കാരണമാകുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ?

വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ/ബോർഡുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഫലപ്രദമായ ഏകോപനം സാദ്ധ്യമാക്കുന്നതിന് രൂപീകരിച്ചിരുന്ന സമിതി 13-4-2015-ൽ പുനഃസംഘടിപ്പിച്ചിരുന്നു. എന്നാൽ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള തർക്കങ്ങൾ വിവിധ കോടതികൾ/ട്രൈബ്യൂണലുകൾ എന്നിവയിലെത്തുന്ന സാഹചര്യം തുടരുന്നത് കണക്കിലെടുത്ത് ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളുടെയും തർക്കമുള്ള വകുപ്പുകളുടെയും സെക്രട്ടറിമാരെയുൾപ്പെടുത്തി കമ്മിറ്റി പുനഃസംഘടിപ്പിച്ചും തർക്കങ്ങൾ പരിഹരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും 15-9-2021-ലെ സ.ഉ. (കൈ) നമ്പർ 21/2021/ഉ.ഭ.പ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**ഫയൽ തീർപ്പാക്കൽ യജ്ഞം**

9 (9) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെ ഫയൽ തീർപ്പാക്കൽ യജ്ഞത്തിലുൾപ്പെടുത്തി വയനാട് ജില്ലയിൽ എത്ര ഫയലുകൾ തീർപ്പാക്കിയെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കുമോ?

സെപ്റ്റംബർ 30 വരെയാണ് ഫയൽ തീർപ്പാക്കൽ യജ്ഞം വിഭാവനം ചെയ്തിട്ടുള്ളത്. അതിനുശേഷം മാത്രമെ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

**ന്യൂനപക്ഷ വകുപ്പിന്റെ കീഴിലെ പുതിയ കോച്ചിംഗ് സെന്ററുകൾ**

10 (10) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവ നടത്തുന്ന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി ന്യൂനപക്ഷ വകുപ്പിന്റെ കീഴിൽ പുതിയ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കെ-ഫോൺ പദ്ധതി**

11 (11) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിലെ 2060 സർക്കാർ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. നിലവിൽ 439 ഓഫീസുകളിലും സ്ഥാപനങ്ങളിലും കെ-ഫോൺ സേവനം ലഭ്യമാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുജനങ്ങൾക്ക് കെ-ഫോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

പൊതുജനങ്ങൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സെക്രട്ടറിതല സമിതി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഷാർജ ഭരണാധികാരിയുമായുള്ള കൂടിക്കാഴ്ച

12 (12) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡി-ലിറ്റ് ബിരുദം സ്വീകരിക്കാനായി സംസ്ഥാനത്തെത്തിയ ഷാർജ ഭരണാധികാരിയുടെ യാത്രകൾ സംബന്ധിച്ച അംഗീകൃത റൂട്ട് മാപ്പിനുവിരുദ്ധമായി അദ്ദേഹത്തെ ക്ലിഫ് ഹൗസിലെത്തിച്ച് മുഖ്യമന്ത്രിയും കുടുംബവുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ദിവസം ഏത് സമയത്താണ് അപ്രകാരമൊരു കൂടിക്കാഴ്ച നടന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കൂടിക്കാഴ്ച കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തെയും ആഭ്യന്തര മന്ത്രാലയത്തെയും മുൻകൂട്ടി അറിയിച്ചിരുന്നോ; കേന്ദ്രസർക്കാർ പ്രസ്തുത കൂടിക്കാഴ്ചയ്ക്ക് അനുമതി നൽകിയിരുന്നോ; വിശദാംശം നൽകാമോ?

(എ&ബി) 2017 സെപ്റ്റംബർ 26-ന് രാവിലെ 10.30-ന് ക്ലിഫ് ഹൗസിൽവച്ച് മുഖ്യമന്ത്രി ഷാർജ ഭരണാധികാരിയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. കേന്ദ്ര വിദേശകാര്യ മന്ത്രാലയ പ്രതിനിധികളും ഷാർജ ഭരണാധികാരിയുടെ സംഘത്തിലുൾപ്പെട്ടിരുന്നു. മുൻകൂട്ടി നിശ്ചയിച്ച റൂട്ടിലൂടെയായിരുന്നു യാത്ര.

## പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ശമ്പളം

13 (13) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്ക് അനുവദിച്ച ശമ്പളം, അലവൻസുകൾ, യാത്രാബത്ത, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

അടിസ്ഥാന ശമ്പളം - 2000 രൂപ, ഡി.എ. - 38,429 രൂപ, കൺവെയൻസ് അലവൻസ് - 17,000 രൂപ, കോൺസ്റ്റിറ്റ്യുവൻസി അലവൻസ്- 40,000 രൂപ എന്ന നിരക്കിലാണ് ശമ്പളം നൽകിവരുന്നത്. ഔദ്യോഗിക യാത്രകൾക്ക് അർഹമായ ടി.എ., ടെലഫോൺ ചാർജ്ജ് എന്നിവ അനുവദിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ?

സർക്കാർ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അദർ ഡ്യൂട്ടി വ്യവസ്ഥയിലും നേരിട്ടുള്ള നിയമനം മുഖേനയുമാണ് പേഴ്സണൽ സ്റ്റാഫിൽ നിയമനം

നടത്തിയിട്ടുള്ളത്. അദർ ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ മാതൃവകുപ്പിലെ ശമ്പളവും നേരിട്ട് നിയമനം ലഭിച്ചവർക്ക് 17-4-2021-ലെ സ.ഉ. (സാധാ) 1578/2021/പൊ.ഭ.വ. ഉത്തരവ് പ്രകാരവുമാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളത്. വ്യവസ്ഥ പ്രകാരമുള്ള മറ്റാനുകൂല്യങ്ങളും ഔദ്യോഗിക ആവശ്യത്തിനുള്ള വാഹന സൗകര്യവും അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നിയമിതരായിട്ടുള്ള സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഔദ്യോഗിക വസതിയിൽ ടൂറിസം വകുപ്പിലെ സ്ഥിരം/താൽക്കാലിക ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. ഇവർ മന്ത്രിയുടെ സ്റ്റാഫിന്റെ ഭാഗമല്ല. ഇവർക്ക് ടൂറിസം വകുപ്പിൽനിന്നാണ് അർഹമായ നിരക്കിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകിവരുന്നത്.

**യു.എ.ഇ. കോൺസുലേറ്റ് ജനറലുമായുള്ള കൂടിക്കാഴ്ച**

14 (14) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2020 കാലയളവിൽ യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽവച്ച് അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രതവണ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്; ഏതൊക്കെ ദിവസങ്ങളിൽ ഏതൊക്കെ സമയത്താണ് കൂടിക്കാഴ്ച നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൂടിക്കാഴ്ചകൾക്ക് വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശം നൽകാമോ;

(സി) മേൽപ്പറഞ്ഞ കൂടിക്കാഴ്ച ഔദ്യോഗിക കൂടിക്കാഴ്ച ആയിരുന്നോ; ആണെങ്കിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്തതെന്നും എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്നും വ്യക്തമാക്കുമോ?

(എ-സി) ഔദ്യോഗിക സ്വഭാവമുള്ള കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ട്. ഇത്തരം കൂടിക്കാഴ്ചയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല.

**ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം**

15 (15) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഷാർജ ഭരണാധികാരി സംസ്ഥാനം സന്ദർശിച്ചതെന്നായിരുന്നു; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2017 സെപ്റ്റംബർ 24 മുതൽ 27 വരെ ഷാർജ ഭരണാധികാരിയും യു.എ.ഇ. സുപ്രീം കൗൺസിൽ അംഗവുമായ ഹിസ് ഹൈനസ് ഷെയ്ഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി കേരളം സന്ദർശിക്കുകയുണ്ടായി.

(ബി) അദ്ദേഹത്തിന്റെ കേരളത്തിലെ ഔദ്യോഗിക പരിപാടികളെ ന്തെല്ലാമായിരുന്നു; പ്രസ്തുത പരിപാടികൾ തയ്യാറാക്കിയതാരാണ്; അദ്ദേഹം പങ്കെടുത്ത എല്ലാ പരിപാടികളുടെയും വിശദാംശം നൽകുമോ?

ബഹുമാനപ്പെട്ട ഗവർണ്ണർ, മുഖ്യമന്ത്രി എന്നിവരുമായുള്ള കൂടിക്കാഴ്ച, മന്ത്രിമാരുമായുള്ള ആശയവിനിമയ കൂടിക്കാഴ്ച, ക്ലിഫ്ഹൗസിൽ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച, ഡി-ലിറ്റ് ബിരുദദാന ചടങ്ങ് എന്നിവയായിരുന്നു പ്രധാന പരിപാടികൾ.

(സി) ഷാർജ ഭരണാധികാരിയുടെ നേരത്തെ തയ്യാറാക്കിയ ഔദ്യോഗിക പരിപാടികളിലുൾപ്പെടുത്താത്ത ക്ലിഫ്ഹൗസ് സന്ദർശനം ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ പരിപാടികളിൽ മാറ്റംവരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഇല്ല.

**ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം**

16 (16) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡി-ലിറ്റ് ബിരുദം സ്വീകരിക്കുന്നതിനായി സംസ്ഥാനത്തെത്തിയ ഷാർജ ഭരണാധികാരിയുടെ യാത്ര സംബന്ധിച്ച അംഗീകൃത റൂട്ട് മാപ്പിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഷാർജ ഭരണാധികാരിയുടെ പ്രസ്തുത യാത്രയുടെ ചുമതല കേരള പോലീസിലെ ഏതുദ്യോഗസ്ഥനായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഷാർജ ഭരണാധികാരിയുടെ അംഗീകൃത റൂട്ട് മാപ്പിനുവിരുദ്ധമായി അദ്ദേഹത്തെ ക്ലിഫ് ഹൗസിലെത്തിച്ചുവെന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്തിയിരുന്നോ; നിജസ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കായിരുന്നു ഷാർജ ഭരണാധികാരിയുടെ തലസ്ഥാനത്തെ യാത്രാപരിപാടികളുടെ സുരക്ഷാ ചുമതല. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി മുൻകൂട്ടി നിശ്ചയിച്ച റൂട്ടിലൂടെയാണ് യാത്ര നടത്തിയത്.

(സി) ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പ് മാറ്റിയതുസംബന്ധിച്ച് മേല്പറഞ്ഞ ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചോദ്യം ഉദിക്കുന്നില്ല.

## ചീഫ് വിപ്പിന്റെ ഓഫീസ് വിവരങ്ങൾ

17 (17) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് വിപ്പിന് അനുവദിച്ച ശമ്പളം, മാസംതോറും അനുവദിച്ച അലവൻസുകൾ, യാത്രാബത്ത, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

അടിസ്ഥാന ശമ്പളം - 2,000 രൂപ,ഡി.എ. - 38,429 രൂപ, കൺവെയൻസ് അലവൻസ് - 17,000 രൂപ, കോൺസ്റ്റിറ്റ്യുവൻസി അലവൻസ് - 40,000 രൂപ എന്ന നിരക്കിലാണ് ശമ്പളം നൽകിവരുന്നത്. ഔദ്യോഗിക യാത്രകൾക്ക് ടി.എ.-യും ടെലഫോൺ ചാർജ്ജും അനുവദനീയമായ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റും അനുവദിച്ചിട്ടുണ്ട്.

(ബി) സർക്കാർ ചീഫ് വിപ്പിന്റെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ?

സർക്കാർ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അദർ ഡ്യൂട്ടി വ്യവസ്ഥയിലും നേരിട്ടുള്ള നിയമനം മുഖേനയുമാണ് പേഴ്സണൽ സ്റ്റാഫിൽ നിയമനം നടത്തിയിട്ടുള്ളത്. അദർ ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ മാതൃവകുപ്പിലെ ശമ്പളവും നേരിട്ട് നിയമനം ലഭിച്ചവർക്ക് 17-4-2021-ലെ സ.ഉ. (സാധാ) 1578/2021/പൊ.ഭ.വ. ഉത്തരവ് പ്രകാരവുമാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളത്. വ്യവസ്ഥ പ്രകാരമുള്ള മറ്റാനുകൂല്യങ്ങളും ഔദ്യോഗിക ആവശ്യത്തിനുള്ള വാഹന സൗകര്യവും അനുവദിച്ചിട്ടുണ്ട്.

(സി) ചീഫ് വിപ്പിന്റെ ഔദ്യോഗിക ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന നിയമസഭയിൽ പരിഗണനയിൽ വരുന്ന എല്ലാ ഗവൺമെന്റ് കാര്യങ്ങളിലും ഭരണ കക്ഷിയിൽപ്പെട്ട അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും സർക്കാരിന് അനുഗുണമായി അംഗങ്ങളുടെ തീരുമാനങ്ങൾ ഏകീഭവിപ്പിക്കുകയും ചെയ്തുവരുന്നു. സർക്കാർ കാര്യങ്ങളിൽ സഭയിൽ വോട്ടിംഗ് ആവശ്യമായി വരുന്ന എല്ലാ സാഹചര്യങ്ങളിലും ഭരണകക്ഷി അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും സർക്കാർ അനുകൂല നിലപാടുകൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നു. നിയമസഭയുടെ സുഗമമായ നടത്തിപ്പിൽ ഭരണകക്ഷി അംഗങ്ങളെ ഏകോപിപ്പിക്കുന്നതിൽ പങ്കുവഹിക്കുന്നു. ഇവയ്ക്കെല്ലാമായി മുൻകൂറായി വിപ്പുകൾ തയ്യാറാക്കി ഓരോ ഭരണപക്ഷാംഗത്തെയും നേരിട്ട് സർക്കാരിന്റെ നിലപാടുകൾ അറിയിക്കുകയും ചെയ്തുവരുന്നു. സർവ്വകലാശാലകളിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, രാജ്യസഭാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, രാഷ്ട്രപതി തെരഞ്ഞെടുപ്പ് തുടങ്ങിയവയിലെ വോട്ടിംഗ് രീതി സംബന്ധിച്ച് അറിയിപ്പുകൾ നൽകുന്നു. നിയമസഭയുടെ വിവിധ അഡ്ഹോക് കമ്മിറ്റികളിൽ/സ്ഥിരം സമിതികളിൽ അംഗമായിരിക്കുകയും യോഗങ്ങളിൽ ഹാജരായി സർക്കാർ തീരുമാനങ്ങളിൽ സജീവ പങ്കാളിയായും ചീഫ് വിപ്പ് പ്രവർത്തിച്ചുവരുന്നു.

## മന്ത്രിമാരുടെ ഓഫീസ്- വസതി വിവരങ്ങൾ

18 (18) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാർക്ക് അനുവദിച്ച ശമ്പളം, മാസംതോറും അനുവദിച്ച അലവൻസുകൾ, യാത്രാബത്ത, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

അടിസ്ഥാന ശമ്പളം - 2,000 രൂപ, ഡി.എ. - 38,429 രൂപ, കൺവേയൻസ് അലവൻസ് - 17,000 രൂപ, കോൺസ്റ്റിറ്റ്യുവൻസി അലവൻസ് - 40,000 രൂപ എന്ന നിരക്കിലാണ് മന്ത്രിമാർക്ക് ശമ്പളം നൽകിവരുന്നത്. ഔദ്യോഗിക യാത്രകൾക്ക് ടി.എ.-യും ടെലഫോൺ ചാർജ്ജും അനുവദനീയമായ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റും അനുവദിച്ചുവരുന്നു.

(ബി) മന്ത്രിമാരുടെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ?

സർക്കാർ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അദർ ഡ്യൂട്ടി വ്യവസ്ഥയിലും നേരിട്ടുള്ള നിയമനം മുഖേനയുമാണ് പേഴ്സണൽ സ്റ്റാഫിൽ നിയമനം നടത്തിയിട്ടുള്ളത്. അദർ ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ മാതൃവകുപ്പിലെ ശമ്പളവും നേരിട്ട് നിയമനം ലഭിച്ചവർക്ക് 17-4-2021-ലെ സ.ഉ. (സാധാ) 1578/2021/പൊ.ഭ.വ. ഉത്തരവ് പ്രകാരവുമാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* വ്യവസ്ഥ പ്രകാരമുള്ള മറ്റാനുകൂല്യങ്ങളും ഓഫീസ് ആവശ്യത്തിനുള്ള വാഹന സൗകര്യങ്ങളും അനുവദിച്ചിട്ടുണ്ട്.

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ നിയമിതരായിട്ടുള്ള സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ ടൂറിസം വകുപ്പിലെ സ്ഥിരം/താല്ക്കാലിക ജീവനക്കാരെയാണ് നിയമിച്ചുവരുന്നത്. ഇവർ മന്ത്രിമാരുടെ സ്റ്റാഫിന്റെ ഭാഗമല്ല. ഇവർക്ക് ടൂറിസം വകുപ്പിൽനിന്നാണ് അർഹമായ നിരക്കിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകിവരുന്നത്.

## മുഖ്യമന്ത്രിയുടെ ഓഫീസ് - വസതി വിവരങ്ങൾ

19 (19) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിക്ക് അനുവദിച്ച ശമ്പളം, അലവൻസുകൾ, യാത്രാബത്ത, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

അടിസ്ഥാന ശമ്പളം - 2,000 രൂപ, ഡി.എ. - 38,429 രൂപ, കൺവേയൻസ് അലവൻസ് - 17,000 രൂപ, കോൺസ്റ്റിറ്റ്യൂവൻസി അലവൻസ് - 40,000 രൂപ എന്ന നിരക്കിലാണ് ശമ്പളം നൽകിവരുന്നത്. ഔദ്യോഗിക യാത്രകൾക്ക് ടി.എ.-യും ടെലഫോൺ ചാർജ്ജും അനുവദനീയമായ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റും അനുവദിച്ചിട്ടുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റാനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അദർ ഡ്യൂട്ടി വ്യവസ്ഥയിലും നേരിട്ടുള്ള നിയമനം മുഖേനയുമാണ് പേഴ്സണൽ സ്റ്റാഫിൽ നിയമനം നടത്തിയിട്ടുള്ളത്. അദർ ഡ്യൂട്ടിയിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ മാതൃവകുപ്പിലെ ശമ്പളവും നേരിട്ട് നിയമനം ലഭിച്ചവർക്ക് 17-4-2021-ലെ സ.ഉ. (സാധാ) 1578/2021/പൊ.ഭ.വ., 13-7-2021-ലെ സ.ഉ. (സാധാ) 2580/2021/ പൊ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളത്. ഉത്തരവുകളുടെ കോപ്പി അനുബന്ധമായി ചേർക്കുന്നു.* ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നിയമിതരായിട്ടുള്ള സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

എല്ലാക്കാലത്തും മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ ടൂറിസം വകുപ്പിലെ സ്ഥിരം/താല്ക്കാലിക ജീവനക്കാരെയാണ് നിയമിച്ചുവരുന്നത്. ഇവർ മുഖ്യമന്ത്രിയുടെ സ്റ്റാഫിന്റെ ഭാഗമല്ല. ഇവർക്ക് ടൂറിസം വകുപ്പിൽനിന്നാണ് അർഹമായ നിരക്കിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകിവരുന്നത്.

**ഫിസിയോ തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി**

20 (20) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിസിയോ തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കണമെന്നഭ്യർത്ഥിച്ച് ശ്രീ. സുജിത്ത് എസ്., ചിത്തിര, എസ്.എൽ.പുരം, ആലപ്പുഴ എന്നയാൾ മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിൽ അപേക്ഷ നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) ഡോക്കറ്റ് നമ്പർ ജി. 210707139 ആയി സ്വീകരിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) സി.എം.ഒ. പോർട്ടൽ മുഖേന ലഭ്യമായ അപേക്ഷ 5-8-2021-ന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ഉചിത നടപടിക്കായി നൽകിയിരുന്നു. അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന വിവരം അപേക്ഷകന് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഫിസിയാട്രിസ്റ്റിന്റെ സേവനം ലഭ്യമായിട്ടുള്ളതും എന്നാൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്തതുമായ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശുപത്രികളിൽ ഫിസിയോ തെറാപ്പിസ്റ്റിന്റെ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന സെക്രട്ടേറിയറ്റിലേയ്ക്ക് നൽകിയ പ്രൊപ്പോസലിന്മേൽ (4-5-2022-ലെ സൂചന നമ്പർ പി.എൽ.എ.-4 50200/2021/ആരോഗ്യ വകുപ്പ് ഡയറക്ടർ) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിൽ ലഭിച്ച പരാതി പരിഹരിച്ചുവെന്ന് അപേക്ഷകന് മറുപടി ലഭിച്ചിട്ടും തസ്തിക സൃഷ്ടിക്കൽ വൈകുന്നത് പരിശോധിക്കുമോ?

(സി&ഡി) നടപടി സ്വീകരിച്ചുവരുന്നുവെന്നാണ് പരാതിക്കാരന് മറുപടി നൽകിയത്. പ്രസ്തുത പ്രൊപ്പോസൽ അപൂർണ്ണമായതിനാൽ അനുബന്ധരേഖകൾ സഹിതം പുനഃസമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിർത്തലാക്കിയതും പുതുതായി സൃഷ്ടിച്ചതുമായ തസ്തികകൾ

21 (21) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ കാറ്റഗറിയിലും എത്ര തസ്തികകൾവീതം നിർത്തലാക്കി; ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

<u>പൊതുഭരണ വകുപ്പ്</u>

ഓഫീസ് അറ്റൻഡന്റുമാരുടെ ജോലിഭാരം ഗണ്യമായി കുറഞ്ഞതായ വർക്ക് സ്റ്റഡി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ ആവശ്യം വരുന്നമുറയ്ക്ക് പുതിയ തസ്തികയോ മറ്റ് തസ്തികകളോ പകരം സൃഷ്ടിക്കുമെന്ന വ്യവസ്ഥയോടെ പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന 220 തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചപ്പോൾ സൃഷ്ടിച്ച ഒരു അഡീഷണൽ സെക്രട്ടറി തസ്തികയും 2 അണ്ടർ സെക്രട്ടറി തസ്തികകളും കമ്മീഷൻ പ്രവർത്തനം അവസാനിപ്പിച്ചപ്പോൾ നിർത്തലാക്കി. മുൻസർക്കാരിന്റെ കാലത്ത് ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ സൂപ്പർവൈസർ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ എന്നീ തസ്തികകൾ (ആകെ നാല് തസ്തിക) നിലവിലെ ജീവനക്കാർ വിരമിക്കുന്ന/ഒഴിയുന്നമുറയ്ക്ക് ഇല്ലാതാകുന്നവിധത്തിൽ ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

ധനകാര്യ വകുപ്പ്

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ധനകാര്യ വകുപ്പിൽ 4 ഓഫീസ് അറ്റൻഡന്റ് തസ്തികകളെ 2 അറ്റൻഡർ തസ്തികകളായി പരിവർത്തനം ചെയ്തിട്ടുണ്ട്.

നിയമ വകുപ്പ്

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നിയമ വകുപ്പിൽ ദഫേദാർ -1, ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II - 1, റോണിയോ ഓപ്പറേറ്റർ - 1 എന്നീ തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ പുതുതായി ഓരോ കാറ്റഗറിയിലും എത്ര തസ്തികകൾവീതം സൃഷ്ടിച്ചു; ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

പൊതുഭരണ വകുപ്പ്

മുൻസർക്കാരിന്റെ കാലത്ത് ഭരണപരിഷ്കാര കമ്മീഷനിൽ അഡീഷണൽ സെക്രട്ടറിയുടെ ഒരു തസ്തികയും അണ്ടർ സെക്രട്ടറിയുടെ രണ്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിലും ജോയിന്റ് സെക്രട്ടറിയുടെ ഓരോ തസ്തികവീതം സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്)-ന്റെ രണ്ട് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് പൊതുഭരണ വകുപ്പിൽ മൂന്ന് സെക്ഷൻ ഓഫീസർ തസ്തികയും ആറ് അസിസ്റ്റന്റ് തസ്തികയും ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പ്

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ധനകാര്യ വകുപ്പിൽ ഓഫീസ് സൂപ്രണ്ടിന്റെ ഒരു തസ്തിക പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ ധനകാര്യ (റിക്കാർഡ്സ്) വകുപ്പിലും 15-ാം ധനകാര്യ കമ്മീഷൻ സെല്ലിന്റെ പ്രവർത്തനങ്ങൾക്കും 6-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കും അനോമലി റെക്ടിഫിക്കേഷൻ സെല്ലിന്റെ പ്രവർത്തനങ്ങൾക്കും ചുവടെപ്പറയുന്ന താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| അഡീഷണൽ സെക്രട്ടറി | 2 |
| ജോയിന്റ് സെക്രട്ടറി | 3 |
| ഡെപ്യൂട്ടി സെക്രട്ടറി | 1 |
| അണ്ടർ സെക്രട്ടറി | 1 |
| അക്കൗണ്ട്സ് ഓഫീസർ | 3 |
| സെക്ഷൻ ഓഫീസർ | 4 |
| അസിസ്റ്റന്റ് | 20 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 4 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| ഓഫീസ് അറ്റൻഡന്റ് | 4 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

നിയമ വകുപ്പ്

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നിയമ വകുപ്പിനുകീഴിൽ പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ ഓരോ കാറ്റഗറിയിലും എത്ര ഒഴിവുകൾവീതം നിലവിലുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

പൊതുഭരണ വകുപ്പ്

20-8-2022 അടിസ്ഥാനമാക്കി പൊതുഭരണ സെക്രട്ടേറിയറ്റിൽ കേഡർ തസ്തികയിൽ ചുവടെ ചേർക്കുംപ്രകാരം ഒഴിവുകളുണ്ട്.

| | |
|---|---|
| അണ്ടർ സെക്രട്ടറി | 2 (വയനാട് മെഡിക്കൽ കോളേജ്, കേരള ഹൗസ്) |
| ഡെപ്യൂട്ടി സെക്രട്ടറി | 1 (ഇലക്ഷൻ വകുപ്പ്) |
| ജോയിന്റ് സെക്രട്ടറി | 1 (വ്യവസായ വകുപ്പ്) |
| അഡീഷണൽ സെക്രട്ടറി | 1 (ഇലക്ഷൻ വകുപ്പ്) |

പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ 21 ഒഴിവുകളും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 114 ഒഴിവുകളും നിലവിലുണ്ട്. കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ 12 ഒഴിവുകളിൽ 10 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 13 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്യൂരിറ്റി ഗാർഡിന്റെയും മെസഞ്ചറുടെയും സ്റ്റോർ അറ്റൻഡന്റിന്റെയും ഓരോ തസ്തികയും സെക്രട്ടേറിയറ്റ് ട്രാഫിക് വാർഡന്റെ 2 തസ്തികകളും ലിഫ്റ്റ് ഓപ്പറേറ്ററുടെ 3 തസ്തികകളും ഒഴിവുണ്ട്.

<u>ധനകാര്യ വകുപ്പ്</u>

ധനകാര്യ വകുപ്പിൽ ചുവടെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| | |
|---|---|
| അസിസ്റ്റന്റ് | 10 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 2 |
| ഓഫീസ് അറ്റൻഡന്റ് | 40<br>(താൽക്കാലിക തസ്തികകളുൾപ്പെടെ) |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 6 |

<u>നിയമ വകുപ്പ്</u>

നിയമ വകുപ്പിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സെക്ഷൻ ഓഫീസർ | 1 |
| ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II | 5 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II | 22 |
| ഡ്രൈവർ ഗ്രേഡ് II | 1 |

**സർക്കാർ വകുപ്പുകൾക്ക് അനുവദിച്ചുനൽകിയ തസ്തികകൾ**

22 (22) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജനുവരി മുതൽ 2022 ജൂലൈ വരെയുള്ള കാലയളവിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പ്, ഫിനാൻസ് സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിലും സംസ്ഥാന ആഡിറ്റ് വകുപ്പ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവിടങ്ങളിലും സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുനൽകിയ തസ്തികകൾ സംബന്ധിച്ച വിശദാംശം പട്ടിക തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത വകുപ്പുകൾ/സ്ഥാപനങ്ങൾക്ക് തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(സി) മേല്പറഞ്ഞവയിൽ ഏതൊക്കെ വകുപ്പുകൾ/സ്ഥാപനങ്ങളിൽനിന്നും തസ്തികകൾ അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലുണ്ട്; ആയതുസംബന്ധിച്ച വിശദാംശം നൽകാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**അധിക തസ്തികകൾ സൃഷ്ടിക്കൽ**

23 (23) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആകെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിലെ സർക്കാർ ഓഫീസുകൾ**

24 (24) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ പുതുതായി ആരംഭിക്കുന്ന സർക്കാർ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരം ലഭ്യമാക്കാമോ?

നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ ഓഫീസുകളോ സ്ഥാപനങ്ങളോ പുതിയതായി ആരംഭിക്കുന്നതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ബി) 2014-ൽ രൂപീകൃതമായ കാട്ടാക്കട താലൂക്ക് പരിധിയിലും കാട്ടാക്കട മിനി സിവിൽ സ്റ്റേഷനിലും ഏതെല്ലാം സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന വിവരം തരംതിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം**

25 (25) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ പി.എസ്.സി. ഓഫീസ് വാടക കെട്ടിടത്തിലാണോ നിലവിൽ പ്രവർത്തിക്കുന്നത്; വിശദാംശം അറിയിക്കാമോ?

ടൈഗർ ഹിൽസ്, ബിൽഡിംഗ് നം. കെ.എം.സി. XII-38-ഡി, മുനിസിപ്പൽ റോഡ്, പുലിക്കുന്ന്, കാസർഗോഡ്-671121 എന്ന വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ജില്ലാ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് താലൂക്കിലെ കാസർഗോഡ് വില്ലേജിലുൾപ്പെടുന്ന 20 സെന്റ് സ്ഥലം 30 വർഷത്തേയ്ക്ക് സർക്കാർ പി.എസ്.സി.-ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(സി) ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

മറ്റ് നടപടികളാരംഭിച്ചിട്ടില്ല.

**സർക്കാർ ഓഫീസുകളിലെ ലാസ്റ്റ്ഗ്രേഡ് തസ്തിക ഒഴിവാക്കൽ**

26 (26) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ സർക്കാർ ഓഫീസുകളിലെ ലാസ്റ്റ്ഗ്രേഡ് തസ്തികകൾ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര തസ്തികകളാണ് ഇല്ലാതാക്കുന്നത്;

(സി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

(എ-സി) ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതോടെ സർക്കാർ ഓഫീസുകളിലെ ലാസ്റ്റ്ഗ്രേഡ് തസ്തികകൾ ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല.

## സർക്കാർ സർവ്വീസിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം

27 (27) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് ജോലി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളിലെ നിയമനങ്ങളുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല.

(ബി) സർക്കാർ സർവ്വീസിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെയുള്ള നടപടികൾ എന്നിവ പരിശോധിച്ച് നടപടി സ്വീകരിക്കുന്ന സെൽ ഏതാണ്; എത്ര ഉദ്യോഗസ്ഥരാണ് പ്രസ്തുത സെല്ലിൽ ജോലി ചെയ്യുന്നത്; അവരുടെ തസ്തിക വിശദമാക്കാമോ?

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ & ബി) വകുപ്പുകളുടെ ചുമതല പൊതുഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്കാണ്. ഒരു അണ്ടർ സെക്രട്ടറിയുടെയും ഒരു ജോയിന്റ് സെക്രട്ടറിയുടെയും മേൽനോട്ടത്തിൽ ചുവടെചേർക്കുന്ന രണ്ട് സെക്ഷനുകൾ പ്രവർത്തിച്ചുവരുന്നു.

എംപ്ലോയ്മെന്റ് സെൽ - എ വകുപ്പിൽ സെക്ഷൻ ഓഫീസർ - 1, അസിസ്റ്റന്റ് - 3, കമ്പ്യൂട്ടർ അസിസ്റ്റന്റ് - 1.

എംപ്ലോയ്മെന്റ് സെൽ - ബി വകുപ്പിൽ സെക്ഷൻ ഓഫീസർ - 1, അസിസ്റ്റന്റ് - 2, കമ്പ്യൂട്ടർ അസിസ്റ്റന്റ് - 1.

രണ്ട് സെക്ഷനുകൾക്കുംകൂടി ഒരു ഓഫീസ് അറ്റൻഡന്റുമുണ്ട്.

(സി) പ്രസ്തുത സെല്ലിന്റെ പരിശോധനയിൽ വിവിധ വകുപ്പുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം കുറഞ്ഞത് എത്രയെണ്ണമാണെന്നും ഏതൊക്കെ വകുപ്പുകളിൽ എത്രയെണ്ണം വീതമാണെന്നും വ്യക്തമാക്കാമോ?

2016 മുതൽ 2022 വരെ വിവിധ വകുപ്പുകളിലായി 1819 തസ്തികകൾ കുറവുള്ളതായി കണ്ടെത്തി സംവരണം ചെയ്ത് നൽകിയിട്ടുണ്ട്. വകുപ്പ്/എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാസർഗോഡ് ജില്ല-ഫയൽ അദാലത്ത്**

28 (28) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഫയലുകൾ തീർപ്പാക്കുന്നതിന് 2022 ജൂൺ 15 മുതൽ സെപ്തംബർ 30 വരെ നീണ്ടുനിൽക്കുന്ന ഒരു തീവ്രയജ്ഞ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് എല്ലാ വകുപ്പുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി 4-6-2022-ലെ സ.ഉ. (കൈ) നമ്പർ 11/2022/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിൽ എത്ര ഫയലുകളിന്മേലുള്ള നടപടി അദാലത്തുകൾവഴി തീർപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ വകുപ്പുകളിലും എത്ര ഫയലുകൾ ഇനി തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ?

(ബി&സി) 2022 സെപ്റ്റംബർ 30 വരെയാണ് ഫയൽ തീർപ്പാക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുശേഷം മാത്രമേ കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിൽ എത്ര ഫയലുകൾ തീർപ്പാക്കി എന്നതുസംബന്ധിച്ച വിവരം ലഭ്യമാവുകയുള്ളൂ.

**സിവിൽ സർവ്വീസ് മെച്ചപ്പെടുത്താൻ നടപടി**

29 (29) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സർക്കാർ വകുപ്പുകളിൽ കൈക്കൂലി വാങ്ങുന്നതായും അഴിമതി നടത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ?

ചെറിയ തോതിലെങ്കിലും നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് നിർബന്ധിത പരിശീലനം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തീരുമാനിച്ചിട്ടുണ്ട്.

(സി) സിവിൽ സർവ്വീസ് ജനോപകാരപ്രദമാക്കുന്നതിനുവേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ലക്ഷ്യമിട്ട് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിലുൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 6 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

**സർക്കാർ സർവ്വീസിലെ ഒഴിവുകൾ**

30 (30) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സർവ്വീസിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ വീഴ്ചവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും അനുബന്ധ സ്ഥാപനങ്ങളിലും ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് നടത്തിയ പരിശോധനയിൽ വിവിധ ജില്ലകളിൽനിന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ അറിയിച്ച കുക്ക്, ആയ, വാച്ച്മാൻ, ട്രൈബൽ വാച്ച്മാൻ, വാർഡൻ, മെസ്സ്ഗേൾ തുടങ്ങിയ തസ്തികകളിലെ നിരവധി ഒഴിവുകൾ ഡയറക്ടറേറ്റിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഒഴിവുകളിൽ നിയമപ്രകാരം റിപ്പോർട്ട് ചെയ്യാവുന്ന എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക്

റിപ്പോർട്ട് ചെയ്യാനും മതിയായ ഒഴിവുകളുണ്ടായിട്ടും അവ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലെ EC2 സീറ്റിലെ ക്ലാർക്കിനെ ഉടനടി സ്ഥലം മാറ്റാനും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫയലുകൾ തീർപ്പാക്കാൻ അടിയന്തര നടപടി**

31 (31) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര ഉപതെരഞ്ഞെടുപ്പിന് മുഖ്യമന്ത്രിയും മന്ത്രിമാരും എത്ര ദിവസമാണ് എറണാകുളം ജില്ലയിൽ ക്യാമ്പ് ചെയ്ത് പ്രചരണം നടത്തിയത്?

ഔദ്യോഗിക ചുമതലകൾ ഒഴിവാക്കിയിട്ടുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനുമാത്രമായി മുഖ്യമന്ത്രിയും മന്ത്രിമാരും എറണാകുളം ജില്ലയിൽ ക്യാമ്പ് ചെയ്തിട്ടില്ല.

(ബി) സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഓഫീസുകളിൽ എത്ര ഫയലുകളാണ് തീർപ്പാക്കാതെയുള്ളതെന്ന് വ്യക്തമാക്കാമോ?

തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ അവസരത്തിലൊഴികെയുള്ള സമയം, ഫയലുകൾ ക്യാമ്പ് ഓഫീസിൽ നേരിട്ടെത്തിച്ചും ഇ-ഫയലുകൾ നേരിട്ട് പരിശോധിച്ചും തീർപ്പാക്കിയിരുന്നതിനാൽ തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ പേരിൽ ഫയലുകൾ തീർപ്പാക്കാതെ കിടന്നിട്ടില്ല.

(സി) തൃക്കാക്കര ഉപതെരഞ്ഞെടുപ്പുകാലത്ത് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും സെക്രട്ടേറിയറ്റിലില്ലാതിരുന്നതുമൂലം ഫയലുകൾ തീർപ്പാകാതെ കിടക്കുന്നുവെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

ആരോപണം വസ്തുതാപരമല്ല.

(ഡി) ഫയലുകൾ തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബാധകമല്ല.

**സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റം**

32 (32) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്കായി പുറപ്പെടുവിച്ച ജി.ഒ. (എം.എസ്.) 52/2022/ജി.എ.ഡി. ഉത്തരവ് പ്രകാരമാണോ ഇപ്പോൾ സ്ഥലംമാറ്റങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിലെ മാനദണ്ഡപ്രകാരം ഒരു സീറ്റിൽ പരമാവധി തുടരാവുന്ന കാലയളവ് കഴിഞ്ഞും തുടരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം, തസ്തികകൾ, കാലയളവ് എന്നിവ ലഭ്യമാക്കുമോ?

(എ&ബി) 1-4-2022-ലെ സ.ഉ. (കൈ) നമ്പർ 52/2022/പൊ.ഭ.വ. പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് സ്ഥലംമാറ്റം നടത്തുന്നത്.

(സി) പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം കാലാവധി പൂർത്തിയാക്കിയതും പരാമർശ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയതുമായ ജീവനക്കാരുടെ തസ്തികകളും പേരുവിവരവും ലഭ്യമാക്കുമോ?

പരാമർശ കാലാവധി പൂർത്തിയാക്കിയതും അതിന്റെയടിസ്ഥാനത്തിൽ സ്ഥലംമാറ്റിയതുമായ ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള സ്ഥലംമാറ്റത്തിന് ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഉത്തരവിലെ ആറാമത്തെ ഖണ്ഡിക പ്രകാരം സ്ഥലംമാറ്റത്തിനായി എത്ര ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പൊതുസ്ഥലംമാറ്റത്തിനുള്ള വ്യവസ്ഥകളല്ല, സ്ഥലംമാറ്റത്തിനുള്ള മാർഗ്ഗരേഖകളാണ് നിലവിലുള്ളത്.

(ഇ) പ്രസ്തുത ഉത്തരവ് പ്രകാരം കാലാവധി പൂർത്തിയാക്കിയിട്ടും സ്ഥലംമാറ്റം ലഭിക്കാത്ത ജീവനക്കാരെ, സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി പരിഗണിക്കാതെ സ്ഥലംമാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സീനിയോറിറ്റി പരിഗണിച്ച് സ്ഥലംമാറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സ്ഥലംമാറ്റ മാനദണ്ഡപ്രകാരം കാലാവധി പൂർത്തിയാക്കിയ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(എഫ്) ഓരോ തസ്തികയിലും ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ പേര്, തസ്തിക, ഇപ്പോഴുള്ള സീറ്റിൽ തുടർന്നുവരുന്ന കാലയളവ് എന്നിവ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുമോ?

തിട്ടപ്പെടുത്തിയിട്ടില്ല.

(ജി) പൊതുഭരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പൊതുസ്ഥലംമാറ്റത്തിനുള്ള വ്യവസ്ഥകളല്ല, സ്ഥലംമാറ്റത്തിനുള്ള മാർഗ്ഗരേഖകളാണ് നിലവിലുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

33 (33) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചു കൊണ്ട് 25-2-2017-ലെ സ.ഉ. (പി) 3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് തുടർച്ചയായി 21-10-2021-ലെ സ.ഉ. (സാധാ). 155/2021/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് ഓൺലൈൻ സംവിധാനത്തിലൂടെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും നടത്തുന്നതുസംബന്ധിച്ച് എല്ലാ വകുപ്പുകൾക്കും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം വകുപ്പുകളിലാണ് ജനറൽ ട്രാൻസ്ഫറിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഇനി ഏതൊക്കെ വകുപ്പുകളിലാണ് ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, രജിസ്ട്രേഷൻ, കാർഷിക വികസന കർഷകക്ഷേമം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണം, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫാക്ടറീസ് & ബോയിലേഴ്സ്, മോട്ടോർ വാഹനം, സാങ്കേതിക വിദ്യാഭ്യാസം, എൻ.സി.സി., സംസ്ഥാന ഭൂവിനിയോഗം, സാമ്പത്തിക സ്ഥിതിവിവര കണക്ക്, ഭാരതീയ ചികിത്സ, ഹോമിയോപ്പതി, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിലാണ് ജനറൽ ട്രാൻസ്ഫറിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. മറ്റ് വകുപ്പുകളിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ഫെയർകോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് പോസ്റ്റ് ആക്കാൻ നടപടി

34 (34) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ ഫെയർകോപ്പി സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തിക ഗസറ്റഡ് തസ്തികയാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(ബി) ടൈപ്പിസ്റ്റ് തസ്തികകളിലെ ജോലി പുനർനിർണ്ണയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(സി) ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കുന്നതിന് സർക്കാർ നിയമിച്ച കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പേരുമാറ്റത്തിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ-ഡി) ഉണ്ട്. ടൈപ്പിസ്റ്റ് തസ്തികയുടെ ജോലിയും ചുമതലകളും പുനർനിർണ്ണയിക്കുന്നതിനായി പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠന സംഘങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഭരണ നേട്ടത്തിന് ലഭിച്ച പുരസ്കാരങ്ങൾ

35 (35) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും വിവിധ തലങ്ങളിലെ ഭരണനേട്ടത്തിനായി ഇക്കഴിഞ്ഞ ആറ് വർഷത്തിനിടെ ലഭിച്ച പ്രമുഖ അവാർഡുകളും അംഗീകാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും വിവിധ തലങ്ങളിലെ ഭരണനേട്ടത്തിന്റെ ഭാഗമായി ഇക്കഴിഞ്ഞ ആറ് വർഷത്തിനിടെ ലഭിച്ച പ്രമുഖ അവാർഡുകളുടെയും അംഗീകാരങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## യു.എ.ഇ. കോൺസുലേറ്റ് ജനറൽ - മുഖ്യമന്ത്രി കൂടിക്കാഴ്ച

36 (36) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുമായി 2016-2020 കാലയളവിൽ ക്ലിഫ് ഹൗസിൽവച്ച് കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ; ഏതൊക്കെ ദിവസങ്ങളിൽ; വ്യക്തമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) യു.എ.ഇ. കോൺസുലേറ്റ് ജനറലിന് മുഖ്യമന്ത്രിയുമായി വ്യക്തിപരമായോ ഔദ്യോഗികമായോ കൂടിക്കാഴ്ച നടത്തുന്നതിന് വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഔദ്യോഗിക സ്വഭാവമുള്ള കൂടിക്കാഴ്ചകൾ നടത്തിയിട്ടുണ്ട്. കൂടിക്കാഴ്ച്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല.

(സി) മേൽപ്പറഞ്ഞ കൂടിക്കാഴ്ചകളുമായി ബന്ധപ്പെട്ട് പ്രോട്ടോക്കോൾ ലംഘനം നടന്നതായി വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന പ്രോട്ടോക്കോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇല്ല.

**പി.എസ്.സി. മുഖേനയുള്ള നിയമനം**

37 (37) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ 2016-ൽ അധികാരമേറ്റതിനുശേഷം നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. മുഖേനയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
2. കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
3. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
4. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
5. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്
6. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
7. ലോക് ആയുക്ത
8. ടെക്നിക്കൽ സെൽ ഓഫ് ദി ഹൗസിംഗ് ഡിപ്പാർട്ടുമെന്റ് (O/o ഹൗസിംഗ് കമ്മീഷണർ)
9. മൈനോറിറ്റി വെൽഫെയർ ഡിപ്പാർട്ടുമെന്റ്.

(ബി) 2016 മുതൽ ഏതൊക്കെ വകുപ്പുകളിലായി എത്ര തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2016 മുതൽ ഏതൊക്കെ വകുപ്പുകളിലെ ഏതൊക്കെ തസ്തികകളാണ് നിർത്തലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വിരമിച്ച ഉദ്യോഗസ്ഥരുടെ പുനർനിയമനം**

38 (38) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജനുവരി ഒന്നിനുശേഷം വിരമിച്ച ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ എത്രപേർക്കാണ് പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളൊഴികെയുള്ള സർക്കാർ, അർദ്ധസർക്കാർ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ പുനർനിയമനം നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകിയിട്ടുള്ള തസ്തിക, ടി.എ., ഡി.എ., മറ്റലവൻസുകൾ എന്നിവയുൾപ്പെടെയുള്ള ആകെ ശമ്പളം, ജോലിയിൽ തുടർന്ന കാലയളവ് എന്നീ വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) ഇപ്രകാരം പുനർനിയമനം നേടിയിട്ടുള്ള ഉദ്യോഗസ്ഥർ ഇവരുടെ ഐ.എ.എസ്., ഐ.പി.എസ്. സർവ്വീസുൾപ്പെടെയുള്ള കാലയളവുകളിൽ ഏതെങ്കിലും കേസുകളിൽ പ്രതികളായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ-സി) കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറായി ശ്രീമതി ആർ. ഗിരിജ ഐ.എ.എസ്. (റിട്ടയേർഡ്)-നെ മൂന്നുവർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ 7-7-2022-ലെ ഉത്തരവുപ്രകാരം നിയമിച്ചു. പുനർനിയമന വ്യവസ്ഥയിലുള്ള ശമ്പളവും മറ്റലവൻസുകളും നിർണ്ണയിച്ച് ഉത്തരവായിട്ടില്ല. കേരള ആയുർവ്വേദ പഠന ഗവേഷണ സൊസൈറ്റിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേയ്ക്ക് ശ്രീ. ടി. ഭാസ്കരൻ, ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിലവിൽ ഓണറേറിയമായി 85000 രൂപ (75000 + 10000 + HRA) പ്രതിമാസം അനുവദിച്ചുവരുന്നു. 29-8-2019 മുതൽ അദ്ദേഹം സർവ്വീസിൽ തുടരുന്നുണ്ട്.

ഡോ. ഉഷ ടൈറ്റസ്, ഐ.എ.എസ്. (റിട്ടയേർഡ്) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരളയിൽ (അസാപ് കേരള) ചെയർമാൻ ആൻഡ്

മാനേജിംഗ് ഡയറക്ടർ തസ്തികയിൽ 1-2-2021-ന് പുനർനിയമന വ്യവസ്ഥയിൽ നിയമിതയായിട്ടുണ്ട്. മൂന്നുവർഷത്തേയ്ക്കാണ് നിയമനം നടത്തിയിട്ടുള്ളത്. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആകെ ശമ്പളം 1,87,124 രൂപയാണ്. [1,12,050 (അടിസ്ഥാന ശമ്പളം) + 34,736 (ഡി.എ.)+ 40,338 (എച്ച്.ആർ.എ.)]. മറ്റ് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം**

39 (39) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുകീഴിലെ വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കണക്ക് വകുപ്പ്/തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

എല്ലാ വകുപ്പുകളിലും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം യഥാസമയം അവലോകനം ചെയ്ത് കുറവുകണ്ടെത്തുന്നപക്ഷം ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എല്ലാ വകുപ്പുകളിലെയും പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ കണക്ക് പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരം സ്ഥാപനം/തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിവരം സംബന്ധിച്ച് അവരുടെ ഭരണ വകുപ്പ്, കാറ്റഗറി, എണ്ണം എന്നിവ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രാതിനിധ്യക്കുറവ് കണ്ടെത്തുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

**ജില്ലാ കളക്ടർ നിയമനം**

40 (40) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥർ സർവ്വീസ് കാലയളവിൽ നിർബന്ധമായും കളക്ടറായി സേവനമനുഷ്ഠിക്കണമെന്ന് സർവ്വീസ് ചട്ടത്തിലോ ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിലോ വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേല്പറഞ്ഞപ്രകാരം നിർബന്ധമായും കളക്ടർ ആകണമെന്ന് വ്യവസ്ഥയില്ലെങ്കിൽ നരഹത്യ കേസ് പ്രതിയെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിയെ ആലപ്പുഴ ജില്ലാ കളക്ടറായി നിയോഗിക്കാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഐ.എ.എസ്. ഉദ്യോഗസ്ഥരെ സർവ്വീസിലെ ആദ്യഘട്ടത്തിൽ ഫീൽഡ് പരിചയത്തിനായി ജില്ലാ കളക്ടറായി ഒരു നിശ്ചിത കാലയളവിൽ നിയമിക്കുന്നതാണ് നിലവിലെ കീഴ്വഴക്കം.

**സെലക്ഷൻ മുഖേനയുള്ള ഐ.എ.എസ്. നിയമനം**

41 (41) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 വർഷത്തിൽ സ്റ്റേറ്റ് സിവിൽ സർവ്വീസ് ഇതര സർവ്വീസുകളിൽനിന്നും സെലക്ഷൻ മുഖേന നിയമനത്തിനായി എത്ര ഒഴിവുകളാണ് ഐ.എ.എസ്. തസ്തികയിൽ കേന്ദ്രസർക്കാർ കേരളത്തിനായി അംഗീകരിച്ചിരിക്കുന്നത്?

നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽനിന്നും 2021 സെലക്ഷൻ വർഷത്തിൽ ഐ.എ.എസ്. സെലക്ഷൻ നൽകുന്നതിനായി കേന്ദ്ര പേഴ്സണൽ മന്ത്രാലയം അഞ്ച് ഒഴിവുകൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

(ബി) ഇതിനുള്ള യോഗ്യതാ മാനദണ്ഡമെന്താണ്; ഈ ഒഴിവുകളിലേയ്ക്ക് എത്ര അപേക്ഷകരുണ്ടായിരുന്നു; അപേക്ഷകരുടെ പട്ടിക സഹിതം വ്യക്തമാക്കുമോ;

(സി) ഇവരിൽനിന്നും എത്രപേരെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി മുമ്പാകെ അഭിമുഖത്തിനായി ക്ഷണിച്ചുവെന്നും പ്രസ്തുത സമിതിയുടെ മിനിട്ട്സിന്റെ പകർപ്പും ലഭ്യമാക്കുമോ?

(ബി&സി) Indian Administrative Service (Appointment by Selection) Regulations, 1997-ലെ ചട്ടങ്ങൾപ്രകാരം ഐ.എ.എസ്. സെലക്ഷന് പരിഗണിക്കപ്പെടുന്നതിനുള്ള യോഗ്യത നിർണ്ണയിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു*). 2021 സെലക്ഷൻ വർഷത്തിനായി നിർണ്ണയിച്ചുനൽകിയ ഒഴിവുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി 43 നോമിനേഷനുകൾ ലഭിച്ചിരുന്നു. ഇതിൽ 41 പേരെ അഭിമുഖത്തിനായി ക്ഷണിച്ചിരുന്നു. സെലക്ഷനായുള്ള പ്രൊപ്പോസൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലാണ്. സെലക്ഷൻ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ തെരഞ്ഞെടുപ്പിന് കമ്മിറ്റി പരിഗണിച്ച മാനദണ്ഡമെന്തായിരുന്നു; അതിനാധാരമാക്കിയ യു.പി.എസ്.സി.-യുടെയോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയോ ചട്ടങ്ങളുടെയോ മാർഗ്ഗനിർദ്ദേശങ്ങളുടെയോ പകർപ്പുകൾ സഹിതം വ്യക്തമാക്കുമോ?

Indian Administrative Service (Appointment by Selection) Regulations, 1997-ലെ ചട്ടങ്ങളും 5-5-2014-ലെ സ.ഉ. (കൈ) നമ്പർ 106/2014/പൊ.ഭ.വ. ഉത്തരവ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റി ഐ.എ.എസ്. സെലക്ഷന് പരിഗണിക്കപ്പെടുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥരെ ശിപാർശ ചെയ്യുന്നത്. പ്രസ്തുത റെഗുലേഷന്റെയും ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) പ്രസ്തുത സംസ്ഥാനതല സ്ക്രീനിംഗിൽ കേന്ദ്രസർക്കാരിന്റെ 1997-ലെ റെഗുലേഷൻ പ്രകാരം ഒരൊഴിവിന് അഞ്ചുപേരെ തെരഞ്ഞെടുപ്പ് സമിതിമുമ്പാകെ നിർദ്ദേശിക്കാമെന്നിരിക്കെ ഈ അനുപാതത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

IAS (Appointment by Selection) Regulations, 1997-ലെ ചട്ടം 4(iii)-ലെ നിബന്ധനപ്രകാരം ഒരൊഴിവിന് പരമാവധി അഞ്ചുപേരെയാണ് പ്രൊപ്പോസലിൽ ഉൾപ്പെടുത്താവുന്നത്.

(എഫ്) ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട അനുപാതം പാലിക്കാത്തതിനാൽ കേന്ദ്രസർക്കാരോ യു.പി.എസ്.സി.-യോ സംസ്ഥാനത്തിന്റെ വിശദീകരണം ആരാഞ്ഞിരുന്നോ; അതിനെന്ത് മറുപടിയാണ് നൽകിയത്; പകർപ്പ് ലഭ്യമാക്കുമോ?

പ്രൊപ്പോസൽ സംബന്ധിച്ച് പൊതുവായ അഭിപ്രായവും സ്പഷ്ടീകരണവും ആരാഞ്ഞിരുന്നു.

(ജി) സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ആരെങ്കിലും ചീഫ് സെക്രട്ടറിക്ക് അപ്പീൽ സമർപ്പിച്ചിരുന്നോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

രണ്ടുപേർ സമർപ്പിച്ചിരുന്നു. അവ പരിശോധിച്ച് മറുപടി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അഖിലേന്ത്യാ സർവ്വീസിലെ കേരള കേഡർ ഓഫീസർമാർ

42 (42) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

i. സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിന്റെ അംഗീകൃത അംഗബലം 231 ആണെന്നിരിക്കെ നിലവിൽ 89 ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

ii. ഐ.പി.എസ്. കേഡറിന്റെ അംഗീകൃത അംഗബലം 172 ആണെങ്കിലും നിലവിൽ 59 ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

iii. ഐ.എഫ്.എസ്. കേഡറിന്റെ അംഗീകൃത അംഗബലം 107 ആണെങ്കിലും നിലവിൽ 36 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ട്.

എന്നാൽ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിൽ മറ്റ് സംസ്ഥാന കേഡറുകളിൽനിന്നും ഐ.പി.എസ്.-ൽ ഒന്നും ഐ.എഫ്.എസ്.-ൽ ആറും ഉദ്യോഗസ്ഥർ നിലവിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്.

(ബി) അഖിലേന്ത്യാ സർവ്വീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

i. കേരള കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 19 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും ഒരാൾ അന്യസംസ്ഥാനത്ത് ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും 4 പേർ സംസ്ഥാന സർക്കാരിനുകീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തുവരുന്നു.

ii. ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ നിലവിൽ 18 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും ഒരാൾ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും 2 പേർ സംസ്ഥാന സർക്കാരിനുകീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തുവരുന്നു.

iii. ഐ.എഫ്.എസ്. ഉദ്യോഗസ്ഥരിൽ നിലവിൽ 15 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 4 പേർ സംസ്ഥാന സർക്കാരിനുകീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും സേവനമനുഷ്ഠിച്ചുവരുന്നു.

(സി) ഇവരുടെ സേവനം സംസ്ഥാനത്തുതന്നെ ഉറപ്പാക്കാൻ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

അഖിലേന്ത്യാ സർവ്വീസ് (കേഡർ) ചട്ടങ്ങൾ, 1954-ലെ ചട്ടം 6 പ്രകാരം കേഡറിലുള്ള അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും അനുമതിയോടുകൂടി കേന്ദ്ര സർക്കാരിലേയ്ക്കോ മറ്റ് സംസ്ഥാന സർക്കാരുകളുടെ കീഴിലോ ഏതെങ്കിലും കമ്പനികളിലോ സംഘടനകളിലോ ഡെപ്യൂട്ടേഷൻ പോകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടേഷൻ പോകുന്നതിലൂടെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് വ്യത്യസ്ത മേഖലകളിൽ കൂടുതൽ അറിവ് നേടാനും അപ്രകാരം ആർജ്ജിക്കുന്ന പരിചയസമ്പത്ത് കേഡറിൽ തിരികെയെത്തുമ്പോൾ സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്താനും സാധിക്കുന്നു. അന്യസംസ്ഥാനക്കാരായ, എന്നാൽ കേരള കേഡറിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് തങ്ങളുടെ സ്വദേശത്ത് ജോലി ചെയ്യുന്നതിനുള്ള അവസരവും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളും മക്കളുടെ വിദ്യാഭ്യാസവും കാര്യക്ഷമമായി കൊണ്ടുപോകുന്നതിനുള്ള സാഹചര്യവും ഡെപ്യൂട്ടേഷൻവഴി ലഭിക്കുന്നു. കൂടാതെ, കേന്ദ്രത്തിലെ എംപാനൽമെന്റ് പ്രക്രിയയിൽ പരിഗണിക്കപ്പെടുന്നതിന് കുറഞ്ഞത് 2 വർഷത്തെ കേന്ദ്ര ഡെപ്യൂട്ടേഷൻ സേവനം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നിർബന്ധവുമാണ്. ആയതിനാൽ ചട്ടപ്രകാരം അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷന് അപേക്ഷിച്ചാൽ വിജിലൻസ് ക്ലിയറൻസ്/കൂളിംഗ് ഓഫ് കാലാവധി എന്നിവ പരിശോധിച്ച് അർഹതയുള്ളതായി കാണുന്ന ഡെപ്യൂട്ടേഷൻ അപേക്ഷകൾ കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. എങ്കിലും യോഗ്യരായ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ അപേക്ഷകൾമാത്രം കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാനും ഓരോ കേഡറിലെയും ഡെപ്യൂട്ടേഷൻ റിസർവിന്റെ പരിധി അധികരിക്കാതിരിക്കാനും സംസ്ഥാന സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.

## നവകേരളം കർമ്മപദ്ധതി 2

43 (43) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം കർമ്മപദ്ധതി 2-ലുൾപ്പെടുത്തി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇതിനായി സർക്കാർ തലത്തിൽ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചിരുന്ന ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം എന്നീ വികസന മിഷനുകളുടെ പ്രവർത്തനത്തിലൂടെ വലിയ നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിനും കൂടുതൽ ഫലപ്രദമായ സംയോജനവും ഏകോപനവും ഉറപ്പാക്കുന്നതിനുമായി ഈ നാല് വികസന മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയെയും ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2 രൂപീകരിച്ചിട്ടുള്ളത്. ഈ കർമ്മപദ്ധതിയുടെ മുൻഗണനാ മേഖലകൾ താഴെപ്പറയുന്നവയാണ്.

- ഭവനരഹിതരായ കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ നൽകാനും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിടുന്ന ലൈഫ് മിഷൻ.

- ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് സമകാലിക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിടുന്ന ആർദ്രം മിഷൻ.

- ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുകയും പൊതുവിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള വിദ്യാകിരണം.

- ശുചിത്വം-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം, മാലിന്യമുക്ത പരിസ്ഥിതി ഉറപ്പാക്കുക തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിത കേരളം മിഷൻ.

- ആർ.കെ.ഐ. - ദുരന്താഘാത പ്രതിരോധ ശേഷിക്കുള്ള പശ്ചാത്തല സൗകര്യമൊരുക്കലാണ് ലക്ഷ്യമിടുന്നത്.

മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും നവകേരളം കർമ്മപദ്ധതി സെല്ലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ നാല് വികസന മിഷനുകൾക്കും സംസ്ഥാനതല കർമ്മസമിതിയും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുമുള്ള മിഷനുകളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും പ്രതിനിധികളുൾപ്പെടെ യുള്ളവരെ പങ്കെടുപ്പിച്ച് ശില്പശാലകൾ സംഘടിപ്പിച്ച് നവകേരളം കർമ്മപദ്ധതി 2-ന്റെ മാർഗ്ഗരേഖ തയ്യാറാക്കുകയും ആയത് 11-2-2022-ലെ സ.ഉ. (അച്ചടി) നമ്പർ 1/2022/പി.ഐ.ഇ.&എം.ഡി. നമ്പർ ഉത്തരവനുസരിച്ച് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതികൾ

44 (44) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയടക്കമുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## റീ-ബിൽഡ് കേരള റോഡ് പുനരുദ്ധാരണ പദ്ധതി

45 (45) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള റോഡ് പുനരുദ്ധാരണ പദ്ധതിയുടെ രണ്ടാംഘട്ടം എന്നാരംഭിക്കുമെന്ന് അറിയിക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളുൾപ്പെടുത്തിയിട്ടുണ്ടെന്നും അവ എന്നാരംഭിക്കുമെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 6-10-2020-ലെ സ.ഉ. (സാധാ) നമ്പർ 1835/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഫേസ് 2-ൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളുടെ പട്ടികയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും ഉൾപ്പെട്ടിരുന്ന,

1. അഗാഡിക്കൽ ഭഗവതിപ്പടി റോഡ് - അഗാഡിക്കൽ മാലയിൽ സ്കൂൾ റോഡ് (ചെങ്ങന്നൂർ മുനിസിപ്പാലിറ്റി)
2. മുണ്ടൻകാവ്- കിഴക്കേനട റോഡ് (ചെങ്ങന്നൂർ മുനിസിപ്പാലിറ്റി)
3. പാരമേൽപ്പടി -ലങ്കാ വള്ളിക്കുന്ന് റോഡ് (ചെറിയനാട് ഗ്രാമപഞ്ചായത്ത്)
4. ഹൈസ്കൂൾ ജംഗ്ഷൻ -പള്ളാത്തുപടി റോഡ് (തിരുവൻവണ്ടൂർ)
5. നടയേക്കൽ ജംഗ്ഷൻ -താഴവനപ്പടി - കരാഴ്മ ജംഗ്ഷൻ - കുത്തംപേരൂർ റോഡ് ഇൻ വാർഡ് 6, 7, 8 (ചെന്നിത്തല ഗ്രാമപഞ്ചായത്ത്)

എന്നീ റോഡുകളുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

**റീ-ബിൽഡ് കേരള പദ്ധതി**

46 (46) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇനി ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ?

(ബി-ഡി) പട്ടാമ്പി മണ്ഡലത്തിൽ റീ-ബിൽഡ് കേരളയിലുൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികളിലൊന്നും ഭരണാനുമതി നൽകാൻ അവശേഷിക്കുന്നില്ല.

(ഇ) തുടർന്നുള്ള വർഷങ്ങളിൽ റീ-ബിൽഡ് കേരള പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപരേഖ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആർ.കെ.ഐ.-യുടെ കീഴിലുള്ള പദ്ധതികൾ വാർഷികാടിസ്ഥാനത്തിലല്ല തയ്യാറാക്കുന്നതും അനുമതി നൽകുന്നതും.

**വടക്കാഞ്ചേരി മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

47 (47) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇവ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇത്തരം പദ്ധതികളുടെ പ്രവൃത്തികളാരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇവയിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കേരള പുനർനിർമ്മാണ പദ്ധതികൾ**

48 (48) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുകകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അനുവദിച്ച തീയതി, പൂർത്തിയാക്കിയ തീയതി, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കാലപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വെളിപ്പെടുത്താമോ;

(ഡി) കാലപരിധിക്കുള്ളിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) കുണ്ടറ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ റോഡുകളൊന്നും ഏറ്റെടുത്തിട്ടില്ല.

**അരൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

49 (49) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

അരൂർ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനു കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ചതിൽ ഏതെങ്കിലും പ്രവൃത്തികൾ മറ്റ് ഏജൻസികളുടെ ഫണ്ടുപയോഗിച്ച് ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനുകീഴിൽ ആർ.കെ.ഐ. ഭരണാനുമതി നൽകിയ പഞ്ചായത്ത് ഓഫീസ് - ഊടുപുഴ റോഡ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തിയാക്കി. വടുതല-മിർസാദ് റോഡ് പി.ഡബ്ല്യു.ഡി. ടൂറിസം സർക്യൂട്ട് പ്രോഗ്രാമിലുൾപ്പെടുത്തി ചെയ്തു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പെരുമ്പളം ഗ്രാമപഞ്ചായത്തിൽ മാർക്കറ്റ്-വാത്തിക്കാട് ജെട്ടി റോഡിന്റെ ടെണ്ടർ ആരും ഏറ്റെടുക്കാത്തതുമൂലം പ്രസ്തുത പ്രവൃത്തി നടപ്പിലാകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് റീ-ടെണ്ടർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത റോഡ് പലതവണ റീ-ടെണ്ടർ നടത്തിയെങ്കിലും (DSoR 2016 റേറ്റ് പ്രകാരം) ആരും ഏറ്റെടുത്തിട്ടില്ല. DSoR 2018 റേറ്റ് പ്രകാരം വീണ്ടും റീ-ടെണ്ടർ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ലൈഫ് പദ്ധതി**

50 (50) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് പരിഷ്കരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് സർക്കാരിന്റെ 27-7-2020-ലെ സ.ഉ. (കൈ) 112/2020/ ത.സ്വ.ഭ.വ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

<u>അർഹതാ മാനദണ്ഡങ്ങൾ</u>:

(a) <u>ഭൂമിയുള്ള ഭവനരഹിതർ</u>:

1. ഒരേ റേഷൻ കാർഡിലുൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിനുമാത്രമായി പരിഗണിക്കേണ്ടതാണ്. 2020 ജൂലൈ 1-നുമുമ്പ് റേഷൻ കാർഡുള്ള കുടുംബം (13-2-2021-ലെ സ.ഉ. (ആർ.ടി.) നമ്പർ 419/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 20-2-2021 വരെ റേഷൻ കാർഡ് ലഭ്യമായവർക്ക് അപേക്ഷിക്കാമെന്ന ഭേദഗതി വരുത്തിയിട്ടുണ്ട്). ആ റേഷൻ കാർഡിലുൾപ്പെട്ട ഒരാൾക്കുപോലും ഭവനമില്ലാത്തവരുമാകണം. (പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല.)

2. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല.)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തു ഭാഗംചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ലെന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവകൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂരയുള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങളെന്ന വിഭാഗത്തിൽ പരിഗണിക്കാം.) നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

(b) <u>ഭൂരഹിത ഭവനരഹിതർ</u>:

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡംകൂടി പരിഗണിക്കും.

സ്വന്തമായി ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമിയുള്ളവർ.

(ബി) അർഹതയുണ്ടായിരുന്നിട്ടും സാങ്കേതിക കാരണങ്ങളാൽ ഉൾപ്പെടുത്താൻ കഴിയാതെപോയ കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മാനദണ്ഡങ്ങൾ പ്രകാരമാണ് അർഹത നിർണ്ണയിക്കുന്നത്.

## ലൈഫ് മിഷൻ

51 (51) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷൻ പദ്ധതി മുഖേന ഇക്കഴിഞ്ഞ ആറ് വർഷത്തിനിടെ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

ലൈഫ് മിഷൻ പദ്ധതി മുഖേന 8-8-2022 വരെ 301018 കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ആകെ |
|---|---|
| തിരുവനന്തപുരം | 41446 |
| കൊല്ലം | 25943 |
| പത്തനംതിട്ട | 8066 |
| ആലപ്പുഴ | 21741 |
| കോട്ടയം | 11681 |
| ഇടുക്കി | 18423 |
| എറണാകുളം | 22376 |
| തൃശ്ശൂർ | 22248 |
| പാലക്കാട് | 33868 |
| മലപ്പുറം | 27495 |
| കോഴിക്കോട് | 21909 |
| വയനാട് | 22095 |
| കണ്ണൂർ | 12749 |
| കാസർഗോഡ് | 10978 |
| ആകെ | 301018 |

## കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ ശമ്പള പരിഷ്കരണ ഡി.എ. കുടിശ്ശിക

52 (52) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ 2018 ജനുവരി മുതൽ 2021 ഡിസംബർ വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്നവർ ആരെല്ലാമെന്നും ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്തിരുന്നതെന്നും അവർ ജോലി ചെയ്ത കാലാവധി ഏതാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ഇ.സി.-യിൽ 2018 ജനുവരി മുതൽ 2021 ഡിസംബർ വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ജീവനക്കാരിൽ ആർക്കെല്ലാമാണ് അവർ അവിടെ സേവനമനുഷ്ഠിച്ച കാലത്തുള്ള ശമ്പളപരിഷ്കരണ കുടിശ്ശികയും ഡി.എ. കുടിശ്ശികയും നൽകിയിട്ടുള്ളതെന്നും ഇനി ആർക്കെല്ലാമാണ് പ്രസ്തുത കുടിശ്ശികകൾ നൽകാനുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവുമായി ബന്ധപ്പെട്ട കുടിശ്ശികകൾ അർഹരായ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. 10-2-2021-ലെ സ.ഉ. (പി) 27/21/ധന. നമ്പർ ഉത്തരവ് പ്രകാരമുള്ള 1-7-2019 മുതൽ 28-2-2021 വരെയുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക ആർക്കും നൽകിയിട്ടില്ല.

(സി) മേൽ കുടിശ്ശികകൾ നൽകിയിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് നൽകാനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ;

(ഡി) ജീവനക്കാർക്ക് അർഹതപ്പെട്ടതും സർക്കാർ അനുവദിച്ചതുമായ പ്രസ്തുത കുടിശ്ശികകൾ നൽകാതെ വൈകിപ്പിക്കുന്നത് അവർക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നതിനാൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; മേൽ കുടിശ്ശിക ലഭിക്കേണ്ട ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) 10-2-2021-ലെ സ.ഉ. (പി) നമ്പർ 27/2021/ധന. പ്രകാരമുള്ള ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം 1-7-2019 മുതൽ 28-2-2021 വരെയുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക 25% വീതം 4 തവണകളായി യഥാക്രമം 1-4-2023, 1-10-2023, 1-4-2024, 1-10-2024 എന്നീ തീയതികളിൽ ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ കുടിശ്ശിക നൽകുന്നതിൽ കാലതാമസമുണ്ടായിട്ടില്ല.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഇതുസംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന ഫയലിന്റെ ഇതുവരെയുള്ള നടപടിക്രമങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

മൂന്ന് ഉദ്യോഗസ്ഥർക്ക് ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള കുടിശ്ശിക കണക്കാക്കി പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**പി.എസ്.സി. പത്താംതരം പൊതുപ്രാഥമിക പരീക്ഷ**

53 (53) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പത്താംതരം പൊതുപ്രാഥമിക പരീക്ഷയിൽ ഇതുവരെ എത്ര ഘട്ടങ്ങൾ നടന്നുവെന്നും ഇനിയെത്ര ഘട്ടം ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ?

പത്താംതരം പൊതുപ്രാഥമിക പരീക്ഷ ആറ് ഘട്ടങ്ങളിലായി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇതുവരെ നടന്ന പരീക്ഷയുടെ നിലവാരം വ്യത്യസ്ത നിലയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചോദ്യപേപ്പറുകളുടെ രഹസ്യാത്മകത പരമാവധി കാത്തുസൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാലും ചോദ്യകർത്താക്കൾ തമ്മിൽ പരസ്പരം ബന്ധപ്പെടുവാൻ യാതൊരു സാഹചര്യവും പി.എസ്.സി. സ്വീകരിക്കാത്ത തിനാലുമാണ് ഒരേ സിലബസ് ഉപയോഗിച്ച് പല ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ചില ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്നത്. ഭാവിയിൽ ഒരേ സിലബസുപയോഗിച്ച് ഒന്നിലധികം ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിൽ നിലവിലുള്ള രീതിയിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ഏകീകൃത സ്വഭാവം സ്വീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കുന്നതാണ്.

(സി) പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് എങ്ങനെ നിശ്ചയിക്കുന്നതിനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പരീക്ഷയുടെ നിലവാരത്തിനനുസരിച്ച് വ്യത്യസ്ത കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) ഏതെങ്കിലും തെരഞ്ഞെടുപ്പിന് ഉദ്യോഗാർത്ഥികളുടെ ബാഹുല്യം നിമിത്തം ഒരു ഘട്ടമായി പരീക്ഷ നടത്തുന്നത് അസാദ്ധ്യമായി വരുന്ന അവസരങ്ങളിലാണ് ജില്ല തിരിച്ച് വിവിധ തീയതികളിലായി പരീക്ഷ നടത്തുന്നത്. തുടർന്ന് ഒരു പരീക്ഷയുടെ വിവിധ ചോദ്യപേപ്പറുകളിലെ ഓരോ ചോദ്യത്തിന്റെയും difficulty level താരതമ്യം ചെയ്ത് മാർക്ക് normalise (standardise) ചെയ്താണ് ചുരുക്കപ്പട്ടിക/അർഹത പട്ടിക പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിൽ മാർക്കുകൾ ക്രമീകരിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിക്ക് കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. ടി സമിതിയുടെ ശിപാർശകൾക്കനുസൃതമായാണ് മാർക്ക് ക്രമീകരണം നടത്തുന്നത്.

**പത്താംതരം പ്രാഥമിക പരീക്ഷ**

54 (54) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ട് ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത, ആറ് ഘട്ടങ്ങളിലായി നടത്തിയ പി.എസ്.സി.-യുടെ പത്താംക്ലാസ് പ്രാഥമിക പരീക്ഷയുടെ ഓരോ ഘട്ടത്തിലും പല നിലവാരത്തിലുള്ള ചോദ്യക്കടലാസുകളാണ് ഉപയോഗിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഒരേ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് പല ഘട്ടങ്ങളിലായി നടക്കുന്ന പ്രാഥമിക പരീക്ഷകളിൽ പല നിലവാരത്തിലുള്ള ചോദ്യപേപ്പർ ഉപയോഗിക്കുമ്പോൾ ഒരു കാറ്റഗറിയിലെ തസ്തികയ്ക്ക് പല ഘട്ടങ്ങളിൽ പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളെ ചേർത്ത് ഒരു ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിന് പി.എസ്.സി. സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും രീതികളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചോദ്യപേപ്പറുകളുടെ രഹസ്യാത്മകത പരമാവധി കാത്തു സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാലും ചോദ്യകർത്താക്കൾ തമ്മിൽ പരസ്പരം ബന്ധപ്പെടാൻ യാതൊരു സാഹചര്യവും കേരള പി.എസ്.സി. സ്വീകരിക്കാത്തതിനാലുമാണ് ഒരേ സിലബസ് ഉപയോഗിച്ച് പല ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ചില ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്നത്. ഒരു പരീക്ഷയുടെ വിവിധ ചോദ്യപേപ്പറുകളിലെ ഓരോ ചോദ്യത്തിന്റെയും difficulty level താരതമ്യം ചെയ്ത് മാർക്ക് normalise (standardise) ചെയ്താണ് ചുരുക്കപ്പട്ടിക/അർഹത പട്ടിക പ്രസിദ്ധീകരിക്കുന്നത്. ഇത്തരത്തിൽ മാർക്കുകൾ ക്രമീകരിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിക്ക് കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. ടി സമിതിയുടെ ശിപാർശകൾക്കനുസൃതമായാണ് മാർക്ക് ക്രമീകരണം നടത്തുന്നത്.

(സി) ഇത്തരത്തിൽ പല ഘട്ടങ്ങളിലായി നടക്കുന്ന പ്രാഥമിക പരീക്ഷകളിൽ പല നിലവാരത്തിലുള്ള ചോദ്യപേപ്പർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഭാവിയിൽ ഒരേ സിലബസുപയോഗിച്ച് ഒന്നിലധികം ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷകളിലും നിലവിലുള്ള രീതിയിൽ ചോദ്യങ്ങളുടെ നിലവാരത്തിൽ ഏകീകൃത സ്വഭാവം സ്വീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കുന്നതാണ്.

## അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തിക

55 (55) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള ജയിൽ വകുപ്പിൽ പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് നിലവിലുള്ള യോഗ്യതകളെന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

9-12-2010-ലെ സ.ഉ. (പി) നമ്പർ 266/2010/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 1171/2010) പ്രകാരം ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളുടെ യോഗ്യതകൾ നിശ്ചയിച്ചിരുന്നു. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതുകൂടാതെ പ്രസ്തുത തസ്തികകൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 18-36 വയസ്സാണ്. ഒ.ബി.സി., എസ്.സി./എസ്.ടി., വിമുക്തഭടൻ എന്നീ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് വയസ്സിളവുണ്ട്.

## വനം വകുപ്പിൽ ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റ്

56 (56) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ഡ്രൈവർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ കാലാവധി എന്നുവരെയാണെന്ന് അറിയിക്കാമോ?

വനം വകുപ്പിലെ ഡ്രൈവർ (കാറ്റഗറി നമ്പർ 120/2017) തസ്തികയ്ക്ക് ആലപ്പുഴ ജില്ലയൊഴികെ മറ്റെല്ലാ ജില്ലകളിലും റാങ്ക് പട്ടിക നിലവിലുണ്ട്. റാങ്ക് പട്ടികയുടെ കുറഞ്ഞ കാലാവധി ആയത് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരുവർഷം വരെയാണ്. റാങ്ക് പട്ടികയുടെ കാലാവധി പരമാവധി മൂന്നുവർഷം വരെയോ അല്ലെങ്കിൽ പുതിയ റാങ്ക് പട്ടിക നിലവിൽ വരുന്നതുവരെയോ ഏതാണോ ആദ്യം അതുവരെയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച തീയതി | നിയമന ശിപാർശ നൽകിയവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 8-6-2021 | 3 |
| കൊല്ലം | 8-6-2021 | 5 |
| പത്തനംതിട്ട | 8-6-2021 | 10<br>(All Candidates advised) |
| കോട്ടയം | 8-6-2021 | 3 |
| ഇടുക്കി | 8-6-2021 | 16 |
| എറണാകുളം | 8-6-2021 | 3 |
| തൃശ്ശൂർ | 8-6-2021 | 12 |
| പാലക്കാട് | 8-6-2021 | 8 |
| മലപ്പുറം | 8-6-2021 | 2<br>(All Candidates advised) |
| കോഴിക്കോട് | 8-6-2021 | 4 |
| വയനാട് | 8-6-2021 | 8 |
| കണ്ണൂർ | 8-6-2021 | 3 |
| കാസർഗോഡ് | 8-6-2021 | 1 |

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് ലിസ്റ്റ്

57 (57) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നാണ് അവസാനമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നറിയിക്കാമോ?

ഇല്ല. ടി തസ്തികയുടെ ഓരോ ജില്ലയിലെയും റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച തീയതി ചുവടെ ചേർക്കുന്നു.

| ജില്ല | റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച തീയതി |
|---|---|
| തിരുവനന്തപുരം | 10-8-2017 |
| കൊല്ലം | 25-4-2017 |
| പത്തനംതിട്ട | 24-5-2017 |
| ആലപ്പുഴ | 9-5-2017 |
| കോട്ടയം | 9-5-2017 |
| ഇടുക്കി | 23-3-2017 |
| എറണാകുളം | 7-3-2017 |
| തൃശ്ശൂർ | 9-5-2017 |
| പാലക്കാട് | 31-5-2017 |
| മലപ്പുറം | 14-6-2017 |
| കോഴിക്കോട് | 9-5-2017 |
| വയനാട് | 9-5-2017 |
| കണ്ണൂർ | 13-7-2017 |
| കാസർഗോഡ് | 21-2-2017 |

(ബി) പ്രസ്തുത തസ്തികയിൽ കാറ്റഗറി നമ്പർ 533/19, 534/19, 535/19, 536/19 എന്നിവയിൽ പരീക്ഷ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റാങ്ക് പട്ടിക എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) 533/2019 കാറ്റഗറി നമ്പർ പ്രകാരമുള്ള CIA ക്വാട്ടയിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. കാറ്റഗറി നമ്പർ 534/2019, 535/19, 536/19 എന്നിവയിൽ ഒ.എം.ആർ. പരീക്ഷ 29-7-2021-ൽ നടത്തിയിട്ടുണ്ട്. സാദ്ധ്യതാപട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി**

58 (58) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോമൺ പൂൾ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

റാങ്ക് പട്ടികയുടെ കാലാവധി 18-2-2022-ന് അവസാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

169 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**പെൻഷൻകാരുടെ സർവ്വീസ് ചട്ടം**

59 (59) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻകാരുടെ പെൻഷൻ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതടക്കമുള്ള വ്യവസ്ഥകളുൾപ്പെടുത്തി കേരള സർവ്വീസ് ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

പെൻഷൻകാരുടെ പെൻഷൻ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ട്. കേരള സർവ്വീസ് ചട്ടങ്ങളിൽ പുതിയതായി ഭേദഗതി വരുത്തിയിട്ടില്ല.

(ബി) ഏത് ചട്ടങ്ങളാണ് അപ്രകാരം ഭേദഗതി ചെയ്തതെന്നും ഏത് തീയതിയിലിറക്കിയ ഏത് ഉത്തരവിലൂടെയാണ് ഭേദഗതി വരുത്തിയതെന്നും വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബാധകമല്ല.

(സി) ഏതുസാഹചര്യത്തിലാണ് പെൻഷൻ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ചട്ടങ്ങൾ/വ്യവസ്ഥകൾ പ്രകാരം സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 2, 3, 59 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ച് പെൻഷൻ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.

i) കെ.എസ്.ആർ. ഭാഗം III ചട്ടം 2(a) പ്രകാരം പെൻഷണർക്കെതിരെ ഗൗരവമായ കുറ്റകൃത്യം സ്ഥാപിക്കപ്പെടുമ്പോൾ അല്ലെങ്കിൽ ഗുരുതരമായ പെരുമാറ്റ ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് തീരുമാനിക്കുമ്പോൾ സർക്കാരിന് ലിഖിതമായ ഉത്തരവിനാൽ പെൻഷനോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗമോ തടഞ്ഞുവയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.

ii) ഒരു ജീവനക്കാരൻ സർവ്വീസിലിരിക്കുമ്പോൾ KCS (C.C&A) ചട്ടപ്രകാരം ആരംഭിച്ച വകുപ്പുതല നടപടികൾ സർവ്വീസിൽനിന്നും വിരമിക്കുമ്പോഴും തീർപ്പാക്കിയിട്ടില്ലെങ്കിൽ കെ.എസ്.ആർ. ഭാഗം III ചട്ടം 3(a) പ്രകാരം തുടർനടപടികൾ സ്വീകരിച്ച് ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ പിൻവലിക്കാവുന്നതാണ്.

iii) സർവ്വീസിലിരിക്കുമ്പോൾ ഒരു ജീവനക്കാരനെതിരെ അച്ചടക്കനടപടി ആരംഭിച്ചിട്ടില്ലായെങ്കിലും കുറ്റാരോപിതൻ വിരമിച്ചാലും (പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചാലും ഇല്ലെങ്കിലും) സംഭവം നടന്ന് നാലുവർഷ കാലയളവ് പിന്നിട്ടിട്ടില്ലാത്തപക്ഷം അയാൾക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3(b)(i) പ്രകാരമുള്ള അച്ചടക്കനടപടി സർക്കാർ അനുമതിയോടെ സ്വീകരിച്ച് ശിക്ഷയുടെ ഭാഗമായി പെൻഷൻ ഭാഗികമായോ പൂർണ്ണമായോ താൽക്കാലികമായോ സ്ഥിരമായോ പിൻവലിക്കാവുന്നതാണ്.

iv) വിരമിച്ച കുറ്റാരോപിതർക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3 പ്രകാരം നടപടികൾ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ഇവരുടെ പെൻഷൻ ആനുകൂല്യങ്ങളൊന്നുംതന്നെ നൽകിയിട്ടില്ലെങ്കിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 59(b) പ്രകാരം സർക്കാരിന് അച്ചടക്കനടപടി ആരംഭിച്ച് പെൻഷനിൽ സ്ഥിരമായ കുറവ് വരുത്താവുന്നതാണ്.

v) വകുപ്പുതല/നീതിന്യായ നടപടി എന്നിവയിൽ വിരമിച്ചതിനുശേഷം കുറ്റക്കാരെന്ന് കാണുന്ന ഉദ്യോഗസ്ഥർക്ക് പെൻഷനാനുകൂല്യങ്ങൾ വിതരണം ചെയ്താലും ഇല്ലെങ്കിലും അവർക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 59(c) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പെൻഷനിൽ കുറവ് വരുത്താനും പെൻഷൻ പൂർണ്ണമായും പിൻവലിക്കാനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

vi) ക്രമവിരുദ്ധമായ നടപടികൾ നിർവ്വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വീസിൽനിന്നും വിരമിക്കുകയും പെൻഷൻ ആനുകൂല്യങ്ങളെല്ലാം കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്കെതിരെ കെ.എസ്.ആർ. ഭാഗം III ചട്ടം 3, 59(b) & 59(c) എന്നിവപ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിന് കെ.എസ്.ആർ. ഭാഗം III ചട്ടം 59(d) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പെൻഷൻ പൂർണ്ണമായോ നിശ്ചിതഭാഗം മാത്രമോ സ്ഥിരമായി കുറവുചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(ഡി) പെൻഷൻകാരുടെ പെരുമാറ്റദൂഷ്യം തടയാൻ ചട്ടത്തിൽ ഭേദഗതിയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പെരുമാറ്റ ദൂഷ്യമാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പെൻഷൻകാരുടെ പെരുമാറ്റദൂഷ്യം തടയാൻ കെ.എസ്.ആർ. ഭാഗം III-ൽ ഭേദഗതി വരുത്തിയിട്ടില്ല.

(ഇ) പ്രായാധിക്യവും തന്മൂലമുള്ള മാനസിക സംഘർഷവും കാരണം ദുരിതമനുഭവിക്കുന്നവരിൽ സർവ്വസാധാരണമായ പെരുമാറ്റ വ്യത്യാസത്തിന്റെ പേരിൽ പെൻഷൻകാർ ശിക്ഷിക്കപ്പെടുന്നത് ശരിയല്ലെന്ന പൊതുജനാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഇല്ല.

## പാലക്കാട് ജില്ലയിലെ ആശ്രിത നിയമനം

60 (60) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽനിന്നും ആശ്രിത നിയമനത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്രപേർക്ക് നിലവിൽ ജോലി ലഭിച്ചിട്ടുണ്ട്; ഇനിയും ജോലി ലഭിക്കാനുള്ളവരുടെ പേരുവിവരം ലഭ്യമാക്കുമോ?

ആശ്രിത നിയമനത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ജില്ലാടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

## സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായവരുടെ ആശ്രിത നിയമനം

61 (61) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ ആനുകൂല്യങ്ങളാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

2013-ലെ സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ട ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ.ഉ. (പി) 01/2016/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി) പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടുന്നവർ മരണപ്പെട്ടാൽ ആശ്രിതർക്ക് നിയമനം ലഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ?

ഇല്ല.

(സി) ഇത്തരത്തിൽ നിയമിതരാവുകയും മരണപ്പെടുകയും ചെയ്ത ഭിന്നശേഷിക്കാരുടെ ആശ്രിതരിൽനിന്നും നിയമനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായി മരണപ്പെട്ട ഭിന്നശേഷിക്കാരുടെ ആശ്രിതർക്ക് പ്രത്യേക പരിഗണന നൽകി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

അപേക്ഷകൾ case by case ആയി പരിശോധിച്ച് നിയമനം നൽകിവരുന്നുണ്ട്.

## സെക്രട്ടേറിയറ്റിലെ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം

62 (62) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഏത് സെക്ഷനിലാണ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം ക്രോഡീകരിക്കുന്നത്; വെളിപ്പെടുത്താമോ?

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-14) സെക്ഷനിലാണ് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം ക്രോഡീകരിക്കുന്നത്.

(ബി) ഏത് മാസംവരെയുള്ള ഫയൽ വിശദാംശങ്ങളാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ ഇത്തരത്തിൽ ക്രോഡീകരിച്ചിട്ടുള്ളത്?

31-3-2022 വരെയുള്ള ഫയലുകളുടെ വിശദാംശങ്ങളാണ് ഇപ്പോൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നത്.

(സി) അതനുസരിച്ച് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ക്രോഡീകരിച്ച പ്രസ്തുത വിവരങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## നിലമ്പൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം

63 (63) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട 43 സർക്കാർ സ്ഥാപനങ്ങൾക്ക് കെ-ഫോൺ സേവനം നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പ്രദേശങ്ങളിലും ഓഫീസുകളിലുമാണ് കെ-ഫോൺ സേവനം നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമരമ്പലം, ചുങ്കത്തറ, കരുളായ്, മൂത്തേടം, പുതുക്കല്ല് എന്നീ ഗ്രാമപഞ്ചായത്തുകളിലുൾപ്പെട്ട എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കെ-ഫോൺ സേവനം നൽകുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുപ്രദേശങ്ങൾക്കുപുറമെ പ്രത്യേക പരിഗണന നൽകി ആദിവാസി മേഖലകളിലേയ്ക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുമോ; വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ അടിസ്ഥാനസൗകര്യം ഉപയോഗപ്പെടുത്തി ആദിവാസി മേഖലകളിലേയ്ക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി ഇൻഫോപാർക്കിലെ അടിസ്ഥാനസൗകര്യ വികസനം

64 (64) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ പുതുതായി എത്ര കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അവയിൽ പുതുതായി എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2021 മേയ് മുതൽ 2022 ജൂൺ വരെ ഇൻഫോപാർക്കിൽ നൂറ്റിനാൽപ്പതിലധികം ഐ.ടി. കമ്പനികൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അപ്രകാരം 11500-ഓളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ബി) കൊച്ചി ഇൻഫോപാർക്കിൽ നടന്നുവരുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഇൻഫോപാർക്ക് കൊച്ചിയിൽ നിലവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഇൻഫോപാർക്ക് ഒന്നാം ഘട്ടം</u>

- 150-ഓളം കാറുകൾ പാർക്ക് ചെയ്യാവുന്ന കാർ പാർക്കിംഗ്.
- തപസ്യ ഐ.ടി. മന്ദിരത്തിൽ 5750 ചതുരശ്രയടി ഓഫീസ് സ്പേസുകൾ ഒരുക്കുന്ന പ്രവൃത്തി.
- ഇൻഫോപാർക്കിന് മുമ്പിലൂടെ കടന്നുപോകുന്ന പൊതുമരാമത്ത് റോഡിന്റെ അരികുകൾ നടപ്പാതകളുംമറ്റും നിർമ്മിച്ച് ആധുനിക രീതിയിൽ സൗന്ദര്യവൽക്കരിക്കുന്ന പദ്ധതി.

<u>ഇൻഫോപാർക്ക് രണ്ടാം ഘട്ടം.</u>

- ജ്യോതിർമയ ഐ.ടി. മന്ദിരത്തിൽ 35000 ചതുരശ്രയടി ഐ.ടി. സ്പേസുകൾ ഒരുക്കുന്ന പ്രവൃത്തി.
- ഇൻഫോപാർക്ക് രണ്ടാംഘട്ടത്തിൽ പ്രവേശന കവാടം നിർമ്മിക്കുന്ന പ്രവൃത്തി.
- ക്യാമ്പസിനുള്ളിലെ നടപ്പാതയും പൊതുയിടങ്ങളും സൗന്ദര്യ വൽക്കരിക്കുന്നതിനുള്ള പദ്ധതി.
- ജ്യോതിർമയ ബഹുനില കാർ പാർക്കിംഗ് മന്ദിരത്തിൽ സോളാർ പ്ലാന്റോടുകൂടി മേൽക്കൂര സജ്ജമാക്കുന്നതിനുള്ള പദ്ധതി.

(സി) ഇൻഫോപാർക്കിലേയ്ക്കുള്ള റോഡുകളുടെ വികസനത്തിനായി സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഇൻഫോപാർക്ക് രണ്ടാംഘട്ട പദ്ധതി പ്രദേശത്തേയ്ക്കുള്ള ഇടുങ്ങിയ പ്രധാനപാത സ്ഥലം ഏറ്റെടുത്ത് നാലുവരിപ്പാതയാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഇൻഫോപാർക്കിലേയ്ക്ക് കമ്പനികളെ ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

'ബി' പിരിവിൽ പരാമർശിച്ചിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കുപുറമെ ഇൻഫോപാർക്ക് ഒന്നാംഘട്ട പദ്ധതി പ്രദേശത്ത് 2 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്രയടി ഐ.ടി. മന്ദിരം പണിയാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുവഴി പുതുതായി 3500 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കാനാണ് പദ്ധതിയിടുന്നത്.

**കുണ്ടറ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതികൾ**

65 (65) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് കെ-ഫോൺ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി ഏതൊക്കെ സ്ഥലങ്ങളിലാണ് കെ-ഫോൺ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ ഇളമ്പല്ലൂർ, കൊറ്റങ്കര, കുണ്ടറ, നെടുമ്പന, പേരയം, പെരിനാട്, തൃക്കോവിൽവട്ടം എന്നീ ഗ്രാമപഞ്ചായത്തുകളിലായി ആകെ 97 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.ഗാർഹിക ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ - ഫോൺ പദ്ധതിയുടെ പുരോഗതി**

66 (66) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കെ-ഫോൺ പദ്ധതി എന്ന് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കെ-ഫോൺ പദ്ധതി ഉടൻ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഒന്നാംഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞപ്പോൾ കെ-ഫോൺ മുഖേന ഏതെല്ലാം മേഖലയിലാണ് നെറ്റ്വർക്ക് കണക്ഷൻ നൽകിയിട്ടുള്ളതെന്നും നെറ്റ്വർക്ക് സ്പീഡ് എത്രയാണെന്നും വ്യക്തമാക്കുമോ?

കെ-ഫോൺ പദ്ധതിവഴി ഒന്നാംഘട്ടത്തിൽ സർക്കാർ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് നെറ്റ് കണക്ഷൻ നൽകുന്നത്. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിനും ആവശ്യകതയനുസരിച്ച് 10 Mbps മുതൽ 100 Mbps വരെ വ്യത്യസ്ത ബാൻഡ്‌വിഡ്ത്തിലാണ് കെ-ഫോൺ കണക്ഷൻ നൽകാനുദ്ദേശിക്കുന്നത്.

(സി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും നൂറ് ബി.പി.എൽ. കുടുംബങ്ങൾക്കുവീതം കെ-ഫോൺ മുഖേന സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കെ-ഫോൺ പദ്ധതി മുഖേന ആദ്യഘട്ടത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന 100 കുടുംബങ്ങൾക്കുവീതം കണക്ഷനുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായുള്ള മാനദണ്ഡങ്ങൾ/നടപടിക്രമങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കെ-ഫോണിന്റെ ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയ്ക്കായി ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ?

കെ-ഫോൺ പദ്ധതിക്ക് 1548.08 (നികുതികൾക്കുപുറമെ) കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. അതിൽ കെ-ഫോൺ പദ്ധതിക്കായി 'കെ-ഫോൺ ലിമിറ്റഡ്' വിവിധയിനങ്ങളിൽ നാളിതുവരെ 476.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതിയുടെ കൺസൾട്ടന്റ് ഏജൻസികൾ**

67 (67) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി കൺസൾട്ടന്റ് ഏജൻസികൾ പ്രവർത്തിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികളാണെന്നും അവയുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സും (M/s. PWC) പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയായി ടെലികമ്മ്യൂണിക്കേഷൻ കൺസൾട്ടന്റ്സ് ഇൻഡ്യ (M/s. TCIL) ലിമിറ്റഡും തുടക്കത്തിൽ പ്രവർത്തിച്ചിരുന്നു. നിലവിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി കെ.പി.എം.ജി. ആണ് പ്രവർത്തിക്കുന്നത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ പദ്ധതിയുടെ നിർവ്വഹണത്തിനും പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ പദ്ധതിയുടെ ക്വാളിറ്റി ടെസ്റ്റിംഗിനുമാണ് നിയോഗിച്ചിട്ടുള്ളത്.

(ബി) ജനങ്ങളുടെ വ്യക്തിഗത ഡാറ്റയുൾപ്പെടെ കൈകാര്യം ചെയ്യപ്പെടേണ്ടി വരുന്ന കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് മേല്പറഞ്ഞ കൺസൾട്ടന്റ് സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാഫിന്റെ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജനങ്ങളുടെ വ്യക്തിഗത ഡാറ്റ കൈകാര്യം ചെയ്യാൻ കൺസൾട്ടന്റ് സ്ഥാപനങ്ങളെ നിയോഗിച്ചിട്ടില്ല.

(സി) നയതന്ത്ര ചാനൽ സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ ഭർത്താവ് കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ കൺസൾട്ടന്റ് ഏജൻസികളിൽ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഏത് വ്യക്തിയെക്കുറിച്ചാണ് ചോദ്യത്തിൽ പരാമർശിച്ചതെന്ന് വ്യക്തമല്ല.

## കെ-ഫോൺ കരാർ

68 (68) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ഭെൽ അടങ്ങുന്ന കൺസോർഷ്യത്തിന് കരാർ നൽകാൻ മുൻ ഐ.ടി. സെക്രട്ടറി കെ-ഫോൺ കമ്പനിക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനാണ് കരാർ നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് അന്നത്തെ ഐ.ടി. സെക്രട്ടറി, കെ-ഫോണിന്റെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് നൽകിയ കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ഐ.ടി. പാർക്കുകളുടെ വിപുലീകരണം

69 (69) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിപുലീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ജില്ലാതലത്തിലുള്ള ഐ.ടി. വികസനത്തിലുപരി സംസ്ഥാനത്തുടനീളം ഐ.ടി. മേഖലയിലുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിപുലീകരണാർത്ഥം അടുത്ത പത്തുവർഷത്തിൽ ടെക്നോപാർക്കിലെ ഒന്നുമുതൽ നാലാംഘട്ടം വരെയുള്ള പദ്ധതികളിലായി 25

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദശലക്ഷം ചതുരശ്രയടി കെട്ടിടം നിർമ്മിക്കാനും അതിലൂടെ 2.5 ലക്ഷം പേർക്ക് പ്രത്യക്ഷമായും 7.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനും വേണ്ടുന്ന നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 18.42 ലക്ഷം ചതുരശ്രയടി കെട്ടിടങ്ങളും അതിലൂടെ 18000 തൊഴിൽ ലഭ്യതയും ലക്ഷ്യമിടുന്നു. കോഴിക്കോട് സൈബർ പാർക്കിൽ 4 ലക്ഷം ചതുരശ്രയടി ഐ.ടി. കെട്ടിടവും 4000 തൊഴിലവസരങ്ങളും വിഭാവനം ചെയ്യുന്നു. കൂടാതെ, ഐ.ടി. മേഖലയിൽ 5G സാങ്കേതികവിദ്യയിലധിഷ്ഠിതമായി NH66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20 ചെറുകിട ഐ.ടി. പാർക്കുകളുൾപ്പെടുന്ന ഐ.ടി. ഇടനാഴി സ്ഥാപിക്കാനും അതുവഴി 2 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

**ആലപ്പുഴ ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ**

70 (70) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ വിവിധ നിയോജകമണ്ഡലങ്ങളിലായി ആകെ 214 അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിയോജകമണ്ഡലം | എണ്ണം |
|---|---|---|
| 1 | അരൂർ | 24 |
| 2 | ചേർത്തല | 25 |
| 3 | ഹരിപ്പാട് | 28 |
| 4 | ആലപ്പുഴ | 16 |
| 5 | അമ്പലപ്പുഴ | 22 |
| 6 | കുട്ടനാട് | 22 |
| 7 | മാവേലിക്കര | 23 |
| 8 | കായംകുളം | 25 |
| 9 | ചെങ്ങന്നൂർ | 29 |

(ബി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയുൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

**പാലക്കാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

71 (71) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; പുതിയ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനും അതിന് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ 29 ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയും തുടർന്ന് ലഭിച്ച അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുൻസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ്

സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ചു കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവയുൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് പുതിയതായി അക്ഷയ കേന്ദ്രം ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത കേന്ദ്രങ്ങൾ എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

മലമ്പുഴ മണ്ഡലത്തിലെ ആനക്കൽ, മണക്കൽക്കാട്, ഓലശ്ശേരി എന്നീ മൂന്ന് ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി ആഗസ്റ്റ് 23 മുതൽ 27 തീയതികളിൽ സംരംഭക തെരഞ്ഞെടുപ്പ് പരീക്ഷ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷയ്ക്കുശേഷം ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനുള്ള കെട്ടിടം സംരംഭകൻ സജ്ജീകരിച്ചതിനുശേഷം അക്ഷയ ജില്ലാ ഓഫീസ് മുഖാന്തരം കെട്ടിട പരിശോധന നടത്തി ജില്ലാ കളക്ടറുമായി സംരംഭകൻ കരാർ ഒപ്പുവയ്ക്കേണ്ടതുണ്ട്. മേൽനടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് കാലതാമസമില്ലാതെ അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കെ-ഫോൺ സേവനം**

72 (72) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സംവിധാനത്തിലൂടെയാണ് പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ എത്തിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി സെക്രട്ടറിതല സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതിനോടകം കെ-ഫോൺ പദ്ധതിയിലൂടെ കണക്ഷൻ നൽകിത്തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഇതിനോടകം 4372 സർക്കാർ സ്ഥാപനങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമാണോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലുമാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് പുതുതായി കെ-ഫോൺ സേവനം ലഭ്യമാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ള 43 ഓഫീസുകളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.* കൂടാതെ പ്രസ്തുത നിയോജകമണ്ഡലത്തിലുൾപ്പെട്ട എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കെ-ഫോൺ സേവനം നൽകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഇ) പൊതുജനങ്ങൾക്ക് കെ-ഫോൺ സേവനം ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിന്റെ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി സെക്രട്ടറിതല സമിതി രൂപീകരിച്ചിട്ടുണ്ട്.

## സ്പ്രിംഗ്ലർ ഇടപാട്

73 (73) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പ്രിംഗ്ലർ ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്തിയ ആദ്യസമിതിയുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത സമിതി റിപ്പോർട്ടിലെ ഏതൊക്കെ കണ്ടെത്തലുകൾ സംബന്ധിച്ചാണ് സർക്കാരിന് വിരുദ്ധാഭിപ്രായമുണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്പ്രിംഗ്ലർ ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി രണ്ടാമത് സമിതിയെ നിയോഗിക്കാനുള്ള സാഹചര്യമെന്തായിരുന്നു; പ്രസ്തുത സമിതിയെ നിയോഗിച്ചതെന്നാണ്; സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-സി) സ്പ്രിംഗ്ലർ ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്തിയ ശ്രീ. എം. മാധവൻ നമ്പ്യാർ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സ്പ്രിംഗ്ലർ കമ്പനിയെ കോവിഡ്-19 മഹാമാരിയുടെ നിർവ്യാപന പ്രവർത്തനങ്ങളുമായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിലേർപ്പെടുത്തിയപ്പോൾ സാധാരണയായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തുകയുണ്ടായി. ഇതോടൊപ്പം അതിനൂതനവും സങ്കീർണ്ണവുമായ വിവരസാങ്കേതികവിദ്യയുടെ ഉപയോഗം സംബന്ധിച്ച പ്രവർത്തനങ്ങളിൽ ഈ മേഖലയിലുള്ള സർക്കാർ ഏജൻസികൾക്ക് കാര്യപ്രാപ്തി കൈവരിക്കുന്നതിനായി ഭാവിയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായും ഹൈദരാബാദ് ജെ.എൻ.റ്റി.യു.എച്ച്. എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്ന് വിരമിച്ച പ്രൊഫസർ ഡോ. എ. വിനയ ബാബു, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & ടെക്നോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. സുമേഷ് ദിവാകരൻ എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയെ ചുവടെ ചേർക്കുന്ന കാര്യങ്ങൾ പരിശോധിച്ച് സമർപ്പിക്കാൻ നിയോഗിച്ചിരുന്നു.

(i) സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരമുള്ള നടപടിക്രമങ്ങൾ സ്പ്രിംഗ്ലർ കമ്പനിയുമായി ഉടമ്പടി/വാങ്ങൽ കരാറിലേർപ്പെടുമ്പോൾ വിവര സാങ്കേതിക വകുപ്പ് പാലിച്ചിരുന്നോ?

(ii) എങ്കിൽ കോവിഡ് മഹാമാരി വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് അന്ന് നിലനിന്നിരുന്ന അസാധാരണ സ്ഥിതി വിശേഷത്തിലും ന്യായീകരിക്കാൻ കഴിയാത്ത വീഴ്ചകൾ, നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വരുത്തിയിട്ടുണ്ടോ?

(iii) എന്തൊക്കെയാണ്/എന്തൊക്കെയായിരുന്നു ഇത്തരം വിഷയങ്ങളിൽ വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കുന്നതിൽ കാലാകാലങ്ങളിൽ എടുക്കേണ്ട/എടുക്കേണ്ടിയിരുന്ന മുൻകരുതലുകൾ?

(iv) മാധവൻ നമ്പ്യാർ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് വിശകലനം ചെയ്യുക.

(v) ഇതുസംബന്ധിച്ച് ഭാവിയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുക.

കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സ്പ്രിംഗ്ലർ കമ്പനിയെ കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ വിവര സാങ്കേതികവിദ്യയുടെ ചുമതല ഏൽപ്പിക്കുമ്പോൾ ദുരുദ്ദേശപരമായ വീഴ്ചയുണ്ടായിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്പ്രിംഗ്ലർ കമ്പനിയെ ഇതിനായി നിയോഗിച്ചതുവഴി സംസ്ഥാന താല്പര്യം ഹനിക്കപ്പെട്ടതായി യതൊരു തെളിവും കമ്മിറ്റിക്ക് ലഭിച്ചിട്ടില്ലെന്നുള്ള കാര്യവും വ്യക്തമാക്കിയിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ചുവരുന്നു.

## നോളജ് ഇക്കോണമി മിഷൻ

74 (74) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കോണമി മിഷന്റെ സ്ട്രാറ്റജി പേപ്പറിന് അന്തിമാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള നോളജ് ഇക്കോണമി മിഷന്റെ സ്ട്രാറ്റജി പേപ്പറിന് 26-11-2021-ലെ സ.ഉ. (സാധാ) നമ്പർ 11/2021/പി.എൽ.ജി. & ഇ.എ. (ഡി.വി.പി.എം.റ്റി. & ഇന്നൊവേഷൻ) ഉത്തരവുപ്രകാരം, തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) യോഗ്യതകൾക്കനുസരിച്ചുള്ള ജോലി ലഭ്യമാക്കാത്തതിന് പരിഹാരം കണ്ടെത്തുന്നതിന് നോളജ് ഇക്കോണമി മിഷൻ നടത്തുന്ന ഇടപെടലുകളെ സംബന്ധിച്ച് വ്യക്തമാക്കുമോ?

ഉദ്യോഗാർത്ഥികളെയും തൊഴിൽദാതാക്കളെയും നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിന് സാധ്യമാക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം - ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്രാവർത്തികമാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ (DUK) നേതൃത്വത്തിലാണ് ഈ പ്ലാറ്റ്ഫോം യാഥാർത്ഥ്യമാക്കിയത്. DWMS കേവലമൊരു തൊഴിൽ പ്ലാറ്റ്ഫോം എന്നതിലുപരി തൊഴിലന്വേഷകർക്കായി എല്ലാവിധ സേവനങ്ങളും നൽകുന്ന ഒരു ഏകജാലകമാണ്. തൊഴിലന്വേഷകരുടെ അഭിരുചി തിരിച്ചറിയാനും അതിനനുസൃതമായ തൊഴിൽ മേഖലയിലേയ്ക്ക് അവരെ കൈപിടിച്ചുയർത്താനായുള്ള സംവിധാനമായാണ് DWMS-നെ വിഭാവനം ചെയ്തിരിക്കുന്നത്. DWMS-ൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്ക് കരിയർ കൗൺസലിംഗ് സേവനങ്ങൾ ലഭ്യമാകുന്നതാണ്. സൈക്കോമെട്രിക് ടെസ്റ്റ് പ്രയോജനപ്പെടുത്തി തൊഴിലന്വേഷകർക്ക് അതിന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള കൗൺസലിംഗ് സേവനങ്ങൾ നൽകിവരുന്നു. ഇംഗ്ലീഷ് ഭാഷയിലൂടെ തൊഴിലന്വേഷകരെ തൊഴിലിടങ്ങളിലെ ആശയവിനിമയം, ഇന്റർപേഴ്സണൽ സ്കിൽസ് തുടങ്ങിയ കഴിവുകൾ മെച്ചപ്പെടുത്തി അവരെ അനുയോജ്യമായ തൊഴിലിലേയ്ക്ക് സജ്ജരാക്കാനാണ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രൊഫഷണൽ (PDP) മൊഡ്യൂൾ വികസിപ്പിച്ചെടുത്തത്. ഇതിന്റെ പരിശീലന നടത്തിപ്പിനായി 38 പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രൊഫഷണൽമാരെ തെരഞ്ഞെടുത്തിട്ടുമുണ്ട്. തൊഴിലന്വേഷകർക്ക് DWMS പ്ലാറ്റ്ഫോമിനെക്കുറിച്ചും അതിൽ ലഭ്യമായ വിവിധ

സേവനങ്ങളെക്കുറിച്ചും വ്യക്തമായ അവബോധമുണ്ടാക്കിയെടുക്കുന്നതിനായി, കേരള നോളജ് ഇക്കോണമി മിഷൻ (KKEM) ഒരു 'കരിയർ ഫെസിലിറ്റേറ്റർ ഇന്റേൺഷിപ്' (CFI) പ്രോഗ്രാം വിഭാവനം ചെയ്യുന്നു. ഈ ഇന്റേൺഷിപ് പ്രോഗ്രാംവഴി DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്ക് DWMS-ലെ സേവനങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കുന്നതിനായും നിലവിൽ DWMS-ൽ സജീവമല്ലാത്ത തൊഴിലന്വേഷകരെ താത്കാലികമായി മാറ്റിനിർത്താനും അതുവഴി ഉടനടി ജോലിക്ക് താൽപര്യമുള്ളവരെ കൂടുതൽ പരിഗണിക്കാനും സാധിക്കും. DWMS-ൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഇംഗ്ലീഷ് നൈപുണ്യ നിലവാരം വിലയിരുത്തുന്നതിനായി ബ്രിട്ടീഷ് കൗൺസിൽ രൂപകല്പന ചെയ്തിരിക്കുന്ന ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് DWMS-ൽ ലഭ്യമാകും. ഒരു സ്മാർട്ട് ഫോൺ ആപ് അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ടെസ്റ്റിലൂടെ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യ നിലവാരം അറിയാനാകും. മാത്രമല്ല, പ്രാവീണ്യമുള്ളവരെ വേഗത്തിൽ വിലയിരുത്തുന്നതിന് അന്താരാഷ്ട്ര-ആഭ്യന്തര തൊഴിലുടമകൾക്കും ഇത് സഹായകമാകും. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

KKEM എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ നടത്തിയിരുന്നു. ഈ തൊഴിൽ മേളകളുടെ അടിസ്ഥാന അനുമാനമനുസരിച്ച് ഭൂരിഭാഗം തൊഴിലന്വേഷകർക്കും അഭിമുഖത്തിൽ പങ്കെടുക്കാനുള്ള ആത്മവിശ്വാസക്കുറവുണ്ട്. തൊഴിൽദാതാക്കളുടെ പ്രതികരണംപോലും ഇതിനോട് ശക്തമായി യോജിക്കുന്നു. തൊഴിൽ മേളകളിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും ഇന്റർവ്യൂ ഗ്രൂമിംഗ് നൽകുന്നതിലേയ്ക്കായി വർക്ക് റെഡിനെസ് തയ്യാറാക്കിയിട്ടുണ്ട്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലന്വേഷകർക്കും ഈ പ്രോഗ്രാമിലേയ്ക്കുള്ള അപേക്ഷകൾ പോർട്ടൽവഴി സമർപ്പിക്കാവുന്നതാണ്. ആത്മവിശ്വാസത്തോടെ ഒരു അഭിമുഖത്തിൽ എങ്ങനെ പങ്കെടുക്കാം, ഗ്രൂപ്പ് ഡിസ്കഷൻ, മോക് ഇന്റർവ്യൂ തുടങ്ങിയവയെക്കുറിച്ചുള്ള സെഷനുകൾ പ്രസ്തുത പ്രോഗ്രാമിലുൾപ്പെടുത്തിയിട്ടുണ്ട്. ഇത് തൊഴിലന്വേഷകരെ ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ പങ്കെടുക്കാനും കൂടുതൽ തൊഴിലന്വേഷകരെ തൊഴിലിലേയ്ക്ക് നയിക്കാനും സഹായകരമാകും. ഇതിന്റെ നടത്തിപ്പിനായി അസാപ് കേരള-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൊഴിൽദാതാക്കളുടെ ദേശീയ സംഘടനയായ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.)-യുമായിചേർന്ന് തൊഴിലവസരങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഓൺലൈൻ തൊഴിൽ ദാതാക്കളായ മോൺസ്റ്റർ, ലിങ്ക്ഡ് ഇൻ തുടങ്ങിയ പ്ലാറ്റ്ഫോമുകളെ ബന്ധിപ്പിച്ച്

പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ്ഫോംസ് എന്ന സംവിധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. കൂടാതെ ഈ പ്ലാറ്റ്ഫോമിലേയ്ക്ക് കേരളത്തിലെ പ്രധാനപ്പെട്ട നൈപുണ്യ ദാതാക്കളായ അസാപ് കേരള, ഐ.സി.ടി. അക്കാദമി, കെ.എ.എസ്.ഇ., തൊഴിലവസരങ്ങൾ നൽകുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയവരെ ബന്ധിപ്പിക്കാനുള്ള മുൻകയ്യെടുത്തിട്ടുണ്ട്. ഇതുവരെ 34 നൈപുണ്യ പങ്കാളികളെ പ്രവേശിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 28 ഏജൻസികളിൽ നിന്ന് 34 സെക്ടറുകളിലായി 172 കോഴ്സുകൾ കാറ്റലോഗിംഗിനായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ എത്ര ആളുകളുണ്ടെന്നും അവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

കേരളത്തിലുടനീളമുള്ള തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ 'ജാലകം' എന്ന സ്മാർട്ട് ഫോൺ ആപ്ലിക്കേഷൻ വികസിപ്പിക്കുകയും തുടർന്ന് കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തി സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തുകയും ചെയ്തു. കേരളത്തിലുടനീളം 8112268 വീടുകൾ സന്ദർശിക്കുകയും 5342094 തൊഴിലന്വേഷകരുടെ പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതിന്റെ തുടർനടപടിയായി 'DWMS Connect' എന്ന സ്മാർട്ട് ഫോൺ ആപ്ലിക്കേഷൻ ഉപയോഗിച്ച്. കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തി ഇവരുടെ പ്രൊഫൈൽ കംപ്ലീഷൻ ചെയ്തുവരുന്നു.

(ഡി) ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റംപ്രകാരം എത്രപേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇവർക്കനുയോജ്യമായ തൊഴിലും സംരംഭവും കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

19-8-2022-ലെ കണക്കുപ്രകാരം DWMS പ്ലാറ്റ്ഫോമിൽ 1058949 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉദ്യോഗാർത്ഥികളെയും തൊഴിൽദാതാക്കളെയും നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവന്ന് പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിന് സാദ്ധ്യമാക്കുന്ന ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം - ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്രാവർത്തികമാക്കി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ (DUK) നേതൃത്വത്തിലാണ് ഈ പ്ലാറ്റ്ഫോം യാഥാർത്ഥ്യമാക്കിയത്. DWMS കേവലം ഒരു തൊഴിൽ പ്ലാറ്റ്ഫോം എന്നതിലുപരി തൊഴിലന്വേഷകർക്കായി എല്ലാവിധ സേവനങ്ങളും നൽകുന്ന ഒരു ഏകജാലകമാണ്. തൊഴിലന്വേഷകരുടെ അഭിരുചി തിരിച്ചറിയാനും അതിനനുസൃതമായ തൊഴിൽ മേഖലയിലേയ്ക്ക് അവരെ കൈ

പിടിച്ചുയർത്താനുമുള്ള സംവിധാനമായാണ് DWMS-നെ വിഭാവനം ചെയ്തിരിക്കുന്നത്. DWMS-ൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്ക് കരിയർ കൗൺസലിംഗ് സേവനങ്ങൾ ലഭ്യമാകുന്നതാണ്. സൈക്കോമെട്രിക് ടെസ്റ്റ് പ്രയോജനപ്പെടുത്തി തൊഴിലന്വേഷകർക്ക് അതിന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള കൗൺസലിംഗ് സേവനങ്ങൾ നൽകിവരുന്നു. ഇംഗ്ലീഷ് ഭാഷയിലൂടെ തൊഴിലന്വേഷകരെ തൊഴിലിടങ്ങളിലെ ആശയവിനിമയം, ഇന്റർപേഴ്സണൽ സ്കിൽസ് തുടങ്ങിയ കഴിവുകൾ മെച്ചപ്പെടുത്തി അവരെ അനുയോജ്യമായ തൊഴിലിലേയ്ക്ക് സജ്ജരാക്കാനാണ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രൊഫഷണൽ (PDP) മൊഡ്യൂൾ വികസിപ്പിച്ചെടുത്തത്. ഇതിന്റെ പരിശീലന നടത്തിപ്പിനായി 38 പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രൊഫഷണൽമാരെ തെരഞ്ഞെടുത്തിട്ടുമുണ്ട്. തൊഴിലന്വേഷകർക്ക് DWMS പ്ലാറ്റ്ഫോമിനെക്കുറിച്ചും അതിൽ ലഭ്യമായ വിവിധ സേവനങ്ങളെക്കുറിച്ചും വ്യക്തമായ അവബോധമുണ്ടാക്കിയെടുക്കുന്നതിനായി, കേരള നോളജ് ഇക്കോണമി മിഷൻ (KKEM) ഒരു 'കരിയർ ഫെസിലിറ്റേറ്റർ ഇന്റേൺഷിപ്പ്' (CFI) പ്രോഗ്രാം വിഭാവനം ചെയ്യുന്നു. ഈ ഇന്റേൺഷിപ്പ് പ്രോഗ്രാം വഴി DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്ക് DWMS-ലെ സേവനങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കുന്നതിനായും നിലവിൽ DWMS-ൽ സജീവമല്ലാത്ത തൊഴിലന്വേഷകരെ താത്കാലികമായി മാറ്റിനിർത്താനും അതുവഴി ഉടനടി ജോലിക്ക് താൽപര്യമുള്ളവരെ കൂടുതൽ പരിഗണിക്കാനും സാധിക്കും.

DWMS-ൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഇംഗ്ലീഷ് നൈപുണ്യ നിലവാരം വിലയിരുത്തുന്നതിനായി ബ്രിട്ടീഷ് കൗൺസിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് DWMS-ൽ ലഭ്യമാകും. ഒരു സ്മാർട്ട് ഫോൺ ആപ് അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ടെസ്റ്റിലൂടെ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യ നിലവാരം അറിയാനാകും. മാത്രമല്ല, പ്രാവീണ്യമുള്ളവരെ വേഗത്തിൽ വിലയിരുത്തുന്നതിന് അന്താരാഷ്ട്ര-ആഭ്യന്തര തൊഴിലുടമകൾക്കും ഇത് സഹായകമാകും. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

KKEM എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ നടത്തിയിരുന്നു. ഈ തൊഴിൽ മേളകളുടെ അടിസ്ഥാന അനുമാനമനുസരിച്ച് ഭൂരിഭാഗം തൊഴിലന്വേഷകർക്കും അഭിമുഖത്തിൽ പങ്കെടുക്കാനുള്ള ആത്മവിശ്വാസക്കുറവുണ്ട്. തൊഴിൽദാതാക്കളുടെ പ്രതികരണംപോലും ഇതിനോട് ശക്തമായി യോജിക്കുന്നു. തൊഴിൽ മേളകളിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും ഇന്റർവ്യൂ ഗ്രൂമിംഗ്

നൽകുന്നതിലേയ്ക്കായി വർക്ക് റെഡിനെസ് തയ്യാറാക്കിയിട്ടുണ്ട്. DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലന്വേഷകർക്കും ഈ പ്രോഗ്രാമിലേയ്ക്കുള്ള അപേക്ഷകൾ പോർട്ടൽവഴി സമർപ്പിക്കാവുന്നതാണ്. ആത്മവിശ്വാസത്തോടെ ഒരു അഭിമുഖത്തിൽ എങ്ങനെ പങ്കെടുക്കാം, ഗ്രൂപ്പ് ഡിസ്കഷൻ, മേക്ക് ഇന്റർവ്യൂ തുടങ്ങിയവയെക്കുറിച്ചുള്ള സെഷനുകൾ പ്രസ്തുത പ്രോഗ്രാമിലുൾപ്പെടുത്തിയിട്ടുണ്ട്. ഇത് തൊഴിലന്വേഷകരെ ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ പങ്കെടുക്കാനും കൂടുതൽ തൊഴിലന്വേഷകരെ തൊഴിലിലേയ്ക്ക് നയിക്കാനും സഹായകരമാകും. ഇതിന്റെ നടത്തിപ്പിനായി അസാപ് കേരളയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൊഴിൽ ദാതാക്കളുടെ ദേശീയ സംഘടനയായ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.)-യുമായി ചേർന്ന് തൊഴിലവസരങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഓൺലൈൻ തൊഴിൽ ദാതാക്കളായ മോൺസ്റ്റർ, ലിങ്ക്ഡ് ഇൻ തുടങ്ങിയ പ്ലാറ്റ്ഫോമുകളെ ബന്ധിപ്പിച്ച് പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ്ഫോംസ് എന്ന സംവിധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. കൂടാതെ ഈ പ്ലാറ്റ്ഫോമിലേയ്ക്ക് കേരളത്തിലെ പ്രധാനപ്പെട്ട നൈപുണ്യ ദാതാക്കളായ അസാപ് കേരള, ഐ.സി.ടി. അക്കാദമി, കെ.എ.എസ്.ഇ., തൊഴിലവസരങ്ങൾ നൽകുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയവരെ ബന്ധിപ്പിക്കാനുള്ള മുൻകൈ എടുത്തിട്ടുണ്ട്. ഇതുവരെ 34 നൈപുണ്യ പങ്കാളികളെ പ്രവേശിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 28 ഏജൻസികളിൽനിന്ന് 34 സെക്ടറുകളിലായി 172 കോഴ്സുകൾ കാറ്റലോഗിംഗിനായി കണ്ടെത്തിയിട്ടുണ്ട്.

**സി-ഡിറ്റിന്റെ കമ്പനി രൂപീകരണം**

75 (75) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരിയിൽ കൂടിയ ഗവേണിംഗ് ബോഡി യോഗതീരുമാനമനുസരിച്ച് സി-ഡിറ്റ് ഒരു കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പനി രൂപീകരിച്ചാൽ സി-ഡിറ്റിന് എന്തൊക്കെ നേട്ടങ്ങളും കോട്ടങ്ങളുമുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനി രൂപീകരിച്ചാൽ സി-ഡിറ്റിലെ ജീവനക്കാരെ കമ്പനിയുടെ ജീവനക്കാരായി മാറ്റാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ വ്യത്യാസം വരുമോ; വിശദമാക്കാമോ?

(എ-സി) കമ്പനി രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**അരൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം**

76 (76) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കെ-ഫോൺ സേവനം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) അരൂർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മണ്ഡലത്തിൽ ഇതിനോടകം 112 കിലോമീറ്റർ ഒപ്റ്റിക്കൽ വയർ സ്ഥാപിച്ചിട്ടുണ്ട്.

മണ്ഡലത്തിലെ അരൂർ, ചേന്നംപള്ളിപ്പുറം, എഴുപുന്ന, കുത്തിയതോട്, പനവള്ളി, പെരുമ്പലം, അരൂക്കുറ്റി എന്നീ ഗ്രാമപഞ്ചായത്തുകളിൽ കെ-ഫോൺ സേവനം നൽകുന്നതിനാവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(സി) പൊതുജനങ്ങൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കും കെ-ഫോൺ പദ്ധതി ലഭിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ?

പൊതുജനങ്ങൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കും കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ/നടപടിക്രമങ്ങൾ രൂപീകരിക്കുന്നതിനായി സെക്രട്ടറിതല സമിതി രൂപീകരിച്ചിട്ടുണ്ട്.

**മരണമടഞ്ഞ സൈനികന്റെ ഭാര്യയ്ക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് നടപടി**

77 (77) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മേയ് 27-ന് കാശ്മീരിൽ സൈനിക വാഹനാപകടത്തിൽ മരണമടഞ്ഞ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സ്വദേശി ലാൻസ് ഹവീൽദാർ ഷൈജലിന്റെ ഭാര്യക്ക് സർക്കാർ ജോലി ലഭ്യമാക്കിയിട്ടുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ബാധകമല്ല.

(സി) ഇല്ലെങ്കിൽ സർക്കാർ ജോലി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

സൈനിക സേവനത്തിനിടെ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ തൊഴിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥകൾ നിർണ്ണയിച്ച് 29-4-2002-ലെ സ.ഉ. (പി) നമ്പർ 110/2002/പൊ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം തൊഴിൽ സഹായത്തിന് അർഹത നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനരേഖ ആർമി റിക്കാർഡ് ആഫീസ് നൽകുന്ന ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റാണ്. ലാൻസ് ഹവിൽദാർ മുഹമ്മദ് ഷൈജൽ ടി.-യുടെ മരണകാരണം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് റിക്കാർഡ് ആഫീസിൽനിന്നും മലപ്പുറം ജില്ലാ സൈനികക്ഷേമ ആഫീസിൽ ലഭ്യമായിട്ടുണ്ടെങ്കിലും പ്രസ്തുത സർട്ടിഫിക്കറ്റ് അപൂർണ്ണമാണ്. ന്യൂനതകൾ പരിഹരിച്ച്, ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റും മറ്റനുബന്ധരേഖകളും സഹിതം തൊഴിൽസഹായത്തിനുള്ള ഫോർമൽ അപേക്ഷ ലഭ്യമായാലുടൻ, മുഹമ്മദ് ഷൈജലിന്റെ ആശ്രിതയ്ക്ക് ജോലി നൽകുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള നടപടികൾ**

78 (78) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. രാജ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ആഗസ്റ്റ് മാസത്തിലെ മഴക്കെടുതികളിൽ സംസ്ഥാനത്തുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ജില്ലാതലത്തിൽ ജനപ്രതിനിധികളെയും ജില്ലാതല വകുപ്പ് മേധാവികളെയും ഉൾപ്പെടുത്തി യോഗം ചേരുകയും വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളും നാശനഷ്ടങ്ങളും വിലയിരുത്തുകയും നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2022 ആഗസ്റ്റ് മാസത്തിലെ മഴക്കെടുതിയിൽ തിരുവനന്തപുരം ജില്ലയിൽ 45 വീടുകൾ ഭാഗികമായും 4 വീടുകൾ പൂർണ്ണമായും നശിച്ചിട്ടുള്ളതും നാലുപേർ മരണപ്പെട്ടിട്ടുള്ളതുമാണ്. കൂടാതെ 160 ഹെക്ടർ ഭൂമിയിൽ 5 കോടി രൂപയുടെ

കൃഷിനാശവും 2037 കർഷകരെയും മഴക്കെടുതി ബാധിച്ചിട്ടുള്ളതുമാണ്. എറണാകുളം ജില്ലയിൽ മരം വീണ് ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പ്രാഥമിക കണക്കെടുപ്പ് പ്രകാരം 32 ഭവനങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ 1022 ഹെക്ടർ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഏകദേശം 18 കോടി രൂപയുടെ നാശനഷ്ടമുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 3,71,64,000 രൂപയുടെയും ഭവനനാശം സംബന്ധിച്ച് 30,00,000 രൂപയുടെയും പൊതുമരാമത്ത് വകുപ്പിൽ 10,40,000 രൂപയുടെയും കെ.എസ്.ഇ.ബി.-യിൽ 25,38,000 രൂപയുടെയും ഫിഷറീസ് വകുപ്പിൽ 80,90,000 രൂപയുടെയും ഇറിഗേഷൻ വകുപ്പിൽ 21,73,000 രൂപയുടെയും നാശനഷ്ടമുൾപ്പെടെ 5 കോടി 40 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ മഴക്കെടുതിയിൽ 3 പേർ മരണമടഞ്ഞിട്ടുള്ളതാണ്. 6 വീടുകൾ പൂർണ്ണമായും 86 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. കൂടാതെ നാൽപ്പതോളം റോഡുകൾ തകരാറിലാകുകയും കാർഷികമേഖലയിൽ വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. മലപ്പുറം ജില്ലയിൽ 1 വീട് പൂർണ്ണമായും 23 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 54 വീടുകൾ പൂർണ്ണമായും 7 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 4 വീടുകൾക്ക് പൂർണ്ണമായും 40 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചു. മഴക്കെടുതിയിൽ 2 മരണം സംഭവിക്കുകയും ഒരാളെ കാണാതാകുകയും ചെയ്തിട്ടുള്ളതാണ്. തൃശ്ശൂർ ജില്ലയിൽ 1 വീട് പൂർണ്ണമായി തകരുകയും 51 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും ചെയ്തു. ജില്ലയിൽ കെ.എസ്.ഇ.ബി.-ക്ക് 12 ലക്ഷം രൂപയുടെയും പി.ഡബ്ല്യു.ഡി. റോഡുകൾക്ക് 751.36 ലക്ഷം രൂപയുടെയും കാർഷികമേഖലയിൽ 386.6 ലക്ഷം രൂപയുടെയും ഫിഷറീസ് മേഖലയ്ക്ക് 121.47 ലക്ഷം രൂപയുടെയും മൃഗസംരക്ഷണ മേഖലയ്ക്ക് 2.7 ലക്ഷം രൂപയുടെയും നാശനഷ്ടമുണ്ടായി. വയനാട് ജില്ലയിൽ 3 വീടുകൾ പൂർണ്ണമായും 50 വീടുകൾ ഭാഗികമായും തകർന്നു. 62.9 ഹെക്ടർ കൃഷിഭൂമിക്ക് നാശം സംഭവിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 3 പേർ മരണപ്പെടുകയുണ്ടായി. 22 വീടുകൾ പൂർണ്ണമായും 566 വീടുകൾ ഭാഗികമായും തകർന്നു. പഞ്ചായത്ത് റോഡിന് 5 കോടി രൂപയും പി.ഡബ്ല്യു.ഡി. റോഡിന് 3 കോടി രൂപയും നാശനഷ്ടം കണക്കാക്കി. 2 പാലങ്ങൾ പൂർണ്ണമായും 3 എണ്ണം ഭാഗികമായും തകരാറിലാകുകയും ഏകദേശം 3 കോടി രൂപയുടെ നാശനഷ്ടം സംഭവിക്കുകയുമുണ്ടായി. 16 കൾവർട്ടുകൾക്ക് തകരാർ സംഭവിക്കുകയും 1 കോടി 28 ലക്ഷം രൂപവരെ നാശനഷ്ടം കണക്കാക്കുകയുമുണ്ടായി. 70 ഹെക്ടർ കൃഷി ഭൂമിയിൽ 3.5 കോടി രൂപ നാശനഷ്ടം സംഭവിച്ചു. കെ.എസ്.ഇ.ബി.-ക്ക്

63 ലക്ഷം രൂപയുടെയും കുടിവെള്ള സ്രോതസ്സുകൾക്ക് 3 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കി. 30 കിണറുകൾക്കും 4 കുളങ്ങൾക്കും തകരാർ സംഭവിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 2 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 26.36 ഹെക്ടർ കൃഷിഭൂമിക്ക് നാശനഷ്ടം സംഭവിക്കുകയും 28.56 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് റോഡുകൾക്ക് 160 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ജില്ലയിൽ 3 വീടുകൾ പൂർണ്ണമായി തകരുകയും 28 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 54 വീടുകൾക്ക് ഭാഗികനാശവും 7 വീടുകൾക്ക് പൂർണ്ണ നാശവും സംഭവിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള മഴക്കെടുതികൾ നേരിടുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

മഴക്കെടുതികൾ നേരിടുന്നതിനായി 2022 വർഷത്തിലേയ്ക്കായി സർക്കാർ പുതുക്കിയ ഓറഞ്ച് ബുക്കിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലകളിലെ എല്ലാ താലൂക്കുകളിലും പഞ്ചായത്തുകളിലും കളക്ടറേറ്റിലും കൺട്രോൾ റൂമുകൾ തുറക്കുകയും ഫയർ ഫോഴ്സിന്റെ നിയന്ത്രണത്തിൽ സിവിൽ ഡിഫൻസ് പ്രവർത്തകരെയും ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ എൻ.ഡി.ആർ.എഫ്. ടീമിനെയും വിന്യസിക്കുകയും ചെയ്തു. ഫിഷറീസ് വകുപ്പിന്റെ കീഴിൽ ജലയാനങ്ങൾ സജ്ജമാക്കി. കൂടാതെ വാട്ടർ ലെവൽ പരിശോധിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. കേന്ദ്ര കാലാവസ്ഥ വകുപ്പിൽനിന്നുള്ള റെഡ്/ഓറഞ്ച് അലെർട്ട് മുന്നറിയിപ്പുകൾ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഓറഞ്ച് ബുക്കിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കാൻ വിവിധ വകുപ്പുകളെ ചുമതലപ്പെടുത്തി. ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവരുടെ വിദഗ്ദ്ധസമിതി ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ അടിയന്തരമായി ക്യാമ്പുകൾ സജ്ജമാക്കുകയും ജനങ്ങൾക്ക് അനൗൺസ്മെന്റ്വഴി വിവരം നൽകുകയും മുൻകരുതലിന്റെ ഭാഗമായി ജനങ്ങളെ മാറ്റിപാർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ക്വാറി പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തലാക്കി. എല്ലാ സാമൂഹ്യ/പ്രാഥമിക കേന്ദ്രങ്ങളും 24 മണിക്കൂറും പ്രവർത്തിക്കാൻ സജ്ജമാക്കി. ഡാമുകളിൽ റൂൾ കർവ് പ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മത്സ്യത്തൊഴിലാളികളെ കടലിൽ പോകുന്നതിൽനിന്ന് വിലക്കുകയും ഇതുസംബന്ധിച്ച മുന്നറിയിപ്പ് ഉച്ചഭാഷിണികൾവഴി നൽകുകയും ചെയ്തു. റെഡ് അലെർട്ട് പ്രഖ്യാപിച്ച ജില്ലകളിൽ പൊതുയോഗങ്ങൾ നിരോധിക്കുകയും പ്രൊഫഷണൽ കോളേജുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകുകയും ചെയ്തു. മൺസൂൺ മുന്നൊരുക്കവുമായി

ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ വിശദമായി ചർച്ച ചെയ്തു. അപകടാവസ്ഥയിലുള്ള മരങ്ങളും അവയുടെ ചില്ലകളും മുറിച്ചുമാറ്റാനോ കോതിയൊതുക്കാനോ ഉള്ള നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കെടുതികളെ നേരിടുന്നതിന്റെ ഭാഗമായി പുഴകളിലെ ജലത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് പുഴകളിലെ മാലിന്യങ്ങൾ മുൻകൂറായി നീക്കം ചെയ്തിരുന്നു. മലയോരമേഖലകളിലേയ്ക്കുള്ള രാത്രികാല യാത്രകളും വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള യാത്രകളും നിരോധിച്ചിരുന്നു. ദുരന്തനിവാരണത്തിന് സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ജെസിബി, ക്രെയിൻ, ടിപ്പർ, വുഡ് കട്ടിംഗ് മെഷീൻ തുടങ്ങിയവ ഉപയോഗിക്കുന്നതിനായി അവരുടെ പേരും ഫോൺ നമ്പരും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ചു.

(സി) നിരന്തരം പ്രകൃതിദുരന്തങ്ങൾ നേരിടുന്ന പശ്ചാത്തലത്തിൽ കാലാവസ്ഥ പ്രവചനത്തിന് കൂടുതൽ റഡാറുകൾ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിലവിൽ കൊച്ചിയിലും തിരുവനന്തപുരത്തുമായി റഡാറുകളുണ്ടെങ്കിലും കൊച്ചിയിൽ സ്ഥാപിച്ചിട്ടുള്ള റഡാറിൽനിന്ന് മാത്രമാണ് 24 മണിക്കൂറും വിവരങ്ങൾ ലഭ്യമാകുന്നത്. വടക്കൻ കേരളത്തിൽ കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ വിവരങ്ങൾ കൃത്യമായി ഈ റഡാറിൽനിന്ന് ലഭിക്കാത്തതിനാൽ കേരളത്തിൽ നിരന്തരം പ്രകൃതിദുരന്തങ്ങൾ നേരിടുന്ന പശ്ചാത്തലത്തിൽ കേരളത്തിന്റെ വടക്കൻ മേഖലയിൽ റഡാറുകൾ സ്ഥാപിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പ്രളയ ദുരിതാശ്വാസ സഹായം**

79 (79) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ സഹായമായി എത്ര കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ചതെന്നും ഏതൊക്കെ രീതിയിലാണ് പ്രസ്തുത തുക സമാഹരിച്ചതെന്നും വെളിപ്പെടുത്താമോ?

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ സഹായമായി 2018 ജൂലൈ 27 മുതൽ 2019 ജൂലൈ 30 വരെ 4342.37 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, സർക്കാർ-സർക്കാരിതര ജീവനക്കാർ തുടങ്ങിയവരിൽനിന്നും ചെക്ക്, ഡ്രാഫ്റ്റ്, ക്യാഷ്, ഓൺലൈൻ എന്നീ രീതികളിലൂടെ സംഭാവനയായാണ് ഈ തുക ലഭിച്ചത്.

(ബി) അപ്രകാരം സമാഹരിച്ച തുകയിൽനിന്നും നാളിതുവരെയായി എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക ബാക്കിയുണ്ടെന്നും അറിയിക്കാമോ?

2018-ലെയും 2019-ലെയും പ്രളയവുമായി ബന്ധപ്പെട്ട് നിലവിലും സഹായധനം അനുവദിച്ചുവരുന്നതിനാൽ 2018 പ്രളയദുരിതാശ്വാസത്തിന് മാത്രമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ ലഭ്യമായ കണക്കുകൾ പ്രകാരം 2018, 2019 പ്രളയവുമായി ബന്ധപ്പെട്ട് ആകെ സമാഹരിച്ച 4935 കോടി രൂപയിൽ 4428.57 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. 495.25 കോടി രൂപ ചെലവഴിക്കാനായി ഇതിനോടകം അനുമതി നൽകിയിട്ടുണ്ട്. ആകയാൽ ഈ ഇനത്തിൽ ആകെ 11.18 കോടി രൂപ മാത്രമാണ് നീക്കിയിരുപ്പായുള്ളത്.

(സി) എത്ര കോടി രൂപയുടെ നാശനഷ്ടങ്ങളാണ് പ്രളയത്തിലുണ്ടായതായി കണക്കാക്കിയിട്ടുള്ളത്; എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിനും വീടുകൾ നഷ്ടമായവർക്ക് പുനർനിർമ്മാണത്തിന് സഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ടോ;

(ഡി) എത്ര പേർക്ക് ഇനിയും ധനസഹായം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 2018-ലെ വെള്ളപ്പൊക്കത്തിൽ എസ്.ഡി.ആർ.എഫ് മാനദണ്ഡങ്ങളനുസരിച്ച് 5616.78 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. 5-10-2018-ലെ സ.ഉ. (സാധാ) നമ്പർ 527/2018/ ഡി.എം.ഡി. ഉത്തരവ് പ്രകാരം പൂർണ്ണമായി തകർന്നതോ 75 ശതമാനത്തിനുമുകളിൽ കേടുപാടുണ്ടായി വാസയോഗ്യമല്ലാത്ത വീടുകളിൽ ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം നടത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 4 ലക്ഷം രൂപയുടെ ധനസഹായം മൂന്ന് ഗഡുക്കളായി അനുവദിക്കുകയാണ് ചെയ്യുന്നത്. ദുരന്തപ്രതികരണ നിധിയിൽനിന്നുമുള്ള ആദ്യഗഡു തുക അനുവദിച്ചിട്ടുള്ളതും നിർദ്ദേശപ്രകാരമുള്ള വീടുനിർമ്മാണം കക്ഷികൾ പൂർത്തിയാക്കാത്തതുമൂലം തുടർഗഡുക്കൾ അനുവദിക്കാൻ കഴിയാത്ത കേസുകളിലും കൂടാതെ നിയമതടസ്സം, പിന്തുടർച്ചാ തർക്കം എന്നീ പ്രശ്നങ്ങൾ നിലനിൽക്കുന്ന കേസുകളിലും ധനസഹായം പൂർണ്ണമായി വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ധനസഹായം ഇനി അനുവദിക്കാനുള്ള ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ധനസഹായം ഇനി അനുവദിക്കേണ്ടവരുടെ വിവരം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | പ്രളയത്തിൽ വീട് നഷ്ടപ്പെട്ട് ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ആദ്യഗഡു തുക അനുവദിച്ചിട്ടുണ്ട്. സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് ആയത് ഹാജരാക്കുന്നമുറയ്ക്ക് രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുവരുന്നു. |
| കൊല്ലം | ധനസഹായം എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. |
| പത്തനംതിട്ട | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 21 ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടില്ല. |
| ആലപ്പുഴ | ജില്ലയിൽ ഭവനനാശം സംഭവിച്ച 126479 പേരിൽ 30 പേർക്കൊഴികെ ബാക്കി എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. കുട്ടനാട് താലൂക്കിലെ 26 പേർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും അനുവദിച്ച ധനസഹായം കക്ഷികളുടെ അക്കൗണ്ടിലെ പിശകുമൂലം അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതെ BIMS-ൽ hanging എന്ന അവസ്ഥയിൽ തുടരുന്നു. ആയത് പരിഹരിക്കുന്നതിനായി എൻ.ഐ.സി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| കോട്ടയം | അപ്പീൽ നൽകുന്നതിനുള്ള കാലാവധിക്കുശേഷം 336 പേർ അധിക ധനസഹായം ആവശ്യപ്പെട്ട് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |
| ഇടുക്കി | എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| എറണാകുളം | വസ്തു തർക്കം, അവകാശികൾ തമ്മിലുള്ള തർക്കം, സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ എന്നിവയിൽപ്പെട്ട 11 പേർക്ക് ധനസഹായം അനുവദിക്കാനുണ്ട്. |
| തൃശ്ശൂർ | ജില്ലയിൽ വീടും സ്ഥലം നഷ്ടപ്പെട്ട 140 ഗുണഭോക്താക്കൾക്കുകൂടി ധനസഹായം അനുവദിക്കാനുണ്ട്. |

| (1) | (2) |
|---|---|
| പാലക്കാട് | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 70 ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും അനുവദിക്കാൻ സാധിച്ചിട്ടില്ല. |
| മലപ്പുറം | 46 ഗുണഭോക്താക്കൾക്കുകൂടി ധനസഹായം അനുവദിക്കാനുണ്ട്. |
| കോഴിക്കോട് | കെയർ ആന്റ് ഷെയർ മുഖേന മിഷൻ പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിൽ വീടുകളുടെ അടിത്തറ പൂർത്തിയായിട്ടുണ്ട്. |
| വയനാട് | വയനാട് ജില്ലയിൽ 249 പേർക്ക് ധനസഹായം അനുവദിച്ച് നൽകാനുണ്ട്. |
| കണ്ണൂർ | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 22 ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും അനുവദിക്കാൻ സാധിച്ചിട്ടില്ല. |
| കാസർഗോഡ് | എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം**

80 (80) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് 2020, 2021, 2022 വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകിയെന്നും ഓരോ വർഷവും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം, പഞ്ചായത്ത് എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വർഷം/മണ്ഡലം/പഞ്ചായത്ത് എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം**

81 (81) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക്

മരണാനന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് വീടും ജീവനോപാധികളും നശിച്ചതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2016 മേയ് 25 മുതൽ 2022 ഓഗസ്റ്റ് 17 വരെ 7122.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിവഴി 597868 പേർക്ക് ചികിത്സാ സഹായമായി 1106,44,33159 (ആയിരത്തി ഒരുന്നൂറ്റിയാറ് കോടി നാൽപ്പത്തിനാല് ലക്ഷത്തി മുപ്പത്തിമൂവായിരത്തി നൂറ്റി അമ്പത്തൊമ്പത്) രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഓഖി, പ്രളയം, കോവിഡ്, മറ്റ് വകുപ്പുകൾവഴി നൽകിയ സഹായം എന്നിവയുൾപ്പെടെ ആകെ 6541.16 കോടി (ആറായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിയൊന്ന് കോടി പതിനാറ് ലക്ഷം) രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ എത്രപേർക്ക് മരണാനന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്നും എത്രപേർക്ക് വീടും ജീവനോപാധികളും നശിച്ചതിന് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നുമുള്ള ജില്ലതിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം**

82 (82) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.)*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിനിരയായവർക്കുള്ള സഹായം**

83 (83) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിനിരയായവർക്ക് സഹായധനമായി നൽകുന്നതിന് എത്ര രൂപയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലുലു ഗ്രൂപ്പ് നൽകിയിട്ടുള്ളതെന്നും ടി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ, പരിക്കേറ്റവർ എന്നിവർക്ക് എത്ര രൂപവീതം നൽകാനാണ് ലുലു ഗ്രൂപ്പ് ഡയറക്ടറുടെ 12-7-2016-ലെ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതനുസരിച്ച് സഹായധനമായി നൽകാൻ ആകെ എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ?

പുറ്റിങ്ങൽ ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2,00,00,000 (രണ്ടു കോടി രൂപ മാത്രം) രൂപയാണ് ലുലു ഗ്രൂപ്പ് ധനസഹായമായി നൽകിയിരുന്നത്.

(ബി) ലുലു ഗ്രൂപ്പിന്റെ ആവശ്യം പരിഗണിച്ച് ദുരന്തത്തിനിരയായവർക്ക് ധനസഹായം വിതരണം ചെയ്യാൻ കൂടുതൽ തുക ആവശ്യമായിവരുമെന്നുള്ള വസ്തുത ലുലു ഗ്രൂപ്പിനെ ബോധ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ധനസഹായ വിതരണം സംബന്ധിച്ച് ലുലു ഗ്രൂപ്പ് കത്ത് നൽകിയിട്ടുള്ള സാഹചര്യവും കത്തിലെ ആവശ്യപ്രകാരം വിതരണം ചെയ്യാൻ ലുലു ഗ്രൂപ്പ് നൽകിയ തുക തികയാത്ത സാഹചര്യവും നിലനിൽക്കുമ്പോൾ വീട് നഷ്ടപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തി ധനസഹായ വിതരണത്തിന് പട്ടിക തയ്യാറാക്കണമെന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം (സി.ആർ.എഫ് - സി 2/റവന്യൂ) പുനഃപരിശോധനയ്ക്ക് വിധേയമാക്കി ദുരന്തബാധിതർക്ക് ഇനിയും കാലതാമസമില്ലാതെ സഹായധനം വിതരണം ചെയ്യുന്നതിന് നിയമപരവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) പുറ്റിങ്ങൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ, ഗുരുതരമായി പരിക്കേറ്റവർ, വീട് നഷ്ടപ്പെട്ടവർ എന്നിവരുടെ പട്ടിക ജില്ലയിൽ ലഭ്യമാകത്തക്കവിധം, ഒരു സ്ഥലപരിശോധന നടത്തി ഇവരിൽ ഇപ്പോഴും ജീവിതം തിരിച്ചുപിടിച്ചിട്ടില്ലാത്തവരെയും/സഹായം ആവശ്യമായവരെയും കണ്ടെത്തുകയും അവർക്ക് ലുലു ഗ്രൂപ്പ് സംഭാവന നൽകിയ രണ്ട് കോടി രൂപയിൽനിന്ന് ധനസഹായം നൽകാൻ കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശിപാർശ സമർപ്പിക്കാൻ ജോയിന്റ് റവന്യൂ കമ്മീഷണറേയും കൊല്ലം ജില്ലാ കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട് വിമാനത്താവളത്തിന്റെ സമീപപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതി

84 (84) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ സമീപപ്രദേശങ്ങളിൽ വീടും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമാണോ; എങ്കിൽ എത്ര കിലോമീറ്റർ ദൂരംവരെയാണ് ഈ അനുമതി ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കെട്ടിടനിർമ്മാണ ചട്ടം 5(4) പ്രകാരം കെട്ടിട നിർമ്മാണങ്ങൾക്ക് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ആവശ്യമുള്ള സംഗതികൾ താഴെക്കൊടുക്കുന്നു.

എയർപോർട്ട് റഫറൻസ് പോയിന്റിൽനിന്നും 20 കിലോമീറ്റർ ചുറ്റളവിനുള്ളിലും അല്ലെങ്കിൽ ഓരോ എയർപോർട്ടിനും അംഗീകരിച്ച Colour Coded Zoning Map-ലെ നിബന്ധനകൾക്കനുസൃതമായും അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉയരം 150 മീറ്ററിൽ അധികരിക്കുന്ന സാഹചര്യത്തിലും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

കോഴിക്കോട് എയർപോർട്ടിന് അംഗീകരിച്ച Colour Coded Zoning Map നിലവിലുണ്ടെങ്കിൽ ആയതിലെ നിബന്ധനകൾക്കുവിധേയമായി കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി ലഭ്യമാക്കാവുന്നതാണ്.

(ബി) പ്രസ്തുത അനുമതിക്കുവേണ്ടി ആരെയാണ് സമീപിക്കേണ്ടതെന്നും എങ്ങനെയാണ് അപേക്ഷിക്കേണ്ടതെന്നും ഏതെല്ലാം രേഖകൾ സമർപ്പിക്കണമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം അനുമതിക്കായി 2022 ജനുവരി മുതൽ എത്ര അപേക്ഷകൾ എയർപോർട്ട് അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം സ്വീകരിച്ചെന്നും എത്രയെണ്ണം നിരസിച്ചെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) എയർപോർട്ട് അതോറിറ്റിയെയാണ് സമീപിക്കേണ്ടത്. ഇതുസംബന്ധിച്ച വിവരങ്ങൾ എയർപോർട്ട് അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. എയർപോർട്ട് അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഡി) അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നപക്ഷം അനുമതി ലഭിക്കുന്നതാണ്.

## വിമാന ടിക്കറ്റ് ചാർജ്ജ് വർദ്ധന

85 (85) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികളെ കൂടുതൽ ദോഷകരമായി ബാധിക്കുന്ന വിമാന ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

വിമാന യാത്രാനിരക്ക് വർദ്ധന നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാനിരക്ക് വർദ്ധനവ് തടയുന്നതിനും വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ, വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾപ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, യാത്രക്കാരുടെ തിരക്ക്, ചെലവ്, ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം വിമാന കമ്പനികൾക്കുണ്ടെന്നാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന കെ.ജി.എസ്.ടി.-യിൽ സംസ്ഥാനം കുറവുവരുത്തിയിട്ടുണ്ട്. ഇതിനുപുറമെ, കോവിഡ് ലോക്ഡൗണിനുശേഷം ആഭ്യന്തര-അന്താരാഷ്ട്ര വിമാന ചാർജ്ജിൽവന്ന ഭീമമായ വർദ്ധന പ്രവാസികളെയും വിനോദസഞ്ചാരികളെയും പ്രതികൂലമായി ബാധിക്കുന്നതിനാൽ ഈ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ട ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക്
2-7-2022-ന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

(ബി) അടിക്കടിയുള്ള വിമാന ടിക്കറ്റ് ചാർജ്ജ് വർദ്ധനകാരണം വിദേശരാജ്യങ്ങളിലെ ജോലിസ്ഥലത്തേയ്ക്ക് കൃത്യസമയത്തെത്താൻ സാധിക്കാതെ ധാരാളം മലയാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം

86 (86) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാലതാമസം കൂടാതെ സ്ഥലമേറ്റെടുത്ത് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുസംബന്ധിച്ച നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഈ വിഷയത്തിൽ 6-7-2022-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന വീഡിയോ കോൺഫറൻസ് യോഗത്തിൽ നവംബർ 1-നകം ഭൂമി ഏറ്റെടുത്തുനൽകൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നും ആയതിന് ഗതാഗത-റവന്യൂ വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തീരുമാനിക്കുകയും അതനുസരിച്ച് ഗതാഗത വകുപ്പ് ഭരണാനുമതി ഉത്തരവും റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതഗതിയിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. RESA-യ്ക്കായി നിരപ്പാക്കിയ ഭൂമി ലഭ്യമാക്കണമെന്നാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനാവശ്യമായ തുക എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലഭ്യമാക്കുമെന്ന വ്യവസ്ഥയ്ക്കുവിധേയമായാണ് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുകയെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്.

## സിൽവർ ലൈൻ പദ്ധതി

87 (87) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്നും എന്തൊക്കെ അനുമതികളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സിൽവർ ലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങാൻ സാധിക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ, മറ്റ് ക്ലിയറൻസുകൾ എന്നിവ വേഗത്തിലാക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ കത്തും ലഭിച്ചിരുന്നു. ഇതനുസരിച്ച് സാമൂഹ്യ ആഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഇനി ഏതൊക്കെ അനുമതികളാണ് കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ?

റെയിൽവേ ബോർഡ്, പദ്ധതിയുടെ ഡി.പി.ആർ.-ന് അംഗീകാരം നൽകുകയും തുടർന്ന് കാബിനറ്റ് കമ്മിറ്റി ഓഫ് ഇക്കണോമിക് അഫയേഴ്സ് (സി.സി.ഇ.എ.) പദ്ധതി അംഗീകരിച്ച് കേന്ദ്ര കാബിനറ്റിന് ശിപാർശ നൽകുകയും ചെയ്യേണ്ടതുണ്ട്. തുടർന്ന് കേന്ദ്ര കാബിനറ്റിന്റെ അംഗീകാരവും ലഭിക്കേണ്ടതാണ്.

(സി) പ്രസ്തുത അനുമതികൾ നേടിയെടുക്കുന്നതിനായി സർക്കാർ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പദ്ധതിക്ക് അന്തിമാനുമതി വേഗത്തിലാക്കുന്നതിന് സർക്കാർ തലത്തിൽ റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയും നേരിട്ട് കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതുകൂടാതെ സിൽവർ ലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുമ്പാകെ 24-3-2022-ന് നേരിട്ട് കൈമാറിയിരുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർ ലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചിടത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സിൽവർ ലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സിൽവർ ലൈൻ പദ്ധതി

88 (88) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ എല്ലാ അനുമതികളും കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സിൽവർ ലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങാൻ സാധിക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ, മറ്റ് ക്ലിയറൻസുകൾ എന്നിവ വേഗത്തിലാക്കുന്നതിന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ കത്തും ലഭിച്ചിരുന്നു. ഇതനുസരിച്ച് സാമൂഹ്യ ആഘാത പഠനമുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ജൈക്ക, എ.ഡി.ബി., എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യു. എന്നീ സ്ഥാപനങ്ങൾവഴി 33700 കോടി രൂപ സമാഹരിക്കുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിക്കുകയും റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്രസർക്കാർ വകുപ്പുകൾ ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്യുകയും ചെയ്തു. ധനസഹായം സുഗമമാക്കുന്ന പാക്കേജുകളുടെ രൂപകല്പനയ്ക്ക് അന്തിമരൂപം നൽകാനും അതോടൊപ്പം ഭൂമി ഏറ്റെടുക്കലും മറ്റ് ക്ലിയറൻസുകളും എത്രയുംപെട്ടെന്ന് പൂർത്തീകരിക്കാനും പദ്ധതി നടപ്പാക്കൽ ഏജൻസി (പി.ഐ.എ.) മുന്നോട്ടു പോകണമെന്ന് ബഹുമാനപ്പെട്ട കേന്ദ്രധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ കേരള സർക്കാരിനെ അറിയിക്കുകയുണ്ടായി.

പദ്ധതിക്ക് അന്തിമാനുമതി വേഗത്തിലാക്കുന്നതിന് സർക്കാർ തലത്തിൽ റെയിൽവേ ബോർഡ് ചെയർമാനുമായി യോഗം ചേരുകയും റെയിൽവേ മന്ത്രിക്ക് കത്തയയ്ക്കുകയും നേരിട്ട് കൂടിക്കാഴ്ച നടത്തുകയും ചെയ്തിരുന്നു. ഇതുകൂടാതെ സിൽവർ ലൈൻ പദ്ധതിയെക്കുറിച്ച് ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുമ്പാകെ 24-3-2022-ന് നേരിട്ട് കൈമാറിയിരുന്നു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായുള്ള ഈ കൂടിക്കാഴ്ചയിൽ സിൽവർ ലൈൻ പദ്ധതിയുടെ വിവിധ വശങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരളത്തിന്റെ പുരോഗതിയെ സംബന്ധിച്ചിടത്തോളം പദ്ധതി എത്രമാത്രം അനിവാര്യമാണെന്ന് വിശദീകരിച്ചു. സിൽവർ ലൈൻ പദ്ധതിക്ക് അന്തിമാനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ അനുമതികൾ നാളിതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതി റെയിൽവേ ബോർഡ് അംഗീകരിച്ചാലുടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയും.

(സി) സംസ്ഥാന സർക്കാർ പ്രസ്തുത നിലപാടിലുറച്ച് നിൽക്കുന്നുണ്ടോ; എങ്കിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പദ്ധതിക്ക് അനുമതി വേഗത്തിലാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി വിവിധ രീതിയിൽ ബന്ധപ്പെട്ടുവരുന്നു. റെയിൽവേയിൽ നിന്നും അംഗീകാരം ലഭിച്ചതിനുശേഷം 5 വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനായി 5 റീച്ചുകളായി കരാർ നടപടികളുമായി മുന്നോട്ട് പോകാനാണുദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിലുള്ള വേഗത, കാര്യക്ഷമത, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിന് എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി.) തരത്തിലാണ് കരാറുകൾ നൽകാനുദ്ദേശിക്കുന്നത്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ പദ്ധതികൾ**

89 (89) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ഇൻലാൻഡ് നാവിഗേഷൻ മുഖേനയുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവാകുന്ന തുക, ഏജൻസി എന്നിവയുടെ വിശദവിവരം ക്രമംതിരിച്ച് ലഭ്യമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പുമുഖേന നടപ്പാക്കിവരുന്ന 'Cleaning, construction of drain and beautification of canal in Sea view ward in Alappuzha Municipality' എന്ന പ്രവൃത്തിയുടെ 90% പൂർത്തീകരിച്ചിട്ടുണ്ട്. 3,98,27,034 രൂപ ചെലവ് കണക്കാക്കിയിട്ടുള്ള ടി പ്രവൃത്തി സ്വകാര്യ കോൺട്രാക്ടറാണ് ഏറ്റെടുത്തിട്ടുള്ളത്.

**കനാൽ റീജനറേഷൻ പദ്ധതി**

90 (90) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ കനാൽ റീജനറേഷൻ പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി സാമ്പത്തിക സഹായത്തോടെ കെ.എം.ആർ.എൽ. നിർവ്വഹണ ഏജൻസിയായി പുനരുജ്ജീവിപ്പിക്കുന്ന കൊച്ചി നഗരസഭാ പരിധിയിലുള്ള കനാലുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഇന്റഗ്രേറ്റഡ് അർബൻ റീ-ജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം (IURWTS) പദ്ധതിയുടെ ഭാഗമായി കൊച്ചിയിലെ താഴെപ്പറയുന്ന 6 കനാലുകളാണ് വികസിപ്പിക്കുന്നത്:

| | |
|---|---|
| 1 | ഇടപ്പള്ളി കനാൽ |
| 2 | മാർക്കറ്റ് കനാൽ |
| 3 | തേവര കനാൽ |
| 4 | തേവര - പേരണ്ടൂർ കനാൽ |
| 5 | ചിലവന്നൂർ കനാൽ |
| 6 | കോന്തുരുത്തി കനാൽ |

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമുണ്ടോ; എങ്കിൽ ഏതൊക്കെ കനാലുകൾക്കാണ് ഭൂമി ഏറ്റെടുക്കേണ്ടതെന്നും ആയത് ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ഇടപ്പള്ളി കനാൽ, തേവര കനാൽ, തേവര-പേരണ്ടൂർ കനാൽ, ചിലവന്നൂർ കനാൽ എന്നിവയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 4(1), 6(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധീകരിക്കുകയും സാമൂഹികാഘാത പഠനം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. ഇടപ്പള്ളി കനാലിന്റെ സാമൂഹികാഘാത പഠന റിപ്പോർട്ട്, പഠന ഏജൻസി സമർപ്പിച്ചിട്ടുള്ളത് വിദഗ്ധ സമിതി പരിശോധിച്ചുവരുന്നു.

(സി) ഈ പദ്ധതി പ്രകാരം ഓരോ കനാലിന്റെയും വീതിയും ആഴവും എത്രയാണ്; വീതി വർദ്ധിപ്പിക്കുന്നതിലൂടെ എത്ര കുടുംബങ്ങളെ ഇത് ബാധിക്കുമെന്നും അവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഈ പദ്ധതി പ്രകാരം ഓരോ കനാലിന്റെയും ആഴം 1.50 മീറ്ററും ഏറ്റവും കുറഞ്ഞ വീതി 16.50 മീറ്ററോ അല്ലെങ്കിൽ ലിത്തോ മാപ്പ് പ്രകാരമുള്ള പൂർവ്വകാല വീതിയിലോ നിലനിർത്തുന്നതുമാണ്. കനാൽ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്നയിടങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ

ഭാഗമായുള്ള സാമൂഹികാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്കുമാത്രമെ പുനരധിവാസ പദ്ധതികൾ ആവശ്യമാണോയെന്ന വിവരം ലഭ്യമാകുകയുള്ളൂ.

കോന്തുരുത്തി കനാൽ വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടതില്ലെങ്കിലും കനാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുണ്ട്. അവിടെ റവന്യൂ, കൊച്ചി കോർപ്പറേഷൻ ഉദ്യോഗസ്ഥർ സംയുക്ത സർവ്വേ നടത്തി 132 കയ്യേറ്റങ്ങൾ കണ്ടെത്തിയിരുന്നു. അതിൽ പുനരധിവാസത്തിനർഹരായ 122 പേരെ ലൈഫ് മിഷനിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനായി കൊച്ചി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പള്ളുരുത്തി വില്ലേജിലെ 144/1, 144/5, 144/10 എന്നീ സർവ്വേ നമ്പരുകളിലായി 1 ഏക്കർ 38 സെന്റ് 200 സ്ക്വയർ ലിങ്ക്സ് സ്ഥലം കണ്ടെത്തിയിട്ടുമുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട ഓരോ കനാലിന്റെയും നിലവിലെ സ്ഥിതി പ്രത്യേകം വിശദീകരിക്കാമോ?

ഇടപ്പള്ളി കനാൽ വികസനത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം അന്തിമഘട്ടത്തിലാണ്. തേവര കനാൽ, തേവര-പേരണ്ടൂർ കനാൽ, ചിലവന്നൂർ കനാൽ എന്നിവയുടെ സാമൂഹികാഘാത പഠനം പ്രാരംഭഘട്ടത്തിലാണ്. മാർക്കറ്റ് കനാൽ വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടതില്ലെന്നതിനാൽ സർവ്വേ നടപടികളും കനാൽ വൃത്തിയാക്കൽ പ്രവൃത്തികളും പൂർത്തിയാക്കുകയും സിവിൽ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കോന്തുരുത്തി കനാൽ വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമില്ലെങ്കിലും കനാൽ വികസനത്തിന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുള്ളതിനാൽ അർഹരായ 122 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ ചുമതലയിൽ സ്വീകരിച്ചുവരുന്നു.

## പ്രവാസി ക്ഷേമ പദ്ധതികൾ

91 (91) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് ജോലി നഷ്ടപ്പെട്ട നിരവധി പ്രവാസികൾ നാട്ടിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട് വിദേശത്തേയ്ക്ക് മടങ്ങാൻ കഴിയാതെ നിൽക്കുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളുൾപ്പെടുത്തി 'പ്രവാസി ഭദ്രത' എന്നപേരിൽ പുനരധിവാസ ഏകോപന സംയോജന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

I) <u>പ്രവാസി ഭദ്രത-പേൾ</u>: അവിദഗ്ധ തൊഴിൽ മേഖലകളിൽനിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിലുള്ളവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ മുഖാന്തരം പരമാവധി 2 ലക്ഷം രൂപവരെ 24 മാസത്തെ തിരിച്ചടവ് കാലാവധിയിൽ പലിശരഹിത വായ്പ അനുവദിക്കുന്നു.

II) <u>പ്രവാസി ഭദ്രത - മൈക്രോ</u>:- സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, കെ.എസ്.എഫ്.ഇ. തുടങ്ങിയവ മുഖേന പരമാവധി 5 ലക്ഷം രൂപവരെ സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നു. വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യംതന്നെ മൂലധന സബ്സിഡി അനുവദിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത.

III) <u>പ്രവാസി ഭദ്രത - മെഗാ</u>:- സ്വയംതൊഴിൽ പദ്ധതികൾക്കായി കെ.എസ്.ഐ.ഡി.സി. മുഖാന്തരം പരമാവധി 2 കോടി രൂപവരെ അനുവദിക്കുന്ന പദ്ധതിയിൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ ലഭ്യമാക്കുന്നുണ്ട്.

പ്രസ്തുത പദ്ധതിക്കായി 2021-2022 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 50 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

കൂടാതെ, പ്രവാസ ജീവിതം അവസാനിപ്പിച്ചെത്തിയവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങളാരംഭിക്കാൻ നടപ്പാക്കിയിട്ടുള്ള പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ വിഹിതം 2022-23 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) എത്ര പ്രവാസികൾ കോവിഡ് മഹാമാരിയെത്തുടർന്ന് മടങ്ങിയെത്തിയെന്നും അവരിൽ എത്രപേർ തിരികെ വിദേശത്തേയ്ക്ക് മടങ്ങിയെന്നും വെളിപ്പെടുത്തുമോ?

കോവിഡ് ജാഗ്രത പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം, 1789669 പ്രവാസികൾ നാളിതുവരെ മടങ്ങിയെത്തിയിട്ടുണ്ട്. വിദേശത്തേയ്ക്ക് മടങ്ങിയവരുടെ കൃത്യമായ വിവരം ലഭ്യമല്ല.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പ്രവാസികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയതെന്ന് അറിയിക്കുമോ?

നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന പ്രവാസി ക്ഷേമപദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) പുതുതായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് അംഗങ്ങൾക്കായി പ്രവാസി ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുക്കുന്ന 20 ലക്ഷം രൂപ വരെയുള്ള ഭവനവായ്പകൾക്ക് 5% സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

ഒന്നാം ലോകകേരള സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനിയുടെ മേൽനോട്ടത്തിൽ പാതയോര വിശ്രമകേന്ദ്രം (Rest Stop Project) പദ്ധതി നടപ്പാക്കുന്നുണ്ട്.

**പ്രവാസി മലയാളികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

92 (92) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി മലയാളികളുടെ ഉന്നമനത്തിനായി ഈ സർക്കാർ ചെയ്തുവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവാസി മലയാളികളുടെ ഉന്നമനത്തിനായി നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറാകുന്ന പ്രവാസികൾക്ക് കാലതാമസംകൂടാതെ സംരംഭങ്ങളാരംഭിക്കുന്നതിനുള്ള ഫയൽപരമായ തടസ്സങ്ങളൊഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തയ്യാറായിവരുന്ന പ്രവാസികളുൾപ്പെടെയുള്ളവർക്ക് ഫയൽപരമായ തടസ്സങ്ങളൊഴിവാക്കി സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കുന്നതിന് നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുകയും ആവശ്യമായ നിയമനിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട്.

വ്യവസായ വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ഓൺലൈൻ ഏകജാലക സംവിധാനമായ 'കെ-സ്വിഫ്റ്റ്' മുഖാന്തരം സംരംഭകർക്ക് 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും അനുബന്ധ സേവനങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. 'ഇൻവെസ്റ്റ് കേരള' എന്ന വെബ്പോർട്ടൽവഴി നിക്ഷേപകർക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ഇൻവെസ്റ്റ് കേരള ഹെൽപ്പ് ഡെസ്ക് എന്ന പ്രത്യേക കോൾ സെന്റർ (1800 890 1030 എന്ന ടോൾഫ്രീ നമ്പർ) മുഖാന്തരം സംരംഭകരുടെ സംശയങ്ങളും ആകുലതകളും ദൂരീകരിക്കുകയും ചെയ്യുന്നുണ്ട്.

നോർക്ക റൂട്ട്സ് നടത്തിവരുന്ന നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ മുഖേന, പ്രവാസി സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സേവനങ്ങളും ലഭ്യമാക്കുകയും ഫയൽപരമായ തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതത് വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) പ്രവാസി മലയാളികൾക്ക് മെഡിസെപ് മാതൃകയിൽ ചികിത്സ ഇൻഷ്വറൻസും ന്യായമായ പെൻഷൻ പദ്ധതിയും ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പ്രവാസി മലയാളികൾക്ക് നോർക്ക റൂട്ട്സ് ഐ.ഡി. കാർഡ് പദ്ധതിപ്രകാരം ഗുരുതര രോഗം, അപകടംമൂലമുള്ള മരണം, അംഗവൈകല്യം എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് അംഗങ്ങളിൽ 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽക്കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളവരുമായവർക്ക് പെൻഷൻ ലഭ്യമാക്കുന്നുണ്ട്. ഇവർക്ക് 50,000 രൂപവരെ ചികിത്സാ ധനസഹായവും നൽകിവരുന്നുണ്ട്.

**പ്രവാസികൾ നേരിട്ട പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി**

93 (93) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഏറെ പ്രതിസന്ധി സൃഷ്ടിച്ച പ്രവാസികളിൽനിന്നും വിമാനകമ്പനികൾ ഉയർന്നനിരക്കിൽ വിമാനചാർജ്ജ് ഈടാക്കുന്നത് അവസാനിപ്പിക്കാൻ ഇടപെടൽ നടത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രതികരണം ലഭിച്ചിട്ടുണ്ടോ?

വിമാന യാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനയാത്രാനിരക്ക് വർദ്ധനവ് തടയുന്നതിനും വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ മുഖ്യമന്ത്രിതലത്തിൽ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ, ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല പ്രതികരണമുണ്ടായിട്ടില്ല. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം കേന്ദ്രസർക്കാർ 1994-ൽ എടുത്തുകളഞ്ഞതിലൂടെ എയർക്രാഫ്റ്റുകൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്.

സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന കെ.ജി.എസ്.ടി.-യിൽ സംസ്ഥാനം കുറവുവരുത്തിയിട്ടുണ്ട്.

(ബി) പ്രവാസികൾ നേരിട്ട പ്രതിസന്ധി കണക്കിലെടുത്ത് അവർക്കായി രണ്ടായിരം കോടി രൂപയുടെ പ്രത്യേക പാക്കേജിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് പ്രതികരണം അറിയിക്കാമോ?

പ്രവാസികൾക്കായി രണ്ടായിരം കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് അനുകൂല പ്രതികരണമുണ്ടായിട്ടില്ല.

(സി) സർക്കാർ പ്രവാസികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ആശ്വാസ നടപടികളെന്തെല്ലാമെന്നും സംസ്ഥാന വികസനത്തിൽ അവരെക്കൂടി കണ്ണിചേർക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

പ്രവാസി കേരളീയരുടെ ക്ഷേമപരിപാടികൾ വിപുലപ്പെടുത്തുന്നതോടൊപ്പം സംസ്ഥാന വികസനത്തിൽ പ്രവാസി പങ്കാളിത്തം ഉറപ്പാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് മുഖേന പ്രവാസി ഡിവിഡന്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിവഴി ലഭ്യമാകുന്ന നിക്ഷേപങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസിയായ കിഫ്ബിക്ക് കൈമാറി സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനത്തിനായാണ് ഉപയോഗപ്പെടുത്തുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനത്ത് പാതയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

പ്രവാസി ക്ഷേമത്തിനും പുനരധിവാസത്തിനുമായി നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവമുഖേന ലഭ്യമാക്കുന്ന പദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പ്രവാസി ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ

94 (94) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ ഇതിനോടകം എത്ര അംഗങ്ങളാണ് ചേർന്നിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

16-8-2022-ലെ കണക്കനുസരിച്ച് 706628 പേർ പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുണ്ട്.

(ബി) അംഗങ്ങളായിട്ടുള്ള പ്രവാസികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതുമുതൽ പെൻഷൻ പ്രായംവരെ മുടക്കമില്ലാതെ അംശദായം അടയ്ക്കുന്നവർക്ക് പെൻഷൻ പ്രായശേഷം ആജീവനാന്തം പെൻഷൻ ലഭിക്കുന്നു. കൂടാതെ പെൻഷനാകുന്നതിനുമുമ്പുള്ള അംഗത്വകാലയളവിൽ ചികിത്സാ ധനസഹായം, മക്കളുടെ വിദ്യാഭ്യാസത്തിനായി വിദ്യാഭ്യാസാനുകൂല്യം, പെൺമക്കളുടെയും വനിത അംഗങ്ങളുടെയും വിവാഹത്തിന് വിവാഹ ധനസഹായം, വനിത അംഗങ്ങൾക്ക് പ്രസവാനുകൂല്യം, അംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ, കുടുംബ പെൻഷന് അർഹതയില്ലെങ്കിൽ നോമിനിക്ക് മരണാനന്തര ധനസഹായം, ശാരീരിക അവശതകളനുഭവിക്കുന്നവർക്ക് മാനദണ്ഡങ്ങളനുസരിച്ച് അവശതാ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ പ്രവാസി ക്ഷേമബോർഡ് അനുവദിച്ചുവരുന്നു. കൂടാതെ പെൻഷണർ മരണപ്പെട്ടാൽ നോമിനിക്ക് കുടുംബ പെൻഷനും അർഹതയുണ്ട്.

**നോർക്ക റൂട്ട്സിലെ ക്രമക്കേടുകൾ**

95 (95) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക സാന്ത്വന പദ്ധതിവഴി എത്രപേർക്ക് ഇരട്ടി തുക അനുവദിച്ചെന്ന് വിശദമാക്കുമോ; ഈ തുക തിരിച്ചുപിടിക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

നോർക്ക സാന്ത്വന പദ്ധതിമുഖേന 11 ഗുണഭോക്താക്കൾക്കാണ് തുക ഇരട്ടിയായി അനുവദിച്ചത്. തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും 3 പേർ മുഴുവനായും ഒരാൾ ഭാഗികമായും ഇതിനകം തുക തിരികെ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഇരട്ടി തുകയനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമോ; ദിവസവേതനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ സാന്ത്വന പദ്ധതി കൈകാര്യം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇരട്ടി തുകയനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഓഫീസ് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും അന്വേഷണം നടത്തുകയുമുണ്ടായി. തുടർന്ന് ബന്ധപ്പെട്ട ജീവനക്കാരുടെ വിശദീകരണം തേടുകയും അവരെ പ്രസ്തുത സെക്ഷന്റെ പ്രവർത്തനങ്ങളിൽനിന്നും മാറ്റിനിയമിക്കുകയും ചെയ്തു. ദിവസവേതനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരാരുംതന്നെ സാന്ത്വന പദ്ധതി കൈകാര്യം ചെയ്യുന്നില്ല.

(സി) പ്രവാസി ഐ.ഡി. കാർഡ് നൽകുന്നതിനായി ശേഖരിച്ച പണം തട്ടിയ ജീവനക്കാർക്കെതിരെ കർശനനടപടിക്ക് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ശിപാർശ ചെയ്തിരുന്നോ; വിശദമാക്കുമോ?

ശിപാർശ ലഭിച്ചിട്ടില്ല.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതി (18718/2012), കേരള ഹൈക്കോടതി (WPC 10622/2012) ഉത്തരവുകൾക്കുവിരുദ്ധമായി 18-10-2017-ലെ സർക്കാർ ഉത്തരവ് 612/2017/നോർക്ക പ്രകാരം മുൻകാല പ്രാബല്യത്തോടെ നോർക്ക റൂട്ട്സിൽ സ്ഥിരപ്പെടുത്തൽ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

24-2-2011-ലെ സ.ഉ. (എം.എസ്) നമ്പർ 1/2011/നോർക്ക പ്രകാരം നോർക്ക റൂട്ട്സിൽ 21 തസ്തികകൾ സൃഷ്ടിക്കുകയും 2 വർഷത്തിൽക്കൂടുതൽ കോൺട്രാക്റ്റ്/ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന 16 ജീവനക്കാരെ പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽനടന്ന നിയമനങ്ങൾ സർക്കാർ പുനഃപരിശോധിക്കുകയും 21-4-2012-ലെ സ.ഉ. (എം.എസ്) നമ്പർ 05/2012/നോർക്ക സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത സ്ഥിരനിയമനം റദ്ദാക്കി അവരുടെ സേവനവ്യവസ്ഥകൾ പഴയരീതിയിൽ കരാറടിസ്ഥാനത്തിലാക്കുകയും ചെയ്തു.

18-10-2017-ലെ സ.ഉ. (സാധാ) നമ്പർ 612/2017/നോർക്ക പ്രകാരം 21-4-2012-ലെ സ.ഉ. (എം.എസ്.) നമ്പർ 05/2012/നോർക്ക ഉത്തരവ് റദ്ദാക്കാനും 24-2-2011-ലെ സ.ഉ. (എം.എസ്.) നമ്പർ 1/2011/നോർക്ക ഉത്തരവിന് പ്രാബല്യം നൽകാനുമാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

**ലോക കേരളസഭ സമ്മേളനങ്ങളിലെ ശിപാർശകൾ**

96 (96) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് ലോക കേരളസഭ സമ്മേളനങ്ങളിലും ഓരോ സമ്മേളനത്തിന്റെയും തീരുമാനപ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുള്ള ശിപാർശകളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ ശിപാർശകൾ നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഓരോ സമ്മേളനത്തിന്റെയും ഇനംതിരിച്ച് വിശദാംശം നൽകുമോ?

(എ&ബി) ഒന്നാം ലോക കേരളസഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ പ്രായോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു.

രണ്ടാം ലോക കേരളസഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് പ്രായോഗികമല്ലാത്തവ നീക്കം ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചു വരുന്നു. കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്നവ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

മൂന്നാം സമ്മേളനത്തിൽ നിരവധി ആശയങ്ങളും നിർദ്ദേശങ്ങളും വിവിധ സെഷനുകളിൽ അംഗങ്ങളുയർത്തിയിട്ടുണ്ട്. ടി ശിപാർശകൾ ക്രോഡീകരിച്ചുവരുന്നു.

(സി) ലോക കേരളസഭാ സമ്മേളനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഓരോ സമ്മേളനത്തിന്റെയും ഇനംതിരിച്ച് വ്യക്തമാക്കുമോ?

ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861 രൂപയും രണ്ടാം സമ്മേളനത്തിനായി 1,11,12,924 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. മൂന്നാം സമ്മേളനത്തിന്റെ ചെലവുകളുടെ സെറ്റിൽമെന്റ് അന്തിമമായിട്ടില്ല.

**ലോക കേരളസഭയിൽ പങ്കെടുത്ത പ്രതിനിധികൾ**

97 (97) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയിൽ പങ്കെടുത്ത പ്രതിനിധികളുടെ പേരുവിവരം രഹസ്യരേഖയായി സൂക്ഷിക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏതുസാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനമെടുത്തതെന്ന് വ്യക്തമാക്കുമോ?

ഇല്ല. ബാധകമല്ല.

(ബി) ഇല്ലെങ്കിൽ കഴിഞ്ഞ മൂന്ന് ലോകകേരള സഭകളിലേയ്ക്ക് പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടവരുടെയും പങ്കെടുത്തവരുടെയും പേരും ഏത് രാജ്യം/സംസ്ഥാനത്തുനിന്നുള്ള പ്രവാസിയാണെന്നും ഏതുമേഖലയെ പ്രതിനിധീകരിക്കുന്ന വ്യക്തിയാണെന്നും ഏത് പ്രവാസി സംഘടനയുടെ പ്രതിനിധിയാണെന്നും ഔദ്യോഗിക മേൽവിലാസവും വ്യക്തമാക്കുമോ?

ലോക കേരളസഭയുടെ ഒന്ന്, രണ്ട്, മൂന്ന് സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരും പങ്കെടുത്തവരുമായ പ്രവാസികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ജനപ്രതിനിധികളും ലോക കേരളസഭ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രവാസികളുമല്ലാതെ മറ്റാർക്കെങ്കിലും ലോക കേരളസഭ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം അനുമതി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ജനപ്രതിനിധികൾക്കും ലോകകേരള സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രവാസികൾക്കുമല്ലാതെ മറ്റാർക്കും സഭാസമ്മേളനത്തിൽ പ്രവേശനാനുമതി നൽകിയിട്ടില്ല.

**ലോക കേരളസഭയിലെ അംഗങ്ങൾ**

98 (98) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മൂന്ന് ലോകകേരള സഭകളിലേയ്ക്ക് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രവാസികളുടെയും പങ്കെടുത്ത പ്രവാസികളുടെയും പേരും വിശദാംശങ്ങളും വെളിപ്പെടുത്താമോ?

ലോക കേരളസഭയുടെ ഒന്ന്, രണ്ട്, മൂന്ന് സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രവാസികളുടെയും പങ്കെടുത്ത പ്രവാസികളുടെയും വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**എ.കെ.ജി. സെന്റർ സ്ഫോടകവസ്തു ആക്രമണകേസ്**

99 (99) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ 30-ന് എ.കെ.ജി. സെന്ററിൽ സ്ഫോടകവസ്തു എറിഞ്ഞ സംഭവത്തിലെ പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

30-6-2022-ൽ രാത്രി 11.20-ന് എ.കെ.ജി. സെന്ററിന്റെ ഗേറ്റിലേയ്ക്ക് കുന്നുകുഴി ഭാഗത്തുനിന്നും സ്കൂട്ടറിൽവന്ന് സ്ഫോടകവസ്തു എറിഞ്ഞിട്ട് കടന്നുകളഞ്ഞ സംഭവം സംബന്ധിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 721/2022, U/s 436 IPC and Section 3 (a) of Explosive Substance Act 1908

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് കേസിൽ ഊർജ്ജിതാന്വേഷണം നടത്തുന്നതിനായി ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കേസ് ക്രൈംബ്രാഞ്ചിൽ ക്രൈം നമ്പർ 117/CB/TVM/R/2022 ആയി റീ-രജിസ്റ്റർ ചെയ്ത് വിദഗ്ദ്ധ അന്വേഷണസംഘം രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത സംഭവത്തിന്റെ സി.സി.ടി.വി. ദൃശ്യങ്ങൾ ലഭ്യമായ സാഹചര്യത്തിൽ ആയത് കേന്ദ്രീകരിച്ചുകൊണ്ട് അന്വേഷണം നടത്തിയിരുന്നോവെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സംഭവത്തിന്റെ ലഭ്യമായ സി.സി.ടി.വി. ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് സമഗ്രമായ അന്വേഷണം നടത്തിവരുന്നു.

(സി) പ്രതികൾ ഭരണപക്ഷ അനുഭാവികളായതുകൊണ്ട് പോലീസ് കേസന്വേഷണം അട്ടിമറിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എ.കെ.ജി. സെന്റർ ആക്രമണം**

100 (100) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ 30-ന് എ.കെ.ജി. സെന്ററിൽ സ്ഫോടകവസ്തു എറിഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

പ്രസ്തുത സംഭവത്തിൽ പ്രതിയെ തിരിച്ചറിഞ്ഞിട്ടില്ല. കേസിൽ ഊർജ്ജിതാന്വേഷണം നടത്തുന്നതിനായി ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തുകയും ക്രൈം നമ്പർ 117/CB/TVM/R/2022 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് വിദഗ്ദ്ധ അന്വേഷണസംഘം രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തിവരുന്നു.

## അട്ടപ്പാടി മധു വധക്കേസ് സാക്ഷികളുടെ കൂറുമാറ്റം

101 (101) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മധു വധക്കേസിൽ സാക്ഷികളായ മുക്കാലി ഫോറസ്റ്റ് സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥനും വനം വകുപ്പ് വാച്ചറും കൂറുമാറിയ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

കാണുന്നുണ്ട്. കൂറുമാറിയ സാക്ഷികളെ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് ഫോറസ്റ്റ് വകുപ്പിൽ താൽക്കാലിക വാച്ചർമാരായി ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) മജിസ്ട്രേറ്റിന്റെ മുമ്പിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയവർപോലും കൂറുമാറുന്ന സംഭവം പ്രോസിക്യൂഷന്റെ വീഴ്ചകൊണ്ടാണോയെന്ന് വ്യക്തമാക്കാമോ?

സാക്ഷികൾ കൂറുമാറിയത് പ്രോസിക്യൂഷന്റെ വീഴ്ചകൊണ്ടല്ല.

(സി) മജിസ്ട്രേറ്റിന്റെ മുമ്പിൽ നൽകിയ 164 സ്റ്റേറ്റ്മെന്റിനുവിരുദ്ധമായ മൊഴി വിചാരണവേളയിൽ നൽകി കൂറുമാറിയ സാക്ഷികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും ഐ.പി.സി. 193 വകുപ്പുപ്രകാരം കേസ്സെടുക്കാനും നടപടികൾ സ്വീകരിക്കുമോ?

വിചാരണയ്ക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് കേസിന്റെ അന്വേഷണോദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡിവൈ.എസ്.പി. പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമം നടക്കുന്നതായി ബഹുമാനപ്പെട്ട കോടതിമുമ്പാകെ ലഭ്യമായ രേഖകൾസഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹുമാനപ്പെട്ട കോടതി 20-8-2022-ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സാക്ഷികൾ കൂറുമാറിയതുസംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ സെഷൻസ് കോടതിമുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേത്തുടർന്ന് ബഹുമാനപ്പെട്ട കോടതി 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകിവരുന്നുണ്ട്.

പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ, ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം, കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് മണ്ണാർക്കാട്, പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതുമാണ്. ഈ കേസിലെ പ്രതികൾക്കർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

**കരുതൽ തടങ്കൽ**

102 (102) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും സഞ്ചരിക്കുന്ന വഴിയരികിലും നിൽക്കുന്ന പ്രമുഖ പ്രതിപക്ഷ രാഷ്ട്രീയപാർട്ടിയിലെ പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്ത് കരുതൽ തടങ്കലിൽ വയ്ക്കുന്നുവെന്ന ആരോപണം വസ്തുതാപരമാണോ; വ്യക്തമാക്കാമോ;

(ബി) തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിൽ മഹാകവി കുമാരനാശാന്റെ 150-ാം ജന്മവാർഷികാഘോഷവും ആശാൻ സൗധത്തിന്റെ നിർമ്മാണോദ്ഘാടനവും നടന്ന ചടങ്ങിൽ സ്വാഗതസംഘം ചെയർമാൻ കൂടിയായ വ്യക്തിയെ കരുതൽ തടങ്കലിൽ വച്ചുവെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

(എ&ബി) ഇസെഡ് പ്ലസ് സുരക്ഷാ കാറ്റഗറിയിലുൾപ്പെട്ട മുഖ്യമന്ത്രിയുടെ സുരക്ഷാ സംവിധാനങ്ങൾ പ്രാദേശിക സുരക്ഷാ ഭീഷണികളെക്കൂടി കണക്കിലെടുത്തുകൊണ്ട് ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രതിപക്ഷ രാഷ്ട്രീയപാർട്ടി പ്രവർത്തകരെ കരുതൽ തടങ്കലിൽ വയ്ക്കുന്നുവെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്.

(സി) ഏത് നിയമപ്രകാരമാണ് അപ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ?

ക്രിമിനൽ നടപടിക്രമം വകുപ്പ് 151 പ്രകാരം.

## ഷാർജ ഭരണാധികാരിയുടെ സന്ദർശനം

103 (103) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. ലിറ്റ് ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയെ റൂട്ടുമാറി ക്ലിഫ്ഹൗസിലെത്തിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻകൂട്ടി നിശ്ചയിച്ച റൂട്ടിലൂടെയാണ് യാത്ര നടത്തിയത്.

(ബി) ഇതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം വാങ്ങിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ പ്രതിനിധികളും ഷാർജ ഭരണാധികാരിയുടെ യാത്രാസംഘത്തിലുൾപ്പെട്ടിരുന്നു.

(സി) ഷാർജ ഭരണാധികാരിയുടെ യാത്രയുടെ റൂട്ട് മാറ്റുന്നതിന് ഒരു പോലീസ് എ.ഡി.ജി.പി. നേതൃത്വം നൽകിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത കൂടിക്കാഴ്ചയ്ക്കാധാരമായ വിഷയമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രവാസി കേരളീയരുടെ ക്ഷേമം സംബന്ധിച്ച വിഷയങ്ങളായിരുന്നു ചർച്ച ചെയ്തത്.

## ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പ് മാറ്റൽ

104 (104) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. ലിറ്റ് ബിരുദം സ്വീകരിക്കാനായി കേരളത്തിലെത്തിയ ഷാർജ ഭരണാധികാരിയുടെ റൂട്ട് മാപ്പ് മാറ്റുന്നതിന് പോലീസ് ആസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥൻ നേതൃത്വം നൽകിയെന്ന നയതന്ത്ര ബാഗേജ് സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയുടെ ആരോപണം വസ്തുതയാണോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അല്ലെങ്കിൽ അവർക്കെതിരെ എന്തൊക്കെ നിയമനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**സെക്രട്ടേറിയേറ്റിനുമുന്നിലെ സമരം**

105 (105) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമരം സെക്രട്ടേറിയറ്റിനുമുന്നിൽ എന്നുമുതലാണ് ചെയ്യുന്നതെന്നും സമരം തുടങ്ങിയിട്ട് എത്ര ദിവസമായെന്നും പ്രശ്നം പരിഹരിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20-7-2022 മുതൽ 30-7-2022 വരെ പതിനൊന്ന് ദിവസമാണ് സമരമുണ്ടായിരുന്നത്. പ്രശ്നപരിഹാരത്തിന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സമരക്കാരുടെ പ്രതിനിധികളുമായി 2022 ആഗസ്റ്റ് 19 വൈകുന്നേരം 4 മണിക്ക് ചർച്ച നടത്തിയിരുന്നു. ചർച്ചയിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ലത്തീൻ അതിരൂപത പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തിരുന്നു. സമരത്തിനാധാരമായ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും അതിരൂപത ഉന്നയിച്ച വിഷയങ്ങൾ അനുഭാവപൂർവ്വം പരിശോധിച്ച് തുടർചർച്ച ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറലാശുപത്രിയിലെ പോലീസ് ഔട്ട്പോസ്റ്റിൽ രാത്രികാലങ്ങളിൽ സേവനം ലഭ്യമാക്കൽ**

106 (106) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറലാശുപത്രിയിലെ പോലീസ് ഔട്ട്പോസ്റ്റിൽ രാത്രികാലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ഹോസ്പിറ്റലിൽ സ്ഥാപിച്ചിട്ടുള്ള എയ്ഡ്പോസ്റ്റിൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽനിന്നും പോലീസുദ്യോഗസ്ഥരെ (08.00 am to 08.00 pm) നിയോഗിച്ചുവരുന്നുണ്ട്. ഇതിനുപുറമെ, രാത്രികാലങ്ങളിൽ പട്രോളിംഗ് ഡ്യൂട്ടി നോക്കിവരുന്ന പോലീസുദ്യോഗസ്ഥരുടെയുംമറ്റും സേവനം ആശുപത്രിയിലും പരിസരത്തും ലഭ്യമാക്കിവരുന്നുണ്ട്.

(ബി) രാത്രികാലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കാത്തതിനാൽ മോഷണം, ആക്രമണങ്ങൾ എന്നിവ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര ആശുപത്രിയിൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട ഒരു പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിന്മേൽ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 742/2022 U/s 294 (ബി), 323, 324 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട JFMC-1, നെയ്യാറ്റിൻകര മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**മുൻ ഡി.ജി.പി. 4.3 കോടി രൂപ വകമാറ്റി ചെലവഴിച്ച നടപടി**

107 (107) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകരിച്ച പോലീസിന്റെ പ്ലാൻ ഫണ്ടിൽനിന്നും സർക്കാർ അനുമതി കൂടാതെ മുൻ ഡി.ജി.പി. 4.3 കോടി രൂപയുടെ പ്ലാൻ ഫണ്ട് വകമാറ്റി ചെലവഴിച്ച നടപടി സാധൂകരിക്കാൻ പാടില്ലെന്ന ധനകാര്യ വകുപ്പ് നിർദ്ദേശം മറികടന്ന് പ്രസ്തുത നടപടി മന്ത്രിസഭ സാധൂകരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

കേരള സർക്കാർ കാര്യനിർവ്വഹണ ചട്ടങ്ങളിലെ (Rules of business) ചട്ടം 8-നുകീഴിലുള്ള വ്യവസ്ഥയും പട്ടിക 2 (16)-ലെ വ്യവസ്ഥയും പ്രകാരമാണ് സർക്കാർ അനുമതി നൽകിയ നിർമ്മാണപ്രവൃത്തിക്കുള്ള ഫണ്ടുപയോഗിച്ച് മറ്റൊരു നിർമ്മാണം നടത്തിയ സംസ്ഥാന പോലീസ് മേധാവിയുടെ നടപടി മന്ത്രിസഭ സാധൂകരിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ MoPF-ലെ 2013-14 വർഷത്തെ സംസ്ഥാന വിഹിതത്തിലുൾപ്പെടുത്തിയിരുന്ന അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിന് വകയിരുത്തിയ തുക സംസ്ഥാനവിഹിതം വൈകിയതിനെത്തുടർന്ന് ആ വർഷവും അതിനുശേഷമുള്ള 2 വർഷങ്ങളിലും പോലീസ് വകുപ്പിന് യഥാസമയം ലഭ്യമാകാതെവന്നു. ഉയർന്ന പോലീസുദ്യോഗസ്ഥർക്ക് 2017-ൽ തുക ലഭിച്ചപ്പോൾ ആവശ്യമായ താമസ സൗകര്യം ലഭ്യമല്ലാതിരുന്നതിനാലാണ് ഉയർന്ന പോലീസുദ്യോഗസ്ഥർക്കുള്ള ഓഫീസും വില്ലകളും പണിതതെന്ന സംസ്ഥാന പോലീസ് മേധാവിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിർമ്മാണപ്രവൃത്തിക്ക് സാധൂകരണം നൽകിയത്. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കരുതെന്ന കർശന നിർദ്ദേശത്തോടെയാണ് പോലീസ് വകുപ്പിന്റെ നടപടി മന്ത്രിസഭാ യോഗം സാധൂകരിച്ചത്.

(ബി) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിൽ ഗുരുതര ക്രമക്കേട് ചൂണ്ടിക്കാട്ടിയിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തത് അഴിമതി പ്രോത്സാഹിപ്പിക്കുന്ന സമീപനമാണെന്ന ആക്ഷേപത്തെ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിൽ പ്രസ്തുത പ്രവൃത്തി നടത്തിയത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള MoPF മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലെന്നാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്.

(സി) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ 2013 മുതൽ 2018 വരെയുള്ള കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ "പോലീസ് വകുപ്പിന്റെ ആധുനികവത്കരണം" (MoPF) എന്നതിലുൾപ്പെട്ട പർച്ചേസുകളും നിർമ്മാണങ്ങളും സംബന്ധിച്ചാണ് 2018 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തെ റിപ്പോർട്ടിലെ അധ്യായം 2-ൽ പരാമർശങ്ങൾ നടത്തിയത്. ഇത് അനുബന്ധമായി ചേർക്കുന്നു.*

പോലീസ് വകുപ്പിന്റെ പർച്ചേസുകൾക്കും സേവനകരാറുകൾക്കും പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കേണ്ട വിഷയം പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മൂന്നംഗ അന്വേഷണ കമ്മീഷനെ ആഭ്യന്തര വകുപ്പിൽനിന്നും നിയമിച്ചിട്ടുണ്ട്.

(ഡി) ആഭ്യന്തര വകുപ്പിന്റെ അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണോ പ്രസ്തുത നടപടി സാധൂകരിച്ചതെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും നടപടി സാധൂകരിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ ആഭ്യന്തര വകുപ്പിൽനിന്നും പ്രത്യേകമായി അന്വേഷണം നടത്തിയിട്ടില്ല. പോലീസ് മേധാവിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയ്ക്കുശേഷമാണ് മന്ത്രിസഭായോഗം ഈ നടപടി സാധൂകരിച്ചത്. സാധൂകരണം നൽകി പുറപ്പെടുവിച്ച 30-7-2022-ലെ സ.ഉ.(കൈ) 155/2022/ആഭ്യന്തരം നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മുഖ്യമന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥർ

108 (108) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി നാളിതുവരെ എത്ര പോലീസ്, സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്; ഏതൊക്കെ റാങ്കിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് അപ്രകാരം നിയമിച്ചത്;

(ബി) മേല്പറഞ്ഞ ഉദ്യോഗസ്ഥർക്ക് ശമ്പളം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങളായി നാളിതുവരെ അനുവദിച്ചിട്ടുള്ള തുക ഇനംതിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ നാളിതുവരെ സർക്കാരിന് ആകെ എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കുമോ?

(എ-സി) ഇസെഡ് പ്ലസ് കാറ്റഗറിയിലുൾപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള സംരക്ഷിത വ്യക്തികൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള സുരക്ഷയാണ് നൽകിവരുന്നത്. ഇപ്രകാരമുള്ള സുരക്ഷാക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളും പരസ്യമാക്കുന്നത് അത്തരം സുരക്ഷയുള്ള വ്യക്തികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത്തരം വിവരങ്ങൾ പരസ്യപ്പെടുത്താൻ നിർവ്വാഹമില്ല.

## സംസ്ഥാന പോലീസിൽ പുതിയ സേനാ വിഭാഗങ്ങളുടെ രൂപീകരണം

109 (109) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം ഈയിടയായി വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കണ്ടുപിടിക്കുന്നതിന് പര്യാപ്തമായ പ്രത്യേക പോലീസ് സേനയെ ആവശ്യമെങ്കിൽ ക്വാളിഫിക്കേഷനിൽ ഭേദഗതിവരുത്തി രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. ഡിജിറ്റൽ ഉപകരണങ്ങളായ കമ്പ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിച്ച് നടത്തുന്ന കുറ്റകൃത്യങ്ങളെ കൈകാര്യം ചെയ്യുന്നതിനായി 19 പോലീസ് ജില്ലകളിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. ഉയർന്ന നിലവാരത്തിലുള്ള സൈബർ കേസുകൾ അന്വേഷിക്കുന്നതിനും സൈബർ സുരക്ഷ/സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ മേഖലകളിലെ ഗവേഷണത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും സൈബർ പട്രോളിംഗിന് പ്രചോദനം നൽകുന്നതിനുമായി സൈബർ

ഓപ്പറേഷൻസ് വിംഗ്, സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ എന്നിവ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭ്യമായിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. പോലീസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി 15 പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു 'Dedicated Artificial Intelligence Team' സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ചിട്ടുണ്ട്.

(സി) ക്രമസമാധാനപാലനത്തിനുള്ള പോലീസ് സേനയുടെ അംഗബലം നിലനിർത്തിക്കൊണ്ട് വ്യവസായ സ്ഥാപന സുരക്ഷിതത്വത്തിനും ടൂറിസം മേഖലയുടെ സംരക്ഷണത്തിനുമായി പ്രത്യേക വിഭാഗം അഡീഷണലായി രൂപീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുമോ?

വ്യവസായ സ്ഥാപനങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി സംസ്ഥാന വ്യവസായ സുരക്ഷാസേന (SISF) എന്ന പ്രത്യേക സേന രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് സുരക്ഷ നൽകാനാവശ്യമായ അംഗബലം എസ്.ഐ.എസ്.എഫ്.-ൽ സൃഷ്ടിക്കുകയും അതിലേയ്ക്ക് പോലീസ് ബറ്റാലിയനുകളിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുകയുമാണ് ചെയ്യുന്നതെങ്കിലും തന്മൂലം ബറ്റാലിയനുകളിലുണ്ടാകുന്ന ഒഴിവുകൾ റഗുലർ റിക്രൂട്ട്മെന്റിലൂടെ നികത്തുന്നതിനാൽ പോലീസ് സേനയുടെ അംഗബലം കുറയാതെ നിലനിർത്തുന്നുണ്ട്.

(ഡി) അത്തരത്തിൽ രൂപീകരിക്കുന്ന വിഭാഗത്തിൽനിന്ന് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷിതത്വത്തിനടക്കം നിശ്ചിത ഫീസ് ഈടാക്കി സേവനം നൽകാൻ കഴിയുമോയെന്ന കാര്യംകൂടി പരിശോധിക്കുമോ; വിശദാംശം നൽകുമോ?

എസ്.ഐ.എസ്.എഫ്.-ൽനിന്ന് സേവനം സ്വീകരിക്കുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾ നിശ്ചിത ഫീസ് നൽകണമെന്ന നിബന്ധന നിലവിലുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽനിന്നടക്കം എസ്.ഐ.എസ്.എഫ്. ഈടാക്കേണ്ട പ്രതിദിന ചാർജ്ജ് സംബന്ധിച്ച് 5-8-2017-ലെ സ.ഉ. (സാധാ) നമ്പർ 2085/2017/ ആഭ്യന്തരം പ്രകാരം ഉത്തരവുണ്ട്.

(ഇ) നിലവിൽ ഏതെല്ലാം തരത്തിലുള്ള സേവനങ്ങൾക്കാണ് സംസ്ഥാന പോലീസ് സേനാംഗങ്ങളെ ഉപയോഗിക്കുന്നതെന്നും അത്തരത്തിലുള്ള ഓരോ നിയോഗങ്ങൾക്കും പോലീസ് സേനയെ ഉപയോഗിക്കുമ്പോൾ ഈടാക്കുന്ന ഫീസ് നിരക്കുൾപ്പെടെയുള്ളവ സംബന്ധിച്ച വിശദാംശം നൽകുമോ?

പോലീസ് സേനയെ ചില സേവനങ്ങൾക്കുപയോഗിക്കുമ്പോൾ ഈടാക്കുന്ന ഫീസ് നിരക്ക് സംബന്ധിച്ച് 15-6-2022-ലെ സ.ഉ. (കൈ) നമ്പർ 117/2022/ ആഭ്യന്തരം ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവ്വീസ് ബുക്ക് പുനർനിർമ്മിക്കുന്നതിന് നടപടി

110 (110) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച മുൻ പോലീസ് ഹെഡ്കോൺസ്റ്റബിൾ സി. കെ. വിശ്വനാഥന്റെ (HC 1531) സർവ്വീസ് ബുക്ക് നഷ്ടമായതിനാൽ ടിയാൻ ജോലി നോക്കിയ യൂണിറ്റുകളിൽനിന്നും രേഖകൾ ശേഖരിച്ച് സർവ്വീസ് ബുക്ക് പുനർനിർമ്മിക്കുന്നതിന് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന് നിർദ്ദേശം നൽകിയത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കാമോ?

18-12-2021.

(ബി) ടിയാന്റെ സർവ്വീസ് ബുക്ക് പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്: അതിനായി ഏതെല്ലാം യൂണിറ്റുകളിൽനിന്നും വിവരം ശേഖരിക്കേണ്ടതുണ്ട്; ഏതെല്ലാം യൂണിറ്റുകളിൽനിന്നും മറുപടി ലഭിച്ചിട്ടുണ്ട്; എന്നിവ വ്യക്തമാക്കാമോ?

ടിയാന്റെ സർവ്വീസ് ബുക്ക് പുനർനിർമ്മിക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. 1963 മുതൽ സർവ്വീസ്-ശമ്പള കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന എം.എസ്.പി. മലപ്പുറം, ജില്ലാ പോലീസ് ഓഫീസ് പാലക്കാട് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിക്കേണ്ടതായുണ്ടായിരുന്നു. ലഭ്യമായ റിക്കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മേൽയൂണിറ്റുകളിൽനിന്നും ശേഖരിച്ചിട്ടുണ്ട്.

(സി) ടിയാന്റെ ആശ്രിതയ്ക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടുംബപെൻഷൻ നൽകുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്നും അത് എന്നത്തേയ്ക്ക് അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടിയാന്റെ സേവന പുസ്തകം പുനർനിർമ്മിച്ച് പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുവേണ്ടി അക്കൗണ്ടന്റ് ജനറൽ, കേരളയ്ക്ക് അയച്ചുനൽകണമെന്ന് എ.ഡി.ജി.പി. ഇന്റലിജൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 31-8-2022-നുമുമ്പായി സർവ്വീസ് ബുക്ക് പുനർനിർമ്മിച്ച് അംഗീകാരത്തിനും തുടർന്ന് കുടുംബപെൻഷൻ അനുവദിക്കുന്നതിനുമായി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്കും അയയ്ക്കുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

## പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിലെ കുറ്റപത്രം

111 (111) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തി പണം നൽകിയതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്. പ്രസ്തുത സംഭവത്തിന് ബദിയഡുക്ക പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 193/2021 U/s. 171(ബി), 171(E) IPC ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണമദ്ധ്യേ മേൽപ്പറഞ്ഞ വകുപ്പുകൾക്കുപുറമെ Sec. 506(i), 342 r/w 34 IPC and Sec. 3(i) (I) (ബി) of SC/ST POA Act എന്നീ വകുപ്പുകൾപ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നിട്ടുള്ളതായി വെളിവായതിന്റെയടിസ്ഥാനത്തിൽ ടി വകുപ്പുകൾകൂടി കൂട്ടിചേർത്ത് അന്വേഷണം തുടരുന്നതിലേയ്ക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി കേസിന്റെ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്.

(ബി) അതിലെ പ്രതികൾ ആരൊക്കെയാണ്; അവരിലാരെങ്കിലും നിലവിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ ഭാരവാഹിത്വം നിർവ്വഹിക്കുന്നവരാണോ; വിശദമാക്കാമോ?

A1. ശ്രീ. കെ. സുരേന്ദ്രൻ, (ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ്).

A2. ശ്രീ. മണികണ്ഠറായി (ബി.ജെ.പി. മഞ്ചേശ്വരം നിയോജകമണ്ഡലം പ്രസിഡന്റ്).

A3. സുരേഷ് വൈ. (ബി.ജെ.പി. മഞ്ചേശ്വരം നിയോജകമണ്ഡലം സെക്രട്ടറി)

A4. സുനിൽ കുമാർ (കേസിനാസ്പദമായ സംഭവത്തിനുമുമ്പ് ഭാരതീയ യുവമോർച്ച സംസ്ഥാന ട്രഷറർ ആയിരുന്നു.)

A5. അഡ്വ. ബാലകൃഷ്ണ ഷെട്ടി (ബി.ജെ.പി. സംസ്ഥാന കമ്മിറ്റി മെമ്പർ)

A6. ലോകേഷ് നോണ്ട, (ബി.ജെ.പി പൈവളിക പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി)

എന്നിവരാണ് പ്രസ്തുത കേസിലെ പ്രതികൾ.

**വിദ്യാർത്ഥികളെ ആക്രമിച്ച സംഭവത്തിൽ നടപടി**

112 (112) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് കരിമ്പ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളെ ആക്രമിച്ച സംഭവത്തിൽ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് കരിമ്പ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളെ ആക്രമിച്ച സംഭവത്തിൽ പരിക്കേറ്റ് മണ്ണാർക്കാട് താലൂക്കാശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ജീവൻ പി. റെജി എന്ന കുട്ടിയുടെ മൊഴിയുടെയടിസ്ഥാനത്തിൽ കല്ലടിക്കോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 201/2022 U/s 341, 294(ബി), 323, 324 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിലെ 5 പ്രതികളെ അറസ്റ്റുചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം കല്ലടിക്കോട് സബ്ഇൻസ്പെക്ടർ നടത്തിവരുന്നു.

**യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച കേസ്**

113 (113) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ് പ്രവർത്തകരെ വിമാനത്തിൽവച്ച് മർദ്ദിച്ചതിന് ഇടതുമുന്നണി കൺവീനർക്കെതിരെ കോടതി നിർദ്ദേശപ്രകാരം കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തെ ചോദ്യം ചെയ്തിട്ടുണ്ടോ; നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം 623/2022 നമ്പരായി കേസ്സെടുത്തിട്ടുണ്ട്. പരാതിക്കാരുടെ മൊഴി രേഖപ്പെടുത്തുന്നതിനായി 160 Cr.PC പ്രകാരം 22-7-2022, 27-7-2022 എന്നീ തീയതികളിൽ നോട്ടീസ് നൽകിയിരുന്നെങ്കിലും നാളിതുവരെ സ്റ്റേഷനിൽ ഹാജരാകാത്തതിനാൽ ഇവരുടെ മൊഴി രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല.

(ബി) മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ പ്രതിഷേധിച്ച കേസിലെ ജാമ്യവ്യവസ്ഥപ്രകാരം തിരുവനന്തപുരം ജില്ലയിൽ പ്രവേശിക്കാൻ സാധിക്കാത്തവരുടെ മൊഴി മറ്റേതെങ്കിലും സ്ഥലത്തുവച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

സ്റ്റേഷനിൽ ഹാജരായി 160 Cr.PC പ്രകാരം മൊഴി നൽകുന്നതിന് യാതൊരുവിധ തടസ്സവുമില്ലാത്തതാണ്.

(സി) എൽ.ഡി.എഫ്. കൺവീനർ ശിക്ഷിക്കപ്പെടാതിരിക്കാൻവേണ്ടി പോലീസ് പ്രസ്തുത കേസ് അട്ടിമറിക്കുന്നുവെന്ന ആരോപണത്തെ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ നടപടികൾ വേഗത്തിലാക്കുമോ?

ആരോപണം അടിസ്ഥാനരഹിതമാണ്.

## എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കൽ

114 (114) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര എസ്.പി.സി. യൂണിറ്റുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 197 എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര സ്കൂളുകൾക്കാണ് എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നത്; ഇതുസംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ?

ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ അനുവദിക്കാവുന്ന സ്കൂളുകളുടെ എണ്ണം നിലവിൽ നിജപ്പെടുത്തിയിട്ടില്ല. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും ജില്ലാ നോഡൽ ഓഫീസറുടെ റിപ്പോർട്ടും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളും പരിഗണിച്ചാണ് ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നത്.

(സി) എസ്.പി.സി. ട്രെയിനിംഗിനുവേണ്ടി ഹോം ഗാർഡുകളെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടില്ല.

(ഡി) കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

2022-23 അധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കാനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

## കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

115 (115) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി ഏതൊക്കെ സ്കൂളുകളിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന ഏഴ് സ്കൂളുകളിലാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളത്.

| | |
|---|---|
| 1 | ജി.എച്ച്.എസ്.എസ്., കരുപടന്ന |
| 2 | ജി.എച്ച്.എസ്.എസ്., പുല്ലൂറ്റ് |
| 3 | കെ.കെ.റ്റി.എം.ജി.ജി.എച്ച്.എസ്.എസ്., കൊടുങ്ങല്ലൂർ |
| 4 | പി.ബി.എം.ജി.എച്ച്.എസ്.എസ്., കൊടുങ്ങല്ലൂർ |
| 5 | സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്., കുഴിക്കാട്ടുശ്ശേരി |
| 6 | ജി.വി.എച്ച്.എസ്.എസ്., പുത്തൻചിറ |
| 7 | എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്., പല്ലിശ്ശേരി |

(ബി) എസ്.പി.സി. അനുവദിക്കുന്നതിന് പ്രസ്തുത നിയോജക മണ്ഡലത്തിൽനിന്നും ഏതൊക്കെ സ്കൂളുകളാണ് പുതിയതായി അപേക്ഷ സമർപ്പിച്ചതെന്നും ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

2022- 2023 അധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കാനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

116 (116) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്കായി പ്രതിവർഷം ശരാശരി എത്ര കോടി രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്കായി പ്രതിവർഷം ശരാശരി 15 കോടി രൂപ ചെലവഴിക്കുന്നുണ്ട്.

(ബി) നിലവിൽ എത്ര കുട്ടികൾ അതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുവെന്ന് അറിയിക്കുമോ?

നിലവിൽ 87000 കുട്ടികൾ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകിവരുന്നുവെന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയിലൂടെ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പൊതുപരീക്ഷകളിൽ 5% വെയിറ്റേജും പ്ലസ്ടു അഡ്മിഷൻ സമയത്ത് ബോണസ്സായി രണ്ട് പോയിന്റും ഡിഗ്രി അഡ്മിഷൻ സമയത്ത് 15 മാർക്ക് വെയിറ്റേജും നൽകിവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിനും പി.എസ്.സി. നിയമനങ്ങൾക്കും എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

എസ്.പി.സി. പദ്ധതിയിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പൊതുപരീക്ഷകളിൽ 5% വെയിറ്റേജും പ്ലസ്ടു അഡ്മിഷൻ സമയത്ത് ബോണസ്സായി രണ്ട് പോയിന്റും ഡിഗ്രി അഡ്മിഷൻ സമയത്ത് 15 മാർക്ക് വെയിറ്റേജും നൽകിവരുന്നുണ്ട്. പി.എസ്.സി. നിയമനങ്ങൾക്ക് വെയിറ്റേജ് നൽകുന്നതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ**

117 (117) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡറുകൾ, വയോജനങ്ങൾ എന്നിവർക്കുനേരെ നടന്ന അതിക്രമങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീധന പീഡന മരണങ്ങൾ എന്നിവ എത്രവീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾപ്രകാരം വ്യക്തമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*

(ബി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസുകളിൽ പ്രതികളെ വെറുതെ വിട്ടു; അന്വേഷണം പൂർത്തിയാക്കാത്ത കേസുകൾ എത്രയെന്നും അവ ഏതൊക്കെയെന്നും വിശദമാക്കുമോ?

പ്രസ്തുത കേസുകളിൽ 1,12,802 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു. 3667 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു. 12345 കേസുകളിൽ പ്രതികളെ വെറുതെ വിട്ടു. 5153 കേസുകളിൽ അന്വേഷണം നടന്നുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അട്ടപ്പാടി മധു വധക്കേസ്

118 (118) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മധു വധക്കേസിൽ സർക്കാർ നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാർക്കും അലവൻസുകളോ സൗകര്യങ്ങളോ അനുവദിക്കാത്തതു കാരണം പിന്മാറിയ സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

സർക്കാർ അലവൻസുകളോ മറ്റ് സൗകര്യങ്ങളോ അനുവദിക്കാത്ത കാരണംകൊണ്ട് സ്പെഷ്യൽ പ്രോസിക്യൂട്ടർമാർ പിന്മാറിയ സാഹചര്യമുണ്ടായിട്ടില്ല.

(ബി) പ്രസ്തുത കേസിൽ സാക്ഷികൾ കൂറുമാറുന്നത് സർക്കാരിന്റെ അനാസ്ഥ കാരണമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) വിചാരണക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡിവൈ.എസ്.പി. പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമംനടക്കുന്നതായി ബഹുമാനപ്പെട്ട കോടതിമുമ്പാകെ ലഭ്യമായ രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹുമാനപ്പെട്ട കോടതി 20-8-2022-ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 193 വകുപ്പുപ്രകാരം ബഹുമാനപ്പെട്ട കോടതിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇതുസംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേത്തുടർന്ന് ബഹുമാനപ്പെട്ട കോടതി വിറ്റ്നെസ് പ്രൊട്ടക്ഷൻ സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനുമാവശ്യമായ എല്ലാ സഹായവും പോലീസ് നൽകിവരുന്നുണ്ട്. പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ, ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഈ കേസിലെ പ്രതികൾക്കർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും.

## കൊലപാതകം, കൊലപാതകശ്രമം കേസുകളുടെ വിവരങ്ങൾ

119 (119) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ നാളിതുവരെ നടന്ന കൊലപാതകം, കൊലപാതകശ്രമം എന്നിവ എത്രയെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ നാളിതുവരെ (1-6-2016 മുതൽ 15-8-2022 വരെ) നടന്ന കൊലപാതകം, കൊലപാതകശ്രമം എന്നിവയ്ക്ക് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| കൊലപാതകം | 1932 |
| കൊലപാതകശ്രമം | 4006 |

(ബി) അപ്രകാരമുള്ള എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസുകളിൽ പ്രതികളെ വെറുതെ വിട്ടു; വ്യക്തമാക്കുമോ;

(സി) അന്വേഷണം പൂർത്തിയാക്കാത്ത എത്ര കേസുകൾ നിലവിലുണ്ട്; അവ ഏതൊക്കെയാണ്; വിശദമാക്കുമോ?

(ബി&സി) കൊലപാതകം, കൊലപാതകശ്രമം എന്നീ കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസുകളും പ്രതികൾ ശിക്ഷിക്കപ്പെട്ട കേസുകളും പ്രതികളെ വെറുതെവിട്ട കേസുകളും അന്വേഷണം പൂർത്തിയാക്കാത്ത കേസുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | കൊലപാതകം | കൊലപാതകശ്രമം |
|---|---|---|
| (1) | (2) | (3) |
| No. of Cases Registered | 1932 | 4006 |
| No. of Cases Charge Sheeted | 1790 | 3744 |
| No. of Cases Refer Charged | 0 | 28 |
| No. of Cases Otherwise Disposed (UD, UN etc.) | 24 | 31 |

| (1) | (2) | (3) |
|---|---|---|
| No. of Cases Transferred To CB, CBI & NIA | 12 | 4 |
| No. of Cases In UI | 106 | 199 |
| No. of Cases Convicted | 122 | 89 |
| No. of Cases Acquitted | 59 | 214 |
| Others (abate Charge) | 55 | 34 |
| No. of Cases In PT | 1554 | 3407 |

**അട്ടപ്പാടി മധു വധക്കേസിൽ സാക്ഷികൾക്ക് സംരക്ഷണം**

120 (120) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മധു വധക്കേസിൽ സാക്ഷികൾക്കാവശ്യമായ സംരക്ഷണമൊരുക്കാൻ തയ്യാറാകുമോ?

അട്ടപ്പാടിയിലെ മധുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിലെ സാക്ഷികൾക്ക് വിറ്റ്നസ് പ്രൊട്ടക്ഷൻ നിയമപ്രകാരമുള്ള എല്ലാവിധ സംരക്ഷണങ്ങളും നൽകാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ ഡിവൈ.എസ്.പി., അഗളിയുടെ നേതൃത്വത്തിൽ അഗളി ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ ഒരു 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിക്കുകയും സാക്ഷികൾക്ക് സംരക്ഷണം നൽകിവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത കേസിൽ കൂറുമാറിയതും മജിസ്ട്രേറ്റിന്റെ മുമ്പിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയതുമായ സാക്ഷികളെ സി.ആർ.പി.സി. സെക്ഷൻ 311 പ്രകാരം വീണ്ടും വിചാരണ ചെയ്യാൻ കോടതിയിൽ അപേക്ഷ നൽകുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കേസിലെ വിചാരണ പൂർത്തിയാകുന്നമുറയ്ക്ക് കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി അപേക്ഷ നൽകുന്നതാണ്.

(സി) അട്ടപ്പാടിയിൽ കൊലചെയ്യപ്പെട്ട മധുവിന്റെ കുടുംബത്തിന് നീതി ലഭ്യമാക്കാനും കുറ്റവാളികൾക്കർഹമായ ശിക്ഷ നേടിക്കൊടുക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

പ്രസ്തുത കേസിൽ സർക്കാർ യഥാസമയം സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിച്ചും പ്രോസിക്യൂഷൻ നടപടികൾക്ക് സഹായത്തിനായി ഡ്യൂട്ടിക്ക് പോലീസുദ്യോഗസ്ഥരെ നിയോഗിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മധുവിന്റെ കുടുംബത്തിന് നീതി ലഭ്യമാക്കാൻ പ്രോസിക്യൂഷൻ വിഭാഗത്തിനാവശ്യമായ സഹായങ്ങൾ നൽകിവരുന്നു. വിചാരണക്കിടെ സാക്ഷികൾ പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ അഗളി പ്രത്യേക മൊബൈൽ സ്ക്വാഡ് ഡിവൈ.എസ്.പി. പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചു. അതോടൊപ്പം കേസിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ, കേസിൽ സാക്ഷികളെ സ്വാധീനിക്കുന്നതിന് ശ്രമംനടക്കുന്നതായി ബഹുമാനപ്പെട്ട കോടതി മുമ്പാകെ ലഭ്യമായ രേഖകൾസഹിതം വിവരങ്ങൾ സമർപ്പിക്കുകയുണ്ടായി. ഹർജി പരിഗണിച്ച് ബഹുമാനപ്പെട്ട കോടതി 20-8-2022-ൽ ഈ കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂറുമാറിയ സാക്ഷികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമം 193 വകുപ്പുപ്രകാരം ബഹുമാനപ്പെട്ട കോടതിയാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇതുസംബന്ധിച്ച് പോലീസ് വിശദമായ റിപ്പോർട്ട് ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ സെഷൻസ് കോടതി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. അതേത്തുടർന്ന് ബഹുമാനപ്പെട്ട കോടതി 'വിറ്റ്നെസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ എല്ലാ സഹായവും പോലീസ് നൽകിവരുന്നുണ്ട്. പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനം വകുപ്പിൽ വാച്ചർമാരായി താൽക്കാലിക ജോലി ചെയ്തിരുന്ന മൂന്നുപേരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ, ക്രിമിനൽ നടപടിക്രമം സെക്ഷൻ 311 പ്രകാരം കൂറുമാറിയ സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് മണ്ണാർക്കാട്, പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതുമാണ്. ഈ കേസിലെ പ്രതികൾക്കർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

**അതിഥി തൊഴിലാളികൾ നിമിത്തം സംസ്ഥാനത്തുണ്ടാകുന്ന മരണങ്ങൾ**

121 (121) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അതിഥി തൊഴിലാളികൾ നിമിത്തം 2016 മുതൽ സംസ്ഥാനത്ത് എത്ര ആളുകൾക്ക് മരണം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ നിമിത്തം 2016 മുതൽ നാളിതുവരെ 130 ആളുകൾക്ക് മരണം സംഭവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 129 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## കൊടിയത്തൂർ മുക്കുപണ്ട പണയ തട്ടിപ്പ് കേസ്

122 (122) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊടിയത്തൂർ കേന്ദ്രീകരിച്ചുനടന്ന മുക്കുപണ്ട പണയ തട്ടിപ്പ് കേസിന്റെ വിശദാംശങ്ങളും നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ?

കോഴിക്കോട് കേരള ഗ്രാമീൺ ബാങ്കിന്റെ കൊടിയത്തൂർ ശാഖയിൽ നടന്ന മുക്കുപണ്ട പണയ തട്ടിപ്പ് സംബന്ധിച്ച് മുക്കം പോലീസ് സ്റ്റേഷനിൽ നാല് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകൾ അന്വേഷണാവസ്ഥയിലാണ്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ മുക്കം ശാഖയിൽനിന്നും സമാനസ്വഭാവമുള്ള കുറ്റകൃത്യം നടത്തിയതിന് മുക്കം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പന്തീരങ്കാവ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒരു കേസ് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ വിചാരണ നടന്നുവരുന്നു.

(ബി) ഇതിന്റെ പിന്നിലുള്ള റാക്കറ്റുകളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭിക്കുന്നതിന് സമഗ്രാന്വേഷണത്തിന് നടപടികൾ സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തിവരുന്നു.

## സാറ്റലൈറ്റ് ഫോണുമായി വിദേശ പൗരൻ പിടിയിലായ കേസ്

123 (123) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിത സാറ്റലൈറ്റ് ഫോണുമായി കേരളത്തിൽ പിടിയിലായ വിദേശ പൗരനെ രക്ഷപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസ് നിയമവിരുദ്ധമായി ഇടപെട്ടുവെന്ന സ്വർണ്ണക്കടത്ത് കേസിലെ പ്രധാനപ്രതിയുടെ ആരോപണം വസ്തുതാപരമാണോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ആരോപണം തെറ്റാണെങ്കിൽ അവർക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ആരോപണം വസ്തുതാവിരുദ്ധമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ആരും ഇടപെട്ടിട്ടില്ല. ആരോപിച്ചവർക്കെതിരെ നിലവിൽ കേസെടുത്തിട്ടില്ല.

## സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടികൾ

124 (124) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ സംവിധാനമുണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി ക്രൈംബ്രാഞ്ചിനുകീഴിൽ ഒരു സാമ്പത്തിക കുറ്റകൃത്യവിഭാഗം (Economic Offence Wing) രൂപീകരിച്ചിട്ടുണ്ട്.

(ബി) പണമിടപാടുകളും കടമെടുപ്പുകളും ഇൻഷ്വറൻസുകളും ധനമാനേജ്മെന്റും ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സുരക്ഷ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയുള്ള പണമിടപാടുകളിലേർപ്പെടുമ്പോൾ സുരക്ഷയുടെ ഭാഗമായി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് പോലീസിലെ സൈബർ വിഭാഗത്തിന്റെയും സോഷ്യൽ മീഡിയ സെല്ലിന്റെയും സഹായത്തോടെ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

(സി) അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചാരണങ്ങളും പരസ്യങ്ങളും കർശനമായി നിരീക്ഷിക്കുന്നതിനും തട്ടിപ്പ് തടയുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ച് റിപ്പോർട്ടാകുന്ന പരാതികളിന്മേൽ നിലവിലുള്ള നിയമങ്ങളിലെ വകുപ്പുകൾപ്രകാരം കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിനായി പോലീസ് ഇൻസ്പെക്ടർ ജനറൽ-1, പോലീസ് സൂപ്രണ്ട്-4, ഡിവൈ.എസ്.പി.-11, ഇൻസ്പെക്ടർ-19, എസ്.ഐ.-29, എസ്.സി.പി.ഒ.-73, സി.പി.ഒ.-73, ഡ്രൈവർ-16, സീനിയർ സൂപ്രണ്ട്-1, ജൂനിയർ സൂപ്രണ്ട് -1, സീനിയർ ക്ലാർക്ക്-2, ക്ലാർക്ക്-2, സി.എ.-1 എന്നിങ്ങനെ 233 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കൊമേഴ്സിന്റെയും കമ്പോള സമ്പദ്വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകളുൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷണോദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയവും കാര്യക്ഷമവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുമാണ് സാമ്പത്തിക കുറ്റകൃത്യവിഭാഗം രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്.

**നിരോധിത സാറ്റലൈറ്റ് ഫോൺ പിടികൂടിയ കേസ്**

125 (125) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിരോധിത സാറ്റലൈറ്റ് ഫോണുമായി ഏതെങ്കിലും യു.എ.ഇ. പൗരനെ സി.ഐ.എസ്.എഫ്. പിടികൂടി പോലീസിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

4-7-2017-ൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽനിന്ന് മസ്കറ്റിലേയ്ക്ക് യാത്ര ചെയ്യാനെത്തിയ യു.എ.ഇ. പൗരനായ ഹസ്സൻ മുഹമ്മദ് അലവി അൽ ജഫ്രി അൽ ഹാഷ്മി (Ghassan Mohammed Alawi Al Jefri Alhashmi) (പാസ്പോർട്ട് നമ്പർ G1ZF65587) എന്നയാളെ നിരോധിത സാറ്റലൈറ്റ് ഫോണുമായി സി.ഐ.എസ്.എഫ്. പിടികൂടി നെടുമ്പാശ്ശേരി പോലീസിന് കൈമാറിയിരുന്നു.

(ബി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും നിലവിൽ ആ പ്രതിയെ വിട്ടയച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 949/2017 U/s 4 r/w 20 ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885 പ്രകാരം അന്നേദിവസം കേസ്സെടുത്ത് ബഹുമാനപ്പെട്ട അങ്കമാലി ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ

ഹാജരാക്കിയിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ഇദ്ദേഹത്തിന് ജാമ്യം അനുവദിച്ചിട്ടുള്ളതും 7-7-2017-ൽ ടിയാൻ യു.എ.ഇ.-ലേയ്ക്ക് മടങ്ങിപ്പോയിട്ടുള്ളതുമാണ്. പ്രസ്തുത കേസിൽ അന്വേഷണം പൂർത്തിയാക്കി 30-7-2017-ൽ ബഹുമാനപ്പെട്ട അങ്കമാലി ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി CC 674/2017 നമ്പരായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ കേസിലെ പ്രതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ച് നൽകിയ അപേക്ഷ Crl. MC 7298/2017 നമ്പരായി ഫയലിൽ സ്വീകരിച്ച് 16-1-2019-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി കേസുമായി ബന്ധപ്പെട്ട നടപടികളെല്ലാം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട അങ്കമാലി ജെ.എഫ്.സി.എം. കോടതി ഈ കേസിലെ തുടർനടപടികൾ 15-3-2019-ൽ അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

(സി) ഈ കേസിലെ പ്രതിയെ വിട്ടയയ്ക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് പോലീസിലിടപെടൽ നടത്തിയിട്ടുണ്ടെന്ന സ്വർണ്ണക്കള്ളക്കടത്ത് കേസ് പ്രതിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ആരോപണം വസ്തുതാവിരുദ്ധമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ആരും ഇടപെട്ടിട്ടില്ല.

**രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്കുനേരെയുള്ള ആക്രമണങ്ങൾ**

126 (126) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്കുനേരെ എത്ര തവണ ആക്രമണങ്ങളുണ്ടായിട്ടുണ്ടെന്നും അതിന്റെയടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയപാർട്ടി ഓഫീസുകൾക്കുനേരെയുണ്ടായ 89 ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 89 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിന്മേൽ ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്; അതിന്റെയടിസ്ഥാനത്തിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകൾ കോടതികളിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്കുനേരെ നടന്ന ആക്രമണങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളിലെ കുറ്റകൃത്യത്തിനനുസരിച്ച് 141, 142, 143 147, 148, 149, 153, 294(ബി), 283, 286, 323, 324, 341, 353, 427, 435, 436, 447, 448, 457, 506, 506 (ii), 511, 34 IPC, 3, 4, 5 of Explosive Substance Act, Section 3, 5 of Kerala Prevention of Damage to Private Property and Payment of Compensation Act 2019, Section 6 of Kerala Police Restriction of Assemblies and Procession Act എന്നിവയിലെ ബാധകമായ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്. പ്രസ്തുത കേസുകളിൽ 168 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത 89 കേസുകളിൽ 32 കേസുകളിന്മേൽ അന്വേഷണം പൂർത്തിയാക്കി ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) ഓരോ രാഷ്ട്രീയ പാർട്ടിയുടെയും എത്ര ഓഫീസുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

ഓരോ രാഷ്ട്രീയ പാർട്ടിയുടെയും ആക്രമിക്കപ്പെട്ട ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No | Name of Party | Nos. |
|---|---|---|
| 1 | Congress | 67 |
| 2 | CPI (M) | 13 |
| 3 | Muslim League | 5 |
| 4 | BJP | 1 |
| 5 | SDPI | 1 |
| 6 | CITU | 1 |
| 7 | RSS | 1 |
| Total | | 89 |

## കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1146/21, യു.എസ്. 427, 436 ഐ.പി.സി. കേസിന്റെ അന്വേഷണം

127 (127) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21, യു.എസ്. 427, 436 ഐ.പി.സി. ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഈ കേസുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണത്തിൽ നാളിതുവരെ കണ്ടെത്തിയ വിവരങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) കുത്താട്ടുകുളം വില്ലേജ് കിഴകൊമ്പ് ഓലിപ്പാട് ഭാഗത്ത് പ്രവർത്തിക്കുന്ന പലചരക്ക് സാധനങ്ങൾ വിൽക്കുന്ന പെട്ടിക്കട 29-9-2021-ൽ തീവച്ച് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് കടയുടമ നൽകിയ പരാതിയിലാണ് കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1146/2021 U/s 427, 436 ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സയന്റിഫിക് ഓഫീസർ, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവർ കേസിനാസ്പദമായ കൃത്യസ്ഥലം വിശദമായി പരിശോധിച്ചിട്ടുള്ളതും സയന്റിഫിക് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ കൃത്യസ്ഥല മഹസ്സർ തയ്യാറാക്കിയിട്ടുള്ളതുമാണ്. കൃത്യസ്ഥലത്തുനിന്നും ശേഖരിച്ചിട്ടുള്ള സാമ്പിളുകൾ ബഹുമാനപ്പെട്ട കോടതി മുഖാന്തരം ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ശാസ്ത്രീയ പരിശോധനയ്ക്കായി അയച്ചുകൊടുത്തിട്ടുള്ളതാണ്. കേസുമായി ബന്ധപ്പെട്ട് സമീപവാസികളെയുംമറ്റും ചോദ്യം ചെയ്ത് മൊഴികൾ രേഖപ്പെടുത്തുകയും സമീപസ്ഥലങ്ങളിലെ സി.സി.ടി.വി. ക്യാമറ ദൃശ്യങ്ങൾ പരിശോധിക്കുകയും അതോടൊപ്പം, മുമ്പ് ഇത്തരം കുറ്റകൃത്യങ്ങളിലേർപ്പെട്ടിട്ടുള്ള പ്രതികളുടെ വിവരങ്ങൾ ശേഖരിച്ച് കൃത്യദിവസം അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി ഇവരുടെ കൃത്യസമയത്തെ ടവർ ലൊക്കേഷൻ ലഭ്യമാക്കുന്നതിന് സൈബർ സെൽ മുഖാന്തരം നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനായി പോലീസ് ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണം നടത്തിവരുന്നു.

(സി) പ്രസ്തുത കേസിന്റെ കാര്യത്തിൽ സി.ആർ.പി.സി.-യിലെ വകുപ്പുകൾ പ്രകാരമുള്ള ചുമതലകൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധപുലർത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

കേസിൽ സി.ആർ.പി.സി.-യിലെ വകുപ്പുകൾ പാലിച്ചുകൊണ്ടാണ് പോലീസ് അന്വേഷണം നടത്തിവരുന്നത്.

(ഡി) പ്രസ്തുത സ്റ്റേഷനിൽ നിലവിലുള്ള സേനാബലവും സജ്ജീകരണങ്ങളും പ്രതികളെ കണ്ടെത്തുന്നതിനായി വേണ്ടത്ര പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

ഇല്ല. പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണം നടത്തിവരുന്നു.

(ഇ) ഇതുമായി ബന്ധപ്പെട്ട് ഫോറൻസിക് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത കേസിലേയ്ക്ക് കൃത്യസ്ഥലത്തുനിന്നും ശേഖരിച്ചിട്ടുള്ള സാമ്പിളുകൾ ശാസ്ത്രീയ പരിശോധനയ്ക്കായി ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ആയതിന്റെ പരിശോധനാഫലം ലഭ്യമായിട്ടില്ല.

(എഫ്) 2019 ജനുവരി മുതൽ കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ഇത്തരത്തിൽ അന്വേഷണം പൂർത്തീകരിക്കാത്ത എത്ര കേസുകളുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കേസുകളുടെ ക്രൈം നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ജി) ഇത്തരത്തിൽ കാലതാമസം വരുത്തുന്ന കേസുകളിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(എഫ്&ജി) ഇത്തരത്തിൽ അന്വേഷണം പൂർത്തിയാകാത്ത മറ്റ് തീവയ്പ്പ് കേസുകളൊന്നും നിലവിലില്ല.

**നിരോധിത സാറ്റലൈറ്റ് ഫോണുമായി പിടിയിലായ വിദേശ പൗരൻ**

128 (128) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നിരോധിത സാറ്റലൈറ്റ് ഫോണുമായി കേരളത്തിൽ പിടിയിലായ വിദേശ പൗരനെ രക്ഷപ്പെടുത്തുന്നതിനായി യു.എ.ഇ. കോൺസുലേറ്റിൽനിന്നും മുഖ്യമന്ത്രിയുടെ ഓഫീസിനെ ബന്ധപ്പെട്ടിരുന്നോ; എങ്കിൽ ഏതുദ്യോഗസ്ഥനെയാണ് ബന്ധപ്പെട്ടത്;

(ബി) അക്കാര്യം മുഖ്യമന്ത്രിയെ അറിയിച്ചിരുന്നോ; എങ്കിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും യു.എ.ഇ. കോൺസുലേറ്റിന് നൽകിയ മറുപടി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആരോപണം വസ്തുതാവിരുദ്ധമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ആരും ഇടപെട്ടിട്ടില്ല.

**മുൻ ഡി.ജി.പി.-യുടെ ആരോപണം**

129 (129) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കേസുകളിലും അന്വേഷണസംഘം വ്യാജ ഫോറൻസിക് റിപ്പോർട്ടുണ്ടാക്കിയിട്ടുണ്ടെന്ന മുൻ ഡി.ജി.പി.-യുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഏതെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(സി) ചില പോലീസുദ്യോഗസ്ഥർ പത്രക്കാരെ മദ്യവുംമറ്റും നൽകി സ്വാധീനിക്കുന്നുവെന്നും കള്ളക്കേസുകളെടുക്കുന്നുവെന്നുമുള്ള അതേ ഉദ്യോഗസ്ഥയുടെ ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പോലീസിലെ മാഫിയ ബന്ധം അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫോറൻസിക് വകുപ്പിനെ ആഭ്യന്തര വകുപ്പിൽനിന്നും വേർപെടുത്തി മുഖ്യമന്ത്രിയുടെ കീഴിൽ സ്വതന്ത്ര വകുപ്പാക്കുന്നകാര്യം പരിഗണിക്കുമോ?

പരിഗണനയിലില്ല.

**വടകര പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണം**

130 (130) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈ 21-ന് വടകര പോലീസ് കസ്റ്റഡിയിലെടുത്ത സജീവൻ, പോലീസ് കസ്റ്റഡിയിലിരിക്കെ മരണമടയുകയുണ്ടായോ; അക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ?

2022 ജൂലൈ 21-ന് വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 633/2022 u/s 118(a) KP Act പ്രകാരമുള്ള കേസിൽ പ്രതിസ്ഥാനത്തുണ്ടായിരുന്ന സജീവൻ എന്നയാളെ കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽനിന്നും വിട്ടയച്ചശേഷം മരണപ്പെടുകയുണ്ടായി. സംഭവത്തിന് വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 634/2022 u/s 174 Cr.PC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. കേസ് ക്രൈം നമ്പർ 116/CB/KKD & WYD/R/2022 ആയി തുടരന്വേഷണം നടത്തിവരുന്നു.

(ബി) ഇതേത്തുടർന്ന് പ്രസ്തുത പോലീസ് സ്റ്റേഷനിലെ മുഴുവൻ പോലീസുകാരെയും വിവിധ സ്റ്റേഷനുകളിലേയ്ക്ക് സ്ഥലംമാറ്റുകയുണ്ടായോ; എങ്കിൽ അപ്രകാരം സ്ഥലംമാറ്റുന്നതിനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ?

ഭരണ സൗകര്യാർത്ഥം സ്റ്റേഷനിലെ എല്ലാ പോലീസുദ്യോഗസ്ഥരെയും വിവിധ സ്റ്റേഷനുകളിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്.

(സി) ഈ കേസിൽ സ്റ്റേഷനിലെ മുഴുവൻ പോലീസുകാർക്കും പങ്കുണ്ടെന്ന് സർക്കാർ കണ്ടെത്തുകയുണ്ടായോ;

(ഡി) ഈ സംഭവത്തിൽ ആരൊക്കെയാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ളത്; ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് അറിയിക്കുമോ?

(സി&ഡി) പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്.

(ഇ) കസ്റ്റഡിയിലിരിക്കെ മരണമടഞ്ഞ സജീവന്റെ കുടുംബാംഗങ്ങൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കസ്റ്റഡിയിലിരിക്കവേ മരണമടയുന്ന വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

**ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ**

131 (131) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്തുനടന്ന ഗുണ്ടാ ആക്രമണങ്ങൾ, ബോംബാക്രമണങ്ങൾ, ബോംബ് നിർമ്മാണത്തിനിടെയുള്ള സ്ഫോടനങ്ങൾ എന്നിവ എത്രവീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ?

(ബി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസുകളിൽ പ്രതികളെ വെറുതെ വിട്ടു; വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയാക്കാത്ത എത്ര കേസുകൾ നിലവിലുണ്ടെന്നും അവ ഏതൊക്കെ കേസുകളാണെന്നും വ്യക്തമാക്കുമോ?

(എ-സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യാൻ നടപടി**

132 (132) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗുണ്ടകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ പോലീസ് ഇന്റലിജൻസ് വിഭാഗത്തിന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

ഇത്തരം വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നതും ഇതുസംബന്ധിച്ച വിവരങ്ങൾ യഥാസമയം ലോക്കൽ പോലീസിനെ അറിയിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പോലീസിന്റെ സമയോചിതമായ ഇടപെടൽമൂലം ഗുണ്ടാപ്രവർത്തനങ്ങൾ അമർച്ച ചെയ്യാൻ കഴിയുന്നുണ്ട്.

(സി) ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണമിടപാടുകളും മറ്റ് പ്രവർത്തനങ്ങളും നിരീക്ഷിക്കുകയും വേണ്ടസമയത്ത് കൃത്യമായ ഇടപെടലുകൾ നടത്തുകയുമാണ് പ്രസ്തുത SAGOC-യുടെ ഉദ്ദേശ്യലക്ഷ്യം. ഓരോ പോലീസ് സ്റ്റേഷനിലും Anti-Organised Crimes Cell (AOCC) ആരംഭിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത AOCC അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമനടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യവിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയ ബന്ധിതമായി അവർക്കെതിരെ കാപ്പ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തല മുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കിവരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്.

## സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം

133 (133) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇ-കൊമേഴ്സ് വിപണി സജീവമായതോടെ ഓൺലൈൻ വ്യാപാരത്തിലെ കുറ്റകൃത്യങ്ങൾ, എ.ടി.എം. തട്ടിപ്പ്, സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള തട്ടിപ്പ്, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കൽ, സ്വകാര്യ ചിട്ടിതട്ടിപ്പ് എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങളന്വേഷിക്കാൻ പരിശീലനം നേടിയ പോലീസുദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി 17-3-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 51/2022/ആഭ്യന്തരം പ്രകാരം പോലീസ് ഇൻസ്പെക്ടർ ജനറൽ - 1, പോലീസ് സൂപ്രണ്ട് - 4, ഡിവൈ.എസ്.പി.-11, ഇൻസ്പെക്ടർ - 19, എസ്.ഐ. - 29, എസ്.സി.പി.ഒ. - 73, സി.പി.ഒ. - 73, ഡ്രൈവർ - 16, സീനിയർ സൂപ്രണ്ട്-1, ജൂനിയർ സൂപ്രണ്ട്-1, സീനിയർ ക്ലാർക്ക്-2, ക്ലാർക്ക്-2, സി.എ.-1 എന്നിങ്ങനെ 233 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യ അന്വേഷണവിഭാഗം ആരംഭിച്ചിട്ടുണ്ട്.

## പുതിയ പോലീസ് സ്റ്റേഷനുകൾ

134 (134) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഡി.ജി.പി. ശിപാർശ നൽകിയിട്ടുള്ളത് ഏതൊക്കെ സ്ഥലത്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുസംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. സാമ്പത്തികസ്ഥിതിയും മറ്റ് സാഹചര്യങ്ങളും പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

## മാങ്കുളം പോലീസ് സ്റ്റേഷൻ

135 (135) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മാങ്കുളത്ത് പോലീസ് സ്റ്റേഷൻ ആവശ്യമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാങ്കുളത്ത് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നപടി സ്വീകരിക്കുമോ?

(എ&ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും മറ്റ് സാഹചര്യങ്ങളും വിലയിരുത്തി പരിശോധിച്ചാണ് ലിസ്റ്റ് തയ്യാറാക്കുന്നത്.

## എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം

136 (136) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടക്കര പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച വർഷം; നിലവിൽ ടി പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; ആ ഇനത്തിൽ സർക്കാർ നൽകുന്ന പ്രതിമാസ വാടക എത്ര; നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ സൗകര്യങ്ങൾ കുറവാണെന്നും മഴക്കാലത്ത് ചോർച്ചയടക്കമുള്ള പ്രശ്നങ്ങളുണ്ടെന്നുമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യം പരിശോധിക്കുമോ; എന്നിവ വിശദമാക്കാമോ?

27-5-1964-ലെ സ.ഉ. (കൈ) നമ്പർ 238/64/ആഭ്യന്തരം ഉത്തരവ് പ്രകാരം 5-6-1964-ലാണ് എടക്കര പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചത്. നിലവിൽ എടക്കര ഈസ്റ്റ് ഏറനാട് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള എടക്കര പഞ്ചായത്ത് VI/906 നമ്പർ വാടക കെട്ടിടത്തിലാണ് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ 3,875 രൂപയാണ് പ്രതിമാസം നൽകിവരുന്നത്. വാടക കെട്ടിടത്തിൽ സൗകര്യങ്ങൾ പരിമിതമാണെന്നും മഴക്കാലത്ത് ചോർച്ചയടക്കമുള്ള പ്രശ്നങ്ങളുണ്ടെന്നുമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിവരം കെട്ടിട ഉടമസ്ഥരായ ബാങ്ക് അധികൃതരെ അറിയിച്ചിട്ടുമുണ്ട്.

(ബി) എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ മൂന്ന് വ്യക്തികൾ ചേർന്ന് സൗജന്യമായി ലഭ്യമാക്കിയ അൻപത് സെന്റ് ഭൂമി വർഷങ്ങൾ കഴിഞ്ഞിട്ടും ഏറ്റെടുക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി എടക്കര ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തടസ്സങ്ങളെന്താണെന്ന് അറിയിക്കാമോ?

(ബി&സി) എടക്കര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി എഴുതി നൽകിയ സർവ്വേ നമ്പർ 1065/2-ൽപ്പെട്ട 0.1619 ഹെക്ടർ (40.014 സെന്റ്) ഭൂമി മലപ്പുറം ജില്ലാ കളക്ടറുടെ 28-1-2021-ലെ ഉത്തരവ് നമ്പർ ബി3-7535/2017 പ്രകാരം ആഭ്യന്തര വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് നഞ്ച ഭൂമി (മുമ്പ് കൃഷി ചെയ്തിരുന്ന ഭൂമി) ആയതിനാൽ തരംമാറ്റി കിട്ടുന്നതിന് സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുവാദത്തിനായുള്ള അപേക്ഷ എടക്കര കൃഷി ഓഫീസർ 8-6-2020-ൽ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർക്ക് നൽകിയിരുന്നു. 3-3-2022-ൽ കൂടിയ സംസ്ഥാനതല സമിതി പ്രസ്തുത സ്ഥലത്തിന് പരിവർത്തനാനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) എടക്കര പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഭൂമിയുടെ തരംമാറ്റുന്നതിനുള്ള അപേക്ഷ തീർപ്പാകാതെ എത്രവർഷമായി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ; സർക്കാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായിട്ടും ഇത്രയുംകാലം ടി ഫയലിൽ തീരുമാനമെടുക്കാതിരുന്നതിന്റെ കാരണവും വിശദമാക്കാമോ?

സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും പ്രസ്തുത ഭൂമി ഡാറ്റാബാങ്കിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതിനാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 എ(8) പ്രകാരം പെരിന്തൽമണ്ണ ആർ.ഡി.ഒ.-യുടെ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനുശേഷം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതുമാണ്.

(ഇ) പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പുണ്ടാക്കി എടക്കര പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ?

ഭൂമി തരംമാറ്റി ലഭ്യമാകുന്നമുറയ്ക്ക് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ കാര്യം പരിഗണിക്കാവുന്നതാണ്.

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

137 (137) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വാടാനപ്പള്ളി പോലീസ് സ്റ്റേഷന് വാടാനപ്പള്ളി-തൃശ്ശൂർ പാതയുടെ സമീപത്ത് സ്വന്തമായുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 2,55,93,000 (രണ്ട് കോടി അമ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ആദ്യഗഡുവായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള ഭൂമി കേരള തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് തരംമാറ്റി നൽകുന്നതിന് വാടാനപ്പള്ളി വില്ലേജ് ഓഫീസിലേയ്ക്ക് സമർപ്പിച്ച അപേക്ഷ തൃശ്ശൂർ റവന്യൂ ഡിവിഷൻ ഓഫീസിലേയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ?

എസ്റ്റിമേറ്റ് തയ്യാറാക്കിയതിൻപ്രകാരമുള്ള അടങ്കൽ തുകയായ 2,55,93,000 (രണ്ട് കോടി അമ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ?

2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ 50 ലക്ഷം രൂപ ആദ്യഗഡുവായി വകയിരുത്തിയിട്ടുണ്ട്. ഭൂമി തരംമാറ്റുന്നതിനുള്ള നടപടി തൃശ്ശൂർ റവന്യൂ ഡിവിഷൻ ഓഫീസിൽനിന്ന് പൂർത്തിയാക്കി കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന് വർക്ക് ഓർഡർ നൽകുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു.

**പൂഞ്ഞാർ തെക്കേക്കര കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ സ്ഥാപിക്കൽ**

138 (138) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനെ വിഭജിച്ച് പൂഞ്ഞാർ തെക്കേക്കര കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ പൂഞ്ഞാറിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

**നെയ്യാറ്റിൻകര പ്ലാമൂട്ടുകടയിലെ പുതിയ പോലീസ് സ്റ്റേഷൻ**

139 (139) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പ്ലാമൂട്ടുകടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ നിവേദനപ്രകാരം സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വിശദമാക്കാമോ?

പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ അംഗബലം ഏതേത് പോലീസ് സ്റ്റേഷനുകളുടെ പരിധിയാണോ കുറയ്ക്കപ്പെടുന്നത് പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെ തസ്തികകളിൽനിന്നും കുറവുവരുത്തി കണ്ടെത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. അത്തരത്തിൽ തസ്തികകൾ കണ്ടെത്താൻ സാധിക്കില്ലെന്ന് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മുഖ്യമന്ത്രിക്ക് വാങ്ങിയ പുതിയ വാഹനങ്ങൾ**

140 (140) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ യാത്രയ്ക്കും സുരക്ഷാക്രമീകരണങ്ങൾക്കുമായി നാളിതുവരെ എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയത്; ഓരോന്നിനും ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യാത്രയ്ക്കും സുരക്ഷാക്രമീകരണങ്ങൾക്കുമായി ചുവടെപ്പറയുന്ന നാല് ലൈറ്റ് മോട്ടോർ വാഹനങ്ങൾ പോലീസ് വകുപ്പ് പുതുതായി വാങ്ങിയിട്ടുണ്ട്.

ഇന്നോവ ക്രിസ്റ്റ 2.4 Z (ബ്ലാക്ക്) - Rs. 23,17,739

ഇന്നോവ ക്രിസ്റ്റ ജി പ്ലസ് (2 എണ്ണം) - Rs. 32,21,570

കിയ കാർണിവൽ 8 AT ലിമോസിൻ - Rs. 33,30,532

**പാലമേൽ ഗ്രാമപഞ്ചായത്തിലെ മറ്റംപള്ളിയിലെ പദ്ധതി നടത്തിപ്പ്**

141 (141) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിലെ മറ്റംപള്ളിയിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഏത് പദ്ധതിക്കായി ഉപയോഗപ്രദമാക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിലെ മറ്റംപള്ളിയിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനം**

142 (142) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഉപയോഗത്തിനായി ഡൽഹിയിൽ സർക്കാർ വാഹനം വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ; ഏത് വാഹനമാണ് വാങ്ങുന്നത്; അതിനായി തുക അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ന്യൂഡൽഹി കേരളാ ഹൗസിൽ മുഖ്യമന്ത്രിയുടെ യാത്രയ്ക്കായി നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനത്തിന്റെ കാലപ്പഴക്കം കാരണമാണ് പുതിയ ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങാൻ തീരുമാനിച്ചത്. 16-7-2022-ലെ സ.ഉ. (സാധാ) 3013/2022/പൊ.ഭ.വ. ഉത്തരവ് പ്രകാരമാണ് പുതിയ വാഹനം വാങ്ങുന്നതിനുള്ള തുക അനുവദിച്ചത്.

(ബി) മുഖ്യമന്ത്രിയുടെ ഉപയോഗത്തിനായി കിയ കാർണിവൽ തെരഞ്ഞെടുക്കാനുള്ള കാരണം; പ്രസ്തുത വാഹനത്തിന്റെ വിലയെത്ര; എന്നിവ വ്യക്തമാക്കുമോ?

ഇസെഡ് പ്ലസ് സുരക്ഷ ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ സംവിധാനങ്ങളുള്ള വാഹനമായതിനാലും വിപണിയിൽ ഈ ശ്രേണിയിൽ ലഭ്യമായ വിലകുറഞ്ഞ വാഹനമായതുകൊണ്ടുമാണ് കിയ കാർണിവൽ തെരഞ്ഞെടുത്തത്. ടി വാഹനത്തിന്റെ വില മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിരണ്ട് രൂപ (33,30,532) ആണ്.

(സി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക കാറിന് അകമ്പടിയായി എസ്കോർട്ട്, പൈലറ്റ് ആംബുലൻസ്, മറ്റ് സുരക്ഷാ വാഹനങ്ങളുൾപ്പെടെ എത്ര വാഹനങ്ങളാണ് സഞ്ചരിക്കുന്നത്; അകമ്പടി വാഹനങ്ങളിലെ ഉദ്യോഗസ്ഥരുടെ എണ്ണം, അവരുടെ ഒരു മാസത്തെ ശമ്പളം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

ഇസെഡ് പ്ലസ് സുരക്ഷാ കാറ്റഗറിയിലുൾപ്പെട്ട സംരക്ഷിത വ്യക്തികൾക്ക് കേന്ദ്ര ആഭ്യന്തര വകുപ്പ് പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുള്ള സുരക്ഷാ ക്രമീകരണങ്ങളാണ് മുഖ്യമന്ത്രിക്ക് നൽകിവരുന്നത്. ഇപ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ പരസ്യമാക്കുന്നത് ഇസെഡ് പ്ലസ് സുരക്ഷയുള്ള വ്യക്തികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇതിനായി നിയോഗിക്കപ്പെടുന്ന പോലീസുദ്യോഗസ്ഥരുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

**നിരോധിത സാറ്റലൈറ്റ് ഫോൺ**

143 (143) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ നിരോധിത സാറ്റലൈറ്റ് ഫോണുമായി നെടുമ്പാശ്ശേരിയിൽ പിടിയിലായ യു.എ.ഇ. പൗരനെ കുറ്റവിമുക്തനാക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസ് കൂട്ടുനിന്നുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോപണം വസ്തുതാവിരുദ്ധമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ആരും ഇടപെട്ടിട്ടില്ല.

(ബി) പ്രസ്തുത സംഭവത്തിൽ പോലീസ് അന്വേഷണം നടത്തിയിരുന്നോ; വ്യക്തമാക്കാമോ;

(സി) പിടിച്ചെടുത്ത ഫോണുകൾപ്പെടെ പ്രതിയെ കസ്റ്റഡിയിലെടുത്ത് പരിശോധന നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇന്ത്യൻ വയർലെസ് ആക്ട്, ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് എന്നീ നിയമങ്ങൾപ്രകാരം കേസ്സെടുക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫോൺ പരിശോധനയ്ക്കയച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(ബി-ഇ) നിരോധിത സാറ്റലൈറ്റ് ഫോണുമായി യു.എ.ഇ. പൗരനെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 949/2017 (U/s. 4 r/w 20 ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1885) കേസിൽ അന്വേഷണം പൂർത്തിയാക്കി 30-7-2017-ൽ ബഹുമാനപ്പെട്ട അങ്കമാലി ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി CC 674/2017 നമ്പരായി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ കേസിലെ പ്രതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ച് നൽകിയ അപേക്ഷ Crl. MC 7298/2017 നമ്പരായി ഫയലിൽ സ്വീകരിച്ച് 16-1-2019-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി കേസുമായി ബന്ധപ്പെട്ട നടപടികളെല്ലാം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട അങ്കമാലി ജെ.എഫ്.സി.എം. കോടതി ഈ കേസിലെ തുടർനടപടികൾ 15-3-2019-ൽ അവസാനിപ്പിച്ചിട്ടുള്ളതും ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.

(എഫ്) പ്രസ്തുത വ്യക്തിയുടെ ജാമ്യാപേക്ഷ സർക്കാർ കോടതിയിൽ എതിർത്തിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

എതിർത്തിരുന്നു.

### മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനം

144 (144) ശ്രീ. ഷാഫി പറമ്പിൽ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 2016-ലെ യു.എ.ഇ. സന്ദർശനവേളയിൽ യു.എ.ഇ. കോൺസുലേറ്റുവഴി എന്തെങ്കിലും സാധനങ്ങൾ സംസ്ഥാന സർക്കാർ യു.എ.ഇ.-യിൽ എത്തിച്ചിരുന്നോ; എങ്കിൽ അന്ന് യു.എ.ഇ. കോൺസുലേറ്റുവഴി യു.എ.ഇ.-യിൽ എത്തിച്ചതെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2016-ലെ മുഖ്യമന്ത്രിയുടെ യു.എ.ഇ. സന്ദർശനവേളയിൽ യു.എ.ഇ. കോൺസുലേറ്റുവഴി സാധനങ്ങൾ എത്തിച്ചുകൊടുത്തുവെന്ന മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി കസ്റ്റംസിന് മൊഴി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഇല്ല.

(സി) പ്രസ്തുത മൊഴി അസത്യമാണെങ്കിൽ ടി ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ?

ചോദ്യം ഉദിക്കുന്നില്ല.

## സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ പ്രവർത്തനം

145 (145) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ട് നിഷ്കർഷിക്കുന്ന സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കേരള പോലീസ് ആക്ട് നിഷ്കർഷിക്കുന്നതരത്തിൽ സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

- സംസ്ഥാനത്ത് പോലീസ് സേന പ്രവർത്തിക്കുന്നതിനുള്ള പൊതുവായ നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകുക.
- പോലീസിന്റെ കുറ്റകൃത്യ നിവാരണ ദൗത്യത്തിന്റെയും സേവനാധിഷ്ഠിത ദൗത്യത്തിന്റെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി നിർദ്ദേശങ്ങൾ നൽകുക.
- പൊതുവിൽ സംസ്ഥാനത്തെ പോലീസിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുക.
- കമ്മീഷന്റെ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക.
- സംസ്ഥാന പോലീസിൽ കാലാകാലങ്ങളിലുണ്ടാകേണ്ട മാറ്റങ്ങൾക്ക് മാർഗ്ഗനിർദ്ദേശം തയ്യാറാക്കി നൽകുക.
- സർക്കാർ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

(ബി) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ എത്രതവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്; യോഗ തീരുമാനങ്ങൾ എന്നിവ വ്യക്തമാക്കുമോ; നിലവിൽ കമ്മീഷൻ യോഗങ്ങൾ ചേരുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അവസാനിച്ചതിനാൽ 30-7-2022-ലെ വിജ്ഞാപനമനുസരിച്ച് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. യോഗ തീയതി നിശ്ചയിച്ചിട്ടില്ല.

(സി) സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷനുമായി ബന്ധപ്പെട്ട് ഭാവിയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പോലീസ് സേന പ്രവർത്തിക്കുന്നതിനുള്ള നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സംസ്ഥാന പോലീസിന്റെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ് സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷന്റെ ഉദ്ദേശ്യം.

(ഡി) കമ്മീഷനിലെ ഔദ്യോഗിക, അനൗദ്യോഗിക അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷനിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അദ്ധ്യക്ഷനും ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട ജസ്റ്റീസ് കെ. പി. ബാലചന്ദ്രൻ (റിട്ടയേർഡ്) എന്നിവർ അംഗങ്ങളുമാണ്. ചീഫ് സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറി (ആഭ്യന്തര വകുപ്പ്), സംസ്ഥാന പോലീസ് മേധാവി എന്നിവർ ഔദ്യോഗിക അംഗങ്ങളാണ്. ശ്രീ. ജേക്കബ് പുന്നൂസ് (റിട്ട. ഡി.ജി.പി.), ശ്രീമതി ലിസ്സി ജേക്കബ് (റിട്ട. ചീഫ് സെക്രട്ടറി), അഡ്വ. സി. ശ്രീധരൻ നായർ എന്നിവർ അനൗദ്യോഗിക അംഗങ്ങളാണ്.

**ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം**

146 (146) ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-20 കാലഘട്ടത്തിൽ വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതിയില്ലാതെ യു.എ.ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൂടിക്കാഴ്ചയ്ക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല.

(ബി) ഉണ്ടെങ്കിൽ കൂടിക്കാഴ്ചയ്ക്കാധാരമായ വിഷയമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രവാസി കേരളീയരുടെ ക്ഷേമം സംബന്ധിച്ച വിഷയങ്ങളാണ് ചർച്ച ചെയ്തത്.

(സി) ഡി.ലിറ്റ് ബിരുദം സ്വീകരിക്കാനെത്തിയ ഷാർജ ഭരണാധികാരിയെ ക്ലിഫ്ഹൗസിൽ കൊണ്ടുവന്നിരുന്നുവെന്നത് വസ്തുതയാണോ?

ഷാർജ ഭരണാധികാരി മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ക്ലിഫ്ഹൗസ് സന്ദർശിച്ചിരുന്നു.

**പോലീസ് സേനയിലെ ഡ്രൈവർ ക്ഷാമം**

147 (147) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ഡ്രൈവർ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ക്ഷാമം പരിഹരിക്കുന്നതിനും തസ്തിക ക്രമീകരിക്കുന്നതിനും വേണ്ടി പഠന റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പോലീസിലെ ഡ്രൈവർ ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) പോലീസിലെ ഡ്രൈവർ ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 17-1-2017-ലെ സ.ഉ. (കൈ) നം. 7/2017/ആഭ്യന്തരം പ്രകാരം പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 400 തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. അതോടൊപ്പം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമുഖേന പ്രവൃത്തി പഠനം നടത്തിവരുന്നു.

**നഗരൂർ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. നിയമനം**

148 (148) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നഗരൂർ പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ.-ആയി സർക്കിൾ ഇൻസ്പെക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ എസ്.എച്ച്.ഒ. സമ്പ്രദായം മൂന്നാംഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി പോലീസ് മേധാവി സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു. ഇതിൽ നഗരൂർ പോലീസ് സ്റ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്.

**കുടുംബ കോടതികൾ**

149 (149) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര കുടുംബ കോടതികളുണ്ട്; ഓരോ കോടതിയും നിലവിൽ എത്ര കേസുകൾ കൈകാര്യം ചെയ്യുന്നുണ്ട്; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 2 കുടുംബ കോടതികളുണ്ട്. കോഴിക്കോട് കുടുംബ കോടതിയിൽ 4449 കേസുകളും വടകര കുടുംബകോടതിയിൽ 1669 കേസുകളും കൈകാര്യം ചെയ്യുന്നുണ്ട്.

(ബി) വടകര കുടുംബ കോടതിയിൽ നിലവിൽ ജഡ്ജിയുണ്ടോ; വടകര കുടുംബകോടതിയുടെ പ്രവർത്തനപരിധി വ്യക്തമാക്കാമോ?

വടകര കുടുംബ കോടതിയിൽ ജഡ്ജിയുടെ തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. 22-1-2011-ലെ സ.ഉ. (കൈ) നമ്പർ 15/2011/ആഭ്യന്തരം പ്രകാരം കോഴിക്കോട് റവന്യൂ ജില്ലയിലെ വടകര, കൊയിലാണ്ടി താലൂക്കുകളിലെ എല്ലാ വില്ലേജുകളും ഉൾപ്പെടുന്നതാണ് വടകര കുടുംബകോടതിയുടെ അധികാരപരിധി.

(സി) മലയോര മേഖലയുൾപ്പെടെയുള്ള പേരാമ്പ്ര പ്രദേശത്തുനിന്നും വടകര കുടുംബ കോടതിയിലെത്തിച്ചേരുന്നതിനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രയാസങ്ങൾ പരിഗണിച്ച് പേരാമ്പ്ര ആസ്ഥാനമായി കുടുംബകോടതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. പേരാമ്പ്ര ആസ്ഥാനമായി കുടുംബ കോടതി സ്ഥാപിക്കണമെന്ന നിവേദനത്തിൽ ഹൈക്കോടതി രജിസ്ട്രാറിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിക്കാവുന്നതാണ്.

**മാധ്യമ പ്രവർത്തകനെ കാറിടിപ്പിച്ച് കൊലപ്പെടുത്തിയ കേസ്**

150 (150) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമ പ്രവർത്തകൻ കെ. എം. ബഷീർ കാറിടിച്ച് കൊല്ലപ്പെട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും കേസിന്റെ വിചാരണ നടപടികൾ നീട്ടിക്കൊണ്ടു പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേസ് അതിവേഗം വിചാരണ നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; വ്യക്തമായ മറുപടി ലഭ്യമാക്കുമോ?

(എ&ബി) മാധ്യമ പ്രവർത്തകൻ കെ. എം. ബഷീർ കാറിടിച്ച് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി 31-1-2020-ൽ ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി - III, തിരുവനന്തപുരം മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് . കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്. വിചാരണ നടപടികൾ നീട്ടിക്കൊണ്ടുപോകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേസിലെ പ്രതികൾക്കർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ് . അപകടത്തെത്തുടർന്ന് മരണപ്പെട്ട കെ. എം. ബഷീറിന്റെ കുടുംബത്തെ സഹായിക്കുന്നതിനായി, അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് തിരൂർ മലയാളം സർവ്വകലാശാലയിൽ പ്രത്യേക തസ്തിക സൃഷ്ടിച്ച് അസിസ്റ്റന്റായി നിയമനം നൽകുകയുണ്ടായി. അതോടൊപ്പം കുടുംബത്തിന് 6 ലക്ഷം രൂപയുടെ ധനസഹായവും നൽകി.

**പുതിയ കോടതികളാരംഭിക്കാൻ നടപടി**

151 (151) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോടതികളാരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാപട്ടിക സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കോടതികൾ സ്ഥാപിക്കുന്നത് മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിലാണ്. സർക്കാർ കരാറുകളിൽ സർക്കാരോ മറ്റേതെങ്കിലും കക്ഷിയോ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് ആർബിട്രേഷൻ കോടതിയായി ഒരു ജില്ലാ കോടതി, 7 കുടുംബ കോടതികൾ, ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോക്സോ കേസുകൾ വേഗത്തിലാക്കുന്നതിന് രണ്ടാംഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾ, പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള കേസുകളും പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട് പ്രകാരമുള്ള കേസുകളും കൈകാര്യം ചെയ്യുന്നതിന് രണ്ട് എസ്.സി./എസ്.ടി. കോടതികൾ, പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട് അപകടക്കേസിന്റെ വിചാരണയ്ക്കായി ഒരു അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി എന്നിവ സ്ഥാപിക്കുന്നതിന് അടുത്തകാലത്തായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ കോടതികൾ അനുവദിക്കുന്നത്; വ്യക്തമാക്കാമോ?

കോടതികളിലെ കേസുകളുടെ ഫയലിംഗ്, തീർപ്പാകാതെ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം, വ്യവഹാരം നടത്തുന്ന പൊതുജനങ്ങൾക്ക് കൃത്യസമയത്ത് നീതി ലഭ്യമാക്കുക, ഭൂമിശാസ്ത്രപരമായ നേട്ടങ്ങൾ, ജില്ലാ ജഡ്ജിമാരുടെ/ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ നിർദ്ദേശങ്ങൾ എന്നിവയെല്ലാം പുതിയ കോടതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിലുൾപ്പെടുന്നു.

(സി) ബാലുശ്ശേരി മുൻസിഫ് സബ്കോടതി അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; ബാലുശ്ശേരിയിൽ കോടതി അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ബാലുശ്ശേരി മുൻസിഫ് സബ്കോടതി അനുവദിക്കുന്നതുസംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറിൽനിന്നും നിലവിൽ പ്രൊപ്പോസലൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

**ദുരിതാശ്വാസ നിധി ദുരുപയോഗം**

152 (152) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് ലോക് ആയുക്തയിൽ ഹർജി നിലവിലുണ്ടോ; എങ്കിൽ ഹർജിയിലെ പ്രധാന ആരോപണങ്ങൾ വ്യക്തമാക്കാമോ;

(ബി) ലോക് ആയുക്തയിൽ വാദം പൂർത്തിയാക്കിയതും വിധി പറയുന്നതിനായി മാറ്റിവച്ചിട്ടുള്ളതുമായ എത്ര കേസുകൾ നിലവിലുണ്ടെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകളാണെന്ന് വ്യക്തമാക്കുമോ;

(സി) 2016 ജൂൺ 1 മുതൽ നാളിതുവരെ അപ്രകാരം വാദം പൂർത്തിയാക്കി വിധി പറയുന്നതിനായി മാറ്റിവച്ച ഏതെങ്കിലും കേസുകളിൽ വീണ്ടും വാദം കേട്ടതായുള്ള വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകളിലാണ് ഇപ്രകാരം വീണ്ടും വാദം കേട്ടതെന്ന് വ്യക്തമാക്കുമോ?

(എ-സി) ബഹുമാനപ്പെട്ട ലോക് ആയുക്ത മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള ഹർജികളുടെ ക്രോഡീകരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ബഹുമാനപ്പെട്ട ലോക് ആയുക്ത സർക്കാരിന് നോട്ടീസയയ്ക്കുന്ന ഹർജികളിൽ ബന്ധപ്പെട്ട വകുപ്പുമുഖേന നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ലോക് ആയുക്തയുടെ പരിഗണനയിലിരിക്കുന്ന കേസിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ നൽകാൻ കഴിയുകയില്ല.

## സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത കേസുകൾ

153 (153) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ 2021 ജൂൺ മാസം വരെ എത്ര കേസുകളിൽ കേരള ഹൈക്കോടതി വിധികൾക്കെതിരെ ബഹു മാനപ്പെട്ട സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ (ന്യൂഡൽഹി ലാ ആഫീസ് മുഖേനയോ നേരിട്ടോ) നിർദ്ദേശം/ഉത്തരവ് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

1803 കേസുകളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

(ബി) അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ട എത്ര കേസുകളിൽ അപ്പീൽ ഫയൽ ചെയ്തു; എത്ര കേസുകളിൽ അപ്പീൽ ഫയൽ ചെയ്തില്ല; വിശദമാക്കാമോ?

നിർദ്ദേശിക്കപ്പെട്ട കേസുകളിൽ 1783 എണ്ണത്തിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. 20 കേസുകളിൽ അപ്പീൽ ഫയൽ ചെയ്തിട്ടില്ല.

(സി) അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകളുടെ നമ്പർ, കേസിലെ സർക്കാരിതര കക്ഷികളുടെ പേര്, അഡ്രസ്സ്, കേസുകളുടെ വിഷയം എന്നിവ വ്യക്തമാക്കുമോ?

അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകളുടെ നമ്പർ, കേസിലെ സർക്കാരിതര കക്ഷികളുടെ പേര്, അഡ്രസ്സ്, കേസുകളുടെ വിഷയം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അപ്പീൽ ഫയൽ ചെയ്യപ്പെടാതിരുന്ന കേസുകളിൽ എത്രയെണ്ണത്തിൽ സ്റ്റാൻഡിംഗ് കൗൺസിലിന് ഇനിഷ്യൽ എക്സ്പെൻസസ് ഇനത്തിൽ അഡ്വാൻസ് തുക നൽകി; ഓരോ കേസിനും എത്ര തുകവീതം ഫീസിനത്തിൽ നൽകി; വിശദമാക്കാമോ?

അപ്പീൽ ഫയൽ ചെയ്യപ്പെടാത്ത കേസുകളിൽ ഫീസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

(ഇ) അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകൾ സ്റ്റാൻഡിംഗ് കൗൺസിലും എതിർകക്ഷികളും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഫയൽ ചെയ്യപ്പെടാതെ പോയതാണോ; എങ്കിൽ അപ്രകാരം അപ്പീൽ ഫയൽ ചെയ്യപ്പെടാതിരുന്നതുസംബന്ധിച്ച് ആയത് മോണിറ്റർ ചെയ്യേണ്ട ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കുമോ; വ്യക്തമാക്കാമോ?

അല്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) 2016 ജൂൺ മുതൽ 2021 ജൂൺ വരെ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ നാളിതുവരെ എത്രയെണ്ണം തീർപ്പായെന്നും എത്ര കേസുകളിൽ സർക്കാർ വിജയിച്ചുവെന്നും പ്രസ്തുത കാലയളവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിൽ സീനിയർ അഡ്വക്കേറ്റ് എന്നിവർക്ക് നൽകിയ ഫീസ് എത്രയെന്നതും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

633 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനനുസൃതമല്ലാത്ത വിധികളിന്മേൽ അഡ്വക്കേറ്റ് ജനറൽ/നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീലുകൾ ഫയൽ ചെയ്യുന്നത്. എന്നിരുന്നാലും എല്ലാ അപ്പീലുകളിലും അനുകൂല വിധിയുണ്ടാകാറില്ല. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലർമാർക്ക് ഫീസ് ഇനത്തിൽ നൽകിയ തുക 5,41,18,897 രൂപ. സീനിയർ അഭിഭാഷകർക്ക് നൽകിയ ഫീസ് 3,61,89,736 രൂപ.

(ജി) 2021 ജൂൺ മുതൽ 2022 ജൂൺ വരെ കേരള സർക്കാർ സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത എത്ര കേസുകൾ തീർപ്പായിട്ടുണ്ട്; ഇപ്രകാരം തീർപ്പായ കേസുകളിൽ എത്രയെണ്ണത്തിൽ സർക്കാർ വിജയിച്ചു; എത്രയെണ്ണത്തിൽ പരാജയപ്പെട്ടു; എത്ര കേസുകളിൽ കോടതി സർക്കാരിനോട് പിഴയടക്കാൻ നിർദ്ദേശിച്ചു; വിശദമാക്കാമോ?

2021 ജൂൺ മുതൽ 2022 ജൂൺ വരെ 94 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനനുസൃതമല്ലാത്ത വിധികളിന്മേൽ അഡ്വക്കേറ്റ് ജനറൽ/നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീലുകൾ ഫയൽ ചെയ്യുന്നത്. എന്നിരുന്നാലും എല്ലാ അപ്പീലുകളിലും അനുകൂല വിധിയുണ്ടാകാറില്ല. ഇക്കാലയളവിൽ ഒരു കേസിലും പിഴയടയ്ക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല.

**വിതുര ഫയർ സ്റ്റേഷന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

154 (154) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏകദേശം അഞ്ചര ഏക്കർ ഭൂമിയിലെ നാല്പത് സെന്റ് ഭൂമിയിൽ, പഴക്കം ചെന്നതും അപകടഭീഷണിയിലായതുമായ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന വിതുര ഫയർസ്റ്റേഷന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ;

(ബി) നിലവിൽ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുവരുന്ന നാല്പത് സെന്റ് ഭൂമി ഫയർ & റെസ്ക്യൂ വകുപ്പിന് വിട്ടുനൽകുകയോ അല്ലെങ്കിൽ പ്രസ്തുത ഭൂമിയിൽ കെട്ടിടം പണിയുന്നതിന് അനുമതി നൽകുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ ഫയർ സ്റ്റേഷൻ കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമി പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലാണുള്ളത്. ആയതിനാൽ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഫയർ സ്റ്റേഷൻ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന ഭൂമി ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുകയോ അല്ലാത്തപക്ഷം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പോലീസ് വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയോ ചെയ്യണമെന്ന് സംസ്ഥാന പോലീസ് മേധാവിയോട് വകുപ്പുതലത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

**മാന്നാറിൽ ഫയർ സ്റ്റേഷൻ രൂപീകരണം**

155 (155) <u>ശ്രീ. സജി ചെറിയാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീപിടിത്തംമൂലമുള്ള അപകടം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപകടസാദ്ധ്യത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപകട സാധ്യതകൾക്കനുസൃതമായി ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തെ ദൂരപരിധി കണക്കാക്കി വിന്യസിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മാന്നാർ പ്രദേശങ്ങളിൽ അടുത്തിടെയുണ്ടായ തീപിടിത്തങ്ങളുടെ കാരണം അന്വേഷിച്ചിരുന്നോ?

അന്വേഷിച്ചിരുന്നു. ടി മേഖലയിൽ അടുത്തിടെ 12 തീപിടുത്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൽ 11 എണ്ണം ഷോർട്ട് സർക്യൂട്ടുമൂലവും ഒരെണ്ണം അടിക്കാടിന് തീയിട്ടപ്പോൾ നിയന്ത്രണം നഷ്ടപ്പെട്ടുണ്ടായതുമാണ്.

(ഡി) അപകട സാദ്ധ്യതകൾ പരിഗണിച്ച് മാന്നാറിൽ ഫയർ സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## ആലത്തൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

156 (156) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ആലത്തൂർ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് പുതിയ കെട്ടിടത്തിന്റെ പണി തീരുംവരെ വാടക കെട്ടിടത്തിലേയ്ക്ക് മാറാനുള്ള നടപടികൾ എത്രത്തോളമായെന്ന് വിശദീകരിക്കാമോ?

ആലത്തൂർ ഫയർ സ്റ്റേഷന്റെ പ്രവർത്തനം മാറ്റുന്നതിന് എരിമയൂർ-2 വില്ലേജിൽ കുനിശ്ശേരി എന്നസ്ഥലത്ത് സ്ഥിതിചെയ്യുന്ന പ്രഭാ തിയേറ്റർ കെട്ടിടം അനുയോജ്യമാണെന്ന് കണ്ടെത്തിയതിനാൽ ആയത് വാടകയ്ക്കെടുക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്ലാനിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചുവോ; വിശദമാക്കാമോ?

പ്ലാൻ റിവൈസ് ചെയ്യുന്നതിന് വകുപ്പുതലത്തിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുക്കിയ പ്ലാൻ ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

(സി) ഫയർ സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

പുതുക്കിയ പ്ലാൻ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കുവിധേയമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

## അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

157 (157) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് റിവൈസ് ചെയ്ത എസ്റ്റിമേറ്റും പ്ലാനും ഫയർ & റെസ്ക്യൂ ഓഫീസിന്റെ കോട്ടയം റീജിയണൽ ഓഫീസിൽ നാളുകളായി അംഗീകരിക്കാതെ കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പരിഹരിച്ച് ഫയർ സ്റ്റേഷൻ നിർമ്മാണം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) അരൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്ലാൻ വകുപ്പ് അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വിഭാഗം ചേർത്തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**താമരശ്ശേരി അടിവാരത്ത് ഫയർ സ്റ്റേഷൻ**

158 (158) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അടിവാരത്ത് ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന ദീർഘകാലാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സർക്കാർ തലത്തിൽ അനുമതി നൽകിയ 9 ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനമാരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും അനുബന്ധസൗകര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്.

**കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

159 (159) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന വാടക കെട്ടിടം അപകടാവസ്ഥയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുതിയ കെട്ടിടം നിർമ്മിച്ച് പ്രസ്തുത ഫയർ സ്റ്റേഷൻ കാഞ്ഞിരപ്പള്ളി പ്രദേശത്തുതന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കാമോ?

പ്രസ്തുത ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ കാഞ്ഞിരപ്പള്ളിയിൽത്തന്നെ നിലനിർത്തുന്നതിനായി കാഞ്ഞിരപ്പള്ളി -മണിമല റോഡ് ചെയിനേജ് 1/366 വലതുവശത്തായി, പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിൽ ചിറക്കടവ് വില്ലേജ് ബ്ലോക്ക് നമ്പർ 17-ൽ റീ-സർവ്വേ 257-ൽപ്പെട്ട 19.46 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇതിനായി കാഞ്ഞിരപ്പള്ളി-മണിമല റോഡിനുസമീപത്ത് കണ്ടെത്തിയ ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; കേരളാ റോഡ് ഫണ്ട് ബോർഡ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോ?

പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നിരാക്ഷേപപത്രം നൽകുന്നതിന് ഫയർ & റെസ്ക്യൂ വകുപ്പ് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്ത്) വിഭാഗത്തിന് നൽകിയിരുന്നു. കേരളാ റോഡ് ഫണ്ട് ബോർഡ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ അനുമതി ലഭ്യമായിട്ടില്ല.

(ഡി) നടപടികൾ ത്വരിതപ്പെടുത്തി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം എത്രയുംവേഗം നിർമ്മിക്കാൻ നടപടി സ്വീകരിക്കാമോ?

സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചാൽ ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കുവിധേയമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം

160 (160) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി ഫയർ സ്റ്റേഷൻ ആസ്ഥാനം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

കോന്നി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് വനം വകുപ്പ് നൽകാമെന്ന് സമ്മതിച്ച കോന്നി വില്ലേജിൽ സർവ്വേ നമ്പർ 59/3-ൽപ്പെട്ട 40 സെന്റ് വസ്തു ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി നൽകുന്നതിനായി ടി സ്ഥലത്തിന്റെ ജിയോ റഫറൻസ് മാപ് ലഭ്യമാക്കാൻ വനം വകുപ്പ് ആവശ്യപ്പെട്ടു. ആയത് 'Lan D Arch' എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

## വാമനപുരം നിയോജകമണ്ഡലത്തിലെ അഗ്നിരക്ഷാ നിലയം

161 (161) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി പുതിയ അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി നൽകിയെങ്കിലും ഇതുവരെയും അഗ്നിരക്ഷാ നിലയം തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) അഗ്നിരക്ഷാ നിലയം തുറന്ന് പ്രവർത്തിക്കാൻ താമസം വരികയാണെങ്കിൽ നിർമ്മാണം പൂർത്തിയാക്കിയ ഓഫീസ് സംവിധാനങ്ങൾ അന്യാധീനപ്പെട്ട് നശിക്കാൻ സാധ്യതയുള്ളതിനാൽ അഗ്നിരക്ഷാ നിലയത്തിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി പുതിയ അഗ്നിരക്ഷാ നിലയത്തിനായി ലഭ്യമായ സ്ഥലത്ത് എം.എൽ.എ. ഫണ്ടിൽനിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് രണ്ട് മൊബൈൽ ടാങ്ക് യൂണിറ്റുകൾ പാർക്ക് ചെയ്യുന്നതിനുള്ള ഗ്യാരേജ്, രണ്ട് ഓഫീസ് മുറികൾ എന്നിവ ഷീറ്റ് മേൽക്കൂരയിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ 24 മണിക്കൂറും പ്രവർത്തിക്കേണ്ട ഫയർ & റെസ്ക്യൂ സ്റ്റേഷനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ടി കെട്ടിടത്തിലുൾപ്പെടുത്തിയിട്ടില്ല. ഫയർ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഗുഡ് കോണ്ടാക്ട് അലവൻസ്

162 (162) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ 6, 12 വർഷം സർവ്വീസ് പൂർത്തിയാക്കിയ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ എന്നിവർക്ക് മികച്ച സേവനത്തിന് നൽകിവന്ന ഗുഡ് കോണ്ടാക്ട് അലവൻസ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നത് ശമ്പള പരിഷ്കരണ ഉത്തരവുകൾ, കേരള സർവ്വീസ് ചട്ടങ്ങൾ എന്നിവയിലൂടെയാണ്. വകുപ്പിൽ നിലവിലുണ്ടായിരുന്ന ഗുഡ് കോണ്ടാക്ട് അലവൻസ് കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ഒഴിവാക്കുകയാണുണ്ടായത്.

(ബി) പ്രസ്തുത ആനുകൂല്യം എന്നുമുതലാണ് ജയിൽ വകുപ്പിലെ ജീവനക്കാർക്ക് നൽകിത്തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; ആയത് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

26-7-1958-ലെ സ.ഉ. (കൈ) നം. 925 പ്രകാരം കേരള പ്രിസൺസ് റൂൾ നിലവിൽ വന്നതുമുതൽ ഗുഡ് കോണ്ടാക്ട് അലവൻസ് നൽകിത്തുടങ്ങി. പ്രസ്തുത ചട്ടത്തിന്റെ പ്രസക്തഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 01-5-2022-ൽ പ്രസ്തുത അലവൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ എണ്ണവും അതിനുവേണ്ടിവന്ന തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

അലവൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ എണ്ണം - 813. വേണ്ടിവന്ന തുക Rs. 10,30,309 (പത്ത് ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റിയൊൻപത് രൂപ മാത്രം)

**ടി. പി. കേസിലെ പ്രതികൾക്ക് പരോൾ**

163 (163) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് 2016 മേയ് മാസം മുതൽ നാളിതുവരെ എത്ര ദിവസത്തെ പരോളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രതികൾ ഓരോരുത്തർക്കും ഏതൊക്കെ ഇനങ്ങളിലായി എത്ര ദിവസം വീതമാണ് പരോൾ അനുവദിച്ചിട്ടുള്ളത്?

(എ&ബി) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ട് പ്രകാരം തടവുകാർക്ക് പൊതുവെ ഒരു കലണ്ടർ വർഷത്തിൽ 60 ദിവസത്തെ സാധാരണ അവധിക്കും ഒരുതവണ പരമാവധി 45 ദിവസം വരെയുള്ള അടിയന്തര അവധിക്കും അർഹതയുണ്ട്. പ്രധാനമായും ഉറ്റബന്ധുക്കളുടെ വിവാഹം, മരണം, രോഗാവസ്ഥ എന്നിവയുള്ള സമയത്ത് അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയാണ് അടിയന്തര അവധി അനുവദിക്കുന്നത്.

2020, 2021 വർഷങ്ങളിൽ ലോകത്താകെ കോവിഡ്-19 മഹാമാരി പടർന്നുപിടിക്കുന്ന ഘട്ടത്തിൽ, നമ്മുടെ സംസ്ഥാനത്ത് കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് തടവുകാരുടെ സുരക്ഷ മുൻനിർത്തി രണ്ടുഘട്ടത്തിലായി 26-3-2020 മുതൽ 10-1-2021 വരെയും 6-5-2021 മുതൽ 04-10-2021 വരെയും തുടർന്ന് സുപ്രീം കോടതിയുടെ നിർദ്ദേശം പരിഗണിച്ച് 12-5-2022 വരെയും തടവുകാർക്ക് അവരുടെ അപേക്ഷയില്ലാതെതന്നെ കോവിഡ് പ്രത്യേക അവധി സർക്കാർ അനുവദിച്ചിരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് അവധി അനുവദിച്ചതിന്റെ വിവരങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

സി. നമ്പർ 2492 കുഞ്ഞനന്തൻ - 135 ദിവസം സാധാരണ അവധിയും 122 ദിവസം അടിയന്തര അവധിയും. ചികിത്സയിൽ കഴിയവെ 30-3-2020-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുപ്രകാരം ജാമ്യം ലഭിച്ച കഴിയവെ 11-6-2020-ന് മരണപ്പെട്ടു.

സി. നമ്പർ 2490 കെ. സി. രാമചന്ദ്രൻ - 260 ദിവസം സാധാരണ അവധിയും 20 ദിവസം അടിയന്തര അവധിയും.

സി. നമ്പർ 705/2017 ടി. കെ. രജീഷ് - 165 ദിവസം സാധാരണ അവധിയും 10 ദിവസം അടിയന്തര അവധിയും.

സി. നമ്പർ 56/18 മനോജൻ - 165 ദിവസം സാധാരണ അവധിയും 92 ദിവസം അടിയന്തര അവധിയും.

സി. നമ്പർ 34/21 സിജിത്ത് - 135 ദിവസം സാധാരണ അവധിയും 135 ദിവസം അടിയന്തര അവധിയും.

സി. നമ്പർ 63/21 മുഹമ്മദ് ഷാഫിക് - 60 ദിവസം സാധാരണ അവധിയും 45 ദിവസം അടിയന്തര അവധിയും.

സി. നമ്പർ 123/21 ഷിനോജ് - 155 ദിവസം സാധാരണ അവധി.

സി. നമ്പർ 16/10 സുനിൽകുമാർ - 60 ദിവസം സാധാരണ അവധി.

സി. നമ്പർ 1609 മനോജ്കുമാർ - 135 ദിവസം സാധാരണ അവധിയും 45 ദിവസം അടിയന്തര അവധിയും.

സി. നമ്പർ 1608 അനൂപ് - 130 ദിവസം സാധാരണ അവധിയും 45 ദിവസം അടിയന്തര അവധിയും.

സി. നമ്പർ 9330 റഫീഖ് - 169 ദിവസം സാധാരണ അവധിയും 20 ദിവസം അടിയന്തര അവധിയും.

(സി) പരോൾ കാലയളവിൽ ഈ പ്രതികൾ മറ്റേതെങ്കിലും കേസുകളിലുൾപ്പെടുകയോ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിയ്യൂർ സെൻട്രൽ ജയിലിൽനിന്നും 21-11-2018-ന് 30 ദിവസത്തെ സാധാരണ അവധിയിൽ പുറത്തിറങ്ങിയപ്പോൾ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 935/2018 എന്ന കേസ് സി. നം. 1610 സുനിൽ കുമാറിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോവിഡ് പ്രത്യേകാവധി കാലയളവിൽ വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 23/22 എന്ന കേസിൽ സി. നം. 1609 മനോജ് കുമാർ ഉൾപ്പെട്ടിട്ടുണ്ട്.

## മാവേലിക്കര ജില്ലാ ജയിലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

164 (164) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ജയിലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇവ സ്ഥാപിക്കുന്നതിലൂടെ അവിടെനിന്നുള്ള മാലിന്യംമൂലം പരിസര പ്രദേശങ്ങൾ മലിനപ്പെടുന്നത് തടയാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്.ടി.പി.-യും ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) മാവേലിക്കര സ്പെഷ്യൽ സബ് ജയിലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി 2023-24-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയോ നടപ്പുവർഷത്തെ നോൺ-പ്ലാൻ ശീർഷകങ്ങളിലെ ഫണ്ട് ലഭ്യതയനുസരിച്ചോ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശുചിത്വവത്കരണത്തിന്റെ ഭാഗമായി മാവേലിക്കര നഗരസഭ മുഖേന സ്പെഷ്യൽ സബ് ജയിലിൽ ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വകുപ്പുതലത്തിൽ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഗരസഭയിൽനിന്നും അനുകൂല മറുപടി ലഭ്യമാകുകയാണെങ്കിൽ ആയത് ജയിലിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇല്ലെങ്കിൽ ജയിൽ വകുപ്പിന്റെ തനതുഫണ്ടുപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ പ്രസ്സുകളുടെ നവീകരണം

165 (165) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായ പ്രിന്റിംഗ് മെഷീനുകൾ വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകൾ പുറത്തിറക്കുന്ന ജേണലുകൾ, ബുക്ക്‌ലെറ്റുകൾ, മാസികകൾ എന്നിവ പ്രിന്റ് ചെയ്യുന്നതിന് പ്രസ്തുത പ്രസ്സുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സ് മുഖേന അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) വിവിധ സർക്കാർ വകുപ്പുകൾ പുറത്തിറക്കുന്ന ജേണലുകൾ, ബുക്ക്‌ലെറ്റുകൾ, മാസികകൾ എന്നിവയും ഫാം ഇൻഫർമേഷൻ ബ്യൂറോ, വനം, കൃഷി, നിയമം എന്നീ വകുപ്പുകൾ, മെഡിക്കൽ കോളേജ്, സർക്കാർ ആശുപത്രികൾ എന്നിവയുടെ ബുക്ക്‌ലെറ്റ്, ബ്രോഷർ, ഫോമുകൾ, രജിസ്റ്ററുകൾ എന്നിവയും ഭാഗികമായ തോതിൽ അച്ചടിച്ചുവരുന്നുണ്ട്.

പ്രസ്സുകളുടെ നവീകരണത്തോടെ ഇത്തരം പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സ് മുഖേന അച്ചടിച്ചുനൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണം

166 (166) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിനായി മുൻസർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

അച്ചടി വകുപ്പിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തിയ ഡോ. രാജേന്ദ്രകുമാർ ആനയത്ത് അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ ശിപാർശപ്രകാരം കിഫ്ബി മുഖാന്തരം വകയിരുത്തിയിട്ടുള്ള 100 കോടി രൂപയുടെ പ്രവൃത്തികൾക്ക് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. M/s. WAPCOS Limited ഇതിനായി സമർപ്പിച്ച 135 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്മേൽ കിഫ്ബിയുടെ അഭിപ്രായം തേടിയിരിക്കുകയാണ്. 2016-17 മുതൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പാലോളി കമ്മിറ്റി ശിപാർശകൾ

167 (167) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിലുള്ള പാലോളി കമ്മിറ്റിയുടെ ശിപാർശകളെന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനായി 2007-ൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. പാലോളി കമ്മിറ്റി പൊതുവിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം, വിദ്യാഭ്യാസ - ഉദ്യോഗസംവരണം, തൊഴിലും സാമ്പത്തികവളർച്ചയും, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങൾ, വഖഫ്, ഭരണ നടപടികൾ എന്നീ മേഖലകളിലായി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു.

(ബി) അതിൽ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇനി ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കാനുണ്ടെന്നും അവ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ?

പാലോളി കമ്മിറ്റി മുന്നോട്ടുവച്ച പ്രധാനപ്പെട്ടതും അടിയന്തര പ്രാധാന്യമുള്ളതുമായ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിന്മേൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഏകോപനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലോചിതമായി നടപ്പിലാക്കാൻ കഴിയുന്ന മറ്റ് ശിപാർശകൾ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഏകോപനത്തോടെ പരിശോധിച്ചുവരുന്നു.

## ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി

168 (168) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ധനസഹായത്തിനായി 2021-22 വർഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അപേക്ഷകരിൽ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) 2021-22 വർഷം തെരഞ്ഞെടുത്ത അർഹരായ ഗുണഭോക്താക്കളിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിക്കായി 2021-22 വർഷം 13862 അപേക്ഷകൾ സംസ്ഥാനത്തുടനീളം ലഭിച്ചിട്ടുണ്ട്. അർഹരായ 13034 ഗുണഭോക്താക്കളിൽ ടി വർഷത്തിൽ പുതുതായി അനുവദിക്കപ്പെട്ട 624 വീടുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 2021-22 വർഷം പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽനിന്നും 334.822 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഇല്ല.

## ന്യൂനപക്ഷക്ഷേമ പദ്ധതികൾ

169 (169) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക, എത്ര ശതമാനം ചെലവഴിച്ചു എന്നീ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ; സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി എത്ര ശതമാനം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച തുക, അതിൽ ചെലവഴിച്ച തുക, ബാക്കിയായ തുക, എത്ര ശതമാനം ചെലവഴിച്ചു എന്നീ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നും ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണെന്നും അറിയിക്കുമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത കാലയളവിൽ എത്ര ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും സ്ഥാപിച്ചുവെന്നും അവ ഏതെല്ലാമെന്നും ഓരോ കേന്ദ്രത്തിലും എത്ര വിദ്യാർത്ഥികളും ജീവനക്കാരും നിലവിലുണ്ടെന്നും ഈ കേന്ദ്രങ്ങൾവഴി യു.പി.എസ്.സി./പി.എസ്.സി. നിയമനം ലഭിച്ചവർ എത്രയെന്നും വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 2016 മുതൽ 8 ന്യൂനപക്ഷ യുവജനപരിശീലന കേന്ദ്രങ്ങളും 18 ന്യൂനപക്ഷ യുവജനപരിശീലന ഉപകേന്ദ്രങ്ങളും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഫയൽ തീർപ്പാക്കൽ യജ്ഞം**

170 (170) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ തീർപ്പാക്കൽ യജ്ഞത്തിന് ജീവനക്കാരുടെ ഭാഗത്തുനിന്ന് പൂർണ്ണസഹകരണം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 4-6-2022-ലെ സ.ഉ. (കൈ) നമ്പർ 11/2022/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ചീഫ് സെക്രട്ടറി അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി ഓൺലൈൻ യോഗം നടത്തി സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) അവധി ദിവസമായ 2022 ജൂലൈ 3 ഞായറാഴ്ച എത്ര ശതമാനം ജീവനക്കാർ ഓഫീസുകളിൽ ഹാജരായെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സർക്കാരിന്റെ അഭ്യർത്ഥനയോട് ക്രിയാത്മകമായ പ്രതികരണമാണ് ജീവനക്കാരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അവധി ദിവസമായിരുന്നതിനാൽ അന്നേദിവസം ഹാജർ നിർബന്ധമായിരുന്നില്ല. സാധാരണ ഓഫീസ് സമയം മുഴുവനും ജോലി ചെയ്യുകയെന്ന നിർബന്ധവുമുണ്ടായിരുന്നില്ല. ആയതിനാൽ ഹാജർ വിവരങ്ങൾ പൂർണ്ണമായും ലഭ്യമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഒറ്റ ദിവസം എത്ര ഫയലുകളാണ് തീർപ്പാക്കിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജൂലൈ 23 ഞായറാഴ്ച ദിവസത്തെ മാത്രമായ വിവരങ്ങൾ ലഭ്യമല്ല.

(ഡി) എത്രകാലമായി കെട്ടിക്കിടക്കുന്ന ഫയലുകളാണ് ഒറ്റ ദിവസംകൊണ്ട് തീർപ്പാക്കിയതെന്ന് വ്യക്തമാക്കാമോ; ഒറ്റദിവസംകൊണ്ട് തീർപ്പാക്കാൻപറ്റുന്ന ഫയലുകൾ വർഷങ്ങളായിട്ടും തീർപ്പാക്കാൻ പറ്റാതിരുന്നതെന്തു കൊണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഏറ്റവും കൂടുതൽ ഫയലുകൾ കെട്ടിക്കിടന്നിരുന്നത് ഏത് ജില്ലയിൽ ഏത് വകുപ്പിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) തീർപ്പാക്കാതെ നീണ്ടകാലം സർക്കാർ ഓഫീസുകളിൽ ഫയൽ കെട്ടിക്കിടക്കുന്നതെന്തുകൊണ്ടാണെന്നാണ് ഒറ്റദിവസത്തെ യജ്ഞംകൊണ്ട് ബോദ്ധ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

(ഡി-എഫ്) സംസ്ഥാനത്തെ ഭരണ സിരാകേന്ദ്രം മുതൽ താഴെതലം വരെയുള്ള ജീവനക്കാരുടെ സഹകരണത്തോടെ, ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുമെന്ന വിശ്വാസമാണ് സർക്കാരിനുള്ളത്. ഒരു ചെറിയ വിഭാഗമൊഴികെ വലിയ പങ്ക് ജീവനക്കാരും തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പരിശ്രമിക്കുന്നവരാണെന്ന കാഴ്ചപ്പാടാണ് ഇക്കാര്യത്തിലുള്ളത്. അവധി ദിവസത്തെ പ്രവർത്തനം അത് ശരിയാണെന്ന് തെളിയിക്കുന്നതാണ്.

**വൺ ഹെൽത്ത് പദ്ധതി**

171 (171) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വൺ ഹെൽത്ത് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ 4 പമ്പാ നദീതട ജില്ലകളിൽ വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 മേയ് 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം ആർ.കെ.ഐ., വേൾഡ് ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് പമ്പാനദീതട ജില്ലകളിലാരംഭിച്ചിട്ടുണ്ട്. തുടർന്ന് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. വൺ ഹെൽത്ത് പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മ പദ്ധതി (NKKP)

2-ന്റെ ഭരണ സംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കുന്നതാണ്. ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് വൺ ഹെൽത്ത് പദ്ധതി. "മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, ഇവയെല്ലാം അധിവസിക്കുന്ന പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ ആരോഗ്യഫലങ്ങൾ കൈവരിക്കുക" എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മൃഗങ്ങളുടെയും സസ്യങ്ങളുടെയും പരിസ്ഥിതിയുടെയുമെല്ലാം ആരോഗ്യത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടുള്ള നിരീക്ഷണം, കണ്ടെത്തൽ, ഇടപെടലുകൾ എന്നിവയ്ക്കായി ഒന്നിലധികം തലങ്ങളിൽ സമഗ്രമായ സമീപനം സ്വീകരിക്കുന്നതിന്, മൃഗങ്ങളിൽനിന്നും മറ്റ് പാരിസ്ഥിതിക സ്രോതസ്സുകളിൽനിന്നും പകരുന്ന പകർച്ചവ്യാധികളെ തിരിച്ചറിയാനോ കണ്ടെത്താനോ ഒന്നിലധികം തലങ്ങളിലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതാണ്. അതിനാൽ മനുഷ്യ, മൃഗ, പാരിസ്ഥിതിക ഇന്റർഫേസ് ഉൾക്കൊള്ളുന്ന എല്ലാ ആരോഗ്യപ്രശ്നങ്ങളും വൺ ഹെൽത്ത് പദ്ധതിവഴി നടപ്പിലാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിൽ സംസ്ഥാന-ജില്ലാ-വാർഡ് തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതലത്തിൽ ഇത്തരം ആരോഗ്യ സമിതികൾ രൂപീകരിക്കുന്നതിന് 19-2-2022-ലെ ജി.ഒ.(ആർ.റ്റി.)നം. 399/2022/ആ.കു.വ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്നിവ വിശദമാക്കാമോ?

വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ടുവരുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഇതിനുവേണ്ടി 4 ജില്ലകളിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും പ്രി-ലോഞ്ച് പ്രവർത്തനങ്ങൾ നടത്തി. തുടർന്ന് ജില്ലാ-ബ്ലോക്ക് തലങ്ങൾ ലോഞ്ച് പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. തുടർന്ന് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലെ ജനപ്രതിനിധികൾ, വകുപ്പുതല അദ്ധ്യക്ഷന്മാർ, ജില്ലാതല ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ആഗസ്റ്റ് 10, 12, 17 തീയതികളിൽ സംസ്ഥാനതല വർക്ക്ഷോപ്പുകൾ ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നാല് ജില്ലകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുള്ള പരിശീലന പരിപാടികൾ കില (KILA) വഴി നടത്തുന്നതിനുള്ള മുന്നൊരുക്കപ്രവർത്തനങ്ങൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി എസ്.എച്ച്.ആർ.സി. വഴി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഏകാരോഗ്യ പദ്ധതിയുടെ പ്രധാന സവിശേഷതകൾ ഇവയാണ്.

1. മൃഗങ്ങളിൽനിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന രോഗങ്ങൾക്ക് കാരണമായേക്കാവുന്ന സംഭവങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനും പൊതുജനപങ്കാളിത്തത്തോടെയുള്ള സുസ്ഥിരമായ നിരീക്ഷണ സംവിധാനം.

2. പകർച്ചവ്യാധികൾക്ക് കാരണമാകുന്ന ഘടകങ്ങളുടെ എത്രയും പെട്ടെന്നുള്ള കണ്ടെത്തലും അവ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങളും (ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ).

3. ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള വകുപ്പുകളുടെ സംയോജനം, ഇതിനുവേണ്ടിയുള്ള ഒരു ഐ.ടി. സംവിധാനം.

4. ജന്തുജന്യരോഗങ്ങൾ യഥാസമയം കണ്ടെത്താനുള്ള ലബോറട്ടറി സംവിധാനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ശാക്തീകരിക്കുന്നതാണ്.

**ആരോഗ്യരക്ഷ ചാത്തന്നൂർ പദ്ധതി**

172 (172) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നതും ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പിന്റെ 21-4-2017-ലെ സ.ഉ.(സാധാ) 1140/2017 നമ്പർ ഉത്തരവുപ്രകാരം ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമായ ആരോഗ്യരക്ഷ ചാത്തന്നൂർ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ എൻ.ക്യു.എ.എസ്. ഉൾപ്പെടെയുള്ള അക്രെഡിറ്റേഷൻ നേടുന്നതിനായി ചാത്തന്നൂർ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ എൻ.ക്യു.എ.എസ്. ഉൾപ്പെടെയുള്ള അക്രെഡിറ്റേഷൻ നേടിയ ആരോഗ്യകേന്ദ്രങ്ങളുണ്ടോയെന്നും പ്രസ്തുത അക്രെഡിറ്റേഷൻ കൈവരിക്കാൻ കഴിയുംവിധം സജ്ജമാക്കിയ ആരോഗ്യ കേന്ദ്രങ്ങളുണ്ടോയെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ ആദിച്ചനല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ എൻ.ക്യു.എ.എസ്. പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ ടി സ്ഥാപനത്തിൽ ജില്ലാതല ട്രെയിനിംഗുകൾ നടന്നുവരുന്നു. ചാത്തന്നൂർ മണ്ഡലത്തിലെ മറ്റ് സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസനം ആവശ്യമുള്ളതിനാൽ അടുത്ത ഘട്ടത്തിലേയ്ക്കാണ് ഈ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) പ്രസ്തുത അക്രെഡിറ്റേഷൻ കൈവരിക്കുന്നതിനായുള്ള കല്ലുവാതുക്കൽ ഹോമിയോ ആശുപത്രിയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രസ്തുത അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഹോമിയോ ഡിസ്പെൻസറികൾക്ക് നിലവിൽ ഫിക്സ് ചെയ്തിട്ടില്ല.

**സ്ഥിരം ഐസൊലേഷൻ വാർഡുകളെന്ന പദ്ധതി**

173 (173) ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധവും രോഗവ്യാപന നിയന്ത്രണവും അതിവേഗ ചികിത്സയും ഉറപ്പുവരുത്തുന്നതിനായി സ്ഥിരം ഐസൊലേഷൻ വാർഡുകളെന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ?

(എ&ബി)) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധവും രോഗവ്യാപന നിയന്ത്രണവും അതിവേഗ ചികിത്സയും ഉറപ്പുവരുത്തുന്നതിനായി ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും (50% MLA ഫണ്ടും 50% കിഫ്ബി ഫണ്ടും) ഉപയോഗിച്ച് 10 കിടക്കകളുള്ള, മെഡിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ ഗ്യാസ് തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ 2400 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകളുപയോഗിച്ചുള്ള ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഒരു ഐസൊലേഷൻ വാർഡിനാവശ്യമായ സൗകര്യങ്ങളായ 10 ഐ.സി.യു. ബെഡ്, ഡോക്ടർ റൂം-1, നഴ്സിംഗ് സ്റ്റേഷൻ, പ്രൊസീഡ്യുവർ റൂം, ടോയ്ലെറ്റ് - 4 എണ്ണം, ഓക്സിജൻ ജനറേഷൻ യൂണിറ്റ് എന്നിവയുണ്ട്. ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി ഒരു കോടി എഴുപത്തിയൊമ്പത് ലക്ഷം രൂപയാണ് കെ.എം.എസ്.സി.എൽ. എസ്റ്റിമേറ്റായി കണക്കാക്കിയിരിക്കുന്നത്.

ആദ്യഘട്ടത്തിൽ നിർമ്മാണത്തിനായി തെരഞ്ഞെടുത്ത 90 സ്ഥാപനങ്ങളിൽ സ്ഥലലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി 86 സ്ഥലങ്ങളിൽ പ്രവൃത്തി ഉത്തരവ് നൽകുകയുണ്ടായി. ഇതിൽ ആദ്യപ്രവൃത്തി ഉത്തരവ് നൽകിയ 9 സൈറ്റുകളിൽ നിർമ്മാണപുരോഗതി പ്രീ-എഞ്ചിനീയറിംഗ് (സൂപ്പർ സ്ട്രക്ചർ) ഇറക്ഷനും 32 സൈറ്റുകളിൽ പ്ലിന്ത് ലെവൽ (സബ് സ്ട്രക്ചർ) വരെയുള്ള ജോലികളും പൂർത്തിയായിട്ടുണ്ട്.

(സി) ഏകാരോഗ്യ പദ്ധതിയുടെ (വൺ ഹെൽത്ത് ഇനിഷ്യേറ്റീവ്) പ്രവർത്തനം ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഏകാരോഗ്യ പദ്ധതിയുടെ ആദ്യഘട്ടമാണ് ഇപ്പോൾ സംസ്ഥാനത്ത് നടന്നുവരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിൽ സംസ്ഥാന/ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. കേരളത്തിലെ 4 ജില്ലകളിലാണ് നിലവിൽ ഏകാരോഗ്യ പദ്ധതി നടപ്പിലാക്കുന്നത്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയുമുൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റിയും ജില്ലാതല ആരോഗ്യ സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് എല്ലാ ജില്ലകളിലും സംസ്ഥാന തലത്തിലും പ്രീ-ലോഞ്ച് പ്രവർത്തനങ്ങൾ നടത്തി. തുടർന്ന് ജില്ലാ-ബ്ലോക്ക് തലങ്ങളിൽ ലോഞ്ച് പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ടം ആർ.കെ.ഐ., വേൾഡ് ബാങ്ക് സഹായത്തോടെയാണ് കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ 4 പമ്പാ നദീതട ജില്ലകളിലാരംഭിക്കുന്നത്. ബാക്കിയുള്ള 10 ജില്ലകളിൽ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകാരോഗ്യ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മ പദ്ധതി 2-ന്റെ ഭരണസംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കുന്നതാണ്. ലോകത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് ഏകാരോഗ്യ പദ്ധതി. " മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, ഇവയെല്ലാം അധിവസിക്കുന്ന പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ ആരോഗ്യ ഫലങ്ങൾ എല്ലാ ജീവജാലങ്ങൾക്കും കൈവരിക്കുക" എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മൃഗങ്ങളുടെയും പരിസ്ഥിതിയുടെയുമെല്ലാം ആരോഗ്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന നിരീക്ഷണം, കണ്ടെത്തൽ എന്നിവയ്ക്കായി ഒന്നിലധികം തലങ്ങളിൽ സമഗ്രമായ സമീപനം സ്വീകരിക്കും. മൃഗങ്ങളിൽനിന്നും മറ്റ് പാരിസ്ഥിതിക സ്രോതസ്സുകളിൽനിന്നും പകരുന്ന പകർച്ചവ്യാധികളെ തിരിച്ചറിയാനോ കണ്ടെത്താനോ ഒന്നിലധികം തലങ്ങളിലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കും. അതിനാൽ മനുഷ്യ-മൃഗ പാരിസ്ഥിതിക ഇന്റർഫേസ് ഉൾക്കൊള്ളുന്ന എല്ലാ ആരോഗ്യ പ്രശ്നങ്ങളെയും ഈ പദ്ധതി അഭിസംബോധന ചെയ്യും.

## ആരോഗ്യക്ഷേമ പദ്ധതികൾ

174 (174) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യക്ഷേമ പദ്ധതികളുടെ വിശദാംശം നൽകാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിൽ നടപ്പിലാക്കിയ ആരോഗ്യക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സുരക്ഷിത് മാതൃത്വ ആശ്വാസൻ (സുമൻ): ഗർഭാവസ്ഥയിലും പ്രസവസമയത്തും പ്രസവാനന്തരവും അമ്മയ്ക്കും കുഞ്ഞിനും മികച്ചതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേവനങ്ങളായ ജെ.എസ്.വൈ., ജെ.എസ്.എസ്.കെ., ക്വാളിറ്റി സ്റ്റാൻഡേർഡ്സ് തുടങ്ങിയവ ഒരു കുടക്കീഴിൽ കൊണ്ടുവരിക, ഇവയെപ്പറ്റി അമ്മമാർക്ക് അവബോധം നൽകുക, എല്ലാ മാതൃ-നവജാത ശിശുമരണങ്ങളും അസുഖങ്ങളും തടയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൽ നിലവിൽ മൂന്നുതരം സേവന പാക്കേജുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിൽ നിലവിൽ കുട്ടികൾക്കായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. രാഷ്ട്രീയ ബാൽസ്വാസ്ഥ്യ കാര്യക്രം (RBSK): 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയയുൾപ്പടെയുള്ള വിവിധ ചികിത്സകളും മറ്റ് സേവനങ്ങളും രാഷ്ട്രീയ ബാൽസ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികൾവഴിയും പ്രത്യേക ചികിത്സകൾ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾവഴിയും കുട്ടികൾക്ക് ശസ്ത്രക്രിയയുൾപ്പെടെയുള്ള വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ തെരഞ്ഞെടുത്ത് ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്.

2. <u>ആരോഗ്യ കിരണം:</u> ആർ.ബി.എസ്.കെ.-യിലുൾപ്പെട്ട 30 അസുഖങ്ങൾക്കൊഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണംവഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. ഗുണഭോക്താക്കളുടെ രക്ഷിതാക്കൾ ആദായനികുതി അടയ്ക്കുന്നവരോ സർക്കാർ ഉദ്യോഗസ്ഥരോ ആയിരിക്കരുത്. കാസ്പ്, താലോലം, കെ.ബി.എഫ്. തുടങ്ങിയ സ്കീമുകളുപയോഗപ്പെടുത്തിയശേഷം മാത്രമേ ആനുകൂല്യം ലഭ്യമാവുകയുള്ളൂ.

3. <u>ഹൃദ്യം</u>: ആർ.ബി.എസ്.കെ. പദ്ധതിപ്രകാരം 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യ ഹൃദയശസ്ത്രക്രിയ ലഭ്യമാക്കുന്നതിനുവേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിക്കുവേണ്ടി ഒരു സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുകയും ഹൃദ്രോഗമുള്ള കുട്ടികളെ സോഫ്റ്റ്‌വെയർ മുഖാന്തരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ സോഫ്റ്റ്‌വെയറിന് നൽകിയിരിക്കുന്ന പേര് 'ഹൃദ്യം' എന്നാണ്.

4. <u>സുരക്ഷിത് മാതൃത്വ ആശ്വാസൻ (സുമൻ)</u>: ഗർഭാവസ്ഥയിലും പ്രസവസമയത്തും പ്രസവാനന്തരവും അമ്മയ്ക്കും കുഞ്ഞിനും മികച്ചതും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേവനങ്ങളായ ജെ.എസ്.വൈ., ജെ.എസ്.കെ., ക്വാളിറ്റി സ്റ്റാൻഡേർഡ്സ് തുടങ്ങിയവ ഒരു കുടക്കീഴിൽ കൊണ്ടുവരികയും ഇവയെപ്പറ്റി അമ്മമാർക്ക് അവബോധം നൽകുക, എല്ലാ മാതൃ-നവജാത ശിശുമരണങ്ങളും അസുഖങ്ങളും തടയുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയിൽ നിലവിൽ മൂന്നുതരം സേവന പാക്കേജുകളുൾക്കൊള്ളിച്ചിട്ടുണ്ട്.

5. <u>ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC)</u>: കുട്ടികളുടെ വളർച്ചയും വികാസവുമായി സംബന്ധിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെയും വൈകല്യങ്ങളെയും കാലേകൂട്ടി തിരിച്ചറിയാനും ഫലപ്രദമായ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിലേയ്ക്കുമായി എല്ലാ ജില്ലകളിലും ആർ.ബി.എസ്.കെ. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നൂതന സംവിധാനമാണ് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി). ശിശുരോഗ വിദഗ്ധൻ, ദന്തൽ സർജൻ, കൂടാതെ വിദഗ്ധരായ തെറാപ്പിസ്റ്റുകൾ (ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ഒപ്റ്റോമെടിസ്റ്റ്, ദന്തൽ ഹൈജിനിസ്റ്റ്) തുടങ്ങിയവരെ ഓരോ ഡി.ഇ.ഐ.സി.-യിലും നിയമിച്ചിട്ടുണ്ട്. ഹോസ്പിറ്റലിൽനിന്ന് റഫർ ചെയ്യുന്ന കുഞ്ഞുങ്ങൾക്ക് ഡി.ഇ.ഐ.സി.-യിൽനിന്നും വേണ്ടചികിത്സ നൽകി പരിചരിക്കുന്നു. ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നു.

6. ദേശീയ അന്ധതാ നിവാരണ കാഴ്ച നിയന്ത്രണ പദ്ധതി: ദേശീയ അന്ധതാ നിയന്ത്രണ കാഴ്ചവൈകല്യ പദ്ധതിയുടെ കീഴിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് കേരളത്തിലൊട്ടാകെ നേത്രപരിശോധന നടത്തി കണ്ണടയും ചികിത്സയും നൽകുന്നു.

7. ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി: 5 വയസ്സിൽത്താഴെയുള്ള കുട്ടികളിൽ Interferon Gamma Release Assay (IGRA) പരിശോധനയില്ലാതെയും 5 മുതൽ 15 വയസ്സിനുതാഴെയുള്ള കുട്ടികളിൽ IGRA പരിശോധന നടത്തിയും രോഗബാധ നിർണ്ണയിക്കുന്നവരിൽ Central TB Division, Government of India അംഗീകരിച്ച 3 HR (3 Months) INH Rifampicin regimen നൽകിയും പൂർണ്ണമായും സൗജന്യമായി ചെയ്യുന്ന പദ്ധതിയാണിത്. 5-നും 14-നുമിടയിൽ പ്രായമുള്ള കുട്ടികളിൽ 2020 നവംബർ 1-ന് കേരളത്തിൽ തുടക്കമിട്ട Latent TB Infection Management with Test and Treat Policy എന്ന പദ്ധതിയിൽ 5 വയസ്സിൽത്താഴെയുള്ള അർഹരായ 2362 കുട്ടികളിൽ 1574 പേർക്ക് പ്രതിരോധചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്. 2021 ഒക്ടോബർ മുതൽ സംസ്ഥാനത്ത് TB infection with Test and Treat Policy 15 വയസ്സിനും അതിനുമുകളിലുള്ളവരിലും നടപ്പിലാക്കിവരുന്നു.

8. ദേശീയ രോഗപ്രതിരോധ വാക്സിനേഷൻ പദ്ധതിപ്രകാരം വാക്സിനേഷൻകൊണ്ട് തടയാവുന്ന രോഗങ്ങൾക്കെതിരെ വാക്സിനേഷൻ നൽകിവരുന്നു.

## കാൻസർ നിയന്ത്രണ പദ്ധതികൾ

175 (175) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്?

സംസ്ഥാനത്തെ നിലവിലുള്ള കാൻസർ രജിസ്ട്രി പ്രകാരം കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിനും എല്ലാ തലങ്ങളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങൾ

ആരംഭിക്കുന്നതിനും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ചികിത്സാ ഗ്രിഡ് രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. റീജിയണൽ കാൻസർ സെന്ററുകളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുകയും മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി യൂണിറ്റുകൾ ആരംഭിക്കുകയും ജില്ലാശുപത്രികളിൽ കാൻസർ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തി താഴെത്തട്ടിലുള്ള ആശുപത്രികളിൽ പ്രൈമറി കാൻസർ കെയർ സംവിധാനങ്ങളൊരുക്കിയും കാൻസർ ചികിത്സാസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയിലൂടെ സംസ്ഥാനത്ത് 24 ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള പ്രാഥമിക കാൻസർ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

കാൻസർ കണ്ടുപിടിക്കുന്നതിന് ബയോപ്സി, മാമോഗ്രാഫി തുടങ്ങിയ സൗകര്യങ്ങൾ ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ട്. മെഡിറ്റേഷൻ, സർജറി എന്നിവയും ചികിത്സയുടെ ഭാഗമായി നടത്തുന്നുണ്ട്. ആവശ്യമായ മരുന്നുകളും ആശുപത്രികളിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. 19-2-2021-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 503/2021/ആ.കു.വ. പ്രകാരം സൃഷ്ടിക്കപ്പെട്ട ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ കമ്മിറ്റിവഴി കേന്ദ്ര-സംസ്ഥാന സർക്കാർ കാൻസർ പ്രതിരോധ നടപടികൾ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നു. ഡി.എം.ഒ.-യാണ് ഈ കമ്മിറ്റിയുടെ കൺവീനർ. ഇതിന്റെ നേതൃത്വത്തിൽ കാൻസർ രോഗനിയന്ത്രണ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) കാൻസർ പ്രതിരോധം സംബന്ധിച്ച് ശാസ്ത്രീയമായ അവബോധം നൽകുന്നതിലേയ്ക്കായി സ്റ്റേറ്റ് കാൻസർ കൺട്രോൾ സ്റ്റാറ്റജി എന്നപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ?

കേരളത്തിലെ ജനങ്ങൾക്ക് സമഗ്രമായ കാൻസർ പ്രതിരോധ നിയന്ത്രണ പരിപാടികൾ വിഭാവനം ചെയ്യുന്ന ഒരു പദ്ധതിയാണ് സംസ്ഥാന കാൻസർ കൺട്രോൾ സ്റ്റാറ്റജിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ കാൻസർ പ്രതിരോധം, മുൻകൂർ രോഗനിർണ്ണയം, ചികിത്സ, സാന്ത്വനചികിത്സ എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് 2018 മുതൽ 2030 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ നടപ്പാക്കാൻപോകുന്ന കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിലെ കാൻസറിന്റെ വ്യാപ്തി കുറയ്ക്കാനും കാൻസർ രോഗികൾക്ക് സമയോചിതമായ ചികിത്സയിലൂടെ ജീവിതനിലവാരം ഉയർത്തുവാനും ഇതുവഴി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽപ്പറയുന്ന പ്രധാന ദൗത്യങ്ങൾ ഇനി പറയുന്നവയാണ്.

1. കാൻസർ നിയന്ത്രണ ചികിത്സാ മേഖലകളിൽ നേതൃപാടവം, ഏകോപനം, ഉത്തരവാദിത്വം എന്നിവ കൊണ്ടുവരിക.

2. ജനകീയ പങ്കാളിത്തത്തോടെ പ്രതിരോധത്തിലും നയരൂപീകരണത്തിലും സഹകരണം ഉറപ്പാക്കുക.

3. ആരോഗ്യ-പരിപാലന വിഭാവനം ശാക്തീകരിക്കുക, ഗവേഷണത്തിന് ഊന്നൽ നൽകുക.

4. കേരള കാൻസർ രജിസ്ട്രി നടപ്പിലാക്കുക.

5. കാൻസർ പ്രതിരോധ നിയന്ത്രണ മേഖലകളിൽ എൻ.ജി.ഒ., സ്വകാര്യ മേഖലകളുടെ സഹകരണം കൊണ്ടുവരിക എന്നിവ ഇതിലെ പ്രധാന ദൗത്യങ്ങളാണ്.

കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-30-ൽ ലോകാരോഗ്യ സംഘടനയിൽനിന്നടക്കമുള്ള വിദഗ്ദ്ധരടങ്ങുന്ന സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിന് മൂന്ന് അപ്പെക്സ് കാൻസർ സെന്ററുകളെ (എം.സി.സി., ആർ.സി.സി., സി.സി.ആർ.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കുന്നതിനായി അപ്പെക്സ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചുകൊണ്ട് 30-7-2019-ൽ സ.ഉ. (സാധാ) നം. 1865/2019/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള കാൻസർ രജിസ്ട്രിക്ക് 19-2-2021-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 501/2021/ആ.കു.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) സമഗ്ര കാൻസർ നിയന്ത്രണ തന്ത്രങ്ങളുൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകമായ കാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം സേവനങ്ങളും ലക്ഷ്യങ്ങളുമാണ് ഇതിലൂടെ പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

25-3-2022-ലെ സ.ഉ. (സാധാ) നമ്പർ 680/2022/ആ.കു.വ. പ്രകാരം കാൻസർ കെയർ സ്യൂട്ട് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സമഗ്ര കാൻസർ നിയന്ത്രണ തന്ത്രങ്ങളുൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക സോഫ്റ്റ്‌വെയർ കാൻസർ കെയർ സ്യൂട്ടിന്റെ നിർമ്മാണപ്രക്രിയ പുരോഗമിച്ചുവരികയാണ്. കാൻസർ സ്ക്രീനിംഗ്, കാൻസർ രജിസ്ട്രി, ബോൺമാരോ രജിസ്ട്രി എന്നീ 3 മൊഡ്യൂളുകളാണ് സോഫ്റ്റ്‌വെയറിലുൾപ്പെടുത്തിയിട്ടുള്ളത്. ജില്ലാതല കാൻസർ നിയന്ത്രണവും കേരളത്തിലെ കാൻസർ രോഗികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയും അവർക്ക് കൃത്യമായ ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുക എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

## ഇ-ഹെൽത്ത് പദ്ധതി

176 (176) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് 2016-ൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള എല്ലാ ശ്രേണിയിലുംപ്പെട്ട 13 സർക്കാർ ആശുപത്രികളിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 462 ആശുപത്രികളിൽ ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 165 എണ്ണം പൂർണ്ണമായും കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്.

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ?

വിവരശേഖരണത്തിന്റെ ഭാഗമായി ആധാർ അടിസ്ഥാന രേഖയാക്കി വ്യതിരക്ത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് 2.59 കോടി ജനങ്ങളുടെ എൻറോൾമെന്റ് പൂർത്തിയായിട്ടുണ്ട്. മെമ്പർ സർവ്വേ, ഹൗസ് സർവ്വേ, വില്ലേജ് സർവ്വേ എന്നിവ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് 2016-ൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള എല്ലാ ശ്രേണിയിലുംപ്പെട്ട 13 സർക്കാർ ആശുപത്രികളിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 462 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 165 എണ്ണം പൂർണ്ണമായും കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 234 ആശുപത്രികളിൽ 169 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്കാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. ബാക്കിവരുന്ന 65 ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിടനിർമ്മാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള 234 ആശുപത്രികളിൽ പദ്ധതിക്കാവശ്യമായ സജ്ജീകരണങ്ങൾ, ഭൗതികസാഹചര്യങ്ങൾ എന്നിവ പൂർത്തിയാകുന്നമുറയ്ക്ക് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്തുള്ള മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി ഘട്ടംഘട്ടമായി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്.

ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‌വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമുൾപ്പെടെ സ്ഥാപിക്കേണ്ടിവരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരം, ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാലുണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടത്തിവരുന്നത്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും വിവിധ വികസന പദ്ധതികളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണ ജോലികൾ പൂർത്തിയാകുന്നമുറയ്ക്ക് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്.

## നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് വിനിയോഗം

177 (177) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2020 ജനവരി 1 മുതൽ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ എത്ര കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നാളിതുവരെ ഉപയോഗപ്പെടുത്തിയെന്നും എത്ര തുകയുടെ ബില്ലുകൾ നാഷണൽ ഹെൽത്ത് മിഷന് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ തുകയുടെ സാമ്പത്തികവർഷം തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു:

| | |
|---|---|
| 2019-20 | NIL |
| 2020-21 | 260.05 കോടി രൂപ |
| 2021-22 | 25.2397 കോടി രൂപ (സർവ്വീസ് ചാർജ്ജുൾപ്പെടെ) |
| 2022-23 | 5.51 കോടി രൂപ (സർവ്വീസ് ചാർജ്ജുൾപ്പെടെ) |

മേൽപ്പറഞ്ഞ തുകകൾ കോർപ്പറേഷൻ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്.

(സി) നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ തുകയിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

നാഷണൽ ഹെൽത്ത് മിഷൻ നൽകിയ തുകയിൽനിന്നും 60,02,62,743 രൂപ പി.പി.ഇ. കിറ്റ് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചെലവഴിച്ചു.

(ഡി) സാൻ ഫാർമ എന്ന കമ്പനിയിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങിയത് നാഷണൽ ഹെൽത്ത് മിഷൻ നൽകിയ ഫണ്ടിൽനിന്നുമായിരുന്നോവെന്ന് വ്യക്തമാക്കാമോ?

സാൻ ഫാർമ എന്ന കമ്പനിയിൽനിന്നും പി.പി.ഇ. കിറ്റുകൾ വാങ്ങിയതിനുള്ള തുക പൂർണ്ണമായും നാഷണൽ ഹെൽത്ത് മിഷൻ നൽകിയ ഫണ്ടിൽനിന്നല്ല വിനിയോഗിച്ചിട്ടുള്ളത്.

(ഇ) എങ്കിൽ സാൻ ഫാർമ കമ്പനിയിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങുവാൻ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടിൽനിന്നും എത്ര തുക ഉപയോഗപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ?

സാൻ ഫാർമ എന്ന കമ്പനിക്ക് 4-6-2020-ൽ 15,99,990 രൂപ നൽകിയത് നാഷണൽ ഹെൽത്ത് മിഷൻ നൽകിയ ഫണ്ടിൽനിന്നുമാണ്.

**പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി**

178 (178) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക രോഗികൾക്ക് സഹായകരമാകുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതിക്കായി ആരോഗ്യ വകുപ്പ് ഓരോ ജില്ലയിലെയും ഒരു പ്രധാന ആശുപത്രി പൈലറ്റടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും അടിസ്ഥാനസൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് പെരിട്ടോണിയൽ ഡയാലിസിസിൽ

വിദഗ്ധ പരിശീലനം നൽകുകയും ആശുപത്രികളിൽ ഇതുസംബന്ധമായ ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. പെരിട്ടോണിയൽ ഡയാലിസിസിനാവശ്യമായ ഡയാലിസിസിംഗ് ഫ്ലൂയിഡും മറ്റനുബന്ധ ഉപകരണങ്ങളും രോഗികളുടെ എണ്ണത്തിനാനുപാതികമായി ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിൽ സി.എ.പി.ഡി. പ്രോഗ്രാം മുഖേന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ രോഗികളെ കാസ്പ് അല്ലെങ്കിൽ കാരുണ്യ സ്കീമിലുൾപ്പെടുത്തി ചികിത്സയ്ക്കാവശ്യമായ മരുന്നും സാമഗ്രികളും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ജനറൽ ആശുപത്രി (ബീച്ച് ഹോസ്പിറ്റൽ)- യിലാണ് പെരിട്ടോണിയൽ ഡയാലിസിസിനുള്ള സൗകര്യമൊരുക്കിയിട്ടുള്ളത്. നിലവിൽ കത്തീഡ്രൽ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ജനറൽ ആശുപത്രിയിലില്ലാത്തതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജുമായി സഹകരിച്ചുകൊണ്ടാണ് ഈ പ്രക്രിയ നടത്തിവരുന്നത്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

179 (179) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ ഇളമ്പള്ളൂർ, പെരിനാട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഇപ്പോൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിൽ ഇളമ്പള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പൂർണ്ണമായും പ്രവർത്തനമാരംഭിച്ചു. നെറ്റ്‌വർക്കിംഗ്, ഹാർഡ്‌വെയർ, ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി എന്നിവ പൂർത്തിയാകുന്നമുറയ്ക്ക്, പെരിനാട് കുടുംബാരോഗ്യ കേന്ദ്രത്തിലും ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ഇ-ഹെൽത്ത് പദ്ധതികൾക്കായി കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും തുക അനുവദിച്ചുകിട്ടുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ ഇളമ്പള്ളൂർ, പെരിനാട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഇപ്പോൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിന് ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിനും പരമാവധി 20 ലക്ഷം രൂപ ചെലവ് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഓരോ ആശുപത്രിയുടെയും വലുപ്പം, പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും ആശുപത്രികൾക്കാവശ്യമായിവരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി, നടത്തിപ്പിനുള്ള ഫണ്ട് (സർക്കാർ ഫണ്ട്, എം.എൽ.എ. ഫണ്ട്, എൽ.എസ്.ജി. ഫണ്ട്) എന്നിവ ലഭ്യമാകുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ല ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**സമ്പൂർണ്ണ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായുള്ള പ്രത്യേക പദ്ധതി**

180 (180) <u>ശ്രീ. സജി ചെറിയാൻ</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ, കോവിഡ് എന്നിവയുൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങൾക്ക് കാരണമാകുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണം, ഇതിലേയ്ക്കുനയിക്കുന്ന ഘടകങ്ങളെ നേരത്തെ കണ്ടെത്തൽ, ഇടപെടൽ എന്നിവ ലക്ഷ്യംവച്ച് സംസ്ഥാനത്ത് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ 4 പമ്പാ നദീതട ജില്ലകളിൽ വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 മേയ് 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം ആർ.കെ.ഐ., വേൾഡ് ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല്

പമ്പാ നദീതട ജില്ലകളിലാരംഭിച്ചിട്ടുണ്ട്. തുടർന്ന് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. വൺ ഹെൽത്ത് പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മപദ്ധതിയുടെ ഭരണ സംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കുന്നതാണ്. ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് 'വൺ ഹെൽത്ത് ' പദ്ധതി. "മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, ഇവയെല്ലാം അധിവസിക്കുന്ന പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ ആരോഗ്യഫലങ്ങൾ കൈവരിക്കുക” എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മൃഗങ്ങളുടെയും സസ്യങ്ങളുടെയും പരിസ്ഥിതിയുടെയുമെല്ലാം ആരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിരീക്ഷണം, കണ്ടെത്തൽ, ഇടപെടലുകൾ എന്നിവയ്ക്കായി ഒന്നിലധികം തലങ്ങളിൽ സമഗ്രമായ സമീപനം സ്വീകരിക്കുന്നതിന്, മൃഗങ്ങളിൽനിന്നും മറ്റ് പാരിസ്ഥിതിക സ്രോതസ്സുകളിൽനിന്നും പകരുന്ന പകർച്ചവ്യാധികളെ തിരിച്ചറിയാനോ കണ്ടെത്താനോ ഒന്നിലധികം തലങ്ങളിലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതാണ്. അതിനാൽ മനുഷ്യ, മൃഗ, പാരിസ്ഥിതിക ഇന്റർഫേസ് ഉൾക്കൊള്ളുന്ന എല്ലാ ആരോഗ്യപ്രശ്നങ്ങളും 'വൺ ഹെൽത്ത് പദ്ധതിവഴി നടപ്പിലാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിൽ സംസ്ഥാന-ജില്ലാ-വാർഡ് തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതലത്തിൽ ഇത്തരം ആരോഗ്യസമിതികൾ രൂപീകരിക്കുന്നതിന് 19-2-2022-ലെ ജി.ഒ. (ആർ.റ്റി.)നമ്പർ 399/2022/ആ.കു.വ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) സമ്പൂർണ്ണ ആരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി, മനുഷ്യാരോഗ്യം, മൃഗാരോഗ്യം എന്നിവയുടെ ഏകോപനം എതെല്ലാം തരത്തിൽ സാധ്യമാക്കാനാകുമെന്ന് വിശദമാക്കാമോ?

വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ടുവരുന്ന വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഇതിനുവേണ്ടി 4 ജില്ലകളിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും പ്രീ-ലോഞ്ച് പ്രവർത്തനങ്ങൾ നടത്തി. തുടർന്ന് ജില്ലാ-ബ്ലോക്ക് തലങ്ങൾ ലോഞ്ച് പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. തുടർന്ന് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലെ ജനപ്രതിനിധികൾ, വകുപ്പുതല അദ്ധ്യക്ഷന്മാർ, ജില്ലാതല ഉദ്യോഗസ്ഥ

പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ആഗസ്റ്റ് 10, 12, 17 എന്നീ തീയതികളിൽ സംസ്ഥാനതല വർക്ക്ഷോപ്പുകൾ ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നാല് ജില്ലകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുള്ള പരിശീലന പരിപാടികൾ കില (KILA) വഴി നടത്തുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി എസ്.എച്ച്.ആർ.സി. വഴി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഏകാരോഗ്യ പദ്ധതിയുടെ പ്രധാന സവിശേഷതകൾ ഇവയാണ്.

1. മൃഗങ്ങളിൽനിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന രോഗങ്ങൾക്ക് കാരണമായേക്കാവുന്ന സംഭവങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനും പൊതുജന പങ്കാളിത്തത്തോടെയുള്ള സുസ്ഥിരമായ നിരീക്ഷണ സംവിധാനം.

2. പകർച്ചവ്യാധികൾക്ക് കാരണമാകുന്ന ഘടകങ്ങളുടെ എത്രയും പെട്ടെന്നുള്ള കണ്ടെത്തലും അവ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങളും (ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ).

3. ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള വകുപ്പുകളുടെ സംയോജനം, ഇതിനുവേണ്ടിയുള്ള ഒരു ഐ.ടി. സംവിധാനം.

4. ജന്തുജന്യ രോഗങ്ങൾ യഥാസമയം കണ്ടെത്താനുള്ള ലബോറട്ടറി സംവിധാനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ശാക്തീകരിക്കുന്നതാണ്.

## ആർദ്രം മിഷൻ-2 പദ്ധതി

181 (181) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ-2 പദ്ധതിയുടെ ഭാഗമായി പൗരന്മാരുടെ അടിസ്ഥാന ആരോഗ്യവിവരങ്ങൾ ശേഖരിക്കുകയും ജീവിതശൈലീ രോഗങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുകയും ചെയ്യുന്ന പദ്ധതി ദേവികുളം മണ്ഡലത്തിലെ ഏതൊക്കെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; അറിയിക്കാമോ?

ദേവികുളം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് ഈ പദ്ധതിക്കായി ദേവികുളം മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ 30 വയസ്സുകഴിഞ്ഞ മുഴുവൻ വ്യക്തികൾക്കും വർഷത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തുകയെന്ന ലക്ഷ്യത്തോടെ ആർദ്രം മിഷനുകീഴിൽ വാർഷിക സ്ക്രീനിംഗ് പരിപാടി ആരംഭിച്ചിട്ടുണ്ട്. കാൻസർ അടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ തടയുകയും നേരത്തെ കണ്ടെത്തി ചികിത്സിക്കുകയുമാണ് പ്രധാന ലക്ഷ്യം. ആദ്യഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും ഒരു പഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ജീവിതശൈലീ രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി ഇതുസംബന്ധിച്ച ആധികാരികമായ കണക്കുകൾ കണ്ടെത്തുകയെന്നത് ഈ രോഗങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ ആസൂത്രണത്തിന് വളരെ പ്രാധാന്യം സംബന്ധിച്ച ഒന്നാണ്. കൂടാതെ ജീവിതശൈലീ രോഗങ്ങളുണ്ടോയെന്ന് അറിയാത്ത ഒരു വലിയവിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഭവന സന്ദർശനത്തിലൂടെ എല്ലാ ജനങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുന്നതിലൂടെ സമൂഹത്തിലെ എല്ലാ രോഗികളെയും കണ്ടെത്തുന്നതിനും മതിയായ ചികിത്സ നൽകുന്നതിനും അതിലൂടെ ഗുരുതര രോഗങ്ങളൊഴിവാക്കുന്നതിനും സാധ്യമാകുന്നു. രോഗനിർണ്ണയം നടത്തിയ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

കാൻസർ രോഗം പ്രാരംഭദശയിൽത്തന്നെ കണ്ടെത്താൻ സാധിക്കുന്നതിലൂടെ ഈ രോഗങ്ങളുടെ ചികിത്സ നേരത്തെ ആരംഭിക്കുന്നതിനും ഗുരുതരമായ പ്രത്യാഘാതങ്ങളൊഴിവാക്കുന്നതിനും സാദ്ധ്യമാകുന്നു. ഓരോ പ്രദേശത്തെയും രോഗങ്ങളുടെയും രോഗികളുടെയും സ്ഥിതിവിവര കണക്ക് ലഭ്യമാകുന്നതോടെ വികേന്ദ്രീകൃത ആസൂത്രണം നടത്തുന്നതിനും ഫണ്ട് വിനിയോഗം സുഗമമാക്കുന്നതിനും സാദ്ധ്യമാകുന്നതാണ്.

ശൈലി ആപ്പുവഴി ആശാപ്രവർത്തകർ മുഖാന്തരം ശേഖരിക്കുന്ന അടിസ്ഥാനവിവരങ്ങൾ ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയും ഇതുവഴി UHID (യുണിക് ഹെൽത്ത് ഐഡന്റിറ്റി) ലഭിക്കുകയും ചെയ്യും. റഫറൽ സംവിധാനത്തെ ഏറെ എളുപ്പമുള്ളതും കുറ്റമറ്റതുമാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ശൈലി ആപ്പുവഴി കണ്ടെത്തുന്ന ഉയർന്ന അപകടസാധ്യതയുള്ള വിഭാഗത്തെ കണ്ടെത്താനും അവർക്കാവശ്യമുള്ള തുടർപരിശോധനകളും ചികിത്സകളും നൽകാനും ലക്ഷ്യമിടുന്നു. കൂടാതെ ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതുവഴി സംസ്ഥാനത്തെ രോഗാതുരത അളക്കാനും അത് നിയന്ത്രിക്കാനും തടയാനും ഒപ്പം സങ്കീർണ്ണതകൾ കുറയ്ക്കാനുള്ളതുമായ നടപടികൾക്കുള്ള വിവരം ലഭിക്കുകയും ചെയ്യും.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആർദ്രം പദ്ധതി പ്രവർത്തനങ്ങൾ

182 (182) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളെന്തെല്ലാമാണെന്ന് അറിയിക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം മാടപ്പള്ളിയെ ആർദ്രം ഒന്നാംഘട്ടത്തിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ തൃക്കൊടിത്താനം, പായിപ്പാട് എന്നിവയെ ആർദ്രം രണ്ടാംഘട്ടത്തിലും പ്രാഥമികാരോഗ്യകേന്ദ്രം വാഴപ്പള്ളിയെ ആർദ്രം മൂന്നാംഘട്ടത്തിലും ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഇതിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ മാടപ്പള്ളി, തൃക്കൊടിത്താനം, പായിപ്പാട് എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നുണ്ട്. ആർദ്രം മൂന്നാംഘട്ടത്തിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനംചെയ്ത വാഴപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി എൻ.എച്ച്.എം. ഫണ്ടിൽനിന്നും 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലെ പി.എച്ച്.സി. നവീകരണ പ്രവർത്തനങ്ങൾക്ക് യോഗ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി എൻ.എച്ച്.എം.-ന്റെതന്നെ പുതിയ കെട്ടിടനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ഡി.എൻ.കെ., കോട്ടയം എന്ന ഏജൻസി മുഖേന നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ആർദ്രം പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി ജനറലാശുപത്രിയിലെ ഒ.പി. പരിവർത്തന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 2.05 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണച്ചുമതല വാപ്കോസ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളാണ് ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ചിട്ടുള്ളതെന്നും അതിനായി എത്ര തുകയാണ് ചെലവായിട്ടുള്ളതെന്നും വിശദമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ചിട്ടുള്ള ആശുപത്രിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | ആരോഗ്യ സ്ഥാപനം | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | എഫ്.എച്ച്.സി., മാടപ്പള്ളി | 26,80,000 | കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. |
| 2 | എഫ്.എച്ച്.സി., പായിപ്പാട് | 33,15,000 | |
| 3 | എഫ്.എച്ച്.സി., തൃക്കൊടിത്താനം | 1,00,70,000 | |

**ആർദ്രം പദ്ധതി**

183 (183) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്?

ആർദ്രം ഒന്നാംഘട്ടത്തിൽ സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാംഘട്ടത്തിൽ സംസ്ഥാനത്തെ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ആർദ്രം മൂന്നാംഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 170, സ്റ്റാഫ് നഴ്സ് - 340, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 170, ഫാർമസിസ്റ്റ് - 150 എന്നീ തസ്തികകളും ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അസിസ്റ്റന്റ് സർജൻ - 400, സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 400, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II- 200 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളത്?

ആർദ്രം ഒന്നാംഘട്ടത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലുൾപ്പെട്ട ഓങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും രണ്ടാംഘട്ടത്തിൽ വല്ലപ്പുഴ, മുതുതല എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും മൂന്നാംഘട്ടത്തിൽ വിളയൂർ, തിരുവേഗപ്പുറ,

കുലുക്കല്ലൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. കൂടാതെ, ഒരു റവന്യൂ ബ്ലോക്കിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായും ഉയർത്തുന്നതിന്റെ ഭാഗമായി പട്ടാമ്പി മണ്ഡലത്തിൽനിന്നും കൊപ്പം സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെടുകയുണ്ടായി.

(ഡി) പട്ടാമ്പി മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പട്ടാമ്പി മണ്ഡലത്തിലെ ഒരു ആരോഗ്യ കേന്ദ്രത്തിനും നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടില്ല.

(ഇ) കിഫ്ബിയിലുൾപ്പെടുത്തി പ്രവർത്തനോദ്ഘാടനം നടത്തിയ പട്ടാമ്പി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; മേൽപ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കിഫ്ബി പദ്ധതി മുഖേനയുള്ള മാസ്റ്റർ പ്ലാൻ നിർമ്മാണത്തിൽ റെയിൽവേയുടെ എൻ.ഒ.സി. ലഭിച്ചിട്ടില്ല. ടെക്നിക്കൽ കമ്മിറ്റി മെമ്പേഴ്സ് സൈറ്റ് വിസിറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ റെയിൽവേയുടെ നോംസ് പ്രകാരം സൈറ്റ് പ്ലാനിൽ മാറ്റംവരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**മലമ്പുഴ നിയോജകമണ്ഡലത്തിലെ ആർദ്രം പദ്ധതി പ്രവൃത്തികൾ**

184 (184) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളെന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) മലമ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് അറിയിക്കുമോ; ഇതിന് അനുവദിക്കപ്പെട്ട തുകയും പ്രവൃത്തികളുടെ വിശദാംശങ്ങളും അറിയിക്കാമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുപ്പരിയാരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി അസിസ്റ്റന്റ് സർജൻ - 1, സ്റ്റാഫ് നഴ്സ് - 2, ലാബ് ടെക്നീഷ്യൻ - 1, ഫാർമസിസ്റ്റ് - 1 എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അകത്തേത്തറ, മലമ്പുഴ, മരുതറോഡ്,

മുണ്ടൂർ, പുതുശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ഇവിടങ്ങളിൽ അസിസ്റ്റന്റ് സർജൻ - 1, സ്റ്റാഫ് നഴ്സ് - 1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും കൂടാതെ മരുതറോഡ്, അകത്തേത്തറ, പുതുശ്ശേരി എന്നീ സ്ഥാപനങ്ങളിൽ ലാബ് ടെക്നീഷ്യന്റെ ഒരു തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം മൂന്നാംഘട്ടത്തിൽ കൊടുമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം ചുവടെചേർക്കുന്നു.

| സ്ഥാപനം | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|
| പുതുപ്പരിയാരം എഫ്.എച്ച്.സി. | 10.3 ലക്ഷം | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. |
| അകത്തേത്തറ എഫ്.എച്ച്.സി. | 14 ലക്ഷം | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട് |
| മലമ്പുഴ എഫ്.എച്ച്.സി. | 14 ലക്ഷം | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. |
| പി.എച്ച്.സി. മരുതറോഡ് | 14 ലക്ഷം | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. |
| പി.എച്ച്.സി. മുണ്ടൂർ | 14 ലക്ഷം | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു. |
| പി.എച്ച്.സി. പുതുശ്ശേരി | 15.5 ലക്ഷം | നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. |
| പി.എച്ച്.സി. കൊടുമ്പ് | 15.5 ലക്ഷം | നിർമ്മാണ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

## ചെറുവാഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള നടപടി

185 (185) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തിയ ചെറുവാഞ്ചേരി സി.എച്ച്.സി.-യിൽ ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കാത്തതിനാൽ രോഗികൾ പ്രയാസപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സി.എച്ച്.സി.-യിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നകാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) ചെറുവാഞ്ചേരി (പാട്യം) സാമൂഹികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ആർദ്രം മിഷന്റെ ഭാഗമായി ഒരു റവന്യൂ ബ്ലോക്കിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി ചെറുവഞ്ചേരി (പാട്യം) കുടുംബാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ആയതിലേയ്ക്കായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 37.5 ലക്ഷം രൂപ അനുവദിച്ച് അടിസ്ഥാനസൗകര്യ വികസനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ആദിവാസി മേഖലയായ നരിക്കോട്, വാഴമല, വെങ്ങളം, മുണ്ടയോട്, കണ്ണവം തുടങ്ങിയ കോളനികളിലെ രോഗികളുടെ ഏക ആശ്രയമായ പ്രസ്തുത സി.എച്ച്.സി.-ക്ക് ഒരു വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങൾക്ക് നിലവിൽ വാഹനങ്ങൾ ലഭ്യമാക്കുന്നത് എം.എൽ.എ./എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്, സി.എസ്.ആർ. സംഭാവന എന്നിവ മുഖേനയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം

186 (186) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് നാളിതുവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും രണ്ടാംഘട്ടത്തിൽ 504 സ്ഥാപനങ്ങളെയും മൂന്നാംഘട്ടത്തിൽ 212 സ്ഥാപനങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 72 |
| കൊല്ലം | 62 |
| പത്തനംതിട്ട | 47 |
| ആലപ്പുഴ | 62 |
| കോട്ടയം | 62 |
| ഇടുക്കി | 45 |
| എറണാകുളം | 78 |
| തൃശ്ശൂർ | 81 |
| പാലക്കാട് | 79 |
| മലപ്പുറം | 88 |
| കോഴിക്കോട് | 64 |
| വയനാട് | 25 |
| കണ്ണൂർ | 82 |
| കാസർഗോഡ് | 39 |

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതോടെ എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് പ്രസ്തുത സ്ഥാപനത്തിൽ കൂടുതലായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതോടെ കൂടുതൽ അടിസ്ഥാനസൗകര്യം, ചികിത്സാസൗകര്യം എന്നിവ ഏർപ്പെടുത്തുകയും കൂടുതൽ തസ്തികകൾ അനുവദിക്കുകയും ചെയ്തു. ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുകവഴി ആശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്താൻ സാധിച്ചു. മെച്ചപ്പെട്ട ലബോറട്ടറി സേവനവും

അതിലൂടെ പ്രാഥമികതലത്തിൽ രോഗനിർണ്ണയം നടത്താനും ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിൽ മുഖ്യപങ്കുവഹിക്കാനും സാധിച്ചിട്ടുണ്ട്. ഒ.പി. സേവനങ്ങൾ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചു. നഴ്സസ് പ്രീ-ചെക്കപ്പ്, കൗൺസിലിംഗ്, ശ്വാസ്/ആശ്വാസ് ക്ലിനിക്, ഇ-ഹെൽത്ത് സൗകര്യം, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. സേവനം, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, വെയിറ്റിംഗ് ഏരിയയിൽ ടി.വി., വയോജനങ്ങൾക്ക് പ്രത്യേക ക്യൂ സിസ്റ്റം, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ് സിസ്റ്റം, വ്യായാമം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ എന്നിവയും പലയിടങ്ങളിലും നൽകിവരുന്നുണ്ട്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

187 (187) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ?

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കായി ഒ.പി. സേവനം, ജീവിതശൈലീ രോഗനിർണ്ണയം, കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്, കോവിഡ് വാക്സിനേഷൻ, റ്റി.ബി. എലിമിനേഷന്റെ ഭാഗമായി Sputum Testing, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ഓഫ്താൽമിക് സേവനങ്ങൾ, കാൻസർ നിർണ്ണയ ക്യാമ്പ്, എൻ.എൽ.ഇ.പി. പ്രോഗ്രാം, നാഷണൽ ഹെൽത്ത് പ്രോഗ്രാം എന്നിവയുടെ ഭാഗമായുള്ള സേവനങ്ങൾ നൽകിവരുന്നു. കൂടാതെ, ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യപ്പെടുന്ന പ്രവർത്തനം ഘട്ടംഘട്ടമായി നടന്നുവരുന്നു. ഫാമിലി വെൽഫെയർ സർവ്വീസസ്, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണം, കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെടുന്നതോടെ കൂടുതൽ അടിസ്ഥാനസൗകര്യം, ചികിത്സാ സൗകര്യം എന്നിവ ഏർപ്പെടുത്തുകയും ഒ.പി. വിഭാഗം രോഗീസൗഹൃദമാവുകയും ചെയ്യുന്നു. കൂടാതെ, മെച്ചപ്പെട്ട ലബോറട്ടറി സേവനം, അതിലൂടെ പ്രാഥമികതലത്തിൽ രോഗനിർണ്ണയം നടത്താനും ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കാനും കഴിയുന്നു. ഒ.പി. സേവനങ്ങൾ രാവിലെ 9 മുതൽ വൈകുന്നേരം 6 മണിവരെ ലഭ്യമാക്കുകയും ചെയ്യുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആസ്ത്മ/ശ്വാസംമുട്ട് രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക് എന്നീ സേവനങ്ങളും നൽകിവരുന്നു. ആരോഗ്യ വാളണ്ടിയർമാരുടെ സേവനം ഫീൽഡ് തലത്തിൽ ലഭ്യമാക്കിവരുന്നു. ഡോക്ടമാരെ കാണുന്നതിനുമുമ്പ് നഴ്സുമാർവഴി പ്രീ-ചെക്കപ്പ് സേവനവും നൽകിവരുന്നു.

## മുണ്ടക്കയം കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കാൻ നടപടി

188 (188) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്ത സ്ഥാപനമാണ് മുണ്ടക്കയം കുടുംബാരോഗ്യകേന്ദ്രം. പി.എസ്.സി. വഴി നിയമിച്ച 2 ഡോക്ടർമാരുടെയും ഈവനിംഗ് ഒ.പി.-ക്കായി എൻ.എച്ച്.എം. വഴി നിയമിച്ച 1 ഡോക്ടറുടെയും സേവനം ഉപയോഗിച്ച് ഈ സ്ഥാപനത്തിൽ നിലവിൽ കിടത്തി ചികിത്സ നല്കിവരുന്നുണ്ട്. 24 മണിക്കൂർ പ്രവർത്തനസജ്ജമായ ഈ സ്ഥാപനത്തിലെ ആവറേജ് ഐ.പി. 20 ആണ്. കൂടാതെ, ടി സ്ഥാപനത്തിന്റെ 10 കിലോമീറ്റർ സമീപത്തായി കിടത്തി ചികിത്സ സൗകര്യമുള്ള കൂട്ടിക്കൽ സാമൂഹികാരോഗ്യകേന്ദ്രവും 15 കിലോമീറ്റർ ചുറ്റളവിൽ കിടത്തി ചികിത്സ സൗകര്യമുള്ള എരുമേലി സാമൂഹികാരോഗ്യകേന്ദ്രവും സ്ഥിതിചെയ്യുന്നുണ്ട്.

(ബി) ജീവനക്കാരുടെ കുറവ് പ്രസ്തുത ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്ഥാപനത്തിൽ എഫ്.എച്ച്.സി. സ്റ്റാൻഡേർഡ് പാറ്റേൺ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ നിലവിലുണ്ട്. ഈ ജീവനക്കാരെ ഉപയോഗിച്ച് മെച്ചപ്പെട്ട സേവനങ്ങൾ നൽകിവരുന്നു.

## അരൂർ മണ്ഡലത്തിലെ അരൂകുറ്റി ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം

189 (189) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽനിന്നും നീക്കിവച്ച 4 കോടി രൂപ വിനിയോഗിച്ച് അരൂർ മണ്ഡലത്തിലെ അരൂകുറ്റി ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അരൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളേതെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) അരൂർ നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. അരൂക്കുറ്റിയെയാണ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാനായി 26-7-2021-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 1555/2021/ആ.കു.വ. പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതിപ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിന്റെ യടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും തുടർന്ന് നിർവ്വഹണ ഏജൻസി 24-3-2022-ന് M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മഴമൂലമുണ്ടായ വെള്ളക്കെട്ട് കാരണം നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തതും നിർദ്ദിഷ്ട സ്ഥലം ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രവൃത്തികൾ നടന്നുവരികയുമാണ്.

## മഞ്ചേശ്വരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് വകയിരുത്തിയിട്ടുള്ള ഫണ്ടുകൾ

190 (190) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളും പരിപാടികളുമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുകയെന്നും വിശദമാക്കുമോ?

(എ &ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മണലൂർ മണ്ഡലത്തിലെ ഡി-അഡിക്ഷൻ സെന്റർ

191 (191) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്നും എപ്പോൾ ആരംഭിക്കാനാകുമെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. വിമുക്തി മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പുമായി സഹകരിച്ച് പുതുതായി രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾകൂടി ആരംഭിക്കാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ തുടർപരിശോധനകൾ നടന്നുവരുന്നു.

(ബി) പ്രസ്തുത സെന്ററിനായി എത്ര തുക അനുവദിച്ചുവെന്നും എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത സെന്ററിൽനിന്നും ലഭ്യമാകുകയെന്നും വിശദമാക്കാമോ?

ബാധകമല്ല.

**മാവേലിക്കര ജില്ലാശുപത്രിയിലെ പേവാർഡ് നിർമ്മാണം**

192 (192) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാശുപത്രിയിൽ ട്രോമാകെയർ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

6-10-2020-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1793/2020/ആ.കു.വ. ഉത്തരവുപ്രകാരം 2,19,11,141 രൂപയുടെ ഉപകരണങ്ങൾക്ക് ഭരണാനുമതി നൽകിയിരുന്നു. Splint for immobilization, Cervical Collars (Hard & Soft), Scoop Stretcher, Spine board, Bougle, Crash cart trauma, CPR Machine, ICD insertion set, Central Venous Catheter insertion set, Suction set, Catheter tubes, ET tubes, Suction tubes, Infant feeding tubes of various size എന്നിവയൊഴികെ ബാക്കിയുള്ളവ ലഭ്യമാക്കിയിട്ടുള്ളതും അവ ഉപയോഗിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. കോവിഡ് മഹാമാരിയോടനുബന്ധിച്ച് മറ്റ് യൂണിറ്റുകളിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിച്ചതുകൊണ്ട് അത്യാഹിത വിഭാഗത്തിൽ ആദ്യം നൽകിയ എസ്റ്റിമേറ്റിൽ (BOQ) മാറ്റംവരുത്തേണ്ടിവന്നു. റിവൈസ് ചെയ്ത BOQ 17-5-2022-ന് കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നാളിതുവരെ തുടങ്ങിയിട്ടില്ല. ICU Ventilator with Air compressor- 2, Portable Ventilator-3 എന്നിവ ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ട്രോമാകെയർ സംവിധാനം പൂർണ്ണതോതിൽ സജ്ജീകരിച്ചിട്ടില്ല.

(ബി) മാവേലിക്കര ജില്ലാശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പേ വാർഡിനുപകരമായി പുതിയ പേവാർഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. മാവേലിക്കര ജില്ലാശുപത്രി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന 1979-ൽ സ്ഥാപിതമായ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് 2015-ലാണ് അവസാനമായി അറ്റകുറ്റപ്പണികൾ ചെയ്തിരുന്നത്. കാലപ്പഴക്കം ചെന്ന പ്രസ്തുത പേവാർഡിന്റെ പുനരുദ്ധാരണത്തിനായി സാങ്കേതിക ഉപദേശം ലഭ്യമാക്കുന്നതിനായി വിദഗ്ധരുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് (സിവിൽ വിഭാഗം)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ടി പേവാർഡിന്റെ അറ്റകുറ്റപ്പണികൾ സ്വീകരിക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്യുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

193 (193) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിലെ ആയുർവേദം, അലോപ്പതി, ഹോമിയോ എന്നീ വിവിധ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) ആയുർവേദം, അലോപ്പതി, ഹോമിയോ എന്നീ വിവിധ തരത്തിലുള്ള ആശുപത്രികളുടെ വികസനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തരംതിരിച്ച് നൽകാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ അലോപ്പതി സ്ഥാപനങ്ങളായ പള്ളിക്കൽ പി.എച്ച്.സി., പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

1. പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം: സംസ്ഥാനത്തെ റവന്യൂ ബ്ലോക്കിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി കൊണ്ടോട്ടി ബ്ലോക്കിൽനിന്നും പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി ബ്ലോക്കിന് കൈമാറുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനായി 36,00,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

2. പെരുവള്ളൂർ സാമൂഹികാരോഗ്യകേന്ദ്രം: സംസ്ഥാനത്തെ റവന്യൂ ബ്ലോക്കിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി തിരൂരങ്ങാടി ബ്ലോക്കിൽനിന്നും പെരുവള്ളൂർ സാമൂഹികാരോഗ്യകേന്ദ്രം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. ആയതിന്റെ ഭാഗമായി അടിസ്ഥാനസൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനായി 35,00,000 രൂപ എൻ.എച്ച്.എം. മുഖേന അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തത് പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ്. ഇതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലേമ്പ്ര, പള്ളിക്കൽ, വള്ളിക്കുന്ന് എന്നീ പഞ്ചായത്തുകളിൽ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. പെരുവള്ളൂർ, തേഞ്ഞിപ്പാലം, മൂന്നിയൂർ എന്നീ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 5 ആയുർവേദ ഡിസ്പെൻസറികളും 2 ആയുർവേദ ആശുപത്രികളും പ്രവർത്തിക്കുന്നു. ടി സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായും മരുന്ന് വാങ്ങുന്നതിനായും വകുപ്പുതലത്തിൽനിന്നും അനുവദിക്കുന്ന ഫണ്ടുകൾക്കുപുറമേ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ പ്രോജക്ടുകൾ മുഖേനയും ഫണ്ട് ലഭിക്കുന്നുണ്ട്. വകുപ്പിലെ പ്ലാൻഫണ്ട് മുഖേന ഡിസ്പെൻസറികൾക്ക് 54,000 രൂപവീതവും 20 കിടക്കയുള്ള വെളിമുക്ക് ആശുപത്രിക്ക് 75,000 രൂപയും 10 കിടക്കയുള്ള ചേലേമ്പ്ര ആശുപത്രിക്ക് 50,000 രൂപയും മരുന്ന് വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്. വെളിമുക്ക് ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന പ്ലാൻ പ്രോജക്ടായ ദൃഷ്ടി പദ്ധതി (കുട്ടികൾക്കുവേണ്ടിയുള്ള നേത്രചികിത്സാ പദ്ധതി) നടന്നുവരുന്നു. ചേലേമ്പ്ര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നാഷണൽ ആയുഷ് മിഷനുകീഴിലുള്ള പാലിയേറ്റീവ് ഹോം കെയർ പദ്ധതിയായ സ്നേഹധാര പദ്ധതി നടന്നുവരുന്നു. ഹോമിയോ ഡിസ്പെൻസറികൾക്കാവശ്യമായ തുക അനുവദിക്കേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോന്നി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി

194 (194) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി 49.50 ലക്ഷം രൂപ ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിച്ചിട്ടുണ്ട്. ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങളൊരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാടാനപ്പള്ളി പഞ്ചായത്തിൽ ഹോമിയോ ആശുപത്രി/ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

195 (195) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ ഹോമിയോ ആശുപത്രി/ഡിസ്പെൻസറി നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ 20-5-2022-ൽ ലഭ്യമാക്കിയ പ്രൊപ്പോസലിൽ വാടാനപ്പള്ളി പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഹോമിയോ ആശുപത്രിക്കായി വാടാനപ്പള്ളി പഞ്ചായത്ത് അടിസ്ഥാനസൗകര്യം ഒരുക്കിയിട്ടുള്ളതുകൂടി പരിഗണിച്ച് ആശുപത്രി അനുവദിക്കണമെന്നാവശ്യപ്പെട്ട് വാടാനപ്പള്ളി പഞ്ചായത്ത് അധികൃതരിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വാടാനപ്പള്ളിയിൽ ഹോമിയോ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ 20-5-2022-ൽ ലഭ്യമാക്കിയ പ്രൊപ്പോസലിൽ വാടാനപ്പള്ളി പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## പുലാമന്തോൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ നികത്താൻ നടപടി

196 (196) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുലാമന്തോൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ്, നഴ്സിംഗ് സ്റ്റാഫ് എന്നിവരുടെ ഒഴിവ് നിലനിൽക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുലാമന്തോൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഒരൊഴിവ് നിലനിൽക്കുന്നുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത ഒഴിവ് ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I തസ്തികയിൽനിന്നും സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്.

## ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ ഒഴിവുള്ള തസ്തികകളിലെ നിയമനം

197 (197) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ നിലവിലുള്ള സ്ഥിര തസ്തികകൾ ഏതൊക്കെയാണ്; അതിലൊഴിവുള്ള തസ്തികകളേതെല്ലാമാണ്; വ്യക്തമാക്കാമോ?

താലൂക്കാശുപത്രിയിൽ നിലവിലുള്ള തസ്തികകളും ഒഴിവുകളും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒഴിവുള്ള തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ?

സ്റ്റാഫ് നഴ്സ്, പ്ലംബർ, ക്ലാർക്ക്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I, എക്സ്റേ അറ്റൻഡർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവ പ്രൊമോഷനിലൂടെ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനായി ഡി.പി.സി. നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം

198 (198) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിൽനിന്നും 23,51,332 (ഇരുപത്തിമൂന്ന് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട്) രൂപയുടെ ഭരണാനുമതി ലഭിച്ച ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണം എന്ന പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ?

ഒറ്റപ്പാലം എം.എൽ.എ.-യുടെ ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം താലൂക്കാസ്ഥാന ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സജ്ജീകരിക്കലെന്ന പ്രവൃത്തിക്കായി 23,51,332 രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്കിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ബ്ലഡ് ബാങ്കിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എം.എസ്.സി.എൽ. റേറ്റ് കോൺട്രാക്ട് നിലവിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി വിതരണക്കാരന് നേരിട്ട് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. റേറ്റ് കോൺട്രാക്ട് നിലവിലില്ലാത്ത ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൂടംകല്ല് താലൂക്കാശുപത്രിയിൽ അമ്മയും കുഞ്ഞും വാർഡ്

199 (199) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൂടംകല്ല് താലൂക്കാശുപത്രിയിൽ അമ്മയും കുഞ്ഞും വാർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പൂടംകല്ല് താലൂക്കാശുപത്രിയിൽ അമ്മയും കുഞ്ഞും വാർഡിന്റെ സിവിൽ വർക്ക് 90 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉപകരണങ്ങളുൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ വിനിയോഗിച്ച് വാർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### തൃശ്ശൂർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

200 (200) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജനറൽ ആശുപത്രി കോംപ്ലക്സിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇലക്ട്രിക് വർക്കുകൾ, സെൻട്രൽ ഗ്യാസ് പൈപ്പ് ലൈൻ, ലിഫ്റ്റ്, ഓഫീസ് കോംപ്ലക്സ്, കോമ്പൗണ്ട് വാൾ, ആംബുലൻസ് ഷെഡ്ഡ്, എം.ആർ.എൽ., പി. പി. യൂണിറ്റ് കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് കെട്ടിടം പ്രവർത്തന ക്ഷമമാകുന്നതാണ്. ടി പ്രവർത്തനങ്ങൾക്ക് 6 കോടി രൂപ അധികമായി ആവശ്യമുണ്ട്. ഇതിനായി പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് നൽകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### വർക്കല നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനം

201 (201) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ വികസനത്തിനായി 2016 മുതൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വർക്കല താലൂക്കാശുപത്രിയിൽ 2016-നുശേഷം 3 കോടി 60 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 10 യൂണിറ്റുകളുള്ള ഡയാലിസിസ് കേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 7 കോടി രൂപയുടെ പി.ഡബ്ല്യു.ഡി. സ്പെഷ്യൽ ബിൽഡിംഗിന്റെ കെട്ടിടത്തിന്റെ പണി അവസാനഘട്ടത്തിലാണ്. ആയത് പൂർത്തിയാക്കുന്നതിലേയ്ക്കായി 2021-ൽ Providing Transformer and installation of Lift in Government Taluk Hospital Varkkala' എന്ന പ്രവൃത്തി ചെയ്യുന്നതിലേയ്ക്ക് 1 കോടി 69 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൻകീഴിൽ 39.97 കോടി രൂപയുടെ ഭരണാനുമതിയും 33.26 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് പഴയ കെട്ടിടങ്ങൾ ഡിമോളിഷ് ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വർക്കല നിയോജകമണ്ഡലത്തിൽ പി.എച്ച്.സി. നാവായിക്കുളം, എഫ്.എച്ച്.സി. ഇടവ, എഫ്.എച്ച്.സി. വെട്ടൂർ, എഫ്.എച്ച്.സി.

തോണിപ്പാറ, എഫ്.എച്ച്.സി. മടവൂർ, എഫ്.എച്ച്.സി. ചെമ്മരുതി എന്നീ ആരോഗ്യ സ്ഥാപനങ്ങളാണുള്ളത്. ഇവയിൽ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പി.എച്ച്.സി. ചെമ്മരുതി എന്ന സ്ഥാപനത്തിനെയും രണ്ടാംഘട്ടത്തിൽ പി.എച്ച്.സി. മടവൂർ, തോണിപ്പാറ, വെട്ടൂർ, ഇടവ എന്നീ സ്ഥാപനങ്ങളെയും മൂന്നാംഘട്ടത്തിൽ പി.എച്ച്.സി. നാവായിക്കുളം എന്ന സ്ഥാപനത്തെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇവയിൽ എഫ്.എച്ച്.സി. ചെമ്മരുതി, എഫ്.എച്ച്.സി. മടവൂർ, എഫ്.എച്ച്.സി. തോണിപ്പാറ, എഫ്.എച്ച്.സി. ഇടവ, എഫ്.എച്ച്.സി. വെട്ടൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തിച്ചുവരികയാണ്. നാവായിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി 15.50 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. എഫ്.എച്ച്.സി. വെട്ടൂരിന് പുതിയ ഒ.പി. കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 2 കോടി 25 ലക്ഷം രൂപയുടെ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ, വർക്കല നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. പള്ളിക്കലിന് പുതിയ കെട്ടിടനിർമ്മാണത്തിനായി 2.92 കോടി രൂപയുടെ ഫണ്ട് Major Construction under DHS എന്ന ഹെഡ് ഓഫ് അക്കൗണ്ട് വഴി അനുവദിച്ച് നിർമ്മാണപ്രവൃത്തികൾ നടന്നുവരികയാണ്. കൂടാതെ 6 കോടി രൂപ നബാർഡുവഴിയും ടി സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. വർക്കല നിയോജക മണ്ഡലത്തിൽ എൻ.എച്ച്.എം. മുഖേന കുന്നത്തുമല, എഫ്.ഡബ്ല്യു.സി. മുട്ടപ്പാലം, ചെമ്മരുത്തി പ്രധാന കേന്ദ്രം, എഫ്.ഡബ്ല്യു.സി. തോക്കാട്, മടവൂർ, എഫ്.ഡബ്ല്യു.സി. ആനക്കുന്നം, വെങ്കുളം, കാപ്പിൽ, എടവം എം.സി., രാത്തിക്കൽ, പുത്തൻചന്ത, ഇലകമൺ, എഫ്.ഡബ്ല്യു.സി. തോണിപ്പാറ എം.സി. എന്നീ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററായി ഉയർത്തുന്നതിനായി ഓരോ സ്ഥാപനത്തിനും 7 ലക്ഷം രൂപാവീതം ആകെ 91 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന നിർമ്മാണപ്രവൃത്തി നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ അമ്മയും കുഞ്ഞും ആശുപത്രി**

202 (202) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ അനുവദിച്ച അമ്മയും കുഞ്ഞും ആശുപത്രി എപ്പോൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനത്തിലേയ്ക്ക് നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ അമ്മയും കുഞ്ഞും ആശുപത്രിക്കായി നിർമ്മിച്ച കെട്ടിടത്തിൽ ലിഫ്റ്റിന്റെ പ്രവൃത്തികൾ ഒരു മാസത്തിനകം പൂർത്തീകരിക്കും. ലഭ്യമായ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് സൈറ്റ് റെഡിയായിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെട്ടിട നമ്പർ ലഭ്യമാക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മേൽപ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം തുടങ്ങാൻ കഴിയുന്നതാണ്. ടി സ്ഥാപനത്തിലേയ്ക്ക് സ്റ്റാഫ് നഴ്സ് - 7, ഫാർമസിസ്റ്റ് - 2, ക്ലാർക്ക് - 2, ഓഫീസ് അറ്റൻഡന്റ് - 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ഹൃദ്രോഗ ചികിത്സാ വിഭാഗം**

203 (203) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളാണ് നിലവിലുള്ളതെന്നും അവയെല്ലാം പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

| | | |
|---|---|---|
| 1 | ജനറൽ മെഡിസിൻ | ഒ.പി., ഐ.പി., ഐ.സി.യു. പ്രവർത്തിക്കുന്നുണ്ട് |
| 2 | പീഡിയാട്രിക് | ഒ.പി., ഐ.പി. പ്രവർത്തിക്കുന്നുണ്ട് |
| 3 | ഗൈനക്കോളജി | ഒ.പി., ഐ.പി., ഒ.റ്റി. പ്രവർത്തിക്കുന്നുണ്ട് |
| 4 | ഓർത്തോപീഡിക്സ് | ഒ.പി., ഐ.പി., ഒ.റ്റി. പ്രവർത്തിക്കുന്നുണ്ട് |
| 5 | ഇ.എൻ.റ്റി | ഒ.പി., ഐ.പി., ഒ.റ്റി. പ്രവർത്തിക്കുന്നുണ്ട്. |
| 6 | ഒഫ്ത്താൽമോളജി | ഒ.പി., ഐ.പി., ഒ.റ്റി. പ്രവർത്തിക്കുന്നുണ്ട് |
| 7 | ഡെർമറ്റോളജി& വെനറോളജി | ഒ.പി., ഐ.പി., ഒ.റ്റി. (മൈനർ) പ്രവർത്തിക്കുന്നുണ്ട്. |
| 8 | കീമോതെറാപ്പി & പാലീയേറ്റീവ് | ഒ.പി., ഐ.പി. കീമോതെറാപ്പി മെഡിസിൻ |
| 9 | അനസ്തേഷ്യ | ഒ.റ്റി. |
| 10 | ചെസ്റ്റ് | ഒ.പി., ഐ.പി., ഐ.സി.യു. |
| 11 | ബ്ലഡ് ബാങ്ക് & ട്രാൻസ്ഫ്യൂഷൻ മെഡിസിൻ | ബ്ലെഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട് |

| | | |
|---|---|---|
| 12 | എമർജൻസി വിഭാഗം | ഒ.പി., ഐ.പി. പ്രവർത്തിക്കുന്നുണ്ട് |
| 13 | ഡെന്റൽ | ഒ.പി., ഐ.പി. പ്രവർത്തിക്കുന്നുണ്ട് |
| 14 | ഡയാലിസിസ് യൂണിറ്റ് | ദിവസവും 65-70 രോഗികൾക്ക് ഡയാലിസിസ് ചെയ്തുവരുന്നു. 16 ബെഡ്, 3 ഷിഫ്റ്റ് |
| 15 | എക്സ്റേ & ഇ.സി.ജി. | 24x7 പ്രവർത്തിക്കുന്നുണ്ട്. |
| 16 | ലബോറട്ടറി | 24x7 പ്രവർത്തിക്കുന്നുണ്ട്. |
| 17 | ഫാർമസി | 24x7 പ്രവർത്തിക്കുന്നുണ്ട്. |
| 18 | ഓപ്പറേഷൻ തിയേറ്റർ | ഇലക്ടീവ്, 24x7, എമർജൻസി സർവ്വീസ്. |
| 19 | സർജറി | ആശുപത്രിയിൽ അനുവദനീയമായ തസ്തികകളില്ല.എന്നാലും മലപ്പുറം താലൂക്കാശുപത്രിയിൽനിന്നും ജോലി ക്രമീകരണം മുഖേന ആഴ്ചയിൽ 2 ദിവസം (ഒരു ദിവസം ഒ.പി.-യും ഒരു ദിവസം ഒ.റ്റി.-യും) ഈ വിഭാഗത്തിൽ പ്രവർത്തിച്ചുവരുന്നു. |

(ബി) മലപ്പുറം ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; നിലമ്പൂർ ജില്ലാശുപത്രിയിൽ ഒരു ഹൃദ്രോഗ ചികിത്സാ വിഭാഗം സജ്ജമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മാത്രമാണ് ഹൃദ്രോഗ ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നത്. ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഇത് ജില്ലാതല ആശുപത്രികളിൽ, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനാണ് നിലവിൽ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം മലപ്പുറം ജില്ലയിലെ ജില്ലാശുപത്രിയായ തിരൂർ ജില്ലാശുപത്രിയിൽ ഹൃദ്രോഗ വിഭാഗം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സേവനം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കുതല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരുന്നത്. 22-4-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 58/2017/ആ.കു.വ. പ്രകാരം നിലമ്പൂർ ജില്ലാശുപത്രി താലൂക്കാശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) ജില്ലാശുപത്രി നിലവാരത്തിലുള്ളതിന്റെ അത്രയും എണ്ണം കിടക്കകൾ നിലമ്പൂർ ജില്ലാശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷകൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കതല ആശുപത്രി, ഒരു റവന്യൂ ബ്ലോക്കിൽ ഒരു ബ്ലോക്കതല കുടുംബാരോഗ്യ കേന്ദ്രം എന്നിവ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ഏർപ്പെടുത്തുകയെന്നതാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 22-4-2017 ലെ സ.ഉ.(കൈ) നമ്പർ 58/2017/ആ.കു.വ. ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത് തിരൂർ ജില്ലാ ആശുപത്രിയാണ്. താലൂക്കതല ആശുപത്രിയുടെ പട്ടികയിലാണ് നിലമ്പൂർ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളത്. നിലവിലുള്ള സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ നൽകാനുള്ള നടപടികളാണ് നിലവിൽ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നത്. നിലവിൽ 142 കിടക്കകളാണ് നിലമ്പൂർ ആശുപത്രിയിലുള്ളത്.

(ഡി) ആശുപത്രിയിലെ ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ഇ) നിർമ്മാണം നടന്നുവരുന്ന പുതിയ കെട്ടിടം പൂർത്തിയാക്കി, മതിയായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് എല്ലാ വിഭാഗങ്ങളും പൂർണ്ണ സജ്ജമാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ; ആനുപാതികമായി സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി മെച്ചപ്പെട്ട സൗകര്യങ്ങൾ നടപ്പിലാക്കുന്നത് ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പെരിന്തൽമണ്ണ ജില്ലാശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററുകളുടെ പ്രവർത്തനം

204 (204) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാശുപത്രിയിൽ നിർത്തിവച്ച കുട്ടികളുടെ ഐ.സി.യു., എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പ്രവർത്തനം ഇതുവരെ പുനരാരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളുടെ ഐ.സി.യു., എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. 2016 കാലഘട്ടത്തിൽ താത്കാലിക ജീവനക്കാരെ നിയമിച്ചാണ് കുട്ടികളുടെ ഐ.സി.യു., എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ പ്രവർത്തിച്ചിരുന്നത്. കോവിഡ് കാലഘട്ടത്തിൽ മറ്റ് ആശുപത്രികളിൽനിന്നും ജോലി ക്രമീകരണംവഴി ജീവനക്കാരെ ലഭ്യമായതുമൂലം എമർജൻസി ഓപ്പറേഷൻ തിയേറ്റർ പ്രവർത്തിച്ചിരുന്നു. എച്ച്.എം.സി., കാസ്പ് എന്നിവയിലെ ഫണ്ട് പരിമിതിമൂലം ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടിവന്നതിനാലാണ് പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം നിർത്തിവച്ചത്. പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമോയെന്നകാര്യം പരിശോധിക്കുന്നതാണ്.

## ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

205(205) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണമെത്രയെന്ന് അറിയിക്കുമോ;

(ബി) ഇത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം 204 ആണ്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

(സി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവ് | റിമാർക്സ് |
|---|---|---|---|
| 1 | കൺസൾട്ടന്റ് ഇ.എൻ.റ്റി | 1 | സ്ഥാനക്കയറ്റംവഴി ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | കൺസൾട്ടന്റ് മെഡിക്കൽ ഓഫീസർ | 1 | നിയമനം നടത്തിയിട്ടുണ്ട്. |
| 3 | ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ് II | 2 | ഡയാലിസിസ് ടെക്നീഷ്യന്മാരുടെ യോഗ്യത, നിയമനരീതി എന്നിവ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| 4 | നഴ്സിംഗ് അസിസ്റ്റന്റ് | 1 | നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5 | ഹോസ്പിറ്റൽ അറ്റൻഡന്റ് | 4 | നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 6 | കുക്ക് | 2 | നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 7 | ധോബി | 1 | നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 8 | പി.റ്റി.സി. | 1 | നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(ഡി) പ്രസ്തുത ആശുപത്രിയിൽ അനുവദിച്ച സർജറി കൺസൾട്ടന്റ് തസ്തികയ്ക്കുപകരം നിലവിൽ ഇ.എൻ.ടി. കൺസൾട്ടന്റാണുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർജറി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റ് ഇല്ലാത്തതുമൂലം സർജറി കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായത് പരിഗണിച്ച് പ്രസ്തുത തസ്തിക അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

(ഡി&ഇ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കൺസൾട്ടന്റ് സർജൻ തസ്തികയ്ക്കുപകരം ഇ.എൻ.ടി. കൺസൾട്ടന്റ് തസ്തികയാണ് നിലവിലുള്ളത്.

(എഫ്) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുകയെന്ന നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ആയതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

**കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്ര നവീകരണം**

206 (206) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്ര നവീകരണ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസൽ നബാർഡിലുൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ സമഗ്ര നവീകരണ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ നബാർഡിലുൾപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമായ വിവരങ്ങളുൾപ്പെടെയുള്ള വിശദമായ ശിപാർശ തയ്യാറാക്കുന്ന ജോലികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസർ, പൊതുമരാമത്ത് വകുപ്പ് തലങ്ങളിൽ സ്വീകരിച്ചുവരുന്നു.

**ഈരാറ്റുപേട്ട സി.എച്ച്.സി.-യിലെ അടിസ്ഥാനസൗകര്യ വികസനം**

207 (207) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സി.എച്ച്.സി.-യിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും അസിസ്റ്റന്റ് സർജൻ - 1, സ്റ്റാഫ് നഴ്സ് - 1, ലാബ് ടെക്നീഷ്യൻ - 1, ഫാർമസിസ്റ്റ് - 1 എന്നീ തസ്തികകളും ഈ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ആധുനിക സൗകര്യങ്ങളോടുകൂടിയ

ലബോറട്ടറി സൗകര്യം, ഇ.സി.ജി. സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തരാവശ്യങ്ങൾക്ക് രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനായി ആംബുലൻസ് സേവനവും ലഭ്യമാണ്. ഒ.പി. സമയം ദീർഘിപ്പിച്ച് രാവിലെ 9 മുതൽ വൈകുന്നേരം 6 മണിവരെയാക്കിയിട്ടുണ്ട്. കൂടാതെ, എച്ച്.എം.സി.-യുടെയും ഈരാറ്റുപേട്ട നഗരസഭയുടെയും നേതൃത്വത്തിൽ ഈ സ്ഥാപനത്തിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 2020 നവംബർ 1-ാം തീയതി മുതൽ ലഭ്യമാക്കിവരുന്നു.

(ബി) പ്രസ്തുത സി.എച്ച്.സി.-യിൽ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്ഥാപനം ആർദ്രം പദ്ധതി നിഷ്കർഷിക്കുന്നതുപോലെ രോഗീസൗഹൃദ ആശുപത്രിയായും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്ന ആശുപത്രിയായും നിലവിൽ തുടർന്നുവരുന്നു. കൂടാതെ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് കോട്ടയം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽനിന്നും ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറലാശുപത്രിയിലെ പോലീസ് സർജൻ നിയമനം**

208 (208) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറലാശുപത്രിയിൽ പോലീസ് സർജനെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പോലീസ് സർജനെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഫോറൻസിക് സർജൻ (ജൂനിയർ കൺസൾട്ടന്റ്) ഉൾപ്പെടെയുള്ള മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**വെൺപകൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡ്**

209 (209) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

26-7-2021-ലെ സ.ഉ. (ആർ.റ്റി.)നമ്പർ 1555/2021/ആ.കു.വ. പ്രകാരം 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വെൺപകൽ ആരോഗ്യകേന്ദ്രത്തെ പരിഗണിക്കുകയും ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 17-6-2022-ന് കെ.എം.എസ്.സി.എൽ. പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രദേശത്ത് തടസ്സമായിനിന്ന മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. പദ്ധതി പ്രദേശത്തുള്ള കാലപ്പഴക്കംചെന്ന കെട്ടിടം പൊളിച്ചുമാറ്റുന്നമുറയ്ക്ക് പ്രസ്തുത സ്ഥലം നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ.-ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി കൈമാറുന്നതാണ്.

(ബി) ഐസൊലേഷൻ വാർഡ് പൂർത്തീകരിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിക്കുന്നതെന്നും പ്രവൃത്തി ചെയ്യുന്ന ഏജൻസി ഏതെന്നും വ്യക്തമാക്കുമോ?

26-7-2021-ലെ സ.ഉ. (ആർ.റ്റി.)നമ്പർ 1555/2021/ആ.കു.വ. പ്രകാരം എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടും കിഫ്ബി ഫണ്ടും (50% എം.എൽ.എ. ഫണ്ടും 50% കിഫ്ബി ഫണ്ടും) ഉപയോഗിച്ച് ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി ഒരു കോടി എഴുപത്തിയൊമ്പത് ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്. M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ആദ്യഘട്ട നിർമ്മാണകരാർ നൽകിയിരിക്കുന്നത്.

(സി) പ്രവൃത്തി ആരംഭിച്ചതിൽ കാലതാമസമുണ്ടായതിന്റെ കാരണവും ഭരണാനുമതി നൽകിയത് ഏത് വർഷത്തിലാണെന്നും വിശദമാക്കാമോ?

26-7-2021-ലെ സ.ഉ. (ആർ.റ്റി.)നമ്പർ 1555/2021/ആ.കു.വ. പ്രകാരമാണ് ഐസോലേഷൻ വാർഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നത്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ വെൺപകൽ ആരോഗ്യകേന്ദ്രം പരിഗണിക്കുകയും പദ്ധതി പ്രദേശത്ത് തടസ്സമായിനിന്നിരുന്ന ഉപയോഗശൂന്യമായ കെട്ടിടം പൊളിച്ചുമാറ്റുന്നതിനും മരങ്ങൾ മുറിച്ചുമാറ്റുന്നതുമടക്കമുള്ള തടസ്സങ്ങൾ നീക്കേണ്ടിവന്നതുമൂലമാണ് പ്രവൃത്തി ആരംഭിച്ചതിൽ കാലതാമസമുണ്ടായത്.

## വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

210 (210) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 1.75 കോടി രൂപ ചെലവിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ&ബി) 26-7-2021-ലെ സ.ഉ. (ആർ.റ്റി.)നമ്പർ 1555/2021/ആ.കു.വ. പ്രകാരം ആദ്യഘട്ടത്തിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തെരഞ്ഞെടുത്ത 90 ആശുപത്രികളിൽ, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. വടവുകോട് ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനായി M/s. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 17-6-2022-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവൃത്തി ഉത്തരവ് നൽകുകയും സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത പ്രദേശത്ത് മരം മുറിച്ചുമാറ്റുന്നതുൾപ്പെടെയുള്ള തടസ്സങ്ങൾ നീക്കുന്നതിനുണ്ടായ കാലതാമസമാണ് നിർമ്മാണ പ്രവൃത്തികൾ വൈകാൻ കാരണമായത്.

(സി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പദ്ധതി പ്രദേശത്തെ തടസ്സങ്ങൾ ഒഴിവാക്കി സ്ഥലം പ്രവർത്തന സജ്ജമാകുന്നമുറയ്ക്ക് ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ്**

211 (211) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് കുഴൽമന്ദം സി.എച്ച്.സി.-യെ തെരഞ്ഞെടുത്തതിനുശേഷം സെന്റർ മാറ്റാൻ തീരുമാനമെടുത്തതിന്റെ കാരണം വിശദമാക്കാമോ?

ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാനുൾപ്പെടുത്തിയ 140 ആശുപത്രികളിൽ ആലത്തൂർ മണ്ഡലത്തിലെ സി.എച്ച്.സി., കുഴൽമന്ദം ആണ് പരിഗണിച്ചിരുന്നത്. എന്നാൽ 10 കിടക്കകളും 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണവും പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുമുള്ള ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് ടി സൈറ്റ് അനുയോജ്യമല്ലാത്തതിനാൽ മൾട്ടി പർപ്പസ് ബിൽഡിംഗ് ആയിട്ടുള്ള നിർമ്മാണത്തിന് പ്രസ്തുത മണ്ഡലത്തിലെതന്നെ മറ്റൊരു ആരോഗ്യകേന്ദ്രം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അതിനുപകരമായി ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് ഏതെങ്കിലും ആരോഗ്യ കേന്ദ്രത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം അറിയിക്കാമോ?

ഇല്ല. പ്രസ്തുത മണ്ഡലത്തിലെ എഫ്.എച്ച്.സി. കുന്നിശ്ശേരി ആരോഗ്യകേന്ദ്രത്തിൽ വിവിധ സൗകര്യങ്ങളുള്ള ഒരു മൾട്ടി പർപ്പസ് ബിൽഡിംഗ് നിർമ്മിക്കാൻ സൗകര്യമുള്ളതിനാൽ പ്രസ്തുത ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നകാര്യം പരിഗണനയിലാണ്. പ്രസ്തുത സ്ഥലം മൾട്ടി പർപ്പസ് ബിൽഡിംഗ് നിർമ്മിക്കാൻ അനുയോജ്യമാണോയെന്നത് സംബന്ധിച്ച് കെ.എം.എസ്.സി.എൽ.-ന്റെ പരിശോധനാ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തൃക്കാക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലബോറട്ടറി**

212 (212) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തൃക്കാക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലബോറട്ടറിയിൽ മൈക്രോബയോളജി സെക്ഷനിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തൃക്കാക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലബോറട്ടറിയിൽ മൈക്രോബയോളജി സെക്ഷനിൽ മൈക്രോബയോളജിസ്റ്റിന്റെ ഒരു സ്ഥിരം തസ്തികയാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത സെക്ഷനിൽ നിലവിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ മൈക്രോബയോളജി ലാബിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ലാബിന്റെ സുഗമമായ പ്രവർത്തനത്തിനായി ടെക്നിക്കൽ അസിസ്റ്റന്റിനെക്കൂടി നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) നിലവിൽ മൈക്രോബയോളജി വിഭാഗത്തിന് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക നിലവിലില്ല. ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താൽക്കാലികമായി ടെക്നിക്കൽ വിഭഗത്തിൽനിന്ന് ഒരു ജൂനിയർ റിസർച്ച് ഓഫീസറെ ഇതിനകം നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (FSSAI)-യുടെ 2022-23 സാമ്പത്തിക വർഷത്തെ എം.ഒ.യു. വർക്ക് പ്ലാൻ പ്രകാരം മൂന്ന് മൈക്രോബയോളജിസ്റ്റുമാരെ നിയമിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട് .

**ഭക്ഷ്യ സുരക്ഷ**

213 (213) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളടക്കം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് ഹോട്ടലുകളടക്കം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ലൈസൻസ്/രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവച്ച് ഒരാഴ്ചയ്ക്കകം ലൈസൻസ് /രജിസ്ട്രേഷൻ എടുക്കണമെന്നു കാണിച്ച് നോട്ടീസ് നൽകുകയും തുടർന്നും ഇവയില്ലാതെ പ്രവർത്തിക്കുന്നപക്ഷം പ്രോസിക്യൂഷൻ നടപടികളുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ബ്രാൻഡഡ് കറി പൗഡറുകളിൽ മായം ചേർത്ത് വില്പന**

214 (214) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്ന ബ്രാൻഡഡ് കറി പൗഡറുകളിൽ മായം ചേർത്ത് വിൽക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളുടെ ഉത്പന്നങ്ങളാണ് ഇത്തരത്തിൽ കണ്ടെത്തിയതെന്നറിയിക്കാമോ;

(ബി) പ്രസ്തുത കമ്പനികളുടെ ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ്/സർക്കുലർ/നടപടിക്രമങ്ങൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരം മായം കലർന്ന കറി പൗഡറുകൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കറി പൗഡറുകളിൽ എത്രശതമാനം മായം ചേർത്തിരുന്നതായാണ് കണ്ടെത്തിയിരുന്നതെന്ന് അറിയിക്കാമോ; ലാബ് റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ-ഡി) സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്ന ബ്രാൻഡഡ് കറി പൗഡറുകളുടെ ചില ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കറി പൗഡർ ഉൾപ്പെടെയുള്ളവ അൺസേഫായാലുടനെ ഇവയെ അൺസേഫായി കണ്ടെത്തിയ ബാച്ചിലുൾപ്പെട്ടവ പൂർണ്ണമായും മാർക്കറ്റിൽനിന്നും പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ ഗുണനിലവാരമില്ലാത്തതോ രാസസാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതോ ആയ കറി പൗഡർ ബാച്ചുകളുടെ വിവരം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വില്പന നടത്തുന്ന കറി പൗഡർ ബ്രാൻഡുകളിൽ ചില കീടനാശിനിയുടെ സാന്നിദ്ധ്യം അനുവദനീയമായ അളവിലും കൂടുതലുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കീടനാശിനിയുടെ അനുവദനീയമായ അളവ് നിശ്ചയിക്കേണ്ട ഉത്തരവാദിത്വം എഫ്.എസ്.എസ്.എ.ഐ-യ്ക്കാണ്. ചില കീടനാശിനികളുടെ അനുവദനീയമായ അളവ് നിശ്ചയിക്കാനുള്ള നടപടി പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ പഠനം പൂർത്തിയാകാത്ത കീടനാശിനിയുടെ പരമാവധി അളവ് 0.01 മില്ലീഗ്രാം/കിലോഗ്രാമെന്ന് നിശ്ചയിച്ചാണ് ലാബ് പരിശോധനാ റിപ്പോർട്ട് നൽകിവരുന്നത്. എഫ്.എസ്.എസ്.എ.ഐ.-യുടെ കീടനാശിനിയുടെ പരമാവധി അളവ് നിശ്ചയിക്കുന്ന നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരമായ CODEX STANDARD പരിഗണിക്കാൻ 21-4-2022-ൽ എഫ്.എസ്.എസ്.എ.ഐ. ഉത്തരവ് നൽകിയിരുന്നു. കൃഷി സമയത്ത് ഉപയോഗിക്കുന്ന രാസവളങ്ങളുടെയും കീടനാശിനികളുടെയും അവശിഷ്ടം കറി പൗഡറുകളിലും മറ്റ് ഭക്ഷ്യവസ്തുക്കളിലും എത്തിച്ചേരാൻ സാധ്യതയുണ്ട്. ബ്രാൻഡഡ് കറി പൗഡറുകളിൽ മായം കണ്ടെത്തുന്നതിനായുള്ള പരിശോധന സംബന്ധിച്ച് 2020-21 സാമ്പത്തികവർഷം മുതൽ 2022 ജൂലൈ വരെ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള Recall ലെറ്ററുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുട്ടികളിലെ കോവിഡ് വാക്സിനേഷൻ

215 (215) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനെട്ട് വയസ്സിനുതാഴെയുള്ള കുട്ടികളുടെ കോവിഡ് വാക്സിനേഷനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം പ്രായപരിധിയിലുള്ള കുട്ടികൾക്കാണ് നിലവിൽ വാക്സിനേഷൻ നൽകിയത്; ഓരോ പ്രായപരിധിയിലുമുൾപ്പെട്ട കുട്ടികൾക്ക് നൽകിവരുന്ന വാക്സിനുകളേതെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടത്തിവരുന്നത്. ഇതനുസരിച്ച്, 2022 ജനുവരി 3-ന് 15-17 വയസ്സ് പ്രായമുള്ളവർക്കുള്ള വാക്സിനേഷനും 2022 മാർച്ച് 16-ന് 12-14 വയസ്സ് പ്രായമുള്ളവർക്കുള്ള വാക്സിനേഷനും ആരംഭിച്ചു. പ്രസ്തുത വിഭാഗക്കാർക്കായുള്ള കോവിഡ് വാക്സിനേഷൻ സെഷൻ ആശുപത്രികളിലും സ്കൂളുകളിലും/ കോളേജുകളിലും നടത്തിവരുന്നു. അർഹരായ ഗുണഭോക്താക്കളെ അണിനിരത്തുന്നതിനും വിദ്യാഭ്യാസ വകുപ്പുമായി ഏകോപിപ്പിച്ച് കുട്ടികൾ/ രക്ഷിതാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി വിവിധ ഐ.ഇ.സി. ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. സർക്കാർ സി.വി.സി.-കൾ കൂടാതെ, പ്രൈവറ്റ് സി.വി.സി.-കളെയും കുട്ടികളുടെ വാക്സിനേഷൻ ഡ്രൈവിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിച്ചു. നിലവിൽ 12-17 (12-14 വയസും 15-17 വയസും) പ്രായമുള്ള കുട്ടികൾക്കാണ് കോവിഡ് വാക്സിൻ നൽകിവരുന്നത്. കുട്ടികൾക്ക് നൽകിവരുന്ന വാക്സിനുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പ്രായപരിധിയിലുമുൾപ്പെട്ട എത്ര കുട്ടികൾക്ക് കോവിഡ് വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുണ്ട്; എത്ര ശതമാനം വാക്സിനേഷൻ പൂർത്തീകരിച്ചു; സർക്കാർ ആശുപത്രികളിലൂടെ നൽകിയതെത്ര; ഒന്നാം ഡോസും രണ്ടാം ഡോസും നൽകിയതിന്റെ കണക്ക് എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

സർക്കാർ/സ്വകാര്യ വാക്സിനേഷൻ സെന്ററുകൾ വഴി 17-8-2022 വരെ കുട്ടികൾക്ക് നൽകിയ വാക്സിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

17-8-2022 വരെ കുട്ടികൾക്ക് നൽകിയ 3517788 ഡോസുകളിൽ 3499164 ഡോസുകൾ സർക്കാർ കേന്ദ്രങ്ങൾ വഴിയും 18624 ഡോസുകൾ സ്വകാര്യ കേന്ദ്രങ്ങൾ വഴിയുമാണ് നൽകിയത്.

(സി) കുട്ടികൾക്കുവേണ്ടിയുള്ള വാക്സിനേഷന് സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മതിയായ സെന്ററുകൾ ലഭ്യമല്ലെന്നും സ്വകാര്യ ആശുപത്രികളിൽപ്പോലും വാക്സിനേഷന് മതിയായ സൗകര്യമില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒന്നാം ഡോസ് വാക്സിൻ എടുത്തവർക്ക് രണ്ടാം ഡോസ് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കുട്ടികൾക്കുള്ള കോവിഡ് വാക്സിനുകൾ സംസ്ഥാനത്തുടനീളമുള്ള എല്ലാ സർക്കാർ വാക്സിനേഷൻ കേന്ദ്രങ്ങളിലും ലഭ്യമാണ്. ഡോസ് 1/ഡോസ് 2 ഇനിയും ലഭിക്കാത്ത കുട്ടികളുടെ എണ്ണംകൂടി കണക്കിലെടുത്ത് മതിയായ സെഷനുകൾ പ്രസിദ്ധീകരിക്കാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അർഹരായ ഗുണഭോക്താക്കൾക്ക് സ്കൂളുകളിലും വാക്സിനേഷൻ സെഷനുകൾ ആസൂത്രണം ചെയ്യുന്നുണ്ട്.

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്ക് കോവിഡ് വാക്സിനേഷൻ നിർബന്ധമാക്കി ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്കൂൾ വിദ്യാർത്ഥികൾക്ക് കോവിഡ് വാക്സിനേഷൻ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഇ) സ്കൂളുകൾ കേന്ദ്രീകരിച്ച് വാക്സിനേഷൻ നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കുട്ടികൾക്കുള്ള കോവിഡ് വാക്സിനേഷൻ ആരംഭിച്ചതുമുതൽ വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ സ്കൂളുകളിൽത്തന്നെ വാക്സിനേഷൻ നടത്താൻ ജില്ലകൾക്ക് അനുമതി നൽകിയിരുന്നു. അർഹരായ കുട്ടികൾ സ്കൂളുകളിലുള്ളപക്ഷം സ്കൂളുകളിൽത്തന്നെ വാക്സിനേഷൻ സെഷനുകൾ ആസൂത്രണം ചെയ്യുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുമാണ് കോവിഡ് വാക്സിനേഷൻ സെഷനുകൾ നടത്തിവരുന്നത്.

## ആരോഗ്യകേന്ദ്രങ്ങളിലെ മരുന്ന് ക്ഷാമം

216 (216) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകളിൽവരെ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അവശ്യമരുന്നുകളും വിലകൂടിയ മരുന്നുകളും കാരുണ്യ ഫാർമസികളിൽപ്പോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങളുണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്ന യിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടുതന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെത്തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയ തോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യമുണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു.

(സി) മരുന്നുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുമോ?

സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെൻഡർ നടപടികൾ നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് മാസം വരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. നടപ്പുസാമ്പത്തിക വർഷം (2022-23) സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 4-12-2021-ന്

ക്ഷണിച്ചിരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണത്തിനായി നല്കിയത് 2022 മേയ് മാസത്തിലായിരുന്നു. നടപടിക്രമങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഡി) പനി, വയറിളക്ക രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ചികിത്സ തേടിയെത്തുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ടെൻഡർ മുഖേനയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും വിവിധ സ്കീമുകളിലൂടെയും മരുന്നുകൾ സംഭരിച്ച് രോഗികൾക്ക് ലഭ്യമാക്കി വരുന്നുണ്ട് . നടപ്പ് സാമ്പത്തിക വർഷത്തെ ദർഘാസ് പ്രകാരം നല്കിയ ആദ്യഘട്ട വിതരണ ഉത്തരവുകൾക്കനുസരിച്ചുള്ള മരുന്നുകളുടെ വിതരണം ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കാൻ നടപടി

217 (217) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് യൂണിറ്റുകളുടെ കുറവുമൂലം വൃക്കരോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ 10 മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 933 ഡയാലിസിസ് മെഷീനുകൾ ആരോഗ്യ വകുപ്പിനുകീഴിലുള്ള വിവിധ സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രികളുടെ സ്ഥല ലഭ്യതയനുസരിച്ച് പ്രസ്തുത മെഷീനുകൾ യൂണിറ്റുകളായി തിരിച്ച് അതത് ആശുപത്രികളിൽ ഡയാലിസിസ് ചെയ്തുവരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പദ്ധതികളിലുൾപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ കാസ്പ്, കെ.ബി.എഫ്. എന്നീ പദ്ധതികൾ മുഖാന്തരം ഡയാലിസിസ് സൗജന്യമായി നൽകിവരുന്നുണ്ട്. ഹീമോ ഡയാലിസിസ് പ്രക്രിയയുടെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനായി രോഗികൾക്ക് സൗകര്യപ്രദമായ പെരിട്ടോണിയൽ ഡയാലിസിസ് പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ അനുവദിക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

218 (218) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. രാജ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ള വാനര വസൂരി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും രോഗത്തെ നേരിടാനും കാര്യക്ഷമമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പകർച്ചവ്യാധി നിർണ്ണയ സൗകര്യങ്ങളൊരുക്കുന്നതിനും ലബോറട്ടറി സൗകര്യങ്ങൾ ആധുനീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും സാധിച്ചിട്ടുണ്ടോ?

സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പകർച്ചവ്യാധി ടെസ്റ്റിംഗ് സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് ഫലപ്രദമായ സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്ഥിരം ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ?

കോവിഡ് മൂന്നാം തരംഗം നേരിടുന്നതിന്റെ മുന്നൊരുക്കമായി 140 നിയോജകമണ്ഡലങ്ങളിലും 10 കിടക്കകൾ വീതമുള്ള ഓരോ ഐസൊലേഷൻ വാർഡുവീതം നിർമ്മിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് ഉത്തരവാകുകയും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ഡി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള വൺ ഹെൽത്ത് ഇനിഷ്യേറ്റീവിനെക്കുറിച്ച് വിശദമാക്കാമോ?

ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ 4 പമ്പാനദീതട ജില്ലകളിൽ വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 മേയ് 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം ആർ.കെ.ഐ. (Rebuild Kerala Initiative), വേൾഡ് ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ എന്നീ 4 പമ്പാനദീതട ജില്ലകളിൽ ആരംഭിക്കുന്നതാണ്. തുടർന്ന് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. വൺഹെൽത്ത് പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മ പദ്ധതി 2 (NKKP2)-ന്റെ ഭരണ സംവിധാനങ്ങളും ഉപയോഗിക്കുന്നതാണ്. ലോകത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് ഏകാരോഗ്യ പദ്ധതി. " മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ ഇവയെല്ലാം അധിവസിക്കുന്ന പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പരബന്ധം അംഗീകരിച്ചുകൊണ്ട് അനുയോജ്യമായ ആരോഗ്യ ഫലങ്ങൾ കൈവരിക്കുക" എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മൃഗങ്ങളുടെയും സസ്യങ്ങളുടെയും പരിസ്ഥിതിയുടെയുമെല്ലാം ആരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിരീക്ഷണം, കണ്ടെത്തൽ, ഇടപെടലുകൾ എന്നിവയ്ക്കായി ഒന്നിലധികം തലങ്ങളിൽ സമഗ്രമായ സമീപനം സ്വീകരിക്കുന്നതിന്, മൃഗങ്ങളിൽനിന്നും മറ്റ് പാരിസ്ഥിതിക സ്രോതസുകളിൽനിന്നും പകരുന്ന പകർച്ചവ്യാധികളെ തിരിച്ചറിയാനോ കണ്ടെത്താനോ ഒന്നിലധികം തലങ്ങളിലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതാണ്. അതിനാൽ മനുഷ്യ, മൃഗ, പാരിസ്ഥിതിക ഇന്റർഫേസ് ഉൾക്കൊള്ളുന്ന എല്ലാ ആരോഗ്യ പ്രശ്നങ്ങളും " ഏകാരോഗ്യ പദ്ധതി" വഴി നടപ്പിലാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന, ജില്ലാ, വാർഡ് തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതലത്തിൽ ഇത്തരം ആരോഗ്യ സമിതികൾ രൂപീകരിക്കുന്നതിന് 19-2-2022-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 399/2022/ആ.കു.വ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന അമിത ചികിത്സാ നിരക്ക്

219 (219) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അമിത നിരക്ക് ഈടാക്കിയതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം അതത് ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്ക് അന്വേഷണത്തിനായി കൈമാറുകയും അനന്തരനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സയുൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന നിരക്ക് നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികളുൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം ലാബുകളുടെയും ആശുപത്രികളുടെയും രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതത് ക്ലിനിക്കൽ സ്ഥാപനങ്ങളിൽനിന്ന് നൽകിവരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുക്കളുടെയും അറിവിലേയ്ക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ ഡിജിറ്റലായോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ്സൈറ്റുള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്കുകൂടി മനസ്സിലാകത്തക്ക വിധത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**

220 (220) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം രൂക്ഷമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങളുണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടുതന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു.

കോവിഡിനെത്തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യമുണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത മരുന്നകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽനിന്നും കൈമാറ്റ പ്രക്രിയയിലൂടെ പ്രസ്തുത ഇനങ്ങൾക്ക് കുറവ് നേരിട്ട് ജില്ല/സ്ഥാപനങ്ങളിലെത്തിച്ചിരുന്നു. മരുന്നിന്റെ സ്റ്റോക്ക് കൂടുതലുള്ള സ്ഥാപനങ്ങളിൽനിന്നും ലഭ്യതക്കുറവ് അനുഭവപ്പെടുന്ന ആശുപത്രികളിലെത്തിച്ച് നൽകുകയുണ്ടായി. ഇതുകൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കിവരുന്നു.

(സി) ഒരു ആശുപത്രിയിലെ ആവശ്യത്തിന് ഇൻഡന്റ് കൊടുത്തുവാങ്ങിയ മരുന്ന് മറ്റ് ആശുപത്രികൾക്ക് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലഭ്യതക്കുറവ് അനുഭവപ്പെട്ട മരുന്നുകൾ സ്റ്റോക്ക് കൂടുതലുള്ള ആശുപത്രികളിൽനിന്നും താൽക്കാലികമായി പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കാത്തവിധം മരുന്നുകളുടെ ലഭ്യതക്കുറവ് അനുഭവപ്പെട്ട ആശുപത്രികൾക്ക് ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫറും ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറും നടത്തിയിട്ടുണ്ട്.

(ഡി) സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമമുണ്ടാകാനിടയായ സാഹചര്യമെന്താണെന്നും ഇതിന്റെ കാരണക്കാർ ആരാണെന്നും കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ?

സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തികവർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റുവരെ ഉപയോഗത്തിന് ലഭ്യമാക്കാറുണ്ട്. നടപ്പ് സാമ്പത്തികവർഷം (2022-23) സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 4-12-2021-ന് ക്ഷണിച്ചിരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണാനുമതി നൽകിയത് 2022 മേയ് മാസത്തിലായിരുന്നു. നടപടിക്രമങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഇ) സാധാരണക്കാർ കൂടുതലായി ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം മന:പൂർവ്വം സൃഷ്ടിച്ച് സ്വകാര്യ മരുന്ന് കമ്പനികളെയും മെഡിക്കൽ സ്റ്റോറുകളെയും സഹായിക്കുന്നതിനുള്ള ശ്രമമാണോ ഉണ്ടായിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഇക്കാര്യം പരിശോധിച്ചിട്ടില്ല.

**നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഡയാലിസിസ് സെന്ററുകൾ**

221 (221) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തനക്ഷമമായ 96 ഹീമോ ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിലെല്ലാംതന്നെ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത് ഏറെ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ്. വൃക്ക രോഗങ്ങളിലേയ്ക്ക് നയിക്കുന്ന ജീവിത ശൈലീരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിലൂടെയും ചികിത്സിച്ച് ഭേദമാക്കുന്നതിലൂടെയും ഡയാലിസിസിലേയ്ക്കെത്തുന്ന രോഗികളുടെ എണ്ണം കുറയ്ക്കുന്നതാണ് ഏറ്റവും പ്രായോഗികവും ഉചിതവുമായ നടപടി.

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ 9 സ്ഥാപനങ്ങളിൽ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാശുപത്രി കൊല്ലം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളായ പുനലൂർ, കരുനാഗപള്ളി, കൊട്ടാരക്കര, കടയ്ക്കൽ, ശാസ്താംകോട്ട, താലൂക്കാശുപത്രികളായ നീണ്ടകര, നെടുങ്കോലം, പാരിപ്പള്ളി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നത്. മൊത്തം 124 മെഷീനുകളാണ് കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്നത്.

(സി) കൊല്ലം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ നാളിതുവരെ ഡയാലിസിസ് ചെയ്തുവരുന്ന രോഗികളുടെ എണ്ണം വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ 567 പേരാണ് ഇപ്പോൾ ഡയാലിസിസ് ചികിത്സ തേടുന്നത്. പ്രതിമാസം 5491 ഡയാലിസിസുകൾ ഈ കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു.

(ഡി) സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്തുവരുന്ന രോഗികളുടെ വിവരം ആരോഗ്യ വകുപ്പ് ശേഖരിക്കാറുണ്ടോ; എങ്കിൽ കൊല്ലം ജില്ലയിൽ എത്ര രോഗികളാണ് ഡയാലിസിസിനായി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് കേന്ദ്രങ്ങളിൽനിന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

(ഇ) സർക്കാർ ആശുപത്രികളിൽ ഡയാലിസിസിന് ഈടാക്കുന്ന ഫീസ് എത്രയാണെന്നും ഏതെല്ലാം വിഭാഗത്തിലുള്ള രോഗികൾക്കാണ് സൗജന്യമായി ഡയാലിസിസ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

ആശുപത്രികളിൽ ഡയാലിസിസിന് ഫീസ് ഈടാക്കുന്നത് അതത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളാണ്. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലുമുൾപ്പെട്ട വിഭാഗങ്ങൾക്ക് ഡയാലിസിസ് ചികിത്സ സൗജന്യമായാണ് നടത്തിവരുന്നത്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടില്ലാത്ത രോഗികൾക്ക് 600 രൂപ നിരക്കിലും കോവിഡ് പോസിറ്റീവായ രോഗികൾക്ക് സൗജന്യമായിട്ടുമാണ് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ഡയാലിസിസ് ചെയ്യുന്നത്.

### ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ

222 (222) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി പടർന്നുപിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡെങ്കിപ്പനി പടരാതിരിക്കാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കുമോ?

(എ&ബി) കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംയോജിത രോഗനിരീക്ഷണ പരിപാടിയിലൂടെ (IDSP) ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ ദിനംപ്രതിയും ആഴ്ചതോറും ശേഖരിച്ച് ക്രോഡീകരിച്ച്, അപഗ്രഥിച്ച്, ആവശ്യമായ

നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മസേന (RRT) സന്ദർശിച്ച് ഊർജ്ജിത നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ പ്രാണിജന്യ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായും ഡെങ്കിപ്പനി നിരീക്ഷണവും കൊതുക് നിയന്ത്രണവും നടത്തിവരുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ 2018 മുതൽ നടപ്പിലാക്കിവരുന്ന 'ആരോഗ്യ ജാഗ്രത' എന്ന പേരിലറിയപ്പെടുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയനുസരിച്ചുള്ള വാർഷിക കർമ്മപരിപാടി തയ്യാറാക്കി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചകളിലും സ്കൂളുകളിലും ശനിയാഴ്ച സ്ഥാപനങ്ങളിലും ഞായറാഴ്ച വീടുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണത്തിനായി ഡ്രൈ ഡേ ആചരിക്കുന്നു.

സംസ്ഥാനത്ത് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബ് എന്നിവ ഉൾപ്പെടെ 38 സെന്റിനൽ സർവ്വെയലൻസ് ലാബുകളിൽ ഡെങ്കിപ്പനി രോഗസ്ഥിരീകരണം സൗജന്യമായിത്തന്നെ നടത്തിവരുന്നുണ്ട്. കൂടാതെ, സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ ഡെങ്കി വൈറസുകളുടെ സീറോ ടൈപ്പിംഗും നടത്തിവരുന്നുണ്ട്. അതോടൊപ്പം മേയ് 16-ന് ദേശീയ ഡെങ്കിപ്പനി ദിനത്തോടനുബന്ധിച്ചും ജൂലൈ മാസം ഡെങ്കു വിരുദ്ധ മാസാചരണത്തോടനുബന്ധിച്ചും എല്ലാ ജില്ലകളിലും പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. ആഴ്ചതോറും നടത്തുന്ന കൊതുക് സർവ്വേയിൽ (ഈഡിസ് വെക്ടർ സർവ്വേ) കണ്ടെത്തുന്ന ഹൈറിസ്ക് പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിലും സംയോജിത കൊതുക് നിയന്ത്രണം (IVM) നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആരോഗ്യപ്രവർത്തകർ, വാർഡ് തലത്തിലെ വാർഡുതല ആരോഗ്യ ശുചിത്വപോഷണ സമിതിയംഗങ്ങൾ എന്നിവർ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും കൊതുക് ഉറവിട നശീകരണം നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരത്തിൽ രോഗവാഹികളായ കൊതുകുകളെ നശിപ്പിക്കുന്നതിനായി മുറിക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ISS), വീടിനുവെളിയിൽ തെർമൽ ഫോമിംഗ് തുടങ്ങിയവയും നടത്തുന്നു. കൊതുകുകടിയിൽനിന്നും രക്ഷനേടുന്നതിനായി കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ, കൊതുകുതിരി, കൊതുകുവല മുതലായ വ്യക്തിഗതസുരക്ഷാ മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. ഇതോടൊപ്പം രോഗബാധിതർക്ക് ചികിത്സാ മാർഗ്ഗരേഖകൾക്കനുസൃതമായ ശരിയായ ചികിത്സയും പരിചരണവും എല്ലാ പ്രധാന ആശുപത്രികളിലും

നൽകിവരുന്നു. പൊതുജനങ്ങൾക്ക് കൊതുകിന്റെ ഉറവിട നശീകരണം നടത്തുന്നതിനും വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി ബോധവത്കരണ പ്രവർത്തനങ്ങൾ, വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾവഴി നൽകിവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്കാവശ്യമായ പരിശീലനങ്ങളും ആരോഗ്യ വകുപ്പ് നൽകിവരുന്നുണ്ട്. ഏറ്റവും പ്രധാനം പൊതുജന പങ്കാളിത്തത്തോടെയുള്ള കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ്.

(സി) ഇത്തരം പ്രതിരോധ നടപടികൾ നടപ്പിൽ വരുത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ സർക്കാർ സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

പ്രാണിജന്യ രോഗനിയന്ത്രണങ്ങൾ ഫീൽഡുതലത്തിൽ അതത് പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരും വാർഡിലെ വാർഡുതല ആരോഗ്യ പോഷണ സമിതി അംഗങ്ങളും ചേർന്നാണ് നടപ്പിലാക്കുന്നത്. സംയോജിത കൊതുക് നിയന്ത്രണ (IVM) പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി കൂത്താടി നശീകരണ പ്രവർത്തനങ്ങളും കൊതുക് നശീകരണ പ്രവർത്തനങ്ങളും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. ഫീൽഡുതല നിരീക്ഷണ പ്രവർത്തനങ്ങൾ അതത് പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ആഴ്ചതോറുമുള്ള ഐ.ഡി.എസ്.പി. അവലോകന യോഗത്തിൽ വിലയിരുത്തുന്നതാണ്. ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സർവ്വൈലൻസ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ആഴ്ചതോറുമുള്ള ഐ.ഡി.എസ്.പി. അവലോകന യോഗത്തിൽ വിലയിരുത്തുന്നതാണ്. ജില്ലാ വെക്ടർ ബോൺ കൺട്രോൾ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയ ജില്ലാ പ്രോഗ്രാം ഓഫീസർമാർ, ബ്ലോക്ക് തലത്തിലെയും ഫീൽഡ് തലത്തിലെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഇത് ഐ.ഡി.എസ്.പി. അവലോകന യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനതലത്തിൽ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി NVBDCP സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ NVBDCP, അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നിവരടങ്ങിയ ഒരു ടീമുണ്ട്. ജില്ലകളിലെ പ്രാണിജന്യ രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും സംസ്ഥാന എന്റമോളജി യൂണിറ്റ് എല്ലാ മാസവും ജില്ലകൾ സന്ദർശിക്കുകയും സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർക്ക് റിപ്പോർട്ട് നൽകുകയും അതനുസരിച്ചുവേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.

**ജീവിതശൈലീ രോഗനിർണ്ണയവും നിയന്ത്രണവും**

223 (223) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജീവിതശൈലീ രോഗങ്ങൾ വേഗത്തിൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചുമുള്ള ആരോഗ്യ വിവരശേഖരണം നടത്തുന്നതിനും ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹത് ക്യാമ്പയിൻ ആരോഗ്യവകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുന്നത്. ആശാപ്രവർത്തകർ ഭവനസന്ദർശനം നടത്തി ഓരോ വീടുകളിലെയും 30 വയസിനുമുകളിൽ പ്രായമുള്ള ജനങ്ങളുടെ വിവരശേഖരണം നടത്തി അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്കനുസൃതമായ പരിശോധനകൾക്ക് അവരെ അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിവര ശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ചുവരുന്നത്. ഇത് തൽസമയംതന്നെ അതത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്. ജീവിതശൈലീ രോഗമുള്ള വ്യക്തികളുടെ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്യുന്നതിലൂടെ പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, കാൻസർ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സാധ്യമാകുന്നു. ഇതിനുപുറമെ ജീവിതശൈലീ രോഗനിയന്ത്രണത്തിനായുള്ള 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ ഗുരുതര ശ്വാസകോശ രോഗമായ COPD കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പദ്ധതിയാവിഷ്കരിച്ചിട്ടുണ്ട്. പ്രമേഹ രോഗികൾക്കുണ്ടാവാൻ സാധ്യതയുള്ള ഡയബറ്റിക് റെറ്റിനോപ്പതി രോഗം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും 'നയനാമൃതം' എന്നപേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു.സർക്കാർ മെഡിക്കൽ കോളേജുകൾക്കുകീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ

ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയത്തിനും അതിന്റെ തുടർചികിത്സയ്ക്കുമായുള്ള എൻ.സി.ഡി. ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽനിന്ന് രോഗികളെ മെഡിക്കൽ കോളേജുകളിലേയ്ക്ക് റഫർ ചെയ്യുകയും തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തുവരുന്നു. ഒ.പി.,ഐ.പി. ക്ലിനിക്കു വഴി രോഗം കണ്ടുപിടിക്കൽ, ചികിത്സ ലഭ്യമാക്കൽ ഐ.സി.യു., വെന്റിലേറ്റർ കെയർ, സ്പെഷ്യലിസ്റ്റ് കെയർ എന്നിവ വേണ്ടവർക്ക് അത്തരം ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി.-യിൽ വരുന്നവരിൽ ജീവിതശൈലീ രോഗസാധ്യത കൂടിയവരെ കണ്ടെത്തുകയും ബോധവൽക്കരണം, സ്ക്രീനിംഗ്, പ്രിവൻഷൻ എന്നിവ നടത്തിവരികയും ചെയ്യുന്നു. പേഷ്യന്റ് കെയർ സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

**മങ്കി പോക്സ് രോഗബാധ**

224 (224) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര മങ്കി പോക്സ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇതുവരെ 5 പേർക്കാണ് മങ്കി പോക്സ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. ഇവരെല്ലാവരുംതന്നെ ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലെത്തി രോഗം സ്ഥിരീകരിച്ചവരാണ്. 5 പേരിൽ 4 പേരും രോഗമുക്തി നേടിയിട്ടുണ്ട്. ഒരാൾ എൻസഫലൈറ്റിസ് രോഗബാധയോടെ മരണപ്പെടുകയുണ്ടായി.

(ബി) മങ്കി പോക്സ് വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മങ്കി പോക്സ് വ്യാപനം തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

- എയർപോർട്ട് നിരീക്ഷണം, രോഗസാധ്യത കൂടുതലുള്ള രാജ്യങ്ങളിൽനിന്നും എത്തുന്ന അന്താരാഷ്ട്ര യാത്രക്കാരിലെ രോഗലക്ഷണങ്ങളുടെ പരിശോധന എന്നിവ ഊർജ്ജിതമാക്കിയിട്ടുണ്ട്. എയർപോർട്ട് നിരീക്ഷണത്തിനായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ശക്തമായി നടത്തുന്നു. ഐസൊലേഷൻ, ചികിത്സാ മാനദണ്ഡങ്ങൾ, മങ്കിപോക്സിന്റെ സാഹചര്യത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ, ചെയ്യരുതാത്ത കാര്യങ്ങൾ തുടങ്ങിയവയിൽ പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കാനായി ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- സംസ്ഥാനതലത്തിൽ രോഗനിരീക്ഷണത്തിനായി ഒരു കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ രോഗം സ്ഥിരീകരിച്ച ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

- രോഗ നിരീക്ഷണം, സമ്പർക്കപ്പട്ടിക തയ്യാറാക്കൽ എന്നിവ ശക്തമാക്കിയിട്ടുണ്ട്. സമ്പർക്കപ്പട്ടികയിലുള്ളവരുടെ ലക്ഷണങ്ങൾ നിരീക്ഷിക്കാനും 21 ദിവസം സ്വയംനിരീക്ഷണത്തിൽ കഴിയാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷണങ്ങളെന്തെങ്കിലും കണ്ടാൽ ജില്ലാ അധികാരികളെ അറിയിക്കാനും അവരുടെ നിർദ്ദേശപ്രകാരം ഐസൊലേഷൻ സൗകര്യമുള്ളിടത്തേയ്ക്ക് മാറാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

- സമ്പർക്കപ്പട്ടിക തയ്യാറാക്കാനും പട്ടികയിലുള്ളവരുടെ തുടർ നിരീക്ഷണത്തിനും ദിശ കാൾസെന്ററിന്റെ സേവനം ഉപയോഗിക്കുന്നുണ്ട്.

- എല്ലാ വിഭാഗം ആരോഗ്യ പ്രവർത്തകർക്കും അവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകിയിട്ടുണ്ട്.

കൂടാതെ, സംസ്ഥാന, ജില്ലാതല ജന്തുജന്യരോഗ നിയന്ത്രണ കമ്മിറ്റികൾ (State and District level Zoonotic Committees) രൂപീകരിച്ചിട്ടുണ്ട്. നിപ്പ, മങ്കിപോക്സ് ഉൾപ്പെടെയുള്ള ജന്തുജന്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് നല്കിയിട്ടുണ്ട്. നിലവിൽ രോഗനിർണ്ണയത്തിനായി പരിശോധനാ സൗകര്യം ആലപ്പുഴ NIV യൂണിറ്റിലും NIV പൂനെയിലും ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബുകളിൽ പരിശോധനാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്കാവശ്യമായ ചികിൽസാ സൗകര്യം എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ട്.

ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴി നല്കിവരുന്നുണ്ട്. എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും അണുനശീകരണ പ്രവർത്തനങ്ങൾ

ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗ നിരീക്ഷണത്തിനും മാനേജ്മെന്റിനുമായുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ (SOP) 19-7-2022-ലെ സ.ഉ. (സാധാ) നം. 1732/2022/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഒരിക്കൽ മങ്കിപോക്സ് രോഗബാധയുണ്ടായ ആളുകൾക്ക് പിന്നീട് രോഗബാധയുണ്ടാകാൻ സാധ്യതയുണ്ടോ; രോഗബാധയിലൂടെ ലഭിക്കുന്ന പ്രതിരോധശേഷി വീണ്ടും രോഗബാധയുണ്ടാകുന്നത് പൂർണ്ണമായി തടയുന്നതിന് പര്യാപ്തമാണോ; വിശദാംശം നൽകാമോ?

ഇപ്പോൾ പൊട്ടിപ്പുറപ്പെട്ട മങ്കിപോക്സ് ബാധയുമായി ബന്ധപ്പെട്ട രോഗബാധിതരിലുണ്ടാകാവുന്ന ഇമ്മ്യൂണിറ്റി, രണ്ടാമതും രോഗബാധയുണ്ടാകാനുള്ള സാധ്യത തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങൾ ലഭ്യമല്ല.

(ഡി) മങ്കിപോക്സിന് വാക്സിൻ കണ്ടെത്തിയിട്ടുണ്ടോ; മങ്കിപോക്സ് പ്രതിരോധത്തിന് ഏതൊക്കെ വാക്സിനുകൾ ഉപയോഗിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; സാർവ്വത്രിക കുത്തിവയ്പ് ആവശ്യമാണോ; വാക്സിനേഷൻ പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മങ്കിപോക്സിനെതിരെ വാക്സിൻ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യയിൽ നിലവിൽ വാക്സിൻ ലഭ്യമായിട്ടില്ല.

**ഹീമോഫീലിയ രോഗബാധിതർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് നടപടി**

225 (225) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി.വി. ശ്രീനിജിൻ:
ശ്രീ. എം.വിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹീമോഫീലിയ രോഗബാധിതരായ പതിനെട്ട് വയസ്സിനുതാഴെയുള്ള കുട്ടികൾക്കും മുതിർന്നവർക്കും ചികിത്സ ലഭ്യമാക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളൊരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഹീമോഫീലിയ രോഗബാധിതരായ പതിനെട്ട് വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന ആശാധാര പദ്ധതിയിലുൾപ്പെടുത്തി Factor VIII- 250 IU (with Von Willebrand Factor) INJ. എന്ന മരുന്ന് കാരുണ്യ കമ്മ്യൂണിറ്റി മരുന്ന് സംഭരണ - വിതരണ വിഭാഗംവഴി വാങ്ങി സംസ്ഥാനത്തെ വിവിധ ഹീമോഫീലിയ ഡേകെയർ സെന്ററുകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഏതൊരു ഹീമോഫീലിയ രോഗിക്കും രക്തസ്രാവമുണ്ടാകുന്നമുറയ്ക്ക് സർക്കാർ ആശുപത്രിയിലെത്തി ഡോക്ടറുടെ പരിശോധനയിൽ രക്തസ്രാവമുണ്ടെന്ന് കണ്ടെത്തുന്നമുറയ്ക്ക് ആളിന്റെ ശരീരഭാരം, രക്തസ്രാവത്തിന്റെ സ്വഭാവം എന്നിവ പരിഗണിച്ച് അംഗീകരിച്ചിട്ടുള്ള ഡോസ് അനുസരിച്ചുള്ള മരുന്ന് സർക്കാർ ആശുപത്രിയിൽനിന്നുതന്നെ കുത്തിവച്ച് നൽകുന്നതാണ്. കൂടാതെ, രോഗത്തിന്റെ സ്വഭാവത്തിന്റെയും മറ്റ് പരിശോധനകളുടെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട രോഗികൾക്ക് പ്രൊഫൈലാക്സിസ് ചികിത്സ നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഹീമോഫീലിയ രോഗികളുടെ എണ്ണം സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് ഓരോ രോഗികളുടെയും അവസ്ഥ കണക്കിലെടുത്ത് റീപ്ലേസ്മെന്റ് തെറാപ്പി ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ?

ഉണ്ട്. ഓരോ രോഗിയുടെയും അവസ്ഥ കണക്കിലെടുത്ത് റീപ്ലേസ്മെന്റ് തെറാപ്പി ലഭ്യമാക്കുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്.

(സി) ഹീമോഫീലിയ രോഗത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

താലൂക്കാശുപത്രി, ജില്ലാശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജുകൾ തുടങ്ങിയ തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രധാന സർക്കാർ ആശുപത്രികളിലും ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന ആശാധാര പദ്ധതിയിലുൾപ്പെടുത്തി ഹീമോഫീലിയ രോഗത്തിനുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചുവടെ ചേർത്തിട്ടുള്ള 5 ഇനം മരുന്നുകൾ ഹീമോഫീലിയ രോഗത്തിനായി സംഭരിച്ച് നല്കിയിട്ടുണ്ട്.

1. Anti Haemophilic Factor VIII with Von Willebrand Factor 250 IU (Contains Factor VIII 250 IU along with minimum 50% of VWF)

2. Human Anti Haemophillic Factor VIII 250 IU

3. Human Anti Haemophillic Factor IX 600 IU

4. Factor VIII Inhibitor Bypassing Agent (FEIBA)500 IU

5. Anti Haemophilic Factor VII 1 mg (50,000 IU)

ഇതിൽ ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കാത്ത അവസാനത്തെ 2 ഇനങ്ങൾ (ക്രമ നമ്പർ 4, 5 എന്നിവ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച് നൽകുന്നുണ്ട്.

## ആശുപത്രികൾക്കായി മാസ്റ്റർ പ്ലാൻ

226 (226) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിവിധ വിഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത് രോഗികൾക്ക് സൗകര്യപ്രദമായ രീതിയിലുള്ള ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് വിവിധ വിഭാഗങ്ങൾ ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, കോട്ടയം, എറണാകുളം, ഇടുക്കി, കൊല്ലം എന്നീ മെഡിക്കൽ കോളേജുകളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് വിവിധ വിഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ മാസ്റ്റർ പ്ലാൻ പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മെറ്റേർണൽ & ചൈൽഡ് ഹെൽത്ത് ബിൽഡിംഗ് എന്നിവയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള ബിൽഡിംഗുകൾ ക്രമീകരിച്ചിരിക്കുന്നത് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലല്ല.

(ബി) രോഗികൾക്ക് സൗകര്യപ്രദവും മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭിക്കുന്നവിധവും സർക്കാർ ആശുപത്രികളിലെ വിവിധ വിഭാഗങ്ങൾ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് രോഗീസൗഹൃദമാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സ്റ്റാൻഡേർഡൈസേഷൻ മാർഗ്ഗരേഖ പ്രകാരമാണ്. സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ സമഗ്രവികസനം നടപ്പിലാക്കുന്നതിനായി വിവിധങ്ങളായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ കിഫ്ബി ധനസഹായത്തോടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ 71 സ്ഥാപനങ്ങളിൽ കിഫ്ബി മുഖേന വികസന

പ്രവർത്തനം നടത്തുന്നതിനായി ആകെ 4375.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 5 കോടി രൂപയ്ക്ക് മുകളിലുള്ള 31 നിർമ്മാണപ്രവർത്തനങ്ങൾ നബാർഡ് മുഖാന്തരം നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിലുൾപ്പെടുത്തി മേജർ കൺസ്ട്രക്ഷൻസ് അണ്ടർ ഡി.എച്ച്.എസ്. എന്ന പദ്ധതിപ്രകാരം ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ അടിസ്ഥാനസൗകര്യവികസനത്തിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മെച്ചപ്പെട്ട സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനീഷ്യേറ്റീവ് പ്രോജക്ടുവഴി സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ നിലവിലുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റി, ഒ.പി., വാർഡുകൾ, ഓപ്പറേഷൻ തിയേറ്റർ, ലാബ്, സി.ടി. സ്കാൻ, ഐ.സി.യു., ഡയാലിസിസ് യൂണിറ്റ്, എം.ആർ.ഐ. സ്കാൻ, കാത്ത് ലാബ് മുതലായവയ്ക്കുള്ള കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വിവിധ ഭാഗങ്ങൾ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് രോഗീസൗഹൃദമാക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിന്റെ ബ്ലോക്ക്-1 നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി ഫണ്ടുപയോഗിച്ചുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ.സി. പൂർത്തീകരിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചതിനുശേഷം ആവശ്യകതയനുസരിച്ച് 20 ഏക്കർകൂടി കിഫ്ബിവഴി ഏറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ കമ്മിറ്റി 2018-ൽ രൂപീകരിക്കുകയും വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും സ്ഥാപനത്തിന്റെയും മൊത്തത്തിലുള്ള ഭാവി വികസനത്തിനായുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലെ വിവിധ വിഭാഗങ്ങളെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി എൻ.എച്ച്.എം. ROP 2019-20-ലെ പദ്ധതിയിലുൾപ്പെടുത്തി ഓരോ ജില്ലയിലേയും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ 15 ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ എറണാകുളം ജില്ലയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2020-21 സാമ്പത്തികവർഷം സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന പിറവം താലൂക്കാശുപത്രി, മൂവാറ്റുപുഴ ജനറൽ ആശുപത്രി എന്നിവയ്ക്ക് 10 ലക്ഷം രൂപവീതം അനുവദിച്ചിട്ടുണ്ട്.

(സി) ആശുപത്രികളിൽ നടന്നുവരുന്ന മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആശുപത്രികളിൽ നടന്നുവരുന്ന മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ജില്ലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിലും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതികൾ വിലയിരുത്തുന്നുണ്ട്. കൂടാതെ കിഫ്ബിയുമായും നിർവ്വഹണ ഏജൻസികളുമായും ചേർന്ന് നിരന്തരം വിശകലന യോഗങ്ങൾ കൂടുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്രവികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നടത്തുന്ന 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതിപ്രകാരം ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ നടന്നുവരുന്ന മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഇൻകെൽ മുഖേന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. മുഖേനയും നടന്നുകൊണ്ടിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് എല്ലാ മാസത്തിലും മീറ്റിംഗുകൾ നടത്തി ഇൻകെലിനും പി.ഡബ്ല്യു.ഡി.-ക്കും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഒന്നാംഘട്ടമായ ഒ.പി. ആൻഡ് ഡയഗ്നോസ്റ്റിക് ബ്ലോക്കിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായി M/s. HITES-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിന്റെ ബ്ലോക്ക് 1-ന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി ഫണ്ടുപയോഗിച്ചുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ ലഭ്യമായ എല്ലാ സൗകര്യങ്ങളും രോഗികൾക്ക് സൗകര്യപ്രദമായ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാത്തിൽ ഒരുക്കിയിട്ടുള്ളതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ മാസ്റ്റർ

പ്ലാൻ കമ്മിറ്റി 2018-ൽ രൂപീകരിക്കുകയും വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള ഭാവി വികസനത്തിനായുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്തു.

(ഡി) പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആശുപത്രികളുടെ ഗേറ്റ് മുതൽ രോഗീസൗഹൃദമാക്കാനും പേപ്പർരഹിത സേവനങ്ങൾ നൽകാനും ശുചിത്വം, മാലിന്യനിർമ്മാർജ്ജനം എന്നിവ ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗേറ്റ് മുതൽ രോഗീസൗഹൃദമാക്കാനും പേപ്പർരഹിത സേവനങ്ങൾ നൽകാനും ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവ ഉറപ്പുവരുത്താനും മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൗസ് കീപ്പിംഗ് വിഭാഗം ഇമേജ് മുഖേന ആശുപത്രി മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പേപ്പർരഹിത സേവനങ്ങൾ (ഇ-ഹെൽത്ത്) വിപുലീകൃതമാക്കിയിട്ടുണ്ട്. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ഇ-ഓഫീസ്, ഹരിത കേരളം എന്നീ പദ്ധതികളിലൂടെ ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനം KEIL എന്ന സ്ഥാപനംവഴി നടത്തുന്നു. മറ്റ് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി എം.സി.എഫ്. പ്രവർത്തിക്കുന്നുണ്ട്. ദ്രവമാലിന്യ സംസ്കരണത്തിനായി എസ്.ടി.പി. പ്രവർത്തിച്ചുവരുന്നു. വാർഡുകളിലുണ്ടാകുന്ന ആഹാരാവശിഷ്ടങ്ങൾ പ്രത്യേകം ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റിലൂടെ ഗ്യാസ് ഉൽപ്പാദിപ്പിച്ച് കുടുംബശ്രീ ക്യാന്റീൻവഴി രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ചൂടുവെള്ളം എത്തിച്ചുനൽകുന്നു. പേപ്പർ, കരിയില മുതലായവ പ്രത്യേകം ശേഖരിച്ച് ജൈവവളമാക്കി മാറ്റുന്ന ഒരു പദ്ധതി നിലവിലുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ആശുപത്രിയും പരിസരങ്ങളും വൃത്തിയാക്കി മാലിന്യനിർമ്മാർജ്ജനം നടത്തുന്നു. ബയോമെഡിക്കൽ വേസ്റ്റുകൾ KEIL മുഖേന കൊണ്ടുപോകുന്നുണ്ട്. മറ്റ് വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഇൻസിനറേറ്റർ, ബയോഗ്യാസ് പ്ലാന്റ്, എയ്റോബിക് കമ്പോസ്റ്റ് ബിന്നുകൾ മുതലായവ പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക്, അലൂമിനിയം, ഗ്ലാസ് മുതലായവ ശേഖരിക്കുന്നതിനായി മെറ്റീരിയൽസ് കളക്ഷൻ സൗകര്യവും നിലവിലുണ്ട്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒ.പി. വിഭാഗം കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടോക്കൺ സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് പ്രത്യേക ക്യൂ സൗകര്യം നിലവിലുണ്ട്.

ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ഹൗസ് കീപ്പിംഗ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ആഴ്ചയിലൊരിക്കൽ ഇതുസംബന്ധിച്ച അവലോകനയോഗം കൂടുകയും ചെയ്യുന്നുണ്ട്. മാലിന്യങ്ങൾ ശേഖരിക്കൽ, തരംതിരിക്കൽ, നിർമ്മാർജ്ജനം ചെയ്യൽ എന്നിവ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. ഇതിന് മേൽനോട്ടം വഹിക്കുന്നതിന് ഹോസ്പിറ്റൽ ഇൻഫക്ഷൻ കൺട്രോൾ കമ്മിറ്റി നിലവിലുണ്ട്. ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ മാലിന്യനിർമ്മാർജ്ജനം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. ഇ-ഹെൽത്ത് ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പ്രോജക്ട് സ്ഥാപിക്കുന്നതിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ബയോമെഡിക്കൽ മാലിന്യങ്ങൾ, മറ്റ് പേപ്പർ മാലിന്യങ്ങൾ മുതലായവ ക്ലീൻ കേരള മുഖേനയും നിർമ്മാർജ്ജനം ചെയ്തുവരുന്നുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും പ്രവർത്തിക്കുന്നുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് വഴി പേപ്പർ രഹിത സേവനങ്ങൾ നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു. മാലിന്യസംസ്കരണം നിലവിൽ ഐ.എം.എ.-യുടെ കീഴിലുള്ള ഇമേജ് വഴി നടക്കുന്നു. ഇൻസിനറേറ്റർ നിർമ്മാണം നടന്നുവരുന്നു. ആശുപത്രിയിൽ എല്ലാ സ്ഥലത്തും ഡസ്റ്റ് ബിൻ വച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും സൂപ്രണ്ടിന്റെയും നഴ്സിംഗ് സൂപ്രണ്ടിന്റെയും നേതൃത്വത്തിൽ എല്ലാ വിഭാഗങ്ങളെയും സംയോജിപ്പിച്ച് വാർഡുകളും പരിസരങ്ങളും സാനിറ്ററി റൗണ്ട്സ് നടത്തുന്നു. ഇതുവഴി ശുചിത്വം ഉറപ്പാക്കുന്നുണ്ട്.

## ആശുപത്രികളിലെ മരുന്ന് ക്ഷാമം

227 (227) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആശുപത്രികളിൽ രോഗികൾക്ക് മരുന്ന് ലഭിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മരുന്നുക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചിലയിനം മരുന്നുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത മരുന്നുകൾ ലഭ്യമായ ജില്ലകളിലെ സ്ഥാപനങ്ങളിൽ നിന്നും ജില്ലാ മരുന്ന് സംഭരണശാല മുഖേനയും കൈമാറ്റം നടത്തിയിരുന്നു. അത്യാവശ്യ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭ്യമാക്കിയിരുന്നു. നടപ്പ് സാമ്പത്തികവർഷം നല്കിയ പർച്ചേസ് ഓർഡറുകൾ അനുസരിച്ചുള്ള മരുന്നുകൾ ആഗസ്റ്റ് മാസം 30-ഓടെ പൂർണ്ണതോതിൽ എത്തിക്കുന്നതിനുള്ള നടപടികളും കോർപ്പറേഷന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ട് .

(ബി) രോഗികൾക്ക് അത്യാവശ്യഘട്ടത്തിൽ നിർദ്ദേശിക്കുന്ന എല്ലാ മരുന്നുകളും സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്നുണ്ടോ; വിശദമാക്കാമോ?

സ്പെഷ്യാലിറ്റി ചികിത്സയ്ക്കുപയോഗിക്കുന്ന, അവശ്യമരുന്ന് പട്ടികയിലും സ്പെഷ്യാലിറ്റി മരുന്ന് പട്ടികയിലും ഉൾപ്പെട്ട ജനറിക് മരുന്നുകളും അനുബന്ധ സാമഗ്രികളും വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ഇ-ദർഘാസുകൾ ക്ഷണിച്ചാണ് സംഭരണം നടത്തുന്നത്. ദർഘാസിൽ വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾക്ക് പുനർദർഘാസ് ചെയ്യാറുണ്ട് . ദർഘാസിലും പുനർദർഘാസിലും വിതരണക്കാരെ ലഭ്യമാകുന്ന ഇനങ്ങൾക്ക് വിതരണോത്തരവുകൾ നൽകി മരുന്നുകൾ സംഭരിച്ച് ഇൻഡന്റിനും ആവശ്യകതയ്ക്കുമനുസൃതമായി അതത് ആശുപത്രികൾക്ക് നൽകാറുണ്ട്. കെ.എം.എസ്.സി.എൽ.-ലൂടെ ലഭ്യമല്ലാത്ത അവശ്യമരുന്നുകൾ മുൻകാലങ്ങളിലേതു പോലെ വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്.

## പകർച്ചവ്യാധി പ്രതിരോധം

228 (228) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വസൂരി, കോളറ, എബോള എന്നീ രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികളെന്തൊക്കെയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാലാ നിയോജകമണ്ഡലത്തിൽ ഇത്തരം രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിൽ വസൂരി, എബോള എന്നീ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കൂടാതെ പ്രസ്തുത നിയോജകമണ്ഡലത്തിൽ കോളറ രോഗം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## സർക്കാർ ആശുപത്രികളുടെ പ്രവർത്തനം

229 (229) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ജീവനക്കാരില്ലാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ കുറവ് പരിഹരിച്ച് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആർദ്രം മാനദണ്ഡങ്ങളനുസരിച്ചും സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ചും ഘട്ടംഘട്ടമായി തസ്തികകൾ സൃഷ്ടിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3378 തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് 311 തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ, പൊതുജനങ്ങൾക്കാവശ്യമുള്ള സേവനം ലഭ്യമാക്കുന്നതിനായി എച്ച്.ഡി.എസ്., കെ.എസ്.പി., എൻ.എച്ച്.എം., എൽ.എസ്.ജി.ഐ. എന്നിവ മുഖേനയും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലും താലൂക്ക് ആശുപത്രികളിലുമുണ്ടായിരിക്കുന്ന മരുന്നുക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള താലൂക്കാശുപത്രികളിൽ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കെ.എം.എസ്.സി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കമ്മിറ്റി രൂപീകരിച്ച് മരുന്നുകളുടെ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫറും ഇന്റർ ഡിസ്ട്രിക് ട്രാൻസ്ഫറും നടത്തിവരുന്നു. കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്തതും സ്റ്റോക്ക് ലഭ്യതക്കുറവുമൂലം കെ.എം.എസ്.സി.എൽ.-ൽനിന്നും അവശ്യമരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിലും അവശ്യമരുന്നുകൾ ലോക്കൽ പർച്ചേസ്, KASP, RSBY, RBSK, JSSK, TRIBAL Fund, HDS Fund തുടങ്ങി വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

(സി) സർക്കാർ ആശുപത്രികളിൽ ഒ.പി. ടിക്കറ്റ് എടുക്കുന്നതിന് സ്വീകരിച്ച പുതിയ സംവിധാനങ്ങൾ വിശദമാക്കാമോ?

ഇ-ഹെൽത്ത് സംവിധാനം നിലവിൽ വന്നിട്ടുള്ള ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിലെ ഒ.പി.-യിൽ ടോക്കൺ സംവിധാനം നിലവിലുണ്ട്. ഇ-ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി കേന്ദ്രീകൃത ടോക്കൺ

ഡിസ്പ്ലേയും ക്യൂ മാനേജ്മെന്റ് സിസ്റ്റവും ഇ-ഹെൽത്ത് സംവിധാനം നിലവിലുള്ള 462 ആശുപത്രികളിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഓൺലൈനായി ഒ.പി. അപ്പോയിന്റ്മെന്റ് എടുക്കാനുള്ള സൗകര്യവും ലഭ്യമാണ്. ഒരു രോഗി ആശുപത്രിയിലെത്തി രജിസ്ട്രേഷൻ നടത്തുന്നതോടെ അയാൾക്ക് ഒരു രജിസ്ട്രേഷൻ നമ്പരും ബന്ധപ്പെട്ട ഡോക്ടറെ കാണുന്നതിന് മുൻഗണനാക്രമത്തിൽ ഒരു ടോക്കൺ നമ്പരും നൽകി വരുന്നുണ്ട്. ഡോക്ടറുടെ മുറിക്കുമുമ്പിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക്സ് ടോക്കൺ ഡിസ്പ്ലേയിൽ ഓരോരുത്തരുടെയും നമ്പരനുസരിച്ച് ടോക്കൺ തെളിഞ്ഞുവരുന്നമുറയ്ക്ക് ക്യൂ നിൽക്കാതെയും തിരക്കൊഴിവാക്കിയും ഡോക്ടറെ കാണുന്നതിന് കഴിയുന്നു. രണ്ടാമത് ഒരവസരത്തിൽ വീണ്ടും ഡോക്ടറെ കാണേണ്ടിവന്നാൽ മുൻകൂട്ടി അപ്പോയ്മെന്റ് ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കിവരുന്നു. നിലവിൽ ഇ-ഹെൽത്ത് സംവിധാനമുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒ.പി. കൗണ്ടറിൽനിന്നോ e-health.kerala.gov.in എന്ന വെബ്സൈറ്റിൽ ആധാർ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്തോ ഒ.പി. ടിക്കറ്റ് എടുക്കാവുന്നതാണ്.

(ഡി) മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കി മാറ്റിയതിനാൽ അവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് മെഡിക്കൽ കോളേജുകളിലെ സേവനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

അവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് കാഷ്വാലിറ്റി മുഖാന്തരം വേണ്ട ചികിത്സ ലഭ്യമാക്കുന്നുണ്ട്.

**കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം**

230 (230) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 2011-2016, 2016-2022 കാലയളവിൽ പി.എസ്.സി. വഴിയുള്ള നഴ്സുമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ 2011-16 കാലയളവിൽ 75-ഉം 2016-22 ൽ 243-ഉം നഴ്സുമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) അവിടെ അതേകാലയളവിൽ ആശുപത്രി വികസന സമിതി, നാഷണൽ ഹെൽത്ത് മിഷൻ എന്നിവ വഴി താൽക്കാലിക നഴ്സുമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ?

2011-16 കാലയളവിൽ ആശുപത്രി വികസന സമിതിവഴി 34-ഉം 2016-22-ൽ 69-ഉം നാഷണൽ ഹെൽത്ത് മിഷൻവഴി 2011-16 കാലയളവിൽ 2-ഉം 2016-22-ൽ 38-ഉം നഴ്സുമാരെ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് നിയോഗിച്ചിട്ടുണ്ട്.

(സി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, റ്റി.സി.സി. (കാൻസർ വിഭാഗം) ബ്ലോക്ക് എന്നിവ നിലവിൽവന്നശേഷം അവിടേയ്ക്ക് നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, റ്റി.സി.സി. (കാൻസർ വിഭാഗം) ബ്ലോക്ക് എന്നീ സ്ഥാപനങ്ങളിലേയ്ക്ക് നിലവിൽ പ്രത്യേകമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**സാമ്പിൾ കളക്ഷൻ സെന്ററിന്റെയും റിസൾട്ട് കൗണ്ടറിന്റെയും സജ്ജീകരണം**

231 (231) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലബോറട്ടറി പരിശോധനകളുടെ റിസൾട്ട് ലഭിക്കുന്നതിന് വലിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയുടെ വിവിധ ലാബുകൾ പല ഭാഗങ്ങളിലായതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ പരിശോധനാ ഫലങ്ങൾ ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സാമ്പിൾ കളക്ഷൻ സെന്ററും റിസൾട്ട് കൗണ്ടറും എത്ര വീതമാണ് സജ്ജീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

| | |
|---|---|
| സാമ്പിൾ കളക്ഷൻ കൗണ്ടർ | |
| എസ്.എസ്.ബി. | 1 |
| എം.എസ്.ബി. | 1 |
| കാഷ്വാലിറ്റി | 1 |
| ഡയഗ്നോസ്റ്റിക് ബ്ലോക്ക് | 2 |
| മൈക്രോ ലാബ് കൗണ്ടർ | 1 |
| എച്ച്.ഡി.എസ്. കൗണ്ടർ | 1 (16-ാം വാർഡ്) |
| എച്ച്.ഡി.എസ്. കൗണ്ടർ | 1 (കാഷ്വാലിറ്റി) |
| റിപ്പോർട്ട് കൗണ്ടർ | |
| ഇന്റഗ്രേറ്റഡ് ലാബ് റിപ്പോർട്ട് കൗണ്ടർ | 1 |
| റിപ്പോർട്ട് കൗണ്ടർ (24 hours) | |
| സിംഗിൾ വിൻഡോ പോർട്ടൽ ഒ.പി. റിപ്പോർട്ട് കൗണ്ടർ | 1 |
| എം.എസ്.ബി. റിപ്പോർട്ട് കൗണ്ടർ | 1 |
| എച്ച്.ഡി.എസ്. റിപ്പോർട്ട് കൗണ്ടർ | 1 |
| കാഷ്വാലിറ്റി മൈക്രോ ലാബ് റിപ്പോർട്ട് കൗണ്ടർ | 1 |

(സി) സാമ്പിൾ കളക്ഷൻ കൗണ്ടറുകളിൽനിന്ന് റിസൾട്ട് ലഭിക്കുന്നതിനായി ബാർകോഡ് സംവിധാനം നൽകുന്നതിനുപകരം ക്യൂ.ആർ. കോഡ് സംവിധാനത്തിലേയ്ക്ക് മാറ്റിയാൽ നിലവിലെ കാലതാമസം ഒഴിവാക്കാനും അതാതിടങ്ങളിൽത്തന്നെ റിസൾട്ട് ലഭ്യമാക്കാനും കഴിയുമെന്നകാര്യം പരിശോധിക്കാമോ?

ഇ-ഹെൽത്ത് സംവിധാനവും ലാബിലെ അനലൈസറുകളും സോഫ്റ്റ്‌വെയറും ബാർകോഡ് സംവിധാനത്തിലധിഷ്ഠിതമാകയാൽ ഇതേസംവിധാനം തന്നെയാണുചിതം. ഇ-ഹെൽത്തിന്റെ ഭാഗമായി ലാബ് റിപ്പോർട്ടുകൾ ഫോണിൽ മെസ്സേജായി ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ കോളേജുകളിലെ ഓഡിയോളജിസ്റ്റ് തസ്തികകൾ

232 (232) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പതോളജിസ്റ്റിന്റെ എത്ര സ്ഥിരതസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

11 തസ്തികകൾ.

(ബി) ഇടുക്കി, മഞ്ചേരി, കോന്നി മെഡിക്കൽ കോളേജുകളിൽ ഓഡിയോളജിസ്റ്റിന്റെ എത്ര സ്ഥിര തസ്തികകളാണുള്ളതെന്നും ഇവയിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഇടുക്കി, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകളിൽ ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പതോളജിസ്റ്റ് സ്ഥിരം തസ്തിക നിലവിലില്ല. കോന്നി മെഡിക്കൽ കോളേജിൽ ഒരു തസ്തിക നിലവിലുണ്ട്. ആയതിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് ഇൻ ഓഡിയോളജി എന്ന തസ്തിക കൂടാതെ ഓഡിയോളജിസ്റ്റിന്റെ മറ്റ് സ്ഥിര തസ്തികകളുണ്ടോ; വ്യക്തമാക്കാമോ?

ഓഡിയോളജിസ്റ്റിന്റെ മറ്റ് സ്ഥിരം തസ്തികകൾ നിലവിലില്ല.

## കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം

233 (233) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത വിഭാഗങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിൽ എല്ലാവിഭാഗത്തിലും ആവശ്യത്തിന് ഡോക്ടർമാരുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിൽ 250 എം.ബി.ബി.എസ്. വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് എൻ.എം.സി. മാനദണ്ഡമനുസരിച്ചുള്ള അദ്ധ്യാപകർ നിലവിലുണ്ട്. എന്നിരുന്നാലും ക്ലിനിക്കൽ വിഭാഗങ്ങളിലെ ജോലി ഭാരത്തിനനുസരിച്ച് കൂടുതൽ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ പ്രവൃത്തി പൂർത്തിയായ കെട്ടിടത്തിൽ ഏതൊക്കെ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) നിലവിൽ പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഓപ്പറേഷൻ തിയേറ്ററുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടികൾ എതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) എല്ലാ ലബോറട്ടറികളും ഒരു കോംപ്ലക്സിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പി.എം.എസ്.എസ്.വൈ.ബ്ലോക്കിന്റെ നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

## ആലപ്പുഴ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

234 (234) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനനുവദിച്ച തുക എത്രയെന്നും ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനായി 173.18 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേന്ദ്രസർക്കാർ വിഹിതമായ 120 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിന് കേന്ദ്രസർക്കാർ നേരിട്ട് നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതമായ 53.18 കോടി രൂപയിൽ 48.18 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതുമാണ്. കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി, ന്യൂറോളജി, നെഫ്റോളജി, യൂറോളജി, ഗ്യാസ്ട്രോ എൻട്രോളജി, പ്ലാസ്റ്റിക് സർജറി, എൻഡോ ക്രൈനോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ചികിത്സയ്ക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ഓപ്പറേഷൻ തിയേറ്ററുകളുടെ ഒഴികെയുള്ള എല്ലാ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ, സ്റ്റാഫ് എന്നിവ ലഭ്യമായിട്ടുണ്ടോ; പുതുതായി ലഭ്യമാക്കിയ ഉപകരണങ്ങൾ എന്തൊക്കെയെന്നും പുതുതായി അനുവദിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേയ്ക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേയ്ക്കുവേണ്ടി വാങ്ങിയ ഉപകരണങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

പ്രളയം, കോവിഡ് -19 തുടങ്ങിയവമൂലം സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഓപ്പറേഷൻ തിയേറ്ററുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## മൾട്ടി ഫ്ലോർ സ്കൈവാക്ക് സംവിധാനം

235 (235) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉദ്ഘാടനം ചെയ്ത ഒ.പി.-ഐ.പി. ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൾട്ടി ഫ്ലോർ സ്കൈവാക്ക് സംവിധാനം അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തുറന്നുകൊടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2 നിലകളിലായി സ്കൈവാക്കുണ്ട്. സുരക്ഷാ കാരണങ്ങളാൽ വനിതാ ഡോക്ടർമാരുടെ വാസസ്ഥലത്തിലുള്ള സ്കൈവാക്കിൽ പൊതുജനപ്രവേശനം നിരോധിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർമ്മാണത്തിന് ചെലവായ തുക എത്രയെന്നും നിർമ്മാണ കരാർ നൽകിയിരുന്നത് ആർക്കാണെന്നും ഏത് ഫണ്ടുപയോഗിച്ചാണ് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ?

27-7-2015-ലെ സ.ഉ. (സാധാ)നമ്പർ 2409/15/ആ.കു.വ. എന്ന സർക്കാർ ഉത്തരവുപ്രകാരം ഒ.പി.ഡി. ബ്ലോക്കിനെയും ആശുപത്രി ബ്ലോക്കിനെയും ബന്ധിപ്പിച്ചുകൊണ്ട് റോഡിനുമുകളിലൂടെ 4 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ഇൻഫോസിസിന്റെ ചെലവിലാണ് മൾട്ടി ഫ്ലോർ സ്കൈവാക്ക് നിർമ്മിച്ചിട്ടുള്ളത്.

(സി) പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന പ്രസ്തുത സംവിധാനം എന്ന് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഒ.പി. വിഭാഗം, സൂപ്രണ്ടാഫീസ്, ലബോറട്ടറീസ്, ബ്ലഡ് ബാങ്ക് എന്നിവയിലേയ്ക്കുള്ള സ്കൈവാക്ക് പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഇപ്പോഴും തുറന്ന് പ്രവർത്തിക്കുന്നുണ്ട്.

## തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രി ജീവനക്കാരനായ ശ്രീ. ജോസഫ് സണ്ണിയുടെ അവധി അപേക്ഷ

236 (236) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മാനസികാരോഗ്യ ആശുപത്രിയിലെ ഒക്യുപേഷണൽ തെറാപ്പിസ്റ്റായ ശ്രീ. ജോസഫ് സണ്ണി 27-1-2022-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച ശൂന്യവേതനാവധി സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീ. ജോസഫ് സണ്ണിയുടെ അവധി അപേക്ഷ തീർപ്പാക്കുന്നതിനുള്ള ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോസഫ് സണ്ണി ഇന്ത്യയ്ക്കുള്ളിൽ ജോലി ചെയ്യുന്നതിനായി 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചിരുന്നു. തൃശ്ശൂർ ജില്ലയിൽ ഒരു ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയാണ് നിലവിലുള്ളത്. ടിയാൻ നിലവിൽ ചെയ്തുവരുന്ന ജോലികൾ കൈകാര്യം ചെയ്യുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമെ ശൂന്യവേതനാവധി അനുവദിക്കാൻ പാടുള്ളുവെന്ന് സ്ഥാപനമേധാവി നിർദ്ദേശിച്ചിരുന്നു. ഒക്യുപേഷണൽ തെറാപ്പിസ്റ്റ്

തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പകരം പി.എസ്.സി. മുഖേന നിയമനം നൽകിക്കൊണ്ട് ഒഴിവുകൾ നികത്താൻ സാധിക്കുകയില്ല. എംപ്ലോയ്മെന്റ് മുഖാന്തരം നിയമനം നൽകുന്നതിനായി അന്വേഷിച്ചപ്പോൾ നിലവിൽ 4 ഉദ്യോഗാർത്ഥികൾ യോഗ്യതാ വിവരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്നാൽ ജീവനക്കാരൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഒഴിവ് നിലവിൽ വന്നാൽ മാത്രമെ ഉദ്യോഗാർത്ഥിയുടെ വിശദവിവരങ്ങൾ നിർദ്ദിഷ്ട പെർഫോർമയിൽ രേഖപ്പെടുത്തി ലഭ്യമാകുകയുള്ളൂ. ആയത് എംപ്ലോയ്മെന്റ് മുഖാന്തരം നിയമനം നടത്തുന്നതിന് തടസ്സമായി നിൽക്കുന്നു. നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജോസഫ് സണ്ണിക്ക് ശൂന്യവേതനാവധി അനുവദിക്കാൻ കഴിയുന്നതല്ലെന്ന വിവരം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ 2 ഒഴിവുകൾ. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഈ തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഒക്യുപേഷണൽ തെറാപ്പിസ്റ്റ് തസ്തികയിൽ നിലവിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി.-യിൽനിന്നും "No Candidate Availability Certificate" ലഭ്യമായതിനെത്തുടർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഒഴിവുവിവരങ്ങൾ അറിയിച്ചിരുന്നു. നിലവിൽ ഒരു ഉദ്യോഗാർത്ഥിയുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

**പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ**

237 (237) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ ജീവനക്കാരുടെ യോഗ്യത, നിയമനം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിലുണ്ടോ?

ആരോഗ്യവകുപ്പിൽ പാരാമെഡിക്കൽ വിഭാഗത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ നിലവിൽ സ്പെഷ്യൽ റൂളുണ്ട്.

(ബി) ഇല്ലെങ്കിൽ അവ രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ റൂൾ നിലവിലില്ലാത്ത സർവ്വീസുകളിൽ ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വടകര ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

238 (238) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജില്ലാശുപത്രിയിൽ ഡോക്ടർമാർ, ടെക്നിക്കൽ സ്റ്റാഫുകൾ, മറ്റ് തസ്തികകൾ എന്നിങ്ങനെ വിവിധ തസ്തികകളിലായി എത്ര ജീവനക്കാരുണ്ടാകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്?

ആർദ്രം മാനദണ്ഡപ്രകാരം ജില്ലാതല ആശുപത്രിയിൽ ആവശ്യമുള്ള തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒരു ജില്ലാശുപത്രിയിൽ ഏതൊക്കെ രോഗങ്ങളുടെ ചികിത്സകളാണ് ലഭ്യമാകുക; പ്രസ്തുത രോഗങ്ങളുടെ ചികിത്സയ്ക്കായി ആശുപത്രിയിലുണ്ടായിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഉപകരണങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

ജില്ലാശുപത്രികളിൽ ചികിത്സ നൽകുന്ന രോഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ഒഫ്താൽമോളജി, ഡെർമറ്റോളജി, ഗൈനക്കോളജി, അനസ്തേഷ്യ, സൈക്യാട്രി, റസ്പിറേറ്ററി മെഡിസിൻ, പി.എം.ആർ., ഡെന്റൽ, ഡയാലിസിസ് എന്നിവയുമായി ബന്ധപ്പെട്ട രോഗങ്ങൾക്കുള്ള ചികിത്സകൾക്കുപുറമേ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളായ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നിവയുടെ അനുബന്ധ രോഗങ്ങൾക്കുള്ള ചികിത്സ ജില്ലാതല ആശുപത്രികളിൽ ലഭ്യമാക്കുന്നു. പ്രസ്തുത രോഗങ്ങളുടെ ചികിത്സയ്ക്കായി ആശുപത്രിയിലുണ്ടായിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഉപകരണങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വടകര ജില്ലാശുപത്രിയെ താലൂക്കാശുപത്രിയിൽനിന്നും ജില്ലാശുപത്രിയായി ഉയർത്തിയപ്പോൾ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തുകയുണ്ടായോ;

(ഡി) എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലായി എത്രവീതം തസ്തികകളാണ് ഇപ്രകാരം അധികമായി ഇവിടെയുണ്ടായത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) വടകര താലൂക്കാശുപത്രിയെ ജില്ലാശുപത്രിയായി ഉയർത്തിയതിനുശേഷം താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ (ജനറൽ കേഡർ) | 4 |
| 2 | സ്റ്റാഫ് നഴ്സ് | 12 |
| 3 | ദന്തൽ മെക്കാനിക് | 1 |
| 4 | ജനറൽ ഡ്യൂട്ടി മെഡിക്കൽ ഓഫീസർ | 1 |
| 5 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 1 |
| 6 | ജൂനിയർ കൺസൾട്ടന്റ് (സർജറി) | 1 |
| 7 | ജൂനിയർ കൺസൾട്ടന്റ് (പി.എം.ആർ.) | 1 |
| 8 | ജൂനിയർ കൺസൾട്ടന്റ് (പൾമണോളജി) | 1 |
| 9 | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 10 | ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) | 1 |
| 11 | പത്തോളജി ബ്ലഡ് ബാങ്ക് | 1 |
| 12 | സയന്റിഫിക് ഓഫീസർ ബ്ലഡ് ബാങ്ക് | 1 |
| 13 | ജൂനിയർ സൂപ്രണ്ട് | 1 |
| 14 | ലാബ് ടെക്നീഷ്യൻ | 1 |
| 15 | കൺസൾട്ടന്റ് (പീഡിയാട്രിക്) | 1 |
| 16 | ഇ.സി.ജി. ടെക്നീഷ്യൻ | 1 |
| 17 | ഡയാലിസിസ് ടെക്നീഷ്യൻ | 2 |

(ഇ) ജില്ലാശുപത്രി എന്ന നിലയിലുണ്ടായിരിക്കേണ്ടതും എന്നാൽ നിലവിൽ വടകര ജില്ലാശുപത്രിയിലില്ലാത്തതുമായ ചികിത്സാ വിഭാഗങ്ങൾ ഏതൊക്കെയാണ്?

ആർദ്രം മാനദണ്ഡപ്രകാരം ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി എന്ന നിലയിൽ കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുത്തിട്ടുള്ളത് കോഴിക്കോട് ജനറൽ ആശുപത്രിയെയാണ്. ആദ്യഘട്ടത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കുന്നത് ഈ ആശുപത്രിയിലാണ്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ വിഭാഗങ്ങൾ വടകര ജില്ലാശുപത്രിയിൽ നിലവിലില്ല.

(എഫ്) വടകര ജില്ലാശുപത്രിയിൽ നിലവിൽ ഏതൊക്കെ വിഭാഗങ്ങളിൽ എത്രവീതം ജീവനക്കാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്?

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി ) | 1 |
| 2 | ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക് പത്തോളജി) | 1 |
| 3 | സയന്റിഫിക് ഓഫീസർ ബ്ലഡ് ബാങ്ക് | 1 |
| 4 | നഴ്സിംഗ് സൂപ്രണ്ട് | 1 |
| 5 | സീനിയർ ഒപ്റ്റോമെട്രിസ്റ്റ് | 1 |
| 6 | ജൂനിയർ ലാബ് അസിസ്റ്റന്റ് | 1 |
| 7 | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| 8 | ഡയാലിസിസ് ടെക്നീഷ്യൻ | 2 |
| 9 | കുക്ക് | 2 |
| 10 | ധോബി | 2 |

(ജി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താത്തതിനുള്ള കാരണങ്ങളെന്തൊക്കെയാണ്; പ്രസ്തുത തസ്തികകളിൽ ഉടൻതന്നെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ആരോഗ്യ വകുപ്പിൽ നിലവിലുള്ള തസ്തികകൾ

239 (239) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ?

2021-ലെ വാർഷിക റിപ്പോർട്ട് കണക്കുപ്രകാരം ആരോഗ്യ വകുപ്പിലുള്ള തസ്തികകളുടെ വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിനുകീഴിൽ ചുവടെ പറയുന്ന 331 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | കൺസൾട്ടന്റ് (ന്യൂറോളജി) | 2 |
| 2 | ക്ലാർക്ക് | 44 |
| 3 | സ്റ്റാഫ് നഴ്സ് | 204 |
| 4 | ഫാർമസിസ്റ്റ് | 52 |
| 5 | ഹോസ്പിറ്റൽ അറ്റൻഡർ Gr. II | 4 |
| 6 | കുക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | വാച്ച്മാൻ | 20 |

## കാട്ടാക്കട സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ

240 (240) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട സി.എച്ച്.സി.-യിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട സാമൂഹികാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കിയിട്ടുണ്ട്. നിലവിലെ കാട്ടാക്കട സി.എച്ച്.സി.-യിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടത്തി വരുന്നുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ആവശ്യമായ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണമെത്രയാണെന്ന് വിശദമാക്കാമോ?

കാട്ടാക്കട സാമൂഹികാരോഗ്യ കേന്ദ്രം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കിയിട്ടുണ്ട്. നിലവിലെ കാട്ടാക്കട സി.എച്ച്.സി.-യിലെ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

241 (241) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽ ജനറൽ ഒ.പി. പരിശോധനയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തികയില്ലാത്തതിനാൽ ജനറൽ വിഭാഗം രോഗികളെയും എൻ.സി.ഡി. രോഗികളെയും അത്യാഹിത വിഭാഗത്തിൽ ഡ്യൂട്ടിയിലുള്ള ഡോക്ടർമാർക്ക് പരിശോധിക്കേണ്ടിവരുന്നതുമൂലം രോഗികളും ഡോക്ടർമാരും ബുദ്ധിമുട്ടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽ ഒരു അസിസ്റ്റന്റ് ഡയറക്ടർ, 11 സ്പെഷ്യാലിറ്റി ഡോക്ടർമാർ, 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നിങ്ങനെ 16 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ടി തസ്തികകളിലെല്ലാം ഡോക്ടർമാർ ജോലി ചെയ്തുവരുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെ ഡോക്ടർമാരുടെ തിരക്ക് കുറയ്ക്കുന്നതിനായി രണ്ട് ഡോക്ടർമാരെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്.

(ബി) കൂത്തുപറമ്പ് താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്നകാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി&സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) നിയമനം**

242 (242) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്ന തസ്തിക എന്നുമുതൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കുമോ?

1-6-2022 മുതൽ

(ബി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഡി.പി.സി. കൂടുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത ഒഴിവ് സീനിയർ ഗ്രേഡ് മലേറിയ ഓഫീസർ/സീനിയർ ബയോളജിസ്റ്റ് എന്നീ വിഭാഗങ്ങളിൽ ഏത് വിഭാഗത്തിൽനിന്നാണ് നികത്തേണ്ടതെന്ന് വ്യക്തമാക്കുമോ?

18-2-2017-ലെ സ.ഉ. (സാധാ) നമ്പർ 27/2017/ആ.കു.വ. എന്ന ഉത്തരവിനെ ആധാരമാക്കി 1:1 അനുപാത പ്രകാരം ഹയർ ഗ്രേഡ് മലേറിയ ഓഫീസർ/സീനിയർ ബയോളജിസ്റ്റ് തസ്തികകളിൽനിന്നും ഇവരുടെ അഭാവത്തിൽ ജില്ലാ മലേറിയ ഓഫീസർ/ബയോളജിസ്റ്റ് തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റിൽനിന്നുമാണ് അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ/എന്റമോളജി) തസ്തികയിലെ നിയമനത്തിനായി പരിഗണിച്ചുവരുന്നത്. പ്രസ്തുത തസ്തികയിലെ തൊട്ടുമുമ്പുള്ള നിയമനം ഹയർ ഗ്രേഡ് മലേറിയ ഓഫീസർ, സീനിയർ ബയോളജിസ്റ്റ് (1:1) എന്ന ക്രമത്തിലായിരുന്നു. നിലവിലുള്ള ഒഴിവിലേയ്ക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഇക്കാര്യങ്ങളും പരിഗണിക്കുന്നതാണ്.

(ഡി) സീനിയർ ഗ്രേഡ് മലേറിയ ഓഫീസർമാരുടെയും സീനിയർ ബയോളജിസ്റ്റുമാരുടെയും ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

243 (243) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസ് ഓർഡർ പി.ആർ.ഒ.ആർ. 1141-ന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*

(ബി) പ്രസ്തുത പർച്ചേസ് ഓർഡർ സംബന്ധിച്ച നോട്ട് ഫയൽ പകർപ്പ് ലഭ്യമാക്കാമോ?

നോട്ട് ഫയലിൽ ടി പർച്ചേസ് ഓർഡർ (PROR 1141) സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല.

(സി) പ്രസ്തുത ഓർഡറിന് സർക്കാരിൽനിന്നും എക്സ്പോസ്റ്റ് ഫാക്ടോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ ഈ അംഗീകാരത്തിന്റെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കോവിഡുകാലത്ത് കോർപ്പറേഷൻ വാങ്ങിയിട്ടുള്ള എല്ലാ മരുന്നുകൾക്കും മറ്റനുബന്ധ സാമഗ്രികൾക്കും വിതരണക്കാരുടെ പേരുകൾ നിർദ്ദേശിച്ചിട്ടല്ല അംഗീകാരം നൽകിയിട്ടുള്ളത്. സർക്കാരിൽനിന്നും നൽകിയിട്ടുള്ള അനുമതികളിൽ ആവശ്യത്തിനുള്ള സാധനസാമഗ്രികൾ വാങ്ങി നൽകണമെന്നുമാത്രമേ നിർദ്ദേശിച്ചിട്ടുള്ളൂ. സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒരു വിതരണക്കാരനെ ആധാരമാക്കി നൽകിയിട്ടില്ല.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങിയ പി.പി.ഇ. കിറ്റുകൾ

244 (244) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-3-2020 മുതൽ രണ്ടുമാസത്തിനുള്ളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര പി.പി.ഇ. കിറ്റുകൾ വാങ്ങിയിട്ടുണ്ട്?

506000 പി.പി.ഇ. കിറ്റുകൾ വാങ്ങിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പി.പി.ഇ. കിറ്റുകൾ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും ഏതൊക്കെ തീയതികളിൽ എത്ര രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആന്റിവെനം ചികിത്സ**

245 (245) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണ് പാമ്പ് കടിയേറ്റാൽ നൽകുന്ന ആന്റിവെനം ചികിത്സാസൗകര്യം ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആന്റിവെനം മതിയായ അളവിൽ പല ആശുപത്രികളിലും ഇല്ലാത്തതും വെന്റിലേറ്റർ സൗകര്യത്തിന്റെ അഭാവംമൂലം യഥാസമയം ചികിത്സ ലഭിക്കാത്തതുമായ സാഹചര്യം നിലനിൽക്കുന്നുണ്ടോ;

(സി) ജില്ലാ ആശുപത്രിയിലും എല്ലാ താലൂക്കാശുപത്രികളിലും ആന്റിവെനം ചികിത്സ ഉറപ്പുവരുത്തുന്നതിനും ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ഇടുക്കി ജില്ലയിലെ ജില്ലാശുപത്രി പൈനാവ്; ജില്ലാശുപത്രി തൊടുപുഴ; താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി അടിമാലി, നെടുംകണ്ടം, പീരുമേട്, കട്ടപ്പന; സാമൂഹികാരോഗ്യകേന്ദ്രം ഉടുമ്പൻചോല; ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രി എന്നീ ആരോഗ്യസ്ഥാപനങ്ങളിൽ പാമ്പുകടിയേറ്റാൽ നൽകുന്ന ആന്റിവെനം ചികിത്സാസൗകര്യം ലഭ്യമാണ്. ആന്റിവെനം മതിയായ അളവിലില്ലാത്തതും വെന്റിലേറ്റർ സൗകര്യത്തിന്റെ അഭാവംമൂലം യഥാസമയം ചികിത്സ ലഭിക്കാത്തതുമായ സാഹചര്യം നിലവിലില്ല.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസുകൾ**

246 (246) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൻഡ്രിയ ട്രേഡേഴ്സ് എന്ന കമ്പനിയിൽനിന്നും എന്തൊക്കെ സാമഗ്രികളാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫെയ്സ് ഷീൽഡ്, 3 ലേയർ മാസ്ക്, പി.പി.ഇ. കിറ്റ് എന്നീ ഇനങ്ങളാണ് ആൻഡ്രിയ ട്രേഡേഴ്സിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങിയിട്ടുള്ളത്.

(ബി) വാങ്ങിയ സാമഗ്രി, വാങ്ങിയ തീയതി, നിരക്ക് എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത സ്ഥാപനത്തിന് നൽകിയ കരാറുകളിൽ ടെൻഡർ നടപടികൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ടെൻഡർ, ക്വട്ടേഷൻ, നെഗോസിയേഷൻ എന്നിവ വഴിയാണ് മരുന്നുകളുടെയും മറ്റും പർച്ചേസ് നടത്തുന്നത്. കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നത് 19-6-2012-ലെ ജി.ഒ. (എം.എസ്.)നം. 186/2012/ആ.കു.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനികളുമായി നെഗോസിയേഷൻ പൂർത്തീകരിച്ചതിനുശേഷമാണ്. മേൽ സ്ഥാപനംവഴി ഫെയ്സ് ഷീൽഡ്, 3 ലേയർ മാസ്ക്, പി.പി.ഇ. കിറ്റ് എന്നീ ഇനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യയിലൂടെയാണ് വാങ്ങിയത്. പ്രസ്തുത പർച്ചേസിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. പകരം ക്വട്ടേഷൻ വഴിയാണ് സംഭരിച്ചത്.

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ മുൻപരിചയവും വിശ്വാസ്യതയും പരിശോധിച്ചിട്ടുണ്ടോ;

(ഇ) നാഷണൽ ഹെൽത്ത് മിഷനിൽ ജോലിചെയ്യുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണെന്നത് ഈ കമ്പനിക്ക് കരാർ നൽകുന്നതിന് സഹായകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) കാരുണ്യ പർച്ചേസ് ഡിവിഷനിൽ കോവിഡ് സാമഗ്രികൾ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വിതരണക്കാരനെ തെരഞ്ഞെടുത്താണ് വിതരണോത്തരവ് നൽകിവരുന്നത്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

247 (247) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ അപ്പാരൽസ് എന്ന സ്ഥാപനത്തിൽനിന്നും 22-3-2020-ന് പി.പി.ഇ. കിറ്റുകൾ വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തീരുമാനിച്ചിരുന്നോ; വ്യക്തമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത തീരുമാനം റദ്ദാക്കിയിരുന്നോ; എങ്കിൽ എന്തുകൊണ്ടാണ് ഈ തീരുമാനം റദ്ദാക്കിയത്; വ്യക്തമാക്കാമോ?

(എ&ബി) മഹിളാ അപ്പാരൽസ് എന്ന സ്ഥാപനത്തിൽനിന്നും 22-3-2020-ന് പി.പി.ഇ. കിറ്റുകൾ വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തീരുമാനമെടുത്തിരുന്നു. എന്നാൽ 2-4-2020-ന് നടത്തിയ സാംപിൾ ഇവാല്യുവേഷനിൽ മഹിളാ അപ്പാരൽസ് വിതരണം ചെയ്യുന്ന പി.പി.ഇ. കിറ്റ് ഉപയോഗപ്രദമല്ലെന്ന് ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിനുള്ള തീരുമാനം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ റദ്ദാക്കുകയും ചെയ്തു.

(സി) പ്രസ്തുത തീരുമാനം റദ്ദാക്കിയശേഷവും ഈ പർച്ചേസ് ഓർഡറിന് സർക്കാരിൽനിന്നും എക്സ്പോസ്റ്റ് ഫാക്ടോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

എക്സ്പോസ്റ്റ് ഫാക്ടോ അംഗീകാരം നൽകിയിട്ടില്ല.

**പബ്ലിക് ഹെൽത്ത് കേഡർ പദ്ധതി**

248 (248) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് കേഡർ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ പബ്ലിക് ഹെൽത്ത് കേഡർ, മെഡിക്കൽ സർവ്വീസസ് കേഡർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാക്കി തിരിച്ചുകൊണ്ട് 30-5-2019-ലെ സ.ഉ. (കൈ) നം.71/2019/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനനുസൃതമായി ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി ആരോഗ്യമേഖലയ്ക്കുണ്ടാക്കുന്ന മാറ്റങ്ങൾ വിശദമാക്കാമോ?

കാലാവസ്ഥാജന്യ രോഗങ്ങൾ, പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും തുടച്ചുനീക്കുന്നതിനും കൂടുതൽ ഫലപ്രദമായ പൊതുജനാരോഗ്യ സംവിധാനമെന്ന നിലയിലാണ് പബ്ലിക് ഹെൽത്ത് കേഡർ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

## ഡയാലിസിസ് യൂണിറ്റ് വിപുലീകരണം

249 (249) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് വിപുലീകരണത്തിന് തുക അനുവദിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് വിപുലീകരണത്തിന് നിർമ്മാണ പ്രവർത്തനത്തിന് 1,58,46,776 രൂപയും ഉപകരണങ്ങൾക്ക് 1,30,73,000 രൂപയും അനുവദിച്ചുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഡയാലിസിസ് യൂണിറ്റ് നിർമ്മാണം ആരംഭിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ആദ്യം തയ്യാറാക്കിയ 1,58,46,776 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിരുന്നെങ്കിലും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 1,85,00,000 രൂപയാണ് ആവശ്യമായിട്ടുള്ളത്. അതിനുള്ള അനുമതി അടുത്ത സാമ്പത്തികവർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നകാര്യം പരിഗണിക്കുന്നതാണ്. ഡയാലിസിസ് യൂണിറ്റ് നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ഭാഗത്തെ മരങ്ങൾ മുറിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്.

## തിരുവല്ല താലൂക്കാശുപത്രിയിലെ മിന്നൽ സന്ദർശനം

250 (250) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്കാശുപത്രിയിൽ ആരോഗ്യ വകുപ്പുമന്ത്രി മിന്നൽ സന്ദർശനം നടത്തിയ അവസരത്തിൽ ആശുപത്രി സൂപ്രണ്ടിനെ പരസ്യമായി ശാസിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സൂപ്രണ്ടിനെതിരായി കണ്ടെത്തിയ കൃത്യവിലോപങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത സന്ദർശനത്തെത്തുടർന്ന് സൂപ്രണ്ടിനെ സ്ഥലം മാറ്റിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) ആരോഗ്യ വകുപ്പുമന്ത്രിയുടെ സന്ദർശനവേളയിൽ അന്നേദിവസം ആശുപത്രിയിലെ ഒ.പി. വിഭാഗത്തിൽ ഹാജരാകാതിരുന്ന ഡോക്ടർമാരോട് വിശദീകരണം വാങ്ങുന്നതിന് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാർക്കെതിരെ വകുപ്പുതലത്തിൽ തുടർ നടപടികളാരംഭിച്ചിട്ടുണ്ട്. പൊതുസ്ഥലമാറ്റത്തിന്റെ ഭാഗമായി തിരുവല്ല താലൂക്കാശുപത്രിയിലെ സൂപ്രണ്ട് ഡോ. അജയ മോഹനെ ജില്ലാശുപത്രി ചെങ്ങന്നൂരിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതും പകരം ഡോ. ബിജു. ബി. എൻ.-നെ സൂപ്രണ്ടായി നിയമിച്ചിട്ടുള്ളതുമാണ്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പി.പി.ഇ. കിറ്റ് വാങ്ങിയത്**

251 (251) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) M/s. ഹെൽപ് ലൈഫ് കൺസൾട്ടന്റ്സ് & റെയിൻബോ ഡ്രഗ്സ് ആൻഡ് കെമിക്കൽസ് എന്ന സ്ഥാപനത്തിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പി.പി.ഇ. കിറ്റുകൾ ലഭ്യമാക്കിയിരുന്നോ; എങ്കിൽ ഏതൊക്കെ തീയതികളിലായി എത്ര രൂപ നിരക്കിലാണ് ഈ സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റുകൾ ലഭ്യമാക്കിയിരുന്നത്?

M/s. ഹെൽപ് ലൈഫ് കൺസൾട്ടന്റ്സ് & റെയിൻബോ ഡ്രഗ്സ് ആൻഡ് കെമിക്കൽസ് എന്ന സ്ഥാപനത്തിന് 24-3-2020-ലെ പി.ഒ. നം. 10449 പ്രകാരം പി.പി.ഇ. കിറ്റ് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് പർച്ചേസ് ഓർഡർ നൽകുകയും ടി പർച്ചേസ് ഓർഡർ 01-4-2020-ന് റദ്ദാക്കുകയും ചെയ്തു.

(ബി) പ്രസ്തുത പർച്ചേസ് ഓർഡറിന് സർക്കാരിൽനിന്നും എക്സ്പോസ്റ്റ് ഫാക്ടോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അംഗീകാരത്തിന്റെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എക്സ്പോസ്റ്റ് ഫാക്ടോ അംഗീകാരം നൽകിയിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പി.പി.ഇ. കിറ്റുകൾ ലഭ്യമാക്കിയതുസംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

252 (252) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ PROR00000010449 പർച്ചേസ് ഓർഡർ സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

24-3-2020-ലെ പി. ഒ. നമ്പർ PROR00000010449 പ്രകാരം M/s. ഹെൽപ് ലൈഫ് കൺസൾട്ടന്റ്സ് & റെയിൻബോ ഡ്രഗ്സ് ആൻഡ് കെമിക്കൽസ് എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുകയും ടി പർച്ചേസ് ഓർഡർ 01-4-2020-ന് റദ്ദാക്കുകയും ചെയ്തു. ടി വിവരങ്ങൾ സംബന്ധിച്ച നോട്ട് ഫയൽ ലഭ്യമല്ല.

(ബി) പ്രസ്തുത പർച്ചേസ് ഓർഡറിന് സർക്കാരിൽനിന്നും എക്സ്പോസ്റ്റ് ഫാക്ടോ അംഗീകാരം നേടിയെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എക്സ്പോസ്റ്റ് ഫാക്ടോ അംഗീകാരം നൽകിയിട്ടില്ല.

**പി.പി.ഇ. കിറ്റ് വാങ്ങിയതിലുള്ള അഴിമതി ആരോപണം**

253 (253) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-3-2020-ന് സാൻഫാർമ എന്ന കമ്പനിയിൽനിന്നും അമ്പതിനായിരം പി.പി.ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനമെടുത്തശേഷം പതിനയ്യായിരം കിറ്റുമാത്രം വാങ്ങിയാൽമതിയെന്ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഫിനാൻസ് മാനേജർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതിന്റെ തീയതി വ്യക്തമാക്കാമോ?

15000 പി.പി.ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനമെടുത്തതായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഫിനാൻസ് മാനേജർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയത് 31-3-2020-ലാണ്.

(ബി) പ്രസ്തുത കമ്പനിയിൽനിന്നും പതിനയ്യായിരം പി.പി.ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൈക്കൊണ്ടശേഷം അമ്പതിനായിരം പി.പി.ഇ. കിറ്റ് വാങ്ങിയതിനുള്ള 7.75 കോടി രൂപയുടെ എക്സ്പോസ്റ്റ് ഫാക്റ്റോ അംഗീകാരത്തിന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

എക്സ്പോസ്റ്റ് ഫാക്റ്റോ അംഗീകാരത്തിനായി കോർപ്പറേഷൻ സർക്കാരിലേയ്ക്ക് കത്തയച്ചത് 2020 ഏപ്രിൽ 10-നാണ്. ആ സമയത്ത് സാൻഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷന് നൽകാനുണ്ടായിരുന്ന ബാക്കി എണ്ണം പി.പി.ഇ. കിറ്റുകൾ റദ്ദാക്കുകയോ ടി കമ്പനിയിൽനിന്ന് വാങ്ങേണ്ടതില്ലെന്ന തീരുമാനമോ കോർപ്പറേഷൻ കൈക്കൊണ്ടിട്ടില്ല. സാൻഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷനിലേയ്ക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്ന 35000 എണ്ണം പി.പി.ഇ. കിറ്റുകൾ റദ്ദുചെയ്തത് 15-4-2020-നാണ്.

(സി) ശേഷിക്കുന്ന തുക എന്താവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്ന് വിശദമാക്കാമോ?

ശേഷിക്കുന്ന തുക കോവിഡ് പ്രതിരോധ സാധനസാമഗ്രികൾ വാങ്ങുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത തുകയുടെ വിനിയോഗത്തിനായി സർക്കാരിന്റെ അനുമതി നേടിയിരുന്നോ; എങ്കിൽ ആയതുസംബന്ധിച്ച വിശദാംശം നൽകാമോ?

സർക്കാരിന്റെ അനുമതി തേടിയിരുന്നില്ല.

**ആരോഗ്യ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് ക്യൂ ഒഴിവാക്കാൻ നടപടി**

254 (254) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് ക്യൂ ഒഴിവാക്കിക്കൊണ്ടുള്ള അറിയിപ്പ് ബോർഡ് സ്ഥാപിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പ്രസ്തുത ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) ഭിന്നശേഷി വിഭാഗക്കാർക്കായി വിവിധ സേവനങ്ങൾക്കായി ക്യൂ ഒഴിവാക്കിക്കൊണ്ടുള്ള അറിയിപ്പ് ബോർഡ് എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടില്ല. ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രികളിൽ ക്യൂ ഒഴിവാക്കിക്കൊണ്ടുള്ള പ്രത്യേക ബോർഡുകൾ എല്ലാ ആശുപത്രികളിലും നിലവിൽ സ്ഥാപിച്ചിട്ടില്ലെങ്കിലും ഭിന്നശേഷിക്കാരായവർ ഒ.പി.-യിൽ വന്നാൽ അവർക്ക് മുൻഗണന കൊടുക്കാനുള്ള നിർദ്ദേശം എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ട്.

## ഇ-കോളി ബാക്ടീരിയ

255 (255) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലെ കിണറുകളിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളും സെപ്ടിക് ടാങ്കുകളും നിശ്ചിത അകലത്തിൽ തന്നെയാണോയെന്നകാര്യം പരിശോധിക്കുകയും ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം സംശയിക്കുന്ന സ്ഥലങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിൽനിന്നും ജലസാമ്പിളുകളെടുത്ത് പരിശോധനയ്ക്കായി അംഗീകൃത ലാബുകളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തുന്ന കുടിവെള്ള സ്രോതസ്സുകളിൽ ഉറവിട നശീകരണവും പുനഃപരിശോധനയും നടത്തി ബാക്ടീരിയയുടെ സാന്നിദ്ധ്യമില്ലായെന്ന് ഉറപ്പാക്കിയശേഷം മാത്രമാണ് ഉപയോഗത്തിന് അനുമതി നൽകാറുള്ളത്.

(ബി) കിണറുകളിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നപക്ഷം എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്ന തെന്നറിയിക്കാമോ?

ജലത്തിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ അവയുടെ ബാഹ്യമായ ഉറവിടം കണ്ടെത്തുകയും അത് ഇല്ലായ്മ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സൂപ്പർ ക്ലോറിനേഷനുൾപ്പെടെയുള്ള ജലശുദ്ധീകരണ മാർഗ്ഗങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകർവഴി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. ഇതിനായി ഫീൽഡ് വിഭാഗം ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇ-കോളി ബാക്ടീരിയയുടെ

സാന്നിദ്ധ്യം കണ്ടെത്തുന്ന കുടിവെള്ള സ്രോതസ്സുകളിൽ ഉറവിട നശീകരണവും പുനഃപരിശോധനയും നടത്തി ബാക്ടീരിയയുടെ സാന്നിദ്ധ്യമില്ലെന്ന് ഉറപ്പാക്കിയശേഷം മാത്രമാണ് ഉപയോഗത്തിന് അനുമതി നൽകാറുള്ളത്. കൂടാതെ തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനുള്ള നിർദ്ദേശം പൊതുജനങ്ങൾക്ക് നൽകിവരുന്നു. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കാനുള്ള നടപടികളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

## പി.പി.ഇ. കിറ്റ്

256 (256) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാൻഫാർമ എന്ന സ്ഥാപനത്തിൽനിന്നും അമ്പതിനായിരം പി.പി.ഇ. കിറ്റുകൾ വാങ്ങാൻ തീരുമാനിച്ചതിനുശേഷം പതിനയ്യായിരം പി.പി.ഇ. കിറ്റുകൾ മാത്രം വാങ്ങാനുള്ള തീരുമാനം കൈക്കൊണ്ടത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സാൻഫാർമയിൽനിന്ന് 15000 പി.പി.ഇ. കിറ്റ് വാങ്ങിയതുമായി ബന്ധപ്പെട്ട കെ.എം.എസ്.സി.എൽ. നോട്ട് ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സ്ഥാപനത്തിൽനിന്നും പതിനയ്യായിരം പി.പി.ഇ. കിറ്റുകൾ വാങ്ങാനുള്ള തീരുമാനം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൈക്കൊണ്ടതിനുശേഷം അമ്പതിനായിരം പി.പി.ഇ. കിറ്റ് വാങ്ങിയതിനുള്ള 7.75 കോടി രൂപയുടെ എക്സ്പോസ്റ്റ് ഫാക്റ്റോ അംഗീകാരത്തിന് സർക്കാരിൽ സമർപ്പിച്ചതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിവിധ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട എക്സ്പോസ്റ്റ് ഫാക്റ്റോ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ച കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) ശേഷിക്കുന്ന തുകയുടെ വിനിയോഗത്തിനായി സർക്കാരിന്റെ അനുമതി നേടിയിരുന്നോ; എങ്കിൽ ആയതുസംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത അനുമതി സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(സി&ഡി) സർക്കാരിന്റെ അനുമതി തേടിയിരുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അവയവ മാറ്റം**

257 (257) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവമാറ്റവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

സർക്കാരിന്റെ കീഴിൽ മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' നിലവിലുണ്ട്. അവയവദാനവും അവയവ കൈമാറ്റവും കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955-ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന അവയവദാന രജിസ്ട്രി തയ്യാറായി വരുന്നുണ്ട്. ഈ രജിസ്ട്രി നിലവിൽ വരുന്നതോടെ ഈ പദ്ധതി മുഖേനയുള്ള അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാകുന്നതാണ്. അവയവമാറ്റ ശസ്ത്രക്രിയ പരിപോഷിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് 26-6-2022-ലെ സ.ഉ. (സാധാ) നമ്പർ 1522/2022/ആ.കു.വ. പ്രകാരം 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അവയവ മാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുന്നതിനും അവയവ കച്ചവടം നിയന്ത്രിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

18-6-2022-ലെ സ.ഉ. (അച്ചടി) നമ്പർ 24/2022/ആ.കു.വ. പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ 1994-ലെ മനുഷ്യാവയവ കൈമാറ്റ നിയമത്തിന്റെ കീഴിൽ അപ്രോപ്രിയേറ്റ് അതോറിറ്റിയായി നിയമിച്ചും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ ഓഫീസ് അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ ഓഫീസായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയവമാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ, അവയവ കച്ചവടം, മനുഷ്യാവയവ കൈമാറ്റ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം എന്നിവയെക്കുറിച്ചുള്ള പരാതി അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് കഴിയുന്നതാണ്.

(സി) അവയവമാറ്റത്തിനായി സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും അവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(സി&ഡി) അവയവദാന കൈമാറ്റ പ്രക്രിയകൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും കേരള സ്റ്റേറ്റ് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) സ്ഥാപിക്കുകയും ആയത് 1955-ലെ തിരുവിതാംകൂർ-കൊച്ചി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിന്റെ കീഴിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൃതസഞ്ജീവനിയുൾപ്പെടെ അവയവ മാറ്റവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും കെ-സോട്ടോ മുഖേന പ്രവർത്തിക്കുന്നതാണ്. നിലവിൽ കെ-സോട്ടോയുടെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നമുറയ്ക്ക് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്ന സർക്കാർ തലത്തിലെ ഓഫീസായി പ്രവർത്തിക്കാൻ കെ-സോട്ടോയ്ക്ക് കഴിയുന്നതാണ്.

**തിരുവല്ല താലൂക്കാശുപത്രിയിലെ മിന്നൽ സന്ദർശനം**

258 (258) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്കാശുപത്രിയിൽ ആരോഗ്യ വകുപ്പുമന്ത്രി മിന്നൽ സന്ദർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സന്ദർശനം എന്നായിരുന്നു; തദവസരത്തിൽ ആശുപത്രിയുടെ പ്രവർത്തനത്തിൽ കണ്ടെത്തിയ കൃത്യവിലോപങ്ങളും പോരായ്മകളും എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

പത്തനംതിട്ട തിരുവല്ല താലൂക്കാശുപത്രിയിൽ 6-8-2022-ന് സന്ദർശനം നടത്തിയ വേളയിൽ അന്നേദിവസം ആശുപത്രിയിൽ ഹാജരാകാതിരുന്ന ഡോക്ടർമാരോട് വിശദീകരണം വാങ്ങുന്നതിന് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി ഡോക്ടർമാർക്കെതിരെ തുടർനടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അവസരത്തിൽ ആശുപത്രിയിൽനിന്നും അത്യാവശ്യ മരുന്നുകൾപോലും ലഭിക്കുന്നില്ലെന്ന് രോഗികൾ നേരിട്ട് പരാതി ഉന്നയിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ മരുന്നുകൾ ലഭിക്കുന്നില്ലെന്നാണ് പരാതിയുന്നയിച്ചതെന്ന് വ്യക്തമാക്കുമോ?

Tab. Pantoprazole 40 mg, Aceclan SP-യും കെ.എം.എസ്.സി.എൽ.-ന് സപ്ലൈ ഇല്ലാത്ത കമ്പനിയുടെ ചില മരുന്നുകളും ലഭിക്കുന്നില്ലെന്ന് ചില രോഗികൾ പരാതിപ്പെട്ടിരുന്നു.

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; മരുന്ന് ലഭ്യമല്ലാത്ത അവസ്ഥയുണ്ടാകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികളെന്താണെന്ന് അറിയിക്കാമോ?

സമഗ്രമായ അന്വേഷണം നടത്താൻ എ.ഡി.എച്ച്.എസ്. (വിജിലൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) മിന്നൽ സന്ദർശനം നടത്തിയ ദിവസം പ്രസ്തുത ആശുപത്രി ഫാർമസിയിൽ ഏതൊക്കെ അവശ്യ മരുന്നുകളാണില്ലാതിരുന്നതെന്ന് വ്യക്തമാക്കാമോ; അന്നേദിവസം ആശുപത്രി ഫാർമസിയിലെ മരുന്നുകളുടെ സ്റ്റോക്ക് വിവരം സംബന്ധിച്ച വിശദാംശം നൽകാമോ?

അന്നേ ദിവസം ഫാർമസിയിൽ ലഭ്യമായിരുന്ന മരുന്നുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങൾ**

259 (259) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രികളുടെ പേരുവിവരവും അവ പ്രവർത്തിച്ചുവരുന്ന സ്ഥലങ്ങളും ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഓരോ വാർഡിലും നിയോഗിച്ചിട്ടുള്ള ഫീൽഡുതല ആരോഗ്യപ്രവർത്തകരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ആർ.ബി.എസ്.കെ. നഴ്സ്, ജെ.പി.എച്ച്.എൻ., എം.എൽ.എസ്.പി., പി.ആർ.ഒ., ഫിസിയോതെറാപ്പിസ്റ്റ് എന്നീ തസ്തികകൾ ഫീൽഡ് തസ്തികകളാണ്. കൂടാതെ ഓരോ വാർഡിലുമുള്ള ആശാപ്രവർത്തകരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.* ആയുർവ്വേദ, ഹോമിയോ വകുപ്പിൽ ഫീൽഡുതല പ്രവർത്തകരില്ല.

(സി) പ്രസ്തുത ആരോഗ്യ സ്ഥാപനങ്ങളിൽ ഐ.പി. സൗകര്യം ലഭ്യമായിട്ടുള്ള ആശുപത്രികളുടെ വിവരവും അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണവും ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ ഐ.പി. സൗകര്യം അനുവദിച്ചിട്ടുള്ള ആശുപത്രികൾ ചുവടെച്ചേർക്കുന്നു.

| ആശുപത്രി | കിടക്കകളുടെ എണ്ണം |
|---|---|
| താലൂക്കാശുപത്രി, വിതുര | 65 |
| സാമൂഹികാരോഗ്യ കേന്ദ്രം, ആര്യനാട് | 20 |
| സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളനാട് | 30 |
| സർക്കാർ ആയുർവ്വേദ ആശുപത്രി, കോട്ടൂർ | 10 |

**താമരശ്ശേരി താലൂക്കാശുപത്രിയിലെ ആംബുലൻസ്**

260 (260) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കാശുപത്രിയിലെ KL-01-BE-7115 നമ്പർ ആംബുലൻസിന്റെ ഫിറ്റ്നസ് പുതുക്കാനാവശ്യമായ അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട രേഖകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

താമരശ്ശേരി താലൂക്കാശുപത്രിയിലെ KL-01-BE-7115 നമ്പർ ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ 1,47,845 രൂപയുടെ എസ്റ്റിമേറ്റ് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറിന്റെ 3-6-2022-ലെ കത്ത് നമ്പർ ഡി1-18249/2021 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ എന്നാണ് പ്രസ്തുത ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായതെന്ന് അറിയിക്കുമോ?

20-6-2022-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത ഫയലിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച 1,47,845 രൂപയുടെ എസ്റ്റിമേറ്റ് പരിഗണിച്ച് സാങ്കേതികാനുമതി നൽകി (17-8-2022-ലെ ഉത്തരവ് നമ്പർ HT1-105007/2019 DHS പ്രകാരം) ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോടിനും താലൂക്കാശുപത്രി, താമരശ്ശേരി സൂപ്രണ്ടിനും നൽകിയിട്ടുണ്ട്.

(ഡി) 3-6-2022-ന് രേഖപ്പെടുത്തിയ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിൽ കാലവിളംബം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എസ്റ്റിമേറ്റ് അംഗീകരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി&ഇ) സാങ്കേതികാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധമായി ചേർക്കുന്നു.*

**കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം**

261 (261) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബാംഗം കോവിഡ് ബാധിച്ച് മരണപ്പെട്ടാൽ ആ കുടുംബത്തിന് 3 വർഷം പ്രതിമാസം 5,000 രൂപ നൽകുമെന്ന് സംസ്ഥാന സർക്കാർ വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ എപ്പോഴാണ് വാഗ്ദാനം നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) നൽകിയിട്ടുണ്ട്. 22-10-2021-ലെ സ.ഉ.(കൈ) നമ്പർ 203/2021/ റവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം കോവിഡ് ബാധിച്ച് മരണപ്പെട്ട/ മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചുകഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സമാശ്വാസ ധനസഹായമായി 5,000 രൂപ ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അപേക്ഷ സമർപ്പിക്കേണ്ട രീതിയെന്താണെന്നും അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിലാണ് പണം നൽകുകയെന്നും വ്യക്തമാക്കാമോ?

relief.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയും ബന്ധപ്പെട്ട വില്ലേജാഫീസിലും അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ ലഭിച്ച് 30 പ്രവൃത്തി ദിവസത്തിനകം അപേക്ഷയും കോവിഡുബാധിച്ചുള്ള മരണമാണെന്ന സർട്ടിഫിക്കറ്റും പരിശോധിച്ച് പ്രസ്തുത തുക ഡി.ബി.റ്റി. മുഖേന ജില്ലാ കളക്ടർ അനുവദിക്കുന്നതാണ്.

(ഡി) ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണമാണ് അംഗീകരിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഇതുവരെയായി 26589 അപേക്ഷകൾ വിവിധ ജില്ലകളിലായി ലഭിച്ചിട്ടുണ്ട്. 6926 അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) എത്ര അപേക്ഷകൾക്ക് സഹായം അനുവദിച്ചുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; അപേക്ഷകൾ നിരസിച്ചിട്ടുണ്ടെങ്കിൽ എത്രയെണ്ണമാണ് നിരസിച്ചതെന്നും അതിനുള്ള കാരണമെന്താണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

4307 അപേക്ഷകൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 13334 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 22-10-2021-ലെ സ.ഉ. (കൈ) നമ്പർ 203/2021/റവ. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരമല്ലാത്ത അപേക്ഷകളാണ് നിരസിക്കുന്നത്.

**നാഷണൽ ഹെൽത്ത് മിഷൻ നൽകുന്ന തുകയുടെ വിനിയോഗം**

262 (262) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുന്ന തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം ആവശ്യമാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം നാളിതുവരെ എത്രതുക നൽകിയെന്നും എത്ര തുകയ്ക്ക് സർക്കാർ അംഗീകാരം നൽകിയെന്നും വിശദമാക്കാമോ?

കോവിഡ് സാമഗ്രികൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകുന്നത് കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമാണ്. സംസ്ഥാന സർക്കാരിന്റെ അംഗീകാരം പ്രത്യേകം ആവശ്യമില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ലബോറട്ടറി ടെക്നീഷ്യന്മാരുടെ ആശങ്കകൾ പരിഹരിക്കൽ**

263 (263) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള ലബോറട്ടറി ടെക്നീഷ്യന്മാരുടെ ആശങ്കകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ സംസ്ഥാന കൗൺസിലിൽ കേരളത്തിലെ ലബോറട്ടറി ഉടമസ്ഥരുടെ സംഘടനയുടെ ഒരു പ്രതിനിധിയുണ്ട്. ലബോറട്ടറി മേഖലയുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്ന വിഷയങ്ങളെക്കുറിച്ച് കൗൺസിൽ ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. ലബോറട്ടറി ടെക്നീഷ്യന്മാരുൾപ്പെടെയുള്ള സംഘടനകൾ സമർപ്പിക്കുന്ന നിവേദനങ്ങൾ കൗൺസിലിന്റെ നിർവ്വാഹക സമിതിക്കുമുമ്പിൽ വയ്ക്കുകയും സമിതി പരിശോധിച്ചശേഷം തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ലബോറട്ടറി ടെക്നീഷ്യൻസ് സംഘടന സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിഗണിച്ചുകൊണ്ട് മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റി തയ്യാറാക്കിയ മിനിമം സ്റ്റാൻഡേർഡ്സ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**ലാബോറട്ടറികളുടെ സ്ഥലവിസ്തീർണ്ണം വർദ്ധിപ്പിക്കൽ**

264 (264) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ലബോറട്ടറികളിലെ സ്ഥലവിസ്തീർണ്ണം വർദ്ധിപ്പിക്കുകവഴി നിലവിലുള്ള സ്ഥാപനങ്ങൾക്ക് എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രയാസങ്ങളെന്താണെന്ന് വിശദമാക്കാമോ?

ലബോറട്ടറികളുടെ മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റിയുടെ കരട് റിപ്പോർട്ട് 14-1-2022-ൽ ഫീഡ്ബാക്കിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ലെവൽ-1 ലബോറട്ടറികളുടെ സ്ഥലവിസ്തീർണ്ണം 500 സ്ക്വയർഫീറ്റ് എന്ന നിർദ്ദേശമാണുണ്ടായിരുന്നത്. ഇതുസംബന്ധിച്ച ലബോറട്ടറി മേഖലയിലെ ചില സംഘടനകളും വ്യക്തികളും നിലവിലെ സ്ഥിതി തുടരണമെന്നും മറ്റുചില സംഘടനകൾ 300 സ്ക്വയർഫീറ്റായി കുറയ്ക്കണമെന്നും നിവേദനം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത നിവേദനങ്ങൾ പരിഗണിച്ച മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റി ലെവൽ-1 ലാബുകളുടെ മിനിമം ലാബ് വർക്കിംഗ് ഏരിയ വിസ്തീർണ്ണം 500 സ്ക്വയർഫീറ്റിൽനിന്നും 300 സ്ക്വയർഫീറ്റായി കുറച്ച് പുനർനിശ്ചയിച്ചുകൊണ്ടുള്ള കരട് കൗൺസിലിൽ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മലപ്പുറം ബ്ലോക്ക് പി.എച്ച്.സി.-യെ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ**

265 (265) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പൂക്കോട്ടൂർ ബ്ലോക്ക് പി.എച്ച്.സി.-യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെയും എം.എൽ.എ.-യുടെയും ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പി.എച്ച്.സി.-യെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് 6358826/2022/M(H),W&CD നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) ഉണ്ട്. പൂക്കോട്ടൂർ പി.എച്ച്.സി.-യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് ലഭിച്ച നിവേദനം സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) 1-8-2021-ലെ സ.ഉ. (സാധാ) നമ്പർ 1633/2021/ആ.കു.വ. ഉത്തരവുപ്രകാരം മലപ്പുറം പൂക്കോട്ടൂർ പി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മലപ്പുറം പൂക്കോട്ടൂർ പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 1-8-2021-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 1633/2021/ആ.കു.വ പ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ആർദ്രം സ്റ്റാൻഡേർഡ്സ് അനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കൽ സർക്കാർ പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് നടപടി**

266 (266) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റിൽ പുതിയ ഹോമിയോ ആശുപത്രി അനുവദിക്കുന്നതിന് 2210-2-102-73 എന്ന ശീർഷകത്തിൽ തുക വകയിരുത്തുകയും 12-5-2017-ന് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് അംഗീകാരം നൽകുകയും ചെയ്തപ്രകാരം മുപ്പത് പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിച്ച് ആയുഷ് (ബി) വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

13-7-2017-ലെ സ.ഉ. (കൈ) നമ്പർ 21/2017/ആയുഷ് പ്രകാരം 30 ഡിസ്പെൻസറികൾ അനുവദിച്ച് ഉത്തരവായിരുന്നു.

(ബി) പ്രസ്തുത ഉത്തരവ് 27-7-2017-ൽ റദ്ദ് ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ?

27-7-2017-ലെ സ.ഉ. (കൈ) നമ്പർ 24/2017/ആയുഷ് ഉത്തരവുപ്രകാരം മേൽ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഹോമിയോപ്പതി ഡിസ്പെൻസറികൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ധനകാര്യ വകുപ്പിന്റെ വിശദമായ പരിശോധനയ്ക്കുകൂടി വിധേയമാക്കിക്കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി റദ്ദ് ചെയ്തു.

(സി) പ്രസ്തുത ഉത്തരവിലുൾപ്പെട്ട ഏതെങ്കിലും പഞ്ചായത്തിൽ പിന്നീട് സർക്കാർ എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മേൽ ഉത്തരവുപ്രകാരം റദ്ദുചെയ്ത ഉത്തരവിലുൾപ്പെട്ട 10 പഞ്ചായത്തുകളിൽ 28-2-2018-ലെ സ.ഉ. (കൈ) നമ്പർ 3/2018/ആയുഷ് ഉത്തരവ് പ്രകാരം സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

(ഡി) റദ്ദ് ചെയ്ത ഉത്തരവിലുൾപ്പെട്ട മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ 20-5-2022-ൽ ലഭ്യമാക്കിയ പ്രൊപ്പോസലിൽ മുതുവല്ലൂർ പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## ഹോമിയോപ്പതി ഡോക്ടർമാരുടെ കരാർ നിയമനം

267 (267) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള ഡോക്ടർമാരുടെ കരാർ നിയമനം എത്ര വർഷത്തേയ്ക്കാണെന്ന് വ്യക്തമാക്കുമോ?

നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള എല്ലാ കരാർ നിയമനവും ഒരു വർഷമാണ്.

(ബി) നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള ഡോക്ടർമാരുടെ നിയമനം, നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും താൽക്കാലികാടിസ്ഥാനത്തിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

കേരള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും നാഷണൽ ഹെൽത്ത് മിഷനിലേയ്ക്ക് താൽക്കാലിക നിയമനങ്ങൾ നടത്തുവാൻ വ്യവസ്ഥയില്ല.

(സി) നാഷണൽ ഹെൽത്ത് മിഷൻവഴി കരാറടിസ്ഥാനത്തിൽ നിയമിതരായ ഡോക്ടർമാരുടെ വിരമിക്കൽ പ്രായം 60 വയസ് എന്നതുസംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) നാഷണൽ ഹെൽത്ത് മിഷൻ വഴിയുള്ള ഡോക്ടർമാരുടെ കരാർ നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഇല്ല.

(ഇ) സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോപ്പതി) തസ്തികയിലെ നിയമനം കരാർ മുഖേനയാണോ അന്യത്ര സേവന വ്യവസ്ഥ മുഖേനയാണോയെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ഹോമിയോപ്പതി) തസ്തികയിലെ നിയമനം അന്യത്ര സേവന വ്യവസ്ഥ മുഖേനയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആയുഷ് വകുപ്പിലെ മെഡിക്കൽ ഓഫീസർ നിയമനം

268 (268) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർ പി.എസ്.സി. റാങ്ക് പട്ടികയിൽനിന്ന് എത്രപേരെ നിയമിയിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) തസ്തികയിൽ നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും 92 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 2 പേർക്കുകൂടി പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ 80 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) നിലവിൽ എത്ര ഒഴിവുകളുണ്ട്; റാങ്ക് ലിസ്റ്റ് കാലാവധിക്കുള്ളിൽ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഭാരതീയ ചികിത്സാ വകുപ്പിൽ നിലവിൽ 24 ഒഴിവുകളുണ്ട്. ആയതിൽ 12 ഒഴിവുകൾ സർവ്വീസ് ക്വാട്ടയിൽ പി.ജി. ചെയ്യുന്ന മെഡിക്കൽ ഓഫീസർമാരുടേതാണ്. ഇവർക്ക് ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാൽ ടി ഒഴിവുകൾ പി.എസ്.സി. മുഖേന നിയമനം നടത്താൻ സാധിക്കില്ല. നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 7-7-2023-നുള്ളിൽ 55 ഒഴിവുകൾകൂടി പ്രതീക്ഷിക്കുന്നു.

ഹോമിയോപ്പതി വകുപ്പിൽ നിലവിൽ 24 ഒഴിവുകളും വിരമിക്കൽ, സ്ഥാനക്കയറ്റം എന്നിവയിലൂടെ 47 പ്രതീക്ഷിത ഒഴിവുകളുമുണ്ട്.

## മഞ്ചേശ്വരം താലൂക്കിൽ ആയുർവ്വേദ ആശുപത്രി

269 (269) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കിടത്തിച്ചികിത്സാ സൗകര്യത്തോടെയുള്ള ആയുർവ്വേദ ആശുപത്രി തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ആയുർവ്വേദ ഡിസ്പെൻസറികളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) എം.എൽ.എ. ഫണ്ടിൽനിന്നും അടിസ്ഥാന ഭൗതിക സൗകര്യങ്ങളൊരുക്കുകയാണെങ്കിൽ മഞ്ചേശ്വരത്ത് ആയുർവ്വേദ ആശുപത്രി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

എം.എൽ.എ. ഫണ്ടിൽനിന്നും അടിസ്ഥാന ഭൗതിക സാഹചര്യങ്ങളൊരുക്കി ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ആയുർവ്വേദ കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷ

270 (270) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ ഒരു വിഭാഗം രണ്ടാംവർഷ വിദ്യാർത്ഥികൾക്ക് ദ്രവ്യഗുണ വിഷയത്തിലും ചരകയിലും പരീക്ഷയെഴുതാൻ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ആരോഗ്യ സർവ്വകലാശാല റെഗുലേഷൻ അനുസരിച്ച് ഇന്റേണൽ പരീക്ഷകളിലെ ശരാശരി മാർക്ക് 35% ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ചരക സംഹിത, ദ്രവ്യഗുണവിജ്ഞാന വിഷയങ്ങളിൽ പരീക്ഷ എഴുതാനുള്ള യോഗ്യതയില്ലാതിരുന്നതിനാൽ അനുവാദം നൽകിയിട്ടില്ല.

(ബി) വിദ്യാർത്ഥി സമരത്തിന്റെ ഭാഗമായി ബഹിഷ്കരിച്ച മോഡൽ പരീക്ഷ മറ്റൊരു ദിവസം നടത്തുന്നതിനുപകരം മുഴുവൻ വിദ്യാർത്ഥികളെയും തോൽപ്പിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത കോളേജിൽ അക്കാദമിക് കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; 2021-2022, 2022-23 വർഷങ്ങളിലെ അക്കാദമിക് കലണ്ടറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. 2021-22 അക്കാദമിക് വർഷത്തെ കലണ്ടറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* 2022-23-ലെ അക്കാദമിക് കലണ്ടർ പ്രസ്തുത അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് തയ്യാറാക്കുന്നതാണ്.

## കുളത്തൂർ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ ലഭ്യമാക്കാൻ നടപടി

271 (271) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സ്വീകരിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ ഏതൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഡിസ്പെൻസറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി കെട്ടിടമുൾപ്പടെയുള്ള അടിസ്ഥാന ഭൗതികസാഹചര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കി, ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുമേധാവി ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കേണ്ടതുണ്ട്.

**ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തൽ**

272 (272) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ, ആയുർവ്വേദം തുടങ്ങിയ ആയുഷ് വകുപ്പ് ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച ഹൈക്കോടതി ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-സി) പെൻഷൻ പ്രായം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെയടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം**

273 (273) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്നിന്റെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങളുണ്ടായി. രണ്ടുവർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ

കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടുതന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെത്തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി. പനി, മൂക്കടപ്പ് , ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യമുണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽനിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട ജില്ല/സ്ഥാപനങ്ങളിലെത്തിച്ചിട്ടുണ്ട് . ഇതുകൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കിവരുന്നുണ്ട് .

(ബി) മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ പദ്ധതിയിൽനിന്നും ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

സർക്കാർ ആശുപത്രികളിലേയ്ക്കുള്ള അവശ്യമരുന്ന് സംഭരണത്തിനായി കാരുണ്യ ഫണ്ട് വിനിയോഗിച്ചിട്ടില്ല.

(സി) മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

സാധാരണയായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിന്റെ ടെണ്ടർ നടപടികൾ നവംബർ, ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത് . പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തികവർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റുവരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട് . നടപ്പുസാമ്പത്തിക വർഷം (2022-23) സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകൾ സംഭരിച്ച് നൽകുന്നതിനുള്ള ദർഘാസ് 4-12-2021-ന് ക്ഷണിച്ചിരുന്നു.

(ഡി) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ആവശ്യമായ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും വിവിധ സ്കീമുകൾ മുഖേനയും ലഭ്യമാക്കിവരുന്നു. കൂടാതെ നടപ്പുസാമ്പത്തിക വർഷത്തെ ദർഘാസ് പ്രകാരം നല്കിയ ആദ്യഘട്ട വിതരണോത്തരവുകളനുസരിച്ചുള്ള മരുന്നുകളുടെ വിതരണം ആഗസ്റ്റുമാസം 30-ഓടെ പൂർണ്ണതോതിൽ

എത്തിക്കുന്നതിന് കോർപ്പറേഷന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ചിലയിനം മരുന്നുകൾക്ക് നേരിട്ടിരുന്ന ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ലഭ്യതക്കുറവുള്ള മരുന്നിനങ്ങൾ പ്രസ്തുത മരുന്നുകൾ ലഭ്യമായ ജില്ലകളിലെ ആശുപത്രികളിൽനിന്നും/ജില്ലാ മരുന്ന് സംഭരണശാലകളിൽനിന്നും കൈമാറ്റ പ്രക്രിയയിലൂടെ മരുന്നുകൾ ആവശ്യമായ ആശുപത്രികളിലെത്തിച്ച് നൽകിയിട്ടുണ്ട്.
- അത്യാവശ്യ മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും ലഭ്യമാക്കിയിരുന്നു.
- നടപ്പുസാമ്പത്തിക വർഷത്തെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് വിതരണക്കാരെ ലഭ്യമായ ഇനങ്ങൾക്ക് 2022 മേയ് മാസം വിതരണാനുമതിയും ആദ്യഘട്ട വിതരണോത്തരവുകളും നൽകിയിട്ടുണ്ട് . അതനുസരിച്ചുള്ള മരുന്നുകൾ നിലവിൽ എത്തിച്ചേർന്നിട്ടുണ്ട് . ആഗസ്റ്റ് മാസം 30-നുള്ളിൽ പ്രസ്തുത മരുന്നുകൾ പൂർണ്ണതോതിലെത്തി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

## വൈപ്പിൻ മണ്ഡലത്തിലെ അങ്കണവാടിയുടെ പുനർനിർമ്മാണം

274 (274) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ നിലവിലുള്ള 13/50 നമ്പർ അങ്കണവാടി പുനർനിർമ്മാണ അനുമതിക്കായി 11-12-2020-ലെ ബി4/136/2020 നമ്പർ കത്തുപ്രകാരം സമർപ്പിച്ച അപേക്ഷയിൽ അനുമതി ലഭ്യമാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടി പുനർനിർമ്മാണത്തിന് എത്രയുംവേഗം അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ പ്രവർത്തിക്കുന്ന 13/50 നമ്പർ അങ്കണവാടി കെട്ടിടം (ICDS AWC No. 87) പുനർനിർമ്മിക്കുന്നതിനായി ബഹുമാനപ്പെട്ട വൈപ്പിൻ എം.എൽ.എ. മുഖാന്തരം അപേക്ഷ വനിതാ ശിശുവികസന

കാര്യാലയത്തിൽ ലഭിച്ചിരുന്നു. ടി അങ്കണവാടിക്ക് ലഭ്യമായ സ്ഥലം CRZ (Coastal Regulation Zone) പരിധിയിലായതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് KCZMA (Kerala Coastal Zone Management Authority)-യുടെ അനുമതി ആവശ്യമാണ്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി KCZMA-യുടെ അനുമതിയും വകുപ്പ് വിഹിതത്തിന് പുറമെയുള്ള എൽ.എസ്.ജി.ഡി. വിഹിതം വകയിരുത്തി ഭരണസമിതി തീരുമാനവും ലഭ്യമാക്കുന്നമുറയ്ക്ക് വകുപ്പിന്റെ കെട്ടിടനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുമതി നൽകിയിട്ടില്ല.

**അങ്കണവാടി ജീവനക്കാരുടെ വേതന പരിഷ്കരണം**

275 (275) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന പ്രതിമാസ വേതനം എത്രയാണെന്നും എന്നുമുതൽ ഈ തുക ലഭിക്കുന്നുവെന്നും വ്യക്തമാക്കാമോ?

മെയിൻ അങ്കണവാടി വർക്കർക്ക് 12,000 രൂപ, മിനി അങ്കണവാടി വർക്കർക്ക് 11,000 രൂപ, അങ്കണവാടി ഹെൽപ്പർക്ക് 8,000 രൂപ എന്നനിരക്കിലാണ് നമ്മുടെ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്. പ്രസ്തുത ജീവനക്കാർക്ക് 1-4-2019 മുതൽ പ്രാബല്യത്തിൽ ഈ നിരക്കിൽ ഓണറേറിയം നൽകിവരുന്നുണ്ട്.

(ബി) ഇതിൽ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്നത് എത്ര രൂപയാണെന്നും സംസ്ഥാന സർക്കാർ നൽകുന്നത് എത്ര രൂപയാണെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളതനുസരിച്ച് 60:40 (കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും) എന്ന അനുപാതത്തിലാണ് അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം നൽകേണ്ടത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അങ്കണവാടി ജീവനക്കാരുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും നയപരമായ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകരുടെ വേതനം പുതുക്കുന്നത്.

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി സ്വീകരിക്കുന്ന നടപടികളുടെ മാതൃകയിൽ അങ്കണവാടി ജീവനക്കാരുടെ വേതനം പരിഷ്കരിക്കാൻ സ്ഥിരമായൊരു സംവിധാനമുണ്ടാക്കുന്നതിനും കൃത്യമായ ഇടവേളകളിൽ ഇത് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന അങ്കണവാടി പ്രവർത്തകർ, ഓണറേറിയം കൈപ്പറ്റുന്ന സന്നദ്ധസേവകരാണ്. ഇവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായോ സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാരായോ പരിഗണിക്കാൻ നിലവിൽ സംയോജിത ശിശുവികസന സേവന പദ്ധതിയിൽ വ്യവസ്ഥയില്ല. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് ഇവരുടെ വേതന വ്യവസ്ഥകൾക്കാധാരമായിട്ടുള്ളത്. ആയതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ മാതൃക അങ്കണവാടി പ്രവർത്തർക്ക് ബാധകമാക്കാൻ കഴിയില്ല.

**പോഷകബാല്യം പദ്ധതി**

276 (276) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകബാല്യം പദ്ധതിയിൽ വയനാട് ജില്ലയിൽ എത്ര കുട്ടികളുൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പോഷകബാല്യം പദ്ധതിയിൽ വയനാട് ജില്ലയിൽ 7297 കുട്ടികൾ ഇപ്പോൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ ചെലവും അങ്കണവാടികളുടെ എണ്ണവും താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഇതിനാവശ്യമായ ചെലവും അങ്കണവാടികളുടെ എണ്ണവും താലൂക്ക് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൊഴിലിടങ്ങളിൽ ശിശുപരിപാലന കേന്ദ്രം പദ്ധതി

277 (277) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ ശിശുപരിപാലന കേന്ദ്രമെന്ന പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായുള്ള സേവനങ്ങൾ തൊഴിലിടങ്ങളിൽ ശിശു പരിപാലനകേന്ദ്രം പദ്ധതിയിലൂടെ ആരംഭിക്കുന്ന ക്രഷുകളിലെ കുട്ടികൾക്ക് ലഭ്യമാകുന്നു. 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പരിചരണവും വിദ്യാഭ്യാസവും ഉറപ്പാക്കുന്നു. ഇതിന്റെ ഭാഗമായി പകൽ പരിപാലനം, ഉറങ്ങുന്നതിനുള്ള സൗകര്യം, കുഞ്ഞുങ്ങളിലെ ഏർളി സ്റ്റിമുലേഷൻ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, അനുപൂരക പോഷകാഹാരം, ആരോഗ്യ പരിശോധന തുടങ്ങിയ സേവനങ്ങൾ ഉറപ്പാക്കുന്നു. ഇതുകൂടാതെ ഈ പദ്ധതിപ്രകാരം ആരംഭിക്കുന്ന ക്രഷിൽ ആവശ്യമായ ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ഗ്യാസ് സ്റ്റൗ, ഗ്യാസ് കണക്ഷൻ, ശിശുസൗഹൃദ ഫർണിച്ചറുകൾ, പാചകത്തിനുള്ള പാത്രങ്ങൾ, ബ്രെസ്റ്റ് ഫീഡിംഗ് സ്പേസുകൾ, ക്രാഡിൽസ്, ബേബി മോണിറ്ററിംഗ് ഉപകരണങ്ങൾ, മെത്ത, കളിപ്പാട്ടങ്ങൾ, ബെഡ്ഷീറ്റ്, മറ്റ് ക്ലീനിംഗ് ഉപകരണങ്ങൾ തുടങ്ങി ക്രഷിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിലേയ്ക്കായി ക്രഷ് ഒന്നിന് പരമാവധി 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ തൊഴിലിടങ്ങളിലും പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഒന്നാംഘട്ടമായി നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി വനിത-ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന ശിശുക്ഷേമ സമിതി മുഖേന 25 ക്രഷുകൾ ഈ വർഷം സർക്കാർ/പൊതുഓഫീസ് സമുച്ചയങ്ങൾ സ്ഥിതിചെയ്യുന്നിടത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ താൽക്കാലിക ഡ്രൈവർമാരുടെ ശമ്പള കുടിശ്ശിക

278 (278) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശുവികസന വകുപ്പിന്റെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ഡ്രൈവർമാർ ജോലി ചെയ്യുന്നു; ജില്ല

തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഡ്രൈവർമാർക്ക് ശമ്പള കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തേതെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ?

| ക്രമ നമ്പർ | ജില്ല | താൽക്കാലിക ഡ്രൈവർമാർ | ശമ്പള കുടിശ്ശിക |
|---|---|---|---|
| 1 | കാസർഗോഡ് | 0 | 0 |
| 2 | കണ്ണൂർ | 0 | 0 |
| 3 | വയനാട് | 1 | 0 |
| 4 | കോഴിക്കോട് | 0 | 0 |
| 5 | മലപ്പുറം | 0 | 0 |
| 6 | പാലക്കാട് | 1 | 0 |
| 7 | തൃശ്ശൂർ | 0 | 0 |
| 8 | എറണാകുളം | 1 | 0 |
| 9 | ഇടുക്കി | 0 | 0 |
| 10 | കോട്ടയം | 1 | 0 |
| 11 | ആലപ്പുഴ | 0 | 0 |
| 12 | പത്തനംതിട്ട | 1 | 0 |
| 13 | കൊല്ലം | 0 | 0 |
| 14 | തിരുവനന്തപുരം | 1 | 0 |
| ആകെ | | 6 | 0 |

**ആലത്തൂർ മണ്ഡലത്തിലെ അങ്കണവാടികൾ**

279 (279) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളെത്ര; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള 255 അങ്കണവാടികളുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത അങ്കണവാടികളിൽ അറ്റകുറ്റപ്പണികളാവശ്യമുള്ളവ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത അങ്കണവാടികളിൽ അറ്റകുറ്റപ്പണികളാവശ്യമുള്ള 40 എണ്ണമുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ എത്രയെന്നും അവ ഏതൊക്കെയെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 14 അങ്കണവാടികളുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

**പോഷകബാല്യം പദ്ധതി**

280 (280) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകബാല്യം പദ്ധതിയുടെ ഭാഗമായി അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് പാലും മുട്ടയും നൽകുന്ന പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും രണ്ട് ദിവസം പാലും അങ്കണവാടി മെനുവിലുൾപ്പെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതിക്കായി 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ അറുപത്തിയൊന്ന് കോടി അമ്പത് ലക്ഷം രൂപ സർക്കാർ വകയിരുത്തുകയും " പോഷകബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടി കരുത്ത്" എന്ന ഈ പദ്ധതിവഴി മുട്ട നൽകുന്നതിന് 30-5-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 288/2022/വ.ശി.വി.വ. പ്രകാരം 30,00,00,000 (മുപ്പത് കോടി രൂപമാത്രം) രൂപയും പാൽ വിതരണം ചെയ്യുന്നതിന് 30-5-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 289/2022/വ.ശി.വി.വ. പ്രകാരം 31,50,00,000 (മുപ്പത്തിയൊന്ന് കോടി അമ്പത് ലക്ഷം രൂപമാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

" പോഷക ബാല്യം-കുട്ടിക്കുരുന്നുകൾക്ക് ഇരട്ടി കരുത്ത്" എന്ന ഈ പദ്ധതി വനിത-ശിശുവികസന വകുപ്പിലെ 33115 അങ്കണവാടികളിലൂടെയാണ് നടപ്പിലാക്കുന്നത്. അങ്കണവാടിയിലെ മൂന്ന് വയസ് മുതൽ ആറ് വയസുവരെയുള്ള ഏകദേശം 4 ലക്ഷം പ്രീ-സ്കൂൾ കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കടുത്തുരുത്തി മണ്ഡലത്തിലെ അങ്കണവാടികൾക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി

281 (281) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അങ്കണവാടിയുടെ നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞത് എത്ര സെന്റ് സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കാമോ?

വകുപ്പിനുകീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനികരീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10, 7.5, 5, 3 (Slopping Terrain) സെന്റ് സ്ഥലം (അർബൻ ഏരിയയിൽ 1.25 സെന്റ് എങ്കിലും) പ്രകാരമുള്ള പ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളത്.

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ പഞ്ചായത്തുകളിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലം അനുവദിക്കുന്നതുസംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, ഒരു അങ്കണവാടിക്ക് എത്ര സെന്റ് സ്ഥലം ആവശ്യമാണെന്നറിയിക്കാൻ വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകിയ കത്തിന് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ഒരു അങ്കണവാടിക്ക് എത്ര സെന്റ് സ്ഥലം ആവശ്യമാണെന്ന് അറിയിക്കാൻ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ വനിത-ശിശുവികസന ഡയറക്ടർക്ക് നൽകിയ കത്തിന് 17-8-2022-ലെ DWCD/876/2022-ICDSB5 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ വനിത-ശിശുവികസന ഡയറക്ടർ നൽകിയ മറുപടി അറിയിക്കാമോ; ചീഫ് എഞ്ചിനീയർക്ക് നൽകിയ പ്രസ്തുത മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ?

വകുപ്പിനുകീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനികരീതിയിൽ സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10, 7.5, 5, 3 സെന്റ് (അർബൻ ഏരിയയിൽ 1.25 സെന്റ് എങ്കിലും) സ്ഥലം പ്രകാരമുള്ള പ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് ബന്ധപ്പെട്ട പ്ലാനുകളുടെ പകർപ്പ് സഹിതം ചീഫ് എഞ്ചിനീയർക്ക് മറുപടി നൽകിയിട്ടുണ്ട്. മറുപടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗർഭിണികളുടെയും കുട്ടികളുടെയും ക്ഷേമം

282 (282) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടി മുഖേന കുട്ടികൾക്കും അമ്മമാർക്കും വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംയോജിത ശിശുവികസന പദ്ധതിയിൻകീഴിലെ 6 സേവനങ്ങളിലൊന്നായ അനുപൂരക പോഷകാഹാര പദ്ധതിവഴി അങ്കണവാടികളിലൂടെ കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്നു. ഓരോ വിഭാഗത്തിനും അങ്കണവാടികളിലൂടെ നൽകിവരുന്ന അനുപൂരക പോഷകാഹാര പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് കുടുംബശ്രീയുടെ സ്വയംസഹായ സംഘങ്ങൾ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. ഈ പോഷകമിശ്രിതത്തിൽ (100gm), ഗോതമ്പ് - 45gm, കടല-15gm, സോയ-10gm, കപ്പലണ്ടി-10gm, പഞ്ചസാര-20gm എന്നിവ അടങ്ങിയിരിക്കുന്നു. ഒരു ഗുണഭോക്താവിന് ഒരു ദിവസം 135gm ന്യൂട്രിമിക്സ് എന്ന അളവിൽ ഒരു മാസം 25 ന്യൂട്രീഷണൽ ദിവസത്തേയ്ക്ക് 3.375 Kg അമൃതം ന്യൂട്രിമിക്സ് ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. 2019 മേയ് മാസം മുതൽ സംസ്ഥാനത്തൊട്ടാകെ 11 മൈക്രോ ന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്ത ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തുവരുന്നു.

3 വയസ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവ നൽകിവരുന്നു. കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള ന്യൂട്രീഷണൽ സ്റ്റാൻഡേർഡ്സ് ഉറപ്പാക്കി ഓരോ പഞ്ചായത്തും തദ്ദേശീയ താല്പര്യങ്ങളുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഭക്ഷ്യവസ്തുക്കൾ നൽകിവരുന്നു. ഇപ്രകാരം ഒരു കുട്ടിക്ക് ഒരുദിവസം റാഗി-20gm (500 gm/month), ശർക്കര-50gm (1250 gm/month), അരി-60gm (1500 gm/month), ചെറുപയർ-20gm (500 gm/month), നുറുക്ക് ഗോതമ്പ് - 65gm (1300gm/month), കപ്പലണ്ടി - 10gm (250 gm/month) എന്നിവ ഈ മൂന്നുനേരത്തെ ഭക്ഷണക്രമത്തിൽ പൊതുവെ ഉൾപ്പെടുത്തുന്നു. ഇത് പഞ്ചായത്തുകൾതോറും വ്യത്യാസപ്പെടാം. കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള 500 കലോറി ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു.

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് (ഗർഭകാല ആരംഭം മുതൽ പ്രസവശേഷം 6 മാസം വരെ) ഗോതമ്പ് 130gm (3250gm/month), എണ്ണ - 10gm (250gm/month), കപ്പലണ്ടി - 10gm (250gm/month) എന്നിവ പൊതുവെ ടേക്ക് ഹോം റേഷനായി അനുവദിക്കുന്നു. കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ഇതിലൂടെ ഉറപ്പാക്കുന്നു. ഇതിനുപുറമേ സംസ്ഥാന സർക്കാരിന്റെ " പോഷക ബാല്യം - കുട്ടിക്കുരുന്നുകൾക്ക് ഇരട്ടി കരുത്ത്" എന്ന പദ്ധതിയിലൂടെ അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് ഒരു ദിവസം ഒരു ഗ്ലാസ്സുവീതം ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീ രണ്ട് ദിവസങ്ങളിൽ പാലും ആഴ്ചയിൽ ചൊവ്വ, വെള്ളി എന്നീ രണ്ട് ദിവസങ്ങളിൽ മുട്ടയും നൽകുന്നുണ്ട്.

കേന്ദ്രഗവൺമെന്റ് പദ്ധതിയായ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിലൂടെ 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ എസ്.എ.ജി. പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി അനുപൂരക പോഷകാഹാരം വിതരണം ചെയ്യുന്നു. പ്രതിദിനം 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ലഭ്യമാകുന്ന വിധത്തിലുള്ള ഭക്ഷണ പദാർത്ഥം ടേക്ക് ഹോം റേഷനായി ഓരോ മാസവും 25 ദിവസത്തേയ്ക്ക് എന്നരീതിയിൽ ഒരു വർഷത്തേയ്ക്ക് അനുവദിച്ചുനൽകുന്നു.

(ബി) വനിത-ശിശുവികസന വകുപ്പുമുഖേന ഗർഭിണികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിത-ശിശുവികസന വകുപ്പുവഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി മാതൃവന്ദന യോജന (PMMVY). 2017 ജനുവരി ഒന്നുമുതൽ ആരംഭിച്ച ഈ പദ്ധതിപ്രകാരം ആദ്യപ്രസവത്തിന് 5000 രൂപ ധനസഹായം മൂന്ന് ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്നു. കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവരൊഴികെ മറ്റ് പ്രസവാനുകൂല്യങ്ങളൊന്നും ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും അവരുടെ ആദ്യപ്രസവത്തിന് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. കൂടാതെ, അനുപൂരക പോഷകാഹാര പദ്ധതിപ്രകാരം പോഷകാഹാരം THR ആയി നൽകിവരുന്നു.

(സി) ഗർഭിണികളുടെ മാനസികോല്ലാസത്തിന് അങ്കണവാടി കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗർഭിണികളുടെ മാനസികോല്ലാസത്തിന് അങ്കണവാടി ക്രേന്ദീകരിച്ച് വനിത-ശിശുവികസന വകുപ്പുമുഖേന പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല.

## മാതൃകാ അങ്കണവാടികൾ

283 (283) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 6948 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) എത്ര അങ്കണവാടികൾ മാതൃകാ അങ്കണവാടികളായി ഉയർത്തിയിട്ടുണ്ടെന്ന വിവരം ജില്ല/സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നാളിതുവരെ 122 മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാകുകയും ആയതിൽ 101 അങ്കണവാടികളുടെ നിർമ്മാണം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. പൂർത്തിയായ അങ്കണവാടികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## ഭക്ഷ്യസംസ്കരണ നയരൂപീകരണം

284 (284) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസംസ്കരണ മേഖലയിൽ കേരളത്തിനുള്ള വളർച്ചാ സാധ്യതകളും തൊഴിൽ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി ഭക്ഷ്യസംസ്കരണനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യസംസ്കരണ വ്യവസായത്തിന്റെ വളർച്ച സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കും പ്രാദേശിക സംരംഭകർക്കും പ്രയോജനപ്പെടുത്തുന്നതിനുമായി ഭക്ഷ്യസംസ്കരണ നയം രൂപീകരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഭക്ഷ്യസംസ്കരണനയം പ്രത്യേകമായി രൂപീകരിച്ച് പുറപ്പെടുവിച്ചിട്ടില്ല. നിലവിലുള്ള വ്യവസായ വാണിജ്യ നയത്തിൽ കാർഷിക ഭക്ഷ്യസംസ്കരണത്തിനും ഭക്ഷ്യോൽപ്പാദന വ്യവസായത്തിനും കൃഷി സംബന്ധിച്ച വ്യവസായങ്ങൾക്കും പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. കൃഷി അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളും ഉപോൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസായങ്ങൾക്ക് പ്രത്യേക പാർക്കുകളും സർക്കാർ ഏജൻസികൾവഴിയുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങളും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സമുദ്രോൽപ്പന്നങ്ങൾ, പ്രോസസ്ഡ് ഫുഡ്, കയർ, നാളികേരം, കപ്പ, സുഗന്ധവ്യഞ്ജനങ്ങൾ മുതലായ മൂല്യവർദ്ധിത ഉൽപ്പാദനത്തെ ത്വരിതപ്പെടുത്തുന്നതരത്തിൽ അനുബന്ധ വ്യവസായ പാർക്കുകൾ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലാരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രധാൻമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭകരുടെ രൂപവൽക്കരണ പദ്ധതി (PMFME)-യുമായി സഹകരിച്ചുകൊണ്ട് ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉൽപ്പന്നത്തെ തെരഞ്ഞെടുത്ത് ഒരു ജില്ല ഒരു ഉൽപ്പന്നം (ODOP) പദ്ധതി ആരംഭിക്കുകയും 9 ഉൽപ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളുടെ ODOP ആയി കേന്ദ്രസർക്കാരിന്റെ ഭക്ഷ്യസംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുള്ളതുമാണ്.

(സി) ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ നടത്തുന്ന വിപണിയിടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളിലൂടെ 13 ഇനം ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ പൊതുവിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും നൽകിവരുന്നുണ്ട്. കൂടാതെ, സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റവശ്യസാധനങ്ങളും ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (വേഗം ചെലവാകുന്ന ഇനങ്ങൾ) ഉൽപ്പന്നങ്ങളും എം.ആർ.പി.-യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധികബാധ്യത ഏൽപ്പിക്കുന്നില്ലെന്നതിൽ ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

സപ്ലൈകോ വില്പനശാലകളിലൂടെ വില്പനനടത്തുന്ന സബ്സിഡി സാധനങ്ങളുടെയും നോൺ-സബ്സിഡി സാധനങ്ങളുടെയും വില്പന വർദ്ധിപ്പിക്കുന്നതിനായി സാധനങ്ങളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുവഴി പൊതുജനങ്ങൾക്ക് നല്ല ഗുണനിലവാരമുള്ള സാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ വാങ്ങാൻ സാധിക്കുന്ന സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി വിവിധ സമ്മാന പദ്ധതികളും സമൂഹമാധ്യമങ്ങളിലൂടെ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉല്പന്നങ്ങളെക്കുറിച്ച് പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. 2016 മുതൽ സപ്ലൈകോ സബ്സിഡി നിരക്കിൽ വിപണനം നടത്തിവരുന്ന 13 ഇനം സാധനങ്ങളുടെ വില നാളിതുവരെ വർദ്ധിപ്പിച്ചുനൽകിയിട്ടില്ല.

**ഓണക്കാലത്തെ ഭക്ഷ്യക്കിറ്റ് വിതരണം**

285 (285) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഓണക്കാലത്ത് എല്ലാ റേഷൻ കാർഡുടമകൾക്കും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. 1-8-2022-ലെ സ.ഉ. (സാധാ) നമ്പർ 273/2022/ഭ.പൊ.വി.വ. പ്രകാരം 2022 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും തുണിസഞ്ചിയടക്കം 14 ഇനം അവശ്യസാധനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുന്നതിനും ഓണക്കിറ്റ് വിതരണത്തിനാവശ്യമായ 400 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചുനല്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത ഭക്ഷ്യക്കിറ്റിലുൾപ്പെട്ടിട്ടുള്ള സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെന്തെല്ലാം; ആരിൽ നിന്നെല്ലാമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

സുതാര്യമായ കേന്ദ്രീകൃത സംവിധാനത്തിലൂടെയുള്ള ഇ-ടെണ്ടർ/ ഇ-ഓക്ഷൻ മുഖാന്തരമാണ് ഓണക്കിറ്റിലുൾപ്പെടുത്തുന്നതിനുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇ-ടെണ്ടർ മുഖേന ശബരി അഗ്മാർക് വെളിച്ചെണ്ണ വിതരണത്തിന് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ളവരിൽനിന്നും പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നുമാണ് വെളിച്ചെണ്ണ ലഭ്യമാക്കുന്നത്. ശബരി ബ്രാൻഡിൽ കറി പൗഡർ വിതരണം ചെയ്യുന്നതിന് എഗ്രിമെന്റിലേർപ്പെട്ടിട്ടുള്ള M/s റെയ്ഡ്കോ കേരള ലിമിറ്റഡിൽനിന്നുമാണ് കിറ്റിലേയ്ക്കാവശ്യമായ മഞ്ഞൾപ്പൊടി, മുളകുപൊടി, ഏലയ്ക്ക എന്നിവ ലഭ്യമാക്കുന്നത്. ഇ-ടെണ്ടർ/കരാർ/എഗ്രിമെന്റ് മാനദണ്ഡപ്രകാരം അതത് മാസത്തിൽ നിശ്ചയിക്കുന്ന ശബരി ഉൽപ്പന്നങ്ങളുടെ നിരക്കിൽനിന്നും കുറഞ്ഞ നിരക്കിൽ വില നിശ്ചയിച്ചാണ് ടി സപ്ലൈയർമാർക്ക് മേൽഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നതിന് പർച്ചേസ് ഓർഡറുകൾ നൽകിയിട്ടുള്ളത്.

ഓണക്കിറ്റിലേയ്ക്കുള്ള ശബരി തേയില ടീ ബോർഡിന്റെ കൊച്ചിൻ ഇ-ഓക്ഷൻ വഴി സംഭരിച്ച് ടീ ഗോഡൗണുകളിൽ ബ്ലെൻഡ് ചെയ്താണ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും നെയ്, ഏലക്ക, കശുവണ്ടി എന്നിവ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇതുകൂടാതെ 2022-ലെ ഓണത്തോടനുബന്ധിച്ച് സർക്കാർ നൽകുന്ന ഓണക്കിറ്റിലേയ്ക്കാവശ്യമായ തുണിസഞ്ചി, ഉപ്പ് (Iodized Freeflow Salt) എന്നിവ കേരള ഗവൺമെന്റിന്റെ 'ടെൻഡേഴ്സ് കേരള' വെബ്സൈറ്റ് മുഖാന്തരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈയർമാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വിശപ്പുരഹിത കേരളം പദ്ധതി**

286 (286) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടൽ നിലവിൽ പ്രവർത്തിക്കുന്നില്ല. ടി നിയോജകമണ്ഡലത്തിലെ 'നാദം കുടുംബശ്രീ യൂണിറ്റ്' അംഗത്തിൽനിന്നും സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യക്കാർക്ക് ഒരുനേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നൽകുകവഴി സമൂഹത്തിൽനിന്നും വിശപ്പില്ലാതാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിരാലംബരായ കിടപ്പുരോഗികൾ, ഒരുനേരത്തെ ഭക്ഷണംപോലും പാചകം ചെയ്തുകഴിക്കാൻ ബുദ്ധിമുട്ടുന്നവർ തുടങ്ങിയവരെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കണക്കാക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സംഘടനകൾക്കും പദ്ധതി നടത്തിപ്പിന് സഹകരിക്കുന്നതിനായി മുന്നോട്ടുവന്ന നിയോജകമണ്ഡലങ്ങൾക്കും കൂടുതൽ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ജില്ലാ ഭരണകൂടം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങൾക്കുമാണ് മുൻഗണന നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

പഞ്ചായത്തടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ ഭാഗമായി പ്രത്യേകം ഗുണഭോക്താക്കളെ കണ്ടെത്തി ഭക്ഷണം വിതരണം ചെയ്തുവരുന്നില്ല. ആയതിനാൽ പഞ്ചായത്തടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുമില്ല.

**വിശപ്പുരഹിത കേരളം പദ്ധതി**

287 (287) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ; ആയതിന് സർക്കാർ നൽകുന്ന സബ്സിഡികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) നിലവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിച്ചിട്ടില്ല. എന്നാൽ വിശപ്പുരഹിത കേരളം പദ്ധതി പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതുൾപ്പെടെയുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഓരോ ഹോട്ടലിനും പ്രാരംഭ ചെലവിനായി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. ഹോട്ടൽ നടത്തുന്ന ഏജൻസിക്ക് വില്പനയുടെ അടിസ്ഥാനത്തിൽ ഒരു ഊണിന് 5 രൂപ നിരക്കിൽ സബ്സിഡി പരിശോധനയ്ക്കുവിധേയമായി നൽകുന്നുണ്ട്. കൂടാതെ, ആവശ്യപ്പെടുന്നപ്രകാരം ടൈഡ് ഓവർ വിഹിതത്തിൽനിന്നും 10.90 രൂപ നിരക്കിൽ പ്രതിമാസം 600 Kg അരി ഓരോ ഹോട്ടലിനും അനുവദിക്കുന്നുണ്ട്.

## മലപ്പുറം ജില്ലയിലെ സുഭിക്ഷ ഹോട്ടലുകൾ

288 (288) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; മലപ്പുറം ജില്ലയിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

47 സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ ഒരു സുഭിക്ഷ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഇല്ല. പ്രൊപ്പോസലുകൾ ലഭ്യമാകുന്നമുറയ്ക്ക് നടപടികളെടുക്കുന്നതാണ്.

## കെ-സ്റ്റോറുകൾവഴി ലഭ്യമാകുന്ന സേവനങ്ങൾ

289(289) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ചേർത്തല താലൂക്കിന്റെ പരിധിയിലുള്ള 1417041-ാം നമ്പർ റേഷൻ കടയാണ് കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) കെ-സ്റ്റോറുകൾവഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കെ-സ്റ്റോർ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്ന റേഷൻകട ലൈസൻസികൾക്ക് അധികവരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, 5000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമയുടെ ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും കെ-സ്റ്റോറുകളിലൂടെ നൽകാനുദ്ദേശിക്കുന്നു.

## വിശപ്പുരഹിത കേരളം പദ്ധതി

290 (290) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര സുഭിക്ഷ ഹോട്ടലുകളാരംഭിച്ചിട്ടുണ്ട്?

2 എണ്ണം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ആറ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച അപേക്ഷകളിൽ രണ്ട് നിയോജകമണ്ഡലങ്ങളിൽ ഹോട്ടലുകളാരംഭിക്കുകയും മറ്റ് അപേക്ഷകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നമുറയ്ക്ക് ഹോട്ടൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നൽകിവരുന്ന സഹായങ്ങളെന്തെല്ലാമാണെന്ന് അറിയിക്കാമോ?

സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ ഓരോ ഹോട്ടലിനും അനുവദിക്കുന്നതാണ്. 20 രൂപ നിരക്കിൽ വില്പന നടത്തുന്ന ഉച്ചഭക്ഷണത്തിൽ ഒരു ഊണിന് 5 രൂപ നിരക്കിൽ, നടത്തുന്ന ഏജൻസിക്ക് പരിശോധനയ്ക്കുവിധേയമായി സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ, പൊതുവിതരണത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽനിന്നും പരമാവധി 600 കിലോ അരി കിലോഗ്രാമിന് 10.90 രൂപ നിരക്കിൽ നൽകുന്നുണ്ട്. ഹോട്ടലിന്റെ തുടർനടത്തിപ്പിനായി ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, ആവശ്യമെങ്കിൽ കെട്ടിട വാടക, സബ്സിഡി തുക എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്.

## മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയ റേഷൻ കാർഡുകൾ

291 (291) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിൽ മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയ റേഷൻ കാർഡുകളുടെ കണക്ക് മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

| ക്രമനമ്പർ | നിയോജകമണ്ഡലം | റേഷൻ കാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തൃശ്ശൂർ | 1800 |
| 2 | ഒല്ലൂർ | 1788 |
| 3 | നാട്ടിക | 2899 |
| 4 | മണലൂർ | 3721 |
| 5 | വടക്കാഞ്ചേരി | 1620 |
| 6 | കുന്നംകുളം | 1354 |
| 7 | ഗുരുവായൂർ | 2816 |
| 8 | കൊടുങ്ങല്ലൂർ | 1568 |
| 9 | കയ്പമംഗലം | 2633 |
| 10 | പുതുക്കാട് | 1290 |
| 11 | ഇരിങ്ങാലക്കുട | 1709 |
| 12 | ചേലക്കര | 2324 |
| 13 | ചാലക്കുടി | 1489 |
| ആകെ | | 27011 |

(ബി) മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വച്ചവർക്കെതിരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് അറിയിക്കാമോ?

അനർഹമായി കൈവശംവച്ച മുൻഗണനാ കാർഡുകൾ പിഴകൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 വരെ അവസരം നൽകിയിരുന്നു. തുടർന്ന് 31-3-2022 വരെ അനർഹമായ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തവരെ പിഴയിൽനിന്ന് ഒഴിവാക്കിയിരുന്നു. ആയതിനുശേഷവും പരിശോധനയിലൂടെയും പരാതികളുടെ അടിസ്ഥാനത്തിലും അനർഹരാണെന്ന് കണ്ടെത്തുന്നവരുടെ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കുകയും ചെയ്തുവരുന്നു. ടി ഇനത്തിൽ 11,18,801 രൂപ ഈടാക്കിയിട്ടുണ്ട്.

(സി) മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയ കാർഡുകളെത്രയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

| ക്രമ നമ്പർ | നിയോജകമണ്ഡലം | റേഷൻ കാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തൃശ്ശൂർ | 443 |
| 2 | ഒല്ലൂർ | 449 |
| 3 | നാട്ടിക | 602 |
| 4 | മണലൂർ | 625 |
| 5 | വടക്കാഞ്ചേരി | 520 |
| 6 | കുന്നംകുളം | 24 |
| 7 | ഗുരുവായൂർ | 327 |
| 8 | കൊടുങ്ങല്ലൂർ | 574 |
| 9 | കയ്പമംഗലം | 673 |
| 10 | പുതുക്കാട് | 958 |
| 11 | ഇരിങ്ങാലക്കുട | 267 |
| 12 | ചേലക്കര | 468 |
| 13 | ചാലക്കുടി | 954 |
| | ആകെ | 6884 |

(ഡി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

എ.ആർ.ഡി. - 1842162, എ.ആർ.ഡി. - 1842214

**റേഷൻ മുൻഗണനാ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കൽ**

292 (292) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ കാർത്തികപ്പള്ളി, മാവേലിക്കര എന്നീ സപ്ലൈ ഓഫീസുകളുടെ പരിധിയിൽ അനർഹരായ എത്രപേരെ റേഷൻ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം പ്രകാരം 27-7-2018 മുതൽ 16-8-2022 വരെ കാർത്തികപ്പള്ളി താലൂക്കിൽനിന്നും 2924-ഉം 28-7-2018 മുതൽ 31-7-2022 വരെ മാവേലിക്കര താലൂക്കിൽനിന്നും 3723-ഉം അനർഹരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**മഞ്ചേശ്വരം താലൂക്കിലെ റേഷൻ കടകൾ**

293 (293) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര റേഷൻ കടകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

66 എണ്ണം.

(ബി) പ്രസ്തുത താലൂക്കിൽ പ്രവർത്തിക്കാതെ കിടക്കുന്ന റേഷൻ കടകളുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

3 എണ്ണം.

1. എ.ആർ.ഡി. 9 - മഞ്ചേശ്വരം പഞ്ചായത്ത്, വാർഡ് 14, ബെങ്കര
2. എ.ആർ.ഡി.14 - മോർക്കാടി പഞ്ചായത്ത്, വാർഡ് 13, സുംഗതകട്ടെ
3. എ.ആർ.ഡി. 44 - കുമ്പള പഞ്ചായത്ത്, വാർഡ് 1, കുമ്പോൾ

(സി) പ്രസ്തുത താലൂക്കിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പുതിയ റേഷൻകടകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുന്നപക്ഷം ആയതിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കട**

294 (294) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സഞ്ചരിക്കുന്ന റേഷൻ കട' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സേവനം എവിടെയൊക്കെ ലഭ്യമാണെന്ന് അറിയിക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ വകുപ്പ് 30-ന്റെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻ കട'. വനത്തിനുള്ളിൽ ദുർഗ്ഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബ്ബലരും

അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിലെത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ടി പദ്ധതിക്കർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തിവരുന്നു. 2017-ൽ തൃശ്ശൂരിൽ ആരംഭിച്ച പ്രസ്തുത പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലെയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിക്കുള്ള അനുമതി നൽകിവരുന്നു.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ എത്ര റേഷൻ കടകൾ പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്നുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശത്തും റേഷൻ കടകൾ പ്രവർത്തിക്കുന്നതിനാൽ 'സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി'-യുടെ ആവശ്യകത നിലവിലില്ല.

**റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ**

295 (295) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുകാലത്ത് ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തവകയിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ ഇതുവരെ നൽകിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക അടിയന്തരമായി നൽകണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധി വന്ന് മാസങ്ങൾ പിന്നിട്ടിട്ടും ആയത് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികളെ വീണ്ടും ചുമതലപ്പെടുത്തുമ്പോൾ അവർക്ക് നൽകാനുള്ള കമ്മീഷൻ തുക എത്രയുംവേഗം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ-സി) കോവിഡുകാലത്ത് സമാശ്വാസ കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നൽകുന്നതിന് മൂന്ന് ഉത്തരവുകളാണ് പുറപ്പെടുവിച്ചിരുന്നത്. 2020 ഏപ്രിൽ, മേയ് മാസങ്ങളിൽ ആകെ വിതരണം നടത്തിയ 8448016 കിറ്റുകൾക്ക് 30-7-2020-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 211/2020/ഭ.പൊ.വി.വ. പ്രകാരം 5,91,36,112 രൂപയും 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം നടത്തിയ 9378536 ഓണക്കിറ്റുകൾക്ക് 19-2-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 98/2021/ഭ.പൊ.വി.വ. പ്രകാരം 4,68,92,680 രൂപയും കമ്മീഷൻ അനുവദിച്ച് നൽകിയിരുന്നു. 27-5-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 241/2021/ഭ.പൊ.വി.വ. പ്രകാരം 2021 മേയ് മാസത്തിൽ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് കമ്മീഷൻ നൽകാൻ ഉത്തരവായിരുന്നുവെങ്കിലും തുക കൈമാറിയിരുന്നില്ല. അതിജീവനകിറ്റുകൾ വിതരണം ചെയ്തവകയിൽ റേഷൻ വ്യാപാരികൾക്ക് പ്രത്യേകമായി കമ്മീഷൻ നൽകേണ്ടതില്ലെന്നും റേഷൻ വ്യാപാരികൾ പ്രസ്തുത ജോലി ഒരു സേവനമായി കണക്കാക്കണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനവും ഇക്കാര്യത്തിലുണ്ടായിരുന്നു. എന്നാൽ റേഷൻ വ്യാപാരികൾ കമ്മീഷൻ ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ, കമ്മീഷൻ ഇനത്തിൽ കുടിശ്ശികയെന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ ആയത് നൽകാൻ കോടതി ഉത്തരവായിരുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിറ്റ് കൈമാറ്റം നടത്തിയ റേഷൻ വ്യാപാരികളുടെ പ്രവൃത്തി ഒരു സേവനമായി കണ്ട് കമ്മീഷൻ നൽകേണ്ടതില്ലെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിനുമുമ്പ് കമ്മീഷൻ നൽകുന്നതിനായി പുറപ്പെടുവിച്ച 27-5-2021-ലെ ഉത്തരവ് പ്രകാരമുള്ള തുക കുടിശ്ശികയായി കണ്ട് പ്രസ്തുത തുക റേഷൻ വ്യാപാരികൾക്ക് നൽകാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 4,26,45,895 രൂപ റേഷൻ വ്യാപാരികൾക്ക് നൽകി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.

## റദ്ദുചെയ്ത റേഷൻ കടകളുടെ ലൈസൻസ്

296 (296) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പല കാരണങ്ങളാൽ താൽക്കാലികമായി റദ്ദുചെയ്ത റേഷൻ കടകളുടെ ലൈസൻസ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പല കാരണങ്ങളാൽ താൽക്കാലികമായി റദ്ദുചെയ്ത റേഷൻ കടകളുടെ ലൈസൻസ് പുനഃസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2021 നവംബർ മാസം മുതൽ 2022 ജനുവരി മാസം വരെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും പിഴ അടയ്ക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും ആവശ്യമായ സമയം നൽകി റേഷൻ ഡിപ്പോകളുടെ അംഗീകാരം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനന്തരാവകാശികളില്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദ് ചെയ്തതുമായ കടകളുടെ ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

## കോന്നി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

297 (297) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ അനുവദിച്ചിരിക്കുന്ന കെ-സ്റ്റോറുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടമെന്ന നിലയിൽ 1373030 എന്ന റേഷൻ കടയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

## റേഷൻ കടകളുടെ പ്രവർത്തനം

298 (298) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) പതിവ് റേഷൻ ഉൽപ്പന്നങ്ങൾക്കുപുറമേ റേഷൻ കടകൾവഴി മറ്റ് പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റേഷൻ കടകളിലൂടെ മറ്റെന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ?

(എ-സി) പൊതുവിതരണരംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമായി, വൈവിദ്ധ്യവത്കരണത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കടകൾവഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻ കടയുടമകൾക്ക് ഒരു അധികവരുമാന മാർഗ്ഗവുമാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്.

1. 300 ചതുരശ്രയടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട.
2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ.
3. 2 കിലോമീറ്റർ ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻ കടകൾ.

കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധികവരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, 5000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതാണ്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടമെന്ന നിലയിൽ എല്ലാ ജില്ലയിൽനിന്നും കുറഞ്ഞത് 5 റേഷൻ കടകളെവീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**റേഷൻ കട അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

299 (299) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി റേഷൻകട അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ചുറ്റുപാടുമുള്ള എ.ആർ.ഡി.-കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡെങ്കിലുമുണ്ടായിരിക്കുക.

(ബി) പുതിയതായി റേഷൻ കട അനുവദിക്കുന്നതിനായി മുന്നാരാജ്, മുതുവാന പി.ഒ., പയ്യോളി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

അപേക്ഷ ജില്ലാ സപ്ലൈ ആഫീസറുടെ റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

300 (300) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽനിന്നും കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ റേഷൻ കടകളെ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) 1738229, 1738124 എന്നീ നമ്പർ റേഷൻ കടകളാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നതനുസരിച്ച് കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കൂടുതൽ റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ-സ്റ്റോർ പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള റേഷൻ കടകളെ തെരഞ്ഞെടുക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്.

1. 300 ചതുരശ്രയടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട.
2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ.
3. 2 കിലോമീറ്റർ ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത സ്ഥലത്തെ റേഷൻ കടകൾ.

**ഇ-പോസ് മെഷീനുകൾ**

301 (301) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരത്തകർച്ച കാരണം റേഷൻ വിതരണം മുടങ്ങുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം മെഷീനുകൾ വാങ്ങിയ സമയത്ത് വേണ്ടത്ര പരിശോധനകൾ നടത്താത്തതാണോ കാരണമെന്ന് കരുതുന്നുണ്ടോ;

(സി) പ്രസ്തുത മെഷീന്റെ ഓർഡർ നൽകിയത് ഏത് കമ്പനിക്കാണ്; പ്രസ്തുത കമ്പനിയുമായി എ.എം.സി. നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷത്തേയ്ക്കാണ്;

(ഡി) ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

(എ-ഡി) റേഷൻ കടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരത്തകർച്ച കാരണം റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം നിലവിലില്ല. കണക്റ്റിവിറ്റിയില്ലാത്തതിനാൽ ചില സന്ദർഭങ്ങളിൽ റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ ആയവ പരിഹരിച്ചിട്ടുണ്ട്. വേണ്ടത്ര പരിശോധന നടത്തിത്തന്നെയാണ് ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. M/s. Linkwell Telesystems Private Limited എന്ന കമ്പനിയാണ് ഇ-പോസ് മെഷീനുകൾ വിതരണം നടത്തിയിട്ടുള്ളത്. 2018 മുതൽ 2023 വരെ 5 വർഷത്തേയ്ക്കാണ് എ.എം.സി. നിലവിലുള്ളത്. മെഷീനുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ഓരോ മാസവും താലൂക്കുതലത്തിൽ കാര്യക്ഷമത സംബന്ധിച്ചുള്ള പരിശോധന നടത്തി ആയത് നൂറ് ശതമാനം പരാതിരഹിതമാണെന്ന് ഉറപ്പുവരുത്തി ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ഓരോ മാസത്തെയും സർവ്വീസ് ലെവൽ എഗ്രിമെന്റ് വിഷൻടെക് കമ്പനി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ടി വിവരം സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും സപ്ലൈകോയെ അറിയിക്കുകയാണ് ചെയ്യുന്നത്.

റേഷൻ കട പ്രവർത്തിക്കുന്ന പ്രദേശത്ത് വേണ്ടത്ര കവറേജില്ലാത്ത സിം കാർഡുകൾ ചില റേഷൻ കടകളിൽ ഇ-പോസ് മെഷീനിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുമാറ്റി നല്ല കവറേജ് ലഭിക്കുന്ന സിം കാർഡുകൾ ഉപയോഗിക്കാൻ റേഷൻ വ്യാപാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റേഷൻ വ്യാപാരികളുടെ വിദേശസഞ്ചാര അനുമതി**

302 (302) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കട ലൈസൻസുള്ള വ്യാപാരി ടിയാളുടെ കടയുടെ എത്ര ദൂരപരിധിയിൽ എപ്പോഴുമുണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്?

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ന്റെ ഖണ്ഡിക 28 പ്രകാരം ജനറൽ കാറ്റഗറിയിൽപ്പെട്ട ലൈസൻസി കട സ്ഥിതിചെയ്യുന്ന വാർഡിലെയും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ലൈസൻസി പ്രസ്തുത താലൂക്കിലെയും സ്ഥിരതാമസക്കാരനായിരിക്കണം.

(ബി) വിദേശത്തേയ്ക്കോ സംസ്ഥാനത്തിന് പുറത്തേയ്ക്കോ ലൈസൻസിക്ക് യാത്ര ചെയ്യണമെങ്കിൽ അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഹജ്ജ്, ഉംറ തുടങ്ങിയ തീർത്ഥാടനങ്ങളുൾപ്പെടെ ജോലി ആവശ്യാർത്ഥമല്ലാതെ വിദേശസന്ദർശനം നടത്തുന്നതിന് റേഷൻ വ്യാപാരികൾക്ക് 90 ദിവസം വരെ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസർ അവധി അനുവദിക്കാവുന്നതാണ്. ആയതിലേയ്ക്ക് ആവശ്യം തെളിയിക്കുന്ന രേഖകൾ സഹിതം അപേക്ഷ മുൻകൂറായി താലൂക്ക് സപ്ലൈ ആഫീസർക്ക് നേരിട്ട് നൽകേണ്ടതും ആയത് താലൂക്ക് സപ്ലൈ ആഫീസർ പരിശോധിച്ച് ശിപാർശയോടു കൂടി ജില്ലാ സപ്ലൈ ആഫീസർക്ക് അയയ്ക്കേണ്ടതും അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ജില്ലാ സപ്ലൈ ആഫീസർ ഇതുസംബന്ധിച്ച് ഒരു നടപടിക്രമം പുറപ്പെടുവിക്കേണ്ടതുമാണ്. ലീവ് അനുവദിച്ചതിനുശേഷം മാത്രമേ ലൈസൻസിക്ക് അവധിയിൽ പ്രവേശിക്കാൻ കഴിയുകയുള്ളൂ. ലൈസൻസി അവധിയിൽ പ്രവേശിക്കുന്ന കാലയളവിൽ ജില്ലാ സപ്ലൈ ആഫീസർ താൽക്കാലികമായി ടി കട സസ്പെന്റ് ചെയ്യേണ്ടതും സൗകര്യപ്രദമായ മറ്റൊരു റേഷൻ കടയിലേയ്ക്ക് അറ്റാച്ച് ചെയ്യേണ്ടതുമാണ്. ലീവ് കഴിഞ്ഞ് വന്നതിനുശേഷം ലൈസൻസി കൃത്യമായി താലൂക്ക് സപ്ലൈ ആഫീസറുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും താലൂക്ക് സപ്ലൈ ആഫീസർ പ്രസ്തുത വിവരം ജില്ലാ സപ്ലൈ ആഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ടി ഡിപ്പോയുടെ അംഗീകാരം പുനഃസ്ഥാപിക്കുന്നതുസംബന്ധിച്ച നടപടിക്രമം ജില്ലാ സപ്ലൈ ആഫീസർ പുറപ്പെടുവിക്കേണ്ടതുമാണ്. അനുവദിച്ച അവധി തീരുന്നമുറയ്ക്ക് ടി ലൈസൻസി മടങ്ങിവന്നില്ലെങ്കിൽ പ്രസ്തുത വിവരം താലൂക്ക് സപ്ലൈ ആഫീസർ, ജില്ലാ സപ്ലൈ ആഫീസറെ അറിയിക്കേണ്ടതും ജില്ലാ സപ്ലൈ ആഫീസർ 30 ദിവസത്തിനകം ലൈസൻസിക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ അനുവദിച്ച അവധി തീരുന്നമുറയ്ക്ക് മടങ്ങിവരാൻ സാധിക്കാതെവരികയാണെങ്കിൽ പ്രസ്തുത വിവരം ലൈസൻസി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസറെ രേഖാമൂലം അറിയിക്കേണ്ടതും താലൂക്ക് സപ്ലൈ ആഫീസർ ആയത് ജില്ലാ സപ്ലൈ ആഫീസറെ അറിയിക്കേണ്ടതും ആയതിനനുസരിച്ചുള്ള പുതിയൊരു ഉത്തരവ് ജില്ലാ സപ്ലൈ ആഫീസർ പുറപ്പെടുവിക്കേണ്ടതുമാണ്.

(സി) പ്രസ്തുത യാത്ര ചുരുങ്ങിയ കാലയളവിലേയ്ക്കാണെങ്കിലും ലൈസൻസി പോകുമ്പോഴും തിരികെവരുമ്പോഴും സ്റ്റോക്ക് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം മുഴുവൻ പ്രയത്നിക്കേണ്ട സാഹചര്യം നിലവിലുണ്ടോ;

(ഡി) ഇത്തരം അദ്ധ്വാനം കുറയ്ക്കുന്നതിന് നിലവിൽ റേഷൻ കടകളിൽ ജോലിചെയ്യുന്നതും സിവിൽ സപ്ലൈസ് വകുപ്പിന്റെ വെരിഫൈഡ് ലിസ്റ്റിലുൾപ്പെട്ടതുമായ സെയിൽസ്മാൻമാർക്ക് ആതറൈസേഷൻ നൽകി റേഷൻ കടകൾ അത്രയുംകാലം പ്രവർത്തിക്കത്തക്കവിധത്തിൽ നിയമഭേദഗതിക്ക് നടപടി സ്വീകരിക്കാമോ?

(സി&ഡി) ലൈസൻസി അവധിയിൽ പ്രവേശിക്കുന്ന കാലയളവിൽ ജില്ലാ സപ്ലൈ ആഫീസർ ടി കടയുടെ അംഗീകാരം താൽക്കാലികമായി റദ്ദുചെയ്ത് റേഷൻ വിതരണത്തിന് ബുദ്ധിമുട്ടുണ്ടാകാത്തവിധത്തിൽ തൊട്ടടുത്ത കടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിച്ചുവരികയാണ് നിലവിൽ സ്വീകരിച്ചുവരുന്ന നടപടി. സ്റ്റോക്ക് പരിശോധിച്ച് ജില്ലാ സപ്ലൈ ആഫീസർ/താലൂക്ക് സപ്ലൈ ആഫീസറുടെ ഉത്തരവ് നടപ്പിൽവരുത്തുന്നത് ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറാണ്. സെയിൽസ്മാൻ മാർക്ക് സർക്കാരുമായി നേരിട്ട് ബന്ധമില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമില്ല.

**കാസർഗോഡ് ജില്ലയിൽ പുതിയ റേഷൻ കടകൾ**

303 (303) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭക്ഷ്യ-പൊതുവിതരണത്തിന്റെ ഭാഗമായി പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുമായി എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ പുതുതായി റേഷൻ കട അനുവദിക്കുന്നതിനായി 21 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. റേഷൻ കടകൾ മാറ്റിസ്ഥാപിക്കുന്നതിനായി അപേക്ഷകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ബി) റേഷൻ കടകളിലൂടെ എ.പി.എൽ. വിഭാഗത്തിന് ഏതൊക്കെ മാസങ്ങളിലാണ് മണ്ണെണ്ണ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുൻഗണനേതര വിഭാഗങ്ങൾക്ക് മൂന്ന് മാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണ അനുവദിച്ചുവരുന്നു.

**അനാഥമന്ദിരങ്ങൾക്കുള്ള റേഷൻ വിഹിതം**

304 (304) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അഗതിമന്ദിരങ്ങൾക്കും അനാഥാലയങ്ങൾക്കും സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചില സാങ്കേതിക കാരണങ്ങളാൽ വെൽഫെയർ സ്കീം പ്രകാരം കേന്ദ്രസർക്കാർ അനുവദിക്കേണ്ട ഭക്ഷ്യധാന്യങ്ങൾക്ക് മുടക്കം വന്നിരുന്നു. ടി കാലയളവിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിൽനിന്നും വെൽഫെയർ സ്കീമിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ നൽകിവന്നിരുന്നു. എന്നാൽ ഭക്ഷ്യധാന്യങ്ങൾ വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന കേന്ദ്രസർക്കാർ ഉത്തരവ് നടപ്പിലാക്കിയതിന്റെ ഭാഗമായി 2022 ജൂൺ, ജൂലൈ മാസങ്ങളിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം തടസ്സപ്പെട്ടിരുന്നു. പ്രസ്തുത സാഹചര്യം കേന്ദ്ര പൊതുവിതരണ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് പുനഃസ്ഥാപിച്ചിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തെ ആദ്യപാദത്തേയ്ക്ക് 2382.18 മെട്രിക് ടൺ അരിയും 1004.82 മെട്രിക് ടൺ ഗോതമ്പും കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിതരണം നടത്തിവരുന്നു.

**അനാഥാലയങ്ങളിലെ സൗജന്യ ഭക്ഷ്യവിതരണം**

305 (305) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കേന്ദ്രസർക്കാർ നൽകിവന്നിരുന്ന സൗജന്യ ഭക്ഷ്യവിതരണം നിർത്തലാക്കിയതിനെത്തുടർന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ചില സാങ്കേതിക കാരണങ്ങളാൽ വെൽഫെയർ സ്കീം പ്രകാരം കേന്ദ്രസർക്കാർ അനുവദിക്കേണ്ട ഭക്ഷ്യധാന്യങ്ങൾക്ക് മുടക്കം വന്നിരുന്നു. ടി കാലയളവിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിൽ നിന്നും വെൽഫെയർ സ്കീമിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങൾ നൽകിവന്നിരുന്നു. എന്നാൽ ഭക്ഷ്യധാന്യങ്ങൾ വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന കേന്ദ്രസർക്കാർ ഉത്തരവ് നടപ്പിലാക്കിയതിന്റെ ഭാഗമായി 2022 ജൂൺ, ജൂലൈ മാസങ്ങളിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം തടസ്സപ്പെട്ടിരുന്നു. പ്രസ്തുത സാഹചര്യം കേന്ദ്ര പൊതുവിതരണ വകുപ്പുമന്ത്രിയെ നേരിൽകണ്ട്

ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് പുനഃസ്ഥാപിച്ചിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തെ ആദ്യപാദത്തേയ്ക്ക് അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കേന്ദ്രസർക്കാർ അനുവദിച്ച 2382.18 മെട്രിക് ടൺ അരിയും 1004.82 മെട്രിക് ടൺ ഗോതമ്പും ജില്ലകൾക്ക് വിതരണത്തിനായി വീതിച്ച് നൽകിയിട്ടുണ്ട്.

(ബി) ഇവർക്ക് ഭക്ഷ്യധാന്യങ്ങൾ ജൂലൈ മാസം മുതൽ വിതരണം ചെയ്യുമെന്ന് സർക്കാർ നൽകിയിരുന്ന ഉറപ്പ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉണ്ട്.

(സി) സ്പെഷ്യൽ സ്കൂളുകളിലും സൗജന്യ ഭക്ഷ്യവിതരണം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി&ഡി) സർക്കാർ അംഗീകരിച്ചിട്ടുള്ള ക്ഷേമസ്ഥാപനങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന വിശദാംശങ്ങളും ടി സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിശദാംശങ്ങളും പൊതുവിതരണ വകുപ്പിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നമുറയ്ക്ക് ടി വിശദാംശങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ച് വിഹിതം ലഭ്യമാക്കി വിതരണം ചെയ്തുവരുന്നു.

**റേഷൻ വിതരണം**

306 (306) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ പൊതുവിതരണ കേന്ദ്രത്തിൽനിന്നും സാധാരണയായി ഒരു കുടുംബത്തിൽ ഒരുമാസം വിതരണംചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ എന്തൊക്കെയാണെന്ന വിവരം ഓരോ കാർഡിന്റെയും അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ ഒരു വർഷമായി ഏതെങ്കിലും സാധനങ്ങൾ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഓരോ മാസത്തെയും നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിൽ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിന്റെ അരിയുടെ വിതരണതോത് നിശ്ചയിക്കുന്നതിനാൽ പ്രതിമാസ വിതരണതോതിലും വ്യത്യാസമുണ്ടാകുന്നുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ കഴിഞ്ഞ ഒരുവർഷത്തെ വിതരണതോത് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| 08/2021 | 4 കി.ഗ്രാം |
| 09/21, 10/21, 11/21 | 3 കി.ഗ്രാം |
| 12/21 | 5 കി.ഗ്രാം |
| 01/22, 02/22, 03/22 | 7 കി.ഗ്രാം |
| 04/22, 05/22 | 8 കി.ഗ്രാം |
| 06/22, 07/22 | 10 കി.ഗ്രാം |
| 08/22 | 8 കി.ഗ്രാം |

ടൈഡ് ഓവർ വിഹിതമായ ഗോതമ്പ് നിർത്തലാക്കിയതിനാൽ മുൻഗണനേതര വിഭാഗത്തിന് നിലവിൽ ആട്ട വിതരണം നടത്തുന്നില്ല. മാത്രമല്ല, മണ്ണെണ്ണ വിഹിതത്തിലെ കുറവുകാരണം നടപ്പുസാമ്പത്തിക വർഷത്തിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെയും വൈദ്യുതീകരിച്ച വീടുകളുടെയും മണ്ണെണ്ണ വിഹിതം മൂന്നുമാസത്തിലൊരിക്കൽ യഥാക്രമം 6 ലിറ്റർ, അര ലിറ്റർ എന്നരീതിയിൽ കുറച്ചിട്ടുമുണ്ട്.

(സി) സ്പെഷ്യലായി വിതരണം ചെയ്യുന്ന സാധനങ്ങൾ എന്തൊക്കെയാണെന്നും വിതരണം ചെയ്യുന്നതെപ്പോഴാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

പ്രധാൻമന്ത്രി ഗരീബ് കല്യാൺ അന്നയോജന (PMGKAY) പദ്ധതി പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗത്തിലെ എല്ലാ അംഗങ്ങൾക്കും 2020 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർവരെ പ്രതിമാസം 5 കിലോഗ്രാം അരി സൗജന്യമായി നൽകിയിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മാസങ്ങളിൽ മുൻഗണനേതര വിഭാഗങ്ങൾക്ക് സ്പെഷ്യൽ അരിയും എല്ലാ വിഭാഗം കാർഡുടമകൾക്കും അവശ്യസാധന കിറ്റും വിതരണം നടത്തിയിരുന്നു. 2022-ലെ ഓണം പ്രമാണിച്ച് എ.എ.വൈ. വിഭാഗത്തിന് ഒരു കിലോഗ്രാം പഞ്ചസാരയും മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യതയ്ക്കനുസരിച്ച് 10 കിലോഗ്രാം അരിയും നൽകുന്നതാണ്. എല്ലാ വിഭാഗം കാർഡുടമകൾക്കും തുണിസഞ്ചി ഉൾപ്പെടെ 14 ഇന അവശ്യസാധനങ്ങളടങ്ങിയ സ്പെഷ്യൽ കിറ്റും വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**പൊന്നാനി മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകൾ**

307 (307) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ വകുപ്പ് 30-ന്റെ അടിസ്ഥാനത്തിൽ ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻ കട'. വനത്തിനുള്ളിൽ ദുർഗ്ഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബ്ബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിലെത്തിക്കുകയെന്നതാണ് പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തിവരുന്നു. 2017-ൽ തൃശ്ശൂരിൽ ആരംഭിച്ച പ്രസ്തുത പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ 19 താലൂക്കുകളിലായി നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ ജില്ലയിലെയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിക്കുള്ള അനുമതി നൽകിവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പൊന്നാനി മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പൊന്നാനി മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിയുടെ ആവശ്യകത ബോദ്ധ്യപ്പെടുന്നപക്ഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**അഗതി-അനാഥ മന്ദിരങ്ങൾക്കുള്ള സൗജന്യ റേഷൻ വിതരണം**

308 (308) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതി-അനാഥ മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, കോൺവെന്റുകൾ, ബാലഭവനങ്ങൾ അടക്കമുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള സൗജന്യ നിരക്കിലെ റേഷൻ വിതരണം നിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് വർഷങ്ങളായി നടത്തിവന്നിരുന്ന സൗജന്യ റേഷൻ വിതരണം നിർത്തലാക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) സൗജന്യ നിരക്കിലെ റേഷൻ വിതരണം പെട്ടെന്ന് നിർത്തിയതുമൂലം കോതമംഗലം മണ്ഡലത്തിലെയടക്കം ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്ക് സൗജന്യ നിരക്കിലുള്ള റേഷൻ വിതരണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) ചില സാങ്കേതിക കാരണങ്ങളാൽ വെൽഫെയർ സ്കീം പ്രകാരമുള്ള കേന്ദ്രവിഹിതം സംസ്ഥാനത്തിന് യഥാസമയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടായിരുന്നു. ടി സാഹചര്യത്തിൽ ടൈഡ് ഓവർ വിഹിതത്തിൽനിന്നും വകമാറ്റി ഭക്ഷ്യധാന്യങ്ങൾ മുടക്കം കൂടാതെ സ്ഥാപനങ്ങൾക്ക് വിതരണം നടത്തിവന്നിരുന്നു. എന്നാൽ ഭക്ഷ്യധാന്യങ്ങൾ വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശമുണ്ടായ സാഹചര്യത്തിൽ വെൽഫെയർ സ്കീമിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം 2022 ജൂൺ, ജൂലൈ മാസങ്ങളിൽ നടത്താൻ കഴിഞ്ഞിരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിയെ കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി, നിലവിലുണ്ടായിരുന്ന സാങ്കേതികതടസ്സം മാറ്റിയതിന്റെയടിസ്ഥാനത്തിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിലേയ്ക്ക് പ്രസ്തുത പദ്ധതിക്കായി 2382.18 മെട്രിക് ടൺ അരിയും 1004.82 മെട്രിക് ടൺ ഗോതമ്പും കേന്ദ്രസർക്കാർ 02-8-2022-ൽ അനുവദിച്ചിട്ടുണ്ട്. ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പൊതുവിതരണ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

309 (309) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഓരോ മാസവും വിതരണത്തിനുമുമ്പ് എഫ്.സി.ഐ.-യിൽനിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ.-യിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17-12-2021-ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും എഫ്.സി.ഐ. ജനറൽ മാനേജരും ചേർന്ന് ഒപ്പുവച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറിൽ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നതുസംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 20-4-2022-ലെ സർക്കുലർ നം. 8/2022 പ്രകാരം പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) റേഷൻകടകൾവഴി കുത്തരി, പുഴക്കലരി, പച്ചരി എന്നിവ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) റേഷൻ കടകൾവഴി കുത്തരി കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) നെല്ല് സംഭരണം മുഖേന സപ്ലൈകോ ഓരോ മാസവും ലഭ്യമാക്കുന്ന സി.എം.ആർ. (പ്രധാനമായും മട്ടയരി) അരിയുടെ അളവിനനുസരിച്ചാണ് സി.എം.ആർ. അലോട്ട്മെന്റിലുൾപ്പെടുത്തിവരുന്നത്. സി.എം.ആർ. വിതരണത്തിനായി സപ്ലൈകോയുമായി കരാറുള്ള മില്ലുകൾ ഭൂരിഭാഗവും കാണപ്പെടുന്നത് എറണാകുളം ജില്ലയിലെ പെരുമ്പാവൂരും പാലക്കാട് ജില്ലയിലുമായിട്ടാണ്. സാധാരണയായി എറണാകുളം ജില്ലയിൽനിന്നുള്ള അരി, ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ തൃശ്ശൂർ വരെയുള്ള തെക്കൻ ജില്ലകളിലേയ്ക്കും പാലക്കാട് ജില്ലയിൽനിന്നുള്ള അരി വടക്കൻ ജില്ലകളിലേയ്ക്കും ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്. എറണാകുളം, പാലക്കാട് ജില്ലകളിൽനിന്ന് എത്തിക്കേണ്ടതിനാൽ കടത്തുകൂലിയിലുള്ള ഭീമമായ ചെലവ് പരിഗണിച്ചും ആവശ്യകത കുറവായിരുന്നതിനാലും മുൻകാലങ്ങളിൽ മലപ്പുറം മുതൽ

കാസർഗോഡ് വരെയുള്ള ജില്ലകളിൽ സി.എം.ആർ. വിതരണമുണ്ടായിരുന്നില്ല. എന്നാൽ പ്രസ്തുത ജില്ലകളിലും സി.എം.ആർ.-ന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിനാൽ നിലവിൽ ലഭ്യതയ്ക്കനുസരിച്ച് എല്ലാ ജില്ലകളിലും സി.എം.ആർ. വിതരണം ചെയ്യുന്നുണ്ട്. ആദിവാസി മേഖലകളിലും തോട്ടം മേഖലയായ ഇടുക്കിയിലും സി.എം.ആർ.-ന് ആവശ്യകത കുറവായതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ പരിമിതപ്പെടുത്തിയാണ് സി.എം.ആർ. അനുവദിച്ചു വരുന്നത്. സംസ്ഥാനത്തിന് ഭക്ഷ്യഭദ്രതാ നിയമപ്രകാരം ആകെ അനുവദിച്ചിട്ടുള്ള അരി വിഹിതത്തിൽ ഓരോ മാസവും നെല്ലുസംഭരണം മുഖേന ലഭിച്ചുവരുന്ന അരിയുടെ അളവ് കുറച്ചുള്ള വിഹിതമാണ് എഫ്.സി.ഐ.ൽ നിന്ന് 50% പുഴുക്കലരിയായും 50% പച്ചരിയായും അനുവദിച്ചുവരുന്നത്.

**വിപണി ഇടപെടൽ**

310 (310) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും വിപണിയിലിടപെടുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ ആറ് വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ, സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനംവരെ വിലക്കുറവിൽ വിറ്റുവരുന്നു. ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ഫെയറുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും

അവലോകനം ചെയ്യുന്നതിനുമായി പ്രൈസ് മോണിറ്ററിംഗ് സെൽ സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിനും സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്തവ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ്, ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

## പൊതുവിപണിയിലെയും സപ്ലൈകോ ഔട്ട്‍ലെറ്റുകളിലെയും വില

311 (311) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 ജൂൺ 1 മുതൽ നാളിതുവരെ അരി, പലവ്യഞ്ജനങ്ങൾ, പയറുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, വെളിച്ചെണ്ണ എന്നിവയുടെ പൊതുവിപണിയിലെ വിലയും സപ്ലൈകോ ഔട്ട്‍ലെറ്റുകളിലെ വിലയും ഓരോ മാസവും ഒന്നാം തീയതിയടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2021 ജൂൺ 1 മുതൽ നാളിതുവരെ സപ്ലൈകോ വില്പനശാലകളിൽനിന്നും സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന അരി, പഞ്ചസാര, പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ എന്നിവയുടെ സബ്സിഡി വില്പനവിലയും ഫ്രീസെയിൽ സബ്സിഡി വിലയും പൊതുവിപണി വിലയും അനുബന്ധമായി ചേർക്കുന്നു*.

## ഓണക്കിറ്റിലെ തുണിസഞ്ചി

312 (312) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ ഓണത്തോടനുബന്ധിച്ച് സർക്കാർ നൽകുന്ന ഓണക്കിറ്റിലെ തുണിസഞ്ചി സപ്ലൈകോ ഏത് കമ്പനിയിൽനിന്നും എത്ര രൂപ നിരക്കിലാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കമ്പനിക്ക് എത്ര രൂപ ഇതിനോടകം നൽകി; എത്ര രൂപ നൽകാനുണ്ട്; തുണിസഞ്ചി വാങ്ങുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവോ; വ്യക്തമാക്കാമോ?

തുണിസഞ്ചികൾ വാങ്ങിയതുമായി ബന്ധപ്പെട്ട് സപ്ലൈയർമാർ ഇൻവോയ്സുകൾ ലഭ്യമാക്കിയിട്ടില്ല. ടി ഇൻവോയ്സുകൾ ലഭ്യമാകുന്നമുറയ്ക്ക് ട്രഷറി അക്കൗണ്ടുമുഖേന പേമെന്റ് അനുവദിക്കുന്നതാണ്. തുണിസഞ്ചി വാങ്ങുന്നതിന് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) തുണിസഞ്ചി വാങ്ങുന്നതിന് ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു; ഇവർ ഓരോരുത്തരും രേഖപ്പെടുത്തിയ തുക എത്രയാണ്; വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ടെൻഡർ ലഭിച്ച കമ്പനിയുമായി തുണിസഞ്ചി വാങ്ങുന്നതിനുണ്ടാക്കിയ കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ; ഒരു തുണിസഞ്ചിക്ക് സർക്കാരിൽനിന്നും എത്ര രൂപയാണ് സപ്ലൈകോ ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

തുണിസഞ്ചികൾ നിർമ്മിക്കുന്നതിനുള്ള അളവുകൾ, സ്പെസിഫിക്കേഷൻ, വിതരണം ചെയ്യേണ്ട സ്ഥലങ്ങൾ, വിതരണം ചെയ്യേണ്ട തീയതി, വിതരണക്കാർ നൽകേണ്ട ഇ.എം.ഡി./സെക്യൂരിറ്റി ഡെപ്പോസിറ്റ് (പർച്ചേസ് ഓർഡറിന്റെ 5%), വിതരണത്തിലുണ്ടാകുന്ന വീഴ്ചയ്ക്ക് ഈടാക്കുന്ന പിഴ തുകകൾ എന്നിവ വിതരണത്തിനായി നൽകിയിട്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു തുണിസഞ്ചിക്ക് നികുതിയും കൈകാര്യ ചെലവും ഉൾപ്പെടെ സർക്കാരിൽനിന്നും 12 രൂപയാണ് സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ളത്.

**ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സിവിൽ സപ്ലൈസ് ഗോഡൗണുകൾ**

313 (313) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ വാതിൽപ്പടി വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന് സ്വന്തമായി എത്ര ഗോഡൗണുകളുണ്ടെന്നും സപ്ലൈകോവഴി എത്ര ഗോഡൗണുകൾ വാടകയ്ക്കെടുത്തിട്ടുണ്ടെന്നും അവയ്ക്ക് വാടകയിനത്തിൽ പ്രതിമാസം എത്ര തുക ചെലവാക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിരിക്കുന്നത് സപ്ലൈകോയെയാണ്. റേഷൻ കടകളിൽ വാതിൽപ്പടി വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനായി സപ്ലൈകോവഴി വാടകയ്ക്കെടുത്തിട്ടുള്ള ഗോഡൗണുകളുടെ എണ്ണം 209 ആണ്. അവയ്ക്ക് വാടകയിനത്തിൽ പ്രതിമാസം ചെലവാകുന്ന തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വാടകയ്ക്ക് പ്രവർത്തിക്കുന്ന ഗോഡൗണുകൾ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന വിധത്തിൽ ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഗോഡൗണുകളാണ് അത്തരത്തിൽ നിർമ്മിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളത്?

ഉണ്ട്. 63 എണ്ണം ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടവയാണ്.

(സി) ഗോഡൗണുകൾ ശാസ്ത്രീയമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ ഗോഡൗണുകളും സപ്ലൈകോ പരിശോധിച്ചിട്ടുള്ളതാണ്. ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സംഭരിച്ച് വിതരണം നടത്തുന്നതിന് പര്യാപ്തമല്ലാത്ത ഗോഡൗണുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, പുതിയ ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനും താൽപ്പര്യപത്രം ക്ഷണിച്ച് സപ്ലൈകോ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

(ഡി) സർക്കാർ പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് അവിടങ്ങളിൽ നിയമം അനുശാസിക്കുന്നവിധം ഗോഡൗണുകൾ നിർമ്മിച്ചാൽ വാടകയിനത്തിൽ ചെലവാകുന്ന വൻ തുക ലാഭിക്കാൻ കഴിയുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ?

ദേശീയ ഭക്ഷ്യഭദ്രത നിയമം, 2013 അനുസരിച്ചുള്ള ഭക്ഷ്യധാന്യ സംഭരണത്തിനായി എല്ലാ താലൂക്കുകളിലും വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൊതുവിതരണ വകുപ്പ് സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലും പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിലും ഗോഡൗൺ നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 11 ജില്ലകളിലെ 20 താലൂക്കുകളിലായി ഗോഡൗൺ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണത്തിനനുയോജ്യമായ റവന്യൂ ഭൂമി (കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ കണ്ടെത്തിയിരിക്കുന്നത് സ്വകാര്യ ഭൂമിയാണ്) കണ്ടെത്തുകയും ആയത് വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

## സപ്ലൈകോ വിൽപ്പനശാലകൾ

314 (314) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്‌ലെറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉപഭോക്താവിന് ലഭിക്കുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തി അധികാരികളെ അറിയിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സപ്ലൈകോ ഔട്ട്‌ലെറ്റുകളുടെ ലൊക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സപ്ലൈകോ ആവിഷ്കരിച്ച ഗൂഗിൾ മാപ് ഇന്റഗ്രേറ്റഡ് ആപ്പാണ് 'ട്രാക്ക് സപ്ലൈകോ'. ടി ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിലും ലഭ്യമാണ്. അതുപോലെ സേവനങ്ങളുടെ നിലവാരം വിലയിരുത്തി അധികാരികളെ അറിയിക്കുന്നതിനാവിഷ്കരിച്ച ആപ്പാണ് 'ഫീഡ് ബാക്ക് സപ്ലൈകോ'. ഔട്ട്‌ലെറ്റുകളിലെ റേറ്റിംഗ് 1 മുതൽ 5 വരെ രേഖപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങളുടെ പ്രതികരണത്തെ ആസ്പദമാക്കി ഔട്ട്‌ലെറ്റുകളുടെ സേവനം മെച്ചപ്പെടുത്തിവരുന്നു.

(ബി) സപ്ലൈകോ വില്പനശാലകളിലെ സ്റ്റോക്ക്, സെയിൽസ്, പർച്ചേസ് എന്നിവ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. നിലവിൽ സെയിൽസ്, സ്റ്റോക്ക്, പർച്ചേസ് എന്നിവ കാണാനുള്ള ഡിജിറ്റൽ റിയൽടൈം ബേസിസ് സംവിധാനമൊരുക്കിയിട്ടുണ്ട്. സപ്ലൈകോയിൽ ഇ.ആർ.പി. (എന്റർപ്രൈസ് റിസോഴ്സ് പ്ലാൻ) സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചു. ഇ.ആർ.പി. സംവിധാനം നിലവിൽ വരുന്നതോടെ സപ്ലൈകോ വില്പനശാലകളിലെ സ്റ്റോക്ക്, സെയിൽസ്, പർച്ചേസ് എന്നിവ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ ലഭ്യമാകും.

(സി) സംസ്ഥാന, ജില്ലാ, താലൂക്കുതല വിജിലൻസ് കമ്മിറ്റികൾ, റേഷൻ കട തലത്തിലുള്ള വിജിലൻസ് കമ്മിറ്റികൾ എന്നിവ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യഭദ്രത ചട്ടം 2018 എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സംസ്ഥാന, ജില്ല, താലൂക്ക് റേഷൻ കട തലത്തിൽ വിജിലൻസ് കമ്മിറ്റികൾ 17-8-2018-ലെ സ.ഉ.(സാധാ) നം. 417/2018/ഭ.പൊ.വി.വ., 418/2018/ഭ.പൊ.വി.വ., 419/2018/ഭ.പൊ.വി.വ., 420/2018/ഭ.പൊ.വി.വ. പ്രകാരം രൂപീകരിക്കാൻ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെയടിസ്ഥാനത്തിൽ സംസ്ഥാനതല വിജിലൻസ് സമിതി, ജില്ലാതല വിജിലൻസ് സമിതി, താലൂക്കുതല വിജിലൻസ് സമിതികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ പുനഃ സംഘടിപ്പിക്കുന്നതിനാൽ കേരള ഭക്ഷ്യഭദ്രതാ ചട്ടം 2018 പരിഷ്കരിക്കുന്നതി നാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും പരാതിരഹിതവുമായി മാറ്റുന്നതിലേക്കായിട്ടാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം 2018 എന്നിവ അനുശാസിക്കുന്ന പ്രകാരമുള്ള വിജിലൻസ് കമ്മിറ്റികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന, ജില്ലാതല വിജിലൻസ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. താലൂക്കുതല വിജിലൻസ് കമ്മിറ്റികളുടെ യോഗം കൃത്യമായ ഇടവേളകളിൽ വിളിച്ചുചേർക്കുന്നതിനാവശ്യമായ നടപടികൾ ജില്ല/താലൂക്ക് സപ്ലൈ ആഫീസർമാർ സ്വീകരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി സിവിൽ സപ്ലൈസ് ഗോഡൗൺ

315 (315) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിനുസമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഗോഡൗൺ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) പരിഗണനയിലില്ല.

## പൊതുവിപണി വില നിയന്ത്രണം

316 (316) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25 കിലോയ്ക്ക് മുകളിലുള്ളവയ്ക്ക് ഇളവ് നൽകിക്കൊണ്ട്, ചെറുകിടയായി പായ്ക്കറ്റുകളിലാക്കി വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്കുമേൽ ജി.എസ്.ടി. ഏർപ്പെടുത്തിയ കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തെ മാർക്കറ്റുകളിൽ വില വർദ്ധനവിന് കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) സപ്ലൈകോ അരിയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പായ്ക്കറ്റുകളിലാക്കിയാണ് വിപണനം നടത്തുന്നതെന്നതിനാൽ കേന്ദ്രസർക്കാർ നടപടി പ്രതിസന്ധി സൃഷ്ടിക്കാനിടയുണ്ടോ?

സപ്ലൈകോ വിൽപ്പനശാലകളിലൂടെ അരി പാക്ക് ചെയ്യാതെ ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് തൂക്കി ചില്ലറ വിൽപന നടത്തുന്നുണ്ട്. ആയതിന് ജി.എസ്.ടി. ബാധകമല്ല. എന്നാൽ സപ്ലൈകോ ഔട്ട്‌ലെറ്റിൽ മറ്റവശ്യസാധനങ്ങൾക്ക് 5% ജി.എസ്.ടി. ബാധകമാണ്.

(സി) പൊതുമാർക്കറ്റിലെ വില നിയന്ത്രിച്ചുനിർത്തുന്നതിന് സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോൾ മുതൽ 14 ഇനം (ആദ്യഘട്ടത്തിൽ 13 ഇനം) അവശ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുകയില്ലെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അത് ഇപ്പോഴും തുടർന്നു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുമാർക്കറ്റിലെ വില നിയന്ത്രണത്തിന് സപ്ലൈകോ നടത്തുന്ന വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ?

(സി&ഡി) ഉണ്ട്. പൊതുവിപണിയിലെ അവശ്യസാധനകളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവ കുറഞ്ഞനിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. ഏപ്രിൽ

2016-നുശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മല്ലിയുടെ വിലയിൽ 13 രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നത്. ഇതുകൂടാതെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലൂടെ കഴിഞ്ഞ ആറുവർഷങ്ങളിലായി ഏകദേശം 1956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി 2021 നവംബർ 30 മുതൽ ഡിസംബർ 9 വരെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലിവഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തിരുന്നു. കൂടാതെ, ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയേക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രൈസ് മോണിറ്ററിംഗ് സെൽ സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

**അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധന**

317 (317) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2015 മുതൽ 2022 വരെ അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് ചാർജ്ജ് ചെയ്ത കേസുകളുടെ എണ്ണവും പിഴത്തുകയും വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ 2015 മുതൽ 2022 വരെ അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് ചാർജ്ജ് ചെയ്ത കേസുകളുടെ എണ്ണവും പിഴത്തുകയും ചുവടെചേർക്കുന്നു:

| വർഷം | കേസുകളുടെ എണ്ണം | പിഴത്തുക |
|---|---|---|
| 2015 | 138 | 2,75,000 |
| 2016 | 137 | 2,72,000 |
| 2017 | 243 | 4,85,000 |
| 2018 | 150 | 2,99,000 |
| 2019 | 175 | 3,49,000 |
| 2020 | 92 | 1,84,000 |
| 2021 | 50 | 1,00,000 |
| 2022 (ആഗസ്റ്റ് 15 വരെ) | 169 | 1,67,000 |
| ആകെ | 1154 | 21,31,000 |

(ബി) ഗുരുവായൂർ മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഇതുവരെ നടത്തിയ അളവ്-തൂക്ക ഉപകരണ പരിശോധനകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ (ഓഗസ്റ്റ് 15 വരെ) 254 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ആയതിൽ 149 കേസുകൾ രജിസ്റ്റർ ചെയ്യുകയും 1,27,000 രൂപ പിഴത്തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നത്**

318 (318) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഷോപ്പിംഗ് മാളുകളിലും മറ്റും ഷോപ്പിംഗിനെത്തുന്നവരുടെ വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നതും ഇതുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഷോപ്പിംഗ് മാളുകളിൽ വാഹനം പാർക്ക് ചെയ്യുന്നതിന് പാർക്കിംഗ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്രകാരം മാളുകൾ കസ്റ്റമേഴ്സിന്റെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് ഈടാക്കുന്നത് നിയമപരമാണോ; ആണെങ്കിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് അനുമതി നൽകിയതുസംബന്ധിച്ച വിശദാംശം നൽകാമോ?

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 475(1) വകുപ്പുപ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾ തുറക്കുന്നതിന് നഗരസഭയുടെ അനുമതി അനിവാര്യമാണ്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34-ലെ പട്ടിക 5.2-ൽ ക്രമ നമ്പർ 6-ലെ ഗണം എഫ്-ൽ വരുന്ന വാണിജ്യ/കച്ചവട

കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ആകെ കാർപെറ്റ് വിസ്തീർണ്ണം ആയിരം ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടത്തിന് 75 ചതുരശ്ര മീറ്റർ കാർപെറ്റ് വിസ്തീർണ്ണവും ആയിരം ചതുരശ്ര മീറ്ററിൽ കവിഞ്ഞുള്ളവയ്ക്ക് 50 ചതുരശ്ര മീറ്റർ കാർപെറ്റ് വിസ്തീർണ്ണവും പാർക്കിംഗ് ഏരിയയ്ക്കായി മാറ്റിവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥപ്രകാരം ആകെയുള്ള വിസ്തീർണ്ണത്തിന്റെ നിശ്ചിത അളവ് പാർക്കിംഗ് ഏരിയയ്ക്കായി മാറ്റിവക്കേണ്ടത് അനിവാര്യമാണ്. ഇപ്രകാരം നിർണ്ണയിച്ച പാർക്കിംഗ് സ്ഥലത്ത് പാർക്കിംഗ് ഫീ ഈടാക്കുന്നതുസംബന്ധിച്ച് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. പാർക്കിംഗ് ഫീസ് ഈടാക്കുന്നതുസംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഫീസ് ഈടാക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-7-2022-ന് ഒരു മീറ്റിംഗ് ചേരുകയും പാർക്കിംഗ് ഫീ ഈടാക്കുന്നതിൽ സർക്കാരിന്റെ നിയന്ത്രണം കൊണ്ടുവരുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പാർക്കിംഗ് ഫീസ് നൽകാതെ മാളുകളിലെത്തുന്നവരുടെ വാഹനം പാർക്ക് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ?

ഇക്കാര്യത്തിൽ പരാതി ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പാർക്കിംഗ് ഫീസ് ഈടാക്കുന്നത് നിയമപരമല്ലെങ്കിൽ ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

നിയമപരമല്ലാതെ പാർക്കിംഗ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പരാതി കിട്ടുന്നമുറയ്ക്ക് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ നിഷ്ക്രിയമാകുന്നത് തടയുന്നതിന് നടപടി

319 (319) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ വികസന ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ആർജ്ജിക്കുന്ന പല ആസ്തികളും നിഷ്ക്രിയമായി മാറുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ആസ്തികൾ നിഷ്ക്രിയമായി മാറുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രദേശവാസികളുടെ എതിർപ്പ്, കാലപ്പഴക്കം, പ്രവർത്തനക്ഷമമാക്കുന്നതിന് കാലതാമസമെടുക്കുന്നത് എന്നിവ ആസ്തികൾ നിഷ്ക്രിയമാകുന്നതിന് കാരണമാകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയംസഹായ സംഘങ്ങൾക്കായി നിർമ്മിക്കുന്ന ആസ്തികളിൽ ചിലത് അവയുടെ പ്രവർത്തന മില്ലാതാകുന്നതോടുകൂടി നിഷ്ക്രിയമായി മാറുന്നുമുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപയോഗ പ്രദമാക്കുന്നതിനുമുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പതിനാലാം പഞ്ചവത്സര മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം കാര്യക്ഷമവും ത്വരിതഗതിയിലാക്കുന്നതിനുംവേണ്ടി നഗരസഭ/ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്താറുണ്ട്. ടി യോഗങ്ങളിൽ പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി ആയത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## സ്പെഷ്യൽ മാര്യേജ് ആക്ട്

320 (320) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പിന്നീട് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അവസരങ്ങളുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉണ്ട്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കുകീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹ രജിസ്റ്ററിലെയോ ഈ ആവശ്യത്തിനായി വച്ചുപോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലെയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകൾ സഹിതം വിവാഹത്തിലേർപ്പെട്ട കക്ഷികൾ വിവാഹ രജിസ്ട്രേഷനായി 1-ാം നമ്പർ ഫോറത്തിൽ ഒരു മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണ്.

(ബി) വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടുവർഷമായി എന്തെങ്കിലും പുതിയ ഉത്തരവുകൾ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 23-11-2021-ൽ ആർ.സി.3/288/2016/ ത.സ്വ.ഭ.വ. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

2. കോവിഡ്-19 വ്യാപനസാഹചര്യം പരിഗണിച്ച് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓൺലൈനായി ഹാജരായി വിവാഹം രജിസ്റ്റർ ചെയ്യുന്നതുസംബന്ധിച്ച് 9-9-2021-ലെ സ.ഉ. (സാധാ) നമ്പർ 1721/2021/ത.സ്വ.ഭ.വ., 21-9-2021-ലെ സ.ഉ.(സാധാ) നമ്പർ 1811/2021/ ത.സ്വ.ഭ.വ., 29-11-2021-ലെ സ.ഉ.(സാധാ) നമ്പർ 2404/2021/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ഏകീകൃത തദ്ദേശ പൊതുസർവ്വീസ് രൂപീകരണം

321 (321) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും അംഗീകരിച്ച വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ. ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

തസ്തിക സൃഷ്ടിക്കൽ, അപ്ഗ്രഡേഷൻ, പുനർനാമകരണം എന്നിവയുൾപ്പെട്ട ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ 22-6-2022-ലെ മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം മന്ത്രിസഭായോഗം അംഗീകരിച്ച വിശേഷാൽ ചട്ടങ്ങൾ 22-8-2022-ൽ ചേർന്ന സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ. നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തദ്ദേശ പൊതുസർവ്വീസിലെ സമാന തസ്തികകളിൽനിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമാണ്; ഇത്തരത്തിൽ സമാന തസ്തികകളിൽനിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുവാൻ സാധിച്ചില്ലെങ്കിൽ പൊതുസർവ്വീസ് രൂപീകരണം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ?

ഏകീകൃത വകുപ്പിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ. നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നമുറയ്ക്ക് സമാന തസ്തികകളിൽനിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുവാൻ സാധിക്കുന്നതാണ്.

(സി) പൊതുസർവ്വീസിന്റെ ഭാഗമായിവരുന്ന മുഴുവൻ ജീവനക്കാർക്കും ജി.സ്പാർക്ക് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പൊതുസർവ്വീസിന്റെ ഭാഗമായിവരുന്ന മുഴുവൻ ജീവനക്കാർക്കും ജി.സ്പാർക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ അസിസ്റ്റന്റ് സെക്രട്ടറിമാരില്ലാത്ത പഞ്ചായത്തുകളുടെ വിശദാംശം നൽകാമോ; പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുന്നതിന് തടസ്സങ്ങളെന്തെല്ലാമാണ്; അത് മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകൾ ചുവടെചേർക്കുന്നു.

അമ്പൂരി, കള്ളിക്കാട്, കാഞ്ഞിരംകുളം, കിളിമാനൂർ, കുറ്റിച്ചൽ, മടവൂർ, ഒറ്റശേഖരമംഗലം, പനവൂർ, പൂവാർ, തിരുപുറം, മൺറോതുരുത്ത്, പട്ടാഴി, വടക്കേക്കര, പേരയം, ആനിക്കാട്, നെടുമ്പ്രം, റാന്നി അങ്ങാടി, തുമ്പമൺ, കൊഴുവനാൽ, മീനാടം, മേലുകാവ്, മൂന്നിലവ്, പൂഞ്ഞാർ, റ്റി.വി. പുരം, തീക്കോയി, തലനാട്, തലപ്പാലം, തലയാഴം, വെളിയന്നൂർ, മുതുകുളം പെരുമ്പളം, വീയപുരം, വെളിയനാട്, കടക്കരപ്പള്ളി, തകഴി, മുട്ടാർ, പാണ്ടനാട്, ആലക്കോട്, അയ്യപ്പൻ കോവിൽ, ബൈസൺവാലി, ഇടവെട്ടി, ഇരട്ടയാർ, കരിംകുന്നം, കോടിക്കുളം, കൊക്കയാർ, മണക്കാട്, കുമാരമംഗലം, മാങ്കുളം, മരിയാപുരം മുട്ടം, പുറപ്പുഴ, വെള്ളിയാമറ്റം, കാന്തള്ളൂർ, കടയത്തൂർ, എടയ്ക്കാട്ടുവയൽ, കുഴപ്പിള്ളി, അയ്യമ്പുഴ, വാരപ്പെട്ടി, വല്ലച്ചിറ, പൂമംഗലം, ഒരുമനയൂർ, ലവഞ്ചേരി, എരുത്തേമ്പതി, മലമ്പുഴ, പട്ടഞ്ചേരി, പൊൽപ്പുള്ളി, പുതുക്കോട്, വെള്ളിനേഴി, പെരുമണ്ണക്ലാരി, തുവ്വൂർ, തെന്നല, കുത്താളി, വെങ്ങപ്പള്ളി, തരിയോട്, ബെള്ളൂർ, കമ്പഡാജെ, വലിയപറമ്പ്.

അസിസ്റ്റന്റ് സെക്രട്ടറി നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതുസംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പാതയോരങ്ങളിലെ പൊതു ശുചിമുറികളുടെ നിർമ്മാണം**

322 (322) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ശുചിമുറിയുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൊതു ശുചിമുറികൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ 12 ഇന പരിപാടിയിലുൾപ്പെടുത്തി 'ടേക്ക് എ ബ്രേക്ക്' എന്നപേരിൽ ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന ആധുനിക സൗകര്യങ്ങളുൾപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കും ദിവ്യാംഗർക്കും ഏതുസമയത്തും ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ടോയ്‌ലെറ്റ് കോംപ്ലക്സുകൾ (പൊതു ശുചിമുറികൾ) നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ 2 എണ്ണവും നഗരസഭകളിൽ 4 എണ്ണവും കോർപ്പറേഷനുകളിൽ 6 എണ്ണവും വീതം സംസ്ഥാനത്താകെ 2365 ടോയ്‌ലെറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

'ടേക്ക് എ ബ്രേക്ക്' പദ്ധതിപ്രകാരം 622 ടോയ്‌ലെറ്റ് കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തിയാക്കി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന പരിധികളിൽ ഇതിനോടകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ 637 ടോയ്‌ലെറ്റ് കോംപ്ലക്സുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. 'ടേക്ക് എ ബ്രേക്ക്' ടോയ്‌ലെറ്റ് കോംപ്ലക്സുകളുടെ ലഭ്യത മനസ്സിലാക്കുന്നതിന് മൊബൈൽ ആപ് ഉപയോഗിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(സി) പ്രസ്തുത പദ്ധതി മുഖേന എത്ര പൊതു ശുചിമുറികൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2365 പൊതു ശുചിമുറികളാണ് 'ടേക്ക് എ ബ്രേക്ക്' പദ്ധതി മുഖേന നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഈ വർഷംതന്നെ മുഴുവൻ പദ്ധതികളും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതിയിൽ വനാതിർത്തി ക്ലിയറൻസ് പ്രവൃത്തി

323 (323) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം രൂക്ഷമായ വനാതിർത്തി വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വനാതിർത്തികൾ ക്ലിയർ ചെയ്യുന്ന പ്രവൃത്തി നിലവിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനതല ആക്ഷൻ പ്ലാനിൽ വനാതിർത്തി ക്ലിയർ ചെയ്യുന്ന പ്രവൃത്തിയുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ പദ്ധതി മാർഗ്ഗരേഖ നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ടി പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം വനാതിർത്തി ക്ലിയർ ചെയ്യുന്ന പ്രവൃത്തി അനുവദനീയമല്ലാത്തതിനാൽ ആക്ഷൻ പ്ലാനിലുൾപ്പെടുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കില്ല.

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

324(324) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കേന്ദ്രസർക്കാർ എന്തെങ്കിലും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശപ്രകാരം 2022 ആഗസ്റ്റ് 1 മുതൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം 20 പ്രവൃത്തികൾ മാത്രമെ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ 20 പ്രവൃത്തികളുണ്ടെങ്കിൽ പുതുതായി ഒരു പ്രവൃത്തി ആരംഭിക്കുന്നതിനോ പുതിയ മസ്റ്റർ റോൾ ഇഷ്യൂ ചെയ്യുന്നതിനോ ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർ മുഖേന ജില്ലാ പ്രോഗ്രാം ഓഫീസറുടെ അനുമതി തേടേണ്ടത് ആവശ്യമാണ്.

(ബി) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലും സാമൂഹ്യ ആസ്തികളുണ്ടാക്കുന്നതിലും എന്തൊക്കെ പ്രയാസങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുവഴി നേരിടേണ്ടിവന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളെ അപേക്ഷിച്ച് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ജനസംഖ്യയിലും വിസ്തീർണ്ണത്തിലും വളരെ വലുതാണെന്നുമാത്രമല്ല, അവയിൽ നല്ലൊരു ശതമാനം ഇരുപതിലധികം വാർഡുകളുൾപ്പെടുന്നവയുമാണ്. ഗ്രാമപഞ്ചായത്തുകളിൽ ശരാശരി 2700-നുമുകളിൽ സജീവ തൊഴിലാളികളുണ്ട്. ഇവരുടെ ആവശ്യപ്രകാരം തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഇരുപതിലധികം പ്രവൃത്തികൾ ഒരേസമയം ഏറ്റെടുക്കേണ്ടിവരും. എന്നാൽ ഒരേസമയം 20 പ്രവൃത്തികൾക്കുമുകളിൽ ഒരു പുതിയ പ്രവൃത്തി ആരംഭിക്കുന്നതിനോ പുതിയ മസ്റ്റർ റോൾ ഇഷ്യൂ ചെയ്യുന്നതിനോ ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസറുടെ അനുമതി ആവശ്യമാണെന്ന പുതിയ നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾക്ക് അനാവശ്യ തടസ്സങ്ങൾ സൃഷ്ടിക്കുന്നതാണ്. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുകയും എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് കൃത്യസമയത്ത് തൊഴിൽ നൽകാൻ സാധിക്കാതെയും വന്നാൽ തൊഴിലുറപ്പ് നിയമപ്രകാരം അൺഎംപ്ലോയ്മെന്റ് അലവൻസ് നൽകുന്നതിനുള്ള സാഹചര്യവുമുണ്ടാകാം. ആയതിനാൽ ടി മാർഗ്ഗനിർദ്ദേശം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും കത്ത് നൽകിയിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം**

325 (325) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരണ നടപടികൾ ഏതുഘട്ടംവരെ എത്തിയെന്ന് വിശദീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചുവോ; എങ്കിൽ കോപ്പി നൽകുമോ?

(എ&ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ പ്രാബല്യത്തിൽ വന്നു. തിരുവനന്തപുരം നന്ദൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽവന്നു. പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകളുൾപ്പെടെ സ്വരാജ് ഭവനിലേയ്ക്കുമാറ്റി, 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു. ഏകീകൃത വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിന്റെ ഭാഗമായി 15-3-2022-ന് സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. തുടർന്ന് സബ്ജക്ട് കമ്മിറ്റി ഭേദഗതികളോടെ വിശേഷാൽ ചട്ടങ്ങൾ അംഗീകരിക്കുകയുണ്ടായി. തസ്തിക സൃഷ്ടിക്കൽ, അപ്ഗ്രഡേഷൻ, പുനർനാമകരണം എന്നിവയുൾപ്പെടെ കരട് വിശേഷാൽ ചട്ടങ്ങൾ 22-6-2022 മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് ടി വിശേഷാൽ ചട്ടങ്ങൾ 22-8-2022-ലെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ കമ്മിറ്റി അംഗീകരിക്കുകയുമുണ്ടായി. ടി വിശേഷാൽ ചട്ടങ്ങൾ എസ്.ആർ.ഒ. ആയി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പൊതുസർവ്വീസ് രൂപീകരണത്തിനെതിരെ ഏതൊക്കെ കേസുകളാണ് വിവിധ കോടതികളിൽ നിലവിലുള്ളതെന്നും അവയിലെ വാദമുഖങ്ങൾ എന്തൊക്കയാണെന്നും വിശദീകരിക്കുമോ?

1. OA (EKM)No. 1099/2020 filed by Sri. Pramod Kumar S. N., General Secretary, Kerala Panchayat Employees Federation State Committee.
2. OA (EKM)No. 1115/2020 filed by LSGD Engineers Association and Others.
3. OA (EKM)No. 1126/2020 filed by Kerala NGO Association & Others.
4. OA (EKM)No. 1129/2020 filed by Federation of Engineering Employees in Local Administration and Others.
5. OA (EKM)No.1146/2020 filed by Sri. Fakrudeen Ali, Clerk, Edarikode Grama Panchayat.
6. OA (EKM)No. 1149/2020 filed by Sri. Naito Baby Areekal, General Secretary, Kerala Panchayat Employees Organization.
7. OA (EKM) 296/2021 filed by Kerala Rural Development Employees Organisation and Others.
8. OA (EKM) 263/2022 filed by Sri. Satheesh Babu K.
9. WP(C) No 5211/2022 filed by Sri K.V. Anil, Former President of Kulakkada Grama Panchayat.
10. OA (EKM) 988/2022 filed by Sri. Babu K. G. & Others.

വകുപ്പുകളുടെ സംയോജനം അധികാരവികേന്ദ്രീകരണത്തെ പ്രതികൂലമായി ബാധിക്കുമെന്നും സംയോജനം കേന്ദ്രീകൃത ഭരണത്തിനിടയാക്കുമെന്നും ആയത് ഭരണഘടന വിരുദ്ധമാണെന്നും വാദിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാതെയാണ് പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ടുള്ള 17-7-2020-ലെ ജി.ഒ. (എം.എസ്.) നം. 106/2020/എൽ.എസ്.ജി.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും കൂടാതെ പൊതുസർവ്വീസിന്റെ ഭാഗമായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അപ്ഗ്രേഡ് ചെയ്തുകൊണ്ടും മന്ത്രിസഭാ യോഗതീരുമാനപ്രകാരം 25-6-2022-ൽ പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ. (എം.എസ്.) നം.134/2022/എൽ.എസ്.ജി.ഡി. ഉത്തരവ് മൗലികാവകാശങ്ങൾ ലംഘിക്കുന്നതായതിനാൽ റദ്ദ് ചെയ്യുക എന്നിവയാണ് പ്രധാന വാദമുഖങ്ങൾ.

(ഡി) റൂറൽ-അർബൻ വകുപ്പുകളുടെ സംയോജനം ഭരണഘടനാ ലംഘനമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

പരിശോധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ സർവ്വീസ് ഏകീകരിക്കുന്നത് ഭരണഘടനാ വിരുദ്ധമല്ല. 1992-ലെ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഉന്നമനവും സാമൂഹികനീതിയും സാധ്യമാകത്തക്കവിധം പദ്ധതികളും പരിപാടികളും രൂപീകരിച്ച് നടപ്പിലാക്കുന്നതിനും സംസ്ഥാന നിയമങ്ങൾപ്രകാരം അധികാര കൈമാറ്റവും വികേന്ദ്രീകരണവും ഉറപ്പാക്കുന്നതിനുമായി ഭരണഘടനയിൽ അനുച്ഛേദം 243(W) ഉൾപ്പെടുത്തി. തുടർന്ന് സംസ്ഥാന നിയമങ്ങൾ ഇതനുസരിച്ച് രൂപപ്പെടുത്തിയപ്പോൾ സംസ്ഥാന സർക്കാർ കൈകാര്യം ചെയ്തിരുന്ന പല വിഷയങ്ങളും പദ്ധതികളും പരിപാടികളും രൂപീകരിക്കാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും വ്യവസ്ഥകൾ ചേർക്കുകയും പ്രസ്തുത പട്ടികകളനുസരിച്ചുള്ള വിഷയങ്ങൾ വിപുലമാക്കുകയും ചെയ്തു. തുടർന്ന് പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നതിനാവശ്യമായ മാനവശേഷി അതായത് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ പഞ്ചായത്ത് രാജ് ആക്ടിലെ 179, 180, 181 വകുപ്പുകളിൽ വ്യവസ്ഥയും ഉൾപ്പെടുത്തി. അങ്ങനെയുള്ള സർക്കാർ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും ബാധകമായിട്ടുള്ള സർവ്വീസ് ചട്ടങ്ങൾ 1968-ലെ കേരള പബ്ലിക് സർവ്വീസ് ആക്ടനുസരിച്ച് സംസ്ഥാനമൊട്ടാകെയോ ഓരോ ജില്ലയ്ക്കുവേണ്ടിയോ ഒരു പ്രത്യേക സർവ്വീസായോ രൂപീകരിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുകയും ചെയ്തു. അപ്രകാരമുള്ള നിയമ വ്യവസ്ഥകളനുസരിച്ചാണ് ഏകീകൃത സ്പെഷ്യൽ

റൂൾസ് തയ്യാറാക്കിയിട്ടുള്ളത്. ഭാരതത്തിന്റെ ഭരണഘടനയുടെയും ഇതുമായി ബന്ധപ്പെട്ട സംസ്ഥാന നിയമങ്ങളുടെയും അന്തഃസത്തയ്ക്കനുസരിച്ച് കരുത്തുറ്റ പ്രാദേശിക ഭരണ സ്ഥാപനങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറുന്നതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണം ആവശ്യമാണ്.

(ഇ) സംയോജനം സംബന്ധിച്ച ഫയലിന്റെ നോട്ട് പേജുകൾ ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം സംബന്ധിച്ച ഫയലുകളിലെ നോട്ട് പേജുകളുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(എഫ്) ജീവനക്കാർ ഉന്നയിച്ച ആക്ഷേപങ്ങൾ പരിഗണിച്ച് സംയോജന നടപടികൾ നിർത്തിവയ്ക്കുമോ?

നിലവിൽ വകുപ്പ് സംയോജന നടപടികൾ നിർത്തിവയ്ക്കേണ്ട സാഹചര്യമില്ല.

**തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിന് നടപടി**

326 (326) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ ആക്രമണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തെരുവുനായ്ക്കളുടെ ശല്യമൊഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവുനായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്സ്) റൂൾസ് 2001 പ്രകാരമാണ് തെരുവുനായ്ക്കളെ വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ ചെയ്തുവരുന്നത്. ടി റൂൾസിലെ ചട്ടം 5 പ്രകാരം തെരുവുനായ്ക്കളുടെ ഷെൽട്ടറിംഗ് ഉറപ്പാക്കുകയും അവയുടെ പരിപാലനം മൃഗസംരക്ഷണ സംഘടനകളുമായി ചേർന്ന് ഉറപ്പാക്കാൻ നഗരസഭകൾ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനും പേവിഷബാധ ഉന്മൂലനം ചെയ്യുന്നതിനുമായി ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പ്രോഗ്രാം. എന്നാൽ നിർവ്വഹണ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ദ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ടി വിഷയങ്ങളിലാവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കുന്നതിനും നിർദ്ദേശിച്ച് WP(C)13204/2021 പെറ്റീഷനിൽ 19-7-2021 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളിലേയ്ക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ എ.ബി.സി. പ്രോഗ്രാമിന് തുക കൈമാറുന്നതിലുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. തെരുവുനായകൾക്കായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ അഡോപ്ഷൻ ക്യാമ്പുകൾ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയാകുന്നവർക്ക് ചികിത്സാ ചെലവും മതിയായ നഷ്ടപരിഹാരവും അനുവദിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 5-4-2016-ലെ WPC 599/15 നമ്പർ കേസിന്മേലുള്ള ഉത്തരവുപ്രകാരം നിയമിച്ച റിട്ടയേർഡ് ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരുവുനായ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**പഞ്ചായത്തുകളിലെ തനത് ഫണ്ടിന്റെ കുറവ് പരിഹരിക്കാൻ നടപടി**

327 (327) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ തനത് ഫണ്ട് കുറവായതിനാൽ ജീവനക്കാരുടെ ശമ്പളവും ജനപ്രതിനിധികളുടെ ഓണറേറിയവും നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലയിലെ കുടയത്തൂർ, രാജാക്കാട്, കൊക്കയാർ, വട്ടവട എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ട് കുറവാണ്.

(ബി) ഇത്തരം പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) വിടവ് നികത്തൽ ഫണ്ട് ഈ പഞ്ചായത്തുകളിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം, മുൻവർഷത്തെ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തയ്യാറാക്കുന്ന റിപ്പോർട്ടനുസരിച്ച് എല്ലാ വർഷവും അർഹതപ്പെട്ട പഞ്ചായത്തുകൾക്ക് വിടവ് നികത്തൽ ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്.

## ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ

328 (328) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ മാറ്റുന്നതുസംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ജനസാന്ദ്രത കൂടുതലുള്ളതും നഗര സ്വഭാവമുള്ളതുമായ ഗ്രാമപഞ്ചായത്തുകളിൽ കൃത്യസമയത്ത് സേവനം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായുള്ള പരാതി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഐ.എൽ.ജി.എം.എസ്. നടപ്പാക്കിയിട്ടുണ്ട്. അതുവഴി അപേക്ഷകർക്ക് ഫയൽ നീക്കം അറിയുന്നതിനും മേലധികാരികൾക്ക് കാലതാമസം മോണിറ്റർ ചെയ്യുന്നതിനും കഴിയുന്നുണ്ട്. ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകളിൽ കൃത്യസമയത്ത് പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിന് സ്വീകരിച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതത്തിൽ കുറവ്

329 (329) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിഹിതത്തിൽ കേന്ദ്രസർക്കാർ അനുവദിക്കാറുള്ള തുകയിൽ മുൻകാലങ്ങളെക്കാൾ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 2021-22 വർഷത്തിൽ 10.59 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ 2022-23 വർഷത്തേയ്ക്ക് 10.32 കോടി തൊഴിൽ ദിനങ്ങൾക്കുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും 6 കോടി തൊഴിൽ ദിനങ്ങളാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളത്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി

330 (330) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾക്ക് മെഡിസെപ് പോലുള്ള ആരോഗ്യസംരക്ഷണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾക്ക് എം.എൽ.എ., എം.പി. എന്നിവർക്ക് നൽകുന്നതുപോലുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ ജനപ്രതിനിധികളുടെ യാത്രാപ്പടി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(എ-ഡി) നിലവിൽ പരിഗണനയിലില്ല.

## കൊടുവള്ളി ഗവൺമെന്റ് റെസിഡൻഷ്യൽ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

331 (331) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗവൺമെന്റ് റെസിഡൻഷ്യൽ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൊടുവള്ളി നഗരസഭ വാങ്ങിയ ഭൂമി വിട്ടുനൽകുന്നതിനായി 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം സർക്കാരിന്റെ അനുമതിക്കായി കൊടുവള്ളി നഗരസഭ സെക്രട്ടറിയുടെ 15-6-2022-ലെ എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടർക്കുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കൊടുവള്ളി ഗവൺമെന്റ് റെസിഡൻഷ്യൽ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൊടുവള്ളി നഗരസഭ വാങ്ങിയ ഭൂമി വിട്ടുനൽകുന്നതുസംബന്ധിച്ച പ്രൊപ്പോസൽ 22-8-2022-ൽ ഇ-മെയിൽ വഴി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. വിഷയം പരിശോധിക്കുന്നതാണ്.

(ബി) എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടറുടെ ഓഫീസിലെ പ്രസ്തുത ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ?

DUA-G3/8369/2022

(സി) എൽ.എസ്.ജി.ഡി. (അർബൻ) ഡയറക്ടർ പ്രസ്തുത അപേക്ഷകളിന്മേൽ നടപടികൾക്കായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

22-8-2022-ലെ DUA-G3/8369/2022 നമ്പർ കത്ത് ഇ-മെയിൽ മുഖാന്തരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**വിളപ്പിൽ പോളിടെക്നിക്കിനായുള്ള വഴി ലഭ്യമാക്കൽ**

332 (332) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ പോളിടെക്നിക്കിന് ഭൂമി കൈമാറുന്നതിനായി നിർദ്ദിഷ്ട ഭൂമിയിലേയ്ക്കുള്ള വഴി ലഭ്യമാക്കുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി അടിയന്തരമായി കൈമാറാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) വിളപ്പിൽ പോളിടെക്നിക്കിന് നിർദ്ദിഷ്ട ഭൂമി കൈമാറുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ 20-2-2021-ൽ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശാസ്താംപുറം മാർക്കറ്റ് നവീകരണം

333 (333) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ചെങ്ങന്നൂർ നഗരസഭാ പരിധിയിലുള്ള ശാസ്താംപുറം മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെയായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

ചെങ്ങന്നൂർ നഗരസഭ വാർഡ് 24-ൽ സ്ഥിതിചെയ്യുന്ന ശാസ്താംപുറം മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് നിലവിലെ കടമുറികൾ പൊളിച്ചുനീക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് നഗരകാര്യ ഡയറക്ടർ സമർപ്പിച്ചത് 12-8-2022-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ കാലതാമസം പരിഹരിച്ച് പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിച്ച് യഥാസമയം പൂർത്തീകരിക്കുന്നതാണ്.

## എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

334 (334) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ട എളവള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം ഇതുവരെ പൂർത്തീകരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ 75% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ചർ, പ്ലാസ്റ്ററിംഗ്, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തിയായി. പ്ലംബിംഗ്, പെയിന്റിംഗ്, ടൈൽ വിരിക്കൽ തുടങ്ങി അവസാന മിനുക്കുപണികൾകൂടി പൂർത്തീകരിക്കാനുണ്ട്. ആയത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെട്ടിട നിർമ്മാണം സംബന്ധിച്ച പാർട്ട് ബിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ടോയെന്നും അതിൻപ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

29-6-2022-ന് ലഭ്യമായിട്ടുള്ള ബില്ലുകൾക്ക് തുക അനുവദിക്കുന്നതിനായി ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭിക്കുന്നമുറയ്ക്ക് അനുവദിക്കുന്നതാണ്. 31-5-2022 വരെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കപ്പെട്ട എല്ലാ ബില്ലുകൾക്കും തുക അനുവദിച്ചിട്ടുണ്ട്.

(ഡി) ബിൽ തുക അനുവദിക്കുന്നതിനും ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുംവേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ?

ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിക്കൊണ്ട് 13-7-2022-ൽ കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്.

## സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി ഓഹരി പിരിക്കാൻ അനുമതി

335 (335) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം594) സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ (എൽ.എസ്.ജി.ഡി.-എഫ്.എം.2/ 38/2022) പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിൽനിന്നും അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ (എൽ.എസ്.ജി.ഡി.-എഫ്.എം.2/38/2022) പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിൽനിന്നും അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**

336 (336) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വീടുകളും സ്ഥാപനങ്ങളും മാലിന്യ മുക്തമാക്കുന്നതിന് സഹായകരമാകുന്ന നിലയിൽ വിഭാവനം ചെയ്തിട്ടുള്ള ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സംബന്ധിച്ച വിശദാംശം നൽകാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശസ്ഥാപന തലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകോപനത്തിനും പ്രവർത്തന മികവ് നിരീക്ഷണത്തിനും കെൽട്രോൺ മുഖേന തയ്യാറാക്കിയിട്ടുള്ളതാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. ഉപഭോക്താക്കളുടെ വിവര ശേഖരണം, നിലവിൽ ലഭ്യമായ മാലിന്യ സംസ്കരണ നടപടി, സേവനങ്ങൾ നൽകുമ്പോൾ വിശദാംശങ്ങൾ രേഖപ്പെടുത്തൽ എന്നിവ ഇതിലൂടെ സാധ്യമാണ്. ഇതിൽ ലഭ്യമായിട്ടുള്ള ഉപഭോക്തൃ ആപ് വഴി ഉപയോക്താവിന് പ്രത്യേക സേവനങ്ങൾക്കായി അഭ്യർത്ഥിക്കൽ, പരാതികൾ ഉന്നയിക്കൽ, മാലിന്യം തള്ളുന്നത് റിപ്പോർട്ട് ചെയ്യൽ തുടങ്ങിയ സേവനങ്ങൾ ലഭിക്കും. ആദ്യ ഘട്ടത്തിൽ 312 പഞ്ചായത്തുകൾ, 58 നഗരസഭകൾ, 4 കോർപ്പറേഷനുകൾ എന്നിവയുൾപ്പടെ 374 തദ്ദേശസ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**തദ്ദേശസ്വയംഭരണ സ്ഥാപനതല ഉപയോക്താക്കൾക്ക് ലഭ്യമാകുന്ന വിവരങ്ങൾ:**

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ അവലോകനം
2. മാലിന്യം സംബന്ധിച്ച് വാർഡ് തിരിച്ചുള്ള സർവ്വേ വിശദാംശങ്ങൾ
3. വാർഡ് തിരിച്ചുള്ള പ്ലാൻ എൻറോൾമെന്റ് വിശദാംശങ്ങൾ
4. വാർഡ് തിരിച്ചുള്ള സേവനം നൽകൽ സംബന്ധിച്ചുള്ള വിവരങ്ങൾ
5. യൂസർ ഫീ ശേഖരണ വിവരങ്ങൾ

**താഴെപ്പറയുന്ന ഘടകങ്ങൾ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിൽ ലഭ്യമാണ്:**

1. നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളെ മനസ്സിലാക്കുന്നതിനുള്ള സർവ്വേ മൊബൈൽ അപ്ലിക്കേഷൻ ഇതുവഴി വീടുകൾ, കടകൾ, ആശുപത്രികൾ, ഓഡിറ്റോറിയങ്ങൾ, ആരാധനാലയങ്ങൾ, പാർക്കുകൾ, മറ്റു പൊതുസ്ഥലങ്ങൾ എന്നിങ്ങനെ തരം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാവും.
2. ഹരിത കർമ്മ സേനകളുടെ സേവനങ്ങളെയും അനുബന്ധ പ്രവർത്തനങ്ങളെയും നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ.
3. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ ആവശ്യപ്പെടുന്നതിനും പരാതികൾ അറിയിക്കുന്നതിനും പണമടയ്ക്കുന്നതിനും ആവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ.
4. ഗുണഭോക്താക്കൾക്ക് നഗരപരിധിയിൽ നടക്കുന്ന അലക്ഷ്യമായി മാലിന്യം വലിച്ചറിയുന്നതും മാലിന്യം കത്തിക്കുന്നതുമായ സംഭവങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കാനുള്ള സംവിധാനം.
5. ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള അടുത്തുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും മെറ്റീരിയൽ റിക്കവറി സെന്ററും കണ്ടുപിടിക്കാനുള്ള സംവിധാനം.
6. മാലിന്യ സംസ്കരണ സേവനങ്ങൾ ഏകീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമാവശ്യമായ വെബ് പോർട്ടൽ സംവിധാനം (വിവിധ ഉദ്യോഗസ്ഥർക്കും സർക്കാരിനും ആവശ്യമായ റിപ്പോർട്ടുകൾ).

(ബി) ഹരിത മിത്രം ആപ്ലിക്കേഷൻ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ആദ്യഘട്ടത്തിൽ പദ്ധതി വച്ച് ഡി.പി.സി. അംഗീകാരം ലഭ്യമായിട്ടുള്ള 374 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രണ്ടാംഘട്ടത്തിൽ പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2 എന്നീ പദ്ധതികൾ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണ/പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (അർബൻ), ശുചിത്വ കേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ/പരിപാലനത്തിന് സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) കെട്ടിടാവശിഷ്ട മാലിന്യം ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 30-7-2022-ലെ സ.ഉ (കൈ) നമ്പർ 168/2022/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം കെട്ടിടാവശിഷ്ട മാലിന്യം ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

## റോഡ് നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വിട്ടുനൽകുവാൻ നടപടി

337 (337) <u>ശ്രീ. സജി ചെറിയാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെങ്ങന്നൂർ ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും മിനി സിവിൽ സ്റ്റേഷൻ, കോടതി, താലൂക്ക് ഓഫീസ്, രജിസ്ട്രേഷൻ ഓഫീസ്, എഞ്ചിനീയറിംഗ് കോളേജ്, ട്രഷറി, ഫയർ സ്റ്റേഷൻ-ട്രാഫിക് സ്റ്റേഷൻ, ജില്ലാ ആശുപത്രി എന്നീ സ്ഥാപനങ്ങളിലെത്തുന്നതിനുമുള്ള എളുപ്പ മാർഗ്ഗമായ നന്ദാവനം ജംഗ്ഷൻ -എഞ്ചിനീയറിംഗ് കോളേജ് റോഡ് നവീകരണത്തിന് തടസ്സമായി നിൽക്കുന്ന ചെങ്ങന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 1.91 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്ന നടപടിക്ക് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) നന്ദാവനം ജംഗ്ഷൻ-എഞ്ചിനീയറിംഗ് കോളേജ് റോഡ് നവീകരണത്തിനാവശ്യമായ, നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം പ്രവർത്തനം

338 (338) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിലെ പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിലെ ബിൽഡിംഗ് പ്രവൃത്തി, സൈഡ് പ്രൊട്ടക്ഷൻ, റോഡ് പ്രവൃത്തി എന്നിവ പൂർത്തീകരിച്ചു. സിവിൽ വർക്കിലെ ലാൻഡ് സ്കേപ്പിംഗ്, ഇലക്ട്രിക്കൽ വർക്സ്, പെയിന്റിംഗ് (ഫൈനൽ കോട്ടിംഗ്),നെയിം ബോർഡ് എന്നിവയാണ് പൂർത്തീകരിക്കാനുള്ളത്. തുടർഘട്ടത്തിൽ ഫർണസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തികൾ എന്നിവയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിലെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരുന്നത്. ആയതിന്റെ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡും തമ്മിലാണ്. ആയതിന്റെ പൂർത്തീകരണ കാലാവധി 29-9-2022 വരെയാണ്. ഫർണസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 30% പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ തുടർ പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി പുതിയ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ടെൻഡർ ജില്ലാ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നമുറയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി നടത്താവുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയിൽ ഇനി പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണ്; കരാർ എടുത്ത കമ്പനി എഗ്രിമെന്റ് സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതുകൊണ്ട് അവരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) പെയിന്റിംഗ്(ഫൈനൽ കോട്ടിംഗ്)

2) ലാൻഡ് സ്കേപ്പിംഗ്

3) ഫർണസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ സ്ഥാപിക്കൽ

ഫർണസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 30% പ്രവൃത്തി പൂർത്തീകരിക്കുകയും തുടർ പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ?

സിവിൽ പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാവുന്നതാണ്. ഫർണസ്സ്, ചിമ്മിനി, അനുബന്ധ ഗ്യാസ് ലൈൻ പ്രവൃത്തികൾ പുതിയ എഗ്രിമെന്റിൽ ഏർപ്പെടുന്നമുറയ്ക്ക് ആരംഭിക്കാനാവുന്നതാണ്.

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് പദ്ധതികൾ

339 (339) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം 2016 ജൂൺ മുതൽ നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 ജൂൺ മുതൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ടേക്ക് എ ബ്രേക്ക് പദ്ധതി

340 (340) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദമാക്കാമോ?

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ 142 വഴിയോര വിശ്രമകേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 82 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു (പൂർത്തീകരിച്ചവയുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*).

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; എത്ര എണ്ണം പൂർത്തീകരിച്ചു; വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ താഴെപ്പറയും പ്രകാരം 8 വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

വടക്കാഞ്ചേരി മുനിസിപ്പാലിറ്റി - 3

തെക്കുംകര ഗ്രാമപഞ്ചായത്ത് -1

കോലഴി ഗ്രാമപഞ്ചായത്ത്-2

അടാട്ട് ഗ്രാമപഞ്ചായത്ത് -1

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് -1

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞവയിൽ 3 വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ - 1 (ഒട്ടുപാറ ബസ് സ്റ്റാൻഡ്), തെക്കുംകര ഗ്രാമപഞ്ചായത്തിൽ-1 (കരുമത്ര ജംഗ്ഷൻ), അടാട്ട് ഗ്രാമപഞ്ചായത്തിൽ - 1 (Pt. Office Compound) എന്നിവയാണ് നിർമ്മാണം പൂർത്തീകരിക്കപ്പെട്ട വഴിയോര വിശ്രമകേന്ദ്രങ്ങൾ

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ്

341 (341) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെട്ടിക്കുറച്ച 2022-23 വർഷത്തേയ്ക്കുള്ള മെയിന്റനൻസ് ഗ്രാന്റ് പുനരനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തുക പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ എല്ലാ പ്രാദേശിക സർക്കാരുകളുടെയും 2022-23 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് വിഹിതം പരിഷ്കരിക്കുന്ന കാര്യം സർക്കാർ ധനവകുപ്പിൽ പരിശോധിച്ചുവരുന്നു.

## പൊന്നാനി മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി

342 (342) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ 'പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം' പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ ആരംഭിച്ച 5 സ്കൂളുകളുടെ (ജി.എഫ്.എൽ.പി.എസ്. പുതുപൊന്നാനി, ജി.എച്ച്.എസ്.എസ്. തൃക്കാവ്, ജി.എം.എൽ.പി.എസ്. പൊന്നാനി ടൗൺ, ജി.എൽ.പി.എസ്. കടവനാട്, ബഡ്സ് സ്കൂൾ കം റീഹാബിലിറ്റേഷൻ സെന്റർ, പൊന്നാനി) നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

'പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം' പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ ആരംഭിച്ച 5 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ന്യൂനപക്ഷക്ഷേമ ഡയറക്ടർ പൊന്നാനി നഗരസഭയിലേയും മലപ്പുറം ജില്ലാ കളക്ടറേറ്റിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത അക്രെഡിറ്റഡ് ഏജൻസികളുടെയും അവലോകന യോഗം 14-7-2022-ന് നടത്തിയിരുന്നു. ഏറ്റെടുത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്ത സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് പോലെയുള്ള ഏജൻസികളോട് അടിയന്തര നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുമോ; വിശദമാക്കുമോ?

21-7-2022-ൽ പൊന്നാനി നഗരസഭാ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ടി പ്രവൃത്തികളുടെ അവലോകന യോഗം നടത്തുകയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**കില മുഖേനയുള്ള സ്കൂൾ കെട്ടിട നിർമ്മാണങ്ങളുടെ പുരോഗതി**

343 (343) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയതും കില മുഖേന നിലവിൽ നിർവ്വഹണം നടത്തുവാൻ തീരുമാനിച്ചതുമായ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജി.എൽ.പി.എസ്. പറമ്പിൽ പീടിക, പെരുവള്ളൂർ, ജി.എൽ.പി.എസ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് തേഞ്ഞിപ്പാലം, ജി.യു.പി.എസ്. പരപ്പനങ്ങാടി, തേഞ്ഞിപ്പാലം, ജി.യു.പി.എസ്. പാറക്കടവ്, മുന്നിയൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

1. ജി.എൽ.പി.എസ്. പറമ്പിൽ പീടിക: ഈ പ്രവൃത്തി 6-10-2021-ൽ റീ-ടെണ്ടർ ചെയ്തിരുന്നു. എന്നാൽ കിഫ്ബിയിൽനിന്നും പി.ഇ.ഡി. ഡ്രോയിംഗ്സ് അംഗീകരിച്ച് ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ ഫേം

പിരീഡ് ദീർഘിപ്പിച്ച് നൽകുവാൻ വിസമ്മതിച്ചു. ആയതിനാൽ ഈ ടെണ്ടർ ക്യാൻസൽ ചെയ്തു. ഇപ്പോൾ ലഭ്യമായ പുതുക്കിയ ഭരണാനുമതി പ്രകാരം 2018 ഡി.എസ്.ആർ. നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. ജി.എൽ.പി.എസ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്, തേഞ്ഞിപ്പാലം- ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി നേരത്തെതന്നെ നൽകിയിരുന്നുവെങ്കിലും യൂണിവേഴ്സിറ്റിയുടെ സ്ഥലം സ്കൂളിന് വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. സ്ഥലം വിട്ടുകിട്ടിയാൽ ഉടൻതന്നെ എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ. നിരക്കിൽ പുതുക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

3. ജി.യു.പി.എസ്. പാറക്കടവ്, മുന്നിയൂർ - 3 കോടി രൂപയുടെ ഈ പദ്ധതിക്ക് 3.90 കോടി രൂപയ്ക്ക് പുതുക്കി (ഡി.എസ്.ആർ. 2018 നിരക്കനുസരിച്ച്) ഭരണാനുമതി നല്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ഈ വിഭാഗത്തിൽപ്പെട്ട പ്രവൃത്തികളുടെ സ്ഥലം സന്ദർശിച്ച് ഉദ്യോഗസ്ഥർ എസ്റ്റിമേറ്റും പ്ലാനും ഡിസൈനും തയ്യാറാക്കിവരികയാണ്. പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജി.യു.പി.എസ്. പരപ്പനങ്ങാടി, തേഞ്ഞിപ്പാലം- ഈ പ്രവൃത്തി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിർമ്മാണം നടത്തുവാൻ പ്രയാസമാണ് . കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്ന വിധത്തിൽ സ്കൂൾ കോമ്പൗണ്ടിൽ നിർദ്ദിഷ്ട സ്ഥലത്തുനിന്നും മാറ്റി നിർമ്മാണം നടത്തുവാനുള്ള സാദ്ധ്യത ആരാഞ്ഞിട്ടുണ്ട് . അപ്രകാരം നടപ്പിലാക്കുവാൻ സാധിക്കുകയാണെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതാണ് .

(ബി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മേൽ വിവരിച്ച കാരണങ്ങൾകൊണ്ടാണ് കെട്ടിട നിർമ്മാണത്തിന് തടസ്സം നേരിടുന്നത്. തടസ്സങ്ങൾ മാറ്റി പ്രവൃത്തി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## എരുമേലി ഗ്രാമപഞ്ചായത്ത് വക സ്ഥലം ഫയർ സ്റ്റേഷനും എക്സൈസ് ഓഫീസിനും വിട്ടുനല്കാൻ നടപടി

344 (344) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എരുമേലി തെക്ക് വില്ലേജിൽപ്പെട്ട ഓരുങ്കൽ കടവിലുള്ള 51.05 സെന്റ് വസ്തുവിൽനിന്നും 6.72 ആർ സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായും 7.25 ആർ സ്ഥലം എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിനായും സൗജന്യമായി വിട്ടുനൽകുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 23-4-2022-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) എരുമേലിയിൽ ഫയർ സ്റ്റേഷനും എക്സൈസ് ഓഫീസിനുംവേണ്ടി പ്രസ്തുത സ്ഥലം കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) എരുമേലി ഗ്രാമപഞ്ചായത്തിൽ ഫയർ സ്റ്റേഷനും എക്സൈസ് ഓഫീസും പണിയുന്നതിനായി സ്ഥലം വിട്ടുനൽകുന്നതിനുള്ള സന്നദ്ധതാ തീരുമാനം ഗ്രാമപഞ്ചായത്ത്, ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകളുടെ ആവശ്യകതാ സർട്ടിഫിക്കറ്റ് സഹിതമുള്ള പ്രൊപ്പോസൽ ലഭിച്ചുകഴിഞ്ഞാൽ ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## ലൈഫ് പദ്ധതി

345 (345) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇതേവരെ എത്ര ആളുകൾക്ക് വീട് നിർമ്മാണത്തിനും നിർമ്മാണം പൂർത്തീകരിക്കുന്നതിനും പണം നൽകിയിട്ടുണ്ടെന്ന് നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിൽ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമായ 22780 പേരിൽ 14861 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ എത്രയിടങ്ങളിലാണ് ഗുണഭോക്താക്കൾക്കായി ലൈഫ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ മൂന്ന് സ്ഥലങ്ങളിലാണ് നിലവിൽ ലൈഫ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നത്:

1. പുന്നപ്ര - 156 യൂണിറ്റുകൾ
2. മണ്ണഞ്ചേരി - 28 യൂണിറ്റുകൾ
3. നടുവട്ടം - 44 യൂണിറ്റുകൾ

(സി) പുന്നപ്രയിലെ ഫ്ലാറ്റ് നിർമ്മാണത്തിലെ തടസ്സം നീക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

പുന്നപ്രയിലെ ലൈഫ് ഭവന സമുച്ചയ നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള M/s പെന്നാർ എന്ന ഏജൻസി കോവിഡ് 19, പ്രളയം എന്നിവ കാരണം നിർമ്മാണ പ്രവൃത്തി തടസ്സപ്പെട്ട സാഹചര്യത്തിൽ കമ്പോളത്തിലുണ്ടായ വില വർദ്ധനകാരണം നിർമ്മാണം തുടർന്ന് നടത്തുന്നതിന് കരാർ തുകയിൽ വർദ്ധന ആവശ്യപ്പെട്ട് പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. കരാർ തുക വർദ്ധന സംബന്ധിച്ച തീരുമാനം പരിഗണിക്കുന്നതിന് സർക്കാർതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. വിഷയം നിലവിൽ കമ്മിറ്റിയുടെ പരിഗണനയിലാണ്. നിർമ്മാണം പുനരാരംഭിക്കുവാൻ കരാർ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണം പുനരാരംഭിക്കാത്ത സാഹചര്യത്തിൽ കരാർ അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്ഥലവും വീടുമില്ലാത്ത അർഹരായവർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി സ്ഥലവും വീടും നൽകുന്നതിനുള്ള അന്തിമ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിൻമേൽ സ്ഥലവും വീടുമില്ലാത്ത അർഹരായവരുടെ (പ്രതികൂലമായ കാലാവസ്ഥമൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ എത്ര പേരാണുള്ളത്; വ്യക്തമാക്കാമോ?

ഇപ്രകാരം ഭൂരഹിത ഭവനരഹിതരായി 3999 ഗുണഭോക്താക്കളും 14056 പേർ ഭൂമിയുള്ള ഭവനരഹിതരായും ഉൾപ്പെട്ടിട്ടുണ്ട്.

(എഫ്) ഇവർക്ക് എന്നത്തേയ്ക്ക് വസ്തു നൽകി നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

അന്തിമ ഗുണഭോക്തൃ പട്ടികയിലെ ക്രമമനുസരിച്ച് ഇവർക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

**ലൈഫ് മിഷൻ മുഖേനയുള്ള ഫ്ലാറ്റ് നിർമ്മാണം**

346 (346) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോം പ്രദേശത്ത് നടന്നുവരുന്ന ലൈഫ് മിഷന്റെ ഫ്ലാറ്റ് നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് നിർത്തിവച്ചതെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ നഗരസഭയിലെ കോറോം പ്രദേശത്തെ ലൈഫ് ഭവന സമുച്ചയത്തിന്റെ കരാർ ഏറ്റെടുത്തിട്ടുള്ള M/s മിത്സുമി എന്ന ഏജൻസി, സ്റ്റീൽ ഉപയോഗിച്ചുള്ള പ്രിഫാബ് സാങ്കേതിക വിദ്യയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം, ഇരുമ്പിന്റെ വിലക്കയറ്റവും കോവിഡ് 19, പ്രളയം എന്നിവ കാരണവും നിർമ്മാണം തുടർന്ന് നടത്തുന്നതിന് കരാർ തുകയിൽ വർദ്ധന ആവശ്യപ്പെട്ട് പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) നിർമ്മാണ പ്രവൃത്തി എപ്പോൾ പുനരാരംഭിക്കുമെന്നാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ള കമ്പനി അറിയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

നിർമ്മാണ പ്രവൃത്തികൾ ഒരാഴ്ച്ചയ്ക്കകം പുനരാരംഭിക്കുമെന്ന് കരാർ കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) ഫ്ലാറ്റുകൾ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് എപ്പോൾ കൈമാറാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

പരമാവധി വേഗത്തിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## നോർത്ത് എഴിപ്രം-മാടവന റോഡിന്റെ നിർമ്മാണം

347 (347) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ തകർന്ന കുന്നത്തുനാട് മണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിലെ നോർത്ത് എഴിപ്രം-മാടവന റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഫേസ് II-ൽ ഉൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കിയിട്ടും നാളിതുവരെ റോഡ് നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ഫണ്ട് ലഭ്യത പരിമിതമായതിനാൽ ഫേസ് II-ൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള റോഡുകളുടെ നിർമ്മാണം ആർ.കെ.ഐ.-ക്ക് കീഴിൽ ഏറ്റെടുക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം

348 (348) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് ബഹുമാനപ്പെട്ട സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തുകൾ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) ഈ തുക നൽകാൻ ബാദ്ധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(സി) തെരുവുനായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം കാര്യക്ഷമമായി നടന്നുവന്നിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ നേടുന്നത് സംബന്ധിച്ചും ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം സംബന്ധിച്ചും മാനദണ്ഡങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കുന്നതിനും നിർദ്ദേശിച്ച് WP(C)13204/2021 പെറ്റീഷനിൽ 19-7-2021-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളിലേയ്ക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ എ.ബി.സി. പ്രോഗ്രാമിന് തുക കൈമാറുന്നതിലുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

കോഴിക്കോട് ജില്ലയിൽ തെരുവുനായ പ്രജനന നിയന്ത്രണത്തിനുള്ള പദ്ധതി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക സഹായം ഉൾപ്പെടുത്തി 2015-16 മുതൽ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കി വരുകയും പന്തലായനി, പേരാമ്പ്ര, ബാലുശ്ശേരി, പുതുപ്പാടി, വടകര തുടങ്ങിയ സ്ഥലങ്ങളിൽ സെന്ററുകൾ ആരംഭിക്കുകയും ആയതുപ്രകാരം ഒൻപതിനായിരത്തിലധികം നായ്ക്കളെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ചെയ്തു. എന്നാൽ ജനകീയ എതിർപ്പും മറ്റ് സാങ്കേതിക പ്രശ്നങ്ങളുംമൂലം തുടർ പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. മുൻ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിലുണ്ടായ അപാകത പരിഹരിച്ചും കൂടുതൽ ശാസ്ത്രീയവും ആധുനികവുമായ ഒരു എ.ബി.സി. സെന്റർ പനങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ വട്ടോളി ബസാറിൽ നിർമ്മാണം പൂർത്തിയായിവരുന്നു. സെന്റർ സ്ഥാപിക്കപ്പെടുന്നതോടുകൂടി ജില്ലയിൽ എ.ബി.സി. പ്രോഗ്രാം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നതാണ് .

കാസർഗോഡ് ജില്ലയിൽ എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നത് ജില്ലാപഞ്ചായത്തിന്റെ ബഹുവർഷ പദ്ധതിയായ മിഷൻ എ.ബി.സി. കാസർഗോഡ് എന്ന പദ്ധതി പ്രകാരമാണ്. 2015-16 സാമ്പത്തിക വർഷം ആരംഭിച്ച പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്തുകൾ വാർഷിക വിഹിതം

നൽകിവരുന്നുണ്ട്. ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്.) ആണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. കാസർഗോഡ്, തൃക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള 2 എ.ബി.സി. കേന്ദ്രങ്ങളിൽ വച്ചാണ് നിലവിൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നത്. അനിമൽ വെൽഫെയർ ബോർഡിന്റെ നിലവിലെ നിയമപ്രകാരം ആവശ്യമായ മെയിന്റനൻസ് ജോലികൾ പ്രസ്തുത കേന്ദ്രങ്ങളിൽ നടന്നുവരുന്നുണ്ട്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നതാണ്.

തെരുവുനായ്ക്കൾക്കായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ അഡോപ്ഷൻ ക്യാമ്പുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## പ്രധാൻമന്ത്രി ഗ്രാം സഡക് യോജന പദ്ധതി

349 (349) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തിൽ പാലക്കാട് ജില്ലയിൽനിന്ന് ഏതെല്ലാം റോഡുകളെയാണ് പ്രധാൻമന്ത്രി ഗ്രാം സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; റോഡുകളുടെ പേര്, തുക എന്നീ വിശദാംശങ്ങൾ അറിയിക്കാമോ?

2022-23 വർഷത്തിൽ പാലക്കാട് ജില്ലയിൽനിന്നും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തെരുവുനായ ആക്രമണം

350 (350) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ആക്രമണം കൂടി വരുന്ന കാര്യം പരിശോധിക്കുമോ?

പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) തെരുവുനായ ആക്രമണം തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിലെ രജിസ്ട്രേഷൻ, ഈ മേഖലയിലെ തൊഴിൽ വൈദഗ്ധ്യം എന്നീ മാനദണ്ഡങ്ങൾ പരിശോധിച്ച ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ടി വിഷയങ്ങളിൽ ആവശ്യമായ അന്വേഷണം നടത്തുന്നതിനും ആയതിൽ വ്യക്തത വരുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പ്രോഗ്രാമിനുവേണ്ടി നിർവ്വഹണ ഏജൻസിയായ കുടുംബശ്രീക്ക് തുക കൈമാറുന്നത് തൽക്കാലം നിർത്തിവയ്ക്കുന്നതിനും നിർദ്ദേശിച്ച് WP(C) 13204/2021 പെറ്റീഷനിൽ 19-7-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളിലേയ്ക്ക് കടന്നിരിക്കുന്ന സാഹചര്യത്തിൽ എ.ബി.സി. പ്രോഗ്രാമിന് തുക കൈമാറുന്നതിലുള്ള അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. തെരുവുനായകൾക്കായി മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ അഡോപ്ഷൻ ക്യാമ്പുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കോഴിക്കോട് ജില്ലയിൽ തെരുവുനായ പ്രജനന നിയന്ത്രണത്തിനുള്ള പദ്ധതി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക സഹായം ഉൾപ്പെടുത്തി 2015-16 മുതൽ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കിവരികയും പന്തലായനി, പേരാമ്പ്ര, ബാലുശ്ശേരി, പുതുപ്പാടി, വടകര തുടങ്ങിയ സ്ഥലങ്ങളിൽ സെന്ററുകൾ ആരംഭിക്കുകയും ആയത് പ്രകാരം ഒൻപതിനായിരത്തിലധികം നായ്ക്കളെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും ചെയ്തു. എന്നാൽ ജനകീയ എതിർപ്പും മറ്റ് സാങ്കേതിക പ്രശ്നങ്ങളുംമൂലം തുടർപ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. മുൻ വർഷങ്ങളിൽ പദ്ധതി നടത്തിപ്പിലുണ്ടായ അപാകത പരിഹരിച്ചും കൂടുതൽ ശാസ്ത്രീയവും ആധുനികവുമായ ഒരു എ.ബി.സി. സെന്റർ പനങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ വട്ടോളി ബസാറിൽ നിർമ്മാണം പൂർത്തിയായിവരുന്നു. സെന്റർ സ്ഥാപിക്കപ്പെടുന്നതോടുകൂടി ജില്ലയിൽ എ.ബി.സി. പ്രോഗ്രാം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നതാണ്. കാസർഗോഡ് ജില്ലയിൽ എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നത് ജില്ലാപഞ്ചായത്തിന്റെ ബഹുവർഷ പദ്ധതിയായ മിഷൻ എ.ബി.സി.

കാസർഗോഡ് എന്ന പദ്ധതി പ്രകാരമാണ്. 2015-16 സാമ്പത്തിക വർഷം ആരംഭിച്ച പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്തുകൾ വാർഷിക വിഹിതം നൽകിവരുന്നുണ്ട്. ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്.) ആണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. കാസർഗോഡ്, തൃക്കരിപ്പൂർ എന്നിവിടങ്ങളിലുള്ള 2 എ.ബി.സി. കേന്ദ്രങ്ങളിൽവച്ചാണ് നിലവിൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നത്. അനിമൽ വെൽഫെയർ ബോർഡിന്റെ നിലവിലെ നിയമപ്രകാരം ആവശ്യമായ മെയിന്റനൻസ് ജോലികൾ പ്രസ്തുത കേന്ദ്രങ്ങളിൽ നടന്നുവരുന്നുണ്ട്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത പദ്ധതി ഊർജ്ജിതമായി നടപ്പാക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പിന് അനുവദിക്കുന്ന ഗ്രാന്റ്**

351 (351) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-ാം ധനകാര്യ കമ്മീഷൻ 2020-2025 മുതൽ പ്രാദേശിക സർക്കാരുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രാദേശിക സർക്കാരുകൾക്ക് ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെ ഗ്രാന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 15-ാം ധനകാര്യ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വികസന പദ്ധതികൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുമോ; വ്യക്തമാക്കുമോ?

വികസന പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായി പ്രാദേശിക സർക്കാരുകൾക്ക് എല്ലാ വർഷവും മൂന്ന് ഗഡുക്കളായി വികസന ഫണ്ട് അനുവദിച്ചുനൽകുന്നുണ്ട്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് പ്രാദേശിക ഫണ്ടുകൾ നിലവിൽ അനുവദിക്കുന്നത്. ടി ഫണ്ടുകൾ യഥേഷ്ടം അനുവദിക്കാൻ കഴിയുന്നതല്ല, മറിച്ച് വ്യക്തമായ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ള ഫോർമുല പ്രകാരമാണ് വിന്യസിക്കുന്നത്. ആയതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വികസന പദ്ധതികൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കാൻ കഴിയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബസൈറ്റിൽ ലഭ്യമാണ്

(സി) വകുപ്പുകളുടെയും വിവിധ വികസന ഏജൻസികളുടെയും ഏകോപനത്തിനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) കേന്ദ്ര-സംസ്ഥാന-പ്രാദേശിക പദ്ധതികളുടെ പാക്കേജുകളുടെ ഏകോപനം സംബന്ധിച്ച് സർക്കാർ നോഡൽ ഏജൻസികൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) വിവിധ വികസന വകുപ്പുകളും ഏജൻസികളും നടപ്പാക്കുന്ന പദ്ധതികൾ പ്രാദേശിക സർക്കാർ തലത്തിൽ സംയോജിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ രൂപം നൽകിയിട്ടുണ്ട്. ഓരോ വർഷവും പ്രാദേശിക പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സംയുക്തയോഗം വിളിച്ചുചേർക്കണമെന്ന് ആസൂത്രണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതോടൊപ്പം വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ കേന്ദ്ര-സംസ്ഥാന പദ്ധതികളെയും മറ്റ് പദ്ധതികളെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ യോഗത്തിൽ അവതരിപ്പിക്കണമെന്നും സംയോജന സാധ്യതകൾ പരിശോധിച്ച് പദ്ധതിയിൽ ഉൾച്ചേർക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതുകൂടാതെ ജില്ലാ തലത്തിൽ സംയോജന സാധ്യതകൾ പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരിക്കുന്നതിന് നൽകണമെന്ന് ജില്ലാ ആസൂത്രണ സമിതികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കൽ**

352 (352) <u>ശ്രീ പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തുന്നതിനുള്ള അംഗീകൃത വിതരണക്കാരായി അംഗീകരിക്കുന്നതിന് പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കമ്പനിയെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കാൻ വേണ്ട ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട അപേക്ഷയിലെ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(ബി&സി) കാർഷിക മേഖലയിലെ നടീൽ വസ്തുക്കൾ, വളം, കീടനാശിനി, യന്ത്രോപകരണങ്ങൾ എന്നിവയുടെ അംഗീകൃത വിതരണക്കാരായി അംഗീകരിക്കണമെന്ന പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് എന്ന കമ്പനിയുടെ 19-8-2019-ലെ അപേക്ഷ സർക്കാരിൽ ലഭ്യമായിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-12-2019-ൽ കൂടിയ യോഗത്തിൽ പ്രസ്തുത അപേക്ഷ പരിഗണിക്കുകയും പുനലൂർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അംഗീകാരം, പ്രവർത്തനം, കമ്പനി ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ തുടങ്ങിയ വിശദാംശം സഹിതം നൽകുന്നമുറയ്ക്ക് പിന്നീട് പരിഗണിക്കുമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം കമ്പനി ലഭ്യമാക്കിയ വിശദാംശങ്ങൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14-9-2021-ൽ നടന്ന യോഗത്തിൽ ഇനം 4.9 ആയി പരിഗണിക്കുകയും നടീൽ വസ്തുക്കൾ, വിത്തുകൾ, വളം, കീടനാശിനി തുടങ്ങിയവ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നുണ്ടോ എന്നതുസംബന്ധിച്ച് പ്രൊപ്പോസലിൽ വ്യക്തതയില്ലെന്ന് യോഗം നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ വിവരം അപേക്ഷകരായ കമ്പനിയെ അറിയിക്കുന്നതിന് കത്തയയ്ക്കുകയുമുണ്ടായി. ഈ ആവശ്യം ഉന്നയിച്ച് 27-7-2022-ന് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്ത് ലഭിച്ചിരുന്നു. എന്നാൽ കത്തിനോടൊപ്പം ഉണ്ടായിരുന്ന ടി കമ്പനിയുടെ അപേക്ഷ 06-6-2020 തീയതിയിലേതാണ്. ആയത് കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ച് മേൽ പറഞ്ഞ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ പെന്റിംഗുള്ള ഫയലുകൾ**

353 (353) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് വിംഗുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര ഫയലുകൾ പെൻഡിംഗുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പിൽ സർക്കാർ തലത്തിൽ പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് 4563 ഫയലുകൾ പെൻഡിംഗുണ്ട്.

(ബി) പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റുകളിന്മേൽ സമർപ്പിച്ച അപ്പീലുകൾ, ഏതു വർഷം മുതലുള്ളവ പെൻഡിംഗുണ്ട്;

(സി) ഇതിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കാത്തത് കാരണം പെൻഡിംഗായ ഫയലുകളുടെ എണ്ണം എത്ര?

(ബി&സി) സീനിയോറിറ്റി ലിസ്റ്റുകളിന്മേൽ സമർപ്പിച്ച അപ്പീലുകൾ എല്ലാം തീർപ്പാക്കിയിട്ടുണ്ട്.

(ഡി) പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നാളിതുവരെ പെൻഡിംഗുള്ള ഫയലുകളുടെ എണ്ണം എത്ര?

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നാളിതുവരെ 23079 ഫയലുകൾ പെൻഡിംഗുണ്ട്.

(ഇ) വർഷങ്ങളായി പെൻഡിംഗുള്ള അപ്പീലുകളിന്മേലും മറ്റും തീരുമാനമെടുക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി വകുപ്പുതല ഫയൽ അദാലത്തുകൾ നടത്തി പെന്റിംഗ് ഫയലുകൾ തീർപ്പാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ**

354 (354) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിക്കുന്ന കാര്യം പരിശോധിക്കുമോ; ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിലെ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഒഴിവുകൾ എല്ലാംതന്നെ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 151 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഭിന്നശേഷി വിഭാഗത്തിൽ നീക്കിവയ്ക്കപ്പെട്ട 10 ഒഴിവുകളും നിലവിലുണ്ടായിരുന്നു. ആദ്യഘട്ടത്തിൽ റിപ്പോർട്ട് ചെയ്ത 128 ഒഴിവുകളിലേയ്ക്കും 10 ഭിന്നശേഷിക്കാർക്കായുള്ള ഒഴിവുകളിലേയ്ക്കും പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുകയും അതിൻപ്രകാരം നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 23 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടി പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നുണ്ട്.

ഒന്നാംതരം ഓവർസിയർമാരുടെ 98 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമന ശിപാർശ നൽകുന്നതിനുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

രണ്ടാംതരം ഓവർസിയർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തേണ്ടതുൾപ്പെടെ 126 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിലേയ്ക്കുള്ള പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകിത്തുടങ്ങിയിട്ടുണ്ട്. കൂടാതെ, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള 2 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ പി.എസ്.സി. നൽകുകയും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

മൂന്നാംതരം ഒവർസിയർമാരുടെ 72 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിലേയ്ക്കുള്ള പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ പൊന്മള ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് അടിയന്തരമായി സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

## ബയോ മൈനിംഗ്

355 (355) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ബ്രഹ്മപുരത്ത് അടിഞ്ഞുകിടക്കുന്ന മാലിന്യം ബയോ മൈനിംഗ് നടത്തുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) തയ്യാറാക്കിയ ടെൻഡർ വ്യവസ്ഥകൾ എന്തൊക്കെയാണ്?

ബ്രഹ്മപുരത്ത് നിലവിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യം 2016-ലെ ഖരമാലിന്യ സംസ്കരണ നിയമത്തിന് വിധേയമായി ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ നീക്കം ചെയ്ത് മുഴുവൻ സ്ഥലവും താരതമ്യേന പരന്ന പ്രതലമായി വീണ്ടെടുക്കുക എന്നതാണ് പദ്ധതിക്കായി പ്രസിദ്ധപ്പെടുത്തിയ ടെൻഡറിലെ പ്രധാന വ്യവസ്ഥ. കൂടാതെ പ്രദേശത്തുള്ള ലെഗസി വേസ്റ്റ്, ബയോ മൈനിംഗ് നടത്തി അനുയോജ്യമായ ഉപകരണങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ച് ജൈവമാലിന്യങ്ങളെയും അജൈവ മാലിന്യങ്ങളെയും തരം തിരിക്കണമെന്നും അതിനുശേഷം പുനരുപയോഗിക്കാൻ കഴിയുന്ന മാലിന്യങ്ങൾ അതിലേയ്ക്കായി മാറ്റണമെന്നും മറ്റുള്ളവ ശാസ്ത്രീയമായ സാങ്കേതിക വിദ്യയിലൂടെ ഡിസ്പോസ് ചെയ്യണമെന്നും ടെൻഡറിൽ വ്യവസ്ഥ ചെയ്യുന്നു. ടെൻഡറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളുടെ വിശദമായ വിവരണം അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) തയ്യാറാക്കിയ ടെൻഡർ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ ഇപ്പോൾ ബയോ മൈനിംഗ് നടത്തുന്ന കമ്പനിക്ക് കരാർ നൽകിയത്; എങ്കിൽ കമ്പനി ഹാജരാക്കിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

5-3-2022-ലെ 08/2020/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം ബ്രഹ്മപുരത്തുള്ള ലെഗസി വേസ്റ്റ് ഖര മാലിന്യ സംസ്കരണ നിയമ പ്രകാരം, ഭൂമി പുനരുപയോഗിക്കത്തക്ക തരത്തിൽ നീക്കം ചെയ്ത് സ്ഥലം മാലിന്യമുക്തമായി വീണ്ടെടുക്കുന്നതിനായുള്ള ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുകയും തുടർന്ന് നടന്ന വിശദമായ സാങ്കേതികവും സാമ്പത്തികവുമായ പരിശോധനകളിലൂടെ മതിയായ യോഗ്യതയുള്ള ഏജൻസിയെ കണ്ടെത്തുകയും ചെയ്തു. രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇപ്പോൾ ബ്രഹ്മപുരത്ത് ബയോ മൈനിംഗ് നടത്തുന്ന കമ്പനിയെ കണ്ണൂർ കോർപ്പറേഷനിൽനിന്നും കൊല്ലം കോർപ്പറേഷനിൽനിന്നും ടെർമിനേറ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

കണ്ണൂർ കോർപ്പറേഷൻ ടെർമിനേറ്റ് ചെയ്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. ടെൻഡർ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി ഏറ്റെടുത്ത് അഡ്വാൻസ് തുക കൈപ്പറ്റിയശേഷം (മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയ കണക്ക് പ്രകാരം 40000 m3) കൂടുതൽ അളവിലുള്ള മാലിന്യമുണ്ടെന്ന് തർക്കം ഉന്നയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ സർക്കാരിലേയ്ക്ക് കത്ത് നൽകുകയും സർക്കാർ നിർദ്ദേശപ്രകാരം കോഴിക്കോട് എൻ.ഐ.റ്റി.-യെകൊണ്ട് മാലിന്യത്തിന്റെ അളവ് സർവ്വേ നടത്തി പുനർനിർണ്ണയിച്ചതിൽ 123822 m3 ആണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കൂടുതൽ തുക ടി കമ്പനി ആവശ്യപ്പെടുകയും 21 കോടി രൂപയിൽ കൂടുതൽ തുക വരുന്ന സാഹചര്യത്തിൽ കൗൺസിൽ ടി കമ്പനിയെ ഒഴിവാക്കുന്നതിനും ടി കമ്പനി നേരത്തെ കൈപ്പറ്റിയ അഡ്വാൻസ് തുക തിരിച്ചുപിടിക്കുന്നതിനായി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ആയതുപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

കൊല്ലം നഗരസഭയിലെ കുരീപ്പുഴ ചണ്ടി ഡിപ്പോയിലെ ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ബയോമൈനിംഗ് നടത്തുന്നതിന് M/s സോണ്ട ഇൻഫോടെക് എന്ന സ്ഥാപനം രേഖപ്പെടുത്തിയിരുന്ന കുറഞ്ഞ നിരക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിരുന്നുവെങ്കിലും ടെൻഡർ വ്യവസ്ഥകൾക്ക് വിരുദ്ധമായി മുൻകൂർ പേമെന്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാനപ്രകാരം കരാറിൽനിന്നും ഒഴിവാക്കുകയും റീ-ടെൻഡർ നടപടികളിലൂടെ M/s സിഗ്മ ഗ്ലോബൽ എൻവിറോൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, ഈറോഡ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏൽപ്പിക്കുകയും ആയത് അവസാന ഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്.

**വീട്ടുകരത്തിൽ ഇളവ്**

356 (356) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷക്കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട്ടുകരം ഇനത്തിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ; പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീട്ടുകരം ഇരട്ടിയും നാലിരട്ടിയും വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കഴിഞ്ഞ ആറ് വർഷക്കാലയളവിൽ ഗ്രാമപഞ്ചായത്തുകൾ വീട്ടുകരം വർദ്ധിപ്പിച്ചിട്ടില്ല. വീട്ടുകരം ഇരട്ടിയും നാലിരട്ടിയും വർദ്ധിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ 27-4-2015-ലെ സ.ഉ.(കൈ)നമ്പർ 144/2015/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം 2000 ചതുരശ്രയടിവരെ തറ വിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് നികുതി വർദ്ധന ഒഴിവാക്കിയിട്ടുണ്ട്. ആയതിനുമുകളിൽ വിസ്തീർണ്ണമുള്ള വീടുകൾക്ക് മാത്രമാണ് 25% എന്ന പരിധിക്കുവിധേയമായി വർദ്ധന വരുത്തിയിട്ടുള്ളത്.

(ബി) ഇത്രയും വലിയ വർദ്ധന താങ്ങാൻ കഴിയാത്ത ജനവിഭാഗമായ മത്സ്യത്തൊഴിലാളികൾക്ക് വീട്ടുകരം ഇനത്തിൽ ഇളവ് അനുവദിക്കാൻ തയ്യാറാകുമോ?

തറ വിസ്തീർണ്ണം 660 ചതുരശ്രയടിവരെ വിസ്തീർണ്ണമുള്ള സ്വന്തം താമസത്തിനുപയോഗിക്കുന്ന വാസഗൃഹങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം മുതൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ വീട്ടുകരം ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. ഇതിലധികം വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് വീട്ടുകരം ഇനത്തിൽ ഇളവ് അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പൊളിക്കുന്ന കെട്ടിട മാലിന്യങ്ങൾ

357 (357) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊളിക്കുന്ന കെട്ടിട മാലിന്യങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പൊളിക്കുന്ന കെട്ടിട മാലിന്യങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

## ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നികുതി പിരിവിന്റെ വിശദാംശങ്ങൾ

358 (358) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ 2021-22 സാമ്പത്തിക വർഷത്തിലെ കെട്ടിട നികുതി പിരിവിന്റെ വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ 2021-22 സാമ്പത്തിക വർഷത്തെ കെട്ടിട നികുതിയുടെ ആകെ ഡിമാന്റ് 4,93,29,000 രൂപയും ആകെ കളക്ഷൻ 3,50,20,000 രൂപയും ബാലൻസ് 1,34,00,000 രൂപയുമാണ്. കെട്ടിട നികുതി പിരിവിന്റെ പഞ്ചായത്തുതല വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ് എന്നിവ അനുവദിച്ചതിന്റെയും വിനിയോഗത്തിന്റെയും വിവരങ്ങൾ (അനുവദിച്ച തുക, വിനിയോഗിച്ച തുക) വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ് എന്നിവ അനുവദിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**ദേശീയപാത 66-ന് സമീപം കെട്ടിട നിർമ്മാണത്തിനുള്ള അനുമതി**

359 (359) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ദേശീയപാത 66-ന് സമീപം ദേശീയപാതയിൽനിന്നും പ്രവേശനാനുമതി ലഭിക്കാത്തതിനാൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത വ്യക്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ ചാവക്കാട് നഗരസഭ, പുന്നയൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കൂടിയാണ് ദേശീയപാത 66 കടന്നുപോകുന്നത്. ദേശീയപാത 66-ന് സമീപം ദേശീയപാതയിൽനിന്നും പ്രവേശനാനുമതി ലഭിക്കാത്ത ചാവക്കാട് മുനിസിപ്പാലിറ്റി പരിധിയിലെ താമസത്തിനും വാണിജ്യാവശ്യത്തിനുമായുള്ള 11 കെട്ടിടങ്ങളും പുന്നയൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 10 കെട്ടിടങ്ങളും താമസാവശ്യത്തിനും വിദ്യാഭ്യാസാവശ്യത്തിനുമായുള്ള ഓരോ കെട്ടിടവും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത വ്യക്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

<u>ചാവക്കാട് മുനിസിപ്പാലിറ്റി</u>

1. വിദ്യാധരൻ, മേഘ, നളിനി കുമാരൻ, തേർളി ഹൗസ്, തിരുവത്ര
2. മുഹമ്മദ് അമീൻ, എരങ്ങത്തയിൽ ഹൗസ്, എടക്കഴിയൂർ
3. പ്രദീപ്, ഉപ്പുങ്ങൾ ഹൗസ്, മണത്തല
4. മുഹമ്മദ്, തെരുവത്ത് ഹൗസ്, തിരുവത്ര
5. ആലത്തയിൽ അബു, സുബൈദ, മണത്തല
6. അബ്ദുൾ ഗഫൂർ, താഴത്ത് ചാലിൽ ഹൗസ്, തിരുവത്ര
7. ഷാജി, കളത്തിൽ ഹൗസ്, മണത്തല
8. സി.എസ്. സുപ്രിയ, ചിത്രാദേവി, അക്ഷയ്, അജയ സുരേഷ്, അമൃത സുരേഷ്, പെരുമ്പുള്ളിശ്ശേരി ഹൗസ്, ചാവക്കാട്
9. തുളസീദാസൻ, കളത്തിൽ ഹൗസ്, തിരുവത്ര
10. കെ.എൻ.ശശി, കാഞ്ഞിരപറമ്പിൽ ഹൗസ്, തിരുവത്ര
11. ശങ്കരനാരായണൻ, കളത്തിൽ ഹൗസ്, മണത്തല

<u>പുന്നയൂർ ഗ്രാമപഞ്ചായത്ത്</u>

1. ധർമ്മരാജൻ, തയ്യിൽ വീട്, എടക്കഴിയൂർ പി.ഒ.
2. നദീറ, വലിയകത്ത് വീട്, എടക്കഴിയൂർ പി.ഒ.
3. അബൂബക്കർ, പൊന്നമ്പത്തയിൽ വീട്, അകലാട് പി.ഒ.
4. സഫിയ മുതൽപേർ, മുസ്ലിയാംവീട്ടിൽ തെക്കത്ത്, അകലാട് പി.ഒ.
5. ആസറ മുതൽപേർ, കറുപ്പം വീട്ടിൽ, എടക്കഴിയൂർ
6. ഉമ്മർ വെട്ടിക്കാട്ട്, അകലാട്
7. വിശ്വനാഥൻ വാക്കയിൽ വീട്, എടക്കഴിയൂർ
8. ഇബ്രാഹിം, വലിയകത്ത്, അകലാട്
9. മുഹമ്മദ് യാസി, മുക്കിലപീടികയിൽ, എടക്കഴിയൂർ
10. ഫാത്തിമ അബൂബക്കർ, മുതലകുളങ്ങര ചാക്കോലയിൽ, അകലാട്
11. റിയാസ്, പറേരിക്കൽ, അകലാട്
12. കുഞ്ഞിമുഹമ്മദ് വലിയകത്ത്, അകലാട്

(ബി) ദേശീയപാത 66-ന്റെ വശങ്ങളിൽ റോഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ അതിർത്തിയിൽനിന്നും 6 മീറ്റർ ദൂരപരിധി വേണമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിവിധ കാറ്റഗറിയിലുള്ള റോഡുകളിൽനിന്ന് കെട്ടിടങ്ങളുമായി പാലിക്കേണ്ടുന്ന അകലം IRC 73-1980 എഡിഷന്റെ ശിപാർശ പ്രകാരമാണ് നിശ്ചയിക്കുന്നത്. ഇതിൽ IRC 73-1980 പ്രകാരം ദേശീയപാത 66 ഉൾപ്പെടെയുള്ള എല്ലാ ദേശീയപാതകളുടെയും റോഡ് അതിരിൽനിന്നും 3-6 മീറ്റർ അകലം പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ദേശീയപാത 66-ൽ ആക്സസ് പെർമിറ്റ് ബാധകമായ കെട്ടിടങ്ങൾ/ ആയത് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ വിശദമാക്കാമോ?

വിവിധ ഗണങ്ങളിൽ (ഒക്യൂപ്പൻസി)പ്പെടുന്ന കെട്ടിടങ്ങൾക്ക് കെട്ടിടങ്ങളുടെ ഗണത്തിനനുസൃതമായി MoRTH (Ministry of Road Transport & Highways) ആണ് ആക്സസ് പെർമിറ്റ് നൽകിവരുന്നത്. Control of National Highways (Land and Traffic) Act 2002-ലെ അദ്ധ്യായം IV പ്രകാരമാണ് ദേശീയപാതയുമായി ബന്ധപ്പെട്ട ആക്സസ് നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

**പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള പദ്ധതികൾ**

360 (360) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിക്കാൻ ലക്ഷ്യമിടുന്ന സാഹചര്യത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകുകയും ഇതിനുള്ള സബ്സിഡി മാനദണ്ഡങ്ങൾ 28-5-2022-ലെ സ.ഉ.(കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ. പ്രകാരം നിശ്ചയിച്ചിട്ടുമുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ, തൊഴിൽദായക സംരംഭങ്ങൾ എന്നിവയ്ക്കുള്ള ധനസഹായങ്ങൾ, അവയുടെ ബാങ്ക് വായ്പയ്ക്കുള്ള പലിശ സബ്സിഡി, നൈപുണ്യ വികസനത്തിനാവശ്യമായ പരിശീലനങ്ങൾക്കുള്ള

ധനസഹായം, ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, ഇൻകുബേഷൻ ഫണ്ട്, സീഡ് സപ്പോർട്ട് സ്കീം പ്രകാരമുള്ള സഹായം, സംരംഭകത്വ പുനരുജ്ജീവന സമാശ്വാസത്തിന് സഹായം എന്നിവ നൽകാൻ കഴിയുന്നതാണ്. തദ്ദേശസ്ഥാപനതലത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ, സ്ത്രീകൾ, മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകളുടെ ഭാഗമായി ജനപങ്കാളിത്തത്തോടുകൂടി തൊഴിൽ സഭകൾ സംഘടിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ സമഗ്രമായ തൊഴിലാസൂത്രണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. KDISC മുഖാന്തരം നടപ്പാക്കുന്ന One Local Government One Idea പ്രോജക്ടുവഴി പ്രാദേശിക തലത്തിൽ സംരംഭകത്വ വികസനത്തിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. 1.5 ലക്ഷം കുടുംബശ്രീ കുടുംബങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുക, 50000 പുതിയ സംരംഭങ്ങളുടെ രൂപീകരണം, ദുർബ്ബലരായ വിഭാഗങ്ങൾക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുക, എല്ലാ മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകൾക്കും അതിന്റെ സംരംഭകർക്കും ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുക, നൂതന/സ്പെഷ്യൽ മൈക്രോ എന്റർപ്രൈസസുകൾ ആരംഭിക്കുക, കൺസോർഷ്യം രൂപീകരണം, നിലവിലുള്ള മൈക്രോ എന്റർപ്രൈസസുകളുടെ സുസ്ഥിരത ഉറപ്പാക്കൽ, വ്യക്തിഗത-സാമൂഹിക സേവനങ്ങൾക്കുള്ള സംരംഭകത്വ മാതൃകകളുടെ രൂപീകരണം, ടൂറിസം വികസനം-പ്രാദേശിക സാമ്പത്തിക വികസനവുമായി ബന്ധപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയും ലക്ഷ്യമിടുന്നുണ്ട്.

**സുരക്ഷാ പെൻഷനുകളുടെ തുക ലഭിക്കാനുള്ള കാലതാമസം**

361 (361) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്റ്ററിംഗ് പോലെയുള്ള സാങ്കേതിക വിഷയങ്ങൾ കാരണം കുടിശ്ശികയായിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ തുക ലഭിക്കാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കുടിശ്ശിക തുക നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഇക്കാര്യം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

**കുടുംബശ്രീ തൊഴിൽദാന പദ്ധതി**

362 (362) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങളിലൂടെ യുവതീയുവാക്കൾക്ക് നൽകിവരുന്ന തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗ്രാമപ്രദേശങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളോ അയൽക്കൂട്ട അംഗങ്ങളുടെ കുടുംബാംഗങ്ങളോ ആയ 18-നും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ള സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ റൂറൽ മൈക്രോ എന്റർപ്രൈസസ് (RME) പദ്ധതി പ്രകാരം നൽകിവരുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ 18-നും 45 വയസ്സിനും മദ്ധ്യേയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ യുവശ്രീ പദ്ധതി പ്രകാരം നൽകിവരുന്നു. സംസ്ഥാനത്ത് പ്രളയക്കെടുതികൾമൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങളിലെ യുവതീയുവാക്കൾക്ക് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ, കൃഷി അനുബന്ധ ജോലികൾ (തെങ്ങുകയറ്റം/കാടുവെട്ടൽ), ലോൺട്രി & അയണിംഗ്, സെയിൽസ്, ഹൗസ് കീപ്പിംഗ്, ഡേ കെയർ, ഹൗസ് മെയ്ഡ്, ഡാറ്റാ എൻട്രി എന്നീ പത്ത് മേഖലകളിൽ എറൈസ് പദ്ധതി മുഖേന പരിശീലനം ലഭ്യമാക്കിവരുന്നു.

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്കാണ് തൊഴിൽ ലഭിച്ചതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ?

കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളിലൂടെ യുവതീയുവാക്കൾക്ക് നൽകിവരുന്ന തൊഴിൽദാന പദ്ധതി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ തൊഴിൽ ലഭ്യമായിട്ടുള്ള യുവതീയുവാക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

ആലപ്പുഴ മുനിസിപ്പാലിറ്റി - 377

ആര്യാട് ഗ്രാമപഞ്ചായത്ത് - 116

മണ്ണഞ്ചേരി വടക്ക് ഗ്രാമപഞ്ചായത്ത്- 140

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്- 149

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്- 239

(സി) വനിതകളുടെ സംരംഭം ആരംഭിക്കുന്നതിനും അവർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനും സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

സംരംഭം ആരംഭിക്കാൻ താൽപ്പര്യമുള്ള വനിതകൾക്ക് പൊതു അവബോധ പരിശീലനം, സംരംഭകത്വ പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ നൽകിവരുന്നു. കൂടാതെ സംരംഭം ആരംഭിച്ച് ആറുമാസത്തിനുശേഷം പെർഫോമൻസ് ഇംപ്രൂവ്മെന്റ് പരിശീലനങ്ങൾ NIFT, CTCRI, CPCRI തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ട്. കൂടാതെ സംരംഭ വികസനത്തിന്റെ ഓരോ ഘട്ടത്തിലും മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവനവും നൽകിവരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ സംരംഭങ്ങൾ**

363 (363) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചുവരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റു ദുരന്തകാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ചുവരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിമൂലമോ മറ്റ് ദുരന്തകാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ, സംരംഭ പുനരുജ്ജീവന സമാശ്വാസത്തിന് ധനസഹായം (റിവൈവൽ ഫണ്ട്) നൽകാൻ 28-5-2022-ലെ സ.ഉ. (കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചിട്ടുണ്ട്. ഉത്തരവ് മാനദണ്ഡങ്ങൾക്കനു സൃതമായി പുനരുജ്ജീവന പാക്കേജ് തയ്യാറാക്കി ബാങ്ക് വായ്പ നേടിയിട്ടുണ്ടെങ്കിൽ പത്ത് ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക് മൂന്ന് വർഷത്തെ പലിശ സബ്സിഡി നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. പൊതുവിഭാഗത്തിൽ പ്പെട്ടവർക്കും മുൻഗണന വിഭാഗങ്ങൾക്കും ഇപ്രകാരം വായ്പകൾക്ക് പലിശ സബ്സിഡി ലഭിക്കും. പുനരുദ്ധാരണത്തിനായുള്ള ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നൊവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

എന്നിവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് അഞ്ച് ലക്ഷം രൂപവരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പത്ത് ലക്ഷം രൂപ വരെയും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പതിനഞ്ച് ലക്ഷം രൂപ വരെയും ധനസഹായം നൽകാവുന്നതാണ്. പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതോ പൂട്ടിപ്പോയതോ ആയ കുടുംബശ്രീ സംരംഭ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സിക്ക് എം.ഇ. റിവൈവൽ ഫണ്ട് കുടുംബശ്രീ മുഖേന നൽകിവരുന്നുണ്ട്. മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ മുഖേന സംരംഭങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സോഫ്റ്റ്‌വെയർ മുഖേന സംരംഭങ്ങളുടെ പ്രവർത്തന പുരോഗതി വിശകലനം ചെയ്യുന്നതിനും പ്രവർത്തനം നിലയ്ക്കാൻ പോകുന്ന യൂണിറ്റുകൾക്ക് തക്ക സമയത്ത് പിന്തുണാ സഹായം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഈ വർഷം മുതൽ മൈക്രോ എന്റർപ്രൈസ് റിസോഴ്സ് സെന്ററുകൾ ബ്ലോക്കുകളിൽ ആരംഭിക്കുന്നതിനായും ഉദ്ദേശിക്കുന്നുണ്ട്. മൈക്രോ എന്റർപ്രൈസ് റിസോഴ്സ് സെന്ററുകൾ നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുകയും കൂടാതെ പൂട്ടിപ്പോകുന്നതോ പ്രവർത്തനം മന്ദീഭവിക്കുന്നതോ ആയ യൂണിറ്റുകൾക്ക് ആവശ്യമായ രീതിയിലുള്ള പിന്തുണയും പരിശീലനവും വിപണന സഹായവും നൽകുകയും ചെയ്യുന്നതാണ്.

**വൈപ്പിൻ-വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണം**

364 (364) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ചാത്തനാട് അപ്രോച്ച് റോഡിന്റെ നിർമ്മാണം ടെൻഡർ ചെയ്തിട്ടുള്ളതും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ഇതുസംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി കുടിയൊഴിപ്പിക്കുന്നവർക്കുള്ള പുനരധിവാസ ഭൂമി നൽകുന്നതിന് അനുമതിക്കായി സമർപ്പിച്ച ഫയലിൽ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

വലിയ കടമക്കുടി-ചാത്തനാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനരധിവാസ ഭൂമി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ജനറൽ കൗൺസിൽ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നേയ്ക്ക് സമർപ്പിക്കാൻ സാധിക്കും; വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ ഭരണാനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ഗോശ്രീ ദ്വീപ് വികസന അതോറിറ്റിക്ക് സർക്കാർ ലഭ്യമാക്കിയ 52 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയാണ് ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വലിയ കടമക്കുടി അപ്രോച്ച് റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലഭ്യമാക്കുന്നമുറയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

365 (365) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയോജകമണ്ഡലത്തിൽ വൈപ്പിൻ, ഇടപ്പള്ളി ബ്ലോക്കുകൾക്ക് കീഴിലായി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്താണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നഗരസഭകളാക്കിയ ഗ്രാമപഞ്ചായത്തുകൾ**

366 (366) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2011-16 കാലയളവിൽ പുതുതായി എത്ര ഗ്രാമപഞ്ചായത്തുകളെയാണ് നഗരസഭകളാക്കി മാറ്റിയതെന്ന് വിശദമാക്കാമോ?

കേരളത്തിൽ 2011-16 കാലയളവിൽ 28 ഗ്രാമപഞ്ചായത്തുകളെയാണ് നഗരസഭകളാക്കി മാറ്റിയത്.

(ബി) നഗരസഭകളാക്കിയ ഗ്രാമപഞ്ചായത്തുകളിലെ താമസക്കാർ നികുതി ഘടനയിലും ഇതര നിയന്ത്രണങ്ങളിലും വന്ന മാറ്റം കാരണം ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും ലഭിച്ചുകൊണ്ടിരുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതായും ഉന്നയിച്ചുകൊണ്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗ്രാമപഞ്ചായത്തുകളെ നഗരസഭകളാക്കി മാറ്റുന്നതുകൊണ്ട് എന്തെങ്കിലും നേട്ടം പ്രത്യേകമായി ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗ്രാമപഞ്ചായത്തുകളെ നഗരസഭകളാക്കി മാറ്റുമ്പോൾ കൂടുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും നിലവിൽ വരികയും കൂടുതൽ ഗ്രാന്റുകളും ഫണ്ടുകളും ലഭ്യമാവുകയും ചെയ്യും.

**തൊഴിലുറപ്പ് പദ്ധതി**

367 (367) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ അവലോകന യോഗങ്ങൾ വിളിച്ച് ചേർക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം രണ്ട് തവണ ചേരുകയും പദ്ധതി പുരോഗതി അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന 'ദിശ' സംസ്ഥാനതല യോഗത്തിലും പദ്ധതി പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഗ്രാമീണ വികസന പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി പാർലമെന്റിൽ വച്ച റിപ്പോർട്ടിൽ രാജ്യത്തുടനീളം ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു രൂപ പോലും ദുർവിനിയോഗം നടത്താതെ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ സംസ്ഥാനം മുന്നിലെന്ന് പരാമർശം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനദുർവിനിയോഗമില്ലാതെ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ കേരളം മുന്നിലാണെന്ന പരാമർശം സംസ്ഥാനത്തിന്റെ പദ്ധതി നടത്തിപ്പിന് ലഭിച്ച വലിയ അംഗീകാരമാണ്.

(സി) ബഡ്ജറ്റ് തുക വെട്ടിക്കുറച്ചും ലേബർ ബഡ്ജറ്റ് വെട്ടിക്കുറച്ചും ഈ പദ്ധതിയെ തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ തൊഴിൽരഹിതരുടെ ഉപജീവന മാർഗ്ഗം നിലനിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം 10.59 കോടി തൊഴിൽ ദിനങ്ങളാണ് സംസ്ഥാനത്ത് സൃഷ്ടിച്ചത്. സംസ്ഥാനത്തെ തൊഴിൽ ആവശ്യകത കണക്കാക്കി 2022-23 വർഷം 10.32 കോടി തൊഴിൽ ദിനത്തിന് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും 6 കോടി തൊഴിൽ ദിനങ്ങൾക്ക് മാത്രമേ അംഗീകാരം ലഭിച്ചിട്ടുള്ളൂ. എന്നിരുന്നാലും പദ്ധതി പുരോഗതി പരമാവധി നേടുന്നതിനും പരമാവധി കുടുംബങ്ങൾക്ക് തൊഴിലും ഉപജീവന ആസ്തികളും നൽകുന്നതിനുമുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സമ്പൂർണ്ണ നീർത്തട വികസന പദ്ധതിയായ 'നീരുറവ്' സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്. കൂടാതെ തൊഴിലാളികളെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്നതിനുള്ള "മികവ്" പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന നൂറ് തൊഴിൽ ദിനങ്ങൾക്കുപരിയായി നൂറ് തൊഴിൽ ദിനങ്ങൾ സംസ്ഥാനം അനുവദിച്ചുനൽകുന്നുണ്ട്.

(ഡി) നഗരങ്ങളിലെ അനഭ്യസ്തരായ തൊഴിൽരഹിതർക്ക് ഉപജീവന മാർഗ്ഗമെന്ന നിലയിൽ 2010-ൽ ആരംഭിച്ച അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഈ സർക്കാരിന്റെ കാലയളവിലെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനവും വിവിധ തലങ്ങളിൽ പതിവായി നടത്തി വരുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-6-2021, 24-11-2021, 6-5-2022 എന്നീ തീയതികളിൽ ചേർന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ യോഗങ്ങളിൽ പദ്ധതിയുടെ സംസ്ഥാനതല അവലോകനം നടത്തിയിട്ടുള്ളതാണ്.

**പഞ്ചായത്തുകളിലും നഗരസഭകളിലും സോഫ്റ്റ്‌വെയർ**

368 (368) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പ്രാബല്യത്തിൽ വന്നിട്ടുള്ള ഇന്റഗ്രേറ്റഡ് ലോക്കൽ സെൽഫ് ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) സോഫ്റ്റ്‌വെയർ നഗരസഭകളിലുംകൂടി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) സംവിധാനം നിലനിർത്തിക്കൊണ്ടാണോ സോഫ്റ്റ്‌വെയറുകൾ നവീകരിക്കുന്നത്; സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

നിലവിലുള്ള ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) സംവിധാനം നിലനിർത്തിക്കൊണ്ടും എന്നാൽ ഐ.കെ.എം.-ലെ സംവിധാനത്തെയും പ്രക്രിയകളെയും കാലാനുസൃതമായ മാറ്റത്തിന് വിധേയമാക്കിക്കൊണ്ടുമാണ് പുതിയ സോഫ്റ്റ്‌വെയർ നിർമ്മിച്ചുവരുന്നത്. 18-2-2022-ലെ ജി.ഒ. (എം. എസ്) നം.27/2022/എൽ.എസ്.ജി.ഡി. പ്രകാരം വിശദമായ കർമ്മപദ്ധതി ആവിഷ്കരിക്കുകയും ഇതിന്റെ ചുമതല ഡോ. സന്തോഷ് ബാബു, ഐ.എ.എസ്. (റിട്ടയേർഡ്)-ന് നൽകുകയും ചെയ്തിട്ടുണ്ട്.

ആശയരൂപീകരണത്തിനായി വിവിധ ശില്പശാലകളും സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റിംഗുകളും സംഘടിപ്പിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിനും ടെസ്റ്റിംഗിനും വേണ്ടതായ ചുറ്റുപാടുകളും (Environment) ടീമിനെയും സജ്ജീകരിച്ച് നിർമ്മാണം പുരോഗമിക്കുന്നു. ജനങ്ങൾക്ക് അവരുടെ മൊബൈലിൽനിന്നും സേവനങ്ങൾ കിട്ടുന്ന രീതിയിലാണ് നഗരസഭകൾക്കുവേണ്ടി ആപ്ലിക്കേഷൻ നിർമ്മിക്കുന്നത്.

## തവനൂർ മണ്ഡലത്തിലെ റോഡുകൾ

369 (369) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽനിന്നും തവനൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ച് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാനുണ്ടെന്നും ഏതെല്ലാം റോഡുകളാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു*

## പ്രളയ സഹായം

370 (370) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ 8-11-2021-ലെ 2225/2021 ഉത്തരവിൽ 2018, 2019 പ്രളയത്തിൽ അറുപത് ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശസ്ഥാപനത്തിൽനിന്ന് പ്രത്യേക ധനസഹായം നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താവിന് ബാക്കി തുക നൽകാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് 2018, 2019 പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നിരക്ക് പ്രകാരം ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകികൊണ്ട് 8-11-2021-ലെ സ.ഉ. (സാധാ) നമ്പർ 2225/2021/ത.സ്വ.ഭ.വ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രളയത്തിൽ 75 മുതൽ 100 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനത്തിന് എസ്.ഡി.ആർ.എഫ്.-ൽനിന്നും സി.എം.ഡി.ആർ.എഫ്.-ൽനിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ 4 ലക്ഷം രൂപയും 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ ഭവനങ്ങൾക്ക് (സമതല പ്രദേശവും മലയോര പ്രദേശവും) എസ്.ഡി.ആർ.എഫ്.-ൽനിന്നും സി.എം.ഡി.ആർ.എഫ്.-ൽനിന്നും ആകെ ലഭിക്കുന്ന 2.5 ലക്ഷം രൂപ ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയാത്ത കേസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശിപാർശ പ്രകാരം പുതിയ വീട് നിർമ്മിതിക്കായി ബാക്കിവരുന്ന തുക 1.5 ലക്ഷം രൂപ വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ധനസഹായം നൽകേണ്ടതില്ലായെന്നും എന്നാൽ 2018, 2019 പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്ന ഏതെങ്കിലും കേസുകളിൽ എസ്.ഡി.ആർ.എഫ്., സി.എം.ഡി.ആർ.എഫ്. എന്നിവയിൽ നിന്നോ മറ്റ് വിധത്തിലോ ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് 'ലൈഫ്' നിരക്ക് പ്രകാരം ധനസഹായം നൽകാവുന്നതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) പ്രളയ സഹായം ലഭിച്ചതിന്റെ പേരിൽ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ബാക്കി തുക ലഭിക്കാതിരുന്ന ലൈഫ് ഫേസ് 2 അഡീഷണൽ എസ്.പി/ഫിഷറീസ് ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ലൈഫ് രണ്ടാം ഘട്ടത്തിലേയും പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് അഡീഷണൽ ലിസ്റ്റിലേയും അർഹരായ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള സംസ്ഥാന വിഹിതവും വായ്പാ തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നുണ്ട്. പ്രളയത്തിൽ വീട് തകർന്ന കേസുകളിൽ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നിരക്ക് പ്രകാരം ധനസഹായം അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയും വ്യക്തതയും വരുത്തിക്കൊണ്ടാണ് 8-11-2021-ലെ സ.ഉ. (സാധാ) നമ്പർ 2225/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ കാലാവധി**

371 (371) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിനാവശ്യമായ അംഗീകാരങ്ങൾ നൽകുന്ന നടപടിക്രമങ്ങൾ പൂർത്തിയായോയെന്ന് വിശദമാക്കാമോ?

പാലമേൽ, പുറമറ്റം, ആനക്കര എന്നീ ഗ്രാമപഞ്ചായത്തുകളും മട്ടന്നൂർ മുനിസിപ്പാലിറ്റിയും ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2022-23 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകിയിട്ടുണ്ട്. ഇതിൽ 11 ഗ്രാമപഞ്ചായത്തുകളും 6 നഗരസഭകളും ഉൾപ്പെടെ 17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇനി അംഗീകാരം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ആവശ്യമായ രേഖകൾ സമർപ്പിക്കുന്നമുറയ്ക്ക് അവയ്ക്കും ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാകും. വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർമാർ അംഗീകാരം നൽകുന്ന പ്രക്രിയ നടന്നുവരുന്നു.

(ബി) സാമ്പത്തിക വർഷം തുടങ്ങി നാലുമാസം പിന്നിട്ടതിനുശേഷം പദ്ധതി തുടങ്ങുന്നതുവഴി പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ സമയം ലഭിക്കാതെ വന്നാൽ അടുത്ത വർഷത്തേയ്ക്ക് ഇതേ പദ്ധതിക്കാവശ്യമായ സമയം നൽകുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ പദ്ധതി രൂപീകരണം രണ്ട് ഘട്ടങ്ങളായിട്ടാണ് നടന്നത്. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽത്തന്നെ നിർവ്വഹണം ആരംഭിക്കേണ്ടുന്ന ആദ്യഘട്ട പദ്ധതികളുടെ അംഗീകാരം ഏപ്രിൽ മാസത്തിൽതന്നെ ലഭ്യമാക്കിയിരുന്നു. സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ച് മാസത്തിൽതന്നെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഒരു സാമ്പത്തിക വർഷം മാർച്ച് 31-ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ അടുത്ത ഏപ്രിൽ 1 മുതൽ തുടർന്ന് നിർവ്വഹണം നടത്തുന്നതിന് ആസൂത്രണ മാർഗ്ഗരേഖ പ്രകാരംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതല്ലാത്ത കാരണത്താൽ പദ്ധതി നിർവ്വഹണം വൈകുകയാണെങ്കിൽ സ്പിൽ ഓവറായി അടുത്ത സാമ്പത്തിക

വർഷത്തിലേയ്ക്ക് പദ്ധതികൾ നീളുമ്പോൾ സാമ്പത്തിക വർഷത്തെ തുക വെട്ടിക്കുറയ്ക്കാതെ മുൻ വർഷത്തെ പദ്ധതികൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽനിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത, അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ, ക്യാരിഓവർ വിഹിതമായി തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 15-7-2021-ലെ സ.ഉ.(കൈ) നമ്പർ 79/ 2021/ ധന പ്രകാരമുള്ള ക്യാരിഓവർ തുകയും അനുവദിക്കുന്നതാണ്.

(ഡി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പ്രാദേശിക വികസനത്തിനുതകുന്നവിധം ഫണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം തുക വികസന ഫണ്ടായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് അനുവദിക്കുന്നത്. 2021-22 മുതൽ 2025-26 വരെ ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് കാലയളവാണ്. ജനസംഖ്യ, വിസ്തീർണ്ണം, പാരിസ്ഥിതിക ദുർബ്ബലത, പിന്നാക്കാവസ്ഥ, തനത് വരുമാനത്തിലെ വർദ്ധന എന്നീ മാനദണ്ഡങ്ങളാണ് വികസന ഫണ്ട് അനുവദിക്കുന്നതിന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. അതുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന ആവശ്യങ്ങൾക്കുതകുന്ന വിധത്തിൽ പദ്ധതി വിഹിതം അനുവദിച്ചുവരുന്നുണ്ട്.

**തൃപ്രങ്ങോട് പഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിനുകീഴിലുള്ള ഭൂമി**

372 (372) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിനുകീഴിലുള്ള നാല്പത്തിനാല് സെന്റ് ഭൂമി ലൈഫ് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് വിട്ടുകിട്ടുന്നതിനായി ഏതെങ്കിലും അപേക്ഷ ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടി ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സർവ്വേ നമ്പർ 48/7 ബി/47/17-ൽപ്പെട്ട നാൽപത്തിനാല് സെന്റ് ഭൂമി ലൈഫ് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിന് വിട്ടുകിട്ടുന്നതിനായി ലൈഫ് മിഷൻ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി ഭൂമി കൈമാറിക്കിട്ടുന്നതിനും ലൈഫ് പാർപ്പിട സമുച്ചയ നിർമ്മാണത്തിന്റെ അനുമതിക്കുമായി പഞ്ചായത്ത് ഡയറക്ടർക്ക് അനുയോജ്യതാ സാക്ഷ്യപത്രം സഹിതം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

### പെരുനാട് പോലീസ് സ്റ്റേഷന് സ്ഥലം വിട്ടുനൽകുന്നത്

373 (373) <u>ശ്രീ പ്രമോദ് നാരായൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുനാട് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) സ്ഥലം വിട്ടുനൽകുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി പെരുനാട് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് വിട്ടുനൽകുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ സർക്കാർ അനുമതിയായിട്ടുണ്ട്.

### റീ ബിൽഡ് കേരള

374 (374) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കോന്നി മണ്ഡലത്തിലെ റീ ബിൽഡ് കേരള ഫേസ് II-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

റീബിൽഡ് കേരള രണ്ടാംഘട്ടത്തിലേയ്ക്ക് താഴെപ്പറയുന്ന റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ കുന്നിട വട്ടക്കുന്നിൽ റോഡ്

2. സീതത്തോട് ഗ്രാമപഞ്ചായത്തിലെ സീതക്കുഴി മുണ്ടൻപാറ ഗുരുനാഥൻമണ്ണ് റോഡ്

3. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കൊല്ലമുക്ക് പറയൻകോട് മാമ്മൂട്ടിൽപ്പടി റോഡ്

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഡാറ്റാ കളക്ഷൻ/സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

375 (375) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് എത്ര രൂപയാണ് ധനസഹായം അനുവദിക്കുന്നത്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26-9-2019-ലെ ഡി.ബി1/304/2019/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം (സർക്കുലർ അനുബന്ധം ആയി ചേർക്കുന്നു*) നിർദ്ദേശിച്ചിട്ടുള്ള തുകയാണ് ഭൂരഹിതരായ ആളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായമായി അനുവദിക്കുന്നത്. ഇതിനുപുറമെ ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും (പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6 ലക്ഷം രൂപ) ധനസഹായമായി അനുവദിച്ചുവരുന്നു.

(ബി) പദ്ധതി പ്രകാരം നേരത്തെ നിശ്ചയിച്ച ധനസഹായ തുകയിൽനിന്നും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതിപ്രകാരം നേരത്തെ നിശ്ചയിച്ച ധനസഹായ തുകയിൽ മാറ്റം വരുത്തിയിട്ടില്ല.

**ലൈഫ് മിഷൻ പദ്ധതി**

376 (376) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ മുൻ സർക്കാരിന്റെ കാലത്തും നിലവിൽ നാളിതുവരെയും വടക്കാഞ്ചേരി മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ?

1940 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പാർപ്പിട സൗകര്യം ഉറപ്പാക്കാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം സമയബന്ധിതമായി ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

പാർപ്പിട സൗകര്യം ഉറപ്പാക്കാൻ 881 കുടുംബങ്ങൾ അവശേഷിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അക്ഷയ വഴി ഓൺലൈനായി സമർപ്പിച്ച അപേക്ഷയിൽ വന്ന തെറ്റ് കാരണം അർഹതയുണ്ടായിട്ടും പലരും ലിസ്റ്റിൽ ഉൾപ്പെടാതെവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ബാധകമല്ല.

**തദ്ദേശ സ്ഥാപനങ്ങളിൽ സോഫ്റ്റ്‌വെയർ സംവിധാനം**

377 (377) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിന്റെ ഭാഗമായി മാന്വലായി വരയ്ക്കുന്ന രീതി മാറ്റി പകരം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിന്റെ മാന്വൽ വരയ്ക്കുന്ന രീതി മാറ്റി പകരം സോഫ്റ്റ്‌വെയർ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) ഇത്തരം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനം നൽകി, കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കെട്ടിടങ്ങളുടെ രൂപകൽപ്പന ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

(ബി&സി) പരിശോധിക്കുന്നതാണ്.

**പഞ്ചായത്ത് ആസ്തി രജിസ്റ്ററുകൾ ശുദ്ധീകരിക്കാൻ നടപടി**

378 (378) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ, കെട്ടിടങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിനും ആവർത്തനമില്ലാതാക്കുന്നതിനും കർമ്മ പദ്ധതി രൂപീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി സംബന്ധമായി കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യം മുൻനിർത്തി നിർദ്ദേശങ്ങൾ നൽകുകയും ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ആസ്തി സംബന്ധിച്ച വിവരങ്ങൾ കാലികമാക്കുന്നത് ഐ.കെ.എം. തയ്യാറാക്കിയ സചിത്ര സോഫ്റ്റ്‌വെയർ മുഖേനയാണ്. റോഡ് കണക്റ്റിവിറ്റിക്കായി R-Track ഉപയോഗപ്പെടുത്തി പഞ്ചായത്തുകൾ ജിയോ ഇൻഫർമാറ്റിക് സിസ്റ്റത്തിൽ തനതായ രീതിയിൽ ഗവണ്മെന്റ് ഏജൻസി മുഖേന ഡാറ്റാബേസ് തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ യു.എൽ.സി.സി.എസ്., ഗ്രാമീണ പഠനകേന്ദ്രം മുതലായ സ്ഥാപനങ്ങളെ ഉപയോഗിച്ച് 32 ഗ്രാമപഞ്ചായത്തുകളിൽ ജി.ഐ.എസ്. അധിഷ്ഠിത വിവരസാങ്കേതിക ഡാറ്റ തയ്യാറാക്കുകയും 160 ഗ്രാമപഞ്ചായത്തുകൾ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളതുമാണ്.

(ബി) പഞ്ചായത്ത് പദ്ധതികളിൽപ്പെടുത്തി നവീകരിക്കുന്നതോ പുതിയതായി നിർമ്മിക്കുന്നതോ ആയ റോഡുകൾ, കെട്ടിടങ്ങൾ എന്നിവയുടെ പരിപാലന കാലാവധി, കരാറുകാരുടെ വിവരങ്ങൾ എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ മാതൃകയിൽ പരസ്യപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

സോഫ്റ്റ്‌വെയറിൽ മേൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(സി) നിലവിൽ പൂർത്തിയാക്കിയിട്ടുള്ള റോഡുകൾക്ക് പഞ്ചായത്ത് ആസ്തിപ്രകാരമുള്ള സൂചനാ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

തൽക്കാലം പരിഗണനയിലില്ല.

**വേസ്റ്റ് ടു എനർജി പ്ലാന്റ്**

379 (379) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പൂർത്തീകരിക്കുമ്പോൾ ഒരു ടൺ മാലിന്യം സംസ്കരിക്കുന്നതിന് എത്ര രൂപ ചെലവ് വരും; വിശദമാക്കാമോ?

ബ്രഹ്മപുരത്ത് സ്ഥാപിക്കുന്ന വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ ചുറ്റുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിലായിരിക്കും പദ്ധതി നടപ്പാക്കുന്നത്. പ്രസ്തുത ക്ലസ്റ്ററിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തോതും സ്വഭാവവും സംബന്ധിച്ച് വിശദമായ ഡി.പി.ആർ. ലഭ്യമായി കഴിഞ്ഞാൽ മാത്രമേ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകളുടെ കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ.

(ബി) സംസ്കരണത്തിനുശേഷം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിക്കും; വ്യക്തമാക്കാമോ?

വേസ്റ്റ് ടു എനർജി പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപയാണ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിക്കുകയെന്നത് തീരുമാനിച്ചിട്ടില്ല.

(സി) അപ്രകാരം ലഭിക്കുകയാണെങ്കിൽ നഗരസഭ, കമ്പനിക്ക് കൊടുക്കേണ്ട ടിപ്പിംഗ് ഫീസ് ഇനത്തിൽ കുറവ് വരുത്തുമോ; വിശദമാക്കാമോ?

ഡി.ബി.എഫ്.ഒ.റ്റി. മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പൂർണ്ണമായ മുതൽമുടക്ക് തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ പങ്കാളിയുടെ ചുമതലയാണ്. പദ്ധതിയുടെ നിർമ്മാണത്തിനും 25 വർഷ കാലയളവിലെ നടത്തിപ്പിനും കമ്പനിക്കുണ്ടാകുന്ന മുഴുവൻ ചെലവിന്റെയും, ടിപ്പിംഗ് ഫീസിലൂടെയും പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിൽപ്പനയിലൂടെയും ഇതര മാർഗ്ഗങ്ങളിലൂടെയും കമ്പനിക്ക് ലഭ്യമാകുന്ന പ്രതീക്ഷിത വരുമാനത്തിന്റെയും കൃത്യവും വിശദവുമായ

അവലോകനത്തിനുശേഷമാണ് കമ്പനി പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ നൽകേണ്ട ടിപ്പിംഗ് ഫീസ് ടെൻഡറിലൂടെ സമർപ്പിക്കുന്നത്. ആയതിനാൽ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വിൽപ്പനനിരക്കിന് ആനുപാതികമായി കമ്പനിക്ക് നൽകേണ്ട ടിപ്പിംഗ് ഫീസിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ മെക്കാനിക്കൽ വിഭാഗങ്ങൾ

380 (380) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ ബാഹുല്യം കാരണം ടി സംവിധാനം അപര്യാപ്തമാകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ?

(എ&ബി) 22-9-2015-ലെ സ.ഉ.(സാധാ) നമ്പർ 2878/15/ത.സ്വ.ഭ.വ., 8-2-2019-ലെ സ.ഉ. (സാധാ) നമ്പർ 267/19/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരിൽനിന്നും പാനൽ തയ്യാറാക്കി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും കോർപ്പറേഷൻ തലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായുമുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാഹനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ, സിവിൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള ഉദ്യോഗസ്ഥരാണ് പ്രധാനമായും കൈകാര്യം ചെയ്യുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാഹനങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ സിവിൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള ഉദ്യോഗസ്ഥരാണ് നിലവിൽ കൈകാര്യം ചെയ്യുന്നത്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാഹന സംബന്ധമായ ഫയലുകൾ തീർപ്പാക്കുന്നതിനായി മെക്കാനിക്കൽ യോഗ്യതയുള്ള ഉദ്യോഗസ്ഥരുൾപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാഹന സംബന്ധമായ ഫയലുകൾ തീർപ്പാക്കുന്നതിനായി മെക്കാനിക്കൽ യോഗ്യതയുള്ള ഉദ്യോഗസ്ഥരുൾപ്പെട്ട സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**മണികണ്ഠൻചാൽ-വെള്ളാരമറ്റം റോഡ് നിർമ്മാണം**

381 (381) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽവരുന്ന റോഡുകളിൽ കോതമംഗലം മണ്ഡലത്തിൽനിന്നുള്ള മണികണ്ഠൻചാൽ-വെള്ളാരമറ്റം റോഡ് ഉൾപ്പെട്ടിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്.

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 45,00,000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ഡി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികൾ

382 (382) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ഗ്രാം സഡക് യോജന, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീ ബിൽഡ് പ്രോജക്ട്, കിഫ്ബി എന്നിവ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി ഗുണനിലവാര പരിശോധനാസംവിധാനം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രധാൻമന്ത്രി ഗ്രാം സഡക് യോജന (PMGSY), റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീ ബിൽഡ് പ്രോജക്ട് (CMLRRP), കിഫ്ബി എന്നിവയുടെ പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി ഗുണനിലവാര പരിശോധനാ സംവിധാനം ഉറപ്പാക്കിയിട്ടുണ്ട്. PMGSY പ്രവൃത്തികളിലും RKI-യിൽ ഉൾപ്പെടുത്തി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖാന്തരം നിർവ്വഹിക്കുന്ന പ്രവൃത്തികളിലും ത്രിതല ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലുണ്ട്. മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ മുഖാന്തരമുള്ള പരിശോധനാ സംവിധാനം നിലവിലുണ്ട്. കിഫ്ബി/റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് ഇംപാക്ട് കേരള മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് പി.ഡബ്ല്യു.ഡി. ക്വാളിറ്റി കൺട്രോൾ മാനുവൽ പ്രകാരം വിവിധ തലത്തിൽ ഗുണനിലവാര പരിശോധന നടപ്പാക്കുന്നുണ്ട്. കൂടാതെ കിഫ്ബി നേരിട്ടും വിവിധ ഗുണനിലവാര പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. സ്കീമുകളിൽപ്പെട്ട നിർമ്മിതികൾക്ക് ഡിഫക്ട് ലയബിലിറ്റി പിരീഡനുസരിച്ച് അറ്റകുറ്റപ്പണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാദ്ധ്യതപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പി.എം.ജി.എസ്.വൈ., ആർ.കെ.ഐ. നിർമ്മിതികൾക്ക് നിർമ്മാണം പൂർത്തിയായി അഞ്ചുവർഷ കാലയളവിൽ സംഭവിക്കുന്ന അറ്റകുറ്റപ്പണികളും പോരായ്മകളും ഗുണനിലവാരത്തോടുകൂടി പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ രേഖാമൂലം ബാദ്ധ്യതപ്പെടുത്തുന്നുണ്ട്. PMGSY പ്രവൃത്തികളിൽ റോഡ് പണി കഴിഞ്ഞ് അഞ്ചുവർഷവും 45 ദിവസവും (ഡിഫക്ട് ലയബിലിറ്റി പിരീഡ്) കഴിഞ്ഞ് ബാദ്ധ്യതകളൊന്നുമില്ലെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ റോഡ് വർക്കിനായി കരാറുകാരൻ സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടി തിരികെ നൽകുകയുള്ളൂ.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകളുടെ സുരക്ഷയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി റോഡ് ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ 10 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ) റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. തുടർന്നുള്ള വർഷങ്ങളിൽ മറ്റ് ജില്ലകളിൽ നടത്താനുദ്ദേശിക്കുന്നു.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കൂടുതൽ റീജിയണൽ ലബോറട്ടറികൾ സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കിലയുമായി ചേർന്ന് കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ റീജിയണൽ ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ സജ്ജീകരിക്കുന്നുണ്ട്. ഗുണനിലവാര പരിശോധന ഉപകരണങ്ങളുടെ വാങ്ങൽ നടത്തിയിട്ടുണ്ട്. ഇതിനായി കണ്ടെത്തിയ കെട്ടിടങ്ങളുടെ സജ്ജീകരണം നടന്നുവരുന്നു.

## ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം

383 (383) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബഡ്ജറ്റ് എസ്റ്റിമേറ്റ് - അനുബന്ധം II - മരാമത്ത് പണികളിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം

എന്ന പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും മാറ്റി കായിക വകുപ്പിന് നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (അനൗദ്യോഗിക കുറിപ്പ്) എന്നാണ് ധനകാര്യ വകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിച്ചത്?

ധനകാര്യ വകുപ്പിന്റെ അനൗദ്യോഗിക കുറിപ്പ് 24-12-2021-നാണ് തദ്ദേശസ്വയം ഭരണ വകുപ്പിന് ലഭിച്ചത്.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ഏതാണ്; ഇപ്പോൾ അത് ഏത് ഘട്ടത്തിലാണുള്ളത്?

ഇ.പി.എ.3/91/2022/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ വിഷയം കൈകാര്യം ചെയ്യുന്നു. 2021-2022 സാമ്പത്തിക വർഷത്തെ 20% ബഡ്ജറ്റ് വിഹിതം നീക്കിവച്ച ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണം കായിക വകുപ്പിന് നൽകണമെന്ന ഒറ്റപ്പാലം എം.എൽ.എ.-യുടെ ആവശ്യത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമായിട്ടില്ല.

(സി) എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ഫയലുകളിൽ തീരുമാനം ഇത്രയും വൈകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021-22 ബഡ്ജറ്റ് എസ്റ്റിമേറ്റ് - അനുബന്ധം II-മരാമത്ത് പണികളിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനാണ് നൽകിയിട്ടുള്ളത്. നിർവ്വഹണച്ചുമതല കായിക വകുപ്പിന് നൽകുന്ന വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടോ പ്രൊപ്പോസലോ ലഭ്യമാകാത്ത സാഹചര്യത്തിലാണ് തീരുമാനം വൈകുന്നത്.

**കെട്ടിട നിർമ്മാണ അനുമതിക്കായുള്ള സോഫ്റ്റ്‌വെയർ**

384 (384) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഏത് സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്?

ഗ്രാമപഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ 'സങ്കേതം' എന്ന സോഫ്റ്റ്‌വെയറിലൂടെയും നഗരസഭകളിൽ (കോഴിക്കോട് ഒഴികെ) ഇന്റലിജന്റ്

ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ മുഖേനയുമാണ് പരിശോധിക്കുന്നത്. കോഴിക്കോട് നഗരസഭയിൽ സുവേഗ സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്.

(ബി) ഇതിനായി സങ്കേതം എന്ന സോഫ്റ്റ്‌വെയർ നിലവിൽ ഉപയോഗിക്കുന്നുണ്ടോ?

ഗ്രാമപഞ്ചായത്തുകളിൽ സങ്കേതം എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്.

(സി) സോഫ്റ്റ്‌വെയർ വഴി അനുമതി നൽകുന്ന അപേക്ഷകളുടെ അച്ചടിച്ച പകർപ്പും സമാന്തരമായി തയ്യാറാക്കേണ്ടതുണ്ടോ എന്നറിയിക്കാമോ; ഇത്തരത്തിൽ രണ്ടുവിധത്തിൽ ഒരു അപേക്ഷ കൈകാര്യം ചെയ്യുന്നതിന് ധാരാളം സമയമെടുക്കുന്നതിനാൽ ഓൺലൈൻ വഴി മാത്രം അപേക്ഷ തീർപ്പ് കൽപ്പിക്കുന്നത് ഉചിതമാകുമോ എന്നറിയിക്കാമോ?

നിലവിൽ ലോ റിസ്ക് കാറ്റഗറിയിൽപ്പെട്ട അപേക്ഷകളാണ് ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം മുഖേന സ്വീകരിച്ചുവരുന്നത്. ആയതിന് അച്ചടിച്ച പകർപ്പുകൾ സ്വീകരിക്കുന്നില്ല. സങ്കേതം സംവിധാനത്തിന്റെ ഭാഗമായി ഓൺലൈൻ അപേക്ഷ സൗകര്യം ഐ.എൽ.ജി.എം.എസ്. സിറ്റിസൺ പോർട്ടലിൽ ലഭ്യമാക്കാൻ ഐ.കെ.എം.-ന് നിർദ്ദേശം നൽകുന്നതാണ്.

(ഡി) കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരു സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ടോ എന്നറിയിക്കാമോ?

നിലവിലെ സംവിധാനം തുടരുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നപക്ഷം പുനഃപരിശോധിക്കുന്നതാണ്.

## ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി

385 (385) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്ക് ഭൂമിയുടെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിലാകണമെന്ന് നിർബന്ധമുണ്ടോ; മിക്കവാറും ടൂറിസം സ്പോട്ടുകൾ റവന്യൂ, ഇറിഗേഷൻ പുറമ്പോക്കുകളായതിനാൽ അവയുടെ എൻ.ഒ.സി. ലഭ്യമാക്കിയാൽ മതിയാകുമോ; വിശദാംശം ലഭ്യമാക്കാമോ?

ടൂറിസം (എ) വകുപ്പിന്റെ 21-12-2021-ലെ സ.ഉ. (എം.എസ്.) നമ്പർ 24/2021 സർക്കാർ ഉത്തരവിലെ, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ ഗൈഡ്‌ലൈൻസ് പ്രകാരം പദ്ധതിക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നിർദ്ദിഷ്ട

പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നുള്ള നിരാക്ഷേപപത്രവും പ്രൊപ്പോസലിനോടൊപ്പം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സമർപ്പിച്ചിരിക്കണം. ഈ പദ്ധതിക്ക് ഭൂമിയുടെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിലാകണമെന്ന നിബന്ധനയില്ല.

**പഞ്ചായത്ത് വകുപ്പിലെ വിജിലൻസ് ഓഫീസറുടെ ചുമതലകൾ**

386 (386) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ വിജിലൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന അഡീഷണൽ ഡയറക്ടർക്ക് എന്തൊക്കെ ചുമതലകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

30-7-2009-ലെ സ.ഉ. (ആർ.റ്റി.) നമ്പർ 1931/2009/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ അധികാരവും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ ഉദ്യോഗസ്ഥൻ കഴിഞ്ഞ ആറുമാസം ജില്ല വിട്ട് ഏതൊക്കെ ജില്ലകളിലാണ് ഔദ്യോഗിക ആവശ്യാർത്ഥം പോയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ 1-1-2022 മുതൽ 26-6-2022 വരെയുള്ള ജില്ല വിട്ടുള്ള ഔദ്യോഗിക യാത്രാവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 1-1-2022 – എച്ച്.ക്യൂ. - കില (കൊട്ടാരക്കര) കൊല്ലം
2. 2-1-2022 - കില (കൊട്ടാരക്കര) കൊല്ലം - എച്ച്.ക്യൂ.
3. 9-3-2022 to 10-3-2022-എൽ.എസ്.ജി.ഡി. മിനിസ്റ്റർ പ്ലാൻ റിവ്യൂ മീറ്റിംഗ് - കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ല
4. 21-3-2022 to 22-3-2022 - എൽ.എസ്.ജി.ഡി. മിനിസ്റ്റർ പ്ലാൻ റിവ്യൂ മീറ്റിംഗ് - ഇടുക്കി, കോട്ടയം ജില്ല
5. 8-4-2022 - 100% ടാക്സ് കളക്ഷൻ-ബെസ്റ്റ് പഞ്ചായത്ത്-പത്തനംതിട്ട ജില്ല
6. 11-5-2022 -ഐ.എൽ.ജി.എം.എസ്. വർക്ക്ഷോപ്- കോട്ടയം ജില്ല

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

7. 20-5-2022 to 22-5-2022 - എസ്.സി.പി.-റ്റി.എസ്.പി. 2021-22 ആന്വൽ പ്ലാൻ - 100% expenditure regarding- കില, തൃശ്ശൂർ
8. 29-5-2022 to 30-5-2022 - പ്ലാൻ പ്രോഗ്രസ്സ് മീറ്റിംഗ്, ഇടുക്കി
9. 24-6-2022 to 26-6-2022 - ഡി.ഡി.പി. റിവ്യൂ മീറ്റിംഗ്-പാലക്കാട്

(സി) 2021 ജനുവരി മുതൽ നാളിതുവരെ എത്ര രൂപ ഓരോ മാസവും യാത്രപ്പടി ഇനത്തിൽ ഈ ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ?

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ 1-1-2021 മുതൽ 30-6-2022 വരെ കൈപ്പറ്റിയ യാത്രപ്പടി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജനുവരി 2021 | 2,200 |
| ഫെബ്രുവരി 2021 | 1,600 |
| മാർച്ച് 2021 | 300 |
| ജൂലൈ 2021 | 300 |
| സെപ്റ്റംബർ 2021 | 2,700 |
| ഡിസംബർ 2021 | 750 |
| ജനുവരി 2022 | 900 |
| ഫെബ്രുവരി 2022 | 1,050 |
| മാർച്ച് 2022 | 2,400 |
| ഏപ്രിൽ 2022 | 1,487 |
| മേയ് 2022 | 3,296 |
| ജൂൺ 2022 | 1,615 |

(ഡി) ജനപ്രതിനിധികളും മറ്റും വിവിധ ആവശ്യങ്ങൾക്കായി ഓഫീസിൽ എത്തുമ്പോൾ, ഈ ഉദ്യോഗസ്ഥൻ ദിവസങ്ങൾ നീളുന്ന ടൂറിലാണെന്ന് പറയുന്നതായ പരാതി അന്വേഷിക്കുമോ?

അപ്രകാരമുള്ള പരാതി ലഭിച്ചിട്ടില്ല.

(ഇ) ഈ ഉദ്യോഗസ്ഥന്റെ ചുമതലയിലുള്ള ഓരോ സെക്ഷനിലും എത്ര ഫയലുകൾ പെൻഡിംഗുണ്ടെന്ന് വർഷം, സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ?

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ എന്ന നിലയിൽ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ മുഴുവൻ സെക്ഷനുകളിലെയും മേൽനോട്ട ചുമതല അഡീഷണൽ ഡയറക്ടറിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ 22-8-2022 വരെയുള്ള ആക്ടീവ് ഫയലുകളുടെ എണ്ണം 21780 ആണ്.

(എഫ്) പ്രസ്തുത സെക്ഷനിൽ ദീർഘനാൾ ഫയൽ പെൻഡിംഗാകുന്ന കാരണത്താൽ പെൻഷനും ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാകാതെ വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രശ്നം പരിഹരിക്കുമോ?

പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ചുമതല വഹിക്കുന്ന സെക്ഷനുകളിൽ ഭരണപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട കാലതാമസമൊഴികെ ദീർഘനാൾ ഫയൽ പെൻഡിംഗാകുന്ന അവസ്ഥയുണ്ടായിട്ടില്ല. ആയതിനാൽത്തന്നെ ദീർഘനാൾ ഫയൽ പെൻഡിംഗാകുന്ന കാരണത്താൽ പെൻഷനും ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കാതെ വരുന്നതായി പരാതികളോ ആക്ഷേപങ്ങളോ നാളിതുവരെയും ലഭിച്ചിട്ടില്ല.

(ജി) പഞ്ചായത്ത് പ്രസിഡന്റുമാരും മറ്റും വിളിച്ചാൽ അഡീഷണൽ ഡയറക്ടർ ഫോണെടുക്കാറില്ലെന്ന ദീർഘനാളായുള്ള പരാതി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ നികുതി പിരിവ്**

387 (387) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് ഓൺലൈൻ ആക്കിയിട്ടുണ്ടോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും വസ്തു നികുതി https://tax.lsgkerala.gov.in എന്ന ലിങ്ക് മുഖേന ഓൺലൈനായി ഒടുക്കാവുന്നതാണ് . എല്ലാ നഗരസഭകളിലും വസ്തു നികുതി, തൊഴിൽ നികുതി പിരിവ് ഓൺലൈനായി അടവാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്ത് 100% നികുതി പിരിക്കുന്ന എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ 293 ഗ്രാമപഞ്ചായത്തുകൾ 100% നികുതി പിരിച്ചെടുത്തിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷം 100% നികുതി പിരിവ് കൈവരിച്ച നഗരസഭകൾ ഇല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് ഊർജ്ജിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

**കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി**

388 (388) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സുസ്ഥിര നഗര പുനർനിർമാണ പദ്ധതി എന്താണെന്ന് വിശദീകരിക്കുമോ?

കൊച്ചിയിലെ "സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി" എന്ന് പേരിട്ടിരിക്കുന്ന പദ്ധതി, ആസൂത്രണം ചെയ്യാത്ത നഗരപ്രദേശങ്ങളുടെ ഒരു പ്രദേശം ശാസ്ത്രീയമായും ഭൂമി പുനർക്രമീകരണത്തിലൂടെയും വികസിപ്പിച്ചെടുക്കാനു ദ്ദേശിച്ചുള്ളതാണ്. സർക്കാർ 15-8-2022-ന് പുറപ്പെടുവിച്ച സ.ഉ. (എം.എസ്.) നമ്പർ 186/2022/ത.സ്വ.ഭ.വ. പ്രകാരം പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ബി) എത്ര ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതിക്കുവേണ്ടി കായൽ നികത്തി കരയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) പുനർക്രമീകരിക്കുന്ന ഭൂമി എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ കുടിയൊഴിപ്പിക്കുന്നവരെ എങ്ങനെ, എവിടെ പുനരധിവസിപ്പിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ പദ്ധതി സർക്കാർ നേരിട്ടാണോ അതോ ഏതെങ്കിലും ഏജൻസി മുഖേനയാണോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി-ഇ) പദ്ധതിക്കായി കണ്ടെത്തിയ പ്രദേശം ആരംഭിക്കുന്നത് തെക്കുഭാഗത്ത് മറൈൻ ഡ്രൈവ്, മംഗളവനം പക്ഷി സങ്കേതം എന്നിവിടങ്ങളും വടക്ക് വടുതല-പച്ചാളം പ്രദേശം കായലുകൾക്ക് കുറുകെയും പടിഞ്ഞാറ് മുളവുകാട് ദ്വീപ് എന്നിവിടങ്ങളുമാണ്. പദ്ധതിപ്രദേശത്തെ പ്രവർത്തനങ്ങൾ കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷൻ 2019-ന് വിധേയമായും 20000 ചതുരശ്ര മീറ്ററിൽ അധികരിക്കുന്ന കെട്ടിട നിർമ്മാണ പദ്ധതികൾക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി (SEIAA)-യുടെ മുൻകൂർ അനുമതി നേടിയതിനുശേഷവും നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിന് എസ്.പി.വി. രൂപീകരണത്തിന് മുന്നോടിയായി ഡി.പി.ആർ. സമർപ്പിക്കുന്നതുവരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ഒരു ജനറൽ ബോഡിയുടേയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടേയും രൂപീകരണം മാത്രമേ നടത്തിയിട്ടുള്ളൂ.

(എഫ്) കൊച്ചി സുസ്ഥിര നഗര പുനർനിർമാണ പദ്ധതിയുമായി ബന്ധപ്പെട്ട് മുളവുകാട് പ്രദേശത്തെ എം.എൽ.എ.-യുമായോ മറൈൻ ഡ്രൈവ്, വടുതല-പച്ചാളം പ്രദേശത്തെ എം.എൽ.എ.-യുമായോ പ്രസ്തുത പ്രദേശത്തെ എം.പി.യുമായോ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 23-11-2021-ന് 'കൊച്ചി നഗര സുസ്ഥിര വികസനം' എന്ന വിഷയത്തിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ കിഫ്ബി സർക്കാരിന് 4-1-2022-ന് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളത്. (യോഗനടപടിക്കുറിപ്പുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

**നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും ആശ്രിതനിയമനം**

389 (389) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലും കോർപ്പറേഷനുകളിലും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആശ്രിത നിയമനംവഴി ജോലി ലഭിച്ച എത്ര ശതമാനം പേരുണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആശ്രിതനിയമനം വഴി ജോലി ലഭിച്ച 19.05 ശതമാനം പേർ നിലവിൽ ജോലി നോക്കിവരുന്നു.

(ബി) നഗരസഭകളിലും കോർപ്പറേഷനുകളിലും അഞ്ച് ശതമാനത്തിലധികം ആശ്രിതനിയമനം നടന്നത് പുനഃക്രമീകരിക്കുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ 1-6-2021-ലെ ഇ.യു4/113/2020/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ഓരോ വർഷവും ആശ്രിത നിയമനം മുഖേന നടത്തുന്ന നിയമനം അതത് വർഷത്തിൽ വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവിന്റെ 5% അധികരിക്കരുതെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ വകുപ്പിൽ നിലവിലുണ്ടാകുന്ന ആകെ ഒഴിവിന്റെ 5% മാത്രമാണ് ആശ്രിതനിയമനത്തിനായി നീക്കിവയ്ക്കുകയും നിലവിൽ ആശ്രിതനിയമന ഉത്തരവ് നൽകുകയും ചെയ്യുന്നത്.

(സി) നഗരസഭകളിലും കോർപ്പറേഷനുകളിലും അഞ്ച് ശതമാനത്തിലധികം ആശ്രിതനിയമനം നടന്നത് പുനഃക്രമീകരിക്കുന്നതിന് ട്രിബ്യൂണലിൽനിന്നോ കോടതികളിൽനിന്നോ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ**

390 (390) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ പഞ്ചായത്തുകളിലേതിന് സമാനമായി അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

പരിഗണനയിലില്ല.

(ബി) നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ നഗരകാര്യ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മുനിസിപ്പാലിറ്റികളിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഒരു യു.ഡി. ക്ലാർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് 30-6-2012-ലെ സ.ഉ.(എം.എസ്.) നമ്പർ 182/2012/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവുപ്രകാരം സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തിക റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക്/അക്കൗണ്ടന്റ് എന്നായി ഇന്റർചെയിഞ്ചബിൾ ആക്കുന്നതാണ് ഉചിതമെന്നും ആയതിനാൽ നിലവിലുള്ള യു.ഡി. ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി കണക്കിലെടുത്ത് യു.ഡി. ക്ലാർക്കുമാരെ മേൽപ്പറഞ്ഞ 3 തസ്തികകളിലായി ഒഴിവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണെന്നും 21-10-2013-ലെ 13191/ഇ.യു.2/13/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്ത് മുഖേന നഗരകാര്യ ഡയറക്ടറെ അറിയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരവെ കേരള മുനിസിപ്പാലിറ്റി & കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച നിവേദനം 26-2-2014-ലെ 12569/ഇ.യു.2/ 14/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്ത് മുഖേന റിപ്പോർട്ടിനായി ലഭ്യമാക്കിയിരുന്നു. ടി നിവേദനത്തിൽ മുഖ്യമായും ഉന്നയിച്ചിട്ടുള്ളത് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതുമു ഖേന 60 യു.ഡി. ക്ലാർക്ക് തസ്തിക മുനിസിപ്പൽ കോമൺ സർവ്വീസിൽ നഷ്ടപ്പെടുമെന്നും 1:1 റേഷ്യോ മാറ്റുമെന്നതിനാൽ നിയമനം നടത്തുന്നതിനുമുമ്പായി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തണമെന്നുമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29-10-2014-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (നഗരകാര്യ) ചേംബറിൽ സർവ്വീസ് സംഘടനകളുമായി ചർച്ചനടത്തുകയും ഇതുസംബന്ധിച്ച് ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ചതിനുശേഷം മറ്റൊരു യോഗം കൂടാമെന്ന തീരുമാന മെടുക്കുകയുമുണ്ടായി. പിന്നീട് ടി വിഷയം സംബന്ധിച്ച് 9-2-2016-ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് മറ്റൊരു ചർച്ചകൂടി നടത്തിയിട്ടുള്ളതാണ്. ടി വിഷയം സംബന്ധിച്ച് ചർച്ചകൾ നടന്നുവെങ്കിലും ആയതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ലാത്തതാണ്.

(സി) നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല.

## നഗരസഭകളിൽ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

391 (391) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളിലുണ്ടായിരിക്കുന്ന സീനിയോറിറ്റി പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) സീനിയോറിറ്റി പ്രശ്നം പരിഹരിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ലാസ്റ്റ് ഗ്രേഡ് സർവന്റ്, സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ ഗ്രേഡ്-2, റവന്യൂ ഓഫീസർ ഗ്രേഡ്-1, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകളിലെ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) നഗരസഭാ ജീവനക്കാരെ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിലുണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

നഗരസഭാ ജീവനക്കാരെ ജി-സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ സേവന-വേതന വിവരങ്ങൾ ജി-സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നഗരസഭകളിൽ ആരംഭിച്ചിട്ടുള്ളതും ഏകദേശം 22 നഗരസഭകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മറ്റുള്ള നഗരസഭകളിൽ ഈ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

(ഡി) നഗരസഭകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ; ഇതുമൂലം ജീവനക്കാർക്കുണ്ടാകുന്ന സാമ്പത്തികവും അതുപോലെതന്നെ സർവ്വീസ് സംബന്ധവുമായ നഷ്ടം എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

നഗരസഭകളിലെ ജീവനക്കാരുടെ കരട് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. ടി സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന്

വിധേയമായി ഉദ്യോഗക്കയറ്റം അനുവദിക്കുന്നതാണ്. നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള അന്തിമ ക്യൂ ലിസ്റ്റ് 6-8-2022-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിനാൽത്തന്നെ ഓരോ തസ്തികയിലും ഇനിയുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് യഥാസമയം സ്ഥലം മാറ്റം/ഉദ്യോഗക്കയറ്റം അനുവദിക്കുന്നതുമാണ്.

(ഇ) നഗരസഭകളിലെ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ വൈകുന്നതിനുള്ള കാരണം വിശദീകരിക്കാമോ; ജൂലൈ 31 വരെ ഈ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രൊമോഷൻ ഉത്തരവ് എന്നേയ്ക്ക് പുറത്തിറങ്ങുമെന്ന് വ്യക്തമാക്കാമോ?

റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 39 ഒഴിവുകളാണുള്ളത്. നഗരസഭകളിലെ ജീവനക്കാരുടെ കരട് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. ടി സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിധേയമായി ഉദ്യോഗക്കയറ്റം അനുവദിക്കുന്നതാണ്.

(എഫ്) ആഗസ്റ്റ് മാസത്തിൽ റവന്യൂ ഇൻസ്പെക്ടർ മുതൽ മുകളിലുള്ള തസ്തികകളിൽ ഉണ്ടായിരിക്കുന്ന റിട്ടയർമെന്റ് എത്രയെന്ന് വ്യക്തമാക്കാമോ; നഗരസഭകളിൽ പ്രൊമോഷനുണ്ടായാലും റിട്ടയർമെന്റുണ്ടായാലും വേക്കൻസി റിപ്പോർട്ട് ചെയ്യാതെ ഇത്തരം തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്നത്, നഗരസഭകളെയും ജീവനക്കാരെയും ഒരുപോലെ ബാധിക്കുന്നതിനാൽ എന്ത് പരിഹാര നിർദ്ദേശമാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആഗസ്റ്റ് മാസത്തിൽ റിട്ടയർമെന്റ് ഇല്ലാത്തതാണ്. നഗരസഭകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള അന്തിമ ക്യൂ ലിസ്റ്റ് 6-8-2022-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയതിനാൽത്തന്നെ ഓരോ തസ്തികയിലും ഇനിയുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് യഥാസമയം സ്ഥലം മാറ്റം/ഉദ്യോഗക്കയറ്റം അനുവദിക്കുന്നതുമാണ്.

(ജി) നഗരസഭകളിൽ അതാത് മാസങ്ങളിലുണ്ടാകുന്ന ഒഴിവുകൾ അതാത് മാസംതന്നെ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതുമൂലം ജീവനക്കാർക്കും അതുപോലെതന്നെ നഗരസഭയ്ക്കുമുണ്ടാകുന്ന സേവന, സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഒഴിവുകൾ അതാത് മാസംതന്നെ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആയത് സംബന്ധിച്ച് യാതൊരു പ്രായോഗിക ബുദ്ധിമുട്ടും ഇല്ലാത്തതാണ്.

## കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം

392 (392) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിശീലന കേന്ദ്രത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗ്രാമവികസന വകുപ്പിന്റെ പരിശീലനകേന്ദ്രം കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) പ്രസ്തുത പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിന് 'കില' നിയോഗിച്ച മൂന്നംഗ സംഘം സ്ഥലം സന്ദർശിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഒരു സാധ്യതാപഠന റിപ്പോർട്ട് കില ഡയറക്ടർ ജനറൽ സമർപ്പിച്ചിരുന്നു. കിലയുടെ സാധ്യതാപഠന റിപ്പോർട്ട് പ്രകാരം കോതമംഗലം ബ്ലോക്ക് പരിധിയിൽ വരുന്ന വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കോട്ടുളത്തുമല സർവ്വേ നമ്പർ 125 -ലെ 6.33 ഏക്കർ സ്ഥലം വികസന പരിശീലന കേന്ദ്രത്തിന് അനുയോജ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടി ല്ലാത്തതിനാൽ നിലവിൽ ഇതുസംബന്ധിച്ച് മറ്റ് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## അരുവിക്കര നിയോജകമണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

393 (393) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ നബാർഡ് പദ്ധതിപ്രകാരം 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയതും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതുമായ

വിവിധ പദ്ധതികളുടെ ഫണ്ട് വിവരങ്ങൾ, പദ്ധതിയുടെ പേര്, നിലവിലെ പ്രവർത്തന പുരോഗതി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളോടൊപ്പം മറ്റേതെങ്കിലും ഫണ്ടുകൾകൂടി സംയോജിപ്പിച്ചിട്ടുണ്ടെങ്കിൽ ആ വിവരങ്ങളും വിശദമാക്കാമോ?

ആനപ്പാറ മണലി പാലം നിർമ്മാണ പ്രവൃത്തിക്ക് എം.എൽ.എ. എ.ഡി.എസ്. ഫണ്ടിൽനിന്നും 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരിക നിലയം

394 (394) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അഞ്ച് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി നൂറ്റിപതിനെട്ട് രൂപ (5,38,70,118) അനുവദിച്ച പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടില്ല.

(ബി) സാങ്കേതികാനുമതി ലഭിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ അത് ഏത് ഘട്ടത്തിലാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒറ്റപ്പാലം നഗരസഭാ മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗം സമർപ്പിച്ച എസ്റ്റിമേറ്റിൽ ന്യൂനതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് സമർപ്പിക്കുന്നതിന് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന് ചീഫ് എഞ്ചിനീയർ (എൽ.ഐ.ഡി. & ഇ.ഡബ്ല്യു.) നിർദ്ദേശം നൽകിയിട്ടുണ്ട്.

### ഉമ്പായി സ്മാരക മ്യൂസിക് അക്കാഡമി കെട്ടിട നിർമ്മാണം

395 (395) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് അനുവദിച്ച, കുന്ദമംഗലം മണ്ഡലത്തിലെ ഉമ്പായി സ്മാരക മ്യൂസിക് അക്കാഡമി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഇതുവരെയും പ്ലാൻ അംഗീകരിച്ചുകിട്ടിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലേ ഔട്ട് അംഗീകാരം നൽകിയിട്ടില്ല.

(ബി) ടൗൺ പ്ലാനിംഗ് അനുമതി താമസിക്കുന്നതിനിടയാക്കിയ കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) പ്ലാൻ അംഗീകരിച്ച് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകാമോ?

(ബി&സി) കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ കുറ്റിക്കാട്ടൂർ റവന്യൂ വില്ലേജിലെ റീ-സർവ്വേ 23/100, സർവ്വേ 23/1A-ൽ ഉൾപ്പെട്ട 809.40 ച.മീ. സ്ഥലത്ത് 1556.78 ച.മീ 'ബി' കാറ്റഗറിയിലുൾപ്പെട്ട കെട്ടിടം നിർമ്മിക്കുന്നതിന് ഉമ്പായി മ്യൂസിക് അക്കാഡമി പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ഷരീജ് എന്ന വ്യക്തിക്ക് ഇതേ ഭൂമിയിൽ നൽകിയ ലേഔട്ട് അനുമതിയിൽ റിക്രിയേഷണൽ ഓപ്പൺ സ്പേസായി രേഖപ്പെടുത്തിയ ഭൂമിയിലാണ് ഈ മ്യൂസിക് അക്കാഡമിയുടെ നിർമ്മാണം എന്നതിനാൽ ശ്രീ. ഷരീജ് എന്ന വ്യക്തിക്ക് അനുവദിച്ച ലേഔട്ട് അനുമതി അസാധുവാകാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണെന്ന് ടൗൺ പ്ലാനർ അറിയിക്കുകയും ഇതിനെത്തുടർന്ന് പുതിയ ലേഔട്ട് അംഗീകാരത്തിനായി ഹാജരാക്കുന്നമുറയ്ക്ക് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മ്യൂസിക് അക്കാഡമി അധികൃതരെ പഞ്ചായത്തിൽനിന്നും അറിയിച്ചിട്ടുള്ളതുമാണ്. പുതുക്കിയ ലേഔട്ട് പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

## മഞ്ഞോടി ഷോപ്പിംഗ് കോംപ്ലക്സ്

396 (396) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ മഞ്ഞോടി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2-8-2022-ൽ ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു, ആയതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം

397 (397) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതും കിലയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളതുമായ വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഒരു കോടി കാറ്റഗറി സ്കൂളുകൾ

ജി.എച്ച്.എസ്.എസ്. പള്ളിക്കൽ -എഗ്രിമെന്റ് വച്ച കരാറുകാരൻ പ്രവൃത്തി ചെയ്യാനോ സൈറ്റ് ഏറ്റെടുക്കാനോ തയ്യാറാകാത്തതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന് വിധേയമായി ടി കരാറുകാരനെ ഒഴിവാക്കി ഇപ്പോൾ ഡി.എസ്.ആർ. 2018 നിരക്കിൽ ടെൻഡർ ചെയ്യുന്നതിനായി 1 കോടി 30 ലക്ഷത്തിന്റെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ നിരക്കിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.

ജി.എച്ച് എസ്.എസ്. വെട്ടൂർ - പഴയ കെട്ടിടം പൊളിക്കാനുള്ള കാരണം ചൂണ്ടിക്കാട്ടിയും സൈറ്റിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണമാക്കിയും എഗ്രിമെന്റ് വച്ച കരാറുകാരൻ കരാറിൽനിന്നും പിൻമാറിയിരുന്നു. ഇപ്പോൾ ഡി.എസ്.ആർ. 2018 നിരക്കിൽ 1 കോടി 30 ലക്ഷമായി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സൈറ്റിലെ അവസ്ഥയ്ക്കനുസരിച്ചും പുതിയ നിരക്കിലും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്. കാപ്പിൽ - രണ്ട് പ്രാവശ്യം ടെൻഡർ ചെയ്തെങ്കിലും കരാറുകാർ ആരും ക്വാട്ട് ചെയ്തിട്ടില്ല. ഡ്രോയിംഗിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. സോയിൽ ടെസ്റ്റ് ചെയ്ത്, പുതിയ ഡിസൈനും ഡ്രോയിംഗും തയ്യാറാക്കി 2018 ഡി.എസ്.ആർ. നിരക്കിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജി.എച്ച് എസ്.എസ്. വർക്കല - നിലവിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ഒരു നിർമ്മാണം നടക്കുന്നതിനാൽ, ഈ പ്രവൃത്തി കിഫ്ബി ഡ്രോപ്പ് ചെയ്യുകയും പകരം ജി.യു.പി.എസ്. അയിരൂർ സ്കൂൾ പട്ടികയിൽ ഉൾപ്പെടുത്തി, 1 കോടി 30 ലക്ഷത്തിന് ഭരണാനുമതി ആയിട്ടുമുണ്ട്.

ജി.എൽ.പി.എസ്. പകൽക്കുറി - ഡി.എസ്.ആർ. 2018 നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ 3 കോടി 90 ലക്ഷത്തിന്റെ പുതുക്കിയ ഭരണാനുമതി (Revised AS) ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാനിംഗ് ഡിസൈനിംഗ് (Planning designing) ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആഗസ്റ്റ് 22-ന് നടക്കുന്ന കമ്മിറ്റിയിൽ സമർപ്പിച്ച് സാങ്കേതികാനുമതി ആകുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

പ്ലാനിംഗ് ഡിസൈനിംഗ് ജോലികൾ കില-പി.എം.യു. നേരിട്ട് നിർവ്വഹിച്ചുകൊണ്ട് 3 കോടി കാറ്റഗറി പ്രവൃത്തികൾ 22-8-2022-നുള്ള റ്റി.എസ്. കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഒരു കോടി കാറ്റഗറി പ്രവൃത്തികൾ റീകാസ്റ്റ് ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് കില-പി.എം.യു.-വിൽനിന്നും നൽകുന്നതിന്റെ ഭാഗമായി ആയതുംവേഗത്തിൽ സാങ്കേതികാനുമതിയിലേയ്ക്കും ടെൻഡറിലേയ്ക്കും പോകാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മയക്കുമരുന്ന് ഭീഷണി നേരിടാൻ നടപടി**

398 (398) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന മയക്കുമരുന്ന് ഭീഷണി നേരിടാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മയക്കുമരുന്നിന്റെ വിതരണവും കടത്തും തടയുന്നതിനായി രഹസ്യ നിരീക്ഷണവും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തി വരുന്നതിനോടൊപ്പം, ചെക്ക്പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധനയും നടത്തിവരുന്നു. എൻ.ഡി.പി.എസ്. കേസുകളിലെ മുൻ പ്രതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവർ തുടർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു. മയക്കുമരുന്ന് ഉപയോഗത്തിനെതിരെ സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും സ്കൂൾ, കോളേജ് പരിസരങ്ങളിലുള്ള കടകളിൽ നിരന്തര പരിശോധനകൾ നടത്തുകയും ചെയ്യുന്നു.

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വ്യാപകമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി വിമുക്തിയുടെ നേതൃത്വത്തിൽ വിവിധ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. ഇതിനായി സ്കൂൾ തലത്തിലും കോളേജ് തലത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവത്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിച്ച് ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽക്കൂടി വിനിയോഗിക്കുന്നതിനുമായി 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ലഹരിക്കെതിരായ ബോധവത്കരണത്തിനായി ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും തടയുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്താൻ ഒരു കർമ്മ പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വിമുക്തി മിഷൻ മുഖേന ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചും പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും ലഹരിക്കെതിരെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ആദിവാസി-തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു. തീരദേശമേഖലയിലും ആദിവാസി മേഖലയിലും കുട്ടികളിലും യുവാക്കളിലും കായികശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ അനഭിലഷണീയമായ പ്രവണതകളിൽ ഏർപ്പെടാതിരിക്കുവാൻ പ്രേരിപ്പിക്കുന്നതിനും ടി മേഖലകളിൽ "ഫിറ്റ്നെസ്സ്" കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗോത്രവിഭാഗങ്ങൾക്കിടയിൽ ഗോത്ര കലാരൂപങ്ങളിലൂടെ ബോധവത്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തത്തിന്റെ അനിവാര്യത കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങളിൽനിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഓണക്കാലത്തെ ലഹരി കടത്ത് തടയൽ**

399 (399) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലം മുൻനിർത്തി വ്യാജവാറ്റും അതിർത്തി വഴിയുള്ള ലഹരി കടത്തും തടയുന്നതിന് എക്സൈസ് വകുപ്പ് വയനാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

2022 ഓണാഘോഷത്തോടനുബന്ധിച്ച് വ്യാജവാറ്റ്, വ്യാജ മദ്യ വിൽപ്പന, അതിർത്തി വഴിയുള്ള ലഹരി കടത്ത്, അബ്കാരി/എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിന് 2022 ആഗസ്റ്റ് 5 മുതൽ സെപ്തംബർ 12 വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വയനാട് എക്സൈസ് ഡിവിഷൻ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ എല്ലാ സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് താലൂക്കുതല കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

വ്യാജവാറ്റ് നടത്തുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ എക്സൈസ്, പോലീസ്, ഫോറസ്റ്റ്, റവന്യൂ വകുപ്പുകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു. ഓണക്കാലത്ത് തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽനിന്ന് വ്യാജമദ്യവും മയക്കുമരുന്നുകളും കടത്തുന്നതിന് സാദ്ധ്യതയുള്ളതിനാൽ ടി സംസ്ഥാനങ്ങളുമായി അതിർത്തി

പങ്കിടുന്ന വയനാട് ജില്ലയിലെ പ്രദേശങ്ങളിൽ എക്സൈസ്/പോലീസ്/ഫോറസ്റ്റ് എന്നീ വിഭാഗവുമായി ചേർന്ന് സംയുക്ത മീറ്റിംഗുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാന അതിർത്തി പ്രദേശങ്ങളിലും എക്സൈസ് ചെക്ക്പോസ്റ്റ് ഇല്ലാത്ത അതിർത്തി റൂട്ടുകളിലും 24 മണിക്കൂറും പ്രത്യേക പട്രോളിംഗും വാഹന പരിശോധനയും നടത്തിവരുന്നുണ്ട്.

**എക്സൈസ് വകുപ്പിലെ ഗ്രേഡ് പ്രൊമോഷൻ**

400 (400) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ എന്നീ കേഡറുകളിലെ ഗ്രേഡ് പ്രൊമോഷൻ കാലയളവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

5 വർഷം സേവനം പൂർത്തിയാക്കുന്ന യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) സ്ഥാനക്കയറ്റവും 22 വർഷം പൂർത്തീകരിച്ച യോഗ്യരായ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) സ്ഥാനക്കയറ്റവും നൽകിവരുന്നുണ്ട്. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) സ്ഥാനക്കയറ്റം അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത കാലയളവ് മാറ്റാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

നിലവിലില്ല.

(സി) എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അനുവദിച്ചിട്ടില്ല.

(ഡി) എത്രവർഷം സേവനമുള്ള ഉദ്യോഗസ്ഥർക്കാണ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഒഴിവ് വരുന്നമുറയ്ക്ക് യോഗ്യരായവർക്ക് മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകിവരുന്നു.

(ഇ) 20 വർഷത്തിനുതാഴെ സേവനമുള്ള ഉദ്യോഗസ്ഥർ എൻട്രി തസ്തികയിൽത്തന്നെ വിരമിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) നിലവിലുള്ള ഗ്രേഡ് പ്രൊമോഷൻ കാലയളവ് കുറയ്ക്കുന്നപക്ഷം കൂടുതൽ ഉദ്യോഗസ്ഥർക്ക് ഗ്രേഡ് പ്രൊമോഷൻ ലഭിക്കുമെന്നതിനാൽ എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ കേഡറുകളിലെ ഗ്രേഡ് പ്രൊമോഷൻ കാലയളവിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ജി) ഇത്തരത്തിൽ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതിലൂടെ സാമ്പത്തിക ബാധ്യത ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

(എഫ്&ജി) ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## കള്ള് വ്യവസായം

401 (401) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ട്രാക്ക് & ട്രേയ്സ് സംവിധാനത്തിന്റെ പ്രത്യേകതകൾ വിശദമാക്കാമോ?

സംസ്ഥാനത്തെ കള്ളിന്റെ ഉത്പാദനം, വിതരണം, വില്പന എന്നിവയിലെ സുതാര്യത ഉറപ്പുവരുത്തി, വൃക്ഷങ്ങൾക്ക് ഒരു ജിയോ ടാഗിംഗ് സംവിധാനം ഏർപ്പെടുത്തി, കള്ളിന്റെ ഉത്പാദനം മുതൽ വില്പന വരെ ഒരു ഓൺലൈൻ സംവിധാനത്തിലൂടെ ചെത്തുന്ന വൃക്ഷങ്ങളും കള്ള് കൊണ്ടുപോകുന്ന വാഹനങ്ങളും നിരീക്ഷിക്കുന്നതിനും ഇതിനാവശ്യമായ ലൈസൻസ്/പെർമിറ്റ് എന്നിവ സുതാര്യമായി ഓൺലൈൻ വഴി നൽകുന്നതിനുംവേണ്ടി നടപ്പിലാക്കുന്ന സംവിധാനമാണ് ട്രാക്ക് & ട്രേയ്സ്. അടുത്ത ഇരുപത് വർഷത്തേയ്ക്ക് ആയത് ഉപയോഗിക്കാവുന്നതും പദ്ധതി പൂർണ്ണമായും ടെക്നോളജി അടിസ്ഥാനമാക്കിയുള്ളതുമാണ്.

ട്രാക്ക് & ട്രേയ്സ് സംവിധാനത്തിന്റെ പ്രത്യേകതകൾ-

1. ജിയോ ഡാറ്റാബെയ്സ് ക്രിയേഷൻ (Geo Database Creation)- കള്ള് ചെത്തുന്ന വൃക്ഷവും അതുൾപ്പെടുന്ന ചെത്ത് തോട്ടവും മാപ്പ് ചെയ്ത് ജിയോ ലൊക്കേഷൻ ബെയ്സ്ഡ് ഡാറ്റ തയ്യാറാക്കുവാൻ സാധിക്കും.
2. ജിയോ ഫെൻസിംഗ് (Geo Fencing)- ഓരോ ചെത്ത് വൃക്ഷത്തിന്റെയും തോട്ടത്തിന്റെയും അതിരുകൾ ഡിജിറ്റലായി ജിയോ ഫെൻസിംഗ് സാങ്കേതിക വിദ്യയിലൂടെ തയ്യാറാക്കാവുന്നതും ഇതിലൂടെ ചെത്ത് വൃക്ഷവും അതുൾപ്പെടുന്ന തോട്ടവും ഇനംതിരിച്ച് ലഭ്യമാകുകയും ചെയ്യും.

3. പെർമിറ്റ് മുഖാന്തരം കള്ള് കടത്തുന്ന വാഹനങ്ങളുടെ സ്ഥാനം മനസ്സിലാക്കുന്നത് (Track the toddy transporting vehicles) - കള്ള് ട്രാൻസ്പോർട്ട് ചെയ്യുന്ന വാഹനങ്ങൾ ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനം.

4. ഇന്റർനെറ്റ് അധിഷ്ഠിത ആപ്ലിക്കേഷൻ വികസിപ്പിക്കുന്നത് (Web based application development) - കള്ള് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ പെർമിറ്റ് ലഭ്യമാക്കുന്നതിനായുള്ള വെബ് പോർട്ടൽ സംവിധാനം.

(ബി) ഉത്പാദനത്തിനും വ്യവസായത്തിനും ഇതുമൂലമുണ്ടാകുന്ന നേട്ടങ്ങൾ എന്താണെന്ന് അറിയിക്കാമോ?

ട്രാക്ക് & ട്രേയ്സ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ കള്ള് ഉത്പാദിപ്പിക്കുന്ന ഓരോ വൃക്ഷവും ഓരോ വെർച്വൽ നമ്പർ ഉപയോഗിച്ച് തിരിച്ചറിയാവുന്നതാണ്. കൂടാതെ കള്ള് കടത്തുന്നതിന് ആവശ്യമായ പെർമിറ്റ് അനുവദിക്കുന്നതും ആയതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങളും പൂർണ്ണമായും ഓൺലൈനാക്കുകയും ഇതിലൂടെ ഈ മേഖല പൂർണ്ണമായും വ്യവസായ സൗഹൃദവും സുതാര്യവുമാകും. കള്ള് ഉത്പാദനവും വില്പനയും പൂർണ്ണമായും ഓഡിറ്റിംഗിന് വിധേയമാകുകയും ഉപഭോക്താവിന് ശുദ്ധമായ കള്ള് ഉറപ്പുവരുത്തുന്നതിലൂടെ ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനോടൊപ്പം കള്ള് വ്യവസായത്തെ സംരക്ഷിക്കാനുമാകും.

**വ്യാജമദ്യം, മയക്കുമരുന്ന്എന്നിവയുടെ വിപണനം തടയുവാൻ നടപടി**

402 (402) ശ്രീ. വി. ജോയി:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം തടയുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന ഊർജ്ജിത പ്രവർത്തനങ്ങൾക്കുപുറമെ ഓണക്കാലം പ്രമാണിച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വിപണനം തടയുന്നതിനായി സ്വീകരിച്ചുവരുന്ന ഊർജ്ജിത പ്രവർത്തനങ്ങൾക്കുപുറമെ ഓണക്കാലം പ്രമാണിച്ച് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് പ്രവർത്തനങ്ങൾ 5-8-2022 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. എക്സൈസ് ഹെഡ്ക്വാർട്ടേഴ്സുകളും ജില്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു. പൊതുജനങ്ങളിൽനിന്നും പരാതികൾ സ്വീകരിച്ച് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾക്ക് കൈമാറി യഥാസമയം പരാതികളിൽ അന്വേഷണം നടത്തിവരുന്നു. ജില്ലകളെ രണ്ട് മേഖലകളായി തിരിച്ച് രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഇതുകൂടാതെ അതിർത്തി പ്രദേശങ്ങളിലെ റോഡുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ യൂണിറ്റ് വാഹന പരിശോധന നടത്തിവരുന്നു. പോലീസ്, വനം, റവന്യൂ, തീരദേശ പോലീസ്, റെയിൽവേ പോലീസ്, ഫുഡ് സേഫ്റ്റി വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിവരുന്നു.

(ബി) ഇക്കാലയളവിൽ അന്തർ സംസ്ഥാന മദ്യ, മയക്കുമരുന്ന് കടത്ത് തടയുന്നതിനായി നടത്തുന്ന പ്രത്യേക പ്രവർത്തനങ്ങൾ വിശദമാക്കുമോ?

അന്തർ സംസ്ഥാന മദ്യ, മയക്കുമരുന്ന് കടത്ത് തടയുന്നതിനായി രഹസ്യ നിരീക്ഷണവും പരിശോധനകളും വാഹന പരിശോധനകളും നടത്തിവരുന്നു. മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ മുഴുവൻ സമയവും ബോർഡർ പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതും വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതുമാണ്. തീരപ്രദേശങ്ങൾ വഴിയുള്ള വ്യാജമദ്യക്കടത്ത് തടയുന്നതിനായി കോസ്റ്റൽ പോലീസുമായി ചേർന്ന് കടലിലും ഉൾനാടൻ ജലഗതാഗത പാതകളിലും പട്രോളിംഗ് സംഘടിപ്പിക്കുന്നു. ചെക്ക്പോസ്റ്റുകളിൽ അംഗബലം വർദ്ധിപ്പിച്ച് വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് മറ്റ് ജില്ലകളിലേയ്ക്ക് കൊണ്ടുപോകുന്ന കള്ളിന്റെ അളവും ഗുണനിലവാരവും പരിശോധിക്കുന്നതിനും ഇതിൽ മായം ചേർക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

കള്ളിന്റെ അളവും ഗുണനിലവാരവും പരിശോധിക്കുന്നതിന് കള്ളുഷാപ്പുകളിലേയ്ക്ക് കള്ള് കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിച്ച്, വാഹനത്തിൽനിന്നുതന്നെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുന്നതുകൂടാതെ കള്ള് ഷാപ്പുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയച്ചുവരുന്നു. കള്ളിന്റെ സാമ്പിളുകളിൽ ഈഥൈൽ ആൽക്കഹോളിന്റെ അളവ് 6% v/v കൂടുതലുണ്ടായിട്ടുള്ള ഷാപ്പുകളുടേയും ടി ഷാപ്പ് ലൈസൻസികളുടെയും പ്രവർത്തനങ്ങൾ

കർശനമായി നിരീക്ഷിച്ചുവരുന്നു. ഇതുകൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ വഴിയും കള്ളുഷാപ്പുകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് തത്സമയം പരിശോധിച്ച് കള്ളിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

## ലഹരി മരുന്നു വിൽപ്പന

403 (403) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ലഹരിമരുന്ന് വില്പനയുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ നാളിതുവരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; അറിയിക്കാമോ?

2016 ജൂൺ 1 മുതൽ നാളിതുവരെ ലഹരി മരുന്നു വില്പനയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 30869 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 29208 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 16980 കേസുകളിൽ പ്രതികളെ വിവിധ കോടതി ശിക്ഷിച്ചിട്ടുണ്ട്.

(ബി) എത്ര കേസുകളിൽ തെളിവില്ലെന്ന് കണ്ടെത്തി പ്രതികളെ വിട്ടയച്ചിട്ടുണ്ട്; പ്രായപൂർത്തിയാകാത്തവർ ലഹരിമരുന്ന് വില്പനയ്ക്ക് പിടിക്കപ്പെട്ട എത്ര കേസുകളുണ്ട്; ഇത്തരക്കാർക്ക് എന്ത് ശിക്ഷാനടപടിയാണ് നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ?

1078 കേസുകളിൽ തെളിവില്ലായെന്ന് കണ്ടെത്തി പ്രതികളെ വിട്ടയച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രായപൂർത്തിയാകാത്തവർ ലഹരി മരുന്ന് വില്പനയ്ക്ക് പിടിക്കപ്പെട്ടതായ 215 കേസുകളുണ്ട്. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശപ്രകാരം, കേസുകളിൽ ഉൾപ്പെടുന്ന പ്രായപൂർത്തിയാകാത്തവർക്ക് എക്സൈസ് വകുപ്പ് കൗൺസിലിംഗ് നൽകിവരുന്നു. കൂടാതെ കേസിൽ ഉൾപ്പെട്ട കുട്ടികൾക്ക് ജുവനൈൽ ജസ്റ്റിസ് ബോർഡ് പിഴയും വിധിക്കാറുണ്ട്.

(സി) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ഏതെങ്കിലും സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ലഹരി പിടിച്ചെടുത്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞ കേസുകളിൽ ഉൾപ്പെട്ട കുട്ടികളുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2016 ജൂൺ 1 മുതൽ നാളിതുവരെ സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ലഹരി വസ്തുക്കൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 69 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കേസുകളിൽ ഉൾപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് ജൂവനൈൽ ജസ്റ്റിസ് ബോർഡ് നിർദ്ദേശിച്ചതിൻ പ്രകാരം എക്സൈസ് വകുപ്പ് കൗൺസിലിംഗ് നൽകിവരുന്നുണ്ട്.

**വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാമ്പ്**

404 (404) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്യാമ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്കൂൾ തലത്തിലും കോളേജ് തലത്തിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവത്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിച്ച് ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽക്കൂടി വിനിയോഗിക്കുന്നതിനുമായി 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ലഹരിക്കെതിരായ ബോധവത്കരണത്തിനായി ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റികൾ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികളുടെ വരവും ലഹരി ഉപയോഗത്തിലെ വർദ്ധനവും

405 (405) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വരവ് വർദ്ധിച്ചതിനുശേഷം സംസ്ഥാനത്ത് മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിന്റെയും പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവിന്റെയും അടിസ്ഥാനത്തിൽ ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗവുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാന തൊഴിലാളികളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

2020, 2021, 2022 വർഷങ്ങളിലായി ഇതര സംസ്ഥാന തൊഴിലാളികളുടെ പേരിൽ 483 എൻ.ഡി.പി.എസ്. കേസുകളും 2496 കോറ്റ്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ലഹരിവസ്തുക്കൾ കൈവശംവച്ചവർക്കെതിരെ നടപടി

406 (406) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ നാളിതുവരെ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ മദ്യം വാറ്റിയതിനോ ലഹരിവസ്തുക്കൾ കൈവശം വച്ചതിനോ എക്സൈസ് കസ്റ്റഡിയിലെടുത്തിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത വ്യക്തികൾക്കെതിരെ എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി റെയ്ഞ്ചിൽ ഇത്തരം രണ്ട് കേസുകൾ എടുത്തിട്ടുണ്ട്. ക്രൈം നമ്പർ 265/2016 കേസിലെ രണ്ടാം പ്രതിയായ

അനിതയെന്ന അദ്ധ്യാപികയെ ബഹുമാനപ്പെട്ട കോടതി കുറ്റവിമുക്തയാക്കിയിട്ടുണ്ട്. ക്രൈം നം.99/2021 കേസിൽ പ്രതിയായ ബൈജു എന്ന അദ്ധ്യാപകനെതിരെ കേസെടുത്തിട്ടുള്ളതും ടിയാൻ ഇപ്പോൾ ബഹുമാനപ്പെട്ട കോടതിയുടെ ജാമ്യത്തിലുമാണ്. കേസന്വേഷണം നടന്നുവരുന്നു.

(സി) ഇത്തരം അദ്ധ്യാപകരെ സർവ്വീസിൽനിന്നും ഒഴിവാക്കി സർവ്വീസ് ചട്ടപ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതിന് പ്രസ്തുത കേസുകൾ സംബന്ധിച്ച റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബൈജു എന്ന അദ്ധ്യാപകൻ ഇപ്പോൾ സസ്പെൻഷനിലാണ്.

**ലഹരി ഉപയോഗം കുറയ്ക്കുവാൻ നടപടി**

407 (407) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി വൈവിദ്ധ്യമാർന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ തലത്തിലും കോളേജ് തലത്തിലും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവത്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്തയുണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും സ്കൂളുകളുടേയും കോളേജുകളുടേയും പരിസരങ്ങളിൽ രഹസ്യ നിരീക്ഷണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, പി.റ്റി.എ. അംഗങ്ങൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരടങ്ങിയ വിമുക്തി ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു. പ്രൊഫഷണൽ കോളേജുകളിലും ഹോസ്റ്റലുകളിലും രൂപീകരിച്ച 'ശ്രദ്ധ', 'നേർക്കൂട്ടം' കമ്മിറ്റികൾ മുഖാന്തരം ലഹരി വിരുദ്ധ

ബോധവത്കരണം നടത്തിവരുന്നു. ഏതൊരു വ്യക്തിക്കും എക്സൈസ് വകുപ്പിനെ ടെലഫോൺ/വാട്സ് ആപ്പ് മുഖേന ലഹരിയെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിനുള്ള സംവിധാനവും അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വകുപ്പുതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ കൂടാതെ പ്രാദേശികമായി ജനകീയ പങ്കാളിത്തത്തോടെ വിദ്യാർത്ഥി സംഘടനകളുടെയും യുവജനസംഘങ്ങളുടെയും സന്നദ്ധ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണത്തോടെ ബോധവത്കരണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിമുക്തി വാർഡുതല കമ്മിറ്റികൾ രൂപീകരിച്ചും എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, റെസിഡന്റ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയും ലഹരിക്കെതിരെ വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലംമുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി/ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം ടി കമ്മിറ്റികളിൽനിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ കണ്ടെടുക്കുവാൻ സത്വര നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഗോത്ര കലാരൂപങ്ങളിലൂടെ ഗോത്രവിഭാഗങ്ങൾക്കിടയിലുള്ള ബോധവത്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി അട്ടപ്പാടിയിലെ ഗോത്ര കലാകാരൻമാരെ അണിനിരത്തി ലഹരിക്കെതിരെ ബോധവത്കരണം നടത്തിവരുന്നു.

**കുട്ടികളിലെ ലഹരി ഉപയോഗം**

408 (408) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കുട്ടികളിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2022 ജനവരി മുതൽ ജൂലൈ വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2022 ജനവരി മുതൽ ജൂൺ വരെ 21 വയസ്സിന് താഴെ പ്രായമുള്ളവർ ഉൾപ്പെട്ട 389 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സ്കൂൾ/കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂൾതലത്തിലും കോളേജ് തലത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവത്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്തയുണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരിച്ച് ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽക്കൂടി വിനിയോഗിക്കുന്നതിനുമായി 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്നു.

## എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണം

409 (409) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര തഴക്കരയിൽ നിർമ്മിക്കുന്ന എക്സൈസ് കോംപ്ലക്സിന്റെ രണ്ടാംഘട്ടം നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി 271.83 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. ടി തുക കൊണ്ട് കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിയില്ലെന്നും കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 178.17 ലക്ഷം രൂപ കൂടി ആവശ്യമുള്ളതായും പൊതുമരാമത്ത് വകുപ്പ് എക്സൈസ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ആയതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

## മക്ഡവൽ മദ്യനിർമ്മാണ ഫാക്ടറി

410 (410) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ മദ്യനിർമ്മാണ ഫാക്ടറിക്കായി എത്ര ഭൂമിയാണ് സർക്കാർ നൽകിയിട്ടുള്ളത്; വെളിപ്പെടുത്തുമോ?

എക്സൈസ് വകുപ്പിൽ ലഭ്യമായ രേഖകൾ പ്രകാരം യുണൈറ്റഡ് സ്പിരിറ്റ്സ് ലിമിറ്റഡ് (മാക്ഡവൽസ്) കമ്പനിക്ക് 14 ഏക്കർ 50 സെന്റ് 230 സ്ക്വയർ മീറ്റർ ഭൂമി പതിച്ച് പട്ടയം നൽകിയിട്ടുള്ളതായും 2 ഏക്കർ 69 സെന്റ് 26 സ്ക്വയർ ലിംഗ്സ് ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതായും കാണുന്നു.

(ബി) എത്ര വർഷത്തേയ്ക്ക്, എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമി നൽകിയിട്ടുള്ളത്; അറിയിക്കുമോ?

എക്സൈസ് വകുപ്പിൽ ലഭ്യമായ രേഖകൾ പ്രകാരം യുണൈറ്റഡ് സ്പിരിറ്റ്സ് ലിമിറ്റഡ് (മാക്ഡവൽസ്) കമ്പനിക്ക് 2 ഏക്കർ 69 സെന്റ് 26 സ്ക്വയർ ലിംഗ്സ് ഭൂമി 1999 വരെ 332 രൂപാ നിരക്കിൽ പാട്ടത്തിന് നൽകിയിരുന്നതായും ആയതിനുശേഷം പാട്ട നിരക്ക് മാർക്കറ്റ് വാല്യുവിന്റെ അടിസ്ഥാനത്തിൽ 6,45,912 രൂപയാക്കി ഉയർത്തിയതായും കാണുന്നു.

(സി) ഈ ഭൂമിയുടെ പാട്ടത്തുക എത്രയാണ്; പാട്ടത്തുക കുടിശ്ശിക ആയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എക്സൈസ് വകുപ്പിലെ ലഭ്യമായ രേഖകൾ പ്രകാരം പാട്ടത്തുക 6,45,912 രൂപയാണ്. അതിനെതിരെ കമ്പനി, ഒ. പി. 12504/2000 നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പാട്ടവസ്തുവിൽ മുൻകൂർ അനുമതിയില്ലാതെ അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചതിനാൽ ആലപ്പുഴ ജില്ലാ കളക്ടർ പാട്ടവസ്തു തിരികെ എടുക്കുവാൻ ഉത്തരവിട്ടിരുന്നു. അതിനെതിരെ ടി കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 2665/20 നമ്പർ കേസിൽ, 30-1-2020-ൽ പുറപ്പെടുവിച്ച വിധിയിൽ പൂർവ്വസ്ഥിതി തുടരുവാൻ ഉത്തരവായിരുന്നു.

(ഡി) ഫാക്ടറി പ്രവർത്തിക്കാത്ത സ്ഥിതിയിലെത്തിയിട്ട് എത്ര കാലമായി; അറിയിക്കാമോ?

2015 ആഗസ്റ്റ് 1 മുതൽ കമ്പനി പ്രവർത്തിക്കുന്നില്ല.

(ഇ) പ്രവർത്തനം നിലച്ച സാഹചര്യത്തിൽ ഫാക്ടറി സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ കഴിയില്ലേ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ടി ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്താനും തടയുന്നതിനുമുള്ള നടപടി

411 (411) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്തുന്നതിനും തടയുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖലകളുടെ ഉറവിടങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖല കണ്ടെത്തുന്നതിനും തടയുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ലഹരി ഉത്പന്നങ്ങളുടെ വിപണന ശൃംഖലകളുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കണ്ടെത്തുന്ന മയക്കുമരുന്നുകളിൽ അധികവും അയൽ സംസ്ഥാനങ്ങളിൽനിന്നാണ് കൊണ്ടുവരുന്നത്. സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ കഞ്ചാവ് എത്തുന്നത് തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ നിന്നാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഇത് തടയുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വാഹന പരിശോധന ശക്തിപ്പെടുത്തുകയും എക്സൈസിലെ രഹസ്യാന്വേഷണ വിഭാഗവും പോലീസും മറ്റ് ഏജൻസികളുമായി ചേർന്ന് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. സിന്തറ്റിക് മയക്കുമരുന്നുകൾ അധികവും ബാംഗ്ലൂർ, ഗോവ, ചെന്നൈ എന്നിവിടങ്ങളിൽ നിന്നാണ് കടത്തിക്കൊണ്ടുവരുന്നത്. ഇപ്രകാരം കണ്ടെടുക്കുന്ന കേസുകൾ സമയബന്ധിതമായി അന്വേഷണം നടത്തി കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് കുറ്റക്കാർക്ക് അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനും മയക്കുമരുന്ന് കടത്തിലൂടെ സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 125-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2022 ജൂൺ മാസം 27-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 125-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## III ചരമോപചാരം

ജി. പ്രതാപവർമ്മ തമ്പാൻ, ആർ. സുന്ദരേശൻ നായർ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻനിയമസഭാംഗം ജി. പ്രതാപവർമ്മ തമ്പാൻ 2022 ആഗസ്റ്റ് 4-നും മുൻമന്ത്രി ആർ. സുന്ദരേശൻ നായർ 2022 ആഗസ്റ്റ് 11-നും അന്തരിച്ചു.

ജി. പ്രതാപവർമ്മ തമ്പാൻ

മുൻ എം.എൽ.എ.-യും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന ജി. പ്രതാപവർമ്മ തമ്പാൻ 2022 ആഗസ്റ്റ് 4-ാം തീയതി അന്തരിച്ചു. സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന മുല്ലവനം പി. ഗോപാലപണിക്കർ - കെ. ഭാരതി ദമ്പതികളുടെ മകനായി 1959 സെപ്റ്റംബർ 20-ന് കുണ്ടറയ്ക്ക് സമീപം പേരൂരിൽ പ്രതാപവർമ തമ്പാൻ ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.യു.-വിലൂടെ രാഷ്ട്രീയ രംഗത്തെത്തിയ അദ്ദേഹം സംഘടനയുടെ എസ്.എൻ. കോളേജ് യൂണിറ്റ് സെക്രട്ടറി, കൊല്ലം താലൂക്ക് പ്രസിഡന്റ്, കൊല്ലം ജില്ലാ സെക്രട്ടറി, സംസ്ഥാന ട്രഷറർ, ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. പതിനൊന്നാം കേരള നിയമസഭയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച പ്രതാപവർമ്മ തമ്പാൻ, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, കൊല്ലം ഡി.സി.സി. പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല സെനറ്റംഗമായും പ്രവർത്തിച്ച അദ്ദേഹം കെ.പി.സി.സി. ജനറൽ സെക്രട്ടറിയും പേരൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റുമായിരിക്കെയാണ് അന്തരിച്ചത്. സർവ്വസമ്മതനായ പൊതുപ്രവർത്തകനെയും പരിശ്രമശാലിയായ ഒരു നേതാവിനെയുമാണ് ജി. പ്രതാപവർമ്മ തമ്പാന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ആർ. സുന്ദരേശൻ നായർ

മുൻമന്ത്രി ആർ. സുന്ദരേശൻ നായർ 2022 ആഗസ്റ്റ് 11-ന് അന്തരിച്ചു. നെയ്യാറ്റിൻകര മരുതത്തൂർ മഞ്ചത്തല വിട്ടീൽ എം. രാഘവൻ നായർ - കമലമ്മ ദമ്പതികളുടെ മകനായി 1940 ഏപ്രിൽ 22-ന് ജനിച്ച അദ്ദേഹം ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയശേഷം അദ്ധ്യാപന രംഗത്തിറങ്ങി. തിരുവനന്തപുരത്തെ പ്രശസ്ത സമാന്തര വിദ്യാഭ്യാസ സ്ഥാപനമായ വിക്ടറി ട്യൂട്ടോറിയൽ കോളേജിന്റെ സ്ഥാപകനും അദ്ധ്യാപകനുമായിരുന്നു. കെ.എസ്.ആർ.ടി.സി. ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റായിരിക്കെ എൻ.എസ്.എസ്.-ലൂടെയാണ് അദ്ദേഹം പൊതുരംഗത്ത് എത്തിയത്.

എൻ.ഡി.പി.-യുടെ സ്ഥാനാർത്ഥിയായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് അഞ്ചും ആറും കേരള നിയമസഭകളിലേയ്ക്ക് ആർ. സുന്ദരേശൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. ആറാം കേരള നിയമസഭയുടെ കാലയളവിൽ 1981 ഡിസംബർ 28 മുതൽ 1982 മാർച്ച് 17 വരെ കരുണാകരൻ മന്ത്രിസഭയിൽ ആരോഗ്യ, ടൂറിസം വകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ചു. കേരള സർവ്വകലാശാല സെനറ്റംഗമായും പി.എസ്.സി. അംഗമായും പ്രവർത്തിച്ച അദ്ദേഹത്തിന് മന്ത്രി സ്ഥാനമൊഴിഞ്ഞശേഷം വിദേശത്ത് ജോലി ചെയ്ത രാഷ്ട്രീയ നേതാവെന്ന അപൂർവ്വതയുമുണ്ട്. തെരഞ്ഞെടുപ്പുകൾ വരുത്തിയ സാമ്പത്തിക ബാധ്യതമൂലമാണ് അദ്ദേഹത്തിന് വിദേശത്ത് ജോലിക്ക് പോകേണ്ടിവന്നത്. ജീവിതത്തിലുടനീളം കർമ്മനിരതനായിരുന്ന ഒരു മികച്ച പൊതു പ്രവർത്തകനെയാണ് ആർ. സുന്ദരേശൻ നായരുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

10.05 A.M.]

## IV ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ എം. നൗഷാദ്, വി. ആർ. സുനിൽ കുമാർ, ടി. വി. ഇബ്രാഹിം എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

10.05 A.M.]

## V അടിയന്തരപ്രമേയം

### വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ച

മി. സ്പീക്കർ: വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുനരധിവാസം, ജീവനോപാധി കണ്ടെത്തുന്നതിനുള്ള സഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കുന്നതിലുണ്ടായ വീഴ്ചമൂലം തീരദേശ ജനത ദുരിതം അനുഭവിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലവും ഭൂമിയും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുനരധിവാസത്തോടൊപ്പംതന്നെ വിദ്യാഭ്യാസ ഉന്നമനത്തിനായി ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലംമുതൽ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. 11-11-2015-ലെ ഉത്തരവിൽ ജീവനോപാധികൾക്കായി പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.36 കോടി രൂപയുടെ പദ്ധതികൾ സർക്കാർ പരിഗണിക്കുകയും ഇതിൽ 3.75 കോടി രൂപയുടെ കൃത്രിമപാര് നിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പകൽവീട് പദ്ധതി നടപ്പാക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള കരിയർ ഗൈഡൻസ്, സ്ത്രീ ശാക്തീകരണം, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക, ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം എന്നീ പദ്ധതികൾ ഇതര സർക്കാർ പദ്ധതികളുമായി യോജിപ്പിച്ച് നടപ്പാക്കിവരുന്നു. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 'പുനർഗേഹം' പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനും ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്നതിനും കഴിയും. പദ്ധതി ധനസഹായമായി പത്തുലക്ഷം രൂപ അനുവദിച്ചുവരുന്നു.

സംസ്ഥാനത്തൊട്ടാകെ പദ്ധതിപ്രകാരം 2700 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിർബന്ധമായി ആരെയും മാറ്റിത്താമസിപ്പിക്കാൻ ഉദ്ദേശിച്ചിട്ടില്ല. പുനർഗേഹം പദ്ധതിപ്രകാരം വാങ്ങുന്ന ഭൂമിക്ക് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അവകാശം അവരിൽ നിക്ഷിപ്തമാണ്. കടലാക്രമണത്തെ തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സ്ഥലത്ത് 192 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റും ബീമാപള്ളിയിൽ 20 ഫ്ലാറ്റും കാരോട് 128 ഫ്ലാറ്റും നിർമ്മിച്ച് ഇതിനോടകം കൈമാറിയിട്ടുണ്ട്. കൂടുതൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17.43 ഏക്കർ ഭൂമിയിൽനിന്നും സ്ഥലം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണം, റവന്യൂ, മത്സ്യബന്ധനം, തുറമുഖം, ക്ഷീരവികസനം, ഗതാഗതം എന്നീ വകുപ്പുമന്ത്രിമാരടങ്ങുന്ന സമിതി മൂന്നുതവണ യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ 8 ഏക്കർ ഭൂമി ഇതിനുവേണ്ടി നീക്കിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

കടലാക്രമണത്തെത്തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വാടക വീടെടുത്ത് മാറിത്താമസിക്കുന്നതിന് ആവശ്യമായിവരുന്ന വാടക നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും ഉൾപ്പെടെ 143 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന 20 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 10,68,000 രൂപ മത്സ്യബോർഡ് മുഖേന അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിടയായ വിഭാഗത്തിന്റെ സമാശ്വാസ ലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്നും 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ നിയമിച്ചു. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3000 രൂപ വീതം ജില്ലാ കളക്ടർ മുഖേന വീട്ടുവാടക നൽകി. ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. ഇതിൽ 9 പേർ അവർ താമസിക്കുന്ന സ്ഥലത്തുനിന്നും മാറാൻ താത്പര്യമില്ലെന്നും 9 പേർ ആനുകൂല്യം

ആവശ്യമില്ലെന്നും അറിയിച്ചിട്ടുണ്ട്. 14 പേർ മുൻവർഷങ്ങളിലെ വിവിധ പദ്ധതികളിൽ ധനസഹായം ലഭിച്ചവരാണ്. മാറിത്താമസിക്കാൻ തയ്യാറായ 22 പേരും ഭൂമി കണ്ടെത്തി ഭവന നിർമ്മാണം പൂർത്തീകരിച്ചു. 5 പേർക്ക് മുട്ടത്തറയിലും 13 പേർക്ക് ബീമാപള്ളിയിലും ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീടില്ലാത്ത 6 കുടുംബങ്ങൾക്കുമായി ആകെ 38 കുടുംബങ്ങൾക്ക് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ 26 പേർ ഭൂമി വാങ്ങി ഭവനനിർമ്മാണം നടത്തിവരുന്നു. ഭവനം അനുവദിച്ച 6 പേരിൽ 2 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് വിവിധ സർക്കാർ പദ്ധതികളിൽ ധനസഹായം ലഭിച്ചിട്ടുണ്ട്. ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് റിപ്പയറിംഗിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട 485 മത്സ്യത്തൊഴിലാളികൾക്ക് ഏഴുഘട്ടങ്ങളിലായി 7.37 കോടി രൂപ നഷ്ടപരിഹാരം നൽകുകയും ദുരന്തത്തിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 2037 വരെ അർഹമായ സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനായി 13.92 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ജാക്കറ്റുകൾ സൗജന്യമായി അനുവദിച്ചു. മത്സ്യത്തൊഴിലാളി യുവാക്കളെ ഉൾപ്പെടുത്തി കടൽസുരക്ഷാ സ്ക്വാഡിന് രൂപം നൽകുകയും 719 മത്സ്യത്തൊഴിലാളികൾ ഇതിനകം പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എഫ്.ആർ.പി. യാനങ്ങൾ, എഞ്ചിൻ, വല, സുരക്ഷാ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെ 120 യൂണിറ്റ് അനുവദിച്ചു. 40 വയസ്സിനുതാഴെ പ്രായമുള്ള 42 പേർക്ക് മത്സ്യഫെഡ് മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. വിഴിഞ്ഞത്ത് നാലുകോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ചുവരുന്ന ഫിഷ് പ്രോസസ്സിംഗ് സെന്റർ, സീ ഫുഡ് റെസ്റ്റോറന്റ് എന്നിവയിൽ 20 പേർക്ക് തൊഴിൽ ലഭ്യമാക്കും. 18.06 കോടി രൂപ ചെലവഴിച്ച് കടൽ സുരക്ഷാ പ്രവർത്തനത്തിന് 3 മറൈൻ ആംബുലൻസുകൾ യാഥാർത്ഥ്യമാക്കി. 2020-21-ലെ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ്-19 എന്നിവകാരണം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് എസ്.ഡി.ആർ.എഫ്. (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്)/സി.എം.ഡി.ആർ.എഫ്. (ചീഫ് മിനിസ്റ്റേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്)-ൽനിന്നും 36.12 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് ധനസഹായം നൽകിയത്. 207104 പേർക്ക് പ്രസ്തുത സാമ്പത്തിക സഹായം ലഭിച്ചുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റ് തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ ആറുദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി

ഒരു കുടുംബത്തിന് 1200 രൂപ വീതം കടലോരത്തെ മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോവിഡിനെ തുടർന്ന് ജോലിക്ക് പോകാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 122377 കുടുംബങ്ങൾക്ക് 20 ഇനങ്ങളുൾപ്പെട്ട ഭക്ഷ്യക്കിറ്റ് റേഷൻ കടകൾ മുഖാന്തരം വിതരണം ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 240211 മത്സ്യത്തൊഴിലാളികൾക്കും 84531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.4 കോടി രൂപ അനുവദിച്ചു. 2020-21 സെപ്തംബർ മാസത്തിൽ കനത്തമഴയുണ്ടെന്ന കാലാവസ്ഥാ മുന്നറിയിപ്പ് കാരണം 47.84 കോടി രൂപ കടലോര മത്സ്യ/അനുബന്ധ തൊഴിലാളികൾക്ക് ആശ്വാസമായി അനുവദിച്ചു. കാലാവസ്ഥാ മുന്നറിയിപ്പുമൂലം മത്സ്യബന്ധനത്തിന് കടലിൽ പോകാൻ കഴിയാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 19-08-2022-ന് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ഫിഷറീസ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനുള്ള പുലിമുട്ട് നിർമ്മിക്കുന്നതുമൂലം വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിൽനിന്നും മത്സ്യബന്ധനത്തിനുപോകുന്ന യാനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നത് പരിഗണിച്ച് രണ്ടുവർഷക്കാലയളവിൽ സൗജന്യ മണ്ണെണ്ണ അനുവദിക്കുകയും ആയത് പൂർണ്ണമായും നൽകുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് 22-10-2020-ൽ ചേർന്ന ഉപജീവന ആഘാത നിർണ്ണയ സമിതിയുടെ അപ്പീൽ കമ്മിറ്റി തീരുമാനിക്കുകയും വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച യാനങ്ങൾക്ക് ഒരുവർഷത്തേയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് 30-4-2022-ലെ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുമുണ്ട്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലവർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ വലിയ രീതിയിൽ ബാധിക്കുകയും അവർക്കത് താങ്ങാവുന്നതിലും അധികവുമാണ്. നിലവിൽ പൊതു വിപണിയിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 116.50 രൂപയും സിവിൽ സപ്ലൈസ് വകുപ്പുവഴി വിതരണം ചെയ്യുന്ന സബ്സിഡിരഹിത മണ്ണെണ്ണയ്ക്ക് ലിറ്ററിന് 86.78 രൂപയുമാണ്. ഒരു ലിറ്റർ ഡീസലിന് 96.52 രൂപയും പെട്രോളിന് 107.44 രൂപയുമുള്ളപ്പോഴാണ് മണ്ണെണ്ണയുടെ വില ഇത്തരത്തിൽ ഉയർന്നുനിൽക്കുന്നത്. ഇങ്ങനെയൊരു സാഹചര്യം മുൻപുണ്ടായിട്ടില്ല. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വിലവർദ്ധന പരമ്പരാഗത മത്സ്യമേഖലയുടെ തകർച്ചയ്ക്ക് കാരണമാകും.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണക്കമ്പനികൾക്ക് നൽകിയതാണ് ഇതിന് മുഖ്യകാരണം. വിലവർദ്ധന കാരണം ദുരിതത്തിലായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. പത്തുവർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14332 എഞ്ചിനുകൾക്കാണ് സബ്സിഡി നൽകുന്നത്. പരമ്പരാഗത തൊഴിലും ഏറെ പിന്നാക്കാവസ്ഥയിലുള്ള മേഖലയും എന്നനിലയിൽ പരിഗണന നൽകി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഈ മാസം 17, 18 തീയതികളിൽ കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ചർച്ച നടത്തി നിവേദനം നൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവരിൽ ഉൾപ്പെടുന്ന കട്ടമര തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി ഉപജീവന ആഘാത നിർണ്ണയ സമിതി റിപ്പോർട്ടിൽ പ്രസിദ്ധീകരിച്ച 57 കട്ടമര തൊഴിലാളികൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരികയാണ്. ഇതിനുപുറമേ 20-10-2021, 03-11-2021 എന്നീ തീയതികളിൽ നടന്ന 189 പേരുടെ രേഖാ പരിശോധനയിൽ കൂടുതൽ തെളിവുകൾ ആവശ്യമായതിനാൽ ആയത് ലഭ്യമാക്കി ഒരു മാസത്തിനകം അന്തിമ തീരുമാനം കൈക്കൊണ്ട് ഉപജീവന ആഘാത നിർണ്ണയ സമിതിയുടെ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. തീരസംരക്ഷണത്തിനും തീരശോഷണം തടയുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ ഒരു നൂതന പദ്ധതി എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി ജിയോ ട്യൂബ് ഉപയോഗിച്ച് ഓഫ്ഷോർ ബ്രേക്ക്‌വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി കിഫ്ബി വഴി നടപ്പാക്കുന്നതിനായി 4-7-2018-ൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് പദ്ധതിയുടെ നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. പൂന്തുറ പ്രദേശത്ത് 700 മീറ്ററിൽ പൈലറ്റ് വ്യവസ്ഥയിൽ പദ്ധതി നടപ്പാക്കുന്നതിന് 19.97 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും എല്ലാ അനുമതിയും ലഭ്യമാക്കി ഫെബ്രുവരി മാസം പദ്ധതി ആരംഭിക്കുകയും ചെയ്തു. 700 മീറ്ററിലാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ 100 മീറ്ററിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പൈലറ്റ് വ്യവസ്ഥയിൽ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഫലപ്രാപ്തി പരിശോധിച്ച് ഉറപ്പാക്കി മറ്റുസ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാനാണ് ശ്രമിക്കുന്നത്. നിലവിലുള്ള ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികളും പ്രദേശവാസികളും സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഇൻഷ്വറൻസ് പരിരക്ഷ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി

വർദ്ധിപ്പിക്കുകയും മത്സ്യ/അനുബന്ധ തൊഴിലാളി അംഗത്വത്തിനുള്ള അപേക്ഷകൾ ഓൺലൈൻവഴി സ്വീകരിക്കാനുള്ള സംവിധാനമൊരുക്കുകയും തീരാരോഗ്യം പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാതീരം പദ്ധതി മുഖേന എം.ബി.ബി.എസ്.-ന് 54 പേർക്ക് അഡ്മിഷൻ ലഭിച്ചു. കടലാക്രമണത്തെത്തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി രാജ്യത്ത് ആദ്യമായാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും മത്സ്യ വില്പന തൊഴിലാളികൾക്ക് യാത്ര ചെയ്യുന്നതിനായി സമുദ്ര ബസ് സർവ്വീസ് ആരംഭിക്കുകയും മത്സ്യത്തൊഴിലാളി യുവതികൾക്കായി തീരദേശ നൈപുണ്യ പദ്ധതി നടപ്പാക്കുകയും ചെയ്തു. സമ്പാദ്യ സമാശ്വാസ പദ്ധതി ആനുകൂല്യം 2,700 രൂപയിൽനിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി. പരീക്ഷകൾക്ക് കോച്ചിംഗ് പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി. മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിയും തീരദേശ വനിതകൾക്കായി സൂക്ഷ്മ തൊഴിൽ സംരംഭങ്ങളും ആരംഭിച്ചു. മത്സ്യ വില്പനയിലേർപ്പെടുന്ന വനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളായി സംഘടിപ്പിച്ച് ധനസഹായം അനുവദിച്ചു. മറൈൻ ആംബുലൻസുകൾ യാഥാർത്ഥ്യമാക്കുകയും പുതുതായി നാല് ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും തീരദേശ ജനതയുടെ സാക്ഷരത ഉയർത്തുന്നതിന് അക്ഷരസാഗരം പദ്ധതി നടപ്പാക്കുകയും ചെയ്തു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചുരുക്കണം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി മുട്ടത്തറയിലും കാരോട്ടും ബീമാപള്ളിയിലും പൊന്നാനിയിലും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നൽകിവരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്ന മുഴുവൻ കാര്യങ്ങളും സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, എല്ലാ മത്സ്യത്തൊഴിലാളികളും പൂർണ്ണ സംതൃപ്തരാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകൾ കേട്ടപ്പോൾ

തോന്നിയത്. അവരുടെ സംതൃപ്തി കാണണമെങ്കിൽ സമര രംഗത്തേയ്ക്ക് പോകണം. ജീവൽ പ്രശ്നങ്ങളുമായി സമരം ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ ബഹുമാനപ്പെട്ട മന്ത്രി ഇത്തരത്തിൽ കളിയാക്കാൻ പാടില്ലായിരുന്നു. കടൽപോലെ പ്രക്ഷുബ്ധമാണ് മത്സ്യത്തൊഴിലാളികളുടെ മനസ്സ്. കടലോളം സങ്കടങ്ങളുടെ ആഴക്കയത്തിലാണ് തീരദേശ ജനത ജീവിക്കുന്നത്. തുടർച്ചയായ കാലാവസ്ഥ മുന്നറിയിപ്പുകൾ, ട്രോളിംഗ് ബാൻ, മണ്ണെണ്ണയുടെ വിലവർദ്ധനവും ലഭ്യതക്കുറവും എന്നിവ കാരണം വർഷത്തിൽ 100 ദിവസംപോലും അവർക്ക് ജോലിക്ക് പോകാൻ കഴിയുന്നില്ല. വീടും സ്ഥലവും കടലെടുത്ത് അപ്രത്യക്ഷമായിപ്പോകുകയാണ്. തീരദേശത്തുനിന്നും അവരുടെ ജീവിതം തുടച്ചുമാറ്റപ്പെടുകയാണ്. ജീവന് യാതൊരു ഉറപ്പുമില്ലെന്നറിഞ്ഞിട്ടും കുടുംബ പ്രാരാബ്ധത്തിന്റെ തോണിയുമായി ജീവൻ കയ്യിൽപ്പിടിച്ച് കടലിലേയ്ക്ക് സാഹസിക യാത്ര നടത്തുന്ന മത്സ്യത്തൊഴിലാളി സമൂഹം സമാനതകളില്ലാത്ത വലിയൊരു സമൂഹമാണ്. അവരോട് ഈ നിലയിലുള്ള സമീപനമല്ല ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കേണ്ടിയിരുന്നത്. അരക്ഷിതമായ സാഹചര്യത്തിലാണ് അവർ ജീവിക്കുന്നത്. നാട്ടിൽ പ്രളയമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം തങ്ങളുടെ യാനങ്ങളുമായി അൻപതിനായിരത്തിലധികം ആളുകളെ രക്ഷപ്പെടുത്തിയ മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് അദ്ദേഹം വാഴ്ത്തിയിരുന്നു. എന്നാൽ വേദന കടിച്ചമർത്തി, സ്ത്രീകളും കുട്ടികളുമടക്കം, മാസങ്ങളായി സമരരംഗത്ത് നിൽക്കുന്നവർക്കൊരു ആശ്വാസവാക്കെങ്കിലും അദ്ദേഹം പറയണമായിരുന്നു. സമരം ചെയ്യുന്നവർക്കെതിരെ 'KAAPA' (കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട്) ചുമത്തിയില്ലെന്നതു മാത്രമാണ് ഏക ആശ്വാസം. കാറ്റും വെളിച്ചവും കടക്കാത്ത നഗരത്തിലെ ഒരു സിമന്റ് ഗോഡൗണിൽ 250-ഓളം കുടുംബങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളായി താമസിക്കുകയാണ്. കാറ്റ് കയറിയാൽ സിമന്റ് കട്ടപിടിച്ചുപോകുമെന്നതിനാൽ സിമന്റ് ഗോഡൗണുകളിൽ കാറ്റും വെളിച്ചവും കടക്കാനുള്ള എല്ലാ സാദ്ധ്യതകളും അടയ്ക്കും. മനുഷ്യർക്ക് അന്തസ്സുള്ളൊരു ജീവിതം ഉറപ്പുവരുത്തേണ്ടത് പരിഷ്കൃത സമൂഹത്തിന്റെയും ഭരണകൂടങ്ങളുടെയും ബാദ്ധ്യതയും ഉത്തരവാദിത്വവുമാണ്. ഒരു മുറിയോ കാൽ നിവർത്താനുള്ള സ്ഥലം പോലുമോ ഇല്ലാതെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അവിടെ ഞെരുങ്ങിക്കഴിയുകയാണ്. മനുഷ്യാവകാശങ്ങളുടെ ശവപ്പറമ്പായി ആ ഗോഡൗൺ മാറിയിരിക്കുകയാണ്. പ്രായപൂർത്തിയായ മക്കൾക്ക് സ്വകാര്യത നൽകാൻ കഴിയാത്ത അമ്മമാരുടെ സങ്കടങ്ങൾ നമ്മൾ കാണണ്ടേ? ഇത്രയും കാലമായി അവരെ പുനരധിവസിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കോവിഡ്-19 കാലത്ത് സാമൂഹിക അകലം പാലിക്കണമെന്ന് നമ്മൾ അഭ്യർത്ഥിക്കുകയും ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ, ആ ഗോഡൗണിൽ

എന്ത് സാമൂഹിക അകലമാണ് അവർ പാലിക്കേണ്ടത്? കോവിഡ്-19 കാലം മുഴുവൻ അവർ അവിടെയാണ് ജീവിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ ഗോഡൗൺ സന്ദർശിച്ചിട്ട് കണ്ണുനിറഞ്ഞാണ് മടങ്ങിപ്പോയത്. അവരെപ്പോയി കാണണമെന്നും പുനരധിവസിപ്പിക്കണമെന്നും പറഞ്ഞ് തൊഴുകൈകളോടെ അദ്ദേഹം സഭയിൽ നിങ്ങളോട് യാചിച്ചു. അങ്ങനെ പറഞ്ഞതിനുശേഷവും ഏതെങ്കിലുമൊരു മന്ത്രി അവരെ സന്ദർശിച്ചിട്ടുണ്ടോ? ഈ നിലയിലാണ് അവരെ പരിഗണിക്കുന്നത്. 41 ലക്ഷം രൂപയുടെ കാലിത്തൊഴുത്ത് നിർമ്മിക്കുന്ന തിരക്കിനിടയിൽ ഈ പാവങ്ങളുടെ സങ്കടങ്ങൾ കാണാതെ പോകരുത്. ഒരു ദുർബല ജനവിഭാഗമെന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി രൂപീകരിക്കപ്പെട്ട ഭവനനിർമ്മാണ പദ്ധതി, ലൈഫ് പദ്ധതിയുടെ പേരിൽ ഇല്ലാതാക്കി. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ പലപ്പോഴും മത്സ്യത്തൊഴിലാളികൾക്ക് ചേരുന്നതല്ല. അവരുടെ ഭൂമിക്ക് പട്ടയമില്ല. പട്ടയമുള്ള ഭൂമിയുണ്ടെങ്കിൽ മാത്രമേ ലൈഫ് പദ്ധതിപ്രകാരം വീട് അനുവദിക്കുകയുള്ളൂ. കൈവശാവകാശ രേഖയുള്ള മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വകുപ്പ് നടപ്പാക്കിക്കൊണ്ടിരുന്ന ഭവനനിർമ്മാണ പദ്ധതിപ്രകാരം വീട് അനുവദിക്കുമായിരുന്നു. അതുകൊണ്ട് അടിയന്തരമായി പഴയ ഭവനനിർമ്മാണ പദ്ധതി പുനരാവിഷ്കരിക്കണം. 2016-ലെ ഗവൺമെന്റ് വന്നതിനുശേഷം ഭവന പുനരുദ്ധാരണത്തിനോ ശുചിമുറി നിർമ്മാണത്തിനോ ആർക്കും സാമ്പത്തിക സഹായം നൽകിയിട്ടില്ല. മണ്ണെണ്ണയുടെ കാര്യം സൂചിപ്പിച്ചു. മണ്ണെണ്ണയ്ക്ക് ലിറ്ററിന് 46 രൂപയുണ്ടായിരുന്ന സമയത്താണ് മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതല്ലെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 25 രൂപ സബ്സിഡി അനുവദിച്ചത്. ഇന്ന് ലിറ്ററിന് 116 രൂപയായിട്ടും സബ്സിഡി തുക ഒരു രൂപപോലും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രസർക്കാർ വില വർദ്ധിപ്പിക്കുന്നതിനെതിരെ നമുക്ക് സമരം ചെയ്യാം. പക്ഷേ, നമുക്ക് സാധിക്കുന്ന കാര്യങ്ങൾ ചെയ്യുണ്ടേ? ഓരോ മത്സ്യത്തൊഴിലാളിയും 1,500 രൂപ നിക്ഷേപിക്കുമ്പോൾ 4,500 രൂപ മൂന്ന് ഗഡുക്കളായി തിരിച്ച് നൽകുന്നതാണ് പഞ്ഞമാസ സമാശ്വാസ പദ്ധതി. മത്സ്യത്തൊഴിലാളികൾ നിക്ഷേപിച്ച തുകയല്ലാതെ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ഒരു വിഹിതവും നാളിതുവരെ അവർക്ക് നൽകിയിട്ടില്ല. പഞ്ഞമാസത്തിലല്ലേ ധനസഹായം നൽകേണ്ടത്? പുനർഗേഹം പദ്ധതിയെപ്പറ്റി സൂചിപ്പിച്ചു. പുനർഗേഹം പദ്ധതി വീടില്ലാത്തവർക്ക് വീട് നൽകുന്ന പദ്ധതിയല്ല. അഞ്ചും പത്തും പതിനഞ്ചും സെന്റ് സ്ഥലങ്ങളിൽ നല്ല വീടുകൾവച്ച് താമസിച്ചിരുന്നവരെ മാറ്റിപാർപ്പിക്കുന്നതിന് പത്ത് ലക്ഷം രൂപയാണ് ഈ പദ്ധതിപ്രകാരം ധനസഹായം നൽകുന്നത്. അതിന്റെ ഇരട്ടി തുകയെങ്കിലും ചെലവാക്കാതെ അവർക്ക് മാറിത്താമസിക്കാൻ കഴിയുമോ? അവർ

ഉപേക്ഷിച്ചുപോകുന്ന ഭൂമിയുടേയും ഭവനത്തിന്റെയും തത്തുല്യമായ തുകയെങ്കിലും നൽകണ്ടേ? വിഴിഞ്ഞത്തും അടിമലത്തുറയിലും കരിങ്കുളത്തും മഴപെയ്താലുണ്ടാകുന്ന വെള്ളക്കെട്ട് മാസങ്ങൾ കഴിഞ്ഞാലും വറ്റിപ്പോകാറില്ല. ശുചിമുറികളെല്ലാം നിറയുന്നതുകാരണം ആ പ്രദേശം മനുഷ്യവാസ യോഗ്യമല്ലാതെ മാറുന്നൊരു സാഹചര്യമുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത്രയും കാലമായി സർക്കാരിന് സാധിച്ചിട്ടുണ്ടോ? അതുപോലെ പട്ടയം അനുവദിക്കുന്നതിനുള്ള മത്സ്യത്തൊഴിലാളികളുടെ അപേക്ഷയിന്മേൽ എല്ലാ നടപടികളും പൂർത്തിയായി വർഷങ്ങളായെങ്കിലും പട്ടയം നൽകിയിട്ടില്ല. അതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? ഈ വർഷം എട്ട് മാസംപോലും പൂർത്തിയായിട്ടില്ല. ഇതിനിടെ കാലാവസ്ഥ മുന്നറിയിപ്പുമൂലം 46 ദിവസം അവർക്ക് ജോലിക്ക് പോകാൻ സാധിക്കാതിരുന്നു. ടൗട്ടെ ചുഴലിക്കാറ്റിന്റെ സമയത്ത് 6 ദിവസത്തെ വേതനം അവർക്ക് നൽകിയിരുന്നു. എന്നാൽ 46 ദിവസം തൊഴിൽ നഷ്ടപ്പെട്ടിട്ടും ഒരു ദിവസത്തെ വേതനംപോലും നൽകാൻ കഴിഞ്ഞിട്ടില്ല. അഞ്ച് വർഷം മുമ്പുണ്ടായ ഓഖി ദുരന്തത്തിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികൾക്കായി ഒരു പൈസപോലും സർക്കാർ നീക്കിവച്ചിട്ടില്ല. ഓഖി ദുരന്തത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച തുക ഉപയോഗിച്ച് മറ്റ് കാര്യങ്ങളാണ് ചെയ്തത്. പക്ഷേ, ഇന്നും ഭവനനിർമ്മാണ പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. രക്ഷിതാക്കൾ മരിച്ച കുടുംബത്തിലെ ഏതെങ്കിലുമൊരു അംഗത്തിന് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് സർക്കാർ ജോലി നൽകുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഒരാൾക്കുപോലും സ്ഥിരജോലി നൽകിയിട്ടില്ല. തീരസുരക്ഷ ഇന്നും മരീചികയായി നിൽക്കുകയാണ്. അതുപോലെ മുതലപ്പൊഴി മരണപ്പൊഴിയായി മാറുന്നുവെന്ന വിഷയം സംബന്ധിച്ച് ഞങ്ങൾ സഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. 58 ജീവനുകളാണ് അവിടെ നഷ്ടപ്പെട്ടത്. എല്ലാ നടപടികളും സ്വീകരിച്ചുവെന്നാണ് അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ ഈ മാസവും അവിടെ 36 വയസ്സുള്ള മുഹമ്മദ് സഫീറും 31 വയസ്സുള്ള ഷമീറും മരണപ്പെട്ടു. പുല്ലുവിള സ്വദേശികളായ വർഗ്ഗീസും ഗിൽബർട്ടും ചാവക്കാട് കടലിൽ മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടു. അവരുടെ മൃതദേഹം കൊണ്ടുവരുന്നതിന് ശ്രീ. എൻ. കെ. അക്ബറുമായി ഞാൻ ബന്ധപ്പെട്ടിരുന്നു. അതിൽ ഗിൽബർട്ടിന്റെ മൃതദേഹം ഇതുവരെ ലഭിച്ചിട്ടില്ല. ഈ മാസമാണ് വിഴിഞ്ഞത്ത് തമിഴ്നാട് സ്വദേശിയായ ഒരാൾ മത്സ്യബന്ധനത്തിനിടെ മരണപ്പെട്ടത്. എന്ത് സുരക്ഷിതത്വമാണ് ഇവിടെയുള്ളത്? മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വ ത്തിനായി 18 കോടി 24 ലക്ഷം രൂപ ചെലവഴിച്ച് മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങിയെങ്കിലും ഒരു മീറ്റർ ദൂരത്തിൽ തിര ഉയർന്നാൽ അവയ്ക്ക് കടലിൽ ഇറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. നമ്മുടെ റിക്വയർമെന്റിന് അനുസരിച്ചുള്ള

ആംബുലൻസല്ല വാങ്ങിയത്. അങ്ങനെയല്ലേ വാങ്ങേണ്ടത്? അതുകൊണ്ട് ആംബുലൻസുകൾ വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. പൊഴിയൂർ, കൊല്ലങ്കോട്, പൂന്തുറ, വലിയതുറ, ശംഖുംമുഖം തുടങ്ങിയ പ്രദേശങ്ങളിലെല്ലാം തീരശോഷണം സംഭവിച്ചിരിക്കുകയാണ്. മുതലപ്പൊഴി മുതൽ അഞ്ചുതെങ്ങ് കോട്ടവരെ കടലും കായലും എന്നാണ് ഒന്നാകുന്നതെന്ന സംശയം മാത്രമെയുള്ളൂ. വളരെ അപകടകരമായ രീതിയിൽ കര നേർത്തുപോകുകയാണ്. അഞ്ചുതെങ്ങിൽ രണ്ട് നിര വീടുകൾ ഇപ്പോൾ കാണാനില്ല. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തീരശോഷണമുണ്ടാകുമെന്ന് അന്നത്തെ സർക്കാർ മുൻകൂട്ടി കണ്ടിരുന്നതിനാൽ രണ്ട് പാക്കേജുകൾ അതുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. തീരശോഷണം നേരിട്ട് ബാധിക്കുന്നവരെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. എന്നാൽ തുറമുഖ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവേളയിൽ അഞ്ച് വർഷംകൊണ്ട് നടപ്പിലാക്കേണ്ട 475 കോടി രൂപയുടെ പുനരധിവാസ പദ്ധതി അന്നത്തെ സർക്കാർ പ്രഖ്യാപിച്ചിരുന്നു. പനത്തുറ മുതൽ വലിയവേളി വരെയുള്ള 7876 വീടുകളിൽ 3000 വീടുകളെ വിഴിഞ്ഞം പദ്ധതി ബാധിക്കുമെന്ന് പറഞ്ഞിരുന്നു. അവരെ പുനരധിവസിപ്പിക്കുന്നതിന് അമ്പതേക്കർ ഭൂമിയേറ്റെടുക്കാൻ ഏക്കറിന് 3 കോടി രൂപവച്ച് 150 കോടി രൂപയും 6 ലക്ഷം രൂപവച്ച് ഫ്ലാറ്റ് നിർമ്മിക്കാൻ 180 കോടി രൂപയും 20 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനവുമടക്കം 350 കോടി രൂപയുടെ ഒരു പദ്ധതിയുണ്ടായിരുന്നു. എന്നാൽ 475 കോടി രൂപയുടെ പദ്ധതിയിൽനിന്ന് ഒരു രൂപപോലും നാളിതുവരെ സർക്കാർ ചെലവഴിച്ചിട്ടില്ല. ഇക്കാര്യങ്ങളെല്ലാം ഉന്നയിച്ചുകൊണ്ടാണ് മത്സ്യത്തൊഴിലാളികൾ സമരം നടത്തുന്നത്. ഓരോ മത്സ്യത്തൊഴിലാളിയിൽനിന്നും 6,000 രൂപയിലധികം വാങ്ങിയെങ്കിലും നാളിതുവരെയായിട്ടും തീരസുരക്ഷിതത്വത്തിനുവേണ്ടിയുള്ള Very High Frequency Radio അവർക്ക് നൽകിയില്ല. ഉൾക്കടലിൽ മത്സ്യബന്ധനത്തിന് പോകുന്നവർക്ക് അപകടത്തെക്കുറിച്ച് വിവരം കൊടുക്കാൻ കഴിയുന്ന സാറ്റലൈറ്റ് ഫോൺ സംവിധാനം ഇതുവരെയും നടപ്പാക്കിയിട്ടില്ല. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ ഒരു മാസമായി മത്സ്യത്തൊഴിലാളികൾ സമരത്തിലാണ്. ആദ്യം അവരെ അവഗണിക്കാനും അതിനുശേഷം നേരിടാനും ശ്രമിച്ചു. അവരുടെ മത്സ്യബന്ധന യാനങ്ങൾ സമരഭൂമിയിലേയ്ക്ക് പ്രവേശിക്കാതിരിക്കുന്നതിനായി റോഡിൽവച്ച് തടഞ്ഞു. ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി അഹമ്മദ് ദേവർകോവിൽ സൗമ്യനായി സംസാരിക്കുന്നയാളാണ്. ഈ സമരത്തിൽ പങ്കെടുക്കുന്നവരെല്ലാം പുറത്തുനിന്ന് വന്നവരാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. എന്തുകൊണ്ടാണ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത വിഷയം ഇതുവരെയും ചർച്ച ചെയ്യാത്തത്? വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കാൻ ഒരു സമിതിയെ നിയോഗിച്ചുകൊണ്ട് അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ തയ്യാറാകണം. ഇത്രയും ദിവസം സമരം നടത്തിയിട്ടും കൃത്യമായ യാതൊരുവിധ നടപടിയുമുണ്ടായിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഒരു ഏജൻസിയെക്കൊണ്ട് പഠനം നടത്തി മത്സ്യത്തൊഴിലാളികൾ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2015 ആഗസ്റ്റ് മാസം 17-ാം തീയതി അദാനി വിഴിഞ്ഞം തുറമുഖം കമ്പനിയുമായി നിർമ്മാണത്തിനും നടത്തിപ്പിനുമായി സംസ്ഥാന സർക്കാർ ഏർപ്പെട്ടിട്ടുള്ള കൺസെഷൻ കരാർപ്രകാരം വിവിധ ഷെഡ്യൂളുകളിൽ നിർണ്ണയിച്ചിരിക്കുന്ന തുറമുഖത്തിന്റെ നിർമ്മാണവും പ്രോജക്ടിന്റെ നടത്തിപ്പിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കലും പോർട്ട് എസ്റ്റേറ്റിന്റെ വികസനവും പോർട്ടിന്റെ 40 വർഷത്തെ പരിപാലനവും തുറമുഖത്തിന്റെ പ്രവർത്തന നടത്തിപ്പും അദാനി കമ്പനിയിൽ നിക്ഷിപ്തമാണ്. കരാർപ്രകാരം 2019 ഡിസംബർ 3-ാം തീയതി തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാൽ കമ്പനിക്ക് നിയമപരമായ നോട്ടീസ് നൽകിയതിനെത്തുടർന്ന് കാലാവസ്ഥയും മറ്റ് പതിനേഴ് കാരണങ്ങളും ചൂണ്ടിക്കാട്ടി കരാർ കമ്പനി സമയം നീട്ടി ചോദിക്കുകയുണ്ടായി. എന്നാൽ, അതിന് സാധിക്കില്ലെന്ന സർക്കാർ നിലപാടിനെതിരെ കരാർ കമ്പനി ആർബിട്രേഷൻ ട്രിബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. മൂന്ന് മുൻ സുപ്രീം കോടതി ജഡ്ജിമാരടങ്ങുന്നതാണ് ട്രിബ്യൂണൽ. പ്രസ്തുത കേസ് നടന്നുവരികയാണ്. തുറമുഖവുമായി ബന്ധപ്പെട്ട എല്ലാ പുനരധിവാസ പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്നതിന് സർക്കാർ പരമാവധി ശ്രമിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് പരമാവധി പുനരധിവാസ പ്രവർത്തനങ്ങളും നടപ്പാക്കിക്കഴിഞ്ഞു. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഭൂമി ഏറ്റെടുത്തിട്ടില്ലെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. കടലോരത്തുനിന്ന് മാറി, മറ്റുള്ളവരുടെ ഭൂമിയാണ് ഇതിനായി ഏറ്റെടുത്തിട്ടുള്ളത്. ഭൂമി നഷ്ടപ്പെട്ടവർക്കെല്ലാം ഉഭയസമ്മതപ്രകാരമുള്ള നഷ്ടപരിഹാരവും വീട് നഷ്ടപ്പെട്ടവർക്ക് 5 സെന്റ് വീതം സ്ഥലവും അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി പ്രതികൂലമായി ബാധിക്കുന്ന മുല്ലൂർ, കോട്ടപ്പുറം, അടിമലത്തുറ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ലൈവ്‌ലിഹുഡ്

ഇംപാക്ട് അസെസ്മെന്റ് കമ്മിറ്റി ശിപാർശ ചെയ്തതനുസരിച്ച് കരമടി തൊഴിലാളികളുടെ പുനരധിവാസത്തിന് വിഴിഞ്ഞം സൗത്തിൽ 317-ഉം അടിമലത്തുറയിൽ 625-ഉം ഉൾപ്പെടെ 942 തൊഴിലാളികൾക്ക് 5.60 ലക്ഷം രൂപ വീതം 52.75 കോടി രൂപ നഷ്ടപരിഹാരം നൽകി. ചിപ്പിത്തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനത്തിന് 12.50 ലക്ഷം രൂപയും 73 ചിപ്പിത്തൊഴിലാളികൾക്ക് 9.12 കോടി രൂപയും വിതരണം ചെയ്തു. 105 കട്ടമര തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തിന് ശിപാർശ തയ്യാറാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപയും നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾക്ക് മാത്രമായി ഏകദേശം 100 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. കരാർ ഒപ്പുവയ്ക്കുന്ന സമയത്ത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 8 കോടി രൂപയുടെ പുനരധിവാസ പ്രവർത്തനങ്ങളാണ് ശിപാർശ ചെയ്തിരുന്നത്. എന്നാൽ മത്സ്യത്തൊഴിലാളികളോട് അനുകൂല നയം സ്വീകരിച്ചുകൊണ്ട് സർക്കാർ 100 കോടി രൂപയാണ് പുനരധിവാസത്തിന് മാത്രം ചെലവഴിച്ചത്.

ബഹുമാനപ്പെട്ട എം.എൽ.എ.-യും വിഴിഞ്ഞം നിവാസികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഒട്ടേറെ പ്രശ്നങ്ങൾ സർക്കാർ ഫണ്ടും അദാനി കമ്പനിയുടെ സി.എസ്.ആർ. ഫണ്ടുമുപയോഗിച്ച് പരിഹരിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം വന്നതോടുകൂടി ഹാർബറിലെ തിരയടി വർദ്ധിച്ച് ബോട്ടുകൾ അപകടത്തിൽപ്പെടുന്നുവെന്ന ആശങ്ക മത്സ്യമേഖലയിലുള്ളവർ ഉയർത്തിയതിനെ തുടർന്ന് പ്രശ്ന പരിഹാരമെന്നോണം അപകടത്തിൽപ്പെടുന്ന ബോട്ടുകൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനായി എല്ലാ ബോട്ടുകളെയും അദാനി കമ്പനിയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് ഇൻഷ്വർ ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മിച്ചതോടുകൂടി ഹാർബറിൽ വലിയ തിരകൾമൂലം ബോട്ടുകൾ അപകടത്തിൽപ്പെടുന്നുവെന്ന പ്രശ്നം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പൂനെയിലെ ഗവേഷണ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസ്. (Central Water and Power Research Station)-നോട് പഠനം നടത്താൻ ആവശ്യപ്പെടുകയും അവർ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശപ്രകാരം പഴയ വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ടിൽ 170 മീറ്റർ നീളമുള്ള ഒരു സ്പർ ബ്രേക്ക്‌വാട്ടർ നിർമ്മിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പുലിമുട്ട് നിർമ്മാണം പൂർത്തിയായാൽ ഹാർബറിൽ വലിയ തിരകളുണ്ടാകില്ലെന്നാണ് സി.ഡബ്ല്യു.പി.ആർ.എസ്. കണ്ടെത്തിയിട്ടുള്ളത്. വിഴിഞ്ഞം ഹാർബറിന്റെ കവാടത്തിൽ മണ്ണടിഞ്ഞുകൂടി ബോട്ടുകൾ അപകടത്തിൽപ്പെടുന്നതിന്

പരിഹാരമായി ഹാർബറിന്റെ കവാടം അദാനി കമ്പനിയെക്കൊണ്ട് ഡ്രഡ്ജിംഗ് നടത്തി വർഷംതോറും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെക്കൊണ്ട് പഠനം നടത്തുന്നുണ്ട്. ഹാർബറിന്റെ കവാടത്തിൽ മണ്ണടിഞ്ഞിട്ടില്ലെന്നാണ് ഈ വർഷം നടത്തിയ പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്. തുറമുഖ നിർമ്മാണം ആരംഭിക്കുന്നതോടെ അവിടെയുള്ള മത്സ്യബന്ധന യാനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുമെന്ന ആക്ഷേപത്തിന് പരിഹാരമായി വിഴിഞ്ഞത്തുനിന്നും പുറപ്പെടുന്ന യാനങ്ങൾക്ക് എഞ്ചിൻ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ ചുരുങ്ങിയത് 4 ലിറ്റർ മണ്ണെണ്ണ അനുവദിച്ചു. 2353 ബോട്ടുകൾക്ക് ഇതിന്റെ ഗുണം ലഭിച്ചു. കഴിഞ്ഞ വർഷങ്ങളിൽ സർക്കാരിന് ഈ ഇനത്തിൽ പ്രതിവർഷം 27.13 കോടി രൂപ ചെലവായി. പ്രസ്തുത പദ്ധതി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മണ്ണെണ്ണയുടെ വില ഉയർന്ന സാഹചര്യത്തിൽ ഇതിലേയ്ക്കായി 40 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖം നിർമ്മിക്കുന്നതിന്റെ ഭാഗമായി, വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന സബ് സെന്ററിനെ 7 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യമുണ്ടായിരുന്നു. എന്നാൽ സബ് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പി.എച്ച്.സി. സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം ഇല്ലാതിരുന്നതിനാൽ നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 കിടക്കകളുള്ള താലൂക്കാശുപത്രിയായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനായി സർക്കാർ പത്ത് കോടി രൂപ ചെലവഴിച്ചെങ്കിലും നിർമ്മാണം പൂർത്തിയായിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്ററടക്കമുള്ള ഒരു നില അദാനി കമ്പനി നിർമ്മിച്ചുനൽകുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതുകൂടാതെ നിലവിലുള്ള സബ് സെന്ററിനെ ഒരു പി.എച്ച്.സി. ആയി ഉയർത്താമെന്ന് ആരോഗ്യവകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഭൂമി കണ്ടെത്തുകയും തുടർനടപടി സ്വീകരിച്ചു വരികയുമാണ്.

വിഴിഞ്ഞത്ത് പ്രായാധിക്യമുള്ള ആളുകൾക്ക് പകൽ ചെലവഴിക്കുന്നതിന്, പകൽവീട് നിർമ്മിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് 1.8 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം കണ്ടെത്താത്തതിനാലാണ് പ്രോജക്ട് ഏറ്റെടുക്കാൻ കഴിയാത്തത്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. വിഴിഞ്ഞം തുറമുഖം പ്രാവർത്തികമാകുമ്പോൾ അവിടെയുണ്ടാകാൻ സാധ്യതയുള്ള തൊഴിൽ, സ്വദേശികളായ ആളുകൾക്ക് നൽകാമെന്ന് അദാനി കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇതിന് മുന്നോടിയായി അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിക്കാമെന്നാണ് ധാരണയായിട്ടുള്ളത്. അതിനായി സർക്കാർ ഏജൻസിയായ അസാപ്പ് 48 കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിച്ചുവരികയാണ്.

കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഇവിടെ അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശവാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കുന്നത്. ആവശ്യമായ സ്ഥലവും വിഴിഞ്ഞം തുറമുഖ നിർമ്മാണ കമ്പനി നൽകിയിട്ടുണ്ട്. വിഴിഞ്ഞം പ്രദേശത്ത് മാലിന്യ സംസ്കരണത്തിന് പ്രോജക്ട് തയ്യാറാക്കണമെന്ന ആവശ്യമുയർന്നിരുന്നു. അതിനായി സ്വച്ഛ് ഭാരത് മിഷനിൽ ഉൾപ്പെടുത്തി എം.ആർ.എഫ്. (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) സെന്റർ ആരംഭിക്കാൻ ഒരു കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ ഭൂമി കണ്ടെത്തിയാലുടനെ ഈ പ്രോജക്ട് നടപ്പാക്കുന്നതാണ്. കോട്ടപ്പുറം ഭാഗത്തുള്ളവർക്ക് കുടിവെള്ളം ലഭിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനായി 1.72 കോടി രൂപ ചെലവഴിച്ച് കോട്ടപ്പുറത്തെ ആയിരം വീട്ടുകാർക്ക് സൗജന്യ വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. തുറമുഖം വന്നതോടെ കളിസ്ഥലം നഷ്ടപ്പെട്ടുവെന്ന ആക്ഷേപത്തിന് പരിഹാരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ രണ്ടേക്കർ ഭൂമി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ കളിസ്ഥലം നിർമ്മിച്ച് നൽകാമെന്ന് അദാനി കമ്പനി സമ്മതിക്കുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്. കഴിഞ്ഞ ഒരു വർഷമായി സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം തുറമുഖ നിർമ്മാണത്തിൽ അഭിമാനകരമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണ പ്രവൃത്തികൾ വ്യക്തമായി പുരോഗമിക്കുന്ന സാഹചര്യത്തിലാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത തുറമുഖ നിർമ്മാണംമൂലം തീരശോഷണമുണ്ടാകുന്നുവെന്നും തൊഴിൽ നഷ്ടപ്പെടുന്നുവെന്നും ചൂണ്ടിക്കാട്ടി സമരം ആരംഭിച്ചിരിക്കുന്നത്. അവരുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഫിഷറീസും ഗതാഗതവും വകുപ്പുമന്ത്രിമാർ ലത്തീൻ അതിരൂപത അധികൃതരുമായി ചർച്ച നടത്തുകയുണ്ടായി. സമരക്കാർ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾക്കെല്ലാം അവർക്ക് സ്വീകാര്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതുപ്രകാരം പുനരധിവാസവുമായി ബന്ധപ്പെട്ട് മുട്ടത്തറയിൽ 10 ഏക്കർ സ്ഥലം അനുവദിക്കാനും അടിയന്തരമായി നിർമ്മാണം ആരംഭിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നാമത്തെ ആവശ്യമായ തുറമുഖ നിർമ്മാണം നിർത്തിവച്ച് പഠനം നടത്തണമെന്ന നിർദ്ദേശം സ്വീകരിക്കാൻ വളരെ പ്രയാസമുണ്ട്. നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ, തുറമുഖ നിർമ്മാണത്തിലെ കാലതാമസം സംബന്ധിച്ച പ്രശ്നം ബഹുമാനപ്പെട്ട സുപ്രീം കോടതി ജഡ്ജിമാരുടെ ആർബിട്രേഷൻ ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. ഇതിനുമുമ്പ് 2020 സെപ്റ്റംബർ 30 മുതൽ 33 ദിവസം കോട്ടപ്പുറം ഇടവകയുടെ നേതൃത്വത്തിൽ

നിർമ്മാണ പ്രവൃത്തികൾ തടഞ്ഞുകൊണ്ട് സമരം നടത്തുകയുണ്ടായി. പ്രദേശവാസികളെന്ന നിലയിൽ അവർ ഉന്നയിച്ചതിൽ അടിയന്തരമായി പരിഹരിക്കേണ്ടതും അല്ലാത്തതുമായ പ്രശ്നങ്ങളുടെ പട്ടിക തയ്യാറാക്കി സർക്കാർ പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അതിരൂപത ഇപ്പോൾ ഉന്നയിക്കുന്ന പല പ്രശ്നങ്ങളും മന്ത്രിതല കമ്മിറ്റി പരിശോധിച്ചിരുന്നു. ഇതിലെ പല ആവശ്യങ്ങളും സംസ്ഥാനത്തെ മുഴുവൻ തീരപ്രദേശത്തിനും ബാധകമായ പൊതുപ്രശ്നങ്ങളാണ്. കാലാവസ്ഥാ വ്യതിയാനംമൂലം ലോകം മുഴുവൻ തീരശോഷണവും കടൽക്ഷോഭവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. അറബിക്കടലിന്റെ പടിഞ്ഞാറൻ തീരത്തുള്ള കേരള തീരവും ഈ ആക്രമണത്തിൽനിന്നും ഒട്ടും മുക്തമല്ല. കഠിനമായ കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങളാണ് കേരളവും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ ഒപ്പുവച്ച കരാർ പ്രകാരമാണ് യഥാർത്ഥത്തിൽ ഇപ്പോഴത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. സമഗ്രവും ശാസ്ത്രീയവുമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ യു.പി.എ. സർക്കാർ ഈ പ്രോജക്ടിന് പാരിസ്ഥിതികാനുമതി നൽകിയത്. വിഴിഞ്ഞത്തിന്റെ പ്രത്യേകമായ ആകൃതിയും ഘടനയുംമൂലം സമീപ പ്രദേശങ്ങളിൽ വലിയ തോതിൽ തീരശോഷണമുണ്ടാകില്ലെന്നാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി കണ്ടെത്തിയിരിക്കുന്നത്. എന്നിരുന്നാലും ഈ പാരിസ്ഥിതികാനുമതിക്ക് എതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിക്കും ദേശീയ ഹരിത ട്രിബ്യൂണലിനും പരാതികൾ ലഭിച്ചു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം ദേശീയ ഹരിത ട്രിബ്യൂണലിന്റെ പ്രിൻസിപ്പൽ ബഞ്ച് ഈ കേസുകളെല്ലാം കേൾക്കുകയും വിശദമായി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന കക്ഷികളുടെ അപേക്ഷ പരിഗണിച്ച് രണ്ട് വിദഗ്ദ്ധ സമിതികൾക്ക് ദേശീയ ഹരിത ട്രിബ്യൂണൽ രൂപം നൽകിയിരുന്നു. രാജ്യത്തെ പ്രധാന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളിലെ മുതിർന്ന ശാസ്ത്രജ്ഞരാണ് ഇതിൽ അംഗങ്ങളായിട്ടുള്ളത്. അവർ ആറ് മാസത്തിലൊരിക്കൽ യോഗം ചേരുകയും സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്. ഇവയെല്ലാം നടപ്പാക്കുന്നതിന് വിഴിഞ്ഞം തുറമുഖ കമ്പനി ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ നിശ്ചയിച്ച സമിതികളുടെ റിപ്പോർട്ടുപ്രകാരം വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം കാര്യമായ തീരശോഷണം ഉണ്ടായിട്ടില്ലെന്നാണ് കാണിക്കുന്നത്. എന്നാൽ അറബിക്കടലിന്റെ പടിഞ്ഞാറൻ തീരക്കടൽ പ്രദേശമായ കേരളത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഒട്ടേറെ ചുഴലിക്കാറ്റുകളും തീരശോഷണവും സംഭവിക്കുന്നുണ്ട്. ഇത് ലോകമാകമാനമുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാണ്. ഇതിനെ വളരെ

ശാസ്ത്രീയമായി പരിഹരിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ പനത്തുറ മുതൽ വേളി വരെയുള്ള മത്സ്യഗ്രാമങ്ങളിൽ വേലിയേറ്റ പരിധിക്കുള്ളിൽ താമസിക്കുന്ന 1615 കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ഘട്ടംഘട്ടമായി പുനരധിവസിപ്പിക്കാനാണ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ഭാവിതലമുറയുടെ ക്ഷേമം മുന്നിൽ കണ്ടാണ് ഈ പ്രോജക്ടുമായി മുന്നോട്ടുപോകാൻ സർക്കാർ തീരുമാനിച്ചത്. ഈ പ്രോജക്ട് നടപ്പാക്കിയാൽ രാജ്യത്തെ കണ്ടെയ്നർ ബിസ്സിനസ്സിന്റെ കേന്ദ്രമായി കേരളം മാറുമെന്നാണ് കണക്കാക്കുന്നത്. ഇതിലൂടെയുണ്ടാകാൻ പോകുന്ന സാമ്പത്തിക രംഗത്തെ വൻവികസനമാണ് പ്രോജക്ടിന്റെ മുഖ്യ ആകർഷണം. ഇത് തുറമുഖ രംഗത്ത് മാത്രമല്ല ടൂറിസം, വ്യവസായം, വാണിജ്യം, ഗതാഗതം തുടങ്ങിയ രംഗങ്ങളിലും വലിയ മാറ്റം കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കരാർപ്രകാരം നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അന്തരീക്ഷവും ആവശ്യമായ അനുമതികളും നൽകേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഈ രംഗത്തുള്ള ഏത് പിൻവാങ്ങലും ആർബിട്രേഷന്റെ പരിധിയിൽ വരുന്നതും നഷ്ടം കണക്കാക്കാൻ യോഗ്യതയുള്ളതുമാണ്. അതുകൊണ്ട് തുറമുഖ നിർമ്മാണം നിർത്തിവയ്ക്കുന്നത് സംസ്ഥാനത്തിന് കടുത്ത സാമ്പത്തിക ബാദ്ധ്യത വരുത്താനിടയുണ്ട്. മാത്രമല്ല, തുറമുഖ നിർമ്മാണം നിർത്തിവച്ചാൽ സംസ്ഥാനത്തിന്റെ വാണിജ്യ-വ്യവസായ രംഗത്തെ പ്രതിച്ഛായയ്ക്കും വലിയ തരത്തിലുള്ള കോട്ടം സംഭവിക്കും. തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതോടെ അനുബന്ധ വ്യവസായങ്ങൾക്ക് വലിയ സാധ്യതയാണ് കാണുന്നത്. ഗൾഫ് നാടുകളിൽ പഴയതുപോലെ അവസരങ്ങളില്ലാത്ത സാഹചര്യത്തിൽ നമ്മുടെ നാട്ടിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ നാം ഒട്ടും അമാന്തിച്ചുകൂടാ. ഇത് അവസാനത്തെ അവസരമാണെന്ന് പറഞ്ഞുകൊണ്ടാണ് അന്നത്തെ ഭരണകക്ഷിയായ ഇപ്പോഴത്തെ പ്രതിപക്ഷം ഈ പ്രോജക്ട് ഏറ്റെടുത്തത്. ഈ സാഹചര്യത്തിൽ നിർമ്മാണം നിർത്തിവച്ചാൽ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഗണ്യമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഈ പ്രോജക്ട് എത്രയുംവേഗം പൂർത്തിയാക്കി കടലോരത്ത് കഷ്ടപ്പെടുന്ന യുവാക്കളെ പുതിയ തൊഴിലവസരങ്ങളിലേയ്ക്ക് എത്തിക്കാനാണ് നാം ശ്രമിക്കേണ്ടത്. അതിന് മുതൽമുടക്ക് നടത്താൻ തയ്യാറാണെന്ന് കൺസെഷൻ കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറന്നുനൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താൻ മറ്റ് വാണിജ്യ-വ്യവസായ രംഗങ്ങളിലെ സംരംഭകരും തയ്യാറാകുമെന്നാണ് കരുതുന്നത്. അതുകൊണ്ട് തുറമുഖ നിർമ്മാണം നിർത്തിവയ്ക്കുന്നത് സംസ്ഥാനത്തിന്റെ വളർച്ചയെ പിന്നോട്ടടിക്കും. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ എം. വിൻസെന്റ് ഇവിടെ ഉന്നയിച്ച ചില കാര്യങ്ങൾക്ക് മാത്രമാണ് ഞാൻ മറുപടി പറയുന്നത്. തിരുവനന്തപുരം ജില്ലയിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട് സ്കൂളുകളിലും ഗോഡൗണുകളിലുമായി താമസിക്കുന്ന 159 കുടുംബങ്ങൾക്ക് വലിയതുറ ഗ്രൗണ്ടിൽ ഫ്ലാറ്റ് നിർമ്മിക്കാൻ ഭരണാനുമതി നൽകിയിരുന്നു. പക്ഷേ പ്രാദേശികമായ ചില പ്രശ്നങ്ങൾ കാരണം നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. ഫ്ലാറ്റ് നിർമ്മിക്കുന്നതുവരെ വീട് നഷ്ടപ്പെട്ടവർക്ക് വാടക നൽകി പുനരധിവസിപ്പിക്കുന്ന കാര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വാടക നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വീട് നിർമ്മിക്കുന്നതിന് നേരത്തെ സൂചിപ്പിച്ച സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അവിടെ അടിയന്തരമായും പുനരധിവാസത്തിന്റെ ഭാഗമായുള്ള വീടുകൾ നിർമ്മിക്കാവുന്നതാണ്. മറ്റൊന്ന്, അദ്ദേഹം പുനർഗേഹം പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. കടലിനോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണത്. കാലാവസ്ഥാ വ്യതിയാനത്തിന്റെയോ സി.ആർ.ഇസഡ്. നിയന്ത്രണത്തിന്റെയോ ഭാഗമായി പുനരധിവസിപ്പിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി 2,450 കോടി രൂപയുടെ പദ്ധതിക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. തീരദേശത്തെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതുപ്രകാരം 276 വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുമുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, കാരോട്, ബീമാപള്ളി, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, മലപ്പുറം ജില്ലയിലെ പൊന്നാനി, നിറമരുതൂർ, കാസർഗോഡ് ജില്ലയിലെ കോയിപ്പാടി എന്നിവിടങ്ങളിലെല്ലാം ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ബഹുമാനപ്പെട്ട അംഗം മണ്ണെണ്ണയുടെ പ്രശ്നം ഉന്നയിക്കുകയുണ്ടായി. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം 36000 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ 90 ശതമാനവും മണ്ണെണ്ണയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ കേന്ദ്രസർക്കാർ അനുവദിക്കുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. പ്രതിവർഷം ഒരു ലക്ഷം കിലോലിറ്റർ മണ്ണെണ്ണയാണ് ആവശ്യമായിവരുന്നത്. ഇതിൽ 25000 കിലോലിറ്ററിന് താഴെമാത്രമാണ് കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നത്. കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് ഇത് മതിയാകുന്നില്ല. മത്സ്യഫെഡ് മുഖേന വാങ്ങുന്ന മണ്ണെണ്ണയ്ക്കുള്ള സബ്സിഡി ഡി.ബി.റ്റി. (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) ആയി

യഥാസമയം മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ നൽകിവരുന്നു. മണ്ണെണ്ണയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് മത്സ്യത്തൊഴിലാളികളെ ഗൗരവമായി ബാധിക്കുന്ന പ്രശ്നമാണ്. അതിന് പരിഹാരം കണ്ടെത്തുന്നതിനായി മുഴുവൻ മത്സ്യത്തൊഴിലാളി സംഘടനകളെയും വിളിച്ച് ചർച്ച ചെയ്യുന്നതിന് ഫിഷറീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുമായി ഫിഷറീസ് വകുപ്പുമന്ത്രി ചർച്ച നടത്തിയതിന്റെ ഭാഗമായി ചില കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരിസ്ഥിതി ആഘാതം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി വലിയ തോതിൽ തീരശോഷണം വരുന്നുവെന്നുള്ളതാണ് മറ്റൊരു ആരോപണം. പാരിസ്ഥിതികാഘാത പഠനത്തിൽ അപാകതയുണ്ടെന്നും തീരശോഷണത്തിന് ഇടയുണ്ടെന്നും ആരോപിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും ദേശീയ ഹരിത ട്രിബ്യൂണലിലും നേരത്തെ സമർപ്പിച്ചിരുന്ന ഹർജികളെല്ലാം നിരസിക്കപ്പെട്ടതാണ്. ഒരു വിധത്തിലുള്ള തീരശോഷണത്തിനും തുറമുഖ നിർമ്മാണം കാരണമാകുന്നില്ലെന്ന് കേന്ദ്ര പരിസ്ഥിതി വകുപ്പിന് കീഴിലുള്ള വിദഗ്ദ്ധ സമിതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുറമുഖ നിർമ്മാണത്തിന് 2014-ൽ കേന്ദ്രസർക്കാർ അനുമതി നൽകിയത്. ദേശീയ ഹരിത ട്രിബ്യൂണൽ രൂപീകരിച്ച രണ്ട് വിദഗ്ദ്ധ സമിതികൾ എല്ലാ ആറ് മാസം കൂടുമ്പോഴും ഇക്കാര്യങ്ങൾ വിലയിരുത്തി ട്രിബ്യൂണലിന് റിപ്പോർട്ട് നൽകുന്നുണ്ട്. 2016-ൽ പുലിമുട്ട് നിർമ്മാണം ആരംഭിക്കുന്നതിനുമുമ്പുതന്നെ ഇന്ത്യൻ മഹാസമുദ്രത്തിൽ രൂപമെടുത്തതും നമ്മുടെ തീരത്ത് വന്നെത്തിയതുമായ ചുഴലിക്കാറ്റുകൾ, ന്യൂനമർദ്ദം എന്നിവയാണ് തീരശോഷണത്തിന് പ്രധാന കാരണമെന്ന് വ്യക്തമായിട്ടുണ്ട്. തുറമുഖ നിർമ്മാണം ആരംഭിച്ചശേഷം പ്രദേശത്തിന്റെ അഞ്ച് കിലോമീറ്റർ ദൂരപരിധിയിൽ യാതൊരു തീരശോഷണവും സംഭവിച്ചിട്ടില്ല. വലിയതുറ, ശംഖുംമുഖം എന്നിവിടങ്ങളിലെ തീരശോഷണത്തിന് കാരണം തുറമുഖ നിർമ്മാണമാണെന്ന് പറയാൻ സാധിക്കാത്ത നിലയായി. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്ന 5,300 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്. ഇതിൽ 1,500 കോടി രൂപയുടെ പദ്ധതികൾ ആദ്യഘട്ടമായി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിക്കുകയും തീരപ്രദേശത്തെ പത്ത് പ്രദേശങ്ങൾ ഹോട്ട് സ്പോട്ടുകളായി തെരഞ്ഞെടുക്കുകയും ചെയ്തു. കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനത്ത് കടൽഭിത്തി നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. ഇപ്പോൾ നടക്കുന്ന സമരം പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ മാത്രമായി പങ്കെടുക്കുന്നതാണെന്ന് പറയാൻ സാധിക്കില്ല. ചിലയിടങ്ങളിൽ മുൻകൂട്ടി തയ്യാറാക്കിയ രീതിയിലുള്ള സമരമെന്ന നിലയ്ക്കാണ് കാണാൻ സാധിക്കുന്നത്.

മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ സംസ്ഥാനം നേരിടുന്ന ഗൗരവമായ പ്രശ്നമെന്ന ബോദ്ധ്യത്തിൽത്തന്നെയാണ് സർക്കാർ നിലകൊള്ളുന്നത്. അവ പരിഹരിക്കുന്നതിന് എല്ലാ ഘട്ടത്തിലും സജീവമായ ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. ഓഖിയുടെ പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. സംസ്ഥാനത്തെ ഓഖി ദുരിതബാധിതർക്ക് ഏറ്റവുമധികം ധനസഹായം നൽകിയ സർക്കാരാണിത്. അന്ന് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപയാണ് നൽകിയത്. ഇതിനുപുറമേ കേന്ദ്ര വിഹിതമായി ലഭിച്ച രണ്ട് ലക്ഷം രൂപയും നൽകുകയുണ്ടായി. ഓഖിയുടെ പശ്ചാത്തലത്തിൽ ഇത്തരം അപകടങ്ങൾ മുൻകൂട്ടി മനസ്സിലാക്കി മത്സ്യത്തൊഴിലാളികൾക്ക് സന്ദേശങ്ങൾ എത്തിക്കുന്നതിനും ആവശ്യമായ യാനങ്ങളും ജീവൻരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുമായി ഏകോപിതമായ പ്രവർത്തനങ്ങൾക്കാവശ്യമായ സജ്ജീകരണങ്ങൾ ആ മേഖലയിൽ നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഖി ദുരന്തത്തിന്റെ ഘട്ടത്തിൽ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ച മുഴുവൻ തുകയും ആ മേഖലയുടെ ഉന്നമനത്തിനുവേണ്ടിയാണ് സർക്കാർ ചെലവഴിച്ചത്. അദ്ദേഹം പട്ടയങ്ങളുടെ പ്രശ്നത്തെക്കുറിച്ച് പറയുകയുണ്ടായി. തീരദേശത്തുള്ളവരുടെ സ്ഥലങ്ങളിൽ ഭൂരിഭാഗവും സി.ആർ.ഇസഡ്. പരിധിയിലാണ് വരുന്നത്. കേന്ദ്ര നിയമമനുസരിച്ച് ഇപ്പോൾ അതിന് പട്ടയം നൽകുന്നതിന് പ്രയാസമുണ്ട്. ഈ പ്രശ്നം കേന്ദ്ര സർക്കാരിന്റെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ പെഡസ്റ്റൽ സർവ്വേകൂടി നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കണമെന്നാണ് സർക്കാരും ആഗ്രഹിക്കുന്നത്. അതിനാവശ്യമായ എല്ലാ ശ്രമവും നടത്തി പരിഹാരം കാണുമെന്നാണ് പറയാനുള്ളത്. ഇൻഷ്വറൻസ് പരിരക്ഷയുടെ കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ഇൻഷ്വറൻസ് പരിരക്ഷ അഞ്ച് ലക്ഷം രൂപയിൽനിന്ന് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് അദ്ദേഹം ഓർക്കുന്നുണ്ടാകും. മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യവില്പന തൊഴിലാളികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനാണ് 'സമുദ്ര' ബസ് സർവ്വീസ് ആരംഭിച്ചത്. അതുപോലെ മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ സംബന്ധമായ പരിശീലനം നൽകുന്ന കാര്യം പറയുകയുണ്ടായി. തീരദേശ ജനതയുടെ സാക്ഷരതയുമായി ബന്ധപ്പെട്ട കാര്യത്തിൽ 'അക്ഷര സാഗരം' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം ഏറ്റവും ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. അവഗണിക്കത്തക്ക പ്രശ്നമായിട്ടല്ല സർക്കാർ അതിനെ കണ്ടിട്ടുള്ളത്. അതിന്റെ

പരിഹാരത്തിനായി എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ഏതുതരത്തിലും മത്സ്യത്തൊഴിലാളികളോടൊപ്പം നിൽക്കുകയെന്നതാണ് സർക്കാരിന്റെ നിലപാട്. അക്കാര്യത്തിൽ ഒരു ശങ്കയും വേണ്ട. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനായി നടപ്പാക്കിവരുന്ന ബൃഹത് പദ്ധതികളെക്കുറിച്ച് സംസ്ഥാന സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. പക്ഷേ പദ്ധതികൾ നടപ്പാക്കുമ്പോൾ സ്വാഭാവികമായി ചില ആശങ്കകൾ ഉയരുമെന്നത് നാം കാണേണ്ടതുണ്ട്. അതിന് ആക്കംകൂട്ടാനും ഭീതിയുടെ അന്തരീക്ഷം സൃഷ്ടിക്കാനും ശ്രമിക്കരുത്. പദ്ധതികൾ നടപ്പാക്കേണ്ടതില്ലെന്നും നാടിന്റെ സമ്പദ്ഘടന സ്തംഭനാവസ്ഥയിൽ നിൽക്കട്ടെ എന്നതരത്തിലുമുള്ള സമീപനം, വികസന വിരുദ്ധം മാത്രമല്ല ജനവിരുദ്ധം കൂടിയാണ്. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്ക് ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ചർച്ചകളിലൂടെ രമ്യമായി പരിഹരിച്ചു പോകാനാണ് സർക്കാർ താല്പര്യപ്പെടുന്നത്. ആ ശ്രമം സർക്കാർ തുടർന്നും നടത്തുകതന്നെ ചെയ്യും. അതിന് പിന്തുണ നൽകുന്നതിന് പകരം തുരങ്കം വയ്ക്കുന്ന സമീപനം സ്വീകരിക്കുന്നത് ഭാവി തലമുറയോട് കാണിക്കുന്ന അനീതിയാണെന്ന് ഓർക്കണം. വിഴിഞ്ഞം തുറമുഖ പദ്ധതിപോലെ, ഒരു പശ്ചാത്തല സൗകര്യ പദ്ധതി ഇച്ഛാശക്തിയോടെ നടപ്പാക്കുമ്പോൾ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സമ്പദ്ഘടനയ്ക്കുണ്ടാകുന്ന ഉത്തേജനം, അതുവഴി ആകെ സാമ്പത്തിക മേഖലയിലെ ദ്രുതഗതിയിലുള്ള വളർച്ച എന്നിവയാണ് യാഥാർത്ഥ്യമാകുന്നതെന്ന് നാം കാണണം. അത് ചെറിയ ഫലമല്ല സൃഷ്ടിക്കുന്നത്. അനുബന്ധ വികസനവും ജനജീവിതത്തിലുണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങളും വലുതായിരിക്കും. വിഴിഞ്ഞം പദ്ധതി ഒരു യാഥാർത്ഥ്യമാണ്, അത് നല്ല രീതിയിൽ പുരോഗമിച്ചുവരികയാണ്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നത് മാത്രമാണ് പ്രശ്നം. ഇത്രയുമെത്താൻ നാട് വലിയ സംഭാവന നൽകിയിട്ടുണ്ടെന്ന് നാം ഓർക്കണം. പശ്ചാത്തല സൗകര്യ വികസന പദ്ധതികളെ സങ്കുചിത വീക്ഷണത്തോടെയല്ല ഞങ്ങൾ കാണുന്നത്. നാടിന്റെ വികസനത്തെപ്പറ്റിയുള്ള ഞങ്ങളുടെ കാഴ്ചപ്പാടിന്റെ ഭാഗമാണിത്. അതിനാൽ വിഴിഞ്ഞം പദ്ധതി ഒരു തരത്തിലും നടപ്പാക്കേണ്ടതില്ലെന്ന സമീപനം ഈ ഘട്ടത്തിൽ അംഗീകരിക്കാനാവില്ല; അത് ഈ സമൂഹത്തിനും അംഗീകരിക്കാനാവില്ല. ഇത്തരം പദ്ധതികളുടെ ഭാഗമായി പ്രശ്നങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. അവയോട് എന്ത് സമീപനം സ്വീകരിക്കുന്നുവെന്നുള്ളതാണ് പ്രധാനം. സർക്കാരിന്റെ സമീപനം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ ആരുടെയും ജീവനോപാധിയും പാർപ്പിടവും നഷ്ടപ്പെടില്ലെന്നതിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. അതുകൊണ്ട് എന്ത് പ്രശ്നമായാലും ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാണ്; ആ ചർച്ചകൾ നടന്നു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ തവണ ചർച്ച

ചെയ്തു, ഇന്നും ചിലപ്പോൾ ചർച്ച ചെയ്യും, നാളെയും ആവശ്യമാണെങ്കിൽ ചർച്ച ചെയ്യും. അതിനൊരു അറച്ചുനിൽപ്പും സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവുമുദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുടെയും തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സവിശേഷത നിറഞ്ഞ അടിയന്തരപ്രമേയ നോട്ടീസായിരുന്നു ഇന്നത്തേത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും രണ്ട് മന്ത്രിമാരുമാണ് അതിന് മറുപടി നൽകിയത്. ഫിഷറീസ് വകുപ്പിന്റെ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്ത് മറുപടി പറയുന്നതുപോലെ സംസ്ഥാനത്തുടനീളമുള്ള കാര്യങ്ങളാണ് ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞത്. എന്നാൽ വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്താൻ ആരോ ശ്രമിക്കുന്നുവെന്ന അർത്ഥത്തിലാണ് ബഹുമാന്യനായ തുറമുഖ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. വിഴിഞ്ഞം പുനരധിവാസ പാക്കേജിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുനരധിവാസം, ജീവനോപാധി കണ്ടെത്തുന്നതിനുള്ള സഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കുന്നതിലുണ്ടായ വീഴ്ചയാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇവിടെ ധാരാളം പദ്ധതികൾ പ്രഖ്യാപിച്ചു. നഷ്ടപരിഹാര പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു പ്രോജക്ട് നടപ്പാക്കുമ്പോൾ നഷ്ടപരിഹാര പാക്കേജുണ്ടാകില്ലേ? വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് അത് കൊടുക്കും, തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ കൊടുക്കും. ആ പാക്കേജിനെക്കുറിച്ചാണ് മന്ത്രിമാർ വിവരിക്കുന്നത്. എന്തോ ഔദാര്യം കൊടുത്തുവെന്ന മട്ടിൽ നഷ്ടപരിഹാര പാക്കേജിനെക്കുറിച്ച് പറയുകയാണ്. ഞങ്ങൾ കൊണ്ടുവന്ന അടിയന്തരപ്രമേയ നോട്ടീസ് നഷ്ടപരിഹാര പാക്കേജിനെക്കുറിച്ചുള്ളതല്ല, വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതുമുതൽ അഞ്ച് വർഷത്തേയ്ക്കുണ്ടാകാവുന്ന പ്രത്യക്ഷവും പരോക്ഷവുമായ നഷ്ടങ്ങൾ നികത്താനുള്ള പുനരധിവാസ പാക്കേജിനെക്കുറിച്ചാണ്. അതിന് അന്നത്തെ ഗവൺമെന്റ് 475 കോടി രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചു. ഗവൺമെന്റ് എന്നുപറയുന്നത് തുടർച്ചയാണ്. ഗവൺമെന്റ് ഇതുസംബന്ധിച്ച് നിരന്തരമായ ചർച്ചകൾ നടത്തി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

രാത്രി പതിനൊന്നര മണിവരെയും പിറ്റേദിവസം രാവിലെ ആറര മണി മുതലും ചർച്ച ചെയ്യ അവസരമുണ്ടായിട്ടുണ്ട്. തുടർച്ചയായ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത നടത്തുന്ന സമരത്തിലുന്നയിക്കുന്ന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുവന്നത്. തുറമുഖ നിർമ്മാണവുമായി മുന്നോട്ട് പോകുമ്പോഴുണ്ടാകാവുന്ന ഗുരുതര പ്രശ്നങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ് അന്നത്തെ ഗവൺമെന്റ് അത് പരിഹരിക്കുന്നതിനായി പുനരധിവാസ പദ്ധതിക്ക് രൂപം നൽകിയത്. പനത്തുറ മുതൽ വലിയവേളി വരെയുള്ള 7876 വീടുകളിൽ 3000 വീടുകളെ ഈ പദ്ധതി ബാധിക്കുമെന്ന് അന്നുതന്നെ വിലയിരുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് സ്ഥലമേറ്റെടുക്കൽ, വീടുനിർമ്മാണം എന്നിവയ്ക്കുവേണ്ടി 350 കോടി രൂപയും ജീവിനോപാധി കണ്ടെത്താൻ 59 കോടി രൂപയും വിദ്യാഭ്യാസ കാര്യങ്ങൾക്കു വേണ്ടിയുള്ള തുകയും നീക്കിവച്ചത്. അതിന് ഗവൺമെന്റ് ഉത്തരവുമിറക്കി. പക്ഷേ ആ പാക്കേജിലെ ഒരു രൂപപോലും ചെലവാക്കിയിട്ടില്ലെന്നതാണ് ഇപ്പോഴത്തെ പ്രശ്നം. അല്ലാതെ നഷ്ടപരിഹാര പാക്കേജിനെക്കുറിച്ചല്ല. ചിപ്പി തൊഴിലാളികളുടെയും മറ്റും പുനരധിവാസത്തിന് പണം കൊടുത്തതൊക്കെ അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് പണം കൊടുക്കാതിരിക്കാൻ കഴിയുമോ? അത് വേറെ പാക്കേജാണ്. പുനരധിവാസ പാക്കേജ് നടപ്പാക്കാത്തത് സംബന്ധിച്ചാണ് ഞങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതുകൊണ്ടല്ല പ്രശ്നം. വളരെ വേഗതയിൽ വിജയകരമായാണ് തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം നടക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കരാർപ്രകാരം 2015-ൽ ആരംഭിച്ച പദ്ധതി 2019 ഡിസംബറിൽ നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. പൂർത്തിയാക്കി യില്ലെങ്കിൽ കമ്പനി അന്നുമുതൽ സർക്കാരിന് പെനാൽറ്റി നൽകേണ്ടതാണ്. അതിന് കഴിയാതെവന്നപ്പോൾ 2022 ജൂൺ മാസം കമ്പനി പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ അവതരിപ്പിച്ചു. ഈ വിഷയം ഞങ്ങൾ സഭയിൽ കൊണ്ടുവന്നിരുന്നു. തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2024 ഡിസംബറിൽ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുവെന്നാണ് അവർ പറയുന്നത്. അതെങ്ങനെയാണ് സ്പീഡിൽ നടക്കുന്ന പദ്ധതിയാകുന്നത്? 2019-ൽ പൂർത്തിയാകേണ്ട പദ്ധതി അഞ്ചുകൊല്ലം വൈകി 2024-ൽ പൂർത്തിയാകുമെന്ന് പറയുമ്പോൾ, പദ്ധതി വളരെ വേഗത്തിലാണ് നടക്കുന്നതെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ അവകാശവാദം ആശ്ചര്യമുണ്ടാക്കുന്നു. തുറമുഖത്തിനായി ആകെ 3100 മീറ്റർ പുലിമുട്ടാണ് നിർമ്മിക്കേണ്ടത്. അതിൽ 1800 മീറ്റർ മാത്രമേ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. മാത്രമല്ല, പദ്ധതിക്കാവശ്യമായ പാറയുടെ 46 ശതമാനം സംഭരിക്കാൻ മാത്രമേ

കമ്പനിക്ക് ഇതുവരെ കഴിഞ്ഞിട്ടുള്ളൂ. അത് ഒച്ചിഴയുന്ന വേഗതയിലാണ് പോകുന്നത്. തുറമുഖ നിർമ്മാണത്തിന് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച കാര്യം പറഞ്ഞു. ഈ തുറമുഖ നിർമ്മാണ കമ്പനി ആരുടേതാണ്? അദാനി ഗ്രൂപ്പിന്റെയാണ്. അദാനിക്കെതിരായി ഏതെങ്കിലുമൊരു റിപ്പോർട്ട് പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭിക്കുമോ? വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂന്നിലൊന്ന് പൂർത്തിയായപ്പോൾ 600 മീറ്റർ കടൽത്തീരം നഷ്ടപ്പെട്ടു. ശംഖുംമുഖം കണ്ടാൽ അറിയില്ലേ? കോവളത്തിന്റെയും ശംഖുംമുഖത്തിന്റെയും സ്ഥിതിയും പനത്തുറ മുതൽ തുമ്പ വരെയുണ്ടായിക്കൊണ്ടിരിക്കുന്ന തീരശോഷണവും വീടുകളുടെ തകർച്ചയും പരിശോധിച്ചാൽ ഈ വസ്തുത ബോധ്യമാകും.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അങ്ങ് വഴങ്ങുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പറഞ്ഞുകഴിഞ്ഞതിനുശേഷം വഴങ്ങാം. കഴിഞ്ഞ 5 വർഷംകൊണ്ട് വലിയതുറയിൽ മാത്രം 5 വരി വീടുകളാണ് നഷ്ടപ്പെട്ടത്. കൊച്ചുതോപ്പ്, തോപ്പ്, കണ്ണാന്തുറ, വെട്ടുകാട് തുടങ്ങി തുമ്പ വരെയുള്ള പ്രദേശങ്ങൾ ഈ നിർമ്മാണത്തിന്റെ പ്രത്യാഘാതങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം ഒരു തീരശോഷണവും ഉണ്ടായിട്ടില്ലെന്ന കൺക്ലൂഷനിലാണ് ഇപ്പോൾ കമ്പനിയും ഗവൺമെന്റു മെത്തിയിരിക്കുന്നത്. അതിൽ നിങ്ങൾ ഉറച്ചുനിൽക്കണം. ഇപ്പോഴുണ്ടായി ക്കൊണ്ടിരിക്കുന്ന തീരശോഷണം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാണെന്നാണ് സർക്കാരിന്റെ നിലപാട്. അദാനിയുടെയും സർക്കാരിന്റെയും നിലപാട് ഒന്നുതന്നെയാണ്. ....(ബഹളം)..... വിഴിഞ്ഞം തുറമുഖ നിർമ്മാണം പൂർത്തിയാകുന്നതുവരെ തീരശോഷണത്തിലൂടെ തീരപ്രദേശത്തെ മൂവായിരത്തോളം വീടുകൾ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന കൃത്യമായ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പുനരധിവാസ പാക്കേജിന് രൂപം നൽകിയത്. എന്നാൽ ഒരുതരത്തിലുമുള്ള തീരശോഷണ മുണ്ടാകില്ലെന്നാണ് സർക്കാർ പറയുന്നത്. തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ തീരശോഷണം നടക്കുന്നുണ്ടെങ്കിൽ അത് ആഗോളവ്യാപന കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗം മാത്രമാണെന്ന നിലപാടാണ് സർക്കാരിനുള്ളത്. ലത്തീൻ അതിരൂപതയുടെ സമരം മുൻകൂട്ടി ആസൂത്രണം ചെയ്ത സമരമാണെന്ന് പറഞ്ഞു. ഈ സമരമില്ലായിരുന്നുവെങ്കിൽ വലിയതുറയിലെ സിമന്റ് ഗോഡൗണിൽ കഴിയുന്ന പാവങ്ങളെ വാടക വീട്ടിലേയ്ക്ക് മാറ്റാമെന്ന് ഇന്ന് മുഖ്യമന്ത്രി മറുപടി പറയുമായിരുന്നോ? നാല് കൊല്ലമായി സിമന്റ് ഗോഡൗണിൽ കഴിയുന്ന പാവങ്ങൾക്ക് വാടക വീട് സംഘടിപ്പിച്ചുകൊടുക്കാൻ നിങ്ങൾക്കാർക്കും തോന്നിയില്ലല്ലോ? തിരുവനന്തപുരം ലത്തീൻ അതിരൂപത നടത്തിയ സമരം

കാരണമല്ലേ അവർക്ക് വാടക വീട് കൊടുക്കാമെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സഭയിൽ പറയേണ്ടിവന്നത്. മുട്ടത്തറയിലെ മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലമൊന്നും നിങ്ങളാരും ഇതുവരെ അന്വേഷിച്ചുപോയില്ലല്ലോ? സമരം നടത്തുന്നതുകൊണ്ടുമാത്രമല്ലേ മൃഗസംരക്ഷണ വകുപ്പിന്റെ മുട്ടത്തറയിലെ എട്ട് ഏക്കർ സ്ഥലത്തെക്കുറിച്ച് ആലോചിക്കാമെന്നെങ്കിലും നിങ്ങൾക്ക് പറയേണ്ട സ്ഥിതിവന്നത്. ഞങ്ങൾ നാല് വർഷമായി ഇത് പറഞ്ഞപ്പോൾ നിങ്ങൾ പരിഹസിച്ചു. വലിയതുറയിൽ നിങ്ങൾ പോയി കാണണം. സഹിക്കാൻ കഴിയില്ല. .....(ബഹളം)....

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, വഴങ്ങുമോ? (….മൈക്ക് ഓഫ്.......)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല. അദ്ദേഹം മന്ത്രിയാണ്. I am on my legs. No, you have no right. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. നിങ്ങൾ രണ്ടുകൂട്ടരും ഇരിക്കു. ....(ബഹളം).....

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു മന്ത്രി എഴുന്നേറ്റുനിന്ന് പ്രസംഗം തടസ്സപ്പെടുത്തുന്നത് ശരിയായ കാര്യമല്ല. .....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്...... ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കു. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രിയും മറ്റ് രണ്ട് മന്ത്രിമാരും സംസാരിച്ചപ്പോൾ ഇവിടെയാരും ബഹളമുണ്ടാക്കിയില്ല. അവർ കൂടുതൽ സമയമെടുത്തിട്ടും ഞങ്ങൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ....(ബഹളം)....

ശ്രീ. സജി ചെറിയാൻ: സർ, പോയിന്റ് ഓഫ് ഓർഡർ...........

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗത്തിന്റെ സമയത്ത് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ കഴിയില്ല. പ്രസംഗം തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. പാവപ്പെട്ടവരുടെ സങ്കടങ്ങളെ സഭയിൽ പറയാൻ സമ്മതിക്കാതെ മന്ത്രിമാരുൾപ്പെടെയുള്ളവർ മനഃപൂർവ്വം പ്രസംഗം തടസ്സപ്പെടുത്തുകയാണ്. പാവപ്പെട്ടവന്റെ സങ്കടമാണ് പറയുന്നത്; ഇവിടെയല്ലാതെ വേറെ എവിടെപ്പോയി പറയും? നിങ്ങളെപ്പോലുള്ള മന്ത്രിമാർ ഈ ജില്ലയിലുള്ളതുകൊണ്ടാണ് ആ പാവങ്ങൾ ഇപ്പോഴും സിമന്റ് ഗോഡൗണിൽകിടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... പ്ലീസ്...... പ്രതിപക്ഷനേതാവ് പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. ഇത് വാക്കൗട്ട് പ്രസംഗമാണ്; പ്ലീസ്.... ഇരിക്കൂ.... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, പറയാനുള്ളത് പറഞ്ഞതിനുശേഷമേ ഞാൻ പോകുകയുള്ളൂ. എന്നെ തടസ്സപ്പെടുത്താൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... പ്ലീസ്...... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. രണ്ടുകൂട്ടരും ഇങ്ങനെ സംസാരിച്ചാൽ സമയക്രമം പാലിക്കാൻ കഴിയാതെവരും. അതുകൊണ്ട് അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. ....(ബഹളം)..... ഞാൻ രണ്ട് പക്ഷത്തുമുള്ളവരോടാണ് പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ആര് തടസ്സപ്പെടുത്തിയാലും പറയാനുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞിട്ടേ പോകൂ. ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം, വലിയതുറയിൽ പോയി കണ്ടാൽ സഹിക്കില്ല. ദിവസങ്ങൾ മാത്രം പ്രായമുള്ള കുട്ടികൾ, തളർന്നുകിടക്കുന്ന ആളുകൾ, ഈച്ച പൊതിഞ്ഞിരിക്കുന്ന കുഞ്ഞുങ്ങൾ, ഭക്ഷണമുണ്ടാക്കുന്ന സ്ഥലത്തും ഈച്ചയാണ്. ഇത്രയും പരിതാപകരമായ അവസ്ഥയിലാണ് അവർ ജീവിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, നേരത്തെ അങ്ങ് പറഞ്ഞ ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ബഹളമായതിനാൽ ചോദിക്കാതിരുന്നതാണ്. അദാനിയുടെ പദ്ധതിയായതുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്നതിന് പ്രയാസമില്ലെന്ന് അങ്ങ് പറഞ്ഞു. വിഴിഞ്ഞം പദ്ധതിയുടെ എൻവയോൺമെന്റൽ ആൻഡ് സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് (ഇ.എസ്.ഐ.എ.)-ന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചത് ശ്രീ. ജയറാം രമേശ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിയായിരുന്നപ്പോഴാണ്. അതിനെ തുടർന്നാണ് പദ്ധതിയുടെ സാമൂഹിക പാരിസ്ഥിതികാഘാത പഠനം നടന്നത്. 2011 ജൂൺ 13-ന് ശ്രീ. ജയറാം രമേശ് സൈറ്റ് അപ്രൈസൽ നടത്തി. തുടർന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ടി.ഒ.ആർ. അംഗീകരിക്കുകയും ചെയ്തു. 2013-ൽ ഡ്രാഫ്റ്റ് Environment and Social Impact Assessment (ഇ.എസ്.ഐ.എ.) റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോൾ കേരളത്തിലും കേന്ദ്രത്തിലും കോൺഗ്രസിന്റെ ഗവൺമെന്റായിരുന്നു ഭരിച്ചിരുന്നത്. 2013 ജൂൺ 29-ന് പദ്ധതി മേഖലയിൽ പബ്ലിക് ഹിയറിംഗ് നടത്തിയപ്പോഴും ആഗസ്റ്റ് 24-ന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി വിഴിഞ്ഞം പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയപ്പോഴും കേന്ദ്രവും കേരളവും ഭരിച്ചിരുന്നത് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റായിരുന്നു. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ

എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയിൽ എൻവയോൺമെന്റൽ ക്ലിയറൻസിനുള്ള പാരിസ്ഥിതികാനുമതിക്കുള്ള നടപടികൾ ആരംഭിച്ചത് 2013 സെപ്റ്റംബർ 19, 20 ദിവസങ്ങളിൽ നടന്ന 120-ാമത് മീറ്റിംഗിലും 2013 നവംബർ 20 മുതൽ 23 വരെ നടന്ന 128-ാമത്തെ മീറ്റിംഗിലുമാണ്. അപ്പോഴും കോൺഗ്രസാണ് കേന്ദ്രം ഭരിച്ചിരുന്നത്. തുടർന്ന് 2014 ജനുവരി 3-ന് വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചപ്പോഴും കേന്ദ്രവും കേരളവും കോൺഗ്രസ്സ് തന്നെയാണ് ഭരിച്ചിരുന്നത്. അങ്ങയെ ഓർമ്മിപ്പിക്കാൻ പറഞ്ഞുവെന്നേയുള്ളൂ. ബി.ജെ.പി.-യെ കുറ്റപ്പെടുത്തുന്നതിന് ഞാൻ എതിരല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് കൺഫ്യൂഷനൊന്നുമുണ്ടാക്കേണ്ട; ഞാൻ പറഞ്ഞത് വളരെ കൃത്യമാണ്. ഇത് 2015-ൽ തുടങ്ങിയതാണെന്നും ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതിയാണെന്നും പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ലല്ലോ? 2014-ൽ കേന്ദ്രാനുമതികളെല്ലാം വാങ്ങിയാണ് 2015-ൽ ഈ പദ്ധതി തുടങ്ങിയത്. അതിനെക്കുറിച്ച് എനിക്ക് തർക്കമില്ല. പദ്ധതി തുടങ്ങിക്കഴിഞ്ഞതിനുശേഷമാണ് പ്രശ്നങ്ങളുണ്ടായത്. പുലിമുട്ട് നിർമ്മിക്കുമ്പോൾ തീരശോഷണം ഉൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്ന പരാതി പരിഹരിക്കുന്നതിനാണ് പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചത്. 7860 വീടുകളിൽ 3000 വീടുകൾ തീരശോഷണത്തിലൂടെ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയാണ് അന്ന് 475 കോടി രൂപയുടെ പാക്കേജ് രൂപീകരിച്ച് സ്ഥലമേറ്റെടുക്കാനും വീട് നിർമ്മാണത്തിനുമായി 350 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചത്. ബഹുമാനപ്പെട്ട മന്ത്രിമാർ പരാമർശിച്ച നഷ്ടപരിഹാര പാക്കേജല്ല, പുനരധിവാസ പാക്കേജാണ് പ്രഖ്യാപിച്ചത്. രണ്ട് പാക്കേജുകളുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ കൊടുക്കുന്ന നഷ്ടപരിഹാര പാക്കേജും പുനരധിവാസ പാക്കേജും വ്യത്യസ്തമാണ്. പദ്ധതി തുടങ്ങുമ്പോഴുണ്ടാകുന്ന തീരശോഷണംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാണ് പുനരധിവാസ പാക്കേജ് രൂപീകരിച്ചത്. എന്നാൽ തീരശോഷണമുണ്ടായില്ലെന്ന് സർക്കാരും പരിസ്ഥിതി മന്ത്രാലയവും പറയുന്നു. തിരുവനന്തപുരം ജില്ലയെ അറിയാവുന്ന ആർക്കാണ് അത് മനസ്സിലാകാത്തത്. പുലിമുട്ട് നിർമ്മാണം നടക്കുന്ന വിഴിഞ്ഞം തുറമുഖത്ത് മാത്രമല്ല ശംഖുംമുഖം അടക്കമുള്ള പ്രദേശങ്ങളിൽ അതിന്റെ ആഘാതങ്ങളുണ്ടാകുന്നുണ്ട്. മുതലപ്പൊഴിയിൽ ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണുള്ളത്. തുറമുഖത്തിന്റെ മൂന്നിലൊന്ന് പ്രവൃത്തി പൂർത്തിയായപ്പോൾ 600 മീറ്റർ കടൽത്തീരം നഷ്ടപ്പെട്ടു. വലിയതുറയിൽ മാത്രം 5 വരി വീടുകൾ നഷ്ടപ്പെട്ടു. അവിടെ വീട് സ്ഥിതിചെയ്തിരുന്ന സ്ഥലം ഇപ്പോൾ കടലാണ്. പദ്ധതിയുടെ ഫലമായി വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്കുവേണ്ടി സർക്കാർ കൊണ്ടുവന്നതാണ് പുനരധിവാസ

പാക്കേജ്. എന്നാൽ ഒരു വികസന പദ്ധതിയുടെ ഇരകളായി പാവപ്പെട്ടവർ മാറുകയാണ്. അവരുടെ സംരക്ഷണ ചുമതല പൂർണ്ണമായി സർക്കാരിനാണെന്നാണ് സർക്കാർ ഉത്തരവിൽ പറയുന്നത്. വേളി-പനത്തുറയിൽ 500 വീടുകൾ തകർന്നു. തീരശോഷണമുണ്ടായാൽ, ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമതലയാണെന്ന് പറഞ്ഞാണ് പാക്കേജ് കൊണ്ടുവരുന്നത്. എന്നാൽ സർക്കാർ ആ പാക്കേജ് നടപ്പാക്കുന്നില്ലെന്നതാണ് ഞങ്ങളുടെ പരാതി. അത് നടപ്പാക്കണമെന്നാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത സമരത്തിലൂടെ ആവശ്യപ്പെടുന്നത്. അതിൽ ഒരു ആശയക്കുഴപ്പത്തിന്റെയും ആവശ്യമില്ല. തുറമുഖത്തിന്റെ കപ്പൽ ചാലുൾപ്പെടെ 3 കിലോമീറ്റർ വരുന്ന തീരപ്രദേശത്ത് കടലിനെ ആശ്രയിച്ച് കഴിയുന്നവരെയാണ് പുനരധിവാസ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. തമിഴ്നാട് കുറച്ചുദൂരം പുലിമുട്ട് നിർമ്മിച്ചിട്ടുള്ളത് ഞാൻ പോയി കണ്ടിരുന്നു. തമിഴ്നാട്-കേരള അതിർത്തിയിലെ പുലിമുട്ട് നിർമ്മാണത്തിന്റെ ഭാഗമായി കേരള അതിർത്തിയിലേയ്ക്ക് കടൽ കയറുകയാണ്. പുലിമുട്ട് ഇട്ടിരിക്കുന്നതിനാൽ കടൽ അവിടെ തീരുകയാണ്. അവിടത്തെ പ്രഷർ കൂടി പുലിമുട്ട് ഇല്ലാത്ത സ്ഥലത്തേയ്ക്ക് വരുന്നു. ഇതേ പ്രശ്നമാണ് ഇവിടെയുള്ളത്. വിഴിഞ്ഞം തുറമുഖത്ത് 1800 മീറ്റർ പുലിമുട്ട് നിർമ്മിച്ചപ്പോൾ പുലിമുട്ട് ഇല്ലാത്ത സ്ഥലത്തേയ്ക്ക് അതിന്റെ ഇംപാക്ടുണ്ടായി. തീരശോഷണം സംബന്ധിച്ച് പഠനം നടത്തുന്ന ആർക്കും അത് മനസ്സിലാകുന്ന കാര്യമാണ്. ഇപ്പോൾ ധാരാളം പഠനങ്ങൾ വന്നിട്ടുണ്ട്. വിഴിഞ്ഞം തുറമുഖനിർമ്മാണം കാരണമുണ്ടാകുന്ന തീരശോഷണത്തെക്കുറിച്ച് ഗവൺമെന്റ് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പഠനം നടത്തി പരിഹാരം കാണണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. നഷ്ടപരിഹാരവും പുനരധിവാസവും മാത്രമല്ല പ്രശ്നം. തിരുവനന്തപുരത്തെ തീരപ്രദേശം മുഴുവൻ കടലെടുത്ത് പോകുന്ന സാഹചര്യമുണ്ടാകാൻ പാടില്ല. അപകടകരമായ രീതിയിലാണ് തീരശോഷണം നടക്കുന്നത്. അതിന് ശാശ്വത പരിഹാരമുണ്ടാകണം. ഈ വിഷയമാണ് ഞങ്ങൾ മുന്നോട്ടുവച്ചത്. അതുപോലെ വലിയതുറയിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ കഴിയുന്നത് കണ്ടാൽ സഹിക്കില്ല. നാമൊക്കെ ജനപ്രതിനിധികളല്ലേ? അവിടെ പോയി കണ്ടിട്ട് സഹിക്കാൻ കഴിയാത്തതുകൊണ്ടാണ് വീട് വച്ച് കൊടുക്കുന്നതുവരെ നിങ്ങൾ അവരെ വാടകവീട്ടിലെങ്കിലും താമസിപ്പിക്കണമെന്ന് ഞാൻ കൈകൂപ്പി പറഞ്ഞത്. മനുഷ്യരെ ഇങ്ങനെ താമസിപ്പിക്കരുത്. അത്രമാത്രം സഹിക്കാൻ പറ്റാത്ത ഒരു സാഹചര്യത്തിലാണ് അവർ ജീവിക്കുന്നത്. നിങ്ങൾ ഞാൻ പറയുന്നതിനെ വേറെ അർത്ഥത്തിലെടുക്കരുത്. ഗവൺമെന്റിനോടല്ലേ നമുക്ക് പറയാൻ കഴിയൂ? നമുക്ക് സാധിക്കാത്തതിനാൽ സർക്കാർ ചെയ്യണം. അതുകൊണ്ട് അടിയന്തരമായി വാടക വീടെടുത്ത് അവരെ അവിടെനിന്നും മാറ്റണം. എന്നിട്ട് നിങ്ങൾ സ്ഥലമേറ്റെടുക്കുകയോ ഫ്ലാറ്റ് നിർമ്മിക്കുകയോ എന്തുവേണമെങ്കിലും ചെയ്യൂ.

വളരെ ദയനീയമായ സാഹചര്യത്തിലാണ് അവർ ജീവിക്കുന്നത്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകിക്കൊണ്ട് പുനരധിവസിപ്പിക്കണം. കാറ്റുമൂലവും കടലെടുത്തും വീട് നഷ്ടപ്പെട്ടവർ എവിടേയ്ക്ക് പോകും? പ്രളയത്തിൽ വെള്ളം കയറുന്ന വീടുകൾ വൃത്തിയാക്കാം, അല്ലെങ്കിൽ അവിടെ പുതിയ വീട് നിർമ്മിക്കാം. വീടിരുന്ന സ്ഥലത്ത് കടൽ കയറിയാൽ പാവങ്ങൾ എങ്ങോട്ട് പോകും? വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണിത്.

മണ്ണെണ്ണയുടെ വിഷയം പറഞ്ഞു. അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റാണ് ഒന്നാം പ്രതി എന്നകാര്യത്തിൽ ഒരു സംശയവുമില്ല. യാനങ്ങൾക്ക് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെയും ഡീസലിന്റെയും സബ്സിഡി ഗണ്യമായി കുറച്ചു. ബി.പി.എൽ. വിഭാഗക്കാർക്ക് മാത്രം ഡീസൽ സബ്സിഡി അനുവദിച്ചു. കേന്ദ്രസർക്കാർ സബ്സിഡി കുറയ്ക്കുന്നതിന്റെ മുഴുവൻ ആഘാതവും മത്സ്യത്തൊഴിലാളികൾക്കാണ് വരുന്നത്. സംസ്ഥാന സർക്കാരിന് എല്ലാം താങ്ങാൻ സാധിക്കുകയില്ലെങ്കിലും സബ്സിഡി വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 46 രൂപയുണ്ടായിരുന്ന സമയത്താണ് യു.ഡി.എഫ് സർക്കാർ 25 രൂപ സബ്സിഡി നൽകിയത്. ആ സബ്സിഡി ഇപ്പോഴും തുടരുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞു. പക്ഷേ ഇപ്പോൾ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 116 രൂപയാണ്. അപ്പോൾ അതിനനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കണ്ടേ? തമിഴ്നാട്ടിൽ 25 രൂപയ്ക്ക് മണ്ണെണ്ണ നൽകുന്നു. 116 രൂപയിൽ 25 രൂപ കഴിച്ചുള്ള ബാക്കി തുക മുഴുവൻ തമിഴ്നാട് സർക്കാർ നൽകുകയാണ്. അത്രയും നൽകാൻ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കില്ലെങ്കിലും സബ്സിഡി തുക വർദ്ധിപ്പിക്കണം. മറൈൻ ആംബുലൻസിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിമാർ പറഞ്ഞു. അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനായി അത് കടലിലിറക്കാൻ സാധിക്കുമോ? അതിന് രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന്, വാങ്ങി വച്ചിരിക്കുന്ന സാധനം കടലിലേയ്ക്ക് ഇറക്കുകയില്ല. രണ്ട്, അത് ഓടിക്കാൻ ആളില്ല. ഇതുസംബന്ധിച്ച് ഞാൻ സഭയിൽ പറഞ്ഞതാണ്. വാങ്ങിയെന്ന് പറയാൻ മാത്രമാണോ മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങിയത്? ആർക്കൈവ്സിൽ സൂക്ഷിക്കാനുള്ള സാധനമാണോ മറൈൻ ആംബുലൻസ്? ഒരു ഉപയോഗവുമില്ലാതെ കിടക്കുകയാണ്. ആളുകൾ അപകടത്തിൽപ്പെട്ട് മരിക്കുകയാണ്. മുതലപ്പൊഴിയിൽ 60 പേരാണ് മരിച്ചത്. ഈയടുത്തകാലത്ത് രണ്ടുപേർ മരിച്ചു. അപകട മേഖലയുള്ള സ്ഥലമാണത്. പിതാവ് മരിച്ച് മൂന്നാം നാൾ മകനും കടലിലേയ്ക്ക് പോകുന്ന സ്ഥിതിയാണുള്ളത്; അവർക്ക് കടലിൽ പോകുകയല്ലാതെ വേറെ വഴിയില്ല. ഞങ്ങൾ മുതലപ്പൊഴിയിലെ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കുറച്ച് പ്രഖ്യാപനങ്ങൾ നടത്തിയതല്ലാതെ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പണ്ട് മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക

ഭവനനിർമ്മാണ പദ്ധതിയുണ്ടായിരുന്നു. ലൈഫ് പദ്ധതി കൊണ്ടുവന്നപ്പോൾ നിങ്ങൾ ഇതെല്ലാംകൂടി ഇന്റഗ്രേറ്റ് ചെയ്തു. ആ പദ്ധതിപ്രകാരം രണ്ടുവർഷമായി ഒരു വീടെങ്കിലും നിർമ്മിച്ചിട്ടുണ്ടോ? ശ്രീ. കെ. ബാബു, ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ 400 വീടുകൾ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിപ്രകാരം നിർമ്മിച്ചു. അപേക്ഷിച്ച എല്ലാവർക്കും വീട് വച്ചുകൊടുത്തു. ഇപ്പോൾ ലൈഫ് പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം നടക്കുന്നില്ല. ഇതിനെല്ലാം നിരവധി നിബന്ധനകളും പ്രശ്നങ്ങളുമുണ്ട്. കേരളത്തിലെ ഏറ്റവും പരിതാപകരമായ ജീവിതാവസ്ഥയുള്ള ഒരു സമൂഹമായി മത്സ്യത്തൊഴിലാളികൾ മാറിയിരിക്കുകയാണ്. ഒരുപക്ഷേ ആദിവാസികളോടൊപ്പമോ അല്ലെങ്കിൽ അവരെക്കാൾ പരിതാപകരമായ സ്ഥിതിയാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കുള്ളത്. കാലാവസ്ഥാ വ്യതിയാനം, തീരശോഷണം എന്നിവമൂലം മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ് നൽകാറുണ്ട്. കടൽക്ഷോഭമുണ്ടായാലും മഴ പെയ്താലും ഇല്ലെങ്കിലും മുന്നറിയിപ്പ് നൽകുകയാണ്. വർഷത്തിൽ 200 ദിവസം കടലിൽ പോയിരുന്ന അവർക്കിപ്പോൾ 100 ദിവസം പോലും പോകാൻ സാധിക്കുന്നില്ല. വട്ടിപ്പലിശയ്ക്ക് പണം കടമെടുത്ത് വാങ്ങുന്ന മണ്ണെണ്ണയുമായാണ് അവർ കടലിൽ പോകുന്നത്. ഇവർക്ക് നല്ലതുപോലെ മീൻ ലഭിച്ചില്ലെങ്കിൽ തിരിച്ചുവരുമ്പോൾ വട്ടിപ്പലിശക്കാരന്റെ പിടിയിലാകും. മണ്ണെണ്ണയുടെ വിലവർദ്ധനവും കിടപ്പാടങ്ങളുടെ നഷ്ടവും തൊഴിൽ നഷ്ടവും മത്സ്യലഭ്യതയുടെ കുറവും മറ്റ് നിരവധി പ്രശ്നങ്ങളും കാരണം ഏറ്റവും പരിതാപകരമായ അവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾ ജീവിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും ഒരു പദ്ധതിയും നടപ്പാക്കിയില്ല. ഓഖി പാക്കേജുപോലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഓഖി ദുരന്തമുണ്ടായിട്ട് എത്ര വർഷമായി? തിരുവനന്തപുരം ലത്തീൻ അതിരൂപത നടത്തുന്ന സമരത്തിന് നേതൃത്വം നൽകുന്നവരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കണം. സർക്കാരിനെ അട്ടിമറിക്കാനുള്ള സമരമല്ലല്ലോ അവർ നടത്തുന്നത്? അവർ പ്രതിനിധാനം ചെയ്യുന്ന മേഖലകളിലുള്ളവരുടെ സങ്കടങ്ങൾ പരിഹരിക്കാൻ നടത്തുന്ന സമരമാണ്. തീരപ്രദേശത്തുള്ളവർ വൈകാരികമായി പ്രതികരിക്കുന്നവരാണ്. അവരുടെ സമരത്തിന്റെ രീതി മാറും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരുമായി ചർച്ച ചെയ്ത് ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നതാണ് എന്റെ അഭിപ്രായം. സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താൻവേണ്ടിയല്ല ഞങ്ങൾ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത്. പാവപ്പെട്ട ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളെ ഞങ്ങളുടേതായ രീതിയിൽ അവതരിപ്പിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്യുന്നത്. നിങ്ങൾ പറയുന്നതുപോലെ അവതരിപ്പിക്കാൻ ഞങ്ങൾക്ക് സാധിക്കുമോ? കേരളത്തിലെ

മത്സ്യത്തൊഴിലാളികളെ മുഴുവൻ നിങ്ങൾക്ക് എതിരെയാക്കാനല്ല ആഗ്രഹിക്കുന്നത്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പക്ഷേ പ്രതികൂല നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതുവരെ ചെയ്ത കാര്യങ്ങളിൽ വീരവാദം മുഴക്കുകയാണ്, ഇതുമായി യാതൊരു ബന്ധവുമില്ലാത്ത കുറച്ച് കാര്യങ്ങൾ പറയുകയാണ് സർക്കാർ ചെയ്തത്. ആ മേഖലയെ പ്രതിനിധാനം ചെയ്യുന്ന ഈ ജില്ലയിൽ നിന്നുള്ള ബഹുമാനപ്പെട്ട മന്ത്രിപോലും അവിടെ ഒരു പ്രശ്നവുമില്ലെന്നാണ് പറയുന്നത്. അത് ശരിയല്ല. സർക്കാരിന്റെ നിഷേധാത്മക മറുപടിയിലും നടപടി സ്വീകരിക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിക്കുന്ന സന്ദർഭത്തിൽത്തന്നെ ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവന്നതാണ്. തുറമുഖം നിർമ്മിക്കുമ്പോൾ തീരപ്രദേശത്ത് അതിന്റെ ആഘാതമുണ്ടാകുമെന്നത് അംഗീകരിച്ചുകൊണ്ടാണ് അന്നത്തെ ഗവൺമെന്റ് ഒരു ധാരണയിലെത്തിയത്. ആഘാതമുണ്ടാകില്ലെന്ന് പറയുന്നത് ഒരിക്കലും ശരിയല്ല. അതുണ്ടാകും. അതുകൊണ്ടാണ് പാക്കേജിനെക്കുറിച്ച് കരാറിൽ പറഞ്ഞിട്ടുള്ളത്. അതിന്റെ രേഖയുണ്ട്, നമുക്ക് വായിക്കാൻ സാധിക്കും. തുറമുഖം നിർമ്മിക്കുന്നതിന്റെ ഫലമായി തീരശോഷണവും വീടുകൾ കടലെടുക്കുകയും മറ്റ് പ്രശ്നങ്ങളുണ്ടാകുകയും ചെയ്യുന്നുവെന്നതാണ് സമരക്കാർ ഉന്നയിക്കുന്ന പ്രശ്നം. കഴിഞ്ഞ കാലങ്ങളിൽ നടന്ന പ്രശ്നങ്ങളല്ല അവർ ഉന്നയിക്കുന്നത്. തുറമുഖ നിർമ്മാണത്തോടനു ബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങളോട് മുഖംതിരിക്കുന്നത് ശരിയല്ല. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളും തീരശോഷണവുമൊക്കെ ശംഖുംമുഖത്തുകൂടി പോയാൽ നഗ്നനേത്രങ്ങൾകൊണ്ട് കാണാവുന്നതേയുള്ളൂ. അത് പരിഹരിക്കുകയാണ് വേണ്ടത്. അതിനുപകരം മത്സ്യത്തൊഴിലാളികൾക്ക് കാലാകാലങ്ങളായി നൽകുന്ന ആനുകൂല്യങ്ങളുടെ ലിസ്റ്റ് ബഹുമാനപ്പെട്ട മന്ത്രിമാർ വായിച്ചതുകൊണ്ട് കാര്യമില്ല. അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. മുഖ്യമന്ത്രി തലത്തിലോ അല്ലെങ്കിൽ ആ നിലയിലോ പരിഗണന കൊടുത്ത് ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കണം. അത്തരമൊരു സമീപനമില്ലാത്തതുകൊണ്ടും ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതുകൊണ്ടും ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിൽ സംസ്ഥാനത്ത് പരാജയമാണുണ്ടായിട്ടുള്ളത്. തീരശോഷണം ഒരു യാഥാർത്ഥ്യമാണെന്ന് കാണേണ്ടിയിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, തീരശോഷണമുണ്ടാകുന്നത് ആഗോള പ്രതിഭാസത്തിന്റെ ഭാഗമാണെന്ന സർക്കാർ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല. വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി ഏകദേശം 1800 മീറ്ററോളം പുലിമുട്ട് നിർമ്മിച്ചതിനുശേഷമുണ്ടായിരിക്കുന്ന ആഘാതം സംബന്ധിച്ച് പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. അക്കാര്യത്തെ തുറന്ന സമീപനത്തോടെ ഗവൺമെന്റ് നോക്കിക്കാണണം. അതോടൊപ്പം മത്സ്യത്തൊഴിലാളികളും തീരദേശവും നേരിടുന്ന പ്രതിസന്ധികളെ സംബന്ധിച്ച്, പുനരധിവാസം, തൊഴിൽനഷ്ടം തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശാശ്വതമായ ഇടപെടൽ ഉണ്ടാകണം. തിരുവനന്തപുരം ലത്തീൻ അതിരൂപത നടത്തുന്ന സമരത്തിന് നേതൃത്വം നൽകുന്നവരുമായി ചർച്ച നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന സമരത്തിനാധാരമായ വിഷയമുൾപ്പെടെ, കഴിഞ്ഞ സഭയിൽ വളരെ വിശദമായി ഞാൻ ഉന്നയിച്ചിരുന്നു. തീരം നഷ്ടപ്പെടുന്നതും മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിഷയങ്ങളെയുംകുറിച്ച് വിശദമായ പഠനം നടത്തി അടിയന്തരമായി പരിഹാരമാർഗ്ഗം കണ്ടെത്തേണ്ടതാണ്. തുറമുഖം ഉൾപ്പെടെയുള്ളവയുടെ നിർമ്മാണ സമയത്ത് കര വയ്ക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സാഹചര്യമുണ്ടാകണം. അതുപോലെ മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ് സമയബന്ധിതമായി നടപ്പാക്കണം. ഫ്ലാറ്റുകൾ അനുവദിക്കുന്നതിനോട് മത്സ്യത്തൊഴിലാളികൾക്ക് യോജിപ്പില്ല. നഷ്ടപ്പെടുന്ന വീടിനും ഭൂമിക്കും പകരം രണ്ടുസെന്റ് ഭൂമിയെങ്കിലും അനുവദിച്ച് അതിൽ വീട് നിർമ്മിച്ച് നൽകണമെന്ന പരിഹാര മാർഗ്ഗമാണ് അവർ ആഗ്രഹിക്കുന്നത്. കാരണം അവരുടെ ഉപജീവനമാർഗ്ഗം കടലുമായി ബന്ധപ്പെട്ടുള്ളതാണ്; ഫ്ലാറ്റ് ജീവിതം അവർ ആഗ്രഹിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിഷയങ്ങൾ വിശദമായി പഠിക്കുകയും ചർച്ച ചെയ്യുകയും അടിയന്തരമായി അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുമാണ് ആവശ്യം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഈ വിഷയത്തിൽ, തീരദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികളോ മന്ത്രിമാരോ ഇടപെടുന്നില്ലെന്ന ആരോപണം ശുദ്ധ അസംബന്ധവും അടിസ്ഥാന രഹിതവുമാണ്. ഇവർ മുതലക്കണ്ണീരൊഴുക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിശദീകരിച്ചതുപോലെ, അവിടെയുള്ള പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ഗോഡൗണിൽ കൊണ്ടുപോയി താമസിപ്പിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തായിരുന്നു. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. അതിനുള്ള നടപടികളാണ് തുടർന്നുകൊണ്ടിരിക്കുന്നത്. അതുപോലെ സമരം തുടങ്ങിയതിനുശേഷം മാത്രമാണ് ഗവൺമെന്റ് അറിഞ്ഞതെന്നാണ് പറഞ്ഞത്. സമരം തുടങ്ങിയത് 2022 ജൂലൈ മാസം 20-ാം തീയതിയായിരുന്നു. 2022 ജൂൺ മാസം 2-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആറ് മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്താണ് പുനരധിവാസത്തിനായി മുട്ടത്തറയിലുള്ള സ്ഥലമേറ്റെടുക്കാൻ തീരുമാനിച്ചത്. അതിനുള്ള മിനിട്സും രേഖകളുമുണ്ട്, അതെല്ലാം ഹാജരാക്കാം. ഈ പദ്ധതിമൂലം ജനങ്ങൾക്ക് ഒരു കുഴപ്പവുമുണ്ടാകില്ലെന്ന് റിപ്പോർട്ട് എഴുതിവച്ച്, ജനങ്ങളെ പറ്റിച്ചുകൊണ്ട് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങിയതിനാലാണ് പ്രതിപക്ഷ നേതാവ് അവിടെ ചെന്നപ്പോൾ സമരക്കാർ വിരട്ടിയോടിച്ചത്. ഈ ഗവൺമെന്റിലുള്ള ആരേയും സമരക്കാർ ഓടിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച കാര്യങ്ങൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി തുടങ്ങിയതിന്റെ ഭാഗമായി അവർക്ക് താമസിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നുമുണ്ടായ ചില പ്രസ്താവനകൾ സത്യവിരുദ്ധവും വസ്തുതകൾക്ക് നിരക്കാത്തതും പച്ചക്കള്ളവുമാണ്. അതുകൊണ്ട് അത്തരം പരാമർശങ്ങൾ സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല. ഈ സമരം തുടങ്ങുന്നതിനുമുമ്പും ശേഷവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം നിരവധി മന്ത്രിമാർ കഴിഞ്ഞ എത്രയോ ദിവസങ്ങളായി ഈ പ്രശ്നം പരിഹരിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള ചർച്ചയിലാണ്. അതുകൊണ്ട് മുതലക്കണ്ണീരൊഴുക്കി പച്ചക്കള്ളം പറഞ്ഞത് സഭാരേഖകളിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.*

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരായി)

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 15230/ഇ.ബി / 2022/നി.സെ. തീയതി 24-8-2022) രേഖയിൽ നിലനിർത്തി.

11.33 A.M.]

## VI ശ്രദ്ധ ക്ഷണിക്കൽ

### (1) മത്സ്യത്തൊഴിലാളി പുനരധിവാസവും മണ്ണെണ്ണയുടെ ലഭ്യതക്കുറവും

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സഭ ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയത്തിന്റെ തുടർച്ചയാണ് ഈ ശ്രദ്ധക്ഷണിക്കൽ. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഇന്നനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളുടെ പ്രധാന കാരണക്കാർ ആരാണെന്നത് സംബന്ധിച്ചൊന്നും വിരൽചൂണ്ടാതെ, കേരളത്തിലെ ഗവൺമെന്റിലേയ്ക്ക് മാത്രം പ്രശ്നങ്ങൾ കേന്ദ്രീകരിക്കുന്ന പ്രത്യേക സാഹചര്യം നിലനിൽക്കുകയാണ്. കേന്ദ്ര നയത്തിന്റെ ഭാഗമായുണ്ടായ നിരവധി വിഷയങ്ങളിലൊന്നാണ് മണ്ണെണ്ണയുടെ വിലവർദ്ധനവ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളിൽ മഹാഭൂരിപക്ഷവും ഉപയോഗിക്കുന്ന മണ്ണെണ്ണയ്ക്ക് കേന്ദ്രഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി വലിയ തോതിൽ വെട്ടിച്ചുരുക്കിയതിന്റെ ഫലമായി തീവിലയ്ക്കാണ് മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ വാങ്ങുന്നത്. നമ്മുടെ അയൽസംസ്ഥാനം അയ്യായിരം കിലോ ലിറ്റർ മണ്ണെണ്ണയാണ് സബ്സിഡി ഇനത്തിൽ നൽകുന്നത്. 2015-ൽ യു.ഡി.എഫ്. ഗവൺമെന്റ് പതിനാല് കോടി രൂപയാണ് മണ്ണെണ്ണ സബ്സിഡിക്കായി നൽകേണ്ടി വന്നതെങ്കിൽ പിന്നീട് അധികാരത്തിൽവന്ന പിണറായി വിജയൻ ഗവൺമെന്റിന്റെ കാലത്ത് 284 കോടി രൂപ കൊടുത്തിരുന്നു. ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, തമിഴ്നാട്ടിൽ നമ്മുടെ ഒൻപതിലൊന്ന് പെർമിറ്റുള്ള യന്ത്രവത്കൃത യാനങ്ങൾക്കാണ് മണ്ണെണ്ണ സബ്സിഡിയുള്ളത്. 45000 കിലോ ലിറ്റർ മണ്ണെണ്ണയാണ് നമുക്ക് അനുവദിക്കുന്നത്.തമിഴ്നാട്ടിൽ മൂന്ന് ജില്ലകളിലുള്ള മത്സ്യത്തൊഴിലാളികൾക്കാണ് സബ്സിഡി അനുവദിക്കുന്നതെങ്കിൽ കേരളം പത്ത് ജില്ലകളിലുള്ള മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, മത്സ്യത്തൊഴിലാളികളെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചിക്കണം. സർക്കാരിന് സബ്സിഡി വർദ്ധിപ്പിക്കാൻ കഴിയുമോ; അല്ലെങ്കിൽ മറ്റേത് രൂപത്തിൽ ഇവരെ സഹായിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ദ്രോഹത്തിനെതിരെ സഭ പ്രമേയം പാസ്സാക്കി നൽകിയിട്ടും സബ്സിഡി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ല. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ അടിയന്തരമായി അനുവദിക്കാനും ന്യായവില ഉറപ്പുവരുത്തുന്നതിനുമുള്ള യോജിച്ച നീക്കം സഭയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് മത്സ്യത്തൊഴിലാളി സമൂഹത്തിനുവേണ്ടി അഭ്യർത്ഥിക്കുകയാണ്. 'പുനർഗേഹം' പദ്ധതിയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. വീട് കടലെടുത്താൽ മാറത്തടിച്ച് നിലവിളിച്ചിരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിൽ ആദ്യമായി കയറിക്കിടക്കാൻ ഇടമുണ്ടാക്കിക്കൊടുത്ത സർക്കാരാണിത്. പക്ഷേ പല സ്ഥലങ്ങളിലും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്ക്

വേഗത കുറവായതിനാൽ സർക്കാർ ഇടപെട്ട് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടിയുണ്ടാകണം. ഇപ്പോൾ ഭൂമി കണ്ടെത്തിയ 3154 കുടുംബങ്ങളും രജിസ്ട്രേഷൻ നടത്തിയ 2374 കുടുംബങ്ങളും ഭവനനിർമ്മാണം നടന്നുവരുന്ന 1147 കുടുംബങ്ങളുമുൾപ്പെടെ മൊത്തം 8166 കുടുംബങ്ങളുടെ ഭവനനിർമ്മാണം ഈ പദ്ധതിയിലൂടെ അതിവേഗത്തിൽ പൂർത്തിയാക്കുന്നതിനും പൊന്നാനിയിലടക്കം നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. വിഴിഞ്ഞം പദ്ധതിയെപ്പറ്റി ചർച്ച ചെയ്തു. തീരശോഷണവും തീരസംരക്ഷണവുമെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിൽവരുന്ന വിഷയങ്ങളാണ്. അന്ന് അതിനെയെല്ലാം ഗൗരവമായി മനസ്സിലാക്കിയാണോ കരാറിലേർപ്പെട്ടതെന്നത് വേറെ വിഷയം. പൂന്തുറയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഓഫ്ഷോർ ബ്രേക്ക്‌വാട്ടർ നിർമ്മാണ പദ്ധതിപ്രകാരം 700 മീറ്ററാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. അത് 1700 മീറ്ററായി ദീർഘിപ്പിച്ചാൽ ഈ വിഷയത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയും. അതുകൊണ്ട് ശംഖുംമുഖംവരെ പദ്ധതി ദീർഘിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ചെല്ലാനമടക്കമുള്ള പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഇടപെട്ട ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. അവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ മാതൃകയിൽ പൊന്നാനിയിലും തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട്, പൊഴിയൂർ അടക്കമുള്ള പ്രദേശങ്ങളിലും ടെട്രാപോഡ് സ്ഥാപിച്ച് തീരം സംരക്ഷിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്; ആ പദ്ധതിയും വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മത്സ്യമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എല്ലാ മത്സ്യത്തൊഴിലാളി സംഘടനകളുടെയും ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കുന്നതിനും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഇപ്പോൾ വിശദമായി ചർച്ച ചെയ്തതാണ്. പുതിയ കണക്കുകൾപ്രകാരം കേരളത്തിലെ തീരദേശ പ്രദേശങ്ങളിൽ 50 ഇടങ്ങളിൽ കാലാവസ്ഥാ വ്യതിയാനംമൂലം രൂക്ഷമായ കടലാക്രമണം നടക്കുകയാണ്. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ ദൂരത്തിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണി നേരിടുന്നതുമായ കുടുംബങ്ങളെ മാറ്റി താമസിപ്പിക്കാൻവേണ്ടിയാണ് പുനർഗേഹം പദ്ധതി നടപ്പാക്കിവരുന്നത്. ഈ പദ്ധതിക്കായി 2,450 കോടി രൂപ മാറ്റിവച്ചു. സ്വന്തമായി ഭൂമി കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയുടെ വില നൽകുകയാണ് ചെയ്യുന്നത്. വീടുവയ്ക്കാനുള്ള തുകയടക്കം 10 ലക്ഷം രൂപ നൽകിവരുന്നു. ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിയിട്ടുണ്ട്. കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുന്നതിനുള്ള അടിയന്തര നടപടിയാണ് സ്വീകരിച്ചുവരുന്നത്. സർക്കാർ ഭൂമി ലഭ്യമാകുന്നമുറയ്ക്ക് പുതിയ

പദ്ധതികൾ നടപ്പാക്കിവരികയാണ്. പലയിടങ്ങളിലും സ്ഥലം കണ്ടെത്തി ഫ്ലാറ്റുകൾ നിർമ്മിക്കുന്നുണ്ട്. 2018-ൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേപ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തി. സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളുമുൾപ്പെടെ 21004 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 8375 ഗുണഭോക്താക്കൾ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആരെയും നിർബന്ധമായി മാറ്റിത്താമസിപ്പിക്കുന്ന നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടില്ല. 3382 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിക്ക് ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി വില സ്ഥിരീകരിച്ച് നൽകിയിട്ടുണ്ട്. 2701 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 2171 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കുകയും 1480 ഗുണഭോക്താക്കൾ പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192-ഉം ബീമാപള്ളിയിൽ 20-ഉം കാരോട് 128-ഉം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128-ഉം ഉൾപ്പെടെ 468-ഓളം ഫ്ലാറ്റുകൾ നിർമ്മിച്ച് ഇതിനോടകം പുരധിവസിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലെ ഫ്ലാറ്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിലെ തീരുമാനപ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ കൈവശമുള്ള എട്ട് ഏക്കർ സ്ഥലം ഏറ്റെടുത്ത് എത്രയുംവേഗം ആവശ്യമായ ഫ്ലാറ്റുകൾ നിർമ്മിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയിൽ ജോലിയെടുക്കുന്ന തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ അനുകൂല നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി 9 സ്ഥലങ്ങളിൽ പുതിയ ഫ്ലാറ്റുകൾ നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യബന്ധത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലവർദ്ധന പരമ്പരാഗത തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അപ്പുറമാണെന്ന വസ്തുത നമുക്കെല്ലാമറിയാം. പൊതുവിപണിയിൽ ലിറ്ററിന് 116.50 രൂപയും സിവിൽ സപ്ലൈസ് മുഖാന്തരം വിതരണം ചെയ്യുന്നതിന് 86.78 രൂപയുമാണ് വില. ഡീസലിന് 96.52 രൂപയും പെട്രോളിന് 107.44 രൂപയുമുള്ളപ്പോഴാണ് മണ്ണെണ്ണയുടെ വില വർദ്ധിച്ച് നിൽക്കുന്നത്. ഇതിന്റെ പൂർണ്ണ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിനാണ്. മണ്ണെണ്ണയുമായി ബന്ധപ്പെട്ട വിഷയം കഴിഞ്ഞദിവസം ബഹുമാനപ്പെട്ട കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുമായി ഡൽഹിയിൽവച്ച് രണ്ടുതവണ ചർച്ച ചെയ്യുകയുണ്ടായി. ആദ്യം മന്ത്രിതലത്തിലും പിന്നീട് ഉദ്യോഗസ്ഥതലത്തിലും മീറ്റിംഗ് കൂടി അദ്ദേഹത്തെ പ്രശ്നങ്ങൾ പൂർണ്ണമായി ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ മണ്ണെണ്ണ അനുവദിക്കുന്നതും മത്സ്യബന്ധനത്തിന് ഉപകാരപ്പെടുംവിധം മണ്ണെണ്ണ വില കുറയ്ക്കുന്നതുമായും ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുകയുണ്ടായി.

മണ്ണെണ്ണയുടെ ലഭ്യത കുറവായതിനാൽ തീരമേഖലയിൽ മണ്ണെണ്ണയ്ക്കുപകരം പെട്രോളോ ഡീസലോ ഉപയോഗിക്കുംവിധം എഞ്ചിനുകൾക്ക് മാറ്റം വരുത്തുന്ന കാര്യം ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ഈ വിഷയങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികളുടെയും ട്രേഡ് യൂണിയനുകളുടെയും യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആ യോഗത്തിൽ വ്യക്തമായ ഒരു തീരുമാനമുണ്ടാക്കാം.മത്സ്യത്തൊഴിലാളികൾക്ക് സഹായകമായ നിലപാടെടുക്കാൻ ഗവൺമെന്റ് തയ്യാറാണെന്നാണ് ഇക്കാര്യത്തിൽ അറിയിക്കാനുള്ളത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗതയിലാക്കുന്നതിനുവേണ്ടി രൂപീകരിച്ച ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, എല്ലാ ജില്ലകളിലെയും മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ബന്ധപ്പെട്ട ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ എല്ലാ ജില്ലകളിലും നേരിട്ട് പങ്കെടുത്ത് ഇത്തരം മീറ്റിംഗുകൾ സംഘടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

11.45 A.M.]

## VII വ്യക്തിപരമായ വിശദീകരണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തിയ അവസരത്തിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഇവിടെ രണ്ട് പരാമർശങ്ങൾ നടത്തുകയുണ്ടായി. ഒന്നാമതായി അദ്ദേഹം പറഞ്ഞത് ഞാൻ വാക്കൗട്ട് പ്രസംഗത്തിൽ സൂചിപ്പിച്ച, വലിയതുറയിലെ ഗോഡൗണിൽ ആളുകളെ പ്രവേശിപ്പിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിലാണെന്നാണ്. അത് അവാസ്തവമാണ്. ഇന്ന് ആ ഗോഡൗണിൽ കഴിയുന്ന മുഴുവൻപേരും 2018-നുശേഷം വന്നവരും നാല് വർഷമായി അവിടെ കഴിയുന്നവരുമാണ്. ആറ് വർഷമായി സംസ്ഥാനം ഭരിക്കുന്നത് ഇടതുപക്ഷ സർക്കാരല്ലേ? രണ്ടാമതായി അദ്ദേഹം പറഞ്ഞത്, ഞാൻ സമരവേദിയിൽ ചെന്നപ്പോൾ സമരക്കാർ എന്നെ കൂകിവിളിച്ച് ഓടിച്ചുവെന്നാണ്. അത് തെറ്റാണ്. സമരസമിതിയുടെ അനുമതിയോടുകൂടിയാണ് ഞാനവിടെ പോയത്. അവരെന്നെ സ്വീകരിക്കുകയും സമര സമിതിയുടെ നേതാവായ വൈദികൻ എനിക്ക് സ്വാഗതം പറയുകയും ഞാൻ അവരുടെ വേദിയിലെ പ്ലാറ്റ്ഫോമിൽ മൈക്കിലൂടെ പതിനഞ്ച് മിനിട്ട്

സംസാരിക്കുകയും ചെയ്തു. ഒരു കാരണവശാലും ഈ വിഷയം രാഷ്ട്രീയമായി ഉപയോഗിക്കില്ലെന്നും നിയമസഭയ്ക്കകത്തും പുറത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ ശ്രമിക്കുമെന്നും ഞാനവർക്ക് വാക്കുകൊടുത്തു. ഞാൻ വേദിയിലിരുന്നതിനുശേഷം മൂന്ന് സി.പി.ഐ.(എം) പ്രവർത്തകർ വന്ന് രാഷ്ട്രീയക്കാരെ പരിപാടിയിൽ പങ്കെടുപ്പിച്ചതിലുള്ള പരാതി അറിയിച്ചു. അതിനുള്ള മറുപടി അവിടത്തെ വൈദികൻ മൈക്കിലൂടെ പറയുകയും ചെയ്തു. അതിനുശേഷം ഞാൻ തിരിച്ചുവന്നു. എന്നാൽ എന്നെ കൂകിവിളിച്ചുവെന്ന തരത്തിൽ പിറ്റേദിവസത്തെ ദേശാഭിമാനി പത്രത്തിൽ വാർത്തയുണ്ടായിരുന്നു. അത് കണ്ടിട്ട് അങ്ങയെപ്പോലുള്ള ഒരു മന്ത്രി നിയമസഭയിൽ വന്ന് ഇങ്ങനെ പറയുന്നത് ശരിയല്ല. ....(ബഹളം).... വേറെ ചില കാര്യങ്ങൾ ഓർത്ത് ഞാൻ മറുപടി പറയുന്നില്ല. അദ്ദേഹം പറഞ്ഞ രണ്ട് കാര്യങ്ങളും അവാസ്തവമാണെന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ശ്രദ്ധ ക്ഷണിക്കൽ (തുടർച്ച)

### (2) വേമ്പനാട് കായൽ അതോറിറ്റി രൂപീകരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർത്തടമായി പ്രഖ്യാപിച്ചിരിക്കുന്ന വേമ്പനാട് കായൽ സംരക്ഷിക്കുന്നതിലെ വീഴ്ചകാരണം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ കൺമുന്നിലൂടെയാണ് വേമ്പനാട് കായൽ നാശത്തിലേയ്ക്ക് നീങ്ങുന്നത്. കായലിന്റെ നാശം സമീപഭാവിയിൽ നാടിന്റെ നിലനിൽപ്പിന് ഭീഷണിയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. മഴക്കാലത്ത് വെള്ളം കയറുമ്പോൾ കുട്ടനാടൻ പ്രദേശത്തുമാത്രം കണ്ടുവന്നിരുന്ന വെള്ളപ്പൊക്കം മറ്റ് മേഖലകളിലേയ്ക്കും വ്യാപിച്ചിരിക്കുകയാണ്. കൊച്ചി നഗരത്തിലെ പല പ്രദേശങ്ങളിലും വെള്ളം കയറുന്നത് ജനങ്ങൾക്ക് വലിയ ആശങ്കയും പ്രതിസന്ധിയും ഉണ്ടാക്കിയിരിക്കുകയാണ്. പ്രളയത്തിനുശേഷം കായലിന്റെ അടിത്തട്ടിൽ ക്രമാതീതമായി എക്കൽ അടിഞ്ഞുകൂടിയതുകാരണം കായലിന്റെ സംഭരണശേഷി കുറഞ്ഞു. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന അപ്രതീക്ഷിതവും അമിതവുമായ മഴയും സമുദ്രനിരപ്പിലുണ്ടാകുന്ന വ്യതിയാനവും ഈ തണ്ണീർത്തടത്തിന്റെ ആവാസ വ്യവസ്ഥയെ തകിടം മറിച്ചുകൊണ്ടിരിക്കുകയാണ്. 365 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുണ്ടായിരുന്ന ഈ തണ്ണീർത്തടം ഇപ്പോൾ 170 സ്ക്വയർ കിലോമീറ്ററായി ചുരുങ്ങിയിരിക്കുന്നു. അതീവ ജൈവപ്രാധാന്യമുള്ള പരിസ്ഥിതി മേഖലയായാണ്

വേമ്പനാട് കായലിനെ 2019-ലെ തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത വിജ്ഞാപനമനുസരിച്ച് വേമ്പനാട് കായലിനുവേണ്ടി ഒരു സമഗ്ര പരിപാലന പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഫിഷറീസ് സർവ്വകലാശാലയിൽ ചേർന്ന ശാസ്ത്രജ്ഞന്മാരുടെ സെമിനാറിലും വേമ്പനാട് കായലിനുവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. പരിസ്ഥിതിനാശവും കാലാവസ്ഥാ വ്യതിയാനവും കായലിൽ വൻ ആഘാതം സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്ന് ശാസ്ത്രലോകം കരുതുന്നു. കൃത്യമായ പഠനം നടത്തി ഈ തണ്ണീർത്തടത്തെ സംരക്ഷിക്കാനുള്ള നടപടി എങ്ങുമെത്തിയിട്ടില്ല. വേമ്പനാട് കായലിനെ രക്ഷിക്കുന്നതിനായി ഒരു സമഗ്ര പരിപാലന പദ്ധതിക്ക് തുടക്കംകുറിക്കുന്നതിനും വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ഇത്തരമൊരു പദ്ധതി തയ്യാറാക്കുമ്പോൾ പരിസ്ഥിതി സംരക്ഷണത്തോടൊപ്പം തീരദേശ ജനതയുടെ സുരക്ഷയും ഉറപ്പാക്കേണ്ടതുണ്ട്. 2019-ലെ തീരദേശമേഖല നിയന്ത്രണ വിജ്ഞാപനം അനുസരിച്ചുള്ള സംയോജിത ദ്വീപ് പരിപാലന പദ്ധതികൾക്ക് രൂപംകൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലെന്നതും ഏറെ ദുഃഖകരമാണ്. കായലിനോട് ചേർന്ന് ജീവിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങളുടെ ഉപജീവന മേഖലയാണ് വേമ്പനാട് കായൽ. ഇതിൽ മത്സ്യബന്ധനം, കയർ, കൃഷി, ടൂറിസം തുടങ്ങി നിരവധി മേഖലകളിൽ പ്രവർത്തിക്കുന്നവരുണ്ട്. ഇവരുടെ ഉപജീവനമാർഗ്ഗം നിലനിർത്തുന്നതിനും വികസനം ഉറപ്പുവരുത്തുന്നതിനും ഒരു പദ്ധതി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. വേമ്പനാട് തണ്ണീർത്തടത്തിലേയ്ക്ക് പതിക്കുന്ന നദികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര പദ്ധതിയാണ് നടപ്പാക്കേണ്ടത്. എത്രയുംവേഗം ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വേമ്പനാട് കായൽ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കായൽ കൈയേറ്റങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകൾ ഉൾക്കൊള്ളുന്ന ഒരു സമിതി രൂപീകരിച്ച് സമഗ്ര പഠനം നടത്തണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു കമ്മിറ്റി

രൂപീകരിച്ചിട്ടുണ്ട്. കായൽ കൈയേറ്റങ്ങൾ കണ്ടെത്തി അവ ഒഴിപ്പിക്കുന്നതിനും കായലിന്റെ അതിർത്തി തിട്ടപ്പെടുത്തുന്നതിനുമായി റവന്യൂ, സർവ്വേ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായി ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരികയാണ്. കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച 2019-ലെ സി.ആർ.ഇസഡ്. വിജ്ഞാപനപ്രകാരം വേമ്പനാട് കായലിനെ ഗുരുതരമായ ആപത് ഭീഷണിയുള്ള തീരമേഖല പ്രദേശമായാണ് പരിഗണിച്ചിട്ടുള്ളത്. സുസ്ഥിരമായ ഉപജീവനത്തിനായി തീരദേശ വിഭവങ്ങളെ ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സമൂഹത്തിന്റെ പങ്കാളിത്തത്തോടെയായിരിക്കണം ഈ മേഖല പരിപാലിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വേമ്പനാട് കായൽ സംരക്ഷണം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമേ സാധ്യമാകുകയുള്ളൂ. വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. വേമ്പനാട് കായലിന്റെ ജലസംഭരണ ശേഷി ചെളിയും എക്കലും അടിഞ്ഞതുമൂലം ഗണ്യമായി കുറഞ്ഞതായി ഡോ. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഇവ നീക്കംചെയ്യുന്നതിന് പ്രാഥമിക പ്രവൃത്തി എന്ന നിലയിൽ 10 കിലോമീറ്റർ ചുറ്റളവുള്ള 'ആർ ബ്ലോക്ക്' പാടശേഖരത്തിൽ എക്കലും ചെളിയും ഉപയോഗിച്ച് പുറംബണ്ട് നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സർക്കാരും പാടശേഖര സമിതിയും ചേർന്നുള്ള പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ഇത് നടപ്പാക്കാനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വേമ്പനാട് കായൽ അതോറിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ച് അങ്ങ് പരാമർശിക്കുകയുണ്ടായി. ഈ അതോറിറ്റി കഴിയുന്നതും വേഗത്തിൽ രൂപീകരിച്ച് അതുവഴി വേമ്പനാട് കായൽ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യം പരിശോധിച്ചുവരികയാണ്. അതിന്റെ വേഗത കൂട്ടാം.

11.53 A.M.]

## VIII സബ്മിഷൻ

### (1) കാര്യവട്ടം കോളേജ് പ്രിൻസിപ്പാളിനെ പൂട്ടിയിട്ടത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നലെ തലസ്ഥാനത്ത് നടന്ന ദൗർഭാഗ്യകരമായ സംഭവമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പൂർത്തിയാക്കിയ കോഴ്സിലേയ്ക്ക് വീണ്ടും അതേ കോളേജിൽ പ്രവേശനാനുമതി തേടിയ എസ്.എഫ്.ഐ. നേതാവിന് നിയമപ്രകാരം അഡ്മിഷൻ കൊടുക്കാൻ കഴിയില്ലെന്ന് പ്രിൻസിപ്പാൾ അറിയിച്ചതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. വനിതാ പ്രിൻസിപ്പാളിനെ തടഞ്ഞുവച്ചും കോളേജ് ഗേറ്റ് പൂട്ടിയിട്ടും പോലീസിനെ കൈകാര്യം ചെയ്തും നടത്തിയ സമരമാണിത്. പഠിച്ച കോഴ്സിന് വീണ്ടും അതേ കോളേജിൽ അഡ്മിഷനുവേണ്ടി അപേക്ഷിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റി റെഗുലേഷൻസ് അനുസരിച്ച് പ്രവേശനം നൽകാൻ കഴിയില്ലെന്ന് ബഹുമാന്യയായ പ്രിൻസിപ്പാൾ അറിയിച്ചതിനെത്തുടർന്ന് അവരെ പൂട്ടിയിട്ടു, കോളേജ് ഗേറ്റും പൂട്ടി. പോലീസ് വന്ന് അവരെ മോചിപ്പിച്ചുവെങ്കിലും പോലീസ് വാഹനത്തിൽ പുറത്തേയ്ക്ക് പോകാൻ സമ്മതിക്കാതെ ഗേറ്റിൽ സംഘർഷമുണ്ടാക്കുകയും തടയാൻ ശ്രമിച്ച പോലീസിനെ കയ്യേറ്റം ചെയ്യുകയും ചെയ്തു. ക്രിമിനൽ ആക്ടിവിറ്റിയാണ് അവിടെ നടന്നത്. ഇതിനുമുമ്പ് മഹാരാജാസ് കോളേജിലെ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചു. പാലക്കാട് വിക്ടോറിയ കോളേജിൽ പ്രിൻസിപ്പാൾ റിട്ടയർ ചെയ്ത ദിവസം ശവമഞ്ചമൊരുക്കി പ്രതീകാത്മകമായി ശവസംസ്കാര കർമ്മം നടത്തി. ഒരു വനിത പ്രിൻസിപ്പാളിന് പോലീസ് ജീപ്പിൽ കയറി വീട്ടിൽ പോകേണ്ട ഗതികേടുണ്ടായി. ഈ അക്രമകാരികൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കണം. ഇത്തരം സംഭവങ്ങൾ കേരളത്തിലെ ഒരു കലാലയത്തിലും ആവർത്തിക്കാൻ പാടില്ല. പ്രധാന അദ്ധ്യാപിക പ്രധാന അദ്ധ്യാപിക തന്നെയാണ്; പ്രിൻസിപ്പാളാണ്. ബഹുമാനപ്പെട്ട മന്ത്രി അദ്ധ്യാപികയായിരുന്ന ആളാണ്. ഇത്തരം ക്രിമിനലുകളെ ഒരു കാരണവശാലും കയറൂരി വിടരുത്. നിയമപ്രകാരമല്ലാത്ത കാര്യം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ അക്രമമാണ്. പോലീസിനെവരെ അവർ ആക്രമിച്ചു. ഇതുസംബന്ധിച്ച് അന്വേഷണം നടത്തണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരളത്തിലെ സർവ്വകലാശാലകളിൽ ഇപ്പോൾ പ്രവേശന നടപടികൾ നടന്നുവരികയാണ്. സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ വഴിയാണ് പ്രവേശനം നടത്തുന്നത്. ഇപ്രകാരം സർവ്വകലാശാല പോർട്ടലിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികളെ മെറിറ്റ്/ റിസർവേഷൻ ക്വാട്ടകളിൽ കോളേജുകളിലേയ്ക്ക് അലോട്ട് ചെയ്യുകയാണ് നിലവിലുള്ള രീതി. കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക്

രേഖകൾ പരിശോധിച്ച് പ്രവേശനം നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റിലേയ്ക്ക് അപേക്ഷ നൽകിയ രോഹിത് രാജ് എന്ന വിദ്യാർത്ഥിക്ക് ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് ബിരുദ പഠനത്തിന് കാര്യവട്ടം ഗവൺമെന്റ് കോളേജിൽ അലോട്ട്മെന്റ് ലഭിക്കുകയും പ്രവേശനം നേടുന്നതിനായി 22-8-2022-ൽ കോളേജ് പ്രിൻസിപ്പാളിനെ സമീപിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വിദ്യാർത്ഥി 2018-2021 വർഷങ്ങളിൽ ഇതേ കോളേജിൽ ഇതേ കോഴ്സ് പഠിച്ചിരുന്നുവെന്നും പൂർവ്വകാല രേഖകൾ പരിശോധിച്ചതുപ്രകാരം രോഹിത് രാജിന് കോളേജിൽ പ്രവേശനം നൽകാൻ കഴിയില്ലെന്നും പ്രിൻസിപ്പാൾ അറിയിച്ചു. ഇതുസംബന്ധിച്ച് സംസാരിക്കാനെത്തിയ വിദ്യാർത്ഥികളോട് പ്രിൻസിപ്പാൾ കാര്യങ്ങൾ വിശദീകരിച്ചുവെങ്കിലും അതിൽ തൃപ്തരാകാതെ വിദ്യാർത്ഥികൾ വൈകുന്നേരം 4.30 മണിയോടെ പ്രിൻസിപ്പാളിന്റെ ഓഫീസ് മുറിക്കുമുമ്പിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിക്കുകയും പ്രിൻസിപ്പാൾ ആവശ്യപ്പെട്ടതുപ്രകാരം കഴക്കൂട്ടം പോലീസ് സ്റ്റേഷനിലെ പോലീസ് ടീം സംഭവസ്ഥലത്തെത്തി സമരക്കാരെ അനുനയിപ്പിക്കാൻ ശ്രമിക്കുകയും പ്രിൻസിപ്പാളിനെ കോളേജിന് പുറത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ ഉന്തുംതള്ളും ഉണ്ടായതായും റിപ്പോർട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴക്കൂട്ടം പോലീസ് ക്രൈം നമ്പർ 1106/2022 ആയി കേസ് രജിസ്റ്റർ ചെയ്യുകയും 6 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു. പ്രിൻസിപ്പാളിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 1107/2022 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് കോളേജിന്റെ അദ്ധ്യയനം തടസ്സപ്പെട്ടിട്ടില്ല. കോളേജിലുണ്ടായ സംഭവങ്ങളെപ്പറ്റി വിശദമായി പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) ഓൺലൈൻ റമ്മി നിയന്ത്രിക്കുന്നതിന് നടപടി

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇരുപതോളം യുവതീയുവാക്കളെ ആത്മഹത്യയിലേയ്ക്ക് നയിക്കുകയും ലക്ഷക്കണക്കിന് ആളുകൾക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഓൺലൈൻ ഗെയിമായ റമ്മി, നിയമംമൂലം നിരോധിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നിരുപദ്രവമെന്ന് തോന്നിപ്പിക്കാവുന്ന ഒട്ടനവധി ഓൺലൈൻ ഗെയിമുകൾ നമ്മുടെ നാട്ടിലുണ്ട്. ഇത്തരം ഓൺലൈൻ ഗെയിമുകളൊക്കെ ആദ്യം തുടങ്ങുന്നത് ഒരു കളിയെന്ന പേരിലും വിനോദോപാധി എന്ന നിലയിലുമാണ്. പക്ഷേ, കുറച്ചുകഴിയുമ്പോഴാണ് ഇതിലെ ചതിക്കുഴികൾ മനസ്സിലാകുന്നത്. ഒട്ടനവധി കുടുംബങ്ങളിലെ കുട്ടികൾ പല മൊബൈൽ ആപ്പുകൾ വഴി ലോണുകളെടുത്തും പലരിൽനിന്നും കടംവാങ്ങിയും വീടുകളിൽനിന്നെടുക്കുന്ന സ്വർണ്ണം പണയം വച്ചും ഇത്തരം കളികളിൽ ഏർപ്പെട്ട് വളരെയധികം പ്രയാസപ്പെടുന്ന

സാഹചര്യമാണുള്ളത്. ചുരുങ്ങിയ സമയത്തിനുള്ളിൽ ധാരാളം പണം കണ്ടെത്താൻ കഴിയുന്ന ഒരു ഉപാധിയെന്നുള്ള നിലയ്ക്കും ഇതിനെ കാണുന്നുണ്ട്. അവസാനം തിരിച്ചുവരാൻ വഴിയില്ലാതെ ആത്മഹത്യയിലേയ്ക്ക് പോകുന്ന സാഹചര്യമാണുള്ളത്. കേരളത്തിലെ ഒരു പ്രധാനപ്പെട്ട മാധ്യമ പ്രവർത്തകൻവരെ ഇത്തരത്തിലുള്ള ഓൺലൈൻ റമ്മിയുടെ ഭാഗമായി ലക്ഷക്കണക്കിന് രൂപയുടെ കടംകാരണമാണ് മരണപ്പെട്ടതെന്ന വാർത്തയും വന്നിട്ടുണ്ട്. ഒട്ടനവധി ചെറുപ്പക്കാർ ഇത്തരത്തിലുള്ള കളികളിൽ ഏർപ്പെടുകയും പിന്നീട് സാമ്പത്തികമായി തകർന്ന് ജീവിതം അവസാനിപ്പിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഗവൺമെന്റ് ഈ ഒരു കാര്യം വളരെ ഗൗരവത്തോടുകൂടി നേരത്തേ കണ്ടുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. 2021-ൽ ഓൺലൈൻ റമ്മി നിരോധിച്ച സാഹചര്യമുണ്ടായി. പക്ഷേ ആ നിരോധനത്തെ മറികടക്കാൻ ഇതുമായി ബന്ധപ്പെട്ട കമ്പനികൾ ഹൈക്കോടതിയെ സമീപിച്ച് ശക്തമായ രീതിയിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അവരുടെ വാദങ്ങൾ ഹൈക്കോടതി അംഗീകരിക്കുകയും സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമത്തിന് പ്രാബല്യമില്ലാതാകുകയും ചെയ്തു. ഓൺലൈൻ റമ്മിയുടെ ഇന്ത്യയിലെ ഏറ്റവും വലിയ മാർക്കറ്റായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. 5 മുതൽ 80 വയസ്സുവരെയുള്ളവരുടെയും കയ്യിൽ ഫോണുണ്ട്. മുമ്പ് കേരളത്തിൽ 8 ഗെയിമിംഗ് കമ്പനികളാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 18 കമ്പനികളാണുള്ളത്. ഓൺലൈൻ റമ്മിയിലൂടെ തെക്കേ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് കേരളത്തിൽ നിന്നാണെന്ന് പറയുന്നു. മുമ്പ് നിയമംമൂലം ഇത് നിരോധിച്ചിരുന്നുവെങ്കിലും പിന്നീടത് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. പക്ഷേ നമുക്ക് ശക്തമായ നിയമത്തിലൂടെ അത് വീണ്ടും നിരോധിക്കാൻ കഴിയും. 1960-ലെ കേരള ഗെയിമിംഗ് ആക്ടിലെ സെക്ഷൻ14 (എ) ഭേദഗതി ചെയ്താൽ ഓൺലൈൻ റമ്മി പൂർണ്ണമായും നിരോധിക്കാവുന്നതാണ്. അതുകൊണ്ട് നിയമംമൂലം ഇത് നിരോധിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സാമൂഹ്യ പ്രസക്തിയുള്ള ഒരു വിഷയമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ സംസ്ഥാനത്ത് പണംവച്ചുള്ള ഓൺലൈൻ റമ്മികളി നിരവധി പേരെ വൻ സാമ്പത്തിക ബാദ്ധ്യതയിലേയ്ക്കും ആത്മഹത്യയിലേയ്ക്കും തള്ളിവിട്ട സാഹചര്യത്തിൽ 2021 ഫെബ്രുവരിയിൽ 1960-ലെ കേരള ഗെയിമിംഗ് ആക്ട് ഭേദഗതി ചെയ്ത് പന്തയം വച്ചുള്ള ഓൺലൈൻ റമ്മികളി നിരോധിക്കുകയുണ്ടായി. എന്നാൽ ഇതിനെതിരെ വിവിധ ഗെയിമിംഗ് കമ്പനികൾ ഫയൽ ചെയ്ത റിട്ട് ഹർജികളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ

27-9-2021-ലെ വിധിന്യായപ്രകാരം പ്രസ്തുത ഭേദഗതി റദ്ദാക്കി. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കുട്ടികളടക്കം ഏതുപ്രായത്തിലുള്ളവർക്കും ലളിതമായും സൗജന്യമായും അക്കൗണ്ട് തുടങ്ങാവുന്ന തരത്തിലും വൻസമ്മാന തുക വാഗ്ദാനം ചെയ്തും ആകർഷകമായ ഓഫർ നൽകിയുമാണ് ഓൺലൈൻ ഗെയിം സൈറ്റുകൾ ആളുകളെ ആകർഷിക്കുന്നത്. ആദ്യം ഫ്രീ ഗെയിമായി ഓഫർ നൽകുകയും പിന്നീട് അടിമപ്പെടുത്തി ചൂതാട്ടത്തിലേയ്ക്ക് നയിക്കുന്നതുമാണ് ഗെയിമിംഗ് കമ്പനികളുടെ രീതി. ഇതിന്റെ അഡ്മിൻമാർ നിരന്തരം കളി നിരീക്ഷിക്കുകയും കൂടുതൽ കളിക്കുന്നതിന് പ്രേരണ നൽകുകയും ചെയ്യും. പിന്നീട് ഇവർ ചതിക്കുഴികളിൽനിന്ന് രക്ഷപ്പെടാനാവാത്ത സ്ഥിതിയിലേയ്ക്ക് വീഴുകയാണുണ്ടാകുന്നത്. എതിർഭാഗത്ത് ആരാണ് കളിക്കുന്നതെന്നതിന് യാതൊരു വ്യക്തതയുമില്ല. നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രോഗ്രാമുകളാണ് എതിർഭാഗത്ത് കളി നിയന്ത്രിക്കുന്നതെന്നുള്ള വിവരങ്ങളാണ് പുറത്തുവരുന്നത്. ഓൺലൈൻ റമ്മി കളിക്ക് പ്രചാരമേറിയതോടെ ഇതിനായി വായ്പ നൽകുന്ന മൊബൈൽ ആപ്പുകളും ഓൺലൈൻ വായ്പാ പരസ്യങ്ങളും വ്യാപകമായിട്ടുണ്ട്. ചെറിയ കളികളിലൂടെ പണം നഷ്ടപ്പെട്ടവർ വായ്പയെടുത്ത് കളിക്കുന്ന സ്ഥിതിയുണ്ട്. പണം സമയത്ത് തിരികെ നൽകാത്തതുമൂലം പലർക്കും ഭീഷണിയും ബ്ലാക്ക് മെയിലിംഗും നേരിടേണ്ടി വരികയും ലക്ഷക്കണക്കിന് രൂപ നഷ്ടമാകുന്നതോടെ ആത്മഹത്യ ചെയ്യുന്ന സാഹചര്യവുമാണുണ്ടാകുന്നത്. അതേസമയം ഒരു ഭാഗത്ത് ഓൺലൈൻ റമ്മിയിലേയ്ക്ക് ആളുകളെ ആകർഷിക്കുന്നതിനായി വൻതോതിൽ പരസ്യപ്രചാരണവും നടക്കുന്നുണ്ട്. കലാരംഗത്തെ പ്രമുഖർ ഇത്തരം പരസ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട് ഓൺലൈൻ ഗെയിമിനെ പ്രോത്സാഹിപ്പിക്കുന്ന ദൗർഭാഗ്യകരമായ സ്ഥിതിയുമുണ്ട്. സാമൂഹിക വിപത്തിന് കൂട്ടുനിൽക്കുന്ന ഇത്തരം നടപടികളിൽനിന്ന് ചിലരെങ്കിലും പിന്മാറാൻ തയ്യാറായത് അനുകരണീയ മാതൃകയാണ്. ഓൺലൈൻ റമ്മികളിക്ക് നിലവിൽ നിരോധനമില്ലാത്ത സാഹചര്യത്തിൽ പോലീസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ സ്കൂളുകളിലും കോളേജുകളിലുമടക്കം ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരികയാണ്. സോഷ്യൽ പോലീസിംഗ് സംവിധാനവും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ വിവിധ പദ്ധതികൾ വഴിയും മാധ്യമങ്ങൾ മുഖേനയും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ഓൺലൈൻ റമ്മികളിയുടെ പേരിലുള്ള തട്ടിപ്പുകൾക്കും മറ്റ് സൈബർ കുറ്റകൃത്യങ്ങൾക്കുമെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമവിധിക്ക് വിധേയമായി റമ്മി ഉൾപ്പെടെയുള്ള ഓൺലൈൻ ഗെയിമുകൾ ശക്തമായി നിയന്ത്രിക്കുന്നതിനുള്ള പഴുതടച്ചതും ഫലപ്രദവുമായ നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലുമാണ്.

## (3) കുറ്റ്യാടി പുഴയോര സംരക്ഷണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കുറ്റ്യാടി പുഴയോരം സംരക്ഷിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 168.42 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള നിയോജകമണ്ഡലമാണ് കുറ്റ്യാടി. അതിന്റെ വിസ്തീർണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. മണ്ഡലത്തിന്റെ കിഴക്കേ അതിർത്തിയിൽ ഏകദേശം 33 കിലോമീറ്റർ ദൂരത്തിൽ കുറ്റ്യാടി പുഴ ഒഴുകുകയാണ്. വേളം, കുറ്റ്യാടി, ആയഞ്ചേരി, മണിയൂർ തുടങ്ങിയ പഞ്ചായത്തുകളിലെ കൃഷിസ്ഥലങ്ങളും കൃഷിയിടങ്ങളും വെള്ളത്തിൽ ഒഴുകിപ്പോയി വലിയ രൂപത്തിലുള്ള നാശനഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിരവധി വീടുകളും കൃഷിയിടങ്ങളും ഏതുനിമിഷവും ഒഴുകിപ്പോകുമെന്നുള്ള അവസ്ഥയാണ്. ഭയവിഹ്വലരായാണ് പുഴയോരവാസികൾ കഴിയുന്നത്. കഴിഞ്ഞ 5 വർഷത്തിനിടയിൽ 33 കിലോമീറ്റർ ദൈർഘ്യമുള്ള കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനുവേണ്ടി നാമമാത്രമായ സാമ്പത്തിക സഹായമാണ് ലഭിച്ചത്. കുറ്റ്യാടി, വേളം, തിരുവള്ളൂർ, മണിയൂർ എന്നീ പഞ്ചായത്തുകളിലെ അപകടാവസ്ഥയിലുള്ള പുഴയോര ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് 11.37 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് അടിയന്തരമായി അംഗീകാരം നൽകണമെന്നും സ്ഥലം നഷ്ടപ്പെട്ട ഉടമകൾക്ക് നഷ്ടപരിഹാരം നൽകണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി, വേളം, മണിയൂർ, തിരുവള്ളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ ഉദ്ദേശം 33.33 കിലോമീറ്റർ നീളത്തിൽ കടന്നുപോകുന്ന കുറ്റ്യാടി പുഴയുടെ വിവിധ ഭാഗങ്ങളിൽ കാലാകാലങ്ങളായുള്ള ശക്തമായ ഒഴുക്ക് കാരണം കരയിടിച്ചിൽ സംഭവിച്ചിട്ടുണ്ട്. കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി 7 പ്രവൃത്തികളാണ് അംഗീകാരം നൽകി പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ, കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 40.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി വേളം പഞ്ചായത്തിലെ ചോയിമഠം-കക്കടവത്ത് എന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുറ്റ്യാടി, തിരുവള്ളൂർ, വേളം, മണിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ പുഴയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ ചെയ്യുന്നതിനാണ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ പൊതുവെയുണ്ടാകുന്ന ഫ്ലഡ് കൺട്രോൾ ചെയ്യാനുള്ള സാധ്യതകൾ

കണ്ടെത്തുന്നതിന് ഒരു പഠനം ആവശ്യമായി വന്നിരിക്കുന്നു. കുറ്റ്യാടി പുഴയുടെ ഭാഗമായാണ് കക്കയം, പെരുവണ്ണാമൂഴി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ നിലകൊള്ളുന്നത്. കുറ്റ്യാടി പുഴ വടകര വഴി ഒഴുകി അറബിക്കടലിലേയ്ക്കാണ് എത്തിച്ചേരേണ്ടത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ആലോചിച്ച് കേരളത്തിലെ ഡാമുകളിൽ പവർ ജനറേഷന്റെയും ഇറിഗേഷന്റെയും സാധ്യത പരിശോധിക്കാനും അതിലൂടെ കേരളത്തിലുണ്ടാകുന്ന ഫ്ലഡ് കൺട്രോൾ ചെയ്യാനും സാധിക്കത്തക്ക സാഹചര്യം സൃഷ്ടിക്കാനുള്ള ഒരു പഠനത്തിന് രൂപം നൽകാൻ തീരുമാനിക്കുകയാണ്. പുഴയോരം പൂർണ്ണമായും കെട്ടിസംരക്ഷിക്കാനുള്ള തുക ഒരുതരത്തിലും നമുക്ക് കണ്ടെത്താൻ സാധിക്കുന്നില്ല. ഇത്തരം പദ്ധതികൾ വിഭാവന ചെയ്ത് ആ പ്രദേശത്തെ സംരക്ഷിക്കാനുള്ള സ്പെഷ്യൽ സ്കീം രൂപപ്പെടുത്താമോ എന്നുകൂടി ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(4) <u>വയനാട്- കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണം</u>

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സംസ്ഥാനത്തെ വൈദ്യുതി പ്രസരണം സുഗമമാക്കുന്നതിന്റെ ഭാഗമായി നിർമ്മാണം ആരംഭിക്കുന്ന കാസർഗോഡ്-വയനാട് നോർത്ത് ഗ്രീൻ കോറിഡോർ 400 കെ.വി. ലൈൻ പദ്ധതി കടന്നുപോകുന്ന മേഖലയിലെ കർഷക ജനവിഭാഗങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ സാമാജികർ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ ഉന്നതതല യോഗം വിളിച്ചതിന് നന്ദിയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കയകറ്റുന്ന തീരുമാനങ്ങൾ ഉടൻ പ്രഖ്യാപിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഈ പദ്ധതിയെ ഞങ്ങളെല്ലാവരും സ്വാഗതം ചെയ്യുന്നു; അതിന് എല്ലാ പിന്തുണയും നൽകുന്നു. എന്നാൽ ഇതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ആയിരക്കണക്കിന് ആളുകളെ കുടിയിറക്കുന്ന വിധത്തിലുള്ള നടപടി ആർക്കും അംഗീകരിക്കാൻ കഴിയില്ല. നിർദ്ദിഷ്ട 400 കെ.വി. ലൈൻ ജനവാസ കേന്ദ്രങ്ങളിലൂടെയും കൃഷി ഭൂമിയിലൂടെയുമാണ് കടന്നുപോകുന്നത്. ഇതിൽ കൃഷിഭൂമി വിട്ടുനൽകേണ്ടി വരുന്ന 95% ആളുകളും പാവപ്പെട്ട നാമമാത്ര കർഷകരാണ്. അവർ ഇപ്പോൾത്തന്നെ കാർഷിക മേഖലയിലെ പ്രതിസന്ധിമൂലം വലിയൊരു വറുതിയിലാണുള്ളത്. ടവർ നിർമ്മാണത്തിനും ലൈൻ കടന്നുപോകുന്ന റൂട്ടിൽ 46 മീറ്റർ വീതിയിൽ ബഫർ സോണായും നിജപ്പെടുത്തുമ്പോൾ കർഷകർക്ക് വലിയ നഷ്ടമാണുണ്ടാകുന്നത്. ഇവിടെ കൃഷി ചെയ്യാനോ വീട് നിർമ്മിക്കാനോ സാധിക്കാത്ത അവസ്ഥയാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക വളരെ തുച്ഛമാണ്. ഇരകളായ ജനങ്ങളെ അവഹേളിക്കുന്ന തരത്തിലുള്ള വിലയാണ് ഇപ്പോഴിട്ടിരിക്കുന്നത്. ടവർ സ്റ്റാൻഡിംഗ് ഏരിയയ്ക്ക് ഭൂമിയുടെ ഫെയർ വാല്യുവിന്റെ

85 ശതമാനവും ലൈൻ കോറിഡോറിന് ഫെയർ വാല്യുവിന്റെ 15 ശതമാനവുമാണ് നഷ്ടപരിഹാരം നിശ്ചയിച്ചിരിക്കുന്നത്. മലയോര മേഖലകളിലെ ഫെയർ വാല്യു വളരെ കുറവാണെന്നത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഉളിക്കൽ, പയ്യാവൂർ, ഏരുവേശ്ശി, നടുവിൽ, ആലക്കോട്, ഉദയഗിരി എന്നീ 6 പഞ്ചായത്തുകളിലൂടെ ഈ ലൈൻ കടന്നുപോകുകയാണ്. പേരാവൂർ മണ്ഡലം, കാസർഗോഡ് ജില്ലയിലെ നിയോജകമണ്ഡലങ്ങൾ എന്നിങ്ങനെ നിരവധി നിയോജക മണ്ഡലങ്ങളിലൂടെയാണ് ഇത് കടന്നുപോകുന്നത്. ജനപ്രതിനിധികളുമായോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ജനങ്ങളുമായോ ചർച്ച ചെയ്യാതെ പദ്ധതി പ്രവർത്തനങ്ങൾ രഹസ്യമായി മുന്നോട്ട് കൊണ്ടുപോകുന്നത് പ്രതിഷേധാർഹമാണ്. ഈ ആശങ്കമൂലം കക്ഷി രാഷ്ട്രീയത്തിനതീതമായി ജനങ്ങളെല്ലാം പ്രക്ഷോഭത്തിനൊരുങ്ങുകയാണ്. അതിനുള്ള സാഹചര്യം ഒഴിവാക്കണം. കെ.എസ്.ഇ.ബി.എൽ. ഇപ്പോൾ കർഷകർക്ക് ഭീഷണി സ്വരത്തിലൂടെയുള്ള നോട്ടീസാണ് നൽകുന്നത്. നഷ്ടപരിഹാരം നൽകുന്നതിന് ന്യായമായ തുക നിശ്ചയിക്കുന്നതുവരെ സർവ്വേ നടപടികൾ നിർത്തിവയ്ക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. പ്രധാനപ്പെട്ട മൂന്നുനാല് ആവശ്യങ്ങളാണ് ജനങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. ജനവാസ മേഖലകളെ പരമാവധി ഒഴിവാക്കി വനാതിർത്തിയോട് ചേർന്നുള്ള പുതിയൊരു അലൈൻമെന്റ് പരിശോധിക്കണം. കൂടാതെ ടവർ സ്ഥാപിക്കുന്ന സ്ഥലത്തിനും ബഫർ സോണായി നിശ്ചയിക്കുന്ന സ്ഥലത്തിനും മാർക്കറ്റ് വിലയുടെ രണ്ടിരട്ടി തുക നഷ്ടപരിഹാരമായി നിശ്ചയിക്കണം. ഇടമൺ-കൊച്ചി പ്രസരണ ലൈനിന് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനായി സർക്കാർ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അത്തരത്തിൽ ഈ പദ്ധതിക്കും ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ദേശീയപാത, എയർപോർട്ട് എന്നിവയ്ക്ക് സ്ഥലം ഏറ്റെടുത്ത മാതൃകയിൽ നഷ്ടപരിഹാരം നൽകുകയും ചെയ്യണം. ഇപ്പോഴുള്ള നഷ്ടപരിഹാരത്തുക വളരെ പരിമിതമാണ്. ഫെയർ വാല്യുവിന്റെ 15%, 85% എന്നുപറയുന്നത് അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. ബഹുമാന്യരായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമെല്ലാം വളരെ ശക്തമായി ഇടപെട്ടുകൊണ്ട് ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്. വയനാട്-കാസർഗോഡ് 400 കെ.വി. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കെ.എസ്.ഇ.ബി.എൽ. നഷ്ടപരിഹാരം നൽകുന്നത്. പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച് പ്രസരണലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനവും ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ 85 ശതമാനവും നഷ്ടപരിഹാരം

നൽകുന്നതാണ്. കൂടാതെ നഗര പരിധിയിലൂടെയാണ് ലൈൻ കടന്നു പോകുന്നതെങ്കിൽ ലൈൻ കടന്നുപോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവില 15% അധികമായി നൽകുന്നതാണ്. പ്രസരണലൈൻ നിർമ്മിക്കുന്നതുമൂലമുണ്ടാകുന്ന വിളകളുടെയും മരങ്ങളുടെയും നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാര തുകയ്ക്ക് പുറമേയാണിത്. ബഹുമാനപ്പെട്ട സാമാജികരുമായൊക്കെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ലൈൻ നിർമ്മാണം സംബന്ധിച്ച് ബന്ധപ്പെട്ട കളക്ടർമാരിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കി സ്പെഷ്യൽ പാക്കേജ് രൂപപ്പെടുത്തുന്നതിനായി ഒരു സമഗ്ര റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (5) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണവും മലബാർ ദേവസ്വം ബിൽ നിയമമാക്കലും

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ജീവനക്കാർക്ക് 10 വർഷത്തെ കാത്തിരിപ്പിനുശേഷം 2019 മുതൽ മുൻകാല പ്രാബല്യം നൽകി 2021-ൽ ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചു. എന്നാൽ അതിൽ അപാകതകൾ ഉള്ളതിനാൽ അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളടങ്ങുന്ന റിപ്പോർട്ട് ദേവസ്വം ബോർഡ് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണം നടപ്പാക്കാത്തതിനെ തുടർന്ന് ജീവനക്കാർ പ്രക്ഷോഭത്തിലാണ്. അതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ സർക്കാരിന്റെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും ഇടപെടലുണ്ടാകണം. ക്ഷേത്രങ്ങളും ജീവനക്കാരും നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കണം. ഇക്കാര്യം പരിഗണിച്ച് മലബാർ ദേവസ്വം ബിൽ നിയമമാക്കുന്നതിനുള്ള അടിയന്തര നടപടിയും സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ടി. പി. രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷൻ നേരത്തെ സഭയിൽ ചർച്ച ചെയ്ത കാര്യമാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് 12-2-2021-ലാണ് സർക്കാർ ഉത്തരവായത്. 1-1-2019 മുതൽ മുൻകാല പ്രാബല്യം നൽകിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവിൽ ചില അനോമലികൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അവ പരിഹരിച്ചുകൊണ്ട് 11-1-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗത്തിന്റെ 64-ാം നമ്പർ തീരുമാനപ്രകാരം കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയും സർക്കാരിന്റെ സാധൂകരണത്തിന് സമർപ്പിക്കുകയും ചെയ്തു. ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലെ അനോമലികൾ ബോർഡ് നേരിട്ട് പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമ പ്രശ്നങ്ങളും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ

13-7-2022-ൽ ദേവസ്വം ബോർഡ് ഈ വിഷയം ചർച്ച ചെയ്യുകയും പുതുക്കിയ ശിപാർശകൾ തുടർനടപടി സ്വീകരിക്കുന്നതിനായി കമ്മീഷണർ സർക്കാരിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പ് അത് പരിശോധിക്കുകയാണ്. എത്രയുംപെട്ടെന്ന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാകുമെന്നാണ് കണക്കാക്കുന്നത്. അനോമലികൾ പരിഹരിച്ചുകൊണ്ട് എത്രയുംപെട്ടെന്ന് ക്ഷേത്ര ജീവനക്കാർക്കുള്ള ശമ്പള പരിഷ്കരണം നടപ്പാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. രണ്ടാമത് അദ്ദേഹം പറഞ്ഞത്, മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിയമ പരിഷ്കരണത്തെ സംബന്ധിച്ചാണ്. പ്രസ്തുത നിയമം തയ്യാറാക്കിയിട്ടുണ്ട്. അടുത്ത സഭാ സമ്മേളനത്തിൽ പ്രസ്തുത നിയമം പാസ്സാക്കിയെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അതിനുവേണ്ടിയുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(6) സർക്കാർ സ്കൂളുകളിലെ ഇ-വേസ്റ്റ് നീക്കം ചെയ്യൽ

ശ്രീ. എം. നൗഷാദ്: സർ, നമ്മുടെ വിദ്യാലയങ്ങളിലെ ഇ-വേസ്റ്റ് നീക്കം ചെയ്യുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല വിവിധ തലങ്ങളിൽ ലോകത്തിന് മാതൃകയാണ്. കേരളത്തിലെ 14 ജില്ലകളിലായി 4700 സർക്കാർ സ്കൂളുകളും 7200 എയ്ഡഡ് സ്കൂളുകളും ഉൾപ്പെടെ നമുക്ക് പന്ത്രണ്ടായിരത്തോളം പൊതുവിദ്യാലയങ്ങളാണുള്ളത്. അതിൽ 2597 എൽ.പി. സ്കൂളുകളും 873 യു.പി. സ്കൂളുകളുമുണ്ട്. പ്രാഥമികതലം മുതൽ ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിനാണ് നമ്മൾ ഊന്നൽ നൽകുന്നത്. പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയർ കുത്തകകളെ പൂർണ്ണമായും ഒഴിവാക്കി ഫ്രീ സോഫ്റ്റ്‌വെയർ (ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ) ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസ രീതിയാണ് നമ്മൾ നടത്തുന്നത്. ലോകത്തെ ഫ്രീ സോഫ്റ്റ്‌വെയറിന്റെ അതികായൻമാരിൽ ഒരാളായ റിച്ചാർഡ് സ്റ്റാൾമാൻ ഉൾപ്പെടെയുള്ളവരുടെ അംഗീകാരവും ആദരവും ലഭിച്ചിട്ടുള്ളതാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. പക്ഷേ വർഷങ്ങൾക്കുമുമ്പുള്ള ഉബണ്ടു 18.04 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റമാണ് നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നത്. ഐ.ടി. മിഷനും കൈറ്റുമാണ് (KITE - Kerala Infrastructure and Technology for Education) ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അതിന്റെ പുതിയ വെർഷനായ ഉബണ്ടു 20.10 എന്ന ഓപ്പറേറ്റിംഗ് സിസ്റ്റം തയ്യാറായിക്കഴിഞ്ഞു. അത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്. 2005-06 കാലഘട്ടം മുതൽ നമ്മുടെ എൽ.പി., യു.പി. സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ പലതും 128 MB, 256 MB, 512 MB റാമുകളുള്ളതും 32 GB മെമ്മറി സ്പേസ് മാത്രമുള്ളവയുമാണ്. ഇന്നത്തെ കാലഘട്ടത്തിൽ അനുപയോഗിച്ചുള്ള ഐ.ടി. പഠനം അസാധ്യമായതിനാൽ ഈ കമ്പ്യൂട്ടറുകളെല്ലാം ഇപ്പോൾ വിദ്യാലയങ്ങളിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇവ ക്ലാസ് മുറികളിൽ ഡംബ് ചെയ്തിരിക്കുന്നതിന്റെ ഭാഗമായി പഠന സൗകര്യങ്ങൾ കുറയുകയും

ഇ-വേസ്റ്റുകൾ വർദ്ധിക്കുകയും ചെയ്യുന്നു. ഇ-വേസ്റ്റുകൾ ഒഴിവാക്കി ക്ലാസ് മുറികൾ പഠന സൗകര്യത്തിന് സജ്ജമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എം. നൗഷാദ്, എം.എൽ.എ. ഉന്നയിച്ച ഇ-മാലിന്യത്തെ സംബന്ധിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. അദ്ദേഹം നല്ലതുപോലെ ഗൃഹപാഠം ചെയ്താണ് വിഷയം അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുള്ള ഹൈടെക് ഉപകരണങ്ങളിൽ 2008 മാർച്ച് മാസം 31-ന് മുൻപ് നൽകിയവയിൽ പ്രവർത്തന യോഗ്യമല്ലാത്തവ സ്കൂൾതല സമിതി പരിശോധിച്ച് ഇ-മാലിന്യ വിഭാഗത്തിൽ ഉൾപ്പെടുത്താനും ഇവ ക്ലീൻ കേരള കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി വഴി ശേഖരിക്കുന്നതിനും 2017 ജൂൺ 20-ലെ സർക്കാർ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 2019 ജൂൺ 14 വരെയുള്ള 741 ടൺ ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ചുമതലപ്പെടുത്തിയ ഏജൻസികൾവഴി വിദ്യാലയങ്ങളിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം 2008 മാർച്ച് 31-നുശേഷം ലഭിച്ച ഉപകരണങ്ങളുടെയും വോൾട്ട്-ആമ്പിയർ യു.പി.എസ്., സി.ആർ.ടി. മോണിറ്റർ, കീബോർഡ്, മൗസ് എന്നിവയുടെയും കാര്യത്തിൽ സ്കൂൾതല സമിതി പരിശോധിച്ച് KITE-നെ വിശദാംശം അറിയിക്കുകയും KITE ചുമതലപ്പെടുത്തുന്ന സാങ്കേതിക വിദഗ്ദ്ധരുടെ പരിശോധനയ്ക്കുശേഷം മാത്രം ഇവ ഇ-മാലിന്യമായി പരിഗണിക്കുന്നതിനും ആയതിനുശേഷം രണ്ടാംഘട്ടമായി അവ നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-മാലിന്യം എന്ന നിലയിൽ മാറ്റേണ്ട അവസ്ഥ ഉണ്ടായിരുന്നാലും ഗവൺമെന്റ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ അത് മാറ്റാൻ സാധിക്കു എന്നത് കാലതാമസം ഉണ്ടാക്കുന്നുണ്ട്. ഇത്തരത്തിൽ സ്കൂളുകളിൽ ഇ-വേസ്റ്റ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് അടിയന്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് ആവശ്യമായ നടപടി സ്വീകരിക്കാം.

(7) ആറ്റിങ്ങലിലെ ദേശീയപാത വികസനം

ശ്രീമതി ഒ. എസ്. അംബിക: സർ, ദേശീയപാതയിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടയിലെ പ്രധാന പട്ടണമാണ് ആറ്റിങ്ങൽ. രൂക്ഷമായ ഗതാഗതക്കുരുക്കാണ് ആറ്റിങ്ങലിൽ ഉണ്ടായിരുന്നത്. ഈ പട്ടണത്തിലെ ദേശീയപാത വികസനം സംസ്ഥാനത്തിനുതന്നെ മാതൃകയായാണ് നടപ്പാക്കിയത്. പുറമ്പോക്ക് ഭൂമി ഏറ്റെടുത്തും ലക്ഷങ്ങൾ വിലയുള്ള ഭൂമി നാട്ടുകാർക്ക് സൗജന്യമായി വിട്ടുനൽകിയുമാണ് വികസനത്തിനാവശ്യമായ സ്ഥലം കണ്ടെത്താനായത്. ദേശീയപാത വികസനത്തിനുള്ള തുക സംസ്ഥാന സർക്കാരാണ് അനുവദിച്ചത്. പട്ടണത്തിലെ ഗതാഗതക്കുരുക്കിന് വലിയതോതിൽ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടെങ്കിലും പ്രധാന ജംഗ്ഷനായ കച്ചേരിനടയിൽ

ഇപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. സമീപത്തെ പോസ്റ്റോഫീസിന്റെ സ്ഥലം വിട്ടുകിട്ടാത്തതാണ് കാരണം. ഈ സ്ഥലം വിട്ടുകിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഒ. എസ്. അംബിക ഉന്നയിച്ചത്. ആറ്റിങ്ങൽ ജംഗ്ഷനിലെ കച്ചേരിനട പോസ്റ്റോഫീസിന്റെ അധീനതയിലുള്ള 2.43 സെന്റ് ഭൂമി ലഭിച്ചാൽ അവിടത്തെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ സാധിക്കുന്നതാണ്. നേരത്തെ ഈ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതി നടപ്പിലാക്കിയിരുന്നു. ബഹുമാനപ്പെട്ട അംഗം ഇതുസംബന്ധിച്ച് സൂചിപ്പിച്ചതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. ഈ പ്രശ്നംകൂടി പരിഹരിക്കേണ്ടതാണ്. പോസ്റ്റോഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലമായതിനാൽ അത് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിലേയ്ക്കായി രണ്ട് തവണ കേന്ദ്ര വാർത്താ വിനിമയ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രശ്നം പരിഹരിക്കപ്പെട്ടില്ലെങ്കിലും ശ്രമം തുടരുകയാണ്. റോഡ് വികസനത്തിനും മറ്റുമായി പലയിടങ്ങളിലും പോസ്റ്റോഫീസിന്റെ സ്ഥലം ആവശ്യമുണ്ട്. റിവ്യൂ നടത്തിയ സമയത്ത് കേരളത്തിലെ മറ്റ് ചില നിയമസഭാ മണ്ഡലങ്ങളിലും സമാന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ആറന്മുള നിയോജകമണ്ഡലത്തിലും പോസ്റ്റോഫീസിന്റെ സ്ഥലം വിട്ടുകിട്ടാത്ത പ്രശ്നമുണ്ട്. കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് പോസ്റ്റോഫീസിന്റെ അധീനതയിലുള്ള സ്ഥലമേറ്റെടുക്കൽ വിഷയം പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താമെന്നുള്ളത് സഭയെയും അംഗത്തേയും അറിയിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ജംഗ്ഷൻ വികസനത്തിനായുള്ള എല്ലാ പ്രവർത്തനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിന്റെ സഹകരണവും പിന്തുണയുമുണ്ടാകും.

(8) മലപ്പുറത്ത് പുതിയ പി.ഡബ്ല്യു.ഡി. ഓഫീസുകൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാധീനതകളാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മലപ്പുറം ജില്ലയിലെ ഓരോ പി.ഡബ്ല്യൂ.ഡി. ഓഫീസിന്റെ കീഴിലും വലിയ അധികാരപരിധിയും അമിത ജോലിഭാരവുമാണുള്ളത്. ഇത് മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളെയും വികസന പ്രവർത്തനങ്ങളെയും സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളേയും വിപരീതമായി ബാധിക്കുകയാണ്. ഉദാഹരണത്തിന് 1400 കിലോമീറ്റർ റോഡുള്ള ആലപ്പുഴ ജില്ലയിൽ റോഡ് വിഭാഗത്തിന് 13 സെക്ഷനും 5 സബ് ഡിവിഷനും പ്രവർത്തിക്കുമ്പോൾ, 2375 കിലോമീറ്റർ റോഡുള്ള മലപ്പുറം ജില്ലയിൽ 11 സെക്ഷനും 4 സബ് ഡിവിഷനുമാണുള്ളത്. അതുപോലെ 9 നിയമസഭാ

മണ്ഡലങ്ങളുള്ള ഒരു ജില്ലയിൽ ബിൽഡിംഗ് വിഭാഗത്തിന് 11 സെക്ഷനും 4 സബ് ഡിവിഷനുമുള്ളപ്പോൾ 16 നിയമസഭാ മണ്ഡലങ്ങളുള്ള മലപ്പുറം ജില്ലയിൽ 12 സെക്ഷനും 3 സബ് ഡിവിഷനുമാണുള്ളത്. ഇക്കാരണത്താൽ മലപ്പുറം ജില്ലയിൽ ആനുപാതികമായി റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ് എന്നീ വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഭരണവിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 10-8-2021-ലെ EA2-10244/2020 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലയിൽ രൂപീകരിക്കേണ്ട പുതിയ പി.ഡബ്ല്യൂ.ഡി. ഓഫീസുകളുടെ ലിസ്റ്റും സൃഷ്ടിക്കേണ്ട തസ്തികകളും ഉൾക്കൊള്ളുന്ന റിപ്പോർട്ട് ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് തുടർനടപടിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. പി.ഡബ്ല്യൂ.ഡി. ദേശീയ പാതകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ.) ഏറ്റെടുത്തതോടെ പി.ഡബ്ല്യൂ.ഡി. എൻ.എച്ച്.എ.ഐ. വിഭാഗത്തിൽ ജോലിഭാരം ഗണ്യമായി കുറയുകയും അതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ടെക്നിക്കൽ, ക്ലറിക്കൽ തസ്തികകൾ മറ്റ് ഓഫീസുകളിലേയ്ക്ക് പുനർവിന്യാസം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ജില്ലയിൽ പി.ഡബ്ല്യൂ.ഡി. എൻ.എച്ച്.എ.ഐ. വിഭാഗത്തിന് മലപ്പുറം എൻ.എച്ച്. ഡിവിഷൻ, പെരിന്തൽമണ്ണ എൻ.എച്ച്. സബ് ഡിവിഷൻ, കുറ്റിപ്പുറം എൻ.എച്ച്. സബ് ഡിവിഷൻ എന്നീ ഓഫീസുകളാണുള്ളത്. ഈ ഓഫീസുകളിൽ ടെക്നിക്കൽ, ക്ലറിക്കൽ തസ്തികകൾ പുനർവിന്യസിക്കുമ്പോൾ അധികവും മറ്റ് ജില്ലകളിലേയ്ക്കാണ് മാറ്റുന്നത്. ഉദാഹരണത്തിന് ഓവർസിയർമാരുടെ 17 തസ്തികകൾ പുനർവിന്യസിച്ചപ്പോൾ 9 തസ്തികകളും ക്ലറിക്കൽ വിഭാഗത്തിൽ 16 തസ്തികകൾ പുനർവിന്യസിച്ചപ്പോൾ 8-ഉം മറ്റ് ജില്ലകളിലേയ്ക്കാണ് മാറ്റിയത്. പുനർവിന്യസിക്കുന്ന ഈ തസ്തികകൾ ഉപയോഗിച്ചുകൊണ്ട് അധിക സാമ്പത്തിക ബാധ്യതയില്ലാതെ മലപ്പുറം ജില്ലയിൽ റോഡ്സ്, ബിൽഡിംഗ് വിഭാഗങ്ങളിൽ വളരെ അത്യാവശ്യമുള്ള പുതിയ ഓഫീസുകൾ രൂപീകരിക്കാവുന്നതാണ്. അതുവഴി ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് നൽകിയ പുതിയ ഓഫീസുകൾ രൂപീകരിക്കാനുള്ള ശിപാർശ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ നടപ്പിലാക്കുകയും ചെയ്യാമായിരുന്നു. മലപ്പുറം ജില്ലയിൽ മലപ്പുറം എൻ.എച്ച്. ഡിവിഷൻ, പെരിന്തൽമണ്ണ എൻ.എച്ച്. സബ്ഡിവിഷൻ, കുറ്റിപ്പുറം എൻ.എച്ച്. സബ്ഡിവിഷൻ എന്നീ ഓഫീസുകളുടെ സാംഗ്ഷൻഡ് തസ്തികകൾ ഉപയോഗിച്ചുകൊണ്ട് സർക്കാരിന് ഇത് നിർവ്വഹിക്കാവുന്നതാണ്. അതുകൊണ്ട് മലപ്പുറം ജില്ലയിൽ പുതിയ പി.ഡബ്ല്യൂ.ഡി. ഓഫീസുകൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. നോഡൽ ഓഫീസർമാരെ നിയോഗിച്ചുകൊണ്ട് എല്ലാ നിയോജകമണ്ഡലങ്ങളിലെയും റോഡുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഹരിക്കുന്നതിന് അങ്ങ് വിളിച്ചുചേർക്കുന്ന യോഗങ്ങളിൽത്തന്നെ വലിയ പരാതികളാണ് ഉദ്യോഗസ്ഥർ ഉന്നയിക്കുന്നത്. പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റം,

ഇ-ഓഫീസ്, ടാസ്ക് ഫോഴ്സ്, കംപ്ലയിന്റ് റിഡ്രസ്സൽ എന്നിവയടക്കം പൊതുമരാമത്ത് വകുപ്പ് 16 തലങ്ങളിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ അവർക്കാവശ്യമായ വാഹനങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ല. അതുകൊണ്ട് ഇവരുടെ പരാധീനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കൂടാതെ 16 നിയോജകമണ്ഡലങ്ങളുള്ള മലപ്പുറം ജില്ലയിൽ ഒട്ടേറെ കിഫ്ബി പദ്ധതികളും മറ്റ് പ്രവൃത്തികളും നടക്കുകയാണ്. എന്നാൽ മലപ്പുറത്ത് കേരള റോഡ് ഫണ്ട് ബോർഡിന് ഒരു ഓഫീസ് പോലുമില്ല; അത് ഷൊർണ്ണൂരാണുള്ളത്. അതുകൊണ്ട് ഷൊർണ്ണൂരുമായി ബന്ധപ്പെടേണ്ടിവരികയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വകുപ്പിന്റെ ഉന്നമനത്തിനുമായുള്ള പ്രവർത്തനങ്ങൾക്കുതകുന്ന തരത്തിലുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ വളരെ പ്രസക്തമായ വിഷയമാണ് സബ്മിഷനിലൂടെ ഇവിടെ ഉന്നയിച്ചത്. അതിനുപുറമേ രണ്ട് കാര്യങ്ങൾ പറഞ്ഞുവെങ്കിലും സബ്മിഷനിലെ വിഷയം പ്രസക്തമാണ്. ഒരു വകുപ്പിന്റെ താഴെത്തട്ടിലുള്ള പ്രശ്നം സബ്മിഷനായി കൊണ്ടുവരാൻ തയ്യാറായ അദ്ദേഹത്തിന്റെ നിലപാടിനെ സ്വാഗതം ചെയ്യുന്നു. ഈ വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്; അതിന് പരിഹാരം കാണേണ്ടതുണ്ട്. അതുപോലെ ഉദ്യോഗസ്ഥരെ താരതമ്യം ചെയ്താൽ ചിലർ കഠിനാധ്വാനികളായിരിക്കും; ചിലർ അലസരായിരിക്കും; ഭൂരിപക്ഷവും നല്ലതുപോലെ ജോലി ചെയ്യുന്നവരാണ്. എന്നാൽ അവരുടെ വർക്ക്ലോഡും ചുമതലയുള്ള ഏരിയകളും പരിശോധിക്കേണ്ടതുണ്ട്. ദേശീയപാത ഹാൻഡ് ഓവർ ചെയ്തതിന്റെ ഭാഗമായി മഹാഭൂരിപക്ഷം റോഡിന്റെയും ചുമതല കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ.എച്ച്.എ.ഐ.-യ്ക്കാണ്. നിലവിൽ കേന്ദ്ര സർക്കാരിനുകീഴിൽ 1233 കിലോമീറ്ററും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 548 കിലോമീറ്ററുമാണ് നാഷണൽ ഹൈവേയുള്ളത്. എന്നാൽ നാഷണൽ ഹൈവേ 1800 കിലോമീറ്റർ ഉണ്ടായിരുന്നപ്പോഴും അത് നാലിലൊന്നായി വെട്ടിച്ചുരുക്കിയപ്പോഴും പി.ഡബ്ല്യു.ഡി. ദേശീയപാത വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം കുറച്ചിട്ടില്ലായിരുന്നു. പി.ഡബ്ല്യു.ഡി. എൻ.എച്ച്. വിഭാഗത്തിൽ നേരത്തെ 8 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉണ്ടായിരുന്നു. 1800 കിലോമീറ്റർ നാഷണൽ ഹൈവേ ഉണ്ടായിരുന്നപ്പോഴുള്ള ടെക്നിക്കൽ/നോൺ ടെക്നിക്കൽ സ്റ്റാഫാണ് 548 കിലോമീറ്റർ ആയപ്പോഴുമുണ്ടായിരുന്നത്. അവർക്ക് പ്രത്യേകിച്ച് പണിയൊന്നുമില്ലാത്ത സ്ഥിതിയായിരുന്നു. അതുകൊണ്ടാണ് അവരെ മറ്റു സ്ഥലങ്ങളിലേയ്ക്ക് പുനർവിന്യസിച്ചത്. മലപ്പുറം ജില്ലയിലെ വിഷയവും പ്രസക്തമാണ്. പൊതുവെ പൊതുമരാമത്ത് വകുപ്പിലെ ചില ഓഫീസുകൾ ടൈറ്റാണ്. ചീഫ് എഞ്ചിനീയറുടെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഓഫീസുകളിൽ വളരെ തിരക്കാണ്. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറിന് മുകളിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് തിരക്കില്ലാതെ, ഫ്രീയായി

നിൽക്കുകയാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലും തിരക്കില്ല; ഒരു ക്രമീകരണം വരുത്തി ഈ അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്. ഇതുസംബന്ധിച്ച് പി.ഡബ്ല്യു.ഡി. മിഷൻ ഗൗരവമായ പരിശോധന നടത്തി. മലപ്പുറം ജില്ലയിൽ മാത്രമല്ല, പല ജില്ലകളിലും ഈ പ്രശ്നമുണ്ട്. ഉദാഹരണമായി മഞ്ചേരി, പൊന്നാനി സബ്ഡിവിഷനുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ധാരാളമുണ്ട്. മഞ്ചേരി സബ്ഡിവിഷന്റെ കീഴിൽ 912.96 കിലോമീറ്റർ റോഡാണുള്ളതെങ്കിൽ പൊന്നാനി സബ്ഡിവിഷന് 266.32 കിലോമീറ്റർ മാത്രമേയുള്ളൂ, രണ്ടും സബ്ഡിവിഷനുകളാണ്. പൊതുവെ ഒരു അസന്തുലിതാവസ്ഥ കാണാൻ സാധിക്കും. ഈ സാഹചര്യത്തിലാണ് ഇതുസംബന്ധിച്ച് സമഗ്ര പഠനം നടത്താനായി ഐ.എം.ജി.യെ ചുമതലപ്പെടുത്തിയത്. അതിനുപുറമേ രണ്ടാഴ്ചയിലൊരിക്കൽ പൊതുമരാമത്ത് വകുപ്പിന്റെ മിഷൻടീം യോഗംകൂടി ഗൗരവമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അടുത്ത മീറ്റിംഗിൽ ഈ വിഷയം പ്രത്യേകമായി പരിഗണനയ്ക്കെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്; പരിഹരിക്കാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ രണ്ടുകാര്യങ്ങൾക്കുകൂടി മറുപടി പറയാതെ പോകുന്നത് ശരിയല്ല. കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം (സി.എം.ടി.) സംവിധാനം ഫലപ്രദമാണ്, അത് എല്ലാവരും പോസിറ്റീവായി അംഗീകരിക്കുന്നു. എം.എൽ.എ.-മാർ ഇല്ലെങ്കിൽ യോഗം കൂടേണ്ടതില്ലെന്നാണ് പലരുടേയും തെറ്റിദ്ധാരണ. എം.എൽ.എ.-മാരുടെ സമയം നോക്കേണ്ടതില്ലെന്നും അവരുണ്ടെങ്കിലും ഇല്ലെങ്കിലും മാസത്തിലൊരിക്കൽ സി.എം.ടി.-യുടെ മീറ്റിംഗ് കൂടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വാഹന സൗകര്യത്തിന്റെ പ്രശ്നം സംബന്ധിച്ച് അവർ പറയുന്നത് ശരിയാണ്. പുതിയ വാഹനം വാങ്ങുന്നത് പ്രായോഗികമല്ല. പക്ഷേ, പല ഓഫീസുകളിലും വെറുതെ കിടക്കുന്ന വാഹനങ്ങളുടെ കണക്കെടുത്തുകൊണ്ട് വാഹനങ്ങളില്ലാത്ത ഓഫീസുകൾക്ക് അവ ഡിവൈഡ് ചെയ്ത് നൽകുന്നതിന് പൊതുവേ തീരുമാനിച്ചിട്ടുണ്ടെന്ന വിവരംകൂടി സഭയെ അറിയിക്കുകയാണ്. അതുപോലെ കെ.ആർ.എഫ്.ബി.-യുടെ ഒരു ഓഫീസ് മലപ്പുറത്ത് വേണമെന്നുള്ളത് ന്യായമായും പരിശോധിക്കപ്പെടേണ്ട വിഷയം തന്നെയാണ്. എന്തായാലും വകുപ്പിന്റെ താഴെത്തട്ടിലെ കാര്യങ്ങൾ കൂടുതൽ സജീവമാക്കാനും ഉദ്യോഗസ്ഥരെ പരമാവധി ഫീൽഡിലിറക്കാനുംവേണ്ടി ക്രിയേറ്റീവായ ഒരു വിഷയം സബ്മിഷനായി കൊണ്ടുവന്നതിനെ ഒരിക്കൽകൂടി അഭിനന്ദിക്കുന്നു.

### (9) വണ്ടിപ്പെരിയാർ-ഏലപ്പാറ റോഡിന്റെ പുനരുദ്ധാരണം

ശ്രീ. വാഴൂർ സോമൻ: സർ, പീരുമേട് നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഒരു റോഡിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇടുക്കി ജില്ലയിലെ പീരുമേട് നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ-പശുമല-പ്ലാമല-തേങ്ങാക്കൽ-കിഴക്കേപുതുവൽ-കോഴിക്കാനം-ഏലപ്പാറ റോഡ് കഴിഞ്ഞ

12 വർഷമായി അറ്റകുറ്റപ്പണികൾ നടത്താതെ തകർന്ന് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിവിശേഷത്തിലാണുള്ളത്. 37 കിലോമീറ്റർ നീളംവരുന്ന പ്രസ്തുത റോഡ് വണ്ടിപ്പെരിയാറിലെ ദേശീയപാത 183-ൽ കെ.കെ. റോഡിൽനിന്നും തിരിഞ്ഞ് തിരുവിതാംകൂറിലെ ഏറ്റവും പഴക്കംചെന്ന ക്ഷേത്രമായ അയ്യപ്പൻകോവിൽ വഴി തോട്ടംമേഖലയായ ചിറക്കുളം, പശുമല, ചന്ദ്രവനം, മ്ലാമല, തേങ്ങാക്കൽ എന്നീ എസ്റ്റേറ്റുകളിലൂടെ പോകുന്നതിനാൽ ഇവിടങ്ങളിലെ പതിനായിരത്തോളം ജനങ്ങൾ സഞ്ചാരത്തിനുവേണ്ടി ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡാണ്. വണ്ടിപ്പെരിയാറിൽനിന്നും തേങ്ങാക്കൽ വഴി ഏലപ്പാറ മലയോര ഹൈവേയിലെത്തിയാൽ വാഗമൺ-തൊടുപുഴവഴി നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കും വണ്ടിപ്പെരിയാർ-മ്ലാമല-പൂണ്ടിക്കുളം-ചപ്പാത്ത്-കട്ടപ്പന വഴി മൂന്നാറിലേയ്ക്കും ഏറ്റവും എളുപ്പത്തിൽ ഈ റോഡിലൂടെ എത്തിച്ചേരാൻ സാധിക്കും. 10 വർഷങ്ങൾക്കുമുമ്പ് പി.എം.ജി.എസ്.വൈ (Pradhan Mantri Gram Sadak Yojana) പദ്ധതിയിലുൾപ്പെടുത്തി 8 കിലോമീറ്റർ വീതിയുള്ള പ്രസ്തുത റോഡിന്റെ കുറേയേറെ ഭാഗം പണി ചെയ്തിട്ടുണ്ടായിരുന്നു. പീരുമേട് നിയോജകമണ്ഡലത്തിൽ 209 കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡുള്ളതിൽ 89.86 കിലോമീറ്റർ സംസ്ഥാന പാതയും 119.66 കിലോമീറ്റർ മേജർ ഡിസ്ട്രിക്ട് റോഡുമാണ്. ആലപ്പുഴ ജില്ലയോളം വലിപ്പംവരുന്ന പീരുമേട് നിയോജകമണ്ഡലത്തിലെ തോട്ടം മേഖലയിലെ പ്രധാന റോഡുകളിൽ കാലാകാലങ്ങളായി തോട്ടം ഉടമകളാണ് അറ്റകുറ്റപ്പണികൾ നടത്തിവന്നിരുന്നത്. പക്ഷേ കഴിഞ്ഞ 20 വർഷക്കാലമായി തോട്ടം മേഖലയിലെ പ്രതിസന്ധിയെത്തുടർന്ന് റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യാത്തതിനാൽ കാൽനടയാത്രയ്ക്കുപോലും യോഗ്യമല്ലാത്ത അവസ്ഥയിലാണ് മിക്ക റോഡുകളുമുള്ളത്. 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഈ റോഡിന്റെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ ആവശ്യപ്പെടുകയും ബഡ്ജറ്റ് ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. പീരുമേട് നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നായ വണ്ടിപ്പെരിയാർ - പശുമല – മ്ലാമല – തേങ്ങാക്കൽ - കിഴക്കേപുതുവൽ കോഴിക്കാനം-ഏലപ്പാറ റോഡ് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഒട്ടനവധി എം.എൽ.എ.-മാർ അവരുടെ നിയോജകമണ്ഡലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുംമറ്റും നിർമ്മിച്ച റോഡുകൾ പി.ഡബ്ല്യു.ഡി ഏറ്റെടുക്കണമെന്ന് അഭിപ്രായപ്പെടാറുണ്ട്. പീരുമേട് നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ - പശുമല – മ്ലാമല – തേങ്ങാക്കൽ -

കിഴക്കേപുതുവൽ-കോഴിക്കാനം-ഏലപ്പാറ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നാണ് ബഹുമാനപ്പെട്ട വാഴൂർ സോമൻ, എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ടത്. കേരളത്തിൽ 238773 കിലോമീറ്റർ റോഡുകളുള്ളതിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത് 29522 കിലോമീറ്ററാണ്. സംസ്ഥാനത്തെ രണ്ട് ലക്ഷം കിലോമീറ്ററിലധികം റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലല്ലെന്നതാണ് ഈ കണക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നിലവാരമുയർത്തി നിർമ്മിക്കുന്നതിനാണ് ഇപ്പോൾ മുൻതൂക്കം നൽകുന്നത്. ഏറ്റവും ഗുണനിലവാരമുള്ള നിർമ്മാണരീതി ബി.എം.&ബി.സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) സംവിധാനമാണെങ്കിലും അതിന് സാമ്പത്തിക ചെലവ് വളരെ കൂടുതലാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റോഡുകൾ നൂറുശതമാനവും ബി.എം.&ബി.സി. ആകണമെന്നാണ് വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ ആഗ്രഹമെങ്കിലും സാമ്പത്തികം ഇതിൽ ഒരു വലിയ പ്രശ്നമാണ്. എന്നാലും ഇത്തവണ സർക്കാർ അൻപത് ശതമാനത്തിലധികം പൊതുമരാമത്ത് റോഡുകൾ ബി.എം.&ബി.സി. രൂപത്തിലാക്കാനുള്ള ശ്രമത്തിലാണ്. അക്കാര്യം ലക്ഷ്യത്തിലേയ്ക്കെത്തും എന്നുതന്നെയാണ് പൊതുവേ കണക്കാക്കപ്പെടുന്നത്. ഓരോ വർഷവും എത്ര കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി. രീതിയിൽ പ്രവൃത്തി നടത്തണമെന്ന് നിശ്ചയിച്ചുകൊണ്ടാണ് മുമ്പോട്ടുപോകുന്നത്. അതോടൊപ്പം നമ്മുടെ കാലാവസ്ഥയും പരിഗണിക്കേണ്ടതുണ്ട്. വർഷത്തിൽ ഭൂരിപക്ഷം മാസങ്ങളിലും മഴ പെയ്യുന്നുണ്ട്. റോഡിലെത്തുന്ന വെള്ളം ഒഴുകിപ്പോകാനുള്ള ഡ്രെയിനേജ് സംവിധാനം നിലവിൽ പരിമിതവും മറ്റുവകുപ്പുകളുമായി ബന്ധപ്പെട്ടതുമാണ്. അത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിനാണ് ഇപ്പോൾ മുൻതൂക്കം നൽകിക്കൊണ്ടിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത റോഡുകൾ വകുപ്പ് ഏറ്റെടുക്കണമെന്ന് പറയുന്നതുതന്നെ പി.ഡബ്ല്യു.ഡി.-ക്കുള്ള അംഗീകാരമാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ ഒറ്റപ്പെട്ട ചില സംഭവങ്ങളെ പർവ്വതീകരിക്കുന്നതാണ് ഇന്നത്തെ കാലം. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മഹാഭൂരിപക്ഷം റോഡുകളും വളരെ നല്ലതാണ്. പക്ഷേ റോഡുകൾ എല്ലാംതന്നെ പരിപൂർണ്ണമായും നന്നായിവരേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പുതന്നെ റോഡുകൾ ഏറ്റെടുക്കണമെന്ന് ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാർ ഒരുപോലെ പറയുന്നത് പി.ഡബ്ല്യു.ഡി.-യോടുള്ള വിശ്വാസ്യതയാണെന്ന സന്തോഷം പങ്കുവയ്ക്കാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. പി.ഡബ്ല്യു.ഡി. റോഡുകൾ നൂറുശതമാനവും കുറ്റമറ്റതാക്കാനുള്ള കഠിനശ്രമം നടത്തുന്ന ഈ കാലത്ത് മറ്റ് റോഡുകൾകൂടി ഏറ്റെടുക്കുന്നതിൽ സാമ്പത്തിക പ്രശ്നമുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയെന്ന പ്രശ്നത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു സമയമാണ് ഇതെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

## (10) കോഴിക്കോട് ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ജനറൽ ആശുപത്രി 550 കിടക്കകളുള്ളതും ഒരു ദിവസം ഏകദേശം മൂവായിരത്തിലധികം രോഗികൾ ഒ.പി. വിഭാഗത്തിൽ എത്തിപ്പെടുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ്. ബീച്ച് ആശുപത്രി എന്നാണ് ഇത് പ്രത്യേകമായി അറിയപ്പെടുന്നത്. കോർപ്പറേഷൻ പരിധിയിൽമാത്രം ഏകദേശം 25 കിലോമീറ്റർ കടലോരമുള്ള ഒരു പ്രദേശത്തിന്റെ മധ്യത്തിലാണ് കടലോര മേഖലയിലെ പ്രസ്തുത ആശുപത്രി സ്ഥിതി ചെയ്യുന്നത്. തസ്തികകളുടെ പഴയകാല സ്റ്റേംഗ്തനുസരിച്ച് നികത്തപ്പെടാത്ത നിരവധി ഒഴിവുകളുണ്ടെങ്കിലും പുതുതായി ധാരാളം സംവിധാനങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഈ വിഷയങ്ങളെല്ലാം കണക്കിലെടുത്ത് കഴിഞ്ഞ ഗവൺമെന്റ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നെങ്കിലും ഇതുവരെ അതിന് ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ല; അത് ലഭ്യമാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അവിടെയുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും ആവശ്യമായ അനുബന്ധകാര്യങ്ങൾ ഒരുക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ആശുപത്രിയിൽ കാർഡിയോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും കാത്ത് ലാബ്, കാർഡിയോളജി ഐ.സി.യു., കാർഡിയോളജി വാർഡ് എന്നിവയിലേയ്ക്ക് എൻ.എച്ച്.എം. മുഖേന കരാറടിസ്ഥാനത്തിൽ ഒരു ഡോക്ടറെ മാത്രമാണ് നിയമിച്ചിട്ടുള്ളത്. അദ്ദേഹം ഒരു വർഷംകൊണ്ട് പ്രസ്തുത വിഭാഗത്തിൽ 478 ആൻജിയോപ്ലാസ്റ്റിയും ആയിരത്തിലധികം ആൻജിയോഗ്രാമും ചെയ്തിട്ടുണ്ട്. അവിടെ പി.എസ്.സി. മുഖാന്തരം ഒരു കാർഡിയോളജിസ്റ്റിന്റെയും നാല് അസിസ്റ്റന്റ് സർജന്മാരുടെയും സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിലവിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി മുഖേനയാണ് ശമ്പളം കൊടുക്കുന്നത്. ന്യൂറോളജി വിഭാഗത്തിൽ ആരംഭിച്ചിട്ടുള്ള സ്ട്രോക്ക് യൂണിറ്റിലും ആവശ്യമായ നഴ്സുമാരെയും രണ്ട് ജൂനിയർ ഡോക്ടർമാരെയും നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ വാർഡുകൾ ഐ.സി.യു. ആക്കി മാറ്റിയതിനാൽ പ്രത്യേക ജീവനക്കാരെ ആവശ്യമുണ്ട്. കുറച്ചുകാലമായി ഒഴിഞ്ഞുകിടക്കുന്ന സൂപ്രണ്ട് തസ്തിക വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഒരു മെഡിക്കൽ കൺസൾട്ടന്റിന്റെയും ആവശ്യമുണ്ട്. അനസ്തേഷ്യാ ടെക്നീഷ്യൻ-1, തിയേറ്റർ മെക്കാനിക്-1, റേഡിയോളജി ടെക്നീഷ്യൻ-3, എക്സ്റേ ടെക്നീഷ്യൻ-2, ധോബി-5 എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇത്തരത്തിൽ കാലങ്ങളായി നികത്തപ്പെടാതെ കിടക്കുന്ന നിരവധി ഒഴിവുകളുണ്ട്. ഏകദേശം

60 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ആധുനിക രീതിയിലുള്ള പീഡിയാട്രിക് ഐ.സി.യു., പീഡിയാട്രിക് വാർഡ്, ജെറിയാട്രിക് വാർഡ് എന്നിവയുടെ ഉദ്ഘാടനം കഴിഞ്ഞ ശനിയാഴ്ച ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി. പ്രായമേറിയ ആളുകൾക്ക് ചികിത്സ ലഭ്യമാക്കാനായി 9 കിടക്കകളുള്ള ഒരു പ്രത്യേക വാർഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഒ.പി.-യിൽ ഒരു ട്രാൻസ്ഫർമേഷൻ വാർഡും ആരംഭിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങളുടെ പ്രവർത്തനാവശ്യത്തിലേയ്ക്കായി പുതിയ തസ്തികകൾ അനുവദിക്കണമെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ആശുപത്രികളിൽ പുതിയ വിഭാഗങ്ങൾ തുടങ്ങിയതുകൊണ്ടുമാത്രം കാര്യമില്ല, അവിടേയ്ക്കാവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കേണ്ടതുണ്ട്. ചില പി.എച്ച്.സി.-കളിൽ കാർഡിയോളജി ഡി.എം. യോഗ്യതയുള്ളവരെ നിയമിച്ചിട്ടുണ്ട്. എന്നാൽ അവരുടെ സേവനം ആവശ്യമായി വരുന്നത് കാത്ത് ലാബുകളിലാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാരംകുറയ്ക്കാൻ സഹായിക്കുന്ന ഒരു ആശുപത്രിയാണിത്. ഏകദേശം മൂവായിരത്തിലധികം രോഗികൾ ദിവസേന ഈ ആശുപത്രിയിൽ എത്തുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യങ്ങളെല്ലാം നേരിൽ കണ്ടതാണ്. ഏതുവിധേനയും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ദയകൂടി ഉണ്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബീച്ച് ആശുപത്രി എന്നറിയപ്പെടുന്ന കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ പ്രതിദിനം ശരാശരി രണ്ടായിരത്തിയഞ്ഞൂറോളം രോഗികളാണ് ഒ.പി. വിഭാഗത്തിലെത്തുന്നത്. അവിടെ ശരാശരി 250 ഐ.പി.-യാണുള്ളത്. അറുന്നൂറോളം പേരാണ് കാഷ്വാലിറ്റിയിൽ എത്തുന്നത്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കൊപ്പം ഞാൻ ഈ ആശുപത്രി സന്ദർശിക്കുകയും ഈ സർക്കാരിന്റെ ആദ്യവർഷം അനുവദിച്ച 1 കോടി 37 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച അത്യാധുനിക രീതിയിലുള്ള പീഡിയാട്രിക് ഐ.സി.യു.-വിന്റെയും ഹൈ ഡിപ്പെൻഡൻസി യൂണിറ്റിന്റെയും പീഡിയാട്രിക് വാർഡിന്റെയും 20 ലക്ഷം രൂപ മുടക്കി നവീകരിച്ച ജെറിയാട്രിക് വാർഡിന്റെയും ഒന്നേകാൽ കോടി രൂപ ഉപയോഗിച്ച് നിർമ്മിച്ച ഒ.പി. ട്രാൻസ്ഫർമേഷൻ ബ്ലോക്കിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. ഈ ആശുപത്രിയുടെ വികസനത്തിനുവേണ്ടി നിലവിൽ കിഫ്ബിയിലൂടെ പണം അനുവദിച്ചിട്ടുണ്ട്. 86 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. അവിടെ ഇപ്പോൾ ഡിമോളിഷൻ വർക്കാണ്

നടക്കുന്നത്. കെട്ടിടങ്ങൾ അവിടെനിന്ന് ഡിമോളിഷ് ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കോഴിക്കോട് ജനറൽ ആശുപത്രിയിൽ സ്ഥിരം ജീവനക്കാരുടെ 448 അംഗീകൃത തസ്തികകളാണ് നിലവിലുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം., എച്ച്.ഡി.സി. എന്നിവ മുഖേന നിയമിച്ചിട്ടുള്ളവരുമുൾപ്പെടെ ആകെ 580 ജീവനക്കാർ അവിടെ ജോലി ചെയ്യുന്നുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ-1, ഡെപ്യൂട്ടി സൂപ്രണ്ട്-1, ആർ.എം.ഒ.-1, കൺസൾട്ടന്റ്-3 എന്നിങ്ങനെ നിരവധി തസ്തികകളാണ് അവിടെയുള്ളത്. ഞാൻ വിശദമായ ലിസ്റ്റ് വായിക്കുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ 59 അംഗീകൃത തസ്തികകളുണ്ട്. നിലവിൽ മൂന്ന് ഡോക്ടർമാരുടെ തസ്തികകളിൽ മാത്രമാണ് ഒഴിവുള്ളത്. അത് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നഴ്സ്, പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ തുടങ്ങിയ വിഭാഗങ്ങളിലായി 389 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. ഈ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ-1, ജൂനിയർ കൺസൾട്ടന്റ് റേഡിയോ ഡയഗ്നോസിസ്-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഡയാലിസിസ് ടെക്നീഷ്യൻ-3, എക്സ്റേ അറ്റൻഡർ-1, മെഡിക്കൽ റെക്കോർഡ്സ് അറ്റൻഡന്റ്-1, ഫാർമസി സ്റ്റോർ കീപ്പർ-1, ലാബ് ടെക്നീഷ്യൻ-4 എന്നിങ്ങനെ പതിനാല് തസ്തികകൾ അടുത്ത കാലത്തായി സൃഷ്ടിച്ചിരുന്നു. കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യംവഴി കാർഡിയോളജിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. ആരോഗ്യ കേരളം പദ്ധതിയിൽനിന്നാണ് അവർക്ക് ശമ്പളം നൽകുന്നത്. മെഡിക്കൽ ഓഫീസർ-3, ദന്തൽ സർജൻ-1, സ്റ്റാഫ് നഴ്സ്-8 തുടങ്ങിയ 53 താല്ക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാണ്. എച്ച്.ഡി.സി. മുഖാന്തരം 51 താല്ക്കാലിക ജീവനക്കാരുടെയും കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി) ഫണ്ടുപയോഗിച്ച് 28 താല്ക്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ഒഴിവുള്ള മൂന്ന് ഡോക്ടർമാരുടെ തസ്തികകളിൽ സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുന്നതിനുവേണ്ടി ഡി.പി.സി. യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കി നടപടി സ്വീകരിച്ചുവരികയാണ്. പ്രൊമോഷൻ മുഖേന നഴ്സിംഗ് ഓഫീസർ ഗ്രേഡ്-I തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അനസ്തേഷ്യ ടെക്നീഷ്യൻ, തിയേറ്റർ മെക്കാനിക്, ഡയാലിസിസ് ടെക്നീഷ്യൻ തുടങ്ങിയവയിലെ ഒഴിവുകളിൽ പ്രസ്തുത തസ്തികകൾക്കുള്ള യോഗ്യതയും നിയമന രീതിയുംകൂടി തീരുമാനിക്കേണ്ടതുണ്ട്;

അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അത് എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ക്ലാർക്ക്-ടൈപ്പിസ്റ്റ്-1, ആശുപത്രി അറ്റൻഡർ ഗ്രേഡ് II-2, പാർട്ട് ടൈം ക്ലീനർ-9 എന്നീ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലിസ്റ്റ് ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ബാക്കിയുള്ള തസ്തികകളിലെല്ലാം ഡി.എം.ഒ.-ആണ് നിയമനം നടത്തേണ്ടത്. ഈ ആഗസ്റ്റ് മാസംതന്നെ അതിന്റെ നടപടികൾ പൂർത്തിയാകുമെന്നാണ് ഡി.എം.ഒ. ഓഫീസിൽനിന്ന് ലഭ്യമാക്കിയിരിക്കുന്ന വിവരം. സ്ഥിരം തസ്തികകളിലുണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകൾ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, പി.എസ്.സി. നിയമനം എന്നിവവഴി നികത്തപ്പെടുന്നതുവരെ അഡ്ഹോക് വ്യവസ്ഥയിലും എൻ.എച്ച്.എം. മുഖാന്തരവും നിയമിക്കുന്നതിനുള്ള നടപടികൾ അതത് സമയങ്ങളിൽ പതിവുപോലെ സ്വീകരിച്ചുവരുന്നുണ്ട്. പാരാമെഡിക്കൽ, മറ്റ് വിഭാഗം ജീവനക്കാരുടെ ഒഴിവുകളുണ്ടായാൽ സ്ഥിര നിയമനമുണ്ടാകുന്നതുവരെ നടപടിക്രമങ്ങൾ പാലിച്ച് താല്ക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഓരോ ആശുപത്രിയിലും രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ആവശ്യമായ ആരോഗ്യ പ്രവർത്തകരെ തസ്തികകൾ സൃഷ്ടിച്ചും അല്ലാതെയും നിയമിക്കുന്നതിനുള്ള നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നത്.

12.45 P.M.]

## IX മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് I പ്രകാരം

I മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 256/2022 | സി1/150/2020-വിജ്. | 16-3-2022 | അതെ |
| 2 | 683/2022 | ജി.ഒ.(ആർ.ടി.)നമ്പർ 1876/2022/ഹോം | 6-7-2022 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 684/2022 | ജി.ഒ.(എം. എസ്.) നമ്പർ 137/ 2022/ഹോം | 8-7-2022 | അല്ല |
| 4 | 685/2022 | ജി.ഒ. (എം. എസ്.) നമ്പർ 139/ 2022/ഹോം | 12-7-2022 | അല്ല |
| 5 | 686/2022 | ജി.ഒ.(എം. എസ്.) നമ്പർ 128/ 2022/ഹോം | 25-6-2022 | അല്ല |
| 6 | 714/2022 | ജി.ഒ.(എം. എസ്.) നമ്പർ 143 / 2022/ഹോം | 15-7-2022 | അല്ല |
| 7 | 715/2022 | ജി.ഒ.(എം. എസ്.) നമ്പർ 144/ 2022/ഹോം | 18-7-2022 | അല്ല |
| 8 | 721/2022 | ജി.ഒ.(എം. എസ്.) നമ്പർ 146/ 2022/ഹോം | 19-7-2022 | അല്ല |
| 9 | 726/2022 | ജി.ഒ.(ആർ.ടി.)നമ്പർ .2049/ 2022/ഹോം | 23-7-2022 | അല്ല |
| 10 | 731/2022 | സ.ഉ.(എം .എസ്.) നമ്പർ 148 / 2022/ആഭ്യന്തരം | 23-7-2022 | അല്ല |
| 11 | 737/2022 | ജി.ഒ.(എം. എസ്.) നമ്പർ 141/2022/ഹോം | 14-7-2022 | അല്ല |
| 12 | 748/2022 | ജി.ഒ.(എം. എസ്.) നമ്പർ 154/2022/ഹോം | 30-7-2022 | അല്ല |
| 13 | 762/2022 | ജി.ഒ.(എം. എസ്.) നമ്പർ 153/2022/ഹോം | 30-7-2022 | അല്ല |
| 14 | 782/2022 | ജി.ഒ.(ആർ.ടി.)നമ്പർ 2179/2022/ഹോം | 6-8-2022 | അല്ല |
| 15 | 786/2022 | ജി.ഒ.(ആർ.ടി.) നമ്പർ 2209/2022/ഹോം | 9-8-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-07-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 182/2022 | വിജി.-സി3/514/2021-I/വിജി. | 25-2-2022 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 183/2022 | വിജി.-സി3/514/2021-II/വിജി. | 25-2-2022 |
| 3 | 184/2022 | വിജി.-സി3/514/2021-III/വിജി. | 25-2-2022 |
| 4 | 185/2022 | വിജി.-സി3/514/2021-IV/വിജി. | 25-2-2022 |
| 5 | 186/2022 | വിജി.-സി3/5/2022-I/വിജി. | 25-2-2022 |
| 6 | 187/2022 | വിജി.-സി3/5/2022-II/വിജി. | 25-2-2022 |
| 7 | 188/2022 | വിജി.-സി3/5/2022-III/വിജി. | 25-2-2022 |
| 8 | 189/2022 | വിജി.-സി3/5/2022-IV/വിജി. | 25-2-2022 |
| 9 | 531/2022 | ജി.ഒ.(ആർ.ടി.)നമ്പർ 1503/2022/ഹോം | 29-5-2022 |
| 10 | 545/2022 | ജി.ഒ.(ആർ.ടി.)നമ്പർ 1551/2022/ഹോം | 3-6-2022 |
| 11 | 551/2022 | വിജി.-സി3/164/2022-I/വിജി. | 4-6-2022 |
| 12 | 552/2022 | വിജി.-സി3/164/2022-II/വിജി. | 4-6-2022 |
| 13 | 553/2022 | വിജി.-സി3/164/2022-III/വിജി. | 4-6-2022 |
| 14 | 554/2022 | വിജി.-സി3/164/2022-IV/വിജി. | 4-6-2022 |
| 15 | 579/2022 | ജി.ഒ.(എം. എസ്.) നമ്പർ 113/2022/ഹോം | 9-6-2022 |
| 16 | 581/2022 | വിജി.-സി3/74/2022-I/വിജി. | 9-6-2022 |
| 17 | 582/2022 | വിജി.-സി3/74/2022-II/വിജി. | 9-6-2022 |
| 18 | 583/2022 | വിജി.-സി3/74/2022-III/വിജി. | 9-6-2022 |

| (1) | (2) | (3) | (4) |
|---|---|---|---|
| 19 | 584/2022 | വിജി.-സി3/74/2022-IV/വിജി. | 9-6-2022 |
| 20 | 640/2022 | ജി.ഒ.(ആർ.ടി.)നമ്പർ 1605/2022/ഹോം | 8-6-2022 |
| 21 | 641/2022 | ജി.ഒ.(ആർ.ടി.)നമ്പർ 1776/2022/ഹോം | 27-6-2022 |
| 22 | 646/2022 | ജി.ഒ.(ആർ.ടി.)നമ്പർ 1789/2022/ഹോം | 28-6-2022 |
| 23 | 675/2022 | ആഭ്യന്തരം-എസ്.എസ്.എ.2/ 66/2020-ആഭ്യന്തരം | 7-7-2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2016-17<br>2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 607/2022 | സ.ഉ.(അ) നമ്പർ 46/2022/ ത.സ്വ.ഭ.വ. | 24-5-2022 | അല്ല |
| 2 | 692/2022 | ജി.ഒ.(പി) നമ്പർ 78/2022/ടി.ഡി | 7-7-2022 | അല്ല |
| 3 | 735/2022 | സ.ഉ.(അച്ചടി)നമ്പർ 59/2022/ ത.സ്വ.ഭ.വ. | 10-7-2022 | അല്ല |
| 4 | 752/2022 | സ.ഉ.(അച്ചടി)നമ്പർ 60/ 2022/ ത.സ്വ.ഭ.വ. | 20-7-2022 | അല്ല |
| 5 | 754/2022 | സ.ഉ.(അച്ചടി)നമ്പർ 61/2022/ ത.സ്വ.ഭ.വ. | 20-7-2022 | അല്ല |
| 6 | 761/2022 | ജി.ഒ.(പി)നമ്പർ 97/2022/ ടാക്സസ് | 29-7-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 385/2022 | സ.ഉ.(അച്ചടി) നമ്പർ 37/2022/ ത.സ്വ.ഭ.വ. | 13-4-2022 |
| 2 | 386/2022 | സ.ഉ.(അച്ചടി) നമ്പർ 37/2022/ ത.സ്വ.ഭ.വ. | 13-4-2022 |
| 3 | 387/2022 | സ.ഉ.(അച്ചടി) നമ്പർ 37/2022/ ത.സ്വ.ഭ.വ. | 13-4-2022 |
| 4 | 621/2022 | ജി.ഒ.(പി)നമ്പർ 65/2022/റ്റി.ഡി. | 18-6-2022 |
| 5 | 622/2022 | ജി.ഒ.(പി)നമ്പർ 66/2022/റ്റി.ഡി. | 18-6-2022 |
| 6 | 623/2022 | ജി.ഒ.(പി)നമ്പർ 67/2022/റ്റി.ഡി. | 18-6-2022 |
| 7 | 624/2022 | ജി.ഒ.(പി)നമ്പർ 68/2022/റ്റി.ഡി. | 18-6-2022 |
| 8 | 625/2022 | ജി.ഒ.(പി)നമ്പർ 69/2022/റ്റി.ഡി. | 18-6-2022 |

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 718/2022 | ജി.ഒ.(പി) നമ്പർ 202/ 2022/ ആർ.ഡി. | 13-7-2022 | അല്ല |
| 2 | 725/2022 | ജി.ഒ.(എ.എ സ്) നമ്പർ 7/2022/ എച്ച്എസ്ജി | 20-7-2022 | അല്ല |

IV. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു: 20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | --- | 297/ഡി(റ്റി)/2022/കെ.എസ്.ഇ.ആർ.സി. | 25-6-2022 |

V. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 693/2022 | ജി.ഒ.(പി)നമ്പർ 20/2022/വനം | 1-7-2022 | അല്ല |
| 2 | 702/2022 | ജി.ഒ.(പി) നമ്പർ 23/2022/വനം | 15-7-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു: 20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 737/2021 | സ.ഉ.(അച്ചടി) നമ്പർ32/2021/വനം | 14-9-2021 |
| 2 | 651/2022 | ജി.ഒ.(പി) നമ്പർ 19/2022/എഫ്&ഡബ്ല്യു.എൽ.ഡി | 30-6-2022 |

VI. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 723/2022 | ജി.ഒ.(ആർ.ടി)നം.3002/ 2022/ആർ.ഡി | 10-7-2022 | അല്ല |

VII. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 677/2022 | ജി.ഒ.(പി) നമ്പർ 79/2022/ടാക്സസ് | 9-7-2022 | അല്ല |
| 2 | 679/2022 | ജി.ഒ.(പി) നമ്പർ 80/2022/ടാക്സസ് | 9-7-2022 | അല്ല |
| 3 | 703/2022 | ജി.ഒ.(പി) നമ്പർ 82/2022/ടാക്സസ് | 18-7-2022 | അല്ല |
| 4 | 704/2022 | ജി.ഒ.(പി) നമ്പർ 83/2022/ടാക്സസ് | 18-7-2022 | അല്ല |
| 5 | 705/2022 | ജി.ഒ.(പി) നമ്പർ 84/2022/ടാക്സസ് | 18-7-2022 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 706/2022 | ജി.ഒ.(പി) നമ്പർ 85/2022/ടാക്സസ് | 18-7-2022 | അല്ല |
| 7 | 707/2022 | ജി.ഒ.(പി) നമ്പർ 86/2022/ടാക്സസ് | 18-7-2022 | അല്ല |
| 8 | 708/2022 | ജി.ഒ.(പി) നമ്പർ 87/2022/ടാക്സസ് | 18-7-2022 | അല്ല |
| 9 | 709/2022 | ജി.ഒ.(പി) നമ്പർ 88/2022/ടാക്സസ് | 18-7-2022 | അല്ല |
| 10 | 710/2022 | ജി.ഒ.(പി) നമ്പർ 89/2022/ടാക്സസ് | 18-7-2022 | അല്ല |
| 11 | 711/2022 | ജി.ഒ.(പി) നമ്പർ 90/2022/ടാക്സസ് | 18-7-2022 | അല്ല |
| 12 | 712/2022 | ജി.ഒ.(പി) നമ്പർ 91/2022/ടാക്സസ് | 18-7-2022 | അല്ല |
| 13 | 713/2022 | ജി.ഒ.(പി) നമ്പർ 92/2022/ടാക്സസ് | 18-7-2022 | അല്ല |
| 14 | 755/2022 | ജി.ഒ.(പി) നമ്പർ 98/2022/ടാക്സസ് | 30-7-2022 | അല്ല |
| 15 | 767/2022 | ജി.ഒ.(പി) നമ്പർ 101/2022/ടാക്സസ് | 2-8-2022 | അല്ല |
| 16 | 768/2022 | ജി.ഒ. (പി)നമ്പർ 102/2022/ടാക്സസ് | 2-8-2022 | അല്ല |
| 17 | 774/2022 | ജി.ഒ.(പി) നമ്പർ 87/2022/ഫിൻ | 3-8-2022 | അല്ല |
| 18 | 795/2022 | ജി.ഒ.(പി) നമ്പർ 105/2022/ടാക്സസ് | 11-8-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | -- | കെ.എഫ്.സി/എച്ച്.ആർ/09/2021-22 | 23-9-2021 |
| 2 | 647/2022 | ജി.ഒ.(പി) നമ്പർ 77/2022/ഫിൻ | 28-6-2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ആറാമത് സംസ്ഥാന ധനകാര്യ കമ്മീഷൻ | 2021 | ഒന്നാമത്തെ റിപ്പോർട്ടിന്റെ സപ്ലിമെന്റും ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടും | ബാധകമല്ല |
| | | | രണ്ടാമത്തെ റിപ്പോർട്ടും റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടും | ബാധകമല്ല |

VIII. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 700/2022 | ജി.ഒ.(പി) നമ്പർ 12/2022/ലോ | 13-7-2022 | അല്ല |
| 2 | 785/2022 | സ.ഉ.(അച്ചടി)നമ്പർ 2/2022/വ്യവ. | 25-1-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 926/2021 | സ.ഉ.(അച്ചടി) നമ്പർ 25/2021/വ്യവ. | 18-11-2021 | അതെ |
| 2 | 649/2022 | ജി.ഒ.(പി) നമ്പർ 11/2022/ഐ.ഡി. | 29-6-2022 | അല്ല |
| 3 | 669/2022 | ജി.ഒ.(പി) നമ്പർ 13/2022/ഐ.ഡി. | 5-7-2022 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2009-10 2010-11 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ജില്ലാ നിയമ സേവന അതോറിറ്റി, പത്തനംതിട്ട | 2015-16 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 മുതൽ 2020-21 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

IX. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കേര കർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്) | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

X. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 482/2022 | സ.ഉ.(പി)നമ്പർ 21/2022/മ.തു.വ. | 13-5-2022 |
| 2 | 564/2022 | സ.ഉ.(അച്ചടി) നമ്പർ 23/2022/മ.തു.വ.. | 6-6-2022 |
| 3 | 665/2022 | സ.ഉ.(അച്ചടി)നമ്പർ3/2022/സാം.കാ.വ. | 21-6-2022 |

XI. സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 653/2022 | ജി.ഒ.(പി) നമ്പർ 119/2022/കോ-ഓപ്പ്. | 2-7-2022 | അല്ല |
| 2 | 671/2022 | ജി.ഒ.(പി) നമ്പർ 115/2022/കോ-ഓപ്പ്. | 23-6-2022 | അല്ല |
| 3 | 682/2022 | ജി.ഒ.(പി) നമ്പർ 114/2022/കോ-ഓപ്പ്. | 22-6-2022 | അല്ല |
| 4 | 687/2022 | ജി.ഒ.(പി) നമ്പർ 110/2022/കോ-ഓപ്പ്. | 15-6-2022 | അല്ല |
| 5 | 727/2022 | ജി.ഒ.(പി) നമ്പർ 84/2022/കോ-ഓപ്പ്. | 25-5-2022 | അല്ല |
| 6 | 728/2022 | ജി.ഒ.(പി) നമ്പർ 86/2022/കോ-ഓപ്പ്. | 26-5-2022 | അല്ല |
| 7 | 742/2022 | ജി.ഒ.(പി) നമ്പർ 133/2022/കോ-ഓപ്പ്. | 26-7-2022 | അല്ല |
| 8 | 743/2022 | ജി.ഒ.(പി) നമ്പർ 131/2022/കോ-ഓപ്പ്. | 25-7-2022 | അല്ല |
| 9 | 744/2022 | ജി.ഒ.(പി) നമ്പർ 132/2022/കോ-ഓപ്പ്. | 25-7-2022 | അല്ല |
| 10 | 745/2022 | ജി.ഒ.(പി) നമ്പർ 113/2022/കോ-ഓപ്പ്. | 22-6-2022 | അല്ല |
| 11 | 753/2022 | ജി.ഒ.(പി) നമ്പർ 134/2022/കോ-ഓപ്പ്. | 29-7-2022 | അല്ല |
| 12 | 757/2022 | ജി.ഒ.(പി) നമ്പർ 99/2022/ടാക്സസ് | 1-8-2022 | അല്ല |
| 13 | 758/2022 | ജി.ഒ.(പി) നമ്പർ 100/2022/ടാക്സസ് | 1-8-2022 | അല്ല |
| 14 | 760/2022 | ജി.ഒ.(പി) നമ്പർ 135/2022/കോ-ഓപ്പ്. | 30-7-2022 | അല്ല |
| 15 | 765/2022 | ജി.ഒ.(പി) നമ്പർ 137/2022/കോ-ഓപ്പ്. | 1-8-2022 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 16 | 771/2022 | ജി.ഒ.(പി) നമ്പർ 33/2022/കോ-ഓപ്പ്. | 25-3-2022 | അല്ല |
| 17 | 772/2022 | ജി.ഒ.(പി) നമ്പർ 120/2022/കോ-ഓ.പ്പ്. | 4-7-2022 | അല്ല |
| 18 | 780/2022 | ജി.ഒ.(പി) നമ്പർ 140/2022/ കോ-ഓപ്പ്. | 5-8- 2022 | അല്ല |
| 19 | 787/2022 | ജി.ഒ.(പി) നമ്പർ 136/2022/ കോ-ഓപ്പ്. | 1-8-2022 | അല്ല |
| 20 | 789/2022 | ജി.ഒ.(പി) നമ്പർ 138/2022/ കോ-ഓപ്പ്. | 2-8-2022 | അല്ല |
| 21 | 798/2022 | ജി.ഒ.(പി) നമ്പർ 141/2022/കോ-ഓപ്പ്. | 10-8-2022 | അല്ല |
| 22 | 802/2022 | ജി.ഒ.(പി) നമ്പർ 142/2022/കോ-ഓപ്പ്. | 10-8-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 442/2019 | ജി.ഒ.(പി) നമ്പർ 64/2019/കോ-ഓപ്പ്. | 4-6-2019 |
| 2 | 443/2019 | ജി.ഒ.(പി) നമ്പർ 70/2019/കോ-ഓപ്പ്. | 21-6-2019 |
| 3 | 499/2022 | ജി.ഒ.(പി) നമ്പർ 77/2022/കോ-ഓപ്പ്. | 19-5-2022 |
| 4 | 599/2022 | ജി.ഒ.(പി) നമ്പർ 108/2022/കോ-ഓപ്പ്. | 14-6-2022 |
| 5 | 618/2022 | ജി.ഒ.(പി) നമ്പർ 111/2022/കോ-ഓപ്പ്. | 18-6-2022 |
| 6 | 633/2022 | ജി.ഒ.(പി) നമ്പർ 71/2022/ടാക്സസ് | 25-6-2022 |
| 7 | 634/2022 | ജി.ഒ.(പി) നമ്പർ 72/2022/ടാക്സസ് | 25-6-2022 |
| 8 | 635/2022 | ജി.ഒ.(പി) നമ്പർ 73/2022/ടാക്സസ് | 25-6-2022 |
| 9 | 636/2022 | ജി.ഒ.(പി) നമ്പർ 74/2022/ടാക്സസ് | 25-6-2022 |
| 10 | 638/2022 | ജി.ഒ.(പി) നമ്പർ 117/2022/കോ-ഓപ്പ്. | 27-6-2022 |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | 639/2022 | ജി.ഒ.(പി) നമ്പർ 118/2022/കോ-ഓപ്പ്. | 27-6-2022 |
| 12 | 658/2022 | ജി.ഒ.(പി) നമ്പർ 75/2022/ടാക്സസ് | 3-7-2022 |
| 13 | 659/2022 | ജി.ഒ.(പി) നമ്പർ 76/2022/ടാക്സസ് | 3-7-2022 |
| 14 | 660/2022 | ജി.ഒ.(പി) നമ്പർ 77/2022/ടാക്സസ് | 3-7-2022 |
| 15 | 668/2022 | ജി.ഒ.(പി) നമ്പർ 121/2022/കോ-ഓപ്പ്. | 4-7-2022 |
| 16 | 672/2022 | ജി.ഒ.(പി) നമ്പർ 122/2022/കോ-ഓപ്പ്. | 6-7-2022 |
| 17 | 676/2022 | ജി.ഒ.(പി) നമ്പർ 125/2022/കോ-ഓപ്പ്. | 8-7-2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഉണ്ണായിവാര്യർ സ്മാരക കലാനിലയം | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

XII. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 626/2022 | ജി.ഒ.(പി)നമ്പർ 53/2022/ എൽ.ബി.ആർ. | 16-6-2022 | അല്ല |
| 2 | 632/2022 | ജി.ഒ.(പി) നമ്പർ 51/2022/എൽ.ബി.ആർ. | 15-6-2022 | അല്ല |
| 3 | 642/2022 | ജി.ഒ.(പി) നമ്പർ 56/2022/എൽ.ബി.ആർ. | 23-6-2022 | അല്ല |
| 4 | 656/2022 | ജി.ഒ.(പി) നമ്പർ 62/2022/എൽ.ബി.ആർ. | 30-6-2022 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 662/2022 | ജി.ഒ.(പി) നമ്പർ 58/2022/എൽ.ബി.ആർ. | 25-6-2022 | അല്ല |
| 6 | 664/2022 | ജി.ഒ.(പി) നമ്പർ 59/2022/എൽ.ബി.ആർ. | 27-6-2022 | അല്ല |
| 7 | 688/2022 | ജി.ഒ.(പി) നമ്പർ 65/2022/എൽ.ബി.ആർ. | 4-7-2022 | അല്ല |
| 8 | 689/2022 | ജി.ഒ.(പി) നമ്പർ 64/2022/എൽ.ബി.ആർ. | 4-7-2022 | അല്ല |
| 9 | 690/2022 | ജി.ഒ.(പി) നമ്പർ 66/2022/എൽ.ബി.ആർ. | 4-7-2022 | അല്ല |
| 10 | 698/2022 | ജി.ഒ.(പി) നമ്പർ 67/2022/എൽ.ബി.ആർ. | 4-7-2022 | അല്ല |
| 11 | 722/2022 | ജി.ഒ.(പി) നമ്പർ 72/2022/എൽ.ബി.ആർ. | 13-7-2022 | അല്ല |
| 12 | 738/2022 | ജി.ഒ.(പി) നമ്പർ 68/2022/എൽ.ബി.ആർ. | 6-7-2022 | അല്ല |
| 13 | 739/2022 | ജി.ഒ.(പി) നമ്പർ 69/2022/എൽ.ബി.ആർ. | 6-7-2022 | അല്ല |
| 14 | 741/2022 | ജി.ഒ.(പി) നമ്പർ 75/2022/എൽ.ബി.ആർ. | 25-7-2022 | അല്ല |
| 15 | 751/2022 | ജി.ഒ.(പി) നമ്പർ 76/2022/എൽ.ബി.ആർ. | 27-7-2022 | അല്ല |
| 16 | 756/2022 | ജി.ഒ.(പി) നമ്പർ 77/2022/എൽ.ബി.ആർ.. | 30-7-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 574/2022 | ജി.ഒ.(പി) നമ്പർ 44/2022/എൽ.ബി.ആർ. | 2-6-2022 |
| 2 | 611/2022 | ജി.ഒ.(പി) നമ്പർ 48/2022/എൽ.ബി.ആർ. | 13-6-2022 |
| 3 | 613/2022 | ജി.ഒ.(പി) നമ്പർ 52/2022/ എൽ.ബി.ആർ | 16-6-2022 |
| 4 | 627/2022 | ജി.ഒ.(പി) നമ്പർ 49/2022/ എൽ.ബി.ആർ | 15-6-2022 |
| 5 | 637/2022 | ജി.ഒ.(പി) നമ്പർ 57/2022/ എൽ.ബി.ആർ | 25-6-2022 |
| 6 | 674/2022 | ജി.ഒ.(പി) നമ്പർ 70/2022/ എൽ.ബി.ആർ | 7-7-2022 |
| 7 | 697/2022 | ജി.ഒ.(പി) നമ്പർ 73/2022/ എൽ.ബി.ആർ | 13-7-2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2016-17 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-20 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-21 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

XIII. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XIV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് . ആർ.ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 617/2022 | ജി.ഒ.(പി) നമ്പർ 20/2022/ട്രാൻസ് | 18-6-2022 |

XV. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 549/2022 | സ.ഉ.(പി)നമ്പർ 19/2022/ആരോഗ്യം | 30-5-2022 | അല്ല |
| 2 | 612/2022 | സ.ഉ.(അച്ചടി) നമ്പർ 6/2022/വ.ശി.വി.വ. | 18-5-2022 | അല്ല |
| 3 | 616/2022 | ജി.ഒ.പി) നമ്പർ 23/2022/ എച്ച്.& എഫ്.ഡബ്ല്യു.ഡി. | 17-6-2022 | അല്ല |
| 4 | 629/2022 | ജി.ഒ.(പി) നമ്പർ 25/2022/എച്ച്.& എഫ്.ഡബ്ല്യു.ഡി. | 20-6-2022 | അല്ല |
| 5 | 681/2022 | ജി.ഒ.(പി) നമ്പർ 30/2022/ എച്ച്.& എഫ്.ഡബ്ല്യു.ഡി. | 28-6-2022 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 696/2022 | ജി.ഒ.(പി) നമ്പർ 11/2022/ ഡബ്ല്യു.സി.ഡി.ഡി. | 12-7-2022 |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് | 2016-17 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

XVI. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-7-2022-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 497/2022 | ജി.ഒ.(പി) നമ്പർ 1/2022/ എഫ്.&സി.എസ്.ഡി. | 7-4-2022 |

XVII. നിയമസഭാ സെക്രട്ടറി (ശ്രീ. എ. എം. ബഷീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ആക്ടിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2022 | 8 | 2022-ലെ കേരള ധനകാര്യ ആക്ട് |
| 2 | 2022 | 9 | 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് |
| 3 | 2022 | 10 | 2022-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ആക്ട് |
| 4 | 2022 | 11 | 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ആക്ട് |

(2) ലിസ്റ്റ് 2 പ്രകാരം (ചട്ടം 47 (2) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 1836, പതിനാറാം സമ്മേളനത്തിലെ 1926, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3161, അഞ്ചാം സമ്മേളനത്തിലെ 38, 2005, 2007, 3791 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 398-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിലുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 1311-ാം നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1785, 1795 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

12.47 P.M.]

## X റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാനേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് ചട്ടം 215 പ്രകാരമുള്ള ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, "കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് പ്രസ്തുത കമ്മിറ്റിക്കുതന്നെ മടക്കി അയയ്ക്കണം" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇന്നും നാളെയും സഭ മുമ്പാകെ ആറ് ബില്ലുകളാണ് പരിഗണനയ്ക്കായിവരുന്നത്. ഒരു ദിവസം ആറ് ബില്ലുകൾ ചർച്ചയ്ക്കെടുക്കുന്നത് അസാധാരണ സാഹചര്യമാണ്. നിയമനിർമ്മാണ സഭയുടെ കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും പരിശോധിച്ചാൽ ഒരു ബില്ലിന്റെ ചർച്ചയ്ക്ക് പരമാവധി ഒന്നര മണിക്കൂർ സമയം ലഭിക്കാറുണ്ടെന്ന് മനസ്സിലാകും. മുമ്പ് സാമാജികരായിരുന്നവർക്ക് ഇതറിയാവുന്നതാണ്. സാധാരണഗതിയിൽ ബില്ലിന്റെ ചർച്ചയ്ക്ക് സമയപരിധി നിശ്ചയിക്കാറില്ലെങ്കിൽപ്പോലും ഏറ്റവും കുറഞ്ഞത് ഒന്നര മണിക്കൂർ സമയം ലഭിച്ചിരുന്നു. ഒരു ദിവസം രണ്ട് ബില്ലുകൾ ചർച്ചയ്ക്കെടുക്കാറുണ്ട്. എന്നാൽ മൂന്ന് ബില്ലുകൾ ചർച്ചയ്ക്ക് വന്ന സമയത്ത് എതിർത്ത, അന്ന് പ്രതിപക്ഷത്തിരുന്ന ബഹുമാനപ്പെട്ട അംഗങ്ങളാണ് ഇപ്പോൾ ഒരു ദിവസം ആറ് ബില്ലുകൾ ചർച്ചയ്ക്കായി കൊണ്ടുവരുന്നത്. അഴിമതി വിരുദ്ധ സംവിധാനത്തിന്റെ ചിറകരിയുന്ന കേരള ലോക് ആയുക്ത ബില്ലുപോലും അരമണിക്കൂർ ചർച്ചയിലേയ്ക്ക് പരിമിതപ്പെടുത്തുകയാണ്. അതുകൊണ്ടാണ് കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിനെതിരെ ചട്ടം 215 പ്രകാരം ഞാൻ നോട്ടീസ് നൽകിയത്.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടനും ഇതേ ഭേദഗതിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രത്യേക സാഹചര്യംകൊണ്ടാണ് കാര്യോപദേശക സമിതിക്ക് ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കേണ്ടിവന്നത്. അതുകൊണ്ട് ഇത് പരിഗണിച്ച് കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

12.50 P. M.]

## XI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

12.50 p.m]

## XII ക്രമപ്രശ്നം

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ ഒഴിവാക്കിയത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നക്ഷത്രചിഹ്നമിട്ട വിഭാഗത്തിൽ നൽകിയിരുന്ന 26 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്ത വിഭാഗത്തിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോൺഗ്രസ് നിയമസഭാകക്ഷി സെക്രട്ടറി ശ്രീ. എ. പി. അനിൽ കുമാർ അങ്ങേയ്ക്ക് ഒരു പരാതി നൽകിയിരുന്നു. ഇങ്ങനെയൊരു സംഭവം ഒരിക്കലും സഭയിൽ നടക്കാത്തതാണ്. മാത്രമല്ല, ഗവൺമെന്റിന് അപ്രിയമായ ചോദ്യങ്ങൾ സഭയിൽ വരാതിരിക്കാൻവേണ്ടി അത് നക്ഷത്രചിഹ്നമിടാത്ത ചോദ്യമാക്കി മാറ്റിയ കാര്യം അങ്ങ് പരിശോധിക്കണം. അങ്ങയുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. അത് പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, വേറൊരു വിഷയംകൂടി ഇന്നുണ്ടായിട്ടുണ്ട്; അങ്ങത് ശ്രദ്ധിക്കണം. ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത ഏഴാം നമ്പർ ചോദ്യത്തിന്റെ (സി) പിരിവിൽ "സംസ്ഥാനത്തെ എം.പി.-മാരിൽ മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താത്പര്യത്തിന്

വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിനനുഗുണമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെടുമോ?" എന്നാണ് ചോദിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്നത് unfair ആണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം എ. പി. അനിൽ കുമാർ നൽകിയിട്ടുള്ള പരാതി ചെയറിന്റെ പരിഗണനയിലാണ്. അത് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇപ്പോൾ പറഞ്ഞതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജനങ്ങൾ തെരഞ്ഞെടുത്ത സംസ്ഥാനത്തെ എം.പി.-മാർ വികസന വിരുദ്ധരാണെന്ന തരത്തിലുള്ള ചോദ്യം സഭയിൽ വരാൻ പാടില്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച കാര്യവും പരിശോധിക്കാം.

12.52 P.M]

## XIII നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ.

(iii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ.

(iv) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

(v) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

### ക്രമപ്രശ്നം

(1) നിരാകരണപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്നിവിടെ ചർച്ചയ്ക്കുവരുന്ന 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ, 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നീ നാല് ബില്ലുകൾ നിലവിൽ ഓർഡിനൻസുകളാണ്. അവ പല പ്രാവശ്യം

ദീർഘിപ്പിച്ചിട്ടുമുണ്ട്. ഓർഡിനൻസുകൾക്ക് പകരമായി ബിൽ വരുമ്പോൾ ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിക്കുന്നതിന് സാധാരണയായി അംഗങ്ങൾക്ക് അനുമതി ലഭിക്കാറുണ്ട്. എന്നാൽ ഇന്ന് അതിനുള്ള അവസരം നിഷേധിച്ചത് 6 ബില്ലുകൾ ഒരു ദിവസം ചർച്ച ചെയ്യുന്നതുകൊണ്ടായിരിക്കാം. എന്നാൽ അതിന് പറയുന്ന കാരണം, ഈ മാസം 8-ാം തീയതി ഓർഡിനൻസുകളെല്ലാം ലാപ്സായതിനാൽ അവ പ്രാബല്യത്തിലില്ലെന്നും ആയതിനാൽ നിരാകരണപ്രമേയം അവതരിപ്പിക്കേണ്ടതില്ലെന്നുമാണ്. പക്ഷേ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് പരിരക്ഷ നൽകാനാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. മാത്രമല്ല, ഓർഡിനൻസ് പുറപ്പെടുവിച്ച തീയതി മുതൽ സ്വീകരിച്ച നടപടികൾക്കെല്ലാം പരിരക്ഷ വേണമെന്ന് ബില്ലിൽ പറയുന്നുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഓർഡിനൻസ് നിരാകരണത്തിനുള്ള അവസരം അംഗങ്ങൾക്ക് നിഷേധിച്ചത് സഭയുടെ കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യം പരിഗണിച്ച് ഓർഡിനൻസ് നിരാകരണത്തിനുള്ള അവസരംകൂടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം വസ്തുതാപരമല്ല. ബില്ലുകളെല്ലാം നിലവിൽ ഓർഡിനൻസുകളാണെന്ന് അദ്ദേഹം പറഞ്ഞത് വസ്തുതാപരമായി തെറ്റാണ്. അതൊന്നും ഇപ്പോൾ ഓർഡിനൻസുകളല്ല. മാത്രമല്ല, ഇത് ഓർഡിനൻസിന് പകരമുള്ളതല്ല, പുതിയ ബില്ലുകളാണ്. അതുപോലെ ഒരു നിയമനിർമ്മാണ പ്രക്രിയയിൽ, നിയമത്തിന് ഏത് ദിവസം മുതൽ മുൻകാല പ്രാബല്യം നൽകണമെന്ന് തീരുമാനിക്കുന്നതിന് സഭയ്ക്ക് അധികാരമുണ്ട്. എന്തുകൊണ്ട് ആ തീയതി മുൻകാല പ്രാബല്യത്തിന് ബാധകമാക്കുന്നുവെന്നത് സംബന്ധിച്ച് ന്യായീകരണമുണ്ടാകും. കാരണം നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെയൊരു നിയമം നിലനിന്നിരുന്നു; അത് ഓർഡിനൻസാകാം, ആക്ടാകാം. സ്വാഭാവികമായും ഒരു നിയമം നിലനിന്ന കാലഘട്ടത്തിൽ അതിനനുസൃതമായ നടപടികളെടുക്കാൻ എക്സിക്യൂട്ടീവിന് അധികാരമുണ്ട്. അങ്ങനെയെടുത്ത നടപടികൾ നമുക്ക് റദ്ദാക്കാൻ കഴിയില്ല. അതുകൊണ്ട് സ്വാഭാവികമായും അതെല്ലാം സാധൂകരിക്കുന്നതിനായി ഒരു ക്ലോസ് പുതിയ ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്താം. അതുസംബന്ധിച്ച് പല കോടതിവിധികളിലുമുണ്ട്. ഇന്നലെ ഇതിലൊരു ഓർഡിനൻസിന് എതിരെയുള്ള കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് infructuous ആണെന്നും ഓർഡിനൻസ് പ്രാബല്യത്തിലില്ലാത്തതുകൊണ്ട് നിയമപരമായ പ്രശ്നം നിലനിൽക്കില്ലെന്നുമാണ്. നമ്മുടെ കീഴ്വഴക്കവും അതുതന്നെയാണ്. അതുകൊണ്ട് ഇത് ഓർഡിനൻസിന് പകരമുള്ള ബിൽ അല്ല; നിലവിൽ ഓർഡിനൻസുകളില്ല, പുതിയ ബില്ലുകളാണ് അവതരിപ്പിക്കുന്നത്.

## റൂളിംഗ്

മി. സ്പീക്കർ: ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ആണെങ്കിൽക്കൂടി പ്രസ്തുത ഓർഡിനൻസുകൾ യഥാസമയം റീപ്രൊമൽഗേഷൻ നടത്താത്തതുമൂലം കാലഹരണപ്പെടുകയും അവയ്ക്കുപകരമുള്ള ബില്ലുകൾ പരിഗണിക്കുന്ന വേളയിൽ ഓർഡിനൻസിന് നിരാകരണപ്രമേയം അവതരിപ്പിക്കാനുള്ള അവകാശം അംഗങ്ങൾക്ക് നഷ്ടപ്പെടുകയും ചെയ്തതിനെതിരെയാണ് ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നം ഉന്നയിച്ചത്.

ഇക്കാര്യത്തിൽ യഥാർത്ഥത്തിൽ സംഭവിച്ച കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. അതിനുപരിയായി എന്തെങ്കിലും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂൾ ചെയ്യേണ്ട കാര്യമുണ്ടെന്ന് കാണുന്നില്ല. നിയമസഭാ നടപടി ചട്ടം പ്രകാരം, നിലവിലില്ലാത്ത അഥവാ ലാപ്സായ ഒരു ഓർഡിനൻസിനെ നിരാകരിക്കുവാനുള്ള ഒരു ഉപക്ഷേപം അവതരിപ്പിക്കുവാനോ അതിന്മേലുള്ള അനന്തരഘട്ടങ്ങളിലേയ്ക്ക് കടക്കുവാനോ കഴിയുകയില്ല. ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 6 ബില്ലുകളിൽ 5 എണ്ണവും നിലവിലുണ്ടായിരുന്ന ഓർഡിനൻസുകളുടെ വ്യവസ്ഥകൾക്ക് തുടർപ്രാബല്യം നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള നിയമനിർമ്മാണമാണെങ്കിൽപ്പോലും പ്രസ്തുത ഓർഡിനൻസുകൾ ലാപ്സായ സാഹചര്യത്തിൽ ഓർഡിനൻസിന് പകരമുള്ള ബില്ലുകളായല്ല അവ സഭമുമ്പാകെ വന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

## ക്രമപ്രശ്നം

### (2) ബില്ലിലെ അപാകത

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുള്ളിൽ അതത് ജില്ലാ ബാങ്കുകൾ ജനറൽ ബോഡികൂടി സംസ്ഥാന സഹകരണ ബാങ്കുമായി സംയോജിക്കുന്നതിന് പ്രമേയം പാസ്സാക്കണമെന്ന വ്യവസ്ഥയിലെ രണ്ട് വർഷം എന്നത് മൂന്ന് വർഷമാക്കി മാറ്റുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഓർഡർ തുടരുന്നതിനാലാണ് കാലാവധി നീട്ടുന്നതെന്നാണ് പറയുന്നത്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ മാത്രം ലക്ഷ്യമിട്ടാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് നമുക്കെല്ലാമറിയാം. അതിന്റെ രാഷ്ട്രീയ വശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നിയമനിർമ്മാണത്തിൽ കാണിക്കുന്ന ഉദാസീനതയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. കോടതിയുടെ സ്റ്റേയുള്ളതിനാൽ നിങ്ങൾക്ക് രണ്ട് വർഷംകൊണ്ട് സംയോജന നടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ല. അതുകൊണ്ട് രണ്ട് വർഷമെന്നത് മൂന്ന് വർഷമെന്ന് ഭേദഗതി വരുത്തുകയാണ്. മൂന്ന് വർഷത്തിനുള്ളിൽ സ്റ്റേ അവസാനിക്കുമെന്ന് ആരാണ് പറഞ്ഞത്? മൂന്നുവർഷത്തിനിടയിൽ സ്റ്റേ അവസാനിച്ചില്ലെങ്കിൽ മൂന്ന് എന്നത് നാലാക്കുന്നതിന് അടുത്ത സമ്മേളനത്തിൽ ഭേദഗതി കൊണ്ടുവരും. നാല് വർഷംകൊണ്ടും സ്റ്റേ തീർന്നില്ലെങ്കിൽ നാല് എന്നത് അഞ്ചാക്കേണ്ടി വരും. ഇത് നിരുത്തരവാദപരവും ഉദാസീനവുമായ സമീപനവും ആവശ്യമില്ലാത്തൊരു നിയമനിർമ്മാണവുമാണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം രണ്ട് വർഷത്തിനുള്ളിൽ സംയോജന നടപടികൾ പൂർത്തിയാക്കാൻ കഴിയാതെ പോയത് കോടതിയുടെ ഇടപെടലുള്ളതുകൊണ്ടാണ്. ആ ന്യായം പറഞ്ഞ് രണ്ട് വർഷംകൊണ്ട് തീർത്തില്ലെങ്കിലും പ്രശ്നമില്ല. പക്ഷേ ഭേദഗതി കൊണ്ടുവരേണ്ടത് ഇങ്ങനെയല്ല. കോടതി നടപടികളുണ്ടാകുമ്പോൾ രണ്ട് വർഷം എന്നത് ബാധകമല്ല എന്ന തരത്തിലുള്ള ഭേദഗതിയാണ് കൊണ്ടുവരേണ്ടത്. അപ്പോൾ എത്ര വർഷം നീണ്ടുപോയാലും കുഴപ്പമില്ല. അതുകൊണ്ട് നിരുത്തരവാദപരവും ആവശ്യമില്ലാത്തതുമായ ഭേദഗതിയാകയാൽ ഇതിന് അനുമതി നൽകരുതെന്നാണ് എന്റെ വാദം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം ശരിയല്ല. ഇക്കാര്യത്തിലുണ്ടായിരുന്ന സ്റ്റാറ്റസ് കോ മെയിന്റെയിൻ ചെയ്യുന്നതിന് ബഹുമാനപ്പെട്ട കോടതി നൽകിയിരുന്ന ഉത്തരവുകളെല്ലാം അവസാനിച്ചിരിക്കുന്നു. ഇപ്പോൾ കോടതി മുമ്പാകെ കേസ്സുകളൊന്നും നിലവിലില്ല. ഇതുസംബന്ധിച്ച

നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാൻ കോടതി അനുമതി നൽകിയിട്ടുണ്ട്. ആർ.ബി.ഐ.-യുടെ ലൈസൻസ് ലഭിച്ചാൽ മാത്രം മതി. കോടതിയിൽ കേസ് നിലനിൽക്കുമ്പോൾ ആർ.ബി.ഐ.-യുടെ ലൈസൻസ് ലഭിക്കില്ല. അതുകൊണ്ട് കേസ് നിലവിലില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്. ലൈസൻസ് ലഭിച്ചാൽ ഉടൻതന്നെ ലയന പ്രക്രിയയിലേയ്ക്ക് നീങ്ങുന്നതാണ്. സ്റ്റേ നിലൽക്കുന്നുണ്ടെന്നത് അദ്ദേഹം തെറ്റിദ്ധരിച്ച് പറഞ്ഞതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേ നിലനിൽക്കുന്നുവെന്ന് ബില്ലിൽത്തന്നെ പറയുന്നുണ്ട്. .....(മൈക്ക് ഓഫ്).......

ശ്രീ. വി. എൻ. വാസവൻ: സർ, സ്റ്റേ ഉണ്ടായിരുന്നതിനാലാണ് ലയനപ്രക്രിയയ്ക്ക് താമസിച്ചതെന്നാണ് പറഞ്ഞത്. ഇപ്പോൾ കോടതി സ്റ്റേ ഒഴിവാക്കിയിരിക്കുന്നു. ആർ.ബി.ഐ.-യുടെ അനുമതി ലഭിച്ചാലുടൻതന്നെ ലയനപ്രക്രിയ നടക്കും. അതുകൊണ്ട് ഒരു വർഷത്തേയ്ക്ക് കാലാവധി നീട്ടണമെന്നതുമാത്രമാണ് ഈ ബില്ലിൽ ആകെയുള്ള ഭേദഗതി.

## റൂളിംഗ്

മി. സ്പീക്കർ: 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധവും നിയമനിർമ്മാണ തത്വങ്ങൾക്ക് നിരക്കാത്തതും സ്വാഭാവിക നീതിയുടെ ലംഘനവുമാണെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ തടസ്സവാദം ഉന്നയിച്ചിരിക്കുന്നത്.

ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി അതുസംബന്ധിച്ച വിശദീകരണം നൽകിക്കഴിഞ്ഞു. സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളിൽ കടന്നുകൂടിയിട്ടുള്ളതായി പറയപ്പെടുന്ന ഇത്തരം അപാകതകൾ വിശദമായി പരിഗണിച്ച് പരിഹാരം കാണുന്നതിനാണ് ബില്ലിന്മേലുള്ള പൊതുചർച്ച, സബ്ജക്ട് കമ്മിറ്റി/സെലക്ട് കമ്മിറ്റി തലത്തിലുള്ള പരിശോധന, വീണ്ടും അതിനുശേഷമുള്ള പൊതുചർച്ച, ഏറ്റവും ഒടുവിലായി വിശദമായ വകുപ്പുതിരിച്ചുള്ള പരിശോധന എന്നീ ക്രമത്തിൽ നമ്മുടെ നിയമനിർമ്മാണ നടപടിക്രമം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

സഭയ്ക്ക് സമ്പൂർണ്ണ നിയമനിർമ്മാണ അധികാരം ഭരണഘടനപ്രകാരം ലഭ്യമായിട്ടുള്ള ഒരു വിഷയത്തിന്മേലുള്ള, ഈ ബില്ലിന്റെ അവതരണ ഘട്ടത്തിൽതന്നെ ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾക്ക് യാതൊരു അടിസ്ഥാനവും ഇല്ലെന്നാണ് കാണുന്നത്. ബില്ലിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുവാനും പരിഹരിക്കുവാനുമുള്ള അവസരം അംഗങ്ങൾക്ക് ലഭ്യമാകുന്നതാണ്. അതുകൊണ്ടുതന്നെ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, സുദീർഘവും വിശദവുമായ ചർച്ച നടത്തിയാണ് 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കിയത്. സംയോജന നടപടികൾ പൂർത്തിയാക്കാനുള്ള കാലാവധി ഒരുവർഷത്തേയ്ക്കുകൂടി നീട്ടുന്നതിനാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ആർ.ബി.ഐ.-യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് അത് കൃത്യമായി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്. മറ്റ് 13 ജില്ലാ ബാങ്കുകളും കേരള സഹകരണ സംഘ ആക്ടിലെ 14 (എ) വകുപ്പനുസരിച്ചുള്ള പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ലയനപ്രക്രിയ പൂർത്തീകരിച്ച് 2019-ൽ കേരള ബാങ്ക് എന്ന ആശയം നിലവിൽ വന്നത്. അതിനുശേഷം 769 ബ്രാഞ്ചുകൾക്കും ആർ.ബി.ഐ. ലൈസൻസ് ലഭിച്ചു. ഇപ്പോൾ ബാങ്കിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. അന്ന് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ലയനത്തിനെതിരെ കോടതിയെ സമീപിച്ചപ്പോൾ സിംഗിൾ ബഞ്ച് അവർക്കനുകൂലമായി വിധിക്കുകയും ഡിവിഷൻ ബഞ്ച് സ്റ്റാറ്റസ്-കോ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തു. അത്തരമൊരു സാഹചര്യം വന്നതുകൊണ്ടാണ് ലയനത്തിന് കാലതാമസമുണ്ടായത്. ഇപ്പോൾ അത് പരിഹരിക്കപ്പെട്ടിരിക്കുന്നു. ആർ.ബി.ഐ.-യുടെ അനുമതി ലഭിച്ചാലുടൻ ലയനപ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ട് വിശദമായ പ്രസംഗത്തിന് പ്രസക്തിയില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് പ്രധാനപ്പെട്ട പങ്കുവഹിച്ചത് സഹകരണ പ്രസ്ഥാനങ്ങളാണ്. കേരളം ഇന്ത്യയിലെ മറ്റ്

സംസ്ഥാനങ്ങളിൽനിന്ന് എന്തുകൊണ്ട് വ്യത്യസ്തമായി എന്ന ചോദ്യത്തിന്റെ ഉത്തരം, കേരളത്തിൽനിന്നും നിരവധിയാളുകൾ ഗൾഫ് രാജ്യങ്ങളിൽപോയി സമ്പാദിച്ച് നാട്ടിലേയ്ക്ക് പണമയച്ച് കൊടുക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ സാമൂഹിക പുരോഗതിയുണ്ടായി എന്നതാണ്. ആ സാമൂഹിക പുരോഗതിക്ക് വഴിതെളിച്ച മറ്റൊരു പ്രധാന ഘടകം സഹകരണ പ്രസ്ഥാനങ്ങളാണ്. കേരളത്തിന്റെ സാമൂഹിക മാറ്റത്തിന് സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് സംബന്ധിച്ച് സഭയിലെ അംഗങ്ങളാരും വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എല്ലാവരും അംഗീകരിക്കുന്ന കാര്യമാണത്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ത്രീ ടയർ സിസ്റ്റമായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. അതിൽനിന്നും ടൂ ടയർ സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ 13 ജില്ലകളും ആ പൊതുധാരയ്ക്കൊപ്പം ഒഴുകി. പക്ഷേ ഒരു ജില്ല മാത്രം അതിനോടൊപ്പം കൂടിയില്ല. അത് ശരിയാണോയെന്ന് ആ ജില്ലാ സഹകരണ ബാങ്കിന് നേതൃത്വം കൊടുക്കുന്നവരാണ് ചിന്തിക്കേണ്ടത്.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, ഒരു മിനിട്ട്... ഒരു ദിവസം ആറ് ബില്ലുകൾ സഭയിൽ എടുക്കേണ്ടിവരുന്ന സാഹചര്യത്തെ സംബന്ധിച്ച് നേരത്തെ ഇവിടെ വിശദീകരിച്ചതാണ്. അസാധാരണ സാഹചര്യത്തിലാണ് നമുക്ക് ഇത്തരത്തിൽ ആറ് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടി വന്നത്. അതുകൊണ്ട് സമയക്ലിപ്തതയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ആത്മനിയന്ത്രണം പാലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: ബഹുമാനപ്പെട്ട ചെയർ ആദ്യംതന്നെ ഇങ്ങനെയൊരു റൂളിംഗ് നൽകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഏതായാലും ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശത്തെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ പരമാവധി ശ്രമിക്കാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്)

കേരളത്തിലെ സഹകരണ ബാങ്കുകൾ ടൂ ടയർ സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മാത്രം ഇതിൽനിന്നും മാറി സഞ്ചരിക്കുകയാണ്. അത്തരമൊരു സമീപനം മലപ്പുറം ജില്ലാ ബാങ്ക് സ്വീകരിക്കണോ? സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഘട്ടത്തിൽ മുസ്ലീംലീഗിന്റെ ബഹുമാന്യനായ നേതാവ് പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗം ഞാൻ വളരെ ശ്രദ്ധാപൂർവ്വം ശ്രവിച്ചു. ചില നാട്ടുരാജാക്കന്മാർ ബ്രിട്ടീഷുകാരെ സേവിച്ചിരുന്നുവെന്നാണ് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞത്. അതിന് സമാനമായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ

ദേശീയതലത്തിൽ ബി.ജെ.പി. സർക്കാർ ശ്രമിക്കുമ്പോൾ അവരുടെ കയ്യിലെ ആയുധമായി മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മാറണോ എന്ന ചോദ്യമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. പൊതുധാരയ്ക്കൊപ്പം സഞ്ചരിക്കാൻ അവരും തയ്യാറാകണം. ബ്രിട്ടീഷുകാർ ഇന്ത്യയെ അടിമപ്പെടുത്തുന്ന സമയത്ത് എപ്രകാരമാണോ നാട്ടുരാജാക്കന്മാർ കൂടെനിന്നത് അതിന് സമാനമായ ഒരു സാഹചര്യം സംസ്ഥാനത്ത് കേരള ബാങ്ക് രൂപീകരിക്കപ്പെടുന്ന ഘട്ടത്തിലുമുണ്ടായി എന്നത് നിരാശാജനകമാണ്. പതിമൂന്ന് ജില്ലാ ബാങ്കുകൾ ലയനത്തിനോട് സഹകരിച്ചു. 14 (എ) വകുപ്പുപ്രകാരം അവരുടെ ജനറൽ ബോഡികൾ റെസല്യൂഷൻ പാസ്സാക്കിയാണ് 29-11-2019-ൽ കേരള ബാങ്ക് രൂപീകരിച്ചത്. ഏത് സർക്കാരാണ് കേരള ബാങ്ക് രൂപീകരിച്ചതെന്ന് ഭാവിയിൽ പി.എസ്.സി. പരീക്ഷയ്ക്ക് ചോദ്യം വന്നേയ്ക്കാം. അതിന്റെ ഉത്തരം 2016-2021-ലെ പിണറായി വിജയൻ സർക്കാർ എന്നാണ്. അന്നത്തെ സഹകരണ വകുപ്പുമന്ത്രി ആരായിരുന്നു എന്നതിന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ എന്ന് എഴുതിയാൽ മാത്രമേ ശരിയുത്തരമാകുകയുള്ളൂ. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് 14 (എ) പ്രകാരമുള്ള റെസല്യൂഷൻ പാസ്സാക്കിയില്ല. 'ഞങ്ങൾ ഈ പൊതുധാരയ്ക്കൊപ്പം വരില്ല, ഞങ്ങൾ വിഘടിച്ച് നിൽക്കും' എന്നത് വിഘടനവാദമാണ്. അത്തരമൊരു സമീപനം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സ്വീകരിക്കുന്നത് ശരിയല്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. സംസ്ഥാന സർക്കാർ 2021-ൽ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കി. അതിലെ വകുപ്പ് 2 (ia)-ൽ പറയുന്നത്, " Provided that if the general body of a District Co-operative Bank has not passed the resolution under Section 14A, it shall continue as such for a period of two years from the date of commencement of the Kerala Co-operative Societies (Amendment) Act, 2021 or till the Registrar completes the process under clauses (a), (b) and (c) of sub-section (1) of section 74H, whichever is earlier;" എന്നാണ്. കേരള ബാങ്ക് രൂപീകരിച്ച് രണ്ട് വർഷം പൂർത്തീകരിക്കുകയാണ്. സ്വാഭാവികമായും ഈ ഘട്ടത്തിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ലയിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കാത്ത പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ ലയനപ്രക്രിയയ്ക്ക് രണ്ട് വർഷമെന്നത് മൂന്ന് വർഷമാക്കണമെന്നുള്ള ഭേദഗതി ബിൽ കൊണ്ടുവരുന്നത്. നിയമത്തെക്കുറിച്ച് പാണ്ഡിത്യമുള്ള പ്രതിപക്ഷനിരയിലുള്ളവർ എന്തിനാണ് ഈ ഭേദഗതിയെ എതിർക്കുന്നത്? മലപ്പുറം ബാങ്ക് കേരള ബാങ്കിൽ ലയിച്ചില്ലെങ്കിൽ മലപ്പുറത്തെ പാവപ്പെട്ട ജനങ്ങൾക്കാണ് അതിന്റെ നഷ്ടം. മലപ്പുറത്ത് ഒരു മൈക്രോസ്കോപ്പിക് മൈനോറിറ്റി മാത്രമേ സമ്പന്നരായുള്ളൂ. അതിനപ്പുറത്ത്

വലിയൊരു വിഭാഗം സാധുക്കളാണ്. അവർ ആശ്രയിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്ക് പൊതുധാരയ്ക്കൊപ്പം സഞ്ചരിച്ചില്ലെങ്കിൽ അതില്ലാതാകും. അതുകൊണ്ട് പൊതുധാരയ്ക്കൊപ്പം സഞ്ചരിക്കാൻ മുന്നോട്ടുവരണമെന്നാണ് പ്രതിപക്ഷനിരയിലെ സുഹൃത്തുക്കളോട് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുന്നത്. 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്നുപറഞ്ഞതുപോലെ, ഇടതുപക്ഷം ചെയ്തതുകൊണ്ടാണോ നിങ്ങൾ അതിനെ എതിർക്കുന്നത്? ഇടതുപക്ഷ ജനാധിപത്യമുന്നണി കേരള ബാങ്ക് രൂപീകരിച്ചുവെന്നത് വസ്തുതയാണ്. ആന്ധ്രാ ബാങ്ക്, കർണ്ണാടക ബാങ്ക് എന്നിങ്ങനെ ഓരോ സംസ്ഥാനങ്ങൾക്കും പ്രത്യേകം ബാങ്കുണ്ടെന്നത് ഓർക്കണം. അതുപോലെ, നമ്മുടെ സംസ്ഥാനത്ത് കേരള ബാങ്ക് എന്ന പേരിൽ ഒരു ബാങ്ക് രൂപപ്പെട്ടാൽ അതിന്റെ ദോഷഫലം എന്താണെന്ന് സൂചിപ്പിക്കാതെ അതിനെ പൂർണ്ണമായും എതിർത്ത് പൊതുധാരയ്ക്കെതിരെ സഞ്ചരിക്കുന്ന സമീപനം നിർഭാഗ്യവശാൽ യു.ഡി.എഫ്.-ലെ ഏറ്റവും പ്രബല പാർട്ടിയായ മുസ്ലീംലീഗ് സ്വീകരിച്ചുവെന്നത് നിരാശാജനകമാണ്. അത് യു.ഡി.എഫ്.-ന്റെ പൊതു അഭിപ്രായമായിരിക്കാം. പക്ഷേ മുസ്ലീംലീഗ് ഒന്നുമാറ്റി ചിന്തിച്ചാൽ പൊതുധാരയ്ക്കൊപ്പം സഞ്ചരിക്കാം. അങ്ങനെ സഞ്ചരിക്കുമ്പോൾ അതിന്റെ ഗുണം മലപ്പുറത്തെ പാവപ്പെട്ട ജനങ്ങൾക്കാണ് ലഭിക്കുന്നത്. മലപ്പുറമെന്നത് നിങ്ങൾക്ക് thumping majority നൽകുന്ന ജില്ലയല്ലേ?

ഞങ്ങളോട് വെറുപ്പുണ്ടെന്ന് കരുതി, ഏത് കാറ്റിലും കോളിലും യു.ഡി.എഫ്. രാഷ്ട്രീയത്തോടൊപ്പം ഹൃദയം ചേർന്നുനിന്ന ജനങ്ങളെ ദ്രോഹിക്കുന്നതെന്തിനാണ്; രാഷ്ട്രീയമായി ഞങ്ങളെ എതിർത്തോളൂ, അതിനുപകരം അവിടത്തെ ജനങ്ങളെയാകെ ദ്രോഹിക്കുന്ന സമീപനം നിങ്ങൾ സ്വീകരിക്കുന്നതെന്തിനാണ്? കേരള ബാങ്കിൽ ലയിച്ചപ്പോൾ ഗോൾഡ് ലോണിന്റെയും കാർഷിക വായ്പയുടെയും പലിശ വലിയ രീതിയിൽ കുറഞ്ഞു. ഇങ്ങനെയുള്ള ധാരാളം ഗുണഫലങ്ങൾ മലപ്പുറത്തെ ജനങ്ങൾക്കുകൂടി ലഭിക്കട്ടെ എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായാണ് ഈയൊരു ഭേദഗതി ബിൽ കൊണ്ടുവന്നത്. മലപ്പുറം ജില്ലാ ബാങ്കിലെ അഞ്ഞൂറോളം ജീവനക്കാരോട് അഭിപ്രായം ചോദിച്ചാൽ, കേരളാ ബാങ്കിൽ ലയിക്കണമെന്നുള്ളതാണ് അവരുടെ പൊതു അഭിപ്രായമെന്ന് മനസ്സിലാകും. അങ്ങനെയല്ല എന്നുപറയാൻ മുസ്ലീംലീഗ് നേതൃത്വത്തിനും യു.ഡിഎഫ്.-നും കഴിയുമോ? മലപ്പുറം ജില്ലാ ബാങ്കിലെ അഞ്ഞൂറോളം ജീവനക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനെയും മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയെയും മുസ്ലീംലീഗിന്റെ സമുന്നത നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെയും കണ്ടു. അവരുടെ പൊതുവികാരം കേരള ബാങ്ക് എന്ന പൊതുധാരയ്ക്കൊപ്പം ഒഴുകണമെന്നാണ്. പക്ഷേ നിർഭാഗ്യവശാൽ, ഇടതുപക്ഷ രാഷ്ട്രീയത്തെ എതിർക്കണമെന്ന തീരുമാനത്തിന്റെ ഭാഗമായി കേരള ബാങ്കിൽ

ലയിക്കില്ല എന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഒരുപക്ഷേ നിങ്ങളിൽ ആർക്കെങ്കിലുമൊരാൾക്ക് മലപ്പുറം ജില്ലാ ബാങ്കിന്റെ പ്രസിഡന്റാകാം എന്നതിനപ്പുറത്ത് എന്താണ് നേട്ടം; അവിടത്തെ സാധാരണക്കാരന് എന്ത് ഗുണമാണുള്ളത്? സഹകരണ ബാങ്കുകളിൽനിന്ന് സാധാരണക്കാരാണ് കൂടുതൽ ലോണെടുക്കുന്നത്. സ്ഥലം വാങ്ങാനും വീടുവയ്ക്കാനും മക്കളുടെ വിദ്യാഭ്യാസത്തിനും കല്യാണത്തിനുമൊക്കെ ലോണെടുക്കുന്നതും അവിടെ ഡെപ്പോസിറ്റ് ചെയ്യുന്നതും സാധാരണക്കാരാണ്. അവിടത്തെ സാധാരണ ജനങ്ങൾക്ക് ലഭിക്കുന്ന ഗുണത്തെ ഇല്ലാതാക്കുകയാണ്. യു.ഡി.എഫ്. രാഷ്ട്രീയത്തിന് വോട്ട് ചെയ്തു എന്നതുകൊണ്ടുമാത്രം ലയനത്തെ എതിർക്കുന്ന സമീപനം സ്വീകരിക്കുന്നത് ശരിയാണോ? ഇത് ശക്തമായ രീതിയിൽ ഒരു ക്യാമ്പയിനാക്കി ഉയർത്തിക്കൊണ്ടുവരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. പൊതുധാരയ്ക്കൊപ്പം ഒഴുകാതെ മാറിനിന്നാൽ അതിന്റെ ദോഷമനുഭവിക്കാൻ പോകുന്നത് മലപ്പുറത്തെ ജനങ്ങളാണെന്നത് മനസ്സിലാക്കാനായി അന്ധമായ രാഷ്ട്രീയക്കണ്ണട മാറ്റി കാര്യങ്ങളെ നോക്കാൻ മുസ്ലീംലീഗ് നേതൃത്വം തയ്യാറാകണം.

കേരളത്തിലെ സഹകരണ ബാങ്കുകളിലെ ആകെ നിക്ഷേപം 2.5 ലക്ഷം കോടി രൂപയാണ്. ഇന്ത്യയിൽ ആകെയുള്ള സഹകരണ ബാങ്കുകളുടെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ 67 ശതമാനവും വരുന്നത് കേരളത്തിലെ സഹകരണ ബാങ്കുകളിലാണ്. കേരളത്തിലേത് സുശക്തമായ ഒരു സഹകരണ പ്രസ്ഥാനമാണ്. അതിനെ തകർക്കുകയെന്ന ലക്ഷ്യം പൊളിറ്റിക്കലാണ്. ബി.ജെ.പി.-യുടെ സോഷ്യൽ എഞ്ചിനീയറിംഗിലെ ഏറ്റവും പ്രധാനപ്പെട്ട കക്ഷിയായ ശ്രീ. അമിത് ഷായെ സഹകരണ വകുപ്പ് ഏൽപ്പിച്ചിരിക്കുന്നത് എന്തിനാണ്? അത് ഞങ്ങളെ മാത്രം ലക്ഷ്യം വച്ചല്ല. ചില സ്ഥലങ്ങളിൽ സഹകരണ പ്രസ്ഥാനം ശക്തമാണ്. ഈ കുത്തൊഴുക്കിൽ ഒരു ഭാഗത്ത് പ്രതിപക്ഷംതന്നെ അപ്രത്യക്ഷമാകുന്ന ഘട്ടത്തിലും ചില സംസ്ഥാനങ്ങളിൽ പ്രതിപക്ഷ രാഷ്ട്രീയം പിടിച്ചുനിൽക്കുന്നത് സഹകരണ പ്രസ്ഥാനത്തിലൂടെയാണ്. മഹാരാഷ്ട്രയിൽ സഹകരണ മേഖലയിൽ ഷുഗർകെയിൻ സെക്ടറുണ്ട്. ഗുജറാത്ത് ഒരു പരിധിവരെ പിടിച്ചുനിന്നത് പാലുല്പാദന മേഖലയിലുള്ള സഹകരണ പ്രസ്ഥാനങ്ങളിലൂടെയാണ്. എന്നാൽ ഈ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിനാണ് ശ്രീ. അമിത് ഷായെ സഹകരണ വകുപ്പ് ഏൽപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തിലൂടെ ബി.ജെ.പി. അജണ്ട നടപ്പിലാക്കാൻ സംഘപരിവാർ രാഷ്ട്രീയം ശ്രമിക്കുമ്പോൾ നാം കരുതലോടെ നിൽക്കേണ്ടതല്ലേ? തകർക്കപ്പെടുമ്പോൾ ഇടതുപക്ഷത്തിന്റെ ബാങ്കുകൾ മാത്രമാണോ തകരുന്നത്. ഇടതുപക്ഷത്തെപ്പോലെ യു.ഡി.എഫ്.-നും കേരളത്തിൽ ബാങ്കുകളുണ്ടല്ലോ. ഇടതുപക്ഷത്തെയും വലതുപക്ഷത്തെയും ഒരുപോലെ കടന്നാക്രമിച്ച് കേരളം കീഴ്പ്പെടുത്താൻ ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയും ശ്രമിക്കുമ്പോൾ അവരുടെ കൈയിൽ നാം

ആയുധം വച്ചുകൊടുക്കേണ്ടതുണ്ടോ? ഒരു കാരണവശാലും അതിന് നാം കൂട്ടുനിൽക്കാൻ പാടില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത തകർക്കാൻ ശ്രമം നടക്കുകയാണ്. അതിനായി കരുവന്നൂർ സഹകരണ ബാങ്കിനെയാണ് ഉയർത്തിക്കാണിക്കുന്നത്. കേരളത്തിലെ എല്ലാ ബാങ്കും കരുവന്നൂർ ബാങ്കിനെ പോലെയാണോ? അവിടെ പോരായ്മ സംഭവിച്ചു എന്നുള്ളത് ഞങ്ങൾ ഉൾക്കൊള്ളുന്നു. അവിടെ ക്രമക്കേട് നടത്തിയവർക്കെതിരെ കൃത്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മാധ്യമങ്ങൾ കരുവന്നൂർ ബാങ്കിനെ ഫോക്കസ് ചെയ്യുന്നത് എന്തിനാണ്? ചില പത്രങ്ങൾ സഹകരണ പ്രസ്ഥാനങ്ങളിൽ നടക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് അവതരിപ്പിക്കുന്നതുകാരണം പല സഹകരണ ബാങ്കുകളിൽനിന്നും ജനങ്ങൾ ഡെപ്പോസിറ്റ് പിൻവലിക്കുകയാണ്. സഹകരണ ബാങ്കുകളിൽ മാത്രമാണോ അഴിമതി നടക്കുന്നത്? നാഷണലൈസ്ഡ് ബാങ്കുകളിലും പല തരത്തിൽ അഴിമതി നടക്കുന്നുണ്ട്. അവിടെനിന്നും പ്രതിദിനം നൂറ് കോടി രൂപയാണ് ലോണായി കൊള്ളയടിക്കപ്പെടുന്നതെന്ന് കാണാൻ സാധിക്കും. അവ തിരിച്ചടയ്ക്കുന്നുണ്ടോ? കോർപ്പറേറ്റ് പാദസേവയുടെ കാര്യത്തിൽ ബി.ജെ.പി.-യും കോൺഗ്രസും അനിയൻ ബാവയും ചേട്ടൻ ബാവയുമാണ്. രണ്ടുപേരും കോർപ്പറേറ്റുകളെ തരാതരംപോലെ താലോലിച്ചിട്ടുണ്ട്. നിയമത്തിൽനിന്ന് ഒളിച്ചോടുക എന്ന അർത്ഥത്തിൽ fugitive എന്നൊരു വാക്കുണ്ട്. വിജയ് മല്യ, മെഹുൽ ചോക്സി, നീരവ് മോദി തുടങ്ങിയവരെല്ലാം അങ്ങനെ നിയമത്തിൽനിന്ന് ഒളിച്ചോടിയവരാണ്. ഇവരെല്ലാം ലോണെടുത്തത് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്നല്ല, ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ബഹുരാഷ്ട്ര നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നാണ്. ഇവർ ലോൺ തിരിച്ചടയ്ക്കാതെ ഒളിച്ചോടി മറ്റ് രാജ്യങ്ങളിൽ അഭയം പ്രാപിച്ചു. എന്തുകൊണ്ടാണ് ഇവിടത്തെ പ്രിന്റ്/വിഷ്വൽ മീഡിയ ഇത് ഫോക്കസ് ചെയ്യാത്തത്? ഇരുപത്തിയേഴ് നാഷണലൈസ്ഡ് ബാങ്കുകളുണ്ടായിരുന്നത് ഇപ്പോൾ പന്ത്രണ്ടായി ചുരുങ്ങി എന്നുള്ള കാര്യം നിങ്ങളാലോചിക്കണം. പതിനഞ്ചെണ്ണം സ്വകാര്യവത്കരിക്കുകയും ചില ബാങ്കുകൾ മെർജ് ചെയ്യുകയും ചെയ്തു. അദാനി ഉൾപ്പെടെയുള്ള കോർപ്പറേറ്റ് ഭീമന്മാർ നാഷണലൈസ്ഡ് ബാങ്കുകളിൽനിന്നും പണം ലൂട്ട് ചെയ്ത് കൊണ്ടുപോകുമ്പോൾ അതിനെക്കുറിച്ച് പത്രവാർത്ത നൽകാൻ നേതൃത്വം കൊടുക്കാത്തവർ സഹകരണ പ്രസ്ഥാനത്തെ മാത്രം ലക്ഷ്യമിട്ട് മുന്നോട്ടുവരുന്നത് എന്തുകൊണ്ടാണ്? കേരളത്തിലെ വിശ്വാസ്യതയാർജ്ജിച്ച സഹകരണ പ്രസ്ഥാനത്തെ തകർക്കുകയെന്ന ലക്ഷ്യം ഇതിന്റെ പിന്നിലുണ്ടെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. സഹകരണ ഓഡിറ്റിംഗിൽ സമഗ്രമായ മാറ്റം വരുത്തിയിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ ഏതെങ്കിലും തരത്തിൽ തട്ടിപ്പ് നടന്നാൽ അത് ക്രിമിനൽ കുറ്റമാക്കി മാറ്റുന്ന പ്രവർത്തനത്തിന് നേതൃത്വം കൊടുത്തിട്ടുണ്ട്. നിക്ഷേപക ഗ്യാരന്റി ഫണ്ട് ബോർഡിന്റെ വ്യവസ്ഥയിൽ മാറ്റം വരുത്തി. നേരത്തെ

രണ്ട് ലക്ഷം രൂപയാണ് നിക്ഷേപത്തിന് ഗ്യാരന്റിയുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് അഞ്ച് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. കരുവന്നൂർ ബാങ്ക് തട്ടിപ്പിന്റെകൂടി പശ്ചാത്തലത്തിലാണ് അങ്ങനെ ചെയ്തത്. നിക്ഷേപക ഗ്യാരന്റി ഫണ്ട് ബോർഡിലൂടെ നിക്ഷേപങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്നു. ആസൂത്രിതമായി കുപ്രചരണങ്ങൾ നടത്തി സഹകരണ പ്രസ്ഥാനത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ രാഷ്ട്രീയം നമുക്ക് തിരിച്ചറിയാൻ സാധിക്കണം. സഹകരണ ബാങ്കുകൾ നമ്മുടെ നാടിന്റെ സാമൂഹിക മാറ്റത്തിലുണ്ടാക്കിയ സംഭാവന കുറച്ചുകാണാൻ കഴിയില്ല. കേരളത്തിലാകെ രജിസ്ട്രാറുടെ കീഴിൽ 16112 സഹകരണ സംഘങ്ങളുണ്ട്. ഇതിൽ ഏഴായിരത്തിലധികം ഇതര സംഘങ്ങളാണ്. 1951 നവംബർ 1-ന് കേരളത്തിൽ രൂപപ്പെട്ട 3111 സഹകരണ സംഘങ്ങളിൽനിന്നാണ് ഇപ്പോൾ വർദ്ധനവുണ്ടായിട്ടുള്ളത്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, ജീവനക്കാരുടെ സംഘങ്ങൾ, റൂറൽ ബാങ്കുകൾ എന്നിങ്ങനെ വ്യത്യസ്ത സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരെല്ലാം അവരുടേതായ പങ്ക് വഹിക്കുന്നുവെന്നാണ് സൂചിപ്പിക്കാനുള്ളത്. PACS (Primary Agricultural Credit Societies)-ന്റെ നേതൃത്വത്തിൽ കാർഷിക സഹായം നൽകുന്നുണ്ട്. അതുപോലെ വായ്പക്കാർക്ക് പരിരക്ഷ നൽകുന്നതിനായി ആരംഭിച്ച റിസ്ക് ഫണ്ട് പദ്ധതിയിലൂടെ ഏകദേശം 85936 ഗുണഭോക്താക്കൾക്ക് 638 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചു. ലോണെടുത്ത ഒരാൾ ഏതെങ്കിലും തരത്തിലുള്ള രോഗം ബാധിച്ച് മരണപ്പെട്ടാൽ റിസ്ക് ഫണ്ടിലുൾപ്പെടുത്തി അയാളുടെ കുടുംബത്തെ സഹായിക്കുന്നുണ്ട്. കൂടാതെ മെമ്പർ റിലീഫ് ഫണ്ടും സഹകാരി സാന്ത്വന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. അതുമാത്രമല്ല, യു.ഡി.എഫ്.-ന്റെ കാലത്ത് കൊടുക്കാതെ മാറ്റിവച്ച സാമൂഹ്യക്ഷേമ പെൻഷൻ, ഇടതുപക്ഷം അധികാരത്തിൽ വന്നതിനുശേഷം കൊടുത്തത് സഹകരണ ബാങ്കുകളിലൂടെയാണ്. ഇരുപത്തിയൊന്ന് ലക്ഷത്തിലധികം പേർക്കാണ് സഹകരണ സംഘങ്ങൾ പെൻഷൻ തുക നേരിട്ട് വീട്ടിലെത്തിച്ചിട്ടുള്ളത്. നമ്മുടെ നാട് രണ്ട് പ്രളയങ്ങൾ നേരിട്ടപ്പോൾ 'കെയർ ഹോം' പദ്ധതിയിലൂടെ 2091 വീടുകൾ നിർമ്മിച്ച് നൽകിയതും സഹകരണ പ്രസ്ഥാനമാണ്. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ മാത്രം 40 ഭവനങ്ങളാണ് ഇതിനോടകം നിർമ്മിച്ച് നൽകിയിട്ടുള്ളത്. കേരളത്തിന്റെ സാമൂഹിക മാറ്റത്തിൽ സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് നമുക്ക് നിഷേധിക്കാൻ സാധിക്കില്ല.

<u>മി. ചെയർമാൻ</u>: ശ്രീ. എ. എൻ. ഷംസീർ, അങ്ങ് ചുരുക്കണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അവസാനിപ്പിക്കാം. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് വലിയ ഗുണം

ലഭിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. കോവിഡ് കാലത്ത് പലിശ തിരിച്ചടയ്ക്കാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചതിലൂടെ ധാരാളം ആളുകൾക്ക് ഇളവ് നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. മുറ്റത്തെ മുല്ല, സ്നേഹതീരം തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കി. തീരദേശ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചു. അവിടെയൊക്കെ വലിയ രീതിയിലുള്ള സഹായങ്ങൾ നൽകിയിട്ടുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സഹകരണ ബാങ്കിന്റെ ജൂറിസ്ഡിക്ഷനിൽ സഹകരണ ആശുപത്രിയും മറ്റ് ചികിത്സാ സംവിധാനങ്ങളായ ലബോറട്ടറിയും ഫാർമസിയുമെല്ലാം ഉണ്ടാകും. അതുകൊണ്ട് അതേ ജൂറിസ്ഡിക്ഷനിൽ സഹകരണ ബാങ്കുകൾ ലബോറട്ടറിയും ഫാർമസിയും ആരംഭിക്കുന്നത് ശക്തമായി നിയന്ത്രിക്കണം. ഒരു ഭാഗത്ത് സഹകരണ മൂവ്മെന്റ് എന്ന നിലയിൽ സഹകരണ ആശുപത്രികൾ നിലകൊള്ളുമ്പോൾ അതേ ജൂറിസ്ഡിക്ഷനിൽ സഹകരണ ബാങ്ക് ഫാർമസിയും ലബോറട്ടറിയും തുടങ്ങുന്നത് സഹകരണ ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കും. ജനങ്ങൾക്ക് വലിയ രീതിയിൽ ആശ്വാസം നൽകുന്നതാണ് സഹകരണ ആശുപത്രികൾ. ഇക്കാര്യങ്ങളിൽ ഇടപെടുന്ന നിലപാട് സ്വീകരിക്കാനാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. സർക്കാരിന്റെ രണ്ട് നൂറുദിന കർമ്മപദ്ധതിയിലുംകൂടി വലിയ സഹായമാണ് സംസ്ഥാന സർക്കാരിന് സഹകരണമേഖല നൽകിയിട്ടുള്ളത്. ഇങ്ങനെ സഹകരണ പ്രസ്ഥാനം രാജ്യത്ത് സ്വകാര്യ കോർപ്പറേറ്റ് കുത്തക ബാങ്കുകൾക്ക് ബദലാണെന്ന വസ്തുത നാം മനസ്സിലാക്കണം. സ്വകാര്യ കോർപ്പറേറ്റ് കുത്തക ബാങ്കുകളിൽനിന്ന് സാധാരണക്കാരന് ലോൺ എളുപ്പത്തിൽ ലഭിക്കുകയില്ല. കോർപ്പറേറ്റ് കുത്തക ബാങ്കുകൾക്ക് പകരമായി നാട്ടിലെ സാധാരണക്കാരന് ആശ്രയിക്കാൻ സാധിക്കുന്ന കേന്ദ്രമാണ് സഹകരണ ബാങ്ക് എന്ന കാര്യം നാം മറന്നുപോകരുത്. ആ സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തണം. അതിനെ തകർക്കാനായി കേന്ദ്ര ഗവൺമെന്റ് ബാങ്കിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ആക്ട് നടപ്പാക്കാൻ പോകുകയാണ്. റിസർവ് ബാങ്ക് ഇപ്പോൾ റിവേഴ്സ് ബാങ്കാണ്. ഇന്ത്യയുടെ സമ്പദ്ഘടനയെ റിവേഴ്സ് അടുപ്പിക്കുന്ന ബാങ്കായി റിസർവ് ബാങ്ക് മാറുന്നു. സഹകരണ സംഘങ്ങളോട് 'ബാങ്ക്' എന്ന പേര് ഉപയോഗിക്കാൻ പാടില്ലെന്നാണ് പറയുന്നത്. സഹകരണ സൊസൈറ്റി എന്നുമാത്രമേ പറയാൻ പാടുള്ളൂവെന്ന രീതിയിലേയ്ക്ക് സഹകരണ സംഘങ്ങളെ തകർക്കാൻ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കേന്ദ്ര ഗവൺമെന്റും ശ്രമിക്കുമ്പോൾ അതിനെതിരെ കർക്കശമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകാനാകണം. അതുകൊണ്ട് ഈ ബില്ലിൽ പറയുന്നതുപോലെ സംയോജന നടപടികൾ പൂർത്തിയാക്കാനുള്ള കാലാവധി രണ്ടുവർഷമെന്നത് മൂന്ന് വർഷമാക്കി മാറ്റുമ്പോൾ, പ്രിയപ്പെട്ട പ്രതിപക്ഷനിരയിലുള്ള സുഹൃത്തുക്കളോട് അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ

പൊതുധാരയ്ക്കൊപ്പം ഒഴുകാൻ തയ്യാറാകണമെന്നാണ്. സംസ്ഥാനത്ത് 13 ബാങ്കുകൾക്ക് കേരള ബാങ്കിൽ ലയിക്കാമെങ്കിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് എന്തുകൊണ്ട് അതിന് സാധിക്കില്ല. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് അനാവശ്യമായ വിവാദത്തിലേയ്ക്ക് പോകാതെ പൊതുധാരയുടെകൂടെ ഒഴുകിവരാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെകൂടെ നിൽക്കാൻ തയ്യാറാകണം. ഇതിനൊരു അഹംഭാവത്തിന്റെ ആവശ്യമില്ല.

ബില്ലിൽ രാഷ്ട്രീയം ചർച്ച ചെയ്യാൻ പാടില്ലെന്നാണ് പൊതുവെ പറയാറുള്ളത്. എന്നാലും ഒന്നുരണ്ട് കാര്യങ്ങൾ പറയാം. കോൺഗ്രസ്സുകാർ നടത്തുന്ന ഭാരത് ജോഡോ യാത്ര അവസാനിക്കുന്നതോടുകൂടി ഭാരതംവിട്ട് കോൺഗ്രസ്സുകാർ ഓടേണ്ട അവസ്ഥയിലേയ്ക്കെത്തും. കാരണം കോൺഗ്രസ്സിന്റെ പല നേതാക്കന്മാരും കോൺഗ്രസ്സ് വിടുകയാണ്. ആനന്ദ് ശർമ്മ, ഗുലാം നബി ആസാദ് എന്നിവർ കോൺഗ്രസ് വിട്ടു. ശശി തരൂർ കോൺഗ്രസ് വിടുന്നതിന്റെ ചില സൂചനകൾ നൽകി. അതുകൊണ്ട് രാജ്യത്തിനകത്തുള്ള ചുവരെഴുത്ത് മനസ്സിലാക്കി, പല നേതാക്കന്മാരും കോൺഗ്രസ് വിട്ടുപോകാൻ തയ്യാറാകുന്നതിന്റെ കാരണം നിങ്ങൾ സ്വീകരിക്കുന്ന സമീപനങ്ങളാണെന്ന് മനസ്സിലാക്കണം. നിങ്ങൾ പൊതുധാരയ്ക്കൊപ്പം ഒഴുകാതെ മാറി സഞ്ചരിക്കുന്നു. അതിന്റെ ഭാഗമായാണ് അസംതൃപ്തരായ പല നേതാക്കളും കോൺഗ്രസ് വിട്ട് മറുപാളയത്തിലേയ്ക്ക് പോകാൻ തയ്യാറാകുന്നത്. പൊതുധാരയ്ക്കൊപ്പം ഒഴുകാൻ കേരളത്തിലെ 13 ജില്ലാ ബാങ്കുകൾ തയ്യാറായെങ്കിൽ അവയുടെകൂടെ മലപ്പുറം ജില്ലാ ബാങ്കുകൂടി വരണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഭേദഗതിയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട അംഗം എ. എൻ. ഷംസീർ എല്ലാകാലത്തും കോൺഗ്രസ്സിന് നല്ല ഉപദേശങ്ങൾ നൽകുന്നയാളാണ്. പക്ഷേ സ്വന്തം ജില്ലയായ കണ്ണൂരിൽനിന്ന് ലഭിക്കുന്ന സന്ദേശമെങ്കിലും അദ്ദേഹം ഉൾക്കൊള്ളണമായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. 85 വോട്ടുകൂടി കിട്ടിയിരുന്നെങ്കിൽ ഇന്ന് മട്ടന്നൂർ നഗരസഭയിൽ യു.ഡി.എഫ്.-ന്റെ ചെയർമാൻ ഇരിക്കുമായിരുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കേണ്ടതാണ്. 13 ജില്ലാ സഹകരണ ബാങ്കുകൾ ലയിച്ചുവെങ്കിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് ലയിക്കാനെന്താണ് കുഴപ്പമെന്നാണ് അദ്ദേഹം ചോദിച്ചത്. 13 ബാങ്കുകൾ ലയിച്ചപ്പോഴും മലപ്പുറം ജില്ലാ ബാങ്ക് ലയിക്കാതെ നിൽക്കുന്നത് ജില്ലാ സഹകരണ ബാങ്കുകളിൽ സാധാരണ ജനങ്ങൾക്കുള്ള സ്വീകാര്യത സ്റ്റേറ്റ് ബാങ്ക് ആയതോടുകൂടി

ഇല്ലാതാകുമോ എന്ന ഭയമുള്ളതിനാലാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് അതിന്റെ എല്ലാ ഐഡന്റിറ്റിയും കാത്തുസൂക്ഷിച്ച് മുന്നോട്ടുപോകുകയാണ്. അതിനെ കേരള ബാങ്കിലേയ്ക്ക് ലയിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഒരു നിയമനിർമ്മാണം നടത്തുമ്പോൾ, ഉദ്ദേശിക്കുന്ന ജനവിഭാഗങ്ങൾക്ക് അതിന്റെ ഗുണഫലമുണ്ടാകണം. ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ ചൂണ്ടിക്കാണിച്ചതുപോലെ കോടതിയിൽ കേസുമായി മുന്നോട്ടു പോയാൽ ഇത് അനന്തമായി നീണ്ടുപോകുകയും വീണ്ടും ഭേദഗതി കൊണ്ടുവരേണ്ടി വരികയും ചെയ്യും. രണ്ടാം പിണറായി വിജയൻ സർക്കാർ എന്നുപറയുന്നതുപോലെ ഇപ്പോൾ രണ്ടാം ഭേദഗതിയായി, ഇനിയത് മൂന്നാം ഭേദഗതിയായി, ഇങ്ങനെ പോയിക്കൊണ്ടിരിക്കും. നിലവിൽ 13 ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു. കേരളത്തിന്റെ സ്വന്തം ബാങ്കെന്നും ഒരു അപ്പെക്സ് ബാങ്കെന്ന നിലയ്ക്ക് വാണിജ്യ ബാങ്കുകളോടും ന്യൂജനറേഷൻ ബാങ്കുകളോടും മത്സരിക്കുന്ന തരത്തിൽ ടെക്നോളജി കൊണ്ടുവരുമെന്നുമുള്ള പ്രഖ്യാപനങ്ങളാണ് അന്ന് ഗവൺമെന്റ് നടത്തിയത്. എന്നാൽ അതെല്ലാം പാഴ്വാക്കായി മാറി. എസ്.ബി.ടി.-എസ്.ബി.ഐ.ലയനം കഴിഞ്ഞ് രണ്ടുവർഷം കഴിഞ്ഞപ്പോൾത്തന്നെ അതൊരു ബാങ്കാണെന്ന പ്രതീതി ഇടപാടുകാർക്ക് ലഭിച്ചിരുന്നു. എന്നാൽ കേരള ബാങ്ക് ഇപ്പോഴും ജില്ലാ സഹകരണ ബാങ്കുകളുടെ ചെക്കുകളാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ കാര്യക്ഷമമായി നടപ്പിലാക്കാനോ ആവശ്യത്തിന് ജീവനക്കാരെ വിന്യസിക്കാനോ കേരള ബാങ്കിന് കഴിഞ്ഞിട്ടില്ല. നിലവിൽ 1500-ലേറെ ഒഴിവുകളുണ്ട്. ജില്ലാ സഹകരണ ബാങ്കായിരുന്നെങ്കിൽ ഇതിനോടകംതന്നെ ആയിരത്തി അഞ്ഞൂറോ അതിലധികമോ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ജോലി ലഭിക്കുന്ന സാഹചര്യമുണ്ടാകുമായിരുന്നു. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയോ അല്ലെങ്കിൽ രണ്ടുവർഷമായി പി.എസ്.സി. അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുന്നതിനെതിരായി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതാണെന്ന കാര്യം അങ്ങയുടെ ഓർമ്മയിലുണ്ടോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ശരിയാണ്. വലിയൊരു ബാങ്ക് നമ്മുടെ ബാങ്കിനെ വിഴുങ്ങുന്നു, ജനങ്ങൾക്ക് ആ ബാങ്കിലേയ്ക്കുള്ള അക്സസ്സബിലിറ്റി കുറയുന്നു തുടങ്ങിയ വാദങ്ങളാണ് നമ്മൾ അന്ന് ഉന്നയിച്ചത്. ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളെക്കൂടി ലയിപ്പിക്കുമ്പോൾ യഥാർത്ഥത്തിൽ അവർ എന്തുചെയ്തോ അതുതന്നെയാണ് ഇവരും ചെയ്യുന്നത്. റിസർവ് ബാങ്ക് റിവേഴ്സ് ബാങ്കായെന്ന് ശ്രീ.

എ. എൻ. ഷംസീർ സൂചിപ്പിച്ചു. മുൻപ് പല കാര്യങ്ങളിലും ജില്ലാ സഹകരണ ബാങ്കുകൾ തീരുമാനമെടുക്കുകയും അതിനെന്തെങ്കിലും സാങ്കേതിക പ്രയാസമുണ്ടെങ്കിൽ ഗവൺമെന്റിനെ സമീപിക്കുകയും ചെയ്യുമായിരുന്നു. ഇന്ന് കേരള ബാങ്കിന് എല്ലാ കാര്യങ്ങൾക്കും റിസർവ് ബാങ്കിനെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. ഫിസ്കൽ ഫെഡറലിസത്തിനുവേണ്ടി വാദിക്കുന്ന നമ്മൾ ഇതെല്ലാംകൂടി റിസർവ് ബാങ്കിന്റെ കാൽക്കീഴിലേയ്ക്ക് കൊണ്ടുവയ്ക്കുകയാണ് ചെയ്തത്. കരുവന്നൂർ സഹകരണ ബാങ്കുൾപ്പെടെയുള്ള പല ബാങ്കുകൾക്കുമുണ്ടായിരിക്കുന്ന പ്രതിസന്ധിയിൽനിന്നും ഇടപാടുകാരെ സഹായിക്കാനായി, ജില്ലാ സഹകരണ ബാങ്കുകളായിരുന്നെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ ചെയ്യുമായിരുന്ന പല കാര്യങ്ങൾക്കും ഇന്ന് റിസർവ് ബാങ്കിന്റെ അനുമതിക്കുവേണ്ടി കാത്തിരിക്കേണ്ടിവരുന്ന സ്ഥിതിവിശേഷം യഥാർത്ഥത്തിൽ ഫിസ്കൽ ഫെഡറലിസത്തിനെതിരായ നടപടിയാണെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാന സഹകരണ ബാങ്കായി മാറിയിട്ടും ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് ഏകീകൃത നയം (ട്രാൻസ്ഫർ പോളിസി) രൂപീകരിച്ചിട്ടില്ല. പൊതുഭരണ വകുപ്പിന്റെ 25-02-2017-ലെ 3/2017 നമ്പർ ഉത്തരവനുസരിച്ച് കേരളത്തിലെ എല്ലാ സർക്കാർ വകുപ്പുകളിലും ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കുമ്പോൾ സഹകരണ വകുപ്പിൽ മാത്രം അത് നടപ്പാക്കാതിരിക്കുന്നത് അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ സ്ഥലംമാറ്റാതിരിക്കാനും അഴിമതിയെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയല്ലേ എന്ന് ആരെങ്കിലും ചോദിച്ചാൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കുമോ? സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-7-2021-ലെ O.A. 1315/2021-ാം നമ്പർ കേസിന്റെ വിധിയിലും അതിന്മേലുള്ള അപ്പീൽ പെറ്റീഷൻ വിധിയിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് മുൻ സഹകരണ സംഘം രജിസ്ട്രാറിനോട് നേരിട്ട് കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഇത്രയും സാഹചര്യങ്ങൾ നിലനിൽക്കെ സഹകരണ വകുപ്പിൽ മാത്രം ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കില്ലെന്ന നയം അഴിമതിക്ക് കുടപിടിക്കാനും ചില ഉദ്യോഗസ്ഥരെ തങ്ങളുടെ വരുതിയിൽ നിർത്തിക്കൊണ്ട് സഹകരണ വകുപ്പിൽ നിയമപരമല്ലാത്ത കാര്യങ്ങൾ ചെയ്യിക്കാനുമാണ്. പല പ്രാഥമിക സഹകരണ സംഘങ്ങളെയും പിടിച്ചെടുക്കാനുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉദ്യോഗസ്ഥരെ ഉപയോഗിക്കുന്നതുപോലെയാണിത്. അതിനാൽ സഹകരണ അഴിമതിക്ക് അന്ത്യം വരുത്താൻ ആദ്യം ചെയ്യേണ്ടത് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുപ്രകാരമുള്ള ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കുക എന്നതാണ്. ഇത് ജീവനക്കാർക്ക് ആത്മാഭിമാനത്തോടെ ജോലി

ചെയ്യാനും അഴിമതി തടയാനുമുള്ള കാരണമാകുമെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതോടൊപ്പം ക്രമക്കേടുകൾ നടന്ന കരുവന്നൂർ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ സ്വത്തുക്കൾ കണ്ടുകെട്ടി നിയമ നടപടികളുമായി മുന്നോട്ടുപോകാൻ സർക്കാർ തയ്യാറായിട്ടില്ല. ഈ കാര്യങ്ങളെ സംബന്ധിച്ചാണ് കേരള സഹകരണ സംഘ നിയമത്തിലെ വകുപ്പ് 68(1)-ൽ പറയുന്നത്. പല ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല അവരെ വഴിവിട്ട് സഹായിക്കുന്നതിന് വേണ്ടിയാണ് ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കാതിരിക്കുന്നത്. അതിന് നിയതമായൊരു ട്രാൻസ്ഫർ പോളിസി സഹകരണ രജിസ്ട്രാർ ഇതുവരെ അംഗീകരിച്ച് നൽകിയിട്ടുമില്ല. ജില്ലാ സഹകരണ ബാങ്കുകളായി പ്രവർത്തിച്ചിരുന്നപ്പോൾ പലതും ലാഭത്തിലായിരുന്നു. അതനുസരിച്ച് ഗണ്യമായ ലാഭത്തിലെത്താൻ കേരള ബാങ്കിന് സാധിച്ചിട്ടില്ല. 31-3-2022-ലെ അറ്റാദായം (net profit) 77.24 കോടി രൂപയാണ്. കേരള ബാങ്കിന്റെ സഞ്ചിത നഷ്ടം 637.03 കോടി രൂപയാണ്. ഈ രീതിയിൽ പോയാൽ ബാങ്കിന് കനത്ത നഷ്ടമായിരിക്കും സംഭവിക്കുന്നത്. ത്രീ ടയർ സിസ്റ്റം ടു ടയറായത് തത്വത്തിൽ സഹകരണ മേഖലയെ തളർത്തുന്നതാണെന്നാണ് കേരള ബാങ്കിന്റെ രണ്ട് വർഷത്തെ സ്ഥിതിവിവര കണക്കുകൾ തെളിയിക്കുന്നത്. ബാങ്കിന്റെ 31-3-2022-ലെ ആകെ നിക്ഷേപം 69,907.12 കോടി രൂപയും വായ്പ ബാക്കി നിൽപ്പ് 40,950.03 കോടി രൂപയുമാണ്. നിക്ഷേപ-വായ്പ അനുപാതമാണ് ഒരു സാമ്പത്തിക സ്ഥാപനത്തിന്റെ ആരോഗ്യപരമായ വളർച്ചയും നിലവാരവും വ്യക്തമാക്കുന്നത്. ഇവിടെ അത് 58 ശതമാനമാണ്. അതായത് ബാങ്കിന്റെ കൈവശം നൂറ് രൂപയുണ്ടെങ്കിൽ 58 രൂപയാണ് വായ്പ നൽകാൻ സാധിക്കുന്നത്. സ്വകാര്യ ബാങ്കുകളുടെയും വാണിജ്യ ബാങ്കുകളുടെയും സി.ഡി. (ക്രെഡിറ്റ് ഡെപ്പോസിറ്റ്) റേഷ്യോ ഇതിനേക്കാൾ വളരെ ഉയർന്ന് നിൽക്കുന്നതാണ്. ഇതിൽനിന്നും കേരള ബാങ്കിന്റെ സ്റ്റെബിലിറ്റി നമുക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിൽ ജില്ലാ സഹകരണ ബാങ്കുകളായിരുന്നപ്പോഴുള്ള വളർച്ചയും വിശ്വാസ്യതയും കേരള ബാങ്ക് ആയപ്പോൾ ഇല്ലെന്ന് നമുക്ക് കാണാൻ സാധിക്കും. സംസ്ഥാനങ്ങളിൽ ത്രീ ടയർ സംവിധാനമുണ്ടായിരുന്നു. കേരളത്തിൽ ഇപ്പോഴത് ടു ടയർ സിസ്റ്റമായി. കേരളം പോലെയുള്ള സംസ്ഥാനങ്ങൾ ടു ടയർ സിസ്റ്റത്തിലേയ്ക്ക് മാറുന്നതിലെ പ്രസക്തിയും സാധ്യതയും സംബന്ധിച്ച് ആർ.ബി.ഐ. പഠനം നടത്തി വിലയിരുത്തിയത് ടു ടയർ സിസ്റ്റം സംസ്ഥാനങ്ങളിലെ സഹകരണ മേഖലയ്ക്ക് ഗുണം ചെയ്യില്ലെന്നാണ്. കേരള ബാങ്കായി സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ മാറിയപ്പോൾ 'എ' ക്ലാസ് അംഗങ്ങളായിട്ടുള്ളത് കേരളത്തിലെ 1557 സംഘങ്ങളാണ്. എന്നാൽ ജില്ലാ സഹകരണ

ബാങ്കുകളായിരിക്കെ 'എ' ക്ലാസ്സ് സംഘങ്ങളായിട്ടുള്ള മറ്റ് സംഘങ്ങൾ ഇപ്പോൾ 'സി' ക്ലാസ്സായാണ് മാറിയിരിക്കുന്നത്. കേരള ബാങ്കിൽ 71229 അക്കൗണ്ടുകളിലായി 8612.95 കോടി രൂപ മിസലേനിയസ് സംഘങ്ങളുടെ പേരിലുണ്ട്. ഇത് സംസ്ഥാനത്തിന്റെ 8605 മിസലേനിയസ് സംഘങ്ങളുടേതാണ്. അവരുടെ 99 കോടി രൂപയുടെ മൂലധന ഷെയർ ഈ ബാങ്കുകളിലുണ്ട്. ഈ സംഘങ്ങളെ സഹായിക്കാനോ അവർക്കുവേണ്ടി വായ്പാ പദ്ധതികൾ നടപ്പിലാക്കാനോ നബാർഡുമായി ബന്ധപ്പെട്ട് കുറഞ്ഞ പലിശനിരക്കിൽ സബ്സിഡൈസ്ഡ് വായ്പകൾ നൽകാനോ നമുക്ക് കഴിയുന്നില്ല. ജില്ലാ സഹകരണ ബാങ്കുകൾക്ക് റിവൈവൽ പാക്കേജുകളും റീ-സ്ട്രക്ചറിംഗ് സ്കീമുകളും ലഭ്യമാക്കി സഹായിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ പ്രസ്തുത വിഭാഗം സംഘങ്ങൾ ഇന്ന് കാണുന്ന പ്രതിസന്ധിയിലേയ്ക്ക് പോകുകയില്ലായിരുന്നു. കൃത്യമായ അവലോകനവും പഠനവും നടത്തിയാൽ കേരള ബാങ്ക് സഹകരണ മേഖലയെ തളർത്തുകയും തകർക്കുകയും ചെയ്യുന്നതായി കാണാൻ സാധിക്കും. ഈ സാഹചര്യത്തിൽ കമ്പൽസറി അമാൽഗമേഷൻ ലക്ഷ്യമിട്ടാണ് മലപ്പുറം ബാങ്കിനെ കേരള ബാങ്കിൽ ഉൾപ്പെടുത്താനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നത്. നമ്മുടെ സഭയിലെ അംഗമായ ശ്രീ. യു. എ. ലത്തീഫാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റ്. വളരെ മാതൃകാപരമായി പ്രവർത്തിക്കുന്ന ആ ബാങ്കിനെക്കൂടി ഈ പറയുന്ന നിലയിലേയ്ക്ക് കൊണ്ടുവരാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 1969-ലെ കേരള സഹകരണ സംഘ ആക്ടിൽ 2021-ൽ കൊണ്ടുവന്ന ഭേദഗതിയിൽ വീണ്ടും ഭേദഗതി വരുത്തി ലയന കാലാവധി മൂന്ന് വർഷമാക്കി മാറ്റുന്നതിലൂടെ ഈ നിയമനിർമ്മാണം ചെരുപ്പിനനുസരിച്ച് കാല് മുറിക്കുന്നതായി മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റ് കൊണ്ടുവരുന്ന പല നിയമങ്ങളും തങ്ങളുടെ രാഷ്ട്രീയ താൽപര്യങ്ങളും malicious intention നടപ്പിലാക്കുന്നതിനുമുള്ള മാർഗ്ഗമായി നിയമനിർമ്മാണ സഭയെയും ലെജിസ്ലേറ്റീവ് പ്രോസസ്സിനെയും മാറ്റുന്നതിന്റെ മറ്റൊരു ഉദാഹരണം മാത്രമാണ്. ചെറിയൊരു ആവശ്യത്തിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുകയാണ്. കേരള ബാങ്കുകൊണ്ട് എന്തെങ്കിലും ഗുണകരമായ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ നമുക്ക് പറയാൻ സാധിക്കും. പക്ഷേ ഇതുകൊണ്ട് ഒരു ഗുണവുമുണ്ടായിട്ടില്ല. അതുകൊണ്ട് മലപ്പുറം ബാങ്കിന്റെ പ്രവർത്തനങ്ങളെ കേരള ബാങ്കിൽ ഉൾപ്പെടുത്തി തകർക്കരുതെന്നാണ് പറയാനുള്ളത്. പല ജില്ലാ സഹകരണ ബാങ്കുകൾക്കും നേരത്തെ എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കാനും മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ നൽകാനും കഴിയുമായിരുന്നു. എന്നാൽ ഇന്ന് കേരള ബാങ്കായി മാറിയപ്പോൾ ആ സംവിധാനങ്ങൾ നഷ്ടമായിരിക്കുന്നുവെന്നാണ് നമുക്കിപ്പോൾ മനസ്സിലാക്കാൻ

സാധിക്കുന്നത്. ബ്രാഞ്ചുകളെ ആശ്രയിക്കാതെ മൊബൈൽ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനുമുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും വാണിജ്യ ബാങ്കുകൾക്കും ന്യൂജനറേഷൻ ബാങ്കുകൾക്കുമുള്ളപ്പോൾ ഏറ്റവും കൂടുതൽ പ്രവാസികളുള്ളതും പണമിടപാടുകൾ നടക്കുന്നതുമായ ഒരു സംസ്ഥാനത്ത്, കേരളത്തിന്റെ സ്വന്തം ബാങ്ക് എന്നുപറയുന്ന കേരള ബാങ്കിന് എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതിനുള്ള സംവിധാനമില്ല എന്നുപറയുന്നതുതന്നെ സഹകരണ മേഖലയെ എവിടെ എത്തിക്കുമെന്നുള്ളതാണ് കാണിക്കുന്നത്. പല ബാങ്കുകൾക്കും ആ സൗകര്യങ്ങളുണ്ടായിരുന്നു. അതുപോലെ കാൽ നൂറ്റാണ്ടിലേറെയായി സി.പി.സി. (കമ്മ്യൂണിസ്റ്റ് പാർട്ടി സെൽ) ഭരണം നടത്തുന്ന പ്രാഥമിക കർഷക സംഘങ്ങളിൽ പരിശോധനയും അന്വേഷണവും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കരുവന്നൂർ ബാങ്കിൽ നടന്നതുപോലുള്ള ക്രമക്കേടുകൾ പല സ്ഥലങ്ങളിലും ആവർത്തിക്കും. സഹകരണ മേഖലയിൽ വലിയ രാഷ്ട്രീയ ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുകയാണ്. കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ഫണ്ട് ബോർഡ്, യു.ഡി.എഫ്.-ന്റേതായാലും എൽ.ഡി.എഫ്.-ന്റേതായാലും, എപ്പോഴും ജീവനക്കാരുടെ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് പുന:സംഘടിപ്പിച്ചിട്ടുള്ളതെങ്കിൽ 8-8-2022-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ തങ്ങളുടെ ആളുകളെ മാത്രം ഉൾപ്പെടുത്തി ഏകപക്ഷീയമായാണ് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉണ്ടായിരുന്നപ്പോൾപ്പോലും എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. അതുകൊണ്ട് ഈ ഉത്തരവ് പുന:പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരള ബാങ്കിന്റെയും മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും എല്ലാ സംഘടനാ പ്രതിനിധികളെയും അതിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്രമക്കേടുകൾ നേരിടുന്ന പി.എ.സി.എസ്.-കളെ നിയന്ത്രിക്കാനും മിസലേനിയസ് സംഘങ്ങളെ സഹായിക്കാനും അവരെ പുനരുദ്ധരിക്കാനും കഴിയുന്നില്ല. രണ്ട് വർഷമായിട്ടും എൻ.ആർ.ഐ. മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങൾ കേരള ബാങ്കിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ജീവനക്കാർക്ക് 2021-ൽ നടപ്പിലാക്കിയ ശമ്പളപരിഷ്കരണത്തിൽ അപാകതകൾ നിലനിൽക്കുന്നു, ട്രാൻസ്ഫർ പോളിസി നടപ്പിലാക്കാത്തതിനാൽ രാഷ്ട്രീയ സ്ഥലംമാറ്റങ്ങൾ നടക്കുന്നു; കേരള ബാങ്കിന്റെ സഞ്ചിത നഷ്ടം 637 കോടി രൂപയായി നിലനിൽക്കുന്നു.

മി. ചെയർമാൻ: ശ്രീ. എം. വിൻസെന്റ്, പ്രസംഗം ചുരുക്കി സഹകരിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ലാഭകരമായി പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെക്കൂടി ഈയൊരു അവസ്ഥയിലേയ്ക്ക് കൊണ്ടുവരാനുള്ള

ഭേദഗതി തീർച്ചയായും എതിർക്കപ്പെടേണ്ടതാണ്. ഇതിനുവേണ്ടി ഉന്നതമായ കേരള നിയമസഭയുടെ സമയം വിനിയോഗിക്കരുതെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ക്രിയാത്മക നിർദ്ദേശങ്ങളെയും സൃഷ്ടിപരമായ വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. സഹകരണ ആശുപത്രികളുള്ള പ്രദേശങ്ങളിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഫാർമസിയും ലബോറട്ടറിയുമൊക്കെ തുടങ്ങുന്നത് ഒഴിവാക്കണമെന്ന് ബഹുമാന്യനായ എ. എൻ. ഷംസീർ സൂചിപ്പിച്ചു. അത് ഒഴിവാക്കണമെന്ന നിലപാട് സഹകരണ വകുപ്പ് നേരത്തെതന്നെ സ്വീകരിച്ചിട്ടുണ്ട്. ചില സംഘങ്ങൾ അനുമതി കൂടാതെ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ തുടങ്ങിയതും അവസാനിപ്പിക്കുമെന്നാണ് അദ്ദേഹത്തോട് പറയാനുള്ളത്. കേന്ദ്രസഹകരണ വകുപ്പ് രൂപീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ നടത്തുന്ന നീക്കങ്ങളുടെ ഫലം സമീപകാലഭാവിയിൽ നമുക്കറിയാൻ സാധിക്കും. എല്ലാവരും അതിനെതിരെ യോജിച്ചുനിന്നുകൊണ്ട് സഹകരണ മേഖലയുടെ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കേണ്ട സാഹചര്യമാണുള്ളത്. ഇടക്കാലഘട്ടത്തിലും ആർ.ബി.ഐ.-യുടെ സർക്കുലർ വന്നപ്പോഴും അത്തരത്തിലുള്ള നീക്കം ഉയർത്തിക്കൊണ്ടുവന്നു. തുടർന്നും അതുണ്ടാകണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ എം. വിൻസെന്റ് ചില കാര്യങ്ങളിൽ ധാരണയില്ലാതെ സംസാരിച്ചിട്ടുണ്ട്. തെറ്റായ കാര്യങ്ങളും നല്ല കാര്യങ്ങളും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കായിരുന്ന കാലഘട്ടത്തിൽ ലാഭത്തിലായിരുന്നുവെന്ന് പറഞ്ഞു; അദ്ദേഹം പഴയ കണക്ക് കണ്ടിട്ടില്ല. കേരള ബാങ്ക് രൂപീകരിക്കുന്ന സമയത്ത് ജില്ലാ ബാങ്കുകളിൽ 9 എണ്ണം യഥാർത്ഥത്തിൽ നഷ്ടത്തിലായിരുന്നു. തിരുവനന്തപുരം ജില്ലാ ബാങ്ക് നിലനിൽക്കാനാകാത്തവിധം നഷ്ടത്തിലായിരുന്നു. എന്നാൽ കേരള ബാങ്ക് വന്നപ്പോൾ രണ്ട് വർഷങ്ങളിലും ലാഭമായിരുന്നു. സഞ്ചിതനഷ്ടം കുറഞ്ഞില്ലെങ്കിലും കഴിഞ്ഞ വർഷം 64.84 കോടി രൂപയുടെ ലാഭമായിരുന്നത് ഈ വർഷം ഏകദേശം 77 കോടി രൂപയായി മാറി. രണ്ടുവർഷങ്ങളിലും ലാഭമാണുണ്ടായത്; അങ്ങേയ്ക്ക് ലഭിച്ചത് തെറ്റായ കണക്കാണ്.

ശ്രീ. എം. വിൻസെന്റ്: സർ, സഞ്ചിതനഷ്ടത്തിന്റെ കാര്യമാണ് പറഞ്ഞത്.

ശ്രീ. വി. എൻ. വാസവൻ: സർ, നേരത്തെ സഞ്ചിതനഷ്ടം ആയിരത്തിൽപ്പരം കോടി രൂപയാണുണ്ടായിരുന്നത്. അതിപ്പോൾ 600 കോടി രൂപയിൽ എത്തി നിൽക്കുകയാണ്. അതിനാൽ കേരള ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന

അങ്ങയുടെ വാദം നിലനിൽക്കുന്നതല്ല. മാത്രമല്ല ഇതിന്റെ പെർഫോമൻസിൽ വന്നിട്ടുള്ള വ്യത്യാസം കൂടി മനസ്സിലാക്കണം. ഉണഭോക്താക്കൾക്ക് കാർഷിക വായ്പയിൽ രണ്ട് ശതമാനം പലിശയും ഗോൾഡ് ലോണിന്റെ പലിശയും കുറച്ചു. കൂടാതെ പുതിയ സംരംഭങ്ങളായ സ്റ്റാർട്ടപ്പുകൾക്ക് കുറഞ്ഞ പലിശയിൽ കൂടുതൽ വ്യവസായ വായ്പകൾ അനുവദിച്ചു. അതോടൊപ്പം നബാർഡിൽനിന്നുള്ള വായ്പയും ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിൽ ഇടപാടുകാർക്ക് സഹായം കിട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തതുകൊണ്ട് ഈ സഹായങ്ങൾ അവിടത്തെ സാധാരണക്കാർക്ക് സമയബന്ധിതമായി വാങ്ങിക്കൊടുക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് വിമർശനം. അതുപോലെ നബാർഡിന്റെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പദ്ധതിയിലൂടെ പി.എ.സി.എസ്.-നെല്ലാം ഒരു ശതമാനം പലിശയ്ക്ക് 2 കോടി രൂപയുടെ വായ്പ ലഭിക്കുന്നുണ്ട്. പ്രസ്തുത വായ്പ മലപ്പുറം ജില്ലയിലെ പി.എ.സി.എസ്.-നുൾപ്പെടെ നൽകാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിലേയ്ക്ക് ലയിക്കാത്തതിനാൽ അവർക്കത് കിട്ടിയില്ലെന്നുള്ള ആക്ഷേപം നിലനിൽക്കില്ല. അത്തരം കാര്യങ്ങൾ അങ്ങ് ദയവായി മനസ്സിലാക്കണമെന്ന കാര്യം സൂചിപ്പിക്കുന്നു. അതുപോലെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കേരള ബാങ്കിലെ ജീവനക്കാരുടെ അഭാവം, സോഫ്റ്റ്‌വെയറിന്റെ പ്രശ്നം എന്നിവയ്ക്കെല്ലാം ഉടൻതന്നെ പരിഹാരമുണ്ടാകുന്നതാണ്. ന്യൂജനറേഷൻ ബാങ്കുകളോട് മത്സരിക്കാൻ കഴിയുന്ന രൂപത്തിൽ എ.ടി.എം., ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, ആർ.ടി.ജി.എസ്., നെഫ്റ്റ് എന്നീ സൗകര്യങ്ങളെല്ലാം കേരള ബാങ്കിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ആദ്യഘട്ടം പൂർത്തിയായി, ഡിസംബർ മാസത്തോടുകൂടി പൂർണ്ണമാകുന്നതാണ്. എല്ലാ ആധുനിക സംവിധാനങ്ങളും കേരള ബാങ്കിലും വരികയാണ്. അതിനുള്ള നടപടികൾ തീർന്നുവരുന്നതിന്റെ കാലതാമസം മാത്രമാണ് ഇപ്പോഴുള്ളത്. ഇതിന്റെ ഒരു ഭാഗം കമ്മീഷൻ ചെയ്തുവെന്നത് അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. അതുപോലെ കേരള ബാങ്കിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് നോംസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. അതുസംബന്ധിച്ച് സംഘടനകളുമായി ചർച്ച ചെയ്യുകയും അതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പുകളിലേതുപോലെ സഹകരണ വകുപ്പിൽ സ്ഥലംമാറ്റം നടക്കാത്തതിന് കാരണം സഹകരണ സംഘങ്ങളിൽ ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് അത് പൂർത്തീകരിച്ചാലേ മടങ്ങാൻ കഴിയൂ എന്നതിനാലാണ്. അതാണ് ഇതിലെ പ്രായോഗിക പ്രശ്നം. എന്നിരുന്നാൽപ്പോലും അങ്ങ് സൂചിപ്പിച്ചതുപോലെ സഹകരണ വകുപ്പിലും ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സർക്കാർ സ്വീകരിക്കില്ല. ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോയെക്കുറിച്ച് സൂചിപ്പിച്ചു.

കേരള ബാങ്കിലെ സി.ഡി.ആർ. 58.89 ശതമാനമാണ്. കാത്തലിക് സിറിയൻ ബാങ്കിനും മറ്റു ചില ബാങ്കുകൾക്കും 36 ശതമാനം, 38 ശതമാനമൊക്കെയുള്ളപ്പോഴാണ് കേരള ബാങ്ക് 58.89 ശതമാനത്തിൽ നിൽക്കുന്നത്. അത് സ്വാഭാവികമായും ഇനിയും ഉയരേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. കേരള ബാങ്കിന്റെ നിയന്ത്രണമെല്ലാം ആർ.ബി.ഐ.-യ്ക്കാണെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. കേരള ബാങ്ക് കേരളത്തിലെ സഹകരണ മേഖലയിൽത്തന്നെ നിലനിൽക്കണമെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ആൻഡ് റൂൾസ് അനുസരിച്ച് പ്രവർത്തിക്കണമെന്നമാണ് ഇതിന് അനുമതി തരുമ്പോൾ ആർ.ബി.ഐ. ഒന്നാമത്തെ ക്ലോസിൽ നിഷ്കർഷിച്ചിരിക്കുന്നത്. അതേസമയം അതിന്റെ ബിസിനസ്സ് ട്രാൻസാക്ഷനുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ സാധാരണഗതിയിലെടുക്കുന്ന തീരുമാനങ്ങളിലുൾപ്പെടുത്തി നടപടി സ്വീകരിക്കും. അതുകൊണ്ട് കേരള ബാങ്കിന് സഹകരണ മേഖലയുമായി ഒരു ബന്ധവുമില്ലെന്ന അങ്ങയുടെ ധാരണ തെറ്റാണ്. അതിലെ 19 ക്ലോസുകളിൽ ഒന്നാമത്തെ ക്ലോസ് പറഞ്ഞിരിക്കുന്നത്, സംസ്ഥാന സഹകരണ ബാങ്കെന്ന രൂപത്തിൽത്തന്നെ പോകണമെന്നാണ്. അതുകൊണ്ടാണ് പഞ്ചാബിലെ ബാങ്കിന് അനുമതി കൊടുക്കുമ്പോൾ കേരളാ മോഡൽ സ്വീകരിക്കാൻ അവരോട് പറഞ്ഞത്. അതുസംബന്ധിച്ച് ആർ.ബി.ഐ. ഒരു സർക്കുലർ ഇറക്കിയിരിക്കുന്നതിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. സംസ്ഥാന സഹകരണ ബാങ്കുകളുടെ ദേശീയ ഫെഡറേഷന്റെ ഇപ്രാവശ്യത്തെ അവാർഡ് കേരള ബാങ്കിനാണെന്ന് അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. അഭിമാനകരമായ ഒരു നേട്ടത്തിന്റെ ഭാഗമാണിതെന്നത് ചെറിയ കാര്യമല്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി സംബന്ധിച്ച് സൂചിപ്പിച്ചു. അത് പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ചയിലാണ്; ഉടൻതന്നെ പരിഹരിക്കും. കേരള സഹകരണ എംപ്ലോയീസ് പെൻഷൻ ഫണ്ട് ബോർഡ് പുനഃസംഘടന സംബന്ധിച്ച വിഷയം ബന്ധപ്പെട്ട പ്രതിനിധികളെ ആദ്യഘട്ടത്തിൽ ലഭ്യമാകാതിരുന്നപ്പോൾ സംഭവിച്ചതാണ്. പ്രസ്തുത ബോർഡിൽ എല്ലാ പ്രതിനിധികളെയും ഉൾപ്പെടുത്തുമെന്ന ഗവൺമെന്റ് നയത്തിൽ മാറ്റമുണ്ടാകില്ല. ഡി.സി.ബി.-കൾക്ക് മാത്രമല്ല, കേരള ബാങ്കും സമയബന്ധിതമായി റിവൈവൽ പാക്കേജ് നടപ്പാക്കുന്നുണ്ട്. ഏറ്റവും അവസാനമായി കരുവന്നൂർ സഹകരണ ബാങ്കിനെ സംബന്ധിച്ച് ചർച്ചചെയ്ത് പൊതുവിൽ അംഗീകരിച്ച കാര്യത്തിൽ റിവൈവൽ പാക്കേജുമായി ബന്ധപ്പെട്ട് കേരള ബാങ്ക് തന്നെയാണ് ആദ്യം സഹായിക്കുന്നത്. കൂടാതെ റിസ്ക് ഫണ്ട് ബോർഡും കരുവന്നൂർ ബാങ്കിനെ സഹായിക്കുന്നുണ്ട്. ഈ മേഖലയിൽ സഹകരണ സംരക്ഷണ നിധി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭാവിയിൽ തകരാൻ സാധ്യതയുള്ള സംഘങ്ങളെയും പല രൂപത്തിൽ നേരത്തെ തകർന്നുപോയിട്ടുള്ള സംഘങ്ങളെയുമുൾപ്പെടുത്തി കൃത്യമായി പ്രോജക്ട് തയ്യാറാക്കി റിവൈവൽ പാക്കേജ് കൊണ്ടുവന്ന് സഹായിക്കാനാവശ്യമായ സ്കീമാണ് നിധിയുടെ ഭാഗമായുണ്ടാകുന്നത്. പൊതുവിൽ ഈ ബിൽ മലപ്പുറം ജില്ലാ

സഹകരണ ബാങ്കിനെ ഏതെങ്കിലും തരത്തിൽ ദ്രോഹിക്കുന്നതല്ല. മലപ്പുറം ജില്ലയിലെ സഹകാരികൾക്കും അവിടത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുമെല്ലാം നബാർഡ് വഴി നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാക്കാനും അതോടൊപ്പം സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളും കേരള ബാങ്ക് എന്ന ആശയം പൂർണ്ണ അർത്ഥത്തിൽ പ്രാപ്തമാക്കാനുമുള്ള ലക്ഷ്യം കൈവരിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 14 ജില്ലാ ബാങ്കും ഒരുമിച്ചാകുമ്പോൾ സംസ്ഥാനത്ത് വലിയ രൂപത്തിലുള്ള ഒരു ശക്തിയായി അത് രൂപാന്തരപ്പെടും. അതിനാൽ കേരള സഹകരണ സംഘ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയകാര്യങ്ങളൊന്നും ഉന്നയിക്കാത്തതിനാൽ മറ്റൊന്നും പറയാനില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

## ക്രമപ്രശ്നം

(3) ബിൽ ഭരണഘടനാ വിരുദ്ധം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, I am challenging the legality and constitutionality of Clause 5 of this bill. ബില്ലിലെ ക്ലോസ് 5-ൽ കേരള ലോക് ആയുക്ത ആക്ടിന്റെ 14-ാം വകുപ്പിന്റെ ഭേദഗതിയാണ് പറഞ്ഞിരിക്കുന്നത്. ഒരു പരാതിയിന്മേൽ പബ്ലിക് സെർവന്റിനെതിരായ ആരോപണം ബോധ്യപ്പെടുന്നപക്ഷം ആ പരാതി തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട പബ്ലിക് സെർവന്റ് താൻ വഹിക്കുന്ന സ്ഥാനം തുടർന്ന് വഹിക്കാൻ പാടില്ലെന്ന് ലോക്ആയുക്തയ്ക്ക് ഡിക്ലറേഷൻ നടത്താമെന്നും കോംപീറ്റന്റ് അതോറിറ്റിയായ ഗവർണറോ കേരള ഗവൺമെന്റോ മുഖ്യമന്ത്രിയോ പ്രസ്തുത ഡിക്ലറേഷൻ സ്വീകരിക്കാൻ ബാധ്യസ്ഥമാണെന്നുമാണ് 14-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ അതിൽ കൊണ്ടുവരുന്ന ഭേദഗതിയനുസരിച്ച് ലോക് ആയുക്തയുടെ ഡിക്ലറേഷൻ ലഭിച്ചാൽ കോംപീറ്റന്റ് അതോറിറ്റിയായ ഗവർണർക്കും മുഖ്യമന്ത്രിക്കും ഗവൺമെന്റിനും അത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്. Now the Executive-the Governor, the Government or the Chief Minister has become the appellate authority. An executive is encroaching the domain of the judiciary or the judicial body, which is in contravention to the doctrine of separation of powers. അതാണ് എന്റെ പ്രധാനപ്പെട്ട പോയിന്റ്. ഭരണഘടനയുടെ ആർട്ടിക്കിൾ 50-ൽ പറയുന്നത്, "Separation of judiciary from executive - The State shall take steps to separate the judiciary from the executive in the public services of the State" എന്നാണ്. ജുഡീഷ്യറിയും എക്സിക്യൂട്ടീവും രണ്ടായിരിക്കണം. എന്നാൽ ഭേദഗതി കൊണ്ടുവരുന്നതിലൂടെ സംഭവിക്കുന്നതെന്താണ്? Executive is allowed to function as an appellate authority by stealing away judicial authority. ജുഡീഷ്യൽ അധികാരത്തെ കവർന്നെടുക്കുന്ന ഒരു അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവ് മാറുകയാണ്. സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ചീഫ് ജസ്റ്റിസോ/ജഡ്ജിയോ ആയിരുന്നവരെയാണ് ലോക്ആയുക്ത/ ഉപലോക്ആയുക്തയായി നിയമിക്കുന്നത്. അവർ ഒരു ജുഡീഷ്യൽ പ്രോസസ്സിലൂടെ നടത്തുന്ന ഡിക്ലറേഷന്റെ അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവ് മാറുകയാണ്. അവരുടെ മുമ്പിലുള്ള പ്രശ്നത്തെ അഡ്ജ്യൂഡിക്കേറ്റ് ചെയ്യുകയെന്നുള്ളതാണ് ജുഡീഷ്യറിയുടെ ജോലി. ജുഡീഷ്യറി പുറപ്പെടുവിക്കുന്ന ഓർഡർ നടപ്പാക്കുകയെന്നതാണ് എക്സിക്യൂട്ടീവിന്റെ ജോലി. പക്ഷേ ജുഡീഷ്യൽ പ്രോസസ്സിലൂടെ ജുഡീഷ്യറി പാസ്സാക്കുന്ന ഡിക്ലറേഷന്റെ അപ്പലേറ്റ് അതോറിറ്റിയായി

എക്സിക്യൂട്ടീവ് മാറുന്നതിലൂടെ reversal of the function ആണ് നടക്കുന്നത്. ഇതുസംബന്ധിച്ച് Indira Gandhi vs Shri Raj Narain കേസിൽ സുപ്രീം കോടതിയുടെ പ്രസിദ്ധമായ ഒരു ജഡ്ജ്മെന്റുണ്ട്- “ This Constitution has a basic structure comprising the three organs of the Republic: the Executive, the Legislature, and the Judiciary. It is through each of these organs that the Sovereign Will of the People has to operate and manifest itself and not through only one of them. Neither of these three separate organs of the Republic can take over the function assigned to the other. This is the basic structure or scheme of the system of Government of the Republic laid down in this Constitution.” അതായത് ഒരാൾക്ക് കൊടുത്തിരിക്കുന്ന അധികാരം മറ്റൊരാൾ കവർന്നെടുക്കാൻ പാടില്ല, എൻക്രോച്ച് ചെയ്യാൻ പാടില്ലെന്നാണ് അവിടെ വളരെ വ്യക്തമായി പറയുന്നത്. എന്നാൽ ജുഡീഷ്യൽ ബോഡിയുടെ തീരുമാനം നിരസിക്കാനുള്ള അധികാരം ഈ ബില്ലിലൂടെ എക്സിക്യൂട്ടീവിന് നൽകിയിരിക്കുന്നു വെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ജുഡീഷ്യറിയെ സംബന്ധിച്ച് ഒരു ഡിക്റ്റമുണ്ട് - 'Nemo judex in causa sua' എന്നുപറഞ്ഞാൽ "No one should be a judge in his/her own cause". അതായത് ഒരാൾക്ക് അയാളുടെ കേസിലെ ജഡ്ജിയായിരിക്കാൻ പറ്റില്ല. ലോക് ആയുക്ത പബ്ലിക് സെർവന്റിനെതിരെയാണ് ഡിക്ലറേഷൻ നടത്തുന്നത്. Who is the public servant? Public servant may be the Chief Minister or the Ministers. He himself by placing the Government as the appellate authority to hear a matter wherein the potential wrongdoer could be a Member of the Government. The consequence is bias at the hands of the State and justice to the complainant will be overwhelmed. ഗവൺമെന്റിൽ ഉൾപ്പെട്ട പബ്ലിക് സെർവന്റിനെതിരെയാണ്, അയാൾ ആ സ്ഥാനത്ത് തുടരാൻ പാടില്ലെന്നുള്ള ഡിക്ലറേഷനുണ്ടാകുന്നത്. പക്ഷേ അതിൽ ഗവൺമെന്റുതന്നെ തീരുമാനമെടുക്കുന്നത് 'No one should be a Judge in his/her own cause' എന്ന ജുഡീഷ്യറിയുടെ അടിസ്ഥാനതത്വത്തിനെതിരായ കാര്യമാണ്. അതുപോലെ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ൽ Equality before law-യെ കുറിച്ചാണ് പറയുന്നത്. Right to adjudication by an independent forum-ഒരു സ്വതന്ത്ര ജുഡീഷ്യൽ ഫോറത്തിലൂടെ അഡ്ജ്യൂഡിക്കേഷൻ നടത്തുകയെന്നുള്ളത് ഒരാളുടെ അവകാശമാണ്. Right to adjudication ആർട്ടിക്കിൾ 14-ന്റെ ഭാഗമാണെന്ന് സുപ്രീം കോടതി നിരവധി വിധിന്യായങ്ങളിലൂടെ സൂചിപ്പിച്ചിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഏറ്റവും പുതിയതായി Union of India vs R. Gandhi എന്ന കേസ്സിൽ സുപ്രീം കോടതിയുടെ ഏകകണ്ഠമായ ജഡ്ജ്മെന്റ് വന്നിട്ടുണ്ട്. ആർ.

ഗാന്ധി മദ്രാസ് ബാർ അസോസിയേഷന്റെ പ്രസിഡന്റാണ്. അതിൽ പറയുന്നത്, " The fundamental right to equality before law and equal protection of laws guaranteed by Article 14 of the Constitution, clearly includes a right to have the person's rights, adjudicated by a forum which exercises judicial power in an impartial and independent manner, consistent with the recognized principles of adjudication" എന്നാണ്. അതനുസരിച്ച് ഈ ബില്ലിലെ ക്ലോസ് 5, ആർട്ടിക്കിൾ 14-ന്റെ വയലേഷനാണ്. Right to adjudicate by a judicial forum is the right of a person. ആ അവകാശമാണ് ക്ലോസ് 5-ലൂടെ എടുത്തുകളയുന്നത്. മറ്റൊന്ന്, ആർട്ടിക്കിൾ 254 (2) അനുസരിച്ച് കൺകറന്റ് ലിസ്റ്റ് പ്രകാരമുള്ള ഒരു നിയമത്തിൽ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു വ്യവസ്ഥയുണ്ടാകാൻ പാടില്ല. Already there is a Lokpal Act. ക്വാസി ജുഡീഷ്യൽ സമിതിയായ ലോക്പാലിന്റെ വിധികൾ എക്സിക്യൂട്ടീവ് ബോഡികൾക്ക് അപ്പലേറ്റ് അതോറിറ്റിയായി വീണ്ടും പരിശോധിക്കാനുള്ള അധികാരമില്ല. അതുകൊണ്ട് ലോക്പാൽ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് രൂപവൽകരിച്ച കേരള ലോക് ആയുക്ത ആക്ടിൽ അതിന് വിരുദ്ധമായ ഒരു കാര്യവും ഉൾപ്പെടുത്താൻ പാടില്ലെന്നത് വളരെ വ്യക്തമാണ്. നാല് കാര്യങ്ങളുടെ വയലേഷനാണ് ഈ ഭേദഗതി ബില്ലിലൂടെ കൊണ്ടുവരുന്നത്. അതായത് എക്സിക്യൂട്ടീവ് അപ്പലേറ്റ് അതോറിറ്റിയായി മാറുന്നതിലൂടെ ആർട്ടിക്കിൾ 50-ന്റെയും No one should be a Judge in his/her own cause എന്ന ജുഡീഷ്യറിയുടെ അടിസ്ഥാനതത്വത്തിന്റെയും ആർട്ടിക്കിൾ 14-ന്റെയും ആർട്ടിക്കിൾ 254 (2)-ന്റെയും ലംഘനമാണ് നടന്നിരിക്കുന്നത്. ഇവിടെ ലോക് ആയുക്ത വിധിക്കെതിരെ ഹൈക്കോടതിയെ സമീപിക്കാവുന്നതാണ്. ഹൈക്കോടതി ഒരു അപ്പലേറ്റ് അതോറിറ്റിയായാണ് പ്രവർത്തിക്കുന്നത്. There is an appellate provision. ആർട്ടിക്കിൾ 226 അനുസരിച്ച് ഹൈക്കോടതിയെ സമീപിക്കാനുള്ള അവകാശം നിലനിൽക്കുന്നുണ്ട്. എന്നാൽ ഹൈക്കോടതിക്കുള്ള അധികാരംകൂടി ഈ അപ്പലേറ്റ് അതോറിറ്റി, ഗവൺമെന്റ് ടേക്ക് ഓവർ ചെയ്യുകയാണ്. Prevention of Corruption Act (PC Act)-ൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതികളോടുകൂടി പബ്ലിക് സെർവന്റിനെതിരായ കേസുകൾ നിലനിൽക്കാത്ത സ്ഥിതിയുണ്ടായി. കാരണം, അന്വേഷണം നടത്തണമെങ്കിലും കുറ്റപത്രം സമർപ്പിക്കണമെങ്കിലും ഗവൺമെന്റുകളുടെ അനുവാദം വേണം. ഒരു ഗവൺമെന്റും അവർക്ക് താൽപര്യമുള്ള ആളുകളുടെ പേരിൽ PC Act അനുസരിച്ച് അന്വേഷണം നടത്താനോ പ്രോസിക്യൂഷനോ അനുമതി നൽകുകയില്ല. അതുകാരണം സംഭവിച്ചതെന്താണ്? Now there is no mechanism to prevent corruption.

അതാണ് പ്രശ്നം. It is the only mechanism in Kerala to prevent Corruption. ഇത് ഓംബുഡ്സ്മാനെപോലെ പല്ലും നഖവുമില്ലാത്ത നിയമമല്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞിട്ടുള്ളത്. കേരള ലോക് ആയുക്ത നിയമം പല്ലും നഖവുമുള്ള നിയമമാണ്. മുഖ്യമന്ത്രിയടക്കമുള്ളവർ ഇത് വളരെ അഭിമാനത്തോടെയാണ് പറഞ്ഞിരുന്നത്. 22 വർഷം മുമ്പ് ഈ സഭയിൽ കേരള ലോക് ആയുക്ത ബില്ലിന്റെ നിയമനിർമ്മാണം നടക്കുന്ന സമയത്ത് എക്സിക്യൂട്ടീവിന് അധികാരം കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ അതിനെതിരെ ശക്തമായ സംവാദം നടക്കുകയുണ്ടായി. അന്നത്തെ നിയമ മന്ത്രിയായിരുന്ന ഇ. ചന്ദ്രശേഖരൻ നായർ നടത്തിയ പ്രസംഗം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും സി.പി.ഐ.-യുടെ മന്ത്രിമാരും എം.എൽ.എ.-മാരും വായിച്ചുനോക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. നിങ്ങളെ പരിഹസിക്കാനൊന്നുമല്ല ഇതുപറയുന്നത്. ആ നിയമത്തിന്റെ ഉള്ളടക്കമെന്താണെന്ന് വായിച്ച് നോക്കണം. What was the intention of that Legislation? അതിന്റെ ഉദ്ദേശ്യം എന്തായിരുന്നു? He had made it very clear. ചോദ്യങ്ങൾക്ക് വളരെ മനോഹരമായി ഉത്തരം പറഞ്ഞിരുന്ന മന്ത്രിയായിരുന്നു അദ്ദേഹം. അതുകൊണ്ട് 22 വർഷത്തിനുശേഷം ലോക് ആയുക്തയുടെ പല്ലും നഖവും പിഴുതെടുക്കാൻ വേണ്ടി കൊണ്ടുവരുന്ന ഈ നിയമം ഒരു കാരണവശാലും പാസ്സാക്കരുത്. ഈ നിയമത്തിന്റെ Legislative intention-നും purpose of the legislation-നും തകരുമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗമുണ്ട്. നിയമസഭയ്ക്ക് പുറത്ത് സി.പി.ഐ. ഇതിനെ എതിർത്തിരുന്നുവെങ്കിലും ഇപ്പോൾ ഒരു സെറ്റിൽമെന്റുണ്ടാക്കി. എന്ത് സെറ്റിൽമെന്റാണെന്ന് ഞങ്ങൾക്കാർക്കും അറിയില്ല. സെറ്റിൽമെന്റ് എന്തായാലും ലോക് ആയുക്തയുടെ പല്ല് പറിച്ചെടുക്കാൻ ചവണകൂടി സി.പി.ഐ. കൊടുത്തു. മുഖ്യമന്ത്രി ഒറ്റയ്ക്ക് പല്ല് പറിച്ചെടുക്കാൻ പോയപ്പോൾ ഒരു ആയുധം കൂടി നിങ്ങൾ കൊടുത്തുവെന്നല്ലാതെ നിങ്ങളുടെ സെറ്റിൽമെന്റ് എന്താണെന്ന് ഞങ്ങൾക്കറിയില്ല. ദൗർഭാഗ്യകരമായ ഒരു നിയമ നിർമ്മാണമാണ് ഇന്ന് സഭയിൽ നടക്കുന്നത്. ഇത് സഭയുടെ അന്തസ്സിന് യോജിച്ച ഒരു നിയമനിർമ്മാണമല്ല. ഞാൻ ഇതിന്റെ ഭരണഘടനാ സാധുതയെയും നിയമസാധുതയെയും വെല്ലുവിളിക്കുന്നു. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഏക അഴിമതി നിരോധന സംവിധാനം നമ്മുടെ മുമ്പിൽ തകർന്നുവീഴുന്നതിന് ഈ സഭ കൂട്ടുനിൽക്കുകയാണ്. സഭയുടെ റെക്കോർഡിൽ ഇതുണ്ടാകണം. സഭ പാസ്സാക്കിയ കേരളത്തിലെ ഏറ്റവും വലിയ അഴിമതി വിരുദ്ധ മെക്കാനിസം നമ്മൾ തന്നെ ഇല്ലാതാക്കുന്ന ദൗർഭാഗ്യകരമായ കാര്യമാണ് ഈ ലോക് ആയുക്ത ബില്ലിലൂടെ ചെയ്യുന്നത്. അതുകൊണ്ട് എന്റെ ഒബ്ജക്ഷൻസ് സ്വീകരിച്ച് ഈ ബിൽ അവതരിപ്പിക്കാൻ അനുവദിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പ്രതിപക്ഷനേതാവ് ബില്ലിന്റെ ഭരണഘടനാ വിരുദ്ധതയും നിയമ വിരുദ്ധതയുമൊക്കെ ചൂണ്ടിക്കാണിക്കുകയും കോടതി ഉത്തരവുകളെക്കുറിച്ച് വിശദമായി സൂചിപ്പിക്കുകയും ചെയ്തതുകൊണ്ട് അത്തരം വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിന് അവതരണാനുമതി നിഷേധിക്കണമെന്നുള്ളതിന് മൂന്ന് കാരണങ്ങളാണ് പറയാനുള്ളത്. ഒന്ന്, ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത് Separation of Power ആണ്. ജുഡീഷ്യറിക്കും ലെജിസ്ലേച്ചറിനും എക്സിക്യൂട്ടീവിനും പ്രത്യേകം ഉത്തരവാദിത്വമുണ്ട്, അതിൽ പരസ്പരം കടന്നുകയറാൻ പാടില്ല. ലോക് ആയുക്ത എന്നത് ഒരു ജുഡീഷ്യൽ സംവിധാനമാണ്. ഒരാൾക്കെതിരെ വരുന്ന ആരോപണം ജുഡീഷ്യസായി പരിശോധിച്ച് അതിൽ കഴമ്പുണ്ടോ ഇല്ലയോയെന്ന് കണ്ടെത്തിയതിനുശേഷമാണ് ലോക് ആയുക്ത തീരുമാനമെടുക്കുന്നത്. എന്നാൽ അതിന് അപ്പീൽ തീരുമാനിക്കാൻ എക്സിക്യൂട്ടീവിന്റെ പ്രതിനിധികളായ മുഖ്യമന്ത്രിക്കും മന്ത്രിസഭയ്ക്കും അധികാരം കൊടുക്കുകയെന്നുള്ളത് separation of power-ന്, അതായത് ഭരണഘടനയ്ക്ക് വിരുദ്ധമാണ്. അതാണ് ഈ ഭേദഗതിയിലൂടെ നിങ്ങൾ ചെയ്യാൻ പോകുന്നത്. മന്ത്രിമാർക്കെതിരെയുള്ള ലോക് ആയുക്ത വിധിയിന്മേൽ മുഖ്യമന്ത്രിയാണ് തീരുമാനമെടുക്കുന്നത്. അതായത് സ്വന്തം മന്ത്രിയുടെ കാര്യം മുഖ്യമന്ത്രി തീരുമാനിക്കണം. മുഖ്യമന്ത്രിക്കെതിരെയാണെങ്കിൽ ഗവർണർ തീരുമാനിക്കണമെന്നായിരുന്നു ആദ്യമുണ്ടായിരുന്നത്. ഇപ്പോൾ അതുമാറ്റി മന്ത്രിസഭയുടെ ഉപദേശപ്രകാരം ഗവർണർ തീരുമാനിക്കണം എന്നാക്കിയിട്ടുണ്ട്. സ്വന്തം മന്ത്രിസഭ മുഖ്യമന്ത്രിക്കെതിരായി എന്തെങ്കിലും പറയുമോ? അതുകൊണ്ട് ജുഡീഷ്യറിയുടെ അധികാരം എക്സിക്യൂട്ടീവ് കവർന്നെടുക്കുന്ന ഈ നടപടി ശരിയല്ല. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുള്ളതാണ് പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത്. രണ്ട്, ഈ ഭേദഗതിയിലൂടെ അവരവരുടെ കേസുകളിൽ അവരവർ തന്നെ ജഡ്ജിയാകുകയാണ്. മന്ത്രിയുടെ കാര്യം മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ കാര്യം മന്ത്രിസഭയ്ക്കും തീരുമാനിക്കാം. അങ്ങനെ തീരുമാനിക്കുമ്പോൾ അവരവരുടെ കേസുകളിൽ അവരവർതന്നെ ജഡ്ജിമാരാകുന്നുവെന്നത് സ്വാഭാവിക നീതിക്ക് നിരക്കാത്തതാണ്. അക്കാരണത്താൽ ഈ നിയമനിർമ്മാണത്തിന് അനുമതി നൽകാൻ പാടില്ല. മൂന്ന്, ഈ ഭേദഗതി കൊണ്ടുവരുന്നതിലൂടെ നീതിന്യായ വ്യവസ്ഥയിൽ പൊതുസമൂഹത്തിനുള്ള വിശ്വാസം തകരും. ലോക് ആയുക്ത വിധിയെത്തുടർന്ന് ഒരു മന്ത്രിക്ക് കഴിഞ്ഞ തവണ രാജിവയ്ക്കേണ്ടി വന്നതിനാലാണ് നിങ്ങൾ ഭേദഗതി കൊണ്ടുവന്ന് നിയമത്തെ അട്ടിമറിക്കുന്നത്. കോടതിയും ലോക് ആയുക്തയും എന്തുപറഞ്ഞാലും അത് ഭേദഗതിയിലൂടെ മാറ്റാൻ സാധിക്കുമെന്ന വ്യവസ്ഥ വന്നാൽ രാജ്യത്തെ സാധാരണക്കാരന് നിയമ സംഹിതയിലുള്ള വിശ്വാസം തകർക്കുന്ന സ്ഥിതിയുണ്ടാകും.

സി.പി.ഐ.-ക്കാരെക്കുറിച്ച് പറഞ്ഞു. വർഷങ്ങൾക്കുമുമ്പ് ഈ നിയമനിർമ്മാണത്തിൽ അഭിമാനം കൊണ്ടവർ ഇന്ന് ഈ ഭേദഗതി ബില്ലിന് കൂട്ട് നിൽക്കേണ്ട ഗതികേടിലാണ്. ഞങ്ങളും ഈ തീരുമാനത്തിന്റെ ഭാഗമായാൽ പ്രശ്നമില്ലെന്നുള്ള നിലയ്ക്കാണ് സി.പി.ഐ. വരുന്നത്. ഏതായാലും ഞാൻ അത്തരം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇത് ഭരണഘടനാ വിരുദ്ധവും നിയമ വിരുദ്ധവുമാണ്. അതുകൊണ്ട് വളരെ ഗൗരവത്തോടുകൂടി ഒബ്ജക്ഷൻ ഉന്നയിക്കുകയാണ്. മുമ്പ് വഖഫ് നിയമ ഭേദഗതി കൊണ്ടുവന്നപ്പോൾ അത് ഭരണഘടനയ്ക്കും വഖഫ് ആക്ടിനും വിരുദ്ധമാണെന്ന് ഞങ്ങൾ പറഞ്ഞു. അന്നത് ചെവിക്കൊള്ളാതെ, ഞങ്ങളുടെ തടസ്സവാദം ഉൾക്കൊള്ളാതെ പാസ്സാക്കിയ നിയമം, പിന്നീട് കാര്യങ്ങൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് പിൻവലിക്കേണ്ടിവന്നു. ഇത് ലോകം മുഴുവനും ഉറ്റുനോക്കുന്നൊരു നിയമ നിർമ്മാണമാണെന്ന് ഇന്ന് ഞങ്ങൾ പറയുന്നു. അതുകൊണ്ട് ഭരണഘടനാ വിരുദ്ധമായ ലോക് ആയുക്ത (ഭേദഗതി) ബില്ലിന് അവതരണാനുമതി നൽകരുതെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് വിനയത്തോടുകൂടി അപേക്ഷിക്കുകയാണ്.

[അദ്ധ്യക്ഷവേദയിൽ മി. സ്പീക്കർ]

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. എൻ. ഷംസുദ്ദീനും പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമാണെന്ന് കാണേണ്ടതാണ്. ഭരണഘടനയിലെ ആർട്ടിക്കിൾ 227 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് സംസ്ഥാനത്തെ എല്ലാ കോടതികളുടെയും മേൽനോട്ടത്തിനുള്ള അധികാരമുണ്ട്, അതായത് സൂപ്പർവൈസറി അധികാരമുണ്ട്. എന്നാൽ ഈ ഭേദഗതിയിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അധികാരം ഒഴിവാക്കി എക്സിക്യൂട്ടീവിന് അധികാരം നൽകുകയാണ്. ബില്ലിലെ ക്ലോസ് 5-ലെ വ്യവസ്ഥകൾ ഭരണഘടനാ ലംഘനമാണെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. ഈ വ്യവസ്ഥ വരുന്നതോടെ അധികാരം എക്സിക്യൂട്ടീവിൽ കേന്ദ്രീകരിക്കുകയാണ്. ജുഡീഷ്യൽ റിവ്യൂ നിലനിൽക്കാനിടയില്ലാത്ത നിയമമാണ് പാസ്സാക്കാൻ പോകുന്നത്. പല നിയമങ്ങളും പാസ്സാക്കി ഇന്ത്യയ്ക്ക് മാതൃകയായ കേരളത്തിന് ഈ ഭേദഗതി വരുത്തുന്നതിലൂടെ പൊതുവെ തലകുനിക്കേണ്ട സാഹചര്യമാണുണ്ടാകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇതിന് അവതരണാനുമതി നൽകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നല്ലൊരു അക്കാദമിക് എക്സർസൈസിനുള്ള വാദമുഖങ്ങളാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. അദ്ദേഹം ആദ്യം പറഞ്ഞ Separation of Powers; ലെജിസ്ലേച്ചറിന്റെയും എക്സിക്യൂട്ടീവിന്റെയും ജുഡീഷ്യറിയുടെയും അധികാരം; ആർട്ടിക്കിൾ 50-ൽ പറയുന്ന കാര്യങ്ങൾ; encroachment പാടില്ല, ജുഡീഷ്യറിക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുമതി നൽകണം, തുടങ്ങിയ കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുകയാണ്. അതുപോലെ അദ്ദേഹം സൂചിപ്പിച്ച വിധിന്യായങ്ങളോടും എനിക്ക് തർക്കമില്ല. അതുകൊണ്ട് വിധിന്യായങ്ങളുടെ സാധൂകരണവും അതുമായി ബന്ധപ്പെട്ട വിയോജിപ്പുകളുമൊന്നും പ്രകടിപ്പിക്കുന്നില്ല. ഭരണഘടനയിലെ പാർട്ട് 5, ചാപ്റ്റർ 4-ലും പാർട്ട് 6, ചാപ്റ്റർ 5-ലുമാണ് ജുഡീഷ്യറിയെക്കുറിച്ച് പറയുന്നത്. അതുപോലെ ഹൈക്കോടതിക്ക് മറ്റ് കോടതികളിന്മേലുള്ള സൂപ്പർവിഷന്റെ കാര്യം ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം പറഞ്ഞു. ആരാണ് ലോക് ആയുക്തയിലുള്ളതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചു. സുപ്രീംകോടതി ജഡ്ജിയോ ഹൈക്കോടതി ചീഫ് ജസ്റ്റിസോ ആയിരുന്നവരെയാണ് ലോക് ആയുക്തയായി നിയമിച്ചിരുന്നത്. ആരാണ് എന്നുള്ളതല്ല, എന്തിന്റെ അടിസ്ഥാനത്തിൽ നിയമപരമായി ചുമതല വഹിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്ന രാജ്യസഭ എം.പി. ശ്രീ. രഞ്ജൻ ഗൊഗോയ് രാജ്യസഭയിൽ പ്രസംഗിക്കുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവായി മാറുമോ? അതുകൊണ്ട് എവിടെയിരിക്കുന്നുവെന്നതല്ല, ഇരിക്കുന്ന സ്ഥലമെന്താണ്; ഏതിന്റെ അടിസ്ഥാനത്തിലാണ് അവിടം പ്രവർത്തിക്കുന്നത്; നിയമാനുസൃതമായും ഭരണഘടനാനുസൃതമായും എന്തെല്ലാം അധികാരങ്ങൾ നൽകിയിട്ടുണ്ട് എന്നതാണ് പ്രധാനം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ലോക് ആയുക്ത ഒരു ജുഡീഷ്യൽ ഫോറമല്ലെന്നാണ്.

ശ്രീ. പി. രാജീവ്: സർ, ഞാനതിലേയ്ക്ക് വരട്ടെ, അദ്ദേഹം പറഞ്ഞൊരു വാചകം പറയുകയാണ്. അങ്ങ് അതിനോട് യോജിക്കാനിടയില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി/ഹൈക്കോടതി ജഡ്ജിയായിരുന്ന ഒരാൾ ലോക് ആയുക്ത സംവിധാനത്തിലിരുന്ന് പറയുമ്പോൾ ആരായിരുന്നുവെന്നതല്ല, ആ സംവിധാനത്തിന് എന്തൊക്കെ അധികാരമുണ്ട്; അതിന്റെ സ്റ്റാറ്റസ് എന്താണ് എന്നാണ് നോക്കേണ്ടത്. 1999-ലെ കേരള ലോക്ആയുക്ത ആക്ടിന്റെ തുടക്കത്തിൽ 'WHEREAS it is expedient to make provision for the appointment and functions of certain authorities for making enquiries...' എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് എൻക്വയറി നടത്താനുള്ളതാണ് ഈ സംവിധാനം,

അധികാരത്തിനുള്ളതല്ല. 1999-ലെ നിയമത്തിന്റെ ഉള്ളടക്കം വായിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. അതിൽ നിലവിലുള്ള പരിമിതികൾ സൂചിപ്പിച്ചിട്ട് പറയുന്നത്, "Comprehensive new legislation for effective enquiry and investigation of complaints against public servants and matters connected therewith or......." എന്നാണ്. എന്തിനാണ് ലോകായുക്ത? Lok Ayukta is not a Judiciary Body. It is an investigating mechanism. നിയമം പരിശോധിച്ചാൽ അത് മനസ്സിലാകും. ഇതാണ് ഗസറ്റിൽ വിജ്ഞാപനം ചെയ്ത നിയമം (ഒരു ബുക്ക് ഉയർത്തിക്കാട്ടി). നിയമം വായിക്കൂ. .......(ബഹളം)..... നിലവിലുള്ള നിയമത്തെക്കുറിച്ചാണ് പറയുന്നത്. നിയമത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും സംസാരിക്കുമ്പോൾ നാട്ടുവർത്തമാനം പറയാൻ പാടില്ല. നിങ്ങൾ ഒന്നുകിൽ ഭരണഘടനയ്ക്കകത്തുനിന്നോ അല്ലെങ്കിൽ നിയമത്തിനകത്തു നിന്നോ പറയണം. What is the powers of the Lok Ayukta? ലോക് ആയുക്തയുടെയും ഉപലോക് ആയുക്തയുടെയും നിയമനത്തെക്കുറിച്ചാണ് 3-ാം വകുപ്പിൽ പരാമർശിക്കുന്നത്. "Appointment of Lok Ayukta and Upa-LokAyuktas-For the purpose of conducting investigations and inquiries in accordance with the provisions of this Act, the Governor shall appoint a person to be known as a Lok Ayukta and two other persons to be known as Upa-Lok Ayuktas". ഒരു നിയമത്തിന്റെ ആമുഖം, ഉദ്ദേശ്യകാരണങ്ങളുടെ വിവരണം എന്നിവയുമായി ബന്ധപ്പെട്ട് അതിലെ ഒരു വകുപ്പ് എങ്ങനെ നിൽക്കുന്നുവെന്നതാണ് ഒരു നിയമം നിയമപരമായി നിൽക്കുന്നുവെന്നതിന്റെ അടിസ്ഥാന പരിശോധന. നിയമത്തിലെ ആമുഖവുമായി ബന്ധപ്പെട്ട് സെക്ഷൻ 14 നിലനിൽക്കുന്നില്ലെങ്കിൽ അതാണ് മാറ്റേണ്ടത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇൻവെസ്റ്റിഗേഷൻ നടത്താനും എൻക്വയറി നടത്താനുമുള്ള പ്രൊവിഷൻ ആ നിയമത്തിലുണ്ട്. അതാണ് അവരുടെ ആദ്യത്തെ ജോലി, അതാണ് നടപടിക്രമം. അവരുടെ മുമ്പിൽ വരുന്ന പരാതിയിന്മേൽ എൻക്വയറിയും ഇൻവെസ്റ്റിഗേഷനും നടത്താനുള്ള പ്രൊവിഷനുണ്ട്. അത് ജുഡീഷ്യൽ പ്രോസസ്സാണ്. It is a Quasi-judicial Body. ആ ജുഡീഷ്യൽ ബോഡി എൻക്വയറി നടത്തി തീരുമാനിക്കണമെന്നാണ് 14-ാം വകുപ്പിൽ പറയുന്നത്. ലോക് ആയുക്ത നിയമം നിലവിൽവന്നിട്ട് 22 വർഷം കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെ ലോക് ആയുക്തയിൽ കുറെ കേസ്സുകൾ വന്നപ്പോഴാണ് ലോക് ആയുക്തയ്ക്ക് അധികാരമില്ലെന്ന് പറയുന്നത്. ലോക് ആയുക്ത എൻക്വയറി നടത്തിയശേഷം ആ റിപ്പോർട്ട് അവിടത്തെ ഷെൽഫിൽ എടുത്തുവയ്ക്കണോ; What is the purpose;

What is the intention? ഈ സഭ രൂപീകരിച്ച ലോക് ആയുക്ത സംവിധാനത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു? To prevent corruption; അഴിമതി തടയാനാണ് ലോക് ആയുക്ത സ്ഥാപിച്ചത്. അഴിമതി തടയാനായി ഇൻവെസ്റ്റിഗേഷൻ നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ഷെൽഫിൽ വച്ചാൽ മതിയോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ആദ്യം സംസാരിച്ച പ്രതിപക്ഷനേതാവല്ല ഇപ്പോൾ സംസാരിക്കുന്നത്. ആദ്യം സംസാരിച്ച പ്രതിപക്ഷനേതാവ് ഭരണഘടനയും നിയമവുമാണ് പറഞ്ഞത്. ഇപ്പോൾ പ്രതിപക്ഷനേതാവ് ശൂന്യമായി സംസാരിക്കുകയാണ്. ഞാൻ പ്രതിപക്ഷനേതാവിനെ വെല്ലുവിളിക്കുന്നു. ലോക് ആയുക്ത എന്നതൊരു ജൂഡീഷ്യൽ പ്രോസസ്സെന്നോ ജൂഡീഷ്യൽ സംവിധാനമെന്നോ പറയുന്ന വാചകം നിലവിലുള്ള നിയമത്തിൽ നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കുമോ?

ശ്രീ. വി. ഡി സതീശൻ: സർ, ഏതെങ്കിലും നിയമത്തിൽ ഇത് ജൂഡീഷ്യൽ പ്രോസസ്സാണെന്ന് എഴുതിവയ്ക്കാറുണ്ടോ? നിയമം വായിച്ചാൽ നമുക്കറിയാമല്ലോ, ലോക് ആയുക്തയുടെ മുമ്പിൽ ഒരു പരാതി വന്നാൽ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് കൃത്യമായി എഴുതി വച്ചിരിക്കുകയല്ലേ. That is the judicial process. ജൂഡീഷ്യൽ സ്ഥാപനമല്ലെങ്കിൽ സർക്കാരിൽനിന്നും വിരമിച്ച ഏതെങ്കിലും അഡീഷണൽ സെക്രട്ടറിയെ ലോക് ആയുക്തയിൽ നിയമിച്ചാൽ പോരായിരുന്നോ; എന്തിനാണ് റിട്ടയർ ചെയ്ത സുപ്രീം കോടതി ജഡ്ജിയെയോ ഹൈക്കോടതി ചീഫ് ജസ്റ്റിസിനെയോ നിയമിക്കുന്നത്? സർക്കാരിൽനിന്നും റിട്ടയറായ ഏതെങ്കിലും ജോയിന്റ് സെക്രട്ടറിയെയോ അണ്ടർ സെക്രട്ടറിയെയോ അല്ലെങ്കിൽ ഏതെങ്കിലും പാർട്ടിക്കാരനെയോ ലോക് ആയുക്തയിൽ നിയമിച്ചാൽ മതി. അവിടെയൊരു ജൂഡീഷ്യൽ പ്രോസസ്സുണ്ട്. അത് നിയമത്തിൽ അന്തർലീനമാണ്. അങ്ങ് എന്നെ വെല്ലുവിളിക്കുകയാണ്; ഇതൊരു ജൂഡീഷ്യൽ പ്രോസസ്സാണെന്ന് ഏതു നിയമത്തിലാണ് എഴുതിവയ്ക്കുന്നത്? It is very clear that this is a judicial process.

ശ്രീ. പി. രാജീവ്: സർ, അങ്ങ് ഭരണഘടനയുടെ പാർട്ട് 5, പാർട്ട് 6 എന്നിവ വായിക്കണം. What is Judiciary; What is Judicial Process; What are the Functions and Powers of a Judicial Officer; What is the distinction in between Legislature and Judiciary as per Article 50; What is State Judiciary തുടങ്ങിയവയെക്കുറിച്ച് അതിൽ പറയുന്നുണ്ട്........ ഞാൻ പ്രതിപക്ഷനേതാവിന് വഴങ്ങി. എല്ലാവർക്കും വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ എന്തുചെയ്യാൻ സാധിക്കും.

ശ്രീ. പി. രാജീവ്: സർ, ഒരു ബിൽ ആക്ട് ആകുന്നതോടുകൂടി അതിലെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻഡ് റീസൺസ് മാറും. ലോക് ആയുക്ത ആക്ടിന്റെ ആമുഖത്തിൽ കൃത്യമായി പറഞ്ഞിരിക്കുന്നത് Investigation and enquiry - അന്വേഷണവും പരിശോധനയും എന്നാണ്. ഒരു നിയമത്തിന്റെ പൊതുകാഴ്ചപ്പാടിനും ആമുഖത്തിനും സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻഡ് റീസൺസിനും അതിന്റെ ലക്ഷ്യത്തിനുമപ്പുറമായി ഏതെങ്കിലുമൊരു വകുപ്പ് ആ നിയമത്തിനകത്തുണ്ടെങ്കിൽ അത് നിലനിൽക്കില്ല. അതുകൊണ്ട് ലോക് ആയുക്ത എന്നത് എൻക്വയറിക്കും ഇൻവെസ്റ്റിഗേഷനുമുള്ള ഏജൻസിയാണ്. ഒരു എൻക്വയറി നടത്തുന്ന ഏജൻസിതന്നെ ശിക്ഷ വിധിക്കുന്നത് jurisprudence-ന്റെ ബേസിക് പ്രിൻസിപ്പിളിനെതിരാണ്. പോലീസ് അന്വേഷണം നടത്തി പോലീസ് തന്നെ വധശിക്ഷ വിധിച്ചാലോ? അന്വേഷണ ഏജൻസിയും തീരുമാനമെടുക്കുന്ന ഏജൻസിയും വ്യത്യസ്തമായിരിക്കണം. ഇവിടെ എൻക്വയറിയും ഇൻവെസ്റ്റിഗേഷനും നടത്തുന്നവർതന്നെ വിധിയും പ്രഖ്യാപിക്കണമെന്നുള്ളത് ലോകത്തൊരിടത്തുമില്ലാത്ത നീതിന്യായ സംവിധാനമാണ്. അത് jurisprudence-ൽ ഇല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഓംബുഡ്സ്മാൻ എങ്ങനെയാണ്?

ശ്രീ. പി. രാജീവ്: സർ, ലോക്ആയുക്തയെക്കുറിച്ചാണ് പറയുന്നത്. അതിനെക്കുറിച്ച് പിന്നീട് സംവദിക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, എൻക്വയറി നടത്തിയിട്ടാണോ റിട്ട് ജൂറിസ്ഡിക്ഷനിൽ കോടതി ഉത്തരവിടുന്നത്? അതിൽ വാദം കേട്ട് ജഡ്ജി വിധി പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ലോക് ആയുക്ത നിയമത്തിൽ എവിടെയെങ്കിലും ജുഡീഷ്യൽ പ്രൊസീഡിംഗ്സ് എന്ന് എഴുതിവച്ചിട്ടുണ്ടോയെന്ന് ചോദിച്ച് അങ്ങ് എന്നെ വെല്ലുവിളിച്ചു. ലോകായുക്ത ആക്ടിന്റെ സെക്ഷൻ 11(2)-ൽ പറയുന്നത് 'For the purpose of any such investigation (including the preliminary inquiry) the Lok Ayukta or an Upa-Lok Ayukta shall have all the powers of a Civil Court, while trying a suit under the Code of Civil Procedure, 1908' എന്നാണ്. Section 11(3)-ൽ പറയുന്നത്, 'Any proceeding before the Lok Ayukta or an Upa-Lok Ayukta shall be deemed to be a judicial proceeding within the meaning of Section 193 of the Indian Penal Code' എന്നാണ്. അപ്പോൾ ജുഡീഷ്യൽ പ്രൊസീഡിംഗ്സായില്ലേ?

<u>ശ്രീ. പി. രാജീവ്</u>: സർ, .....(ബഹളം).... ഞാൻ എന്റെ ഭാഗം പറയട്ടെ. നിങ്ങൾ ഉന്നയിച്ചല്ലോ. പ്രതിപക്ഷനേതാവിന് നല്ല കരുത്തുണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്. പുറകിലിരിക്കുന്ന ബഞ്ചുകാരുടെ സാങ്കേതികവും നിയമപരവുമായ ഉപദേശം അദ്ദേഹത്തിന് ആവശ്യമില്ല. ഇതൊരു ജൂഡീഷ്യൽ ബോഡിയല്ല എന്നാണ് ഞാൻ പറഞ്ഞത്. ഇത് എൻക്വയറിയും ഇൻവെസ്റ്റിഗേഷനും നടത്താനുള്ളതാണ്. ഇതുപോലെയുള്ള സംവിധാനങ്ങൾക്കെല്ലാം സിവിൽ കോടതിയുടെ അധികാരം കൊടുക്കുന്നുണ്ട്. സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയായ ഗ്രീവൻസ് റിഡ്രസൽ മെക്കാനിസത്തിന് സി.ആർ.പി.സി. അധികാരമുണ്ട്. പല നിയമങ്ങൾക്കും സി.ആർ.പി.സി. അധികാരമുണ്ട്. സമൺ ചെയ്യാനും രേഖകൾ പിടിച്ചെടുക്കാനും അധികാരമുണ്ട്. പക്ഷേ അതെല്ലാം ഇൻവെസ്റ്റിഗേഷന്റെയും എൻക്വയറിയുടെയും ഭാഗമാണ്. അല്ലാതെ ജൂഡീഷ്യൽ അല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ നിയമത്തിൽ എവിടെയെങ്കിലും ജൂഡീഷ്യൽ പ്രൊസീഡിംഗ് എന്നൊരു വാക്കുണ്ടോ എന്നുചോദിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി എന്നെ വെല്ലുവിളിച്ചത്, it is on record. I have quoted the same word in section 11(3), ".....shall be deemed to be a judicial proceeding within the meaning of section 193 of the Indian Penal Code". അതുപോലെ Cr.P.C.യുടെ പ്രൊവിഷനും പറഞ്ഞു.

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് എന്താണ്? Separation of Powers - Judicial, Executive & Legislature. Whether this Mechanism is come under the purview of a Judicial Body? ....(ബഹളം)..... ഞാൻ പറയട്ടെ, ഡോ. മാത്യു കുഴൽനാടൻ. അല്ലെങ്കിൽ നിങ്ങൾ പറയൂ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി മൈക്ക് അങ്ങേയ്ക്കാണ്, അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ. അങ്ങ് ഉന്നയിച്ച കാര്യങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇടപെട്ടു. അതിന് മറുപടി പറഞ്ഞു. അതിനിടയിൽ സംസാരിക്കുന്ന അംഗങ്ങൾക്ക് മൈക്ക് നൽകില്ല.

<u>ശ്രീ. പി. രാജീവ്</u>: സർ, ഇതൊരു ജൂഡീഷ്യൽ ബോഡിയാണോ എന്നതാണ് ചോദ്യം. ഇപ്പോൾ അദ്ദേഹം ഉദ്ധരിച്ച കാര്യം നൂറിലധികം സംവിധാനങ്ങളിൽ കാണാം. അതെല്ലാം ജൂഡീഷ്യൽ ബോഡിയാണോ? അല്ല. ഇൻവെസ്റ്റിഗേഷൻ, എൻക്വയറി, ഡിക്ലറേഷൻ, ജഡ്ജ്മെന്റ് എന്നിവയെല്ലാം ഒരു ബോഡി കൈകാര്യം ചെയ്യുന്നത് ലോകത്തിലേതെങ്കിലും jurisprudence-ലുണ്ടാകുമോ? അത് jurisprudence-ന്റെ അടിസ്ഥാന തത്വങ്ങൾക്കെതിരാണ്. ഞാനും ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും എം.പി. ആയിരുന്ന സമയത്താണ് ലോക്പാൽ & ലോകായുക്ത ബിൽ പാസ്സാക്കുന്നത്. അദ്ദേഹം അതിന്റെ സെലക്ട് കമ്മിറ്റിയിലെ അംഗവുമായിരുന്നു. അന്നത്തെ വിമർശനം എന്താണെന്നറിയാമോ? ലോക്പാൽ എന്നത് ഇൻവെസ്റ്റിഗേഷൻ ഏജൻസിയായിരുന്നുവെന്നും ഇപ്പോൾ അതിനെയൊരു കംപ്ലയിന്റ് ഏജൻസി മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നുമാണ് അന്ന് വാദിച്ചത്. ഞങ്ങൾ ആ സമയത്ത് പാർലമെന്റിൽ ഉണ്ടായിരുന്നവരാണ്. ബഹുമാനപ്പെട്ട ചെയറും അന്ന് ലോക്സഭയിൽ ഉണ്ടായിരുന്നു. Lok Pal is an Investigation Agency എന്നതായിരുന്നു അന്നത്തെ ആർഗ്യുമെന്റ്. അന്ന് യു.പി.എ. ഗവൺമെന്റാണ് അധികാരത്തിലുണ്ടായിരുന്നത്. ഇപ്പോഴത്തെ ഭേദഗതി വഴി ഇൻവെസ്റ്റിഗേഷൻ ഏജൻസിയെ നിങ്ങൾ വെറുമൊരു കംപ്ലയിന്റ് കൊടുക്കുന്ന ഏജൻസിയായി പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നാണ് അന്ന് വാദിച്ചത്. അതുകൊണ്ട് Separation of Powers-നെക്കുറിച്ച് ഇപ്പോൾ നിങ്ങൾ പറഞ്ഞ വാദം നിലനിൽക്കില്ല. രണ്ടാമത്തെ കാര്യം 14-ാം വകുപ്പിനെക്കുറിച്ച് പറഞ്ഞതാണ്. Section 14 is ultravires to the Constitution. ഭരണഘടനയുടെ ആർട്ടിക്കിൾ 163, 164 എന്നിവയിലാണ് മുഖ്യമന്ത്രിയെയും മന്ത്രിമാരെക്കുറിച്ചും പ്രതിപാദിക്കുന്നത്. ബാലകൃഷ്ണപിള്ള കേസിൽപോലും ക്വാ വാറന്റോയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആകെ ഒരു ക്വാ വാറന്റോ മാത്രമാണ് ചരിത്രത്തിലുള്ളത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നുണ്ട്. ജയലളിത തമിഴ്നാട്ടിൽ മത്സരിക്കാൻ നോമിനേഷൻ നൽകിയ സമയത്ത് മൂന്നുവർഷത്തേയ്ക്ക് ശിക്ഷിക്കപ്പെട്ടതിനെത്തുടർന്ന് നോമിനേഷൻ തള്ളിയതിനാൽ മത്സരിക്കാൻ സാധിച്ചില്ല. എന്നാൽ എ.ഐ.എ.ഡി.എം.കെ. (ആൾ ഇന്ത്യ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം)-ക്ക് ഭൂരിപക്ഷം ലഭിക്കുകയും ജയലളിതയെ മുഖ്യമന്ത്രിയാക്കുകയും ചെയ്തു. അതിനെതിരെ ഒരു ക്വാ വാറന്റോ റിട്ട് വന്നു. ആ ക്വാ വാറന്റോ ആർട്ടിക്കിൾ 163, 164, 173, 191 എന്നിവയുമായി ചേർന്ന് നിൽക്കുമോ; ആർട്ടിക്കിൾ 191 പ്രകാരം അയോഗ്യനായൊരു വ്യക്തിക്ക് മുഖ്യമന്ത്രിയാകാൻ സാധിക്കുമോ; ആറ് മാസത്തെ സമയപരിധിക്കകത്ത് മത്സരിക്കാതെ മന്ത്രിയാകാൻ കഴിയുമോ? ഈ ഒരേയൊരു ക്വാ വാറന്റോ മാത്രമേ വന്നിട്ടുള്ളൂ. സെക്ഷൻ 14 എന്നുള്ളത് ഭരണഘടനയുടെ ആർട്ടിക്കിൾ 163, 164 എന്നിവയ്ക്ക് ultravires ആണ്. ഒരു കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനെ നിയമപരമായ വ്യവസ്ഥകൊണ്ട് മറികടക്കാൻ പറ്റില്ല. ഒരു നിയമത്തിന്റെ അവതരണവേളയിൽ ലെജിസ്ലേറ്റീവ് കോംപീറ്റൻസി പരിശോധിക്കുകയാണ് ആദ്യം ചെയ്യുന്നത്. Whether it is ultravires to the Constitution or in accordance with the provisions of the Constitution എന്നാണ് ആദ്യം പരിശോധിക്കുന്നത്. That is the

basic litmus test of a legislation or a law making process. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച പ്രൊസീഡിംഗ്സ് മുഴുവൻ ഞാൻ പരിശോധിച്ചു. അന്ന് സെക്ഷൻ 14 അല്ല 13 ആണുണ്ടായിരുന്നത്. ഒരു ഭേദഗതിയിലൂടെ സെക്ഷൻ 13 എടുത്തുമാറ്റി. അന്ന് ഒരു ചർച്ചയും നടത്താതെ ഭേദഗതി കൊണ്ടുവരികയാണ് ചെയ്തത്. ഇത് ഭരണഘടനയോടും നിയമത്തിന്റെ ആമുഖത്തോടും ചേർന്ന് നിൽക്കുമോ, 13-ാം വകുപ്പ് മറ്റ് വകുപ്പുകളുമായി കോൺട്രഡിക്ടറിയാണോ, തുടങ്ങിയവ സംബന്ധിച്ച പരിശോധനകളൊന്നും ആ നിയമനിർമ്മാണ പ്രക്രിയയിൽ ഇല്ലായിരുന്നു. But it was the collective will of the house at that time. അവർ തീരുമാനിച്ചു, അത് നിയമമായി. It is part of the Law of the land for the time being. പക്ഷേ ഇപ്പോൾ ഭരണഘടനാപരമായി ഇത് നിലനിൽക്കുന്നതല്ലെന്ന ഉപദേശം ലഭിച്ചു. .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് വീണ്ടും അങ്ങോട്ടാണ് അഭിസംബോധന ചെയ്യുന്നത്. ആവശ്യത്തിലധികം സമയം നമ്മൾ ഇപ്പോൾ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. പി. രാജീവ്: സർ, കുറേ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ മനോഹരമായൊരു ക്വാട്ടിംഗ് വായിക്കാം. "Law is rarely static or moribund, it is changing", ഇതിങ്ങനെ മരിച്ച് നിൽക്കുകയല്ലല്ലോ. It is not static, it is dynamic, it is changing. ഇനി അടുത്ത പോയിന്റിലേയ്ക്ക് വരാം. അപ്പീൽ ഉണ്ടല്ലോ, ആർട്ടിക്കിൾ 226 ഉണ്ടല്ലോ, പിന്നെ എന്താണ് പ്രശ്നമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-യും പറഞ്ഞു. Judicial review or a writ is not an Appeal. ഒരു അപ്പീൽ, ഡിസിഷനെയാണ് ചോദ്യം ചെയ്യുന്നത്. But a writ questioning about the process to take this decision. ആ പ്രോസസ്സാണ് ചോദ്യം ചെയ്യപ്പെടുന്നത്. Bhubaneswar Development Authority vs. Adikanda Biswal കേസിലെ വളരെ പ്രശസ്തമായൊരു വിധിന്യായം ഞാൻ വായിക്കാം, " It is trite law that the power of judicial review under Article 226 of the Constitution of India is not directed against the decision but is confined to the decision making process. The judicial review is not an appeal from a decision, but a review of the manner in which the decision is made and the courts sits in judgment only on the correctness of the decision making process and not on the correctness of the decision itself. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് റിട്ടും അപ്പീലുമുണ്ടല്ലോ എന്നാണ്. റിട്ട് എന്നുള്ളത് ഇന്ത്യയിലെ ഏത് പൗരനുമുള്ള അധികാരമാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിന് ഇപ്പോൾ അപ്പീൽ ഉണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അപ്പീലിന്റെ ആവശ്യമില്ല. അപ്പീൽ എങ്ങനെയാണ് വരുന്നത്? ഈ ബോഡിക്ക് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ അവകാശമുണ്ടോ, ഇല്ലയോ; ഇതൊരു മാൻഡേറ്ററി ജൂറിസ്ഡിക്ഷനാണോ, റെക്കമെന്റേറ്ററി ജൂറിസ്ഡിക്ഷനാണോ തുടങ്ങിയ പ്രശ്നങ്ങൾ വരുമ്പോഴാണ് അപ്പീൽ വരുന്നത്. This is only a mandatory jurisdiction. ......(ബഹളം)..... അപശബ്ദങ്ങൾ ഉയർന്നുവന്നാൽ എനിക്ക് പ്രസംഗിക്കാൻ ഒഴുക്ക് കിട്ടില്ല. അത് പ്രതിപക്ഷനേതാവ് പറയണം.

<u>മി. സ്പീക്കർ</u>: അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ.

<u>ശ്രീ. പി. രാജീവ്</u>: സർ, അപ്പോൾ ഇവിടെ അപ്പീൽ ഉണ്ടെന്ന വാദവും തെറ്റാണ്. അത് പൂർണ്ണമായും നിലനിൽക്കുന്നതല്ല. കൂടാതെ ഇതിൽ അപ്പീൽ ഇല്ലെന്ന കാര്യം ഇവിടെ വിവാദമായ കേസ്സിനകത്തും ബഹുമാനപ്പെട്ട കോടതി പറയുന്നുണ്ട്. "The said intention is explicit from the fact that no appeal is provided for under the Act against their decisions". ഇതാണ് ഡോ. കെ. ടി. ജലീലിനെതിരെയുള്ള കേസ്സിൽ പറയുന്നത്. ഞങ്ങൾ അതിലേയ്ക്ക് കടക്കാത്തത് ലെജിസ്ലേറ്റീവ് ഇന്റൻഷനിൽ അപ്പീലില്ല എന്നതിനാലാണ്. നിലവിലുള്ള നിയമത്തിലെ ഒരു വ്യവസ്ഥ, ആ നിയമത്തിന്റെ പൊതുവായ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻഡ് റീസൺസിനും ആമുഖത്തിനും മറ്റ് വകുപ്പുകൾക്കും കോൺട്രഡിക്ടറിയായി നിൽക്കുന്നു. It is ultravires to the Constitution. So it should be in accordance with the provisions of the Constitution. അതാണ് ലെജിസ്ലേച്ചറിന്റെ ഉത്തരവാദിത്വം. ആ ഉത്തരവാദിത്വത്തിനാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത് അഴിമതിക്കെതിരെയുള്ള ശക്തമായ നിലപാടാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ലോക്പാലിനെക്കുറിച്ച് പറഞ്ഞു. അങ്ങ് ലോക്പാൽ ആൻഡ് ലോകായുക്ത ബിൽ 2013 വായിക്കണം. അദ്ദേഹം പറഞ്ഞത് കേരള ലോകായുക്ത ബിൽ ലോക്പാൽ ആക്റ്റിന് എതിരാകുന്നതുകൊണ്ട് സംസ്ഥാനത്തിന് വ്യത്യസ്തതയുണ്ടാകുമെന്നാണ്. ലോക്പാൽ ബിൽ അവതരിപ്പിക്കുമ്പോൾ ലോക്പാൽ & ലോക്ആയുക്ത ആയിരുന്നു. ലോക്പാലിനൊപ്പം ഒരു ചാപ്റ്റർ മുഴുവൻ ലോക്ആയുക്ത ആയിരുന്നു പരാമർശിച്ചിരുന്നത്. ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. ബാലഗോപാൽ എം.പി. ആയിരുന്ന സമയത്ത് അംഗമായിരുന്ന സെലക്ട് കമ്മിറ്റി ചർച്ച ചെയ്തിട്ട് പറഞ്ഞത്, We have no legislative competency to make a law for creation of a Lok Ayukta of a State. Only the State Legislature has the legislative competency to do it. അതുകൊണ്ടാണ് ലോകായുക്ത രൂപീകരിക്കാത്ത എല്ലാ സംസ്ഥാനങ്ങളും ഒരു വർഷത്തിനുള്ളിൽ അത് രൂപീകരിക്കണമെന്ന് പറഞ്ഞ് പിന്നീട് 63-ാം വകുപ്പ് കൊണ്ടുവന്നത്. നമ്മുടെ സംസ്ഥാനം ലോക് ആയുക്ത രൂപീകരിച്ചിട്ടുണ്ട്. So, Please read the Lok Pal and Lok Ayukta Bill along

with the Standing Committee Report. ഈ വാദമുഖങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റി പറഞ്ഞത്, നമുക്ക് ലെജിസ്ലേറ്റീവ് കോംപീറ്റൻസിയില്ലാത്തതിനാൽ ഒരു വർഷത്തിനുള്ളിൽ എല്ലാ സംസ്ഥാനങ്ങളും ലോക്ആയുക്ത രൂപീകരിക്കണമെന്ന പ്രൊവിഷൻ വയ്ക്കാമെന്നും മോഡൽ ലോക് ആയുക്ത ബിൽ എല്ലാ സംസ്ഥാനങ്ങൾക്കും അയച്ചുകൊടുക്കാമെന്നുമാണ്. മോഡൽ ലോക് ആയുക്ത ബില്ലിലെ സെക്ഷൻ 85 വായിച്ചു നോക്കണം. അതിൽ സംസ്ഥാനങ്ങളുടെ കോംപീറ്റന്റ് അതോറിറ്റി ആരാണെന്ന് പറയുന്നുണ്ട്. മന്ത്രിമാരുടെ കാര്യത്തിൽ മുഖ്യമന്ത്രിയും എം.എൽ.എ.-മാരുടെ കാര്യത്തിൽ അസംബ്ലി ചെയർമാനും ലെജിസ്ലേറ്റീവ് കൗൺസിൽ ഉള്ളിടത്ത് ലെജിസ്ലേറ്റീവ് കൗൺസിലിന്റെ ചെയർമാനുമാണ് കോംപീറ്റന്റ് അതോറിറ്റി. കൂടാതെ ലോക് ആയുക്ത സമർപ്പിക്കുന്ന റിപ്പോർട്ടിനെ സംബന്ധിച്ചും പറയുന്നുണ്ട്. "After the receipt of report under sub-section (1), cause the same to be laid before the Legislative Assembly or the Legislative Council, as the case may be, the competent authority shall examine the report forwarded to it under sub-section (1) and communicate to the Lok Ayukta, within a period of ninety days from the date of receipt of the report, the action taken or proposed to be taken on the basis of the report and the reasons for not taking any action on the recommendation of the Lok Ayukta." എല്ലാ സംസ്ഥാനങ്ങൾക്കും അയച്ചു കൊടുത്തിരിക്കുന്ന മോഡലിതാണ്. മോഡൽ ലോകായുക്ത ബില്ലിന്റെ സെക്ഷൻ 85 അടിസ്ഥാനമാക്കി കോംപീറ്റന്റ് അതോറിറ്റിക്ക് തീരുമാനിക്കാമെന്നാണ് പറയുന്നത്. അതായത് റിപ്പോർട്ടിന്മേൽ എന്ത് നടപടിയെടുത്തു; എന്ത് നടപടിയാണ് എടുക്കാൻ പോകുന്നത്; നടപടി എടുക്കുന്നില്ലെങ്കിൽ അത് എന്തുകൊണ്ട് തുടങ്ങിയ കാര്യങ്ങളാണ് പറയുന്നത്. What are the reasons for not taking any decision on the basis of that report? This is in par with the provisions of the Lokpal and Lok Ayukta. അതിൽ എന്തെങ്കിലും വ്യത്യാസമുണ്ടാകും, അത് വേറെ നോക്കാം. പക്ഷേ ഇപ്പോൾ ഈ വ്യവസ്ഥകൾക്കനുസരിച്ചാണുള്ളത്. അത് കേന്ദ്ര നിയമവുമായി ചേർന്നു നിൽക്കുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് പറയുന്നത് വളരെ രസകരമായ വാദമാണ്. നിയമത്തിന്റെ ആമുഖത്തിൽ ഈ അധികാരത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നില്ലെന്നാണ് പറയുന്നത്. ആദ്യം അങ്ങ് പറഞ്ഞത് ഇത് ജുഡീഷ്യൽ പ്രോസസ്സോ പ്രൊസീഡിംഗ്സോ അല്ലെന്നാണ്. ഇപ്പോൾ അതിൽനിന്ന് മാറി ആമുഖത്തിലെ കാര്യമാണ് സൂചിപ്പിക്കുന്നത്. കേരളത്തിന്റെ നിയമമന്ത്രി അല്ലെങ്കിൽ കേരള സർക്കാർ ഇപ്പോൾ ഒരു ഫൈൻഡിംഗിൽ എത്തിയിരിക്കുകയാണ്. നിയമസഭ പാസ്സാക്കിയ ഈ നിയമത്തിലെ വ്യവസ്ഥകൾ അൺകോൺസ്റ്റിറ്റ്യൂഷണലാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്. That is ultravires to the Constitution എന്നൊരു കണ്ടെത്തലിലാണ് എത്തിയിരിക്കുന്നത്. What is your competency; who are you to say that?

Only the court can say that a law passed by the Legislature is unconstitutional or not. Nobody is competent to say that a law passed by a Legislative Assembly is ultravires or unconstitutional. How can you say like that? ഡോ. കെ. ടി. ജലീലിന്റെ കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതി പരിശോധിച്ചശേഷം 14-ാം വകുപ്പ് അൺകോൺസ്റ്റിറ്റ്യൂഷണലാണെന്ന് പറഞ്ഞോ; ഇല്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി അത് സപ്പോർട്ട് ചെയ്യുകയാണ് ചെയ്തത്. You have no right to say that this law is unconstitutional which is passed by this august house. You are not competent.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളും തടസ്സവാദങ്ങളിൽ ഉന്നയിച്ച കാര്യങ്ങൾക്ക് മാത്രം മറുപടി പറഞ്ഞാൽ മതിയാകും.

ശ്രീ. പി. രാജീവ്: തീർച്ചയായും, ആ ഭാഗങ്ങൾ മാത്രമെ എടുക്കുന്നുള്ളൂ. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിച്ച ആദ്യഭാഗം രേഖകളിൽനിന്ന് നീക്കം ചെയ്യാൻ പറയണം. ഇത് കോൺസ്റ്റിറ്റ്യൂഷണലായി നിൽക്കില്ലെന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. നമുക്ക് അധികാരമില്ലാത്ത കാര്യത്തെ സംബന്ധിച്ച് എങ്ങനെയാണ് പറയുന്നത്? ഇത് ഭരണഘടനയ്ക്ക് ഒപ്പമാണോ ഇല്ലയോ എന്നതു സംബന്ധിച്ച് കോടതിക്ക് വിട്ടാൽ പോരെ; അങ്ങ് എന്തിനാണ് ഇവിടെ വാദിക്കുന്നത്; ഒരു നിയമ നിർമ്മാണത്തിന്റെ പ്രോസസ്സിൽ, അത് ഭരണഘടനയ്ക്ക് അനുസൃതമാണോ അല്ലയോ എന്ന് പറയാൻപോലും അവകാശമില്ലെങ്കിൽ എവിടെയെത്തും? ഒരു നിയമം ഭരണഘടനാനുസൃതമാണോ അല്ലയോ എന്ന് പിന്നീട് ഏതെങ്കിലും ഘട്ടത്തിൽ ഒരു സഭയ്ക്ക് തോന്നിയാൽ അതിനകത്ത് മാറ്റം വരുത്താം. അങ്ങ് ഉദ്ധരിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ അവസാനഭാഗം നോക്കിയാൽ മതിയാകും. സ്വപ്നങ്ങളിൽപോലും ഞങ്ങൾക്ക് നിയമസഭയോ പാർലമെന്റോ പാസ്സാക്കിയ ഒരു നിയമത്തെ തൊടാനോ അതിലെ ഒരു വാചകത്തെയോ വാക്കിനെയോ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയെടുക്കാനോ കഴിയില്ല. അതുകൊണ്ട് ഇത്തരം ഭേദഗതിയുണ്ടായില്ലെങ്കിൽ, judiciary is forced to step into our shoes; 1998-ൽ പ്രസ്തുത നിയമം ചർച്ച ചെയ്യുമ്പോൾ ലോക്പാലും ലോകായുക്തയും ഇല്ലായിരുന്നു. അഴിമതിക്കെതിരെയുള്ള കുരിശുയുദ്ധത്തിന്റെ വക്താവ് എന്ന നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം ചില വാചകങ്ങൾ വൈകാരികമായി പറഞ്ഞു. 1960-ൽ തുടങ്ങിയതാണ് ലോക്പാൽ ബില്ലിന്റെ ചർച്ച. 1968-ൽ ലോക്സഭ പാസ്സാക്കിയെങ്കിലും രാജ്യസഭ പാസ്സാക്കുന്നത് 2013-ലാണ്. കോൺഗ്രസ് അധികാരത്തിൽനിന്ന് താഴെയിറങ്ങുന്നതുവരെ പ്രസ്തുത നിയമത്തെ അടിസ്ഥാനമാക്കി ലോക്പാലിനെപ്പോലും നിയമിച്ചില്ലായിരുന്നു. എന്നിട്ടാണ് നിങ്ങളാണ് ഇതിന്റെ വക്താക്കളെന്ന് പറയുന്നത്. അങ്ങനെ ലോക്പാലും ലോകായുക്തയും നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പല സംസ്ഥാനങ്ങളും നിയമം ഭേദഗതി ചെയ്തു.

നമ്മുടെ പരിശോധനയിൽ കോൺസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അതിന്റെ പൊതുവായ ഘടകങ്ങളിൽ വ്യത്യസ്തതയുമുള്ളതായി കണ്ടതുകൊണ്ടാണ് 2013-ൽ പാസ്സാക്കിയ ലോക്പാലിന് അനുസൃതമായ മാറ്റങ്ങൾ വരുത്തണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നത്. അതാണ് പ്രസ്തുത നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളത്. നിലവിലുള്ള നിയമത്തെ കുറെക്കൂടി ഭരണാനുസൃതവും നിയമാനുസൃതവുമാക്കുക എന്നതാണ് ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. അതുകൊണ്ട് ഇവിടെ ഉയർന്നുവന്ന തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: ആവശ്യത്തിൽ കൂടുതൽ സമയം തടസ്സവാദങ്ങൾ ഉന്നയിക്കുന്നതിനും വിശദീകരണം നൽകുന്നതിനും ചെയർ അനുവദിച്ചിട്ടുണ്ട്.

ഓർഡർ... ഓർഡർ... 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എന്നിവർ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട നിയമം, വ്യവസായം കയർ വകുപ്പുമന്ത്രി വിശദമായ വിശദീകരണവും മറുപടിയും നൽകിക്കഴിഞ്ഞു. മൂലനിയമത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ട നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഭ സമ്മേളിക്കാതിരുന്ന സമയം ഓർഡിനൻസായാണ് ഈ ഭേദഗതി ആദ്യം നിലവിൽ വന്നത്. ഭരണഘടനയിലെ അനുച്ഛേദം 213 പ്രകാരം ബഹുമാനപ്പെട്ട ഗവർണർ പുറപ്പെടുവിച്ച ഓർഡിനൻസിലൂടെയാണ് ഈ ഭേദഗതി ആദ്യം നിലവിൽ വന്നതെന്ന് എല്ലാവർക്കുമറിയാം. പ്രസ്തുത ഓർഡിനൻസ് പുനഃപ്രഖ്യാപനം നടത്തുവാൻ കഴിയാത്ത സാഹചര്യത്തിലാണ് ഓർഡിനൻസിന് പകരമുള്ള നിയമനിർമ്മാണത്തിനായി സഭയിൽ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലിലെ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്താൻ സഭയ്ക്ക് സമ്പൂർണ്ണ അധികാരമുള്ളതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലിനെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങൾ നേരത്തെ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. ചർച്ചയ്ക്കുശേഷം മറ്റ് കാര്യങ്ങൾ സൂചിപ്പിക്കാം.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. പൊതു പ്രവർത്തകർക്കിടയിലുള്ള അഴിമതി തടയുന്നതിന് ഒരു പരിശോധന നടത്തുകയെന്ന ഉദ്ദേശ്യത്തെ അടിസ്ഥാനമാക്കിയാണ് 1999-ൽ ലോക് ആയുക്ത ബിൽ അവതരിപ്പിച്ചത്. പ്രസ്തുത നിയമത്തിലെ ചില വകുപ്പുകൾ ഭരണഘടനയനുസരിച്ച് പൗരന്മാർക്ക് അനുഭവിക്കേണ്ടതായ ചില അവകാശങ്ങൾ കവരുന്നതാകുന്നുവെന്ന് കണ്ടതിനാലാണ് നിയമ വകുപ്പിന്റെ, പ്രത്യേകിച്ച് അഡ്വക്കേറ്റ് ജനറലിന്റെയടക്കം ഉപദേശത്തോടുകൂടി പ്രസ്തുത വകുപ്പിലെ അപാകതകൾ തിരുത്തുന്നതിനുവേണ്ടി ഇങ്ങനെയൊരു നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ മൂന്നുനാല് ഭേദഗതികളുണ്ട്. അതിൽ 3-ാം വകുപ്പിന്റെ ഭേദഗതിയെക്കുറിച്ച് വലിയ തർക്കമുണ്ടെന്ന് തോന്നുന്നില്ല. ലോക് ആയുക്ത നിയമത്തിന്റെ 3 (2)-ാം വകുപ്പിൽ 'ഹൈക്കോടതി ചീഫ് ജസ്റ്റിസായോ' എന്നതിനുപകരം 'ഹൈക്കോടതി ജഡ്ജിയായോ' എന്നീ വാക്കുകൾ കൂട്ടിചേർത്തുകൊണ്ടാണ് ഭേദഗതി വന്നിട്ടുള്ളത്. 5-ാം വകുപ്പിന്റെ ഭേദഗതിയിൽ 'അഞ്ചുവർഷക്കാലത്തേയ്ക്ക്' എന്ന വാക്കിനുശേഷം 'അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് പൂർത്തിയാകുന്നത് വരെ, ഏതാണോ ആദ്യം അതുവരെ' എന്ന ഭേദഗതിയാണ് വരുത്തിയിട്ടുള്ളത്. ലോക് ആയുക്ത ഉദ്യോഗസ്ഥരിൽ ഒഴിവ് വരുന്ന സമയത്ത്, ലോക് ആയുക്തയുടെ ചാർജ്ജ് ആരെ ഏൽപ്പിക്കണം എന്നതുസംബന്ധിച്ചാണ് 7-ാം വകുപ്പിലെ ഭേദഗതി. അതിനൊന്നും വലിയ തർക്കങ്ങൾ വരാൻ സാധ്യതയില്ല. എന്നാൽ 14-ാം വകുപ്പിലെ ഭേദഗതിയാണ് തർക്കത്തിന് കാരണമായി മാറുന്നത്. ഭരണഘടനാദത്തമായ അവകാശത്തെ സംരക്ഷിക്കുന്നതിന് കൊണ്ടുവരുന്ന ഭേദഗതിയെ പ്രതിപക്ഷം എതിർക്കുന്നതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. നമ്മുടെ ഭരണഘടന അല്ലെങ്കിൽ നമ്മുടെ ജനാധിപത്യം എക്സിക്യൂട്ടീവിലും ജുഡീഷ്യറിയിലും ലെജിസ്ലേച്ചറിലും ഊന്നി നിൽക്കുന്നതാണ്. ഇതിന്റെയൊരു സമന്വയമുണ്ട്. ഇതിൽ ഏതെങ്കിലുമൊന്ന് മറ്റൊന്നിനെ കീഴ്പ്പെടുത്താൻ ശ്രമിക്കാതിരിക്കുന്നതാണ് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് ഏറ്റവും ഉചിതം. അതിൽ ലെജിസ്ലേച്ചറിന് പ്രധാന പങ്കുണ്ട്. നിയമം

നിർമ്മിക്കുന്നതും അതിൽ അപാകതകളുണ്ടെങ്കിൽ തീർപ്പാക്കുന്നതും ലെജിസ്ലേച്ചറാണ്. അതിന് ലെജിസ്ലേച്ചറിന് അധികാരമില്ലെന്ന് ലെജിസ്ലേച്ചറിനകത്തുനിന്ന് വാദിക്കുന്നത് കേവലമായ രാഷ്ട്രീയ വൈരാഗ്യത്തിന്റെ ഭാഗമായിട്ടല്ലാതെ മറ്റൊന്നുമാകാൻ തരമില്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ലോക് ആയുക്ത ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനവും ലെജിസ്ലേച്ചർ ഒരു ഭരണഘടനാ സ്ഥാപനവുമാണെന്നത് വളരെ വ്യക്തമാണ്. സ്റ്റാറ്റ്യൂട്ടറി സ്ഥാപനത്തിന് ഭരണഘടനാ സ്ഥാപനത്തിനുമേൽ അധികാരം പ്രയോഗിച്ച് കൊണ്ട് അതിനെ നിയന്ത്രിക്കാനും ഇല്ലാതാക്കാനും സാധിക്കുമോ എന്നുള്ളതാണ് കേവലമായ ചോദ്യം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അതുസംബന്ധിച്ച് വളരെ വിശദമായി സൂചിപ്പിച്ചിട്ടുള്ളതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. ഇൻവെസ്റ്റിഗേഷനും എൻക്വയറിക്കുമൊക്കെ അധികാരമുള്ള ഒരു ക്വാസി ജുഡീഷ്യൽ സ്ഥാപനമായ ലോക് ആയുക്ത ഇക്കാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കണം. അത് അങ്ങനെ നിർവ്വഹിച്ചുപോരുന്നുമുണ്ട്. പക്ഷേ, കേരള ലോക് ആയുക്ത നിയമത്തിന്റെ 14-ാം വകുപ്പിൽ ലോക് ആയുക്ത ഇൻവെസ്റ്റിഗേഷനും എൻക്വയറിയും നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കി ഭരണഘടനാ സ്ഥാപനത്തിലെ ബഹുമാനപ്പെട്ട ഗവർണർക്കോ മുഖ്യമന്ത്രിക്കോ അയച്ചാൽ അത് അങ്ങനെതന്നെ സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അത് ഈ നിയമം പാസ്സാക്കുന്ന സമയത്ത് നമുക്കുണ്ടായ ഒരു പിഴവാണ്. കാരണം, ഭരണഘടനയുടെ ആർട്ടിക്കിൾ 164, 19, 20, 21 എന്നിവ അടിസ്ഥാനമാക്കിയുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഇതൊരു പൗരന്റെ ഭരണഘടനാദത്തമായ അവകാശങ്ങളിന്മേലുള്ള വെല്ലുവിളിയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആർട്ടിക്കിൾ 14 ഉദ്ധരിച്ച് പറയുന്നത് കേട്ടു. എന്നാൽ അദ്ദേഹം ഭരണഘടനയുടെ ആർട്ടിക്കിൾ 19-നെക്കുറിച്ച് പറയുന്നത് കേട്ടില്ല. ആർട്ടിക്കിൾ 19-ൽ 'Everyone has the right to freedom of opinion and expression' എന്നാണുള്ളത്. ഒരാളിന്റെ പേരിലൊരു കുറ്റാരോപണം നടത്തിയാൽ അത് കോടതിയുടെ/ ജുഡീഷ്യൽ ബോഡിയുടെ മുമ്പാകെ വരുന്ന സമയത്ത് ആ പൗരന് താൻ കുറ്റകൃത്യത്തിൽ പങ്കാളിയല്ലെന്ന് പറയാനുള്ള അവകാശമുണ്ട്. അത് കേട്ടതിനുശേഷം വിവേചനാധികാരപ്രകാരം കോടതിക്ക് വിധി പുറപ്പെടുവിക്കാം. പക്ഷേ, കുറ്റാരോപിതനായ വ്യക്തിയെ കേൾക്കാതെ വിധി പുറപ്പെടുവിക്കുകയെന്നുള്ളത് നമുക്കെങ്ങനെയാണ് അംഗീകരിക്കാൻ സാധിക്കുന്നത്? നിങ്ങളിപ്പോൾ പ്രതിപക്ഷത്താണ്. ഭരണപക്ഷത്ത് നിങ്ങൾ വരുമോ ഇല്ലയോ എന്നുള്ളത് തീരുമാനിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. എപ്പോഴെങ്കിലും നിങ്ങൾ അബദ്ധത്തിൽ വന്നാൽ എന്ത് ചെയ്യും? ലെജിസ്ലേച്ചറിന്റെ അധികാരത്തിനുമേൽ, ഭരണഘടന പൗരന് നൽകുന്ന അവകാശത്തിനുമേൽ സ്റ്റാട്യൂട്ടറി സ്ഥാപനമായ ജുഡീഷ്യൽ ബോഡിക്ക് മന്ത്രി സ്ഥാനമില്ലാതാക്കാനും എം.എൽ.എ.

സ്ഥാനത്തുനിന്ന് പിരിച്ചുവിടാനുമുള്ള അധികാരം എങ്ങനെയാണ് കൊടുക്കുന്നത്? അതാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. 1999-ലെ ലോക് ആയുക്ത ആക്ടിൽ വന്നിട്ടുള്ള ഭരണഘടനാപരമായ പൗരന്റെ അവകാശം നിയന്ത്രിക്കുന്ന 14-ാം വകുപ്പ് മാത്രമാണ് ഇപ്പോൾ ഭേദഗതി ചെയ്ത് ഒന്നുകൂടി വ്യക്തതയുള്ളതാക്കി മാറ്റാൻ തീരുമാനിച്ചിരിക്കുന്നത്. പ്രതിപക്ഷത്തിലിരിക്കുന്ന വക്കീലന്മാരായ അംഗങ്ങളെല്ലാം വാദിക്കുന്നത് ഒരു പൗരന് കോടതിയിൽ സംസാരിക്കാനുള്ള അവകാശം നൽകരുതെന്നാണ്. ആ അവസ്ഥ വ്യക്തിപരമായി വരുമ്പോഴുള്ള കാര്യം ആലോചിച്ചു നോക്കൂ. ഉദാഹരണത്തിന്, ഒരു കുറ്റവും ചെയ്യാതെ ലോക് ആയുക്ത മുമ്പാകെ എനിക്കെതിരെ ഒരു പരാതി വരികയും അതുമായി ബന്ധപ്പെട്ട് കക്ഷികൾ കുറെ തെളിവുകൾ ഹാജരാക്കുകയും ചെയ്യുമ്പോൾ അതെല്ലാം ശരിയാണെന്ന് ലോക് ആയുക്തയ്ക്ക് തോന്നുകയാണ്. അതിൽ ലോക് ആയുക്തയെ കുറ്റം പറയുന്നില്ല. കാരണം അവിടെ മറുത്തൊരു വാദമില്ലല്ലോ; അങ്ങനെ കൊടുക്കുന്ന തെളിവുകൾ അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർക്കോ മുഖ്യമന്ത്രിക്കോ റിപ്പോർട്ടും സമർപ്പിക്കുന്നു. അപ്പോൾ കുറ്റം ചെയ്തിട്ടില്ലെന്ന് പറയാനുള്ള അവസരം എനിക്ക് ലഭ്യമാകണ്ടേ; കുറ്റം ചെയ്തിട്ടില്ലെന്നും ഇതിൽ എനിക്ക് പങ്കില്ലെന്നും പറയാൻ അവസരമില്ല. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ പിന്നീട് ശിക്ഷിക്കപ്പെടും. ഞാൻ കുറ്റം ചെയ്തിട്ടില്ലെന്ന് പറയാനുള്ള ഒരവസരം നിഷേധിക്കപ്പെടുന്നതുകൊണ്ടാണ് 14-ാം വകുപ്പ് ഭരണഘടനാടിസ്ഥാനത്തിൽ, ഭരണഘടനകൂടി അംഗീകരിക്കുന്ന രീതിയിൽ മാറ്റിയെടുക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. കെ. ടി. ജലീൽ: സർ, 2021 മാർച്ച് 26-നാണ് എനിക്കെതിരെ നൽകിയ ഒരു പരാതിയിൽ പ്രാഥമിക പരിശോധന നടത്തി പരാതി ഫയലിൽ സ്വീകരിച്ചത്. പ്രസ്തുത പരാതിയിന്മേൽ 2021 മാർച്ച് 30-ന് വാദം കേൾക്കുകയും വിധി പറയാനായി ഏപ്രിൽ 9-ാം തീയതിലേയ്ക്ക് മാറ്റുകയും ഏപ്രിൽ 9-ന് ഒന്നാമത്തെ കേസ്സായി വിധി പറയുകയും ചെയ്തു. ഇക്കാര്യത്തിൽ ഒരു സാധാരണ പൗരന് ലഭിക്കേണ്ട പ്രാഥമികമായ നീതി എനിക്ക് നിഷേധിക്കപ്പെട്ടു. ഇങ്ങനെയൊരു കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന വിവരം ഒരു നോട്ടീസ് മുഖേനപോലും എന്നെ അറിയിക്കുകയോ എന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരം നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും. അത് ഇന്നയാളെന്നല്ല, ഭരണ-പ്രതിപക്ഷത്തുള്ള ഏത് വ്യക്തിയുമാകട്ടെ, ആ വ്യക്തിക്ക്

അദ്ദേഹത്തിന്റെ ഭാഗം അവതരിപ്പിക്കാനുള്ള ഒരവസരം എവിടെയാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. നാച്വറൽ ജസ്റ്റിസ് ലഭിക്കേണ്ടത് ഒരു പൗരന്റെ അവകാശമാണ്. അത് നിഷേധിക്കപ്പെടുന്നുവെന്നതിനാലാണ് 14-ാം വകുപ്പിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. ലോക് ആയുക്ത വിധി അംഗീകരിക്കാനുള്ള അവകാശം കോംപീറ്റന്റ് അതോറിറ്റിക്കുണ്ട്. എന്നാൽ അത് നിരാകരിക്കുന്നതിനുള്ള അവകാശംകൂടി നൽകുന്നതാണ് ഭേദഗതി. അതോടുകൂടി എല്ലാം അവസാനിക്കുന്നില്ല. നിയമസഭ അത്തരത്തിൽ തീരുമാനമെടുത്താൽ അതോടുകൂടി ആ കുറ്റവാളിയായ പൗരനുമേൽ വെള്ളപൂശപ്പെടുന്നു; വേറെ ശിക്ഷ കിട്ടില്ലെന്നല്ല. ഇവിടെ നിയമ വ്യവസ്ഥയുണ്ട്. 2013-ൽ നിങ്ങൾ പാസ്സാക്കിയ ലോക് ആയുക്ത നിയമമുണ്ട്, അത് നിങ്ങൾ മറക്കുകയാണ്. ലോക്പാൽ നിയമം നിങ്ങൾ പാസ്സാക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഞാൻ ഒരുപാട് വിശദീകരിക്കേണ്ട കാര്യമില്ല. അന്നത്തെ കാലഘട്ടം ഒരുപാട് കേസുകളുടെയും അഴിമതിയുടെയുമൊരു കുത്തൊഴുക്കായിരുന്നു. 2G സ്പെക്ട്രം, കോമൺ വെൽത്ത് ഗെയിംസ്, കൽക്കരി കുംഭകോണം, ടെട്രാ ടെക്ക് തുടങ്ങിയ അഴിമതി കേസ്സുകളുടെ മാലപ്പടക്കമായിരുന്നു അന്നുണ്ടായിരുന്നത്. അതിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടിയാണ് തൽക്കാലമൊരു ലോക്പാൽ നിയമം കൊണ്ടുവന്നതെന്ന് കരുതാം. പക്ഷേ ആ നിയമത്തിന്റെ 24-ാം വകുപ്പിൽ "Action on investigation against public servant being Prime Minister, Ministers or Members of Parliament" പറയുന്നത്, ".......the Lokpal may file a case in the Special Court and shall send a copy of the report together with its findings to the competent authority" എന്നാണ്. ഇതിൽ റിപ്പോർട്ട് ചെയ്യാൻ മാത്രമേ പറഞ്ഞിട്ടുള്ളൂ. ലോക്പാൽ എടുക്കുന്ന തീരുമാനം നിയമസഭയോ മുഖ്യമന്ത്രിയോ കോംപീറ്റന്റ് അതോറിറ്റിയോ അംഗീകരിക്കണമെന്നില്ല. അദ്ദേഹത്തിന്റെ കണ്ടെത്തൽ ഒരു റിപ്പോർട്ടായി അയയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. നിങ്ങൾ പാസ്സാക്കിയ നിയമത്തെ നിങ്ങൾക്ക് വിശ്വാസമില്ലെങ്കിൽ എന്താണ് ചെയ്യാൻ കഴിയുന്നത്? നിയമം പാസ്സാക്കിയപ്പോൾ ലോക് ആയുക്തയുടെ തീരുമാനം 'അംഗീകരിക്കണമെന്ന്' മാത്രമാണ് അതിലുണ്ടായിരുന്നത്. അത് 'അംഗീകരിക്കാതിരിക്കുകയോ' ചെയ്യാമെന്ന വാക്ക് ചേർക്കാൻ വിട്ടുപോയി എന്നത് ചെറിയ ഒമിഷനല്ല. അത് നിയമസഭയുടെ അധികാരം അല്ലെങ്കിൽ ഭരണഘടനാദത്തമായ അവകാശം കവരുന്ന ഒരു ഒമിഷനായിപ്പോയി എന്ന് തോന്നിയതുകൊണ്ടാണ് അത് മാറ്റിയിട്ട് സ്വീകരിക്കാതിരിക്കാനുള്ള അധികാരവും കോംപീറ്റന്റ് അതോറിറ്റിക്കുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് അഡ്വക്കേറ്റ് ജനറലടക്കമുള്ള നിയമ വിദഗ്ദ്ധർ ഉപദേശിച്ചിരിക്കുന്നത്. രാജസ്ഥാനിൽ കോൺഗ്രസ് ഗവൺമെന്റായിരുന്നില്ലേ? രാജസ്ഥാനിലെ ലോക്പാൽ നിയമം എന്താണ്? ലോക്പാൽ നിയമം എല്ലാ സംസ്ഥാനങ്ങളും അംഗീകരിക്കണമെന്ന് പറഞ്ഞാണ് ആദ്യം വന്നത്. എന്നിട്ട് അതിന്റെ ഒരു മാതൃക തയ്യാറാക്കി അതെല്ലാവരും പാസ്സാക്കണമെന്നും പറഞ്ഞു. അപ്പോഴാണ് ഓരോ

സംസ്ഥാന സർക്കാരിനുമുള്ള വ്യക്തിത്വം അല്ലെങ്കിൽ സംസ്ഥാന സർക്കാരിനുള്ള അധികാരം ഹനിക്കുന്നത് ശരിയല്ലെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് വേണമെങ്കിൽ അതുപോലെ അഡോപ്റ്റ് ചെയ്യാം അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ സാധ്യതയും താല്പര്യത്തിനുമനുസരിച്ചുള്ള ലോക് ആയുക്ത നിയമമുണ്ടാക്കാമെന്ന് പറഞ്ഞത്. അതനുസരിച്ചാണ് നിയമമുണ്ടാക്കിയത്. രാജസ്ഥാനിലെ ലോക് ആയുക്ത നിയമത്തിലും വളരെ വ്യക്തമായി പറയുന്നത്, ഇത് റിപ്പോർട്ട് ചെയ്യാമെന്നുള്ളതുതന്നെയാണ്. ആ നിയമത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അതുപോലെ ഗുജറാത്ത് നിയമത്തിലെ സെക്ഷൻ 15-ൽ പറയുന്നത്, "......it shall by a report in writing, communicate its findings along with the relevant documents, materials and other evidence, to the competent authority." എന്നാണ്. പഞ്ചാബിലെയും തമിഴ്നാട്ടിലെയും നിയമം എന്റെ കയ്യിലുണ്ട്. അതിലും പറയുന്നത് ഇതുതന്നെയാണ്. എല്ലാ സംസ്ഥാനങ്ങളിലെയും നിയമം ഏകദേശം ഒരുപോലെയായതുകൊണ്ട് വായിക്കുന്നില്ല. അതുകൊണ്ട് ഇത് പകൽ പോലെ വ്യക്തമായ കാര്യമാണ്. നമ്മൾ അന്ന് വരുത്തിയ ചെറിയ പിശക് തിരുത്താൻവേണ്ടിയാണ് ഇപ്പോൾ ഭേദഗതി ചെയ്യുന്നത്. ഗവർണറും സ്പീക്കറും പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റായിട്ടാണ് വരുന്നത്. എന്നാൽ ഗവർണറും സ്പീക്കറുമൊക്കെ ആയിക്കഴിഞ്ഞാൽ അവർ പിന്നെ നിഷ്പക്ഷരാണ്. നിഷ്പക്ഷനാണെങ്കിലും ഗവർണറുടെ പ്രീതി ആരോടായിരിക്കണം? ഗവർണറുടെ പ്രീതി മുഖ്യമന്ത്രിയോടും മന്ത്രിസഭയോടുമായിരിക്കണം. അത് വ്യക്തമായി ഭരണഘടന നിർദ്ദേശിക്കുന്നുണ്ട്. ഗവർണറുടെ പ്രീതിക്കനുസരിച്ച് മാത്രമെ മുഖ്യമന്ത്രിക്ക് തുടരാൻ സാധിക്കുകയുള്ളൂ. പക്ഷേ ഗവർണർ അപ്രീതി കാണിച്ചിട്ട് ലെജിസ്ലേച്ചറിന്റെ അനുവാദമില്ലാതെ അല്ലെങ്കിൽ ലെജിസ്ലേച്ചറിൽ കാര്യങ്ങൾ കൊണ്ടുവരാതെ ഒരു മുഖ്യമന്ത്രിയെ പിരിച്ചുവിടാൻ മുതിർന്നാൽ അത് ഇന്ത്യൻ ജനാധിപത്യത്തിന് അപകടകരമായി മാറും. ജുഡീഷ്യറിപോലും ഇന്ത്യൻ ജനാധിപത്യത്തെ അപകടപ്പെടുത്തുന്ന രീതിയിൽ വിധി പുറപ്പെടുവിക്കാറില്ല. നമ്മൾ ജുഡീഷ്യൽ ആക്റ്റിവിസത്തെക്കുറിച്ച് പറയാറില്ലേ; ജുഡീഷ്യൽ ആക്റ്റിവിസം പോസിറ്റീവായും നെഗറ്റീവായും വരാറുണ്ട്. ഭരണഘടനാദത്തമായ പൗരന്റെ അവകാശങ്ങൾ ഹനിക്കപ്പെടാതെ തീരുമാനമെടുക്കുന്ന സമയത്താണ് ജുഡീഷ്യൽ ആക്റ്റിവിസം പോസിറ്റീവാകുന്നത്. അതല്ലാത്ത കാര്യങ്ങളുണ്ടാകുമ്പോഴാണ് നെഗറ്റീവാകുന്നത്. പ്രസിദ്ധമായ എസ്.ആർ. ബൊമ്മെ കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി എന്താണ് വിധിച്ചത്? ഭരണഘടനയുടെ ആർട്ടിക്കിൾ 356-ന്റെ സാധ്യത ഉപയോഗപ്പെടുത്തി ഒരു സംസ്ഥാന ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ട് പ്രസിഡൻഷ്യൽ ഭരണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചപ്പോഴാണ് സുപ്രീം കോടതി ആ കേസിൽ സുപ്രധാനമായ ഒരു വിധി പുറപ്പെടുവിച്ചത്. അതിൽ പറയുന്നത്, "......the power of President to dismiss a State Government is not absolute", എന്നാണ്. അതുമാത്രമല്ല, "President should exercise the power only

after his proclamation is approved by both the Houses of Parliament", എന്നും പറയുന്നുണ്ട്. പാർലമെന്റിനും ജനാധിപത്യസഭയ്ക്കും ലെജിസ്ലേച്ചറിനുമൊക്കെ ഇന്ത്യയുടെ പരമോന്നത കോടതി നൽകുന്ന ഏറ്റവും വലിയ പ്രാധാന്യത്തെയാണ് എസ്.ആർ. ബൊമ്മെ കേസിന്റെ വിധിയിലൂടെ കണ്ടത്. ഗവൺമെന്റ് രൂപീകരിച്ച സ്ഥാപനം ഒരു തീരുമാനമെടുത്താൽ അത് നിഷേധിക്കാതെ അംഗീകരിക്കണമെന്നാണ് ഇവിടെ നമ്മുടെ സാമാജികർ വാദിക്കുന്നത്. നിരാകരിക്കാനുള്ള സ്വാതന്ത്ര്യംകൂടി ചേർക്കുമ്പോൾ മാത്രമെ ജനാധിപത്യം പൂർണ്ണമാകുകയുള്ളൂ. അത്രമാത്രമെ ഇവിടെ ചെയ്യുന്നുള്ളൂ. ഗവർണർ എങ്ങനെയാണ് ഒരു ഗവൺമെന്റിനെ കാണുന്നത്? 'എന്റെ ഗവൺമെന്റ്' എന്ന് സംബോധന ചെയ്തുകൊണ്ടാണ് ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തുന്നത്. ഇത് ഗവർണറുടെ ഗവൺമെന്റാണ്. അതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹത്വവും. ഗവർണർ എന്ന പദവിയെക്കുറിച്ചുള്ള ഒരുപാട് അഭിപ്രായങ്ങളും നിയമപരമായുള്ള വിലയിരുത്തലുകളുമൊക്കെ വരുന്ന സമയമാണിത്. പക്ഷേ ഗവർണർ ഒരു നിയമസഭയിൽ വന്ന് നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ 'എന്റെ ഗവൺമെന്റാണ്' എന്നാണ് പറയുന്നത്. അപ്പോൾ ലോക് ആയുക്ത ഒരു നിർദ്ദേശം നൽകുമ്പോൾ, മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം നിയമിതരായ മന്ത്രിമാർ കുറ്റം ചെയ്തിട്ടുണ്ടെന്ന് ഉറപ്പിച്ചുപറയാൻ തീരുമാനിക്കുന്നതിനുമുമ്പ് മുഖ്യമന്ത്രിയുടെ ഉപദേശം തേടണ്ടേ? മുഖ്യമന്ത്രിയുടെ ഉപദേശത്തോടുകൂടി മാത്രമെ അത് ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങനെ ലെജിസ്ലേച്ചറിന്റെ പങ്ക് തീരെ അവഗണിക്കുന്നരീതിയിൽ ഒരു നിയമം പാസ്സാക്കാൻ നമുക്ക് സാധിക്കാത്തതിനാലാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് പറയുമ്പോൾ എല്ലാം പറയണമല്ലോ; നിങ്ങൾ ഇതിനെയെല്ലാം മാനിക്കുന്നവരാണോ? ഇവിടെ രാഷ്ട്രീയം പറയണമെന്ന് ഞാൻ ഉദ്ദേശിച്ചതല്ല. പക്ഷേ 1975-ൽ ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അലഹബാദ് ഹൈക്കോടതി റദ്ദാക്കിയപ്പോൾ നിങ്ങൾ ഭരണഘടന ഭേദഗതി ചെയ്യാൻ ശ്രമിച്ചു. 39-ാം ഭരണഘടന ഭേദഗതിയുടെ ഭാഗമായി പ്രധാനമന്ത്രിയെയും പ്രസിഡന്റിനെയും ഒന്ന് തൊടാൻപോലുമുള്ള അധികാരം ജുഡീഷ്യറിക്കില്ലെന്നു പറഞ്ഞുകൊണ്ടാണ് ഭേദഗതി ചെയ്യാൻ ശ്രമിച്ചത്. പക്ഷേ പിന്നീടത് സുപ്രീം കോടതി റദ്ദാക്കുകയാണുണ്ടായത്. അപ്പോൾ ലെജിസ്ലേച്ചറോ എക്സിക്യൂട്ടീവോ ജുഡീഷ്യറിയോ അമിതാധികാരം പ്രയോഗിക്കരുതെന്നുതന്നെയാണ് ഇതിന്റെ ഭാഗമായി കാണുന്നത്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. നമ്മുടെ നിയമപരമായ അല്ലെങ്കിൽ ഭരണഘടനാപരമായ അവകാശങ്ങൾ നേടുന്നതിനു വേണ്ടിയാണ് 14-ാം വകുപ്പ് ഭേദഗതി ചെയ്യുന്നത്. ആർട്ടിക്കിൾ 16, 19, 21 എന്നിവയിലെല്ലാം പൗരന് അനുഭവിക്കാനുള്ള അവകാശങ്ങളാണ് പ്രതിപാദിക്കുന്നത്. ഒരു സാധാരണ പൗരന്റെ എല്ലാ അവകാശങ്ങളും മന്ത്രിമാർക്കും എം.എൽ.എ.-മാർക്കുമുണ്ട്. ആ അവകാശം ഒരു പൗരന് അനുഭവിക്കാൻ സാധിക്കാത്തവിധം മുമ്പ് വന്നുപോയ പിശക് തിരുത്താൻ ഭേദഗതി കൊണ്ടുവരുമ്പോൾ ഐകകണ്ഠ്യേന അത്

പാസ്സാക്കേണ്ടതിനുപകരം പ്രതിപക്ഷ നേതാവടക്കമുള്ള പ്രതിപക്ഷ എം.എൽ.എ.-മാർ അതിനെതിരെ വാദിക്കുകയാണ്. അത് വളരെ മോശമായിപ്പോയി, നിയമത്തെക്കുറിച്ചും ഭരണഘടനയെക്കുറിച്ചും നല്ല ധാരണയോടുകൂടി ഇടപെടണം. ജനാധിപത്യം ഇതിലെല്ലാം അധിഷ്ഠിതമായിട്ടുള്ളതാണ്. ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയുടെയെല്ലാം സമന്വയത്തിലൂടെയും പരസ്പര ബഹുമാനത്തിലൂടെയും മാത്രമെ ജനാധിപത്യം പുലരുകയുള്ളൂ എന്നതിനാൽ ഭരണഘടനയ്ക്കനുസൃതമായി 14-ാം വകുപ്പിൽ ഭേദഗതിവരുത്തി ലോക് ആയുക്തയുടെ റെക്കമെന്റേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം കോംപീറ്റന്റ് അതോറിറ്റിക്ക് നൽകണം എന്നുമാത്രമാണ് പറയുന്നത്. അല്ലാതെ ലോക് ആയുക്തയുടെ ഇൻവെസ്റ്റിഗേഷനെയോ എൻക്വയറിയെയോ ഒന്നും നിയമസഭ തള്ളിക്കളയുന്നില്ല. അതിനുപകരം കോംപീറ്റന്റ് അതോറിറ്റിക്ക് അത് സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അധികാരമുണ്ടെന്നുള്ളത് ഭരണ ഘടനാപരമായി ചൂണ്ടിക്കാണിക്കുന്ന ഒരു ഭേദഗതിയാണ് കൊണ്ടുവന്നതെന്നതിനാൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീമതി ഉമ തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള ലോക് ആയുക്ത നിയമത്തിൽ കൊണ്ടുവന്ന ഭേദഗതി സംബന്ധിച്ച് വിചിത്രമായ വാദങ്ങളാണ് ക്രമപ്രശ്നത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സൂചിപ്പിച്ചത്. നമ്മൾ നിയമപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതും ഏതെങ്കിലുമൊരു കാര്യം ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നതും ആരെയെങ്കിലും മോശപ്പെടുത്താനോ കുറ്റപ്പെടുത്താനോ ഇകഴ്ത്തിക്കാണിക്കാനോ അല്ല. നമുക്കറിയാവുന്ന പരിമിതമായ കാര്യങ്ങൾ ഒരുപക്ഷെ ശരിയായിരിക്കാം തെറ്റായിരിക്കാം. It can be academically discussed; there is nothing wrong. If you have something else to say, we will also hear. അങ്ങനെ ക്ഷമയോടെ കേൾക്കാനുള്ള മനസ്സില്ലാതെ ഒരു നിയമനിർമ്മാണത്തിൽ ഡിസ്കഷനും ഡിബേറ്റും നടത്തുന്നതിന്റെ അർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. ഈ സഭയിലുള്ള എല്ലാവരും മനസ്സുകൊണ്ട് അംഗീകരിക്കുന്ന ഒരു കാര്യമാണ് ഞാൻ ആദ്യമേ പറയാൻ ആഗ്രഹിക്കുന്നത്. അതായത് ജനാധിപത്യം ശക്തിപ്പെടുന്നത് ഭരണ സംവിധാനത്തിൽ അല്ലെങ്കിൽ ലെജിസ്ലേച്ചറിൽ ജനങ്ങൾക്കുള്ള വിശ്വാസം വർദ്ധിക്കുമ്പോഴാണ്. എന്നാൽ ജനങ്ങൾക്ക് ലെജിസ്ലേച്ചറിനോടുള്ള വിശ്വാസം വലിയ തോതിൽ ചോർന്നുപോയിട്ട് ദശാബ്ദങ്ങളായി. നമ്മൾ ഓരോരുത്തരും ചെയ്യുന്ന കാര്യങ്ങൾ പലപ്പോഴും സ്വന്തം താല്പര്യങ്ങൾക്കോ അല്ലെങ്കിൽ സ്വജനപക്ഷപാതത്തിനോ വേണ്ടിയാണെന്ന് വരുമ്പോൾ ആളുകൾക്ക് ഈ സംവിധാനത്തിലുള്ള വിശ്വാസം കുറഞ്ഞുവരും. അതുകൊണ്ടാണ് പുതിയൊരു

തലമുറ അരാഷ്ട്രീയവൽക്കരിക്കപ്പെട്ട് പോയ്ക്കൊണ്ടിരിക്കുന്നത്. അവരുടെ ജനാധിപത്യ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്ന നിയമനിർമ്മാണമാണ് നടത്തേണ്ടത്. ജനാധിപത്യത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെ കുറയ്ക്കുന്ന അല്ലെങ്കിൽ ദുർബലപ്പെടുത്തുന്ന ഒരു ലെജിസ്ലേറ്റീവ് പ്രോസസ്സാണ് ഇന്നിവിടെ നടക്കുന്നതെന്നാണ് ഞാൻ പ്രാഥമികമായി പറയാൻ ആഗ്രഹിക്കുന്നത്. ഇന്നത്തെ ലോക് ആയുക്ത നിയമത്തെ ദുർബലപ്പെടുത്തുന്നതിനുവേണ്ടി അല്ലെങ്കിൽ കഴിഞ്ഞകാലമത്രയും നിലനിന്നിരുന്ന ഒരു സംവിധാനത്തെ ദുർബലപ്പെടുത്തുന്നതിനുവേണ്ടി മാത്രം കൊണ്ടുവന്നിട്ടുള്ള ഒരു അമെന്റ്മെന്റാണ് ഇതെന്ന കാര്യത്തിൽ സംശയമില്ല. എന്നിട്ട് അതിനെ നീതീകരിക്കാൻവേണ്ടി നിങ്ങൾ ഭരണഘടനയെ കൂട്ടുപിടിക്കുകയാണ്. The Law Minister was saying that this law was not Constitutional and it was unconstitutional. 1999 മുതൽ 35000-ത്തിലധികം കേസ്സുകൾ പരിഗണിച്ച ഒരു പ്രോസസ്സാണിത്. Now in 2022 you are saying that it is unconstitutional; how can you say that? ഇത് അൺകോൺസ്റ്റിറ്റ്യൂഷണലായിരുന്നെങ്കിൽ, if you were sincere and if you had the guts to say this, then you would have saved your friend. ഡോ. കെ. ടി. ജലീലിനെ രക്ഷിക്കാമായിരുന്നില്ലേ? ഡോ. കെ. ടി. ജലീലിന്റെ കേസ് വന്നപ്പോൾ നിങ്ങൾക്ക് വാദിക്കാമായിരുന്നില്ലേ; ലോക് ആയുക്ത ആക്ട് അൺ കോൺസ്റ്റിറ്റ്യൂഷണലാണെന്ന് പറയാമായിരുന്നില്ലേ? Then the Hon'ble High Court would have struck down and, thereby, he would have been saved. But you were not there to advise him. Why didn't you advise him? എന്തുകൊണ്ട് അദ്ദേഹത്തെ രക്ഷിക്കാൻ സാധിച്ചില്ല? ലോക് ആയുക്ത ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് നിങ്ങൾക്ക് കോടതിയിൽ വാദിക്കാൻ സാധിച്ചോ? Now you are saying that it is unconstitutional. ഇന്ന് നിങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ലോക് ആയുക്തയുടെ പല്ലും നഖവും പറിച്ചെടുക്കുന്നതിന് ഭരണഘടനയെ കൂട്ടുപിടിക്കരുത്. There is nothing wrong with the Constitution. ഇത് നിങ്ങളുടെ പ്രശ്നമാണ്. 14-ാം വകുപ്പിൽ നിയമവിരുദ്ധമായ എന്ത് കാര്യങ്ങളാണുള്ളത്? ഇവിടത്തെ മന്ത്രിമാരുടെയോ എം.എൽ.എ.-മാരുടെയോ സ്ഥാനം ഒരു എക്സിക്യൂട്ടീവ് പവർ വഴി ജുഡീഷ്യൽ പ്രോസസ്സിലൂടെ അൺസെറ്റിൽ ചെയ്യാൻ സാധിക്കില്ലെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്? If you have contested an election in a wrong footing അല്ലെങ്കിൽ Representation of the People Act പ്രകാരം ഒരു കേസ് വന്നാൽ; if that has been unsettled, then you are out of the seat. How can you save it? അന്നേരം നിങ്ങൾക്ക് അപ്പീൽ അതോറിറ്റിയുണ്ടോ? ഈ നിയമം നിലനിൽക്കില്ലെന്നോ ഇതുപ്രകാരം ഒരാളെ അയോഗ്യനാക്കാൻ സാധിക്കില്ലെന്നോ പറയാൻ കഴിയില്ല. ഇതും കോടതിയുടെ പ്രോസസ്സ് പോലെതന്നെയാണ്. നിങ്ങൾ പറയുന്നത് ലോക് ആയുക്ത ജനറേറ്റ് ചെയ്യുന്ന ഒരു റിപ്പോർട്ട് പരിശോധിക്കാൻ അപ്പീൽ അതോറിറ്റിയില്ലെന്നാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുണ്ട്. Presumption of constitutionality is there. What is a presumption? A law passed by a Legislature is constitutional. That is a presumption. Unless and until a court declares otherwise. അത് വളരെ വ്യക്തമായ കാര്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി എൽഫിൻസ്റ്റൺ കേസിലെ സുപ്രധാനമായ ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുന്നത്, Nobody can say, except the concerned court, that a law passed by Legislature is unconstitutional എന്നാണ്. പക്ഷേ ഈ നിയമം അൺ കോൺസ്റ്റിറ്റ്യൂഷണലാണെന്ന് മന്ത്രിതന്നെ പറയുന്നു. 22 വർഷംമുമ്പ് സഭ പാസ്സാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറയാൻ നിയമ വകുപ്പുമന്ത്രിക്ക് എന്ത് അധികാരമാണുള്ളത്?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാനും അതാണ് പറയാനുദ്ദേശിച്ചത്. ഈ നിയമത്തെ ഡയല്യൂട്ട് ചെയ്യണമെന്നുള്ളതാണ് ആവശ്യമെന്നും അതാണ് ആഗ്രഹിക്കുന്നതെന്നും നിങ്ങൾക്ക് പറയാം. അതിന് ഭരണഘടനയെ കൂട്ടുപിടിക്കാൻ പോകരുത്. ഭരണഘടനാനുസൃതമാക്കാൻ വേണ്ടിയാണ് ഭേദഗതി കൊണ്ടുവരുന്നതെന്ന് പറയുന്നത് ജനങ്ങളെ പല്ലിളിച്ച് കാണിക്കുന്നതിന് തുല്യമാണ്. Don't do that. People are not fools. ലോക് ആയുക്തയുടെ റിപ്പോർട്ടിന്മേൽ അപ്പീൽ പ്രൊവിഷനില്ലാത്തതിനാലാണ് ഭേദഗതി കൊണ്ടുവരുന്നതെന്ന് പറഞ്ഞു. ആരാണ് ഈ റിപ്പോർട്ട് പരിശോധിക്കാൻ പോകുന്നത്? റിട്ടയേർഡ് സുപ്രീംകോടതി ജഡ്ജിയോ ഹൈക്കോടതി ചീഫ് ജസ്റ്റിസോ? ജുഡീഷ്യൽ പ്രോസസ്സിലൂടെ തയ്യാറാക്കിയ റിപ്പോർട്ടോ ഫൈൻഡിംഗ്സോ പരിശോധിക്കുന്നതിനാണ് മുഖ്യമന്ത്രിയെയോ മന്ത്രിയെയോ അതിന്റെ അപ്പലേറ്റ് അതോറിറ്റിയായി നിയമിക്കുന്നത്. ആ പ്രോസസ്സിനെക്കുറിച്ച് എന്ത് ജുഡീഷ്യൽ നോളജാണ് അവർക്കുള്ളത്; അവർക്ക് എന്ത് കോംപീറ്റൻസിയാണുള്ളത്; Don't think that everything is under your control. അങ്ങനെയുള്ള ചിന്ത ശരിയല്ല. കേരള ലോക് ആയുക്ത ആക്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി കൊണ്ടുവന്നതാണ്. 1983-ൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ആദ്യത്തെ അഴിമതി വിരുദ്ധ നിയമം സംസ്ഥാനത്തുണ്ടായിരുന്നു. അത് പോരെന്ന് പറഞ്ഞാണ് " The Kerala Public Men's Corruption (Investigations and Inquiries) Act, 1987" എന്ന നിയമം കൊണ്ടുവന്നത്. ആ നിയമത്തിന് പരിധിയും വലിപ്പവും വ്യാപ്തിയും ഇല്ലെന്നുപറഞ്ഞാണ് 1999-ലെ നിയമം കൊണ്ടുവന്നത്. അത് കൊണ്ടുവന്ന് വർഷങ്ങൾ കഴിഞ്ഞാണ് ഇത് ഭരണഘടനാവിരുദ്ധമായതുകൊണ്ട് മാറ്റുന്നുവെന്ന് നിങ്ങൾ പറയുന്നത്. അതിന്റെ പേരിൽ ഒരു മന്ത്രിയുടെ സ്ഥാനം നഷ്ടപ്പെട്ടപ്പോഴും നിങ്ങൾക്കത് ഭരണഘടനാ വിരുദ്ധമാണെന്ന് തോന്നിയില്ല, ഇപ്പോഴാണ് തോന്നുന്നത്. കേരള ലോക് ആയുക്ത

നിയമത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞതെന്താണ്? ജനങ്ങൾ വളരെ ആവേശത്തോടുകൂടി സ്വീകരിച്ച, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ "അഴിമതിക്കെതിരായ രാഷ്ട്രീയ ഇച്ഛാശക്തി" എന്നൊരു ലേഖനമുണ്ടായിരുന്നു. ഭരണഘടനാ വിരുദ്ധമെന്ന് അങ്ങ് പറയുന്ന ഈ നിയമത്തെക്കുറിച്ച് അങ്ങയുടെ മുഖ്യമന്ത്രി പറഞ്ഞ വാചകമുണ്ട്. ആ ലേഖനത്തിലെ രണ്ടുമൂന്ന് വാചകങ്ങൾ ഞാൻ വായിക്കാം. "ഓംബുഡ്സ്മാനെക്കുറിച്ച് സാധാരണ പറയാറുള്ള ഒരു വിശേഷണം 'കുരയ്ക്കാൻ മാത്രം കഴിയുന്ന എന്നാൽ കടിക്കാൻ കഴിയാത്ത ഒരു കാവൽ നായ' എന്നതാണ്. എന്നാൽ ഓംബുഡ്സ്മാന്റെ കേരള പതിപ്പായ ലോക് ആയുക്തയ്ക്ക് നിയമപരമായി വിപുലമായ അധികാരങ്ങൾ നൽകിയിരിക്കുന്നു. ആവശ്യമെന്നുകണ്ടാൽ കടിക്കാനും കഴിയുന്ന ഒരു സംവിധാനമാണ് നമ്മുടെ ലോക് ആയുക്ത. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അഴിമതി/ദുർഭരണ വിരുദ്ധ നിശ്ചയദാർഢ്യത്തിന്റെകൂടി പ്രതീകമാണ് 1999-ൽ നിയമത്തിലൂടെ വന്ന ലോക് ആയുക്ത. വളരെ ലളിതമായ നടപടിക്രമങ്ങളുമായി ജനങ്ങൾക്ക് സമീപിക്കാവുന്ന സംവിധാനമാണ് ആ നിയമത്തിലൂടെ ഏർപ്പെടുത്തിയത്. 1999-ൽ, അതായത് ആദ്യവർഷം 159 കേസുകൾ ഫയൽ ചെയ്യപ്പെട്ടിടത്ത് 2019-ൽ 3953 കേസുകൾ ഫയൽ ചെയ്യപ്പെട്ടു; മൊത്തം ഫയൽ ചെയ്യപ്പെട്ട 35456 കേസുകളിൽ 34662 കേസുകൾ തീർപ്പാക്കി എന്നതിൽനിന്നും ഇതിന്റെ സ്വീകാര്യതയും ഫലപ്രാപ്തിയും വെളിവാകുന്നുണ്ട്. ഈ സംവിധാനത്തെ നിലനിർത്താനും ശക്തിപ്പെടുത്താനും ജനങ്ങളുടെ ഭാഗത്തുനിന്നും ജാഗ്രത യുണ്ടാകുന്നതോടൊപ്പം ലോകായുക്തയിലൂടെയുള്ള നീതിതേടലിന്റെ സാധ്യതകളെ ക്കുറിച്ചുള്ള വ്യക്തമായ അവബോധവും അവർക്കുണ്ടാകണം. ഇതെല്ലാം അഴിമതിക്കും ദുർഭരണത്തിനുമെതിരായ സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ ദൃഷ്ടാന്തങ്ങളാണ് എന്നാണ് പറയുന്നത്. ഈ ദൃഷ്ടാന്തങ്ങൾക്ക് ഇപ്പോൾ എന്ത് സംഭവിച്ചുവെന്ന ചോദ്യമാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. എന്തുകൊണ്ടാണ് ഇപ്പോൾ പുതിയൊരു ഭയം തോന്നിയത്? മുഖ്യമന്ത്രിയുടെ ഭാഷ കടമെടുത്ത് പറഞ്ഞാൽ, മടിയിൽ കനമുള്ളതുകൊണ്ടാണ് ഈ ഭയം വരുന്നത്. ലോക് ആയുക്തയുടെ മുമ്പിൽ നിരവധി കേസുകൾ നിലനിൽക്കുന്നുണ്ട്. മന്ത്രിമാർക്കെതിരെയും മുഖ്യമന്ത്രിക്കെതിരെയും കേസ് നിലനിൽക്കുന്നതിനാലാണ് ധൃതിപിടിച്ച് ഓർഡിനൻസ് കൊണ്ടുവന്നത്. ഇവർക്കെതിരെ ഇനിയൊരു റിപ്പോർട്ട് വന്നാൽ, അദ്ദേഹം ഉറങ്ങാൻ കിടക്കുമ്പോൾ ദുഃസ്വപ്നം കാണുന്നത് ശ്രീ. യെദ്യൂരപ്പയുടെ അവസ്ഥയാണ്. അന്ന് കർണ്ണാടകയിലെ ലോക് ആയുക്ത ശ്രീ. എൻ. സന്തോഷ് ഹെഗ്ഡെ പാസ്സാക്കിയ ഒരു റിപ്പോർട്ടിന്റെ പേരിൽ രാജിവച്ച് പോകേണ്ടിവന്ന യെദ്യൂരപ്പയെ ദുഃസ്വപ്നം കാണുന്നതുകൊണ്ടാണ് മുഖ്യമന്ത്രി ഈ നിയമ ഭേദഗതി കൊണ്ടുവരാൻ തയ്യാറായത്. അതുകൊണ്ട് ഭരണഘടനാനുസൃതമാക്കാൻവേണ്ടിയാണ് ഭേദഗതി

കൊണ്ടുവന്നതെന്ന് ദയവുചെയ്ത് പറയരുത്. അഴിമതി ക്യാൻസർ പോലെ പടർന്നുപിടിക്കുന്ന സമയത്ത് അഴിമതിക്കെതിരായ ഓരോ പോരാട്ടവും ജനങ്ങൾ ഏറ്റെടുക്കുന്ന അല്ലെങ്കിൽ ജനങ്ങൾ പ്രത്യാശയോടും പ്രതീക്ഷയോടുംകൂടി നോക്കുന്ന സമയത്ത് ലോക് ആയുക്തയുടെ റിപ്പോർട്ട് പരിശോധിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവിനെ കൊണ്ടുവരികയാണ്. അങ്ങയുടെ ഏറ്റവും വലിയ മറ്റൊരു വാദം ലോക് ആയുക്തയുടെ ജൂഡീഷ്യൽ പ്രോസസ്സിനെ സംബന്ധിച്ചുള്ളതാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് അതുസംബന്ധിച്ച് വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരള ലോക് ആയുക്ത ആക്ട്, 1999-ന്റെ 19-ാം വകുപ്പുകൂടി അങ്ങ് വായിക്കണം. അതിൽ പറയുന്നത്, " Power to punish for contempt:- The Lok Ayukta and the Upa-Lok Ayuktas shall have and exercise the same jurisdiction, power and authority in respect of contempt of itself, as the High Court has and may exercise and for this purpose the provisions of the Contempt of Courts Act, 1971 (Central Act 70 of 1971), shall have effect subject to the modification that the reference therein made to the High Court shall be construed to be reference therein made to the Lok Ayukta and the Upa-Lok Ayuktas, as the case may be" എന്നാണ്. ഇതിനകത്ത് ജൂഡീഷ്യൽ പ്രോസസ് എന്നൊരു ഭാഗം ചൂണ്ടിക്കാണിക്കാമോ എന്ന് ചോദിച്ചുകൊണ്ടാണ് അങ്ങ് വെല്ലുവിളിച്ചത്. ഇതൊരു ജൂഡീഷ്യൽ പ്രോസസ് അല്ലെന്നും ഇതിന് ഒരു കോടതിയുടെ കോംപീറ്റൻസി ഇല്ലെന്നും പറഞ്ഞല്ലോ? ഹൈക്കോടതിയുടെ contempt proceedings അതുപോലെ ഇൻവോക്ക് ചെയ്യാനുള്ള അധികാരം കൊടുത്തിട്ടുള്ള ഒരു നിയമം ചൂണ്ടിക്കാണിക്കാൻ നിയമ വകുപ്പുമന്ത്രിക്ക് കഴിയുമോ? എന്നിട്ടാണ് ഈ ഒരു പ്രോസസ് ജൂഡീഷ്യൽ അല്ലെന്ന് പറയുന്നത്. അതിനകത്ത് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന എവിഡൻസിന്റെയൊക്കെ അടിസ്ഥാനത്തിൽ ലോക് ആയുക്ത തയ്യാറാക്കുന്ന റിപ്പോർട്ട് പരിശോധിക്കുന്നതിനുള്ള അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവിനെ കൊണ്ടുവരാൻ നിങ്ങൾ തീരുമാനിക്കുന്നുവെന്ന് പറഞ്ഞു. ജനങ്ങൾ ഇത് കാണുകയാണ്. ഒരു മന്ത്രിയെ ലോക് ആയുക്ത ശിക്ഷിച്ചാൽ അദ്ദേഹത്തിന് ശിക്ഷ കൊടുക്കണോ വേണ്ടയോ എന്ന് മുഖ്യമന്ത്രി തീരുമാനിക്കുന്ന അവസ്ഥയായിരുന്നെങ്കിൽ ഡോ. കെ. ടി. ജലീലിന് ഈ ഗതി വരില്ലായിരുന്നു. മറ്റൊരു മന്ത്രിക്ക് ഈ ഗതി വരുമെന്നായപ്പോഴാണ് നിങ്ങൾ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്.

എനിക്ക് സി.പി.ഐ.-ക്കാരെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. ഇ. ചന്ദ്രശേഖരൻ നായർ ഈ നിയമം കൊണ്ടുവന്നപ്പോൾ വളരെ ദീർഘമായ

പ്രസംഗം നടത്തിയിട്ടുണ്ട്. കുറഞ്ഞപക്ഷം നിങ്ങൾ ആ പ്രസംഗം വായിക്കണം. അതിനെ എതിർത്തുകൊണ്ട് ടി. എം. ജേക്കബും കെ. എം. മാണിയുമടക്കം ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഇ. ചന്ദ്രശേഖരൻ നായർ എന്ന നേതാവിന്റെ അന്നത്തെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. കേരളത്തിൽ ലോക് ആയുക്ത നിയമം പാസ്സാക്കുന്നതിനുമുമ്പ് കർണ്ണാടകയിലാണ് അത് ആദ്യം വന്നത്. കർണ്ണാടകത്തിനോട് കിടപിടിക്കുന്ന അല്ലെങ്കിൽ ഇന്ത്യാ രാജ്യത്ത് ഏറ്റവും മികച്ച ഒരു അഴിമതി വിരുദ്ധ നിയമം വേണമെന്ന് ആഗ്രഹിച്ച് കൊണ്ടുവന്ന നിയമമാണ്. ആ നിയമത്തിന്റെ പല്ലും നഖവും എടുക്കുമ്പോൾ നിങ്ങൾ മൂകസാക്ഷികളായി അവരോടൊപ്പം ചേരുകയാണ്. നിങ്ങളുടെ മന്ത്രിസ്ഥാനം ഉറപ്പിച്ചെങ്കിൽ, സുരക്ഷിതരാണെന്ന ധാരണയുണ്ടെങ്കിൽ അതിന്റെ പേരിൽ ഒറ്റുകൊടുക്കുന്നതും വഞ്ചിക്കുന്നതും നിങ്ങളുടെ പഴയകാല നേതാവിനെ യാണെന്നുകൂടി ഓർമ്മിച്ചുകൊണ്ടുവേണം ഇതിനെ പിന്തുണയ്ക്കേണ്ടത്. ഞാൻ പറഞ്ഞ ഏതെങ്കിലും കാര്യത്തിൽ വിയോജിപ്പുണ്ടെങ്കിൽ നിയമ വകുപ്പുമന്ത്രിക്ക് വഴങ്ങാൻ ഞാൻ തയ്യാറാണ്. പ്രതിപക്ഷം എന്തെങ്കിലുമൊരു കാര്യം അറിയാൻ ആഗ്രഹിച്ച് ചോദിച്ചാൽ ഏത് മന്ത്രിമാരാണെങ്കിലും മുൻവിധിയോടുകൂടി സമീപിക്കുന്ന രീതി ശരിയല്ല, അത് നല്ല സമീപനമല്ലെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിന്റെ ഭരണഘടനാപരമായ സാധുതയും ലെജിസ്ലേറ്റീവ് കോംപീറ്റൻസിയും സംബന്ധിച്ച കാര്യങ്ങൾ ബഹുമാന്യനായ പ്രതിപക്ഷനേതാവും മറ്റംഗങ്ങളും ഉന്നയിച്ച സന്ദർഭത്തിൽ ഞാൻ വിശദീകരിച്ചിട്ടുണ്ട്. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത് ഞാൻ വഴങ്ങിയില്ലെന്നാണ്. പ്രതിപക്ഷനേതാവ് ഒരിക്കലും വഴങ്ങാറില്ല. എന്നാൽ അദ്ദേഹം എഴുന്നേറ്റപ്പോഴെല്ലാം ഞാൻ വഴങ്ങിയിട്ടുണ്ട്. മാത്രമല്ല, ബഹുമാന്യനായ സണ്ണി ജോസഫ് ഉന്നയിച്ചപ്പോഴും ഞാൻ വഴങ്ങുകയുണ്ടായി. സഭയിൽ ചട്ടമനുസരിച്ച് മാത്രമേ നമുക്ക് പോകാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ ഇത് പൊതുനിരത്തിലെ സംവാദംപോലെയാകും. ചട്ടങ്ങളെയും വ്യവസ്ഥകളെയും അടിസ്ഥാനപ്പെടുത്തിയാണ് സഭ പ്രവർത്തിക്കുന്നത്. ആവശ്യത്തിന് സമയം അനുവദിക്കുമെങ്കിൽ സംവദിക്കാൻ എനിക്ക് സന്തോഷമേയുള്ളൂ.

കേരള ലോക് ആയുക്ത നിയമത്തിലെ 14-ാം വകുപ്പിലെ ഭേദഗതി സംബന്ധിച്ചാണ് എല്ലാവരും ചർച്ച ചെയ്തത്. എന്നാൽ മറ്റ് ഭേദഗതികൾകൂടി കൊണ്ടുവന്നിട്ടുണ്ട്. നേരത്തെ, ലോക് ആയുക്തയായി നിയമിക്കുന്നത് സുപ്രീംകോടതി ജഡ്ജിയായോ ഹൈക്കോടതി ചീഫ് ജസ്റ്റിസായോ ഉദ്യോഗം

വഹിച്ചിരുന്നവരെയായിരുന്നു. ഹൈക്കോടതി ജഡ്ജിയായി ഉദ്യോഗം വഹിച്ചിരുന്നവരെയും ലോക് ആയുക്തയായി നിയമിക്കാമെന്നാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഉപലോക് ആയുക്തയായി നിയമിക്കപ്പെടുന്നതിൽ നിന്നും സിറ്റിംഗ് ജഡ്ജിയെ ഒഴിവാക്കിയിട്ടുണ്ട്. കാരണം ലോക് ആയുക്ത ഒരു റിട്ടയേർഡ് ജഡ്ജിയാകുമ്പോൾ ഉപലോക് ആയുക്ത സിറ്റിംഗ് ജഡ്ജിയാകുന്നതിൽ നിയമപരമായ പ്രശ്നങ്ങളുണ്ട്. അതുകൊണ്ടാണ് ആ ഭാഗം ഒഴിവാക്കിയത്. 14-ാം വകുപ്പ് ഭേദഗതി ചെയ്യാൻ ഭരണഘടനയെ കൂട്ടുപിടിക്കുന്നു, ഭരണഘടനാ വിരുദ്ധമാണെന്ന് കോടതിക്കല്ലേ പറയാൻ സാധിക്കുകയുള്ളൂ എന്നൊക്ക ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അദ്ദേഹം ഉദ്ധരിച്ച കോടതിവിധി എന്റെ കൈവശമുണ്ട്. സമയപരിമിതിമൂലം അതുസംബന്ധിച്ച് ഞാൻ പറയുന്നില്ല. സഭ പാസ്സാക്കിയ നിയമത്തിലെ ചില വ്യവസ്ഥകൾ ഭരണഘടനയ്ക്ക് നിരക്കാത്തതാണെന്ന് പിന്നീട് മനസ്സിലാകുമ്പോൾ ഗവൺമെന്റ് കോടതിയെ സമീപിച്ചിട്ട് ഞങ്ങൾ കൊണ്ടുവന്ന നിയമം ഭരണഘടനാവിരുദ്ധമാണ്, അതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി/സുപ്രീംകോടതി അത് ഭേദഗതി ചെയ്യാൻ അവസരം നൽകണമെന്ന് പറയുമോ; അങ്ങനെയാണോ ഗവൺമെന്റ് ചെയ്യുന്നത്? എന്തെല്ലാം വിഡ്ഢിത്തങ്ങളാണ് ആധികാരികമായ നിയമ വ്യവസ്ഥയെന്ന രൂപത്തിൽ അവതരിപ്പിക്കപ്പെടുന്നത്. നമ്മുടെ ഭരണഘടന 105 തവണ ഭേദഗതി ചെയ്തു. 1791-ൽ നിലവിൽ വന്ന അമേരിക്കൻ ഭരണഘടന 24 തവണ മാത്രമാണ് ആകെ ഭേദഗതി ചെയ്തത്. അതിൽ ഒരു ഭേദഗതി പാസ്സാക്കാൻ അവർ ഏകദേശം 150 വർഷമെടുത്തു. നേരത്തെ അവതരിപ്പിച്ചെങ്കിലും പിന്നീട് അത് പല കാരണങ്ങളാൽ വിട്ടുപോയി. ഭേദഗതി പാസ്സാക്കാതെ കിടപ്പുണ്ടെന്ന് ഒരു വിദ്യാർത്ഥി കണ്ടെത്തിയപ്പോൾ വീണ്ടും ചർച്ച ചെയ്ത് ഭേദഗതി ചെയ്യാൻ ഏകദേശം ഒന്നരനൂറ്റാണ്ടെടുത്തു. ഭരണഘടന ഭേദഗതി ചെയ്യുന്നത് എന്തുകൊണ്ടാണ്; ഏതാണ് ഇന്ത്യയിലെ ആദ്യത്തെ ഭരണഘടനാ ഭേദഗതി; എന്തുകൊണ്ടാണ് ഒന്നാം ഭരണഘടനാ ഭേദഗതി വന്നത്? അമേരിക്കയുടെ ഒന്നാമത്തെ ഭരണഘടനാ ഭേദഗതി 'മൗലികാവകാശങ്ങൾ സ്പർശിച്ചുകൊണ്ടുള്ള ഭേദഗതി നിലനിൽക്കില്ല' എന്നാണ്. നമ്മുടെ ഒന്നാമത്തെ ഭേദഗതി മൗലികാവകാശങ്ങൾക്ക് റീസണബിൾ റെസ്ട്രിക്ഷൻസ് ശക്തിപ്പെടുത്താനാണ് കൊണ്ടുവന്നത്. ഭരണഘടന എങ്ങനെയാണ് ഭേദഗതി ചെയ്യുന്നത്; കോടതി പറഞ്ഞിട്ടാണോ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്തുകൊണ്ടിരിക്കുന്നത്? സമൂഹം വികസിക്കുമ്പോൾ പുതിയ പ്രശ്നങ്ങളും അതിന്റെയടിസ്ഥാനത്തിൽ പുതിയ കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളുമൊക്കെ പാസ്സാക്കും. അതുപോലെ ഞാൻ നേരത്തേ പറഞ്ഞത് ജുഡീഷ്യൽ പ്രോസ്സസ് എന്നാണോ? നിങ്ങൾ പറഞ്ഞത് Separation of Powers - എക്സിക്യൂട്ടീവ്, ലെജിസ്ലേച്ചർ, ജുഡീഷ്യറി എന്നിങ്ങനെയാണ്. അർദ്ധ ജുഡീഷ്യൽ സംവിധാനങ്ങൾക്കെല്ലാം Cr.PC, IPC പവറുണ്ട്. എവിഡൻസ് തെറ്റായി

രേഖപ്പെടുത്തിയാൽ അതിനെ നിയന്ത്രിക്കാനായി IPC, Cr.PC പവർ കൊടുക്കുന്നതോടുകൂടി അത് ജുഡീഷ്യൽ ബോഡി ആകുമോ? കേന്ദ്ര- സംസ്ഥാന ഘടനയുടെ ഭാഗമായുള്ള ജുഡീഷ്യറിയുടെ കാര്യത്തിലാണ് separation of powers ബാധകമാകുന്നത്. അല്ലാതെ ജുഡീഷ്യറിയുടെ ഭാഗമായിരുന്ന ഒരാൾ ഏതെങ്കിലും സ്ഥാനത്തിരിക്കുന്നതുകൊണ്ടോ അർദ്ധ ജുഡീഷ്യൽ സംവിധാനത്തിനോ സ്റ്റാറ്റ്യൂട്ടറി ബോഡിക്കോ നിയമത്തിലെ ചില വ്യവസ്ഥകളനുസരിച്ചുള്ള അധികാരം നൽകുന്നതുകൊണ്ടോ അത് ജുഡീഷ്യൽ ബോഡിയാവില്ല. അതുകൊണ്ട് ലോക് ആയുക്ത ജുഡീഷ്യൽ ബോഡിയല്ല. ലോക്പാൽ ആക്ടിൽ പറയുന്നത്, " An Act to provide for the establishment of a body of Lokpal for the Union and Lokayukta for States to inquire into allegations of corruption against certain public functionaries and for matters connected therewith or incidental thereto." എന്നാണ്. അങ്ങ് ഇത് വായിച്ചുനോക്കിയിട്ടുണ്ടാകുമല്ലോ; ലോക്പാൽ എൻക്വയറിയാണ് നടത്തുന്നത്; വിധിക്കുന്നില്ല. ലോക്പാലിന് ജുഡീഷ്യൽ പവർ ഇല്ലാത്തതിനാൽ വിധിക്കുന്നില്ല. ലോക്പാലിന് മാത്രമല്ല, അന്വേഷിച്ചും തെളിവെടുത്തും ശിക്ഷ വിധിക്കാനുള്ള പരമാധികാരം ലോകത്ത് മറ്റൊരു സംവിധാനത്തിനുമില്ല. കേരളത്തിലെ ലോക് ആയുക്തയ്ക്ക് മാത്രമാണ് 14-ാം വകുപ്പനുസരിച്ച് അതിനുള്ള അധികാരമുള്ളത്. അത് jurisprudence-ന് എതിരാണ്. It is ultravires to the constitution. അതിനാൽ ഭേദഗതി കൊണ്ടുവരുമ്പോൾ നിയമസഭ അതിന്റെ ദൗത്യം ശരിയായി നിർവ്വഹിക്കുന്നുവെന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. അല്ലാതെ ഇതിനെതിരെ ആരെങ്കിലും കോടതിയിൽ പോകുകയും ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി പറയുകയും ചെയ്യുമ്പോൾ മാത്രം അതിനെക്കുറിച്ച് ചിന്തിക്കാമെന്ന് പറയുന്നത് നിയമസഭ ദുർബലമാകുമ്പോൾ മാത്രമാണ്. കേരള നിയമസഭ ശക്തമാണ്. എല്ലാ നിയമങ്ങളും ഭരണഘടനയ്ക്കും നിയമത്തിനും അനുസൃതമായാണ് നിർമ്മിക്കുന്നത്. അതുകൊണ്ട് ഇത് ശരിയായി കൊണ്ടുവരുന്ന ഒരു ഭേദഗതിയാണ്; എല്ലാതലത്തിലും നിലനിൽക്കുന്ന കാര്യമാണ്.

ഒരു മന്ത്രിയുടെ കാര്യം എങ്ങനെയാണ് മുഖ്യമന്ത്രി തീരുമാനിക്കുന്നത്; എങ്ങനെയാണ് കോംപീറ്റന്റ് അതോറിറ്റി ആകുന്നത് എന്നൊക്കെ ചോദിച്ചു. ലോക്പാൽ നിയമത്തിലെ നിർവചനത്തിൽ കോംപീറ്റന്റ് അതോറിറ്റിയെക്കുറിച്ച് പറയുന്നത്, "Competent authority, in relation to– (i) the Prime Minister, means the House of the People; (ii) a member of the Council of Ministers, means the Prime Minister; (iii) a member of Parliament other than a Minister, means– (A) in the case of a member of the Council of States, the Chairman of the Council; and (B) in the case of a member of the House of the People, the Speaker of the House;" എന്നാണ്. ഒരാളുടെ വിധി അയാൾതന്നെ എങ്ങനെയാണ് തീരുമാനിക്കുന്നത്; മന്ത്രിമാരുടേത് മുഖ്യമന്ത്രിയും

മുഖ്യമന്ത്രിയുടേത് മന്ത്രിസഭയും തീരുമാനിക്കുന്നത് എങ്ങനെയാണ്, മുഖ്യമന്ത്രിയുടെ ഭാഗമല്ലേ മന്ത്രിസഭ എന്നൊക്കെ ചോദിച്ചു. അപ്പോൾ ലോക്പാൽ ആക്ടിലുള്ള വ്യവസ്ഥയെന്താണ്? അങ്ങയുടെ പാർട്ടി നയിച്ച രണ്ടാം യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്നതാണ് ഇന്ന് രാജ്യത്ത് നിലനിൽക്കുന്ന ലോക്പാൽ ആക്ട്. അതിലെ 24-ാം വകുപ്പിൽ പറയുന്നത്, " Where, after the conclusion of the investigation, the findings of the Lokpal disclose the commission of an offence under the Prevention of Corruption Act, 1988 by a public servant referred to in clause (a) or clause (b) or clause (c) of sub-section (1) of section 14, the Lokpal may file a case in the Special Court and shall send a copy of the report together with its findings to the competent authority." എന്നാണ്. ഇതാണ് ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കോംപീറ്റന്റ് അതോറിറ്റി ആരാണ്; ഗവർണർ ആരാണ്; മുഖ്യമന്ത്രി/ഗവൺമെന്റാണ് പല കേസുകളിലും കോംപീറ്റന്റ് അതോറിറ്റി എന്നൊക്കെ ഇപ്പോൾ ഭേദഗതി ചെയ്യാൻ പോകുന്ന നിയമത്തിലുണ്ടല്ലോ. അതുതന്നെയാണ് ലോക്പാൽ ആക്ടിലും പറയുന്നത്. നിങ്ങൾ ഭേദഗതിയിലൂടെ ഈ കോംപീറ്റന്റ് അതോറിറ്റിയെ അപ്പലേറ്റ് അതോറിറ്റിയാക്കി മാറ്റുകയാണ്. അവിടെയാണ് വ്യത്യാസം. ലോക്പാലിൽ ഗവൺമെന്റ് അപ്പലേറ്റ് അതോറിറ്റിയായി നിൽക്കുകയല്ല, എന്നാൽ ഫൈനലൈസ് ചെയ്യുന്ന അപ്പലേറ്റ് അതോറിറ്റിയായി എക്സിക്യൂട്ടീവ് മാറുന്നതിനെയാണ് ഞങ്ങൾ എതിർത്തത്. അങ്ങ് നേരത്തെ ഒരു വാചകം പറഞ്ഞു, എന്തൊക്കെ വിഡ്ഢിത്തമാണ് പറയുന്നതെന്ന്. ഞങ്ങൾ വളരെ പ്രധാനപ്പെട്ട ഒരു സുപ്രീംകോടതി ജഡ്ജ്മെന്റ് ക്വാട്ട് ചെയ്താണ് പറഞ്ഞത്. ഒരു നിയമം സഭ പാസ്സാക്കിയാൽ അതുപിന്നെ സഭയുടേതല്ല. പിന്നീട് അത് അൺകോൺസ്റ്റിറ്റ്യൂഷണലാണെന്ന് പറയാനുള്ള അധികാരം ഗവൺമെന്റിനോ സഭയ്ക്കോ ഇല്ല. Only the competent court can say that. ആ വിധിയെയാണ് വിഡ്ഢിത്തമെന്ന് അങ്ങ് പറഞ്ഞത്. ഞാൻ എൽഫിൻസ്റ്റൺ കേസിനെ ക്വാട്ട് ചെയ്ത് പറഞ്ഞതാണ് അങ്ങ് വിഡ്ഢിത്തമെന്ന വാക്കുകൊണ്ട് വിശേഷിപ്പിച്ചത്.

ശ്രീ. പി. രാജീവ്: സർ, അങ്ങയെപ്പോലൊരാൾ ഇങ്ങനെ പറയരുത്. വേറെ ആരുപറഞ്ഞാലും ഞാൻ സമ്മതിക്കും. ഞാൻ വിഡ്ഢിത്തമെന്ന് പറയാൻ കാരണമെന്താണ്? ഈ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ഈ നിയമത്തിലെ 14-ാം വകുപ്പ് ഭരണഘടനയ്ക്ക് അനുസൃതമല്ലെന്നാണ് പറഞ്ഞത്. ഈ സഭയിലെ ഒരാൾ ശരിയല്ലെന്ന് പറഞ്ഞാൽ നിയമസഭയാകെ കുഴപ്പമാണെന്നാണോ അർത്ഥം; ഇന്ത്യയിലെ ഏതെങ്കിലുമൊരു പൗരൻ തെറ്റാണെന്ന് പറഞ്ഞാൽ രാജ്യമാകെ തെറ്റാണെന്നാണോ മനസ്സിലാക്കേണ്ടത്? ലോക് ആയുക്ത നിയമത്തിലെ സെക്ഷൻ 14 ഭരണഘടനയിലെ ആർട്ടിക്കിൾ 163, 164 എന്നിവയുമായി ചേർന്ന്

നിൽക്കുന്നില്ലെന്ന് മനസ്സിലായാൽ അത് തിരുത്തുന്നതിനായി എക്സിക്യൂട്ടീവ് കോടതിയിൽ പോകണോ? ഇത് അൺ കോൺസ്റ്റിറ്റ്യൂഷണലാണെന്ന് പ്രഖ്യാപിക്കുന്നതിന് സുപ്രീംകോടതിക്കോ ഹൈക്കോടതിക്കോ അധികാരമുണ്ട്. പക്ഷേ ഭരണഘടനയ്ക്ക് നിരക്കാത്ത വകുപ്പുണ്ടെന്ന് കണ്ടെത്തിയാൽ ഭേദഗതി കൊണ്ടുവരണ്ടേ? അങ്ങ് പറഞ്ഞ വിധിയുടെ അവസാനത്തെ മൂന്നാമത്തെ പേജ് വായിക്കണം. അതിൽ, "ഇതൊക്കെയാണെങ്കിലും എത്ര വ്യാമോഹങ്ങൾക്കടിപ്പെട്ടാലും ഈ നിയമത്തിനകത്ത് ഏതെങ്കിലും വാക്കോ വാചകമോ അങ്ങോട്ടെടുത്ത് വയ്ക്കാൻ ഞങ്ങൾക്ക് ഒരു അധികാരവുമില്ല; ഇതെല്ലാം സഭയ്ക്കുള്ളതാണ്" എന്ന് പറയുന്നുണ്ട്. അങ്ങ് പറഞ്ഞത് എന്താണ്? കോംപീറ്റന്റ് അതോറിറ്റിക്ക് അപ്പലേറ്റ് അധികാരം നൽകിയിരിക്കുന്നതിനെയാണ് നിങ്ങൾ എതിർക്കുന്നതെന്നാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ അങ്ങയുടെ പാർട്ടി നയിച്ച ഗവൺമെന്റ് പാർലമെന്റിൽ കൊണ്ടുവന്ന ബില്ലിൽ ഇങ്ങനെയൊരു സെക്ഷൻ ഇല്ലാതെപോയത് എന്തുകൊണ്ടാണ്? അത് ഭരണഘടനാനുസൃതമായി നിലനിൽക്കാത്തതുകൊണ്ടാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: ലോക്പാൽ നിയമത്തിലെ സെക്ഷൻ 24, ക്ലാരിഫിക്കേഷനുവേണ്ടി പറയുകയാണ്. " Action on investigation against public servant being Prime Minister, Ministers or Members of Parliament - Where, after the conclusion of the investigation, the findings of the Lokpal disclose the commission of an offence under the Prevention of Corruption Act, 1988 by a public servant referred to in clause (a) or clause (b) or clause (c) of sub-section (1) of section 14, the Lokpal may file a case in the Special Court….." അതായത് പി.സി.എ. ആക്ട് പ്രകാരമുള്ള ഒരു ഒഫൻസ് കണ്ടെത്തിയാൽ, Lokpal can not proceed with it, then it is send to the concerned court എന്നാണ് 24-ാം വകുപ്പിൽ പറയുന്നത്.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. അതുതന്നെയാണ് ഞാനും പറഞ്ഞത്. അവർക്ക് വിധി പ്രഖ്യാപിക്കാൻ അധികാരമില്ല, It is not a judicial body. ജുഡീഷ്യൽ ബോഡിയാണെങ്കിൽ എന്തിനാണ് സ്പെഷ്യൽ കോടതിയിലേയ്ക്ക് കേസുകൾ അയയ്ക്കുന്നത്? എന്തുകൊണ്ടാണ് ലോക്പാൽ ശിക്ഷ വിധിക്കാത്തത്? അത് ജുഡീഷ്യൽ ബോഡിയല്ലാത്തതുകൊണ്ടാണ്. ലോക്പാലിന് മുകളിലാണോ സ്പെഷ്യൽ കോടതി? ഒരു ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസിയെ പരാതി കൊടുക്കുന്ന ഏജൻസിയായി മാത്രം പരിമിത പ്പെടുത്തിയെന്ന് കർണ്ണാടക ലോക് ആയുക്തയായിരുന്ന ശ്രീ. സന്തോഷ് ഹെഗ്ഡെ പറഞ്ഞത് അതുകൊണ്ടാണ്. ലോക്പാലിന് വിധി പ്രഖ്യാപിക്കാൻ അധികാരമില്ലെന്ന് ഡോ. മാത്യു കുഴൽനാടൻ ചൂണ്ടിക്കാണിച്ചതിന് ഞാൻ പ്രത്യേകം നന്ദി പറയുകയാണ്.

2 ജി സ്പെക്ട്രം അഴിമതിക്കെതിരെ അണ്ണാ ഹസാരെയുടെ നേതൃത്വത്തിൽ നടന്ന അഴിമതി വിരുദ്ധ പോരാട്ടമാണല്ലോ ആം ആദ്മി പാർട്ടിയുടെ

രൂപീകരണത്തിലേയ്ക്ക് നയിച്ചത്. ഏറ്റവും വലിയ വിപ്ലവകരമായ അഴിമതി വിരുദ്ധ സമരത്തിന്റെ ഭാഗമായി വന്ന ജൻ ലോക്പാൽ ബിൽ എന്റെ കയ്യിലുണ്ട്. അതിൽ പറയുന്നത്, " A Bill to establish an independent authority to investigate offences…." എന്നാണ്. ജൻ ലോക്പാൽ ബില്ലിൽപോലും ഇങ്ങനെയൊരു മാൻഡേറ്ററി സെക്ഷനില്ല. ലോകത്ത് ഒരു ഓംബുഡ്സ്മാനും മാൻഡേറ്ററി ജൂറിസ്ഡിക്ഷനില്ല. പക്ഷേ സുപ്രീംകോടതി കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയായതിനാൽ അതിനുണ്ട്. എന്നാൽ പാർലമെന്റോ നിയമസഭയോ രൂപീകരിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിക്ക് ഇങ്ങനെയൊരു അധികാരമില്ല. അതുകൊണ്ടാണ് ലോക്പാലും മറ്റ് സംസ്ഥാനങ്ങളിലെ ലോകായുക്തകളും കേസുകൾ സ്പെഷ്യൽ കോടതിയിലേയ്ക്ക് അയയ്ക്കുന്നത്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും ഇതുതന്നെയാണ് നടക്കുന്നതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. ഇവിടെ പറഞ്ഞ കാര്യങ്ങൾക്കും ബഹുമാന്യനായ ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾക്കും മറുപടി നൽകിക്കഴിഞ്ഞു.

1959 ജൂലൈ 31-ന് ഇ.എം.എസ്. ഗവൺമെന്റിനെ പിരിച്ചുവിട്ടുകൊണ്ട് ഈ രാജ്യത്ത് പാർലമെന്ററി സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവച്ച കോൺഗ്രസ്സാണ് നിയമസഭകളോടും ജനാധിപത്യ സംവിധാനത്തോടുമുള്ള ബഹുമാനം നമുക്ക് നഷ്ടപ്പെട്ടുവെന്ന് പറയുന്നത്. ഈ രാജ്യത്തെ ജനാധിപത്യ-നീതിന്യായ സംവിധാനങ്ങളെ തകർത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കോൺഗ്രസ്സിന്റെ പ്രതിനിധി ജനാധിപത്യത്തിന്റെ മഹനീയതയെക്കുറിച്ച് പ്രസംഗിക്കുന്നത് കേൾക്കുന്നത് കൗതുകകരമാണ്, സന്തോഷകരമാണ്. അഴിമതിയെ സംബന്ധിച്ച് പരിശോധിച്ച് നോക്കൂ. ട്രാൻസ്പരൻസി ഇന്റർനാഷണലിന്റെ റിപ്പോർട്ടുപ്രകാരം ഇപ്പോൾ ഇന്ത്യയിൽ അഴിമതിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം രാജസ്ഥാനാണ്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെയും പരിശോധിക്കൂ; കേരള സംസ്ഥാനം എവിടെയാണ് നിൽക്കുന്നത്? സംസ്ഥാനത്ത് ഇപ്പോൾ ഏതെങ്കിലും ഒരു മന്ത്രിയെക്കുറിച്ച് അഴിമതിയാരോപണമുണ്ടോ; ഒരു മന്ത്രിയെയുംകുറിച്ച് പറയുന്നില്ലല്ലോ? കഴിഞ്ഞ തവണ ചർച്ച ചെയ്തപ്പോൾ ഒരു മന്ത്രിയെക്കുറിച്ച് പറഞ്ഞിരുന്നല്ലോ. ഇപ്പോൾ അത് പറയാതിരുന്നത് എന്തുകൊണ്ടാണ്; ആ കേസ് ലോക് ആയുക്ത തള്ളിക്കളഞ്ഞു. ഡോ. കെ. ടി. ജലീലിന്റെ കേസിനെ സംബന്ധിച്ച് പറഞ്ഞു. പ്രസ്തുത കേസിൽ 20 ദിവസം കൊണ്ടാണ് തീരുമാനം വന്നത്. അതുസംബന്ധിച്ച് എ.ജി.-യുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. " On going through the report of question and the sequences of dates and events in relation to the case, it is described that the Lok Ayukta conducted a preliminary enquiry; that the compliant was finally admitted on 26-3-2021. മാർച്ച് 26-ന് കേസ് സ്വീകരിച്ച അന്നുതന്നെ വാദം തുടങ്ങി. അടുത്ത വാദം മാർച്ച് 30-ന് നടക്കുകയും ഏപ്രിൽ 9-ന് റിപ്പോർട്ട് ഫൈനലൈസ് ചെയ്യുകയും ചെയ്തു.

Therefore, it can be safely concluded that there was no proper investigation as mandated under section. അതിൽ എന്തുകൊണ്ട് കോടതി ഇടപെട്ടില്ല? ലെജിസ്ലേറ്റീവ് ഇന്റൻഷന് അപ്പലേറ്റ് അതോറിറ്റിയില്ല. ഞങ്ങൾക്ക് അപ്പീൽ പരിശോധിക്കാൻ അധികാരമില്ല. അത് ജസ്റ്റിസ് മുഹമ്മദ് മുഷ്താഖിന്റെ വിധി വായിച്ചാൽ മനസ്സിലാകും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചില ആക്ഷേപങ്ങൾ വന്നില്ലേ; ഞങ്ങൾ ആരെങ്കിലും കോടതിയിൽ പോയോ; ഇപ്പോൾ ബഹുമാന്യനായ മന്ത്രിയുടെ പ്രസംഗത്തെക്കുറിച്ച് ഭരണഘടനാ വിരുദ്ധമാണെന്ന് വ്യാഖ്യാനിക്കപ്പെട്ട് ഒരു അഭിപ്രായം വന്നില്ലേ; ഞങ്ങൾ കോടതിയിൽ ക്വാ വാറന്റോ റിട്ടുമായി പോകണമോ; അദ്ദേഹം രാജിവച്ചു. അതാണ് ഇടതുപക്ഷത്തിന്റെ മാതൃക. ഏതെങ്കിലും കാര്യത്തിൽ സംശയത്തിന്റെ കണികപോലും വ്യാഖ്യാനിക്കാനിടവരാവുന്ന രൂപത്തിൽ ഉയർന്നുവന്നാൽ അപ്പോൾത്തന്നെ തീരുമാനമെടുക്കുന്ന ധാർമ്മികതയുള്ള പാർട്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. അതുകൊണ്ട് ലോക്പാൽ വിധിച്ചാലും കേരളം പോലൊരു സംസ്ഥാനത്ത് ഏതെങ്കിലും ഒരാൾക്ക് അധികാരത്തിൽ തുടരാൻ സാധിക്കുമോ? ഒരു നിയമം നിയമാനുസൃതമാക്കി തീർക്കുന്നതിനുള്ള ചുമതലയാണ് നിർവ്വഹിക്കുന്നത്. നിങ്ങളുടെ നിയമത്തിൽ അപ്പീൽ പ്രൊവിഷനില്ലെന്ന് ഹൈക്കോടതി പറഞ്ഞു. അദ്ദേഹം സുപ്രീംകോടതിയിൽ നൽകിയ കേസ് പിൻവലിക്കുകയാണ് ചെയ്തത്. കാരണം നിയമത്തിൽ വ്യവസ്ഥയില്ലെങ്കിൽ ഒരു കോടതിയിലും പോകാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഭരണഘടനാ വിരുദ്ധത ചോദ്യം ചെയ്തുകൊണ്ട് ആരും കോടതിയിൽ പോയിട്ടില്ല. ഇത് ഭരണഘടനാ വിരുദ്ധമാണെന്നുള്ള എ.ജി.-യുടെ ഉപദേശം ഗവൺമെന്റിന് ലഭിച്ചു. ഈ ഗവൺമെന്റ് അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ഇതുവരെയുള്ള ചരിത്രം നമ്മുടെ മുമ്പിലുണ്ട്. അഴിമതിക്കെതിരെ കഴിഞ്ഞ ഗവൺമെന്റും എൽ.ഡി.എഫ്. ഗവൺമെന്റും എല്ലാ കാലത്തും നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് കേരളം ഒരു പുതിയ ചരിത്രം സൃഷ്ടിച്ചുകൊണ്ട് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റിന് തുടർച്ച നൽകിയത്. ആ നിലപാടിന്, ജനാധിപത്യ സംവിധാനത്തിന് അംഗീകാരമുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്ന് ചർച്ച ചെയ്യാം. ലോക്പാൽ ബിൽ ഭരണഘടനാനുസൃതമാണ്. ലോക്പാൽ ആക്ടുമായി ബന്ധപ്പെട്ട് ഇതിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ ചർച്ച ചെയ്യാം. കേരള ലോക് ആയുക്ത ആക്ടിലെ 14-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ ലോക്പാൽ ആക്ടിൽ ഇല്ലാത്തതുകൊണ്ടാണ് കോൺട്രഡിക്ഷനാകാത്തത്. പ്രസ്തുത വ്യവസ്ഥകൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ലോക് ആയുക്ത നിയമത്തിലോ ഓംബുഡ്സ്മാനിലോ ഇല്ല. വിചാരണ പോലുമില്ലാതെ അന്വേഷണവും തെളിവെടുപ്പും നടത്തി വധശിക്ഷ വിധിക്കാനും ആ വധശിക്ഷ അപ്പോൾത്തന്നെ നടപ്പിലാക്കാനും പ്രഖ്യാപിക്കുന്ന, ജൂറിസ് പ്രൂഡൻസിന്റെ അടിസ്ഥാനതത്വത്തിന് കടകവിരുദ്ധമായ

ഒരു നിയമം ലോകത്ത് ഒരിടത്തും നിലനിൽക്കുന്നില്ല. അതുകൊണ്ട് പ്രതിപക്ഷം വൈകാരികമായ രൂപത്തിലല്ല, വസ്തുതാപരമായി ഈ പ്രശ്നത്തെ സമീപിക്കണം. ഈ ബിൽ സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കുന്നുണ്ട്. അതിൽ മാറ്റം വരുത്തണമെങ്കിൽ നമുക്ക് അപ്പോൾ ചർച്ച ചെയ്യാം. ഇത് ഭരണഘടനാനുസൃതവും നിയമാനുസൃതവുമാക്കുകയെന്ന ഉത്തരവാദിത്വമാണ് നിർവ്വഹിക്കുന്നത്. അതിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 2 (ബി) നമ്പർ ദേഭഗതി പ്രസ് ചെയ്യുന്നുണ്ടോ;

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (iii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

## ക്രമപ്രശ്നം

### (4) ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ ബില്ലിന്റെ മൂലനിയമമായ കേരള മാരിടൈം ബോർഡ് ആക്റ്റിന്റെ നിയമ നിർമ്മാണത്തിനായി പ്രസിദ്ധീകരിച്ച ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ, ആദ്യ സാമ്പത്തിക വർഷത്തിൽ 2,843 ലക്ഷം രൂപയും അതിനുശേഷം തുടർന്നുവരുന്ന അഞ്ച് വർഷത്തേയ്ക്ക് അതിന്റെ പത്തുശതമാനം വർദ്ധനയോടുകൂടിയ തുക ആവർത്തക ചെലവായി സർക്കാർ നൽകേണ്ടതാണെന്നും സ്ഥാപന ഘട്ടത്തിന്റെ ആരംഭത്തിനുശേഷം വിവിധ റവന്യൂ മാർഗ്ഗങ്ങൾ വർദ്ധിപ്പിച്ച് സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായമില്ലാതെ ബോർഡ് പൂർണ്ണമായും സ്വയംഭരണാധികാരമുള്ളതായി തീരുമെന്നുമാണ് പറഞ്ഞിട്ടുള്ളത്. 2017-ൽ ആരംഭിച്ച് അഞ്ചുവർഷത്തിൽ പൂർണ്ണമായും സ്വയംഭരണാധികാരമുള്ള സ്ഥാപനമാകേണ്ട ബോർഡിന്റെ ജീവനക്കാരുമായി ബന്ധപ്പെട്ട ബാധ്യതകൾ സർക്കാർ തിരികെ ഏറ്റെടുക്കുന്ന വ്യവസ്ഥകളാണ് പുതിയ ബില്ലിലെ 7, 8 ഖണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 7-ാം ഖണ്ഡ പ്രകാരം ജീവനക്കാർ സർക്കാർ ജീവനക്കാരായി എല്ലാ ആനുകൂല്യങ്ങളോടെയും തുടരുമെന്ന് വ്യവസ്ഥ ചെയ്യുമ്പോൾ 8-ാം ഖണ്ഡ പ്രകാരം, പ്രോവിഡന്റ് ഫണ്ടിലെയും സൂപ്പറാന്യുവേഷൻ ഫണ്ടിലെയും ബാധ്യതകൾ ബോർഡിൽ നിക്ഷിപ്തമാക്കിയിരുന്ന പ്രധാന ആക്റ്റിലെ 18-ാം വകുപ്പ് റദ്ദാക്കിയിരിക്കുകയാണ്. അതായത് ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് ഭാവിയിൽ അധിക ബാധ്യതകളുണ്ടാക്കുന്ന വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് തീർച്ചയായും ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ആ ബാധ്യത സൂചിപ്പിക്കേണ്ടതാണ്. നിലവിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും നൽകുന്നതിന് അധിക സാമ്പത്തിക ബാധ്യത വരില്ലെന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്. എന്തായാലും ഈ കാരണങ്ങളാൽത്തന്നെ അധിക ബാധ്യത സർക്കാരിനുണ്ടാകും. അതുകൊണ്ട് ധനകാര്യമെമ്മോറാണ്ടം പുനഃപ്രസിദ്ധീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, നിലവിൽ മാരിടൈം ബോർഡിലെ ജീവനക്കാരുടെ ശമ്പളം, ബത്ത, മറ്റാനുകൂല്യങ്ങൾ, പെൻഷൻ എന്നിവ സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നാണ് ചെലവഴിക്കുന്നത്. ബില്ലിലെ ഏഴാം ഖണ്ഡപ്രകാരം ബോർഡിലെ ജീവനക്കാർ സർക്കാർ ജീവനക്കാരായി തുടർന്നാലും അവരുടെ സേവനം ബോർഡ് പ്രയോജനപ്പെടുത്തുന്നതിനാൽ ധനകാര്യ മെമ്മോറാണ്ടത്തിലെ രണ്ടാം ഖണ്ഡികയിൽ പറയുന്നപ്രകാരം അവരുടെ സേവനം അന്യത്ര സേവനമെന്നതുപോലെ കണക്കാക്കേണ്ടതും പെൻഷൻ അംശദായത്തിന്റേയും അവധി വേതന അംശദായത്തിന്റെയും സംയോജിത നിരക്ക് ബോർഡിൽനിന്നും

സർക്കാരിന് ഈടാക്കാൻ കഴിയുന്നതുമാണ്. അതിനാൽ ഇതുസംബന്ധിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നില്ല. ആയതിനാൽ ധനകാര്യ മെമ്മോറാണ്ടം കൃത്യമാണ്. ആയത് പുതുക്കി പ്രസിദ്ധീകരിക്കേണ്ട ആവശ്യകതയില്ല. മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ..... ഓർഡർ... ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ നിയമം നിലവിൽ വന്നാൽ സഞ്ചിതനിധിയിൽ നിന്നും സർക്കാരിന് അധിക ബാധ്യത ഉണ്ടാകുന്നതല്ല എന്ന പ്രസ്താവന വസ്തുതാപരമല്ലെന്നും യഥാർത്ഥത്തിൽ ഇതുസംബന്ധിച്ച് കൂടുതൽ ചെലവുണ്ടാകുമെന്നതിനാൽ പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ലഭ്യമാക്കാൻ റൂളിംഗ് ഉണ്ടാകണമെന്നുമാണ് ശ്രീ. എ. പി. അനിൽ കുമാർ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്.

ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സർക്കാരിന്റെ നിലപാട് വിശദീകരിക്കുകയുണ്ടായി. ഈ നിയമം നിലവിൽ വരുന്നതുമൂലം ഏതെങ്കിലും തരത്തിലുള്ള അധിക ബാധ്യത ഉണ്ടാകുന്നില്ല എന്നതിനാൽ ധനകാര്യ മെമ്മോറാണ്ടത്തിൽ മാറ്റങ്ങൾ ആവശ്യമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുന്നത് സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ നൽകുന്ന വിശദീകരണമാണ്, വ്യക്തതയാണ് ഏറ്റവും പ്രധാനമായിട്ടുള്ളതെന്നതുകൊണ്ട് സർക്കാർ നിലപാടിനോട് വിയോജിക്കേണ്ട സാഹചര്യമൊന്നുമില്ല എന്നുതന്നെയാണ് ചെയർ നിരീക്ഷിക്കുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവനോപാധി ഇല്ലാതാക്കുന്നതായതുകൊണ്ട് പ്രസ്തുത ബില്ലിനെ എതിർക്കുന്നു. 2017-ൽ തുറമുഖ ഡയറക്ടറേറ്റ്, കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ എന്നിവ സംയോജിപ്പിച്ചാണ് കേരള മാരിടൈം ബോർഡ് രൂപീകരിച്ചത്. കേരളത്തിലെ പതിനാല് തുറമുഖങ്ങളിലും തീരദേശ മേഖലകളിലും വികസനമുണ്ടാകുമെന്നാണ് ബില്ലിന്റെ അവതരണവേളയിൽ അന്നത്തെ ബഹുമാന്യരായ മന്ത്രിമാരെല്ലാം പറഞ്ഞത്. പക്ഷേ, യാതൊരു വികസനവും ഈ മേഖലയിലുണ്ടായില്ലെന്ന് മാത്രമല്ല, ഓരോദിവസം കഴിയുന്തോറും മത്സ്യമേഖലയിലും തുറമുഖ മേഖലയിലും തീരദേശ മേഖലയിലും വറുതി അനുഭവപ്പെട്ട് ജനങ്ങൾ വലിയ ദുരിതത്തിലൂടെ മുന്നോട്ടുപോകുന്ന സാമൂഹ്യ സാഹചര്യമാണ് നിലനിൽക്കുന്നത്. പണ്ട് ഒരു മഹർഷിയുടെ അനേകം ശിഷ്യൻമാരിൽ ഒരാൾ വർഷങ്ങളായിട്ടും വിദ്യകളൊന്നും പഠിപ്പിക്കാത്തതിൽ പ്രകോപിതനായി ഗുരുവിനെ വിട്ടുപോകുന്ന സാഹചര്യമുണ്ടായി. പന്ത്രണ്ട് വർഷം കഴിഞ്ഞ് തിരികെ അദ്ദേഹം ഗുരുവിനെ കാണാനായി വന്നപ്പോൾ, വിശേഷങ്ങൾ അന്വേഷിച്ച കൂട്ടത്തിൽ 'ഇത്രയുംകാലം എവിടെയായിരുന്നുവെന്ന് ഗുരു തന്റെ പ്രിയശിഷ്യനോട് ചോദിച്ചു. അപ്പോൾ ശിഷ്യൻ ആവേശപൂർവ്വം മറുപടി പറഞ്ഞത്, 'കഴിഞ്ഞ പന്ത്രണ്ട് വർഷംകൊണ്ട് ഞാനൊരു വലിയ വിദ്യ പഠിച്ചു' എന്നാണ്. എന്ത് വിദ്യയാണ് പഠിച്ചതെന്ന് ഗുരു ചോദിച്ചപ്പോൾ ശിഷ്യൻ പറഞ്ഞത് 'വെള്ളത്തിലൂടെ നടന്ന് ആറ് കടക്കുന്ന വിദ്യ ഞാൻ പഠിച്ചു' എന്നാണ്. അപ്പോൾ ഗുരു പറഞ്ഞു, "മഠയാ, 25 പൈസ കൊടുത്താൽ കടത്തുകാരൻ മറുകരയിലെത്തിക്കും. നീ നിന്റെ പന്ത്രണ്ട് വർഷം പാഴാക്കിയല്ലോ" എന്നുപറഞ്ഞതുപോലെയാണ് കേരള മാരിടൈം ബോർഡ് നിയമം ഈ സംസ്ഥാനത്ത് നടപ്പിലാക്കിയത് എന്നതാണ് യാഥാർത്ഥ്യം. ഈ നിയമം നടപ്പിലാക്കിയപ്പോൾ തീരദേശമേഖലയിലെ ജനങ്ങൾക്ക് വലിയ പ്രതീക്ഷയായിരുന്നു. കേരളത്തിലെ തുറമുഖങ്ങളുടെ വികസനത്തിലൂടെ ചരക്കുഗതാഗതവും തൊഴിലവസരവും വർദ്ധിക്കുമെന്നാണ് പ്രതീക്ഷിച്ചത്. മുപ്പതിനായിരം പേർക്ക് തൊഴിലവസരം ലഭിക്കുമെന്നാണ് മാരിടൈം ബോർഡ് ബിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ മന്ത്രി നടത്തിയ പ്രസംഗങ്ങൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. യഥാർത്ഥത്തിൽ ഈ മേഖലയിൽ ഒരു

വികസനവും എത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷന്റെ ശിപാർശ പ്രകാരമാണ് കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനും നടത്തിപ്പിനും നിയന്ത്രണത്തിനും അനുബന്ധ കാര്യങ്ങൾക്കുംവേണ്ടി 2017-ൽ കേരള മാരിടൈം ബോർഡ് ആക്ട് പാസ്സാക്കിയത്. പ്രസ്തുത ആക്ടിനെ സംബന്ധിച്ച് ജനങ്ങളിൽ ആശങ്ക നിലനിൽക്കുകയാണ്. പൊതുജനാഭിപ്രായം ഈ ബില്ലിനെതിരാണ്. തീരദേശ മേഖലയിൽ പതിനായിരങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുമെന്ന് സർക്കാർ പറഞ്ഞത് കളവാണെന്നാണ് മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങൾ മനസ്സിലാക്കുന്നത്. 590 കിലോമീറ്റർ തീരമേഖലയുള്ള കേരളത്തിൽ സർക്കാർ തീരസംരക്ഷണം ലക്ഷ്യമിടുമ്പോൾ തൊഴിൽപോയിട്ട് തങ്ങളുടെ ജീവനോപാധിപോലും അപകടത്തിലാകുമെന്നാണ് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കരുതുന്നത്. അതിന് അവരെ കുറ്റം പറയാൻ സാധിക്കില്ല. കേരളത്തിലെ 14 ചെറുകിട തുറമുഖങ്ങളെയും 30,000 കോടി രൂപ ചെലവഴിച്ച് വികസിപ്പിക്കുമെന്ന് പറഞ്ഞാണ് സംസ്ഥാന സർക്കാർ മാരിടൈം ബോർഡ് രൂപീകരിച്ചത്. ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് അന്ന് സർക്കാർ പറഞ്ഞിരുന്നത്. 2017-നുശേഷം 2022-ൽ ഈ ബില്ലിൽ ഭേദഗതി വരുത്തുന്നതുവരെ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞെന്ന് ആത്മ പരിശോധന നടത്തണം. എത്രപേർക്ക് ജീവനോപാധി നഷ്ടപ്പെട്ടു എന്നതുസംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും കണക്കുണ്ടോ? ഇക്കാര്യങ്ങൾ ജനങ്ങളോട് തുറന്നുപറയണം. സത്യം മറച്ചുവച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കബളിപ്പിച്ച് ഇല്ലായ്മ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നതെങ്കിൽ അതിന്റെ പ്രത്യാഘാതം ഭയാനകമായിരിക്കും. ഇതുവരെ നേരിട്ട പ്രശ്നങ്ങളുടെ പതിന്മടങ്ങ് പ്രഹരം സർക്കാരിന് നേരിടേണ്ടിവരും. തീരദേശ ജനത ചതി പൊറുക്കില്ലെന്ന് സർക്കാരിനെ ഓർമ്മപ്പെടുത്തുകയാണ്. മാരിടൈം ബോർഡിന് എത്ര പ്രാധാന്യം കൊടുക്കുന്നുവോ അത്രയോ അതിലധികമോ പ്രാധാന്യം തീരദേശവാസികളുടെ സംരക്ഷണത്തിന് നൽകിയില്ലെങ്കിൽ അതൊരു ദുരന്തമായി തീരുമെന്ന് ഓർമ്മപ്പെടുത്തുകയാണ്. ഇപ്പോൾ വിഴിഞ്ഞം തുറമുഖ നിർമ്മാണം തടസ്സപ്പെട്ട അതേ അവസ്ഥ വീണ്ടും സൃഷ്ടിക്കപ്പെടും. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ ആ വിഷയങ്ങൾ ചർച്ച ചെയ്തതാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കിയ സന്ദർഭത്തിൽ, യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച 475 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കിയിരുന്നെങ്കിൽ ഇത്തരം സമരങ്ങളിലേയ്ക്ക് മത്സ്യത്തൊഴിലാളികൾ പോകേണ്ട സാഹചര്യമുണ്ടാകുമായിരുന്നില്ല. അന്ന് ഇക്കാര്യം വളരെ വ്യക്തമായി പറഞ്ഞിരുന്നു. ഇന്ന് രാവിലെയും അക്കാര്യം ചർച്ച ചെയ്തതാണ്. സ്ഥലം ഏറ്റെടുത്ത് വീട് നിർമ്മിക്കുന്നതിന് 350 കോടി രൂപയും

ജീവനോപാധിക്ക് 59 കോടി രൂപയും സ്ത്രീ ശാക്തീകരണത്തിന് 39 കോടി രൂപയും വിദ്യാഭ്യാസ സഹായത്തിന് 24 കോടി രൂപയും വാർദ്ധക്യകാല പരിചരണത്തിന് 2.5 കോടി രൂപയുമുൾപ്പെടെ 475 കോടി രൂപയുടെ പാക്കേജാണ് വിഴിഞ്ഞം തുറമുഖം നിർമ്മിക്കാൻ ആരംഭിച്ചപ്പോൾ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. അക്കാര്യങ്ങളൊന്നും ആ പാവങ്ങൾക്ക് ചെയ്തുകൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് 2016 വരെ 300 കുടുംബങ്ങൾ കടലെടുത്തുപോകുന്ന സാഹചര്യമുണ്ടായത്. മൂവായിരത്തോളം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ട സാഹചര്യത്തിലേയ്ക്ക് നമ്മുടെ സംസ്ഥാനം എത്തിനിൽക്കുന്നു. വൻകിട പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുമ്പോൾ, തീരദേശ മേഖലയുടെ പ്രശ്നങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടും അവർക്ക് സാന്ത്വനവും കൊടുക്കാൻ കഴിയുന്ന രീതിയിൽ മാറണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിപ്രകാരം സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ള 75,000 കോടി രൂപയുടെ വിഹിതം കൈക്കലാക്കാൻ വേണ്ടിയാണ് കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് കേരള മാരിടൈം ബോർഡ് രൂപീകരിച്ചതെന്ന് ആരെങ്കിലും ആരോപിച്ചാൽ തെറ്റുപറയാൻ കഴിയില്ല. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഫണ്ട് നേടിയെടുക്കേണ്ടത് അത്യാവശ്യമാണ്, അത് നമ്മുടെ അവകാശവുമാണ്. പക്ഷേ അതിന്റെ സദുദ്ദേശ്യം ജനങ്ങളെ ബോധ്യപ്പെടുത്തണം. സംസ്ഥാന തീരദേശ സുരക്ഷ ഉൾപ്പെടെ എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെ കീഴിൽ ഏകോപിപ്പിക്കുക എന്നതാണ് ഈ ബില്ലിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പക്ഷേ അത് വെറും പ്രഹസനമായി, വെള്ളാനകളായ കുറേപേർക്ക് പാർക്കാനുള്ള ഒരു സ്ഥാപനമാക്കി ഇതിനെ മാറ്റരുതെന്ന അപേക്ഷയാണ് എനിക്കുള്ളത്. കേരള മാരിടൈം ബോർഡിന്റെ തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെയും തദ്ദേശീയ ഉപദേശക സമിതിയുടെയും വിവിധതലങ്ങളിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്താത്തതിനാൽ ഉദ്യോഗസ്ഥ ദുർഭരണത്തിലേയ്ക്ക് ബോർഡിനെ നയിക്കുമെന്ന ആശങ്ക പൊതുസമൂഹത്തിനുണ്ടെന്ന കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. തൊഴിലാളികൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെന്റെന്ന നിലയിൽ, ബോർഡിൽ തൊഴിലാളി പ്രതിനിധികളില്ലാത്തത് ആശങ്കയുളവാക്കുന്നു. അതുകൊണ്ട് ബോർഡിലും അവരുടെ പ്രതിനിധികളെ ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെ തുറമുഖ പരിധിക്കുള്ളിൽ സ്വകാര്യ ഡോക്ക്, ബർത്ത്, സ്റ്റേജ്, ജെട്ടി, വാർഫ്, കടൽപ്പാലം എന്നിവയുടെ നിർമ്മാണം വ്യവസ്ഥ ചെയ്തത് അത്യന്തം അപക്വമാണ്. ഇതുകാരണം ജനങ്ങൾക്കോ സർക്കാരിനോ ഈ വക കാര്യങ്ങളിൽ യാതൊരുവിധ പങ്കാളിത്തവും നിയന്ത്രണവുമില്ലാതെ മറ്റൊരു ജനവിരുദ്ധ പ്രസ്ഥാനമായി ബോർഡ് മാറാനുള്ള സാധ്യത ഏറെയാണ്. സ്വകാര്യ

വ്യക്തികൾക്കുവേണ്ടി പ്രവൃത്തികൾ ഏറ്റെടുക്കുന്ന, സ്വകാര്യ മുതലാളിമാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു പ്രസ്ഥാനമായി വളരെ വേഗത്തിൽ ബോർഡ് മാറും. ഇത് അപകടകരമായതിനാൽ മാരിടൈം ബോർഡിന്റെ ഉദ്ദേശ്യശുദ്ധി സംരക്ഷിച്ച്, അതിന്റെ മുഴുവൻ നിയന്ത്രണവും ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാക്കാതെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 2017 സെപ്തംബർ മാസം നിയമസഭ പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം രൂപീകരിച്ച മാരിടൈം ബോർഡിലെ ജീവനക്കാരുടെ സേവന-വേതന-വ്യവസ്ഥകളെ സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതി നൽകിയതിനെത്തുടർന്ന് ജീവനക്കാരുടെ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയതിന്റെ ഫലമായാണ് വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് നിലവിൽ വന്നത്. ആ ഓർഡിനൻസ് നിയമമാക്കുന്നതിനായി സഭയിൽ അവതരിപ്പിച്ച ബില്ലിൽ താഴെപ്പറയുന്ന ഭേദഗതികൾകൂടി ഞാൻ അവതരിപ്പിക്കുന്നു. ബില്ലിലെ 7-ാം ഖണ്ഡത്തിൽ "17. തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ - (1) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചയിക്കപ്പെട്ട ദിവസവും അന്നുവരെയും തുറമുഖ ഡയറക്ടറേറ്റിലും തുറമുഖ കാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അതുപോലെ സർക്കാർ ജീവനക്കാരായി തുടരുന്നതും അവർക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിട്ടി ല്ലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും അവരുടെ സൂപ്പർ ആന്വേഷനോടുകൂടി, അപ്രകാരമുള്ള തസ്തികകൾ അവസാനിക്കുന്ന വിധത്തിൽ തുടരാവുന്നതാണ്" എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 2019-ൽ നിയമനം ലഭിച്ചവരെ മാത്രമേ ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ബോർഡിന്റെ റൂൾസ് ആൻഡ് റെഗുലേഷൻ പ്രകാരം, നിയമനം ലഭിക്കാത്ത മുഴുവൻ ജീവനക്കാരെയും അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികളെയും മുമ്പ് റിപ്പോർട്ട് ചെയ്യുകയും നിലവിൽ നിയമനം കാത്തിരിക്കുന്നവരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കണമെന്ന പുതിയ നിർദ്ദേശംകൂടി അതോടൊപ്പം കൂട്ടിച്ചേർക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെ സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്കുമേലുള്ള അച്ചടക്ക നടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുമെന്നാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. അത് മാറ്റി സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സർക്കാർ ജീവനക്കാരാ യതുകൊണ്ട് 'ബോർഡിൽ' എന്നതുമാറ്റി 'സർക്കാരിൽ' എന്നാക്കി മാറ്റണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. അതുപോലെ 7-ാം ഖണ്ഡത്തിലെ 17 (4) - " (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാർ

വിരമിക്കുന്നതോടുകൂടി പ്രസ്തുത തസ്തികകൾ ബോർഡിലെ തസ്തികകളായി മാറുന്നതും അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ് എന്നതിനുപകരമായി "(1)-ാം ഉപവകുപ്പുപ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്നവർ വിരമിക്കുന്നതോടുകൂടി എൻട്രി തസ്തികകൾ ബോർഡിന്റെ തസ്തികയായി മാറ്റും എന്ന് മാറ്റം വരുത്തേണ്ടതാണ്. കൂടാതെ മാരിടൈം ബോർഡ് ജീവനക്കാരുടെ ശമ്പളം നിലവിൽ സർക്കാർ സഞ്ചിതനിധിയിൽ നിന്നാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നുണ്ട്. നിലവിലെ ഇരുനൂറ്റിയമ്പതോളം ജീവനക്കാർ വിരമിക്കുന്നതുവരെ മാരിടൈം ബോർഡിന്റെ സി.ഇ.ഒ.-യ്ക്ക് തുറമുഖ വകുപ്പ് ഡയറക്ടറുടെ ഭരണപരവും നിയമപരവും സാമ്പത്തികവുമായ എല്ലാ അധികാരങ്ങളും നൽകേണ്ടതാണെന്നുകൂടി ചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തുറമുഖ വകുപ്പിലും മറ്റ് അനുബന്ധ മേഖലകളിലും നേരത്തെ പ്രവർത്തിച്ചിരുന്ന ജീവനക്കാരുടെ സേവന-വേതന-വ്യവസ്ഥകൾ സുദൃഢമാക്കുക എന്ന ഉദ്ദേശ്യത്തോടെ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ, യഥാർത്ഥത്തിൽ ഈ മേഖലയിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ ഉതകുന്നതല്ലെന്നുള്ളതു കൊണ്ട് ഞാൻ എതിർക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ആർ. സുനിൽ കുമാർ)

ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. വി. സുമേഷ്: സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിൽ വൻകിട തുറമുഖമായ കൊച്ചി ഇന്റർനാഷണൽ പോർട്ടും പതിനേഴ് മൈനർ പോർട്ടുകളുമുൾപ്പെടെ പതിനെട്ട് തുറമുഖങ്ങളാണുള്ളത്. കേരളത്തിലെ 590 കിലോമീറ്ററുള്ള തീരദേശ മേഖലയിലെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടിയാണ് 2017-ൽ, ഒന്നാം പിണറായി വിജയൻ സർക്കാരിൽ തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി കേരള മാരിടൈം ബോർഡ് രൂപീകരിച്ചത്. ഇന്ത്യയിലെ ഒട്ടേറെ സംസ്ഥാനങ്ങളിലെ വൻകിട നഗരങ്ങളെല്ലാം രൂപപ്പെട്ടത് തുറമുഖവുമായി ബന്ധപ്പെട്ടാണ്. കൊച്ചിയുടെ അനുഭവം നമുക്കറിയാം. 'കൊച്ചി' കൊച്ചിയായി മാറിയത് തുറമുഖത്തിന്റെ വരവോടുകൂടിയാണ്. ഇന്ത്യയിൽ ഏറ്റവും വരുമാനമുള്ള തുറമുഖമാണ് പശ്ചിമ ബംഗാളിലെ കൊൽക്കത്ത പോർട്ട്. ചെന്നൈ, കേരളത്തിന്റെ തൊട്ടടുത്തുള്ള തൂത്തുക്കുടി, ഗുജറാത്തിലെ കണ്ട്‌ല, കർണാടകയിലെ മാംഗ്ലൂർ, ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം, മഹാരാഷ്ട്രയിലെ മുംബൈ, ഒഡീഷയിലെ

പാരദ്വീപ് തുടങ്ങിയ മൈനർ പോർട്ടുകൾ സ്ഥിതിചെയ്തിരുന്ന സ്ഥലമെല്ലാം വലിയ നഗര കേന്ദ്രങ്ങളായി മാറി. കേരളത്തിന്റെ ഭാവിയിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒന്നായിട്ടാണ് മാരിടൈം ബോർഡിന്റെ രൂപീകരണത്തെ ഗവൺമെന്റ് കാണുന്നത്. പ്രസ്തുത ബോർഡ് പരാജയമായിരുന്നുവെന്ന് ശ്രീ. ടി. ജെ. വിനോദ് പറഞ്ഞത് ശരിയല്ല, കാരണം വലിയ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. ഗവൺമെന്റ് കഴിഞ്ഞ ഒരു വർഷക്കാലം 'ചൗഗ്ലെ 8' ചരക്കുകപ്പൽ മുഖേന അഴീക്കൽ, കൊല്ലം, കൊച്ചി, ബേപ്പൂർ എന്നിവിടങ്ങളിൽ സർവ്വീസ് നടത്തുകയുണ്ടായി. 2800-ഓളം കണ്ടെയ്നർ റോഡുകളിൽനിന്നും മാറുന്ന സാഹചര്യമുണ്ടായി. ഇതൊരു വലിയ വികസന സാധ്യതയാണ്. അതിന് സഹായകരമാകുന്ന പന്ത്രണ്ട് ഭേദഗതികളാണ് 2022-ലെ മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്. അതിന്റെ ഹെഡ് ക്വാർട്ടേഴ്സ് കൊച്ചിയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് മാറുന്നു എന്നുള്ളതാണ് പ്രധാനം. തുറമുഖ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത് തിരുവനന്തപുരത്താണ്. പോർട്ടുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലും ഇടപെടാൻ സൗകര്യപ്രദമാകുന്നതിന് അതിന്റെ ആസ്ഥാനം തിരുവനന്തപുരമാകുന്നത് തന്നെയാണ് നല്ലത് എന്നതാണ് നമ്മുടെയെല്ലാം വ്യക്തിപരമായ അനുഭവം. കൊച്ചിയിൽ അതിന്റെ റീജിയണൽ ഓഫീസ് നിലനിർത്തുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ബോർഡ് ചെയർമാന്റെയും മറ്റംഗങ്ങളുടെയും കാലാവധി അഞ്ചുവർഷത്തിൽനിന്ന് മൂന്നുവർഷമായി ചുരുക്കുന്നതാണ് മറ്റൊരു പ്രധാനപ്പെട്ട ഭേദഗതിയായി പരാമർശിച്ചിരിക്കുന്നത്. മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗതയിലാക്കാൻ സഹായകരമാകുന്ന രീതിയിലാണ് അങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭരണപരമായ സൗകര്യത്തിന് വേണ്ടിയുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലുമായി ബന്ധപ്പെട്ട് പറയുമ്പോൾ, വികസന സാധ്യതകളെ നാം മുൻകൂട്ടി കാണണം. ചെറുകിട തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടാണ് ഗുജറാത്ത് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞത്. 1800-ാമാണ്ട് അവസാനത്തോടെ അഴീക്കൽ പോർട്ടിൽ ചരക്ക് ഗതാഗതം ആരംഭിച്ചിട്ടുണ്ടായിരുന്നു. അവിടെയുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലേയ്ക്കും പള്ളികളിലേയ്ക്കും അറേബ്യയിൽനിന്നും ഉരുവഴി ഒട്ടേറെ സാധനങ്ങൾ കൊണ്ടുവന്നതായിട്ടുള്ള രേഖകളുണ്ട്. 'വെസ്റ്റേൺ ഇന്ത്യ' വളരെ പ്രധാനപ്പെട്ട സ്ഥാപനമാണ്. ഖാദറുകുട്ടി സാഹിബ് അതിന്റെ ഹിസ്റ്ററി പരിശോധിച്ച് നോക്കിയപ്പോൾ 1936-ൽ അവിടേയ്ക്ക് ഉരുവഴി ചരക്ക് കൊണ്ടുവന്ന രേഖകൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, നമുക്കതിനെ വലിയ ഡെവലപ്മെന്റിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. കപ്പലൊക്കെ വരുന്ന നിലയിലേയ്ക്ക് മാറി എന്നതിനപ്പുറത്തേയ്ക്ക് പോകാൻ കഴിയുന്നില്ല. അതുകൊണ്ട്

തുറമുഖങ്ങളുടെ, പ്രത്യേകിച്ച് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് പ്രൊഫഷണൽ മാനേജ്മെന്റ് അനിവാര്യമായ കാര്യമാണ്. കേരളത്തിന്റെ ഭാവി പ്രധാനമായും അതിനെ ആശ്രയിച്ചാണ് നിൽക്കുന്നത്. രാവിലെ വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും മത്സ്യബന്ധന വകുപ്പുമന്ത്രിയുമെല്ലാം അതുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ പറയുകയും ചെയ്തു. അവിടത്തെ സമരം പരിഹരിക്കാനാവശ്യമായ ന്യായമായ നിലപാട് സ്വീകരിക്കുമെന്നുതന്നെയാണ് പറഞ്ഞത്. പക്ഷേ ഞാനൊരു അഭിപ്രായം പറയുകയാണ്; വിഴിഞ്ഞം തുറമുഖം പൂർത്തിയാക്കാൻ കഴിഞ്ഞാൽ ഇന്ത്യയിലെ ഒന്നാംകിട തുറമുഖ കേന്ദ്രമായി കേരളം മാറും. അതിന്റെ ഫീഡർ കേന്ദ്രമായി കൊല്ലം തുറമുഖം മാറുന്നതോടെ ഒട്ടേറെ ചരക്ക് സർവ്വീസ് നമുക്ക് ആരംഭിക്കാൻ കഴിയും. കൊല്ലം ജില്ലയിലെ നീണ്ടകരയിൽ വലിയ മാറ്റമുണ്ടാകും. അത് കൊല്ലത്തിന്റെ വികസനം മാത്രമായിരിക്കില്ല, തൊട്ടപ്പുറത്ത് ആലപ്പുഴയിലും പൊന്നാനിയിലും മൈനർ പോർട്ടുകളുണ്ട്. കൊച്ചി തുറമുഖം നമ്മുടെ പ്രധാനപ്പെട്ട കേന്ദ്രമാണ്. വിഴിഞ്ഞം തുറമുഖം വന്നാൽ കൊച്ചിക്ക് എന്തോ അപകടം സംഭവിക്കും എന്നുള്ള വാദത്തിന് പ്രസക്തിയില്ല. ഓരോ പോർട്ടിനും അതിന്റേതായ സാധ്യതകളുണ്ട്. വിഴിഞ്ഞം വളരെ പ്രധാനപ്പെട്ട കേന്ദ്രമായി മാറിയാൽ അത് കൊച്ചിയെ കൂടുതൽ ശക്തിപ്പെടുത്തും. അതുപോലെ ഏത് കാലാവസ്ഥയിലും ചരക്ക് കപ്പലുകൾക്ക് വരാൻ കഴിയുന്ന കേന്ദ്രമായി പൊന്നാനിയെ മാറ്റുകയെന്നത് ദീർഘകാലമായി ഉയർന്നുവരുന്ന ആവശ്യമാണ്. അതിനുവേണ്ടിയുള്ള പഠനവും പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ബേപ്പൂർ തുറമുഖം മലബാറിന്റെ വളരെ പ്രധാനപ്പെട്ട കേന്ദ്രമാണ്. കൂടാതെ അഴീക്കൽ, കാസർഗോഡ്-മഞ്ചേശ്വരം തുറമുഖങ്ങളുമുണ്ട്. മൈനർ പോർട്ടുകളുടെ വികസനത്തിൽ പ്രൊഫഷണൽ മെക്കാനിസത്തോടെ ഇടപെട്ടാൽ അത് വലിയ ചരക്ക് ഗതാഗത സർവ്വീസിന് വഴിയൊരുക്കും. പ്രശ്നങ്ങൾ പരിഹരിച്ച് വിഴിഞ്ഞം പോർട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞാൽ വരുന്ന ചരക്കിന്റെ ഫീഡർ പോയിന്റായി കൊല്ലം തുറമുഖം മാറുകയും മറ്റ് തുറമുഖങ്ങളെ ബന്ധപ്പെടുത്തി സർവ്വീസ് നടത്തുകയും ചെയ്താൽ വലിയ മാറ്റമുണ്ടാകും. ആ നിലയിൽ മാരിടൈം ബോർഡിന് പ്രവർത്തിക്കാൻ സഹായകരമായ ഒരു അന്തരീക്ഷം ഉണ്ടാക്കുക എന്നുള്ളതാണ് ഈ ഭേദഗതിയുടെ ഉദ്ദേശ്യമെന്നതാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. ടി. ജെ. വിനോദ് പറഞ്ഞതുപോലെ, ഇക്കാര്യങ്ങളിൽ എം.എൽ.എ.-മാർ എന്ന നിലയിൽ നമുക്ക് പ്രായോഗികമായ ഒരുപാട് പ്രശ്നങ്ങളുണ്ട്. മൂന്ന് ഗവൺമെന്റ് സെക്രട്ടറിമാർ പങ്കെടുത്തുകൊണ്ട് ബോർഡ് മീറ്റിംഗിലെടുക്കുന്ന തീരുമാനം അംഗീകാരത്തിനുവേണ്ടി വീണ്ടും അയയ്ക്കണമെന്ന നടപടിക്രമം ലഘൂകരിക്കണം. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും തുറമുഖ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞത്ത് ആരംഭിച്ച ക്രൂ ചേഞ്ചിംഗിലൂടെ ലക്ഷക്കണക്കിന് രൂപയുടെ വരുമാനമാണ് വകുപ്പിന് ലഭിച്ചുകൊണ്ടിരുന്നത്. പക്ഷേ ഇപ്പോൾ അത് നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുള്ള അഭിപ്രായം താങ്കൾക്കുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മാരിടൈം ബോർഡിന്റെ പല പ്രവർത്തനങ്ങൾക്കും വേഗതയില്ലെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. പല കാര്യങ്ങളുമായി ബന്ധപ്പെട്ട് മാരിടൈം ബോർഡിനെ സമീപിക്കുമ്പോൾ ഒന്നും ചെയ്യാൻ സാധിക്കാതെ അനന്തമായി നീണ്ടുപോകുകയാണ്. അത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ അതുതന്നെയാണ് പറഞ്ഞുവരുന്നത്. ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് പറഞ്ഞതുപോലെ വിഴിഞ്ഞം തുറമുഖ വികസനത്തിന് ക്രൂ ചേഞ്ചിംഗ് അനിവാര്യമായ കാര്യമാണ്. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് തുറമുഖ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. ക്രൂ ചേഞ്ചിംഗ് സംവിധാനങ്ങൾ ഉൾപ്പെടെ ആരംഭിക്കുകയും അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്താൽ, വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുമെന്നാണ് ഈ മേഖലയിലെ വിദഗ്ദ്ധർ പറയുന്നത്. ശ്രീ. എ. എൻ. ഷംസീർ ചൂണ്ടിക്കാണിച്ചതും ഇതിന്റെ പ്രായോഗിക വശത്തേയ്ക്ക് വരുമ്പോഴുള്ള പ്രശ്നമാണ്. എന്തായാലും മാറ്റമുണ്ടാക്കിയേ പറ്റൂ. മാരിടൈം ബോർഡ് നിലവിൽ വന്നുകഴിഞ്ഞു. തുറമുഖ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രശ്നങ്ങളുണ്ട്. ഒരു ബോർഡിന് കീഴിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം ലഭിച്ച ഉദ്യോഗസ്ഥർ വരുമ്പോൾ അവർക്ക് ആശങ്കകളുണ്ടാകും. അതെല്ലാം പരിഹരിക്കുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സർക്കാർ ജീവനക്കാരായിത്തന്നെ ബോർഡ് നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതിന് ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. കൂടുതൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ചർച്ച ചെയ്യാവുന്നതാണ്. മാരിടൈം ബോർഡിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി പ്രൊഫഷണൽ മെക്കാനിസം അനിവാര്യമാണ്. ഇനി പുറകോട്ട് പോകാൻ പാടില്ല. മലബാർ മേഖലയിൽ ബേപ്പൂർ കഴിഞ്ഞാൽ, ബ്രിട്ടീഷുകാരുടെ കാലംമുതലുള്ള വളരെ പ്രധാനപ്പെട്ട മൈനർ പോർട്ടാണ് തലശ്ശേരി. കാസർഗോഡ് മേഖലയിൽ മഞ്ചേശ്വരം തുറമുഖമുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാപ്പി കയറ്റുമതി ചെയ്യുന്ന സ്ഥലമാണ് കുടക്. അത് മുഴുവൻ മംഗലാപുരം വഴിയാണ് പോകുന്നത്. കുടകുമായി ബന്ധപ്പെടുമ്പോൾ പറയുന്നത്, അവർക്ക് അടുത്തുള്ള സ്ഥലം മലബാർ ആണെന്നാണ്. റോഡ് കണക്റ്റിവിറ്റി ശരിയായി വന്ന സ്ഥിതിക്ക് കുടകിലെ മുഴുവൻ കാപ്പിയും അഴീക്കൽ

പോർട്ടിലേയ്ക്ക് കൊണ്ടുവരാൻ കഴിയും. അതല്ല ബേപ്പൂരിലേയ്ക്കാണ് പോകേണ്ടതെങ്കിൽ പകുതി അവിടേയ്ക്കും കൊണ്ടുപോകാം. അതുകൊണ്ട് കുടകിൽനിന്നും കാപ്പി ശേഖരിച്ചാൽ വലിയ കണ്ടെയ്നർ നമുക്ക് ലഭ്യമാകും. നിലവിൽ വെസ്റ്റേൺ ഇന്ത്യ, മലബാർ ടൈൽസ് ആൻഡ് സാനിട്ടേഷൻസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയ്ക്ക് മാസംതോറും ഇരുനൂറ്റിയമ്പതോളം കണ്ടെയ്നറുകൾ വരുന്നുണ്ട്. 25 കണ്ടെയ്നറുകൾ കിട്ടിയാൽ ലാഭകരമാണെന്നാണ് കപ്പലുകാർ പറയുന്നത്. അതുകൊണ്ട് മാരിടൈം ബോർഡ് ഒരു കപ്പൽ നിർമ്മിക്കുകയോ വാടകയ്ക്കെടുക്കുകയോ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. അല്ലാതെ ഈ വിഷയത്തിന് പരിഹാരമില്ല; അതിന് സന്നദ്ധമാണോ എന്നുള്ളതാണ് ഏറ്റവും പ്രധാനം. ഏകദേശം 20 കോടി രൂപയ്ക്ക് കപ്പൽ ലഭ്യമാകുമെന്നാണ് വിദഗ്ദ്ധർ പറയുന്നത്. അതിനെക്കുറിച്ച് എനിക്കറിയില്ല. നമുക്ക് മണലിൽനിന്ന് വരുമാനം ലഭിക്കുന്നുണ്ട്. സർക്കാർ ഈ വിഷയത്തെ ഗൗരവമായി കണ്ട് മാരിടൈം ബോർഡിന് സ്വന്തമായി ഒരു ചരക്കുകപ്പൽ വാങ്ങണം. വിഴിഞ്ഞം തുറമുഖം വരുന്നതോടുകൂടി കൊല്ലം ഫീഡർ പോയിന്റാകുന്നതിനാൽ കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കോട് ഉൾപ്പെടെയുള്ള പോർട്ടുകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഗതാഗത സർവ്വീസ് സംബന്ധിച്ച് അടിയന്തരമായി തീരുമാനമെടുക്കണം. അങ്ങനെയൊരു തീരുമാനമെടുത്താൽ വലിയ മാറ്റമാണുണ്ടാകാൻ പോകുന്നത്. വ്യാപാരികൾക്ക് സ്റ്റെബിലിറ്റി വളരെ പ്രധാനമാണ്; അവർക്ക് ചരക്കിനുവേണ്ടി കാത്തുനിൽക്കാൻ പറ്റില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു വർഷക്കാലം 'ചൗഗ്ലെ 8' എന്ന കപ്പൽ മുഖേന ചരക്ക് സർവ്വീസ് നടത്തിയത് അഭിനന്ദനമർഹിക്കുന്നതാണ്. അവർക്ക് ഇൻസെന്റീവ് കൊടുത്താണ് ഗവൺമെന്റ് അത് ചെയ്തത്. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി അക്കാര്യത്തിൽ വലിയ ഇടപെടലാണ് നടത്തിയത്. പക്ഷേ കൂടുതൽ ലാഭമുണ്ടായപ്പോൾ അവർ മറ്റൊരു പോയിന്റിലേയ്ക്ക് പോയി. അതുകൊണ്ട് സ്റ്റെബിലിറ്റി നൽകിയാൽ ഇതെല്ലാം ഒഴിവാക്കി ചരക്കുഗതാഗതം സുഗമമായി നടക്കും. കപ്പൽ കൃത്യദിവസംതന്നെ വരുമെന്ന സ്ഥിതിയുണ്ടായാൽ ചരക്ക് നൽകാൻ സന്നദ്ധമാണെന്നാണ് ഈ മേഖലയിലെ വ്യാപാരികൾ പറയുന്നത്. ഇത് കേരളത്തിൽ വലിയൊരു മാറ്റമുണ്ടാക്കുകയും ചെയ്യും. അഴീക്കോട്, ബേപ്പൂർ, നീണ്ടകര എന്നീ ഇന്റർമീഡിയറ്റ് പോർട്ടുകളുടെയും 8 മൈനർ പോർട്ടുകളുടെയും വികസനത്തിലൂടെ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കിയെടുക്കാൻ കഴിയുമെന്ന ആത്മവിശ്വാസമുണ്ട്. ഷിപ്പിംഗ് വരുന്നതോടുകൂടി അനുബന്ധ ടൂറിസം മേഖലയിലും വലിയ മാറ്റമുണ്ടാകും. അതുപോലെ മത്സ്യത്തൊഴിലാളികളുൾപ്പെടെ തീരദേശ മേഖലയിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് ഈ മേഖലയിൽ നല്ല തൊഴിലവസരങ്ങൾ ലഭിക്കാൻ കഴിയുന്നൊരു സാഹചര്യമുണ്ടാകും. അതുകൊണ്ട്

മാരിടൈം ബോർഡിന്റെ പ്രവർത്തനത്തിൽ പ്രൊഫഷണൽ മെക്കാനിസം അനിവാര്യമായി വന്നിരിക്കുന്ന ഒരു ഘട്ടമാണ് നമ്മുടെ മുന്നിലുള്ളത്. അതിന് സഹായകരമാകുന്ന ഒന്നായിട്ടുവേണം ഈ ഭേദഗതിയെ കാണേണ്ടത്. സർക്കാർ ശ്രദ്ധേയമായി ഇടപെടുന്നതിന്റെ ഭാഗമായിട്ടാണ് പോർട്ടുകളുടെ വികസനം വരുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതി യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കൊണ്ടുവന്നതാണ്. വികസന രംഗത്ത് സങ്കുചിതമായ രാഷ്ട്രീയവാദമൊന്നും നമ്മളാരും ഉന്നയിക്കുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും ആ പദ്ധതി തുടർന്നുകൊണ്ടുപോകുകയാണ് ചെയ്തത്. വിഴിഞ്ഞം പദ്ധതിയെ ഞങ്ങൾ തകർക്കാൻ ശ്രമിക്കുന്നുവെന്ന് പറയുന്ന വാദമൊന്നും ശരിയല്ല. എൽ.ഡി.എഫ്. അക്കാര്യത്തിൽ അന്നത്തെ കാലത്ത് സ്വീകരിച്ച സമീപനമെന്താണെന്ന് പത്രമെടുത്ത് വായിച്ചാൽ മനസ്സിലാകും. അന്ന് ഞങ്ങൾ പറഞ്ഞ ആശങ്ക തന്നെയാണ് ഇപ്പോഴുമുള്ളത് എന്നുപറഞ്ഞ് ആശങ്കപ്പെട്ടിരിക്കുകയല്ലല്ലോ ചെയ്യുന്നത്. നിങ്ങൾ ആരംഭിച്ച പ്രോജക്ടായതിനാൽ നടപ്പിലാക്കില്ലെന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചോ; ഇല്ല. ആ പ്രോജക്ട് പൂർത്തീകരിക്കാനാവശ്യമായ വികസന രാഷ്ട്രീയ സമീപനമാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോഴുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിച്ച് അത് പൂർത്തീകരിക്കാൻ കഴിയുന്നൊരു സാഹചര്യമുണ്ടാകണം. ഭരണഘടനാനുസൃതമായും നിയമപരമായും വികസന രംഗത്ത് മാതൃകാപരമായും പ്രവർത്തിക്കുന്നൊരു ഗവൺമെന്റാണ് കേരളത്തിന്റേത്. ആ ഗവൺമെന്റിനെ തെറ്റായ വഴിയിലൂടെ മോശമായി ചിത്രീകരിക്കാൻ ശ്രമിച്ചാൽ അത് നടക്കാൻ പോകുന്ന കാര്യമല്ലെന്ന് കേരളത്തിലെ ജനങ്ങൾ പറയുകയും ചെയ്യും.

മട്ടന്നൂരിൽ നമുക്ക് വലിയ അപകടം സംഭവിച്ചുവെന്ന തരത്തിൽ ബഹുമാന്യനായ എം. വിൻസെന്റ്, എം.എൽ.എ. നേരത്തെ പറയുകയുണ്ടായി. 2012-ലെ മട്ടന്നൂർ ഇലക്ഷനിൽ ഞങ്ങൾക്ക് 20-ഉം നിങ്ങൾക്ക് 14 സീറ്റുമാണ് ലഭിച്ചത്. അതിനുമുൻപത്തെ തെരഞ്ഞെടുപ്പിനേക്കാൾ നിങ്ങളുടെ സീറ്റ് വർദ്ധിച്ചുവെന്നതിനെ മോശമായി കാണുന്നില്ല. എന്തെങ്കിലും പരിശോധിക്കാനുണ്ടെങ്കിൽ ഞങ്ങളത് ചെയ്തോളാം. എന്നാൽ മട്ടന്നൂർ ഇലക്ഷനിൽ ഞങ്ങൾക്ക് ക്ഷീണമുണ്ടായി, ഞങ്ങൾ തകർന്നുപോയി എന്ന വിലയിരുത്തൽ ശരിയല്ല. കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ എൽ.ഡി.എഫ്-ന് ആകെ ഒരു സീറ്റ് മാത്രമേ ലഭിച്ചുള്ളൂ. പക്ഷേ കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് തുടരുകയല്ലേ ചെയ്തത്. രാഷ്ട്രീയത്തിലെ ചെറിയ വീഴ്ചകളെയൊക്കെ സൂക്ഷ്മമായി പരിശോധിച്ച് ശക്തമായി തിരിച്ചുവരാനുള്ള ബഹുജന അടിത്തറയുള്ള

രാഷ്ട്രീയ പാർട്ടിയാണ് എൽ.ഡി.എഫ്. ഞങ്ങളതൊക്കെ പരിഹരിച്ചുതന്നെ മുന്നോട്ടുപോകും. ഞങ്ങൾക്ക് അതിലൊന്നും ബേജാറില്ല. ഇലക്ഷന്റെ ഭാഗമായി എന്തെങ്കിലും പരിശോധിക്കാനുണ്ടെങ്കിൽ അത് പരിശോധിക്കുകയും ഫലം വിലയിരുത്തുകയും ചെയ്യുന്ന ഒരു സാഹചര്യമുണ്ടാകും. പക്ഷേ 2012-ൽ നിങ്ങൾക്ക് 14-ഉം ഞങ്ങൾക്ക് 20 സീറ്റുമാണ് ഉണ്ടായിരുന്നത്. അതേ സ്റ്റാറ്റസാണ് ഇപ്പോഴും മെയിന്റയിൻ ചെയ്തിരിക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മട്ടന്നൂരിൽ 9 സീറ്റുകളിൽ ബി.ജെ.പി. രണ്ടാം സ്ഥാനത്തുണ്ടായിരുന്നു. ഇത്തവണ അത് നാല് വാർഡുകളിൽ മാത്രമേയുള്ളൂ എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ വാർഡ് തോറ്റുവെന്നൊരു തെറ്റായ പ്രചാരണമുണ്ടായിരുന്നു. 546 വോട്ടിനാണ് ആ വാർഡിൽ നമ്മൾ ജയിച്ചത്. എതിർ സ്ഥാനാർത്ഥിക്ക് 86 വോട്ട് മാത്രമാണ് ലഭിച്ചത്. അവിടെ വർഗ്ഗീയ ശക്തികൾക്കെതിരെ ഏറ്റവും ശക്തമായ നിലപാടാണ് നമ്മൾ സ്വീകരിച്ചത്. ഒരു കാരണവശാലും ബി.ജെ.പി. അവിടെ ജയിക്കാൻ പാടില്ല, ജനാധിപത്യ പാർട്ടികളായിരിക്കണം അവിടെ ജയിക്കേണ്ടത് എന്ന പൊളിറ്റിക്കൽ ക്യാമ്പയിനാണ് നമ്മൾ ശക്തമായി ഏറ്റെടുത്തത്. ഞങ്ങളെല്ലാം ആ ക്യാമ്പയിന് പോയിരുന്നു. കഴിഞ്ഞ തവണ 8 സീറ്റുണ്ടായിരുന്ന ബി.ജെ.പി.-ക്ക് ഇത്തവണ നാല് സീറ്റ് മാത്രമാണ് ലഭിച്ചത്. ഇതെല്ലാം സാന്ദർഭികമായി സൂചിപ്പിച്ചുവെന്നേയുള്ളൂ. മാരിടൈം ബോർഡ് ഭേദഗതി എന്നത് കേരളത്തിന്റെ ഭാവി വികസനത്തിന് ഏറ്റവും അനിവാര്യമാണ്. പ്രൊഫഷണൽ മെക്കാനിസത്തോടുകൂടി നമ്മൾ തുറമുഖങ്ങളെ സമീപിക്കണം. അഴീക്കൽ പോർട്ടിൽ ഡ്രഡ്ജിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രൊഫഷണൽ മെക്കാനിസം വേണം. ഡ്രഡ്ജ് ചെയ്ത് മണൽ മാറ്റാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കണം. മണൽ വളരെ പ്രധാനമാണ്. കേരളത്തിൽ മണൽക്ഷാമമുണ്ട്. ഒരു പ്രൊഫഷണൽ സംവിധാനമുണ്ടായാൽ ആളുകൾക്ക് നമ്മൾ നിശ്ചയിക്കുന്ന വിലയ്ക്ക് മണൽ കൊടുക്കാൻ സാധിക്കും. തുറമുഖങ്ങളുടെ ദൂരപരിധി ഉൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. മാരിടൈം ബോർഡ് ഭേദഗതി എന്നത് കേരളത്തിൽ വരാൻപോകുന്ന വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിന്റെയും നിലവിലുള്ള കൊച്ചി പോർട്ടിന്റെയും ഇന്റർമീഡിയറ്റ് പോർട്ടുകളുടെയും മറ്റ് മൈനർ പോർട്ടുകളുടെയുമെല്ലാം സമഗ്ര വികസനത്തിന് സഹായകരമാകുന്ന അനിവാര്യമായ ഒന്നാണ്. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ദേശീയ നയത്തിന്റെ ഭാഗമായി ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും 2012-ൽ

മാരിടൈം ബോർഡ് രൂപീകരിച്ചിരുന്നു. എന്നാൽ 2017-ൽ കേരള മാരിടൈം ബോർഡ് ആക്ട് നിയമസഭ പാസ്സാക്കുകയും മാരിടൈം ബോർഡ് കേരളത്തിൽ നിലവിൽ വരുകയും ചെയ്തു. റെയിൽ, വിമാനത്താവളം, റോഡുകൾ എന്നിവ പോലെ മുന്തിയ പരിഗണനയും ശ്രദ്ധയും വേണ്ട മേഖലയാണ് തുറമുഖങ്ങൾ. ഈ ഗൗരവത്തോടെ തുറമുഖങ്ങളെ സമീപിച്ച എല്ലാ രാജ്യങ്ങളും വികസന പന്ഥാവിൽ ബഹുദൂരം മുന്നിലെത്തിയിട്ടുണ്ട്. 590 കിലോമീറ്റർ തീരദേശമുള്ള കേരളത്തിന് ദൗർഭാഗ്യവശാൽ വിവിധ കാരണങ്ങൾകൊണ്ട് ഈ രംഗത്ത് പ്രസ്താവ്യമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പോയകാലത്തെ വീഴ്ചകളെ പഴിച്ച് കാലം കഴിക്കുന്നതിൽ അർത്ഥമില്ല. സജീവമായ ഇടപെടലുകളിലൂടെ നമ്മുടെ തുറമുഖങ്ങളെയും തീരങ്ങളെയും സക്രിയമാക്കി സംസ്ഥാനത്തിന്റെ ചരക്കുഗതാഗത നീക്കങ്ങളിലും തൊഴിലവസര സൃഷ്ടിപ്പിലും സാധ്യമാകുംവിധം മുന്നേറ്റമുണ്ടാക്കാനാണ് സംസ്ഥാന തുറമുഖ വകുപ്പ് ആഗ്രഹിക്കുന്നത്. ഇതിനുവേണ്ടി 2017-ൽ നാം പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ആക്ടിലെ ചില പ്രായോഗികവും ഭരണപരവുമായ പ്രയാസങ്ങൾക്ക് പരിഹാരം കാണാനാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. സർവ്വീസ് നിബന്ധനകൾ സംബന്ധിച്ച പ്രശ്നങ്ങൾ ഉന്നയിച്ച് ജീവനക്കാരുടെ സംഘടനകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. സർക്കാർ നേരിട്ട് ശമ്പളം നൽകുന്നതിനെയും ലീവ്, പെൻഷൻ, സ്ഥലംമാറ്റം തുടങ്ങിയവയെയും സംബന്ധിച്ചാണ് അവരുടെ പ്രധാന ആവശ്യങ്ങൾ. സർക്കാർ ജീവനക്കാരായി പി.എസ്.സി. മുഖാന്തരം സർവ്വീസിൽ പ്രവേശിച്ച ഇവരുടെ പ്രശ്നത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് തുറമുഖ വകുപ്പുസെക്രട്ടറി വിവിധ യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആക്ടിൽ ചില ഭേദഗതികൾ വരുത്തിയാൽ മാത്രമേ ജീവനക്കാരുടെ പ്രശ്നങ്ങളും ഭരണപരമായ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുകയുള്ളൂവെന്ന് വ്യക്തമായ സാഹചര്യത്തിലാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ക്രൂ ചേഞ്ചിംഗ് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ ഒരു പ്രത്യേക സാഹചര്യത്തിലാണ് ക്രൂ ചേഞ്ചിംഗിനുള്ള അനുമതി നൽകിയിരുന്നത്. കോവിഡുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ക്രൂ ചേഞ്ചിംഗിന് അനുവാദമില്ലാതിരുന്ന പ്രത്യേക ഘട്ടത്തിലാണ് ഒരു സ്പെഷ്യൽ കേസ് എന്ന നിലയ്ക്ക് നമുക്ക് അന്ന് അനുമതി ലഭിച്ചത്. വകുപ്പിന് അതുവഴി ഭീമമായ വരുമാനമുണ്ടായിട്ടുണ്ട് എന്നത് ശരിയാണ്. വളരെ പെട്ടെന്നാണ് കേന്ദ്ര സർക്കാർ അത് പിൻവലിക്കുന്നതിനുള്ള തീരുമാനമെടുത്തത്. ഉടൻതന്നെ കേന്ദ്ര ഗവൺമെന്റുമായും കേന്ദ്ര മന്ത്രിയുമായും കത്തിടപാടുകൾ നടത്തുകയും ഇക്കാര്യത്തിൽ ഒരു തീരുമാനം, പുനർവിചിന്തനം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അക്കാര്യങ്ങൾ പഠിച്ച്, പരിശോധിച്ച് പറയാമെന്ന രീതിയിൽ മറുപടി കത്തും ലഭിച്ചിട്ടുണ്ട്. അത്

തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയാണ് ഇപ്പോഴുമുള്ളത്. ഈ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പുരോഗതിയെക്കുറിച്ചുമൊക്കെ ശ്രീ. ടി. ജെ വിനോദും ശ്രീ. കെ. വി. സുമേഷും ഒരുപാട് പ്രായോഗികമായ നിർദ്ദേശങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങളൊക്കെ ഉൾക്കൊണ്ടുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ടി. ജെ. വിനോദ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. വി. സുമേഷ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iv) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, ഇതൊരു ചെറിയ ബില്ലാണ്. 2008-ലാണ് പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് രൂപംകൊള്ളുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 2009-ൽ പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് രൂപീകരിക്കപ്പെട്ടു. ആക്ടിലെ 12-ാം വകുപ്പുപ്രകാരം 23 തസ്തികകൾ ബോർഡിൽ സൃഷ്ടിക്കുകയും 12 (2) വകുപ്പനുസരിച്ച് ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നിയമന രീതികൾ സംബന്ധിച്ച റൂളിന് രൂപം നൽകുകയും ചെയ്തിരുന്നു. എന്നാൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി പ്രസ്തുത റൂൾ പരിശോധിക്കുകയും നേരിട്ടുള്ള നിയമനം പി.എസ്.സി. മുഖാന്തരമായിരിക്കണമെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തണമെങ്കിൽ 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ആക്ടിലും അതുമായി ബന്ധപ്പെട്ട 1971-ലെ റൂളിലും ഭേദഗതി വരുത്തേണ്ടതുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുവേണ്ടി ഈ നിയമത്തിലെ 'കോർപ്പറേഷൻ' എന്ന നിർവ്വചനത്തിനുകീഴിൽ കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിനെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതാണ് ഈ നിയമ ഭേദഗതി. അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം എല്ലാവരും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. നജീബ് കാന്തപുരം: സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പിൻവാതിൽവഴി കേരളത്തിലെ ഏതാണ്ട് എല്ലാ നിയമനങ്ങളും നടക്കുന്ന സന്ദർഭത്തിൽ നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് എന്നിവയിലെ നിയമനം പി.എസ്.സി.-ക്ക് വിടാനുള്ള സർക്കാർ നീക്കം ആശ്വാസകരമാണ്. എന്നാൽ 'റൂട്ട്സ്' നഷ്ടപ്പെട്ട നോർക്ക ഇന്നൊരു പടുമരമായി തീർന്നുവെന്നല്ലാതെ പ്രവാസികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനമെന്താണെന്നത്

സംബന്ധിച്ച് ഗൗരവമായ ചർച്ച ഈ സന്ദർഭത്തിൽ ഉചിതമാണെന്ന് ഞാൻ വിചാരിക്കുകയാണ്.നോർക്കയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കാൻ കോടിക്കണക്കിന് രൂപ പാഴാക്കിക്കളയാതെ ആസ്ഥാനമില്ലാതായ പ്രവാസികൾക്ക് ജീവിതം കരുപിടിപ്പിക്കാൻവേണ്ടിയുള്ള നടപടിയാണുണ്ടാകേണ്ടതെന്ന് സർക്കാരിനെ ഓർമ്മിപ്പിക്കാൻകൂടി ഈ അവസരം ഉപയോഗിക്കുകയാണ്. പ്രവാസികളെക്കുറിച്ച് പലതരത്തിലുള്ള ഓർമ്മകൾ നമ്മുടെയെല്ലാം മനസ്സിലുണ്ടാകും. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് എനിക്ക് വ്യക്തിപരമായൊരു അനുഭവമുണ്ടായി. ഒരു പെൺകുട്ടി എന്റെ ഓഫീസിൽവന്ന് അവൾക്ക് ഒരു തരത്തിലും പഠിക്കാനുള്ള സാഹചര്യമില്ലെന്നും പഠിക്കാനാവശ്യമായ സഹായം നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി. ഞാൻ ആ കുട്ടിയുടെ കുടുംബത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ ആ പെൺകുട്ടി പറഞ്ഞ കഥ അത്യധികം മനസ്സിനെ വേദനിപ്പിക്കുന്നതായിരുന്നു. ആ കുട്ടിയുടെ പിതാവ് ഒരു പ്രവാസിയായിരുന്നു. വളരെ നന്നായി ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനിടെയാണ് കിഡ്നി തകരാറിലായതിനെത്തുടർന്ന് അദ്ദേഹത്തിന് നാട്ടിലേയ്ക്ക് തിരിച്ചുവരേണ്ടിവന്നത്. നാട്ടിലെത്തിയ അദ്ദേഹം കുറേ ചികിത്സയൊക്കെ നടത്തി; ഡയാലിസിസിന് വിധേയമായി; സമ്പാദ്യങ്ങളെല്ലാം ചികിത്സയ്ക്കുവേണ്ടി ചെലവഴിച്ചിട്ടും രക്ഷപ്പെടാതെ വന്ന സാഹചര്യത്തിൽ ചികിത്സ മുന്നോട്ട് കൊണ്ടുപോകേണ്ടെന്ന് അദ്ദേഹം തന്റെ മക്കളോട് പറയുകയുണ്ടായി. കാരണം, അവർക്കാകെയുള്ള സമ്പാദ്യം ഒരു കൊച്ചു വീടും സ്ഥലവും മാത്രമാണ്. പക്ഷേ സമ്പാദ്യത്തേക്കാളും വീടിനേക്കാളും പ്രധാനം അച്ഛന്റെ ജീവനാണെന്നാണ് ആ കുട്ടികൾ പറഞ്ഞത്. വീട് വിറ്റെങ്കിലും കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ചെയ്യണമെന്ന് അവർ പറഞ്ഞു. അവസാനം ഗത്യന്തരമില്ലാതെ, കുട്ടികളുടെ നിർബന്ധത്തിന് വഴങ്ങി വീടും പറമ്പും വിറ്റ് അദ്ദേഹം കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്തു. പക്ഷേ ആറ് മാസത്തിനകം അദ്ദേഹം മരണപ്പെട്ടു. ആ മരണം അനാഥമാക്കിയത് മൂന്ന് പെൺകുട്ടികളെയും ഒരു അമ്മയെയുമാണ്. അവർ പൂർണ്ണമായും തെരുവിലാകുന്ന സാഹചര്യം വന്നു. അവർക്ക് ആരുമില്ലാതെയായി. ഇദ്ദേഹം ഗൾഫിലായിരുന്നപ്പോൾ സഹായിച്ചിരുന്ന കുടുംബാംഗങ്ങൾപോലും ശത്രുക്കളെപ്പോലെയായി. ആ സന്ദർഭത്തിൽ ആ കുട്ടികളോട് കുടുംബത്തിലെ ഒരാൾ ചോദിക്കുന്ന ചോദ്യം എന്റെ മനസ്സിനെ ഏറെ വേദനിപ്പിച്ചു. അത് സഭയിൽ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ കുടുംബത്തിലെ മുതിർന്ന ഒരംഗം ആ കുട്ടിയോട് പറഞ്ഞു, 'ഭക്ഷണം കഴിക്കാനില്ലാത്തവർ പഠിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിക്കേണ്ട' എന്ന്. ഇതൊരു പ്രവാസിയുടെ ഒറ്റപ്പെട്ട കഥ മാത്രമല്ല. നമ്മുടെ നാട്ടിലുള്ള പ്രവാസികളിലേറെയും അനുഭവിക്കുന്ന തീരാദുരിതത്തിന്റെ കഥകളിലൊന്നാണിത്. ഇത്തരത്തിൽ ജീവിക്കുന്ന പ്രവാസികൾക്കുവേണ്ടി നമ്മൾ എന്താണ് ഒരുക്കിവച്ചിരിക്കുന്നത്? നമ്മൾ എപ്പോഴും പ്രവാസികളെയും അവർ ചെയ്ത സേവനങ്ങളെയും കുറിച്ച് വർത്തമാനം പറയുന്നവരാണ്. പക്ഷേ അവർക്കുവേണ്ടി

നാം ഉണ്ടാക്കിയ സംവിധാനമെന്താണ്? ലോക കേരളസഭ എന്ന പേരിൽ ഒരു ധൂർത്ത് സഭ നമ്മൾ നടത്തി. മൂന്ന് ലോക കേരളസഭകൾ നടത്തിയതുകൊണ്ട് കേരളത്തിന് എന്ത് ഗുണമാണുണ്ടായത്; അതിന്റെ ഔട്ട്പുട്ട് എന്തായിരുന്നു; അതിൽ എന്താണ് നടപ്പാക്കിയത്? ഒരു ആത്മപരിശോധന നടത്തേണ്ട ഘട്ടംകൂടിയാണ് ഇതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. കോവിഡ് വന്നപ്പോൾ നമ്മുടെ സമീപനമെന്തായിരുന്നു; മരിച്ചവരിൽത്തന്നെ നമ്മൾ മലയാളികളെന്നും പ്രവാസികളെന്നും വേർതിരിച്ചില്ലേ; കേരളത്തിൽ മരിച്ചവർക്ക് ആനുകൂല്യം നൽകി. എന്നാൽ, വിദേശത്തുവച്ച് മരിക്കുന്ന മലയാളിക്ക് ആനുകൂല്യമില്ല. എന്തൊരു നീതി നിഷേധമായിരുന്നു; ഇവിടെ മരിച്ചവരെ മാത്രമാണ് മലയാളികളായി കണ്ടത്. ഇവിടെയുള്ളവരെ ജീവിപ്പിക്കാൻവേണ്ടി എല്ലുമുറിയെ പണിയെടുത്തവരാണ് അവരെന്ന കാര്യം നമ്മൾ എത്ര വേഗമാണ് മറന്നുകളഞ്ഞത്. അവർ മരിച്ചത് നാട്ടിൽ വച്ചായിരുന്നുവെങ്കിൽ ആനുകൂല്യം ലഭിക്കുമായിരുന്നു എന്നു പറഞ്ഞാൽ അതിനർത്ഥം അവർ മലയാളിയല്ല എന്നാണ്. അത്തരത്തിൽ അവർ മലയാളിയല്ലെന്ന് നമ്മൾ പച്ചയ്ക്ക് പറയുന്ന ഒരു സാഹചര്യമല്ലേ ഉണ്ടായത്. നാം എവിടെയാണ് പ്രവാസികൾക്കൊപ്പം നിന്നത്? ഇന്നും പ്രവാസി നമുക്കൊരു കൗതുകവസ്തു മാത്രമാണ്. പണം നിർമ്മിക്കുന്ന വെറുമൊരു യന്ത്രം മാത്രമാണ്. ആ മനുഷ്യരുടെ ജീവത്യാഗത്തിന് നമ്മൾ എന്താണ് പകരം കൊടുത്തത്? ഈ ബില്ലിലെ ചർച്ച അത്തരമൊരു സോഷ്യൽ ഓഡിറ്റാകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷക്കാലം കോവിഡ് വരിഞ്ഞുമുറുക്കിയപ്പോൾ നാം അവരോട് പെരുമാറിയത് എങ്ങനെയാണ്; നാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസിയോട് കാണിച്ച നന്ദികേടിന്റെ ആഴം എത്രയായിരുന്നു? കോവിഡിന്റെ ആദ്യകാലം റൂട്ട് മാപ്പുകളുടെ കാലമായിരുന്നു. പഴയകാല പ്രവാസികൾ അനുഭവിച്ച എല്ലാ ദുരിതങ്ങളുടെയും ആവർത്തനമായിരുന്നു പുതിയ കാലത്തെ പ്രവാസികളുടെ അനുഭവം. അത്തറിന്റെയും സ്പ്രേയുടെയും പരിമളം മാത്രമല്ല പ്രവാസി; വിയർപ്പിന്റെയും കണ്ണീരിന്റെയും ഉപ്പുകൂടിയാണവർ എന്ന് നാം മനസ്സിലാക്കണം.

1991-ലെ ഇറാഖ്-കുവൈറ്റ് യുദ്ധം, 2013-ൽ സൗദിഅറേബ്യയിൽ ആരംഭിച്ച സ്വദേശിവൽക്കരണം എന്നിവമൂലം തൊഴിൽ നൈപുണ്യമുള്ള ആളുകളെപ്പോലും നാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്ന സാഹചര്യമുണ്ടായി. എന്നാൽ തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കാൻ കാര്യമായൊന്നും ചെയ്യാൻ നമുക്ക് ഇപ്പോഴും സാധിച്ചിട്ടില്ല. എത്ര തൊഴിൽ നൈപുണ്യം നേടിയാണ് അവർ തിരിച്ചുവരുന്നതെന്ന കാര്യം നമ്മൾ ആലോചിക്കണം. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പഠനപ്രകാരം 14.17 ലക്ഷം പ്രവാസികളാണ് കോവിഡിനെ തുടർന്ന് നാട്ടിലെത്തിയതെങ്കിൽ അതിൽ 3.32 ലക്ഷം പ്രവാസികൾക്കും ഇതുവരെ തിരിച്ചുപോകാൻ കഴിഞ്ഞിട്ടില്ല. അതായത് തൊഴിൽ നൈപുണ്യം നേടിയ 3 ലക്ഷത്തോളം മനുഷ്യർ ഈ നാട്ടിലുണ്ട്. സർക്കാർ

കണക്കുപ്രകാരം 24 ലക്ഷം പ്രവാസികളാണ് ഗൾഫിൽ മാത്രമുള്ളതെന്ന് നാം ഓർക്കണം. വിദേശ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാൻവേണ്ടി പല രാജ്യങ്ങളും നിയമം നടപ്പാക്കിക്കൊണ്ടിരിക്കുന്ന സമയമാണിത്. അന്തർദ്ദേശീയ യാത്രയുടെ നിബന്ധനകൾ അവർക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. സൗദിഅറേബ്യയിൽ തൊഴിൽ വിസയുമായി ബന്ധപ്പെട്ട് പാസ്സാക്കിയ പുതിയ നിയമങ്ങൾ വലിയതോതിൽ അവരെ പ്രയാസപ്പെടുത്തുന്നു. വർക്ക് പെർമിറ്റിലും റെസിഡന്റ് പെർമിറ്റിലും ഫീസ് വർദ്ധിപ്പിച്ചതോടുകൂടി അവർക്ക് നിൽക്കക്കള്ളിയില്ലാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. നാട്ടിൽ കുടുങ്ങിയ പ്രവാസികളിൽ 71 ശതമാനവും ഇപ്പോൾ തൊഴിൽരഹിതരായി നിൽക്കുകയാണ്. ലോക കേരളസഭയിൽ പ്രഖ്യാപിച്ച നിരവധി പദ്ധതികളിൽ ഏതാണ് നടപ്പാക്കിയത്; ഏത് പദ്ധതിയാണ് നമുക്ക് കൊണ്ടുവരാൻ സാധിച്ചത്? തിരിച്ചെത്തിയ പ്രവാസികളിൽ ജോലി ലഭിച്ചുവെന്ന് പറയുന്ന 29 ശതമാനം ആളുകളിൽ പെട്ടിക്കട നടത്തുന്നവരും ഓട്ടോറിക്ഷ ഓടിക്കുന്നവരുമുണ്ട്. അവരുടെ ജീവിത സാഹചര്യം വളരെ സങ്കടകരമാണ്. 12,000 രൂപ മുതൽ 20,000 രൂപ വരെ മാസം വീട്ടിലേയ്ക്ക് അയച്ചിരുന്നവരായിരുന്നു അവർ. അവരുടെ കുടുംബം ഇന്ന് പൂർണ്ണമായും പട്ടിണിയിലോ അനാഥത്വത്തിലോ ആണ്. പ്രവാസത്തിന്റെ കഥ പറയുമ്പോൾ വളരെ രസകരമാണ്. ഇപ്പോഴും ഖോർ ഫക്കനിലെ അടയാളപ്പാറയെക്കുറിച്ച് നമ്മൾ സംസാരിക്കാറുണ്ട്. കള്ള ലോഞ്ചുകൾ കയറിവന്ന അസംഖ്യം മനുഷ്യരുടെ അഭയ കേന്ദ്രമായിരുന്നു അത്. ഗൾഫ് പ്രവാസത്തിന്റെ ആദിമസ്ഥലി എന്ന് വിശേഷിപ്പിക്കാവുന്ന ഒരു സ്ഥലം. ഇപ്പോഴും യു.എ.ഇ. സന്ദർശിക്കുന്നവർക്ക് ഖോർ ഫക്കൻ കാണാം. അവിടെയായിരുന്നു പഴയ ലോഞ്ചുകളിൽ എത്തിയ പ്രവാസിയുടെ ധീരമായ പോരാട്ടത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും കഥ. കേരളത്തിന്റെ സാമൂഹ്യചരിത്രം എഴുതുമ്പോൾ നമ്മൾ വളരെ മനോഹരമായി സംസാരിക്കാറുണ്ട്; തൊഴിൽ വിഭജനത്തിന്റെ ജാതീയത തകർത്തത് തീർച്ചയായും പ്രവാസ ജീവിതമാണ് എന്നൊരു സാമൂഹ്യപ്രതലം കൂടിയുണ്ടെന്ന് നാം പ്രവാസികളെ ഓർക്കുമ്പോൾ മനസ്സിലാക്കേണ്ടതുണ്ട്. ഒന്നിച്ചുള്ള താമസമാണ് പ്രവാസത്തിന്റെ ഏറ്റവും സവിശേഷമായ കാര്യം. നമ്മൾ വിദേശ രാജ്യങ്ങളിൽ പോകുമ്പോൾ അവിടെയുള്ള ലേബർ ക്യാമ്പുകൾ സന്ദർശിക്കാറുണ്ട്. ഒരു ലേബർ ക്യാമ്പിൽ എത്രപേരാണ് തിങ്ങി താമസിക്കുന്നത്; എങ്ങനെയാണ് അവർ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത്? അവിടെ ജാതിയില്ല, മതമില്ല, വിവേചനമില്ല, എല്ലാപേരും മനുഷ്യർ എന്ന നിലയിലാണ് കഴിയുന്നത്. കോവിഡ് കാലത്ത് പ്രവാസിയെ പിടിക്കാൻവേണ്ടി റൂട്ട് മാപ്പുണ്ടാക്കി അവരുടെ പിന്നാലെ ഓടുന്ന അവസരത്തിൽ, അവിടെ പ്രവാസിസമൂഹം മുഴുവനും ഒരു നേരത്തെ ഭക്ഷണത്തിന് കെഞ്ചിനിന്നപ്പോൾ കെ.എം.സി.സി. (കേരള മുസ്ലീം കൾച്ചറൽ സെന്റർ) ഉൾപ്പെടെയുള്ള നിരവധി ജീവകാരുണ്യ സംഘടനകളും മറ്റ് പ്രവാസി സംഘടനകളും അവരവരുടെ വാഹനങ്ങളിൽ നിറയെ ഭക്ഷണ പായ്ക്കറ്റുകൾ കയറ്റി ഈ പ്രവാസികൾക്കുവേണ്ടി ഓടുകയായിരുന്നു. ഇവിടെ നമ്മൾ

അവരെ പിടിക്കാൻ ഓടുകയായിരുന്നു. അവിടെ അവർ സഹപ്രവർത്തകരുടെ ജീവൻ രക്ഷിക്കാനും ഭക്ഷണവും വെള്ളവുമെത്തിക്കാനും ഓടുകയായിരുന്നു. ഈ പ്രവാസികളെക്കുറിച്ചും അവരുടെ പ്രയാസങ്ങളെക്കുറിച്ചുമാണ് നാം ചർച്ച ചെയ്യേണ്ടത്. യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒരു രാജ്യമാണ് ഇന്ത്യ. മിക്ക രാജ്യങ്ങളിലെയും ഏറ്റവും വലിയ Diaspora community എന്നുപറയുന്നത് ഇന്ത്യാക്കാരാണ്. 1996-ൽ 10 ലക്ഷം മലയാളികളായിരുന്നു ഗൾഫ് രാജ്യങ്ങളിൽ ഉണ്ടായിരുന്നതെങ്കിൽ 2008-ൽ അത് 20 ലക്ഷമായി വർദ്ധിച്ചു. 2013-ൽ 24 ലക്ഷമായി, 2018-ൽ പുറത്തുവന്ന മൈഗ്രേഷൻ സർവ്വേ പ്രകാരം 21.21 ലക്ഷമായി അത് കുറഞ്ഞു. 2013-ൽ 71,142 കോടി രൂപയാണ് മലയാളികൾ കേരളത്തിലേയ്ക്ക് അയച്ചത്. 2017-ൽ ഇത് 1.5 ലക്ഷം കോടി രൂപയായി ഉയർന്നു. ഇത് കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 36.3 ശതമാനം വരും. അവർ എത്ര വലിയ സംഭാവനയാണ് നൽകുന്നത്. കേരളത്തിന്റെ മൊത്തം കടബാധ്യതയുടെ 60 ശതമാനം വരെ വീട്ടാൻ സാധിക്കുന്നതരത്തിൽ വിപുലമാണ് ഈ പണമയയ്ക്കലെന്നത് നമ്മൾ തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണ്. കേരള മോഡലിനെക്കുറിച്ച് നമ്മൾ പറയും, എന്താണ് കേരള മോഡലിന്റെ അടിത്തറയെന്ന് പറയുന്നത്; അതിന്റെ സമ്പദ്ഘടനയെന്താണ്? ആ സമ്പദ്ഘടനയുടെ അടിസ്ഥാനം പ്രവാസികളുടെ വിയർപ്പും അവരയയ്ക്കുന്ന പണവുമാണ്. ഉയർന്നുനിൽക്കുന്ന മഹാസൗധങ്ങളും നമ്മൾ കാണുന്ന ഈ വലിയ നേട്ടങ്ങളുമെല്ലാം പ്രവാസികളുടെ വിയർപ്പുകൊണ്ട് പണിതതാണ്. എന്റെ നിയോജകമണ്ഡലത്തിൽ പാണക്കാട് സെയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ പേരിൽ ഒരു ഐ.എ.എസ്. അക്കാഡമി നിർമ്മിച്ചു. കേരളത്തിൽ ആദ്യമായി ഒരു വിദ്യാർത്ഥിയോടും ഒരു രൂപപോലും വാങ്ങാതെ ഭക്ഷണമടക്കം സൗജന്യമായി നൽകിയെന്നത് വളരെ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു. 18000 സ്ക്വയർ ഫീറ്റുള്ള അതിന്റെ ബിൽഡിംഗ് പൂർത്തിയാക്കാൻ നാലുകോടിയോളം രൂപ ചെലവായി. ഒരു നയാപൈസപോലും സർക്കാരിന്റെ സഹായമില്ലായിരുന്നു. ഈ നാടിനുവേണ്ടി, രാഷ്ട്ര നിർമ്മാണത്തിനുവേണ്ടി പണിയെടുക്കാൻ സന്നദ്ധരായ ചെറുപ്പക്കാരെ വാർത്തെടുക്കുന്നതിനുവേണ്ടിയുള്ള സ്ഥാപനം നിർമ്മിച്ചത് പാവപ്പെട്ട പ്രവാസികൾ നൽകിയ ദാനംകൊണ്ടാണ്. ഞാൻ എന്റെ വ്യക്തിപരമായ അനുഭവത്തിൽനിന്നും പറയുകയാണ്, ഞങ്ങളെ സഹായിച്ചത് വലിയ പണക്കാരോ കോടീശ്വരൻമാരോ അല്ല; സാധാരണക്കാരായ മനുഷ്യരാണ്. ഈ രാജ്യവും സംസ്ഥാനവും ഇതിന്റെ ഇക്കോണമിയും നിലനിൽക്കണമെന്നും ഈ രാഷ്ട്രനിർമ്മാണം നടക്കണമെന്നും അതിൽ അവരുടെ മക്കൾ പങ്കാളികളാകണമെന്നും ഈ നാട് അഭിമാനത്തോടെ മുന്നോട്ട് പോകണമെന്നും ആഗ്രഹിച്ചതുകൊണ്ടാണ് അവർ സഹായിച്ചത്. ഞങ്ങൾ പ്രവാസിയോഗങ്ങളിൽ പോകുമ്പോൾ കാണുന്ന കാഴ്ചയെന്താണ്? പാവങ്ങളുടെ കഷ്ടപ്പാടിന്റെ, കണ്ണീരിന്റെ കഥയിൽനിന്ന് അവർ വീട്ടിലേയ്ക്ക് അയയ്ക്കേണ്ട പണം, രക്തസാക്ഷികളെക്കുറിച്ചുള്ള കവിതപോലെ, അവനവനുവേണ്ടിയല്ലാതെ

അപരനുവേണ്ടി നീക്കിവയ്ക്കുകയാണ്. ഇതാർക്ക് കഴിയും? ഈ പ്രവാസി സമൂഹത്തിന് നമ്മൾ നൽകിയ സ്വപ്നം എന്താണ്? നമ്മൾ ഡ്രീം കേരളയെക്കുറിച്ച് പറഞ്ഞു, 2018-ൽ തുടങ്ങിയ ലോക കേരളസഭ എന്താണ് നേടിയത്? അതിന്റെ ഓഡിറ്റിംഗ് എന്താണ്? 6-7-2022-ന് ശ്രീ. പി. കെ. ബഷീർ, എം.എൽ.എ. ലോക കേരള സഭ നാളിതുവരെയായി എത്ര തവണ കൂടിയെന്നും ആ ലോക കേരള സഭയിൽ എന്ത് നിർദ്ദേശമാണ് നടപ്പിലായതെന്നും ഒരു ചോദ്യം ഉന്നയിച്ചിരുന്നു. ആ ചോദ്യത്തിന് ഇതുവരേയും വ്യക്തമായ മറുപടി കൊടുക്കാൻ സാധിച്ചിട്ടില്ല. ലോക കേരളസഭയിൽ അവതരിപ്പിക്കപ്പെട്ട പ്രോജക്ടുകളെക്കുറിച്ച് കേട്ടാൽ ഞെട്ടിപ്പോകും. അവസാനം ഈ പ്രവാസിക്ക് എന്താണ് കൊടുക്കുന്നത്? അവിടെ മലയാളിയുടെ ശബ്ദം ഉയർത്തിക്കാണിക്കുന്നൊരു പത്രം കൊണ്ടുവന്നപ്പോൾ, ആ പത്രം പൂട്ടിക്കാൻ ഒരു മുൻമന്ത്രി പോയ നാടാണ് ഇതെന്നത് എത്ര നാണക്കേടാണ്. അത്തരത്തിലാണ് നമ്മൾ പ്രവാസികൾക്ക് മറുപടി നൽകികൊണ്ടിരിക്കുന്നത്; അത്തരത്തിലാണ് പ്രവാസികൾക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഒന്നും രണ്ടും ലോക കേരളസഭയുടെ നിർദ്ദേശങ്ങളൊന്നും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. മൂന്ന് ലോക കേരളസഭകൾ കൂടി. ഒന്ന് ദുബായിലായിരുന്നു, മറ്റുള്ളവ കേരളത്തിലായിരുന്നു. അതിനുവേണ്ടി ചെലവഴിച്ച പണത്തിന്റെ കണക്കുകൾ നമുക്ക് പരിശോധിക്കാം. ദീർഘമാകുന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. മൂന്നാം ലോക കേരളസഭ ഇവിടെ കൂടിയപ്പോൾ മുൻ ലോക കേരളസഭകൾ നടപ്പിലാക്കാതെ പോയ പദ്ധതികളെക്കുറിച്ചെങ്കിലും ഒരു പോസ്റ്റുമോർട്ടം നടത്തേണ്ടതായിരുന്നു, പക്ഷേ അതുണ്ടായില്ല. മടങ്ങിവരുന്ന പ്രവാസികളുടെ കഴിവുകളെ നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കണം. അവയെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്നത് എങ്ങനെയാണെന്ന് നാം ആലോചിക്കണം. സാധാരണക്കാരായ പ്രവാസികൾ ഇവിടെ സംരംഭം തുടങ്ങാൻ വന്നാലുള്ള അവസ്ഥ എന്താണെന്ന് നമുക്കെല്ലാം അറിയാം. അവരുടെ സ്വപ്നങ്ങൾ ഒരു മുഴം കയറിൽ അവസാനിക്കുകയാണ് ചെയ്യുന്നത്. അത്തരത്തിലാണ് നമ്മൾ ആ വിഷയം കൈകാര്യം ചെയ്യുന്നത്. പ്രവാസികൾക്ക് സംരംഭം തുടങ്ങാനായി ഒരു ഏകജാലക സംവിധാനമുണ്ടാക്കണമെന്ന നിർദ്ദേശമാണ് എനിക്ക് മുന്നോട്ടു വയ്ക്കാനുള്ളത്. ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി, വ്യവസായത്തിന്റെയുംകൂടി മന്ത്രിയായതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നത്. നമ്മൾ ഏകജാലകത്തെക്കുറിച്ച് വിശദമായി സംസാരിക്കാറുണ്ട്, പക്ഷേ അതൊന്നും സാധ്യമാകുന്നില്ല. വീട് വയ്ക്കാൻവേണ്ടി ഒരു മാസത്തെ ലീവിന് വരുന്ന പ്രവാസിയുടെ കഥയെന്താണ്; അയാളുടെ സ്ഥിതിയെന്താണ്? വീടിന്റെ നിർമ്മാണത്തിനായി കുറ്റിയടിച്ചുപോകണമെന്ന ആഗ്രഹത്തോടെയാണ് അയാൾ ഒരു മാസത്തെ ലീവിന് വരുന്നത്. പക്ഷേ അതിന് പെർമിറ്റ് കിട്ടണ്ടേ? നമ്മുടെ നാടിന്റെ ഏറ്റവും വലിയ ശാപം ചുവപ്പുനാട സമ്പ്രദായമാണ്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് എനിക്ക് വളരെയേറെ ആദരവുണ്ട്. അദ്ദേഹം ഇവിടെ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച്

ആലോചിക്കുകയാണ്; അതിലേയ്ക്ക് പ്രവാസികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ചിന്തിക്കുകയാണ്. ഞാൻ സന്തോഷത്തോടെ അതിനെ പിന്തുണയ്ക്കുന്നു, ഞങ്ങളുടെ ഭാഗത്തുനിന്നും എല്ലാ പിന്തുണയും അദ്ദേഹത്തിനുണ്ടാകും. എന്റെ നിയോജകമണ്ഡലത്തിൽ പ്രസ്തുത സംരംഭത്തിനുവേണ്ട എല്ലാ പിന്തുണയും നൽകാൻ തയ്യാറാകുമെന്ന് സാന്ദർഭികമായി അറിയിക്കുകയാണ്. പക്ഷേ ഇതിനായുള്ള നടപടികളിലെല്ലാം വളരെ വലിയ പ്രശ്നങ്ങളുണ്ടാകുകയാണ്; ഒരു സംരംഭം തുടങ്ങാനായി നമ്മൾ മുന്നിട്ടിറങ്ങുമ്പോൾ, ഇവിടെ സഭയിൽ പറയും പോലുള്ള കാര്യങ്ങളൊന്നുമല്ല യഥാർത്ഥത്തിൽ ഉദ്യോഗസ്ഥർ തീരുമാനിക്കുന്നത്. ഒരു സംരംഭം പൂട്ടുന്നതിന് ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ വിചാരിച്ചാൽ മതിയാകും, അതിന്റെ വാതിൽ എന്നന്നേയ്ക്കുമായി അടയുകയാണ്. തിരിച്ചുവരുന്ന പ്രവാസികളോടെങ്കിലും കുറച്ച് കരുണ കാണിക്കണം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കേരളത്തിൽ കഴിഞ്ഞ ഏപ്രിൽ മുതൽ ഈ ആഗസ്റ്റ് മാസംവരെ ഏകദേശം 45000 പുതിയ സംരംഭങ്ങൾ തുടങ്ങിയ വിവരം ബഹുമാനപ്പെട്ട അംഗത്തിനറിയാമോ?

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. പി. വി. ശ്രീനിജിൻ എന്റെ വളരെയടുത്ത സുഹൃത്താണ്. 45000 സംരംഭങ്ങൾ തുടങ്ങിയത് കടലാസിലാണ്. അവയെല്ലാം യാഥാർത്ഥ്യമാകണമെന്നാണ് കഴിഞ്ഞ സഭയിലും ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പറഞ്ഞത്. കടലാസിൽ ഒരു ലക്ഷം സംരംഭങ്ങളുണ്ടായതുകൊണ്ട് കാര്യമില്ല, ഭൂമിയിൽ അതുണ്ടാക്കാൻ നമുക്ക് സാധിക്കണം, അതാണ് പ്രധാന പ്രശ്നം. അക്കാര്യം നമ്മൾ എല്ലാവരും ചേർന്ന് ചെയ്യേണ്ടതാണ്; അത് കേവലം ഭരണകക്ഷിയുടെ മാത്രം ഉത്തരവാദിത്വമല്ല. നമ്മുടെ എല്ലാവരുടെയും നാടാണ് എന്നതുകൊണ്ടുതന്നെ കേരളം തീർച്ചയായും വികസിക്കണം, അതിനായി എല്ലാവരും ഒരുമിച്ചുനിൽക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട അംഗം നജീബ് കാന്തപുരം വളരെ സമർത്ഥമായി പ്രവാസികളുടെ മുഴുവൻ വേദനകളും ഒപ്പിയെടുത്ത് സംസാരിക്കുകയാണ്, അതിനിടയിൽ സംരംഭങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഞാൻ പറയാൻപോകുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. നമ്മുടെ വ്യവസായ വകുപ്പും വകുപ്പുമന്ത്രിയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനുവേണ്ടി നിയമം പാസ്സാക്കി മുന്നോട്ടുപോകുകയാണെങ്കിലും കേരളത്തിൽ ഒരു സംരംഭം തുടങ്ങിക്കഴിഞ്ഞാൽ, എല്ലാ നിയമപരമായ കാര്യങ്ങളും ചെയ്ത് ലൈസൻസ് സമ്പാദിച്ച് പ്രവർത്തനം തുടങ്ങിയ പ്രസ്തുത സംരംഭങ്ങളെ പൂട്ടുന്നതിനാണ് സർക്കാരിന്റെതന്നെ ഉദ്യോഗസ്ഥർ മുന്നോട്ടുവരുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ അംഗം ടി. വി. ഇബ്രാഹിം പറഞ്ഞ കാര്യം തികച്ചും വസ്തുതയാണ്. ഏതുകാലത്ത് ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ കഴിയും; എത്രയെത്ര സ്ഥാപനങ്ങളാണ് ഇങ്ങനെ അടച്ചുപൂട്ടിയത്? ഒരു കൊടി പിടിച്ചാൽ, ഒരു മാർച്ച് നടത്തിയാൽ ആ സ്ഥാപനങ്ങൾ അടഞ്ഞുപോകും. അത്തരമൊരു സംസ്കാരത്തിൽനിന്നും മോചനം നേടാത്തിടത്തോളം കാലം ആരെയാണ്, ഏത് സംരംഭകരെയാണ് നമുക്ക് കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നത്? ഞാൻ വിഷയത്തിലേയ്ക്ക് തിരിച്ചുവരികയാണ്, ഗൾഫ് രാജ്യങ്ങളിലെ കെ.എം.സി.സി.-യുടെ പ്രവർത്തനങ്ങളെക്കുറിച്ച് നമുക്കറിയാം, അക്കാര്യം എനിക്കിവിടെ പറയാതിരിക്കാൻ കഴിയില്ല. കോവിഡ് മഹാമാരിക്കാലത്ത് അത്യന്തം ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളാണ് അവർ നടത്തിയത്. അവർ അവരുടെ സ്വന്തം ജീവിതകാര്യങ്ങൾ മാറ്റിവച്ചുകൊണ്ട് കോവിഡ് പിടിപെട്ട സ്ഥലങ്ങളിലേയ്ക്ക് ഭക്ഷണവും വെള്ളവും എത്തിക്കുകയെന്ന പ്രവൃത്തി മാത്രമല്ല ചെയ്തത്, കോവിഡ് രോഗികൾക്കാവശ്യമായ എല്ലാകാര്യങ്ങളും ചെയ്തുകൊടുത്തു. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, ഈ ചുമതലകളെല്ലാം നിർവ്വഹിക്കേണ്ട നോർക്ക എവിടെയായിരുന്നു; നമ്മുടെ സംവിധാനങ്ങൾ എവിടെയായിരുന്നു? കുറച്ച് നാളുകൾക്കുമുമ്പുണ്ടായ റഷ്യ-ഉക്രൈൻ യുദ്ധത്തിനിടയിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം കഷ്ടപ്പാടുകളാണുണ്ടായത്. അവരെ സഹായിക്കാനായി നമ്മുടെ ബഡ്ജറ്റിൽ 2 കോടി രൂപ മാറ്റിവച്ച കാര്യം ശ്രീ. എ. എൻ. ഷംസീറിന് അറിയാമല്ലോ? അങ്ങനെ മാറ്റിവച്ച തുക ചെലവഴിച്ചത് ഏത് കാര്യത്തിനാണെന്നെങ്കിലും പറയാൻ നിങ്ങൾ തയ്യാറാകണം. സംസ്ഥാനത്തിപ്പോൾ 'ബ്രെയ്ൻ ഡ്രെയ്ൻ' സംഭവിക്കുകയാണ്. നാട്ടിലെ മികച്ച കുട്ടികളെല്ലാം വിദേശങ്ങളിലേയ്ക്ക് ചേക്കേറുകയാണ്. നമ്മൾ അഭിമാനത്തോടെ പറയുന്നത് കേരളം ഒരു നോളജ് ഇക്കോണമിയിലേയ്ക്ക് പോകുന്നുവെന്നാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട, ഏറ്റവും പ്രധാനപ്പെട്ട നോളജ് ഇക്കോണമിക്ക് കരുത്താകേണ്ട കുട്ടികൾ മുഴുവനും കടൽ കടന്ന് പോകുന്നത് എന്തുകൊണ്ടാണ്?

ശ്രീ. എ. എൻ. ഷംസീർ: സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പുതിയ നോളജ് ഇക്കോണമി നയത്തിന്റെ ഭാഗമായി കേരളം 'ബ്രെയ്ൻ ഗെയ്നിലേയ്ക്ക് ' പോകുകയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പറഞ്ഞത് ബ്രെയ്ൻ ഡ്രെയ്ൻ സംഭവിക്കുന്നതിനെക്കുറിച്ചാണ്. നോളജ് ഇക്കോണമി നയത്തിന്റെ ഭാഗമായി നമ്മുടെ യൂണിവേഴ്സിറ്റികളിൽ എന്തെല്ലാം മാറ്റങ്ങളുണ്ടാകുമെന്നും അതിനുശേഷം ബ്രെയ്ൻ ഗെയ്ൻ ഉണ്ടായോ എന്നും പരിശോധിക്കാം. ഇപ്പോൾ യഥാർത്ഥത്തിൽ

നടക്കുന്നത് 'ബ്രെയ്ൻ ഡ്രെയ്ൻ' തന്നെയാണ്, 'ബ്രെയ്ൻ ഗെയ്ൻ' വരട്ടെയെന്ന് നമുക്ക് ആശംസിക്കാം. ഗൾഫ് രാജ്യങ്ങളെക്കുറിച്ചും പ്രവാസത്തെക്കുറിച്ചുമെല്ലാം പരാമർശിക്കുമ്പോൾ പ്രവാസത്തിന്റെ വാതിലടയുന്നുവെന്ന് നാം ആവർത്തിച്ച് പറയാറുണ്ട്. അപ്പോഴും പുതിയ അവസരങ്ങൾ തുറക്കപ്പെടുകയും മലയാളി പിന്നെയും പ്രവാസത്തിന്റെ പുറകേ യാത്രതിരിക്കുകയും ചെയ്യുന്നത് നമ്മുടെ അനുഭവമാണ്. ആ അനുഭവത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ട് നാം പഠിക്കേണ്ട വലിയ പാഠമുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണത്തെക്കുറിച്ചും വലിയ സാമൂഹ്യമാറ്റത്തിന് അത് നിദാനമായതിനെക്കുറിച്ചും നാം അഭിമാനത്തോടെ സംസാരിക്കാറുണ്ട്. ഭൂപരിഷ്കരണംപോലെ നമ്മുടെ സാമൂഹ്യജീവിതത്തെ ഏറ്റവും ശക്തമായി മാറ്റിമറിച്ച ഒന്നാണ് പ്രവാസമെന്നുകൂടി എഴുതിച്ചേർക്കേണ്ടതുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷേ ഇന്ന് അവരുടെ കുട്ടികളുടെ സ്ഥിതിയെന്താണ്? കോവിഡ് കാരണം വരുമാനമില്ലാത്തതിനാൽ ഈ സന്ദർഭത്തിൽ ഒട്ടനവധി കുട്ടികളെ അവിടത്തെ സ്കൂളിൽ ചേർക്കാൻ കഴിയാതെ പ്രവാസികൾ തിരിച്ചുവരികയാണ്. നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിനകത്ത് ആ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് പ്രത്യേക പരിഗണന നൽകാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. നോർക്കയുടെ കീഴിൽ മറ്റെന്തെങ്കിലും സംരംഭങ്ങൾ പുതിയതായി തുടങ്ങണം. പ്രവാസി പെൻഷനുകളെക്കുറിച്ചും ക്ഷേമനിധി ബോർഡിനെക്കുറിച്ചും ഇവിടെ പറഞ്ഞിരുന്നു. പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിലെ നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിടുമ്പോൾ നമ്മൾ ആലോചിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്, പ്രവാസികൾക്കുവേണ്ടി സർക്കാർ ഇങ്ങനെയൊക്കെയുള്ള സംവിധാനങ്ങളെയും ഉദ്യോഗസ്ഥരെയും ഏർപ്പെടുത്തുമ്പോൾ ഉദ്യോഗസ്ഥർക്ക് ശമ്പളംവാങ്ങാൻ മാത്രമുള്ള ഒരു വകുപ്പായി നോർക്ക മാറരുത്. അതിനുപകരം, നോർക്ക തീർച്ചയായും റൂട്ട്സുള്ള (വേരുള്ള) ഒരു സ്ഥാപനമായി മാറണം, അങ്ങനെ സാധിക്കണം. പ്രവാസികളെക്കുറിച്ച് ഒട്ടനവധി കാര്യങ്ങൾ പറയാനുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീമതി ശാന്തകുമാരി കെ.: സർ, പ്രവാസികളെക്കുറിച്ച് വല്ലാത്ത രീതിയിൽ വിസ്തരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നത്. ഏതാനും മാസങ്ങൾക്കുമുമ്പാണ് മൂന്നാം ലോക കേരളസഭ നമ്മുടെ നിയമസഭയിൽവച്ച് നടന്നത്. താങ്കൾ ഉൾപ്പെടെയുള്ള പ്രതിപക്ഷ അംഗങ്ങളുടെ അസാന്നിദ്ധ്യം വലിയ

രൂപത്തിൽ ലോക കേരളസഭ ചർച്ച ചെയ്തിരുന്നു. പ്രവാസി വിഷയങ്ങളിൽ ഇത്രയേറെ താത്പര്യമുള്ള താങ്കളെപ്പോലുള്ള ആളുകൾ എന്തുകൊണ്ടാണ് ആ സമ്മേളനത്തിൽ പങ്കെടുക്കാതിരുന്നത് എന്നതിനെക്കുറിച്ചുള്ള ചെറിയ ചിന്തയെങ്കിലും അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീമതി ശാന്തകുമാരി കെ. പറഞ്ഞതിനുള്ള വളരെ കൃത്യമായ ഉത്തരം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. രണ്ട് ലോക കേരളസഭകളും വളരെ വ്യർത്ഥമായ വാഗ്ദാനങ്ങളിൽമാത്രം ഒതുങ്ങുകയും ഒരുനിലയ്ക്കും തുടർ പ്രവർത്തനങ്ങൾ നടത്താത്തതുകൊണ്ടുമാണ് ഞങ്ങൾ അങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് വന്നത്. നിങ്ങൾ അവിടെയെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയാൽ അടുത്ത ലോക കേരളസഭയിൽ നമുക്ക് ഒരുമിച്ച് പങ്കെടുക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വോട്ടവകാശമെന്നത് പ്രവാസികൾ ഏറെക്കാലമായി മുറവിളികൂട്ടുന്ന ഒരാവശ്യമാണെന്നതും അക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അനുവർത്തിക്കുന്ന അമാന്തനയവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത് വളരെ പ്രധാനപ്പെട്ട പോയിന്റാണ്. യഥാർത്ഥത്തിൽ നമ്മുടെ നിയമസഭ സന്നദ്ധമാകേണ്ടത് അത്തരത്തിലുള്ള ഒരു നിയമ നിർമ്മാണത്തിനാണ്. പാർലമെന്റിനകത്തേയ്ക്ക് ഏറ്റവും ശക്തമായി എത്തിപ്പെടേണ്ട ശബ്ദവും അതുതന്നെയാണ്.

മി. ചെയർമാൻ: പ്രസംഗം ചുരുക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്, രാജ്യത്തെ പൗരനെന്നനിലയിൽ നമ്മുടെ ഭരണഘടനയനുസരിച്ച് ഒരു വ്യക്തിക്ക് കിട്ടേണ്ട ഏറ്റവും വലിയ അവകാശമാണ് വോട്ടവകാശം. പക്ഷേ, അതിൽനിന്നുപോലും പ്രവാസികളെ തഴയുകയാണ്. പ്രവാസികൾ മരണപ്പെട്ടാൽ അവരുടെ മൃതദേഹങ്ങളോടുപോലും ആദരവ് കാണിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. അതെല്ലാം തീർച്ചയായും മനസ്സിലാക്കണമെന്നുമാത്രം ഓർമ്മിപ്പിച്ചു കൊണ്ട് കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനായുള്ള ഈ ബിൽ കുറച്ചുകൂടി കാര്യപ്രസക്തമാക്കണമെന്ന വിയോജിപ്പ് രേഖപ്പെടുത്തി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1970-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആക്ടിന്റെ പരിധിയിൽ കേരള പ്രവാസി കേരളീയരുടെ ക്ഷേമനിധി ബോർഡ് ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി ബിൽ കൊണ്ടു വന്നിരിക്കുന്നത്. പ്രവാസികൾ കേരളീയ സമൂഹത്തിന്റെ സാമ്പത്തിക-സാമൂഹിക ജീവിതത്തിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മാനവരാശിയുടെ വികാസത്തിന്റെ ചരിത്രത്തിൽ കുടിയേറ്റത്തിന് സംഭവബഹുലമായ ഒട്ടേറെ ഏടുകൾ രചിക്കപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്ര കുടിയേറ്റക്കാരുടെ എണ്ണത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നത് ഇന്ത്യയാണ്. 18 ദശലക്ഷം ഇന്ത്യക്കാർ വിവിധ രാജ്യങ്ങളിൽ അധിവസിക്കുന്നുണ്ട്. ഇതിൽത്തന്നെ ഏകദേശം രണ്ട് ലക്ഷത്തിലധികം മലയാളികളാണുള്ളത്. ലോകമാകെ മലയാളികളുടെ ഹൃദയഭൂമിയായി കണക്കാക്കുന്നത് ഗൾഫ് നാടുകളെയാണ്. അറബികളും കേരളവും തമ്മിലുള്ള വാണിജ്യബന്ധത്തിന് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെന്ന കാര്യം നമുക്കെല്ലാം അറിയാം. കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങൾ അറബികളെ വല്ലാതെ ആകർഷിക്കുകയുണ്ടായി. അവർ കപ്പൽമാർഗ്ഗം ഇവിടെവന്ന് കച്ചവടം ആരംഭിച്ചതുമുതൽ അങ്ങോട്ടും ഇങ്ങോട്ടുമുള്ള പ്രവാസ ജീവിതം നൂറ്റാണ്ടുകളായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവനയാണ് പ്രവാസികൾ നൽകിയത്. എന്നാൽ കേന്ദ്ര സർക്കാർ പ്രവാസികൾക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. നമ്മുടെ രാജ്യത്തേയ്ക്ക് ധാരാളം വിദേശപണം അയയ്ക്കുന്ന പ്രവാസികൾക്കുവേണ്ടി കേന്ദ്രസർക്കാർ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുകയോ മറ്റ് സഹായങ്ങൾ നൽകുകയോ ചെയ്യുന്നില്ലെന്നുള്ളതാണ് ഇതുവരെയുള്ള അനുഭവം. അതുപോലെ വിമാന ടിക്കറ്റ് ചാർജ്ജ് ഇടയ്ക്കിടയ്ക്ക് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചില പ്രത്യേക സീസണുകളിൽ ടിക്കറ്റിന്റെ നിരക്ക് ഇരട്ടിയിലേറെ വർദ്ധിപ്പിക്കുന്നുണ്ട്. എന്നാൽ അതിലിടപെട്ട് പ്രശ്നം പരിഹരിക്കാനോ പ്രവാസികളെ സഹായിക്കാനോ തയ്യാറാകാതെ കേന്ദ്ര ഗവൺമെന്റ് കാഴ്ചക്കാരനായി നിൽക്കുകയാണ്. കുടുംബസമേതം നാട്ടിലേയ്ക്ക് വരുന്നതിന് വലിയ തുക ചെലവാകുന്നതിനാൽ പ്രവാസികളുടെ ബഡ്ജറ്റ് തെറ്റിപ്പോകുന്നു. നമ്മുടെ പ്രവാസികൾ അനുഭവിക്കുന്ന ചില പ്രധാന പ്രശ്നങ്ങൾ മന്ത്രിമാരുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടു വരേണ്ടതുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികളുടെ ചില പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ജനിക്കുന്ന കുട്ടികൾക്ക് അവിടെ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. അവർ ഏതെങ്കിലും ഘട്ടത്തിൽ തിരികെ കേരളത്തിലേയ്ക്ക് വന്നാൽ ഇവിടെനിന്നും അവർക്ക്

ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം വിദ്യാഭ്യാസ ആനുകൂല്യങ്ങളും സംവരണാനുകൂല്യങ്ങളും നഷ്ടപ്പെടുന്നു. അതുകൊണ്ട് അവരെ സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ മരണപ്പെടുന്ന പ്രവാസിയുടെ മൃതശരീരം നാട്ടിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ അവിടെത്തന്നെയാണ് സംസ്കരിക്കേണ്ടത്. പല സംസ്ഥാനങ്ങളിലെയും ശ്മശാനങ്ങൾ പ്രത്യേക ജാതിക്കാരുടേതായതിനാൽ അവിടെയൊന്നും മൃതദേഹം സംസ്കരിക്കാൻ അനുവദിക്കില്ല. ഒരു മൃതദേഹം കാട്ടിൽ സംസ്കരിച്ചുവെന്നാണ് അടുത്തകാലത്ത് ഒരു വാർത്ത കേട്ടത്. ഇത്തരം സംഭവങ്ങൾ പ്രവാസി ജീവിതത്തിലുണ്ടാക്കുന്ന ദു:ഖം വളരെ വലുതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വച്ച് മരണപ്പെടുന്ന പ്രവാസി മലയാളിയുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് നൽകുന്ന പതിനയ്യായിരം രൂപ പലപ്പോഴും തികയാത്തതിനാൽ അത് വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെ പ്രവാസികളുടെ മക്കൾ മലയാളം പഠിക്കാത്തതുകൊണ്ട് ഇവിടെ പി.എസ്.സി. പരീക്ഷ എഴുതാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഒന്നുകിൽ അവർക്ക് മലയാളഭാഷ അറിയില്ലെങ്കിലും പി.എസ്.സി. പരീക്ഷ എഴുതാനുള്ള അവസരമുണ്ടാക്കണം അല്ലെങ്കിൽ മലയാളം പഠിപ്പിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. ആധുനിക കേരളം പടുത്തുയർത്തുന്നതിൽ ഗൾഫ് പണത്തിന്റെ സ്വാധീനം വളരെ വലുതാണ്. ഇന്നത്തെ കേരളീയ സമൂഹത്തിൽ കാർഷിക/വിദ്യാഭ്യാസ പരിഷ്കരണവും സാമൂഹ്യ നീതിയും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവയുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് വിദേശത്ത് നിന്നുവരുന്ന പണം. ഒരുവർഷം മിനിമം ഒന്നേകാൽ ലക്ഷം കോടി രൂപയാണ് ബാങ്കുവഴി കേരളത്തിലെത്തുന്നത്. ഇത് കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 30 ശതമാനത്തോളംവരും. രണ്ട് ദശലക്ഷത്തിലേറെവരുന്ന കുടിയേറ്റക്കാരുള്ള കേരളത്തിൽ അവർക്കുവേണ്ടി ഒട്ടേറെ ക്ഷേമപദ്ധതികൾ കേരള സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 1996-ൽ സഖാവ് ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് പ്രവാസി കേരളീയകാര്യ വകുപ്പ് (നോർക്ക) ആരംഭിക്കുന്നത്. നോർക്കയുടെ ഫീൽഡ് ഏജൻസിയായി 2002-ൽ ആരംഭിച്ച നോർക്ക റൂട്ട്സും പ്രവാസികൾക്കുവേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും നന്നായി പ്രവാസികളെ സഹായിച്ചത് ഒന്നാം പിണറായി വിജയൻ സർക്കാരാണ്. പ്രത്യേകിച്ച് കോവിഡുകാലത്ത് പ്രവാസികളെ ചേർത്തുപിടിച്ച് അവർക്കാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിന് ഒന്നാം പിണറായി വിജയൻ സർക്കാർ നല്ല രീതിയിലിടപെട്ടു. നേരത്തെ ബഹുമാനപ്പെട്ട നജീബ് കാന്തപുരം പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. കോവിഡുകാലത്ത് പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനുവേണ്ടി അക്ഷീണം പരിശ്രമിച്ച സർക്കാരാണ് കേരളത്തിലെ

എൽ.ഡി.എഫ്. സർക്കാർ. അന്ന് ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ ആർക്കും ഒരിടത്തേയ്ക്കും സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി, വിമാനമാർഗ്ഗം നിലച്ചു. പിന്നീട് വിമാന സർവ്വീസ് ആരംഭിച്ചതുമുതൽ കൃത്യമായി ഇടപെട്ട് ഘട്ടംഘട്ടമായി പ്രവാസികളെ മുഴുവൻ നാട്ടിലെത്തിക്കുന്നതിന് നടത്തിയ പ്രവർത്തനം ശ്ലാഘനീയമായിരുന്നു. അവരെ എങ്ങനെയാണ് നാട്ടിലെത്തിച്ചതെന്ന് മനസ്സിലാക്കാൻ രണ്ടുവർഷം പിന്നിലേയ്ക്ക് തിരിഞ്ഞ് നോക്കിയാൽമതി. അന്ന് പ്രവാസികൾ പറഞ്ഞത് ഇത്രയും ഭംഗിയായി ആളുകളെ നാട്ടിലെത്തിക്കുന്നതിന് പരിശ്രമിച്ച മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല, കേരളമാണ് അക്കാര്യങ്ങൾ ഏറ്റവും നന്നായി ചെയ്തത് എന്നാണ്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിലും കേരളം മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. വിവിധ രാജ്യങ്ങളിലെ പ്രവാസികളെ കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് ശരിയായ രീതിയിൽ പ്രവർത്തിച്ചത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരായിരുന്നു. അതുപോലെ ലോക കേരളസഭ എന്തുനേടിയെന്നാണ് ചോദിക്കുന്നത്? അവർക്കൊന്നും വേണ്ട, അവർക്ക് എന്തെങ്കിലും നേടാൻ വേണ്ടിയല്ലല്ലോ ലോക കേരളസഭ രൂപീകരിച്ചത്. കേരളത്തിൽ വന്ന് നിയമസഭാ മന്ദിരത്തിന്റെ അങ്കണത്തിൽ ഒത്തുകൂടാൻകഴിഞ്ഞത് ജീവിതത്തിന്റെ സൗഭാഗ്യമായാണ് അവർ കരുതുന്നത്. മൂന്നാം ലോക കേരളസഭയിൽ അറുപതിലേറെ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. നേരത്തെ നടന്ന രണ്ട് ലോക കേരളസഭകളിലും അവർ പങ്കെടുത്തു. വളരെ സന്തോഷത്തോടുകൂടിയാണ് അവർ പോയത്. ലോക കേരളസഭയ്ക്കെതിരെ യു.ഡി.എഫ്. സ്വീകരിച്ച നിലപാട് ശരിയാണോ? അറുപതോളം രാജ്യങ്ങളിൽനിന്നുള്ള പ്രവാസികൾ കേരളത്തിലേയ്ക്ക് വരുമ്പോൾ നിങ്ങൾ ഇവിടെനിന്നും ഒളിച്ചോടുകയാണ് ചെയ്തത്. നിങ്ങൾ അതിൽ പങ്കെടുത്തില്ലെന്നുമാത്രമല്ല അവരെ പരിഹസിച്ചു. യു.ഡി.എഫ്. ഇതൊരിക്കലും ചെയ്യാൻ പാടില്ലായിരുന്നുവെന്നാണ് പ്രവാസി ലോകത്ത് ഇതിഹാസം രചിച്ച മഹാമനുഷ്യനായ ശ്രീ. എം. എ. യൂസഫലി പറഞ്ഞത്. അദ്ദേഹം യു.ഡി.എഫ്.-നെയും അംഗീകരിക്കുന്ന ഒരാളാണ്. യു.ഡി.എഫ്.-ന്റെ അന്നത്തെ നിലപാട് മൂന്നാം ലോക കേരളസഭയ്ക്ക് എതിരായിരുന്നുവെങ്കിലും എല്ലാ പ്രവാസികളും അതിൽ പങ്കെടുത്ത് വിജയിപ്പിച്ചു. അവർ മുന്നോട്ടുവച്ച പല നിർദ്ദേശങ്ങളും സർക്കാർ അംഗീകരിച്ചു, പലതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി നോർക്ക റൂട്ട്സും നോർക്കയും ഒട്ടേറെ കാര്യങ്ങൾ പ്രവാസികൾക്കുവേണ്ടി ചെയ്യുന്നുണ്ട്.

പ്രവാസി കുടുംബങ്ങളിൽ ശാരീരികവും സാമ്പത്തികവുമായി അവശത അനുഭവിക്കുന്നവർക്ക് ഒരു ലക്ഷം രൂപവരെ സാമ്പത്തിക സഹായം നൽകുന്ന 'സാന്ത്വന പദ്ധതി' അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ചികിത്സയ്ക്കുവേണ്ടി അമ്പതിനായിരം രൂപവരെയും പെൺമക്കളുടെ വിവാഹത്തിന് പതിനയ്യായിരം

രൂപവരെയും അംഗവൈകല്യം സംഭവിച്ചവർക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ പതിനായിരം രൂപവരെയും നൽകുന്നുണ്ട്. NDPREM (NORKA Department Project for Return Emigrants) പദ്ധതിയിലൂടെ പ്രവാസികളുടെ 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയ്ക്ക് 15 ശതമാനം മൂലധന സബ്സിഡിയും നാല് വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ പ്രവാസികൾക്ക് കേരള സർക്കാർ നൽകുന്ന സഹായങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 'പ്രവാസി ഭദ്രത പദ്ധതി'. കോവിഡുമൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കാണ് ഈ പദ്ധതി സഹായം നൽകുന്നത്. ഈ പദ്ധതിപ്രകാരം കുടുംബശ്രീ മുഖേന രണ്ട് ലക്ഷം രൂപവരെയുള്ള വായ്പയാണ് നോർക്ക നൽകുന്നത്. സഹകരണ സംഘങ്ങളും പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും കെ.എസ്.എഫ്.ഇ.-യും പോലുള്ള സ്ഥാപനങ്ങൾ 5 ലക്ഷം രൂപവരെയും കെ.എസ്.ഐ.ഡി.സി. 25 ലക്ഷം രൂപ മുതൽ 2 കോടി രൂപവരെയും വായ്പ നൽകുന്നുണ്ട്. ഇതിനെല്ലാം സബ്സിഡിയുമുണ്ട്. കോവിഡുകാരണം ജോലി നഷ്ടപ്പെട്ട് തിരിച്ചുവന്ന പ്രവാസികളെ സഹായിക്കുന്നതിനായി ചെറുതും വലുതുമായ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത്. ലോകത്തെവിടെയുമുള്ള പ്രവാസികളുമായി ബന്ധപ്പെടാനായി ഗ്ലോബൽ കോൺടാക്റ്റ് സെന്റർ ആരംഭിച്ചു. വിദേശ രാജ്യങ്ങളിൽവച്ച് രോഗം ബാധിച്ച് തിരിച്ചുവരുന്നവരെയും വിദേശ രാജ്യത്തുവച്ച് മരണപ്പെട്ടവരുടെ മൃതദേഹത്തെയും കേരളത്തിലെ വിമാനത്താവളങ്ങളിൽനിന്നും സൗജന്യമായി നാട്ടിലെത്തിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. കേരളത്തിലെ വിമാനത്താവളം മാത്രമല്ല മംഗലാപുരത്തും കോയമ്പത്തൂരുമുള്ള വിമാനത്താവളങ്ങളിലെത്തുന്നവർക്ക് ഉൾപ്പെടെയാണ് ഇതുവഴി സഹായം നൽകുന്നത്. വിസ തട്ടിപ്പുൾപ്പെടെ വിവിധ കാരണങ്ങളാൽ ജയിലിലാകുകയും നിയമ കുരുക്കിൽപ്പെട്ടുപോകുകയും ചെയ്ത പ്രവാസികൾക്ക് നിയമസഹായം നൽകുന്നതിനായി മലയാളി അഭിഭാഷകരുടെ സഹായത്തോടുകൂടി പ്രവാസി നിയമ സഹായ സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രവാസി സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിന് 20,000 രൂപവരെ നൽകുന്ന നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി കേരള ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലിന്റെ സ്കിൽ വർദ്ധിപ്പിക്കുന്നതിനായി സ്കിൽ അപ്ഗ്രഡേഷൻ പദ്ധതിയും നടപ്പിലാക്കിവരുന്നു. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർവഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസികൾക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ വിദേശ

രാജ്യങ്ങളിലെ പ്രവാസി മലയാളികൾക്ക് അവരുടെ താമസസ്ഥലത്തുനിന്നോ തൊഴിൽ സ്ഥലത്തുനിന്നോ കുറഞ്ഞ നിരക്കിലുള്ള വിമാനയാത്രയും താമസ സൗകര്യവും നൽകുന്നതിനും വിദേശത്ത് മരണപ്പെടുന്ന/ അപകടങ്ങളിൽപ്പെടുന്നവരെ വിമാനത്താവളങ്ങളിൽനിന്നും അതത് പ്രദേശങ്ങളിലേയ്ക്ക്/ആശുപത്രികളിലേയ്ക്ക് എത്തിക്കുന്നതിനും എമർജൻസി റിപാട്രിയേഷൻ ഫണ്ട് എന്ന പദ്ധതി നിലവിലുണ്ട്. ചുരുക്കിപ്പറഞ്ഞാൽ നോർക്ക റൂട്ട്സ് വഴിസംസ്ഥാനത്ത് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രവാസികൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല, കോവിഡ് കാലത്ത് അവരുടെ കാര്യങ്ങളൊന്നും ചെയ്തില്ലെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ജോബ് പോർട്ടൽ & റിക്രൂട്ട്മെന്റിലൂടെ നോർക്ക റൂട്ട്സ് മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയായ നോർക്ക റൂട്ട്സ് മുഖേന സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, കുവൈറ്റ് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേയ്ക്കും ജർമ്മനിയടക്കമുള്ള വിദേശരാജ്യങ്ങളിലേയ്ക്കും ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ഓഫീസർമാർ, ടെക്നീഷ്യന്മാർ, ഗാർഹിക ജോലിക്കാർ തുടങ്ങിയ നിരവധി മേഖലയിലെ ഉദ്യോഗസ്ഥരെ/ജോലിക്കാരെ റിക്രൂട്ട് ചെയ്യുന്നുണ്ട്. വിശ്വസിക്കാവുന്ന ഔദ്യോഗിക ഏജൻസിയായി നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. കോവിഡ് ബാധിച്ച് വിദേശത്തോ സ്വദേശത്തോ വച്ച് മരണമടഞ്ഞ പ്രവാസി മലയാളികളുടെയും കോവിഡ് ബാധിച്ച് മരണപ്പെട്ട മുൻ പ്രവാസികളുടെയും അവിവാഹിതരായ പെൺമക്കൾക്ക് നോർക്ക റൂട്ട്സ് ഡയറക്ടറായ ശ്രീ. രവിപിള്ളയുടെ ആർ. പി. ഗ്രൂപ്പുവഴി 25,000 രൂപ സാമ്പത്തിക സഹായം നൽകുന്ന 'പ്രവാസി തണൽ പദ്ധതി' നിലവിലുണ്ട്.

റഷ്യ-യുക്രൈൻ യുദ്ധംമൂലം അവിടെ അകപ്പെട്ടുപോയ ധാരാളം വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിന് കേരള ഗവൺമെന്റ് നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണ്. പക്ഷേ ആ വിദ്യാർത്ഥികളിൽ പലർക്കും പാതിവഴിക്ക് വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. അവരെല്ലാം ഡോക്ടർമാരാകണമെന്ന അതിയായ ആഗ്രഹത്തിൽ ഇവിടെ സീറ്റ് കിട്ടാത്തതുകൊണ്ട് പോയതാണ്. അങ്ങനെയുള്ള വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് ഇന്ത്യാ ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായങ്ങൾ ചെയ്യാനും സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണം. പ്രവാസികൾ കേരളീയ സമൂഹത്തിന് നൽകിയ മഹത്തായ കാര്യങ്ങൾക്കെല്ലാം പ്രത്യുപകാരമായി സർക്കാരിന് ചെയ്യാൻ കഴിയുന്നത് ചെയ്തു കൊടുക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ആരും ഒന്നും പറഞ്ഞില്ല. ഇത് കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിലെ നേരിട്ടുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ച ബില്ലാണ്. അതിനോട് എല്ലാവരും യോജിക്കുന്നുണ്ട്. യഥാർത്ഥത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള കാര്യങ്ങളാണ് ബില്ലിലുള്ളത്. ബഹുമാന്യനായ അംഗം നജീബ് കാന്തപുരം പറഞ്ഞ വസ്തുതകളിൽ ചിലത് യാഥാർത്ഥ്യമാണ്. കേരളത്തിലേയ്ക്കുള്ള പ്രവാസി വരുമാനത്തിന്റെ അളവ്, പ്രവാസി സമൂഹം കേരളത്തിന്റെ വളർച്ചയിൽ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ തുടങ്ങിയവയിലൊന്നും ആർക്കും തർക്കമില്ല. എന്നാൽ അതിനുശേഷം അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണ്. എല്ലാകാര്യവും ഞാൻ വിശദീകരിക്കുന്നില്ല. പ്രവാസികൾക്കുവേണ്ടി ഗവൺമെന്റ് ചെയ്ത കുറേകാര്യങ്ങളെക്കുറിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു പരാമർശിച്ചിട്ടുണ്ട്. ശ്രീ. നജീബ് കാന്തപുരത്തിന്റെ വ്യക്തിപരമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കിഡ്നി മാറ്റി വച്ച ഒരാളുടെ കാര്യവും അതിനുശേഷം ആ കുടുംബത്തിന്റെ ദാരിദ്ര്യവും പറയുകയുണ്ടായി. ഒരു അനുഭവമാണ് അങ്ങ് വിശദീകരിച്ചത്. ഇത്തരം അനുഭവങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ഇന്ത്യയിലാദ്യമായി ഒരു സംസ്ഥാന ഗവൺമെന്റ്, കേരളം, അവയവം മാറ്റിവയ്ക്കുന്നതിനുവേണ്ടി മാത്രമായി കോഴിക്കോട് ജില്ലയിൽ ഒരു അത്യാധുനികമായ ഇൻസ്റ്റിറ്റ്യൂട്ട് പൊതുമേഖലയിൽ ആരംഭിക്കാൻ പോകുകയാണ്. മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ കോളേജുകളിൽ ഹൃദയ-കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. എറണാകുളം ജില്ലാശുപത്രിയിൽ കഴിഞ്ഞദിവസം ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയാണ് നടത്തിയത്. അങ്ങനെയുള്ള നിരവധി കാര്യങ്ങൾ കേരളത്തിലെ ഗവൺമെന്റ് ചെയ്യുന്നുണ്ട്. കൂടാതെ പ്രവാസികളുടെ ഇത്തരത്തിലുള്ള ചികിത്സയ്ക്കായി ധനസഹായം നൽകുന്ന സാന്ത്വന പദ്ധതിയും ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. പ്രവാസികൾക്ക് മാത്രമുള്ള ഈ പദ്ധതിയിൽ മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപവരെയും ഗുരുതര രോഗങ്ങൾ അനുഭവിക്കുന്ന പ്രവാസികൾക്ക് 50,000 രൂപവരെയും മറ്റ് ചികിത്സയ്ക്ക് 20,000 രൂപയുമാണ് നൽകുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ സഹായവും മറ്റ് വകുപ്പുകളുടെ ചികിത്സാ സഹായവും കൂടാതെ പ്രവാസികൾക്കുവേണ്ടി മാത്രം നൽകുന്ന ചികിത്സാ സഹായമാണിത്. അതുപോലെ തൊഴിൽ നഷ്ടപ്പെട്ട് വരുന്ന പ്രവാസി സംരംഭകരുടെ സ്കിൽ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും അതിനായി നോർക്ക ഒന്നും ചെയ്യുന്നില്ലെന്നും

ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. അത് വസ്തുതകൾക്ക് നിരക്കുന്നതല്ല. തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കുവേണ്ടി മാത്രം 'പ്രവാസി ഭദ്രത' എന്ന ഒരു പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മടങ്ങിവരുന്ന സാധാരണ തൊഴിലാളികൾക്ക് ചെറിയ സംരംഭം ആരംഭിക്കുന്നതിന് 5 ലക്ഷം രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പ നൽകുന്നുണ്ട്. തുടക്കത്തിൽ ഒരു ലക്ഷം രൂപ മൂലധന സബ്സിഡിയായിട്ടാണ് നൽകുന്നത്. ഇടത്തരം സംരംഭം തുടങ്ങാൻ കഴിയുന്നവർക്ക് മുഖ്യമന്ത്രിയുടെ പ്രത്യേക വായ്പാ പദ്ധതിയിൽനിന്നും 2 കോടി രൂപവരെ വായ്പ നൽകുന്നുണ്ട്. അതിന് 5 ശതമാനം പലിശ നിരക്ക് ലഭിക്കുന്നതിനുവേണ്ടി മൂന്നേമുക്കാൽ ശതമാനം വരെ ഗവൺമെന്റ് ഇന്ററസ്റ്റ് സബ്‌വെൻഷൻ നൽകുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 50 കോടി രൂപ പൂർണ്ണമായും ചെലവാക്കുകയും ഇത്തവണയും അതിനുവേണ്ടി 50 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രവാസി പുനരധിവാസത്തിനായി NDPREM പദ്ധതിക്ക് 25 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഓരോന്നും ഞാൻ വിശദീകരിക്കുന്നില്ല. പ്രവാസികൾക്ക് വീട് വയ്ക്കാൻ കഴിയുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. 20 ലക്ഷം രൂപവരെയുള്ള ഭവന വായ്പകളുടെ പലിശയുടെ 5 ശതമാനം സർക്കാർ സബ്സിഡി നൽകുന്ന പ്രവാസി ഭവനപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സാധാരണ തൊഴിലാളികളായി കുറേക്കാലം മരുഭൂമിയിൽ പണിയെടുത്താലും സ്വന്തമായൊരു വീട് എന്നത് സ്വപ്നമായി അവശേഷിക്കുന്ന പ്രവാസികൾക്കുള്ള സഹായമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രവാസികൾക്കുവേണ്ടി മാത്രമായി കേരള ഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; അത് പ്രവാസി സമൂഹം അംഗീകരിക്കുന്നുമുണ്ട്. ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്ന കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നത്. ഇന്ത്യയിൽ ഇത്രയും ആനുകൂല്യം നൽകുന്ന മറ്റൊരു ക്ഷേമനിധി ബോർഡുമില്ല. ലക്ഷക്കണക്കിനാളുകൾ അതിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തു കഴിഞ്ഞു; നല്ല രീതിയിലുള്ള പ്രതികരണമാണ് അതിന് ലഭിക്കുന്നത്. പ്രവാസി മലയാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് പറഞ്ഞു. ഭക്ഷണം കഴിക്കാനില്ലാത്തവർ പഠിക്കേണ്ടെന്ന് പറഞ്ഞ കാര്യം ശ്രീ. നജീബ് കാന്തപുരം പരാമർശിക്കുകയുണ്ടായി. അങ്ങനെയൊരു സാഹചര്യം കേരളത്തിലില്ല. കേരളത്തിലെ പൊതുവിദ്യാഭ്യാസ സംവിധാനത്തെ നല്ലരീതിയിൽത്തന്നെ ഇത്തരം കുട്ടികൾക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നതാണ്; കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തുള്ളവർ അത് നന്നായി വിനിയോഗിക്കുന്നുമുണ്ട്. പഠനത്തിനായി പ്രൈവറ്റ് സ്ഥാപനങ്ങളിൽ പോകുന്നവർക്ക് വായ്പകൾക്കായി മറ്റു ബാങ്കുകളെ ആശ്രയിക്കേണ്ടിവരും. എല്ലാം പഠനവും സൗജന്യമായി നൽകാൻ സാധിക്കില്ല.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, അത് വളരെ വ്യക്തമായി പറഞ്ഞ ഒരുകാര്യമാണ്. പക്ഷേ പല കുട്ടികൾക്കും വിദ്യാഭ്യാസ വായ്പ ലഭ്യമാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. പല ബാങ്കുകളും അത്തരം ലോണുകൾ നൽകുന്നില്ല. ജനപ്രതിനിധികൾ എന്നനിലയിൽ നമ്മെ സമീപിക്കുന്നവരുടെ അനുഭവങ്ങൾ നേരിട്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പറയുന്നതാണ്. പല ബാങ്കുകളും എന്തെങ്കിലും ന്യായം പറഞ്ഞ് വായ്പ നൽകാതിരിക്കുന്നതിനുള്ള നിലപാടാണ് കൈക്കൊള്ളുന്നത്. അത്തരം സാഹചര്യങ്ങളെ മറികടക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പ്രവാസി സമൂഹം മാത്രം അനുഭവിക്കുന്ന പ്രശ്നമല്ല, പൊതുവേയുള്ള ഒരു പ്രവണതയാണത്. എസ്.എൽ.ബി.സി. (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി) യോഗത്തിൽ ഉൾപ്പെടെ ബഹുമാന്യനായ മുഖ്യമന്ത്രി പങ്കെടുക്കുകയും സി.ഡി. (ക്രെഡിറ്റ് ഡെപ്പോസിറ്റ്) റേഷ്യോ വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ പൊതുവെ അനുകൂലമായ സമീപനത്തിലേയ്ക്ക് ബാങ്കുകൾ വരാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ വലിയ വായ്പകൾക്ക് പ്രത്യേക താല്പര്യം നൽകുക എന്നതാണ് ബാങ്കുകളുടെ പൊതുസമീപനം. വായ്പകൾ തിരിച്ചടച്ചില്ലെങ്കിലും അത്തരമൊരു സമീപനം നിലനിൽക്കുന്നുണ്ട്. കേരളത്തിൽ നിലവിലെ സി.ഡി. റേഷ്യോ 60 ശതമാനത്തിനടുത്താണ്. എന്നാൽ ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങളുടെ സി.ഡി. റേഷ്യോ 100 ശതമാനത്തിന് മുകളിലാണ് എപ്പോഴും നിൽക്കുന്നത്. പൊതുവായ പ്രവണതയാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. ലോക കേരളസഭ ധൂർത്തായിരുന്നുവെന്നാണ് അങ്ങ് പറഞ്ഞ മറ്റൊരുകാര്യം. അതിൽ പങ്കെടുക്കാത്തതിനാലാണ് അങ്ങനെ പറയാൻ തോന്നിയത്. ഞാൻ ഇത്തവണ ലോക കേരളസഭയിൽ പങ്കെടുത്ത ആളാണ്. കെ.എം.സി.സി.-യുടെ പ്രതിനിധിയായ ശ്രീ. മുഹമ്മദ് കുട്ടി പറഞ്ഞത് മാധ്യമങ്ങളിൽ വന്നിട്ടുണ്ട് - "മികച്ച രീതിയിൽ ലോക കേരളസഭ സംഘടിപ്പിച്ച സംസ്ഥാന സർക്കാരിനെ കെ.എം.സി.സി. അഭിനന്ദനം അറിയിച്ചു". കെ.എം.സി.സി. മാത്രമല്ല എല്ലാ സംഘടനാ പ്രതിനിധികളും പറഞ്ഞത്, പ്രതിപക്ഷം ലോക കേരളസഭ ബഹിഷ്കരിച്ചത് ശരിയായില്ലെന്നാണ്. ധൂർത്തിനെ സംബന്ധിച്ച് പറഞ്ഞത് അവരെ അപമാനിക്കലാണെന്നാണ് അവർ പറഞ്ഞത്. എന്നിട്ടും അങ്ങ് തിരുത്താതിരുന്നത് യഥാർത്ഥത്തിൽ കേരളത്തിന് ഇത്രമാത്രം സംഭാവന നൽകുന്ന പ്രവാസി സമൂഹത്തോട് കാണിക്കുന്ന അനീതിയാണ്. അങ്ങ് അത് പിൻവലിക്കുന്നതാണ് നല്ലത്. അങ്ങയുമായി ബന്ധമുള്ള കെ.എം.സി.സി., അങ്ങ് ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കയ്യയച്ച് സഹായിക്കുന്നവരാണ്. കേരളത്തിലെത്തുന്ന സംഘടനാ പ്രതിനിധികൾക്കുള്ള ഭക്ഷണവും താമസസൗകര്യവുമാണ് നമ്മൾ നൽകുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ധൂർത്ത് എന്തിനായിരുന്നുവെന്ന് വളരെ കൃത്യമായി പറയുന്ന വാർത്തകൾ ഇവിടെയുണ്ട്. സംഗീതനിശ സംഘടിപ്പിക്കാൻ രണ്ട് കലാകാരൻമാർ 5 ലക്ഷം രൂപയിൽ താഴെ തുക ആവശ്യപ്പെട്ട സ്ഥാനത്ത് 35 ലക്ഷം രൂപയാണ് അതിനുവേണ്ടി ചെലവാക്കിയതെന്ന് ഒരു മാധ്യമം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവാസികൾക്ക് നല്ലരീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നുതന്നെയാണ് ഞാൻ പറയുന്നത്. അവർക്ക് നല്ല ഭക്ഷണം നൽകണം. എന്നാൽ അവർക്ക് ഭക്ഷണം നൽകാനല്ല ഇത്രയും വലിയ തുക ചെലവഴിച്ചത്. ആ തുക എങ്ങനെ പോയി എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചാൽ മതിയാകും. മറ്റുപ്രശ്നങ്ങളൊന്നുമില്ല.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങനെ പറയേണ്ടതില്ല. യഥാർത്ഥത്തിൽ, ഇങ്ങനെ ഒരു ആക്ഷേപം ഉന്നയിച്ചത് ഞങ്ങളെ അധിക്ഷേപിക്കലായിരുന്നുവെന്ന് ലോക കേരളസഭയിൽ പങ്കെടുത്തവരെല്ലാം പറഞ്ഞു. അവർക്ക് താമസസൗകര്യം മാത്രമാണ് സർക്കാർ ഒരുക്കികൊടുത്തത്. എന്നാൽ പലരും അവരവരുടെ ചെലവിലാണ് താമസിച്ചത്. ബഹുമാന്യനായ സ്പീക്കർ ലോക കേരളസഭയുടെ അവസാനം നടത്തിയ പ്രസംഗത്തിൽ അതിന് വകയിരുത്തിയ തുകയിൽ എത്ര തുക ചെലവായെന്ന് സൂചിപ്പിച്ചിരുന്നു. പകുതി തുകപോലും ചെലവായിട്ടില്ല. പലതും സ്പോൺസർഷിപ്പായിരുന്നു. ഭക്ഷണം സ്പോൺസർ ചെയ്യാമെന്ന് ഒരാൾ പറഞ്ഞു. ലോക കേരളസഭയിൽ പങ്കെടുക്കാൻ വന്ന പലരും അവരവരുടെ ചെലവിലാണ് താമസസൗകര്യം ഏർപ്പെടുത്തിയത്. അവർ ഒരു ഗസൽ കേട്ടു. അതിന് എത്ര രൂപ ചെലവായി എന്ന് ഞാൻ പരിശോധിച്ചില്ല. അവർ ഗസൽ ആസ്വദിച്ച് അവിടെയിരുന്നു. ഒരു ഗസലുപോലും അവരെ കേൾപ്പിക്കാൻ പാടില്ലെന്നും വരണ്ട മരുഭൂമിയിലെ ജീവിതത്തിന്റെ അവസ്ഥകൾ തന്നെ ഇവിടെയും പ്രതിഫലിപ്പിക്കണമെന്നും ഞങ്ങൾ കരുതുന്നില്ല. അവർ ഒരു ദിവസം ഇവിടെ വന്ന് സംഗീതമൊക്കെ കേട്ട് എല്ലാവരെയും കണ്ടു. ഗൾഫ് നാടുകളിലുള്ളവരുടെ മാത്രമല്ല, ലോകത്തെമ്പാടുമുള്ള എല്ലാവരുടെയും ഒത്തുചേരലായിരുന്നു അത്. അതിനാൽ അങ്ങയുടെ ആ പരാമർശം വളരെ തെറ്റായിപ്പോയി. ഇവിടെ പറഞ്ഞതുപോലെ കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് 30%, 32% സംഭാവന നൽകുന്നവരാണ് പ്രവാസികൾ. അവരുടെ പണം സ്വീകരിക്കുക മാത്രമാണ് ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുന്നതുവരെ ചെയ്തിട്ടുള്ളത്. ലോക കേരളസഭ എന്നത് അവർക്കുള്ള ഒരു അംഗീകാരമാണ്. കേരളത്തിന് പുറത്ത് ജോലി ചെയ്ത് ജീവിക്കുന്ന മലയാളികൾക്കുകൂടി അവകാശപ്പെട്ടതാണ് കേരളം എന്നുള്ള പ്രഖ്യാപനത്തിന്റെ പ്രയോഗമാണ് ലോക കേരളസഭ ഉളവാക്കുന്നത്. അതിൽ എല്ലാവരും അഭിമാനത്തോടുകൂടിയാണ് പങ്കെടുത്തത്. അതിനെ അധിക്ഷേപിക്കുന്ന രീതി ഇനിയും തുടരുന്നത് പ്രവാസി സമൂഹത്തോടുള്ള കടുത്ത

വഞ്ചനയാണ്. വളരെ ശക്തമായി പ്രവർത്തിക്കുന്നതും ലോക കേരളസഭയിൽ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകിയതുമായ ഒരു സംഘടനയുമായി ചേർന്ന് നിൽക്കുന്ന ഒരാളെന്ന നിലയിൽ അങ്ങയുടെ പരാമർശം തെറ്റായിപ്പോയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രവാസി സംരംഭകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാം. ഉദ്യോഗസ്ഥരുടെയും ട്രേഡ് യൂണിയനുകളുടെയും ഭാഗത്തുനിന്ന് ചില ഇടപെടലുകളുണ്ടാകാം. കല്ലറയിൽ വലിയൊരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നിങ്ങളുടെ ട്രേഡ് യൂണിയനും ഞങ്ങളുടെ ട്രേഡ് യൂണിയനുകളുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ഞങ്ങളും മറ്റുനേതാക്കളുമുൾപ്പെടെ ഇടപെട്ട് യോജിച്ച നിലപാട് സ്വീകരിച്ചതിനാൽ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു. അതിനുശേഷം അവർ കേരളത്തിന്റെ എല്ലാഭാഗത്തും 650 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റോടുകൂടി സ്ഥാപനങ്ങൾ ആരംഭിക്കുകയാണ്. അത്തരത്തിൽ ഒരു സംഭവമുണ്ടായപ്പോൾ നമ്മൾ കൂട്ടായ നിലപാട് സ്വീകരിക്കുകയും നിയമപരമായ സമീപനത്തിലേയ്ക്ക് വരികയും ചെയ്തു. കേരളത്തിൽ നല്ല രീതിയിലുള്ള മാറ്റം വരുന്നുണ്ട്. നിലവിലെ കണക്കനുസരിച്ച് 49537 സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. അങ്ങയുടെ ജില്ലയായ മലപ്പുറം ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജില്ലകളിലൊന്നാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഒന്നാം സ്ഥാനം മലപ്പുറത്തിനാണെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ അഭിമാനിക്കുകയാണ് വേണ്ടത്. 18601 സംരംഭങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. കേരളത്തിൽ എം.എസ്.എം.ഇ. (സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ) മുഖേന 2,927 കോടി രൂപയുടെ നിക്ഷേപം വന്നുകഴിഞ്ഞു, ഇത് കടലാസിലല്ല. ഓരോ ബാങ്കും ഇപ്പോൾ ടാർജറ്റ് നിശ്ചയിച്ച് വായ്പകൾ നൽകുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം എസ്.ബി.ഐ.-യുടെ മീറ്റിംഗിൽ പങ്കെടുത്തു. 17000 വായ്പകൾ എസ്.ബി.ഐ. കൊടുത്തുകഴിഞ്ഞു. കാനറാ ബാങ്ക് അതിനേക്കാൾ മുന്നിലാണ്. കേരളത്തിൽ എം.എസ്.എം.ഇ.-കൾ ആരംഭിച്ചാൽ ഒരു വർഷത്തിനകം 30 ശതമാനത്തോളം അടച്ചുപൂട്ടപ്പെടും എന്നുള്ളതാണ് അനുഭവം. അത് കുറയ്ക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. അങ്ങയുടെ ജില്ല നല്ല സാധ്യതയുള്ളതാണ്. എന്നാൽ ഇവിടെ പറഞ്ഞതുപോലെയുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകാം. അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ചില പ്രശ്നങ്ങളുണ്ടാകാം, അത് പരിഹരിക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രെസൽ മെക്കാനിസം സംബന്ധിച്ച് നാളെ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ അത്തരം കാര്യങ്ങൾ പറയാം. നമ്മൾ പൊതുവെ അനുകൂല സമീപനമാണ് സ്വീകരിക്കുന്നത്. നേരത്തെ വീട്, മറ്റുകാര്യങ്ങൾ എന്നിവയ്ക്കുവേണ്ടി പണം ചെലവഴിച്ചിരുന്ന പ്രവാസികൾ ഇന്ന് നാട്ടിൽവന്ന് ചെറിയ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. അത് നല്ല പ്രവണതയാണ്. നമുക്കൊരുമിച്ച് പ്രവാസി സമൂഹത്തെ സഹായിക്കാം.

അങ്ങ് പറഞ്ഞ മറ്റൊരു കാര്യം, യുക്രൈൻ യുദ്ധത്തെ സംബന്ധിച്ചാണ്. യുക്രൈനിൽ പഠിക്കാൻ പോയ കുട്ടികളുടെ വീടുകൾ മരിച്ച വീടുപോലെയായിരുന്നു. പഠിക്കാൻ പോയവരിൽ മിക്കവാറും പെൺകുട്ടികളാണ്. അവർ തിരിച്ചുവരുമോയെന്ന് വല്ലാത്ത ആശങ്കയുണ്ടായിരുന്നു; നമുക്ക് ഇടപെടുന്നതിന് പരിമിതിയുണ്ട്. അതിൽ ഏറ്റവും സമർത്ഥമായി ഇടപെടാൻ നോർക്കയ്ക്ക് കഴിഞ്ഞു. നോർക്കയ്ക്ക് നേരിട്ട് കുട്ടികളെ നാട്ടിലേയ്ക്ക് മടക്കി കൊണ്ടുവരാൻ സാധിക്കില്ല. അത് നമ്മുടെ അധികാര പരിധിയിൽവരുന്ന വിഷയമല്ല. അത് വിദേശകാര്യ മന്ത്രാലയമാണ് ചെയ്യേണ്ടത്, കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ സംസ്ഥാനം അതിൽ നല്ല കോ-ഓർഡിനേഷൻ വഹിച്ചു. നോർക്ക റൂട്ട്സും നല്ലരീതിയിൽ കോ-ഓർഡിനേറ്റ് ചെയ്തു. കേരളത്തിന്റെ പ്രതിനിധിയായ ശ്രീ. വേണു രാജാമണി ഫലപ്രദമായി ചുമതല വഹിച്ചു. മുഖ്യമന്ത്രി പലഘട്ടങ്ങളിലും ഓരോ പ്രശ്നങ്ങളിലും നേരിട്ട് ഇടപെട്ടു. നമ്മൾ വെറുതെ ഇടപെടുകയല്ല ചെയ്തത്. അടിയന്തരമായി കുട്ടികളെ ഇങ്ങോട്ട് കൊണ്ടുവരുന്നതിനുവേണ്ടി 5.29 കോടി രൂപ സർക്കാർ ചെലവഴിച്ചു. കുട്ടികൾ തിരിച്ചെത്തിയത് ഡൽഹിയിലാണ്. വല്ലാത്ത അനിശ്ചിതത്വമാണ് അവർ യുക്രൈനിൽ നേരിട്ടത്. അവർക്ക് ഭക്ഷണം കഴിക്കാൻ സാധിച്ചിരുന്നില്ല, ബോംബ്, മിസൈൽ എന്നിവ വർഷിച്ചു കൊണ്ടിരിക്കുന്നതിനിടയിൽക്കൂടി കിലോമീറ്ററോളം കാൽനടയായി യാത്ര ചെയ്ത് ഒരുവിധമാണ് അതിർത്തി കടന്നത്. അവർ ഡൽഹിയിലെത്തി സ്തംഭിച്ച് നിൽക്കുകയാണ്. ആ സമയത്ത് കേരളം 16 ചാർട്ടേഡ് ഫ്ലൈറ്റുകളയച്ചാണ് മടങ്ങി വന്ന കുട്ടികളെ ഡൽഹിയിൽനിന്ന് നാട്ടിലേയ്ക്ക് കൊണ്ടുവന്നത്. അത് ചെറിയൊരു കാര്യമല്ല. മുംബൈയിൽ വന്ന കുട്ടികൾക്കെല്ലാം ട്രെയിൻ ടിക്കറ്റ് നൽകി ഇങ്ങോട്ട് കൊണ്ടുവന്നു. ഞാനും ബഹുമാന്യനായ കോൺഗ്രസ് വിപ്പ് ശ്രീ. അൻവർ സാദത്തും എയർപോർട്ടിലുണ്ടായിരുന്നു. ഞങ്ങളെല്ലാം അവരെ സ്വീകരിക്കാൻ പോയി. ഇവിടെയുള്ള മറ്റ് എം.എൽ.എ.-മാരും ഇത്തരത്തിൽ അവരെ സ്വീകരിച്ചിട്ടുണ്ടാകും. കെ.എസ്.ആർ.ടി.സി.-യുടെ സഹായത്തോടുകൂടി സർക്കാർ തയ്യാറാക്കി നിർത്തിയിരുന്ന വോൾവോ ബസുകളിൽ അവരെയെല്ലാം വീടുകളിലെത്തിച്ചു. അവരുടെ കൂടെ ആരെയെങ്കിലും വിടേണ്ടതുണ്ടെങ്കിൽ ആ തരത്തിലും എല്ലാം ചെയ്തു. എയർപോർട്ടുകൾക്കകത്ത് നോർക്കയുടെ ഒരു സെൽ പ്രവർത്തിച്ചു. ഡൽഹിയിലും മുംബൈയിലും കേരള ഹൗസ് പ്രത്യേക സംവിധാനമുണ്ടാക്കി. അത്തരമൊരു ഘട്ടത്തിൽ പരിമിതികളൊക്കെയുണ്ടെങ്കിലും ഈ ഗവൺമെന്റ് പരമാവധി ഉയർന്ന് പ്രവർത്തിച്ച് സഹായം നൽകിയിട്ടുണ്ടെന്നത് നാം അംഗീകരിക്കണം. ആ കുട്ടികളുടെ തുടർപഠനത്തെ സംബന്ധിച്ച് ഇപ്പോഴുമൊരു അനിശ്ചിതത്വമുണ്ട്. അക്കാര്യത്തിൽ നമ്മൾ നിസ്സഹായരാണ്. കേന്ദ്ര സർക്കാരും മെഡിക്കൽ കൗൺസിലുമാണ് അതിൽ തീരുമാനമെടുക്കേണ്ടത്. ഇവിടെ പഠിപ്പിക്കാൻ കഴിയില്ലെന്ന് മെഡിക്കൽ കൗൺസിൽ വ്യക്തമാക്കി. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായത്താൽ തീരുമാനിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. നമ്മുടെ പല എം.പി.-മാരും ഇതിൽ ഇടപെടുന്നുണ്ട്. എന്നാൽ കേരള ഗവൺമെന്റ് മികച്ച രീതിയിൽ പ്രവർത്തിച്ചുവെന്ന് കാണേണ്ടതുണ്ട്.

വിമാന ടിക്കറ്റ് ചാർജ്ജിന്റെ വർദ്ധനവിനെക്കുറിച്ച് ബഹുമാന്യനായ സി. എച്ച്. കുഞ്ഞമ്പു പറഞ്ഞത് വളരെ യാഥാർത്ഥ്യമാണ്. ആളുകൾ രണ്ടോമൂന്നോ വർഷം കഴിഞ്ഞ് നാട്ടിലേയ്ക്ക് വരാനിരിക്കുന്ന സന്ദർഭം നോക്കിയാണ് ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ ഒരു റെഗുലേഷനുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ടിക്കറ്റ് ചാർജ്ജ് വർദ്ധനയ്ക്ക് നിശ്ചയിച്ചിരുന്ന പരിധി എടുത്തുകളയുകയാണ് . ഈ അധികാരം കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായും വിമാനക്കമ്പനികൾക്ക് വിട്ടുകൊടുത്തു. അതിനെതിരെ നമ്മൾ ഒറ്റക്കെട്ടായ നിലപാട് സ്വീകരിക്കണം. പ്രവാസി സമൂഹത്തോട് കേന്ദ്ര സർക്കാർ നേരത്തെയും കടുത്ത അനീതി കാണിച്ചിരുന്നു. വിമാന ചാർജ്ജിന്റെ കാര്യത്തിലൊക്കെ കുറേക്കൂടി കടുത്ത നിലപാടാണ് സ്വീകരിക്കുന്നത്. ഇത് നമ്മൾ ഒന്നിച്ച് ഏറ്റെടുക്കേണ്ട പ്രശ്നമാണ്. പ്രവാസി സമൂഹം കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്നു. അതുപോലെ മടങ്ങിയെത്തുന്ന പ്രവാസികളുടെ അനുഭവ സമ്പത്തും നൈപുണിയുമെല്ലാം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അതിന് ഈ പ്രവാസി ക്ഷേമ ബോർഡ് സഹായകരമായിരിക്കും. അതിൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾകൂടി വരുന്നതോടെ നല്ല രീതിയിൽത്തന്നെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. നജീബ് കാന്തപുരം, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ .......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(v) 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ഒരു ചെറിയ ഭേദഗതി മാത്രമാണ് അവതരിപ്പിക്കുന്നത്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് വളരെ ചെറിയൊരു ബോർഡാണ്. അതിൽ അംഗങ്ങളും വളരെ കുറവാണ്. നിലവിൽ ഓരോ അംഗത്തിൽനിന്നും ഇരുപത് രൂപയാണ് അംശദായമായി വാങ്ങുന്നത്. അതിനാൽ വളരെ ചെറിയൊരു ഫണ്ട് മാത്രമേ അതിൽനിന്ന് ലഭിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ മറ്റ് ക്ഷേമനിധി ബോർഡുകൾ നൽകുന്നതുപോലുള്ള ആനുകൂല്യങ്ങളൊന്നും അവർക്ക് കൊടുക്കാൻ കഴിയുന്നില്ല. ആ സാഹചര്യത്തിലാണ് അംശദായം ഇരുപത് രൂപയെന്നത് അൻപത് രൂപയാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ഭേദഗതി അവതരിപ്പിക്കുന്നത്. ഇത് വലിയ ചർച്ചയൊന്നും കൂടാതെ പാസ്സാക്കിത്തരണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിന്റെ അതിർത്തിയിലുള്ള നിയോജകമണ്ഡലമായ മഞ്ചേശ്വരത്തുനിന്നാണ് ഞാൻ വരുന്നത്. മഞ്ചേശ്വരത്തിന്റെയും കാസർഗോഡിന്റെയും ചരിത്രം പരിശോധിച്ചാൽ, പോർച്ചുഗീസുകാരുടെ കാലഘട്ടത്തിൽ ഈ പ്രദേശം പഴയ സൗത്ത് കൺട്രിയുടെ ഭാഗമായിരുന്നു. ആ സമയത്ത് മഞ്ചേശ്വരത്ത് ഒരു തുറമുഖത്തിന്റെ ചരിത്രംകൂടി കാണാൻ കഴിയും. അന്ന് പോർച്ചുഗീസുകാർ സ്വർണ്ണം ഇറക്കുമതി ചെയ്തത് മഞ്ചേശ്വരത്തായിരുന്നു. കന്നഡ ഭാഷയിൽ സ്വർണ്ണത്തിന് 'ബംഗാര' എന്നാണ് പറയുന്നത്. ആ കാലത്ത് എന്റെ നാടിന് ബംഗാര മഞ്ചേശ്വര (പൊന്നിന്റെ മഞ്ചേശ്വരം) എന്നൊരു വിളിപ്പേരുണ്ടായിരുന്നു. പിന്നീടാണത് ബംഗ്ര മഞ്ചേശ്വരവും മഞ്ചേശ്വരം മണ്ഡലവും മഞ്ചേശ്വരം താലൂക്കുമൊക്കെയായി മാറിയത്. നാട്ടിൽ എന്റെ പിതാവിന്റെ ഉപ്പളയിലെ കടയിലേയ്ക്ക് പോകുന്ന വഴിയിൽ ഉപ്പള റെയിൽവേ സ്റ്റേഷൻ റോഡിലെ ഇരുവശങ്ങളിലും, എന്റെ നാട്ടുകാർ ആശാരിമാർ എന്ന് വിളിച്ചിരുന്ന, ഒരുപക്ഷേ മലയാളികൾ തട്ടാന്മാർ എന്ന് വിളിക്കുന്ന വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്ന പത്തോളം ആഭരണ തൊഴിലാളികളുണ്ടായിരുന്നത് ഇപ്പോഴും എന്റെ മനസ്സിലുണ്ട്. കുഞ്ഞുനാളിൽ അവരുടെ ഡെക്കറേറ്റഡ് അല്ലാത്ത കടയിൽ ഒരു മൺപാത്രത്തിലെ ഉമിയിലേയ്ക്ക് കുഴലുകൊണ്ട് ഊതിയൂതി തീക്കട്ടയിൽനിന്നെടുക്കുന്ന സ്വർണ്ണത്തിന്റെ കാഴ്ചയൊക്കെ ഇപ്പോഴും മനസ്സിലുണ്ട്. ഇന്ന് നമുക്ക് അവരെയൊന്നും കാണാൻ കഴിയുന്നില്ല. പണ്ട് ആശാരിമാരെ സമീപിച്ച് അവരുടെ തീയതികൂടി കുറിച്ചതിനുശേഷമാണ് കല്യാണം പോലുള്ള ശുഭകാര്യങ്ങളൊക്കെ നടന്നിരുന്നതെന്ന മനോഹരമായ ഓർമ്മകൾ ഇപ്പോഴും മനസ്സിലുണ്ട്. കുട്ടിക്കാലത്ത് പലപ്പോഴും ഉമ്മ പറഞ്ഞ ചില കഥകൾക്കിടയിലെ സ്വർണ്ണാഭരണങ്ങളുടെ പേരുകളായ അലിക്കത്ത്, മാട്ടി, വിരൽ റിംഗ്, മൂക്കുത്തി, കരിമണി മാല, അരഞ്ഞാണം, മിന്നുമാല തുടങ്ങിയവയൊക്കെ ഇവരുടെ കരവിരുതിൽനിന്നുണ്ടായ മനോഹരമായ ആഭരണങ്ങളായിരുന്നു. ഇന്ന് ടെക്നോളജിയിൽ ഒരുപാട് മാറ്റമുണ്ടായ ഘട്ടത്തിൽ പുതിയ ഷോറൂമുകളും ജ്വല്ലറികളും വന്നപ്പോൾ പഴയകാലത്ത് ആശാരിമാരെന്നറിയപ്പെടുന്ന ആഭരണ തൊഴിലാളികൾ തിരശ്ശീലയുടെ പിന്നിലേയ്ക്കുപോയ ഒരവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്. അവരുടെ പ്രയാസവും ദുരിതവും അകറ്റാൻവേണ്ടിയാണ് ഈ ഒരു ഭേദഗതി സഭ ചർച്ച ചെയ്യുന്നത്. ഈ ഭേദഗതിയിലൂടെ ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് പ്രതിമാസം അംശദായമായി അടയ്ക്കേണ്ട ഇരുപത് രൂപ എന്നത് അൻപത് രൂപയായി വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. പക്ഷേ അംശദായം വർദ്ധിപ്പിച്ചാലും പാവപ്പെട്ട തൊഴിലാളികൾക്ക് അതിന്റെ ഗുണഫലം

ലഭിക്കുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണ്. ബോർഡിന്റെ ഭരണപരമായ ചെലവുകൾ നിർവ്വഹിക്കാൻ ഇതുപയോഗിക്കുന്നതും തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങൾക്ക് വേണ്ടത്ര പ്രാമുഖ്യം നൽകാത്തതും തൊഴിലാളി വിരുദ്ധ സമീപനമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ആഭരണ തൊഴിലാളികളുടെ വിവിധ കുടിശ്ശിക ആനുകൂല്യങ്ങൾ ഉടൻതന്നെ കൊടുത്ത് തീർക്കണം. ഈ സർക്കാർ വാക്കിൽ തൊഴിലാളി സ്നേഹം പ്രകടിപ്പിക്കുമെങ്കിലും പ്രവൃത്തിയിൽ തൊഴിലാളി വിരുദ്ധ സർക്കാരെന്ന് വീണ്ടുംവീണ്ടും തെളിയിച്ചു കൊണ്ടിരിക്കുകയാണ്. 28-4-2022-ൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സ.ഉ. (കൈ) നം. 68/2022/ധന ഉത്തരവാണ് എന്റെ കൈയിലുള്ളത്. ഒരു തൊഴിലാളിക്ക് തന്റെ തൊഴിലിൽനിന്നും വിരമിച്ചതുമുതൽ പെൻഷൻ ലഭിക്കുന്നതിന് അവകാശമുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള അംശദായം 20 രൂപയിൽനിന്നും 50 രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് ഭേദഗതി. നേരത്തെ സ്വർണ്ണ വ്യാപാരികൾ അവരുടെ ക്ഷേമനിധിയിലേയ്ക്ക് ഒരു തുക ഒടുക്കേണ്ടിയിരുന്നു. എന്നുപറഞ്ഞാൽ ഒരു ലക്ഷം രൂപയുണ്ടെങ്കിൽ അതിൽ 250 രൂപ നേരത്തെ കൊടുക്കണമായിരുന്നു. ഇപ്പോഴത് 100 രൂപയാക്കി കുറച്ചിരിക്കുന്നു എന്നാണ് പറയുന്നത്. അതുമാത്രമല്ല, വ്യാപാരികളിൽനിന്നും തിരിച്ചുപിടിക്കാനായി കോടിക്കണക്കിന് രൂപ സെസ്സ് ഇനത്തിൽ കുടിശ്ശികയുണ്ടെന്നുള്ള വാർത്തകളുമുണ്ട്. ഇത് സ്വർണ്ണ വ്യാപാരികളെയും സ്വർണ്ണവുമായി ബന്ധപ്പെട്ട കടത്തുസംഘങ്ങളെയുമൊക്കെ സഹായിക്കാൻകൂടി ഉതകുന്നതല്ലേ എന്നും ഇത്തരം വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിലുണ്ടോ എന്നുള്ളതുമാണ് എന്റെ ചോദ്യം?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തീർച്ചയായും ബഹുമാന്യയായ അംഗം കെ. കെ. രമ സൂചിപ്പിച്ച കാര്യം വളരെ ഗൗരവത്തോടുകൂടി സഭ ചർച്ച ചെയ്യേണ്ടതാണ്. കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ അടിസ്ഥാന അവകാശത്തിന്മേൽ നിയന്ത്രണം ഏർപ്പെടുത്തുന്ന ഒരുത്തരവാണ് ധനകാര്യ വകുപ്പ് ഇറക്കിയിരിക്കുന്നത്. പെൻഷന് അപേക്ഷ നൽകി അതിൽ ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡിജിറ്റൽ ഒപ്പുവയ്ക്കുന്ന മാസം മുതൽക്കേ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കാൻ ഗുണഭോക്താക്കൾക്ക് അർഹതയുള്ളൂവെന്ന് നിർദ്ദേശിക്കുന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവ് തൊഴിലാളികൾക്കിടയിൽ വലിയ പ്രതിഷേധമാണ് ഉയർത്തിയിരിക്കുന്നത്. സർക്കാരിന്റെ ഈ ഉത്തരവ് തിരുത്തണമെന്നാവശ്യപ്പെട്ട് സ്വതന്ത്ര തൊഴിലാളി യൂണിയൻ (STU)-ന്റെ നേതൃത്വത്തിൽ തൊഴിലാളി സംഘടനകൾ സമരത്തിന്റെ പാതയിലാണ്. എസ്.റ്റി.യു. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഈ മാസം

31-ന് ഇതേ വിഷയം ഉയർത്തിപ്പിടിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനുമുൻപിൽ ധർണ നടത്തുകയാണ്. ധനകാര്യ വകുപ്പിന്റെ തൊഴിലാളിവിരുദ്ധ ഉത്തരവ് അടിയന്തരമായി പിൻവലിക്കണമെന്ന് ഈ ചർച്ചയിൽ ആവശ്യപ്പെടുകയാണ്. ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലനിർത്തുക, സ്വർണ്ണ വ്യാപാരശാലകളിൽനിന്നും 2012 സാമ്പത്തിക വർഷം മുതലുള്ള ആഭരണ നിർമ്മാണ തൊഴിലാളി സെസ്സ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുക, തൊഴിലാളികൾ ക്ഷേമനിധി ബോർഡിലേയ്ക്ക് സമർപ്പിക്കുന്ന ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷയിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കുക, ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് സർക്കാർ മിനിമം വേജസ് പ്രഖ്യാപിക്കുകയും തൊഴിലുടമകൾ അത് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക, സ്വർണ്ണാഭരണ നിർമ്മാണ പ്രക്രിയയിൽ അൺഫിനിഷ്ഡ് ഓർണമെന്റ്സ് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ ഡെലിവറി ചലാൻ അപ്രാപ്യമായതിനാൽ ചെറുകിട സ്വതന്ത്ര തൊഴിലാളികളെ നൂറ് ഗ്രാം വരെയുള്ള സ്വർണ്ണത്തിന് ജി.എസ്.ടി. പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് സർക്കാർ തൊഴിൽ മേഖല സംരക്ഷിക്കുക, കോർപ്പറേറ്റ് വ്യാപാരികളുടെ ഫാക്ടറികളിലെ തൊഴിലാളികളുടെ ആഭരണ നിർമ്മാണ ക്ഷേമനിധി തുക തൊഴിലുടമയിൽനിന്നും നിർബന്ധമായും ഈടാക്കിക്കൊണ്ട് അത്തരം അന്യസംസ്ഥാന അസംഘടിത തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ സഹകരണ ബാങ്കുകളിൽ ജോലി ചെയ്യുന്ന അപ്രൈസർമാർക്ക് കമ്മീഷനാണ് നൽകുന്നത്. അവരുടെ ദയനീയ ജീവിതം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മൾ കൊട്ടിഘോഷിച്ചാണ് സഹകരണ ബാങ്കുകളൊക്കെ കേരള ബാങ്ക് എന്ന പേരിലാക്കിയത്. കേരള ബാങ്ക് നിലവിൽ വരുമ്പോൾ അപ്രൈസർമാരുടെ ജീവിതത്തിൽ മാറ്റമുണ്ടാകുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ അവരുടെ ദുരിതം വർദ്ധിക്കുകയാണുണ്ടായത്. ചില ബാങ്കുകളിലൊഴികെ അവരെ എവിടെയും സ്ഥിരമായി നിയമിച്ചിട്ടില്ല. അവർക്ക് കമ്മീഷൻ ഇനത്തിൽ 0.25 ശതമാനമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതായത് ഒരാൾ ഒരു പ്രാവശ്യം ബാങ്കിൽ സ്വർണ്ണം പണയം വയ്ക്കുമ്പോൾ അപ്രൈസർമാരുടെ കമ്മീഷൻ ഇനത്തിൽ ഈടാക്കുന്ന തുക 250 രൂപയിൽ കൂടാൻ പാടില്ല. വളരെ ദയനീയമായ ജീവിതമാണ് അപ്രൈസർമാർ നയിക്കുന്നത്. അവരും സ്വർണ്ണാഭരണ തൊഴിലാളികളാണ്, അതിനാൽ അവരുടെ കമ്മീഷൻ വർദ്ധിപ്പിക്കേണ്ടതല്ലേ? അവർക്ക് ലഭിക്കുന്ന കമ്മീഷനല്ല നമ്മൾ നോക്കേണ്ടത്,

അവരുടെ സത്യസന്ധതയ്ക്കാണ് നമ്മൾ വില കൽപ്പിക്കേണ്ടത്. അപ്രൈസർമാർ വിചാരിച്ചാൽ എന്ത് സംഭവിക്കുമെന്ന് ഞാനിവിടെ പറയേണ്ട ആവശ്യമില്ലല്ലോ; പല ബാങ്കുകളിലും നടന്ന തട്ടിപ്പിന്റെ പിന്നിൽ എന്താണ്, എങ്ങനെയാണ് അതൊക്കെ സംഭവിച്ചതെന്ന് ഞാനിവിടെ വിവരിച്ച് പറയേണ്ട ആവശ്യമില്ല. ബാങ്കിൽ സെക്രട്ടറിയുണ്ടാകും, ക്ലാർക്കുണ്ടാകും. അതുപോലെ ഒരു ബാങ്കിന്റെ ഘടനയുടെ ഭാഗമായ അപ്രൈസർമാർക്ക് വേണ്ട അംഗീകാരം നൽകേണ്ടതല്ലേ; ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായമെന്താണ്?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വളരെ പ്രസക്തമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്ന് ചൂണ്ടിക്കാണിച്ചത്. ഇന്ന് വലിയ ജ്വല്ലറികളിൽനിന്നും വരുന്ന മനോഹരമായ ആഭരണങ്ങൾക്ക് പിന്നിലും പഴയകാല ആഭരണ തൊഴിലാളികളുടെ കലാപരമായ കഴിവുകൾ പ്രകടമാണ്. എന്റെ കുഞ്ഞുനാളിലൊക്കെ കണ്ട ആശാരിമാരെന്ന് വിളിച്ച തട്ടാന്മാരിൽ പലരെയും ഇന്ന് ചില ബാങ്കുകളിൽ പോകുമ്പോൾ അപ്രൈസർമാരായി കാണുന്നുണ്ട്. അവരുടെ തുച്ഛമായ വരുമാനവും ദയനീയാവസ്ഥയും പലപ്പോഴും വേദനിപ്പിക്കുന്ന ഓർമ്മകളായി മനസ്സിലുണ്ട്. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുകയും ഒരുദിവസം സഭ അതിനുവേണ്ടി നീക്കിവയ്ക്കുകയും ചെയ്തു. ആ സമയത്ത് എന്റെ മണ്ഡലത്തിലെ ഇച്ചിലങ്കോട് സ്വദേശിയായ 'പുട്ട' എന്ന വെങ്കടേഷ് ഗിന്നസ് റെക്കോർഡിലേയ്ക്ക് കടന്ന ഒരു വാർത്ത വന്നു. പെൻസിൽ മുനയാൽ ഇന്ത്യയുടെ ഭൂപടം വരച്ചുകൊണ്ടാണ് ലോക ഗിന്നസ് റെക്കോർഡിലേയ്ക്ക് മഞ്ചേശ്വരത്തുനിന്നും കന്നഡക്കാരനായ ആ ചെറുപ്പക്കാരൻ കടന്നുവന്നത്. പരമ്പരാഗത ആഭരണത്തൊഴിലാളി കുടുംബത്തിൽ ജനിച്ച വെങ്കടേഷിനെപ്പോലെയുള്ള ആളുകൾ ജീവിക്കാൻ നിവൃത്തിയില്ലാതെ വേറെ ജോലി നോക്കുന്ന ഒരവസ്ഥയിലേയ്ക്ക് പോകുന്നത് ഗൗരവമായി കാണേണ്ട വസ്തുതയാണ്. ഇത്തരം കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുള്ള എല്ലാ അദ്ധ്വാനിക്കുന്ന മനുഷ്യർക്കും ആധുനികകാലത്തെ മാന്യതയ്ക്കനുസരിച്ചുള്ള പരിരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യബോധമാണ് ഈ ഭേദഗതി ബില്ലിലൂടെ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നതെന്ന്

ഞാൻ മനസ്സിലാക്കുന്നു. ഇതിഹാസ കഥാപാത്രമായ കർണ്ണന്റെ കവചകുണ്ഡലങ്ങളും ശബരിമല ശാസ്താവിന്റെ തിരുവാഭരണവും ശ്രീപത്മനാഭ സ്വാമിക്ഷേത്ര നിലവറകളിൽ നിറഞ്ഞുകിടക്കുന്ന ആഭരണങ്ങളും സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ സർവ്വ ദൈവങ്ങളും ധരിക്കുന്ന എല്ലാവിധ ആഭരണങ്ങളും നിർമ്മിച്ചവരുടെ പിന്മുറക്കാരാണ് ഇന്നത്തെ പരമ്പരാഗത ആഭരണ ത്തൊഴിലാളികൾ. കേരളത്തിൽ 5753 ജ്യൂവലറികളുണ്ടെന്നാണ് കഴിഞ്ഞ സാമ്പത്തികവർഷം വരെയുള്ള കണക്ക്. ഏതാണ്ട് എല്ലാ ആഴ്ചയിലും പുതിയ ജ്യൂവലറികളുടെ ഉദ്ഘാടന പരസ്യങ്ങളും കാണുകയാണ്. കേരളം ആഭരണക്കടകൾകൊണ്ട് നിറയുകയാണ്. അതേസമയം ആഭരണ ത്തൊഴിലാളികളുടെ കണ്ണുകളിൽ നിറകണ്ണീരും കാണാൻ കഴിയും. പരമ്പരാഗത ആഭരണത്തൊഴിലാളികളുടെ ജോലി കുറയുകയും കൂലിയിലെ വെട്ടിക്കുറവ് കൂടിക്കൊണ്ടുവരികയും ചെയ്യുന്ന ദുരവസ്ഥയാണ് നിലവിലുള്ളത്. എന്നിട്ടും നമ്മുടെ സ്വർണ്ണക്കടകളിൽ ആഭരണങ്ങൾ കുന്നുകൂടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രധാന കാരണം, ഇതര സംസ്ഥാനങ്ങളിൽനിന്ന് ഇടതടവില്ലാതെ ഒഴുകിയെത്തുന്ന ആഭരണങ്ങൾ കേരളത്തിലെ ജ്യൂവലറികളിൽ കുമിഞ്ഞു കൂടുന്നുവെന്നതാണ്. പൂർവ്വകാലത്ത് കേരളത്തിൽ അഞ്ചുലക്ഷത്തിലധികം ആഭരണത്തൊഴിലാളികൾ ഉണ്ടായിരുന്നുവെന്നാണ് കണക്ക്. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽവരുന്ന സമയത്ത് രണ്ടുലക്ഷം തൊഴിലാളികൾ ഉണ്ടെന്നായിരുന്നു അന്നത്തെ കണക്ക്. ഇപ്പോൾ അതുവീണ്ടും കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ഇതിനൊക്കെ പരിഹാരം കണ്ടേമതിയാകൂ. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്ന തൊഴിലാളികളെയെങ്കിലും ഈ മേഖലയിൽ നിലനിർത്തുന്നതിനുവേണ്ടി അവർക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യതകൂടി ജ്യൂവലറി ഉടമകളിൽ നിക്ഷിപ്തമാക്കാൻ കഴിയുമോയെന്ന് ചർച്ച ചെയ്യണം. ആകെ വില്പനയുടെ 50 ശതമാനമെങ്കിലും ഇത്തരം തൊഴിലുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ അന്യംനിന്നുപോകുന്ന ഈ പരമ്പരാഗത തൊഴിലാളികളെ നമുക്ക് സംരക്ഷിക്കാൻ കഴിയും. മിനിമം വേജസ് ഈ മേഖലയിലെ തൊഴിലാളികളുടെ കാണാക്കനിയാണ്. മിനിമം വേജസ് ആക്ട് കേരളത്തിൽ നടപ്പിലാക്കിയിട്ട് പത്തുവർഷമായിരിക്കുകയാണ്. എന്നാൽ ഇക്കാലത്തൊന്നും മിനിമം വേജസിൽ നയാപൈസയുടെ വർദ്ധനവ് ഉണ്ടായിട്ടില്ല. അതിനുകാരണം ഈ മേഖലയിലെ നിർമ്മാണച്ചെലവിന്റെ ബാദ്ധ്യതകൂടി ആഭരണത്തൊഴിലാളികളുടെ കൂലിയിൽ നിന്ന് കണക്കാക്കുന്നു എന്നതാണ്. ഇത് മറ്റൊരു തൊഴിൽമേഖലയിലും കാണാൻ കഴിയാത്ത പ്രതിഭാസമാണ്. എല്ലാ നിർമ്മാണ മേഖലയിലും തൊഴിലുടമകൾ അസംസ്കൃത പദാർത്ഥങ്ങൾ വിതരണം ചെയ്യുകയും തൊഴിലാളികൾ അത്

സംസ്കരിച്ച് ഉല്പന്നങ്ങളുണ്ടാക്കുകയും ചെയ്യുമ്പോൾവരുന്ന നിർമ്മാണച്ചെലവ് കൂലിയിൽനിന്ന് കുറയ്ക്കാറില്ല. എന്നാൽ സ്വർണ്ണാഭരണ മേഖലയിൽ ആഭരണങ്ങൾ നിർമ്മിക്കുമ്പോഴുണ്ടാകുന്ന നിർമ്മാണച്ചെലവ് തൊഴിലാളികളുടെ കൂലിയിൽനിന്ന് കുറയ്ക്കുന്നു. ഉദാഹരണത്തിന് 100 ഗ്രാം സ്വർണ്ണം തൊഴിലുടമ തൊഴിലാളിക്ക് നിർമ്മാണത്തിനായി നൽകിയാൽ അതിൽനിന്ന് എങ്ങനെ പരിശ്രമിച്ചാലും 98 ഗ്രാമിന്റെ ആഭരണങ്ങളാണ് നിർമ്മിക്കാൻ കഴിയുന്നത്. നഷ്ടപ്പെട്ടുപോകുന്ന രണ്ട് ഗ്രാം അസംസ്കൃത വസ്തുവിന്റെ വില തൊഴിലാളിയുടെ കൂലിയിൽനിന്നും ഈടാക്കുന്ന അപരിഷ്കൃത സമ്പ്രദായം ഇപ്പോഴും തുടരുകയാണ്. ഇത് തൊഴിലാളികൾക്ക് മിനിമംകൂലി ലഭ്യമാകാത്ത അവസ്ഥയുണ്ടാക്കുകയാണ്. ഇത്തരം പരാധീനതകൾ അനുഭവിക്കുന്ന ആഭരണ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച ക്ഷേമനിധി ബോർഡിനെ അസ്ഥിരപ്പെടുത്താൻ പലരും പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. വ്യാപാരികൾ അടയ്ക്കേണ്ട സെസ്സിനെ സംബന്ധിച്ച് കഴിഞ്ഞ സഭയിൽ ചർച്ച നടത്തുകയും എല്ലാവരും അടയ്ക്കട്ടെയെന്ന് കരുതി അതിന്റെ റേറ്റ് കുറച്ചുകൊണ്ടുവരികയും ചെയ്തിരുന്നു. എന്നാൽ സെസ്സ് അടയ്ക്കാൻ പലരും തയ്യാറാകുന്നുണ്ടെങ്കിലും പലരും അത് അടപ്പിക്കാതിരിക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. തൊഴിലാളി വിഹിതവും സർക്കാർ വിഹിതവും കൊണ്ടുമാത്രം ഈ ക്ഷേമനിധിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ട് തൊഴിലുടമകളുടെ ഓഹരികൂടി സമയബന്ധിതമായി സമാഹരിക്കുന്നതിന് കഴിയണം. ഈ ബില്ലിനെ എതിർക്കുന്നതിലൂടെ ക്ഷേമനിധി ബോർഡ് ഇല്ലാതാക്കുക എന്ന വൻകിട ജൂവലറി ഉടമകളുടെ ദുഃസ്വപ്നത്തിന് ജീവൻ നൽകുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ ബിൽ സാക്ഷാത്കരിക്കണം. വൻകിട ജൂവലറിക്കാരുടെ ലക്ഷ്യം നടപ്പാകാതെ, തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിലപാടിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. വരുമാനമില്ലാത്ത ഈ ക്ഷേമനിധി ബോർഡിനെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ഉദ്യോഗസ്ഥർക്കും താല്പര്യമില്ലെന്നതാണ് അനുഭവസ്ഥരായ തൊഴിലാളികൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. നിലവിലുള്ള പരിമിതമായ ആനുകൂല്യങ്ങൾപോലും വേഗതയോടെ വിതരണം ചെയ്യാൻ അവർ മുൻകയ്യെടുക്കുന്നില്ലെന്നത് ഒരു പ്രശ്നമാണ്. ഉദ്യോഗസ്ഥരുടെ ഉദാസീനതയുടെയും മുതലാളിമാരുടെ മുരടൻ നയത്തിന്റെയും ഇടയിൽ പാവപ്പെട്ട ആഭരണത്തൊഴിലാളികളുടെ നടുവൊടിയുകയാണെന്നതാണ് വസ്തുത.

ആഭരണ തൊഴിലാളികളുടെ കരവിരുത് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിന്റെ നേർസാക്ഷ്യമാണ്. ദൈവങ്ങൾക്കും മനുഷ്യർക്കും പ്രിയപ്പെട്ട ആഭരണങ്ങൾ ആർഭാടപൂർവ്വം പണിതുകൊടുത്ത തൊഴിലാളികളെ ഇന്ന് എല്ലാവരും അവഗണിച്ചുകൊണ്ടിരിക്കുകയാണ്. അവർ പണിതുണ്ടാക്കിയ

ആഭരണങ്ങളിലെ ഒരു മുത്ത് നഷ്ടപ്പെട്ടാൽ ദൈവത്തിന്റെ ചൈതന്യം നഷ്ടപ്പെടുമെന്ന് കരുതുന്ന നാട്ടുകൂടിയാണ് കേരളം. ആ കേരളത്തിലാണ് അതെല്ലാം നിർമ്മിക്കുന്ന തൊഴിലാളികൾ അവഗണിക്കപ്പെടുന്നത്. സ്വർണ്ണാഭരണങ്ങളെ ഇത്രയധികം ഇഷ്ടപ്പെടുന്ന സമൂഹത്തെ കേരളത്തിലല്ലാതെ മറ്റൊരു നാട്ടിലും കാണാൻ കഴിഞ്ഞിട്ടില്ല. അരപ്പവന്റെ കമ്മലിനുവേണ്ടി വന്ദ്യവയോധികയുടെ ജീവനെടുക്കുന്ന വാർത്ത കണ്ടാലും വിവാഹ പന്തലിലെത്തുന്ന വധുവിന്റെ ദേഹത്ത് അരക്കിലോ സ്വർണ്ണാഭരണങ്ങൾ വേണമെന്ന് ദുശ്ശാഠ്യം പിടിക്കുന്നവരെയാണ് നാം കാണുന്നത്.

ശ്രീ. വി. ജോയി: സർ, ജിമിക്കിക്കമ്മലിന്റെ ഒരു പാട്ടുണ്ടായത് അതിന്റെ ഭാഗമായിട്ടായിരിക്കുമോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, അതെ, 'എന്റെ അമ്മയുടെ ജിമിക്കിക്കമ്മൽ' കള്ളുകുടിക്കാൻവേണ്ടി കട്ടുകൊണ്ടുപോയ കഥയാണ് ശ്രീ. വി. ജോയി ആലോചിച്ചിരുന്നത്. ഇവിടെ കള്ളുകുടിക്കാൻവേണ്ടി കട്ടുകൊണ്ടുപോയതൊന്നുമല്ല. ആഭരണങ്ങളോടുള്ള അമിത താല്പര്യം പലരുടെയും ജീവനെടുക്കുന്നതിന് കാരണമായാലും നമ്മളതിനോട് കൂടുതൽ അഭിരമിച്ചുകൊണ്ടിരിക്കുകയാണെന്നതാണ് വസ്തുത. എന്നാൽ കണ്ണുനിറയെ കണ്ടുകൊണ്ട് ഈ ആഭരണങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികളുടെ കണ്ണുനീർ തുടയ്ക്കാൻ ആരെങ്കിലും മെനക്കെടുകയോ അവരുടെ ദുരവസ്ഥ പരിഗണിക്കുകയോ ചെയ്യുന്നില്ലെന്നതാണ് വൈരുദ്ധ്യം. തൊഴിലാളികൾക്ക് കൂലി കൊടുക്കാത്ത വില്പനശാലകളുണ്ടോ എന്നതാണ് കേരളീയർ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. അദ്ധ്വാനവർഗ്ഗത്തിന്റെ ആവേശോജ്ജ്വലമായ മുന്നേറ്റങ്ങളിലൂടെ പടുത്തുയർത്തപ്പെട്ട ആധുനിക കേരളത്തിൽ അദ്ധ്വാനിക്കുന്നവരെ അവഗണിക്കുന്ന കാഴ്ച നമുക്ക് ഇപ്പോൾ കാണേണ്ടി വരികയാണ്. സാമൂഹ്യനീതിബോധം പോയിട്ട് സാമാന്യബുദ്ധിപോലും ഇല്ലാത്തവരാണ് തങ്ങളെന്ന് സ്വയം പരിചയപ്പെടുത്തുന്നവരായി കേരളീയർ മാറാതിരിക്കാൻ ശ്രമിക്കണമെന്ന ഒരപേക്ഷ ഞാനീ സന്ദർഭത്തിൽ മുന്നോട്ടുവയ്ക്കുകയാണ്. പണിക്കൂലി കുറവെന്ന പരസ്യം കണ്ടാൽ ആ കടയിലേയ്ക്ക് കുതിച്ചുപോകുന്ന കേരളീയരെക്കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. എത്ര പരിഹാസ്യമാണ് നമ്മുടെ മാനസികസ്ഥിതി. ഇതത്ര ഗൗരവത്തിലൊന്നും ഞാനും ശ്രദ്ധിച്ചിരുന്നില്ല. പക്ഷേ എന്റെ മൂത്ത മകൻ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത് അവനോട് പത്രം വായിക്കാൻ എപ്പോഴും നിർബന്ധിക്കുമായിരുന്നു. ഒരു ദിവസം ഒരു ജ്വവലറിയുടെ പരസ്യം പത്രത്തിൽ വായിച്ചിട്ട് അവനെന്നോട് ചോദിച്ചു. "അച്ഛാ, ഈ കടയിൽ നല്ല പണിക്കാരെയൊന്നും കിട്ടില്ലല്ലേ" എന്ന്. അതായത്, പണിക്കൂലി കുറവ് എന്നതാണ് ആ ജ്വവലറിയുടെ പ്രധാന പരസ്യം. നല്ല പണിക്കാരെ കിട്ടില്ലെന്ന് അവന്റെ കുഞ്ഞുമനസ്സിൽ തോന്നുകയാണ്. ആ ചോദ്യം നമ്മുടെ മനസ്സിൽ വരില്ല.

പണിക്കൂലി കുറവ് എന്നുപറഞ്ഞാൽ വിലകുറച്ച് ലാഭത്തിൽ ആഭരണം കിട്ടുമെന്ന തെറ്റായ ധാരണയിലേയ്ക്ക് നാമെത്തുകയാണ്. പണിക്കൂലി കുറയുന്നിടത്ത് പണിയുടെ വൈദഗ്ദ്ധ്യം കുറയില്ലേ എന്ന സാമാന്യചോദ്യം ചോദിക്കാൻ കരുത്തില്ലാത്തവരായി കേരളീയർ മാറിയിരിക്കുന്നു.

നേരത്തെ ഒരംഗം പറഞ്ഞതുപോലെ, പണ്ട് കേരളത്തിലെ വഴിയോരങ്ങളിലെല്ലാം നിരവധി സ്വർണ്ണാഭരണശാലകൾ നമുക്ക് കാണാൻ കഴിയുമായിരുന്നു. അവിടെ മുതലാളി തൊഴിലാളി എന്നൊന്നില്ല; ഒരാൾ തന്നെയാണ് എല്ലാം. നാട്ടുകാർ അവിടെ വന്നിരുന്ന് തങ്ങളുടെ ആഭരണങ്ങൾ പണിയുന്ന സൗന്ദര്യം ആവോളം കണ്ടിരുന്ന കാലമായിരുന്നു അത്. അത്തരം തൊഴിലിടങ്ങൾ വളരെ സുതാര്യവും സത്യസന്ധവുമായിരുന്നു. അവിടെ പണിതിരുന്ന സ്വർണ്ണത്തിന്റെ മാറ്റിൽ ഒരു കുറവും ആരും കണ്ടിരുന്നില്ല; അളക്കാതെതന്നെ അതിന്റെ തൂക്കം പറയാൻ ആർക്കും കഴിയുമായിരുന്നു. എന്നാൽ ഇന്ന് ഏത് യന്ത്രത്തിലിട്ട് അളന്നാലും എല്ലാ മാറ്റുമുണ്ടെന്ന് പറഞ്ഞാലും ഒരു ജുവലറിയിൽനിന്നും വാങ്ങിയ സ്വർണ്ണം മറ്റൊരു ജുവലറിക്കാർ എടുക്കാൻ തയ്യാറല്ല; കാരണം അതിന്റെ ഗുണമേന്മയെ സംബന്ധിച്ച് പരസ്പരം സംശയമാണ്. സ്വർണ്ണവും ചെമ്പും ഉരുക്കിയുണ്ടാക്കുന്ന ഉരുപ്പടിയുടെ ഉള്ളിലെ സ്റ്റീൽക്കമ്പികളുടെ വലിപ്പത്തിലും തൂക്കത്തിലും കൃത്യമായ സ്ഥിരീകരണത്തിന് മാർഗ്ഗമില്ലാത്തതു മൂലമാണ് ഒരു കടയിൽനിന്നും വാങ്ങിയ ഉത്പന്നം മറ്റ് ജുവലറിക്കാർ സ്വീകരിക്കാത്ത അവസ്ഥയുണ്ടാകുന്നത്. ഉത്തരേന്ത്യയിലെ വർക്ക്ഷോപ്പുകളിൽ നിർമ്മിച്ച് ഇങ്ങോട്ടുകൊണ്ടുവരുന്ന ഉരുപ്പടികളിലെ സ്വർണ്ണത്തിന്റെ അളവ് എത്ര ഉരച്ചുനോക്കിയാലും തിട്ടപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ദൈവങ്ങളെയും മനുഷ്യരെയും അണിയിച്ചൊരുക്കുന്നതിന് ഋഷിതുല്യമായ ജാഗ്രതയോടെയും ക്ഷമയോടെയും ആഭരണങ്ങളുണ്ടാക്കിയിരുന്ന തൊഴിലാളികളോട് നാളിതുവരെ കാണിച്ചിരുന്ന അവഗണനയെ മറികടക്കാൻ ഈ ബിൽ ഏറെ സഹായകമാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, വർഷത്തിലൊരിക്കൽ അക്ഷയതൃതീയ ദിനത്തിൽ സ്വർണ്ണം വാങ്ങി വീട്ടിൽവച്ചാൽ ഐശ്വര്യമുണ്ടാകുമെന്ന പ്രചരണത്തിൽ ശാസ്ത്രീയവശമുണ്ടോ; അതോ, മനുഷ്യന്റെ ദുരാഗ്രഹത്തിലേയ്ക്ക് സ്വർണ്ണക്കടക്കാർ വഴിവയ്ക്കുകയാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നമ്മുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളെയും കമ്പോളവത്കരിച്ച് ലാഭമുണ്ടാക്കിയെടുക്കുക എന്നത് ആധുനിക മുതലാളിത്തത്തിന്റെ തന്ത്രമാണ്. ഞാൻ ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുന്ന അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലെന്ന സ്വകാര്യ ബില്ലുണ്ട്. അതിലെ ഏറ്റവും പ്രധാനപ്പെട്ട പോയിന്റ് അതാണ്. അത്തരത്തിൽ നിരവധി തട്ടിപ്പുകൾ നടക്കുന്നുണ്ട്. അതെല്ലാം ബാധിക്കുന്നത് സത്യസന്ധരായ ആഭരണത്തൊഴിലാളികളെക്കൂടിയാണെന്ന് മനസ്സിലാക്കണം.

ആഭരണ തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള തൊഴിലാളികളുടെ അംശദായം 20 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിക്കുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതിന് സമാനമായ വർദ്ധനവ് സർക്കാർ വിഹിതത്തിലു മുണ്ടാകുകയാണ്. തൊഴിലാളികൾ നൽകുന്ന തുകയുടെ 5 ശതമാനത്തിന് തുല്യമായ തുക വർഷംതോറും സർക്കാരും ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നതിലൂടെ സ്വാഭാവികമായും സർക്കാരിനും ധനകാര്യ ഉത്തരവാദിത്വം വരുന്നുണ്ട്. അതുകൂടി ഏറ്റെടുക്കാൻ ഈ സർക്കാർ സന്നദ്ധമാകുകയാണ്. ആരാലും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന ഈ ദുർബ്ബല ജനവിഭാഗത്തിനൊപ്പം ഇടതുപക്ഷ സർക്കാരുണ്ടെന്ന പ്രഖ്യാപനമാണ് ഈ ബില്ലിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. അസംഘടിത തൊഴിലാളികളോട് ഇത്രമാത്രം ഉൾച്ചേർന്നുനിൽക്കുന്ന, അവരെ ചേർത്തുപിടിക്കുന്ന ഒരു ഗവൺമെന്റിനെ മുമ്പ് കണ്ടിട്ടില്ല. 2010-ൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ് കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആരംഭിച്ചത്. ഇപ്പോൾ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഇത് വളരെ ശാക്തീകരിച്ച് മുന്നോട്ടുപോകുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഈ ബിൽ സഭ അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നത്. നമ്മളെല്ലാവരും ചേർന്ന് ഈ ബിൽ പാസ്സാക്കിയാൽ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യവും സാമൂഹ്യസുരക്ഷയും കരുതൽധനവും ലഭിക്കും; തൊഴിലാളികൾ ആഗ്രഹിക്കുന്നതും കേരളം നടപ്പാക്കേണ്ടതും ഈ സഭയുടെ ഉത്തരവാദിത്വവും അതാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ആഭരണത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വത്തോടൊപ്പം ആരോഗ്യപ്രശ്നം വലിയ രൂപത്തിൽ ഇതിന്റെ ഭാഗമായി കടന്നുകൂടാറുണ്ട്. മണിക്കൂറുകളോളമിരുന്ന് പണിയെടുത്ത് സൂക്ഷ്മമായി ആഭരണങ്ങൾ നിർമ്മിക്കുമ്പോഴുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കൂടി ഈ ബില്ലിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെടേണ്ടതല്ലേ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, തീർച്ചയായും, ഇതിന്റെ ഉത്പാദന പ്രക്രിയയിൽ പങ്കെടുക്കുമ്പോൾ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളുടെ ഭാഗമായി വളരെ മാരകമായ ആരോഗ്യ പ്രശ്നങ്ങൾ ഇവർ നേരിടുന്നുണ്ട്. അതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് ഇവർക്ക് സുരക്ഷയും ധനസഹായങ്ങളും നൽകുന്ന കാര്യത്തെക്കുറിച്ച് ക്ഷേമനിധിയിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പക്ഷേ അതെല്ലാം പാലിക്കുന്നുണ്ടോ എന്നത് മറ്റൊരു പ്രശ്നമാണ്. ഇടതുപക്ഷ ഗവൺമെന്റ് ഉള്ളിടത്തോളംകാലം അത് പാലിക്കാനാവശ്യമായ ജാഗ്രതയാർന്ന പ്രവർത്തനങ്ങൾ നടക്കുമെന്നതിൽ തർക്കമില്ല. തൊഴിലിടങ്ങളിൽ എല്ലാവരെയും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ ബില്ലിന്റെ സാംഗത്യവും പ്രാധാന്യവും ആശയവുമെല്ലാം ഉൾക്കൊണ്ട് ഇത് അംഗീകരിക്കാവുന്നതാണെന്നുകൂടി പറഞ്ഞുകൊണ്ട് ഞാനെന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ചർച്ചയിൽ പങ്കെടുത്ത രണ്ടംഗങ്ങളും ആഭരണത്തൊഴിലാളികളെ സംബന്ധിച്ച കാര്യങ്ങൾ നല്ല രീതിയിൽ അവതരിപ്പിച്ച് സംസാരിച്ചു. തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളിൽ മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്ര സർക്കാരിനും മാതൃകയാകുന്ന നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തൊഴിലാളിക്ഷേമ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറെ മുന്നിലാണ് കേരളം. കേരളത്തിൽ വിവിധ തൊഴിലാളിക്ഷേമ പദ്ധതികളിലായി 80 ലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും ഇത്രയുമധികം തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടുള്ളതായി കാണാൻ കഴിയില്ല. ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ ഒൻപത് ബില്ലുകളാണ് പാസ്സാക്കിയത്. സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിലെ അവസ്ഥയിൽനിന്നും തികച്ചും ഭിന്നമാണ് മറ്റ് പല സംസ്ഥാനങ്ങളിലുമുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സമാന സ്വഭാവമുള്ള ബോർഡുകളെ കൂട്ടിച്ചേർക്കുന്നതിന് 2018-ലെ ഉത്തരവിലൂടെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഇതിന്റെ പ്രവർത്തനം നടന്നുവരികയാണ്. ആ നടപടി പൂർത്തീകരിച്ചാൽ ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറയ്ക്കാനും കൂടുതൽ ആനുകൂല്യങ്ങൾ ക്ഷേമ പദ്ധതികളിലൂടെ തൊഴിലാളികൾക്ക് നൽകാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി മാതൃകാപരമായ ചില പദ്ധതികൾ കേരളം നടപ്പാക്കിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരം നിയമങ്ങൾ നടപ്പാക്കിയതായി കാണാൻ കഴിയില്ല. കോവിഡ് വ്യാപന കാലഘട്ടത്തിൽ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ മുഖേന രണ്ട് ഘട്ടങ്ങളിലായി അംഗങ്ങളായ മുഴുവൻ തൊഴിലാളികൾക്കും സാമ്പത്തിക സഹായം നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 2749723 തൊഴിലാളികൾക്കായി 322,53,38,500 രൂപയും രണ്ടാം ഘട്ടത്തിൽ 2658828 തൊഴിലാളികൾക്കായി 265,88,28,000 രൂപയും വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന കേരളത്തിലെ തൊഴിലാളികൾക്ക് നൽകുകയുണ്ടായി. മറ്റൊരു സംസ്ഥാനവും ഇത്തരത്തിലുള്ള ഒരു ആശ്വാസ നടപടിയും സ്വീകരിച്ചിട്ടില്ല. എഫ്.സി.ഐ. ഗോഡൗണുകളിൽ ധാരാളം ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുണ്ടായിട്ടും പട്ടിണിയിലായ ദരിദ്ര ജനതയെ സഹായിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാതിരുന്ന സാഹചര്യത്തിലാണ് കേരള സർക്കാർ ഇത്തരം നടപടികൾ സ്വീകരിക്കുന്നതെന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കേരള സംസ്ഥാനം

മറ്റ് സംസ്ഥാനങ്ങളിലെന്നപോലെ തൊഴിൽ മേഖലയിലും രാജ്യത്തിനാകെ മാതൃകയാകുന്ന നടപടികൾ സ്വീകരിക്കുന്നത്. 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ആ ദിശയിലേയ്ക്കുള്ള കാൽവയ്പാണ്. സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമം, സമാധാനപരമായ തൊഴിലന്തരീക്ഷം എന്നിവയോടൊപ്പം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. പതിനഞ്ച് വർഷങ്ങൾക്കുമുമ്പ്, സാധാരണ ഓണം നാളുകളിൽ കേരളത്തിൽ കലുഷിതമായ തൊഴിലന്തരീക്ഷമാണ് കാണാൻ കഴിഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ വളരെ സമാധാനപരമായ തൊഴിലന്തരീക്ഷമാണുള്ളത്. മാത്രമല്ല വ്യവസായ രംഗത്തും വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അപ്രൈസർമാരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സംബന്ധിച്ച കാര്യം സൂചിപ്പിച്ചു. നിലവിലുള്ള നിയമത്തിലെ വ്യവസ്ഥപ്രകാരം അവർക്ക് ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിനുള്ള അവസരമില്ല. കേരള സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവ സംസ്കരിക്കുകയും അതുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾ നിർമ്മിക്കുകയും മറ്റ് അനുബന്ധ ജോലികൾ ചെയ്യുന്നതുമായ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. 2010 മേയ് മാസം 29-നാണ് ആഭരണ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നത്. 18 വയസ് പൂർത്തിയായിട്ടുള്ളതും എന്നാൽ 55 വയസ് കഴിയാത്തതുമായിട്ടുള്ള ഈ മേഖലയിലെ തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ബോർഡിൽ അംഗത്വത്തിന് അർഹതയുണ്ട്. 2022 ജൂലൈ മാസംവരെ ബോർഡിൽ രജിസ്റ്റർ ചെയ്ത ആകെ അംഗങ്ങൾ 21649 ആണ്. പ്രതിമാസം 20 രൂപ നിരക്കിൽ പന്ത്രണ്ട് മാസം അംശദായം അടയ്ക്കുമ്പോൾ ബോർഡിന് ലഭ്യമാകുന്ന വാർഷിക വരുമാനം 51,95,760 രൂപ മാത്രമാണ്. അതുകൊണ്ടാണ് ഈ ഭേദഗതിയിലൂടെ അംശദായം 50 രൂപയാക്കണമെന്ന് തീരുമാനിച്ചത്. പ്രതിമാസ അംശദായം 50 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ലഭ്യമാകുന്ന വാർഷിക വരുമാനം 1,29,89,406 രൂപയാകും. 2022 ജൂലൈ മാസം വരെ വിവിധ ആനുകൂല്യയിനത്തിൽ വിതരണം ചെയ്ത ആകെ തുക 3,47,62,952 രൂപയാണ്. പെൻഷൻ തുക പൂർണ്ണമായും സർക്കാരാണ് നൽകിവരുന്നത്. ചെറിയ തുകയാണെങ്കിൽപ്പോലും ലഭിക്കുന്ന തുക മുഴുവൻ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന രീതിയാണ് ബോർഡ് അവലംബിച്ച് വരുന്നത്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി സെസ്സ് ഇനത്തിൽ നാളിതുവരെ ലഭിച്ചിട്ടുള്ള തുക 9,39,162 രൂപയാണ്. അത് വളരെ കുറവാണ്. സെസ്സ് അടയ്ക്കാത്ത സ്വർണ്ണവ്യാപാരികളുടെ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് കൂട്ടായി ആലോചിക്കേണ്ടതുണ്ട്. തൊഴിലാളി വിഹിതമായ 20 രൂപയും തൊഴിലുടമ വിഹിതമായ 20 രൂപയും

ചേർന്ന് 40 രൂപയാണ് നിലവിലെ അംശദായം. അതാണ് ഭേദഗതിയിലൂടെ മാറ്റം വരുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ, ഇപ്പോൾ നൽകുന്നത് വളരെ തുച്ഛമായ തുകയാണ്. നമുക്ക് അതിൽ മാറ്റം വരുത്താൻ കഴിയും. കാരണം സ്വർണ്ണവ്യാപാരികളിൽനിന്ന് കിട്ടുന്ന 0.1 ശതമാനം സെസ്സ് മാത്രമാണ് ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം. പെൻഷൻ തുകയായി 1,600 രൂപയും വിദ്യാഭ്യാസ ആനുകൂല്യമായി 500 രൂപ മുതൽ 2000 രൂപ വരെയും വിവാഹ ധനസഹായമായി 3000 രൂപയും പ്രസവാനുകൂല്യവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 13,000 രൂപ മുതൽ 15,000 രൂപ വരെയും ചികിത്സാ ധനസഹായമായി പരമാവധി 25,000 രൂപ വരെയും മരണാനന്തര ധനസഹായമായി പരമാവധി 25,000 രൂപ വരെയും നൽകുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഇതെല്ലാം വളരെ പരിമിതമാണെന്ന് നമുക്കറിയാം. അതിനൊക്കെ വലിയ മാറ്റം വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ബിൽ പാസ്സാക്കുന്നത് സംബന്ധിച്ച് ചർച്ചയിൽ പങ്കെടുത്തവരൊക്കെ അനുകൂലിക്കുകയുണ്ടായി. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്കയച്ച് പാസ്സാക്കിവരുന്നതോടുകൂടി ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലനിൽക്കുന്ന വികസന രംഗത്തെ സ്തംഭനാവസ്ഥയ്ക്ക് മാറ്റം വരികയും അതിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളെ കൂടുതൽ സഹായിക്കാൻ കഴിയുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. കെ. എം. അഷ്റഫ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലായിരുന്നു)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(2) 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

**പ്രമേയം**

ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, "2022 ആഗസ്റ്റ് 23-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെയും ചട്ടം 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെപ്പറ്റി ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം 77-ലെ വ്യവസ്ഥകളും താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഞാൻ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ബില്ലിലെ അപാകത

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ സ്വാഗതാർഹമാണ്. ഒരേകാര്യത്തിനായി ഒരുപാട് നിയമങ്ങൾ നിലവിലുണ്ടാകുക എന്നത് ആശയക്കുഴപ്പമുണ്ടാക്കും. Codification of law നിയമനിർമ്മാണ രംഗത്തെ ഏറെ ശ്രദ്ധേയമായ നീക്കമാണ്. ആ അർത്ഥത്തിൽ ഇതിനെ സ്വാഗതം ചെയ്യുന്നു. 105 ആക്ടുകൾ ഒഴിവാക്കിയതായി ഈ ബില്ലിൽ പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ ഓരോ ആക്ടും ഒഴിവാക്കുമ്പോൾ അതിനുപകരം ഏത് നിയമമാണ് വരുന്നതെന്നുകൂടി ബില്ലിൽ പ്രതിപാദിക്കേണ്ടതുണ്ട്. തിരുവിതാംകൂർ, തിരു-കൊച്ചി, മലബാർ തുടങ്ങിയ പഴയ ആക്ടുകളാണ് അധികവുമുള്ളത്. കേരളം

നിലവിൽ വന്നതിനുശേഷം അതിന് പകരമായി പുതിയ ആക്റ്റുകൾ വന്നിട്ടുണ്ടെന്നുള്ളത് ഉറപ്പാണ്. അതുകൊണ്ട് ഒഴിവാക്കുന്ന പഴയ ആക്റ്റിൽ പറയുന്ന കാര്യങ്ങൾ ഇന്ന ആക്റ്റിൽ പ്രതിപാദിക്കുന്നുണ്ടെന്നോ അല്ലെങ്കിൽ ഒഴിവാക്കുന്ന ആക്റ്റുകൾ കാലഹരണപ്പെട്ടതോ പ്രസക്തമല്ലാത്തതോ ആണെന്നോ ബില്ലിൽ പ്രതിപാദിക്കേണ്ടതായിരുന്നു. അതുപോലെ 2007-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് റദ്ദ് ചെയ്യുന്നുവെന്നാണ് ബില്ലിൽ പറയുന്നത്. എന്നാൽ അത് റദ്ദ് ചെയ്യേണ്ട കാര്യമില്ല. പ്രസ്തുത ആക്റ്റ് സെലക്റ്റ് കമ്മിറ്റിക്ക് അയച്ച് 2011-ൽ പുതിയ പോലീസ് ആക്റ്റ് പാസ്സാക്കിയിട്ടുണ്ട്. അതോടുകൂടി 2007-ലെ ആക്റ്റ് ഇല്ലാതെയായി. പിന്നീടത് റദ്ദ് ചെയ്യുന്നവയുടെ കൂട്ടത്തിൽ പറയേണ്ടതില്ല. അതുകൊണ്ട് ബില്ലിലെ അപൂർണ്ണതകൾ പരിഹരിച്ചുവേണം ഇത് അവതരിപ്പിക്കാനുള്ളതെന്നതാണ് എന്റെ തടസ്സവാദം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അദ്ദേഹം പറഞ്ഞത് ഈ ബിൽ ഒരു പോസിറ്റീവായ സ്റ്റെപ്പാണെന്നാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 395-ൽ പ്രതിപാദിക്കുന്നത് റദ്ദാക്കലുകളെ സംബന്ധിച്ചാണ്. അത് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുള്ള നിയമങ്ങൾ റദ്ദാക്കപ്പെടുന്നതിനുള്ളതാണ്. എന്നാൽ ആർട്ടിക്കിൾ 372(1)-ൽ ഏതെങ്കിലും ഒരു കോംപീറ്റന്റ് ലെജിസ്ലേഷൻ അത്തരമൊരു നിയമം ഉണ്ടാക്കുന്നതുവരെ ഈ നിയമങ്ങൾ തുടരുന്നതായിരിക്കുമെന്നും പറയുന്നുണ്ട്. അന്നുമുതൽ നമ്മൾ ഏറ്റെടുക്കേണ്ട ദൗത്യമായിരുന്നു; അതാണ് ഇപ്പോൾ നിർവ്വഹിക്കുന്നത്. ഒരു ഘട്ടത്തിൽ ചില നിയമങ്ങൾ റദ്ദുചെയ്തിട്ടുണ്ട്. അദ്ദേഹം ചില നിയമങ്ങൾ പ്രത്യേകമായി ഉദ്ധരിച്ചിട്ടുള്ളത് പ്രസക്തമാണ്. ഭേദഗതി ബിൽ നിയമമായി കഴിഞ്ഞാൽ അതിലെ വ്യവസ്ഥകൾ മൂലനിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗമാകും. പക്ഷേ റിപ്പീൽ ചെയ്തില്ലെങ്കിൽ ഭേദഗതി നിയമം നിയമമായി സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിൽക്കും. ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ മൂലനിയമത്തിന്റെ ഭാഗമായെങ്കിലും ഭേദഗതി നിയമം ഓട്ടോമാറ്റിക്കായി റദ്ദ് ചെയ്യപ്പെടുന്നില്ല. അങ്ങ് പറഞ്ഞ 2011-ലെ കേരള പോലീസ് ആക്റ്റിലെ 131(1) വകുപ്പുപ്രകാരം 1960-ലെ കേരള പോലീസ് ആക്റ്റ് റദ്ദാക്കപ്പെട്ടിരുന്നു. പക്ഷേ 2007-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് അതുപോലെ സ്റ്റാറ്റ്യൂട്ടിൽ നിൽക്കുന്നുണ്ട്. പ്രത്യേകം റിപ്പീൽ ചെയ്തില്ലെങ്കിൽ അത് നിയമമായിത്തന്നെ നിൽക്കും. ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ മൂലനിയമത്തിന്റെ ഭാഗമാകുകയും മൂലനിയമങ്ങൾ പുതിയ വ്യവസ്ഥകളോടെയും ഭേദഗതി നിയമം നിഷ്ക്രിയമായും നിൽക്കും. ഭേദഗതി നിയമങ്ങൾ റദ്ദാക്കാൻ ലെജിസ്ലേച്ചറിന് സാധിക്കണമെന്നതാണ് ഒന്നാമത്തെ കാര്യം. അതുപോലെ, 1974-ലെ കേരള സർവ്വകലാശാല ആക്റ്റ്, 1975-ലെ

കോഴിക്കോട് സർവ്വകലാശാല ആക്ട്, 1994-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്ട്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ട് എന്നിവ ഭേദഗതി ചെയ്യുന്നതാണ് 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്ട്. ഈ ആക്ട് വന്നതോടുകൂടി അതിലെ വ്യവസ്ഥകൾ ഈ നാല് സർവ്വകലാശാല ആക്ടുകളുടെയും ഭാഗമായി. പക്ഷേ ഭേദഗതി ആക്ട് അതുപോലെതന്നെ നിൽക്കുകയാണ്. അത് റദ്ദ് ചെയ്യേണ്ടതുണ്ട്. അതുപോലെ 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ആക്ട് മൂലനിയമത്തിന്റെ ഭാഗമായി. പക്ഷേ ഭേദഗതി ആക്ട് അങ്ങനെതന്നെ നിൽക്കുന്നുവെന്നതാണ് നമ്മുടെ നിയമ വ്യവസ്ഥയുടെ ഒരു പ്രശ്നം. റിപ്പീൽ ചെയ്യാനുള്ള നിയമം പ്രത്യേകമായി കൊണ്ടുവന്നാൽ മാത്രമേ അത് റദ്ദാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഈ ബിൽ അനിവാര്യമായി കൊണ്ടുവന്നത്.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ......ഓർഡർ.... 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ ഡ്രാഫ്റ്റ് ചെയ്തതിലെ അപാകം നിമിത്തം അതിലെ വ്യവസ്ഥകളിൽ വ്യക്തതക്കുറവുണ്ടെന്നും റദ്ദുചെയ്യപ്പെടുന്ന നിയമങ്ങളെ സംബന്ധിച്ച് നൽകിയിട്ടുള്ള വിശദാംശം പൂർണ്ണമല്ലെന്നും അപ്രകാരം അപൂർണ്ണമായ തരത്തിൽ ഈ ബിൽ പാസ്സാക്കുന്നത് നിയമാനുസൃതമല്ലെന്നും ആകയാൽ ഈ ബില്ലിന് അവതരണാനുമതി നൽകരുതെന്നുമാണ് ശ്രീ. എൻ. ഷംസുദ്ദീൻ തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള 105 നിയമങ്ങൾ വിവിധ കാരണങ്ങളാൽ റദ്ദാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ നിയമാനുസൃതമായും വ്യവസ്ഥാപിതമായുമാണ് തയ്യാറാക്കിയിരിക്കുന്നതെന്നും അവ്യക്തതയും അപൂർണ്ണതയും അക്കാര്യത്തിലുണ്ടെന്ന വാദത്തിൽ കഴമ്പില്ലെന്നുമാണ് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കിയത്. ചെയർ ഇക്കാര്യം പരിശോധിക്കുകയും പ്രഗത്ഭരായ നിയമവിദഗ്ദ്ധരുടെ വിശദമായ പഠനത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ റദ്ദാക്കാവുന്നതായി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതുമായ നിയമങ്ങളുടെ ലിസ്റ്റ് അടങ്ങിയതാണ് ഈ ബിൽ. ബില്ലിന്റെ ഉള്ളടക്കത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തതയോ അപൂർണ്ണതയോ ഉണ്ടെന്ന് പറയാൻ സാധിക്കില്ല. ഈ സാഹചര്യത്തിൽ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ബില്ലിനെ പിന്താങ്ങുന്നു. ഏകദേശം 105-ഓളം ആക്ടുകൾ ഒഴിവാക്കിക്കൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് മാത്രമാണ് 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ അതിനകത്ത് വലിയ തരത്തിലുള്ള മാറ്റങ്ങളുണ്ടാകുന്നില്ല. ഈ ബില്ലിലൂടെ കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റുകയും കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഒരുപാട് നിയമങ്ങൾ ഈ കാലഘട്ടത്തിന്റെ രീതിക്കനുസരിച്ചല്ല മുന്നോട്ടുപോകുന്നതെന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ അതിലെ ചില പ്രയോഗങ്ങളും വാക്കുകളുമൊക്കെ ഭേദഗതി കൊണ്ടുവന്ന് സഭ മാറ്റാറുണ്ട്. ഞാൻ ഫാക്ടറീസ് ആക്ടിനെക്കുറിച്ച് ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ.-യുമായി രാവിലെ സംസാരിച്ചിരുന്നു. വാട്ടർ ട്രീറ്റ്മെന്റ് സംവിധാനത്തിലേയ്ക്ക് മാറിയ ഈ കാലഘട്ടത്തിലും പണ്ടുകാലങ്ങളിലുണ്ടായിരുന്നതുപോലെ വെള്ളം ശേഖരിക്കാൻ കുജവയ്ക്കണമെന്നാണ് ഫാക്ടറീസ് ആക്ടിൽ വ്യവസ്ഥ ചെയ്യുന്നത്. അത്തരത്തിലുള്ള വാക്കുകൾ ആധുനിക കാലഘട്ടത്തിൽ മാറ്റേണ്ടത് തന്നെയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെ ഇവിടെയുണ്ട്. ഫ്ലഡ് വർക്കുകളുമായി ബന്ധപ്പെട്ട ആവശ്യത്തിനായി സെക്രട്ടേറിയറ്റിൽ പോകുമ്പോൾ പഴയ റൂൾസ് അനുസരിച്ചാണ് ഉദ്യോഗസ്ഥർ കാര്യങ്ങൾ പറയുന്നത്. ഫ്ലഡ് വർക്കിന് പത്ത് ലക്ഷം രൂപയൊക്കെയാണ് അനുവദിക്കുന്നത്. പഴയകാലത്തെ റൂൾസ് അനുസരിച്ചാണ് ഈ കാലഘട്ടത്തിലും ചെയ്യുന്നത്. ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാർക്കെല്ലാം അറിയാം. അതുകൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ അത്തരത്തിലുള്ള റൂളുകളിലും ഓർഡറുകളിലും വരുത്തണമെന്നുകൂടി സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട കാര്യങ്ങളിലും അങ്ങനെ തന്നെയാണ്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിലാണ് വർക്കുകൾ ചെയ്യുന്നതെന്നാണ് പറയുന്നത്.

ഈ കാലഘട്ടത്തിൽ പാലാ, കുട്ടനാട് പ്രദേശങ്ങളിലെ പ്രവൃത്തികൾ ഏകീകരിക്കപ്പെട്ട റേറ്റിൽ ചെയ്യാൻ സാധിക്കില്ല. അതിന് മാറ്റങ്ങൾ വരേണ്ടതുണ്ട്. ഡിജിറ്റൈസ് ചെയ്ത ഈ കാലഘട്ടത്തിൽ നമ്മൾ ജീവിക്കുമ്പോൾ നിയമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ ഉണ്ടാകണമെന്നുള്ളതുകൊണ്ട് 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പ്രാധാന്യമർഹിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ചുരുങ്ങിയ സമയത്തിൽ ഭേദഗതി അവതരിപ്പിച്ചത് നല്ല മാതൃകയാണ്. റദ്ദാക്കലും ഒഴിവാക്കലും ബിൽ ആയതുകൊണ്ട് മറ്റംഗങ്ങളും അധികം സമയമെടുക്കില്ലെന്ന് വിചാരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ബില്ലിനെ പിന്താങ്ങുന്നു. ഇവിടെ പറഞ്ഞതുപോലെ ദീർഘമായ ഒരു അവതരണത്തിനൊന്നും ഉദ്ദേശിക്കുന്നില്ല. കാലാനുസൃതമായ നവീകരണവും ശുദ്ധീകരണവുമാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. എല്ലാനിലയിലും ഈ ബിൽ സഭ ഏകകണ്ഠമായി സ്വീകരിക്കുമെന്നാണ് കരുതുന്നത്. ബ്രിട്ടീഷ് ഭരണകാലം മുതൽ നിലനിൽക്കുന്നതും എന്നാൽ കാലഹരണപ്പെട്ടതുമായ നിയമങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ആ കാഴ്ചപ്പാടിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അതിനെ എല്ലാവരും അംഗീകരിക്കുമെന്ന് കരുതുന്നു. കൂടുതലായി ബില്ലിന്റെ ഭാഗമായി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ ബില്ലിന് പൂർണ്ണ പിന്തുണ നൽകുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, വിവിധങ്ങളായ നിയമനിർമ്മാണത്തിലൂടെ കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ 'കേരള മോഡൽ' എന്നൊരു മാതൃകയുണ്ടാക്കിയ നിയമനിർമ്മാണ സഭയാണിത്. നിയമസഭയുടെ പ്രവർത്തനത്തിൽ 'ഗുഡ് ഗവേണൻസ്' ഒരു സുപ്രധാന അജണ്ടയായി എടുത്തുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ വികസന അജണ്ട തീരുമാനിക്കുന്ന ഒന്നാം കേരള നിയമസഭ ഈരട്ട നിയമനിർമ്മാണങ്ങൾക്ക് അടിത്തറ പാകി. അതുപോലെ ലിബറൽ ജനാധിപത്യത്തിന്റെ പരിമിതികളുള്ളിൽനിന്നുകൊണ്ട് പൊതുക്ഷേമവും സാമൂഹ്യ നീതിയും പുരോഗതിയും കൈവരിക്കുന്നതെങ്ങനെയാണെന്നതിന് ഏറ്റവും ശ്രദ്ധേയമായ നിയമനിർമ്മാണം നടത്തിയ ഈ നിയമസഭ, നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെയും കേന്ദ്രഗവൺമെന്റിന്റെ ഗുഡ് ഗവേണൻസിന്റെയും ഭാഗമായാണ് ഈ ബിൽ കൊണ്ടുവന്നത്. എന്നാൽ കേന്ദ്ര സർക്കാർ അത്തരത്തിലുള്ള പ്രവർത്തനത്തിൽ ഒരുപാട് പിന്നാക്കം നിൽക്കുമ്പോൾ ഈ ബില്ലിലൂടെ കാലഹരണപ്പെട്ട 105 നിയമങ്ങൾ റദ്ദാക്കപ്പെടുന്നതിനുവേണ്ടി അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് ചൂമതലപ്പെടുത്തിയതുപ്രകാരം ശ്രീ. യു. എ. ലത്തീഫ്: സർ, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായ കേരള നിയമ പരിഷ്കരണ കമ്മീഷന്റെ അന്തിമ റിപ്പോർട്ട് 24-01-2009-ന് സമർപ്പിച്ചിരുന്നെങ്കിലും അതിലെ ശിപാർശകൾ 13 വർഷമായിട്ടും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ബ്രിട്ടീഷുകാരുണ്ടാക്കിയ നിയമങ്ങളാണ് ഒഴിവാക്കുന്നതെന്നാണ് പറയുന്നത്. എന്നാൽ 1860-ലെ ഇന്ത്യൻ പീനൽ കോഡ്, 1908-ലെ സിവിൽ പ്രൊസീഡ്യൂർ കോഡ്, 1872-ലെ ഇന്ത്യൻ എവിഡൻസ് ആക്ട് എന്നിവയെല്ലാം ബ്രിട്ടീഷുകാരുണ്ടാക്കിയതാണ്. പക്ഷേ ഇന്നും ഇന്ത്യയിലെ കോടതികളിൽ അതുതന്നെയാണ് സ്വീകരിച്ചുവരുന്നത്. ബില്ലിലെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന 1 മുതൽ 29 വരെയുള്ള ആക്ടുകൾ മദ്രാസ് ഗവൺമെന്റിന്റെ കാലത്തുള്ളതാണ്. 30 മുതൽ 36 വരെയുള്ളവ കേന്ദ്ര നിയമങ്ങളും 37 മുതൽ 46 വരെയുള്ളവ കേരള ആക്ടുകളും 47 മുതൽ 105 വരെയുള്ളവ കേരള ഭേദഗതി ആക്ടുകളുമാണ്. കേരള നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ ടൗൺ പ്ലാനിംഗ്, ഫിഷറീസ്, കനാൽസ് ആൻഡ് സർവ്വീസ്, ഹെൽത്ത്, ഹൈജീൻ ആൻഡ് എപ്പിഡമിക് ഡിസീസസ്, സൊസൈറ്റീസ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ ഓഫ് മെഡിക്കൽ പ്രാക്ടീഷണേഴ്സ്, പ്രിവൻഷൻ ഓഫ് ബെഗ്ഗിംഗ്, ക്രിസ്ത്യൻ മാര്യേജ് എന്നിവയെ സംബന്ധിച്ച നിയമങ്ങൾ റദ്ദ് ചെയ്യണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിനൊക്കെ വളരെ വിശദമായ നോട്ടെഴുതി ഇന്നകാരണം കൊണ്ടാണ് റദ്ദാക്കുന്നതെന്നും പറഞ്ഞിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഭേദഗതി നിയമം പാസ്സാക്കുന്നതോടുകൂടി അതിലെ വ്യവസ്ഥകൾ മൂലനിയമത്തിൽ വരുന്നതുകൊണ്ടാണെന്ന് കണ്ടെത്തിയാണ് ക്രമപ്രശ്നത്തിനെതിരായി ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നടത്തിയത്. പക്ഷേ ഒഴിവാക്കുന്ന ഭേദഗതി ആക്ടുകൾക്കുപകരമായി വന്ന മൂലആക്ട് ഏതാണ്; എങ്ങനെയാണ് ഭേദഗതി അതിൽ ലയിച്ചത് എന്നീ കാര്യങ്ങൾ വ്യക്തമാക്കാത്തതുകൊണ്ട് ബില്ലിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നില്ല, ഭാഗികമായി എതിർക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിലുള്ള നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയ നിയമനിർമ്മാണം ആയതുകൊണ്ടായിരിക്കും ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റുപ്രശ്നങ്ങളൊന്നും ഉന്നയിക്കാത്തത്. ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ ഉന്നയിച്ച കാര്യങ്ങൾക്കെല്ലാം നേരത്തെ മറുപടി നൽകിയിട്ടുള്ളതാണ്. 810 നിയമങ്ങൾ ഒഴിവാക്കാനാണ് ആദ്യം പ്രൊപ്പോസ് ചെയ്തിരുന്നത്. അതിൽ 697 നിയമങ്ങൾ നേരത്തേ റദ്ദാക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് ആ നിയമങ്ങൾ ബില്ലിന്റെ ഭാഗമാക്കാതിരുന്നത്. ബാക്കിയുള്ളവ പരിശോധനയ്ക്കായി അതത് ഭരണവകുപ്പിലേയ്ക്കയച്ചു. ഭരണവകുപ്പിന്റെ അഭിപ്രായംകൂടി പരിഗണിച്ചാണ് 105 നിയമങ്ങൾ റദ്ദ് ചെയ്യാൻ തീരുമാനിച്ചത്. അതിൽ തിരുവിതാംകൂർ ആക്ടുകൾ-2, കൊച്ചി ആക്ടുകൾ-9, തിരുവിതാംകൂർ-കൊച്ചി ആക്ട്-1, മദ്രാസ് ആക്ടുകൾ-17, റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട നിയമങ്ങളിൽ അതത്

ഭരണവകുപ്പുകളുമായി ചർച്ച ചെയ്ത് റിപ്പീൽ ചെയ്യാമെന്ന് കണ്ടെത്തിയ കേന്ദ്ര ആക്ടുകൾ-7, കേരള ആക്ടുകൾ - 10, ഭേദഗതി ആക്ടുകൾ - 59 എന്നിവയാണ് റിപ്പീൽ ചെയ്യുന്നത്. ഭേദഗതി ആക്ടുകളാണ് കൂടുതലുള്ളത്. ഇവിടെ ഉന്നയിച്ച പ്രശ്നം, ഒഴിവാക്കപ്പെടുന്ന നിയമങ്ങൾ ഏത് നിയമത്തിലാണ് ഉൾപ്പെടുന്നത്; ഇതിലെ വ്യവസ്ഥകൾ മറ്റേതിനെയെങ്കിലും ബാധിക്കുമോ എന്നാണ്. ഈ നിയമത്തിന്റെ ഭാഗമായി നേരത്തേ നടപ്പാക്കിയ നടപടികളോ ഇതിന്റെ ഭാഗമായി എടുത്തിട്ടുള്ള ഏതെങ്കിലും കാര്യങ്ങളോ ഒന്നുംതന്നെ ഈ നിയമം റിപ്പീൽ ചെയ്യുന്നതോടുകൂടി ഇല്ലാതാകുന്നില്ലെന്ന് ബില്ലിലെ മൂന്നാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ ബിൽ എല്ലാവരും അംഗീകരിക്കണമെന്നും ബിൽ പരിഗണനയ്ക്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2-ൽ 'ആക്ടിന്റെ' എന്നതിനുപകരം ' ആക്ടിലെ' എന്ന് ചേർക്കുക.

113. ഖണ്ഡം 2-ൽ 'പറഞ്ഞിട്ടുള്ള' എന്നതിനുപകരം ' ചേർത്തിട്ടുള്ള' എന്ന് ചേർക്കുക.

114.ഖണ്ഡം 2-ൽ " റദ്ദാക്കിയിരിക്കുന്നു" എന്നതിനുപകരം " റദ്ദാക്കപ്പെട്ടിരിക്കുന്നു" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ഖണ്ഡം 3(1)-ൽ " ആക്റ്റ് മൂലം" എന്നതിനുപകരം " ആക്റ്റിലെ" എന്ന് ചേർക്കുക.

116. ഖണ്ഡം 3(1)-ൽ 'പറഞ്ഞിട്ടുള്ള' എന്നതിനുപകരം 'ചേർത്തിട്ടുള്ള' എന്ന് ചേർക്കുക.

117. ഖണ്ഡം 3(1)-ൽ 'റദ്ദാക്കിയത്, റദ്ദാക്കപ്പെട്ട' എന്നതിനുപകരം 'റദ്ദാക്കപ്പെട്ടത് മൂലം ആ' എന്ന് ചേർക്കുക.

118. ഖണ്ഡം 3(1)-ൽ 'ബാധകമാക്കിയിട്ടുള്ളതോ' എന്നതിനുപകരം 'ബാധകമായിട്ടുള്ളതോ' എന്ന് ചേർക്കുക.

119. ഖണ്ഡം 3(1)-ൽ 'ഈ ആക്റ്റ്,' എന്നതിനുശേഷം 'മൂലം' എന്ന് ചേർക്കുക.

120. ഖണ്ഡം 3(1)-ൽ 'നേരിട്ടതോ' എന്നതിനുപകരം 'നേരിട്ടിട്ടുള്ളതോ' എന്ന് ചേർക്കുക.

121. ഖണ്ഡം 3(1)-ൽ 'പ്രാപ്തമായതോ' എന്നതിനുപകരം 'പ്രാപ്തമായിട്ടുള്ളതോ' എന്ന് ചേർക്കുക.

122. ഖണ്ഡം 3(1)-ൽ 'എന്നിവയെ' എന്നതിനുപകരം 'എന്നിവ' എന്ന് ചേർക്കുക.

123. ഖണ്ഡം 3(1)-ൽ 'ബാദ്ധ്യതാ വിമുക്തിയെയോ' എന്നതിനുപകരം 'ബാദ്ധ്യതാ മുക്തിയെയോ' എന്ന് ചേർക്കുക.

124. ഖണ്ഡം 3(1)-ൽ 'കാര്യത്തെയോ' എന്ന് വരുന്നിടത്തെല്ലാം 'കാര്യങ്ങളെയോ' എന്ന് ചേർക്കുക.

125. ഖണ്ഡം 3(1)-ൽ 'റദ്ദാക്കിയിട്ടുള്ള' എന്നതിനുപകരം ' റദ്ദാക്കപ്പെട്ടിട്ടുള്ള' എന്ന് ചേർക്കുക.

126. ഖണ്ഡം 3(1)-ൽ 'ഇപ്പോൾ' എന്നത് ഒഴിവാക്കുക.

127. ഖണ്ഡം 3(1)-ൽ "സംഗതിയെയോ" എന്നതിനുപകരം "സംഗതികളെയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 115, 119, 121, 125 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 115, 119, 121, 125 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 116, 117, 118, 120, 122, 123, 124, 126, 127 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "തുടർന്ന്" എന്നതിനുശേഷം "പ്രയോഗിക്കേണ്ട" എന്ന് ചേർക്കുക.

111. പീഠികയിൽ 'തുടർന്ന് ' എന്നതിനുശേഷം ' പ്രയോഗിക്കേണ്ട' എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 110, 111 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ആഗസ്റ്റ് മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.07-ന് പിരിഞ്ഞു.)

## അനുബന്ധം 1

(1) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(*3)-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയുടെ ബാക്കിഭാഗം

ടെക്നോപാർക്കിന്റെ മൂന്നും നാലും ഘട്ടങ്ങൾ വികസനത്തിന്റെ പാതയിലാണ്. മൂന്നാം ഘട്ടത്തിൽ അത്യാധുനിക രീതിയിൽ ടോറസ് കമ്പനി നിർമ്മിക്കുന്ന 10 ലക്ഷം ചതുരശ്ര അടി വീതം വിസ്തീർണ്ണമുള്ള നയാഗ്ര, വിക്ടോറിയ എന്നീ ഐ.ടി. കെട്ടിടങ്ങൾ, 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ കീസ്റ്റോൺ എന്ന പേരിൽ അതിവിശാലമായ വാണിജ്യ സമുച്ചയം, ഒരു ലക്ഷം ചതുരശ്ര അടിയിൽ വിൻവിഷ് എന്ന കമ്പനി നിർമ്മിക്കുന്ന ഐ.ടി. ക്യാമ്പസ് എന്നിവ ഉൾപ്പെടുന്നു. ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയിൽ പ്രവർത്തനമാരംഭിച്ച 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സർക്കാർ കെട്ടിടം കബനി, 5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ടി.സി.എസ്. എയ്റോ സ്പെയിസ് ഹബ്ബിന്റെ ഒന്നാം ഘട്ടം, 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്പെയിസ് പാർക്കിന്റെ ഒന്നാംഘട്ടമായ സ്പെയിസ് സിസ്റ്റം കോംപ്ലക്സ്, 3.1 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സൺടെക് എന്ന കമ്പനിയുടെ ഐ.ടി. കെട്ടിടം, 10.33 ഏക്കറിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കെട്ടിട സമുച്ചയം, ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് ട്രേഡ് സെന്റർ എന്നിവ പ്രവർത്തനക്ഷമമായി വരുന്നു.

മുൻ സർക്കാരിന്റെ കാലത്ത് ടെക്നോപാർക്കിലുണ്ടായിരുന്ന ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ 85.1 ലക്ഷം ചതുരശ്ര അടിയിൽനിന്നും 106 ലക്ഷം ചതുരശ്ര അടിയായും കമ്പനികൾ 358-ൽ നിന്നും 470 ആയും ഉയർന്നു. ഇതിന്റെ ഫലമായി അൻപതിനായിരത്തോളമായിരുന്ന തൊഴിലവസരങ്ങൾ എഴുപതിനായിരമായി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ തലസ്ഥാനത്തെ നാനാതുറകളിലും നല്ല രീതിയിലുള്ള പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം ടെക്നോപാർക്കിന്റെ വിവിധ പദ്ധതികളിലൂടെ ഐ.ടി. മേഖലയിൽ മികവുറ്റ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കി. അടുത്ത 10 വർഷത്തിൽ തിരുവനന്തപുരം ടെക്നോപാർക്കിലെ ഒന്ന് മുതൽ നാലാം ഘട്ടം വരെയുള്ള പദ്ധതികളിലായി 25 ദശലക്ഷം ചതുരശ്ര അടി കെട്ടിടവും 2.5 ലക്ഷം പേർക്ക് പ്രത്യക്ഷമായും 7.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

(ബി) വിവര സാങ്കേതിക വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് മറ്റ് അനുബന്ധ മേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര വ്യവസായ വികസനം ലക്ഷ്യമാക്കി വിവരസാങ്കേതിക വിദ്യാ നയം രൂപീകരിച്ചു. പുതിയ കമ്പനികളെയും സംരംഭകരെയും ആകർഷിക്കുന്ന രീതിയിലുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ (ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ്

ഓഫീസുകൾ, ജലം, വൈദ്യുതി, കണക്റ്റിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ മുതലായവ) SEZ-Non SEZ മേഖലകളിൽ എല്ലാ പാർക്കുകളിലും സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാന ഐ.ടി. മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഹൈപവർ ഐ.ടി. കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ആഗോളതലത്തിൽ ഐ.ടി. അധിഷ്ഠിതമായുള്ള വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി രൂപീകരിച്ച KSITIL ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നു. വൻകിട വിദേശ ഐ.ടി. സംരംഭ പദ്ധതികൾക്ക് മറ്റ് ഇതര സംസ്ഥാനങ്ങളിൽ നൽകിവരുന്ന ഇളവുകൾ ഇവിടേയും നൽകുന്നതിന് വേണ്ടിയുള്ള ഇടപെടലുകൾ നടത്തുകയും ആവശ്യമായ ഇളവുകൾ നൽകി കമ്പനികളെ ഇവിടേയ്ക്ക് കൊണ്ടുവരുകയും ചെയ്യുന്നു.

ജില്ലാതലത്തിലുള്ള ഐ.ടി. വികസനത്തിലുപരി സംസ്ഥാനത്തുടനീളം ഐ.ടി. മേഖലയിലുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിപുലീകരണാർത്ഥം അടുത്ത പത്ത് വർഷത്തിൽ ടെക്നോപാർക്കിലെ ഒന്ന് മുതൽ നാലാം ഘട്ടം വരെയുള്ള പദ്ധതികളിലായി 25 ദശലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിക്കുവാനും അതിലൂടെ 2.5 ലക്ഷം പേർക്ക് പ്രത്യക്ഷമായും 7.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുവാനും വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസന നടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 18.42 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങളും അതിലൂടെ 18000 തൊഴിൽ ലഭ്യതയും ലക്ഷ്യമിടുന്നു. കോഴിക്കോട് സൈബർ പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി ഐ.ടി. കെട്ടിടവും 4000 തൊഴിലവസരങ്ങളും വിഭാവന ചെയ്യുന്നു.

ഐ.ടി. മേഖലയിൽ 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി NH66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20 ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴി സ്ഥാപിക്കുവാനും അതുവഴി ഉത്പാദനവും സേവനവും വർദ്ധിപ്പിക്കുന്നതിനും 2 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിടുന്നു.

(സി) നാല് വരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയപാത 66-ന് സമാന്തരമായ നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽ നിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽനിന്ന് കൊല്ലത്തേയ്ക്ക്, എറണാകുളത്തുനിന്ന് കൊരട്ടിയിലേയ്ക്ക്, എറണാകുളത്തുനിന്ന് ചേർത്തലയിലേയ്ക്ക്, കോഴിക്കോടുനിന്ന് കണ്ണൂരിലേയ്ക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുക, ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലം ജില്ലയിൽ അഞ്ച് ലക്ഷം ചതുരശ്ര അടി

വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കുക, ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽനിന്ന് ആരംഭിച്ച് NH 66-ൽനിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 14-25 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നിവ സർക്കാർ ലക്ഷ്യംവയ്ക്കുന്നു. സർക്കാർ ഐ.ടി. പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകളായി 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ ദേശീയപാത വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി, ദേശീയപാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ ഉദ്ദേശം 2 ലക്ഷം തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## (2) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4(*4)-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയുടെ ബാക്കിഭാഗം

ഇതിനുപുറമേ സ്കൂൾതലത്തിൽ അതത് പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർ, സ്കൂൾ മേധാവി, ഐ.ടി. അദ്ധ്യാപകർ എന്നിവരുടെ മേൽനോട്ടത്തിൽ സൈബർ സെക്യൂരിറ്റി ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികൾക്കിടയിൽ ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ- സാമൂഹിക വെല്ലുവിളികൾ സ്കൂൾതലത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമായി വനിത-ശിശു വികസന വകുപ്പിനുകീഴിൽ നടത്തിവരുന്ന പദ്ധതിയാണ് Our responsibility to Children (ORC). പ്രസ്തുത പദ്ധതിയിലൂടെ രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ പരിശീലനങ്ങളും നൽകിവരുന്നു. പദ്ധതി നടപ്പാക്കുന്ന സ്കൂളുകളിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി സൈബർ, മാനസികാരോഗ്യ മേഖലകളിലെ വിദഗ്ദ്ധരായ വ്യക്തികളെ നിയോഗിച്ച് വ്യത്യസ്തതലങ്ങളിൽ എന്തൊക്കെ കാര്യങ്ങൾ കുട്ടികൾ ശ്രദ്ധിക്കണ മെന്നതിനെക്കുറിച്ചും മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർ കുട്ടികൾ ഇത്തരം പ്രവണതകളിലേയ്ക്ക് ചെന്നെത്തുന്നതിന് മുമ്പായി എങ്ങനെ പ്രതിരോധിക്കാം എന്നതിനെ സംബന്ധിച്ചും നിരന്തരമായി ബോധവൽക്കരണം നടത്തിവരുന്നു. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ദ്ധ പരിചരണം നൽകുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്.

(സി) കേരള പോലീസ് വിദ്യാഭ്യാസ വകുപ്പുമായി കൈകോർത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയാണ് മേൽപ്പറയുന്ന പദ്ധതികൾ അർത്ഥവത്തായ രീതിയിൽ നടപ്പിലാക്കിവരുന്നത്. കൂടാതെ മാനസിക സംഘർഷത്താൽ ഉഴലുന്ന കുട്ടികൾക്ക് യഥാസമയം കൗൺസിലിംഗ് നൽകുന്നതിന് ആരോഗ്യവകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യവകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നിശ്ചിത ഇടവേളകളിൽ കൺവർജൻസ് മീറ്റിംഗുകൾ നടത്തി കാലാനുസൃതമായ തീരുമാനങ്ങൾ കൈകൊണ്ട് ആവശ്യമായ പദ്ധതികൾ കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് വിഭാഗം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ സൈബർ ഡോമിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സുരക്ഷയ്ക്കായി ദേശീയ-അന്തർദ്ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് 'കൂട്ട്', 'കിഡ് ഗ്ലോവ്' പദ്ധതികളാവിഷ്കരിച്ച് സ്കൂൾതലങ്ങളിലുള്ള കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. കോളേജ് തലത്തിലുള്ള കുട്ടികൾക്കായി വിവിധ കോളേജുകൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

കുട്ടികൾക്കെതിരെയുള്ള ഓൺലൈനിലുൾപ്പെടെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ആയത് ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനുമായി വനിത-ശിശു വികസന വകുപ്പ് ഒരു മൊബൈൽ ആപ്പ് (കുഞ്ഞാപ്പ്) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ഉത്തരവാദിത്ത രക്ഷകർതൃത്വം പ്രചരിപ്പിക്കുന്നതിനായും മാതാപിതാക്കളുടെ സംശയദൂരീകരണത്തിനായും വനിത-ശിശുവികസന വകുപ്പിനുകീഴിൽ രണ്ടാഴ്ചയിലൊരിക്കൽ രക്ഷാകർത്തൃത്വം എന്ന വിഷയത്തിൽ ടി മേഖലയിലെ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി വെബിനാറുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഒരു വിഭാഗം കുട്ടികളെ ഇന്റർനെറ്റ് ദുരുപയോഗത്തിലേയ്ക്കും കുറ്റകൃത്യങ്ങളിലേയ്ക്കും നയിക്കുന്നുവെന്ന അനുബന്ധ കണ്ടെത്തലിനെത്തുടർന്ന് ഇന്റർനെറ്റിന്റെ ദുരുപയോഗവും മറ്റ് നിയമ-സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളും തടയുകയെന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്ന മൂന്ന് വർഷത്തെ പദ്ധതിയാണ് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ (D-DAD). പ്രസ്തുത സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും വനിത-ശിശുവികസന വകുപ്പ് നടപ്പാക്കുന്ന പാരന്റിംഗ് ക്ലിനിക്കുകൾ, ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ

(ഒ.ആർ.സി.), ജില്ലാ റിസോഴ്സ് സെന്റർ തുടങ്ങിയവയിലൂടെ കൗൺസിലിംഗ് നൽകുന്നുണ്ട്. ശാസ്ത്രീയമായ രക്ഷകർതൃത്വത്തെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകാനും രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസിലിംഗ് സൗകര്യം നൽകുന്നതിനും ആവശ്യാനുസരണം കുട്ടികൾക്കും രക്ഷിതാക്കൾക്കും റഫറൽ അടിസ്ഥാനത്തിൽ വിദഗ്ധപരിചരണം ഉറപ്പാക്കുന്നതിനുമായി 2021 ഫെബ്രുവരി മാസം മുതൽ 158 പാരന്റിംഗ് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

## (3) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(*5)-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയുടെ ബാക്കിഭാഗം

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 149.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

- പുലിക്കീഴ്/പെരുനാട്/മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ/മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരാങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്/മട്ടന്നൂർ/ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നീ 12 പോലീസ് സ്റ്റേഷനുകൾക്കും പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പ്ലാൻ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്;

- പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിച്ചിട്ടുണ്ട്;

- തിരുവനന്തപുരം കേന്ദ്രമാക്കി സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്;

- സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്;

- ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾ;

- തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ, എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ;

- കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/തൃശ്ശൂർ സിറ്റി/കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ;

- 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ മേൽപ്പറമ്പ് (കാസർഗോഡ്), കൊട്ടാരക്കര/ചിതറ/ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി), വളയം (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ 590 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കിവരുന്നു. ബോഡിവോൺ ക്യാമറകൾ, വെഹിക്കിൾ മൗണ്ട് ജി.പി.എസ്., ഡിജിറ്റൽ ഫിംഗർ പ്രിന്റ് മെഷീൻ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന എഫ്.ഐ.ആർ. ഓൺലൈൻവഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ " തുണ" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR)-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ 13 ജില്ലകളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ 6 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ) പോലീസ് ജില്ലകളിൽ നിലവിലുണ്ടായിരുന്ന സി.സി.ടി.വി. സർവ്വയലൻസ് സിസ്റ്റത്തിന് പുറമേ 655.32 ലക്ഷം രൂപ ചെലവിൽ പുതിയ സി.സി.ടി.വി. സർവ്വയലൻസ് സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിൽ 200 ലക്ഷം രൂപ ചെലവിൽ പുതിയ സി.സി.ടി.വി. സർവെയ്‌ലൻസ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

18.71 കോടി രൂപ ചെലവിൽ 12 ജില്ലകളിൽ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമായി വരുന്നു. സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Operate Own Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

നിലവിൽ കുറ്റവാളികളെയും കുറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ വ്യത്യസ്തങ്ങളായ നിരവധി സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ഓരോ കുറ്റവാളികളെയും കുറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്‌വെയറുകളിലായി നിരവധിതവണ രേഖപ്പെടുത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി പ്രസ്തുത സോഫ്റ്റ് വെയറുകളെയെല്ലാം ഒരു പൊതുവായ സോഫ്റ്റ്‌വെയറിൻകീഴിൽ കൊണ്ടുവന്ന് 'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെത്തുന്ന അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് മനസ്സിലാക്കുന്നതിന് Inter-operable Criminal Justice System (ICJS), CCTNS തുടങ്ങിയ സംവിധാനങ്ങളിലൂടെ സാധിക്കുന്നു. സംസ്ഥാനത്തെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകൾ മുഖേന നടത്തിയും അത് പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തിയും വരുന്നുണ്ട്. കൂടാതെ തൊഴിലിടങ്ങളിലും മറ്റുമുള്ള അതിഥി തൊഴിലാളികളുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. അനധികൃതമായി കഴിയുന്നവരെ തിരിച്ചറിയുന്നതിനായി വിവിധ തൊഴിലുടമകളുടെ കീഴിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന

തൊഴിലാളികളുടെ ആധാർ ഉൾപ്പെടെയുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇ-രേഖ എന്ന ആപ്ലിക്കേഷൻവഴി ഇവരുടെ വിവരശേഖരണം യഥാസമയം നടത്തി വരുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും ഇവരെ ജോലിക്ക് നിയോഗിക്കുന്ന കോൺട്രാക്ടർമാരോടും വീട്ടുടമസ്ഥരോടും പുതുതായി ജോലിക്കായി എത്തുന്നവരെ നിർബന്ധമായി രജിസ്റ്റർ ചെയ്തിരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരെ നിരീക്ഷിക്കുന്നതിന് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബീറ്റ് നടത്തിവരുന്നു.

(സി) 2020 ലോക്ഡൗണിനുശേഷം സംസ്ഥാനത്ത് ജോലിക്കായി എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ച വിവര ശേഖരണത്തിനായി 'അതിഥി പോർട്ടൽ' കേരള സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് "ആവാസ്" എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് 'ഗസ്റ്റ് ആപ്പ് "എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച നിർദ്ദിഷ്ട അതോറിറ്റിയിൽനിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സംസ്ഥാനത്തുടനീളം ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. മിനിമം വേതന നിയമത്തിന് കീഴിലുള്ള ഇൻസ്പെക്ടർമാർ ഈ മേഖലകളെ പതിവായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ് കൈവശം വയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥർ വാങ്ങി സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും പ്രസ്തുത തൊഴിലാളികളുടെ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ് താമസിക്കുന്ന സ്ഥലത്തിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയ മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്റർ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുമുണ്ട്.

# അനുബന്ധം II

27-6-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 125-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ പുതുക്കിയ മറുപടി

**കേരള പോലീസ് നിയമനം**

(125) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സേനയിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സേനയിൽ 15888 പേരുടെ നിയമന ശിപാർശ ലഭിക്കുകയുണ്ടായി. ഇതിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ 14495 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം കേഡറിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമിക്കപ്പെട്ടവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സബ് ഇൻസ്പെക്ടർ (വനിതകൾ ഉൾപ്പെടെ) | 445 |
| ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ | 6 |
| പോലീസ് കോൺസ്റ്റബിൾ | 10223 |
| വനിത പോലീസ് കോൺസ്റ്റബിൾ | 1874 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 1064 |
| ഹവിൽദാർ (സ്പോർട്സ്) | 138 |
| പോലീസ് കോൺസ്റ്റബിൾ (ടെലി കമ്മ്യൂണിക്കേഷൻ) | 193 |
| പോലീസ് കോൺസ്റ്റബിൾ (റെഗുലർ)<br>ഐ.ആർ. ബറ്റാലിയൻ | 372 |
| പോലീസ് കോൺസ്റ്റബിൾ (കമാൻഡോ)<br>ഐ.ആർ. ബറ്റാലിയൻ | 169 |
| ആകെ | 14484 |

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പോലീസ് സേനയിലെ സബ് ഇൻസ്‌പെക്ടർ, ആംഡ് പോലീസ് സബ് ഇൻസ്‌പെക്ടർ, പോലീസ് കോൺസ്റ്റബിൾ (ടെലി) എന്നീ തസ്തികകളിലെ നിയമനം സംസ്ഥാന തലത്തിലും മറ്റ് തസ്തികകളിലെ നിയമനങ്ങൾ ബറ്റാലിയൻ മുഖേനയുമാണ് നടത്തുന്നത്. ബറ്റാലിയൻ മുഖേനയുള്ള നിയമനങ്ങളുടെ ബറ്റാലിയൻ തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

കെ.എ.പി. I ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 1123 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 86 |
| വനിത പോലീസ് കോൺസ്റ്റബിൾ | 26 |
| ഹവിൽദാർ (സ്പോർട്സ്) | 14 |

കെ.എ.പി. II ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 1709 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 83 |
| ഹവിൽദാർ (സ്പോർട്സ്) | 26 |

കെ.എ.പി. III ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 1239 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 168 |
| വനിത പോലീസ് കോൺസ്റ്റബിൾ | 12 |
| ഹവിൽദാർ (സ്പോർട്സ്) | 20 |

കെ.എ.പി. IV ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 1641 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 179 |
| വനിത പോലീസ് കോൺസ്റ്റബിൾ | 72 |
| ഹവിൽദാർ (സ്പോർട്സ്) | 13 |

കെ.എ.പി. V ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 1061 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 124 |
| വനിത പോലീസ് കോൺസ്റ്റബിൾ | 68 |
| ഹവിൽദാർ (സ്പോർട്സ്) | 18 |

എം.എസ്.പി. ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 1534 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 267 |
| വനിത പോലീസ് കോൺസ്റ്റബിൾ | 128 |
| ഹവിൽദാർ (സ്പോർട്സ്) | 21 |

എസ്.എ.പി. ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ | 1916 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | 157 |
| വനിത പോലീസ് കോൺസ്റ്റബിൾ | 13 |
| ഹവിൽദാർ (സ്പോർട്സ്) | 26 |

വുമൺ ബറ്റാലിയൻ

| | |
|---|---|
| വനിത പോലീസ് കോൺസ്റ്റബിൾ | 1555 |

ഐ.ആർ. ബറ്റാലിയൻ

| | |
|---|---|
| പോലീസ് കോൺസ്റ്റബിൾ<br>(റെഗുലർ വിംഗ്-372, കമാൻഡോ വിംഗ്- 169) | 541 |